

# കേരളസാഹിത്യചരിത്രം

## (ഭാഗം III)

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

# കേരളസാഹിത്യചരിത്രം

ഭാഗം മൂന്ന്

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

സായാഹ്ന ഫൌണ്ടേഷൻ
തിരുവനന്തപുരം
2020

കേരളസാഹിത്യചരിത്രം: ഭാഗം III

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

(മലയാളം: സാഹിത്യചരിത്രം)

First published in print media 1953.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . . . . iv

33 സംസ്കൃതസാഹിത്യം . . . . . . . . 1
കോഴിക്കോട്ടു മാനവേദരാജാവ് . . . . . . . . 1
പൂർവഭാരതചമ്പു . . . . . . . . 6
കൃഷ്ണഗീതി — ചില ഐതിഹ്യങ്ങൾ . . . . . . . . 9
വ്യാഖ്യാനങ്ങൾ . . . . . . . . 13
ചമ്പൂസംക്ഷേപം . . . . . . . . 15
മാനവേദന്റെ സമകാലികന്മാർ . . . . . . . . 16
മാനമേയോദയത്തിലെ മേയപരിച്ഛേദം . . . . . . . . 21
ആശ്ലേഷാശതകം . . . . . . . . 22
ദിവാകരകവി . . . . . . . . 23
ലക്ഷ്മീമാനവേദം . . . . . . . . 24
ദേശമങ്ഗലത്തു് ഉഴുത്തിരവാരിയർ . . . . . . . . 26
ആനായത്തു കരുണാകരപ്പിഷാരടി . . . . . . . . 29
രവിവർമ്മമഹാരാജാവു് . . . . . . . . 30
രാമായണസങ്ഗ്രഹം . . . . . . . . 31
അനന്തദാസൻ . . . . . . . . 32
ഈശാനുഭൃതിയതി . . . . . . . . 33
രാമായണാമൃതം . . . . . . . . 33
രാമശതകം . . . . . . . . 34
കൃഷ്ണശതകം . . . . . . . . 34
വാസുദേവശതകം . . . . . . . . 34
പദ്മനാഭസ്തുതി . . . . . . . . 35
കൃഷ്ണസ്തുതി . . . . . . . . 35
മറ്റൊരു കൃഷ്ണസ്തുതി . . . . . . . . 35
ഭാരതസംക്ഷേപം . . . . . . . . 35
കൃഷ്ണാനുഭൃതിയതി . . . . . . . . 36
ഗീർവാണേന്ദ്രസരസ്വതി . . . . . . . . 37
ഗോവിന്ദാമൃതയതി . . . . . . . . 37

ഈശ്വരശർമ്മ . . . 38
മറ്റൊരു ഭാണം . . . 40
ദേശമങ്ഗലത്ത് ശ്രീകണ്ഠവാരിയർ . . . 40
സീതാരാമകവി . . . 41
അരുണഗിരികവി . . . 44
ഗോദവർമ്മയശോഭൂഷണം . . . 45
ഉത്തരചമ്പു . . . 46
നയനിദർശനം . . . 49
ഗോദവർമ്മരാജാവ് . . . 52
കൂടല്ലൂർ നീലകണ്ഠൻനമ്പൂരിപ്പാട്ട് I (വിഷ്ണുസഹസ്രനാമലഘുവിവരണം) . 53
കൂടല്ലൂർ നീലകണ്ഠൻനമ്പൂരിപ്പാട്ട് II (കമലിനീകളഹംസം നാടകം) . . . 55
സുബാലാവജ്രതുണ്ഡം നാടകം . . . 56
ശങ്കരൻനമ്പൂരി (യദുവീരോദയം നാടകം) . . . 57
ചില ചമ്പുക്കൾ . . . 58
സന്താനഗോപാലം . . . 67
വത്സരാജ പ്രബന്ധം . . . 69
പിലാന്തോൾ ആര്യൻമൂസ്സത് . . . 79
പനക്കാട്ടു നമ്പൂരി . . . 81

34 ഭാഷാസാഹിത്യം . . . 87
കഥകളിപ്രസ്ഥാനം . . . 87
കൊട്ടാരക്കരത്തമ്പുരാൻ . . . 93
കഥകളിച്ചടങ്ങുകൾ . . . 108
കൊട്ടാരക്കരത്തമ്പുരാന്റെ സാഹിത്യം . . . 111
കോട്ടയത്തു തമ്പുരാൻ . . . 113
ചില മുക്തകങ്ങൾ . . . 122

35 ഭാഷാസാഹിത്യം . . . 124
പുത്രകാമേഷ്ടി പാട്ട് . . . 124
കോട്ടയത്തു കേരളവർമ്മത്തമ്പുരാൻ . . . 126
ഭാഷാവാല്മീകിരാമായണം . . . 131
പാതാളരാമായണം . . . 135
ബാണയുദ്ധം . . . 136
വൈരാഗ്യചന്ദ്രോദയം . . . 137
മോക്ഷദായകപ്രകരണം . . . 139
മോക്ഷസിദ്ധിപ്രകരണം . . . 141
ഭീഷ്മോപദേശം . . . 143
സ്തോത്രങ്ങൾ . . . 144
ചെമ്പുകാട്ടു നീലകണ്ഠൻ . . . 146
പടപ്പാട്ട് . . . 151
കാടഞ്ചേരി നമ്പൂരി — കാലം . . . 161
മാമാങ്കത്തിന്റെ ചരിത്രം . . . 166

ഭരണിതിരുനാൾ മാമാങ്കങ്ങൾ . . . . . . . . . . . . . . . . . . . . 168
രണ്ടു ചാവേറുപാട്ടുകൾ . . . . . . . . . . . . . . . . . . . . . . . 171
രാമച്ചപ്പണിക്കർ പാട്ട് . . . . . . . . . . . . . . . . . . . . . . . 174
രാമായണം പാന . . . . . . . . . . . . . . . . . . . . . . . . 175
ബാലിവധം കിളിപ്പാട്ട് . . . . . . . . . . . . . . . . . . . . . . . 177
കപിലോപാഖ്യാനം കിളിപ്പാട്ട് . . . . . . . . . . . . . . . . . . . 179
സീതാദുഃഖം കിളിപ്പാട്ട് . . . . . . . . . . . . . . . . . . . . . . . 181
നളചരിതം പാന . . . . . . . . . . . . . . . . . . . . . . . . 183
ലക്ഷ്മീസ്വയംവരം പാട്ട് . . . . . . . . . . . . . . . . . . . . . . . 184
ഓണപ്പാട്ട് . . . . . . . . . . . . . . . . . . . . . . . . . . . . 185
രാമായണം ഗാഥ . . . . . . . . . . . . . . . . . . . . . . . . 187
ക്രിയാദീപിക . . . . . . . . . . . . . . . . . . . . . . . . . . 188
കിരാങ്ങാട്ടു ജയന്തൻനമ്പൂതിരിപ്പാട്ട് . . . . . . . . . . . . . . . . 189
ഷോഡശക്രിയാകാരിക . . . . . . . . . . . . . . . . . . . . . . . 190
ആശൗചകേരളി . . . . . . . . . . . . . . . . . . . . . . . . . . 191
പുതുവന നമ്പൂരി . . . . . . . . . . . . . . . . . . . . . . . . . 191
ബാലപ്രബോധനം . . . . . . . . . . . . . . . . . . . . . . . . . 192
ആശൌചവിജ്ഞാനം ഭാഷ . . . . . . . . . . . . . . . . . . . . . 193
ആശൗചാഷ്ടകം ഭാഷാവ്യാഖ്യ . . . . . . . . . . . . . . . . . . . 193
ആശൌചപദ്ധതി . . . . . . . . . . . . . . . . . . . . . . . . . 193
ആശൗചചന്ദ്രിക . . . . . . . . . . . . . . . . . . . . . . . . . 194
കവിയൂർ പ്രായശ്ചിത്തം . . . . . . . . . . . . . . . . . . . . . . 194
ഗദ്യഗ്രന്ഥങ്ങൾ . . . . . . . . . . . . . . . . . . . . . . . . . 195
പാഠകഗദ്യം . . . . . . . . . . . . . . . . . . . . . . . . . . . 198
കാളിനാടകം ഗദ്യം . . . . . . . . . . . . . . . . . . . . . . . . 201
ദ്വാദശ്യാരാധനാകല്പം . . . . . . . . . . . . . . . . . . . . . . . 201
സ്മാർത്തപ്രായശ്ചിത്തസങ്ഗ്രഹം ഭാഷ . . . . . . . . . . . . . . . . 202
ആശൗചദീപകം ഭാഷ . . . . . . . . . . . . . . . . . . . . . . . 202
അദ്വൈതശതകം ഭാഷ . . . . . . . . . . . . . . . . . . . . . . . 203
ഹോർത്തുസ് മലബാറിക്കസ് . . . . . . . . . . . . . . . . . . . . 203
അർണ്ണോസ് പാതിരി . . . . . . . . . . . . . . . . . . . . . . . . 205
ആഞ്ചലോസ് ഫ്രാൻസിസ് മെത്രാൻ . . . . . . . . . . . . . . . . 207
ജോൺ ബപ്തീസ്താ . . . . . . . . . . . . . . . . . . . . . . . . 207
ക്രിസ്ത്യാനിമന്ത്രവാദം . . . . . . . . . . . . . . . . . . . . . . . 207

36 ചില ഭാഷാജ്യോതിഷ ഗ്രന്ഥങ്ങൾ . . . . . . . . . . . . . . . . . . 208
ഭദ്രദീപം . . . . . . . . . . . . . . . . . . . . . . . . . . . . . 208
ഘടീഗോപൻ . . . . . . . . . . . . . . . . . . . . . . . . . . . 210
ഇടയ്ക്കാട്ടു കുക്കണിയൾ—ചരിത്രം . . . . . . . . . . . . . . . . . 211
പ്രശ്നരീതി . . . . . . . . . . . . . . . . . . . . . . . . . . . . 212
ജാതകർമ്മപദ്ധതി ഭാഷ . . . . . . . . . . . . . . . . . . . . . . 213
ജാതകലേഖനക്രമം . . . . . . . . . . . . . . . . . . . . . . . . 213

കരണപദ്ധതി ഭാഷ . . . . . . . . . . . . . . . . . . . . . 214
ജാതകഫലം . . . . . . . . . . . . . . . . . . . . . 214
ഏകവിംശതിപ്രശ്നക്രമം . . . . . . . . . . . . . . . . . . 215
ഹോരാവ്യാഖ്യ ഭാഷ . . . . . . . . . . . . . . . . . . . . 216
ജാതകസാരം . . . . . . . . . . . . . . . . . . . . . . 216
പ്രശ്നമാല ഭാഷ . . . . . . . . . . . . . . . . . . . . 217
പ്രശ്നപ്രകാശിക . . . . . . . . . . . . . . . . . . . . 217
ലീലാവതീഭാഷ . . . . . . . . . . . . . . . . . . . . 217
പക്ഷിശാസ്ത്രം . . . . . . . . . . . . . . . . . . . . . 218
മുഹൂർത്തദർശനം ഭാഷ . . . . . . . . . . . . . . . . . . 218
അഷ്ടമംഗലപ്രശ്നം ഭാഷ . . . . . . . . . . . . . . . . . . 220
ഭാഷാജാതകപദ്ധതി . . . . . . . . . . . . . . . . . . 220

37 ഭാഷാസാഹിത്യം . . . . . . . . . . . . . . . . . . . . . . . 222
ദേശചരിത്രം . . . . . . . . . . . . . . . . . . . . . . 222
പൂർവ്വാർദ്ധത്തിലെ സാഹിത്യം . . . . . . . . . . . . . . . . 224
ഉണ്ണായിവാരിയർ . . . . . . . . . . . . . . . . . . . . 224
കൃതികൾ . . . . . . . . . . . . . . . . . . . . . . 230
ഗിരിജാകല്യാണം ഗീതപ്രബന്ധം . . . . . . . . . . . . . . . 232
നളചരിതം കഥകളി . . . . . . . . . . . . . . . . . . . 235
സുഭദ്രാഹരണം . . . . . . . . . . . . . . . . . . . . 237
മാർത്താണ്ഡവർമ്മ. . . ആശ്രിതന്മാർ . . . . . . . . . . . . . 238
രാമപുരത്തു വാരിയർ . . . . . . . . . . . . . . . . . . 239
കൃതികൾ . . . . . . . . . . . . . . . . . . . . . . 241
വഞ്ചിപ്പാട്ടുകൾ . . . . . . . . . . . . . . . . . . . . 241
കുചേലവൃത്തം . . . . . . . . . . . . . . . . . . . . 242
ഭാഷാഷ്ടപദി . . . . . . . . . . . . . . . . . . . . . 244
ലഘുഭാഷ—അമരകോശവ്യാഖ്യ . . . . . . . . . . . . . . . 245
നൈഷധം തിരുവാതിരപ്പാട്ട് . . . . . . . . . . . . . . . . 245
ഐരാവണവധം തുള്ളൽ . . . . . . . . . . . . . . . . . 245
പ്രഭാതകീർത്തനം . . . . . . . . . . . . . . . . . . . 246
വ്യാസോൽപത്തി വഞ്ചിപ്പാട്ട് . . . . . . . . . . . . . . . . 246
വില്വാദ്രിമാഹാത്മ്യം കിളിപ്പാട്ട് . . . . . . . . . . . . . . . 248
കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാൻ . . . . . . . . . . . . 250
കംസവധം . . . . . . . . . . . . . . . . . . . . . . 251
അനന്തപുരമാഹാത്മ്യം കുമ്മി . . . . . . . . . . . . . . . 252
മറ്റുചില തെക്കൻകഥകളികൾ . . . . . . . . . . . . . . . 253
ദേവരാജസൂരി . . . . . . . . . . . . . . . . . . . . 254
ബാലമാർത്താണ്ഡവിജയം . . . . . . . . . . . . . . . . 255
നാടകത്തിന്റെ പ്രാധാന്യം . . . . . . . . . . . . . . . . . 256
കൃഷ്ണശർമ്മാ . . . . . . . . . . . . . . . . . . . . . 257
ശങ്കരകവി . . . . . . . . . . . . . . . . . . . . . . 259

കടത്തനാട്ടു തമ്പുരാൻ . . . 261
ഇരട്ടക്കുളങ്ങര രാമവാരിയർ . . . 261
കിരാതം ആട്ടക്കഥ . . . 262
നളചരിതം തിരുവാതിരപ്പാട്ട് . . . 262
ചേലപ്പറമ്പു നമ്പൂരി . . . 263
പാട്ടുണ്ണി ചരിതം . . . 265
മാർത്താണ്ഡമാഹാത്മ്യം കിളിപ്പാട്ട് . . . 267
ശ്രീധരൻ നമ്പൂരി . . . 270
കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് . . . 271
കൃതികൾ . . . 275
ബാലരാമഭരതം . . . 275
ആട്ടക്കഥകൾ . . . 277
ആട്ടക്കഥകളിലെ കവിതാരീതി . . . 279
അശ്വതിതിരുനാൾ ഇളയതമ്പുരാൻ . . . 281
വഞ്ചീശസ്തവം . . . 283
ആട്ടക്കഥകൾ . . . 288
പദങ്ങളും ദണ്ഡകങ്ങളും . . . 291
ശ്രീപത്മനാഭകീർത്തനം . . . 292
ഗോവിന്ദകവി . . . 293
ഭാരതം കഥ . . . 294
ദേവരാജഭട്ടൻ . . . 295
ഗുരുവായുപുരേശസ്തുതി . . . 296
രാമായണശതകം . . . 297
സുഖബോധിനി . . . 297
സാരസംഗ്രഹണം . . . 297

38 കുഞ്ചൻനമ്പിയാർ (രാമപാണിവാദൻ) . . . 299
കുഞ്ചൻനമ്പിയാരെപ്പറ്റി. . . രേഖകൾ . . . 299
നാമമുദ്രയുള്ള കൃതികൾ . . . 300
രാമൻനമ്പിയാരുടെകൃതികൾ . . . 310
രാമനച്ചൻ . . . 311
കലക്കത്തെ ചില രേഖകൾ . . . 312
കൃഷ്ണൻ നമ്പിയാർ . . . 314
രാമപാണിവാദമുദ്രയുള്ള ഭാഷാകൃതികൾ . . . 315
മറ്റു ചില ഭാഷാകൃതികൾ . . . 324
തുള്ളൽക്കഥകൾ . . . 326
മറ്റു ചില സംസ്കൃതകൃതികൾ . . . 332
ജീവചരിത്രത്തിലെ ചില സംഭവങ്ങൾ . . . 333
വാർദ്ധക്യവും നിര്യാണവും . . . 334
ഗ്രന്ഥവിമർശനം: സംസ്കൃതകൃതികൾ . . . 336
ഉത്തരരാമചരിതം . . . 340
ഭാഗവതചമ്പു . . . 341

സീതാരാഘവം . . . 342
ഭാഷാകൃതികൾ . . . 345
ശീലാവതി നാലുവൃത്തം . . . 345
രുക്മിണീസ്വയംവരം പത്തുവൃത്തം . . . 345
ഏകാദശീമാഹാത്മ്യം കിളിപ്പാട്ട് . . . 347
നളചരിതം . . . 348
ശിവപുരാണം . . . 351
ആട്ടക്കഥകൾ . . . 356
തുള്ളൽക്കഥകൾ . . . 357
തുള്ളൽപ്രസ്ഥാനം . . . 358
തുള്ളലും തമിഴ്സാഹിത്യവും . . . 358
തുള്ളലിനെപ്പറ്റിയുള്ള ഐതിഹ്യം . . . 359
കൂത്തും തുള്ളലും . . . 360
ദ്രോണമ്പള്ളി നായ്ക്കർ . . . 361
ദ്രോണമ്പള്ളിസ്സമ്പ്രദായം . . . 361
ഉണ്ണിരവിക്കുറുപ്പ് . . . 362
മാത്തൂർപ്പണിക്കർ . . . 364
തുള്ളൽക്കഥകളുടെ വകഭേദങ്ങൾ . . . 364
തുള്ളൽക്കഥയുടെ നിർമ്മാണകാലം . . . 366
നമ്പിയാരുടേതല്ലാത്ത തുള്ളലുകൾ . . . 369
നമ്പിയാരുടെ തുള്ളലുകളുടെ വിഭാഗഗണന . . . 371
തുള്ളൽക്കഥാപ്രസ്ഥാനത്തിന്റെ ഉദ്ദേശം . . . 371
തുള്ളൽക്കഥകളിലെ ഭാഷ . . . 373
പ്രതിപാദനരീതി . . . 374
പരിഹാസധോരണി . . . 377
ഉപസംഹാരം . . . 381
നമ്പിയാർക്കുള്ള സ്ഥാനം . . . 382
നമ്പിയാരും മറ്റു ചില ഭാഷാകൃതികളും . . . 384
ചാണക്യസൂത്രം കിളിപ്പാട്ട് . . . 386
രാമപാണിവാദനോ രാഘവൻ നമ്പിയാരോ? . . . 391

39 ഭാഷാസംസ്കൃതസാഹിത്യങ്ങൾ . . . 396
കൊച്ചി രാമവർമ്മമഹാരാജാവ് . . . 396
സുന്ദരകാണ്ഡം പാന . . . 398
കൊച്ചി വീരകേരളവർമ്മ മഹാരാജാവ് . . . 399
പൂർണ്ണത്രയീശശതകം . . . 402
ദശാവതാരശ്ലോകമാല . . . 402
പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ . . . 403
മുക്തകങ്ങൾ . . . 404
ഒരു വാദപ്രതിവാദം . . . 405
നീലകണ്ഠദീക്ഷിതർ—ചരിത്രം . . . 406
സദാശിവദീക്ഷിതർ – ജീവചരിത്രം . . . 407

ബാലരാമവർമ്മയശോഭൂഷണം . . . . . 408
വസുലക്ഷ്മീകല്യാണം . . . . . 409
വേങ്കടസുബ്രഹ്മണ്യദീക്ഷിതർ . . . . . 411
വസുലക്ഷ്മീകല്യാണം . . . . . 412
കല്യാണസുബ്രഹ്മണ്യസുരി . . . . . 412
സുബ്രഹ്മണ്യകവി . . . . . 413
ദേശമംഗലത്ത് ഉഴുത്തിരവാരിയർ . . . . . 415
മനോരമത്തമ്പുരാട്ടി . . . . . 417
ചാതകസന്ദേശം . . . . . 420
ഇടവട്ടിക്കാട്ടു നാരായണൻ നമ്പൂരി . . . . . 423
കൃതികൾ . . . . . 426
പുറയന്നൂർ പരമേശ്വരൻ നമ്പൂരിപ്പാട്ട് . . . . . 427
അഴ്വർ മാധവനടിതിരി . . . . . 433
ചേരാനല്ലൂർ കൃഷ്ണൻകർത്താവ് . . . . . 437
ഇളയിടത്തു നാരയണൻ നമ്പൂരിപ്പാട്ട് . . . . . 438
മുതുകുറിശ്ശി ഭാസ്കരൻനമ്പൂരി . . . . . 439
പുന്നശ്ശേരി ശ്രീധരൻനമ്പി . . . . . 442
വടക്കേടത്തു കൊച്ചുശങ്കരൻമൂസ്സത് . . . . . 445
അർത്ഥപ്രകാശിക . . . . . 446
സദർത്ഥപ്രകാശിക . . . . . 447
ധാതുപാഠകാരിക . . . . . 447
കടത്തനാട്ടു ശങ്കരവർമ്മത്തമ്പുരാൻ . . . . . 448
സദ്രത്നമാല . . . . . 449
സദ്രത്നമാലയുടെ ഭാഷാവ്യാഖ്യാനം . . . . . 450
രണ്ടു മുക്തകങ്ങൾ . . . . . 450
ശ്രീകൃഷ്ണചരിതം കാവ്യം . . . . . 450
ദമയന്തീകല്യാണം നാടകം . . . . . 451

40 കിളിപ്പാട്ടുകളും ആട്ടക്കഥകളും . . . . . 453
കല്ലേക്കുളങ്ങര രാഘവപ്പിഷാരടി . . . . . 453
കുടിയംകുളത്തു ശൂപ്പമേനോൻ . . . . . 460
ശൂപ്പമേനോനും ധർമ്മരാജാവും . . . . . 462
നെടുമ്പയിൽ കൊച്ചുകൃഷ്ണനാശാൻ . . . . . 466
മച്ചാട്ടു നാരായണനിളയത് . . . . . 474
ഭാഷാഗാനങ്ങൾ – തിരുവാതിരക്കളി . . . . . 477
ഇളയതിന്റെ കൃതികൾ . . . . . 478
എക്കണത്തു ശങ്കുണ്ണിക്കൈയ്മൾ . . . . . 484
പണ്ടാരത്തു നാരായണപിള്ള . . . . . 487
കല്ലൂർ നമ്പൂരിപ്പാട്ട് . . . . . 489
മറ്റു ചില നൃത്യപ്രബന്ധകാരന്മാർ . . . . . 493
ആട്ടക്കഥകൾ . . . . . 495
മണ്ടവപ്പള്ളി ഇട്ടിരാരിച്ചമേനോൻ . . . . . 496

വടക്കൻ രുക്മാംഗദചരിതം . . . . . 498
ബാലകവി രാമശാസ്ത്രികൾ . . . . . 498
പാലക്കാട്ട് അമൃതശാസ്ത്രികൾ . . . . . 500
പൊല്പാക്കര നമ്പൂരിപ്പാട്ട് . . . . . 501
മന്ത്രേടത്ത് നമ്പൂരിപ്പാട്ട് . . . . . 501
കുന്നത്തു സുബ്രഹ്മണ്യൻപോറ്റി . . . . . 502
സുന്ദരീസ്വയംവരം ആട്ടക്കഥ . . . . . 502
മറ്റു ചില ആട്ടക്കഥകൾ . . . . . 503
കുചേലകഥ . . . . . 508
സ്വർല്ലോകമാലിക . . . . . 508
കൃഷ്ണാർജ്ജുനസംവാദം . . . . . 509
വൃഷപുരമാഹാത്മ്യം കിളിപ്പാട്ട് . . . . . 510
ബൃഹസ്പതിവാക്യം കിളിപ്പാട്ട് . . . . . 513
പ്രഹ്ലാദചരിതം കിളിപ്പാട്ട് . . . . . 514
സഹദേവവാക്യം കിളിപ്പാട്ട് . . . . . 514
അവിരോധം കിളിപ്പാട്ട് . . . . . 516
വൈശാഖമാഹാത്മ്യം കിളിപ്പാട്ട് . . . . . 516
ഗുരുദക്ഷിണപ്പാന . . . . . 517
മുറജപപ്പാന . . . . . 518
സുഭദ്രാഹരണം പാന . . . . . 519
നളചരിതം പാന . . . . . 520
ദൂതവാക്യം പാന . . . . . 521
മൂകാമിമാഹാത്മ്യം കിളിപ്പാട്ട് . . . . . 522
പ്രബോധചന്ദ്രോദയം പാട്ട് . . . . . 523
കുരിയാറ്റപ്പാട്ട്—ഇതിവൃത്തം . . . . . 524
രാമേശ്വരയാത്ര ഓട്ടംതുള്ളൽ . . . . . 525
അപ്പക്കഥ . . . . . 527

41 പലവകപ്പാട്ടുകളും ഗദ്യകൃതികളും . . . . . 531
വാനോർനദീനിലയകീർത്തനം . . . . . 531
ഗുരുനാമകീർത്തനം . . . . . 532
ദശമം സങ്കീർത്തനം (എട്ടുവൃത്തം) . . . . . 533
കോട്ടൂർ നമ്പിയാർ . . . . . 534
കുചേലകഥ . . . . . 534
നളചരിതം . . . . . 535
രുക്മിണീസ്വയംവരം പാട്ട് . . . . . 535
ചന്ദ്രസംഗമം പാട്ട് . . . . . 536
ഭൂതനാഥോത്ഭവം പാട്ട് . . . . . 537
ഭീമൻകഥ . . . . . 537
പുത്രകാമേഷ്ടിപ്പാട്ട് . . . . . 538
കുചേലമോക്ഷം പാട്ട് . . . . . 539
ലക്ഷ്മീപാർവതിസംവാദം പാട്ട് . . . . . 540

ഭാമാകൃഷ്ണസംവാദം വാതിൽതുറപ്പാട്ട് . . . . . . . . . . . . . . . . . . . . 541
അഞ്ചടികൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 542
ചില കൈകൊട്ടിക്കളിപ്പാട്ടുകൾ . . . . . . . . . . . . . . . . . . . . . . 544
മാർക്കണ്ഡേയപുരാണം (നാലുവൃത്തം) . . . . . . . . . . . . . . . . . . . 544
വൈശാഖമാഹാത്മ്യം . . . . . . . . . . . . . . . . . . . . . . . . . . 545
ദക്ഷയാഗം (പതിനെട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . 545
പാർവ്വതീസ്വയംവരം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . 546
സുബ്രഹ്മണ്യോൽപത്തി . . . . . . . . . . . . . . . . . . . . . . . . . 546
കാളീചരിതം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . . 547
അജാമിളമോക്ഷം (നാലുവൃത്തം) . . . . . . . . . . . . . . . . . . . . . 547
അമൃതമഥനം (പതിന്നാലുവൃത്തം) . . . . . . . . . . . . . . . . . . . . 548
അമൃതമഥനം (മറ്റൊന്ന്) . . . . . . . . . . . . . . . . . . . . . . . . 549
ലക്ഷ്മീസ്വയംവരം (മൂന്നുവൃത്തം) . . . . . . . . . . . . . . . . . . . . 549
രഘുസംഭവം (പന്ത്രണ്ടുവൃത്തം) . . . . . . . . . . . . . . . . . . . . . 550
അഹല്യാമോക്ഷം (ഏഴുവൃത്തം) . . . . . . . . . . . . . . . . . . . . . 550
ഖരവധം (പതിനൊന്നുവൃത്തം) . . . . . . . . . . . . . . . . . . . . . . 550
ധ്രുവചരിതം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . . 551
പൂതനാമോക്ഷം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . 551
കാളിയമർദ്ദനം (ഇരുപത്തിമൂന്നുവൃത്തം) . . . . . . . . . . . . . . . . . 552
ഗോപികാവസ്ത്രാപഹരണം . . . . . . . . . . . . . . . . . . . . . . . . 553
രാസക്രീഡ (ആറുവൃത്തം) . . . . . . . . . . . . . . . . . . . . . . . . 553
ശംബരകഥ (ഏകവൃത്തം) . . . . . . . . . . . . . . . . . . . . . . . . 554
കുചേലവൃത്തം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . 555
സന്താനഗോപാലം (പതിമ്മൂന്നുവൃത്തം) . . . . . . . . . . . . . . . . . . 556
ഭാമാസാന്ത്വനം (രണ്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . 556
രാമാനുചരിതം . . . . . . . . . . . . . . . . . . . . . . . . . . . . . 557
തുളസീമാഹാത്മ്യം (ആറുവൃത്തം) . . . . . . . . . . . . . . . . . . . . . 558
രാജസൂയം (പത്തുവൃത്തം) . . . . . . . . . . . . . . . . . . . . . . . . 558
സുഭദ്രാഹരണം (പതിന്നാലുവൃത്തം) . . . . . . . . . . . . . . . . . . . 559
അക്ഷയപാത്രം (രണ്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . 560
കിരാതം (എട്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . . . . 560
കല്യാണസൗഗന്ധികം (ഏകവൃത്തം) . . . . . . . . . . . . . . . . . . . . 560
കീചകവധം (രണ്ടുവൃത്തം) . . . . . . . . . . . . . . . . . . . . . . . 560
ശിവകഥ (നാലുവൃത്തം) . . . . . . . . . . . . . . . . . . . . . . . . . 561
പൂച്ചചരിതം (മൂന്നുവൃത്തം) . . . . . . . . . . . . . . . . . . . . . . . 562
കോക്രിത്തത്തയുടെ കഥ . . . . . . . . . . . . . . . . . . . . . . . . . 563
ജോസഫ്ഫെൻ . . . . . . . . . . . . . . . . . . . . . . . . . . . . . 563
അജ്ഞാനകുഠാരം . . . . . . . . . . . . . . . . . . . . . . . . . . . . 564
ചേകോട്ട് ആശാൻ . . . . . . . . . . . . . . . . . . . . . . . . . . . 565
ചാക്കോമാപ്പിള . . . . . . . . . . . . . . . . . . . . . . . . . . . . 566
ചില ഗദ്യകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . 566
പാശ്ചാത്യഭാഷാകൃതികൾ . . . . . . . . . . . . . . . . . . . . . . . . 568

മലയാളകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . . 568
പഴഞ്ചൊല്ലുകൾ . . . . . . . . . . . . . . . . . . . . . . . . . . . . 569
കരിയാട്ടി യൗസേപ്പ മെത്രാൻ . . . . . . . . . . . . . . . . . . . . . . 570
വേദതർക്കം . . . . . . . . . . . . . . . . . . . . . . . . . . . . . 570
പാറേമ്മാക്കിൽ തോമ്മാക്കത്തനാർ . . . . . . . . . . . . . . . . . . . 571
വർത്തമാനപ്പുസ്തകം . . . . . . . . . . . . . . . . . . . . . . . . . 571
ക്രിസ്ത്വാനുകരണം . . . . . . . . . . . . . . . . . . . . . . . . . . 573
മറ്റു ചില യൂറോപ്യൻ പാതിരിമാർ . . . . . . . . . . . . . . . . . . . . 573

# 33
# സംസ്കൃതസാഹിത്യം

(ക്രി. പി. 17-ാം ശതകം)

## കോഴിക്കോട്ടു മാനവേദരാജാവ്

### ജീവചരിത്രം

കേരളീയസംസ്കൃതകവികളുടെ ഇടയിൽ സമാരാധ്യമായ സ്ഥാനത്തെ അലങ്കരിക്കുന്ന ഒരു പുണ്യപുരുഷനാണ് കോഴിക്കോട്ടു മാനവേദരാജാവ്. അദ്ദേഹം കൊല്ലം എട്ടാം ശതകത്തിന്റെ ചതുർത്ഥപാദത്തിൽ ജനിച്ചു. തിരുവേഗപ്പുറക്കാരനായ ആനായത്തു കൃഷ്ണപ്പിഷാരടിയായിരുന്നു അദ്ദേഹത്തിന്റെ ഗുരുഭൂതൻ. ബാല്യത്തിൽത്തന്നെ കാവ്യനാടകങ്ങളിലും തർക്കശാസ്ത്രത്തിലും പ്രത്യേകിച്ചു വ്യാകരണശാസ്ത്രത്തിലും അസാമാന്യമായ വൈദുഷ്യം സമ്പാദിച്ചു. കാലാന്തരത്തിൽ യോഗശാസ്ത്രത്തിലും നിഷ്ണാതനായി, കൊല്ലം 819-ൽ പൂർവഭാരതചമ്പുവും 829-ൽ കൃഷ്ണഗീതിയും നിർമ്മിച്ചു. കൃഷ്ണഗീതിക്കു കൃഷ്ണനാട്ടം എന്ന പേരിലാണ് പ്രസിദ്ധി അധികം. ആ കൃതിയുടെ നിർമ്മിതി നിമിത്തം അദ്ദേഹത്തെ കൃഷ്ണനാട്ടം സാമൂതിരിപ്പാട്ട് എന്നും വ്യപദേശിക്കാറുണ്ട്. പൂർവഭാരതചമ്പു രചിച്ച കാലത്ത് അദ്ദേഹത്തിന്റെ മാതുലനായ ശക്തൻമാനവിക്രമരാജാവായിരുന്നു സാമൂതിരി. ആ മാനവിക്രമൻ 824-ൽ തൃശ്ശൂർവച്ചു തീപ്പെടുകയും അനന്തരം മറ്റൊരു മാനവിക്രമരാജാവു സാമൂതിരിസ്ഥാനത്തിൽ അവരോധിക്കപ്പെടുകയും ചെയ്തു. കൃഷ്ണഗീതി നിർമ്മിക്കുന്ന കാലത്ത് അദ്ദേഹമായിരുന്നു സാമൂതിരി. ആ സാമൂതിരി 831-ൽ മരിച്ചപ്പോൾ നമ്മുടെ മഹാകവിക്കു മൂപ്പുകിട്ടി. എന്നാൽ അധികകാലത്തേക്ക് അദ്ദേഹത്തിന്റെ വാഴ്ചനീണ്ടുനിന്നില്ല. ക്രി. പി. 1658-ാം വർഷം ഫെബ്രുവരി 15-ാംനുക്കു തുല്യമായ കൊല്ലം 833-ൽ അദ്ദേഹവും പരഗതിയെ പ്രാപിച്ചു. കോഴിക്കോട്ടു ഗ്രന്ഥവരിയിൽ കാണുന്നതു മാനവേദൻ തൃശ്ശൂർവച്ചു തീപ്പെട്ടു എന്നാണെങ്കിലും ആ സംഭവം ഗുരുവായൂർവച്ചാണ് നടന്നതെന്നു ചില പുരാവിത്തുകൾ ഊഹിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിന്റെ തെക്കുവശത്തുള്ള സാമൂതിരികോവിലകത്തു തെക്കേ വളപ്പിലായി മാനവേദരാജാവിനെ സംസ്കരിച്ചതാണെന്നു ജനങ്ങൾ പൊതുവെ വിശ്വസിക്കുന്ന ഒരു സ്ഥലം ഇന്നും കാണ്മാനുണ്ട്. അവിടെ ദിവസേന വൈകുന്നേരം വിളക്കു വയ്ക്കാറുണ്ടെന്നും കൃഷ്ണനാട്ടം കളിക്കാർ ഗുരുവായൂർക്കു ചെന്നിട്ട് ആ സ്ഥലത്തെ കളി എല്ലാം കഴിഞ്ഞാൽ അവിടത്തെ സാമൂതിരിക്കോവിലകത്തു കൂടി ഒരു ദിവസം നിർബ്ബന്ധമായി കളിക്ക

ണമെന്നും അതു ഗ്രന്ഥകാരനെ സംസ്കരിച്ച സ്ഥലത്തേയ്ക്കു നോക്കീട്ടു വേണമെന്നും അറിയുന്നു. അങ്ങനെ തെക്കോട്ടേയ്ക്കു തിരിഞ്ഞു കൃഷ്ണനാട്ടം മറ്റൊരിടത്തും കളിക്കാറു മില്ല. ഇതിൽനിന്നെല്ലാം മാനവേദന്റെ മരണം തൃശ്ശൂർ വച്ചായിരുന്നിരിക്കാമെങ്കിലും അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ചതു ഗുരുവായൂർ സാമൂതിരിക്കോവിലകത്താ യിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. അദ്ദേഹം ഗുരുവായൂർ ശ്രീകൃഷ്ണന്റെ ഭക്തന്മാരിൽ അഗ്രഗണ്യനായിരുന്നു എന്നുള്ള വസ്തുതയും പ്രകൃതത്തിൽ സ്മർത്ത വ്യമാണ്.

## കവിയുടെ കൃതികളിൽനിന്നും മറ്റും ലഭിക്കുന്ന അറിവ്

മാനവേദന്റെ കൃതികളായി പൂർവഭാരതചമ്പുവും കൃഷ്ണഗീതിയും മാത്രമേ നമുക്കു ലഭി ച്ചിട്ടുള്ളു. കൃഷ്ണാഷ്ടകം എന്ന പേരിൽ മൂന്നാമതൊരു കൃതി കൂടിയുണ്ടെന്നു പറയുന്ന തു ശരിയല്ല. കൃഷ്ണഗീതി (1) അവതാരം (2) കാളിയമർദ്ദനം (3) രാസക്രീഡ (4) കം സവധം (5) സ്വയംവരം (6) ബാണയുദ്ധം (7) വിവിദവധം (8) സ്വർഗ്ഗാരോഹണം എന്ന് എട്ടു കഥകളായി വിഭജിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അതിനുതന്നെ കൃഷ്ണാഷ്ട കം എന്നൊരു നാമാന്തരവും പ്രചരിക്കുന്നുണ്ട്. ഒന്നാമതായി പൂർവഭാരതചമ്പുവിൽ കവിയേയും അദ്ദേഹത്തിന്റെ വംശത്തേയും മറ്റും പറ്റി കാണുന്ന നിർദ്ദേശങ്ങൾ ഉദ്ധ രിക്കാം. മാനവേദൻ ആദ്യമായി മഹാഭാരതവേധസ്സായ വേദവ്യാസനേയും, പിന്നീ ടു ഗണപതി സരസ്വതി എന്നീ ദേവതകളേയും വന്ദിക്കുന്നു. അടിയിൽ ചേർക്കുന്ന ശ്ലോകങ്ങൾ അവയ്ക്കുപ്പുറമുള്ളവയാണ്.

> "കേളീലോലമുദാരനാദമുരളീനാളീനിലീനാധരം
> ധൂളീധൂമളകാന്തകുന്തളഭരവ്യാസങ്ഗിപിഞ്ഛാഞ്ചലം
> നാളീകായതലോചനം നവഘനശ്യാമം ക്വണൽകിങ്കിണീ-
> പാളീദന്തുരപിങ്ഗളാംബരധരം ഗോപാലബാലം ഭജേ." (1)

> "അഘവിഹതികരാണാം കൃഷ്ണനാമ്നാം ഗുരൂണാ-
> മനവരതമപാങ്ഗപ്രാവൃഷേണ്യാംബുവാഹഃ
> പ്രവിസരദനുകമ്പാവാരിസംഭാരസാന്ദ്രോ
> മമ ഹൃദയമയൂരം നത്തയേദാത്തമോദം." (2)

> "ഉദാരചൂഡാധൃതസൽകലാപാ
> സർവാങ്ഗരങ് ഗദ്വിലസർകലാപാ
> സ്ഥലീനിലീനാ കുലദേവതാ മേ
> മലീമസം മാനസമാപുനാതു." (3)

> "കാലപ്രധ്വംസിഫാലപ്രവിലസിതദൃശാ-
>     സംഭവേ സംഭ്രമാഢ-
> പ്രോച്ചണ്ഡേ ചണ്ഡമുണ്ഡാർദ്ദിനി വിശദതരാ-
>     രാളദംഷ്ട്രാകരാളേ
> വിശ്വേശിന്യംബ ശശ്വദ്വിലയനിലയവാ-
>     സേ നവാംഭോദവർണ്ണേ
> പാദാംഭോജാനതം മാമനുദിനമനുക-
>     മ്പാലയേ പാലയേഥാഃ." (4)

“കോദണ്ഡം സശരം ഭുജേന ഭുജഗേന്ദ്രാഭോഗഭാജാ വഹൻ
വാമേന ഛുരികാം വിപക്ഷദലനേ ദക്ഷേണ ദക്ഷേണ ച
കാന്ത്യാ നിർജിതനീരദഃ പുരഭിദഃ ക്രീഡാകിരാതാകൃതേഃ
പുത്രോസ്മാകമനല്പനിർമലയശാ നിർമ്മാതു ശർമ്മാനിശം.” (5)

“നീലാപഗാനിലയവര്യവിരാജമാനേ
കാലോല്ലസൽകുവലയാവലികേളികാരേ
നാഥേ സമസ്തജഗതാം രമതാം മനോ മേ
രാമേ സദൈവ രമണീയഗുണാഭിരാമേ.” (6)

“അത്യന്തോല്ലസിതം വിഭൂഷണഗണൈരുല്ലാ ഘലതോല്ലാസകം
ദീനാനാം ഗുരുമാരുതാലയഗതം ത്രൈലോക്യഭാഗ്യാംകുരം
നിന്ദന്നിർമ്മലകാന്തികന്ദളഭരൈരിന്ദിന്ദിരാനിന്ദിരാ-
ലീലാമന്ദിരമിന്ദുസുന്ദരമുഖം വന്ദേ പരം ദൈവതം.” (7)

“രാജ്ഞാമേകാവലംബേ ജ്വലനകുലഭുവാം
ശാരദാംഭോദവർണ്ണേ
സവ്യേ ഭാഗേ തുഷാരാചലസുകൃതപരീ-
പാകദേദീപ്യമാനേ
ലക്ഷ്മീഗ്രാമാധിവാസേ ഭജനപരനൃണാം
ശശ്വദക്ഷീണലക്ഷ്മീ-
ദാനോന്നിദ്രേ ദയാർദ്രേ രതിരുദയതു മേ
കാമദേ വാമദേവേ.” (8)

“ഏതാമാശു കൃതിം മമ പ്രഥയതാദദ്ധാ സിതാബ്ജപ്രഭം
ഗാഢാശ്ലിഷ്ടഗളം ശ്രിയാ പരിലസച്ചന്ദ്രാവതംസോജ്ജ്വലം
നിത്യം സംഭൃതഭൂതി ദന്തിദമനം നിശ്ശേഷഭൂതാനതം
ശശ്വൽസംസൃതസർവമങ്ഗലമശോകാ വാസസംസ്ഥംമഹഃ.” (9)

“ലക്ഷ്മീമക്ഷീണരൂപാമനിശമനുഭവൻ
ഭൂമിജാം ഭൂരിമോദം
തന്വന്നാസ്ഥാം സുമന്ത്രേ ഭുവി ച തിലകയ-
ന്നന്വയം ചിത്രഭാനോഃ
വിശ്വാമിത്രാധികാനന്ദവിപുലഭുജാ-
വിക്രമോ വിക്രമാഖ്യോ
രാജാ രാമാഭിരാമോ ജഗദവനകലാ-
ലാലസീ ലാലസീതി.” (10)

“തന്വാനോ ധർമ്മജാതസ്ഥിതിമജിതസുഹൃൽ
പ്രോല്ലസദ്ഭീമസേനോ
ബദ്ധാസംഗോ യമാദൗ സരസതരഗവാ

കർണ്ണസമ്മോദദാതാ
ശശ്വദ്ഭക്ത്യൈകലോലോ ഭൃശമഹിതബല-
ധ്വംസനോദിത്വരാത്മാ
സോയം വിശ്വൈകവീരോ വിജയ ഇവ വിജേ-
ജീയതേ ഭൂരിതേജാഃ." (11)

"യസ്സഞ്ചിതം ഗുണഗണം ഭുവനേസ്യ സഞ്ചി-
ഖ്യാസേദസാവവിചികിത്സിതമേവ മിത്സേൽ
ആധായ സാധു കളധൗതഗിരിം തുലായാം
വാരാന്നിധാവഹഹ! ബാഹുകതാം ച വാഞ്ഛേൽ." (12)

"ക്ഷാമോ ധർമ്മഃ ക്ഷമായാമയമഖിലനയാം-
ഭോനിധേരസ്യ രക്ഷാ-
ശിക്ഷാദാക്ഷ്യോദയാദ്യത്സമഗത സകലഃ
പൂർണ്ണഭാവേന ത്തുർണ്ണം
തന്മന്യേ ജാതഭീതിഃ ക്വഹചന കുഹനാ-
സംവൃതാത്മാ നിലില്യേ
പാപോദ്യല്ലാലസോയം കലിരിഹ കലിജേ-
താരമേനം വിഭാവ്യ." (13)

"സ്വസ്രീയോസ്യ ഖലു ക്ഷമാവലരിപോശ്ശ്രീമാനവേദാഭിധഃ
സുശ്രാവ്യം ചരിതം സുധാകരകുലക്ഷോണീഭുജാം പാവനം
വിദ്വത്സമ്മതചമ്പുഭാരതനിബന്ധസ്യാത്തുതാർത്ഥാവലീ-
സിന്ധോഃ പൂർവതയാദ്യ വർണ്ണയതി തൽ സന്തോലഭന്താം മുദം." (14)

ഗ്രന്ഥത്തിന്റെ അവസാനത്തിലും പ്രകൃതോപയുക്തങ്ങളായ രണ്ടു ശ്ലോകങ്ങളു ണ്ട്.

"ശ്രീമൽകൃഷ്ണാഭിധഗുരുകൃപാസാരമാധ്വീരസാർദ്രൈർ-
ഹൃദ്യൈരുദ്യൽപരിമളഭരൈർഗ്ഗദ്യപദ്യാഭിധാനൈഃ
കാലോദ്ബുദ്ധൈഃ സ്തബകലസിതൈർവിശ്വവര്യാ സപര്യാ
പുഷ്പവ്രാതൈരിഹ വിരചിതാ നന്ദസൂനോർമ്മയൈഷാ." (15)

"സാനന്ദാനന്തഭോഗിപ്രവരപരിലസ-
ന്മങ്ഗലോത്തുങ്ഗമൂർത്തി-
ശ്ശ്രീമദ്വത്സം ദധാനോ മഹിതതരവൃഷ-
സ്കന്ധദേദീപ്യമാനഃ
വാസം തന്വന്നശോകോപപദപുരവരേ
സർവദോമാധവോ മേ
പാദാംഭോജന്മഭാജസ്സപദി വിതനുതാ-
മുത്തമാം മുക്തിലക്ഷ്മീം." (16)

ഇവയിൽ ആദ്യത്തെ ശ്ലോകം ബാലകൃഷ്ണനേയും ഏഴാമത്തേതു ഗുരുവായൂരപ്പനേ യും പരാമർശിക്കുന്നു. 'കേളീലോലം' എന്ന ശ്ലോകം കൃഷ്ണഗീതിയുടെ അവസാന

ത്തിലും ചേർത്തിട്ടുണ്ട്. ഓരോ കഥ കളിക്കുന്ന ദിവസവും കൃഷ്ണനാട്ടത്തിലെ പാട്ടുകാർ അതു് ഒടുവിൽ ചൊല്ലണമെന്നു് ഒരു വയ്പുമുണ്ട്. രണ്ടാമത്തേയും പതിനഞ്ചാമത്തേയും ശ്ലോകങ്ങളിൽ കവി തന്റെ ഗുരുനാഥനായ ആനായത്തു കൃഷ്ണപ്പിഷാരടിയെ വന്ദിക്കുന്നു. മൂന്നാമത്തേതു തളിയിൽ ശിവനേയും നാലാമത്തേതു തിരുവളയക്കാട്ടു് ഭദ്രകാളിയേയും അഞ്ചാമത്തേതു വാലിശ്ശേരി വേട്ടയ്ക്കൊരുമകനേയും ആറാമത്തേതു കരിമ്പുഴ ശ്രീരാമനേയും എട്ടാമത്തേതു പെരിഞ്ചെല്ലൂർ ശിവനേയും ഒൻപതാമത്തേതും പതിനാറാമത്തേതും അശോകപുരത്തെ തിരുവേഗപ്പുറ ശിവനേയും വിഷ്ണുവിനേയും സ്മരിക്കുന്നു. ഈ മൂർത്തികളെല്ലാം സാമൂതിരിരാജവംശത്തിലെ കുലദേവതകളാണ്. പണ്ട് ഒരു സാമൂതിരിപ്പാടു പെരുഞ്ചെല്ലൂർ ശിവന്റെ സായൂജ്യം പ്രാപിച്ചു എന്നും അന്നുമുതൽ ആ ദേവനു മഹാരാജത്വം സിദ്ധിച്ചു എന്നും അതിൽ പിന്നീടു സാമൂതിരിമാർ തീപ്പെട്ടാൽ ദേവൻ പുലകൊള്ളുന്നു എന്നും ഒരു ഐതിഹ്യമുണ്ട്. പതിനൊന്നുമുതൽ പതിന്നാലുവരെയുള്ള പദ്യങ്ങളിൽ കവി തന്റെ മാതുലനും സാമൂതിരിയുമായ ശക്തൻമാനവിക്രമരാജാവിന്റെ അപദാനങ്ങളെ പ്രകീർത്തനം ചെയ്യുന്നു. "തിലകയന്നന്വയം ചിത്രഭാനോഃ" എന്ന പ്രസ്താവനയിൽനിന്നു സാമൂതിരിപ്പാടന്മാരുടെ കുടുംബം അഗ്നിവംശജമാണെന്നു കാണാവുന്നതാണ്. 'പാപോദ്യല്ലാലസോയം' എന്നതു കലിവാക്യമാകുന്നു.

കൃഷ്ണഗീതയിൽ ഈ വിസ്തരമൊന്നുമില്ല. ആദ്യമായി ഒരു ഗോപാലകൃഷ്ണസ്തുതിയും പിന്നീടു ഗുരുവന്ദനവും അതിനപ്പുറം ഗുരുവായുപുരേശസ്തുതിയും മാത്രമേ ഇവിടെ സ്മരിക്കേണ്ടതായുള്ളൂ. അവയിൽ ഒടുവിലത്തെ രണ്ടു ശ്ലോകങ്ങളും സാമൂതിരിയും കവിയുമായുള്ള ബന്ധത്തെ പ്രദർശിപ്പിക്കുന്നതും ഒടുവിൽ കലിദിനസൂചകമായ വാക്യം ഉൾക്കൊള്ളുന്നതുമായ മറ്റു രണ്ടു ശ്ലോകങ്ങളും പകർത്താം.

"പ്രേമ്ണാലം ലാള്യമാനസ്സദയമിഹ സദാ
　　　നന്ദസംജ്ഞേന പിത്രാ
രാമേണ ജ്യായസാ വാ വിവശമതിയശോ-
　　　ദാഖ്യയാ വാ ജനന്യാ
ആദീവ്യൻ ദിവ്യഗവ്യാ വിബുധപരിവൃഢോ-
　　　രിഷ്ടദാതാഘമോക്ഷം
പുഷ്ണൻ കൃഷ്ണോ ഗുരുർമ്മേ പരമതമമതോദ്-
　　　ഭാസകോ ബോഭവീതു. (1)

സൗവർണ്ണാദ്ഭുതഭൂഷണോജ്ജ്വലവപുഃ സംവീതപീതാംബരോ
നീലാംഭോദനിഭോ ഭുജൈർധൃതഗദാശംഖാരി പങ്കേരുഹൈഃ
ഭ്രാജിഷ്ണുർഗ്ഗുരുവായുമന്ദിരവിരോചിഷ്ണുസ്സ വിഷ്ണുസ്സ്വയം
ധൃഷ്ണുർവിശ്വജനോപതാപഹരണേ കാവ്യം മമാപ്യായയേൽ. (2)

വിക്രാന്ത്യാക്രാന്തവിശ്വദ്വിഷത ഇഹ ഗുരോർ-
　　　വിക്രമാഖ്യസ്യ രാജ്ഞഃ
സ്വസ്രീയോ മാനവേദോ മുരമഥനകഥാ-
　　　വർണ്ണനാലോഭനുന്നഃ
വിഷ്ണോർവൃഷ്ണീശ്വരസ്യ പ്രഥയതി പദരൂ-
　　　പേണ കിഞ്ചിൽ കഥാം താം
കാന്താം വിശ്വവ്യഥാന്താമിഹ വിബുധജനാ-

സ്സന്തു സന്തോഷവന്തഃ (3)

സ്സായദ്ഭക്തിഭരേണ നന്നമനസാ ശ്രീമാനവേദാഭിധ-
ക്ഷോണീന്ദ്രേണ കൃതാനിരാകൃതകലിർഗ്രാഹ്യാ സ്തുതിർഗ്ഗാഥകൈഃ
ലക്ഷ്മീവല്ലഭ കൃഷ്ണഗീതിരിതി വിഖ്യാതാ തവാനുഗ്രഹാ-
ദേഷാ പുഷ്കരലോചനേപി ഭജതാം പുഷ്ണാതു മോക്ഷശ്രിയം." (4)

തന്റെ ഗുരുവായ പിഷാരടിയുടെമേൽ കവിക്കുണ്ടായിരുന്ന ഭക്തിപാരവശ്യത്തിനു 'പ്രേമ്ണാ' ഇത്യാദി ശ്ലോകവും സാക്ഷ്യംവഹിക്കുന്നു. "ഗ്രാഹ്യാ സ്തുതിർഗ്ഗാഥകൈഃ" എന്നതാണു് പ്രകൃതത്തിൽ കലിവാക്യം.

## മാനവേദന്റെ കവനശൈലി

മാനവേദന്റെ കവിത പ്രാസപ്രയോഗജടിലവും വ്യാകരണപാണ്ഡിത്യോൽഘോഷകവുമാണെങ്കിലും വിരസമോ ദുർഗ്രഹാർത്ഥമോ അല്ല; പ്രത്യുത അതു ബഹുധാ സഹൃദയഹൃദയാവർജ്ജകമായി പരിസ്ഫുരിക്കുകയും ചെയ്യുന്നു. പദഘടനയിൽ അദ്ദേഹത്തിനുള്ള പാടവം അസാധാരണമാകുന്നു. കൊല്ലം 821 വരെയെങ്കിലും ജീവിച്ചിരുന്നിരിക്കാവുന്ന മേല്പുത്തൂർ ഭട്ടതിരിയെ പലപ്പോഴും കാണുന്നതിനും അദ്ദേഹവുമായി സംഭാഷണം ചെയ്യുന്നതിനുമുള്ള അവസരം അദ്ദേഹത്തിനു ധാരാളമായി ലഭിച്ചിരുന്നിരിക്കണം. രണ്ടു പേരും ഗുരുവായൂർ ശ്രീകൃഷ്ണന്റെ ഭക്തന്മാരായിരുന്നുവല്ലോ. കവനവിഷയത്തിൽ ഭട്ടതിരിതന്നെയായിരുന്നു തമ്പുരാന്റെ പരമപ്രധാനനായ മാർഗ്ഗദർശി. സുകുമാരന്റെ ശ്രീകൃഷ്ണവിലാസം, ശങ്കരകവിയുടെ ശ്രീകൃഷ്ണവിജയം, ജയദേവന്റെ ഗീതഗോവിന്ദം, അഗസ്ത്യഭട്ടന്റെ ബാലഭാരതം, അനന്തഭട്ടന്റെ ഭാരതചമ്പു ഇത്യാദി ഗ്രന്ഥങ്ങളേയും അദ്ദേഹം ഉപജീവിച്ചിട്ടുണ്ടു്. ശബ്ദാഡംബരം പോലെ തന്നെ അർത്ഥസൗഭാഗ്യം അദ്ദേഹത്തിനു സ്വാധീനമായിരുന്നു എന്നു തോന്നുന്നില്ല. തമ്പുരാന്റെ കല്പനകളിൽ ഏറിയകൂറും ശ്ലേഷാനുപ്രാണിതങ്ങളോ അല്ലെങ്കിൽ അനന്തകവിയെ അനുകരിക്കുന്നവയൊ ആണു്. ദുശ്ശ്രവമായ യതിഭംഗവും അങ്ങിങ്ങു കാണുന്നുണ്ടു്. 'വ്യത്യസ്താംഘ്രി സവിഭ്രമോന്നമിതവാമഭ്രൂലതം തേ സ്ഥിതം' എന്നുംമറ്റും പ്രയോഗിക്കുവാൻ അദ്ദേഹത്തിനു യാതൊരു മടിയും കാണുന്നില്ല. പക്ഷെ ആ വൈകല്യസമുച്ചയം ചന്ദ്രബിംബത്തിലെ കളങ്കശകലമെന്നേ കരുതേണ്ടതുള്ളൂ.

## പൂർവഭാരതചമ്പു

കൃഷ്ണപ്പിഷാരടിയോടു വ്യാകരണം അഭ്യസിച്ചതിനുമേൽ ആ ശാസ്ത്രത്തിൽ തനിക്കു സിദ്ധിച്ച ആശ്ചര്യജനകമായ അവഗാഹം ഗുരുനാഥനെ ബോധപ്പെടുത്തുന്നതിനു വേണ്ടി കവി യൗവനാരംഭത്തിൽ രചിച്ച ഒരു കാവ്യമാണു് പ്രസ്തുതചമ്പുവെന്നും ഓരോദിവസവും ഓരോ സ്തബകം വീതം ഉണ്ടാക്കി അദ്ദേഹം ഗുരുവിനു കാഴ്ചവച്ചു എന്നും അങ്ങനെ പന്ത്രണ്ടു ദിവസംകൊണ്ടു ചമ്പൂനിർമ്മിതി സമാപ്തമായി എന്നും ചില പഴമക്കാർ പറയുന്നു. സ്തബകങ്ങളുടെ ദൈർഘ്യവും അവയിൽ ആപാദചൂഡം പരിലസിക്കുന്ന രചനയുടെ നിഷ്കർഷവും നോക്കിയാൽ ആ ഐതിഹ്യത്തിൽ അനല്പമായ അതിശയോക്തിയുടെ കലർപ്പുണ്ടെന്നു അനുമാനിച്ചേ കഴിയൂ.

"ഉന്മീലദംബുജകദംബകസൗരഭീണാ-
മുന്നൃത്യദീശമുകുടീതടിനീസഖീനാം

ആചാന്തവൈരിയശസാമമൃതോർമ്മിളാനാം
വാചാമനന്തസുകവേർവസുധൈവ മൂല്യം”

എന്നു തൽക്കർത്താവുതന്നെ പ്രശംസിച്ചിട്ടുള്ള ഭാരതചമ്പുവിന്റെ അചുംബിതോല്ലേഖപ്രഭൃതികളായ ഗുണഗണങ്ങളാൽ ആകൃഷ്ടനാകുക നിമിത്തമാണ് താൻ പൂർവഭാരതചമ്പു രചിച്ചതെന്നു ‘സ്വസ്രീയോസ്യ’ ഇത്യാദി പദ്യത്തിൽനിന്നു വ്യഞ്ജിക്കുന്നുണ്ടല്ലോ. അനന്തഭട്ടന്റേതിലെന്നപോലെ തമ്പുരാന്റെ ചമ്പുവിലും പന്ത്രണ്ടു സ്തബകങ്ങൾ ഉൾക്കൊള്ളുന്നു. അനന്തകവി തന്റെ കാവ്യം ഹസ്തിനാപുരത്തിന്റെ വർണ്ണനത്തോടുകൂടി ആരംഭിച്ച് അവിടെ പാണ്ഡുമഹാരാജാവിന്റെ രാജ്യഭാരത്തെ വർണ്ണിച്ചുകൊണ്ടു പുരോഗമിക്കുകയും ഒടുവിലത്തെ സ്തബകത്തിൽ യുധിഷ്ഠിരചക്രവർത്തിയുടെ അശ്വമേധാനന്തരമുള്ള രാജ്യഭാരമാഹാത്മ്യത്തെ ദിങ്മാത്രമായി നിർദ്ദേശിച്ചുകൊണ്ടു തൂലികയെ വിരമിപ്പിക്കുകയും ചെയ്യുന്നു. ആശ്രമവാസപർവംമുതൽക്കുള്ള ഇതിവൃത്തം അദ്ദേഹം സ്പർശിച്ചിട്ടില്ല. അനന്തഭട്ടൻ ആദിപർവത്തിൽ എവിടംതൊട്ടു തുടങ്ങുന്നുവോ അതിനുമുമ്പുള്ള മഹാഭാരതകഥകളാണ് തമ്പുരാന്റെ കാവ്യത്തിനു വിഷയീഭവിക്കുന്നത്. ബാലഭാരതത്തിലെ ‘അസ്ത്യത്രിനേത്രപ്രഭവഃ’ എന്ന പ്രഥമശ്ലോകത്തെ അനുകരിച്ച് അദ്ദേഹവും

“ശ്രീമാൻ സീമാതിഗാമിപ്രസൃമരമഹിമാ
ചന്ദ്രമാസ്സാന്ദ്രമോദം
സേന്ദ്രൈരാസ്വാദ്യമാനസ്സകലസുരഗണൈ
രോഹിണീപ്രാണനാഥഃ
നേത്രാദത്രേഃ പുരാഭൂൽ പ്രഭവ ഉരുഭുജാ-
വിക്രമാക്രാന്തവിശ്വ-
ക്ഷോണീചക്രാന്തരാണാം ഭരതകുലഭുവാം
ഭൂഭുജാം മാനഭാജാം”

എന്നിങ്ങിനെ വസ്തുനിർദ്ദേശത്തിന് ഉപക്രമിക്കുന്നു. തന്റെ വൈയാകരണത്വം ഗുരുനാഥനും പണ്ഡിതലോകവും അറിയണമെന്ന് അദ്ദേഹത്തിനു പ്രസ്തുതചമ്പു രചിക്കുന്ന കാലത്തു അത്യന്തം അഭിനിവേശം ഉണ്ടായിരുന്നതായി ഊഹിക്കാം. ‘ബലാൽകാരേണ’ എന്നതിന്നുപകരം ‘ആര്യഹലം’ എന്നുപോലും അദ്ദേഹം പ്രയോഗിക്കും. യങന്തങ്ങളും യങ്ലുഗന്തങ്ങളുമായ പദങ്ങൾ സമൃദ്ധങ്ങളാണ്. ‘നന്നമ്യമാനാവനിപാല മൗലിനേനിജ്യമാനാമലപാദപീഠഃ’ ഇത്യാദി ഭാഗങ്ങൾ നോക്കുക. ഏതാദൃശമായ ഭ്രമം പത്തുവർഷംകൂടി കഴിഞ്ഞതിനു ശേഷം നിർമ്മിച്ച കൃഷ്ണഗീതിയിൽ അത്രതന്നെ കാണുന്നില്ല. യയാതിചരിതം, തപതീചരിതം, ദുഷ്ഷന്തചരിതം, ശന്തനുചരിതം, അംബാചരിതം മുതലായ രസകരങ്ങളായ കഥകൾ കവി വളരെ വിസ്തരിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. കവിതയുടെ രീതി താഴെ ഉദ്ധരിക്കുന്ന പദ്യഗദ്യങ്ങളിൽനിന്നു സ്പഷ്ടമാകുന്നതാണ്.

## പുരൂരവസ്സ്

“യോസാവിളാപതിരിളാതനയോപി ചിത്രം
സ്ത്രീമാതൃകോപി ഖലു പൂരുഷമാതൃകശ്ച
വാണീവിരാജിവദനാംബുരുഹോപി ചിത്രം
വാണീവിദൂരതര ഏവ വരീവൃതീതി.”

### യയാതി (ഗദ്യം)

"... ആശാവശാദാശാവലയാദാഗത്യഭൃതേഷു സകലഭൃതേഷു, ഗവ്യതോ ജനാൻ ഗവ്യയാ, ഗ്രാമീയതോ ഗ്രാമതയാ, കേദാരീയതഃ കൈദാരികേണ, ഭിക്ഷീയതോ ഭൈക്ഷേയേണ ച യഥാമനോരഥം സർവദാ സംപ്രദാനീകുർവൻ, പുരുഹൂത ഇവ ഭൃഭൃൽകുലാധിനേതാ, വൈശ്വാനര ഇവാശ്രിതാശാപൂരണമനാഃ, കൃതാന്ത ഇവ ക്രൂരദണ്ഡധാരണദത്ത ചിത്തഃ, നിരൃതിരിവ പുണ്യജനപരിശോഭിതപാർശ്വഭാഗഃ, വരുണ ഇവ ഭൃശമഹിതപാശോദ്ധർത്താ, സമീരണ ഇവ സദാഗമലോലഃ, കുബേര ഇവ ഗുഹ്യകാര്യഃ, വൃഷാകപിരിവ വൃഷാഭിരക്ഷീ, വൃഷാകപായീവ ഹാരോജ്ജ്വലാംഗകാന്തിഃ, മൂർത്തിത്രയീവ സത്യാലീനമനാഃ, ഇന്ദ്രാവരുണാവിവ വിതതഗോരാജീ വിനതവിമതനൃപതിവിതതിവികടമകുടഘടിതമണി ഘടാമരീചിവീചീവിരാജിതപദപല്ലവഃ, സതതസന്തന്യമാനദാനബംഭജ്യമാനദിവ്യപാദപോയമദേദീവ്യത."

### കചന്റെ ഗുരുകുലവാസം

"പ്രസന്നം സദ്വൃത്തം സ ഖലു സദലങ്കാരമർമലം
ഗുണാനാമാവാസം സഹൃദയജനജ്ഞേയഹൃദയം
മഹാശയ്യാവിഷ്ടം സുമഹിതപദം ഹൃദ്യചരിതം
സദാസേവ്യം കാവ്യം സ്ഫുടരസമസേവിഷ്ട ച കചഃ."

### പൂരു (ഗദ്യം)

"... രാഹൗ ദ്വിജവരോപപ്ലവരുചിഃ, വാരിപ്രഭാവേ സേതുഭംഗഃ, പദ്മായാം പരപുരുഷസംഗഃ, ദന്ദശൂകേ ദ്വിജിഹ്വതാ, പയോനിധൗ പോതസംസ്ഥിതിഃ, വനിതാവിലഗ്നേ ക്ഷീണതാ, ഗ്രഹേഷു വക്രഗതിഃ, ഔഷധീശേ ദോഷോപസങ്ഗഃ, വൃഷഭധ്വജേ വിഷാദിതാ, വൃദ്ധജനേഷു ദണ്ഡധാരണം, രതൗ വൈപരീത്യം, വാരണവിഗ്രഹേഷ്വവഗ്രഹഃ, കാമിനീകുചകലശയോരുദ്വൃത്തതാ ച കേവലമാസീൽ."

### സംവരണൻ, തപതിയെക്കണ്ടിട്ട്

വാപീ കാപ്യൂർദ്ധ്വവാഹാ ശിവ ശിവ സുഷമാ-
    പൂരപീയൂഷയൂഷ-
സ്യന്ദിന്യസ്യാം നിമഗ്നം സരസിജമുപരി
    ശ്ലിഷ്ടശൈവാലജാലം
കിഞ്ചാസ്മിന്നഞ്ചിതാഭാ കവലയയുഗളീ
    ദൃശ്യതേ വിശ്വരമ്യാ
ചിത്രം ചിത്രം ബതൈവം കഹചിദപി ച നോ
    വിഷ്ടപേ ദൃഷ്ടപൂർവം."

മഹാവിഷ്ണുവിന്റെ വിവിധാപദാനങ്ങളെ അനുകീർത്തനം ചെയ്യുന്ന ദശമസ്തബകമാണ് പൂർവഭാരതമാലയുടെ നായകമണിയെന്നു നിസ്സംശയമായി സ്ഥാപിക്കുവാൻ കഴിയുന്നതാണ്. 'ഹോത്രവാഹനൻ' എന്ന രാജാവ് അംബയുടെ സങ്കടപരിഹാരത്തിന് ആ കുമാരി പരശുരാമനോട് അഭ്യർത്ഥിക്കണമെന്ന് ഉപദേശിക്കുന്നതാണ് കഥാഘട്ടം.

"ആസ്തേ മഹേന്ദ്രമുഖദേവനുതോ മുനീന്ദ്രൈ-
ർവ്യാപ്തേ മഹേന്ദ്രശിഖരേ സ ഹി ജാമദഗ്ന്യഃ

ലക്ഷ്മീപതേരവികലൈവ കലാ കിലായം
ഷഷ്ഠീ മഹിഷ്ഠമഹിഭാരനിരാസനിഷ്ഠാ.

തം താവദേവ ശരണം വ്രജ വിശ്വബന്ധും
സന്താപസിന്ധുപതിതാമയമുദ്ധരേൽ ത്വാം
തത്താദൃശാനി ചരിതാനി ന കാനി കാനി
ഭക്താഭിരക്ഷണപരാണി കൃതാനി തേന?"

എന്നിങ്ങനെയുള്ള പീഠികയോടുകൂടിയാണ് ആ ഭഗവന്മഹിമാനുവർണ്ണനം ആരംഭിക്കുന്നതു്.

ധൃതരാഷ്ട്രർ, പാണ്ഡു, വിദുരൻ ഇവരുടെ ജനനം കഴിഞ്ഞു്:

"ഇത്ഥം തേ ഖലു ജാതകർമ്മകൃതസംസ്കാരാഃ കുമാരാസ്ത്രയ-
സ്തസ്മിൻ ഹസ്തിനനാമ്നി പത്തനവരേ വിഭ്രാജിരേ നിർഭരം
ശശ്വൽസംശ്രിതഭൃതിതായനപരാസ്സംഭാവനീയാസ്സതാം
മദ്ധ്യേവേദി സമിത്സമിദ്ധമഹസസ്ത്രേതാഗ്നയസ്ത്രേ യഥാ.

ഏവം ദേവോപമേഷ്വ ത്രിഷ്വ സപദി കുമാ-
രേഷ്വ ജാതേഷ്വ തേഷ്വ
വ്യാസാൽ സാ വാസവീ സോപി ച സുരതടിനീ-
നന്ദനസ്തേ ച ദേവ്യൗ
നാനന്ദാമാസുരാസൂദിതഹൃദയരുജഃ
പൂർണ്ണകാമാഃ കിമുക്കൈതർ-
ഭൃയോഭി, ർമ്മോദഭാരോ നിഖിലതനുഭൃതാം
മേദുരഃ പ്രാദുരാസീൽ."

എന്ന പദ്യങ്ങളോടുകൂടി ഇതിവൃത്തം സമാപിക്കുന്നു.

## കൃഷ്ണഗീതി — ചില ഐതിഹ്യങ്ങൾ

കൃഷ്ണഗീതിയിൽ തമ്പുരാന്റെ കവനകലാകുശലതയ്ക്കും ശ്രീകൃഷ്ണനിലുള്ള അവ്യഭിചാരിയായ രതിഭാവത്തിനും പുറമേ സംഗീതശാസ്ത്രത്തിലുള്ള പാടവത്തിനും തെളിവുണ്ടു്. പ്രസ്തുതകൃതിയുടെ രചനയെപ്പറ്റി ഒരൈതിഹ്യം കേട്ടിട്ടുണ്ടു്. ശ്രീകൃഷ്ണന്റെ പ്രത്യക്ഷദർശനം സിദ്ധിച്ച ഒരു വില്വമങ്ഗലത്തു സ്വാമിയാർ മാനവേദന്റെ കാലത്തും ജീവിച്ചിരുന്നു. ആ സിദ്ധനോടു രാജാവു ഭക്തിപൂർവം പ്രാർത്ഥിച്ചതിനാൽ, അദ്ദേഹം ഒരിക്കൽ ഉണ്ണിക്കൃഷ്ണനെ കാണിച്ചുകൊടുത്തു എന്നും രാജാവു് ദേവനെ വാരിയെടുക്കുവാൻ ഭാവിച്ചു എന്നും അപ്പോൾ 'അതു വില്വമങ്ഗലം പറഞ്ഞിട്ടില്ല' എന്നരുളിച്ചെയ്തു ഭഗവാൻ അന്തർദ്ധാനം ചെയ്തു എന്നും രാജാവു ഭഗവാനെ കടന്നുപിടിച്ചപ്പോൾ രണ്ടു കണ്ണുള്ള ഒരൊറ്റ മയിൽപ്പീലിമാത്രം അദ്ദേഹത്തിനു കിട്ടി എന്നുമാണു് ആ കിംവദന്തി. പിന്നീടു സ്വാമിയാരുടെ ഉപദേശമനുസരിച്ചു കൃഷ്ണഗീതി രചിക്കുകയും ശ്രീകൃഷ്ണന്റെ വേഷം കെട്ടുന്ന നടൻ ധരിക്കേണ്ട മുടിയിൽ ആ മയിൽപ്പീലികൂടി ചേർത്തുവയ്ക്കുകയും ആ മുടി ആരു കൃഷ്ണവേഷം ധരിച്ചു അവർക്കെല്ലാം ഒന്നുപോലെ പാകമായിരിക്കുകയും ചെയ്തുവത്രേ. രാജാവു സാമൂതിരിപ്പാടന്മാരുടെ

ഒരു ക്ഷേത്രത്തിൽ ദർശനത്തിന്നായി ചെന്ന അവസരത്തിൽ ഒരു കൊന്നമരത്തിന്റെ ചുവട്ടിൽ പുഷ്പങ്ങൾ ശേഖരിച്ചു കളിച്ചുകൊണ്ടിരുന്ന രൂപത്തിലാണ് വില്വമംഗ്ലം അദ്ദേഹത്തിനു ബാലകൃഷ്ണനെ പ്രത്യക്ഷീഭവിപ്പിച്ചതു് എന്നു ചിലരും, അതല്ല ഭക്തനായ കവിതന്നെ ഗോപാലമന്ത്രം ജപിച്ചു സിദ്ധിവരുത്തി ബാലകൃഷ്ണനെ ഒരു ഇരഞ്ഞിമരത്തിന്റെ ചുവട്ടിൽ നേരിൽ കണ്ടതാണെന്നു മറ്റു ചിലരും പറയുന്നു. ശില്പവിദ്യയിലും വിദഗ്ദ്ധനായിരുന്ന തമ്പുരാൻ ഉടൻ ആ ഇലഞ്ഞിമരത്തിന്റെ കൊമ്പുകൊണ്ട് ഒരു വേണുഗോപാലവിഗ്രഹം ഉണ്ടാക്കി. അതു തന്റെ കാലത്തു സാമൂതിരിക്കോവിലകത്തു ഉണ്ടായിരുന്നതായി കടത്തനാട്ടു ഉദവർമ്മ ഇളയതമ്പുരാൻ കവികലാപത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. ശ്രീകൃഷ്ണന്റെ വേഷംകെട്ടി അഭിനയിക്കുന്നതിന് ഉണ്ടാക്കിയ മുടിയിൽ താൻ പിടിച്ചെടുത്ത മയിൽപ്പീലിയും തിരുകിയത്രെ. ആ മുടിവെച്ചാൽ നടനു ഭാവപ്പകർച്ചയുണ്ടാകുക പതിവായിരുന്നു. ഒരിക്കൽ കൃഷ്ണനാട്ടക്കാർ തൃപ്പൂണിത്തുറയിൽ ചെന്നപ്പോൾ അന്നത്തെ കൊച്ചി വലിയ തമ്പുരാൻ അതിലെ കംസവധം കഥ അഭിനയിക്കണമെന്നു ആജ്ഞാപിച്ച് ഒരു കൊമ്പനാനയെ അരങ്ങത്തു നിറുത്തിയെന്നും കൃഷ്ണവേഷം കെട്ടിയ നടൻ ആനയെ കൊമ്പിൽ പിടിച്ചു മലർത്തിക്കിടത്തി കൊന്നതിന്റെ ശേഷം തമ്പുരാന്റെ നേർക്കു പായുകയും അദ്ദേഹം ഓടി എവിടെയോ രക്ഷപ്പെടുകയുംചെയ്തു എന്നും അതിൽപ്പിന്നീടു കൃഷ്ണനാട്ടക്കാർ തെക്കോട്ടു പോയിട്ടില്ലെന്നും ഒരു ഉപകഥയുമുണ്ട്. അത്രമാത്രം മഹിമയ്ക്കു നിദാനീഭൂതമായ ആ തിരുമുടി സാമൂതിരി ഒരിക്കൽ കൊടുങ്ങല്ലൂർ കോട്ടയിൽ താമസിച്ചിരുന്ന സമയം ഡച്ചുക്കാരുടെ ആക്രമത്തിൽ ദഹിച്ചുപോയി എന്നും, അങ്ങനെയല്ല അതു സാമൂതിരിക്കോവിലകം ഉദ്ദേശം 100 കൊല്ലങ്ങൾക്കുമുൻപ് അഗ്നിക്കിരയായപ്പോൾ നശിച്ചതാണെന്നും പഴമക്കാർ ഓരോ വിധത്തിൽ പറയുന്നു. ഏതായാലും മാനവേദൻരാജാവു ശ്രീകൃഷ്ണനെ അനുസന്ധാനദ്വാരാ പരോക്ഷമായിട്ടെങ്കിലും ദർശിച്ചിരുന്നിരിക്കണമെന്നുള്ളതിനു സംശയമില്ല. കൃഷ്ണനാട്ടത്തിന് അനിർവചനീയമായ ഒരു ദിവ്യത്വം അതിന്റെ ആവിർഭാവകാലംമുതൽ ആസ്തികന്മാർ ആരോപിച്ചിരുന്നു എന്നുള്ളതും നിസ്തർക്കമാണ്. ഗുരുവായൂരമ്പലത്തിൽ ഭഗവത്സന്നിധാനത്തിൽ പൂർവോക്തമായ ദാരുവിഗ്രഹത്തെ മുന്നിൽവെച്ചുകൊണ്ടാണത്രേ കവി കൃഷ്ണഗീതി രചിച്ചതു്.

## ഇതിവൃത്തം

ക്രി. പി. 12-ാം ശതകത്തിൽ വങ്ഗദേശത്തെ അലങ്കരിച്ചിരുന്ന മഹാകവി ജയദേവന്റെ ഗീതഗോവിന്ദത്തിന് ഒരുകാലത്തു കേരളത്തിൽ സർവതോമുഖമായ പ്രചാരമുണ്ടായിരുന്നു. ഇന്നും പല ക്ഷേത്രങ്ങളിലും കൊട്ടിപ്പാടിസ്സേവയ്ക്കു ഉപയോഗിക്കുന്നതു മധുരകോമളകാന്തപദാവലിയായ ആ 'ജയദേവസരസ്വതി'യെത്തന്നെയാണല്ലോ. അഷ്ടപദിയിലെ വിഷയം ഗോപികാഗീതിയാകുന്നു. അതിൽ ശ്ലോകങ്ങളും ഗീതങ്ങളുമുണ്ട്. സംഭാഷണം മുഴുവൻ ഗീതത്തിലാണ്. പ്രസ്തുതകൃതിക്ക് അഷ്ടപദി എന്ന പേർ സിദ്ധിച്ചതു് ഓരോ ഗീതത്തിലും പ്രായേണ എട്ടെട്ടു ചരണങ്ങൾ അടങ്ങീട്ടുള്ളതുകൊണ്ടാകുന്നു. ഗീതഗോവിന്ദം കവി പന്ത്രണ്ടു സർഗ്ഗങ്ങളിലാണ് രചിച്ചിട്ടുള്ളതു്. ഒരു സർഗ്ഗത്തിൽ ഒന്നോ അതിലധികമോ ഗീതങ്ങൾ ഉണ്ടായിരിക്കും. ഒന്നാം സർഗ്ഗത്തിലും നാലാംസർഗ്ഗത്തിലും നാലു അഷ്ടപദികൾ (ഗീതങ്ങൾ) വീതമുണ്ട്. ആകെയുള്ള അഷ്ടപദികളുടെ സംഖ്യ 24 ആണ്. കൃഷ്ണഗീതിയിലെ വിഷയം ശ്രീമദ്ഭാഗവതം ദശമസ്കന്ധത്തിലെ കഥാസമുച്ചയമാകുന്നു. നാരായണീയത്തിൽ മേല്പത്തൂർ നാരായണഭട്ടതിരിയെന്നപോലെ മഹാവിഷ്ണുവിനെ അഭിസംബോധനം

ചെയ്തുകൊണ്ടാണ് കവി ശ്ലോകങ്ങൾ രചിച്ചിട്ടുള്ളത്. ഓരോ ഗീതത്തിലും എട്ടു ചരണങ്ങൾ വേണമെന്നു നിർബ്ബന്ധമില്ല. ആവശ്യവും ഔചിത്യവും അനുസരിച്ച് അവ കുറഞ്ഞും കൂടിയും ഇരിക്കും.

"ലക്ഷ്മീനാഥ പുരാ സുരാസുരമൃധേ യേ കാലനേമ്യാദയ-
സ്ത്വൽപിഷ്ടാ അപി ശിഷ്ടകർമ്മബലതോ ദൈത്യാ ന മുക്തിം ഗതാഃ
തേഷാം ഭൂരിഭരേണ ഭൂതലജുഷാം സാ ഭൂതധാത്രീ വ്യഥാ-
പാത്രീവേധസമേത്യ വേഗത ഇതി പ്രോവാച ദേവാമൃതം"

എന്ന ശ്ലോകത്തിൽ ഭൂദേവിയുടെ ബ്രഹ്മോപസർപ്പണത്തോടുകൂടി ആരംഭിക്കുന്ന കഥ,

"സംയോജ്യാത്മാനമാത്മന്യതിവിശദധിയാം
ധ്യാനഗമ്യാം രമായാഃ
കാമ്യാം വിശ്വൈകരമ്യാം ത്രിഭുവനജനതാ-
ഗീതകീർത്തിസ്സ്വമൂർത്തിം
ആദായാഗാസ്സ്വധാമ പ്രകടനിജവിഭൂ-
ത്യാ മഹത്യാ ച ഭൂത്യാ
ക്ഷിത്യാ യുക്തസ്സതോഷേ മൃദുതളിമവിശേ-
ഷേ ച ശേഷേ സ്മ ശേഷേ."

എന്ന ശ്ലോകത്തിൽ ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തോടുകൂടി അവസാനിക്കുന്നു. കൃഷ്ണഗീതിക്ക് അവതാരം തുടങ്ങി എട്ടു വിഭാഗങ്ങളുണ്ടെന്നു മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവയുടെ പേരുകൾ എളുപ്പത്തിൽ ഓർമ്മിക്കുന്നതിനുവേണ്ടി ഓരോ പേരിന്റേയും പ്രഥമാക്ഷരംമാത്രമെടുത്ത് "അകാരാകസ്വബാവിസ്വ" എന്നു സൂത്രരൂപത്തിൽ ഒരുവാചകം പ്രചരിക്കുന്നുണ്ട്. ഒരു ദിവസത്തെ കഥ ഏതു് ഇതിവൃത്തം കൊണ്ടു തുടങ്ങുന്നുവോ അതിന് ആ സംജ്ഞ നല്കിയിരിക്കുന്നുവെന്നല്ലാതെ ആ ഇതിവൃത്തംമാത്രമല്ല അതിലെ വിഷയം. ഉദാഹരണമായി വിവിദവധംതന്നെ പരിശോധിക്കാം. അതിൽ വിവിദവധത്തിനുപുറമേ സാംബോദ്വാഹം, സമന്തപഞ്ചകസ്നാനം, ജരാസന്ധവധം, യുധിഷ്ഠിരരാജസൂയം, ശിശുപാലവധം, സാല്വവധം, ദ്രൗപദീപരിത്രാണം, ദൂതകൃത്യം, ഗീതോപദേശം, ഭാരതയുദ്ധം, കുചേലവൃത്തം എന്നീ കഥകളും അടങ്ങിയിരിക്കുന്നു. കൃഷ്ണനാട്ടം എട്ടു ദിവസംകൊണ്ടുമാത്രം അഭിനയിച്ചു സ്വർഗ്ഗാരോഹണത്തോടുകൂടി അവസാനിപ്പിക്കരുതെന്നും ഒൻപതാംദിവസം അവതാരകഥ ഒന്നുകൂടി കളിച്ചുവേണം കലാശിപ്പിക്കുവാൻ എന്നും നിയമമുണ്ട്. അവതാരത്തിലെ പൂച്ചുറ്റലും കാളിയമർദ്ദനത്തിലെ നർത്തനവും രാസക്രീഡയിലെ ശൃംഗാരലീലയും കംസവധത്തിലെ മല്ലൻമറിച്ചിലും സ്വയംവരത്തിലെ ജാംബവാന്റെ ഭക്തിപ്രകടനവും ബാണയുദ്ധത്തിലെ ശ്രീപരമേശ്വരന്റെ പുറപ്പാടും വിവിദവധത്തിലെ ബലഭദ്രന്റെ മദ്യപാനവും സ്വർഗ്ഗാരോഹണത്തിലെ അനന്തശയനവും കാണേണ്ട കാഴ്ചകളെന്നാണ് അഭിജ്ഞന്മാരുടെ മതം.

## കവിതാരീതി

അത്യന്തം മനോഹരമായ ഒരു കാവ്യം തന്നെയാണ് കൃഷ്ണഗീതി. ശ്ലോകങ്ങളും പദങ്ങളും ഒന്നുപോലെ സമാസ്വാദ്യങ്ങളാകുന്നു. കവി മേല്പത്തൂരിന്റെ നാരായണീയത്തെ അല്പമൊന്നുമല്ല അനുകരിച്ചിട്ടുള്ളത്. ആ സ്തോത്രത്തിലെന്നപോലെ കാളി

യമർദ്ദനത്തിൽ തോടകവൃത്തവും, രാസക്രീഡാഘട്ടത്തിൽ കുസുമമഞ്ജരീവൃത്തവും കൂടി പ്രയോഗിക്കുന്നുണ്ട്.

“അഹിസാരമസാരമസാരമതിം
തരസാ സരസാദപസാരയിതും
ഉരുസാരരസാദഥ സാനുചരം
മനസാ വ്യവസായമസാവകൃഥാഃ” എന്നും

“കേശവേശ ഘനപേശലേ രുചിനിവേശനേ രുചിരഗാത്രികാം
കേശവേശ ഇഹ കാമവേശവിവശാ നിബധ്യ മണിപാത്രികാം
മാലതീകുസുമമാലികാമപി പയോധരേധികമനോഹരേ
ബാലികാശ്ശ്രപശ്ശ്രപാലികാസരസമാപകാപിവിപിനംഹരേ”

എന്നുമുള്ള ഗീതിപദ്യങ്ങൾ നോക്കുക. മൂന്നു ശ്ലോകങ്ങളും ഒരു ഗീതത്തിലെ ഏതാനും അംശവും ചുവടേ പകർത്തുന്നു.

“ലോലംബാവലിലോഭനീയസുഷമം
ലോലം വിഹാരേ വധൂ-
ജാലം വ്യാകുലയന്തമസ്പുടഗിരം
വ്യാലംബികാഞ്ചീഗുണം
ആലംബം ജഗതാം മുഖാംബുജഗള-
ല്ലാലം ഗളാന്തോല്ലസദ്
ബാലം ത്വാം ഹരിദംബരം മമ മനോ
ബാലം ബതാലം ബതേ.” (അവതാരം)

“അധരസീധുനാ തേധുനാതുലം
വിജഹി നോ വിഭോ മന്മഥാനലം
ശ്രുവണമേകയാപീശ നോ ഗിരാ
ശിശിരയാചിരാത്ത്വം സുധാകിരാ.” (രാസക്രീഡ)

“ലക്ഷ്മീകാന്തം നിതാന്തം മുദമിഹ ഭജതാമാവഹന്തംവഹന്തം
കാരുണ്യം കാന്തിമന്തം ജഗദവനകലാലോഭവന്തം ഭവന്തം
അശ്രാന്തം യേ ഭജന്തേ പശുപകുലവധൂവല്ലഭന്തേ ലഭന്തേ
ശാന്തിം കിഞ്ചാപ്തവന്തഃ പദമപി പരമം തേ രമന്തേ/രമന്തേ.” (വിവദവധം)

## ഗീതം

### കാമോദരി — പഞ്ചാരി

കൃഷ്ണ രാമ കൃഷ്ണ രാമ കൃഷ്ണ രാമ കൃഷ്ണ രാമ
കൃഷ്ണ രാമ തവ തു നടനമധികമോഹനം (കൃഷ്ണ)
പാദകമലകലിതകനകപാദകടകനിനദവലയ-
വാദകമനപാണികമലതാളമോഹനം (കൃഷ്ണ)
ചാരുനിഹിതചരണനളിനതാളസദൃശമഖിലവിബുധ-

ജാലമധികകുതുകമകൃത വാദ്യവാദനം (കൃഷ്ണ)
. . . . . . . . .
ശ്രാന്തബന്ധഗളിതലളിതകുന്തളാന്തലസിതചലിത-
പിഞ്ഛകാന്തമധികതരളമകരകുണ്ഡലം (കൃഷ്ണ)
ശർമ്മകാരിഘുസൃണതിലകകർമ്മഹാരിനിടിലനിലയ-
ഘർമ്മവാരിമിളിതലളിതനിർമ്മലാളകം (കൃഷ്ണ)
കഞ്ജകദനകമ്രവദനമഞ്ജുവിസൃതനന്ദദമിത-
കുന്ദസദൃശമന്ദഹസിതകന്ദലാളിതം (കൃഷ്ണ)
തരളതരളധന്യഹാരമിളനലളിതവന്യദാമ-
വഹനസുബഹുമന്യമാനബാഹുവിവരകം (കൃഷ്ണ)
സ്ഥാനചലിതകമനകനകസാരസനകനികരരുചിര-
സാരകപിശവദനമുദിതകിങ്കിണീരുതം. (കൃഷ്ണ)

(കാളിയമർദ്ദനം)

മണിപ്രവാളചമ്പുക്കളിൽ കാണുന്ന മാതിരിയിൽ ഇടയ്ക്കു രണ്ടു ദണ്ഡകങ്ങളും മഹാകവി ഘടിപ്പിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേതിൽനിന്ന് ഒരു ഭാഗംകൂടി ഉദ്ധരിക്കാം.

‘നദ്ധാ കലാപതതിരദ്ധാ സഖീഭിരഥ
ബദ്ധാദരം ചികുരജാലേ,
നവരുചിജടാലേ-നനു വിമലഫാലേ-
നമദമരവരനികരരുചിരതരമപി തിലക-
മരചി തവ ഭസളകുലലസദളകമാലേ (1)

താരം മനോജ്ഞരുചിധാരം ഭവാനുരസി
ഹാരം ദധൗ ഭുവനസാരം,
തരുണരുചിഭാരം - തതജഘനഭാരം -
തരുണതരതരണികരമദവിസരഹരണചര-
കപിശതരവസനവരലസിതമകൃതാരം (2)

ഇത്രയുംകൊണ്ടു മാനവേദൻരാജാവു കേരളീയസംസ്കൃതകവികളുടെ ഇടയിൽ എത്രമാത്രം സംപൂജനീയമായ ഒരു സ്ഥാനത്തിലാണ് ഉപവിഷ്ടനായിരിക്കുന്നത് എന്നു വിദ്വാന്മാരായ വിമർശകന്മാർക്കു നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. അദ്ദേഹത്തിന്റെ പൂർവ്വഭാരതചമ്പു ഇനിയും സമഗ്രമായി പ്രസിദ്ധീകരിച്ചിട്ടില്ലെന്നുള്ളതിൽ നാം അത്യധികമായി ലജ്ജിക്കേണ്ടതുണ്ട്.[1]

## വ്യാഖ്യാനങ്ങൾ

മാനവേദചമ്പുവിനും കൃഷ്ണഗീതിക്കും ഓരോ വ്യാഖ്യാനം നമുക്കു ലഭിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേതു കൃഷ്ണീയമെന്ന ടിപ്പണവും രണ്ടാമത്തേതു ഹ്ലാദിനിയുമാണ്. കൃഷ്ണീയം കവിയുടെ ഗുരുവായ കൃഷ്ണപ്പിഷാരടിതന്നെ രചിച്ചതാണെന്ന് ഐതിഹ്യമുണ്ട്.

[1] 1963-ൽ കേരളാ യൂണിവേർസിറ്റി മാനസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നിന്നും കൃഷ്ണീയമെന്ന ടിപ്പണത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'ധ്യായം ധ്യായമിഭാനനം ഹൃദി മുദാ ശ്രീമാനവേദാഭിധക്ഷോണീഭൃൽകൃതചമ്പുഭാരത . . . കൃഷ്ണീയം ഖലു ടിപ്പണാഖ്യമിതി തദ്വാഖ്യാനമാലോക്യ ഹി' എന്നാണ് അതിലെ പ്രഥമശ്ലോകം. താഴെക്കാണുന്ന മങ്ഗളശ്ലോകങ്ങളും സ്മർത്തവ്യങ്ങളാണ്.

“അശോകനിലയാവാസി തേജോ മൂർത്തിത്രയാത്മകം
സച്ചിദാനന്ദമദ്വൈതം ചിത്തസീമനി ഭാവയേ.

സ്ഥലീശ്വരൗ സദാ ഭദ്രവിക്രമൗ ഭക്തരിഷ്ടദൗ
നിർവിഘ്നം തത്സദേശസ്ഥവിഘ്നേശഞ്ച സമാശ്രയേ.

ശിഷ്ടാന്ധ്യമാരീചനിരാസകർമ്മ-
വിജ്ഞാനവിസ്മാപനഗോപ്രകാണ്ഡഃ
രാമോ ഗുരുർമ്മേ ഹരിസേവകഃ സ്താൽ
സലക്ഷ്മണർസ്സാധുപദോപദേഷ്ടാ.

ചമ്പുഭാരതസൂക്ഷ്മാർത്ഥദർപ്പണം ബാലതർപ്പണം
ടിപ്പണം രാമശിഷ്യോ ഹി കൃഷ്ണോ വിലിഖിതി ക്രമാൽ.”

അശോകനിലയം തിരുവേഗപ്പുറയാണ്. തിരുവേഗപ്പുറയിലാണല്ലോ ആനായത്തു പിഷാരം. കൃഷ്ണപ്പിഷാരടിയുടെ ഗുരുരാമനെന്നൊരു പണ്ഡിതനാണെന്നും ടിപ്പണം രചിക്കുമ്പോൾ ഒരു മാനവിക്രമനാണ് സാമൂതിരിയായിരുന്നത് എന്നും കൂടി മേലുദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു ഗ്രഹിക്കുവാൻ കഴിയും. ടിപ്പണം ചെറുതാണെങ്കിലും ദുർവിജ്ഞേയങ്ങളായ നിരവധി വ്യാകരണപ്രയോഗങ്ങളെപ്പറ്റി അതിൽ പ്രതിപാദിക്കുന്നുണ്ട്. ഹ്ലാദിനി വിസ്തൃതമായ ഒരു വ്യാഖ്യാനമാണ്. അതിന്റെ കർത്താവ് അനന്തനാരായണസംജ്ഞനായ ഒരു ശാസ്ത്രിയും കാരയിതാവ് കൊല്ലം 991-1000വരെ സാമൂതിരിപ്പാടായിരുന്ന പടിഞ്ഞാറേക്കോവിലകത്തു മാനവിക്രമൻ തമ്പുരാനുമാകുന്നു. അദ്ദേഹം ബ്രഹ്മചര്യാനുഷ്ഠാനം നിമിത്തം ബ്രഹ്മചാരി എന്ന ബിരുദനാമത്താൽ ഇന്നും അറിയപ്പെടുന്നു. ഹ്ലാദിനിയിൽ നിന്നാണ് താഴെക്കാണുന്ന ഭാഗങ്ങൾ ഉദ്ധരിക്കുന്നത്.

“ആസീൽ കേരളഭൂപതിഷ്വധിപതിഃ ശ്രീമാനവേദാഹ്വയോ
രാജാ ഭൂധരസാഗരേഢനുപമഃ ശ്രീകീർത്തിവിദ്യാനിധിഃ
രൂപേ/പഞ്ചശരൽ കിലാസവിതരൽ തേജസ്യഭോജൽ കൃതൗ
ധർമ്മേ/ധർമ്മഭവൽ സ ശത്രുവിജയേ/ഗാണ്ഡീവഭർത്തൽ കൃതീ.
മുകുന്ദഭക്തൗ മുചുകുന്ദതാ ച
രാജ്ഞാമുനാ ഭക്തിരസപ്രധാനാ
ശ്രീകൃഷ്ണലീലാഭിരലങ്കൃതേയം
കൃതിർവിചിത്രാർത്ഥപദാ നിബദ്ധാ.

രാജ്ഞസ്തസ്യാന്വവായം നിജശുഭജനുഷാ
സാധ്വലംകുർവതാഭി-
ഖ്യാതേന ബ്രഹ്മചര്യാദ്യതിമഹിതഗുണൈ-
വിക്രമാഖ്യേന രാജ്ഞാ

നാമ്നാസ്യാഃ കൃഷ്ണഗീതേഃ കുരു വിവൃതിമിതി
പ്രേരിതഃ പ്രക്രമേഹം
യാവൽപ്രജ്ഞാവികാസം സഹൃദയസുഗമാം
ഹ്ലാദിനീം നാമ ടീകാം.”

അഥഖലു സ ശ്രീമാൻ സകലകേരളക്ഷിതിപാലകോടീരകോടി ഘടിതമഹാർഹ മാണിക്യനികരനിര്യൽപ്രഭാ മണ്ഡലീനീരാജി തഹേമപാദുകായുഗളസ്സമസ്തവിദ്വ ജ്ജനമൗലിലാള്യമാന പ്രജ്ഞാവിശേഷോ മഹാപുരുഷലക്ഷണോ മാനവേദോ നാമ മഹാരാജഃ പരമേശ്വരപ്രസാദാസാദിതകവനസൗരഭാമോദിതദിഗന്തഃ ശ്രീമ ദ്ഗുരുപവനപുരീകൃതസന്നിധാനശ്രീകൃഷ്ണചരണനളിനനിഷേവാരസനിമഗ്നാന്തഃക രണഃ ശ്രീകൃഷ്ണചരിതഗാനനടന പ്രയോഗേണ പൃഥഗ്ജനാനാമപി ഭഗവദ്ഭക്തിപ്ര വണതാം സമ്പാദയിതുകാമസ്തദനുഗുണം ഭക്തിരസവ്യഞ്ജകശബ്ദാർത്ഥചിത്രപ്രചു രം പദപദ്യാത്മകം ശ്രീകൃഷ്ണലീലാശ്രയം കാവ്യം പ്രാരിപ്സുഃ”

ഹ്ലാദിനിയിലെ ഈ പ്രസ്താവനയിൽനിന്നു മാനവേദനു മറ്റു മേന്മകൾക്കു പുറമേ ശരീരസൗഭാഗ്യവുമുണ്ടായിരുന്നു എന്നും ശ്രീപരമേശ്വരന്റെ വരപ്രസാദംനിമിത്ത മാണ് അദ്ദേഹത്തിനു മഹാകവിത്വം സിദ്ധിച്ചതെന്നും ഊഹിക്കാം. അതിൽ എത്ര പരമാർത്ഥമുണ്ടെന്നു നിർണ്ണയമില്ല. എന്നാൽ ചമ്പുവിലും ഗീതിയിലും നിന്നു വിഷ്ണു വിലെന്നപോലെ ശിവനിലും അദ്ദേഹത്തിന് അചഞ്ചലമായ ഭക്തിഭാവം ഉണ്ടായി രുന്നതായി വെളിവാകുന്നുണ്ട്.

## ചമ്പൂസംക്ഷേപം

മാനവേദചമ്പുവിലെ ഓരോ സ്തബകത്തേയും ഓരോ സർഗ്ഗമാക്കി പന്ത്രണ്ടു സർഗ്ഗ ങ്ങളിൽ രചിച്ചിട്ടുള്ള ഒരു കാവ്യമാണ് ചമ്പൂസംക്ഷേപം. പ്രണേതാവ് ആരെന്നറിയു ന്നില്ല. ഗ്രന്ഥകാരന്റെ സമകാലികനും അദ്ദേഹത്തിന്റെ ആശ്രിതനുമായ ഒരു കവി യായിരിക്കാം. പ്രതിപാദനം സരളമാണ്. സംക്ഷേപത്തിലെ പ്രഥമശ്ലോകം താഴെ ഉദ്ധരിക്കുന്നു.

“ശബ്ദാഗമാംഭോനിധിപാരദൃശ്വ-
ശ്രീമാനവേദാഭിധഭൂമിപേന
ഗ്രന്ഥഃ കൃതോ ഭാരതചമ്പുസംജ്ഞ-
സ്തസ്യാദ്യ സംക്ഷേപമുദാഹരാമി.”

അടിയിൽക്കാണുന്നത് അഞ്ചാംസർഗ്ഗത്തിന്റെ അവസാനത്തിലുള്ള ശ്ലോകങ്ങളാണ്.

“പാരത്രികേ ഽഥാവസിതേ വിധാനേ
ഭ്രാതുര്യഥാവിധ്യമരോപമേന
ഭീഷ്മേണ സംസ്ഥാപ്യ വിചിത്രവീര്യോ
ഭദ്രാസനേ രത്നമയേ ഽഭിഷിക്തഃ.

തസ്മിൻ മഹീം ശാസതി മാനവേന്ദ്രേ
വിചിത്രവീര്യേ മഹിതപ്രഭാവേ
പരാർത്ഥദാരേഷു രതിർജ്ജനാനാ-
മഭൂന്ന ദാനാദ്യനുരഞ്ജിതാനാം.

രാജാസൗ മഹനീയകീർത്തിരഖിലക്ഷോണീന്ദ്രമൗലിസ്ഫുരൽ-
പാദാംഭോജയുഗഃക്ഷരന്മധുഗിരാ ചേഷ്ടാർത്ഥദാനേന ച
ഭൂദേവാൻ സകലാൻ പ്രജാശ്ച സകലാഃ സമ്മോദയൻ പാലയൻ
ഭൂമിം സാഗരമേഖലാമനുദിനം പുര്യാമതിഷ്ഠൽ സ്വയം.”

## മാനവേദന്റെ സമകാലികന്മാർ

### നാരായണപണ്ഡിതർ — ജീവചരിത്രം

രഘുവംശത്തിനു പദാർത്ഥദീപികയെന്നും കുമാരസംഭത്തിനു വിവരണമെന്നുമുള്ള പേരുകളിൽ രണ്ടു സർവസ്പർശികളും സന്ദേഹച്ഛേദികളുമായ സംസ്കൃതവ്യാഖ്യാനങ്ങൾ നിർമ്മിച്ച നാരായണൻ നമ്പൂരി മല്ലീനാഥകല്പനായ ഒരു മഹാപണ്ഡിതനാകുന്നു. അദ്ദേഹം സ്വകൃതികളിൽ തന്നെപ്പറ്റി ചില വിവരങ്ങൾ പ്രസ്താവിച്ചിട്ടുണ്ടു്. രഘുവംശവ്യാഖ്യയുടെ ഒരു മാതൃകാഗ്രന്ഥത്തിൽ താഴെച്ചേർക്കുന്ന ശ്ലോകം കാണുന്നു.

“ധീധൃക് സൽകാവ്യസൃഷ്ടാവിതി കലിദിവസേ
സോമതൽപുത്രസർപ്പൈ-
സ്സാർദ്ധം ഷഷ്ഠേ തുലാസ്ഥേ സതി ദിവസകരേ
വൃശ്ചികസ്ഥേ തു ഭൗമേ
ദേവാചാര്യേ വിലഗ്നേ വൃഷജുഷി ദനുജാ-
നാം ഗുരൗ സിംഹലീനേ
മീനേ ലീനേ∫ർക്കപുത്രേ സതി ച വിവരണ-
സ്യാസ്യ ജാതഃ പ്രണേതാ.”

ഈ ജാതകശ്ലോകത്തിൽനിന്നു നമ്പൂരിയുടെ ജനനം കൊല്ലം 761-ാമാണ്ടു തുലാമാസത്തിലാണെന്നു വെളിപ്പെടുന്നു. പദാർത്ഥ ദീപികയിലും വിവരണത്തിലും,

‘ഷട്പദമുഖരിതഗണ്ഡം കോടീരഭരാവബദ്ധശശിഖണ്ഡം
പ്രണമത വാരണതുണ്ഡം പദകമലപ്രണതസകലസുരഷണ്ഡം’

എന്നു പ്രാരംഭത്തിൽ വിനായകവന്ദനപരമായ ഒരുശ്ലോകമുണ്ടു്. അതു കഴിഞ്ഞു ദീപികയിൽ

“പാതു വോ നരസിംഹസ്യ നഖാ ബാലേന്ദുകോമളാഃ
ദൈത്യവർഗ്ഗതമസ്തോമവിദാരണസുദാരുണാഃ”

എന്നും, വിവരണത്തിൽ

“സുരാരാതേർവക്ഷഃകുഹരരുധിരക്ഷോദകപിശൈഃ
സ്വതഃശ്വേതൈസ്സന്ധ്യാകപിശശശിഖണ്ഡാംശുസദൃശൈഃ
നഖദ്യോതൈർഭക്തപ്രകരഹൃദയധ്വാന്തഭിദുരാ
ദയാ കാചിദ്ദിവ്യാ വിലസതി പുരശ്രേണിവിപിനേ”

എന്നും ‘പുരശ്രേണിവിപിന’ത്തിലെ നരസിംഹമൂർത്തിയെ വന്ദിക്കുന്ന ഓരോ ശ്ലോകവുമുണ്ടു്. അതിനുമുമ്പു വിവരണത്തിൽ

"അപാരകരുണാപൂരതരംഗിതദൃഗഞ്ചലം
കളായകോമളച്ഛായം ജാനകീനായകം ഭജേ"

എന്നു ശ്രീരാമപരമായും ഓരോ വന്ദനശ്ലോകം കാണുന്നു. നരസിംഹസ്മരണത്തിനുമേൽ കവി ബ്രഹ്മകളത്തെ ശിവനെ സ്തുതിക്കുന്നു.

"ഭാതി ബ്രഹ്മഖലേ കാചിൽ കരുണാ ശരണാർത്ഥിനാം
ഭവനാശകരീ ഗൗരീകുചകുംകുമപങ്കിലാ." (പദാർത്ഥദീപിക)

"ലോകാനാമുദയസ്ഥിതിക്ഷയകരീ വന്ദാരുവൃന്ദാരക-
ശ്രേണീമൗലിമണിപ്രഭാരവികരപ്രോദ്യൽപദാംഭോരുഹാ
ഭാതി ബ്രഹ്മഖലാലയേ ശശികലാശ്രുംഭജ്ജടാവല്ലരീ
ഭക്താഭീഷ്ടവിധാനകല്പലതികാ കാചിൽ കൃപാവല്ലരീ." (വിവരണം)

പിന്നീടു ചെറുമന്നത്തു ശിവനെപ്പറ്റി വിവരണത്തിൽമാത്രം ഒരു ശ്ലോകമുണ്ടു്.

"അങ്ഗേ തുങ്ഗശശാങ്കശംഖധവളം കോടീരഭാരേ പരേ
ബാലാദിത്യകരാംകുരപ്രതിഭടം കണ്ഠേ ഘനശ്യാമളം
സത്വാദീനപി ബിഭ്രതം ത്രിജഗതാം രക്ഷാദിസിദ്ധ്യൈ ഗുണാ-
നാബദ്ധാഞ്ജലി ബാലമന്ദനിലയം മാരാരിമാരാധയേ."

ചെറുമന്നത്തുക്ഷേത്രം കിള്ളിക്കുറിശ്ശിമങ്ഗലത്തുനിന്നു രണ്ടുനാഴിക വടക്കുമാറി സ്ഥിതിചെയ്യുന്നു. രണ്ടു വ്യാഖ്യാനങ്ങളിലും ഒന്നുപോലെ ബ്രഹ്മകളത്തെ സ്മരിക്കുന്നതുകൊണ്ടു മലബാറിൽ പൊന്നാനിത്താലൂക്കിൽപ്പെട്ട ആ സ്ഥലമാണ് പ്രസ്തുതപണ്ഡിതന്റെ ജന്മഭൂമി എന്നു ചിലർ ഊഹിക്കുന്നു. അനന്തരം നാരായണൻ തന്റെ സാഹിത്യദേശികനായ ആനായത്തു കൃഷ്ണപ്പിഷാരടിയെ രണ്ടു വ്യാഖ്യകളിലും ചുവടേ ചേർക്കുന്ന പദ്യത്തിൽ വന്ദിക്കുന്നു.

"കൃഷ്ണോ വിബുധാധിപതിർന്നിഷ്ണാതോ വിതരണേഷു വിദ്യായാഃ
മുഷ്ണാതു ഹൃദയതിമിരം പുഷ്ണാതു ച മംഗലാനി സകലാനി."

ഓരോ സർഗ്ഗാന്തത്തിലും 'ശ്രീകൃഷ്ണപ്രിയശിഷ്യസ്യ നാരായണ സ്യ കൃതൗ' എന്നൊരു കുറിപ്പും കാണ്മാനുണ്ടു്.

വിവരണം കാളിദാസകൃതമായ കുമാരസംഭവത്തിലെ ആദ്യത്തെ എട്ടു സർഗ്ഗങ്ങൾക്കുമാത്രമേ രചിച്ചിട്ടുള്ളു. 'സർഗ്ഗോയം ചരമോ ഗുണൈരചരമഃ' എന്നു നാരായണൻ തന്നെ ആ വസ്തുത പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ആ വ്യാഖ്യാനത്തിൽ ഒടുവിൽ കാണുന്ന അധോലിഖിതങ്ങളായ ശ്ലോകങ്ങൾ അനുവാചകന്മാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നവയാണ്.

"കാളീ ച നീലകണ്ഠശ്ച തൽപരൗ യൽപ്രിയേ സദാ
തേനേയം രചിതാ വ്യാഖ്യാ തത്ര കോ നാമ വിസ്മയഃ?"

"മാതാ കാളീ പിതാ വാ പദനതവിബുധോ
നീലകണ്ഠശ്ച യസ്യ
ഭ്രാതാ തു ശ്രീകുമാരഃ സ ഖലു നിഖിലമ-
പ്യുത്ഥിതം വിഘ്നജാലം
നിഘ്നൻ വിഘ്നേശകല്പഃ കൃതവിവൃതിതരി-

ർദ്ദുസ്തരം കാളിദാസാ-
ദ്ദദ്ഭൃതം കാവ്യരത്നാകരമിദമകരോദ്
ബാലലീലാനുകൂലം.

സമസ്തലോകോപകൃതൗ കൃതോദ്യമോ
യ ഏവമാലക്ഷിതസർവ്വലക്ഷണഃ
സ്ഫുടം സമാചഷ്ട കുമാരസംഭവം
നമാമി തം ദേശികവര്യമാദരാൽ.

ശ്വേതഗ്രാമവനാഹ്വയേ മുരരിപോരാരാമഭൃതേ വരേ
ഗ്രാമേ യഃ പുരുഷോത്തമസ്സമുദഭൂൽ ഖ്യാതഃ കവീനാം പദേ
പുത്ര്യാസ്തസ്യ സുതഃ സ്വമാതുലമുഖാദാപീതകൗമാരത-
ന്ത്രാംഭോധിപ്രഭവാമൃതോ രചിതവാനേതൽ സ നാരായണഃ

മാനമേയോദയം എന്ന മീംമാസാഗ്രന്ഥത്തിലെ മേയപരിച്ഛേദത്തിന്റെ രചയിതാവും പ്രസ്തുത പണ്ഡിതൻതന്നെ. അതിന്റെ അവസാനത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ഘടിപ്പിച്ചിരിക്കുന്നു.

“യൽകീർത്തിർന്ന ഹി മാതി ഹന്ത മഹതി
ബ്രഹ്മാണ്ഡഭാണ്ഡോദരേ
യസ്യാജ്ഞാം പ്രണതൈശ്ശിരോഭിരനിശം
ധത്തേനൃപാണാം ഗണഃ
സോയം നാടകതർക്കകാവ്യനിപുണഃ
പ്രജ്ഞാതപാതഞ്ജലോ
ഭക്തശ്ചക്രിണി മാനവേദനൃപതി
ർജ്ജാഗർത്തി ധാത്രീതലേ.

പൃഥ്വീവൃത്രജിതാ നിതാന്തമഹിതേനൈതേന സഞ്ചോദിതൈ-
രസ്മാഭിഃ കൃശശേമുഷീ വിലസിതൈരഭ്യാസഹീനൈരപി
പ്രാങ്നാരായണസൂരിണാർദ്ധരചിതം തന്മാനമേയോദയം
മോഹാൽ പൂരയിതും കൃതാ മതിരിയം ; സന്തഃ പ്രസീദന്തു നഃ.

യഃഖ്യാതഃ പുരുഷോത്തമസ്ത്രിജഗതി പ്രജ്ഞാകവിത്വാദിഭിഃ
പുത്ര്യാസ്തസ്യ സുതസ്തദീയതനയാൽകൗമാരതന്ത്രാംബുധേഃ
സുബ്രഹ്മണ്യ ഇതി ത്രിലോകവിദിതാദാപീതശാസ്ത്രാമൃതഃ
സോഹം പൂരിതവാനിദം പ്രകരണം നാമ്നാ സ നാരായണഃ”

പിന്നീട് ‘കൃഷ്ണോ വിബുധാധിപതിഃ’ എന്ന ശ്ലോകമാണ് കാണുന്നതു്. അതു കഴിഞ്ഞു താഴെച്ചേർക്കുന്ന ശ്ലോകങ്ങൾ ഘടിപ്പിച്ചിരിക്കുന്നു.

“കുമാരിലവചോജാലപയോധിശരദിന്ദവേ
ശിഷ്യസന്താനസന്താനതരവേ ഗുരവേ നമഃ

സുബ്രഹ്മണ്യാദധീതാഃ ക്ഷിതി വിബുധപതേഃ
കാശികാതർക്കമാർഗ്ഗാ

രാമാചാര്യാച്ച പശ്ചാൽ സകലമധിഗതം
യേനകൗമാരതന്ത്രം
കൃഷ്ണാൽ കാവ്യാർത്ഥമീമാംസക പരിവൃഢതഃ
കാവ്യമാർഗ്ഗാവഗന്താ
സോയം നാരായണാഖ്യോ വ്യലിഖദഖിലലോ-
കാപഹാസാർത്ഥമേതൽ,

വേലാലംഘിപയഃപയോധിവിസരൽകല്ലോലതുല്യോദയൈ-
രാലാപാവിഷയൈര്യശോഭിരഖിലം ലോകം പരിഷ്കുർവ്വതേ
ലീലാനിർജ്ജിതശാത്രവായ ച വയം തുഭ്യം കിമാശാസ്മഹേ?
ശൈലാബ്ധീശ്വര മാനവേദനൃപതേ ജീയാസ്സഹസ്രം സമാഃ.

സ്ഥീതം കീർത്തി പയസ്തഥാപി മഹതാ ചിത്രം പ്രതാപാഗ്നിനാ
തപ്താദണ്ഡകടാഹതോപി പരിതഃ പ്രോത്സിച്യമാനം മുഹുഃ
നൈവായാതിവിശാമ്പതേ വിരളതാംനൈവോഷ്ണഭാവംകദാ-
പ്യാദത്തേ നരവര്യ കിഞ്ച നിതരാം മാധുര്യമാലംബതേ.

“മാനവേദ ഇതി മിശ്രിതം പദം
പ്രീതിമൂലമിതി വാചകം കഥം
കീദൃശഞ്ച തദമിത്രമൂർജ്ജിതം
ജായതേ കഥയ സംയുഗാജിരേ?”

ഈ ശ്ലോകങ്ങളിൽനിന്നു നാരായണന്റെ പിതാവു നീലകണ്ഠനും മാതാവു കാളിയും ആയിരുന്നുവെന്നും കാളിയുടെ അച്ഛൻവെള്ളൂർക്കാട്ടു (ശ്വേതഗ്രാമവനം) പുരുഷോത്തമൻ നമ്പൂരി പ്രജ്ഞകൊണ്ടും കവിത്വംകൊണ്ടും പ്രഖ്യാതനായിരുന്നു എന്നും അദ്ദേഹത്തിന്റെ പുത്രനായ സുബ്രഹ്മണ്യൻ നമ്പൂരി ഭാട്ടമീമാംസയിൽ പ്രാവീണ്യം സമ്പാദിച്ചിരുന്നു എന്നും അദ്ദേഹത്തിൽനിന്നു കാശികയും തർക്കമാർഗ്ഗങ്ങളും മീമാംസയും അഭ്യസിച്ചു എന്നും തദുപരി രാമൻ എന്ന മറ്റൊരു ഗുരുനാഥന്റെ അന്തേവാസിത്വംകൂടി മീമാംസാവിഷയത്തിൽ സ്വീകരിച്ചു എന്നും സഹൃദയധുരീണനായ കൃഷ്ണപ്പിഷാരടി പഠിപ്പിച്ചതു സാഹിത്യവിദ്യയാണെന്നും വെളിപ്പെടുന്നു. ഈ കാശിക കുമാരിലഭട്ടന്റെ ശ്ലോകവാർത്തികത്തിനു സുചരിതമിശ്രൻ രചിച്ച വ്യാഖ്യയാകുന്നു. നാരായണനു ശ്രീകുമാരൻനമ്പൂരി എന്നൊരു സഹോദരനുമുണ്ടായിരുന്നു. മാനവേദരാജാവിന്റെ ആസ്ഥാന പണ്ഡിതന്മാരിൽ അന്യതമനായിരുന്നു അദ്ദേഹം എന്നതിനു പുറമേ മേയപരിച്ഛേദം രചിച്ചതു് ആ രാജാവിന്റെ ആജ്ഞ നിമിത്തമായിരുന്നു എന്നും കാണുന്നു. തന്റെ സ്വാമിക്കു നാടകം, കാവ്യം, തർക്കശാസ്ത്രം, യോഗശാസ്ത്രം ഇവയിലുണ്ടായിരുന്ന നൈപുണ്യത്തേയും ശ്രീകൃഷ്ണഭക്തിയേയും പറ്റി അദ്ദേഹം ‘യൽകീർത്തിർന്നഹി മാതി’ എന്ന ശ്ലോകത്തിൽ പ്രകടമായി പ്രസ്താവിക്കുന്നു. മാനവേദനു മുൻപു് അദ്ദേഹം സ്വർഗ്ഗതനായിരിക്കണം.

## കൃതികൾ

മൂന്നു കൃതികളെപ്പറ്റി സൂചിപ്പിച്ചു കഴിഞ്ഞു. ഇവ കൂടാതെ വിവരണത്തിൽ കാണുന്ന (1) ഗോവിന്ദാങ്ഗ ഗുണൗഘവർണ്ണനവിധൗ ദക്ഷസ്യ (2) ശ്രീമാസോത്സവചമ്പു കാവ്യരചനാദക്ഷസ്യ (3) ആശ്ലേഷാശതകാദി പദ്യരചനാദക്ഷസ്യ (4) ശ്രീമദ്ഭാഗവത

പ്രബന്ധരചനാദക്ഷസ്യ (5) ഊഢാഭോഗനൃസിംഹചമ്പുരചനാദക്ഷസ്യ (6) വൈദേഹീനവസങ്ഗചമ്പുരചനാദക്ഷസ്യ (7) ശർവാണീചരിതസ്തുതിപ്രണയനേ ദക്ഷസ്യ എന്നീ പ്രസ്താവനകളിൽനിന്നു നാരായണൻ കുറഞ്ഞ പക്ഷം ഗോവിന്ദാങ്ഗവർണ്ണനം, മാസോത്സവചമ്പു, ആശ്ലേഷാശതകം, ഭാഗവതചമ്പു, നൃസിംഹചമ്പു, വൈദേഹീനവ സങ്ഗചമ്പു, ശർവാണീചരിതസ്തുതി എന്നീ കൃതികൾ കൂടിയെങ്കിലും നിർമ്മിച്ചിട്ടുണ്ടെന്നു കാണാം. ഇവയിൽ ആശ്ലേഷാ ശതകം മാത്രമേ കിട്ടിയിട്ടുള്ളു.

## വ്യാഖ്യാനങ്ങൾ

ഈ വ്യാഖ്യാതാവിനു വേദവേദാങ്ഗങ്ങളിലും സ്മൃതികളിലും ഇതിഹാസപുരാണങ്ങളിലും വ്യാകരണം, അലങ്കാരം മുതലായ ശാസ്ത്രങ്ങളിലും കോശങ്ങളിലും കാവ്യനാടകാദിവിവിധവാങ്മയങ്ങളിലുമുള്ള വിസ്മയനീയമായ അവഗാഹം ദീപികയിലും വിവരണത്തിലും ഒന്നുപോലെ സന്ദർശിക്കാവുന്നതാണെങ്കിലും വിവരണമാണ് ഒന്നുകൂടി സഹൃദയശ്ലാഘയെ അർഹിക്കുന്നത്. ദീപികയിൽ താഴെ ഉദ്ധരിക്കുന്ന സൂചന കാണുന്നു.

> "രഘുവംശമഹാകാവ്യേ പദാർത്ഥാന്വയശാലിനീ
> വാക്യാർത്ഥാലം ക്രിയോപേതാ മിതാ വ്യാഖ്യാ വിലിഖ്യതേ.
>
> വിദ്വാംസോ ഹി വിമത്സരാ നൃപതയഃ കാര്യേഷു പര്യാകുലാ
> മൂഢാഃ പ്രൗഢതമഃപ്രരോഗമലിനാഃ കിന്തൈരലം ചിന്തയാ
> ഏഷാ സ്യാൽ ഫലശാലിനീ ന രചനാ നൂനം തഥാപ്യത്ര യേ
> സന്തസ്സന്തി പരോപകാരനിരതാശ്ശൃണ്വന്തു തേ മേ ഗിരം."

ഈ സൂചനയിൽനിന്ന് ആ വ്യാഖ്യാനത്തിന്റെ ഉദ്ദേശം പരിമിതമാണെന്നു സിദ്ധിക്കുന്നു. വിവരണത്തിന്റെ സ്ഥിതി അതല്ല.

> "പ്രാചീനാചാര്യകൃതഃ സുവിചാര്യ കുമാരസംഭവവ്യാഖ്യാഃ
> ബാലപ്രബോധനാർത്ഥം ലളിതം കരവാണി വിവരണം തസ്യ.
>
> പ്രാചീനസൂരിവിഹിതേ മഹതിപ്രഭൃത-
> വ്യാഖ്യാന്തരേ വിഫല ഏഷ പരിശ്രമോ മേ
> വാതി പ്രകാമസുഭഗേ മലയാദ്രിജാതേ
> വാതേ ഫലം കിമു കരോതി മുഖാനിലോയം?
>
> വ്യാഖ്യൈഷാ തു തഥാപി പ്രദർശിതാന്വയപദാർത്ഥവാക്യാർത്ഥാ
> വിവൃതസമാസാ പഠതാം ഗുരുതരമുപകാരമാരചയേൽ."

എന്നും മറ്റും പ്രാരംഭത്തിൽ ഔദ്ധത്യപരിഹാരത്തിനായി ചിലതെല്ലാം ഉപന്യസിക്കുന്നുണ്ടെങ്കിലും, 'കുമാരസംഭവപദാർത്ഥാലോചനപ്രക്രിയാനിഷ്ണാത'മാണു തന്റെ വ്യാഖ്യാനമെന്ന് അദ്ദേഹം പ്രതിസർഗ്ഗം പ്രഖ്യാപിക്കുന്നുണ്ട്. അത് അയഥാർത്ഥവുമല്ല. വിവരണത്തിനുമേലാണ് ദീപിക രചിച്ചത് എന്നു വ്യാഖ്യാതാവു രഘുവംശം ഏകാദശസർഗ്ഗത്തിലെ 'യാവദാദിശതി പാർത്ഥിവസ്തയോഃ' എന്ന ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ 'അസ്യോപപത്തിരസ്മാഭിരേവ യാവദ് ഗിരഃ ഖേ മരുതാം ചരന്തീത്യത്ര' എന്ന പംക്തിയിൽ കാണിച്ചുതരുന്നുണ്ട്. വിവരണത്തിൽ എല്ലാ

സർഗ്ഗങ്ങളുടേയും അവസാനത്തിൽ ആ സർഗ്ഗത്തിൽ പ്രതിപാദിതമായ കഥകൂടി സംക്ഷേപിച്ച് ഓരോ ശ്ലോകത്തിൽ ഘടിപ്പിച്ചിരിക്കുന്ന,

"സർഗ്ഗോയം പ്രഥമോ ഗുണൈശ്ച ഗിരിജാലാവണ്യസാരംപരം
യസ്മിൻ വർണ്ണയതി സ്മ കർണ്ണമധുരൈർവർണ്ണൈഃ കവിഗ്രാമണീഃ"

"സർഗ്ഗം പഞ്ചമ ഏഷ വഞ്ചനപടോർമ്മാ യാവടോശ്ചേഷ്ടിതൈ-
രുന്മീലൽകമനീയകോമളരസോ ലോകോത്തരാർത്ഥോദയഃ"

എന്നും മറ്റുമുള്ള പ്രസ്താവനകൾ പരിശോധിക്കുക. അണ്ണാമലയുടെ വ്യാഖ്യാനം അനുസരിച്ചാണ് താൻ വിവരണം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു നാരായണൻ പ്രസ്താവിച്ചിട്ടുള്ളതിനു തെളിവായി 'വ്യാഖ്യാന്തരേഷു ദ്വേഷ്യേഷു' എന്ന ശ്ലോകം മറ്റൊരു ഘട്ടത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. കാളിദാസനെപ്പറ്റി അദ്ദേഹത്തിനുള്ള ബഹുമാനം അന്യാദൃശമായിരുന്നു. താഴെക്കാണുന്ന ശ്ലോകം ദീപികയുടെ ഒടുവിൽ ഉള്ളതാണ്.

"ഗംഭീരാപി പ്രസന്നാ മൃദുരപി ച വിമ-
ർദ്ദക്ഷമാ ലേശതോപി
സ്പൃഷ്ടാ ദോഷൈർന്ന കിഞ്ചിൽ സകലഗുണഗണാ-
ലംക്രിയാവാസഭൂമിഃ
വ്യംഗ്യൈസ്ത്രൈവിധ്യഭാഗ്ഭിഃ പ്രതികലമമൃത-
സ്യന്ദിനീ സന്ദുഹാനാ
ചിത്തനന്ദം ബുധാനാം ജഗതി വിജയതേ
കാളിദാസസ്യ വാണീ."

## മാനമേയോദയത്തിലെ മേയപരിച്ഛേദം

മേയ (പ്രമേയ)പരിച്ഛേദത്തിന്റെ കർത്താവു താനാണെന്നു നാരായണൻ വിവരണത്തിൽ 'മീമാംസോചിതമാനമേയഘടനാദക്ഷസ്യ' എന്ന പദദ്വാരാ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. കുമാരിലമതാനുഗനായ അദ്ദേഹം ദ്രവ്യം, ജാതി, ഗുണം, ക്രിയ, അഭാവം എന്നിങ്ങനെ അഞ്ചു പ്രമേയങ്ങളെ മാത്രമേ അംഗീകരിക്കുന്നുള്ളു.

"പ്രമേയം ബഹുധാ ലോകേ പ്രാഹുഃ പ്രാഭാകരാദയഃ
പ്രമാണാഭാസവിശ്വാസവ്യാകുലീകൃതചേതസഃ
ആചാര്യമതപീയൂഷപാരാവാരവിഹാരിണഃ
വയം താവൽ പ്രമേയം തു ദ്രവ്യജാതിഗുണക്രിയാഃ
അഭാവശ്ചേതി പഞ്ചൈതാൻ പദാർത്ഥാനാദ്രിയാമഹേ"

എന്നാണ് അദ്ദേഹത്തിന്റെ പ്രതിജ്ഞ. തനിക്കു പല കാര്യങ്ങളിലും മാർഗ്ഗദർശകനായിരുന്ന മേല്പത്തൂർ ഭട്ടതിരിയുടെ ഒരു ശാസ്ത്രഗ്രന്ഥം നാരായണൻ ഈ വിധത്തിൽ അത്യന്തം പ്രാഗല്ഭ്യത്തോടുകൂടി പൂരിപ്പിച്ചു. ഭട്ടതിരിക്കും മാനവേദനും ഇഷ്ടദേവതയായ മഹാവിഷ്ണുവിനെ അദ്ദേഹം വർണ്ണിക്കുന്ന രണ്ടു ശ്ലോകങ്ങൾ ഒടുവിൽ കാണുന്നു. അവയിൽ ഒന്നു താഴെച്ചേർക്കുന്നു:

"ഭോ ഭോ ദുഷ്കർമ്മവർഗ്ഗാഃ പരിഹരത മദീ-
യാമിമാമംഗവല്ലീം

ബ്രൂ മസ്സൗഹാർദ്ദയോഗാൽ പരിചയജനിതാ-
ന്നാന്യഥാ യാത ശങ്കാം
ഹന്താ യുഷ്മൽകുലാനാം ദലിതകുവലയ-
ശ്യാമളൈഃ കോമളൈസ്തൈ-
ർഗ്ഗാത്രൈർന്നേത്രോത്സവം നോ വിതരതി ഭഗവാൻ
ഭാർഗ്ഗവീഭാഗ്യഭൂമാ."

## ആശ്ലേഷാശതകം

നാരായണൻനമ്പൂരി തന്റെ പ്രേമഭാജനമായ ആശ്ലേഷയുടെ ചരമത്തെ അധിക രിച്ചു രചിച്ച മനോഹരമായ ഒരു വിലാപകാവ്യമാണ് ആശ്ലേഷാശതകം. സംസ്കൃ തസാഹിത്യത്തിൽ വിലാപകൃതികൾ വിരളങ്ങളാകയാൽ ആശ്ലേഷാശതകത്തി നു ഗണ്യമായ ഒരു സ്ഥാനം നല്കേണ്ടതുണ്ട്. നായികയ്ക്കു് ആശ്ലേഷ എന്നു പേർ വന്നതു് ആയില്യം നക്ഷത്രത്തിൽ ജനിക്കുകനിമിത്തമാണ്. ആ സ്ത്രീരത്നം സാ മൂതിരിക്കോവിലകത്തെ ഒരു രാജ്ഞിയെന്നാണ് ഐതിഹ്യം. യഥാർത്ഥമായ നാമധേയം 'ഗംഗാ' എന്നായിരുന്നു എന്നു "ഗംഗേതി പ്രഥിതാ കരോഷി സതതം സന്താപമത്യദ്ഭുതം" എന്നും "ഗംഗാം സംപ്രാപ്യ കാന്താം" എന്നുമുള്ള വചനങ്ങ ളിൽനിന്നു വെളിപ്പെടുന്നു. പ്രസ്തുതകൃതിയിൽനിന്നു മാതൃക കാണിക്കുവാൻ ചില പദ്യങ്ങൾ ഉദ്ധരിക്കാം.

"ആശ്ലേഷാവിമലാ ദ്വിജൈഃ പരിവൃതാ സന്മാർഗ്ഗസഞ്ചാരിണീ
നക്ഷത്രേഷ്വപി ദൃശ്യതേ ദ്യുതിമതീ ക്ഷത്രേഷു ചാത്യുന്നതാ
സാമ്യേ സത്യപി ച ദ്വയോഃ പ്രഥിതയോരാദ്യാ വിനിന്ദ്യാബുധൈഃ
ശ്ലാഘ്യാന്യാദ്ഭുതമേതദീയമധികം ഗണ്ഡാന്തമാഹശ്ശുഭം,"

"കാന്തേ കല്പലതേ കദാചിദപി തേ മാധ്വീരസാസ്വാദനാ-
ദന്യാസ്വാദപരാങ്മുഖഃ പരഭൃതോ ഹാഹന്ത ദീനാം ദശാം
സംപ്രാപ്തോ ല്യഠതി ശ്രമേണ ധരണൗ ത്വന്തു സ്ഥിതാ നാകിനാ-
മാരാമേ ക്വചനാപി ദുർഗ്ഗമതമേ കഷ്ടം വിധേശ്ചേഷ്ടിതം."

ഹേ കാന്തേ ഭാവകർമ്മപ്രകൃതിസുമധുരൈഃ
പ്രത്യയൈരത്യുദാരാ
പുംവദ്ഭാവാഭിരാമാ ബഹുലഗുണഗണൈ-
രദ്ഭുതൈരഭ്യുപേതാ
സ്വാഭ്യാസാലുപ്തവർണ്ണപ്രസൃതപദദശാ-
സൂചിതാശേഷഭാവാ
സോൽകർഷാ പാണിനീയാ സരണിരിവ രതി-
ശ്ശോഭതേ താവകീനാ."

അടിയിൽ ചേർക്കുന്നതു പ്രസ്തുതകാവ്യത്തെപ്പറ്റിയുള്ള പ്രശസ്തിയാണ്.

"അസൂയാമുന്മൂല്യ പ്രണയിജനദാക്ഷിണ്യപദവീ-
മുപാദായ പ്രീതിപ്രവണമുരരീകൃത്യ ച മനഃ
പിബന്തു സ്വച്ഛന്ദം സരസസരസാ ഹന്ത രസികാ-

> ശ്ശതശ്ലോകീമേനാമതിലളിതശൃങ്ഗാരമധുരാം."

ഒരു മഹാനായ പണ്ഡിതൻ, സർവതന്ത്രസ്വതന്ത്രനായ വ്യാഖ്യാതാവ്, വാസനാപൂർണ്ണനായ കവി എന്നിങ്ങനെ പല നിലകളിൽ നാരായണൻ നമ്പൂരി നമ്മുടെ സമഗ്രമായ ബഹുമാനത്തിനു പാത്രീഭവിക്കുന്നു.

## ദിവാകരകവി — ചരിത്രം

കോഴിക്കോട്ടെ ഏതോ ഒരു മാനവേദൻരാജാവിന്റെ മറ്റൊരു ആസ്ഥാനപണ്ഡിതനായിരുന്നു ചോളദേശീയനായ ദിവാകരകവി. കൊല്ലം ഏഴാം ശതകത്തിൽ ശക്തൻമാനവിക്രമൻതമ്പുരാന് ഉദ്ദണ്ഡശാസ്ത്രികൾ എങ്ങനെയോ അതുപോലെ ആ മാനവേദന്റെ പ്രീതിക്കു പാത്രീഭൂതനായിരുന്നു പ്രസ്തുതകവി. താഴെക്കാണുന്ന പ്രസ്താവനകൾ രണ്ടും അദ്ദേഹത്തിന്റെ കൃതിയായ ലക്ഷ്മീമാനവേദം നാടകത്തിലുള്ളതും അവയിൽ ആദ്യത്തേതു തന്നെയും രണ്ടാമത്തേതു തന്റെ സ്വാമിയേയും പരാമർശിക്കുന്നതുമാകുന്നു.

"അസ്തി ഖലു മന്ദമാരുതാന്ദോളിതപൂഗപാളീമധൂളീബഹുളപരിമളഭ്രാന്ത ഭ്രമരകുലഝങ്കാരവാചാലിതദിക് ചക്രവാളേഷു ചോളേഷു രാജ്ഞാ ശ്രീവല്ലഭേന സ്ഥാപിതോ മഹാനഗ്രഹാരഃ, തത്ര വസതാം സോമപാം പക്ഷീലശങ്കരശബരപതഞ്ജലിര ചിതഭാഷ്യൈദമ്പര്യപര്യാലോചനാവിശിഷ്ടശേമുഷീവിശേഷാണാം ബ്രാഹ്മണാനാമതിശയേന പ്രശസ്യസ്യ ഉദ്ബാഹുസുന്ദരസ്യാങ്ഗഭൂത ആമുഷ്യായണോ വിശ്വവിഖ്യാതകീർത്തിർമ്മഹാവ്രതമുഖഭാവിതസകലസുമനസ്തോമഃ സുഗൃഹീതനാമാ വിജയതേ ദിവാകരോ നാമ, തേന ച ധീരോദാത്തസ്യ മാനവേദസ്യ മഹീപതേശ്ചരിതമുപാദായ

> അചുംബിതമവദ്യതോ ഗുണവിഭാസിവക്രോക്തിമൽ
> കരംബിതരസോദരം കലിതചാരുഭൂഷാശതം
> കളത്രമിവ മോഹനം രസികചേതസാം രീതിഭിഃ
> കൃതം കിമപി നാടകം ഭരതഭാഗ്യനാഡിന്ധമം."

ഇതിൽനിന്നു കവി ചോളദേശത്തിലെ ശ്രീവല്ലഭാഗ്രഹാരത്തിൽ ഉദ്ബാഹുസുന്ദരൻ എന്ന ബ്രാഹ്മണശ്രേഷ്ഠന്റെ പുത്രനായി ജനിച്ചു എന്നും ലക്ഷ്മീമാനവേദമെന്ന നാടകം രചിക്കുന്ന കാലത്തിനുമുമ്പുതന്നെ ധാരാളമായി യശസ്സു സമ്പാദിച്ചുകഴിഞ്ഞിരുന്നു എന്നും വിശദമാകുന്നു. അടുത്ത ഗദ്യത്തിൽനിന്ന് ദിവാകരന്റെ ഗദ്യരചനാപാടവവും ഗ്രഹിക്കാവുന്നതാണ്.

"ആദിഷ്ടോസ്മി സകലരാജന്യകോടീരമാണിക്യമയൂഖ മഞ്ജരീനീരാജിതചരണയുഗളസ്യ അദ്വന്ദ്വനിജഭുജാപദാനഗ്രീഷ്മോഷ്മാതിരേകശോഷിതവിമതനരപതികുലമഹാനദീസഹസ്ര കുലങ്കഷാവലേപപ്രവാഹസ്യ, അശേഷദിഗന്തികടതടാസ്ഫാലനപ്രതിസ്ഖലനേ
ജ്ജൃംഭമാണോദ്വേലവിലയശഃക്ഷീരപാരാവാരപൂരലഹരീപരമ്പരാപൂരിതബ്രഹ്മാണ്ഡോദര
കുഹരസ്യ, ജലധരജലനിധിമിഹിരസുതസുരഭിസുരതരുചിന്താമണിപ്രമുഖവിതരണധൗരേയപ്രഭാവപരി
പങ്കേരുഹസ്യ, ഷോഡശമഹാദാനസവനദീക്ഷാദീക്ഷിതസ്യ, അപരിമേയഗാംഭീര്യാവധൂതപാഥഃ പരിവൃഢസ്യ, അമന്ദതരധൈര്യാടോപാധരിതമഹാമേരോഃ, വിശ്വോത്തീർണ്ണപരാക്രമപ്രക്രിയാ പരാചീനസവ്യസാചിദോർവൈഭവസ്യ, ദാശരഥികർമ്മകഥന നിഖിലഭുവനവിഖ്യാത ധീരോദാത്തഗുണഗണചമൽകൃതനികൃതികൃതവൈമുഖ്യസ്യ, ചണ്ഡകരതേജഃപ്രാചണ്ഡ്യഖണ്ഡനവൈഭവസ്യ, സുധാകരകാന്തികന്ദളപരിണതിപാടച്ചരവദനസൗഭാഗ്യസ്യ, ആജ്ഞാവജ്ഞാതസുഗ്രീവസ്യ, പ്രതി

ജ്ഞാനകൃതപരശുരാമസ്യ, നിരന്തരവിഹരമാണകമലാകരകമലകിഞ്ജല്ക്ക പു ഞ്ജരഞ്ജിതദോരന്തരസ്യ, മന്ദമാന്ധാതൃരഘുനന്ദനനളനഹുഷനാഭാഗഭരതഭഗീ രഥദിലീപദശരഥശിബിജീമൂതവാഹനഹരിശ്ചന്ദ്രപ്രമുഖപൂർവതനരാജന്യമണ്ഡല പ്രവർത്തിതാധ്വാധ്വനീനസ്യ, വീതിഹോത്രഗോത്രവാരാകരപാരിജാതസ്യ, ഹനുമദങ്കി മുദ്രിതകേതോഃ, ആത്മശരാസനാങ്കിതശങ്കരശരാസനസ്യ, ശൈലാർണ്ണവചക്രവർത്തി നശ്വരണായുധക്രോഡപുരീപുരന്ദരസ്യ, കേരളേശ്വരസ്യ മഹാരാജസ്യ, മാനവേദ സ്യ ചരണസരോരുഹോപജീവിനാ മന്ത്രിമണ്ഡലേന യഥാ-

> ‘വാതാപൂരിതകുഞ്ജരോദരഗുഹാഭാങ്കാരഭേരീരവേ
> ഗൃധ്രക്രേങ്കൃതിഗീതിശാലിനി ശിവാവക്ത്രോല്ക്കയാ ദീപിതേ
> യദ്യുദ്ധക്ഷിതിരങ്ഗമണ്ഡപതലേ നൃത്തം കബന്ധൈഃ കൃതം
> പശ്യന്ത്യുദ്ഭടഹർഷമഗ്നമനസോ വേതാളസാമാജികാഃ’
>
> തസ്യദിഗ്വിജയധാടീദുർല്ലളിതതുരഗഖുരപുടനടനദലിതധരണി തലോച്ചലിതധൂളീപാളീപുരസ്സരധൂമോദ്ഗമപിശുനിതപ്രതാ പാനലജ്ജ്വാലാജാലോജ്ജൃംഭണജനിതഭയാവനതസമസ്തപരി പന്ഥിസാമന്തമണ്ഡലസ്യ സ്വാമിനോ മഹാരാജാധിരാജപരമേ ശ്വരസ്യ ചരിതാനുബന്ധി കിമപി രൂപകം അനേനൈവ സവിശേഷദർശിതയാ ഭക്ത്യാ അപരമിവ കൈലാസമാരചിത വതാ അവിരതമാരാധ്യമാനസ്യ, താമ്രചൂഡക്രോഡനഗരീനി കേതനസ്യ, സകലസുരാസുരമൗലിമന്ദാരമഞ്ജരീമകരന്ദവിന്ദു

സന്ദോഹനിർണ്ണിക്തചരണാരവിന്ദസ്യ. സ്ഥലീശ്വരാഭിധാനസ്യ, ഭഗവതശ്ചന്ദ്രശേ ഖരസ്യ സന്നിധൗ.”

ഈ മാനവേദൻ തളിയിൽ ക്ഷേത്രം നവീകരണം ചെയ്കതായി ദിവാകരൻ പറയുന്നു. തന്റെ സ്വാമിയുടെ വീര്യവിജയങ്ങളേയും പരാക്രമപ്രഭാവങ്ങളേയും മറ്റും പറ്റി വാവദൂകത പ്രദർശിപ്പിക്കുന്ന കവി അദ്ദേഹത്തിന്റെ കവിത്വത്തേയും പാണ്ഡി ത്യത്തേയും കൃഷ്ണഭക്തിയേയും പറ്റി മൗനം ഭജിക്കുന്നതുകൊണ്ടു കൃഷ്ണഗീതികാര നാണോ അദ്ദേഹം ആശ്രയിച്ച മാനവേദൻ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഏഴാം ശതകത്തിന്റെ പൂർവാർദ്ധത്തിനുമേൽ ഒൻപതാം ശതക ത്തിന്റെ ഉത്തരാദ്ധത്തിനുമുൻപുള്ള ഒരു കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ ജീവിതമെന്നുമാത്രം സ്ഥൂലമായി പറയാം. അത്രമാത്രം പഴയ ആദർശഗ്രന്ഥങ്ങൾ കിട്ടീട്ടുണ്ട്. ഒരാദർശഗ്രന്ഥത്തിൽ “മാനവിക്രമസ്യാനുജന്മനോ നീലാപഗാപുരീ മഹാരാജസ്യ മാനവേദസ്യ” എന്നു കാണുന്നു. ആ പാഠം അബദ്ധമാണെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ പ്രസ്തുത മാനവേദൻ മാനവിക്രമനാമധേയ നായ ഒരു സാമൂതിരിപ്പാടിന്റെ അനുജനും കരിമ്പുഴക്കോയിക്കൽ താമസിച്ചിരുന്ന ഏറാൾപ്പാടുമാണെന്നു വന്നുകൂടുന്നു.

## ലക്ഷ്മീമാനവേദം

ലക്ഷ്മീമാനവേദം അഞ്ചങ്കത്തിലുള്ള ഒരു വിശിഷ്ടനാടകമാകുന്നു. സമുദ്രരാജാവിന്റെ പുത്രിയായ രാജ്യലക്ഷ്മിയെ മാനവേദമഹാരാജാവു ഭാർഗ്ഗവരാമന്റെ പൗരോഹിത്യ ത്തിൽ പാണിഗ്രഹണം ചെയ്യുന്നതാണ് ഇതിവൃത്തം. വിവാഹമണ്ഡപത്തിൽ സമു

ദ്രരാജാവും നിളാനദീദേവി (ഭാരതപ്പുഴ)യും പ്രവേശിക്കുന്നുണ്ട്. താഴെക്കാണുന്ന ശ്ലോകം പരശുരാമന്റെ വർണ്ണനമാകുന്നു.

"ഷഷ്ഠോവതാരഃ പ്രഥമസ്യ പുംസഃ
സബ്രഹ്മചാരീ ശശിമൗലിസൂനോഃ
വിഹാരശൈലസ്തനുതേ മുദം നോ
മുനിസ്തപോവിക്രമവൈഭവാനാം."

മറ്റു ചില ശ്ലോകങ്ങൾകൂടി ഉദ്ധരിക്കാം

നാന്ദി:

"ക്വചിൽ പദനമന്മഹി, ക്വചന മന്ദപാദക്രമം,
ക്വചിജ്ജയിജടാഭ്രമി, ക്വചന കമ്പമാനാളകം.
ക്വചിൽ സഫണഫൂൽകൃതി, ക്വപന കങ്കണക്വാണവൽ,
കരോതു ശിവയോസ്സുഖം നടനകർമ്മ തത്താദൃശം."

കാവ്യം:

"വിപഞ്ചീം പ്രക്വാണഃ, കുസുമകലികാം സൗരഭഗുണോ,
മധുശ്രീരുദ്യാനം, മദസമുദയോ യൗവനദശാം,
വധൂം വ്രീളാമുദ്രാ, ഹിമകരകലാം കാന്തിലഹരീ,
പ്രഭാ രത്നം, ത്രൂഢാ തിലകയതി കാവ്യഞ്ച ഘടനാ."

കവി തന്നെപ്പറ്റി:

"യേ ഗർവന്തി നിവേശനേഷു വചസാം, യേ തത്സമുല്ലാസനേ-
ഷ്വുത്സിച്യന്ത്യുഭയാനിമാൻ ഗണയിതും ജിഹ്രേതി ജിഹ്വാപരം;
യസ്തന്ത്രദ്വയധർമ്മമർമ്മപദവീസാഹിത്യസൗഹിത്യവി-
ത്തസ്മൈ നാമ ദൃഢം ദിവാകരകവിസ്തിഷ്ഠേത സംഖ്യാവതേ."

കവി തന്റെ നാടകത്തെപ്പറ്റി:

"ഹൃദയാലുഃ കവിരേഷാ പരിഷദ്ഭരതമതദർശിതോന്മേഷാ
നേതാ തു മാനവേദഃ പ്രാപ്തമതോ നഃ പചേളിമം സുകൃതം."

സൂര്യവന്ദനം:

"ആദിമസ്യ പുരുഷസ്യ ചക്ഷുഷേ,
സാക്ഷിണേ സകലലോകകർമ്മണാം,
വിശ്വബോധകലനാപടീയസേ
തേജസേ ദിവസഹേതവേ നമഃ"

വനം:

"ഉദ്ദാമപോത്രിഗണമുന്മദഹസ്തിവൃന്ദ-
മുദ്രിക്തഖഡ്ഗിചയമുല്ലളദേണയൂഥം
ഉഡ്ഡീനബർഹികലമുൽപതദൃക്ഷസംഘ-
മാലോകയേമമഭിരാമമരണ്യമധ്യം."

വൃക്ഷവിവാഹം:

"അനലഃ പല്ലവമാജ്യം മകരന്ദം കമലകേസരാ ദർഭാഃ
ലാജാഃ പ്രസൂനകലികാസ്സുകുമാരോയം വിവാഹസൽകാരഃ"

ഭരതവാക്യം:

"വിശ്വസ്യാസ്തുശുഭം, സദാ വസുമതീസസ്യോത്തരാ ജായതാം;
സ്വാം വർണ്ണാശ്രമവൃത്തിമാദരയുതാഃ കുർവന്തു സർവാഃ പ്രജാഃ;
ആവിർഭാവമുപൈതു ച ശ്രമവതാം സാരസ്വതം ലോചനം
കർമ്മബ്രഹ്മ ച മാമകീ പുനരയം മീമാംസതാം ശേമുഷീ."

## ദേശമങ്ഗലത്ത് ഉഴുത്തിരവാരിയർ (രണ്ടാമൻ)

### ചരിത്രം

ദേശമംഗലത്ത് ഉഴുത്തിരവാരിയർ (രുദ്രദാസൻ) 'ചന്ദ്രലേഖാ' അഥവാ 'മാനവേദചരിതം' എന്ന പേരിൽ ഒരു സട്ടകം നിർമ്മിച്ചിട്ടുണ്ട്. സട്ടകം എന്നതു പതിനെട്ടുമാതിരിയിലുള്ള ഉപരൂപകങ്ങളിലൊന്നും പ്രാകൃതഭാഷയിൽ നാലു യവനികകളോടുകൂടി രചിക്കപ്പെടുന്നതുമാണ്. നാടകത്തിലെ അങ്കത്തിന്റെ സ്ഥാനം സട്ടകത്തിലെ യവനിക കൈക്കൊള്ളുന്നു. പ്രവേശകവും വിഷ്കംഭവും പാടില്ല. കവിപ്രസ്താവനയിൽ തന്നേയും തന്റെ പുരസ്കർത്താവിനേയും പറ്റി ചിലതെല്ലാം ഉപന്യസിക്കുന്നുണ്ട്. ആ ഭാഗം ചുവടേചേർക്കുന്നു.

"സൂത്രധാരഃ—[2]കസ്യ നർത്തനമാരഭ്യതേ യുഷ്മാഭിഃ?

പാരിപാർശ്വികഃ - സട്ടകോ നർത്തിതവ്യഃ.

സൂത്രധാരഃ— (സഹർഷം) അയമവസരോസ്മാകം പ്രയോഗ വിജ്ഞാനം ദർശയിതും; നികഷഃ ഖലു സട്ടകോ നർത്തകാനാം കവീനാം ച വിദഗ്ദ്ധതായാഃ. (വിചിന്ത്യ)

സ സട്ടകഃ സഹചരഃ കില നാടികായാ-
സ്തസ്യാശ്ചതുർജ്ജവനികാന്തരബന്ധുരാങ്ഗഃ
ചിത്രാർത്ഥസൂത്രിതരസഃ പരമേകഭാഷോ
വിഷ്കംഭകാദിരഹിതഃ കഥിതോ ബുധൈഃ
കസ്യ പുനസ്സരസ്വതീനിഷ്യന്ദസട്ടകോ നർത്തിതവ്യഃ?

പാരിപാർശ്വികഃ— കിമപ്യാശ്ചര്യം ശൃണോതു ഭാവഃ. വായസവദനാൽ പഞ്ചമരാഗ ഉദഞ്ചതി, നിംബവിടപാൽ മോചമുൽപദ്യതേ, കാരസ്കരഫലാൽ പീയൂഷരസഃ പ്രസരതി, യദ്ദേവമന്ദിരബാഹ്യാളിന്ദസമ്മാർജ്ജനാദിവ്യാപാരമാത്രപരായണാൽ പാരശവപശോഃ സന്ധ്യാസമയസംഫുല്ലമല്ലികാമധുരമകരന്ദനിഷ്യന്ദഗർഭഃ സന്ദർഭഃ പ്രവഹതി.

സൂത്രധാരഃ—

മൈവം. ന ഖലു നിന്ദനീയാസ്തത്രഭവന്തഃ പാരശവാഃ യതഃ
യേഷാം ബ്രാഹ്മണലോകപാദയുഗളീശുശ്രൂഷണം ഭൂഷണം
യേഷാം നിർമ്മലകാവ്യചർവണകഥാസംശീലനം ക്രീഡനം
വംശേ യേഷാം ച ശുദ്ധവൃത്തസുഭഗസ്സ രുദ്രമുക്താമണിർ-
ജ്ജാതസ്തേഷാം സ്തുതിഷു കസ്യ ഭുവനേ ജിഹ്വാ നിരീഹാ ഭവേൽ?

[2] അനുവാചകന്മാരുടെ സൗകര്യത്തെ ഉദ്ദേശിച്ച് പ്രാകൃതത്തിനു പകരം ഛായയാണ് ചേർക്കുന്നത്.

പാരി:— തസ്യ രുദ്രസ്യ ശ്രീകണ്ഠസ്യ ച ശിഷ്യോ രുദ്രദാസാഭിധേയഃ കില തസ്യ കവിഃ.

സൂ:ധാ:— തദുപപദ്യതേ. തരണികിരണജാലനിരസ്തതന്ദ്രാദേവാരവിന്ദാന്മധുകരാനന്ദകന്ദഃ പ്രസരതി മകരന്ദനിഷ്യന്ദഃ

പാരി:— കിം താദൃശസ്തയോഃ രുദ്രശ്രീകണ്ഠയോശ്ശിക്ഷാവിശേഷഃ?

സൂ:ധാ:— കിം ഭണ്യതേ?

വടതലഗതോപി രുദ്രോ വ്യാഖ്യാനം തയോഃ ശ്രുത്വാ ശിരഃകമ്പം മന്ദാന്ദോളിതചന്ദ്രം സ്പന്ദമാനഫണീന്ദ്രകുണ്ഡലം ദധാതി.

പാരി:— നമോ മഹാത്മഭ്യാം. തേനാവർജ്ജിതാസ്സജ്ജനാഃ

സൂ:ധാ:— കഥം?

പാരി:—

പ്രത്യുദ്വ്രജതി പുളകോ ഹൃദയമുപനയത്യാസനം സുഭഗം
ഉപഹരത്യർഘ്യമക്ഷി സജ്ജനകർണ്ണാതിഥീനാം സൂക്തീനാം.
കാവ്യനിബന്ധേ കവേർഘർമ്മജലമപഹരന്തി മുഖലഗ്നം
ആനന്ദബാഷ്പശിശിരാഃ ശിരഃകമ്പസമീരണാഃ ഖലു സൂക്തീനാം.
അഭ്യർത്ഥിതാ ചാനേന. യഥാ
അഗണയിത്വാ നവേതി ദോഷമനിരൂപ്യ നികടതാകൃതാം നിന്ദാം
വിസ്മൃത്യ താമസൂയാം രസികാ അവതംസയന്തു കൃതിമേനാം.

സൂ:ധാ:— കിമന്യൽ? പ്രാകൃതബന്ധ ഏവ രസികാനാമാനന്ദം കന്ദളയതി. യതഃ

യഥാ ഭവത്യപരമാലാ മാലതീമാലാ ച മധുപാനാം
യഥാ ഭവത്യന്യഭാഷാ പ്രാകൃതഭാഷാ ച രസികാനാം.

പാരി:— നനു തേനൈവ ഭണിതം.

ഭാഷാ ഖലു പ്രാകൃതമയീ വിഷയഃശ്രീമാനവേദചരിതശ്രീഃ
രസഗർഭഃസന്ദർഭഃ സജ്ജനപ്രീതീനാം യൗവനമേതൽ.
സൂ:ധാ:— കേന നിയുക്താഃ പുനഃ പ്രവർത്തധ്വേ സട്ടകനർത്തനേ?

പാരി:— തസ്യൈവ നിരന്തരാവനമച്ശ്രീമത്സാമന്തകുലമുകുടാന്ത നിപതന്മാണിക്യമണിസമൂഹമയൂഖലേഖാപല്ലവിതപാദപീഠസ്യ, ഖണ്ഡപരശുശിഖണ്ഡശശിഖണ്ഡപാണ്ഡുരസർവതഃപ്രസരന്മഹിതയശഃപൂരകർപ്പൂര നികരപർവതായമാനഭുവനാന്തരാളസ്യ, അതിധവളഹൃദയസ്ഫടികപ്രതിഫലിതപരമേശ്വര പദപല്ലവസ്യ, സമരമുഖ ബലാൽകാരഗൃഹീതജയലക്ഷ്മീധമ്മില്ല പര്യസ്തമല്ലികാമാല്യബഹുളപരിമളാസംഗഭൃംഗശ്രേണീസം ശയിതലോലോദ്ദണ്ഡമണ്ഡലാഗ്രമണ്ഡിതപ്രചണ്ഡഭുജദണ്ഡസ്യ, രിപുബലശലഭലേഹി ചടുലജ്വാലാജാലജാജ്വല്യമാന പ്രതാപപാവകപ്രാകാരപരിരക്ഷിതസകലഭുവനതലസ്യ, അച്ഛിന്നദത്തസുവർണ്ണരത്നസമൃദ്ധിസമൃദ്ധമണി മന്ദിരവളഭീജാലാക്രീഡൽ സകലദരിദ്രലോകസ്യ, സർവഭൂതാനുകമ്പിനസ്സാംപ്രതം കൃതകരണീയതയാ യൗവനസുഖമനുഭവതോ രാജാധിരാജപരമേശ്വ

രസ്യ ശ്രീമാനവേദസ്യ ആസ്ഥാനമണ്ഡപമണ്ഡനേന പണ്ഡിതമണ്ഡലേന. കിഞ്ച
അസ്മിൻ ഖലു സട്ടകവരേ നിജഭർത്തൃകസ്വ-
ചക്രേശ്വരത്വകരാണാം ഗുണാനാം സ്ഥാനം
ചാരും സമുദ്വഹതി താം കില ചന്ദ്രലേഖാ-
മംഗേശ്വരസ്യ തനയാം ശ്രീമാനവേദഃ."

സട്ടകകാരൻ രുദ്രന്റെയും ശ്രീകണ്ഠന്റെയും ശിഷ്യനായ ഒരു വാരിയരായിരുന്നു എന്നും അദ്ദേഹത്തിന്റെ പുരസ്കർത്താവു മാനവേദനാമധേയനായ കോഴിക്കോട്ടെ ഒരു തമ്പുരാനായിരുന്നു എന്നും ഇത്രയുംകൊണ്ടു മനസ്സിലാക്കാം. മാഘകാവ്യത്തിന്നു ബാലബോധിക എന്ന വ്യാഖ്യാനം രചിച്ച ദേശമംഗലത്തെ ഉഴുത്തിരവാരിയർ തന്റെ കുടുംബത്തിൽ സാഹിത്യവിദ്യാപാരീണന്മാരായി ഒരു രുദ്രനും രണ്ടു ശ്രീകണ്ഠന്മാരും ജീവിച്ചിരുന്നു എന്നും അവരിൽ രണ്ടാമത്തെ ശ്രീകണ്ഠന്റെ പുത്രനാണ് താനെന്നും പറയുന്നു. ആ രുദ്രനും പ്രഥമ ശ്രീകണ്ഠനും സംസ്കൃത ഗ്രന്ഥങ്ങളുടെ വ്യാഖ്യാതാക്കന്മാരായിരുന്നു എന്നും അദ്ദേഹം നമ്മെ വ്യംഗ്യമായി ധരിപ്പിക്കുന്നുണ്ട്. അവർ രണ്ടുപേരും ദേശമംഗലത്തു വാരിയന്മാർ തന്നെയായിരിക്കണം. അങ്ങനെയാണെങ്കിൽ സട്ടകകാരൻ സ്മരിക്കുന്ന ശ്രീകണ്ഠൻ അഭിരാമനാണെന്നു കരുതാവുന്നതാണ്. സട്ടകത്തിന്റെ പ്രസ്താവനയിൽ കവി പ്രദർശിപ്പിക്കുന്ന ശാലീനത വാരിയന്മാർ അതിനു മുമ്പു ദൃശ്യകാവ്യങ്ങൾ നിർമ്മിക്കാത്തതുനിമിത്തമാണെന്നു ഞാൻ അനുമാനിക്കുന്നു. പ്രാകൃതഭാഷയെപ്പറ്റി അദ്ദേഹത്തിന്നു വലിയ മതിപ്പാണുണ്ടായിരുന്നതെന്നു കാണാവുന്നതാണല്ലോ. പ്രാകൃതത്തിൽ കവനം ചെയ്യുന്നതിന്നു അദ്ദേഹത്തിന്നുള്ള സാമർത്ഥ്യവും അദ്വിതീയമാണ്. അതിനുമുമ്പു കേരളത്തിൽ ആ ഭാഷയിൽ അത്ഭുതാവഹമായ ശൗരിചരിതം എന്ന യമകകാവ്യം നിർമ്മിച്ചതും ശ്രീകണ്ഠനെന്ന മറ്റൊരുവാരിയരായിരുന്നുവല്ലോ. ദിവാകരകവിയും സട്ടകകാരനും ആശ്രയിച്ചതു് ഒരേ രാജാവിനെത്തന്നെയായിരുന്നു.

## കവിതാരീതി

രുദ്രദാസന്റെ കവിതാരീതി പ്രസ്താവനയിൽനിന്നു മുമ്പു് ഉദ്ധരിച്ച പദ്യഗദ്യങ്ങൾ മുഖേന തന്നെ സുഗ്രഹമാണ്. എങ്കിലും ചില ഉദാഹരണങ്ങൾകൂടി കാണിക്കാം.

വസന്തം:

"താരുണ്യേന രമണീവ സുരൂപരമ്യാ
ജ്യോത്സ്നാരസേന രജനീവ സ്ഫുരച്ചന്ദ്രാ
ഫുല്ലോദ്ഗമേന ലതികേവ പ്രവാളപൂർണ്ണാ
രാജതേ ഹന്ത നഗരീ മധുസംഗമേന."

മന്ദവായു:

"ഏതേ ചൂഷിതചോളബാലമഹിളാഫാലേന്ദുസ്വേദാഗമാഃ
പീയമാനാ ജനനാസികാഭിർന്നളിനീനാളീകകേളീകരാഃ
ലീലാലാളിതകേരളീചികുരകാ ആനന്ദനിഷ്യന്ദിനോ
രോമാഞ്ചോദ്ഗമനാനമേയചലനാഃ ക്രീണന്തി വാതാംകുരാഃ."

ഭരതവാക്യം:

"കുർവന്തു കുമുദപ്രഭാം ത്രിഭുവനേ കീർത്തിം നൃപാ
ജാനന്ത്വിതരേതരമുപകൃതീം ഘനാ മാനുഷാഃ

ശൃണ്വന്തു ഗതമത്സരാസ്സഹൃദയാഃ കവീനാം കൃതിം
ജയന്തു കവയശ്ചിരം വഹതു ഭാരതീ മങ്ഗലം."

## ആനായത്തു കരുണാകരപ്പിഷാരടി (ഭോജചമ്പൂവ്യാഖ്യാകാരൻ)

കോഴിക്കോട്ടു മാനവിക്രമരാജാവിന്റെ നിർദ്ദേശമനുസരിച്ചു ഭോജചമ്പുവിനു് ഒരു വ്യാഖ്യാനം രചിച്ച പണ്ഡിതനാകുന്നു കരുണാകരപ്പിഷാരടി. അദ്ദേഹം തനിക്കു് അച്യുതനെന്നും കൃഷ്ണനെന്നും പേരുകളിൽ രണ്ടു ഗുരുക്കന്മാരുണ്ടായിരുന്നതായി പറയുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ അനുവാചകന്മാർ ധരിച്ചിരിക്കേണ്ടതുണ്ടു്.

"യദ്വൈദുഷീകലിതസങ്ഗമശാസ്ത്രസാര-
സംഭൃതസൂക്തിവരഭാഗവതാന്തരാത്മാ
വിദ്വജ്ജനോഽനവരതോജ്ജ്വലമത്ര മോദം
ധത്തേഽച്യുതോയമിഹ മേ ഗുരുരാവിരസ്തു.

ഹരിഹരഗിരിനാഥപാദകല്പ-
ദ്രുമതലസേവനഗന്ധചിത്തവൃത്തിഃ
മമ ഹൃദയസരോജസമ്പുടസ്ഥഃ
സ്ഫുടയതു സദ്ഗുരുരീപ്സിതാനി കൃഷ്ണഃ

ശ്രീകുക്കുടക്രോഡമഹീമഹേന്ദ്രഃ
ശ്രീകേരളോർവീതലപൂർണ്ണചന്ദ്രഃ
ഭൂലോകപാലസ്സുഗുണൈരുപേന്ദ്രഃ
ശ്രീവിക്രമോ ദീപ്യതി കീർത്തിസാന്ദ്രഃ.

. . . . . . . . .

സോഽയം രാജശിഖാമണിർന്നിജയശസ്സങ്കീർത്തനപ്രൗഢതാ-
ജിജ്ഞാസാകുലമാനസശ്ശുഭദിനേ സ്വാമാത്യവർഗ്ഗൈസ്സഹ
ശ്രീമദ്വൈഷ്ണവലോകമണ്ഡനമണിസ്സംഭാവയൻ വാഞ്ഛിതൈ-
സ്സംപൂർണ്ണൈഃ കരുണാകരം നിജഗുരും കിഞ്ചിദ്വചോഽവോചത.

ശ്രീകാളിദാസകവിശേഖരവാക്സുധാബ്ധി-
സദ്ഭോജരാജകൃതചമ്പുരസായനസ്യ
ആവാസഭൂമിമധുനാ രസനാം മദീയാ-
മുത്തേജയാഖിലരസാസ്വദനാനുഭൂത്യൈ.

ഇത്ഥം നരേന്ദ്രവചനാമൃതപാനതൃപ്ത-
ചിത്തോ ഭവന്നഹമിഹാദരണീയശീലഃ
ശ്രീഭോജരാജകൃതചമ്പുമഹാപ്രബന്ധ-
ഭാവപ്രബോധനകൃതേ സുചിരം യതേദ്യ.

. . . . . . . . .

ശൃങ്ഗാരാദിരസാസ്വാദപരമാനന്ദഭോജനം
ധിയാദ്രിയേഹം രസനാം ഭോജചമ്പൂപ്രകാശികാം.

. . . . . . . . .
ഹരിഹരഗിരിലീനാൽ പാർവതീപ്രാണനാഥാൽ
സതതഭജനതുഷ്ടാൽ പ്രാപ്തവിദ്യോദയോ യഃ
അകൃതസുകൃതശാലീ ചമ്പുരാമായണേസ്മിൻ
വിവൃതിമതിമനോജ്ഞാം വൈഷ്ണവഃ കൃഷ്ണശിഷ്യഃ."

ഈ ശ്ലോകങ്ങളിൽനിന്ന് അച്യുതൻ സങ്ഗമശാസ്ത്രസാരകാരനും ഭാഗവതനുമാണെന്നും ഹരിഹരഗിരിയിലെ ശിവന്റെ ഭക്തനാണെന്നും ഗ്രഹിക്കാം. സങ്ഗമശാസ്ത്രം ജ്യോതിശ്ശാസ്ത്രമാണെങ്കിൽ കരുണാകരൻ തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ ശിഷ്യനാണെന്നു വരുന്നു. ഹരിഹരഗിരി ഏതെന്നു മനസ്സിലാകുന്നില്ല. കൃഷ്ണനും കരുണാകരനും ആ ക്ഷേത്രത്തിലെ ശിവനെ ഭജിച്ചിരുന്നതായി വെളിപ്പെടുന്നു. മാനവിക്രമരാജാവു തന്റെ ശിഷ്യനാണെന്ന് അദ്ദേഹം പറയുന്നു. "ഇഹഖലു രാജാധിരാജപരമേശ്വരഃ ശ്രീഭോജഃ കവിവീരശേഖരേണ ശ്രീകാളിദാസേന സഹ ചരമകാലാവശ്യചിന്തനീയം പരമ പുരുഷാർത്ഥപ്രധാനമേകവിംശതിവാരാവർത്തനസമുത്ഥിതൈക വിംശതിരൂപാഭിപ്രായസുഭഗം ശ്രീമദ്രാമായണം ലോകോപകാരാർത്ഥം സംക്ഷിപ്യ സകലവ്യാകരണസമുദ്ധൃതസാരാംശസുന്ദരസ്വനിർമ്മിതസരസ്വതീകണ്ഠാഭരണനിർണ്ണീതസാധുശബ്ദോദാഹരണതയാ ഗദ്യപദ്യാത്മക ചമ്പൂരൂപേണ കമപി പ്രബന്ധം ചികീർഷുഃ" എന്ന പംക്തിയിൽനിന്നു ഭോജരാജാവു തന്റെ ആസ്ഥാനപണ്ഡിതനായ (ഒരു) കാളിദാസനോടുകൂടി രാമായണം ഇരുപത്തൊന്നാവൃത്തി വായിച്ച് ഇരുപത്തൊന്നുവിധത്തിൽ അർത്ഥഗ്രഹണം ചെയ്ത് ലോകോപകാരാർത്ഥം അതു രാമായണചമ്പുവായി സംക്ഷേപിച്ചു എന്നും ആ ഗ്രന്ഥനിർമ്മിതിയുടെ ഒരു ഉദ്ദേശം സരസ്വതീകണ്ഠാഭരണത്തിൽ അദ്ദേഹം നിർണ്ണയിച്ചിട്ടുള്ള ചില സുശബ്ദങ്ങളെ ഉദാഹരിക്കുക എന്നുള്ളതാണെന്നും വ്യാഖ്യാതാവു വിശ്വസിച്ചിരുന്നതായി കാണാം. സരസ്വതീകണ്ഠാഭരണത്തിനു കേരളത്തിൽ പുനഃപ്രതിഷ്ഠാപനം സിദ്ധിച്ചതു മേൽപ്പുത്തൂരിന്റെ പ്രക്രിയാസർവസ്വരചനയോടുകൂടിയാകുന്നു. അതിനാൽ വേറെ തെളിവു കിട്ടുന്നതുവരെ കരുണാകരൻ കൃഷ്ണഗീതാപ്രണേതാവിന്റെ പൂർവഗന്മാരായ രണ്ടു മാനവിക്രമന്മാരിൽ ഒരാളുടെ ആജ്ഞാനുവർത്തിയായിരുന്നതായി സങ്കല്പിക്കാം. കവിചിന്താമണികാരനായ കരുണാകരപ്പിഷാരടിയും ശക്തൻമാനവിക്രമ രാജാവിന്റെ ഗുരുനാഥനായിരുന്നുവെങ്കിലും അദ്ദേഹം ആ ഗ്രന്ഥത്തിൽ തന്റെ ആചാര്യന്മാരെപ്പറ്റി ഒന്നും പ്രസ്താവിച്ചിട്ടില്ലാത്തതിനാലും മറ്റും രണ്ടു കരുണാകരന്മാരും അഭിന്നന്മാരാണെന്നു പറയുവാൻ എനിക്കു ധൈര്യം തോന്നുന്നില്ല. ചമ്പൂരാമായണവ്യാഖ്യ സമ്പൂർണ്ണമായി ലഭിച്ചിട്ടില്ല. മാനവേദരാജാവു ഭോജചമ്പുവിന് ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടെന്നു ചിലർ പറയുന്നതു പ്രമാദജന്യമാണ്,

## രവിവർമ്മമഹാരാജാവ് (തിരുവിതാംകൂർ) — ജീവചരിത്രം

കൊല്ലം 859 മുതൽ 893 വരെ തിരുവിതാംകൂർ രാജ്യം ഭരിച്ച കാർത്തികതിരുനാൾ രവിവർമ്മമഹാരാജാവ് ഒരു കവിയും പണ്ഡിതപക്ഷപാതിയും ദാനശൗണ്ഡനും വേദാന്ത ശാസ്ത്രജ്ഞനുമായിരുന്നു. അശ്വതിതിരുനാൾ ഉമയമ്മറാണിയുടെ പുത്രനാണ് അദ്ദേഹം. ആദിത്യവർമ്മമഹാരാജാവ് 852-ൽ നാടുനീങ്ങിയപ്പോൾ രവിവർമ്മാവിനു ബാല്യമായിരുന്നതിനാൽ ഉമയമ്മറാണി അദ്ദേഹത്തിന്റെ പ്രതിനിധി എന്ന നിലയിൽ 860 വരെ രാജ്യരക്ഷചെയ്തു. പതിനാറാമത്തെ വയസ്സിൽ അദ്ദേഹം

സിംഹാസനാരൂഢനായി. വടക്കുനിന്നു പെണ്‍കൊടയ്ക്ക് അര്‍ത്ഥാര്‍ത്ഥിയായിവന്ന ഒരു നമ്പൂരി അദ്ദേഹത്തെ കണ്ടു തനിക്കു പത്തു കുമാരിമാര്‍ അവിവാഹിതകളായി ഉണ്ടെന്നും അവരില്‍ ഒരു പെണ്‍കിടാവിനെ വേളികഴിച്ചുകൊടുക്കുവാന്‍ 1000 ഉറുപ്പിക കിട്ടണമെന്നും അപേക്ഷിക്കവേ അദ്ദേഹം പത്തു കിടാങ്ങളുടേയും വിവാഹത്തിനായി 10,000 ഉറുപ്പിക ആ സാധുവിനു സമ്മാനിച്ചു എന്നൊരൈതിഹ്യമുണ്ട്. അദ്ദേഹത്തിന്റെ ബാല്യകാലത്തില്‍ പ്രസിദ്ധയോദ്ധാവായ കോട്ടയത്തു കേരളവര്‍മ്മത്തമ്പുരാനെ ഉമയമ്മറാണി തിരുവിതാംകൂര്‍ ഇളയരാജാവായി ദത്തെടുക്കുകയും 872-ല്‍ അദ്ദേഹം മരിക്കുന്നതുവരെ രവിവര്‍മ്മമഹാരാജാവിന് ആ വിശിഷ്ടസാഹിത്യകാരനുമായി സഹവാസം ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുകയും ചെയ്തു. രവിവര്‍മ്മമഹാരാജാവു ദേശിങ്ങനാട്ടു ശാഖയുടേയും മൂപ്പനായിരുന്നു,

## രാമായണസങ്ഗ്രഹം

രാമായണസംഗ്രഹം എന്നു പുരാണച്ഛായയില്‍ ഒരു കാവ്യം രവിവര്‍മ്മമഹാരാജാവു രചിച്ചിട്ടുണ്ട്. അതില്‍നിന്നാണ് താഴെക്കാണുന്ന ശ്ലോകങ്ങള്‍ ഉദ്ധരിക്കുന്നത്.

“ലക്ഷ്മീവക്ഷോജരാജദ്ഘുസൃണസുരഭിതോ-
രഃസ്ഥലം പദ്മനാഭം
ലോകാനാമേകനാഥം യദുകുലമഹിത-
ക്ഷ്മാപതീനാം ശരണ്യം
വന്ദേ വൃന്ദാരകേഡ്യം വിഭുമഖിലജഗല്‍
പാലനേ ജാഗരൂകം
സ്യാനന്ദൂരാഭിധാനപ്രഥിതപുരവരേ
ഭോഗിഭോഗേ ശയാനം.

നമോസ്തു രാമായ സലക്ഷ്മണായ
സീതാസഹായായ ജഗല്‍പ്രിയായ
ദുര്‍വൃത്തരക്ഷോധിപനാശനായ
സദാമൃതാനന്ദദൃശേ നമോസ്തു.

ക്വാഹം മന്ദമതിഃ ക്വ വാ രഘുപതിശ്രേയഃകഥാ വിസ്തൃതാ
വാല്മീകിപ്രമുഖൈഃ പ്രബന്ധൃഭിരപി പ്രത്യുഗ്രശാ ദര്‍ശിതാ?
കിന്ത്വാമ്നാതുമനാസ്സമാഹൃതിമിഷാദ്ഭക്ത്യാ ഹരേഃ പാദയോഃ
സന്തസ്തത്ര യതേ പ്രസാദ്യ ഭവതഃ ക്ഷാമ്യന്തു തച്ചാപലം.

ശ്രീപദ്മനാഭപദപങ്കജഭക്തിഭൃമ-
പ്രാദുര്‍ഭവല്‍പ്രചുരസമ്പദുമാതനൂജഃ
രാജാ കഥാം രഘുപതേ രവിവര്‍മ്മനാമാ
തല്‍ സഞ്ജിഘൃക്ഷതി സതാം മുദമാദധാതു.”

ശ്രീപത്മനാഭപദഭക്തനാണ് ഗ്രന്ഥകാരനായ രവിവര്‍മ്മാവെന്ന് ഈ ശ്ലോകങ്ങളില്‍നിന്നു വെളിവാകുന്നു. പിന്നീടു കഥയുടെ ആരംഭമായി.

“ഏകദാ ശൗനകസ്സൂതം വ്യാസശിഷ്യം മഹാമതിം
രാമസ്യ ചരിതം പുണ്യം പപ്രച്ഛ വിജിതേന്ദ്രിയഃ.

തച്ഛ്രുത്വാ മുദിതസ്സൂതോ ധ്യാത്വാ വിഷ്ണും സനാതനം
വ്യാസം പ്രണമ്യ സ്വഗുരും ശൗനകം പുനരബ്രവീൽ.
ശൃണു വിപ്രേന്ദ്ര വക്ഷ്യാമി രാഘവസ്യ മഹാത്മനഃ
ചരിതം സർവപാപഘ്നം മനശ്ശ്രുതിസുഖാവഹം."

ഇങ്ങിനെ സൂതശൗനകസംവാദരൂപത്തിലാണ് ഗ്രന്ഥത്തിന്റെ രചന. ആകെ 51 സർഗ്ഗങ്ങളുണ്ട്. ആദ്യത്തെ രണ്ടു സർഗ്ഗം ബാലകാണ്ഡത്തിനും, അതില്പിന്നീടുള്ള ഇരുപത്തിനാലു സർഗ്ഗം അയോധ്യാകാണ്ഡത്തിനുമായി വിനിയോഗിക്കുന്നു. ഒടുവിലത്തെ ഭാഗത്തിന് അധ്യാത്മപ്രകരണമെന്നു പേർ കൊടുത്തിരിക്കുന്നു. അതിൽ ശ്രീരാമൻ ഹനുമാനു വിസ്തരിച്ചു ജ്ഞാനോപദേശം ചെയ്യുന്നു. ശ്രീകൃഷ്ണവിലാസം മുതലായ ഇതരകാവ്യങ്ങളിൽനിന്നു കവി 'ഏലാപരിഷ്വങ്ഗലസത്തമാലം' തുടങ്ങിയ പല ശ്ലോകങ്ങൾ യഥാവസരം എടുത്തുചേർത്തിട്ടുണ്ട്. ചുവടേ പകർത്തുന്നത് ഇരുപത്താറാം സർഗ്ഗത്തിന്റെ അവസാനത്തിലുള്ള ശ്ലോകമാണ്.

"ഇതീഹ തൈഃ പ്രാഞ്ജലിഭിസ്തപസ്വിഭി-
ർദ്വിജൈഃ കൃതസ്വസ്ത്യയനസ്സുരാരിഹാ
വനം സഭാര്യഃ പ്രവിവേശ രാഘവഃ
സലക്ഷ്മണസ്സൂര്യ ഇവാഭ്രമണ്ഡലം."

ഒടുവിൽ

"രാഘവഃ പരമോദാരശ്ശശാസ പരയാ മുദാ
ഭ്രാതൃഭിസ്സഹിതഃ പ്രീതോ രാജ്യം നിഹതകണ്ടകം.

യ ഇദമനുശൃണോതി യോഽധീതേ
രഘുപതിഭാഷിതമാത്മയോഗഗുഹ്യം
ഭഗവതി കൃതധീസ്സുപർണ്ണകേതാ-
വുപലഭതേ ഭഗവൽപദാരവിന്ദം."

എന്നീ ശ്ലോകങ്ങൾ കാണുന്നു. ഭാഷാവാല്മീകിരാമായണവും വൈരാഗ്യചന്ദ്രോദയവും രചിച്ച കോട്ടയത്തു കേരളവർമ്മത്തമ്പുരാനുമായുള്ള സാഹചര്യം രവിവർമ്മാവിനെ പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതിക്കു പ്രേരിപ്പിച്ചിരിക്കണമെന്നു ന്യായമായി ഊഹിക്കാവുന്നതാണ്.

## അനന്തദാസൻ

രാജശേഖരമഹാകവിയുടെ കർപ്പൂരമഞ്ജരീസട്ടകത്തിനു സമുദ്രബന്ധയജ്വാവിന്റെ പുത്രനായ സിംഹരാജന്റെ ഒരു വ്യാഖ്യാനമുള്ളതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനും പുറമേ മറ്റൊരു കേരളീയവ്യാഖ്യാനവും നമുക്കു ലഭിച്ചിട്ടുണ്ട്. അതു വടക്കൻകോട്ടയത്തു രാജകുടുംബത്തിന്റെ ആശ്രിതനായിരുന്ന അനന്തദാസൻ എന്ന പണ്ഡിതന്റെ പദാർത്ഥദീപികയാകുന്നു. പ്രസ്തുത സട്ടകത്തിലെ നാലു ജവനികാന്തരങ്ങളും ആ വ്യാഖ്യാനത്തിൽ ഉൾപ്പെടുന്നു. അനന്തദാസന്റെ ഗുരുവായ കൃഷ്ണശങ്കരനെപ്പറ്റി ഒരറിവുമില്ല. കൃഷ്ണന്റെ പുത്രനായ ശങ്കരനെന്നും ആ ശബ്ദത്തിനു അർത്ഥം കല്പിക്കാം. കാലം ഒൻപതാം ശതകമാണെന്നു തോന്നുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ പദാർത്ഥദീപികയുടെ ആരംഭത്തിലുള്ളവയാണ്.

"സേവാമഹേ തുഹിനഭൂധരജന്മഭൂമിം
ദിവ്യൗഷധിം നിഖിലദോഷഹരാനുഭാവാം
സേവാബലേന മഹതാം പുരളീശ്വരാണാ-
മത്യാദരാൽ കൃതമൃദംഗധരാധിവാസാം.
ശബ്ദാർത്ഥജ്ഞാനസിദ്ധ്യർത്ഥം ശബ്ദാർത്ഥൈകസ്വരൂപിണൗ
ഉമാമഹേശ്വരൗ വന്ദേ വാങ്മയീതീരവാസിനൗ.

ചെല്ലൂരീശ നമസ്തേസ്തു ദേവദേവ! ദയാനിധേ!
അസ്മദീയഹൃദംഭോജേ സദാ സന്നിഹിതോ ഭവേഃ.

രാജശേഖര കവീന്ദ്രനിർമ്മിതം സട്ടകം വിബുധവൃന്ദവന്ദിതം
വ്യാകരോമി തദുദാരമാനസാഃ ശോധയന്തു വിബുധാഃ കൃതാദരാഃ

ശ്രീകൃഷ്ണശങ്കരഗുരൂത്തമപാദയുഗ്മ-
സ്വർല്ലോകവൃക്ഷമകരന്ദമധുവ്രതസ്യ
ശ്രീരാജശേഖരഗഭീരവചോമധൂളീ-
പാനേ ബതാദ്യ ഖലു ലോലതരം മനോ മേ.

രാജേശ്വരകവേഃ ക്വ ഭാരതീ? ക്വാഹമല്പമതിരല്പവാഗപി?
ആനിനീഷുരഹമസ്മി കാഞ്ചനക്ഷ്മാധരം നിജഗൃഹം ഭുജാബലാൽ.

തഥാപി ഗുരുഭക്ത്യാ ച പ്രസാദേന ച ധീമതാം
പൂർവവ്യാഖ്യാനുസാരേണ വ്യാഖ്യാ കാപി വിലിഖ്യതേ.

പൂർവവ്യാഖ്യാഭിരേതസ്യ ന സ്യാദനുപയോഗിതാ
വിശേഷോസ്യ യതഃ സ്പഷ്ടസ്സട്ടകാർത്ഥാവധാരണേ."

## ഈശാനുഭൂതിയതി

ദേവദേവേശാനുഭൂതി എന്നാണ് ഈശാനുഭൂതിയതിയുടെ പൂർണ്ണമായ നാമധേയം. തൃശ്ശൂരിൽ ഏതോ ഒരു മഠത്തിലെ സ്വാമിയാരാണെന്നു തോന്നുന്നു. ബ്രഹ്മാനുഭൂതി എന്നാണ് അദ്ദേഹത്തിന്റെ ഗുരുവിന്റെ പേരു്. ആ ഗുരുവിനു ബ്രഹ്മേന്ദ്രതീർത്ഥനെന്നും പേർ കാണുന്നു. ഈശാനുഭൂതിയുടെ കൃതികളായി (1) രാമായണാമൃതം (2) രാമശതകം (3) കൃഷ്ണശതകം (4) വാസുദേവശതകം (5) പദ്മനാഭസ്തുതി (6) ഭാരതസംക്ഷേപം (7, 8) കൃഷ്ണസ്തുതികൾ ഇങ്ങിനെ പലഗ്രന്ഥങ്ങളുണ്ടു്. പദ്മനാഭസ്തുതി വായിച്ചാൽ ഗുരുവും ശിഷ്യനും തിരുവനന്തപുരത്തു മതിലകത്തെ പുഷ്പാഞ്ജലിസ്വാമിയാരന്മാരായിരുന്നുവോ എന്നും സംശയം തോന്നാവുന്നതാണ്.

## രാമായണാമൃതം

താഴെക്കാണുന്ന ശ്ലോകം രാമായണാമൃതത്തിന്റെ ആരംഭത്തിലുള്ളതാണ്.

"ജാംബവദങ്ഗദഹനുമൽ സുഗ്രീവവിഭീഷണപ്രിയാവരജൈഃ
യുതമമൃതപുണ്യചരിത്രം ദാശരഥിം രാമമാശ്രയേ വിഷ്ണും."

പിന്നീടു കവി ശ്രീകൃഷ്ണൻ, ശിവൻ, സരസ്വതി, ഗണപതി ഇവരെ വന്ദിക്കുന്നു. തദനന്തരം,

> "ജാതം പരാശരാൽ ഖലു വാസവ്യാം ശ്രുതിശതാബ്ജമാർത്താണ്ഡം
> നാരായണമേവ സതാം പരായണം ബാദരായണം വന്ദേ.
> സമ്യക്പൗർവാപര്യം പര്യാലോച്യാവധാര്യ താൽപര്യം
> ശ്രുത്യാദിവ്യാഖ്യാതാ ജയതി യതീന്ദ്രസ്സ ശങ്കരാചാര്യഃ
> ബ്രഹ്മാനന്ദഭൂതിസംജ്ഞാം യത്ര ബ്രഹ്മേന്ദ്രതീർത്ഥസംജ്ഞാം ച
> സമവേതാർത്ഥേ പ്രാഹുസ്താനഹമസ്മദ്ഗുരൂൻ സദാ വന്ദേ.
> ഈശാനഭൂതിശേഖരി യസ്യ യതേർന്നാമ ദേവദേവേതി
> സോഹം ശ്രദ്ധാമാത്രാദ്രാമകഥാമാരഭേത രാമമൃതം.
> രാമായണാമൃതാഖ്യാ കൃതിരിയമാര്യൈർന്നിഷേവ്യതാമാര്യാ
> സ്ഖലനൈകഖേലനരതൈർവിശൃംഖലൈഃ ഖലു ഖലൈഃ കിമതിശോച്യൈഃ"

എന്നീ ശ്ലോകങ്ങൾ കാണുന്നു. വ്യാസനെപ്പറ്റി കവിക്കു വലിയ ബഹുമാനമുണ്ടായിരുന്നതായി മറ്റു ഗ്രന്ഥങ്ങളും വെളിപ്പെടുത്തുന്നു. ശങ്കരഭഗവൽപാദരെ തദനുയായിയായ രാമായണാമൃതകാരനു പ്രത്യേകമായി വന്ദിക്കേണ്ട കടമയുണ്ടല്ലോ. രാമായണകഥ പ്രസ്തുത കാവ്യത്തിൽ ലളിതമായി സംഗ്രഹിച്ചിരിക്കുന്നു. അടിയിൽ ചേർക്കുന്നതു് ഒടുവിലത്തെ ശ്ലോകമാണ്.

> "തസ്മൈ ഭൂയോപി നമോ രാമായ സലക്ഷ്മണായ ഭരതായ
> ശത്രുഘ്നായ ച ദേവ്യൈ സീതായൈ ബ്രഹ്മണേ ച രാമോഹം"

## രാമശതകം

"തസ്മൈ ഭൂയോപി നമോ" എന്ന ശ്ലോകം ഇതിലും കാണുന്നുണ്ട്.

> "ആര്യാ യഃ പഠതീമാസ്തസ്യ സ രാമോഹമിതി മതിം ദദ്യാൽ
> ബന്ധാനുബന്ധഹന്ത്രീമപ്രതിബന്ധാം ച യഃ സരാമോഹം."
> "ശ്രീരാമശതകമേതദ്രചിതം ബ്രഹ്മാനന്ദഭൂതി ശിഷ്യേണ
> ഈശാനഭൂതിശേഖരി യസ്യ യതേർന്നാമ ദേവദേവേതി."

## കൃഷ്ണശതകം

'ആര്യാ യഃ പഠതീമാഃ' എന്ന ശ്ലോകം 'സ കൃഷ്ണോഹം' എന്നു ദ്വിതീയപാദത്തിലും ചതുർത്ഥപാദത്തിലും അല്പം ഭേദത്തോടുകൂടി ഇതിലും ചേർത്തിട്ടുണ്ട്. രാമായണകഥാപ്രതിപാദകമായ രാമശതകത്തിനു രാമാഹംഭാവനയെന്നും ഭാഗവതകഥാപ്രതിപാദകമായ കൃഷ്ണശതകത്തിന്നു കൃഷ്ണാഹംഭാവന എന്നുംകൂടി പേരുണ്ട്. ആദ്യത്തേതിൽ 'സ രാമോഹം' എന്നും രണ്ടാമത്തേതിൽ 'സ കൃഷ്ണോഹം' എന്നും അവസാനിക്കുന്നതിനാലാണ് അവയ്ക്കു് ഈ സംജ്ഞകൾ യഥാക്രമം ലഭിച്ചതു്.

## വാസുദേവശതകം

ഇതിനുമുൻപു നിർദ്ദിഷ്ടങ്ങളായ കൃതികളിലെന്നപോലെ ഗീതിയിലല്ല മാലിനീവൃത്തത്തിലാണ് ഈ ശതകത്തിലെ ശ്ലോകങ്ങൾ രചിച്ചിരിക്കുന്നതു്. മഹാഭാരതത്തിന്റെ

സാരസംക്ഷേപമാണ് വിഷയം. 'വാസുദേവോസ്മി സോഹം' എന്നു ഓരോ ശ്ലോകവും അവസാനിക്കുന്നു.

"അജനി സ ധൃതരാഷ്ട്രോ വ്യാസതസ്സോപി പാണ്ഡു-
ർവിദൂര ഇഹ യദീയജ്ഞാനശക്ത്യൈതധാമ്ന(?)
കൃതിഹൃദി ജഗദാന്ധ്യവ്യാസരൂപേണ തിഷ്ഠൻ
ജഗതി സുഗതിദാതാ വാസുദേവാസ്മി സോഹം"

## പദ്മനാഭസ്തുതി

ഇതും മാലിനീവൃത്തത്തിൽ ഗ്രഥിതമായ ഒരു സ്തോത്രമാണ്. 'സ്മരത മരതകാഭം സദ്ഗുരും പദ്മനാഭം' എന്ന് ഓരോ ശ്ലോകവും അവസാനിക്കുന്നു.

"ത്വമഹമഹമഹോ ത്വം നാത്ര സന്ദേഹലേശോ-
പ്യഥ ച ജഗദഹം ത്വം ചേതി ഭേദഭ്രമം മേ
പരിഹര ദുരിതൗഘം ഭിന്ധി ഭൂയോ നമസ്തേ
കിമിഹ ബഹുഭിരുക്തൈഃ പാഹി മാം പദ്മനാഭ."

"മമ ഗുരുമിഹ വിത്ത ബ്രഹ്മപൂർവാനുഭൂതിം
സ്തുതിരപി രചിതേയം തൽപ്രസാദാന്ന ശക്ത്യാ
ഗുരുവദപി ച ഭക്ത്യാ പദ്മനാഭേ/നുഭൂതി-
ധ്വനിരപി മമ സംജ്ഞാ ദേവദേവേശപൂർവഃ."

## കൃഷ്ണസ്തുതി

"ബ്രഹ്മൈവായം കൃഷ്ണസ്തൽസ്മരണാദേവ പരമപുരുഷാർത്ഥഃ
ഇതി വാദം സാധൂനാം കൃഷ്ണഞ്ച സ്മരത മരതകശ്യാമം."

## മറ്റൊരു കൃഷ്ണസ്തുതി

"സുന്ദരമതീവ ദേവൈർമ്മന്ദാരാദ്യാർത്തവൈഃ സ്തവൈശ്ചേഷ്ടം
മന്ദിരമപീന്ദിരായ മന്ദരധരമാശ്രയേ ഹരിം കൃഷ്ണം.
മരകതമുകുരകപോലം തദ്ബിംബിതമകരകുണ്ഡലാഭോഗം
അഖിലപ്രപഞ്ചേകന്ദം കുന്ദസ്മിതമാശ്രയേ മുകുന്ദമഹം."

## ഭാരതസംക്ഷേപം

ഇതു മഹാഭാരതകഥയുടെ സംഗ്രഹം തന്നെ. 'മരകതമുകുര' മുതലായ ചില ശ്ലോകങ്ങൾ ഇതിലും കാണുന്നു.

"യദനുഗ്രഹതോ രാജാ യുധിഷ്ഠിരോ ലബ്ധവാൻ മഹദ്രാജ്യം
അഭവച്ച സാർവ്വഭൗമഃ പുണ്യശ്ലോകാഗ്രണീസ്സ കൃഷ്ണോഹം."

ഈശാനുഭൂതിയുടെ സകലകൃതികളിലും അദ്വൈതവേദാന്ത പരിമളം പ്രസരിക്കുന്നുണ്ട്.

## കൃഷ്ണാനന്ദതീർത്ഥൻ

ശാസ്ത്രസംഗ്രഹകർത്താവായ കൃഷ്ണാനന്ദതീർത്ഥയതിയുടെ കാലമേതെന്നു വ്യക്തമാകുന്നില്ല. അദ്ദേഹവും തൃശ്ശൂരിലെ ഏതോ ഒരു മഠത്തിലെ സ്വാമിയാരായിരുന്നു. വിബുധേന്ദ്രതീർത്ഥൻ എന്നൊരു നാമാന്തരം അദ്ദേഹത്തിന്നുണ്ടായിരുന്നതായി കാണുന്നു.

> “ശ്രീരാജരാജരവിവർമ്മമഹീശ്വരാഭ്യാം
> രാജന്വതീ വസുമതീ സകലാഭി യാഭ്യാം
> സംശാസതോരപി സതോസ്തു തയോർദ്ധരിത്രീം
> കൃഷ്ണാനന്ദതീർത്ഥിരയം രചിതോ നിബന്ധഃ”

എന്നു ഗ്രന്ഥാന്തരത്തിലുള്ള ഒരു ശ്ലോകത്തിൽനിന്ന് അന്നത്തെ കൊച്ചി ഇളയതമ്പുരാന്റെ പേർ രവിവർമ്മാവെന്നായിരുന്നു എന്നു മാത്രം അറിയുവാൻ കഴിയുന്നു. ‘രാജരാജൻ’ എന്നതു നാടുവാഴുന്ന കൊച്ചിമഹാരാജാക്കന്മാർക്കു പൊതുവേയുള്ള ബിരുദനാമമെന്നാണ് എനിക്കു തോന്നുന്നത്. ആ പേർ അവർക്കു നാമകരണമുഹൂർത്തത്തിൽ നല്കാറില്ല. ശാസ്ത്രസംഗ്രഹത്തിനു ശാരീരകമീമാംസാസംഗ്രഹമെന്നും പേരുണ്ട്. ആനന്ദാനന്ദതീർത്ഥയാണ് അദ്ദേഹത്തിന്റെ ഗുരു. ശങ്കരഭഗവൽപാദരുടെ ശാരീരകമീമാംസാസൂത്രഭാഷ്യത്തെ സ്വാമിയാർ പ്രസ്തുതഗ്രന്ഥത്തിൽ പദ്യഗദ്യരൂപേണ സംഗ്രഹിച്ചിരിക്കുന്നു. ഗീർവാണേന്ദ്രസരസ്വതിയുടെ ശിഷ്യനായ ഒരു ശ്രീധരന്റെ ആവശ്യമനുസരിച്ചാണ് അദ്ദേഹം ഈ കൃതി നിർമ്മിച്ചതെന്നും സൂചനയുണ്ട്. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ പ്രകൃതോപയോഗികളാണ്.

> “ഗീർവാണേന്ദ്രസരസ്വത്യാഃ പദാബ്ജം ഹൃദി ബിഭ്രതഃ
> ശ്രീധരസ്യ മുദേ ഭൂയാൽ സൂത്രഭാഷ്യാർത്ഥസംഗ്രഹഃ
>
> ഹേരംബം ച സദാശിവം വടഗതം വാഗീശ്വരീം ശാശ്വതീം
> വ്യാസം ശങ്കരനാമധേയഗുരുമപ്യസ്മദ്ഗുരും ഷൺമുഖം
> ഗോവിന്ദഞ്ച ജഗദ്ഗുരും ശമനിധിം വിദ്യാനിധിം ഗോപതിം
> വന്ദേ സർവനിദാനമേകമമലം ബ്രഹ്മാപി സച്ചിൽസുഖം.
>
> കൃഷ്ണാനന്ദതീർത്ഥിഭിഃ ക്രിയതേ ശാസ്ത്രസംഗ്രഹഃ
> നിർമ്മത്സരൈർജ്ജനൈർന്നിത്യം ക്രിയതാമസ്യ സംഗ്രഹഃ
>
> അസ്പഷ്ടസങ്ഗതിപദാർത്ഥമിദം ഹി സൂത്രം
> വൈയാസികം തദഹമദ്യ നിരീക്ഷ്യ ഭാഷ്യം
> വിസ്പഷ്ടസംഗതിപദാർത്ഥയുതം വിധാസ്യേ
> പദ്യത്രയാനുഗതഗദ്യമയൈർവ്വചോഭിഃ
>
> ഭാഷ്യാർത്ഥമാത്രമിദമദ്യ ന കോപി ഭേദഃ
> സംഗൃഹ്യ കിഞ്ചിദുദിതം കിമനേകപദ്യൈഃ?
> “ഇത്യേവമാദി യദി ദൂഷയതീഹ കശ്ചി-
> ദ്ധന്താധുനാഭിലഷിതം ഫലിതം മദീയം.”

## ഗീർവാണേന്ദ്രസരസ്വതി

കൃഷ്ണാനുഭൂതി സ്മരിക്കുന്ന ഗീർവാണേന്ദ്രസരസ്വതി പ്രപഞ്ചസാരസംഗ്രഹം എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. ഒരു ഗീർവാണേന്ദ്രയതിയുടെ ശിഷ്യനായി അമരേന്ദ്രസരസ്വതി എന്നൊരു സ്വാമിയാരുണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ ശിഷ്യനായ വിശ്വേശ്വരസരസ്വതിയുടെ പ്രിയശിഷ്യനാണ് താനെന്നും അദ്ദേഹം ഈ ഗ്രന്ഥത്തിൽ പ്രഖ്യാപിക്കുന്നു,

“ശങ്കരശ്ചാമരേന്ദ്രശ്ച വിശ്വേശ്വര ഇതി ത്രയഃ
പുനന്തു മാം കീടബുദ്ധിമാചാര്യാഃ കൃപയാ മുദാ.

അമരേന്ദ്രയതിശ്ശിഷ്യോ ഗീർവാണേന്ദ്രസ്യ യോഗിനഃ
തസ്യ വിശ്വേശ്വരശ്ശിഷ്യോ ഗിർവാണേന്ദ്രോഹമസ്യ തു
ശിഷ്യഃ പ്രപഞ്ചസാരസ്യ വ്യദധാം സാരസംഗ്രഹം.

ഗീർവാണയോഗിനി ഭുവം പരിതഃ പ്രതീതേ
ഗീർവാണമാപ ഗുരുഭൂതഗണപ്രചാരഃ
സർവാപരാധകൃതമപ്യവനീതലേസ്മിൻ
സ്വർവാഹിനീസദൃശമാകലയേ കടാക്ഷൈഃ”

## ഗോവിന്ദാമൃതയതി

ഗോവിന്ദാമൃതപൂജ്യപാദൻ കേരളീയനും തൃശ്ശൂരിലെ സ്വാമിയാരന്മാരിൽ അന്യതമനുമാണെന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. ഗോവിന്ദാമൃതന്റെ വകയായി രണ്ടു കൃതികൾ ലഭിച്ചിരിക്കുന്നു. ഒന്നു ശബരസ്വാമിയുടെ മീമാംസാസൂത്രഭാഷ്യത്തിനു കൗമാരിലമതമനുസരിച്ച രചിക്കപ്പെട്ടിട്ടുള്ള ധർമ്മമീമാംസാഭാഷ്യവിവരണവ്യാഖ്യാനമാണ്. അതിൽ വ്യാഖ്യാതാവു തനിക്കു ദേവേന്ദ്രസരസ്വതിയെന്നുകൂടി പേരുണ്ടെന്നും തന്റെ ഗുരു നാരായണപൂജ്യപാദനാണെന്നും പറയുന്നു. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ഈ ഗ്രന്ഥത്തിലുള്ളവയാണ്.

“യസ്മാദാവിരഭൂദ്വിശ്വം യത്ര ച പ്രവിലീയതേ
തൽ സ്വതസ്സച്ചിദാനന്ദം നമസ്യാമഃ പരം മഹഃ
പ്രണമാമി ഗണേശാനം ദേവീം വാചം തഥാ ഗുരൂൻ
യൽകൃപാലോകനാദേവ മനോ മേ ശുദ്ധതാമഗാൽ.
ശ്രീമച്ഛാബരഭാഷ്യസ്യ മയാ ശിഷ്യഹിതൈഷിണാ
കുമാരിലോക്തഭാവസ്യ ക്രിയതേ വിവൃതിർമ്മിതാ.”

മറ്റൊരു കൃതി കൃഷ്ണമിശ്രമഹാകവിയുടെ പ്രബോധചന്ദ്രോദയമെന്ന രൂപകത്തിന് അദ്ദേഹം നിർമ്മിച്ചിട്ടുള്ള സർവങ്കഷവും വിശിഷ്യ അദ്വൈതരഹസ്യപ്രകാശകവുമായ നാടകാഭരണം എന്ന വ്യാഖ്യാനമാകുന്നു. ഈ ഗ്രന്ഥത്തിൽ “ശ്രീമൽ പരമഹംസപരിവ്രാജക ശ്രീമൽപ്രകാശതീർത്ഥഭഗവൽപൂജ്യപാദശിഷ്യേണ ഗോവിന്ദാമൃതഭഗവതാ” എന്നൊരു കുറിപ്പാണ് കാണുന്നത്. ധർമ്മമീമാംസാഭാഷ്യവിവരണത്തിൽ തന്നെ മുനിയെന്നും നാടകാഭരണത്തിൽ ഭഗവാനെന്നുമാണ് ഗ്രന്ഥകാരൻ വ്യപദേശിക്കുന്നത്. അദ്ദേഹത്തിനു പക്ഷെ പ്രകാശതീർത്ഥഭഗവാൻ പിന്നീടു സംപ്രദായഗുരുവായിത്തീർന്നിരിക്കാം. നാടകാഭരണം ഇങ്ങനെ ആരംഭിക്കുന്നു.

“യാ കണ്ഠനാളകബളീകൃതകാളകൂട-
ച്ഛായേവ വിസ്ഫുരതി വക്ഷസി ചന്ദ്രമൗലേഃ
സാ മേ സമസ്തദുരിതാനി കടാക്ഷമാലാ
തുച്ഛീകരോതു തുഹിനാചലകന്യകായാഃ.

യദജ്ഞാനാദ്വിശ്വം ഭവതി ഫണിവദ്രജ്ജുശകലേ
നിലീനം യജ്ജ്ഞാനാജ്ഝടിതി സനിദാനം ത്രിഭുവനം
യദുച്ചൈരാമ്നായൈർവിശദമവഗമ്യം മുനിജനൈ-
സ്തതേതദ്ബ്രഹ്മാഹം സഹജപരമാനന്ദമധുരം.

നത്വാ ഗൗരീഗുരും ഗൗരീം മാധവം മാം ഗുരും തഥാ
നാടകാഭരണം നാമ ടിപ്പണം ക്രിയതേ മയാ.”

ക്രി. പി. പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന കൃഷ്ണമിശ്രനെപ്പറ്റി ഗോവിന്ദാമൃതനുള്ള ബഹുമാനം നിസ്സീമമായിരുന്നു.

“അതിലളിതപദകദംബകമതിഗംഭീരാർത്ഥമഖിലരസപുഷ്ടം
ആഖ്യാനമേതദതുലം വ്യാഖ്യാതും ഗ്രന്ഥകോടയോ നാലം.”

എന്നാണ് അദ്ദേഹം പറയുന്നത്. നാടകാഭരണം കൊല്ലം പത്താംശതകത്തിന്റെ പൂർവാർദ്ധത്തിൽ പകർത്തിയെഴുതീട്ടുള്ളതിനു രേഖയുണ്ട്.

## ഈശ്വരശർമ്മ (ശൃങ്ഗാരസുന്ദരകാരൻ)

ശൃങ്ഗാരസുന്ദരമെന്ന ഭാണത്തിന്റെ പ്രണേതാവാണ് ഈശ്വരകവി. അദ്ദേഹത്തിന്റെ ജാതിയെന്തെന്നു വെളിവാകുന്നില്ല. ബ്രാഹ്മണനായിരിക്കാം. മീനച്ചലാറ്റിന്റെ തീരത്തിലായിരുന്നു അദ്ദേഹത്തിന്റെ ഗൃഹം. താൻ ‘ബിംബലീദേശവാസ്തവ്യ’നാണെന്ന് അദ്ദേഹം തന്നെ പ്രസ്താവിക്കുന്നുണ്ട്. വടക്കുംകൂറായിരിക്കണം അദ്ദേഹം നിർദ്ദേശിക്കുന്ന ബിംബലി. അന്നത്തെ കൊച്ചിമഹാരാജാവിന്റെ ആശ്രിതനായിരുന്നു ആ കവിയെന്നു പ്രസ്തുത കൃതിയിൽനിന്നു അനുമാനിക്കുവാൻ മാർഗ്ഗം കാണുന്നു. വൈക്കത്ത് ഒരു നമ്പൂരിയായിരുന്നു അദ്ദേഹത്തിന്റെ ഗുരു.

താഴെക്കാണുന്ന ഭാഗങ്ങൾ വായനക്കാർ ധരിച്ചിരിക്കേണ്ടതാണ്.

ഗ്രന്ഥകാരൻ തന്നെപ്പറ്റി:

“വ്യാഘ്രവേശ്മനിവാസസ്യ ദ്വിജരാജശിരോമണേഃ
സദ്ഗുരോര്യഃകൃപാലേശാൽ സാധ്വീം ശക്തിമവാപ്തവാൻ,
ബിംബലീവാസിനസ്തസ്യ കൃതിരീശ്വരശർമ്മണഃ
ഭവതാ നാടനീയോദ്യ ഭാണശ്ശൃംഗാരസുന്ദരഃ”

“തേന താവദ്ബിംബലീഭൂഭാഗാദാഗതഃ കവിസുഹൃന്മമ
മാതൃഷ്വസേയോ നീലകണ്ഠനാമാ നടവരസ്തം നാടയത്വിതി”.

അഭിരാമനെന്നാണ് വിടന്റെ പേർ.

“മധുരൗജ്ജ്വല്യസമേതസ്സുമനഃപല്ലവകപുഷ്കലശ്രീമാൻ
വിലസത്യയമഭിരാമസ്സരസം ഘടയന്നയോഗിനോ യൂനഃ”

കൊച്ചിവർണ്ണനം: "അതിരമണീയലക്ഷ്മീവിലാസോത്തരാ ഗോശ്രീർന്നാമ കേരള രാജാനാം രാജധാനീ. അസ്യാം ഹി,

ശോഭന്തേ മണിപുഞ്ജദീപ്ത്യവിരതപ്രദ്യോതിഗർഭാ ഗൃഹാഃ
പ്രാസാദാ അപി താരകാകുലകുലാവേലാക്ഷമാഗ്രസ്ഥലാഃ
കിഞ്ച ധ്വാന്തനിരന്തരോദരലതാഗേഹാസ്തഥാ നിഷ്കുടാഃ
കാസാരാശ്ച സുവർണ്ണവാരിജവനീരുക്സംഗപിംഗാംഭസഃ.

അപിച

സമുല്പന്നാ യസ്മാൽ സകലജനതാസമ്മദകരീ
സദാ സാ ശ്രീരസ്യാം കലയതി നിവാസം സ്ഥിരതയാ
ഇതി പ്രേമ്ണാ നൂനം സകലഗുണസമ്പജ്ജനിഭുവഃ
പരിത്രാണായാസ്യാ വഹതി പരിഖാത്വം ജലനിധിഃ.

കിഞ്ച

ഇന്ദുർദ്യുമാർഗ്ഗഗമനശ്രമനുത്തയേ ∫ സ്യാ-
സ്സദ്യോ വികീർണ്ണഘനലേപന ശീതളാസു
സൗധാഗ്രഭൂമിഷു പുനഃപുനരാസനേഷു
സംക്രാന്തയാർദ്രസുധയാ കില പാണ്ഡരോഭൂൽ.

സ്വർഗ്ഗാൽ കിംന്വമരാവതീഹ പതിതാ കിം ഭോഗവത്യുദ്ഗതാ
പാതാളാദഥവാ ത്രികൂടകടകാല്ലങ്കാ കിമഭ്യാഗതാ
ആയാതാ കിമുതാളകാ ഹരഗിരേഃ, കിം ഭൂരിഭിർവർണ്ണനൈ-
രദ്യാന്യാത്ര ജഗത്ത്രയേ ന നഗരീ ഭൃതിം ബിഭർത്തീദൃശീം."

അവിടത്തെ കനകാകരം എന്ന അങ്ങാടിയിൽ രത്നങ്ങൾ നെന്മണികൾപോലെ കിടന്നിരുന്നുവത്രേ.

"വീഥീഷു വിച്യുതാകീർണ്ണാൻ വ്രീഹീനിവ ബഹൂൻ മണീൻ
ഉപാദദാന ഉഞ്ഛാർത്ഥീ ജനോ വിത്തേശ്വരായതേ."

ചില സരസോക്തികൾ-മനുഷ്യപശു:

"ഉഭയോർഗ്ഗൂഢമന്യോന്യം വദതോര്യോ നരോന്തികം
വിനാ കാരണമഭ്യേതി തം ദ്വിപാദം വിദുഃ പശും."

മനുഷ്യഗർദ്ദഭം:

"പരസ്മിൻ നിർഭരം രക്താം സ്വേ വിരക്താഞ്ച യോഷിതം
യോ നരോ യാതി നിർബ്ബന്ധാൽ സ ദ്വിപാദ്ഗർദ്ദഭോ ധ്രുവം."

കവണാറ്റിൻകരയിലെ കരിമ്പിൻതോട്ടങ്ങൾ:

"സ്ത്രീപുംസാനാം ത്രിജഗതി കഠോരാണി ചിത്താനി ഭേത്തും
ഭൂയോ ഭൂയഃ കുസുമവിശിഖാനിക്ഷുധന്വാ വിമുഞ്ചൻ
ഭഗ്നേ ഭഗ്നേ ധനുഷി സപദി പ്രഗ്രഹീതും തതോന്യദ്
ഗൗണീകൂലേ കില വിചരതി സ്ഫീതനീലേക്ഷുജാലേ."

മാടരാജപ്രശസ്തി:

“വീരാഗ്രേസര ലോകേസ്മിൻ പ്രതാപേ തേ പ്രസർപ്പതി
ചിത്രം ശിശിരകാലേപി പ്രജാശ്ശീതം ന ബാധതേ.”

ഒരു യുവതി വെള്ളം കോരുന്നതു്:

“വിലോലകബരീപതൽകുസുമജാലലോലഭ്രമ-
ദ്വിരേഫനികരാകുലാ കലശരജ്ജുകർഷക്രമാൽ
സ്വനൽകനകകങ്കണാ വിനമദുന്നമദ്ദോർല്ലതാ
ജനസ്യ മനസാ സമം ഹരതി കൂപികായാഃ പയഃ.”

ഒരു യുവതിയുടെ നെല്ലുകുത്തു്:

“അസ്യാഃ പാണിർമ്മുഖരവലയശ്രേണിരത്യൈക ഏവ
പ്രായേണോച്ചൈർഭ്രമതി മുസലക്ഷേപണാവർത്തനേന
അന്യോ ധന്യഃ കനകരശനാം സ്രംസനേ സ്രംസനേ ദ്രാക്
പ്രത്യാബധ്നൻ പൃഥുനി ജഘനേ ക്രീഡതിസ്വൈരചാരീ.”

## മറ്റൊരു ഭാണം

ഈ ഭാണത്തിന്റെ ആദ്യവസാന ഭാഗങ്ങൾ കണ്ടുകിട്ടീട്ടില്ലാത്തതിനാൽ ഇതിന്റെ പേരെന്തെന്നോ കവി ആരെന്നോ അദ്ദേഹത്തിന്റെ കാലമേതെന്നോ അറിയുവാൻ നിവൃത്തിയില്ല. തൃശ്ശൂരിനു സമീപമാണു് ജന്മഭൂമിയെന്നു മാത്രം ഊഹിക്കാം. താഴെ ഉദ്ധരിക്കുന്നശ്ലോകം നോക്കുക.

“മദ്ധ്യേകേരളമിദ്ധസർവവിഭവൈഃ സദ്ധാമഭിർമ്മണ്ഡിതം
ശുദ്ധാന്തഃകരണൈരുചാം നിപംനേ ശ്രദ്ധാലുഭിശ്ച ദ്വിജൈഃ
യദ്ധാമ സ്മരവൈരിണശ്ശിവപുരീത്യദ്ധാ പ്രസിദ്ധാ ഗുണൈഃ
സ്പർദ്ധാലു ത്രിദിവേന തൽപരിസരേ ബദ്ധാധിവാസാ വയം.”

കവിതയ്ക്കു സാരള്യവും മാധുര്യവുമുണ്ടു്. രണ്ടു ശ്ലോകങ്ങൾ കൂടി പകർത്തുന്നു.
മഹത്ത്വം:

“വിനയാദിഗുണഗ്രാമദർശനപ്രീതചേതസാം
അനുഗ്രഹേണ സാധൂനാം മഹത്ത്വം യാതി മാനവഃ

സൂര്യോദയം:

“ആരൂഢൈരുദയാചലം ദിനപതേരുസ്രൈസ്തമിസ്രാപഹൈ-
രാരക്തം പുനരന്യതശ്ച വിപുലധ്വാന്തോപലീമേചകം
ഏതദ്ദിഗ്വലയം വിഭാതി വലഭിന്നീലാശ്മഭിർന്നിർമ്മിതം
ദാമേവോജ്ജ്വലപദ്മരാഗഘടിതശ്രീമന്മഹാനായകം.”

## ദേശമങ്ഗലത്തു് ശ്രീകണ്ഠവാരിയർ

മാഘകാവ്യത്തിനു ബാലബോധിക എന്ന വ്യാഖ്യാനം രചിച്ച ദേശമങ്ഗലത്തു ശ്രീകണ്ഠവാരിയരെപ്പറ്റി പ്രാസംഗികമായി അന്യത്ര പ്രതിപാദിച്ചിട്ടുണ്ടു്. ‘പാരേദക്ഷിണഗങ്ഗാം’ ഇത്യാദ്യുപക്രമപദ്യങ്ങളിൽ അദ്ദേഹം തന്റെ പൂർവന്മാരായ ഒരു രുദ്ര

നേയും രണ്ടു ശ്രീകണ്ഠന്മാരേയുംപറ്റി പ്രസ്താവിക്കുന്നുണ്ടല്ലോ. അവരിൽ ആദ്യത്തെ ശ്രീകണ്ഠനെയാണ് മാനവേദ സട്ടകകാരൻസ്മരിക്കുന്നതെങ്കിൽ രണ്ടാമത്തെ ശ്രീകണ്ഠന്റെ പുത്രനായ മാഘവ്യാഖ്യാതാവു ക്രി. പി. ഒൻപതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാം. ബാലബോധിക വിശിഷ്ടമായ ഒരു വ്യാഖ്യാനംതന്നെ. അതു പൂർത്തിയായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. താഴെക്കാണുന്നതു വന്ദനശ്ലോകമാണ്.

> "ആനന്ദകന്ദളിതമങ്ഗളഭൃങ്ഗമാലാ-
> ഗാനാമൃതസ്തുതമനോഹരമാധുരീകം
> ഏനോനികൃന്തനനിരന്തരസൌരഭം വോ
> വൈനായതം മദജലം കുശലം തനോതു."

മാഘനെപ്പറ്റി തനിക്കുള്ള ബഹുമാനം ശ്രീകണ്ഠൻ "പ്രാഗ്ജനിസഹസ്രസതതസമുപാസിതസകലവിദ്യാതത്ത്വവിഭൂതിഃ സ്വയംപ്രഭൃതസമീചീനവാസനാവൈഭവവൈദുഷീവിശേഷ വിഭൂഷിതശേമുഷീസമുന്മേഷഃ പരമഭാഗവതഃ കവികുലപരമേശ്വരഃ പരമേശ്വരചരിതചാതുരീവിലസിതകലാസർവസ്വനിലയഭൂതം ശിശുപാലവധാഭിധാനം കമപി പ്രബന്ധം നിബന്ധും പ്രക്രമമാണഃ" എന്ന പങ്ക്തികളിൽ പ്രദർശിപ്പിക്കുന്നു. ചില മാതൃകകളിൽ 'ശ്രീകണ്ഠാചാര്യശിഷ്യേണ' എന്നു കാണുന്നതിൽനിന്ന് അച്ഛൻതന്നെയായിരുന്നു ഗുരുനാഥൻ എന്ന് ഊഹിക്കാം. "മന്മസ്കരാംബുജസ്ഥാസ്നുഗുരുഭൃതനിയോഗതഃ" എന്ന ഭാഗത്തിൽ മറ്റൊരു ഗുരുവിനേയും അദ്ദേഹം പരാമർശിക്കുന്നു. അതാരെന്നറിയുന്നില്ല. "ചതുഷ്ടയാദിഗ്രന്ഥാനാം വ്യാഖ്യാ ബഹ്വ്യഃ കൃതാ മയാ" എന്നുള്ള പ്രസ്താവനയിൽ നിന്ന് അദ്ദേഹം ചതുഷ്ടയം മുതലായ പല ഗ്രന്ഥങ്ങൾ അതിനു മുമ്പുതന്നെ വ്യാഖ്യാനിച്ചുകഴിഞ്ഞിരുന്നു എന്നും വെളിപ്പെടുന്നു. അത് ഏതു ചതുഷ്ടയമെന്നു വ്യക്തമാകുന്നില്ല.

## സീതാരാമകവി

### ചരിത്രം

സീതാരാമകവി ചോളദേശീയനാണ്. അദ്ദേഹം കേരളത്തിൽ വന്നു വടക്കുംകൂർ രാജധാനിയിലെ ആസ്ഥാനപണ്ഡിതനായിത്തീർന്നു. ജാനകീ പരിണയാദിവിവിധകൃതികളുടെ പ്രണേതാവും കവികുലമൂർദ്ധന്യനുമായ രാമഭദ്രദീക്ഷിതരുടെ ശിഷ്യനാണ് താനെന്ന് അദ്ദേഹംതന്നെ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹത്തിന്റെ കാലം ഉദ്ദേശം ഒൻപതാം ശതകത്തിന്റെ ഒടുവിലാണെന്നു നിർണ്ണയിക്കാം. തഞ്ചാവൂരിലെ ശാഹജിമഹാരാജാവു രാമഭദ്രദീക്ഷിതർക്കു ഭൂമിദാനം ചെയ്തതു കൊല്ലം 868-ലാണല്ലോ. ബാലരാമവിജയം എന്ന പേരിൽ രണ്ടു സ്തബകങ്ങളടങ്ങിയ ഒരു ചമ്പൂകാവ്യംമാത്രമേ സീതാരാമന്റെ കൃതിയായി നമുക്കു ലഭിച്ചിട്ടുള്ളൂ. ആ ചമ്പുവിനെ സ്പർശിക്കുന്നതിനുമുമ്പ് അതിൽത്തന്നെയുള്ളതും കവിയുടെ ചരിത്രത്തെ പരാമർശിക്കുന്നതുമായ താഴെക്കാണുന്ന ശ്ലോകങ്ങൾ അനുവാചകന്മാരുടെ ദൃഷ്ടിക്കു വിഷയീഭവിക്കേണ്ടതുണ്ട്.

> "യദീയവാഗ്വൈഭവലാഭലോഭാൽ
> പഠന്തി ശാസ്ത്രാണ്യധുനാപി സന്തഃ
> പാതഞ്ജലോക്ത്യാ പരിപൂതകീർത്തിഃ
> ശ്രീരാമഭദ്രാഖ്യമഖീ ഗുരുർന്നഃ.

ഗൃഹീത്വാ പുഷ്പേഭ്യോ മധു മധുകരാസ്സന്തതമമീ
മധൂളീം കുർവാണാ അപി ന വിരമന്തി പ്രതിദിനം
തുലാം വോഢും നിത്യം ഭണിതിസുധയാ യസ്യ സ ഗുരു
ശ്ചിരം ജീയാദവ്യാദമുമപി ച നാരായണബുധഃ.

നാരായണാഹ്വയപിതൃവ്യമുഖേന്ദുബിംബ-
മധ്യാദ്വിനിർഗ്ഗളദനർഗ്ഗളവാക്സുധാഭിഃ
ആപ്യായിതോ വിരചയാമി കവീന്ദ്രഹൃദ്യം
കാവ്യം സുഗദ്യനവപദ്യരസാനവദ്യം,

ശ്രീവൈദ്യനാഥമഖിവര്യസുതേന സീതാ-
രാമേണ സർവബുധമാനസഹംസഭൃതം
ശ്രീബാലരാമവിജയാഹ്വയചമ്പുകാവ്യം
സന്തന്യതേ കവിവരാൻ വിബുധാൻ പ്രണമ്യ."

"പാതഞ്ജലോക്ത്യാ പരിപൂതകീർത്തിഃ" എന്നു രാമഭദ്രദീക്ഷിതരെ കവി വർണ്ണിക്കുന്നതു് അദ്ദേഹം പരിഭാഷാവൃത്തിയുടെ കർത്താവായതുകൊണ്ടാണ്. ദീക്ഷിതരുടെ ശിഷ്യന്മാരിൽ അന്യതമനായ ശ്രീനിവാസയജ്വാവ് സ്വരസിദ്ധാന്തചന്ദ്രികയിൽ

"വ്യാകൃതിനിർമ്മാണചണാൻ പ്രണമാമി ത്രീൻ മുനീൻ ജഗദ്വന്ദ്യാൻ
ഗുരുമപി സമഷ്ടിമേഷാം വന്ദേ ശ്രീരാമഭദ്രയജ്വാനം"

എന്നും മറ്റും അദ്ദേഹത്തിന്റെ ശബ്ദശാസ്ത്രനിഷ്ണാതതയെ പ്രശംസിക്കുന്നുണ്ട്. സീതാരാമന്റെ പിതാവു വൈദ്യനാഥദീക്ഷിതരും പിതൃവ്യൻ നാരായണനുമായിരുന്നു എന്നും ആ നാരായണനായിരുന്നു അദ്ദേഹത്തിന്റെ സാഹിത്യദേശികനെന്നും മുൻപ് ഉദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു നാം ധരിക്കുന്നു.

## ഇതിവൃത്തം

ബാലരാമവിജയം മലയപർവതത്തിന്റെ വർണ്ണനംകൊണ്ട് ആരംഭിക്കുന്നു. അനന്തരം

"അധിത്യകായാസ്സരസോവതീർണ്ണാ
സരിദ്വരാ പശ്ചിമവാഹിനീ സാ
ഗൃണന്തി താമുത്തരവാഹിനീതി
രസോത്തരത്വേന സമസ്തലോകാഃ.
. . . . . . . . .
ഗൗരീം ചിരായ പരിഭൂയ ശിരോധിരൂഢാ
ഫാലേക്ഷണസ്യ തടിനീ നിജദോഷശാന്ത്യൈ
ശ്രീവല്ലലേശമചലാത്മജയാ സമേതം
സേയം പ്രദക്ഷിണമനുക്ഷണമാതനോതി"

എന്നു് ഒരു നദിയെ പ്രശംസിക്കുന്നു. ആ നദി മൂവാറ്റുപുഴയാറും വല്ലലേശൻ വൈക്കത്തെപ്പനുമാണെന്നു ഞാൻ ഊഹിക്കുന്നു. അതിനെത്തുടർന്നു വടക്കുംകൂർ രാജ്യത്തെപ്പറ്റി കവി ഇങ്ങനെ പ്രസ്താവിക്കുന്നു.

## ഗദ്യം

“തതസ്തന്മാതൃകഃ, നിഖിലമനുജകുലപരിപോഷകഃ, കുടിലഖലജാലവിദ്രാവകഃ വികസിതാരവിന്ദപരട ശോഭിതകനകദീഘികഃ, പരഭടഹൃദയകവാടവിദലനപടുവിഹാരാവപരിമണ്ഡിത നിജബിരുദാക്രാന്തമഹീമണ്ഡലമണ്ഡനായമാനനാനാഭരണഭൂഷിതശോഷിതരിപുബലനിജസേനാലങ്കരണ മദകരടിസ്കന്ധാധിരൂഢസാമന്തരാജന്യകുലപരിബൃംഹിതഃ വരഗജവാജിവിക്രേതൃമൃഗമദ പ്രമുഖസുരഭിവസ്തുനവരത്നവാണിജ്യനിപുണവണി
പൂരിതപണ്യവീഥികാസമൃദ്ധിപരിഹസിതാളകാപുരീ വിഭവഃ, തുംബുരുനാരദഗീയമാനനിജാപദാനോ ബിംബലോ നാമ ദേശഃ പ്രാദുരസ്തി.”

അതിനുമേൽ വടക്കുംകൂർ രാജാക്കന്മാരുടെ അക്കാലത്തെ രാജധാനിയായ ഏറ്റുമാനൂരിനെ സ്തുതിക്കുന്നു.

“ദാനാത്തകീർത്ത്യാശ്രിതസത്സമുദ്രാ
ഗാനേഷു സർവൈരപി ഗീയമാനാ
സേനാനിവേശൈഃ പരിശോഭമാനാ
മാനാസ്പദാഖ്യാ നഗരീ ചകാസ്തി.”

“ക്വചിൽ സവ്യാപസവ്യഭ്രമണരണരണദയഃഫലകാനിശഘട്ടനക്ഷുണ്ണ ഹരിന്മണിമയാട്ട സമുത്ഥിതധൂളീ ശ്യാമായമാനാശാവകാശാ ജാത്യശ്വസംഭൃതമന്ദുരാ സമലംകൃതാ” എന്നു തുടങ്ങുന്ന ഒരു ദീർഘഗദ്യവും ആ പ്രകരണത്തിലുണ്ടു്. പിന്നീടു്

“സാമന്തഭൂപാലകരോപനീത-
ധനൗഘസമ്പാദിതപുണ്യശീലാഃ
അധീതശാസ്ത്രാ വിനയാന്വിതാശ്ച
ഭൂപാ ബഭൂവുർഭുവനൈകവീരാഃ”

എന്നു് അവിടത്തെ പൂർവന്മാരായ രാജാക്കന്മാരെപ്പറ്റി ഉപന്യസിച്ചതിനുമേൽ അന്നത്തെ രാജാവായ രാമവർമ്മാവിനേയും അദ്ദേഹത്തിന്റെ സഹോദരിയായ മംഗലാംബികയേയും സ്മരിക്കുന്നു. മംഗലാംബികയെ വർണ്ണിക്കുന്നതാണു് ചുവടെ ഉദ്ധരിക്കുന്ന ഗദ്യം.

“നളിന്യാ ഇവ പ്രാഭാതികാ ഭാനുമാലാ, കുമുദിന്യാ ഇവനവ്യസുധാമയൂഖരേഖാ, ദീഘികായാ ഇവ മരാളീ, ഉദന്യായാ ഇവ അനഭ്രാസുധാവൃഷ്ടിഃ, നിർദ്ധനസ്യേവാക്ഷയനിധിഃ, നിദാഘനിഷ്ടപത്സ്യേവശീതളപ്രപാപ്രാപ്തിഃ, സകലലോകാനന്ദകരവൃത്തിഃ ... പരിചിതജഗദംബികാമൂകാംബികാചരണയുഗളഭക്തിഃ ... ശ്രീനീലകണ്ഠാനുകമ്പാ സംപ്രാപ്ത സകല പുരുഷാർത്ഥസിദ്ധിഃ ... ബിംബലകുലമങ്ഗലദീപികാ സമഭൂന്മ്ങ്ഗലാംബികാ”. മൂകാംബിക വടക്കുംകൂർ രാജവംശത്തിന്റെ ഇഷ്ടദേവതയാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. ആ രാജ്ഞിക്കു് ഇളങ്കാവിൽ ഭഗവതിയുടെ കാരുണ്യംനിമിത്തം ബാലരാമവർമ്മ എന്നൊരു കുമാരൻ അവതരിച്ചു.

“ബാലാടവീഭഗവതീകരുണാകടാക്ഷാൽ
ശൈലേന്ദ്രധൈര്യസഹിതോ മഹിതസ്സുധീഭിഃ
ലീലാതിജയ്യരിപുരാശ്രിതപാലനശ്ച
ശ്രീബാലരാമനൃപതിസ്സമജായതാസ്യാം.”

ആ ബാലരാമനു് അത്ഭുതപാർവതി എന്നൊരു സഹോദരിയും ആ രാജകുമാരിക്കു് ആദിത്യവർമ്മ എന്നൊരു പുത്രനും ജനിച്ചു! ഒന്നരലക്ഷം ഭടന്മാർക്കു അധിപനായ

ദക്ഷിണദേശത്തെ രാജാവിനെ മണികണ്ഠൻ എന്ന തന്റെ ജ്യേഷ്ഠനോടും വിക്രമാദിത്യ സന്നിഭനായ, മുമ്പു നിർദ്ദേശിച്ച ആദിത്യവർമ്മകുമാരനോടും കൂടി യുദ്ധത്തിൽ ജയിക്കണമെന്നു ബാലരാമനോടു രാമവർമ്മ രാജാവു് ആജ്ഞാപിച്ചു. മണികണ്ഠൻ അന്നത്തെ തെക്കുംകൂർ രാജാവായിരിക്കണം. ബാലരാമൻ ആ ആജ്ഞയെ ശിരസാവഹിച്ചു. സാമന്തപ്രഭുക്കന്മാർ അറിവാൻ താഴെ ഉദ്ധരിക്കുന്ന വിളംബരം പ്രസിദ്ധപ്പെടുത്തി.

"ഭോ ഭോ വീരയൂഥപാലാഃ താഡ്യന്താം സമന്തതോ വിജയഭേര്യഃ ആഹന്യന്താം പടഹാഃ, ആധ്മായന്താം ധവളശംഖാഃ, ആഘോഷ്യന്താം കാഹള്യഃ, ആരുഹ്യന്താം തുരങ്ഗമഃ സമാമുച്യന്താം വർമ്മാണി വക്ഷഃസ്ഥലേ, അവമുച്യന്താമാളാനികാൽ കരവിധൂതായസശൃംഖലാഃ കരിവരാഃ, ഉന്മാദ്യന്താം പരവാടികാപ്രാകാരതോരണഭേദനപടവഃ കരിടിനഃ, സന്നഹ്യന്താമയശ്ശകടോപരി കഠോരവഹ്നിയന്ത്രാഃ, ആപൂര്യന്താമൗഷധൈർന്നളികാഃ, ആരോപ്യന്താം കാർമ്മുകേഷു ജ്യാഗുണാഃ, സന്ധീയന്താം ശരാശ്ശരാസനേഷു, സമവസ്ഥാപ്യന്താം സൈനികാസ്തത്ര തത്ര, ആലോക്യന്താം രിപുമർമ്മാണി, സംരക്ഷ്യന്താം സ്വകാവീരലോകാഃ സത്വരം നിർഗ്ഗമ്യന്താം ദക്ഷിണദേശഭൂപാലൈരഭിയോക്തും."

അദ്ദേഹത്തിന്റെ സേനാസന്നിവേശം അടിയിൽ വിവരിക്കുന്ന വിധത്തിലായിരുന്നു. "അഗ്രേ നളികധരാഃ, തദനുബദ്ധശ്രുണീരാരോപിതശരശരാസനാ ധന്വിനഃ, തദനു നിശിതകുന്തായുധാഃ, തദനു തുരങ്ഗസാദിനഃ, തദനു കരധൂതായസശൃംഖലാ മദദന്താവളാഃ, തദനു പരിതശ്ശകടോപരിപരികല്പിത കഠോരവഹ്നിയന്ത്രകാഃ, അന്തരാന്തരാ രഥിനഃ."

യുദ്ധത്തിൽ ദക്ഷിണേശൻ, തന്റെ പുത്രൻ മരിക്കുകയാൽ ഹതാശനായി, ബാലരാമനെത്തന്നെ യുവരാജാവായി അംഗീകരിക്കുകയും വടക്കുംകൂറിലെ ഗോദവർമ്മാദിരാജാക്കന്മാർ ആ ജേതാവിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. അതിനപ്പുറം പാർവ്വതി എന്ന ആ നാട്ടിലെ ഒരു യുവതിയെ അദ്ദേഹം വിവാഹം ചെയ്യുകയും ചെയ്യുന്നു.

"ലോലംബമാലാലളിതാളകേയം
ബന്ധൂകനിന്ദാപരദന്തചേലാ
ലവങ്ഗബാലച്ഛദചാരുജിഹ്വാ
ചില്ലീജിതാനങ്ഗശരാസവല്ലീ"

എന്നും മറ്റുമാണു് ആ സുന്ദരിയെ കവി വർണ്ണിക്കുന്നതു്. "ശ്രീമാൻ ബാലരാമഃ സുഖേന സർവാമപി മേദിനീം, സർവാനപിവിബുധാൻ, സർവാനപി ബന്ധൂൻ, സർവാനപി കവീന്ദ്രാൻ രഞ്ജയിത്വാ രാജതേ വിജയതേ ച" എന്നു് ഒടുവിൽ അദ്ദേഹം തന്റെ സ്വാമിയുടെ അപദാനങ്ങളെ അനുകീർത്തനം ചെയ്യുന്നു. ദക്ഷിണേശൻ ആരെന്നു വ്യക്തമാകുന്നില്ല; അക്കാലത്തെ യുദ്ധരീതിയെപ്പറ്റി പല വിവരങ്ങളും നമുക്കു് ഈ ചമ്പുവിൽ നിന്നു സ്പഷ്ടമായി ഗ്രഹിക്കാമെന്നുള്ളതാണു് ഇതിന്റെ വിശേഷം. കവിതയും ചേതസ്സമാകർഷകം തന്നെ.

## അരുണഗിരികവി

ഗോദവർമ്മയശോഭൂഷണം എന്ന അലങ്കാരഗ്രന്ഥത്തിന്റെ പ്രണേതാവാണു് അരുണഗിരികവി. അദ്ദേഹവും സീതാരാമകവിയെപ്പോലെ ഒരു ദ്രാവിഡബ്രാഹ്മണനായിരുന്നു. ഗോദവർമ്മാ വടക്കുംകൂറിലെ ഒരു രാജാവാണെന്നുമാത്രം അറിയാം. പ്ര

സ്തുത നാമധേയത്തിൽ പല രാജാക്കന്മാരേയും നാം ആ വംശത്തെ അലങ്കരിച്ചവരുടെ കൂട്ടത്തിൽ കാണുതിനാൽ അവരിൽ ഏതു ഗോദവർമ്മാവാണ് അരുണ ഗിരിയുടെ പുരസ്കർത്താവ് എന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ട്. ഏകാവലി, പ്രതാപരുദ്രീയം തുടങ്ങിയ കൃതികളെപ്പോലെ രാജപ്രശസ്തിപരങ്ങളായ പദ്യങ്ങൾമാത്രമാണ് കവി ഉദാഹരണരൂപത്തിൽ രചിച്ചിരിക്കുന്നത്. അർത്ഥാലങ്കാര പ്രകരണത്തെമാത്രമേ അദ്ദേഹം പരാമർശിക്കുന്നുള്ളു. ഉപമയിൽ ആരംഭിച്ച് ഉദാത്തത്തിൽ ആ അലങ്കാരങ്ങൾ അവസാനിക്കുന്നു. വിശ്വനാഥകവിരാജന്റെ സുപ്രസിദ്ധമായ സാഹിത്യദർപ്പണത്തിലും ആ പരിപാടി തന്നെയാണല്ലോ അങ്ഗീകരിച്ചിരിക്കുന്നത്. അരുണഗിരി ഗ്രന്ഥമധ്യത്തിൽ താൻ ഗൗരീശതകം എന്നൊരു കാവ്യംകൂടി നിർമ്മിച്ചിട്ടുള്ളതായി പ്രസ്താവിക്കുകയും അതിൽനിന്നു താഴെക്കാണുന്ന ശ്ലോകം ഉദ്ധരിക്കുകയും ചെയ്യുന്നു.

> "കുടിലാളീകലസന്തീം കുരുവിന്ദലലന്തികാം തവാദ്രിസുതേ!
> അധിധനരശോകമസ്തും മദനവ്യത്യാസസഹിതം മന്യേ."

ബിന്ദ്വലങ്കാരം എന്നൊരു പൂർവനിബന്ധത്തേയും കവി സ്മരിക്കുന്നു. അജ്ഞാതകർത്തൃകമായ ആ ഗ്രന്ഥം 14-ആം ശതകത്തിൽ ഏകാവലീകാരനായ വിദ്യാധരനാലും സ്മരിക്കപ്പെട്ടുകാണുന്നു. ഗ്രന്ഥാരംഭത്തിലുള്ളതാണ് അധോലിഖിതമായ ശ്ലോകം.

> "വാണീപാണിസരോജശോണനഖരശ്രീകോണവീണാരവ-
> ശ്രേണീനിർഭരമാധുരീരസലസദ്വേണീകിരാ യദ്ഗിരഃ
> സോഹംസൽകവിസമ്മതോരുണഗിരിഃ ശ്രീഗോദവർമ്മപ്രഭോ-
> രർത്ഥാലങ്കൃതിമദ്ഭുതാം വിതനുതേ ഹൃദ്യാം യശോഭൂഷണം."

ഗ്രന്ഥത്തിന്റെ അവസാനത്തിൽ "ഇതി ശ്രീമതോ വേങ്കടാദ്രിഗുരുകൃപാവാപ്തവിദ്യസ്യ, കൗണ്ഡിന്യകുലസാഗരോദിതസ്യ, ശേഷാദ്രിസൂനോരരുണഗിരികവേഃ കൃതിഃ" എന്നൊരു കുറിപ്പുമുണ്ട്. ഈ കുറിപ്പിൽനിന്ന് അരുണഗിരി കൗണ്ഡിന്യഗോത്രജനും, ശേഷാദ്രിയുടെ പുത്രനും, വേങ്കിടാദ്രിയുടെ ശിഷ്യനുമാണെന്നു തെളിയുന്നു. അരുണഗിരിഭിഷക് എന്ന കവിയുടെ ശൃംഗാരസപ്തശതി എന്നൊരു കൃതി കാൺമാനുണ്ട്. അത് കൊല്ലം 802-ാമാണ്ടിനു മുമ്പ് രചിച്ചതാണ്. കേരളവുമായി അതിനു ബന്ധമുണ്ടെന്നു തോന്നുന്നില്ലാത്തതിനാൽ ആ അരുണഗിരി അന്യനായിരിക്കുവാനേ തരമുള്ളു.

## ഗോദവർമ്മയശോഭൂഷണം

ഗുണഭൂയിഷ്ഠമായ ഒരു ഗ്രന്ഥം തന്നെയാണ് ഗോദവർമ്മയശോഭൂഷണം. അതിലെ കാരികകളും അരുണഗിരിതന്നെ രചിച്ചിരിക്കുന്നു.

> "ഹൃദ്യം സാധർമ്മ്യമുഭയോരേകദാ യത്ര വർണ്ണ്യതേ
> മിഥസ്തത്രോപമാ പ്രോക്താ സൂരിഭിഃ സൂക്ഷ്മവേദിഭിഃ"

എന്നാകുന്നു ഉപമയെപ്പറ്റിയുള്ള നിർവചനം. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> "ഗണ്ഡോദ്ദാമഗളന്മദസ്രുതിഭരൈർഗ്ഗന്ധദ്വിപാനാം ഗണൈഃ
> പ്രാഗേവേഹ പരിഷ്കൃതാനി ഭവനദ്വാരാണി സംഖ്യാവതാം
> പ്രായഃഫുല്ലസരോരുഹോദരഗതശ്രീസോദരാ മേദുരാഃ

പശ്ചാത്തേഷു പതന്തി ബിംബലപതേഃ സ്ഫാരാഃ കടാക്ഷാംകുരാഃ" (അതിശയോക്തി)

"ജിഷ്ണുർവൈരിവിലൂണ്ഠനേ ജനകഭ്രസംരക്ഷണേ സേതുകൃദ്
ഭീമോ ഭൂരി ഭുജപ്രതാപവഹനേ ഭീഷ്മസ്സ്വസംരക്ഷണേ
രാമഃകേളിഷു യോഷിതാം ഗുരുരസൗ ബുദ്ധേർവിലാസേഷ്വിതി
ശ്രീമന്നുത്തരബിംബലക്ഷിതിപതേത്വം കീർത്ത്യസേ സൂരിഭിഃ" (ഉല്ലേഖം)

"നടന്മൃഡജടാടവീനികടഭ്രല്യാജ്ജാഹ്നവീ-
വിനിഹ്നുതിപടുച്ഛവിപ്രസരദച്ഛകീർത്തിച്ഛടാ
വഹത്യവനിവജ്രിണഃ പ്രഥമഭ്രധരോദിത്വര-
പ്രസൃത്വരരുചിസ്ഥിരപ്രചുരപൂർണ്ണചന്ദ്രശ്രിയം" (നിദർശന)

"വീര്യൗദാര്യ പരാക്രമൈർവിമഥിതപ്രത്യർത്ഥിപൃഥ്വീപതിം
ശ്ലാഘാകമ്രശിരസ്കഭൂപതികുലം ശ്ലാഘ്യൈർഗുണൈരാത്മനഃ
വീരശ്രീർന്ന ജഹാതി ജാതുചിദപി ശ്രീഗോദവർമ്മപ്രഭും
കാംക്ഷന്തേ ഗുണശാലിനംയുവതയഃകാന്തംനിതാന്തോജ്ജ്വലം" (അർത്ഥാന്തരന്യാസം)

"നാകേ രാകേശബിംബദ്യുതിഭരതി നട-
ദ്ധൂർജ്ജടേരുത്തമാംഗേ
ഗാംഗേയോല്ലോലപൂരത്യമരപതിപുരീ-
വാരനാരീകചേഷു
ഫുല്ലന്മല്ലീപ്രസൂനത്യമരതരുകുലേ
സ്വച്ഛഗുച്ഛത്യജസ്രം
കീർത്തിസ്തേ ഗോദവർമ്മക്ഷിതിരമണമണേ
ബിംബലക്ഷോണിപാല!" (സമുച്ചയം)

"മേരും ദൂരലസന്മണിദ്യുതിഭരൈരാലീഢദിങ്മണ്ഡലൈഃ
ശൃംഗൈരങ്കിതനാകദേശമഭിതഃ ശ്രീഗോദവർമ്മപ്രഭോ!
ഖേലന്തീ തവ കീർത്തിസമ്പദനിശം പ്രായസ്സമുജ്ജൃംഭതേ
നായം ശാരദചന്ദ്രകാന്തിലഹരീസാമസ്ത്യസൗവസ്തികീ." (അതദ്ഗുണം)

## ഉത്തരചമ്പു

മനോഹരങ്ങളായ ഉത്തരചമ്പു, നയനിദർശനം എന്നീ രണ്ടു കാവ്യങ്ങളുടേയും പ്രണേതാവു് ഏതോ ഒരു ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതവർഗ്ഗത്തിൽപ്പെട്ട കുമാരനല്ലൂർക്കാരനായ ഒരു നമ്പൂരിയാണ്. ആ രാജാവു് ആരെന്നു നയനിദർശനത്തിൽനിന്ന് അവധാരണം ചെയ്‌വാൻ സൌകര്യമുണ്ട്. ക്യാപ്റ്റൻ ന്യൂഹോഫ് എന്ന ലന്തക്കാരനായ ഒരു സേനാനി ക്രി. പി. 1662-ൽ (കൊല്ലം 837) കുടമാളൂർ സന്ദർശിച്ച അവസരത്തിൽ അന്നത്തെ ചെമ്പകശ്ശേരി രാജാവു് അപ്പോൾ അവിടെയാണ് സന്നിധാനം ചെയ്തിരുന്നതെന്നും രാജകുടുംബത്തിന്റെ മൂലസ്ഥാനമായ കുടമാളൂർക്കോവിലകത്തിന്റെ നവീകരണം ആരംഭിച്ചു് അന്നേയ്ക്കു് ഇരുപതുകൊല്ലം കഴിഞ്ഞിരുന്നുവെന്നും ആ പുതിയ കോവിലകം അത്യന്തം രമണീയമായിരുന്നു

എന്നും രേഖപ്പെടുത്തീട്ടുണ്ട്. അന്നു ആ രാജാവിന്നു മുപ്പതു വയസ്സു പ്രായമായിരുന്നതായും ആ ഗ്രന്ഥകാരൻ പറയുന്നു. നയനിദർശനത്തിൽ ഈ കോവിലകം പണിയുടെ ആരംഭത്തെപ്പറ്റി വിശദമായ പ്രസ്താവനയുണ്ട്. അതുകൊണ്ട് ന്യൂഹോഫ് സന്ദർശിച്ച രാജാവിന്റെ കാലത്തല്ല അതാരംഭിച്ചതെന്നും അദ്ദേഹത്തിന്റെ പൂർവ്വന്റെ കാലത്താണെന്നും അനുമാനിക്കാം. മേല്പ്പത്തൂരിന്റെ പുരസ്കർത്താവായ പൂരാടംതിരുനാൾ തമ്പുരാൻ മരിച്ചതു് 798-ാമാണ്ടാണെന്നു മുമ്പു നിർദ്ദേശിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തെ പിൻതുടർന്നു നാടുവാണ രാജാവിന്റെ ആശ്രിതനായിരുന്നു നമ്പൂരി എന്ന് ഏകദേശം തീർച്ചപ്പെടുത്താം. ആ രാജാവിന്റെ അനന്തരഗാമിയെയായിരിക്കണം ന്യൂഹോഫ് സന്ദർശിച്ചതു്. ഉത്തരചമ്പുവിനു ശേഷമാണ് നയനിദർശനം കവി രചിച്ചതു് എന്നു രണ്ടാമത്തെ കൃതിയിൽ അദ്ദേഹം തന്നെ അനുവാചകന്മാരോടു വിജ്ഞാപനം ചെയ്യുന്നുണ്ട്. എവം ചകൊല്ലം ഒൻപതാം ശതകത്തിന്റെ പൂർവ്വാർദ്ധമാണ് അദ്ദേഹത്തിന്റെ ജീവിതകാലമെന്ന് ഒരുവിധം തീർച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഉത്തരചമ്പുവിന്റെ ആരംഭത്തിൽ ചുവടേ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

“ശ്രേയസേ നിഖിലദേഹിനാം പരം
സ്ഥേയസേ ∫ംബരനദീവരൗകസേ
പ്രേയസേ മഹിതഗോപയോഷിതാം
ശ്ലാഘതാം ഝടിതി മാമകം മനഃ

നാനാധർമ്മാമലാനാം സദസി സുമനസാ-
മുജ്ജ്വലാഃ പുണ്യഭാജാം
ഷട്സിദ്ധാന്തോദയാദ്രീശ്വരവിഹൃതഹൃതാ-
നേഹസഃ പ്രൗഢഗാവഃ
ലോകാന്തർദ്ധ്വാന്തനിർമ്മൂലനചതുരതരാ
വന്ദ്യമാനാ ബുധൗഘൈ-
ശ്ചിത്താംഭോജം മദീയം ഗുരുരവിചരണാ-
സ്തൂർണ്ണമുദ്ബോധയന്തു.

അസ്തി ഗ്രാമവരസ്സമസ്തമഹിമോദാരഃ കുമാരാഭിധഃ
ക്ഷത്രവ്യാളഖഗേശ്വരോ ബഹുബുധോ യദ്വാസിനീ ചേശ്വരീ
സംഖ്യാവാനപി യത്ര കീർത്തിവിമലച്ഛത്രാന്തരാവർജ്ജിത-
ത്രൈലോക്യോ ജയതി ദ്വിജേശ്വരപദേ ശ്രീദേവനാരായണഃ.

തത്രാസ്മി സത്യധനദേശികവാങ്മതല്ലീ-
പീയൂഷവിന്ദുഭിരുദഞ്ചിതബോധചന്ദ്രഃ
പ്രൗഢാമനന്തപദവീമഹമുൽപതിഷ്ണു-
ർജ്ജാതോ ദ്വിജോ ∫ത്ര ന ച മേ വിനിപാതഹേതുഃ.

പ്രേമാവശാ ഹി ജനതാവഹിതേ സപക്ഷേ
സന്മാർഗ്ഗഗാമിനി ജനേ കതമേ വിപക്ഷാഃ
ഗൗരീകടാക്ഷശരണേ മയി വീരദേവ-
നാരായണാത്മഭൂതകേ സകലാസ്സപക്ഷാഃ.

ബ്രാഹ്മം ക്ഷാത്രഞ്ച തേജോ ദധദമലഹൃദം-
ഭോജലീലാവിലോല-
ശ്രീകൃഷ്ണാളിസ്തുയീസാഗരമഥനമഹാ-
മന്ദരീഭൂതചേതാഃ
ആസ്യേന്ദൂദ്വാന്തവാണീമധുരതരസുധാ-
പ്രീതനാനാബുധൗഘോ
യത്സർവസ്വം വിഭാതി സ്വയമമലയശാ
ദേവനാരായണോയം.

സോഽയം മഹാബുധവരൈർമ്മഹിതേ കുമാര-
ഗ്രാമേ സദാ കൃതനിവാസരുചിസ്സമൂഢഃ
ബുദ്ധ്യാലസശ്ച സുതരാം വികലഃശ്രുതേനാ-
പ്യൂനോ രസൈശ്ച ചപലശ്ച തഥാവിധോഽപി,

ശൃംഗാരവീരകരുണാദിരസാർദ്രദേവ-
നാരായണാദരനിദർശിതകാവ്യമാർഗ്ഗഃ
തുംഗാനുരാഗജനപാണികൃതാവലംബ-
മന്ദാനുയായിവികലാന്ധദശാം ദധാനഃ,

മോദാൽ കുമാരനഗരീഗിരികന്യകായാഃ
കിം വാ നിസർഗ്ഗകൃപയാർദ്രദൃശാം ഗുരൂണാം
കാവ്യം തനോതി പുനരുത്തരചമ്പുനാമ
ശ്രാവ്യം രഘൂത്തമകഥാസുധയൈവ തൽ സ്യാൽ.

പുരോഭാഗികളുടെ വിക്രിയകൾ കവിയുടെ കഠിനമായ വിമർശനത്തിനു പാത്രീഭവിക്കുന്നുണ്ട്.

“യേ നിന്ദന്തി യമേഷ നൂനമകളങ്കശ്ചേത്തതസ്തേ ഹതാ
നോ ചേദസ്യ ഹി ദുഷ്കൃതക്ഷയമമീ കുർവന്തി നിന്ദാമിഷാൽ
പക്ഷൗ ദ്വാവപി തദ്ഗുണായ വിപരീതായേതരേഷാം മതൗ
തസ്മാൽ കേ ഭുവി ബന്ധവസ്തനുമതാം ഹിത്വാ ഹി നിന്ദാപരാൽ”

എന്നും മറ്റുമാണ് ആ ഉപാലംഭം. അതിനപ്പുറം വീണ്ടും പദ്യങ്ങൾ ദേവനാരായണപ്രശസ്തിപരങ്ങളായിക്കാണുന്നു.

ഉത്തരചമ്പു എന്നാണ് കാവ്യത്തിന്റെ പേരെങ്കിലും ചുരുക്കത്തിൽ സുന്ദരകാണ്ഡത്തിലെ കഥകൂടി കവി പീഠികാരൂപത്തിൽ സ്പർശിക്കുന്നുണ്ട്. അഗ്നിപ്രവേശവും മറ്റും വിസ്തരിച്ചു പ്രതിപാദിക്കുന്നു; താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ശ്രീരാമന്റെ വിലാപഘട്ടത്തിലുള്ളവയാണ്.

“അദ്യ സ്മരാമി ദയിതേ നവസംഗമേ തേ
ഹസ്തഭ്രമൽകുവലയദ്യുതിസുന്ദരാണി
പ്രേമാർദ്രഭാവമധുരാണി മനോഹരാണി
ലജ്ജാവശാനുകുളിതാനി വിലോകിതാനി.

ഹന്ത! സ്മരാമി ദയിതേ പരിവർത്തിതാസ്യാ-
ന്യന്തർന്നിഗൂഢരതിരാഗവിജൃംഭണാനി
ഉദ്യത്ത്രപാതരളിതാന്യുരുവിഭ്രമാണി
തല്പൈകദേശസുകൃതാനി തവാസിതാനി.

ഹന്ത! സ്മരാമി വിഗളൽകബരീപ്രസൂനാ-
ന്യാലോലകുണ്ഡലയുഗാനി ചലൽകുചാനി
അവ്യക്തവർണ്ണവചനാനി വിലോലദൃഷ്ടീ-
ന്യുദ്യൽസ്മിതാനി തവ താനി വിചേഷ്ടിതാനി."

കവിയുടെ കലാകൗശലം ഈ ശ്ലോകങ്ങളിൽ സ്പഷ്ടമാകുന്നു. ഗദ്യങ്ങൾ പദ്യങ്ങളെക്കാൾ ആകർഷകങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു. വിസ്തരഭീതികൊണ്ടു് അവയുടെ മാതൃക കാണിക്കുന്നില്ല.

ശ്രീരാമന്റെ സ്വർഗ്ഗാരോഹണത്തോടുകൂടി കാവ്യം സമാപ്തമാകുന്നു. ചുവടേ കുറിക്കുന്നതു് ഒടുവിലത്തെ ശ്ലോകമാണ്.

"ഏവം സംസ്തുവതാമഭീഷ്ടകരണായാത്മീയരൂപം ജഗ-
ന്നേത്രാണാം പരമോത്സവം രഘുപതിർവൈകുണ്ഠനാമാന്വിതം
തസ്മിന്നേവ പുരേ നിധായ ഝടിതി പ്രാപ്തഃ പ്രശാന്തം പദം
സത്യാനന്ദചിദാത്മകം സ ഭഗവാൻ ഭൂയാന്മുദേ നസ്സദാ."

വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിലുള്ള പ്രസ്തുത കാവ്യത്തിന്റെ മാതൃകയുടെയും നയനിദർശനത്തിന്റെയും പടികളിൽ 'ദേവനാരായണ' എന്നു പേർ കൊത്തിയിട്ടുണ്ട്. അത്തരത്തിലുള്ള പല ഗ്രന്ഥങ്ങളും ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂർ കീഴടക്കിയപ്പോൾ അന്നു് ഇളയരാജാവായിരുന്ന കാർത്തികതിരുനാൾ തമ്പുരാൻ അവിടത്തെ കോവിലകത്തുനിന്നു സമ്പാദിച്ചു തിരുവനന്തപുരത്തു കൊണ്ടുവരികയുണ്ടായി എന്നു മേൽ പ്രസ്താവിക്കും.

## നയനിദർശനം

ഈ നമ്പൂരിയുടെ കൃതിതന്നെയാണു നയനിദർശനവും. അതിൽനിന്നു് അടിയിൽ ചേർക്കുന്ന ശ്ലോകങ്ങൾ ഇവിടെ ഉദ്ധർത്തവ്യങ്ങളാണ്.

"ശ്രീദേവനാരായണരാജവീര-
പ്രസാദസംപ്രാപ്തസമസ്തകാമഃ
ശ്രീമൽകുമാരീപുരസന്നിധാനേ
സ കോപി ജാതോ ധരണീസുരേന്ദ്രഃ

സോയം കരോതി കവിരുത്തരചമ്പുകർത്താ
കാവ്യം പുനർന്നയനിദർശനനാമധേയം
ഉദ്യോഗപർവഗതപദ്യഗണാൻ വിവൃണ്വ-
ന്നേഷാമമും നൃപമുദാഹരണം വിതന്വൻ.

രാജ്ഞാം ഗുണവതാം ഹൃദ്യം കാവ്യം നയനിദർശനം
അന്യേഷാമപഹാസോസ്തു തേനൈതദ്ഗുരുവദ്ഭവേൽ."

രണ്ടാമത്തെ പദ്യത്തിൽ താൻ ഉത്തരചമ്പുവിന്റെ കർത്താവാണെന്നു കവി പ്രകടമായി പ്രസ്താവിക്കുന്നു. നയനിദർശനത്തിൽ അദ്ദേഹം ഉദ്ദേശിക്കുന്നതു് വിദുരോപദേശത്തിലെ ശ്ലോകങ്ങൾ വ്യാഖ്യാനിച്ചു് ആ ശ്ലോകങ്ങളിൽ വ്യാസഭഗവാൻ വിവരിച്ചിട്ടുള്ള രജഗുണങ്ങളെല്ലാം തന്റെ പുരസ്കർത്താവായ ചെമ്പകശ്ശേരിത്തമ്പുരാനിൽ പ്രകാശിക്കുന്നു എന്നു കാണിക്കുവാനാണ്. ആ ഉദ്ദേശം അദ്ദേഹം സമർത്ഥമായ രീതിയിൽ നിർവഹിച്ചുമിരിക്കുന്നു. കഥാവസ്തു ആരംഭിക്കുന്നതു താഴെ കാണുന്ന വിധത്തിലാണ്.

“അസ്തി ഖലു സുകൃതിജനഭാഗ്യൈകഭോഗ്യേഷു കേരളേഷു ഗൗണാസരിദുത്തരതീരവീരുൽകുസുമമാധ്വീരസ (ജ്ഞ) മത്തഭൃംഗീസംഗീതസരസമന്ദമാരുതാനന്ദിതകാമിനീകാന്തവൃന്ദ വിഹരണ മധുര സൗധ പരമ്പരാച്ഛാദിത നക്ഷത്രമാർഗ്ഗാ ശ്രീകുമാരീപുര സന്നിധാനേ ധൃതാതപത്രാഭിധാനാ രാജനഗരീ.

ബ്രാഹ്മം ക്ഷാത്രമപി ജ്യോതിർദ്ദധാനാസ്തത്ര ഭൂഭുജഃ
ആസന്നനന്യസാമാന്യരാജ്യലക്ഷ്മീസമന്വിതാഃ.

പൂർവം കേരളഭാഷോക്ത്യാ ചോവൂരാഭിഹിതേ സ്ഥിതിഃ
ഗ്രാമേ തത്രത്യഭൂപാനാം വിപ്രാഗ്യമകുടശ്രിയാം.

മധ്യേ തദ്ദൈഷാം ദേശേ ഹി വസതിർവേദനാമകേ
സാ ഹി സംസർഗ്ഗതോ ലബ്ധാ പ്രാക്തനീ തു നിസർഗ്ഗതഃ.

അസ്ത്യന്യാ രാജധാനീ നിരവധിമഹിമാ
പശ്ചിമാംഭോധിതീരേ
നാനോദ്യാ നാദിഹൃദ്യാ ഗഗനസരിദിതി
ദ്വാരവത്യാ സമാനാ
യസ്യാം ഗോപാലബാലോ വിഹരതി കരുണാ-
പാത്രനേത്രാന്തപാതൈഃ
സ്വീയാനാം ഭൂപതീനാം പദകമലജൂഷാ-
മാർത്തിഹന്താ നിതാന്തം.

സർവസ്മാദപ്യുന്നതാ വാസഭൂമി-
ര്യാ സാ ഗ്രാമേ ശ്രീകുമാരാഭിധാനേ
തത്ര ക്ഷാത്രം പ്രാദുരാസീദമീഷാം
തേജോ ബ്രഹ്മണ്യൈക്യതശ്ശോഭമാനം,

തത്രസ്ഥാനാം നാസ്തി താപഃ പ്രജാനാം
തേനൈഷാസീദാതപത്രാഭിധാനാ
യന്നാഥാനാം ശ്രീകുമാരീപുരസ്ഥാ
ഗൗരീ താവൽ സർവസമ്പൽപ്രദാത്രീ.”

‘ആതപത്രാഭിധാനാ’ എന്നതു കുടമാളൂരും ‘ഗഗനസരിൽ’ എന്നതു് അമ്പലപ്പുഴയുമാണെന്നു പറയേണ്ടതില്ലല്ലോ. അനന്തരം കവി തന്റെ പരിപോഷ്ടാവിനെപ്പറ്റി പ്രശം

സിക്കുന്നു. ആ രാജാവു് ഒരിയ്ക്കൽ കുടമാളൂർ 'നീലോപലമയി'യാക്കുവാൻ നിശ്ചയിച്ചു.

> "തത്സേവകോ ഗണിതശില്പകലാപ്രവീണ-
> സ്തയ്ക്കാടിതി ക്ഷിതിസുരോ ∫ ജനി കേരളോക്ത്യാ
> സഞ്ചിന്ത്യ തേന സഹ തൽപുരലക്ഷണാനി
> പാഷാണശില്പിനമുപാനയതി സ്മ രാജാ."

അദ്ദേഹത്തിന്റെ സേവകനും തച്ചശാസ്ത്രത്തിൽ വിദഗ്ദ്ധനുമായ തയ്ക്കാട്ടു നമ്പൂരിയോട്ട് ആലോചിച്ചു കൽത്തച്ചനെ വരുത്തി. ആ ശില്പി ഒരു പാണ്ടിത്തച്ചനായിരുന്നു. അയാളോട്ട് ഒരു ഉത്തുങ്ഗമായ രാജസൌധം പണിയുന്നതിനുവേണ്ട ശില അന്വേഷിക്കുവാൻ (അത്യുന്നതക്ഷിതിപപത്തനകല്പനാർത്ഥമ ന്വിഷ്യതാമിഹ ശിലേതി സമാദിദേശ) തമ്പുരാൻ അരുളിച്ചെയ്തു. ചാത്തന്നൂർ പാറയിൽ അതിനു പറ്റിയ ശിലയുണ്ടെന്നു് ആ തച്ചൻ അറിയിച്ചപ്പോൾ അവിടുന്നു് അതു് ആനയിക്കുവാൻ കല്പിക്കുകയും അപ്പോൾ അദ്ദേഹത്തിന്റെ ആജ്ഞാകരനായ നമ്പൂരി ജ്വരബാധിതനായിത്തീരുകയും ചെയ്തു. രണ്ടുമൂന്നു ദിവസം കഴിഞ്ഞു് ഒരു ദിവസം ആ നമ്പൂരി ഉറങ്ങുന്ന അവസരത്തിൽ ഒരു ഗന്ധർവൻ പ്രത്യക്ഷീഭവിച്ചു് താൻ ചാത്തന്നൂർ പാറയ്ക്കു് അടിയിൽ സന്നിധാനം ചെയ്യുന്ന ഗന്ധർവനാണെന്നും ആ പാറയുടെ പുറം ഒരു കാലത്തു ഭിന്നമാകുമെങ്കിലും തന്റെ വസതിക്കു് അതുകൊണ്ടു് ഉപദ്രവംഉണ്ടാകുകയില്ലെന്നു തന്നോടു മഹാവിഷ്ണു അരുളിച്ചെയ്തിട്ടുണ്ടെന്നും അദ്ദേഹത്തെ ഉൽബോധിപ്പിച്ചു. അങ്ങനെ പാറ പിളർക്കാൻപോകുന്നതാരാണെന്നു ഭഗവാനോടു ചോദിച്ചപ്പോൾ

> "ജീവഃ കശ്ചന ഭക്തിമാൻ മയി ചിരം ദിവ്യോപലേ വർത്തതേ
> തത്രാനേകചതുര്യുഗേഷു നിവസൻ പ്രാരബ്ധനാശേ പുനഃ
> ബ്രഹ്മക്ഷത്രമഹീതലേ കലിയുഗേ ശ്രീദേവനാരായണോ
> നാമ്നാ സോഥ ജനിഷ്യതേ പുരവരേ തത്രാതപത്രാഭിധേ"

എന്നും ആ ചെമ്പകശ്ശേരി രാജാവാണു് അതിനുദ്യമിക്കുന്നതെന്നും അവിടുന്നു് അരുളിച്ചെയ്തു. വീണ്ടും ഗന്ധർവന്റെ ഒരു പ്രശ്നത്തിനു് ഉത്തരമായി ഭഗവാൻ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വർണ്ണിക്കുന്നു. തമ്പുരാനെ തന്റെ കിങ്കിണീനാദം പലപ്പോഴും കേൾപ്പിക്കുമെന്നും, അദ്ദേഹത്തിന്റെ സേവകനായ ഇടനാട്ടുനമ്പൂരിക്കു മണ്ഡപത്തിൽവെച്ചു തന്റെ ബാലവിഗ്രഹം പ്രദർശിപ്പിച്ചു് തമ്പുരാനു സന്താനാദി സകലസൗഭാഗ്യങ്ങളും സിദ്ധിക്കുമെന്നു് അവിടെ ഒരു തപസ്വിയെക്കൊണ്ടു പറയിക്കുമെന്നും പുന്നശ്ശേരി നമ്പൂരി തമ്പുരാനോടു കുമാരനല്ലൂർ ഭഗവതിയെ സേവിച്ചാലുള്ള ഫലമെന്തെന്നു ചോദിക്കുമ്പോൾ താൻ തന്റെ ബാലപാദങ്ങൾ പ്രത്യക്ഷീകരിച്ചു് ആ ഫലം പരമപദപ്രാപ്തിയാണെന്നു വ്യക്തമായി ഉദീരണം ചെയ്യുമെന്നും സ്വപ്നത്തിൽ ആ ഭഗവതിയുടെ രൂപത്തിൽ തമ്പുരാന്റെ മുന്നിൽ ആവിർഭവിച്ചു്, സന്താനലാഭമുണ്ടാകുമോ എന്നു വീണ്ടും ശങ്കിക്കുന്ന അദ്ദേഹത്തോട്ട് ഉണ്ടാകും എന്നു പ്രവചിക്കുമെന്നും ഇതെല്ലാം ശിലാഭേദനത്തിനുമുമ്പു് സംഭവിക്കുന്നതാണെന്നും പിന്നീടും തനിക്കു് അദ്ദേഹത്തെ പല ആശ്ചര്യങ്ങളും പ്രദർശിപ്പിക്കേണ്ടതായുണ്ടെന്നും വീണ്ടും അരുളപ്പാടുണ്ടാകുന്നു.

> "ഏവംവിധൈരതിശയൈരനേന തുല്യാ ഹി ദുർല്ലഭാ മനുജാഃ
> ദ്വാപരയുഗാന്തഭാവിനമജാതശത്രും തു മന്മഹേ സദൃശം.

വിദുരോ യദ്യത്തദ്ഗുണജാതം പ്രോവാച തത്തദേവാസ്മിൻ
ഹന്ത! ഭവിഷ്യതി തസ്മാത്തദ്ഭാവ ഇഹോച്യതേ സദൃഷ്ടാന്തം”

ഉദ്യോഗപർവത്തിലെ പ്രജാഗരപർവത്തിലുള്ള വിദുരവാക്യത്തെ കവി തമ്പുരാനിൽ യോജിപ്പിക്കുന്നതു മഹാവിഷ്ണുവിനാൽ കഥിതമായ കഥ ഗന്ധർവൻ ഇടനാട്ടു നമ്പൂരിയോടു സ്വപ്നത്തിൽ പറയുന്ന മാതിരിയിലാണ്. ഒടുവിൽ കാണുന്നവയാണ് ചുവടേ പകർത്തുന്ന പദ്യങ്ങൾ.

“ഇതി സ്വപ്നം ദൃഷ്ട്വാ പുനരപി വിബുദ്ധഃ ക്ഷിതിസുരോ
വ്യഥായാം ശാന്തായാമവ ദഖിലം ഭൂമിപതയേ
സ ച ശ്രുത്വോദന്തം ഹരിഗിരിസുതാപ്രേമപിശുനം
പരീവാരൈസ്സാകം കമപി പരമാനന്ദമഭജൽ.

സർവജ്ഞാദ്ദേവനാരായണനൃപതിലകാജ്-
ജ്ഞാതനീതിപ്രഭേദഃ
സംഗൃഹ്യോദ്യോഗപർവണ്യഥ വിദുരഗിരാ
വർണ്ണിതേഭ്യോ നയേഭ്യഃ
കാംശ്ചിത്താൻ ധർമ്മജേസ്മിന്നപി നൃപതിമണൗ
ചാശ്രിതാൻ കോപി വിപ്ര-
ശ്ചക്രേ കാവ്യം കുമാരീപുരഗിരിതനയാ-
പാദപദ്മൈകസേവീ.”

ഇടയ്ക്കിടയ്ക്കു തമ്പുരാന്റെ കാലത്ത് നടന്ന പല കഥകളെപ്പറ്റിയും കവി പ്രസ്താവിക്കുന്നുണ്ടെന്നുള്ളത് ഈ കാവ്യത്തിന്റെ ഒരു വിശേഷമാകുന്നു.

## ഗോദവർമ്മ രാജാവ് (വാസവീശാന്തനവം)

വാസവീശാന്തനവം എന്നൊരു നാടകം ഗോദവർമ്മനാമധേയനായ ഒരു രാജാവു രചിച്ചിട്ടുണ്ട്. ഇതിവൃത്തം ശന്തനു സത്യവതിയെ പാണിഗ്രഹണം ചെയ്യുന്നതാകുന്നു. കേരളത്തിലെ നാടകരചനാപരിപാടിയനുസരിച്ച് ഈ നാടകവും “നന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ” എന്നിങ്ങനെ സൂത്രധാരകൃതാരംഭമായിക്കാണുന്നു. പ്രസ്താവനയ്ക്കുള്ള സംജ്ഞയും സ്ഥാപനയെന്നുതന്നെ. വാസവീശാന്തനവം ആറങ്കത്തിൽ നിബന്ധിച്ചിരിക്കുന്നു. കവി തന്നെപ്പറ്റി “അജ്ഞാപിതോസ്മി സദൈര്യ്യഥാ ശ്രീരാമരാജേന്ദ്രകുലശേഖരഗുരുകരുണാപരിപൂരിതവിദ്യേന ജയതുങ്ഗഭൂഭുജാ ശതഭിഷഗുൽപന്നേന ഗോദവർമ്മണാ വിരചിതം വാസവീശാന്തനവം നാമ നൂതനം നാടകം കേരളാശ്രയപുരാധീശസ്യ ഭഗവാതോ ദേവയാത്രാകുതുഹലേസ്മിന്നഭിനയൈരലംകുവിതി” എന്ന പംക്തിയിൽ പ്രസ്താവിക്കുന്നു. ഈ വാക്യത്തിൽനിന്നു കുലശേഖര ബിരുദാലംകൃതനായ രാമവർമ്മരാജാവിന്റെ വലുതായ കാരുണ്യംനിമിത്തം പരിപൂരിതവിദ്യനായ ഗോദവർമ്മാവാണ് പ്രസ്തുത നാടകത്തിന്റെ പ്രണേതാവെന്നും അദ്ദേഹം ചതയം നാളിൽ ജനിച്ച ദേശിങ്ങനാട്ടു രാജവംശത്തിലെ ഒരു അംഗമാണെന്നും വിശദമാകുന്നു. ‘രാമവർമ്മാ’ എന്ന പേരിൽ പല കുലശേഖരന്മാരും കൊല്ലത്തും വേണാട്ടിലും ജീവിച്ചിരുന്നതിനാൽ അവരിൽ ആരാണ് കവിയുടെ പുരസ്കർത്താവെന്നു നിർണ്ണയിക്കുവാൻ മാർഗ്ഗമില്ല. കേരളാശ്രയപുരം കേരളാതിച്ചപുരമായിരിക്കാം. അതു തിരുവനന്തപുരത്തിനു സമീപമുള്ള ഒരു ക്ഷേത്രമാണ്.

“സൗന്ദര്യാതിശയേന കേരളദിശാം ഭൂപേന ബന്ദീകൃതാം
ശൈലൂഷീം ദയിതാം നിജാം ഗുണവതീം സ്മൃത്വാധുനാ മാരിഷഃ
ന ജ്ഞാത്വാ നൃപനിശ്ചിതം തദിതരാം ജായാമമുഷ്യൈ നടീം
ദാതും ദിവ്യനദീവിയോഗവിധുരസ്സോയം യഥാ ശന്തനുഃ”

എന്നു കഥാവതാരകമായ ഒരു ശ്ലോകം സ്ഥാപനയിലുണ്ട്. കേരളരാജാവ് ഏതു യുവതിയെയാണ് ബന്ദീകരിച്ചതെന്നും അറിയുന്നില്ല.

കവിതയിൽ യതിഭംഗാദിദോഷങ്ങളുണ്ടെങ്കിലും ആസ്വാദ്യതയ്ക്കു കുറവില്ല. വിദൂഷകാദിപാത്രങ്ങൾ സംസ്കൃതത്തിൽ സംഭാഷണം ചെയ്യുന്നു എന്നുള്ളതു് ഈ നാടകത്തിന്റെ വിശേഷങ്ങളിൽ ഒന്നാണ്. മൂന്നു ശ്ലോകങ്ങൾ ചുവടേ പകർത്തുന്നു.

വനചരൻ:

“അദ്യാത്യുഗ്രതരക്ഷുരപ്രവിദലദ്വക്ഷസ്ഥലപ്രക്ഷര-
ന്മന്ദോഷ്ണക്ഷതജാഭിഷിക്തവപുഷം കുർവേ പടും പൗരവം
നോ ചേദ്ഭൈരവദൈവതം ന നമിതം നോച്ചൈഃശ്രുവാമൽപ്രഭു-
ർമ്മായാ സാ ഖലു ശാംബരീ ന പഠിതാ നാഖേടചഞ്ചു സ്ത്വഹം.”

വിരഹതാപം:

“അരുണജലരുഹാന്തഃ പത്രതുല്യേ ച നേത്രേ
മുഹുരിഹ പരിവാരൈന്തരശ്രുമാധ്വീകലേശൈഃ
ഉപരി ചലതി ചേയം ഭ്രൂലതാഷൾപദാളീ
മുഖസരസിജമേതൽ കാമകാലാനലാസ്തം.”

മദ്ധ്യാഹ്നം:

“പ്രാഭാതികാം ഗതവതീമപി രാഗപൂർണ്ണാം
സന്ധ്യാം വിഹായ ഭഗവാനയമംശുമാലീ
പശ്ചാദിമാം കമലിനീം രസവാസഭ്രമിം
രക്താം കരാഗ്രസുഖിതാമുപഗുഹ്യ ഭാതി.”

ഗ്രന്ഥാവസാനത്തിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം.

“ഇതി ഖലു വസുപുത്ര്യാശ്ശന്തനോഃ പ്രാപ്തിരൂപാം
പഠ നടപടുലോക ത്വം കഥാം ചാഭിനേതും
യദുദിതരസമാധ്വീം കല്പയാത്മാർത്ഥസിദ്ധ്യൈ
രസികജനഗുരൂണാം പ്രാഭൃതം സജ്ജനാനാം.”

## കൂടല്ലൂർ നീലകണ്ഠൻനമ്പൂരിപ്പാട്ട് I (വിഷ്ണുസഹസ്രനാമലഘുവിവരണം)

കൂടല്ലൂർ ബ്രഹ്മദത്തൻനമ്പൂരിപ്പാട്ടിലെ പുത്രൻ നീലകണ്ഠൻനമ്പൂരിപ്പാട്ട് ശ്രീവിഷ്ണുസഹസ്രനാമത്തിന് ലഘുവിവരണമെന്നപേരിൽ വിപുലവും വിശിഷ്ടവുമായ ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. മേല്പുത്തൂർഭട്ടതിരിയുടെ പ്രക്രിയാസർവസ്വത്തെ വ്യാഖ്യാതാവു സ്മരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ജീവിതകാലം കൊല്ലം ഒൻപതാം ശതകത്തിനു മുൻപല്ലെന്നു തെളിയുന്നു. അടിയിൽ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ആ ഗ്രന്ഥത്തിൽ ഉള്ളവയാണ്.

“സഹസ്രനാമവ്യാഖ്യാകൃദ്ഭഗവൽപാദപൂർവകാൻ
നത്വാ നാമസഹസ്രസ്യ കുർവേ വിവരണം ലഘു.

ശങ്കരഭഗവദ്ഭാഷ്യേ പദ്യവ്യാഖ്യാചതുഷ്കലഘുവൃത്ത്യോഃ
നാമ്നാമർത്ഥാ ഗദിതാ നോക്താ ശബ്ദസ്വരൂപനിർണ്ണീതിഃ

വ്യാഖ്യാസ്താഃ പ്രേക്ഷ്യാഥ ക്രിയതേ തന്നിർണ്ണയാർത്ഥമിഹയത്നഃ
ന സ്യാൽ പാഠവിശുദ്ധിർന്നാമ്നാം ഖലു ശബ്ദനിർണ്ണയാഭാവേ.

വ്യാഖ്യാസ്വനേകധാ നാമ്നാം യേഷാമർത്ഥാസ്സമീരിതാഃ
തേഷാം ഭാഷ്യോക്തരീത്യൈവ പ്രായോ വ്യുൽപത്തിരുച്യതേ

അന്യവ്യാഖ്യാപി ഹൃദ്യാ ചേൽ തദ്രീത്യാപി ക്വചിദ്ബ്രുവേ
വ്യുൽപത്തിമന്യാസക്താർത്ഥമുക്ത്വാ രീത്യാസ്യ ച ക്വചിൽ.

നാനാവ്യാഖ്യാസു ചേന്നാമ്നാം ശബ്ദരൂപഭിദാ ക്വചിൽ
തദാശ്രിതാം ച വ്യുൽപത്തിം വക്ഷ്യേ നോ ചേദുദാസ്യതേ.

യേഷാമുണാദിസൂത്രാണാം പാഠഭേദസമുദ്ഭവഃ
ലിഖ്യന്തേ പ്രക്രിയാസർവസ്വോക്തരീത്യാത്ര താനി തു.

പൃഷോദരാദ്യുണാദീനാം കൃതാംശബഹുലത്വതഃ
വ്യുൽപാദ്യശബ്ദാ യാ വ്യാഖ്യാസ്താസൂദാസ്യേ ഽന്യസംഭവേ.

ബ്രഹ്മേന്ദ്രോക്താഃ പാഠഭേദാ നാമ്നാം കേഷാഞ്ചിദത്ര യേ
അപ്രസിദ്ധത്വതസ്തേഷാം വ്യുൽപത്താവപി നോ യതേ,”

“ഭാരതഭാഷ്യാദിഗിരാം ഭാവാജ്ഞാനാച്ച ശബ്ദശാസ്ത്രാദൗ
അപരിചിതേരപി ജാതം സ്ഖലിതം കരുണാകരോ ഹരിഃ ക്ഷമതാം.

ജജ്ഞേ യജ്ഞേശ്വരഃ പ്രാഗുപനിളമധിപോ
യജ്വനാമാഹിതാഗ്നി-
സ്തദ്വംശോദ്ഭൂതനാരായണബുധവരജാദ്
ഗോത്രജാദ്ഗാഥിസൂനോഃ
നാഗശ്രേണ്യാഖ്യദേശോദ്ഭവജനനജുഷോ
ബ്രഹ്മദത്തദ്വിജേന്ദ്രാ-
ജ്ജാതോ നാമ്നാം സഹസ്രം വ്യവൃണുത ഗുരുകാ-
രുണ്യതോ നീലകണ്ഠഃ.”

യജ്ഞേശ്വരനെന്ന പേരിൽ അവതരിച്ച മേഴത്തോൾ അഗ്നിഹോത്രിയുടെ കുടുംബമാണ് കൂടല്ലൂർമന എന്നും അതു നാഗശ്രേണി (നാറേരി) എന്ന ദേശത്തിലാണ് സ്ഥിതിചെയ്യുന്നതെന്നും ആ കുടുംബത്തിൽ നാരായണപണ്ഡിതന്റെ പൗത്രനും ബ്രഹ്മദത്തന്റെ പുത്രനുമായി താൻ ജനിച്ചു എന്നും അനവധി വ്യാഖ്യാനങ്ങൾ പരി

ശോധിച്ചതിനുമേലാണ് താൻ ലഘുവിവരണം നിർമ്മിച്ചതെന്നും ഉണാദിസൂത്രങ്ങളനുസരിച്ച പാഠഭേദങ്ങൾക്കു ടിപ്പണി എഴുതേണ്ടിവരുമ്പോൾ താൻ പ്രക്രിയാസർവസ്വത്തെയാണ് അവലംബിക്കുന്നതെന്നും നീലകണ്ഠൻ നമ്പൂരിപ്പാട്ട് ഈ ശ്ലോകങ്ങളിൽ ഉൽബോധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വ്യാകരണപാരീണത ഈ വ്യാഖ്യാനത്തിൽ എങ്ങും പ്രകാശിക്കുന്നുണ്ട്.

## കൂടല്ലൂർ നീലകണ്ഠൻനമ്പൂരിപ്പാട്ട് II (കമലിനീകളഹംസം നാടകം)

കമലീനീകളഹംസം ആറങ്കത്തിലുള്ള ഒരു നാടകമാണ്. അതിന്റെ പ്രണേതാവു കൂടല്ലൂർ നീലകണ്ഠൻ നമ്പൂരിപ്പാട്ടിലെ തൃതീയപുത്രനായ നീലകണ്ഠൻ നമ്പൂരിപ്പാടാകുന്നു. അദ്ദേഹത്തിന്റെ പിതാവാണോ സഹസ്രനാമഭാഷ്യകാരൻ എന്നു നിശ്ചയമില്ല. ചന്ദ്രവർമ്മരാജാവിന്റെ പുത്രിയായ കമലിനിയെ കളഹംസൻ എന്ന രാജകുമാരൻ പാണിഗ്രഹണം ചെയ്യുന്നതാണ് ഇതിവൃത്തം. ഈ നാടകം രാജചൂഡാമണി ദീക്ഷിതരുടെ കമലിനീകളഹംസത്തിൽനിന്നു ഭിന്നമാണെന്നു പറയേണ്ടതില്ലല്ലോ. പ്രസ്താവനയിൽ നിന്നു താഴെക്കാണുന്ന ഭാഗങ്ങൾ ഉദ്ധരിക്കാം.

സൂത്രധാരൻ:

"മന്ദം മന്ദമമന്ദവിഭ്രമവതാ മന്ദാക്ഷവീക്ഷാജുഷാ
പദ്മാക്ഷേണ ചലാംഗുലൗ കരതലേ ചേലാഞ്ചലാസഞ്ജിതേ
ഹ്രീമത്യാഃ പുളകോദ്ഗമാങ്കിതതനോർലക്ഷ്മ്യാ നവേസങ്ഗമേ
ചേതസ്തോഷസമുദ്ഗതം പ്രദിശതാൽ ശ്രേയാംസി വഃ സീൽകൃതം.

(പരിക്രമ്യാവലോക്യ) അയേ, അന്തസ്സംഭൃതമഹൽ കരുണാം കുരായമാണ കടാക്ഷവീക്ഷണക്ഷപിത സകലജനാംഹസഃ, നിഖിലഭക്തലോകസുഖസേവനായാർച്ചോപാധിമധിഷ്ഠിതസ്യ, അനന്താസനവരമലംകുർവാണസ്യ ഭഗവതോ ലക്ഷ്മീപതേര്യാത്രാപ്രസംഗേന സമാസാദിതസർവശാസ്ത്രപവിത്രീകൃതാന്തഃകരണാഃ, അനിർവ്യൂഢദുർവഹഗർവലേശാഃ, സർവദിഗന്തേഭ്യശ്ചോർവീദേ വാസ്സമാപതിതാഃ."

"അസ്തി കേരളേഷു സംഗമം നാമ ഗൃഹം.
അഭ്രവൻ ഗാഥികുലജാഃ കുശലാസ്സർവകർമ്മസു
ദ്വിജാ ഹരിപദാംഭോജസ്മരണാഹതകില്ബിഷാഃ.
ആസീന്മഹത്തരസ്തേഷാം നീലകണ്ഠ ഇതിശ്രുതഃ
തൃതീയസ്തസ്യ തനയോ നീലകണ്ഠഃ കവിസ്ത്വിഹ."

പ്രസ്തുതനാടകം ആദ്യമായി അഭിനയിച്ചത് അനന്താസനാധിഷ്ഠിതമായ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽവെച്ചാണെന്ന് ഇതിൽ നിന്നു വെളിപ്പെടുന്നു. താഴെക്കാണുന്നതു ഭരതവാക്യമാണ്.

"പുത്രാൻ പ്രാപ്യ മഹാഗുണാൻ കൃശതയാ ഹീനൗ യുവാം മോദതം
ഭൂയാസുഃ പിതരസ്സുരാശ്ച യുവയോഃ പ്രീതിക്ഷമാഃ കർമ്മഭിഃ
ധ്യാനക്ഷാളിതകല്മഷേ മനസി മേ ഭക്തപ്രസാദോത്സുകോ
വാസം വാസവമുഖ്യദേവവിനുതോ നിത്യം വിധത്താം ഹരിഃ."

ഇടയിൽ നിന്ന് ഒരു ശ്ലോകംകൂടി പകർത്താം. നായകൻ നായികയോട്:

"സുധാവർഷഃ കിംസ്വിൽ? തുഹിനസലിലക്ഷാളനമുത?
പ്രകൃഷ്ടസ്യാലേപോ മലയജരസസ്യാതിനിബിഡഃ

ഉതാഹോ സംസ്പർശസ്സുഖയതിതരാം ദക്ഷമരുതഃ?
സമാഷശ്ലേഷഃ കിം വാ തവ സുതനു പീനസ്തനകൃതഃ?"

## ശ്രീരാമൻ (സുബാലാവജ്രതുണ്ഡം നാടകം)

സുബാലാവജ്രതുണ്ഡം അഞ്ചങ്കത്തിലുള്ള ഒരു ചെറിയ നാടകമാകുന്നു. ആ നാടകത്തിന്റെ പ്രണേതാവു പ്രസ്താവനയിൽ തന്നെപ്പറ്റി 'ശ്രീരാമനാമ്നാ നൃപഭുവാ' എന്നു പറയുന്നു. തന്നിമിത്തം അദ്ദേഹം ക്ഷത്രിയനോ രാജപുത്രനായ അന്യജാതീയനോ ആയിരിക്കാമെന്നേ ഊഹിക്കുവാൻ നിവൃത്തികാണുന്നുള്ളു. ഗ്രന്ഥകാരന്റെ കാലദേശങ്ങളെപ്പറ്റിയും യാതൊരറിവും ലഭിക്കുന്നില്ല. അദ്ദേഹത്തിന്റെ ഇഷ്ടദേവത ശ്രീപരമേശ്വരനാണെന്നു മാത്രം അറിയാം. ഇതിവൃത്തം വളരെ രസകരമാണ്. വജ്രതുണ്ഡൻ എന്ന മൂഷികൻ സുബാല എന്ന മൂഷികസ്ത്രീയെ കാമിക്കുന്നു. അവർക്ക് അന്യോന്യാനുരാഗം പ്രവൃദ്ധമാകുന്ന അവസരത്തിൽ രക്താംഗൻ എന്നൊരു പാമ്പു സുബാലയെ ആമിഷീകരിക്കുന്നതിനായി അപഹരിച്ചുകൊണ്ടുപോകുന്നു. അതറിഞ്ഞപ്പോൾ വജ്രതുണ്ഡൻ ഒരു വലിയ മൂഷികസേനയെ സജ്ജീകരിച്ച് അതിന്റെ സാഹായ്യത്തോടുകൂടി തന്റെ പ്രിയതമയെ വിമുക്തയാക്കുന്നു. ഒടുവിൽ വിഘ്നേശ്വരന്റെ വാഹനമായ മഹാമൂഷികൻ പ്രത്യക്ഷീഭവിച്ചു ദമ്പതിമാരെ അനുഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള ഒരു ഇതിവൃത്തഘടനത്തിൽ പ്രണേതാവിന് എന്തു് ഉദ്ദേശമാണുണ്ടായിരുന്നതെന്നു വിശദമാകുന്നില്ല. പൊതുവേ അദ്ദേഹത്തിന്റെ കാലത്തെ നാടകകർത്താക്കന്മാരെ അവഹേളനം ചെയ്യുന്നതായി സങ്കല്പിക്കാമെന്നു തോന്നുന്നു. കവിതയ്ക്കു ഗണനീയമായ ശബ്ദാർത്ഥചമൽകാരമുണ്ട്. ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

സൂത്രധാരൻ:

"ശ്രീകണ്ഠസ്യ ലലാടലോചനപുടാദുദ്ദ്വാന്തസപ്താർച്ചിഷാ
സാകം പുഷ്പശരൈസ്സഹേക്ഷുധനുഷാ ദഗ്ദ്ധേ മനോജന്മനി
യാ സോന്മുക്തകടാക്ഷസായകവരേണാദത്ത ദേഹാർദ്ധകം
പത്യുസ്സാ തുഹിനാചലപ്രിയസുതാ ഭൂയാൽ പ്രമോദായ വഃ."

വജ്രതുണ്ഡൻ:
"അസ്യാസ്സഖേ! പൃഥുനിതംബപയോധരായാഃ
പീത്വാധരാമൃതമല്യഭ്യമപി ദ്യുധാമ്നാം
ആശ്ലേഷസൗഖ്യമനുഭൂയ രതാവസാനേ
ശേതേ സുഖം ജഗതി യസ്സകൃതീ സ ഏവ."

'ഗൃഹമൂഷികകുലാലങ്കാരഭൂത'യായ സുബാലയുടെ സൗന്ദര്യവർണ്ണനമാണ് ഇതു്.

സൂര്യോദയം:

"പ്രിയായാഃ പദ്മിന്യാ വിരഹപരിതാപേന വിഗത-
പ്രതാപോയം രാഗീ രവിരുദയശൈലോപരിഗതഃ
നിജാലോകോൽഫുല്ലാം ശശികരകൃതാതങ്കരഹിതാം
സഹസ്രൈർദ്ദോർഷ്ണാം താം ദൃഢമുപജുഗൂഹ പ്രണയിനീം."

വജ്രതുണ്ഡൻ മഹാമൂഷികനോട്:

"അഭിമതദയിതാപി ജീവിതാ

മമ ഭഗവൻ! ഭവതഃ പ്രസാദതഃ
യുധി രിപുരപി നിർജ്ജിതോ ബലീ
പ്രിയതരമന്യദതോ ന വിദ്യതേ.”

ഭരതവാക്യം:

“ഇഷ്ടം ഭൂയാജ്ജനാനാമഭിമതകലനാശാലിനീം ഭൂതധാത്രിം
കൃത്സ്നാം കുർവന്തു കല്പാവധി സലിലധരാഃ കാലവൃഷ്ട്യാനിതാന്തം
ഏവം യുഷ്മൽപ്രസാദാദ്ദിനമനു ഭവിതാ ശ്രേയസേ മാമകീനാ
ഭക്തിർവിശ്വേശപാദാംബുജയുഗളഗതാപ്യസ്തു ജന്മാന്തരേപി.”

## ശങ്കരൻനമ്പൂരി (യദുവീരോദയം നാടകം)

ചിത്രഭാനുവിന്റെ പൗത്രനും ഗൗതമഗോത്രജനും ഹരിദാസാപരനാമധേയനുമായ ശങ്കരൻനമ്പൂരിയുടെ യദുവീരോദയം നാടകത്തെപ്പറ്റി മുൻപു പ്രാസംഗികമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ നാടകത്തിന്റെ ആരംഭവും അവസാനവും കണ്ടുകിട്ടീട്ടില്ലാത്തതിനാൽ ഇത് എത്ര അങ്കത്തിൽ നിബന്ധിച്ചിട്ടുള്ളതാണെന്നു പറയുവാൻ നിവൃത്തിയില്ല. നാടകം സാമാന്യം വലുതാണ്. കംസവധം, രുക്മിണീസ്വയംവരം, സ്യമന്തകം, ബാണയുദ്ധം മുതലായ കഥകൾ അടങ്ങീട്ടുള്ള ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്. കവിത വിശിഷ്ടമാണ്. കവി പ്രസ്താവനയിൽ “മഹർഷിണാ പാരാശര്യേണ പര്യാപ്തഭാഗ്യേന ഭഗവതാ മഹാത്മനാ മഹാ ഭാരതപ്രബന്ധാദർശതലദർശിതനിഖില നിഗമാർത്ഥസാരശരീരേണ ഭക്തിയോഗപ്രാധാന്യേന ചിത്തപ്രസക്തം ഭൂയോപി ഭാഗവതം നാമ ശ്രീമൽപുരാണരത്നം നിരമായി” എന്നു ഭാഗവതപുരാണത്തേയും

“യേന വ്യഭാജി സമയേ നിഗമശ്ചതുർദ്ധാ
ധാതുർവ്യധായി സഫലാ ചതുരാസ്യതാ ച
ജ്ഞാനൻ കരാമലകവൽ സകലാൻ പദാർത്ഥാൻ
സോയം മുനിർജ്ജയതി സത്യവതീതനൂജഃ”

എന്നും മറ്റും വേദവ്യാസനേയും പ്രശംസിക്കുന്നു. തന്റെ നിബന്ധത്തെപ്പറ്റി കവിക്കുള്ള ആശംസയാണ് അധോലിഖിതമായ ശ്ലോകത്തിൽ സ്ഫുരിക്കുന്നത്.

“ഗുണദോഷഭിദാവിദാമിദാനീം
വിദുഷാം പ്രീതിരിഹാസ്തി ചേൽ പ്രയത്നഃ
സകലസ്സഫലോ ഭവേദവശ്യം
ഭണിതിസ്സ്യാൽ ഭവസിന്ധുഭവ്യനൗകാ.”

ഒന്നുരണ്ടു ശ്ലോകങ്ങൾകൂടി ഉദ്ധരിക്കാം. അക്രൂരൻ നന്ദനെപ്പറ്റി:

“കലാഭിസ്സർവാഭിർമ്മധുരിമധുരം ബിഭ്രദനിശം
കളങ്കേനാസ്പൃഷ്ടം വപുരബഹലോപപ്ലവമസൌ
സുവൃത്തഃ ശ്രീസൂര്യാശ്രയവിശദധാമാ വിമലധീ-
രപൂർവേന്ദുർന്നന്ദഃ കിമപി ഹൃദയം നന്ദയതി മേ.”

ക്രോധാവിഷ്ടനായ രുക്മി:

“ഗാഢപ്രേരിതഗന്ധസിന്ധുരഘടാഘണ്ടാരവാഡംബര-
പ്രാരബ്ധപ്രതിശബ്ദഭൂധരദരീനിര്യന്മൃഗാധീശ്വരം
സാടോപാങ്ഘ്രിനിപാതകമ്പിതധരാചക്രംബലീയാൻബലം
നേദിഷ്ഠം നിദധൽ പ്രകോപഹൃതഭഗ്ഗർഭോ വിദർഭേശ്വരഃ.”

## ചില ചമ്പൂക്കൾ

മേല്പത്തൂർ ഭട്ടതിരിയെ അനുകരിച്ചു പല ചമ്പൂപ്രബന്ധങ്ങളും ചാക്യാന്മാരുടേയും പാഠകന്മാരുടേയും ഉപയോഗത്തിനായി പില്ക്കാലത്തുള്ള കവികൾ രചിച്ചിട്ടുണ്ടു്. അവരിൽ അനേകം പേർ അജ്ഞാതനാമാക്കളാണു്. ആ കൂട്ടത്തിൽപ്പെട്ട ചിലരുടെ ചമ്പൂക്കളെപ്പറ്റി കുറഞ്ഞൊന്നു് ഇവിടെ പ്രസ്താവിക്കാം.

### കാമദേവദഹനം

ഇതു കുമാരസംഭവം ഒന്നുമുതൽ മൂന്നു വരെ സർഗ്ഗങ്ങളിലുള്ള ഇതിവൃത്തത്തെ വിഷയീകരിച്ചും ആ കാവ്യത്തെ ആമൂലാഗ്രം അനേകവിധത്തിൽ ഉപജീവിച്ചും രചിച്ചിട്ടുള്ള ഒരു പ്രബന്ധമാകുന്നു. കവിത ഗുണഭൂയിഷ്ഠമാണു്. ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

ശിവന്റെ തപസ്സ്:

“ശ്രീമത്യാം ദക്ഷപുത്ര്യാം പിതരി കമിതുനി-
ന്മാതിരുക്ഷേ പ്രകോപാ-
ദ്ദീപ്തേ യോഗവഹ്നൗ ഹൃതവപുഷി രുഷാ
പ്രസ്ഫുരന്നുദ്ഭടൗജാഃ
ഭീതൈർജ്ജാതാനുതാപൈസ്സപദി സുരഗണൈ-
സ്സാന്ത്വിതശ്ശാന്തമന്യുഃ
കുർവൻ ഗുർവീം തപസ്യാമകൃത ഹിമഗിരൗ
കൃത്തിവാസാ നിവാസം.”

### ഗദ്യം

“തത്ര ച സകലധരണീധരസാധാരണേതരസുരധോരണീധാരണമഹിമഗർവിതസ്യ ഹിമപർവതസ്യ, ബഹുവിധതരുനികരശിഖരപരിഗളിതസുരഭിപരിമണ്ഡലസ്യ ... കസ്യചന മഹീയസോ ദേവദാരുമഹീരുഹസ്യ സുഭഗഭിത്തി ഭാഗാം അക്ഷതരുചിതരക്ഷുചർമ്മപരിഷ്കൃതാം വിതർദ്ദികാം പ്രസാധയന്തം, ദൃഢഘടിതപര്യങ്കബന്ധബന്ധുരസാവഷ്ടം ഭസമവസ്ഥാനസുസ്ഥിരീകൃതാപവക്ത്രപൂർവകായം... അന്തശ്ചരമരുദുപരോധനിശ്ചലനിഷ്പന്ദം, നിവാതനിഹിതമിവ ദീപാംകുരം, അനുത്തരംഗമിവ തരംഗമാലിനം, അമരുദാടോപമിവ ശരദം ബുവാഹമവനതജനക്ഷേമകരമഹിതജനഭയങ്കരമംഗീകൃതതപോദീക്ഷം വിരൂപാക്ഷമദ്രാക്ഷീൽ.”

“തഥാഭൂതം ദൃഷ്ട്വാ പുരഹരമുപാന്തേ ചകിതധീഃ
സ്മരോ ഭേജേ മോഹം കരഗളിതബാണാസനശരഃ
മധുർമ്മ്ലാനച്ഛായസ്സമജനി രതിർഭീതിവിധുരാ
സമാസന്നം മേനേ നിജഗളവിഭൂഷാവിദളനം.”

“സംരംഭം ജഗദീശ്വരസ്യ ഭസിതീഭാവഞ്ച ചേതോഭവഃ

പശ്യന്തീ സഗണസ്യ തസ്യ ച തിരോധാനം പുരാണാമരേഃ
കോപത്രാസകൃതാവമാനമദനവ്യാമിശ്രഭാവോദയാ
ശൈലാധീശസുതാ സകാശമഗമൽ പിത്രോസ്സഖീഭ്യാം സമം.”

കാളിദാസന്റെ പല ആശയങ്ങളും അനുസ്യൂതമായി അപഹരിച്ചിരിക്കുന്ന ഈ പ്രബന്ധത്തിന്റെ പ്രണേതാവു മേല്പുത്തൂരല്ലെന്നു ഖണ്ഡിതമായിത്തന്നെ പറയാവുന്നതാണ്.

## ഉഷാപരിണയം

ഇതും ഏതോ കേരളീയൻ രചിച്ച ഒരു ചമ്പുവാണെന്നു പറയാമെന്നല്ലാതെ മറ്റൊന്നും നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല. കവിത കാമദേവദഹനത്തെക്കാൾ ഉൽകൃഷ്ടമാണ്. മാതൃക കാണിക്കുവാൻ കുറേ ഭാഗങ്ങൾ ചുവടേ ചേർക്കാം.

## ഗദ്യം—ബാണൻ

“സ ച സകലദനുജകുലകലശജലധിശിശിരകരഃ, പരതരവരവിതരണചതുരപുരമഥനചരണകമലപരിചരണതൽപരഃ, സുരനരമുഖനിഖിലജനനിഷേവ്യമാണപ്രശസ്തതരപ്രദോഷതാണ്ഡവകുണ്ഡലിഗണമണ്ഡിത ഖണ്ഡപരശുപരിസരപരിലസിതവര മൃദങ്ഗസന്താഡന ജനിതഘനനിനദസന്താനനിഗമനതോളുഷ്യമാണ സുരാസുരസിദ്ധവിദ്യാധരഗന്ധർവഭൂതമാതൃമുഖ നിഖിലപുരരിപു പാർഷദാനനഗളിതവചന ലാളിത യതനനികരഃ വരപ്രതിഗ്രഹപ്രചോദനകരപുരരിപുകാരി തനിജപുരഗോപുരപരിപാലനാനഭ്യാശീകൃതാതിബലരിപുനികരദരഃ, സന്തതഗണ്ഡതലവാന്തമദജലാസിക്തധരാന്തരാളദിഗന്തദന്താവള ദന്തകുന്തപരീക്ഷിതബലനിരതിശയശയപ്രകരഃ,

ഹരവരപ്രാപ്തിപ്രവൃദ്ധദുർവാരഗർവഃ, വിമാനചാരിണോ വിമാനയൻ, പുരന്ദരസ്യാപി പുരം ദാരയൻ, യമമപിനിയമയൻ, പ്രചേതസമപി വിചേതസംകുർവൻ, സമീരണസ്യാപി ദുരീരണതാമാരചയൻ, മനുഷ്യധർമ്മാണമനുജ്ഝിതസ്വനാമാർത്ഥം സമർത്ഥയൻ, പുരമഥനമപി പുരപാലമാകലയൻ, സഹസ്രകരമപിസ്വകരസഹസ്രൈർന്നിരസ്താസ്ത്രനികരം വിരചയൻ, അതിപ്രവൃദ്ധപ്രബലതരഭുജമണ്ഡലകണ്ഡൂയനാസഹതയാ ഗിരിവരാനപി കരനിഹതിഭിസ്സംചൂർണ്ണയൻ, കദാചനകുമതിതതിശേഖരഃ കുടിലശശികലാശേഖരം നിടിലനയനദഹനനിർദ്ദഗ്ദ്ധപുരത്രിതയം ത്രിലോചനമാസാദ്യ ... ... ... ”

അനിരുദ്ധൻ:

“മേഘശ്യാമളകോമളാംഗലതികം ദ്രാഘിഷ്ഠബാഹായുഗം
രാകാപൂർണ്ണശശാങ്കമുഗ്ദ്ധവദനം രാജീവതുല്യേക്ഷണം
വീരം ദേവനകർമ്മലോലമനസം ലോകാഭിരാമം സ തം
കാന്താലിംഗനകുംകുമാങ്കിതതനും ദൃഷ്ട്വാഭവദ്വിസ്മിതഃ.”

## പാർവ്വതീസ്വയംവരം

ഇതു കുമാരസംഭവം അഞ്ചു മുതൽ ഏഴുവരെ സർഗ്ഗങ്ങളിൽ അടങ്ങീട്ടുള്ള കഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു ചമ്പുവാകുന്നു. ഇതിലും കാമദേവദഹനം ചമ്പുവിലെന്നപോലെ കാളിദാസന്റെ ആശയങ്ങൾ പലതും പകർന്നിട്ടുണ്ട്. രണ്ടും ഒരു കവിയുടെ കൃതികളായിരിക്കാം.

“തസ്മിൻ പഞ്ചശരേ ഹരേണ പുരതോ രുഷ്ടേന ഭസ്മീകൃതേ
ഭഗ്നാനല്പമനോരഥാ ഗിരിസുതാ ജാതാവമാനാ ഭൃശം
ചാതുര്യം വപുഷോ നിജസ്യ മനസാ ദീനാ നിനിന്ദ സ്വയം
സൗഭാഗ്യൈകഫലം ഹി വല്ലഭജനേ സൗന്ദര്യമേണീദൃശാം.”

എന്ന ശ്ലോകംതന്നെ അത്തരത്തിലുള്ള സാഹിത്യോപജീവിത്വത്തിനു മകുടോദാഹരണമാണ്.

“ലാജാഞ്ജലിർഗ്ഗിരിജയാ പരിമുച്യമാനോ
ഭേജേ രുചിം സ നിപതൻ ജ്വലിതേ കൃശാനൗ
വേഗോത്തരേ രതിരണേ ദലിതച്യുതാനാം
സ്വാഹാകുചാന്തധൃതഹാരലതാമണീനാം.”

എന്ന ശ്ലോകത്തിൽ ഭാഷാനൈഷധചമ്പുവിലെ “ലോഹിതദ്യുതി കലർന്നുമേവിന കുടന്നകൊണ്ടു ദമയന്തിയാൽ” എന്ന ശ്ലോകത്തിന്റെ പ്രത്യക്ഷമായ അനുകരണം കാണുന്നു. ഇങ്ങനെയുള്ള ചില ഭാഗങ്ങൾ തട്ടിക്കഴിച്ചുനോക്കിയാൽ കവിത ആസ്വാദ്യമാണെന്നുതന്നെ പറയണം. നോക്കുക.

വടുരൂപിയായശിവൻ തപസ്വിനിയായ പാർവതീദേവിയോട്ട്:

“ചിതാഭസ്മാലേപോ ഭവതു പരിധാനേപി ച ദിശഃ
കരോടീമാലാനാം തതിഭിരപി വാ മണ്ഡനവിധിഃ
വിഭാഗം സഞ്ചിന്ത്യ ക്ഷിതിധരകുലോത്തംസകലികേ!
വിഷാഹാരേ ചേതശ്ശിവശിവ! വിഷാദം ഭജതി മേ.

ആതുംഗശൃംഗജരദംഗവൃഷാധിരൂഢാം
മാതംഗചർമ്മവസനാം ഭസിതാംഗരാഗാം
ആസംഗിനീം സ്മരഹരേ ഭവതീം നിരീക്ഷ്യ
ഹാസം കരിഷ്യതി പരഃ പ്രമദാസമാജഃ.”

ഗദ്യം: “ക്രമേണ ച സമായാതി മുഹൂർത്തദിവസേ, സമാഗച്ഛദപരശിഖരിനികരനിവേദ്യമാനനിജനിജസാനുസുലഭപദാർത്ഥജാതപരിപൂര്യമാണഭവനോദരഃ, സതതവിധീയമാനഗതാ ഗതജനകദംബസംബാധപിഷ്ടകടകപട്ടനികരപരിഗളിതകനകധൂളീധൂസരീക്രിയമാണചതുർദ്ദ്വാരഭൂമിഃ, ചിത്തനിഹിതവസ്തുജാതസമധികാഹ്ലിമുദിത ഹൃദയവസുധാദേവജാലജോഘുഷ്യമാണവിവിധാശീർവചനഃ, സമാഹിതപുരോഹിതസമാരബ്ധശാന്തികപൗഷ്ടികഃ, മാഗധകുലഗീയമാനമംഗലസ്തോത്രപഞ്ചികാപ്രപഞ്ചഃ, കഠിനാനകകോണദൃഢസമാഹന്യമാനപടുപടഹമുരവഢക്കാദിവിവിധവാദ്യനിധ്വാനനിർവിവരീകൃതഹരിദന്തരാളഃ, പുരന്ദരപുരസുന്ദരീവൃന്ദനിവർത്ത്യമാനമംഗലനൃത്തഃ, ജോഗീയമാനകിന്നരഃ, മോമുദ്യമാനവിദ്യാധരഃ, പാപച്യമാനപരമാന്നഃ, ബോഭുജ്യമാനാതിഥിഃ, പോപുഷ്യമാണകോലാഹലഃ, സർവമങ്ഗലാവിവാഹോത്സവസമാരംഭസംഭ്രമോ ജരീജൃംഭതി സ്മ.”

ഗൗരീപ്രസാധനം:

“പയോധരേ പാണ്ഡുനി കാചിദന്യാ
മനോഹരാങ്ഗ്യാ മകരീം ലിലേഖ
നിവേദയന്തീവ പദം പുരസ്താ-
ദാഗാമിനാം കാന്തനഖക്ഷതാനാം.

കാചിന്നിതംബഫലകേ വിപുലേ തദീയേ
കാഞ്ചീലതാം പ്രിയസഖി കലയാഞ്ചകാര
ഈശാനചിത്തഹരിണഗ്രഹണായ ഗൂഢം
തന്മാർഗ്ഗസീമ്നി ഘടിതാമിവ പാശവല്ലീം."

വിവാഹവേഷധരനായ ശിവൻ:

"സർവാങ്ഗാർപ്പിതചാരുഭൂഷണഗണപ്രത്യുപ്തനാനാമണി-
ശ്രേണീനിർമ്മലകാന്തിപൂരലഹരീവിദ്യോതമാനാകൃതിഃ
സംവീതാമലദിവ്യനവ്യവസനസ്സോയം പ്രസൂനായുധം
ഗാത്രേണാപ്യപനീതദർപ്പമകരോന്നേത്രേണ നോ കേവലം."

## മറ്റൊരു ഭാരതചമ്പു

"അത്രേരീക്ഷണശുക്തിമൗക്തികമണേർദ്ദേവാൽ സുധാദീധിതേ-
സ്താരായാമഭവൽ പുരാ വിബുധവൃന്ദാനന്ദദാതാ ബുധഃ
മാസാന്തക്രമനഷ്ടദൃഷ്ടമഹിളാദേഹാദിളാദാത്മജോ
ജാതസ്തസ്യ പുരൂരവാസ്സുരവധൂനേത്രാന്തകാന്താകൃതിഃ"

എന്ന ശ്ലോകംകൊണ്ടു് ആരംഭിക്കുന്ന ഒരു ഭാരതചമ്പുവിന്റെ ആദ്യത്തെ ഏതാനും ഭാഗങ്ങൾ കോച്ചാമ്പിള്ളിമഠത്തിൽ രാമൻ നമ്പിയാർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതു കഥാപ്രവചനത്തിനു വേണ്ടി മേല്പുത്തൂർ ഭട്ടതിരി രചിച്ചതെന്നാണു് ഐതിഹ്യം. അതു കൂടാതെ പശ്ചാൽകാലികനായ ഏതോ ഒരു കവി തന്റേയും ഇതരകവികളുടേയും പദ്യഗദ്യങ്ങളെ സങ്കലനം ചെയ്തു നിർമ്മിച്ച മറ്റൊരു ഭാരതചമ്പുകൂടി കാണുന്നുണ്ടു്. ആ ചമ്പുവിലെ ആദ്യത്തെ രണ്ടു ശ്ലോകങ്ങളാണു് അടിയിൽ പ്രദർശിപ്പിക്കുന്നതു്:

"ലോകാനന്ദൈകഹേതുസ്സ്വയമജനി പുരാ
ചന്ദ്ര ഏവാദ്ഭുതശ്രീ-
രാസേവ്യോ നിർജ്ജരാണാം സുഹൃദഖിലമനോ-
മാഥിനോ മന്മഥസ്യ
പുത്രസ്സാക്ഷാദ്വിധാതുശ്ശ്രുതിനുതമഹിമാ
മാനസോ ദാനവാരേ-
ർദ്ദേവസ്യാദക്ഷിണം ലോചനമചലസുതാ-
ഭർത്തുരുത്തംസരത്നം.

നിശ്ശേഷഗ്രഹസത്തമസ്ത്രിജഗതീനേത്രാഭിരാമാകൃതി-
സ്താരായാം ബുധസംസദാമചരമസ്തസ്മാൽ പ്രജജ്ഞേ ബുധഃ
ഗൗരീശാപബലോപപന്നവനിതാരൂപേ നൃപേഽഭൂദിളേ
പുത്രസ്തസ്യ പുരൂരവാ വസുമതീഭർത്താധിഹർത്താനൃണാം."

രണ്ടു ചമ്പുക്കളും ചന്ദ്രവംശോൽപത്തി മുതൽക്കാണു് ആരംഭിക്കുന്നതു് എന്നു മേലുദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു വിശദമാകുന്നുണ്ടല്ലോ. ദൂതവാക്യം മുതലായ ഘട്ടങ്ങളിൽ ഭട്ടതിരിയുടെ വാങ്മയംമാത്രമേ ഉദ്ധരിച്ചു കാണുന്നുള്ളു എങ്കിലും മറ്റും ചില

ഘട്ടങ്ങളിൽ വേറെ ശ്ലോകങ്ങളാണ് രചിച്ചുചേർത്തിരിക്കുന്നതു്. “ഭോ ഭോ ഭൂപാല വീരാശ്ശൃണുത മമ ഗിരം കാമമേതേ ഭവന്തഃ” എന്ന ഭട്ടതിരിയുടെ പാഞ്ചാലീസ്വയം വരത്തിലെ ധൃഷ്ടദ്യുമ്നവാക്യരൂപമായ ശ്ലോകത്തിന്നു പകരം

“ഭോ ഭോ വിഖ്യാതവീരാശ്ശൃണുത നൃപതയോ
വാക്യമേതന്മദീയം
യോ യുഷ്മാസു സ്വശക്ത്യാ ധനുരിദമധുനൈ-
വാതതജ്യം വിധായ
ഏതൈശ്ശാതൈഃ പൃഷൽകൈർഗ്ഗഗനഗതമലം
ച്ഛേത്തുമേതച്ഛരവ്യം
തസ്മൈ വീരായ ദത്താ നിഖിലഗുണഗണ
സ്യാ കരസ്സോദരീ മേ”

എന്ന ശ്ലോകം ഘടിപ്പിച്ചിരിക്കുന്നു.

## വൃകാസുരവധം

അജ്ഞാതനാമാവായ ഏതോ ഒരു കവിയുടെ കൃതിയാണ് വൃകാസുരവധം ചമ്പു. മറ്റ് അനേകം ചമ്പുക്കൾപോലെ ഇതും മധുരമായിട്ടുണ്ട്.

നാരദൻ വൃകനോട്:

“ഭോഗീശഭോഗശയനീയതലേ ശയാലും
മാ വിശ്വസീരസുര! വിശ്വപതിം മുരാരിം
സമ്മീലദക്ഷിയുഗളസ്സ ഹി ശശ്വദാസ്തേ
യുഷ്മൽകുലോന്മഥനകർമ്മണി ജാഗരൂകഃ.

ഏനം വിരിഞ്ചമപി കിഞ്ചന മാ ഭജേഥാ
ദീനം ജഗത്ത്രിതയജന്മവിധാനവൃത്ത്യാ
അസ്ത്യസ്യ വിശ്രുതമവദ്യമസത്യവദ്യം
തത്ര പ്രമാ ഭവതി രുദ്രജടാകരോടീ.”

വൃകന്റെ ശിവസ്തുതി:

“ഹര ഹരാഹരഹരാഗതം രാഗതന്തുസന്തതം സന്തതം മമത്വം മമ ത്വങ്ഗ ദുത്തുങ്ഗകോടീര കോടീരഭസവിസരദമരഗങ്ഗാതരങ്ഗാളിസംക്ഷാളിതാമൃതകര ബാലക! കരവാളകളായകജ്ജളകാളകണ്ഠ! കാളകണ്ഠസമുദഞ്ചിതപഞ്ചമസ്വരസു മധുരസ്വരസമധുരനുതിവചന മുഖരമുഖര ചിതാഞ്ജലിബന്ധന” ഇത്യാദി. ഇതൊരു വിശിഷ്ടമായ ശൃംഖലാഗദ്യമാണ്.

വടുരൂപിയായ വിഷ്ണു വൃകനോട്:

“യദ്യേവമേവ ദനുജാതിപതേ! സമസ്തം
ന ശ്രദ്ദധീമഹി വയം പുനരസ്യ വാചം
യോ ദക്ഷശാപഗരിമക്ഷപിതാനുഭാവോ
ഭേജേ ശ്മശാനനടനേന പിശാചഭൂയം

കിഞ്ചായമീശ ഇതി കേവലനാമധാരീ
ദാരിദ്ര്യഭാജനതയാ നനു ഭൈക്ഷഭോജീ

സർവസ്വമസ്യ ഗിരിശസ്യ തരക്ഷുചർമ്മ-
വൃദ്ധോക്ഷപന്നഗചിതാഭസിതാസ്ഥിരൂപം.

ഏവംവിധസ്യ വചനം കഥമീശ്വരസ്യ
കഃ ശ്രദ്ദധീത ശിതധീരസുരാധിരാജ?
ഹസ്തം നിധേഹി തവ മസ്തകസീമനി ത്വം
മിഥ്യാഗിരം പുനരമും ജഹി കിം ജഡോസി?"

## നാരദമോഹനം

നാരദമോഹനം ചമ്പുവിന്റെ പ്രണേതാവും ആരെന്നറിഞ്ഞുകൂടാ. പതിനാറായിരത്തെട്ടു സുന്ദരിമാരുടെ ഭർത്താവായ ഭഗവാൻ ശ്രീകൃഷ്ണൻ എങ്ങനെ ദ്വാരകയിൽ കഴിഞ്ഞുകൂടുന്നു എന്നു പരീക്ഷിക്കുവാൻ ചെന്ന നാരദമഹർഷിയെ സ്നാനം ചെയ്യുമ്പോൾ ഒരു കന്യകയാക്കി സിന്ധുരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിച്ച് ആ ദാമ്പത്യത്തിന്റെ ഫലമായി പല സന്താനങ്ങൾക്കും മാതാവാക്കി ഒടുവിൽ ഒരു വനചരനെക്കൊണ്ട് ആ രാജാവിനെ വധിപ്പിച്ചു വൈധവ്യം വന്ന ആ യുവതിയെ ജേതാവിനെക്കൊണ്ട് പാണിഗ്രഹണം ചെയ്യിക്കുമെന്നുള്ള ഘട്ടംവരെ എത്തിച്ചു തന്റെ മായയെ അതിന്റെ സമഗ്രമായ രൂപത്തിൽ പ്രദർശിപ്പിക്കുന്നതാണ് നാരദമോഹനത്തിലെ കഥ. ഭട്ടതിരിയുടെ പ്രബന്ധങ്ങളിൽ അവഗാഹമുള്ള ഒരു കവിയാണ് ഈ കൃതി രചിച്ചതെന്നു മാത്രം പറയാം. ഭട്ടതിരിയുടേതാണെന്നു പറയത്തക്കവണ്ണമുള്ള ഗുണം കവിതയ്ക്കില്ല. പ്രസ്തുത ചമ്പു ഇങ്ങിനെ ആരംഭിക്കുന്നു.

"ശ്രീകൃഷ്ണം ബഹുദാരമീക്ഷിതുമനാഃ ശ്രീനാരദസ്തേ്വകദാ
പ്രാപ്യ ദ്വാരവതീം നിരീക്ഷ്യ മഹിതേ ഭൈമീഗൃഹേതം പുനഃ
ഭാമാഗേഹഗതം വിലോക്യ ച തതോ ഗത്വാ ദദർശാഖിലൈർ-
വൃഷ്ണീന്ദ്രൈസ്സഹ കാര്യചിന്തനരതം ഭാന്തം സഭാന്തേ ഹരിം."

മൂന്നു ശ്ലോകങ്ങളും ഒരു ഗദ്യവും കൂടി ഉദ്ധരിക്കാം.

"ശ്രുത്വാ തദ്വചനം പ്രണമ്യ ജഗതാം നാഥം ബഭാഷേ മുനി-
ർമ്മാ മാ മോഹയ മാം ജനാർദ്ദന വിഭോ ദുർവാരമായാമയ
ജാനേ ത്വാമഖിലേശ്വരം വികൃതിഭിർജ്ജന്മാദിഭിവർജ്ജിതം
സാന്ദ്രാനന്ദചിദാത്മകം യദുപതിം മായാപടീസംവൃതം."

ബ്രഹ്മാവു നാരദനോട്:

"സോപ്യൂചേ ന ഹി ചിത്രമേതദഖിലാശ്ചര്യാത്മകേ കേശവേ
ഹേ വത്സേശ്വരമാനിനോ വയമഹോ യന്മായയാ മോഹിതാഃ
ന ത്വം വേത്സി ന വേദ്മി ശംഭുരപി നോ വേത്താതദീഹാം പുനഃ
കിം വാന്യേ തദമും ഭജാഖിലഗുരും മായാനിവൃത്ത്യൈ സദാ"

ജ്ഞാതജ്ഞേയനായ നാരദൻ:

"ഗായം ഗായം തദനു സ മുനിർന്നാമധേയാനി ശൗരേഃ
സ്മാരം സ്മാരം സജലജലദശ്യാമളം കോമളാങ്ഗം
പായം പായം ഭവഭയഹരം തസ്യ ചിത്രം ചരിത്രം
ലാഭം ലാഭം പ്രമദമമിതം വിഷ്ടപേ സഞ്ചചാര."

ഗദ്യം: "തതശ്ച തൽപരിക്ഷാകാംക്ഷീ സ ഖലു പാരികാംക്ഷീവിവിധമണികൃതവിശ്വോൽ കൃഷ്ടരാമണീയകം വിശ്വകർമ്മനിരതിശയകരചാതുരീനികഷോപലരീതിമൂരീകർവാണം രുക്മിണീഭവനം പ്രവിശ്യ, തത്ര ച മൗലീകൃതകാളമേഘപാളീലാളിത്യാഭിമാനകാന്തി സന്ദോഹനികുരുംബിതദിശാകദംബകം, ഭാസ്വരതര പരാർദ്ധ്യമണി ഗണഘടിത മകുടകടകകടിസൂത്രാദി മണ്ഡനപ്രകാണ്ഡ മണ്ഡനായമാന സമസ്താവയവം, കുന്ദധവളിമമന്ദത്വാവഹലളിതഹസിതകന്ദളീമിളിതൈഃ പുരുദയാമൃതോക്ഷി തൈരീക്ഷിതൈഃ ശിശിരീകൃതഭക്തലോകഹൃദയം, പ്രദ്യുമ്നാദിഭിരാത്മനോ ∫നുചരമാണൈരാത്മജൈസ്സഹ വിഹരമാണമനിതരസാധാരണനിഖിലഗുണ ഗണധാമാനം ദാമോദരമാമോദ ഭരാകുലമതിരാലോകയതി സ്മ."

## ലക്ഷണാസ്വയംവരം

ഈ പ്രബന്ധം ചിലഭാഷാ ചമ്പുക്കൾപോലെ കവി വയസ്യനെ ആഹ്വാനം ചെയ്തുകൊണ്ടു ആരംഭിക്കുന്ന ഒന്നാണ്.

"സമാഗതം ത്വാം സരസം സഭായാം
സമീക്ഷ്യ ചേതോ മമ മോമുദീതി
സഭാര്യസാംബാനുഗമഭ്യുപേതം
നീലാംബരം വീക്ഷ്യ യഥാ മുരാരേഃ"

എന്ന ശ്ലോകം നോക്കുക. രണ്ടു ശ്ലോകങ്ങൾമാത്രം ചുവടെ ചേർക്കുന്നു.

"ദൃഷ്ട്വാ പന്നഗകേതനസ്യ തനയാം പദ്മേക്ഷണാംലക്ഷണാം
തിഷ്ഠന്തീം വരമാല്യഭാസുരകരാം രംഗസ്ഥലേ കന്യകാം
ഹംസേഷ്വത്സുകധീഷു തേഷു പരിതസ്തിഷ്ഠത്സു പാഥോജിനീം
പക്ഷീവാശു ജഹാര രാജസു മിളത്സ്വേനാം സ കൃഷ്ണാത്മജഃ."

"സാംബം സാമ്നൈവ മോക്തും കുരുഷു ബഹു കൃതേ
സ്നേഹഭാരാൽ പ്രയത്നേ
നൈഷ്ഫല്യം പ്രാപിതേസ്മിന്നതിജളമതിഭി-
സ്സൗബലേയൈർഹസദ്ഭിഃ
ആത്മാനം വൃഷ്ണിവീരാനപി സുഭൃശമഹോ
തർജ്ജയദ്ഭിസ്സഗർവ്വം
ക്രുദ്ധോസൗ സീരപാണിസ്സപദി കുരുകുല-
ധ്വംസനായോച്ചചാല."

ഭാഷാചമ്പുക്കളെ അനുസരിച്ച "തദനന്തരമിഹ കുരുപുരവീരാഃ കുന്ദപ്രതിഭടമന്ദസ്മിതരുചിസുന്ദരഹലധര വദനസരോരുഹ നിസ്സരദുരുതര കരുണാ സാഗര കല്ലോലായി തവാണീമേനാം" എന്നിങ്ങനെ ആരംഭിക്കുന്ന ഒരു ഗദ്യവും കവി പ്രസ്തുതകൃതിയിൽ ഘടിപ്പിച്ചിട്ടുണ്ട്.

## സുദർശനമോക്ഷം

ശ്രീകൃഷ്ണൻ സുദർശനത്തെ പ്രേക്ഷിപ്പിച്ച സർപ്പഗ്രസ്തനായ നന്ദഗോപനെ മോചിപ്പിക്കുന്നതാണ് ഈ ചമ്പുവിലെ വിഷയം. ഇതിലും അംബരീഷചരിതത്തിലും തൃണാവർത്തവധത്തിലും ലക്ഷണാസ്വയംവരത്തിലെന്നപോലെ ഭാഷയിലെ തരങ്ഗിണീച്ഛന്ദസ്സിലുള്ള ഗദ്യം കാണ്മാനുണ്ട്.

“തതോ ഗോപാലാനാം കരകലിതഘോരോല്മുകചയൈ-
ർഹതോപ്യേനം ഭോഗീ സുദൃഢബലവീര്യോ ന മുമുചേ
തദാ തത്രൈത്യാസൗ നിജപിതൃഭുജം സർപ്പമചിരാൽ
പദാ പസ്പർശാമും ഭവജലധിപോതേന ഭഗവാൻ”

എന്ന ഒരു ശ്ലോകംമാത്രം ഇതിൽനിന്നുദ്ധരിക്കുന്നു.

## അംബരീഷചരിതം

അംബരീഷ ചരിതത്തിന്റെ മാതൃകയും കാണേണ്ടതാണല്ലോ.

“ശ്രീമാൻ ഭാഗവതോത്തമോ ഭയനമദ്ഭൂപാലമൗലിസ്ഥലീ-
ശ്രുംഭദ്രത്നനിലീയമാനചരണവ്യാഖ്യാതദോശ്ചണ്ഡിമാ
നാഭാഗസ്യ ഗുണാദ്ഭുതസ്യ സമഭൂൽ പുത്രോംബരീഷാഭിധോ
രാജാ സപ്തസമുദ്രക്ലൃപ്തപരിഖം രക്ഷൻ ധരാമണ്ഡലം.”

“ജലൈരിവ ഹി കല്പിതൈസ്തദനു കല്പിതേ പാരണേ
വ്രതസ്യ പരിപൂർണ്ണതാ ഭവതി തത്ര നോ സംശയഃ
നിജാവമതിശങ്കയാ സ ച മുനിഃ പ്രകുപ്യേദ്യദി
സ്വയം ഹരികൃപാബലാദഥ പുനർധ്രുവം ശാമ്യതി.”

ഈ രണ്ടു ശ്ലോകങ്ങളും ആ ചമ്പുവിൽ ഉൾപ്പെട്ടവയാണ്.

## തൃണാവർത്തവധം

സാമാന്യം നല്ല ഒരു ചമ്പുവാണ് തൃണാവർത്തവധം. ഇതിൽ “അനന്തരം ച കംസ വചനശ്രവണമുദിതസ്വാന്തഃ സ്വാന്തായ തായമാനരോഷാവേശകലുഷിതേക്ഷണഃ ക്ഷണാദാദൃതഘോരതരചക്രവാതാകൃതിഃ കൃതസകല സൽപഥവിനാശനായാശ നായകലിതനിഹതമനുജകുലഃ” എന്നിങ്ങനെ ശൃംഖലാരൂപത്തിൽ ആരംഭിക്കുന്ന ഒരു മനോഹരമായ ഗദ്യമുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങളും ഈ ചമ്പുവിൽ ഉള്ള വതന്നെ.

“ഇത്ഥം ഹൃതേ മുരഹരേ ദനുജാധമേന
ഖേദാദിവ ക്ഷിതിരമും സഹസാന്വഗച്ഛൽ
അത്യുൽകടസ്വനമുദീർണ്ണരജശ്ചരലേന
തം മാധവം സകരുണം രുദതീ വിഷണ്ണാ.”

“ഹാ കഷ്ടം മന്ദഭാഗ്യഃ ഖലു വയമധുനാ
തം വിനാ നന്ദസൂനും
ജീവാമസ്ത്യക്തഖേദാഃ കഥമിവ കരുണാം
ഹേ വിധേ! ത്വം വിധേഹി
ബാലം തം ദർശയാരാൽ കൃതമൃദുഹസിതം
ലോഭനീയാങ്ഗമസ്മാ-
നിത്ഥം ഗോപീജനൗഘേ രുദതി സകരുണം
ദീനദീനേ ഭയാർത്തേ.”

## കൂർമ്മാവതാരം

അത്യന്തം ചമൽക്കാരപൂർണ്ണമായ ഒരു ചമ്പുമാണ് കൂർമ്മാവതാരം. ഈ ചമ്പു മേല്പത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങളുടെ കൂട്ടത്തിൽ ആരും ഉൾപ്പെടുത്തിക്കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ കൃതിയാണോ എന്നു സഹൃദയന്മാർ സംശയിക്കാവുന്ന വിധത്തിലുള്ള കവനകലാകൗശലവും വ്യാകരണപാണ്ഡിത്യപ്രകർഷവും ഇതിൽ ആപാദചൂഡം അനുസ്യൂതമായി കളിയാടുന്നു. ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

ഗദ്യം: "തസ്മിന്നവസരേ സുരാസുരാണാം പരസ്പരപ്രഹരണസംഘട്ടിതസ്ഫുടിത കരാളകരവാളജാതജാതവേദഃ സ്ഫുലിങ്ഗപൂരതാരകിതവിയദന്തരേഷു, ദന്തകന്ത പ്രോതപ്രഭൃതദനുജഭടാന്ത്ര ദാമസന്ദർശിതകൃതാന്തനഗരതോരണമാലാവിലാസ വലമാനവലമാഥിമാതംഗേഷു, തുങ്ഗതരധരണിധരശൃങ്ഗനിസ്സംഗനിരിത്വരധാതു രസധോരണീസാധാരണീകരണധുരന്ധര കബന്ധ ഗളരന്ധ്ര നിരന്തര പരിഗളിത ശോണിതവേണീശോണീകൃത സുരതരങ്ഗിണീ പ്രവാഹേഷു, ഹാടക മഹീധര കന്ദര പ്രസ്തര നിരുപദ്രവ നിദ്രായമാണ ഹരിണാരി ഗണനിദ്രാവിദ്രാവണ വിദ്യാപടുതമ പടഹപടല പടപടായിത പാടിത ബ്രഹ്മാണ്ഡ ഭാണ്ഡോദരേഷു, പ്രതിദിനം പ്രതായമാനേഷു പ്രധാനേഷു . . . ദിവസകരമിവ കമലാകരമർദ്ദന പ്രബുദ്ധം, സുകവി പ്രബന്ധമിവ രസോപലാളിതപദം, വ്യാകരണ പ്രകരണ മിവാഗമവചന പ്രത്യയകാരക പ്രകൃതി മഹിത രൂപാവതാരം, മധുദ്വേഷിണമപി സേവിത പ്രസന്നം ഭുജഗേശയാനമപി പതഗേശയാനം, ദീനശരണമപി നദീനശരണം, ചരണ നളിന നതജനതാ പരിതാപഹരണൈക പരായണം നാരായണം ശരണമയാസീൽ."

"ആപാതാളം വിഭിദ്യ ക്ഷിതിതലമതുല-
സ്തോമകദ്ദാലജാലൈ-
രുൽകൃത്യോൽകൃത്യ ഭൂയഃ പരശുഭിരഭിത-
സ്സന്ധിബന്ധം സമന്താൽ
പശ്ചാദുച്ചാല്യ നീരൈരവനിധരമധോ
ദാരുഖണ്ഡൈരഖണ്ഡൈ-
രുച്ചൈരുച്ചാരയന്തഃ കളകളമഥ തേ
നിന്യുരേനം പയോധീം."
"കല്ലോലാഃ കേചിദുല്ലോളിതലളിതവിമാ-
നാവലീകേതുമാലാ-
തുല്യാഭോഗാ ബഭ്രുവുർന്നഭസി വിസൃമരാ
ദുഗ്ദ്ധസിന്ധോസ്സമന്താൽ
തേ ചാമീ ചാരുചാമീകരശിഖരിശിരഃ-
ശൃങ്ഗസംക്രീഡമാന-
സ്വസ്ത്രൈണസ്ഥൂലവക്ഷോരുഹഭുവി ദധിരേ
ഹാരശോഭാം വിശീർണ്ണാഃ"

## സീമന്തിനീചരിതം

ഈ ചമ്പുവിലെ വിഷയം സോമവാരവ്രതമാഹാത്മ്യമാണ്. കുഞ്ചൻനമ്പിയാരുടെ ശിവപുരാണത്തിനു പ്രചാരം സിദ്ധിച്ചതിനുമേലായിരിക്കുമോ ഇതിന്റെ നിർമ്മിതി എന്നു സംശയിക്കുന്നു. അങ്ങനെയാണെങ്കിൽ ഇതു കൊല്ലം പത്താം ശതകത്തി

ന്റെ ഉത്തരാർദ്ധത്തിൽ ആവിർഭവിച്ചതായി സങ്കല്പിക്കാം. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

“ആര്യാവർത്താധിനാഥസ്സമഭവദതുല-
ശ്ചിത്രവർമ്മാ മഹാത്മാ
തൽപുത്രീ ചാരുഗാത്രീ സമജനി ദമയ-
ന്തീവ സീമന്തിനീതി
സാ വാമാ കേളിലോലാ ലളിതതരഗതീ
രാജഹംസസ്യ തസ്യാം
സന്തോഷം കുർവതീ ച പ്രചുരമനുഗതാ
മന്ദമന്ദം നഗര്യാം.”

മറ്റൊരു ശ്ലോകംകൂടി ചേർക്കാം.

“സൗധേ സ്ഥിത്വാഥ നാര്യോ നയനകുവലയൈർ-
ദ്ദൃഷ്ടിമസ്മിൻ നികാമം
കൃത്വാ ഹൃഷ്ടാസ്തദാനീം കിമപി ച കുതുകം
പ്രാപ സീമന്തിനീ സാ
നേത്രാഭ്യാമാശു പീത്വാ നിജരമണമഹോ
പുണ്യലബ്ധം സുരൂപം
ശർവേ ദേവേ പ്രസന്നേ കിമിഹ നഹി ഭവേൽ
സർവലോകാധിനാഥേ?”

കവിതയ്ക്കു പറയത്തക്ക ചമൽക്കാരമില്ല.

## മറ്റൊരു സ്യമന്തകം

മേല്പത്തൂർ ഭട്ടതിരിയുടെ സ്യമന്തകപ്രബന്ധം പ്രസിദ്ധമാണല്ലോ. കൊല്ലം പത്താം ശതകത്തിൽ മറ്റൊരു ചെറിയ ചമ്പുകൂടി അതേ വിഷയത്തെ അധികരിച്ച് ആരോ രചിച്ചതായിക്കാണുന്നു. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“സത്രാജിത്സഹജഃ കദാചന ഹായാരൂഢോ മൃഗവ്യാകുലഃ
സത്രാ കണ്ഠധൃതേന തേന മണിനാ പ്രാപ പ്രസേനോ വനം
മാംസഭ്രാന്തിവശാന്മണേർമ്മഹസി തം സിംഹോ നിജഗ്രാഹ; തം
ഹത്വാദായ മണംജഗാമ ച ഗുഹാം ജാംബ്വേതരോ ജാബവാൻ.”

അജാനതാനാമഭയപ്രദം ത്വാ-
മജാനതാ നാഥ കൃതം മയാഗഃ;
സഹസ്വ ദാസ്യേ മണിനാ കുമാരീം
സഹ സ്വദാസ്യേ സുജനാർത്തിഹാരിൻ.’

## സന്താനഗോപാലം

സന്താനഗോപാലകഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ള കേരളീയസംസ്കൃതചമ്പുക്കളിൽ അശ്വതി തിരുനാൾ ഇളയതമ്പുരാന്റെ പ്രബന്ധത്തിനാണ് അഭ്യർഹിതത്വം എന്നുള്ളതിനെപ്പറ്റി പക്ഷാന്തരമില്ല. എന്നാൽ അതു കൂടാതെ അതേ പേരിൽ

മറ്റൊരു ചെറിയ പ്രബന്ധവും കാണ്മാനുണ്ട്. അതാണ് കഥാപ്രവചനത്തിനു ചാക്കിയാന്മാരും മറ്റും ഉപയോഗിക്കുന്നത്. ഭാഷാചമ്പുക്കളുടെ രീതിയിൽ ഒരു ലോകോക്തിയും അതിന്റെ സമർത്ഥനവും കൊണ്ടാകുന്നു ഗ്രന്ഥത്തിന്റെ ഉപക്രമം.

"കാരുണ്യമസ്തി യദി കിഞ്ചന കംസഹന്തുർ-
ദ്ദുർല്ലഭ്യമദ്യ ഭുവനേ കിമു യോഗഭാജാം?
പാർത്ഥഃ പുരാ ഖലു മുകുന്ദകൃപാബലേന
പ്രാദാന്ന കിം ദശകമഗ്രഭുജേ സുതാനാം?"

ഏഴു ശ്ലോകങ്ങൾ മാത്രമേ ഈ പ്രബന്ധത്തിലുള്ളു. ഗദ്യമില്ല. ഒരു ശ്ലോകംകൂടി പകർത്താം.

"മദ്ബാണൈർദ്ദക്ഷഹന്താ രണശിരസി മുഹു-
സ്താഡിതഃ കിം ന ഘോരൈഃ?
കിന്ന പ്രായോ വിനാശം കുരുകുലമഖിലം
നീതവാൻ വീതശങ്കഃ?

ആസ്താം തൽ, കോപി പുത്രസ്സമജനി യദി തേ
പ്രേതനാഥഞ്ച ജിത്വാ
രക്ഷിഷ്യേ വിപ്ര! നോ ചേൽ കരകലിതധനു-
സ്സന്നിവേക്ഷ്യേ ഹുതാശം."

കവിത, സംഗ്രഹണം നിമിത്തമായിരിക്കാം, ആകർഷകമായി കാണുന്നില്ല.

## ഹനൂമദപദാനം

ഹനൂമദപദാനം എന്ന പേരിൽ സാമാന്യം ദീർഘമായ ഒരു ചമ്പുവുണ്ട്. ഒരു കേരളീയനായിരിക്കാം അതിന്റെ കർത്താവെന്ന് ഊഹിക്കുവാനല്ലാതെ ഉറപ്പിച്ചു പറയുവാൻ വേണ്ട തെളിവില്ല. ഹനൂമാന്റെ ജനനം മുതല്ക്കുള്ള സകല സംഭവങ്ങളും പ്രസ്തുത കാവ്യത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കൗമാരവിലസിതം, നയവിലസിതം, സീതാന്വേഷാദിവിലസിതം എന്നിങ്ങിനെ മൂന്നു വിലസിതങ്ങളായി ഗ്രന്ഥം വിഭക്തമായിരിക്കുന്നു. കവിതയ്ക്കു നല്ല ഓജസ്സും പ്രസാദവുമുണ്ട്.

"ക്ഷമന്ത ഏവ സന്തോത്ര സർവവിദ്യാബ്ധിപാരഗാഃ
അന്യേ ഹസന്തു കിം ഛിന്നം ഭക്താസ്സംഭാവകാ മമ"

എന്ന ശ്ലോകം ആരംഭത്തിലുള്ളതാണ്. ഒരു ഗദ്യത്തിൽ ചില പങ്ക്തികളും രണ്ടു ശ്ലോകങ്ങളും ഉദ്ധരിക്കാം.

രാവണൻ:

"പ്രാദുർഭൂത ഏവ തസ്മിൻ ജഗദവിതരി സവിതരീവിപരേ പ്രതിഹതിരഹിതപ്രതാപപ്രസരണസരണിനിരസ്തനിഖിലഭുവനവിമതസന്തമസേ വിംശദ്ഭുജാവലേപദലാതേന കുലിശേന തദ്ഭുജസമസമാഘാതസമുചിതാഭംഗുരസ്ഥാനസംസ്ഥാപിതാനാമിവനിജാംഗാനാം രുചിരകരചരണാന്തഖർവേതരാണാം ഖരാണാം നഖരാണാം മയൂഖജാലേന അദരിദ്രവദ്രുമച്ഛേദസച്ഛായലളിതലപനവിലസദതിരുചിരമരീചിമാല യാക്ഷേമാംകരവീരപ്രരോഹപരിതുഷ്ടസുരനരവർഗ്ഗവി തീർണ്ണയോർന്നിജകബളാംശയോർജ്ജൈവാതൃകശകലയോരിവ . . . "

വായു:

"ഭൂതേഷു പഞ്ചസ്വപി യോസ്ത്യധീശോ
സർവേഷു ദേഹേഷ്വപി നായകോ യഃ
ജീവന്തി ദേവാശ്ച യദാശ്രയേണ
തസ്യ പ്രകോപേ ക്വ ന ഭദ്രമസ്തി?

**രാക്ഷസയുവതികൾ:**

"ഉപഗതരമണാങ്കമങ്കപാളീ-
മിളിതമൃദുസ്മിതസാദരാ ലസന്ത്യഃ
അവിദിതവിരഹാഃ പരസ്പരോദ്യൽ-
പ്രണയരതോത്സവനിർവൃതാശ്ച കാശ്ചിൽ."

**ഹനൂമാനെപ്പറ്റി ജനങ്ങൾ:**

"ക്വാസൗ വലീമുഖബലാധിപബാലിഭീത-
സുഗ്രീവസമ്പദുദയേ ഘടകോ ഹനൂമാൻ?
ക്വാസൗ രഘുപ്രവരചിത്തസരോജഭാനു-
സ്സീതാമനഃകുമുദശീതകരോ ഹനൂമാൻ?"

## വത്സരാജ പ്രബന്ധം

സുപ്രസിദ്ധമായ ഉദയനചരിതത്തെ വിഷയീകരിച്ച വത്സരാജപ്രബന്ധം എന്നൊരു ചമ്പുവും വായിച്ചിട്ടുണ്ട്. അങ്കം എന്ന പേരിൽ അതു പല ഖണ്ഡങ്ങളായി വിഭക്തമായിരിക്കുന്നു. എട്ടാമങ്കത്തിന്റെ ആരംഭംവരെ കണ്ടിട്ടുണ്ട്. കേരളീയമാണ് കൃതിയെന്നു തോന്നുന്നു. പ്രണേതാവിനെപ്പറ്റി യാതൊന്നും അറിയുന്നില്ല. മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"അസ്തി സ്വസ്തികരീ സമസ്തജഗതാമസ്താരിവിസ്താരിതാ
സാലാസ്തംഭിതചാരുകാസരമണീപ്രാസാദലംബാംബുദാ
കൗബേരീവ മഹർദ്ധികാ ശശികുലക്ഷോണീഭൃതാമാസ്പദം
കൗശാംബീതി പുരാ കുശാംബരചിതാ കൗശാംബ്യപൂരാ പുരീ."

"വിവിധമണിസമുജ്ജ്വലേ വിമാനേ
പതതി സലജ്ജമിവാർക്കരശ്മിജാലം
കനകമയവിശാലസാലഭഞ്ജ്യാ
വിലസതി ഗായതി നൃത്യതീവ വാസഃ"

"ശ്രുത്വാദ്യ വൃത്താന്തമിമം സ്മരാർത്തോ
ഹർഷം പരം യാസ്യതി വത്സരാജഃ,
പ്രാവൃണ്മഹാംഭോധരമന്ദ്രനാദം
ഘർമ്മാഭിതപ്തഃ ശ്രുതവാൻ ശിഖീവ."

## മറ്റൊരു കാർത്തവീര്യവിജയം ചമ്പു

അശ്വതി തിരുനാൾ ഇളയതമ്പുരാന്റെ കാർത്തവീര്യവിജയത്തിനു പുറമേ മറ്റൊരു കാർത്തവീര്യവിജയം ചമ്പുകൂടി കണ്ടിട്ടുണ്ട്. അതും കേരളീയമാണെന്നു തോന്നുന്നു. പ്രണേതാവിനെപ്പറ്റി ഒന്നും അറിവില്ല. പ്രസ്തുതകൃതി ഇങ്ങനെ ആരംഭിക്കുന്നു.

“കല്യാണാനി ചരീകരീതു മുരളീവിന്യസ്തബിംബാധരം
ചഞ്ചൽകാഞ്ചനമേഖലാഞ്ചിതനിതംബാലംബിപീതാംബരം
നന്ദാനന്ദനമിന്ദിരാകുചതടീപാടീരപങ്കാങ്കിതം
യജ്ജ്യോതിഃ പരിചർക്കരീതി നികഷാഘോഷം തടം യാമുനം.”

“ചന്ദ്രാന്വവായജനുഷാം ഖലു ഹേഹയാനാം
മാഹിഷ്മതീതി വിദിതാ കുലരാജധാനീ,
തസ്യാമഭൂന്നൃപതിരജ്ജുനനാമധേയഃ
പുത്രോ വിശാമധിപതേഃ കൃതവീര്യനാമ്നഃ.”

രാവണന്റെ വീരവാദം:

“പ്രാഗുച്ചൈശ്ശിരസം ഗണൈസ്സഹ ശിരസ്യധ്യാസിതം സ്ഥാണുനാ
കൈലാസം രജതാചലം കരതലൈര്യഃ ക്ഷിപ്തവാനംബരേ
തസ്മിൻ ജാഗ്രതി മയ്യരാതിപൃതനാതുലപ്രചണ്ഡാനിലേ
വീരമ്മന്യ ഇഹാസ്തി ചേന്നരപശുഃ കശ്ചിദ്ധിഗസ്മദ്ഭുജാൻ.”

വളരെ വിശിഷ്ടമാണ് ഈ കവിത.

## കാർത്തവീര്യാപദാനം

ഇത് അതേ വിഷയത്തെത്തന്നെ അധികരിച്ചുള്ള മറ്റൊരു ചമ്പുവാണ്. ഈ ചമ്പുവും കേരളീയമാണെന്നു സങ്കല്പിക്കാം. ഇതും വിശിഷ്ടമായ ഒരു പ്രബന്ധംതന്നെ. മൂന്നു സ്തബകങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

“ശ്രീകാർത്തവീര്യനൃപതേരുപനീതദാന-
പ്രത്യക്ഷതോ ഗുണഗണാനനുബോധയന്തഃ
ദുസ്സാധ ഏവ കവികർമ്മണി മാദൃശാനാം
സഞ്ചോദയത്യഹഹ! കാചിദലജ്ജതാ മാം.

ഗംഭീരശാസ്ത്രാർത്ഥവിദഃ കവീന്ദ്രാ
അപി പ്രമാദ്യന്തി കൃതൗ കൃതിജ്ഞാഃ
അതോത്ര കാവ്യേ പരിശോധനായ
തിഷ്ഠേ ഗിരിഷ്ഠേഷ്വു ബുധോത്തമേഷു.”

## ഗജേന്ദ്രമോക്ഷം

ഗാജേന്ദ്രമോക്ഷം ഒരു ചെറിയ ചമ്പുവാണ്.

“ഇന്ദ്രദ്യുമ്നഃ പാണ്ഡ്യരാജോ മഹാത്മാ
വിഷ്ണോർഭക്തശ്ചന്ദനാദ്രൗ കദാചിൽ
തത്സേവായാം മഗ്നധീരാലുലോകേ
നൈവാഗസ്ത്യം പ്രാപ്തമാതിഥ്യകാമം.”

എന്നിങ്ങനെയാണ് ആ പ്രബന്ധം ആരംഭിക്കുന്നത്. ത്രികൂടവർണ്ണനപരമായ ഒരു പദ്യംകൂടെ ചുവടേ ചേർക്കുന്നു.

“തസ്മിൻ സർവർത്തുയോഗാൽ സകലവിടപിന-
സ്സർവദാ സർവപുഷ്പൈ-
ർന്നമ്രാഃ കമ്രൈഃ ഫലൗഘൈർല്ലളിതകിസലയൈ-
സ്സന്തി സന്താപശാന്ത്യൈ
തസ്മിന്നപ്യന്നതോസാവജവിഹിതതരു-
ച്ഛായയാ പാദപാനാ-
മാർച്ഛന്മൂർച്ഛാ നിദാഘാതപഗരിമകൃതാം
മ്ലാനിമമ്ലാനദാനഃ.”

## ചെല്ലൂരപുരേശസ്തോത്രം

അത്യന്തം മനോഹരമായ ഈ സ്തോത്രം ആര് ഏതു കാലത്തുണ്ടാക്കിയതാണെന്ന് അറിയുന്നില്ല. ഭട്ടതിരിയെ അപേക്ഷിച്ച് അർവാചീനനാണ് കവി എന്നു തോന്നുന്നു.

“പ്രാദുഷ്യന്തു പുരഃ പുരത്രയവധൂബിംബോകസമ്പദ്ദ്രുഹഃ
ശ്രീചെല്ലൂരപുരീനിവാസരസികാസ്തേജോവിലാസാ മമ
യേഷു ധ്യാനപഥം ഗതേഷു ഭവിതാ നൃണാം ഫണീ ഭൂഷണം
വാമാങ്ഗം വനിതാ ദിശശ്ച വസനം ഭാഗീരഥീ മാലികാ.”

“ഉൽകൂലപ്രണയാതിരേകമുദയദ്രോമാഞ്ചപുഞ്ജം മുഹുഃ
പ്രത്യാഖ്യാനപരൈകഭാഗവചനം ചെല്ലൂരപുര്യാമഹോ
നീവീസ്പർശവിലോലദക്ഷിണകരവ്യാപാരരോധക്രിയാ-
വൈയഗ്ര്യാകുലവാമപാണി ശിവയോരൈക്യം പരിക്രീഡതേ.”

“യാചേ കിഞ്ചിദിദം കൃതാഞ്ജലിപുടം ചെല്ലൂരപുര്യാഃ പതേ!
സ്വാമിൻ വാരയ ചന്ദ്രശേഖര കൃപാവാരാന്നിധേ! മാമകീം
ദ്വിത്രഗ്രാമടികാധിപത്യകലിതാഹംഭാവശ്രുംഭന്മതി-
ക്ഷുദ്രക്ഷ്മാധവചാടുകോടിഘടനാദൈന്യസ്യ ദോഗ്ധ്രീം ദശാം.”

“കണ്ഠഗ്രാഹികഫേ സ്ഖലദ്ഗിരി ചലദ്ബോധേഗളന്മാരുതേ
മീലച്ചക്ഷുഷി വേപമാനഹൃദയേ കാലേ സതി പ്രസ്തുതേ
ആരുഹ്യ ദ്രുതമദ്രിരാജസുതയാ സാകം മഹാശാക്വരം
സ്വാമിൻ ശങ്കര സന്നിധേഹി കൃപയാ ചെല്ലൂരഭൂഷാമണേ!”

## തെക്കേപ്പാട്ടു ജാതവേദൻനമ്പൂരിപ്പാട്

വിശ്വാമിത്രഗോത്രജനായ തെക്കേപ്പാട്ടു ജാതവേദൻ നമ്പൂരിപ്പാട് പ്രബോധചന്ദ്രോദയത്തിന്റെ വഴിപിടിച്ചു പൂർണ്ണപുരുഷാർത്ഥ ചന്ദ്രോദയം എന്നൊരു നാടകം നിർമ്മിച്ചിട്ടുണ്ട്. ദശാശ്വൻ എന്ന രാജാവ് ആനന്ദപക്വവല്ലിയെ വിവാഹം ചെയ്യുന്നതാണ് വിഷയം. ദശാശ്വൻ എന്നാൽ ‘ജീവാത്മാവ്’ എന്നർത്ഥം. കവിയുടെ ജീവിതകാലമേതെന്ന് അറിയുന്നില്ല. ‘ശ്രീമദ്വേന്നനാടഗ്രാമബിസിനീസംഭവേഷു പ്രഥിതാ

ഷ്ടഗൃഹാബ്ജേഷു' എന്നും മറ്റും അദ്ദേഹം സ്വകുലത്തെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. അഷ്ടഗൃഹത്തിൽ ആഢ്യന്മാരുടെ കുടുംബങ്ങളിൽ ഒന്നാണ് തെക്കേപ്പാട്ടുമന. അതു തിരുവേഗപ്പുറയിലാണ് സ്ഥിതിചെയ്തിരുന്നത്.

"ദക്ഷിണാശാഗൃഹസ്സോഥ ജാതവേദാ ഹി നാമതഃ
സോമയാഗം കൃതവതസ്തസ്യ ജായാ ച പാർവതീ
തദ്രൂപാദാനദേഹസ്യ പരമേശകനീയസഃ
തുര്യാശ്രമപ്രവിഷ്ടസ്യ കൃതിരേഷാ യഥാബലം"

എന്നുകൂടി തന്നെപ്പറ്റിയും അദ്ദേഹം ചില വിവരങ്ങൾ നമുക്കു നല്കുന്നുണ്ട്. കവി ചോമാതിരിയായിരുന്നു എന്നും പാർവതി എന്നായിരുന്നു അദ്ദേഹത്തിന്റെ പത്നിയുടെ പേരെന്നും പരമേശ്വരൻ എന്ന് അദ്ദേഹത്തിന്ന് ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു എന്നും ജാതവേദൻ ഒടുവിൽ സന്യാസാശ്രമം സ്വീകരിച്ചു എന്നും നാം തദ്വാരാ ധരിക്കുന്നു.

## വാസുദേവചരിതം

വാസുദേവചരിതം എന്ന പേരിൽ കേരളീയകൃതമായ ഒരു മഹാകാവ്യത്തിന്റെ ദശമസർഗ്ഗാന്തം വരെയുള്ള ഭാഗം കണ്ടുകിട്ടീട്ടുണ്ട്. കവിയുടെ കാലവും പേരും അറിയുന്നില്ല.

"ശ്രീകുമാരപുരാവാസാം ശ്രീകണ്ഠപ്രിയവല്ലഭാം
ശ്രീശാദി പ്രണതാം ദേവീം ശ്രിയൈ നിത്യമുപാസ്മഹേ"

എന്ന വന്ദനശ്ലോകത്തിൽനിന്ന് അദ്ദേഹം കുമാരനല്ലൂർക്കാരനായ ഒരു നമ്പൂരിയാണെന്നുമാത്രം ഊഹിക്കാം. ഭൂമിദേവി ബ്രഹ്മാവിനോടു തന്റെ സങ്കടം നിവേദനം ചെയ്യുന്നതുമുതൽ രുക്മിവധം വരെയുള്ള കഥ ഭാഗവതം ദശമസ്കന്ധത്തെ അനുസരിച്ചു വർണ്ണിച്ചിരിക്കുന്നു. കാവ്യം ഏറ്റവും മനോഹരമാണ്. പ്രഥമസർഗ്ഗത്തിൽ ലബ്ധമായ ഭാഗത്തിൽനിന്നു ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"കളായകോമളരുചാ വിരോചിതദിഗന്തരം
കാന്തിപീയൂഷനിർമ്മഗ്നരത്നപ്രതികൃതിപ്രഭം

കോടിസൂര്യസ്ഫുരദ്രത്നകിരീടമകുടോജ്ജ്വലം
ആനീലകുടിലസ്നിഗ്ദ്ധസ്രഗ്ഗ്നദ്ധകുണ്ഡലം

ഊർദ്ധ്വപുണ്ഡ്റലസൽഫാലകലിതാർദ്ധേന്ദുവിഭ്രമം
ആനനാബ്ജോപരിഭ്രാന്തഭ്രമരഭ്രമദാളകം

കരുണാമൃതകല്ലോലചില്ലീലാവിഭ്രമഭ്രുവം
ശ്രവണ(ദ്വയവി) ശ്രാന്തവിശാലകമലേക്ഷണം
. . . . . . . . .
മഞ്ജുശിഞ്ജിതമഞ്ജീരമനോജ്ഞാംഘ്രിപടികാദ്വയം
നഖേന്ദുഭഗണഭ്രാജൽപാദാങ്ഗുഷ്ഠാങ്ഗുലീദലം

പദപങ്കജലാവണ്യജിതസന്താനപല്ലവം
ആപാദകേശമധുരം സ്മരതാം മങ്ഗലപ്രദം."

കൃഷ്ണാവതാരഘട്ടത്തിലെ കേശാദിപാദവർണ്ണനമാണിതു്. പൂതനാമോക്ഷസന്ദർഭത്തിലുള്ള ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

“പപാത സാ പാതിതപാദപൗഘാ
യദാ തദോൽപാതശതാതിഭീതഃ
വ്രജം വ്രജേശഃ പ്രവിവേശ തസ്യാ
വക്ഷഃസ്ഥലസ്ഥാർഭകഹാസഭാസാ.”

സപ്തമസർഗ്ഗത്തിലെ ദ്വാരകാവർണ്ണനത്തിൽ നിന്നുകൂടി രണ്ടു ശ്ലോകങ്ങൾ പകർത്താം.

“വിക്രേതൃഭിഃ ക്രയികചക്രവിലോഭനാർത്ഥം
ക്രയ്യം കൃതം വിപണിപംക്തിഷു രത്നജാതം
യസ്യാം പ്രസാരിതമഹോർമ്മികരഃ പ്രമുഷ്ണൻ
രത്നാകരോ ഭവതി നൂനമയം പയോധിഃ.”

“യൽസുഭ്രുവഃ പരിഹസന്തി തരങ്ഗഭങ്ഗീ-
ശ്ചില്ലീവിലാസകലയാ ശഫരീശ്ച നേത്രൈഃ
ഹാസേന ഫേനമപി യൽപരിഘാപയോധേ-
ർദ്ദന്തച്ഛദച്ഛവിനിരാകൃതവിദ്രുമൗഘാഃ”

## കൃഷ്ണീയസ്തോത്രം

നാരായണീയത്തെ അനുകരിച്ചു് ഗുരുവായൂരപ്പനെ അഭിസംബോധനം ചെയ്തുകൊണ്ടു് ഏതോ ഒരു കവി നാനൂറ്റിൽചില്വാനം ശ്ലോകങ്ങളിൽ, സ്രഗ്ദ്ധരാവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു ഭാഗവതസംങ്ഗ്രഹസ്തോത്രമാണു് കൃഷ്ണീയം. ഒടുവിൽ വസന്തതിലകത്തിൽ ഭക്തിമാർഗ്ഗത്തിന്റെ പാരമ്യത്തെ സ്ഥാപിക്കുന്നതിനായി കുറെ ശ്ലോകങ്ങൾ ചേർത്തിട്ടുണ്ടു്. കൃഷ്ണീയമെന്നുള്ള പേർ ഗ്രന്ഥത്തിനു നല്കാനുള്ള കാരണം അദ്ദേഹം തന്നെ.

“കൃഷ്ണാവതാരപ്രാധാന്യാൽ കൃഷ്ണീയമിതി വിശ്രുതം
കൃഷ്ണസ്തോത്രം തവൈതത്തു പുഷ്ണീയാജ്ജപതാം സുഖം”

എന്ന ശ്ലോകത്തിൽ വിശദീകരിക്കുന്നു.

“സച്ചിൽസന്തോഷപൂർണ്ണാത്മകമഖിലപരി-
വ്യാപ്തമാദ്യന്തഹീനം
നിർദ്വന്ദ്വം വിസ്വകന്ദം പരമസുഖദമ-
ന്വിഷ്യമാണം ത്രയീഭിഃ
ശുദ്ധം ദേഹേന്ദ്രിയാദ്യൈർവിരഹിതമപി യ-
ത്തൽ പരം ബ്രഹ്മ താവദ്
ഭക്താനാം മൂർത്തിമദ്ഭാത്യഹഹ ഗുരുമരുൽ-
പത്തനേനുഗ്രഹാർത്ഥം”

എന്നതാണു് ആദ്യത്തെ പദ്യം. അതിനും നാരായണീയത്തിലെ “സാന്ദ്രാനന്ദാവബോധാത്മകം” എന്ന പദ്യത്തിനും തമ്മിലുള്ള ജന്യജനകഭാവം പ്രത്യക്ഷമാണല്ലോ. ആ പരമാർത്ഥം അദ്ദേഹം,

“നാരായണാഖ്യകവിരാജകൃതാതിരമ്യ-
നാരായണീയമുഖനത്യന്തസാരതോയം
നാരായണസ്യ കരുണാം തവ ലബ്ധുകാമോ
മൂഢോപ്യഹം നതിമകാർഷമിമാം ക്ഷമേഥാഃ”

എന്ന പദ്യത്തിൽ സമ്മതിച്ചിട്ടുണ്ട്. ഇടയ്ക്കുനിന്നു് ഒരു ശ്ലോകം കൂടി പ്രദർശിപ്പിക്കാം.

“ശ്രുത്വാ വേണുധ്വനിം തേ പശുപയുവതയോ
വേണുഭക്താവശേഷം
ലബ്ധും ബിംബാധരാപൂരിതമമൃതരസം
സൂരപുത്രീം സമേത്യ
തത്തീരേ സൈകതീനാം ഹിമഗിരിതനയാ-
മാർച്ചിഷുസ്തദ്വ്രതാന്തേ
വസ്ത്രാണ്യാധായ തീരേ ജലവിഹൃതിരസാ-
സക്തചിത്താ ബഭ്രവുഃ.”

കവിതയ്ക്കു വലിയ മെച്ചമൊന്നുമില്ല.

## രുക്മാങ്ഗദചരിതം കാവ്യം

ഈ കാവ്യം രണ്ടു സർഗ്ഗത്തോളമേ കിട്ടീട്ടുള്ളു. പ്രാണേതാവിനെയോ പ്രാദുർഭാവകാല ത്തേയോ പറ്റി യാതൊന്നും അറിഞ്ഞുകൂടാ. കവിതയ്ക്കു സ്വാരസ്യമുണ്ടു്.

“ശ്രിയം ദിശതു തത്തേജോ മമ വാചാമഗോചരം
യസ്യൈകസ്യ നമസ്കാരേ നമോ ഭവതി ഹി ദ്വയോഃ

ആസീദ്രുക്മാങ്ഗദോ നാമ രാജാ മിഹിരവംശജഃ
നാരായണപദധ്യാനനിർദ്ധൂതാശേഷകല്മഷഃ” (പ്രഥമസർഗ്ഗം)

“അനേകരത്നാവലിഭിന്നവർണ്ണാ
മഹാപ്രതിധ്വാനവിഭിന്നശബ്ദാഃ
അദൃഷ്ടപൂർവാ ഇവ യാം പ്രവിഷ്ടാ
മിഥോ ന ജാനന്തി ജനാഃ കഥഞ്ചിൽ

കുഡ്യേഷു യത്ര പ്രതിബിംബിതാനാം
സമാനചേഷ്ടാലപനൈർജ്ജനൗഘാഃ
ഛായാത്വമാജ്ഞായ സുഖാനുയോഗാൻ
ന പൂരയന്ത്യർദ്ധകൃതാൻ സലജ്ജാഃ.

മഹീവലാരിപ്രതിബിംബലഗ്നാം
ഛായാം പരസ്യേവ നിരീക്ഷ്യ കശ്ചിൽ
നൃപാംഗസംഗാദ്വിരമാശു മൂഢ!
ത്വമിത്യുപാലഭ്യ തതോ ലലജ്ജേ.” (ദ്വിതീയസർഗ്ഗം)

## രത്നാവലീകഥാസാരം

ഇതു ഹർഷദേവന്റെ പ്രസിദ്ധമായ രത്നാവലീനാടികയിലെ ഇതിവൃത്തം സംക്ഷേപിച്ചു ബ്രഹ്മദത്തൻ എന്ന നമ്പൂരി രചിച്ചിട്ടുള്ള ഒരു കാവ്യമാണ്. കവിയെയോ അദ്ദേഹത്തിന്റെ കാലത്തെയൊ പറ്റി യാതൊരറിവുമില്ല.

> "അരുണാധരവിന്യസ്തമുരളീതരളാംഗുലി
> നന്നമീമി ചിദാനന്ദമിന്ദിരാകാമുകം മഹഃ.
>
> ശ്രീമദാചാര്യരൂപം തം പ്രണമ്യ ബ്രഹ്മ സാദരം
> രത്നാവല്യാഃ കഥാസാരം ബ്രഹ്മദത്തേന തന്യതേ.
>
> അസ്തി പ്രസ്തീമസംഭൃതിപരിഭൃതാമരാവതീ
> കൗശാംബീ നാമ നഗരീ കശാംബേന വിനിർമ്മിതാ.
>
> യുവാനോ യത്ര സൗധാഗ്രേ വസന്തോ വനിതാസഖാഃ
> മുഖേന്ദോ പാർവണേന്ദോശ്ച സമീക്ഷന്തേ തുലാം മിഥഃ." (പ്രഥമസർഗ്ഗം)
>
> "അഥ പ്രമോദം പ്രമദാസഖാനാം
> വിജൃംഭയംശ്ചേതസി സർവ്വയൂനാം
> അമോഘമസ്ത്രം ഹരിണാങ്കബന്ധോ-
> രൃതുർവസന്തോ ധരണീം പ്രപേദേ.
>
> ആമൂലചൂഡോല്ലസിതൈസ്തദാനീം
> ദ്രുമാ വിരേജുർന്നവകോരകൗഘൈഃ
> ഋതുപ്രധാനസ്യ സമാഗമേന
> പ്രഹർഷരോമാഞ്ചമിവോദ്വഹന്തഃ. (തൃതീയസർഗ്ഗം)

വളരെ നല്ല ഒരു കാവ്യമാണ്. മുഴുവൻ കിട്ടീട്ടില്ല.

## സേതുദീപം

പ്രവരസേനന്റെസുപ്രസിദ്ധമായസേതുബന്ധം അഥവാ രാവണവധം എന്ന പ്രാകൃതകാവ്യത്തിനു ദീപം എന്ന പേരിൽ കേരളീയമായ ഒരു വ്യാഖ്യാനമുണ്ട്. അതു സുബ്രഹ്മണ്യൻ എന്നു കൂടി പേരുള്ള ദേവരാതൻ എന്ന ഒരു നമ്പൂരിയുടെ കൃതിയാണ്. അദ്ദേഹം ഏതോ ഒരു കൊച്ചി മഹാരാജാവിന്റെ ആശ്രിതനായിരുന്നു എന്ന് ഊഹിക്കുവാൻ വഴിയുണ്ട്. എന്തെന്നാൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ രവിപുരഗ്രാമത്തിന്റെ നാഥനും അനന്താസനനായ തൃപ്പൂണിത്തുറയപ്പന്റെ ദാസനുമായ ഒരു മഹാനുഭാവനാണ് അദ്ദേഹത്തെക്കൊണ്ട് ആ വ്യാഖ്യാനം രചിപ്പിച്ചതെന്നു പറയുന്നു.

> "സ്നേഹാദേശനിബന്ധനാ രവിപുരഗ്രാമേശശേഷാസന-
> ശ്രീദാസസ്യ തു സേതുദീപരചനാമ്പർത്ഥാ ച യസ്യാഭിധാ
> സുബ്രഹ്മണ്യ ഇതി സ്വയം ഗിരിസുതാനാഥൈകദാസാദ്ഗതാ
> സാശ്വാസം പ്രഥമം, തദേവമുദിതാ സാ ദേവരാതാദിതി."

വ്യാഖ്യാനം സർവങ്കഷവും വ്യാഖ്യാതാവിന്റെ പ്രാകൃതഭാഷയിലുള്ള പാണ്ഡിത്യത്തിന്റെ മകുടോദാഹരണവുമായി പ്രകാശിക്കുന്നു. മുദ്രിതമായ സേതുബന്ധത്തോടു ചേർത്തു പ്രസിദ്ധീകരിച്ചിട്ടുള്ളതു ജയപുരദേശീയനായ രാമദാസഭൂപതിയുടെ പ്രദീപമെന്ന വ്യാഖ്യാനമാണ്. ഇതു കൂടാതെ മാധവയജ്വാവിന്റെ താൽപര്യദീപിക, ശ്രീകൃഷ്ണന്റെ വിവരണം മുതലായി വേറെയും അനേകം വിദേശീയ വ്യാഖ്യകൾ പ്രസ്തുത കാവ്യത്തിനു ലഭിച്ചിട്ടുണ്ട്. മുദ്രിതപുസ്തകത്തിൽ പതിനഞ്ചു ആശ്വാസങ്ങളേ അടങ്ങീട്ടുള്ളു എങ്കിലും കാവ്യത്തിൽ പതിനാറാശ്വാസങ്ങൾ അടങ്ങീട്ടുണ്ടെന്നാണ് ദക്ഷിണാപഥത്തിലെ ഐതിഹ്യം. ഔത്തരാഹപാഠമനുസരിച്ചുള്ള പതിമ്മൂന്നാമത്തെ ആശ്വാസത്തിൽ പതിമൂന്നും പതിന്നാലും ആശ്വാസങ്ങൾ അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതാണ് ഈ ഗണനാഭേദത്തിനു കാരണം. സേതുദീപത്തിൽ പതിനാറധ്യായങ്ങൾക്കും വ്യാഖ്യാനം കാണുന്നു

## ശ്രീരാമകർണ്ണാമൃതം

ശ്രീരാമകർണ്ണാമൃതം എന്നൊരു സ്തോത്രം സംസ്കൃതത്തിൽ നൂറ്റിൽച്ചില്വാനം ശ്ലോകങ്ങളിൽ അവിജ്ഞാതനാമാവായ ഒരു കേരളീയകവി നിർമ്മിച്ചിട്ടുണ്ട്. കവിത മോശമാണെന്നു മാത്രമല്ല 'ഏതൗ തൗ ദശകണ്ഠകണ്ഠ' എന്ന മഹാനാടകശ്ലോകവും മറ്റും സ്വകീയമെന്നതുപോലെ അങ്ങിങ്ങു ഘടിപ്പിച്ചിട്ടുമുണ്ട്. വില്വമങ്ഗലത്തിന്റെ വിശ്വോത്തരമായ ശ്രീകൃഷ്ണകർണ്ണാമൃതം വായിച്ചു ശരിക്കു ആസ്വദിക്കുവാൻ കഴിവുള്ള ഒരു സഹൃദയൻ ആ ധാർഷ്ട്യത്തിന്നു ഒരിക്കലും ഒരുമ്പെടുന്നതല്ല. ഈ സൂരിമ്മന്യന്റെ കാലദേശങ്ങളെക്കുറിച്ചു യാതൊരറിവും സിദ്ധിക്കുന്നില്ലല്ലോ എന്ന് ആരും പരിതപിക്കുമെന്നു തോന്നുന്നില്ല. സാമാന്യം ഭേദപ്പെട്ട ഒന്നു രണ്ടു ശ്ലോകങ്ങൾ വളരെ ക്ലേശിച്ചു തിരഞ്ഞെടുത്തതാണ് ഞാൻ പ്രകൃതത്തിൽ പകർത്തുന്നത്.

> "ശ്രീരാമസ്സകലേശ്വരോ മമ പിതാ മാതാ ച സീതാ മമ
> ഭ്രാതാ ബ്രഹ്മസുഖഃ പ്രഭഞ്ജനസുതഃ പതീ വിരക്തിഃ പ്രിയാ
> വിശ്വാമിത്രവിഭീഷണാദിവശഗാ മിത്രാണി ബോധസ്സുതോ
> ഭക്തിഃ ശ്രീഹരിസങ്ഗതാ രതിസുഖം വൈകുണ്ഠമസ്മൽപദം."
>
> "അഗ്രേ പ്രാഞ്ജലിമാഞ്ജനേയമസിതം വീരഞ്ച താരാസുതം
> പാർശ്വേ പംക്തിമുഖാനുജം പരിസരേ സുഗ്രീവമഗ്രാസനേ
> പശ്ചാല്ലക്ഷ്മണമന്തികേ ജനകജാം മധ്യേ സ്ഥിതം രാഘവം
> ചിന്താതൂലികയാ ലിഖന്തി സുധിയശ്ചിത്തേഷു പീതാംബരം"

## ശ്രീരാമോദന്തം

സമീപകാലംവരെ കേരളത്തിൽ ബാലന്മാരെ സംസ്കൃതഭാഷ അഭ്യസിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തിവന്ന അത്യന്തം ലഘുവായ ഒരു കാവ്യമാണ് ശ്രീരാമോദന്തം.

> "ശ്രീപതിം പ്രണിപത്യാഹം ശ്രീവത്സാങ്കിതവക്ഷസം
> ശ്രീരാമോദന്തമാഖ്യാസ്യേ ശ്രീവാല്മീകിപ്രകീർത്തിതം"

എന്നു തുടങ്ങി

> യസ്തു ദാശരഥിർഭൂത്വാ രണേ ഹത്വാ ച രാവണം
> ररക്ഷ ലോകാൻ വൈകുണ്ഠസ്സ മാം രക്ഷതു ചിന്മയഃ"

എന്നവസാനിക്കുന്നതും ആകെ 153 അനുഷ്ടുപ്ശ്ലോകങ്ങൾ അടങ്ങീട്ടുള്ളതുമായ ഈ കാവ്യത്തിൽ വാല്മീകിരാമായണത്തിലെ സപ്തകാണ്ഡങ്ങളിലും ഉൾക്കൊള്ളുന്ന കഥ സമർത്ഥമായി സങ്ഗ്രഹിച്ചിട്ടുണ്ട്. പിപഠിഷുക്കൾക്കു സുബന്തങ്ങളും തിങന്തങ്ങളുമായ കുറേ പദങ്ങളുമായി പരിചയം സിദ്ധിക്കണം എന്നുള്ളതിൽ കവിഞ്ഞു ഗ്രന്ഥകാരന് ഉദ്ദേശമൊന്നുമില്ല. ആ ഉദ്ദേശം ഒരുവിധം സഫലമായിട്ടുമുണ്ട്. അത്തരത്തിലുള്ള ഒരു കൃതിയിൽ കാവ്യത്വമുണ്ടോ എന്നു പരിശോധിക്കുന്നത് അസംഗതമാണല്ലോ. കുറേ പഴക്കം ഈ കാവ്യത്തിനുണ്ട്. എത്രയാണെന്നു പരിച്ഛേദിക്കുവാൻ നിവൃത്തിയില്ല. ഇതിനെ അനുകരിച്ചു ശ്രീകൃഷ്ണചരിതം എന്നൊരു കാവ്യം കൊല്ലം 1025-ൽ ആവിർഭവിച്ചിട്ടുണ്ട്.

## കേരളദേശധർമ്മം

കേരളത്തിൽ പ്രചലിക്കുന്ന ധർമ്മങ്ങളുടെ പ്രാമാണികതയെപ്പറ്റി നിഷ്കൃഷ്ടമായി നിരൂപണം ചെയ്തു അവ സ്മൃതിവിരുദ്ധങ്ങളല്ലെന്നു സ്ഥാപിക്കുവാനാണ് ഈ ഗ്രന്ഥത്തിൽ ഉദ്യമിച്ചിട്ടുള്ളത്. ഗ്രന്ഥകാരൻ വിശ്വാമിത്രഗോത്രജനും നാരായണപണ്ഡിതന്റെയും ശ്രീദേവിയുടെയും പുത്രനുമാണെന്നുമാത്രം അറിയാം.

> "നാരായണസ്യാഖിലധർമ്മശാസ്ത്ര-
> ഗൂഢാർത്ഥവിജ്ഞാനവിശുദ്ധബുദ്ധേഃ
> താതസ്യ കാരുണ്യലവാദ്ഗ്രഥിഷ്യേ
> സംക്ഷേപതഃ കേരളദേശധർമ്മം"

"അഥ ഖലു ശ്രീദേവീഗർഭസംഭവേന വിശ്വാമിത്രകുലോദ്ഭവേന മഹീസുരേണ കേരളീയാചാരേഷു പ്രമാണമുച്യതേ" എന്നീ വാക്യങ്ങൾ നോക്കുക. അദ്ദേഹത്തിന്റെ കാലത്തെപ്പറ്റി ഒരറിവുമില്ല. വാല്മീകിരാമായണവ്യാഖ്യാതാവായ ഗോവിന്ദരാജനെ ഉദ്ധരിക്കുന്നുണ്ട്. സ്മൃതികളിലും മഹാഭാരതത്തിലും മാർക്കണ്ഡേയാദിപുരാണങ്ങളിലും അത്ഭുതാവഹമായ അവഗാഹം കാണുന്നുണ്ട്. ധർമ്മാധർമ്മവിചാരഖണ്ഡം തുടങ്ങി പല ഖണ്ഡങ്ങളായി പ്രസ്തുത നിബന്ധം വിഭജിക്കപ്പെട്ടിരിക്കുന്നു. "രജസ്വലാപ്രദാനകസ്യ തൽപരിണേതുശ്ച നകോപിദോഷഃ" എന്നും മറ്റും കേരളത്തിലെ അനാചാരങ്ങളിൽ പലതിന്റേയും ശാസ്ത്രാനുസാരിത്വത്തെ സമഞ്ജസമായി സമർത്ഥിച്ചിട്ടുണ്ട്.

## ഭവത്രാതനും ജയന്തനും

മാഠരഗോത്രജനും സാമഗനുമായ ഭവത്രാതൻനമ്പൂതിരിപ്പാട്ട് ജൈമിനീയസൂത്രവൃത്തിയെന്നൊരു മഹനീയമായ പൂർവ്വമീമാംസാഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അച്ഛൻ മാതൃദത്തനും മാതാമഹൻ ബ്രഹ്മദത്തനുമായിരുന്നു. ബ്രഹ്മത്തൻ നമ്പൂരിപ്പാട്ടു വിശ്വാമിത്രഗോത്രജനായിരുന്നു എന്നു ഗ്രന്ഥകാരൻ പറയുന്നു. അദ്ദേഹമായിരുന്നു ഭവത്രാതന്റെ ഗുരു എന്നും ഗുരുവിന്റെ ഉപദേശത്തിനു വിധേയനായാണ് അദ്ദേഹം ഗ്രന്ഥനിർമ്മാണം ചെയ്തതെന്നും കാണുന്നുണ്ട്. ഗ്രന്ഥം മുഴുമിക്കാതെ ഭവത്രാതൻ മരിച്ചുപോയതിനാൽ അദ്ദേഹത്തിന്റെ ശിഷ്യനും ജാമാതാവും ഭാഗിനേയനുമായ ജയന്തൻ നമ്പൂരിപ്പാട്ട് അതു പൂരിപ്പിച്ചു. ജയന്തന്റെ ഗോത്രം ഭാരദ്വാജമാണ്. ഭവത്രാതന്റെ കാലവും ജന്മഗൃഹവും ഏതാണെന്ന് അറിവില്ല. അടിയിൽ കാണുന്ന ശ്ലോകങ്ങൾ ആ ഗ്രന്ഥത്തിൽ ഉള്ളവയാണ്. ആ ശാസ്ത്രകാരൻ നല്ല ഒരു കവിയുമായിരുന്നു എന്നു പ്രസ്തുത ശ്ലോകങ്ങളിൽനിന്നു കാണാവുന്നതാകുന്നു.

“നമസ്ത്രിനേത്രായ ജിതാത്മജന്മനേ
വിജന്മനേ ജന്മനിവൃത്തിഹേതവേ
നഭസ്വദാകാശകൃശാനുമേദിനീ-
ജലേന്ദുഭാസ്വദ്യജമാനമൂർത്തയേ.

ജിഗായ ദേവാനപി യസ്സ്വതേജസാ
വിവേദ ച വ്യാസ്ഥ ച വേദസാഗരം
പരാവരജ്ഞസ്സ പരാശരാത്മജോ
മയാ മഹാത്മാ പ്രണിപത്യതേ മുനിഃ.

വേദാർത്ഥതത്വാമലദർപ്പണം യ-
ശ്ചകാര ലോകേ തതകീർത്തി ശാസ്ത്രം
ജ്ഞാനൈകധാമ്നേ വിദധാമി തസ്മൈ
കൃതാഞ്ജലിർജ്ജൈമിനയേ നമസ്യാം.

ധ്യാനേനാരമയത്തരാം ത്രിനയനം സോമേന യോ വാസവം
വിപ്രാൻ വേദതദങ്ഗതത്വവചനൈർവിത്തേന വിദ്വജ്ജനം

വന്ദേ ബ്രഹ്മവിദം ദ്വിജന്മതിലകം തം ബ്രഹ്മദത്താഹ്വയം
തൽപാദാംബുജസേവനോപജനിതപ്രജ്ഞാലവഃ പ്രാഞ്ജലിഃ.

“യദധീനം ശിവപ്രാപ്തിരിഹാമുത്ര ച ദേഹിനാം
തസ്മൈ വിദ്വൽസമിതയേ നമഃ ക്ഷപിതപാപ്മനേ.”

“മുനേർബ്രഹ്മനിധേസ്തസ്യ കാശ്യപസ്യ മഹാത്മനഃ
ബഹവഃ പ്രഥിതാ വംശാ വിവസ്വത ഇവാംശവഃ.

തേഷു യസ്യാഭവദൃഷിർമ്മാഠരോ മണ്ഡനം പരം
മധുസ്സംവത്സരസ്യേവ മണിഃ ഫണിപതേരിവ.

അസ്മിൻ സംജജ്ഞിരേ വംശേ സാമഗാ ഗുണശാലിനഃ
തസ്യ പുത്രോ ബുധസമഃ സാമർഗ്ഗ്യജ്ജുഷു പാരഗഃ.

അവനീന്ദ്രൈരവന്ധ്യാസ്മൈഃ ശിരസാ ധൃതശാസനഃ
ശ്രുതിസ്മൃത്യർത്ഥതത്വജ്ഞോ ധർമ്മകർമ്മസു ദക്ഷിണഃ

ദ്വിജന്മഹിതലാഭയ ദ്വിജന്മഭിരുപാശ്രിതഃ
ആസിദനവമോത്സാഹസ്സർവ്വേഷു ഖലു ജന്തുഷു.

മാതൃതുല്യദയോ നാമ മാതൃദത്ത ഇതി ശ്രുതഃ
പരാം കാഷ്ഠാം ഗതവതഃ സസുതാം സോഢകർമ്മണോഃ.

വിശ്വാമിത്രജമുഖസ്യ ബ്രഹ്മദത്തസ്യ ലബ്ധവാൻ.
തസ്യ ജന്മനി യസ്തേന സ ഭവത്രാത ഇത്യഭൂൽ
സ സ്വവാഗനസ്യത്യൈവ വ്യാകരോത്യധ്വരാഗമം."

ജയന്തൻ ഒടുവിൽ തനിക്കു പ്രസ്തുതഗ്രന്ഥനിർമ്മിതിയിലുള്ള ഭാഗഭാഗിത്വത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു.

"അഗ്നിഷ്ടോമാദ്യനേകശ്രുതിമപി വിധിവ-
ജ്ജൈമിനേര്യജ്ഞതന്ത്രം
വ്യാചഖ്യാവല്പശേഷം മഠരകുലപതിഃ
ശ്രീഭവത്രാതനാമാ
ജാമാതാ ഭാഗിനേയഃ പ്രതിവിതതയശാ-
സ്തസ്യ ശിഷ്യോനുകൂലോ
ദാരദ്വാജോ ജയന്തോപ്യരചയമനയാ
വ്യാഖ്യയോക്താവശേഷം.

സൂത്രം ഗൃഹ്യം വൈകൃതം സ്തോമസംജ്ഞം
പര്യാധ്യായാദ്യാനുവാകത്രയഞ്ച
പഥ്യാദന്യാം വിഷ്ടുതീനാഞ്ച ക്ലുപ്തിർ-
ഭാവത്രാതീ ഭൂഷയാമാസ വൃത്തിഃ.

പൂർവ്വാധ്യായാവശേഷം യദാർഷേയം പ്രകൃതഞ്ച യൽ
പരിഹാരവിധിര്യശ്ച ജായന്തീ തത്ര വർദ്ധിതാ."

## പിലാന്തോൾ ആര്യൻമൂസ്സത്

പിലാന്തോൾ ആര്യൻമൂസ്സത് (ആര്യശർമ്മ) സദാചാരവൃത്തിവർത്തനം എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ പതിനേഴധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. ആത്മസ്വരൂപകഥനം, അനാത്മനിരസനം, നാനാത്മഭാവപ്രതിഷേധവും ഏകാത്മയോഗകഥനവും, പ്രത്യക്ഷാത്മപ്രബോധകഥനം, അസന്നിരസനം, ജീവപ്രബോധകഥനം മുതലായ വേദാന്തവിഷയങ്ങളോടുകൂടി അഷ്ടാംഗഹൃദയനാമനിർവചനം, വൈദ്യസ്വരൂപപ്രശംസ എന്നിങ്ങനെ ചില വൈദ്യവിഷയങ്ങളേയും യോജിപ്പിച്ചാണ് പ്രബന്ധത്തിന്റെ ഗതി. ഗ്രന്ഥകാരൻ തന്നെപ്പറ്റി ഇങ്ങനെ പറയുന്നു.

"ശ്രീകേരളാഖ്യവിഷയേ ഭവതി സ്രവന്തീ
ബാലാഭിധാ വിമലശീതപയഃപ്രവാഹാ
സ്വർല്ലോകവാരവനിതാനയനാഭിരാമ-
മീനാവലീനടനമംഗലരംഗദേശാ.

അസ്തി തത്തീരനികടേ പനസാന്ദോളികാഹ്വയാ
വൈദ്യവേശ്മാര്യശർമ്മേതി വിശ്രുതസ്തദ്ഗൃഹേശ്വരഃ.

തസ്യ പുത്രോതിതേജസ്വീ നാരായണ ഇതി ശ്രുതഃ
നാമാർത്ഥമേവ കുർവാണഃ പരേച്ഛാവൃത്തിവർത്മഗഃ

ധർമ്മായാർത്ഥഞ്ച കാമഞ്ച കുർവാണോ ലൗകികം സ്മരൻ
നാരായണമഹാദേവൗ മായാ യസ്യ ഹൃദാശ്രിതാഃ

തസ്യ സീമന്തപുത്രോഹം സർവജ്ഞോ വൈദ്യസത്തമഃ
സന്മാർഗ്ഗദർശീ ച സുഖീ ദുഃഖമാർഗ്ഗവിവർജ്ജിതഃ

പിതാമഹശിഖായാം തു ആത്മപുച്ഛേന മേളിതഃ
നാമ്നാ പിതാമഹസ്സാക്ഷാന്മാതാമഹമനുവ്രതഃ.

മാതാമഹോ മേ മധുസൂദനപ്രിയോ
നാരായണേത്യുച്ചതരം ബ്രുവാണഃ
സംസാരദുഃഖാനി ന വിന്ദതേസൗ
ത്രസന്തി യന്നാമരവേണ രോഗാഃ.

തസ്യ പുത്രാദധീതോഹം വൈദ്യശാസ്ത്രസമുച്ചയം
പിതുരാജ്ഞാം പുരസ്കൃത്യ ബ്രഹ്മചര്യവ്രതേ സ്ഥിതഃ."

പിലാന്തോൾ ആര്യശർമ്മാവിന്റെ പുത്രനായ നാരായണന്റെ സീമന്തപുത്രനാണ് താനെന്നും മറ്റൊരു നാരായണന്റെ മകനായ തന്റെ അമ്മാവനോടാണ് വൈദ്യശാസ്ത്രം അഭ്യസിച്ചതെന്നും ബ്രഹ്മചര്യമാണ് ഗ്രന്ഥരചനാകാലത്തും തന്റെ ആശ്രയമെന്നും കവി ഈ ശ്ലോകത്തിൽ പ്രസ്താവിക്കുന്നു.

"കാണാദം പാണിനീയം ച മീമാംസാം ദ്വൈതഖണ്ഡനം
വേദാന്തം യോഗസാംഖ്യാദി ചാലോക്യ ഹി കൃതന്ത്വിദം"

എന്നു പറയുന്നതിൽനിന്നു സകല ശാസ്ത്രങ്ങളും നോക്കീട്ടാണ് അദ്ദേഹം സദാചാരവൃത്തിവർത്തനം നിർമ്മിച്ചതെന്നും നാം ഗ്രഹിക്കുന്നു. സദാചാരപരനായ വൈദ്യന്റെ നിലയെപ്പറ്റി അദ്ദേഹത്തിനു വലിയ ബഹുമാനമാണുള്ളത്.

"അദൃഷ്ടം പരമാത്മത്വം ഹംസാസ്തത്ര ചരന്തി ഹി
വൈദ്യസ്തു തൽപരം യാതി വിനതാസംഭവാസ്പദം.

വൈദ്യഃ പരമഹംസാനാം മാർഗ്ഗാദുപരി വർത്തതേ
സദാചാരപ്രവൃത്തശ്ചേദന്യഥാന്ധം തമോ വ്രജേൽ.

യഥാർത്ഥനാമാര്യശർമ്മാ സദാചാരപ്രകാശനാൽ
യാഥാർത്ഥ്യാദ്വൈദ്യസംജ്ഞായാ ഉത്തമം പദമാവിശൽ."

എന്നീ പദ്യങ്ങൾ നോക്കുക.

## സാമുദ്രസാരം

സാമുദ്രികാശാസ്ത്രമാകുന്നു ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. സാമൂതിരിപ്പാട്ടിലെ ആശ്രിതനായ മൂക്കോലെ ശങ്കരൻനമ്പൂരി എന്ന ഒരു ദൈവജ്ഞനാണ് പ്രണേതാവ്. അദ്ദേഹം താൻ നാരായണൻ എന്നൊരു പണ്ഡിതന്റെ ശിഷ്യനാണെന്നു പറയുന്നു.

"മുക്തിസ്ഥലാലയഗിരീന്ദ്രസുതാപ്രസാദ-
ലേശാപ്തവാക്പ്രസരവൈഭവലബ്ധകീർത്തിഃ
സാമുദ്രസാരമുജ്ജനാ തനുതേ പഥാസൗ
ശ്രീശങ്കരോദ്രിജലധീശ്വരപാദസേവീ.

ആയുഃപ്രശ്നേ ജീവിതം ച മുമൂർഷൂണാം ച ലക്ഷണം
തല്ലാഞ്ഛനഞ്ച വക്ഷ്യാമി പ്രവിവിച്യ യഥാശ്രുതം."

"ഉക്താന്യേവം ലക്ഷണാനി ലാഞ്ഛനൈസ്സഹ കാനിചിൽ
നാരായണഗുരോർവക്ത്രാന്മുമൂർഷൂണാം യഥാശ്രുതം."

"അഥ സന്താനസംസിദ്ധിലക്ഷണം തു സലാഞ്ഛനം
വക്ഷ്യേ നാരായണഗുരോരനുസ്മൃത്യ മനീഷിതം."

എന്നീ ശ്ലോകങ്ങൾ പരിശോധിക്കുക. നാരായണനാമാവായ അദ്ദേഹത്തിന്റെ ഗുരു ആരെന്നറിയുന്നില്ല.

## പനക്കാട്ടു നമ്പൂരി (പ്രശ്നമാർഗ്ഗകാരൻ)

കൊല്ലം ഒൻപതാം ശതകത്തിൽ പ്രശ്നമാർഗ്ഗം എന്ന പേരിൽ മഹനീയമായ ഒരു ജ്യോതിശ്ശാസ്ത്രഗ്രന്ഥം പനക്കാട്ടു നമ്പൂരി രചിച്ചു. വടക്കേ മലയാളത്തിൽ ഇടക്കാട്ടു തീവണ്ടിസ്റ്റേഷന് ഒരു നാഴിക വടക്കായി ഒരു വിഷ്ണുക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിന്റെ അഗ്നികോണത്തിലായി മൂന്നുനാലു ഫർലോംഗ് അകലെ പനക്കാട്ട് എന്നു സുപ്രസിദ്ധമായ ഒരു നമ്പൂരിയില്ലം കുറേക്കാലം മുൻപുവരെ ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ നഷ്ടശിഷ്ടങ്ങളേ കാണ്മാനുള്ളു. ആ ഇല്ലം അന്യം നിന്നപ്പോൾ മേല്പടി വിഷ്ണുക്ഷേത്രത്തിന്റെ സമീപത്തുള്ള മുല്ലപ്പള്ളിയില്ലത്തിൽ ലയിച്ചു. പനക്കാട്ടു നമ്പൂരിയെ ദേശനാമത്തെ പുരസ്കരിച്ച് ഇടക്കാട്ടു നമ്പൂരി എന്നും പറയാറുണ്ട്. പ്രസ്തുതക്ഷേത്രത്തിൽ പനക്കാടിന്നുണ്ടായിരുന്ന ഊരാണ്മസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവകാശി മുല്ലപ്പള്ളി നമ്പൂരിയാണ്. ആ ഇല്ലത്തേക്ക് അതുകൂടാതെ അവിടെ സ്വന്തം നിലയിലും ഒരു ഊരാണ്മസ്ഥാനമുണ്ട്. പ്രശ്നമാർഗ്ഗത്തിൽ കാണുന്ന ഉപക്രമത്തിൽ,

"മധ്യാടവ്യധിപം ദുഗ്ദ്ധസിന്ധുകന്യാധവം ധിയാ
ധ്യായാമി സാധ്വഹം ബുദ്ധേശ്ശുദ്ധൈ്യ വൃദ്ധൈ്യ ച സിദ്ധയേ."

"നമശ്ശ്രീമങ്ഗലശ്രേണീനിവാസായ മഹാത്മനേ
സർവം ജാനന്തി ദൈവജ്ഞാ യദ്ദത്തശ്രുതി ചക്ഷുഷഃ.

ചെല്ലൂരീശ്വരമാനമ്യ ശൈലജാവല്ലഭം മയാ
ശിഷ്യായ ദേശികാവാപ്തം പ്രശ്നവർത്മോപദിശ്യതേ"

എന്നീ ശ്ലോകങ്ങളിൽനിന്ന് ഇടക്കാട്ട് അമ്പലത്തിലെ മഹാവിഷ്ണു ഗ്രന്ഥകാരന്റെ കുലദൈവമാണെന്നും അദ്ദേഹത്തിന്റെ ജ്യോതിശ്ശാസ്ത്രഗുരു മങ്ഗലശ്ശേരി നമ്പൂരിയായിരുന്നു എന്നും പെരുഞ്ചെല്ലൂർഗ്രാമത്തിൽപ്പെട്ട ഒരു ഗൃഹമായിരുന്നു പനക്കാട്ട് എന്നും സിദ്ധിക്കുന്നു. ആചാര്യന്റെ പേരെന്തെന്ന് അറിവില്ലെങ്കിലും,

“യഃ ശ്രീമഹാദേവസുതോ മുരാരേർ-
ല്ലബ്ധോദയോ മദ്ധ്യവനാധിനാഥാൽ
സ പ്രശ്നമാർഗ്ഗാഖ്യമകാർഷമേത-
ച്ഛാസ്ത്രം സുഖം ബോധയിതും സ്വശിഷ്യാൻ”

എന്ന ശ്ലോകത്തിൽനിന്ന് അദ്ദേഹത്തിന്റെ മാതാവു ശ്രീയും പിതാവു മഹാദേവനു മായിരുന്നു എന്നു നാം ധരിക്കുന്നു.

## പ്രശ്നമാർഗ്ഗം

പ്രശ്നമാർഗ്ഗത്തിൽ ജ്യോതിശ്ശാസ്ത്രത്തിലെ
“ജാതകഗോളനിമിത്തപ്രശ്നമുഹൂർത്താഖ്യഗണിതനാമാനി”,

അതായതു ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നീ ഷഡംഗങ്ങളിൽ നാലാമത്തേയായ പ്രശ്നത്തെപ്പറ്റി മാത്രമേ പരാമർശിക്കുന്നുള്ളു എങ്കിലും അതു സമഗ്രവും സർവ്വങ്കഷവുമായ രീതിയിലാകുന്നു. ഈ ഗ്രന്ഥം പൂർവാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ അർദ്ധത്തിലും പതിനാറധ്യായങ്ങൾ വീതം അടങ്ങിയിരിക്കുന്നു. വരാഹമിഹിരന്റെ ബൃഹജ്ജാതകം, അതിനു ഭട്ടോല്പലന്റെ വിവൃതി മുതലായ വ്യാഖ്യാനങ്ങൾ, തലക്കുളത്തു ഭട്ടതിരിയുടെ ദശാധ്യായി, കൃഷ്ണീയം എന്നീ പൂർവസൂരികളുടെ വാങ്മയങ്ങളിൽ തനിക്കുള്ള വിശേഷാദരത്തെ പനക്കാട്ടു നമ്പൂരി സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്. രണദീപിക, മാധവീയം വിദ്വജ്ജനവല്ലഭ, ആര്യാസപ്തതി, ഷട്പഞ്ചാശികപരാശരഹോര, മുഹൂർത്തരത്നം, പ്രശ്നസങ്ഗ്രഹം തുടങ്ങിയ ഇതരഗ്രന്ഥങ്ങളേയും അദ്ദേഹം അങ്ങിങ്ങു സ്മരിക്കുന്നു. കോലത്തുനാട്ടിലെ കളരിയങ്കത്തെപ്പറ്റിയും ഇരുപത്തിനാലാമധ്യായത്തിൽ “കോലക്ഷ്മാപതി രാഷ്ട്രേസ്തി സംപ്രഹാരോങ്കസംജ്ഞിതഃ” എന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്നു.

“കോളംബേ മുരഹാസംഖ്യേ ചന്ദ്രേ വീരയുതിർമ്മതാ
സ്ംഭാബ്ദേഷ്വഥ യാതേഷു സംയോജ്യൈകൈകലിപ്തികാ”

എന്ന് ഒരു ശ്ലോകം പ്രശ്നമാർഗ്ഗത്തിൽ കാണുന്നു. അതിൽനിന്നു കൊല്ലം 825-ആണ്ടിടയ്ക്കാണ് ഈ ഗ്രന്ഥത്തിന്റെ രചനയെന്ന് അനുമാനിക്കാം. പ്രശ്നമാർഗ്ഗം നിർമ്മിക്കുമ്പോൾ കവി അനതീതയൗവനനായിരുന്നു എന്ന് ഐതിഹ്യം ഘോഷിക്കുന്നു. അദ്ദേഹത്തിന്റെ കൃതിയായി ഒരു ഗണിതഗ്രന്ഥം കൂടിയുണ്ടെന്നും അതിലെ “മധ്യാരണ്യപ്രഭവമയനേ സോമജായാസമാനേ” എന്ന പദ്യത്തിൽനിന്ന് അതിന്റെ നിർമ്മിതി 851-ലാണെന്നു കാണാമെന്നും ചില പുരാവിത്തുകൾ പറയുന്നു. ആ ഗ്രന്ഥം ഞാൻ കണ്ടിട്ടില്ല. ആകെക്കൂടി പനക്കാട്ടു നമ്പൂരി കൊല്ലം 800-നും 870-നും ഇടയ്ക്കു ജീവിച്ചിരുന്നതായി വിചാരിക്കാവുന്നതാണ്. പ്രശ്നമാർഗത്തിന്റെ പൂർവ്വാർദ്ധം ചോളദേശീയനായ ഈശ്വരദീക്ഷിതർ എന്നൊരു പ്രാശ്നികൻ വായിച്ചപ്പോൾ അതിൽ ചില ദോഷങ്ങൾ ഉത്ഭാവനം ചെയ്യുകയുണ്ടായി. അതിനെപ്പറ്റി നമ്പൂരി ഉത്തരഭാഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“ദൃഢം ഗൃഹീതേശ്വര പക്ഷപാതം
ജനോ യഥാ നിന്ദതി വിഷ്ണുഭക്താൻ
തഥൈവ യേ മൽകൃതിനിന്ദകാസ്സ്യു-
സ്തേഷാമസൗ തിഷ്ഠതു ദൂരദൂരേ.

സ്വകല്പിതഃ കശ്ചിദപീഹ നാർത്ഥോ
ഗ്രന്ഥാന്തരേ ക്വാപി വിനാത്മദൃഷ്ടം
വിശ്വസ്യ ശിഷ്യാഃ പ്രയതധ്വമസ്മിൻ
ഭവന്തു സത്യാസ്സകലാ ഗിരോ വാഃ."

ഈശ്വരജ്യോത്സ്യരുടെ പക്ഷത്തെ അവലംബിച്ചുകൊണ്ട് ആരും തന്റെ ഗ്രന്ഥത്തെ സമീപിക്കാതെയിരിക്കട്ടെ എന്നും ഗ്രന്ഥാന്തരങ്ങളിൽനിന്നു താൻ ഗ്രഹിച്ചിരിക്കുന്ന അർത്ഥമല്ലാതെ സ്വകല്പിതമായി യാതൊന്നും അതിൽ കൂട്ടിച്ചേർക്കുവാൻ ഉദ്യമിച്ചിട്ടില്ലെന്നുമാണ് അദ്ദേഹത്തിന്റെ ഉൽബോധനം, പ്രശ്ന മാർഗ്ഗത്തിൽനിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

ദൈവജ്ഞലക്ഷണം:

"ജ്യോതിശ്ശാസ്ത്രവിദഭ്ദോ ഗണിതപടുർവൃത്തവാംശ്ച സത്യവചാഃ
വിനയീ വേദാധ്യായീ ഗ്രഹയജനപടുശ്ച ഭവതു ദൈവജ്ഞഃ."
ദൈവജ്ഞന്റെ നിത്യാനുഷ്ഠാനം:

"ഉത്ഥായോഷസി ദേവതാം ഹൃദി നിജാം ധ്യാത്വാ വപുശ്ശോധനം
കൃത്വാ സ്നാനപുരസ്സരം സലിലവിക്ഷേപാദി കർമ്മാഖിലം
കൃത്വാ മന്ത്രജപാദികം ച വിധിവൽ പഞ്ചാംഗവീക്ഷാം തഥാ
ഖേടാനാം ഗണനാഞ്ച ദൈവവിദഥ സ്വസ്ഥാന്തരാത്മാഭവേൽ."

പ്രശ്നമാർഗ്ഗത്തെപ്പോലെ പ്രശ്നവിഷയത്തെസ്സംബന്ധിച്ചിടത്തോളം ജ്യൗതിഷികന്മാരുടെ ഇടയിൽ പ്രമാണീഭൂതമായി കേരളത്തിൽ ഇക്കാലത്തും മറ്റൊരു ഗ്രന്ഥവുമില്ലെന്നുള്ളതുതന്നെ അതിന്റെ അഭ്യർഹിതത്വത്തിനു വിനിഗമകമാണ്.

## വ്യാഖ്യാനങ്ങൾ

പ്രശ്നമാർഗ്ഗത്തിന് അതിന്റെ പ്രണേതാവുതന്നെ ദുർഗ്ഗമാർത്ഥപ്രകാശിനി എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. അത് അച്ചടിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രിയശിഷ്യനാണ് കൊല്ലം പത്താം ശതകത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധനായ മച്ചാട്ടു നാരായണ നിളയതു്. ഇളയതിന്റെ ശിഷ്യൻ ഏഴിക്കര നാരായണൻമൂസ്സതു് ഒരു ഗരിഷ്ഠനായ സംസ്കൃതപണ്ഡിതനും ജ്യൗതിഷികനുമായിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനും, ശിഷ്യനായ കേരളവർമ്മനുണ്ണിത്തിരിയുടെ അന്തേവാസിയുമായ മഹാവിദ്വാൻ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ പ്രശ്നമാർഗ്ഗത്തിന് "ഉപരത്നശിഖാ" എന്നൊരു വിശിഷ്ടമായ ഭാഷാവ്യാഖ്യാനം രചിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൂർവ്വാർദ്ധത്തിന്നു 'രത്നശിഖാ' എന്ന പേരിൽ സർവതന്ത്ര സ്വതന്ത്രനായിരുന്ന കൈക്കുളങ്ങര രാമവാരിയരുടെ ഒരു ഭാഷാവ്യാഖ്യാനവും പ്രകാശിതമായിട്ടുണ്ട്.

## ബാലബോധിനി (ജാതകപദ്ധതിവ്യാഖ്യാ)

വടശ്ശേരി പരമേശ്വരൻ നമ്പൂരിയുടെ ജാതകപദ്ധതിക്കു "ബാലബോധിനി" എന്നൊരു വ്യാഖ്യാനം ലഭിച്ചിട്ടുണ്ട്. വ്യാഖ്യാതാവു കൈലാസപുരത്തു ഗോവിന്ദവാരിയരുടെ ശിഷ്യനും വൈക്കത്തു പെരുംതൃക്കോവിലപ്പന്റെ ഭക്തനുമായ ഒരു പണ്ഡിതനാണ്. കാലമേതെന്നു നിർണ്ണയിക്കുവാൻ മാർഗ്ഗമില്ല. വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

"വ്യാഘ്രഗ്രാമേശ! നേത്രാണ്യരുണശശധരാ-
ങ്ഗാരകൈഃ കല്പിതാനീ-
ത്യേതൽ സൗമ്യാകൃതേസ്തേഽഖിലഭുവിനഗുരോർ-
ഭാർഗ്ഗവാചാര്യവൃത്തേഃ
ഉദ്യന്മന്ദസ്മിതസ്യ പ്രകടിതഭുജഗാ-
ലംകൃതോർദ്ദേവ ഭദ്രം
തുഭ്യം സർവ്വഗ്രഹാത്മൻ! വരദവര! നമഃ
പാർവതീവല്ലഭായ.

വിദ്യാദമപ്യവിദ്യാദം ചിത്രം ജ്യോതിർജ്ജഗദ്ഗുരും
കൈലാസപുരഗേഹസ്ഥം വന്ദേ ഗോവിന്ദനാമകം.

വടശ്രേണീതി ലോകേസ്മിൻ പ്രസിദ്ധസ്യ ദ്വിജന്മനഃ
കൃതിര്യാ ലിഖ്യതേ വ്യാഖ്യാ സ്വല്പാ ജാതകപദ്ധതേഃ

ബാലപ്രബോധിനീസംജ്ഞാം സന്തസ്സംശോധയന്ത്വിമാം
യദ്യപ്യപകൃതിഃ സ്വല്പാപ്യനയാ വിനയാന്വിതാ."

ഇവിടെ ശ്ലേഷഘടനയാൽ സൂചിതനായ ഭാർഗ്ഗവാചാര്യൻ ഭാർഗ്ഗവഗോത്രജനായ മൂലഗ്രന്ഥകാരനാകുന്നു.

## സന്താനദീപിക

സന്തതിഭാവത്തെപ്പറ്റി നിഷ്കൃഷ്ടമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാകുന്നു സന്താനദീപിക. പ്രണേതാവിന്റെ ഗുരു വാസുദേവൻ എന്നൊരു പണ്ഡിതനായിരുന്നു എന്നല്ലാതെ മറ്റൊന്നും അദ്ദേഹത്തെപ്പറ്റി അറിഞ്ഞു കൂടാ. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ആരംഭത്തിൽകാണുന്നു.

"ഗുരുനാഥം നമസ്കൃത്യ ഗണനാഥം പ്രണമ്യ ച
വാക്ദേവീവന്ദനം കൃത്വാ സ്തുത്വാം തം കമലോദ്ഭവം
ശങ്കരം വിഷ്ണുമഭ്യർച്ച്യ സമ്പൂജ്യ ച നവഗ്രഹാൻ
വാസുദേവം ഗുരും ധ്യാത്വാ വക്ഷ്യേ സന്താനദീപികാം.

അജ്ഞാനാമല്പബുദ്ധീനാം ഹിതാർത്ഥേ വക്ഷ്യതേ മയാ
സന്താനദീപികാശാസ്ത്രമുപദേശാർത്ഥദർശനം.

നരാണാഞ്ചാനപത്യത്വം ദത്തപുത്രാദിലക്ഷണം
പുത്രശോകാല്പപുത്രത്വം ബഹുപുത്രത്വമുച്യതേ."

ആകെ നൂറ്റിരുപത്തൊന്നു പദ്യങ്ങൾ അടങ്ങിയിരിക്കുന്നു.

## ആശൗചചിന്താമണി

മഴമങ്ഗലത്തു പരമേശ്വരൻ നമ്പൂരിയുടെ ആശൗചദീപകത്തിന്റെ സാരസങ്ഗ്രഹമാണ് ആശൗചചിന്താമണി. പ്രണേതാവ് ആരെന്നറിയുന്നില്ല. ഒരു നമ്പൂരിയാണെന്നുള്ളതു നിസ്സംശയമാണ്.

“ഗണേശവാണീഗുരുദക്ഷിണേശാൻ
വന്ദേ ദയാബ്ധീൻ വരദാനശീലാൻ
ജന്മാദിമൂലാനി നിരസ്യ ചാഘാ-
ന്യമീ ദിശന്ത്വാശു മമാത്മശുദ്ധിം.”

എന്ന ശ്ലോകംകൊണ്ടു് ഈ കൃതി ആരംഭിക്കുന്നു.

“രാത്ര്യന്ത്യത്ര്യംശഭാക് സ്യാൽ പരദിനമഘപു-
ഷ്പാഗമേഥോദിതേർക്കേ
ശുദ്ധിസ്സ്യാൽ പുഷ്പിണീ സാ ത്വിഹ ചരമദശാ-
തുര്യഭാഗേപി കൃച്ഛ്റേ
ഹേതുഃ സ്പൃഷ്ട്വാന്ത്യലേശാദിനമപി ഫലതഃ
പൂർണ്ണതാമേതി ചാദ്യം
ശ്രുത്വാ ചേദൈകദേശം സമമഹമവശി-
ഷ്ടേന ശുദ്ധ്യന്തി സർവ്വേ”

എന്നതു മറ്റൊരു ശ്ലോകമാണ്. പ്രസ്തുത ഗ്രന്ഥത്തിനു വിസ്തൃതമായ ഒരു ഭാഷാവ്യാഖ്യാനവും കാണ്മാനുണ്ട്. വ്യാഖ്യാതാവ് ‘നിലയക്രോഡ’ത്തിലെ ശിവനേയും കൊടിക്കുന്നത്തു ഭഗവതിയേയും വന്ദിക്കുന്നു.

“നമാമി നിലയക്രോഡനിലയം നീലലോഹിതം
അംബാഗിരീന്ദ്രനിലയാമംബികാമപി സാദരം”

എന്ന ശ്ലോകം നോക്കുക. വ്യാഖ്യാനം പത്താം ശതകത്തിലെ കൃതിയാണെന്നു തോന്നുന്നു.

## സാളഗ്രാമലക്ഷണം

സാളഗ്രാമങ്ങളുടെ വർണ്ണം ഗുണം, പൂജ, ഫലം ഗ്രാഹ്യാഗ്രാഹ്യത, തദന്തർഗ്ഗതങ്ങളായ മൂർത്തിഭേദങ്ങളുടെ ലക്ഷണം മുതലായവയെപ്പറ്റി നിഷ്കൃഷ്ടമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് സാളഗ്രാമലക്ഷണം. തിരുവിതാംകൂറിൽപ്പെട്ട ചെങ്കോട്ടത്താലൂക്കിൽ ജീവിച്ചിരുന്ന പത്മനാഭശാസ്ത്രി എന്നൊരു പണ്ഡിതനാണ് ഇതിന്റെ പ്രണേതാവ്.

“ബ്രഹ്മാദിഷു പുരാണോഷു വ്യാസേനോക്തം മഹാത്മനാ
ഏകത്ര സുഖബോധാർത്ഥം മയാ സങ്ഗൃഹ്യതേ ʃധുനാ.
ശെങ്കോട്ടസംജ്ഞനഗരവാസീ ബഹ്വൃചദേശികഃ
പദ്മനാഭസ്സ്വബോധാർത്ഥമകരോച്ഛാസ്ത്രസംഗ്രഹം”

എന്നു ഗ്രന്ഥാരംഭത്തിൽ കാണുന്ന പ്രസ്താവനയിൽനിന്നു സാളഗ്രാമലക്ഷണം വ്യാസോക്തങ്ങളായ ബ്രഹ്മാദിപുരാണങ്ങളിൽ നിന്നു ഏകത്ര സമാവേശിപ്പിക്കുന്നതാണ് ഇതിലെ പ്രതിപാദ്യമെന്നും ആചാര്യൻ ഋഗ്വേദികളുടെ ഉപാധ്യായനായിരുന്നു എന്നും ധരിക്കാവുന്നതാണ്. കാലത്തെപ്പറ്റി ഒരറിവുമില്ല.

“ഗണ്ഡക്യാശ്ചോത്തരേ തീരേ ഗിരിരാജസ്യ ദക്ഷിണേ
ക്ഷേത്രം വൈ വിഷ്ണുസാന്നിധ്യാൽ സർവ്വക്ഷേത്രോത്തമോത്തമം.
യോജനദ്വാദശമിതം ബഹുതീർത്ഥസമാകുലം

> തത്ര ഛത്രനദീനാമ തീർത്ഥം ബ്രഹ്മവിനിർമ്മിതം
> തസ്യോത്തരേ മഹാശൃങ്ഗം മമ പ്രീതികരം സദാ”

എന്നിങ്ങനെ മഹാവിഷ്ണു സാളഗ്രാമം വിളയുന്ന ദേശമേതെന്നു ഗരുഡന്നും ബ്രഹ്മാവിന്നും നാരദന്നും ഉപദേശിക്കുന്നതായി പത്മനാഭശാസ്ത്രി വർണ്ണിക്കുന്നു.

# 34
# ഭാഷാസാഹിത്യം

## കഥകളിപ്രസ്ഥാനം

### പീഠിക: വിദ്യകളും കലകളും

കഥകളിയെന്നും ആട്ടക്കഥയെന്നുമുള്ള സംജ്ഞകളിൽ ഇന്നു ലോകമൊട്ടുക്ക് അറിയപ്പെടുന്ന ദൃശ്യകലാപ്രസ്ഥാനം കേരളത്തിന്റെ അത്യുൽകൃഷ്ടങ്ങളായ അഭിമാനസ്തംഭങ്ങളിൽ ഒന്നാകയാൽ അതിനെപ്പറ്റി ഈ പുസ്തകത്തിൽ അല്പം വിസ്തൃതമായ പ്രതിപാദനത്തിന്റെ ആവശ്യകത നേരിടുന്നു. പ്രാചീനാചാര്യന്മാർ സാമാന്യേന വിദ്യകൾ പതിന്നാലെന്നും കലകൾ അറുപത്തിനാലെന്നും പരിഗണനം ചെയ്തിരിക്കുന്നു. നാലു വേദങ്ങൾ, ആറു വേദാങ്ഗങ്ങൾ, മീമാംസ, ന്യായശാസ്ത്രം, ധർമ്മശാസ്ത്രം, പുരാണം ഇവയാണ് പതിനാലു വിദ്യകൾ. ഇവ കൂടാതെ ആയുർവേദം, ധനുർവേദം, ഗാന്ധർവം (സാമവേദസങ്ഗീതം), അർത്ഥശാസ്ത്രം എന്നിവയെക്കൂടി ഉൾപ്പെടുത്തി അവയുടെ എണ്ണം പതിനെട്ടാണെന്നു കണക്കാക്കുന്നവരുമുണ്ട്. നൈഷധീയചരിതത്തിൽ ശ്രീഹർഷൻ "അമുഷ്യവിദ്യാ രസനാഗ്രനർത്തകീ . . . അഗാഹതാഷ്ടാദശതാം" എന്ന ശ്ലോകത്തിൽ അഷ്ടാദശസംഖ്യയെയാണ് അംഗീകരിച്ചിരിക്കുന്നത്. വിദ്യകൾ സാമാന്യേന വിജ്ഞാനപ്രദങ്ങളാകുന്നു. അവ ആനന്ദപ്രധാനങ്ങളാണെന്നു വാദിക്കുന്നവർക്കുപോലും തജ്ജന്യമായ ആനന്ദം പാരലൌകികമാണെന്നു സമ്മതിക്കാതെ തരമില്ല. നേരെ മറിച്ചു കലകളുടെ മുഖ്യോദ്ദേശ്യം ഐഹികമായ ആനന്ദദാനമാണ്. (1) ഗീതം, (2) വാദ്യം, (3) നൃത്യം, (4) ആലേഖ്യം, (5) നാടകാഖ്യായികാദർശനം. (6) കാവ്യസമസ്യാപൂരണം, (7) കാവ്യക്രിയ മുതലായവ ചതുഃഷഷ്ടികലകളിൽ ഉൾപ്പെടുന്നു. ശിരോമണി പി. കൃഷ്ണൻനായർ ചതുഃഷഷ്ടിസംഖ്യയിൽ അന്തർഭവിക്കുന്നതും അല്ലാത്തതുമായ എല്ലാ കലകളേയും (1) സരസകല, (2) ശില്പകല, (3) കായികകല, (4) മായികകല എന്നിങ്ങനെ നാലിനങ്ങളായി വിഭജിക്കുകയും ഗീതം സാഹിത്യം അഭിനയം ആലേഖ്യം ഇവയെ ഒന്നാമത്തേയും, പ്രതിമാനിർമ്മാണം ഭവന നിർമ്മാണം കൊത്തുപണി കരിമരുന്നുവേല പൂവിടൽ മാലകെട്ടൽ മുതലായവയെ രണ്ടാമത്തേയും, വാദ്യം നൃത്തം കയ്യാങ്കളി കളരിപ്പയറ്റ് മുതലായവയെ മൂന്നാമത്തേയും, ചെപ്പടി വിദ്യയേയും മറ്റും നാലാമത്തേയും വിഭാഗത്തിൽ ചേർക്കുകയും ചെയ്യുന്നു.

## നാട്യവും നൃത്യനൃത്തങ്ങളും

നാട്യം, നൃത്യം, നൃത്തം ഈ മൂന്നു നടനകലാപ്രസ്ഥാനങ്ങൾക്കും തമ്മിലുള്ള ഭേദം ദശരൂപകത്തിൽ ധനഞ്ജയൻ

> "അവസ്ഥാനുകൃതിർന്നാട്യം രൂപം ദൃശ്യതയോച്യതേ
> രൂപകം തത്സമാരോപാദ്ദശധൈവ രസാശ്രയം.
> . . .  . . .  . . .
> അന്യദ്ഭാവാശ്രയം നൃത്യം നൃത്തം താളലയാശ്രയം
> ആദ്യം പദാർത്ഥാഭിനയോ മാർഗ്ഗോ ദേശീ തഥാപരം.
>
> മധുരോദ്ധതഭേദേന തദ്ദ്വയം ദ്വിവിധം പുനഃ
> ലാസ്യതാണ്ഡവഭേദേന നാടകാദ്യുപകാരകം."

എന്നീ കാരികകളിൽ പ്രദർശിപ്പിക്കുന്നു. നാലു വിധത്തിലുള്ള അഭിനയംകൊണ്ടു ധീരോദാത്താദ്യവസ്ഥകളെ അനുകരിച്ച് അവയുടെ താദാത്മ്യത്തെ ജനിപ്പിക്കുക എന്നുള്ളതാണ് നാട്യത്തിന്റെ ലക്ഷണമെന്നും, ദൃശ്യമാനതനിമിത്തം അതിനെ രൂപമെന്നു വ്യപദേശിക്കുന്നു എന്നും, നടനിൽ രാമാദ്യവസ്ഥയുടെ ആരോപണം സംഭവിക്കുന്നതുകൊണ്ട് അതു രൂപകം എന്ന സംജ്ഞയ്ക്ക് അർഹമായിത്തീരുന്നു എന്നും, രൂപകത്തിനു നാടകം പ്രകരണം ഭാണം പ്രസഹനം തുടങ്ങി പത്തു പ്രഭേദങ്ങളുണ്ടെന്നും ഉപന്യസിച്ചതിനുമേൽ ആ ആചാര്യൻ നൃത്യത്തിന്റെ സ്വരൂപം നിർദ്ദേശിക്കുന്നു. ദശരൂപകവ്യാഖ്യാകാരനായ ധനികൻ "നൃതി" എന്ന ധാതുവിനു ഗാത്രവിക്ഷേപണമെന്നാണർത്ഥമെന്നും, ആങ്ഗികാഭിനയബാഹുല്യം നിമിത്തമാണ് നൃത്യത്തിന് ആ പേർ സിദ്ധിച്ചതെന്നും, നൃത്യം പാദർത്ഥാഭിനയാത്മകവും ഭാവാശ്രയവുമാണെന്നും, പ്രത്യുത നാട്യം വാക്യാർത്ഥാഭിനയാത്മകവും രസാശ്രയവുമാണെന്നും, താളത്തേയും ലയത്തേയും മാത്രം അപേക്ഷിച്ചുള്ള അങ്ഗവിക്ഷേപമാണ് നൃത്തമെന്നും, നൃത്യത്തിനു മധുരമെന്നും ഉദ്ധതമെന്നും രണ്ടു വിഭാഗങ്ങളുണ്ടെന്നും, മധുരത്തിനു ലാസ്യമെന്നും ഉദ്ധതത്തിനു താണ്ഡവമെന്നും പേർ പറയുന്നു എന്നും മൂലാർത്ഥത്തെ വിസ്തരിക്കുന്നു. നൃത്തംകൊണ്ടും നൃത്യംകൊണ്ടും രൂപകങ്ങൾക്ക് ഉപയോഗമുണ്ടെന്നു മേൽ ഉദ്ധരിച്ച കാരികകളിൽനിന്നു വെളിവാകുന്നുണ്ടല്ലോ. നൃത്തത്തിനു താളമേളങ്ങൾക്കൊപ്പിച്ചുള്ള കരചരണവിക്ഷേപമല്ലാതെ അഭിനയം ആവശ്യമില്ല.

> "ആങ്ഗികോ വാചികശ്ചൈവ ഹ്യാഹാര്യസ്സാത്വികസ്തഥാ
> ചത്വാരോഭിനയാ ഹ്യേതേ യേഷു നാട്യം പ്രതിഷ്ഠിതം"

എന്ന ഭരതമുനിയുടെ വചനമനുസരിച്ച് ആങ്ഗികം വാചികം ആഹാര്യം സാത്വികം എന്ന് അഭിനയത്തിനു നാലു വിഭാഗങ്ങളുണ്ട്.

> "ചതുർത്ഥാഭിനയസ്തത്ര ആങ്ഗികോങ്ഗൈർന്നിദർശിതഃ,
> വാചാ വിരചിതഃ കാവ്യനാടകാദിഷു വാചികഃ,
> ആഹാര്യോ ഹാരകേയൂരവേഷാദിഭിരലംകൃതിഃ
> സാത്വികസ്സാത്വികൈർഭാവൈർഭാവജ്ഞേന വിഭാവിതഃ"

എന്നീ കാരികകളും ഇവിടെ അനുസന്ധേയങ്ങളാണ്. ആങ്ഗികത്തെപ്പറ്റി മേൽ പ്രതിപാദിക്കും. വാക്കുകളെക്കൊണ്ടുള്ള അഭിനയം വാചികവും, വേഷഭൂഷാദിരൂപത്തിലുള്ളത് ആഹാര്യവും, സ്വേദം സ്തംഭം മുതലായി എട്ടു വിധത്തിലുള്ള നാട്യശാ

സ്തപ്രസിദ്ധങ്ങളായ സാത്വികഭാവങ്ങൾ അതായതു മനോജന്യങ്ങളായ വികാരങ്ങളോട്ടുകൂടിയതു സാത്വികവുമാകുന്നു. ഈ നാലുമാതിരിയിലുള്ള അഭിനയങ്ങളുടേയും സമഞ്ജസമായ സമ്മേളനം സമഗ്രമായ രസസ്ഫുരണത്തിന് അത്യന്താപേക്ഷിതമാണ്. നാട്യത്തിൽ പൂർവ്വാചാര്യന്മാർ വാചികത്തെ സർവ്വപ്രധാനമായി കരുതുന്നു. അവർ നിർദ്ദേശിക്കുന്ന നൃത്യത്തിനു പൂർവകാലങ്ങളിൽ ആഹാര്യാഭിനയമില്ലായിരുന്നു. കഥകളിയിൽ വാചികാഭിനയമില്ലാത്തതുകൊണ്ടു് അതിനെ നൃത്യ കോടിയിലാണ് ഉൾപ്പെടുത്തേണ്ടതെന്നുള്ളതു നിസ്സംശയമാണ്. അതുതന്നെ പ്രായേണ താണ്ഡവപ്രധാനമാണെന്നു ധരിക്കേണ്ടതുണ്ടു്. കഥകളി പദാർത്ഥാഭിനയം മാത്രമാകയാൽ അതിൽ വിഭക്ത്യർത്ഥങ്ങൾ പ്രദർശിപ്പിക്കാറില്ല. ഭാവാശ്രയമാണെങ്കിലും അതിൽ പാര്യന്തികമായ രസപ്രതീതി പ്രേക്ഷകന്മാർക്കു ജനിക്കുന്നുണ്ടല്ലോ. അതുവഴിക്കാണ്

> “ഭാവാഭിനയഹീനന്തു നൃത്തമിത്യഭിധീയതേ
> രസഭാവവ്യഞ്ജനാദിയുക്തം നൃത്യമിതീര്യതേ.”

എന്ന അഭിനയദർപ്പണകാരികയിലെ ഉത്തരാർദ്ധത്തിനു ഗതികല്പിക്കേണ്ടിയിരിക്കുന്നതു്.

> “നൃത്യനൃത്തവിഭാഗാശ്ച ബഹുഭിർബഹുധാ കൃതഃ.”

എന്നു ശാരദാതനയൻ ഭാവപ്രകരണത്തിൽ ഉപന്യസിച്ച് നൃത്യഭേദങ്ങൾ “പ്രായേണ സംഖ്യയാ വിംശതിർമ്മതാഃ” എന്ന് ഇരുപതായി പരിഗണിച്ച് അവയുടെ കൂട്ടത്തിൽ ഗോഷ്ഠീ, ശ്രീഗദിതം, ഡോംബീ മുതലായ ഉപരൂപകങ്ങളെയും അന്തർഭവിപ്പിക്കുന്നു. തദനുരോധേന വാചികാംശം അഭിനയത്തിൽ വർജ്ജ്യമാണെന്നു വച്ചുമാത്രം കഥകളിക്കു നൃത്യത്വമില്ലെന്നു പറയാവുന്നതല്ല. “കുർവേ നാടകമത്ര സാധു കവയസ്തുഷ്യന്തു ബദ്ധാദരം” എന്നു കംസവധം കഥകളിയിൽ കിളിമാനൂർ രവിവർമ്മകോയിത്തമ്പുരാനും “കേനാപി തൽപദജ്ജുഷാ കില ദക്ഷയാഗനാട്യ പ്രബന്ധമുദിതം” എന്നു ദക്ഷയാഗം കഥകളിയിൽ ഇരയിമ്മൻതമ്പിയും പ്രസ്താവിച്ചിട്ടുള്ളതു നാട്യനൃത്യങ്ങൾക്ക് അഭിന്നത്വം കല്പിച്ചുകൊണ്ടാണെന്നു കരുതിയാൽ മതിയാകുന്നതാണ്. നാട്യത്തിലും നൃത്യത്തിലും ലോകധർമ്മിയെന്നും നാട്യധർമ്മിയെന്നും രണ്ടു പ്രകാരഭേദങ്ങളുണ്ടു്. ഇവയ്ക്കു യഥാക്രമം തൊല്ക്കാപ്പിയത്തിൽ ഉലകവഴക്കമെന്നും നാടകവഴക്കമെന്നും പേർ പറഞ്ഞുകാണുന്നു. വാക്യാഭിനയത്തിൽ കേവലവാക്യോച്ചാരണം ലോകധർമ്മിയും രാഗയുക്തവാക്യോച്ചാരണം നാട്യധർമ്മിയും അതുപോലെ സാത്വികാഭിനയത്തിൽ നടൻ ഭാവനം ചെയ്തു യഥാസ്വരൂപം പ്രദർശിപ്പിക്കുന്ന സ്തംഭാദികൾ ലോകധർമ്മിയും ഹസ്താഭിനയംകൊണ്ടു പ്രദർശിപ്പിക്കുന്നവ നാട്യധർമ്മിയുമാണെന്നു സംഗീതരത്നാകരവ്യാഖ്യയിൽ മല്ലിനാഥൻ ഉപന്യസിക്കുന്നു. സാത്വികാഭിനയബഹുലമാണ് നാട്യമെന്നു കുമാരസ്വാമി പ്രതാപരുദ്രീയവ്യാഖ്യയിൽ പ്രസ്താവിച്ചിരിക്കുന്നതും പ്രകൃതത്തിൽ സ്മരണീയമാണ്.

## ആങ്ഗികാഭിനയം

അംഗങ്ങൾ, പ്രത്യംഗങ്ങൾ, ഉപാംഗങ്ങൾ എന്നീ മൂന്നു തരത്തിലുള്ള അവയവങ്ങൾ കൊണ്ടും ആംഗികാഭിനയം നിർവഹിക്കേണ്ടതുണ്ടു്.

> “അങ്ഗാന്യത്ര ശിരോ ഹസ്തൗ വക്ഷഃ പാർശ്വൗ കടീതടേ
> പാദാവിതി ഷഡുക്താനി ഗ്രീവാമപ്യപരേ ജഗുഃ.

പ്രത്യങ്ഗാന്യഥ ച സ്കന്ധൗ ബാഹൂ പൃഷ്ഠം തഥോദരം
ഊരുജങ്ഘേ ഷഡിത്യാഹുരപരേ മണിബന്ധകൗ

ജാനുനീ കൂർപ്പരാവേതൽ ത്രയമപ്യധികം ജഗുഃ.
ഗ്രീവാ സ്യാദപ്യുപാങ്ഗത്തു സ്കന്ധ ഏവ ജഗുർബുധാഃ.

ദൃഷ്ടീഭ്രൂ പുടതാരാശ്ച കപോലൗ നാസികാ ഹനു
അധരോ ദശനാ ജിഹ്വാ ചിബുകം വദനം തഥാ
ഉപാങ്ഗാനി ദ്വാദശൈവ ശിരസ്യങ്ഗാന്തരേഷു ച."

ഈ കാരികകളിൽനിന്ന് ആ അവയവങ്ങൾ ഏതെല്ലാമെന്നു ഗ്രഹിക്കാവുന്നതാണ്. ശിരസ്സ്, കൈപ്പടങ്ങൾ, മാറ്, പാർശ്വം, അരക്കെട്ട്, കാലുകൾ എന്നിവയാണ് ആറംഗങ്ങൾ. ചുമലുകൾ, കൈകൾ, പുറം, വയറ്, തുടകൾ, കണങ്കാലുകൾ ഇവ ആറും പ്രത്യംഗങ്ങൾ. കഴുത്ത് അംഗമെന്നും അതല്ല പ്രത്യംഗമെന്നും പറയുന്ന ആചാര്യന്മാരുണ്ടെങ്കിലും അവർ ഇരുകൂട്ടരും അതിന്റെ തോളിനു മേല്പോട്ടുള്ള ഭാഗം ഉപാംഗമാണെന്നു സമ്മതിക്കുന്നു. കണ്ണ്, പുരികം, കൺപോള, കൃഷ്ണമണി, കവിൾ, മൂക്ക്, താടിയെല്ലുകൾ, കീഴ്ച്ചുണ്ട്, പല്ലുകൾ, നാവ്, താടി, വായ് ഈ പന്ത്രണ്ട് അവയവങ്ങളും ഉപാംഗങ്ങളാകുന്നു. സമം ഉദ്വാഹിതം അധോമുഖം മുതലായി ഒൻപതു ശിരോവ്യാപാരഭേദങ്ങളും, സമം ആലോകിതം സാചി ഇത്യാദി ആറു ദൃഷ്ടിവ്യാപാരഭേദങ്ങളും, ഭ്രമണം വലനം പാതം ചലനം തുടങ്ങി ഒൻപതു താരവ്യാപാരഭേദങ്ങളും, ഉന്മേഷം നിമേഷം പ്രസൃതം കുഞ്ചിതം മുതലായി ഒൻപതു പുടവ്യാപാരഭേദങ്ങളും, ഉൽക്ഷേപം പാതനം ഭ്രുകുടി ചതുരം ഇത്യാദി ഏഴു ഭ്രൂവ്യാപാര ഭേദങ്ങളും, നതം മന്ദം വികൃഷ്ടം തുടങ്ങി ആറു നാസികാവ്യാപാരഭേദങ്ങളും, ക്ഷാമം ഫുല്ലം പൂർണ്ണം കമ്പിതം എന്നിങ്ങനെ ആറു കപോലവ്യാപാരഭേദങ്ങളും, വികർത്തനം കമ്പനം വിസർഗ്ഗം വിനിഗൂഹനം തുടങ്ങിയ ആറു അധരവ്യാപാരഭേദങ്ങളും, കട്ടനം ഖണ്ഡനം ഛിന്നം ചികിതം മുതലായി ഏഴു ചിബുകവ്യാപാര ഭേദങ്ങളും, സമം നതം ഉന്നതം ത്ര്യസ്രം ഇത്യാദി ഒൻപതു ഗ്രീവാവ്യാപാരഭേദങ്ങളും, സ്വാഭാവികം പ്രസന്നം രക്തം ശ്യാമം എന്നിങ്ങനെ നാലു മുഖരാഗഭേദങ്ങളും ഭരതമഹർഷിയാൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഇവയേയോ ഇവയുടെ വിനിയോഗക്രമത്തേയോ പറ്റി ഒന്നുംതന്നെ ഇവിടെ പ്രപഞ്ചനം ചെയ്യുവാൻ നിർവാഹമില്ല. ഈ വിഷയത്തിൽ നാട്യശാസ്ത്രകാരന്മാർ അനേകം മതാന്തരങ്ങളും പ്രദർശിപ്പിച്ചു കാണുന്നു. ഇവ കൂടാതെ എട്ടു രസദൃഷ്ടികളും, സ്നിഗ്ദ്ധം ഹൃഷ്ടം ദീനം മുതലായി എട്ടു സ്ഥായീഭാവദൃഷ്ടികളും, ശൂന്യം ലജ്ജിതം മ്ലാനം ശങ്കിതം വിഷണ്ണം തുടങ്ങി പതിനെട്ടു സഞ്ചാരിഭാവദൃഷ്ടികളുംകൂടി പ്രകൃതത്തിൽ പരിഗണനയെ അർഹിക്കുന്നു. ശാന്തത്തെ നാടകത്തിലും കഥകളിയിലും ആചാര്യന്മാർ രസത്വേന അംഗീകരിക്കുന്നില്ല.

## ഹസ്തമുദ്രകൾ

കവിളും പുരികവും അധരവും പ്രത്യേകിച്ചു കണ്ണും രസസ്ഫുരണത്തിനു സാമാന്യത്തിലധികം പ്രയോജകീഭവിക്കുന്നുണ്ടെങ്കിലും കഥകളിയിൽ അഭിനയത്തെ സംബന്ധിച്ചേടത്തോളം കൈമുദ്രകൾക്കുള്ള പ്രാധാന്യം സർവ്വോത്തരമാകുന്നു. ലൌകികവ്യവഹാരത്തിൽത്തന്നെ മനുഷ്യർ ആദികാലംമുതല്ക്കു തങ്ങളുടെ ഇംഗിതം

ശ്രോതാക്കളെ ഗ്രഹിപ്പിക്കുവാൻ ശബ്ദങ്ങളോടൊപ്പം ആങ്ഗ്യങ്ങളും ഉപയോഗിച്ചുവന്നിരുന്നു. വികാരോദ്ദീപകമായ വിധത്തിൽ ഇംഗിതം പ്രകടിപ്പിക്കണമെന്ന് ഇച്ഛിക്കുന്ന ഏതൊരാൾക്കും ആങ്ഗ്യം ഒഴിച്ചു കൂടാവുന്നതല്ലെന്നു മാത്രമല്ല ആ ലക്ഷ്യപ്രാപ്തിക്കു ശബ്ദത്തെക്കാൾ ഒന്നുകൂടി ശക്തി ആംഗ്യത്തിനുണ്ടെന്നുള്ളതും അനുഭവവേദ്യമാണ്. ഓരോ ശബ്ദത്തിന്നും ഓരോ ഭാഷയിൽ സങ്കേതിതമായ അർത്ഥം ജനിച്ചിട്ടുള്ളതിനു പലപ്പോഴും ഉപപത്തി കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ ആംഗ്യത്തിന്റെ സ്ഥിതി അങ്ങനെയല്ല. അതിന്റെ വ്യവസ്ഥാപനത്തിലുള്ള ഔചിത്യവും യുക്തിയും ആർക്കും അവധാനപൂർവ്വം ആലോചിച്ചാൽ ബോദ്ധ്യമാകുന്നതാണ്. വൈദികം താന്ത്രികം, ലൌകികം എന്നിങ്ങനെ മൂന്നു വിധത്തിൽ കൈമുദ്രകൾ കാണുന്നുണ്ട്. വേദത്തിലെ ശബ്ദങ്ങളുടെ ഉദാത്താനുദാത്തസ്വരിതാദിഭേദങ്ങളും മറ്റും വേർതിരിച്ചു കാണിക്കുന്നവ വൈദികമുദ്രകളും, ദേവപൂജാവിധികളിൽ ഉപയോഗിക്കുന്നവ താന്ത്രികമുദ്രകളും, ലോകസ്വഭാവസിദ്ധങ്ങളായ നിഷേധമുദ്ര വിരോധമുദ്ര മുതലായവയെ പരിഷ്കരിച്ചും അവയോട് ആവശ്യമുള്ള പല ഇതരമുദ്രകളും കൂട്ടിച്ചേർത്തു വികസിപ്പിച്ചും കൂടിയാട്ടം കഥകളി മുതലായ നൃത്യകലകളിൽ പ്രദർശിപ്പിക്കുന്നതിനായി ചിട്ടപ്പെടുത്തീട്ടുള്ളവ ലൌകികമുദ്രകളുമാണെന്ന് ആറ്റൂർ കൃഷ്ണപ്പിഷാരടി പറയുന്നു. നൃത്തമുദ്രകളെ പ്രത്യേകമൊരിനമായിത്തന്നെ അംഗീകരിക്കണമെന്നാണ് എന്റെ പക്ഷം.

## ഹസ്തമുദ്രകളുടെപ്രഭേദങ്ങളും ഹസ്തലക്ഷണദീപികയും

ഹസ്തമുദ്രകളെ മാത്രമായി വിവരിക്കുന്ന കേരളീയഗ്രന്ഥം ഒന്നേയുള്ളൂ. അതാണ് പ്രസിദ്ധമായ ഹസ്തലക്ഷണദീപിക. ആ സംജ്ഞയിലെ ഹസ്തശബ്ദത്തിന്നു മുദ്രക്കൈയെന്നാകുന്നു അർത്ഥം. ആ ഗ്രന്ഥം ഏതാചാര്യൻ ഏതു കാലത്തു നിർമ്മിച്ചു എന്നുള്ളതിനെപ്പറ്റി യാതൊരറിവുമില്ല. അതു അത്യന്തം ആനുഷ്ടുഭവൃത്തത്തിൽ രചിതമായി കാണുന്നു. ആകെ രണ്ടു പരിച്ഛേദങ്ങളാണുള്ളത്. ദീപികാകാരൻ ഉപജീവിക്കുന്നതു ഭരതമഹർഷിയുടെ നാട്യശാസ്ത്രത്തെയാണെന്ന്,

> "കവാടമുപധാനം ച പരിഘാംഘ്രീ ലതാർഗ്ഗളേ
> ഷട്ത്രിംശൽ ഭരതേനോക്തഃ പതാകാസ്സംയുതാഃ കരാഃ"
> "പ്രായഃ പ്രോക്താ മിശ്രഹസ്താ നാട്യശാസ്ത്രോക്തവർത്മനാ"

എന്നും മറ്റുമുള്ള ശ്ലോകങ്ങളിൽ അദ്ദേഹംതന്നെ തുറന്നു പ്രസ്താവിച്ചിട്ടുണ്ട്. (1) പതാകം, (2) മുദ്ര (മുദ്രാഖ്യം), (3) കടകം, (4) മുഷ്ടി, (5) കർത്തരീമുഖം, (6) ശുകതുണ്ഡം, (7) കപിത്ഥം, (8) ഹംസപക്ഷം, (9) ശിഖരം. (10) ഹംസാസ്യം. (11) അഞ്ജലി, (12) അർദ്ധചന്ദ്രം, (13) മുകരം, (14) ഭ്രമരം, (15) സൂചീമുഖം, (16) പല്ലവം, (17) ത്രിപതാകം, (18) മൃഗശീർഷകം, (19) സർപ്പശീർഷം, (20) വർദ്ധമാനം, (21) അരാളം, (22) ഊർണ്ണനാഭം, (23) മുകുളം, (24) കടകാമുഖം എന്നീ ഇരുപത്തിനാലു ഹസ്തമുദ്രകളെ മാത്രമേ അദ്ദേഹം പരാമർശിക്കുന്നുള്ളൂ.

> "നമിതാനാമികാ യസ്യ പതാകസ്സ കരഃ സ്മൃതഃ.
> സൂര്യോ രാജാ ഗജസ്സിംഹ ഋഷഭോ ഗ്രാഹതോരണേ
> ലതാ പതാകാ വീചിശ്ച രഥ്യാപാതാളഭ്രമയഃ
> ജംഘനം ഭാജനം ഹർമ്മ്യം സായം മാധ്യന്ദിനം ഘനം"

എന്നിങ്ങനെ പതാകമുദ്രയുടെ ലക്ഷണവും തദ്വാരാ സൂചിപ്പിക്കാവുന്ന പദാർത്ഥങ്ങളും നിർദ്ദേശിച്ചുകൊണ്ടു ഗ്രന്ഥം ആരംഭിക്കുന്നു. ഹസ്തമുദ്രകൾക്കുതന്നെ അയുതഹ

സ്തങ്ങളെന്നും സംയുത ഹസ്തങ്ങളെന്നും രണ്ടു് ഉൾപ്പിരിവുകളുണ്ട്. സൂര്യൻ, രാജാവ്, ഗജം, സിംഹം മുതലായി മുപ്പത്താറു പദാർത്ഥങ്ങളെ സംയുത ഹസ്തംകൊണ്ടു് അതായതു് രണ്ടു കൈയും ചേർത്തു കാണിക്കണം,

> "ദിവസോ ഗമനം ജിഹ്വാ ലലാടം ഗാത്രമേവ ച
> ഇവശബ്ദശ്ച ശബ്ദശ്ച ദൂതസൈകതപല്ലവാഃ
> അസംയുതപതാകാഖ്യാ ദശ ഹസ്താസ്സമീരിതാഃ"

എന്ന വചനത്തിൽനിന്നു ദിവസം, ഗമനം മുതലായ പത്തെണ്ണം അസംയുതഹസ്തം അതായതു് ഒറ്റക്കൈകൊണ്ടുമാത്രമാണു് കാണിക്കേണ്ടതു്. ഇങ്ങനെ പതാകമുദ്രയിൽത്തന്നെ നാല്പത്താറു ദൃശ്യങ്ങൾ ഉൾപ്പെടുന്നു. എല്ലാ ഹസ്തമുദ്രകളേയും ഇവിടെ വിവരിക്കുവാൻ സൌകര്യമില്ല. പ്രഥമപരിച്ഛേദത്തിൽ ഇങ്ങനെ ചതുർവിംശതിമുദ്രകളെപ്പറ്റി പ്രതിപാദിച്ചതിനുമേൽ ആചാര്യൻ ദ്വിതീയപരിച്ഛേത്തിൽ സമാനമുദ്രകളേയും മിശ്രമുദ്രകളേയും വിവരിക്കുന്നു. ഒരേ മുദ്രകൊണ്ടു് ഒന്നിലധികം വസ്തുക്കളെ സൂചിപ്പിക്കാമെന്നുള്ളതാണു് സമാന മുദ്രയുടെ ലക്ഷണം.

> "സമീപസമയൗ തുല്യൗ സമൗ ദാനവകൗണപൗ
> സരോജലേ തുല്യഹസ്തേ തുല്യൗ വരുണവാരിധീ"

എന്നിങ്ങനെയാണു് ആ പരിച്ഛേദത്തിന്റെ ആരംഭം. സമീപം സമയം ഇവയെ ഒരേ മുദ്രകൊണ്ടു പ്രദർശിപ്പിക്കാം. അതുപോലെ അസുരൻ രാക്ഷസൻ, പൊയ്ക ജലം, വരുണൻ സമുദ്രം ഈ ജോടികളേയും ഏകമുദ്രകൊണ്ടു കാണിക്കാവുന്നതാണു്. ഇത്തരത്തിൽ പല സമാനമുദ്രകളുണ്ട്. "നാഥഃ പിതാ ഗുരുസ്തുല്യോ ലീലാനൃത്തോത്സവാസ്സമാഃ" എന്നിങ്ങനെ ചിലപ്പോൾ മൂന്നും അപൂർവ്വം നാലും വസ്തുക്കളേയും ഒരേ മുദ്രകൊണ്ടു സൂചിപ്പിക്കാം. രണ്ടു മുദ്രകളെ സംയോജിപ്പിച്ചു വേണം മറ്റു ചില വസ്തുക്കളെ പ്രദർശിപ്പിക്കുവാൻ. അതുകൊണ്ടു് അവയെ മിശ്രമുദ്രകൾ എന്നു പറയുന്നു.

> "ഇന്ദ്രശ്ശിഖരമുഷ്ടീ സ്യാൽ പ്രിയോ ഹംസാസ്യമുഷ്ടികഃ
> ബ്രഹ്മാ കടകപക്ഷസ്സ്യാൽ ശിവസ്തു മൃഗപക്ഷകഃ"

എന്നും മറ്റും ദീപികയിൽ അവയെ വ്യവസ്ഥപ്പെടുത്തിട്ടുണ്ട്. ശിഖരം മുഷ്ടി ഈ മുദ്രകളെ യോജിപ്പിച്ചു ദേവേന്ദ്രനേയും ഹംസാസ്യം മുഷ്ടി ഇവയെ യോജിപ്പിച്ചു പ്രിയനേയും സൂചിപ്പിക്കണം. ഇവയെല്ലാമാണു് പ്രസ്തുത ഗ്രന്ഥത്തിലെ വിഷയങ്ങൾ.

പതാകം മുദ്രാഖ്യം കടകം മുഷ്ടി എന്നീ മുദ്രകളെക്കൊണ്ടു പതിനാറു വീതം അറുപത്തിനാലു സംജ്ഞകമുദ്രകളെ പ്രദർശിപ്പിക്കുവാൻ മിക്ക ആട്ടക്കാർക്കും പരിജ്ഞാനമുണ്ട്. ഇവയെ മാതൃകാ മുദ്രകളെന്നു പറയണം. ഇവയെത്തന്നെയാണു് യഥാക്രമം അണിവിരലിനേയും നടുവിരലിനേയും തള്ളവിരലിനേയും ചൂണ്ടുവിരലിനേയും ആശ്രയിച്ചുള്ള പതിനാറുവീതം മുദ്രകൾ എന്നു ഭാഷയിൽ പറയുന്നതു്. സൂര്യൻ രാജാവു ഗജം സിംഹം കാള മുതലായവയെ പതാക മുദ്രകൊണ്ടും, ബ്രഹ്മാവ് വേദം വൃക്ഷം സ്വർഗ്ഗം ആകാശം ശൃംഖല തുടങ്ങിയവയെ മുദ്രാഖ്യമുദ്ര കൊണ്ടും, വിഷ്ണു ബലഭദ്രൻ ശ്രീരാമൻ ലക്ഷ്മി സ്ത്രീ വീണ മുതലായവയെ കടകമുദ്രകൊണ്ടും, ശൂദ്രൻ യക്ഷൻ വടി വില്ല് യുദ്ധം തുടങ്ങിയവയെ മുഷ്ടിമുദ്രകൊണ്ടും ശാസ്ത്രോക്തമായ രീതിയിൽ അവർ പ്രദർശിപ്പിക്കുന്നു. എന്നാൽ ദീപികയിലെ ഇരുപത്തിനാലു മുദ്രകൾകൊണ്ടുമാത്രം എല്ലാ ശബ്ദങ്ങൾക്കും കൈ കാണിക്കുവാൻ നിവൃത്തിയില്ലാ

ത്തതിനാൽ നന്ദികേശ്വരന്റെ കൃതിയെന്ന് ഐതിഹ്യം ഘോഷിക്കുന്ന അഭിനയദർപ്പണത്തിൽനിന്നും മറ്റും കൂടി ആട്ടക്കാർ ചില മുദ്രകൾ സ്വീകരിച്ചിട്ടുണ്ട്.

## കൊട്ടാരക്കരത്തമ്പുരാൻ

ഇനി കഥകളിപ്രസ്ഥാനത്തിന്റെ ആഗമത്തെപ്പറ്റി സ്വല്പം വിചിന്തനം ചെയ്യാം. ആദ്യകാലത്ത് ആ പ്രസ്ഥാനത്തിന്റെ സംജ്ഞ രാമനാട്ടമെന്നായിരുന്നു. കൊട്ടാരക്കര രാജവംശത്തിലെ ഒരങ്ഗമാണ് അതിന്റെ ഉപജ്ഞാതാവ് എന്നുള്ളതിനെപ്പറ്റി പക്ഷാന്തരമില്ല. എന്നാൽ അദ്ദേഹത്തിന്റെ ജീവിതകാലമേതെന്നുള്ളതിനെക്കുറിച്ച പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായഭേദമുണ്ട്. അത് കൊല്ലം ഏഴാം ശതകമാണെന്ന് ഒരു പക്ഷമുണ്ടെങ്കിലും ഒൻപതാം ശതകത്തിന്റെ പൂർവ്വാർദ്ധമെന്നാണ് എന്റെ അഭ്യൂഹം.

### കവിയുടെ പേരും പഴയ ഐതിഹ്യവും

രാമനാട്ടം എന്നു കഥകളി പ്രസ്ഥാനത്തിന്നുപേർ വന്നതു കൊട്ടാരക്കരത്തമ്പുരാൻ രാമായണകഥയെ വിഷയീകരിച്ച് (1) പുത്രകാമേഷ്ടി, (2) സീതാസ്വയംവരം, (3) വിച്ഛിന്നാഭിഷേകം, (4) ഖരവധം, (5) ബാലിവധം, (6) തോരണയുദ്ധം, (7) സേതുബന്ധനം, (8) യുദ്ധം എന്നിങ്ങനെ എട്ട് ആട്ടക്കഥകൾ രചിക്കുകനിമിത്തമാണ്. ഉത്തരരാമായണത്തെ അധികരിച്ച് അദ്ദേഹം ഒരു ആട്ടക്കഥയും നിർമ്മിച്ചിട്ടില്ല. പുത്രകാമേഷ്ടികഥയുടെ ആരംഭത്തിൽ

> "പ്രാപ്താനന്തഘനശ്രിയഃ പ്രിയതമശ്രീരോഹിണീജന്മനോ
> വഞ്ചിക്ഷ്മാവരവീരകേരളവിഭോ രാജ്ഞസ്സ്വസുസ്സനുനാ
> ശിഷ്യേണ പ്രവണേന ശങ്കരകവേ രാമായണം വർണ്ണ്യതേ,
> കാരുണ്യേന കഥാഗുണേന കവയഃ കുർവന്തു തൽ കർണ്ണയോഃ"

എന്നൊരു ശ്ലോകമുണ്ട്. ഈ ശ്ലോകത്തിൽനിന്നു ആ കൊട്ടാരക്കരത്തമ്പുരാൻ വീരകേരളവർമ്മാ എന്നു പേരുള്ള ഒരു വഞ്ചി മഹാരാജാവിന്റെ ഭാഗിനേയനും ശങ്കരനാമധേയനായ ഒരു കവിയുടെ ശിഷ്യനുമാണെന്നുമാത്രം വെളിപ്പെടുന്നു. ആ ഗുരുവിനെ വിച്ഛിന്നാഭിഷേകത്തിലും യുദ്ധത്തിലും "ശങ്കരഗുരു സമശങ്കരദൃഢമതിശങ്കരഗുരു" എന്നു കവി വാഴ്ത്തുന്നുണ്ട്. പിന്നെയും വിച്ഛിന്നാഭിഷേകത്തിൽ "വഞ്ചിധരാവരബാല കവിവീരകേരളമാനസവാസ ഹരേ" എന്നും യുദ്ധത്തിൽ "വഞ്ചിവീരകേരളഹൃദയാംബുജനിവാസലോലപദാംബുജം" എന്നും കാണുന്ന പ്രസ്താവനകളിൽ പ്രഥമദൃഷ്ടിയിൽ കവിയുടെ മാതുലന്റെ പേരാണ് ഘടിപ്പിക്കപ്പെട്ടിട്ടുള്ളത് എന്നു തോന്നുമെങ്കിലും ബാലകപദത്തിന്റെ സാരസ്യംകൊണ്ട് ആദ്യത്തെ പ്രസ്താവനയിലെങ്കിലുംകവി തന്നെ പരാമർശിക്കുന്നതായി വേണം കരുതുവാൻ. എന്തെന്നാൽ ആധുനികവഞ്ചി രാജ്യത്തിന്റെ പ്രതിഷ്ഠാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലംവരെ "ബാല" പദംവേണാട്ടിലെ യാതൊരു ശാഖയിൽപ്പെട്ട രാജാക്കന്മാരും സ്വനാമധേയത്തോടുകൂടി ചേർത്തിരുന്നില്ല. ഉണ്ണി എന്നതിന്റെ സംസ്കൃതരൂപമാണ് ബാലൻ എന്നും ഉണ്ണിക്കേരളവർമ്മ എന്നുപേരുള്ള ചില രാജാക്കന്മാർ ഉണ്ടായിരുന്നുവെന്നും ഒരു പൂർവ്വപക്ഷം ഇവിടെ ഉന്നയിക്കുവാൻ പാടില്ലെന്നില്ല. എന്നാൽ പ്രസ്തുത കവിയുടെ കൃതികൾ "വഞ്ചിബാലവീരകേരളവർമ്മരാമായണം കഥകളി" എന്ന പേരിൽ അറിയപ്പെട്ടിരിക്കുന്നതായി ഒരു പഴയ താളിയോലഗ്രന്ഥത്തിൽനിന്ന് എനിയ്ക്കു ഗ്രഹിക്കുവാൻ ഇടവന്നിട്ടുള്ളതിനാൽ കവിയുടെ പേർ തന്നെ

യാണ് അതെന്നുള്ള എന്റെ നിഗമനം അസ്ഥാനസ്ഥമല്ല. ആ ഗ്രന്ഥത്തിൽത്തന്നെ "വഞ്ചിവരകേരളവിനുതലീല" എന്നും "കൊട്ടാരക്കരെവാഴും ഗൌരീനായകാ ത്വൽ പാദാരവിന്ദങ്ങളെപ്പൊഴും ഭജിക്കും ഞങ്ങൾക്കല്പത വരാതെകണ്ടനുഗ്രഹിക്ക നീ" എന്നും "മണികണ്ഠേശ്വരത്തെഴും നീലകണ്ഠ പാലയ" എന്നും "കിംതു മണികണ്ഠേശ്വ രത്തുമരുവുന്നൊരു വരദന്തിവദനം നമാമി ചിന്തിതാപ്തയേ" എന്നും "ആര്യങ്കാവിൽ ശാസ്താരം സാദരം നൌമി" എന്നുമുള്ള വരികൾ അപ്രകാശിതമായ ഒരുപദത്തിൽ കാണ്മാനുണ്ട്. കൊട്ടാരക്കര ശിവക്ഷേത്രം ഇക്കാലത്തു സർക്കാർ വകയാണ്. പണ്ട് ആ ക്ഷേത്രം കൊട്ടാരക്കര രാജാക്കന്മാരുടെയായിരുന്നു. അതിന്നടുത്തുത ന്നെയുള്ള മണികണ്ഠേശ്വരത്ത് അവർക്ക് ഒരു കോവിലകമുണ്ടായിരുന്നതിനു രേഖ യുണ്ട്. ആര്യങ്കാവ് അക്കാലത്ത് അവരുടെ സംസ്ഥാനത്തിൽ പെട്ടിരുന്നു. ഇന്നും അവിടുത്തെ ശാസ്തൃക്ഷേത്രം സുപ്രസിദ്ധമാണല്ലോ.

അതിരിക്കട്ടെ. രാമനാട്ടത്തിന്റെ ആഗമനത്തെപ്പറ്റിയുള്ള പരമ്പരാഗതമായ കഥ താഴെക്കാണുന്ന വിധത്തിൽ സംഗ്രഹിക്കാം. ക്രി. പി. പന്ത്രണ്ടാം ശതക ത്തിൽ ജീവിച്ചിരുന്ന മഹാകവി ജയദേവന്റെ ഗീതഗോവിന്ദം കേരളത്തിൽ പ്രചരി ച്ചുതുടങ്ങിയപ്പോൾ അതു കേരളീയർ രംഗത്തിൽ പ്രയോഗിക്കുവാൻ തുടങ്ങി. ആ ദൃശ്യകാവ്യത്തെ അഷ്ടപദിയാട്ടമെന്നു പറയുന്നു. അഷ്ടപദിയാട്ടമാണ് കോഴിക്കോട്ടു മാനവേദരാജാവിന്റെ കൃഷ്ണനാട്ടത്തിന്നു മാർഗ്ഗദർശനം ചെയ്തത്. കൃഷ്ണനാട്ടത്തെപ്പ റ്റി സവിസ്തരമായി മുപ്പത്തിമൂന്നാമധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ടല്ലോ. അങ്ങനെ മാന വേദൻതമ്പുരാൻ ആ ആട്ടത്തിനു പ്രതിഷ്ഠ നല്കിയപ്പോൾ കൊട്ടാരക്കരത്തമ്പുരാൻ തന്റെ കോവിലകത്തെ ഒരടിയന്തിരത്തിന്നു കൃഷ്ണനാട്ടക്കാരെ അയച്ചുതരണമെന്നു മാനവേദനോടു അപേക്ഷിക്കുകയും ആ ആട്ടം ആടിക്കണ്ടു രസിക്കുവാൻ വൈ ദുഷ്യമുള്ളവർ തെക്കൻദിക്കുകളിൽ ഇല്ലെന്ന് അദ്ദേഹം മറുപടി അയയ്ക്കുകയാൽ പ്രതികാരേച്ഛ നിമിത്തം രാമനാട്ടം എന്നൊരു പുതിയ ദൃശ്യകലാപ്രസ്ഥാനം ആ പ്രത്യുൽപന്നമതി ഉൽഘാടനം ചെയ്യുകയും ചെയ്തു. ഈ ഐതിഹ്യത്തിന്നു വളരെ പഴക്കമുണ്ട്. സർവാധികാര്യക്കാർ 1056-ൽ പ്രസിദ്ധീകരിച്ച മലയാളഭാഷാചരിത്രം ഒന്നാം പതിപ്പിൽത്തന്നെ അതു സംക്ഷേപിച്ചിട്ടുണ്ട്.

### പക്ഷാന്തരം

ഈ ഐതിഹ്യത്തെയും കവിയുടെ കാലത്തെയും തിരസ്കരിക്കുന്ന ഒരു മതാന്തരം ശിരോമണി പി. കൃഷ്ണൻ നായർ ഉന്നയിക്കുന്നു. കൊട്ടാരക്കരത്തമ്പുരാൻ തന്റെ ഗുരു ശങ്കരകവിയാണെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹം ശ്രീകൃഷ്ണവിജയ കർത്താവും ഉദ്ദണ്ഡശാസ്ത്രിയുടെ സമകാലീനനുമായ കോലത്തുനാട്ടിലെ ശങ്കരക വിയായിരിക്കുവാനാണ് എളുപ്പം. കൊല്ലം 507 മുതൽ 510 വരെ രാജ്യഭാരം ചെ യ്ത കൊല്ലത്തെ സർവാംഗനാഥൻ ആദിത്യവർമ്മ മഹാരാജാവ് ഇളയിടത്തു സ്വരൂ പമെന്നപേരിൽ ഒരു ശാഖ കൊട്ടാരക്കരെ സ്ഥാപിച്ചതായി ഒരു തിരുവിതാംകൂർ ചരിത്രപുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ തെളിവനുസരിച്ചു നോക്കുമ്പോൾ ശങ്ക രകവിയുടെ കാലത്തു കൊട്ടാരക്കരവംശം ഉണ്ടായിരുന്നതായി കാണാം. "പ്രാപ്താ നന്ത" എന്ന ശ്ലോകത്തിലെ "വിഭു" ശബ്ദത്തിനു പെരുമാൾ എന്ന് അർത്ഥഗ്രഹ ണം ചെയ്യണം. ചേരരാജവംശം നശിച്ചതോടുകൂടി പെരുമാൾ എന്ന ബിരുദം കൊ ല്ലത്തെ (കൂപക) രാജാക്കന്മാരിലും ആ സ്വരൂപം ക്ഷയോന്മുഖമായതോടുകൂടി തി രുവിതാംകൂർ രാജവംശത്തിലും സംക്രമിച്ചതായി ഊഹിക്കാം. ആ വഴിക്കു നോ ക്കുമ്പോൾ കൊട്ടാരക്കരത്തമ്പുരാൻ തന്റെ മാതുലനെന്നു പറയുന്ന വീരകേരളൻ

കൊല്ലത്തെ രാജാവാണെന്നു സിദ്ധിക്കുന്നു. "സ്വസ്ത്യസ്തു ജയസിംഹസ്യ വീരകേരളവർമ്മണഃ" എന്നു കൊല്ലത്തു ഗണപതിനടയിൽ കൊത്തിയിട്ടുള്ള ഒരു ശിലാശാസനമുണ്ട്. ആ ശാസനത്തിന്റെ കാലം 671-ആമാണ്ടാണ്. 659 മുതൽ 672 വരെ രാജ്യം ഭരിച്ചിരുന്ന ആ വീരകേരളവർമ്മാവിന്റെ വാഴ്ചക്കാലത്താണ് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതെന്നു നിശ്ചയിക്കാം. കൃഷ്ണനാട്ടം അയച്ചുകൊടുക്കാത്ത വാശിയാണ് അദ്ദേഹം രാമനാട്ടമുണ്ടാക്കിയതു് എന്നുള്ള ഐതിഹ്യത്തിനു വിരുദ്ധമായി, രാമനാട്ടം അയച്ചു കൊടുക്കാത്ത വാശിയാലാണ് മാനവേദൻ തമ്പുരാൻ കൃഷ്ണനാട്ടമുണ്ടാക്കിയതെന്നും ഐതിഹ്യമുണ്ട്. അതുകൊണ്ടു കൊല്ലം ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് രാമനാട്ടത്തിന്റെ ആവിർഭാവമെന്നു കരുതുന്നതിൽ അസാംഗത്യമില്ല. ഇവയെല്ലാമാണ് അദ്ദേഹത്തിന്റെ പ്രധാന വാദമുഖങ്ങൾ.

## പക്ഷാന്തരപരിശോധന

ഇളയിടത്തുസ്വരൂപമെന്നും കുന്നിന്മേൽസ്വരൂപമെന്നുംകൂടി പേരുള്ള കൊട്ടാരക്കര രാജവംശം വേണാട്ടു രാജവംശത്തിന്റെ ഒരു അകന്ന ശാഖയാണെന്നുള്ളതിനെപ്പറ്റി അഭിപ്രായഭേദമില്ല. ആദ്യകാലത്തു് ഒന്നായിരുന്ന വേണാട്ടു രാജകുടുംബം പിന്നീടു തൃപ്പാപ്പൂരെന്നും കൊല്ലമെന്നും രണ്ടു സ്വരൂപങ്ങളായി പിരിയുകയും തൃപ്പാപ്പൂരിന്റെ ശാഖകളായി നെടുമങ്ങാട്ടു പേരകത്താവഴിസ്വരൂപവും, കൊട്ടാരക്കരസ്വരൂപവും പിൽക്കാലത്തു് ആവിർഭവിക്കുകയും ചെയ്തു. കൊട്ടാരക്കരശാഖ സ്ഥാപിച്ചതു് ആദിത്യവർമ്മ മഹാരാജാവാണെന്നുള്ളതിന്നു യാതൊരു തെളിവുമില്ല. 520 മിഥുനം 32-ആനുയിലെ ഒരു മതിലകം രേഖയിൽ കുന്നിന്മേൽ സ്വരൂപത്തിലെ വീരകേരളവർമ്മനെപ്പറ്റി പറയുന്നതുകൊണ്ടു് അതിനു മുൻപുതന്നെ ആ സ്വരൂപം സ്ഥാപിതമായിക്കഴിഞ്ഞിരുന്നു എന്നുള്ളതിനു സംശയമില്ല. "വിഭു" പദത്തിന് രാജാവെന്നല്ലാതെ പെരുമാൾ എന്നർത്ഥം ഗ്രഹിക്കേണ്ടതില്ല. "വിഭുഃ പ്രഭൗ സർവഗതേ" എന്നു മേദിനീകോശം. പെരുമാൾ എന്ന ബിരുദം ദേശിങ്ങനാട്ടുസ്വരൂപം ക്ഷയോന്മുഖമായതിനുമേലാണ് തൃപ്പാപ്പൂർസ്വരൂപത്തിലേയ്ക്കു സംക്രമിച്ചതു് എന്നു പറയുന്നതു ചരിത്രവിരുദ്ധമാകുന്നു. "കുലശേഖരപ്പെരുമാൾ" എന്നതാണ് ആ ബിരുദത്തിന്റെ സമ്പൂർണ്ണരൂപം. അതു തൃപ്പാപ്പൂരിലേയോ ദേശിങ്ങനാട്ടിലേയോ അങ്ഗങ്ങൾ അവർ സിംഹാസനാരൂഢരായതിനുമേൽ ഹിരണ്യഗർഭവും തുലാപുരുഷദാനവും നടത്തിയതിനുശേഷമല്ലാതെ സ്വീകരിച്ചുവന്നില്ല. പേരകത്താവഴിയിലേയും കുന്നുമേൽ സ്വരൂപത്തിലേയും അങ്ഗങ്ങൾക്ക് അതിന് അവകാശമില്ലായിരുന്നു. രവിവർമ്മാ എന്ന തിരുനാമത്തിൽ രണ്ടു രാജാക്കന്മാർ തൃപ്പാപ്പൂർ സ്വരൂപത്തിൽ 767 മുതൽ 784 വരെയും 786 മുതൽ 838 വരെയും രാജ്യഭാരം ചെയ്തു. ആ രണ്ടു പേർക്കും കുലശേഖരപ്പെരുമാൾ എന്ന ബിരുദം ഉണ്ടായിരുന്നതായി മതിലകം രേഖകളിൽ നിന്നും മറ്റും അസന്ദിഗ്ദ്ധമായി വെളിപ്പെടുന്നു. അന്നു ദേശിങ്ങ നാട്ടിനു യാതൊരു ശക്തിക്ഷയവും സംഭവിച്ചിരുന്നുമില്ല. പ്രത്യുത ഉണ്ണിക്കേരളവർമമാ എന്ന പേരിൽ അതിപ്രബലനായ ഒരു രാജാവു് ആ നാടു വാണിരുന്നതായും കാണുന്നു. എന്നു മാത്രമല്ല ദ്വിതീയജയസിംഹബിരുദത്താൽ വിദിതനായ വീര കേരളവർമ്മത്തമ്പുരാൻ കുലശേഖരപ്പെരുമാളായിരുന്നുമില്ല. അദ്ദേഹം രാജ്യം ഭരിച്ചതു് ഉദ്ദേശം 660 മുതൽ 675 വരെയാണ്. ഇതെല്ലാം വസ്തുതത്വത്തിന്റെ സമ്യഗ്ബോധനത്തിനുവേണ്ടി ഇവിടെ പ്രസ്താവിക്കുന്നു എന്നേയുള്ളു.

## "പ്രാപ്താനന്താ"ദിശ്ലോകത്തിന്റെ അർത്ഥം

പ്രാപ്താനന്ത എന്ന ശ്ലോകത്തിന്റെ അർത്ഥം ഞാൻ ധരിച്ചിരിക്കുന്നത് താഴെകാണുന്ന വിധത്തിലാണ്. 798-ആണ്ടു കർക്കടകമാസം 2-ആം "ഇരവിവർമ്മരായ ചിറവായി മൂത്തിരുന്നരുളിയ ഇടത്തിൽ പണ്ടാരത്തിൽ തിരുവനന്തപുരത്തു കരുപ്പുക്കോയിക്കൽ തെക്കെപ്പുറത്തു് ഇലങ്കക്കെട്ടിൽ എഴുന്നരുളിയിരുന്നു പൂശം തിരുനാൾ തിരുവവതാരം ചെയ്തരുളിയ നയിനാർ വീരകേരള വർമ്മരായ കുന്നുമ്മേൽ ഇളയിടത്തു മൂത്തിരുന്നരുളിയിടത്തിൽ പണ്ടാരത്തിലെ തൃപ്പാപ്പൂർസ്വരൂപത്തിൽ ഉടയതാക ദത്തുകൊള്ളുകയും തടിനയിനാര ഇളയിടത്തു മൂത്തിരുന്നരുളിയിടത്തിൽ പണ്ടാരത്തിൽ രേവതിതിരുനാൾ തിരുവവതാരം ചെയ്തരുളിയ നയിനാർ ഇരവിവർമ്മരായ ചിറവായി മൂത്തിരുന്നരുളിയ ഇടത്തിൽ പണ്ടാരത്തിലേയും" ആ രാജകുടുംബത്തിലെ മറ്റു ചില അങ്ഗങ്ങളെയും കുന്നുമ്മേൽ ഇടയിടത്തു സ്വരൂപത്തിലേയ്ക്കു് ഉടയതാക "ദത്തുകൊള്ളുക"യും ചെയ്തു് ദത്തോല പകർന്നതായി മതിലകം രേഖകളിൽ കാണുന്നു. കുന്നുമ്മേൽ സ്വരൂപത്തിലേയ്ക്കു "വഞ്ചി" ബിരുദം സിദ്ധിച്ചതു് ആ ദത്തുവഴിക്കാണ്. അതിനുമുൻപു് ആ രണ്ടു സ്വരൂപങ്ങൾക്കും തമ്മിൽ അത്തരത്തിലുള്ള ഒരു ബന്ധമുണ്ടായിരുന്നതിന്നു ലക്ഷ്യമൊന്നുമില്ല. ദേശിങ്ങനാട്ടു ഉണ്ണിക്കേരളവർമ്മരാജാവിന്റെ സഹോദരീപുത്രനെന്നു കൊട്ടാരക്കരസ്വരൂപത്തിലെ ഒരു ഇളമുറത്തമ്പുരാൻ തന്നെപ്പറ്റി വ്യപദേശിക്കുന്നതിനു പ്രസക്തിയില്ലാത്തതിനാൽ അദ്ദേഹമായിരിക്കുകയില്ല പ്രസ്തുതപദ്യത്തിൽ സൂതനായ വീരകേരളൻ. പ്രാപ്താനന്തഘനശ്രിയഃ എന്ന പദത്തിന് അനന്തഘനമായ സമ്പത്തു് (ദത്തുമൂലം) ലഭിച്ചവൻ എന്നും അനന്തമായ മേഘഭാസ്സോടുകൂടിയ (തിരുവനന്തപുരത്തെ) ശ്രീപത്മനാഭന്റെ സന്നിധിയെ (ദത്തുമൂലം) പ്രാപിച്ചവൻ എന്നും അർത്ഥം കല്പിക്കാം. "പ്രിയതമശ്രീരോഹിണീ ജന്മനഃ" എന്ന പദർത്തിന്റെ അർത്ഥം സുഹൃത്തമനായ രോഹിണീജാതനോടുകൂടിയവൻ എന്നാണല്ലോ. ആരാണ് ഈ രോഹിണീജാതൻ? രോഹിണി എന്നാൽ "ചിത്രാരേവതീ രോഹിണീഭ്യഃ സ്ത്രിയാമുപസംഖ്യാനം" എന്ന വാർത്തികമനുസരിച്ചു രോഹിണീനക്ഷത്രജാത എന്നർത്ഥം. ആ നക്ഷത്രത്തിൽ ജനിച്ച ഒരു തമ്പുരാട്ടിയാണ് 767 മുതൽ 784 വരെ വേണാടു ഭരിച്ച വിശ്രുതനായ രവിവർമ്മകുലശേഖരപ്പെരുമാളുടെ മാതാവു് എന്നുള്ളതിനു രേഖയുണ്ടു്. ആ വഴിക്കു രവിവർമ്മ കുലശേഖരൻ രോഹിണീജന്മാവാണെന്നു സിദ്ധിക്കുന്നു. അദ്ദേഹവും കവിയുടെ മാതുലനായ വീരകേരളനും സുഹൃത്തമന്മാരായിരുന്നിരിക്കണം. എന്തിനാണ് രവിവർമ്മകുലശേഖരന്റെ കാര്യത്തിൽ ആ വളച്ചുകെട്ടിനു പോയതു് എന്നു ചോദിച്ചാൽ ശ്ലേഷഭംഗികൊണ്ടു കവിക്കു ബലഭദ്രനെക്കൂടി വിവക്ഷിക്കേണ്ടിയിരുന്നതുകൊണ്ടാണ് എന്നു പര്യാപ്തമായ സമാധാനവുമുണ്ടു്. 798-ലെ ദത്തിൽ ഭാഗഭാക്കായ വീരകേരളന്റെ ഭാഗിനേയനായ കവി മാനവേദന്റെ കാലത്തു ജീവിച്ചിരുന്നിരിക്കുവാൻ ഇടയുണ്ടല്ലോ.

## ശങ്കരകവി

ഞാൻ നിർദ്ദേശിക്കുന്ന കാലഘട്ടത്തിൽ ഒരു ശങ്കരകവിയെ കണ്ടുകിട്ടുന്നില്ല എന്നുള്ള വസ്തുത സമ്മതിക്കാവുന്നതുതന്നെ. പക്ഷേ അദ്ദേഹം ജന്മനാ ആന്തരാളികനായ സാക്ഷാൽ ശങ്കരകവിയല്ലെന്നും ഏതോ ഒരു ബ്രാഹ്മണനായിരുന്നു എന്നും കവിതന്നെ നമ്മെ അറിയിക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. "ശങ്കരഗുരുസമ ശങ്കരദൃഢമതി ശങ്കരഗുരുപൂജിതപാദ" എന്ന പംക്തിയിൽ അദ്ദേഹം തന്റെ ഗുരുവിനെ ശങ്കരഭഗവൽപാദരോടാണല്ലോ ഉപമിക്കുന്നതു്. അതു് അന്നത്തെ

കാലസ്ഥിതിക്ക് ഒരു അബ്രാഹ്മണന്റെ വിഷയത്തിൽ അദ്ദേഹം ചെയ്യുമിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ശ്രീകൃഷ്ണവിജയകാരനെ ശങ്കര (ദൃഢമതി)ഭക്തനായും അറിഞ്ഞിട്ടില്ല. കോലത്തു നാട്ടിലെ ശങ്കരകവി ഒരു ദേവീഭക്തനും കൃഷ്ണഭക്തനുമായിരുന്നു എന്നല്ലാതെ ശങ്കരഭക്തനോ രാമഭക്തനോ ആയിരുന്നു എന്നുള്ളതിനു യാതൊരു ലക്ഷ്യവുമില്ലാത്തതിനാൽ 'ശങ്കരഗുരുപൂജിതപാദ'നെന്നു രണ്ടാവൃത്തി ശ്രീരാമനെ കവി വർണ്ണിക്കുന്നമെങ്കിൽ അദ്ദേഹത്തിന്റെ ഗുരു മറ്റൊരു ശങ്കരകവിയായിരിക്കുവാനാണ് ന്യായം കൂടുതലായി കാണുന്നത്. പുത്രകാമേഷ്ടിയുടെ ആരംഭത്തിൽ "കരധൃത ശരചാപം നൌമി വില്വാദ്രിനാഥം" എന്നവസാനിക്കുന്ന ഒരു ശ്ലോകമുണ്ടല്ലോ. കവിക്കു തിരുവില്വാമലയുമായി വല്ല ബന്ധവുമുണ്ടായിരുന്നുവോ എന്നും അദ്ദേഹത്തിന്റെ ഗുരുകുലം അവിടെയെങ്ങാനുമായിരുന്നുവോ എന്നും നിപുണമായി അന്വേഷിക്കേണ്ടതുണ്ട്.

## ഐതിഹ്യചർച്ച

ഐതിഹ്യത്തെ മാത്രം ആസ്പദമാക്കി ഒരു ചരിത്രസംഭവത്തിന്റെയും കാലം നിർണ്ണയിക്കുവാൻ പാടുള്ളതല്ല എന്നുതന്നെയാണ് എന്റേയും പക്ഷം. എന്നാൽ ഒരൈതിഹ്യത്തിനു പ്രാക്തനത്വവും സാർവത്രികത്വവുമുണ്ടെങ്കിൽ അത് അസംബന്ധമല്ലാതിരിക്കുന്നിടത്തോളം കാലം സർവഥാതിരസ്കാര്യമാണെന്നും എനിക്ക് അഭിപ്രായമില്ല. രാമനാട്ടം വടക്കോട്ട് അയച്ചുകൊടുക്കാത്ത വാശിയാലാണ് മാനവേദൻ കൃഷ്ണനാട്ടം രചിച്ചത് എന്നൊരു കഥ ഞാൻ കേൾക്കുന്നത് ഇപ്പോൾ മാത്രമാണ്. ഇതിനെപ്പറ്റി കൃഷ്ണൻനായർക്കു വേണ്ട അറിവ് അതിന്റെ പൂർണ്ണരൂപത്തിൽ നല്കിയതു കൊട്ടാരക്കരക്കാരനായ ഒരു മാന്യനാണ്. ആ മാന്യൻ പറയുന്നതു, തിരുനെൽവേലിക്കാരനായ ഒരു ബ്രാഹ്മണപണ്ഡിതൻ ഒരിക്കൽ കൊട്ടാരക്കര വന്നു രാമനാട്ടം കണ്ട് അതിന്റെ മാഹാത്മ്യം കോഴിക്കോട്ടു ചെന്നു സാമൂതിരിയെ വർണ്ണിച്ചു കേൾപ്പിച്ചു എന്നും അതു കേട്ട് ആ ആട്ടക്കാരെ കോഴിക്കോട്ട് അയച്ചുകൊടുക്കണമെന്നു സാമൂതിരി കൊട്ടാരക്കര തമ്പുരാനെ അറിയിച്ചു എന്നും അവരെ കൊട്ടാരക്കര കുലശേഖരക്ഷേത്രത്തിനു വെളിയിൽ ആട്ടത്തിന് അയയ്ക്കാൻ പാടുള്ളതല്ലെന്നു കൊട്ടാരക്കരത്തമ്പുരാൻ പറഞ്ഞൊഴിഞ്ഞതിനാൽ കാഞ്ചീപുരത്തുനിന്നു ഒരു വൈഷ്ണവബ്രാഹ്മണനെ വരുത്തി അദ്ദേഹത്തിന്റെ സഹായത്തോടുകൂടി ഒരു നമ്പൂരിയെക്കൊണ്ട് അഷ്ടപദിയാട്ടം ഉണ്ടാക്കിച്ചു എന്നും അതു കാഞ്ചീപുരത്തും ഗുരുവായൂരിലും അഭിനയിക്കപ്പെട്ടു എന്നും കാലാന്തരത്തിൽ മാനവേദരാജാവ് കൃഷ്ണനാട്ടം നിർമ്മിച്ചപ്പോൾ ആ അഷ്ടപദിയാട്ടം അസ്തംഗതമായി എന്നും മറ്റുമാണ്. തിരുനെൽവേലിക്കാരനായ ബ്രാഹ്മണപണ്ഡിതനും സാമൂതിരിപ്പാടും അത്ഭുതസ്തിമിതന്മാരാകത്തക്കവണ്ണമുള്ള യാതൊരു ഗുണവും കൊട്ടാരക്കരയാട്ടക്കഥകൾക്കില്ലെന്നും, സാമൂതിരിപ്പാട്ടിലെ സദസ്യന്മാർ വിചാരിച്ചാൽ അതിനെക്കാൾ പതിന്മടങ്ങു മനോഹരങ്ങളായ ദൃശ്യങ്ങൾ രചിക്കുവാൻ കഴിഞ്ഞിരുന്നിരിക്കുമെന്നും, സർവ്വതന്ത്രസ്വതന്ത്രനായ മാനവേദരാജാവിന് അത്തരത്തിൽ അസ്തമിതമാകാവുന്ന ഒരു അഷ്ടപദിയാട്ടത്തിന്റെ ഹസ്താവലംബം കൃഷ്ണനാട്ടത്തിന്റെ നിർമ്മിതിക്ക് അശേഷം ആവശ്യകമല്ലെന്നുമുള്ള വസ്തുതകൾ ബോധമുള്ള വിമർശകന്മാർക്കു മേൽ സംക്ഷേപിച്ച ഐതിഹ്യത്തെ, അതു കൊട്ടാരക്കരയ്ക്ക് എത്രതന്നെ അഭിമാനജനകമായാലും അംഗീകരിക്കാൻ നിർവ്വാഹമില്ല. കൃഷ്ണനാട്ടമയച്ചു കിട്ടാത്ത വാശികൊണ്ടാണ് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതെന്ന പൂരാവൃത്തത്തിൽ എനിക്കു പൂർണ്ണമായ വിശ്വാസമില്ല. ഒരു ചെറിയ സംസ്ഥാനത്തിലെ രാജകുമാരൻ അന്ന

ത്തെ അതിപ്രതാപശാലികളിൽ അഗ്രഗണ്യനായ സാമൂതിരിയോടു കൃഷ്ണനാട്ടക്കാരെ അയച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിൽ അതു കവിത്വം നിമിത്തവും മറ്റുമുള്ള പരസ്പരസൗഹാർദ്ദത്തെ — പരമാണുപർവ്വതങ്ങളുടെ രീതിയിൽ എന്നുതന്നെ വയ്ക്കുക — പുരസ്കരിച്ചായിരിക്കുവാൻമാത്രമേ തരമുള്ളൂ.

കോഴിക്കോട്ടുമായി ശത്രുതയിൽ വർത്തിച്ചിരുന്ന കൊച്ചിയിൽക്കൂടി തന്റെ ആട്ടക്കാരെ അയയ്ക്കുന്നതിനുള്ള വൈമനസ്യം കൊണ്ടോ, കൊട്ടാരക്കരത്തമ്പുരാന്റെ പദവി ആ സൗജന്യത്തിന് അർഹമല്ലെന്നു കരുതിയോ, തെക്കൻദിക്കുകളിൽ പണ്ഡിതന്മാർക്കുപോലും ദുരവഗാഹമായ കൃഷ്ണനാട്ടത്തിന്റെ അർത്ഥം ശരിക്കു ഗ്രഹിക്കുവാൻ കഴിവുള്ള പണ്ഡിതന്മാർ (അവരിൽ കഷ്ടിപിഷ്ടിക്കാരനായ തമ്പുരാനും ഉൾപ്പെട്ടുമല്ലോ) ഇല്ലെന്നുവച്ചോ, കാരണമെന്തായാലും, സാമൂതിരി ആ അപേക്ഷയെ അംഗീകരിച്ചില്ല. തദനന്തരം തമ്പുരാൻ തന്റെ പരിമിതമായ വാസനയ്ക്കും വ്യുൽപത്തിക്കും അനുഗുണമായി കൃഷ്ണനാട്ടത്തെ അനുകരിച്ച് അതുപോലെ എട്ടു ദിവസംകൊണ്ട് അഭിനയിക്കേണ്ടുവിധത്തിൽ രാമനാട്ടം നിർമ്മിച്ചു. ഏതാവന്മാത്രമായിരിക്കും പഴയ ഐതിഹ്യത്തിന്റെ ബീജമെന്നു ഞാൻ സങ്കല്പിക്കുന്നു.

## അഷ്ടപദിയാട്ടം

അഷ്ടപദിയാട്ടം കണ്ടാണ് മാനവേദരാജാവ് കൃഷ്ണനാട്ടം നിർമ്മിച്ചത് എന്ന് ആരും അഭിപ്രായപ്പെടുന്നില്ല. അഷ്ടപദിയാട്ടഗ്രന്ഥം ഞാനും കണ്ടിട്ടുണ്ട്. ആ ഗ്രന്ഥത്തിന്റെ ഉപോൽഘാതത്തിലുള്ള ശ്ലോകമാണ് ചുവടേ ചേർക്കുന്നത്.

> "നത്വാ ശ്രീദന്തളീശാലയകൃതനിലയം
> ദന്തിരാജാനനം തം
> തദ്ഭക്തം വാസുദേവാഭിധനൃപതിവരം
> രാമവർമ്മാഭിധോസൗ
> ശ്രോത്രപ്രീത്യേകപാത്രം നൃപകൃതസരണി-
> ഗ്ഗീതഗോവിന്ദകാവ്യം
> നേത്രപ്രീത്യൈ ച നാട്യേ നയതി തദധുനാ
> സന്തു സന്തഃ പ്രസന്നാഃ.

ഇടപ്പള്ളിയിൽ വിഘ്നേശ്വരഭക്തനായി വാസുദേവൻ എന്നൊരു വലിയ തമ്പുരാനുണ്ടായിരുന്നു. പുണർതം നക്ഷത്രത്തിൽ 973-ആണ്ടു ജനിച്ച അദ്ദേഹത്തിനു മുപ്പത്തൊന്നാമത്തെ വയസ്സിൽ മൂപ്പുകിട്ടി. ആ കോവിലകത്തു തൽപുത്രശാസ്ത്രദേശികത്വംകൊണ്ടു മാനിതനും ഏകാദശീഗ്രാമവാസിയായ മംഗലശ്രോണി)ശ്ശേരി നമ്പൂരിയുടെ ശിഷ്യനും കാവ്യനാടകാലങ്കാരതർക്കജ്യോതിർവ്യാകരണശാസ്ത്രനൈപുണ്യവാനുമായി രാമവർമ്മനെന്ന പേരിൽ ഒരു തിരുമുല്പാടുണ്ടായിരുന്നു. തമ്പുരാന്റെ ആജ്ഞയനുസരിച്ച് അദ്ദേഹം തന്റെ ശിഷ്യനും തൌര്യത്രിക വേദിയുമായ മറ്റൊരു രാമവർമ്മന്റെ സാഹായത്തോടുകൂടി 1019-ആണ്ടു കന്നിമാസം 25-ആംനു ശ്രീഗീതഗോവിന്ദമെന്ന ഗീതപ്രബന്ധത്തെ കഥകളിമാർഗ്ഗേണ നാട്യാനുഗുണമാക്കി, രാധാവിരഹം, രാധാസന്ദേശം, രാധാസമാഗമം ഇങ്ങനെ മൂന്നു ദിവസത്തെ ആട്ടമാക്കി കല്പിച്ചു." ഇങ്ങനെയാണ് ആ ഗ്രന്ഥത്തിന്റെ ആവിർഭാവം. ഗീതഗോവിന്ദത്തിന്റെ അർത്ഥം മലയാളത്തിൽ വിവരിക്കുകയും ആട്ടക്കാർക്ക് ആടുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുകയുമല്ലാതെ തിരുമുല്പാട് മറ്റൊന്നും ചെയ്തിട്ടില്ല. എന്നാൽ അതിന്നു വളരെ മുൻപുതന്നെ തിരുവിതാംകൂറിൽ കൃഷ്ണനാട്ടം എന്ന പേരിൽ ഒരു ദൃശ്യകലാപ്രസ്ഥാനം പ്രചരിച്ചിരുന്നു. 910-ആണ്ടിലെ അല്പശി ഉത്സവത്തിൽ തിരുവനന്തപുര

ത്തു ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിൽ കരമന സുബ്രഹ്മണ്യശാസ്ത്രികളുടെ വകയായി കൃഷ്ണനാട്ടം ആടിക്കുകയുണ്ടായി. 940-ആണ്ടത്തെ അല്പശി ഉത്സവത്തിൽ കൊല്ലം മാവേലിക്കര അമ്പലപ്പുഴ എന്നീ മൂന്നു സ്ഥലങ്ങളിൽനിന്നു മൂന്നു യോഗക്കാർ കൃഷ്ണനാട്ടം കളിക്കുവാൻ എത്തിയിരുന്നു. കൊല്ലത്തെ യോഗത്തിൽ മുപ്പത്താറും മാവേലിക്കരയോഗത്തിൽ മുപ്പതും അമ്പലപ്പുഴ യോഗത്തിൽ മുപ്പതും പേർ ഉൾപ്പെട്ടിരുന്നതായി കാണുന്നു. അവരിൽ ചില ഭാഗവതന്മാർ മാത്രം ബ്രാഹ്മണരും ശേഷം പേർ നായന്മാരുമായിരുന്നു. മേളക്കാരുടെ സംഖ്യയിൽനിന്നു ഗീതഗോവിന്ദകഥ മാത്രമല്ല കൃഷ്ണനാട്ടത്തിലെ ഇതിവൃത്തമെന്നും ദശമത്തിലെ കഥ ആദ്യന്തം അവർ അഭിനയിച്ചിരുന്നു എന്നും ഊഹിക്കേണ്ടിയിരിക്കുന്നു. കോഴിക്കോട്ടെ കൃഷ്ണനാട്ടക്കാർ തെക്കൻപ്രദേശങ്ങളിൽ വരാത്തതു നിമിത്തം തിരുവിതാംകൂറിലെ പല ഭാഗങ്ങളിലും ആ ആട്ടം തന്നെ യഥാശക്തി മറ്റൊരു പ്രകാരത്തിൽ അഭിനയിക്കുവാൻ യോഗങ്ങൾ ഉണ്ടായി എന്നും വിചാരിക്കാവുന്നതാണ്. കോഴിക്കോട്ടെ അഭിനയത്തിന്റെ ഒരു ക്ഷീണമായ അനുകരണമെന്നുള്ളതിൽ കൂടുതലായി അതു നമ്മുടെ പരിഗണനയെ അർഹിക്കുന്നില്ല. കൊച്ചിയിൽ അത്തരത്തിൽ പ്രത്യേകം ഒരു കൃഷ്ണനാട്ടം ഉത്ഭവിച്ചതായി അറിവില്ല. ഗീതഗോവിന്ദം ഏകദേശം അത് ആവിർഭവിച്ച കാലംമുതല്ക്കുതന്നെ കേരളത്തിൽ പ്രചരിച്ചിരുന്നു എങ്കിലും അതു ചാക്കിയാന്മാരോ മറ്റാരെങ്കിലുമോ അഭിനയിച്ചിരുന്നു എന്നുള്ളതിനു ലക്ഷ്യമില്ല. എന്നാൽ ആ കാവ്യരത്നവും അതിനെ അനുകരിച്ചുള്ള ഭാനുദത്തന്റെ ഗീതഗൌരീപതികാവ്യവും (ക്രി. പി. പതിനഞ്ചാംശതകം) മറ്റും അഭിനയത്തിനു യോജിപ്പിക്കാവുന്ന രീതിയിലാണ് രചിച്ചിരിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധേയമാകുന്നു. ഗീതഗോവിന്ദംതന്നെ ജയദേവൻ പല ദേശങ്ങളിൽ കൊണ്ടുനടന്നു ഗാനംചെയ്യുകയും ആ അവസരങ്ങളിൽ അദ്ദേഹത്തിന്റെ ധർമ്മപത്നിയായ പത്മാവതി അതിനനുരൂപമായി നർത്തനം ചെയ്യുകയും ചെയ്തിരുന്നു എന്ന് പ്രസിദ്ധമാണല്ലോ. ശ്ലോകങ്ങളും പദങ്ങളും ഇടകലർത്തി ശ്ലോകത്തിൽ കഥയും പദത്തിൽ സംഭാഷണവും വർണ്ണിക്കുകയാണ് ആ മാതിരി കൃതികളിലെ കവനരീതി. ഗീതഗോവിന്ദത്തെ അനുകരിച്ചാണ് പണ്ഡിത വരേണ്യനായ മാനവേദൻ കൃഷ്ണനാട്ടം നിർമ്മിച്ചതെന്നു മുപ്പത്തിമൂന്നാമധ്യായത്തിൽ ഉപപാദിച്ചിട്ടുണ്ട്. ആകെക്കൂടി അദ്ദേഹത്തിന്റെ കാലം വരെ കേരളത്തിൽ ബ്രാഹ്മണർക്കും മറ്റും പ്രധാനമായി കൂടിയാട്ടവും മറ്റുള്ളവർക്കു കോലംതുള്ളൽ മുതലായ ചില ഗ്രാമീണനൃത്യങ്ങളുമല്ലാതെ വേറെ ദൃശ്യകലകൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല. അവകൊണ്ട് അവരുടെ അന്നത്തെ ആവശ്യങ്ങൾ പര്യാപ്തമായി നിർവഹിക്കപ്പെട്ടിരുന്നു.

## ഭാഷാരീതിയും മറ്റു തെളിവുകളും

ഇതേവരെ ബാഹ്യസാക്ഷ്യങ്ങളെ ആസ്പദമാക്കി രാമനാട്ടം ഏഴാം ശതകത്തിൽ ആവിർഭവിച്ചിരിക്കുവാൻ ഇടയില്ലെന്നു സ്ഥാപിക്കുവാനായിരുന്നു എന്റെ ഉദ്യമം. ഇനി ആഭ്യന്തരസാക്ഷ്യത്തിന്റെ ഗതി എന്തെന്നു നോക്കാം. ചന്ദ്രോത്സവം മുതലായി ആ ശതകത്തിൽ നിർമ്മിച്ച ഗ്രന്ഥങ്ങളിലെ ശൈലിയെന്തെന്ന് അനുവാചകന്മാർ ഓർമ്മിക്കുമല്ലോ. കൊട്ടാരക്കരത്തമ്പുരാന്റെ കൃതികളിൽ നിന്നു ചില ശ്ലോകങ്ങൾ താഴെ ഉദ്ധരിയ്ക്കാം

> "കിഷ്കിന്ധാഗോപുരം പുക്കുടനുടനധികം
> ക്രുദ്ധനാം മിത്രസൂനു
> ചൊല്ക്കൊള്ളും ലോകചക്രം ഞെടുഞ്ഞെടയിളകു-

ന്നട്ടഹാസങ്ങൾ ചെയ്തു
തൽക്കാലേ ബാലി കേട്ടിട്ടുരുതരപരുഷം
പൂണ്ടു പോകുന്നനേരം
തൽക്കാന്താ താരയാകും മതിമുഖിയരികേ
വന്നു ചൊന്നാളിവണ്ണം."
"ഇത്ഥം ചൊല്ലീട്ടു വേഗാൽ കപിവരനിവഹം
ദർഭയിൽ വീണശേഷം
ഗൃധ്രൻ സമ്പാതിയപ്പോൾ വിരവിനൊടരികേ
വന്നുടൻ വാനരാണാം
വൃദ്ധൻ ഭ്രാതുർവധം കേട്ടതിതരചികിതൻ
സാശ്രുപാതം കപീന്ദ്രാ-
നദ്ധാ ചൊന്നാനിവണ്ണം ചരിതമതറിവാൻ
സാഭിലാഷം സമോഹം."
"ഇത്ഥം രാത്രിഞ്ചരൻതാൻ പറയുമളവുടൻ
സീതയെപ്പക്കെടുത്തി-
ട്ടത്യന്തം ഘോരമാകും ഗഹനഭുവി നട-
ക്കുന്നനേരം സ രാമഃ
ധൃത്വാ ബാണം കരാഗ്രേ ജനകസുതയുടേ
രോദനം കേട്ടു ജാതം
തീർത്തും സൌമിത്രി ഖേദം പുനരപി തരസാ
രാഘവോ വാചമൂചേ."

ഈ ശ്ലോകങ്ങളിലെ ശൈലി ഏഴാം ശതകത്തിലേതാണെന്നു സമർത്ഥിക്കുവാൻ എളുപ്പമുണ്ടെന്നു തോന്നുന്നില്ല. രാമനാട്ടത്തിൽ പ്രയോഗിച്ചിരിക്കുന്ന 'കാണലാം' മുതലായ പദങ്ങളിൽ ചിലതെല്ലാം വാല്മീകിരാമായണവും മറ്റും നിർമ്മിച്ച കോട്ടയത്തു കേരളവർമ്മത്തമ്പുരാന്റെ കൃതികളിലും സമീക്ഷിക്കാവുന്നതാണ്. 'നാരീമണീയേ' 'മയ്യൽ' മുതലായ പ്രയോഗങ്ങൾ കോട്ടയത്തു വിദ്വാൻതമ്പുരാന്റെ ബകവധത്തിലും കാണുവാൻ കഴിയും. കൊട്ടാരക്കരയ്ക്കു ചെങ്കോട്ട മുതലായ തമിഴ പ്രദേശങ്ങളുമായുള്ള ബന്ധവും ഇവിടെ സ്മരിയ്ക്കേണ്ടതുണ്ട്.

"മന്ത്രിയാൽ നീതനാകും രാഘവം ചൊല്ലി ദേവി
താന്തനായ് ഭൂമിപാലൻ നിന്നുടേ മൂലമേവം"

എന്നിങ്ങനെ കവി പല ഘട്ടങ്ങളിലും തമിഴിലെ അറുചീരടി ആചിരിയവിരുത്തം സംസ്കൃതച്ഛന്ദസ്സിനുപകരമായി ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതും രാമനാട്ടത്തിന്റെ പഴമയ്ക്കുതെളിവായി സ്വീകരിക്കാവുന്നതല്ല. എന്തെന്നാൽ ആ വിരുത്തം പ്രായേണ കേരളത്തിലെ പല ഗ്രാമീണഗാനങ്ങളിലും വിശേഷിച്ചു രാമകഥപ്പാട്ടിലും ധാരാളമായി പ്രയോഗിച്ചു കാണുന്നുണ്ട്. അധ്യാത്മരാമായണം കൊട്ടാരക്കരത്തമ്പുരാൻ ഉപജീവിച്ച ഗ്രന്ഥങ്ങളിൽ ഒന്നായിരുന്നു എന്നു കൃഷ്ണൻനായർ സമ്മതിക്കുന്നില്ലെങ്കിലും പുനത്തിന്റെ രാമായണചമ്പു അദ്ദേഹത്തിന് ഉപജീവ്യമായിരുന്നു എന്നുള്ള വസ്തുത അങ്ഗീകരിക്കുന്നു. രാമായണചമ്പു നിർമ്മിച്ച കാലത്തോടടുത്തു തന്നെ അതിന്റെ ഒരു പ്രതി തമ്പുരാനു കിട്ടി എന്നു സങ്കല്പിച്ചാലല്ലാതെ അദ്ദേഹം ഏഴാം ശതകത്തിൽ ജീവിച്ചിരുന്നതായി സ്ഥാപിക്കുവാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽപ്പോലും സമകാലികന്മാരുടെ കൃതിയിൽനിന്നു കവികൾ

ആശയചൌര്യം ചെയ്യുക എന്നതു് അത്ര സാധാരണവുമല്ല. രാമായണം ഇരുപത്തിനാലുവൃത്തം കവിക്കു മാർഗ്ഗദർശകമല്ലായിരുന്നു എന്നുള്ള വാദവും മൃഗ്യമാണ്. ആശയങ്ങൾക്കു പുറമെ വാചകങ്ങൾകൂടിയും രണ്ടു കൃതികളിൽ ഒന്നുപോലെ കാണുമ്പോൾ ഒരു കവി മറ്റേക്കവിയെ ഉപജീവിച്ചു എന്നാണല്ലോ നാം ന്യായമായി അനുമാനിക്കേണ്ടതു്. ഇരുപത്തിനാലുവൃത്തകാരനെ എനിക്കു വലിയ ബഹുമാനമില്ലെങ്കിലും അദ്ദേഹം തമ്പുരാനേക്കാൾ മേലേക്കിടയിലാണ് നില്ക്കുന്നതു് എന്നുള്ളതു നിസ്സംശയമാണ്. തമ്പുരാന്റെ ഭാഷ പകർത്തേണ്ട ആവശ്യം അദ്ദേഹത്തിന് അശേഷമില്ല. അതെല്ലാം പോകട്ടെ. മേല്പുത്തൂർ ഭട്ടതിരിയുടെ അനുനാസികരഹിതങ്ങളായ ഗദ്യപദ്യങ്ങളെക്കൊണ്ടു നിബദ്ധമായ ശൂർപ്പണഖാപ്രലാപപ്രബന്ധത്തെപ്പറ്റി ഇരുപത്തെട്ടാമധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൃഷ്ണൻനായരുടെ വാദം നിരക്കണമെങ്കിൽ ആ മഹാകവിക്ക് അദ്ദേഹവുമായി തുലനം ചെയ്യുമ്പോൾ ഒരു കവികൃമി മാത്രമായ കൊട്ടാരക്കരത്തമ്പുരാനാണ് ആ വിഷയത്തിൽ മാർഗ്ഗനിർദ്ദേശം ചെയ്തതു് എന്നുകൂടി നാം സമ്മതിച്ചുകൊടുക്കേണ്ടിവരും. “ആരാന്നികൃത്തഘലനകർണ്ണകുചാതിഘോരാ ശ്രീരാഘവം നിരനുനാസിക മേത്യചൊന്നാൾ” എന്നും “നാസാക്ഷയാന്നിരനുനാസികമേവമുക്ത്വാ വാസം ജഗാമ ഖരദൂഷണയോസ്സദീനാ” എന്നും ഖരവധം ആട്ടക്കഥയിൽ പ്രസ്താവനയുണ്ടല്ലോ. “നാസാക്ഷയാന്നിരനുനാസികമേവ മൂചേ” എന്നാണ് ഭട്ടതിരിയുടെ ഫക്കിക. അത്തരത്തിൽ ഒരു ജന്യജനകത ഒരിക്കലും സംഭാവ്യമല്ലെന്നും വാസ്തവത്തിൽ ഭട്ടതിരി ശൂർപ്പണഖയെക്കൊണ്ടു് തന്റെ ജ്യേഷ്ഠനായ രാവണനോടു നിരനുനാസികമായി ചെയ്യിച്ചിരിക്കുന്ന പരിദേവനം തമ്പുരാൻ പ്രകൃതം അല്പമൊന്നു മാറ്റി ശ്രീരാമന്റെ സന്നിധിയിലാക്കുന്നു എന്നുമാണ് എനിക്കു തോന്നുന്നതു്. തമ്പുരാന്റെ കൃതികൾതന്നെ എട്ടു ദിവസത്തെ കഥകളായി പരിണമിച്ചതു് അദ്ദേഹം മാനവേദന്റെ കൃഷ്ണനാട്ടത്തെ പ്രകടമായി അനുകരിക്കുക നിമിത്തമാകുന്നു. ആ വിഷയത്തിൽ ഗീതഗോവിന്ദത്തെയാണ് അദ്ദേഹം അനുകരിച്ചതെന്നുള്ളതിന്നു യാതൊരു ലക്ഷ്യവുമില്ല. ഗീതഗോവിന്ദത്തിൽ ഓരോ സർഗ്ഗത്തിലുമാണല്ലോ എട്ടു പദങ്ങളുള്ളതു്. ഇനിയും ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ടു്. കൊല്ലം ഏഴാം ശതകത്തിലാണ് രാമനാട്ടത്തിന്റെ ആവിർഭാവമെങ്കിൽ അതിൽപ്പിന്നീടു് അത്തരത്തിലുള്ള കൃതികൾ കൊല്ലം ഒൻപതാം ശതകത്തിന്റെ ഒടുവിൽ — അതായതു കോട്ടയത്തു തമ്പുരാന്റെ കാലത്തുമാത്രം — ഉത്ഭവിക്കുവാൻ വല്ല ഉപപത്തിയുമുണ്ടോ? ഇരുനൂറ്റിൽച്ചില്വാനം കൊല്ലത്തേക്കു് ഒരാട്ടക്കഥയെഴുതുന്നതിന്നു വേണ്ട സംഗീതസാഹിത്യപാടവമുള്ള കവികൾ കേരളത്തിൽ ഇല്ലായിരുന്നുവോ? ആ കാലഘട്ടത്തിലുണ്ടായ കൃതികൾ നശിച്ചുപോയി എന്നു വാദിച്ചാലും ഒരൊറ്റക്കൃതിക്കെങ്കിലും ശാശ്വതപ്രതിഷ്ഠ ലഭിക്കാതെപോയതിനു സമാധാനം ഉണ്ടാകേണ്ടതല്ലേ? കൊട്ടാരക്കരത്തമ്പുരാന്റെ എട്ടു പൊട്ടക്കഥകൾ മാത്രം കണ്ടുകൊണ്ടു ധന്യമ്മന്യരായി രണ്ടു ശതകകാലം സംസ്കൃതപണ്ഡിതന്മാരും സഹൃദയധുരീണന്മാരും അഭിനയകലാമർമ്മവേദികളുമായ നമ്പൂരിമാരും രാജാക്കന്മാരും മറ്റും അടങ്ങിയിരിക്കുമോ? ഒരിക്കലുമില്ലെന്നാണ് ഞാൻ കരുതുന്നതു്. വിച്ഛിന്നാഭിഷേകത്തിലെ

> “ധരണിനായകാഭരണ ഭൂപതേ
> കരുണാവാരിധേ! തരണിവംശജ
> തരണിതന്നുടെ കിരണജാലവും
> ധരണിയിൽപ്പരന്നരുണമായ്ക്കന്നെ”

ഇത്യാദി പദം പ്രായേണ എഴുത്തച്ഛന്റെ കർണ്ണപർവത്തിലാണ് തമ്പുരാൻ രചിച്ചിരിക്കുന്നതു് എന്നുംകൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്. ഇപ്പോൾത്തന്നെ ക്രമത്തിലധികം നീണ്ടുപോയ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കാം. മാനവേദൻ തമ്പുരാൻ കൃഷ്ണനാട്ടം രചിച്ച കൊല്ലം 829-ആണ്ടിനു മേൽ പത്തോ പന്ത്രണ്ടോ വർഷങ്ങൾക്കകം രാമനാട്ടപ്രസ്ഥാനം സംജാതമായി എന്നു നിർണ്ണയിക്കുന്നതിൽ യാതൊരപാകവും എന്റെ ദൃഷ്ടിക്കു ഗോചരീഭവിക്കുന്നില്ല. 852-ൽ തിരുവിതാംകൂറിലെ ഉമയമ്മറാണിയോടു പടവെട്ടിയ ഒരു വീരകേരളവർമ്മ തമ്പുരാൻ ഇളയിടത്തുസ്വരൂപത്തിൽ ഉണ്ടായിരുന്നു എന്നും അദ്ദേഹമായിരിക്കണം രാമനാട്ടത്തിന്റെ ഉപജ്ഞാതാവെന്നും ഒരു ഗവേഷകൻ പറയുന്നു. അങ്ങനെ അക്കാലത്തു് ഇളയിടത്തു സ്വരൂപത്തിൽ വീരകേരളനാമധേയനായ ഒരു തമ്പുരാൻ ഉണ്ടായിരുന്നതായി അറിവില്ല. അദ്ദേഹം പേരകത്താവഴിസ്വരൂപത്തിലെ രാജാവായിരുന്നു എന്നാണ് അക്കാലത്തെ ഒരു ചരിത്ര രേഖയിൽ നിന്നു നാം സ്പഷ്ടമായി അറിയുന്നതു്. “പേരകത്താവഴിയിൽ വീരകേരളവർമ്മൻ” എന്നു വ്യക്തമായിത്തന്നെ ആ രേഖയിൽ പ്രസ്താവിച്ചിട്ടുണ്ടു്.

## തമിഴ് നാട്ടിലെ നൃത്തനൃത്യങ്ങൾ

ഇയൽ, ഇചൈ, നാടകം എന്നിങ്ങിനെ മൂന്നു വിഭാഗങ്ങൾ പഴയ തമിഴ് സാഹിത്യത്തിനുണ്ടായിരുന്നു എന്നു നമുക്കു് അറിവുള്ളതാണല്ലോ. പണ്ടത്തെ തമിഴ് നാടകങ്ങൾക്കു ഭരതം, അഗസ്ത്യം മുതലായി അനേകം ലക്ഷണഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു എന്നും മുദവൽ, ജയന്തം, ഗുണനൂൽ തുടങ്ങിയുള്ളവയിലെ ചില സൂത്രങ്ങൾ മാത്രമേ അവശേഷിച്ചുള്ളു എന്നും അടിയാർക്കു നല്ലാർ ചിലപ്പതികാരവ്യരയിൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കാലത്തും ഇശൈനുണക്കം. ഇന്ദ്രകാളിയം, പഞ്ചമരപു, ഭരതസേനാപതീയം, മതിവാണർനാടകത്തമിഴ്നൂൽ എന്നിങ്ങനെ മറ്റു ചില ലക്ഷ്യഗ്രന്ഥങ്ങൾ പ്രചരിച്ചിരുന്നു. അവയും ഇപ്പോൾ അലഭ്യങ്ങളായിട്ടുണ്ടു്. അപ്രാചീന നാടകങ്ങളിൽ ഗദ്യവും ഗാനവും സമ്മേളിച്ചിരുന്നു. ചിലപ്പതികാരത്തിലെ മൂന്നാമത്തേയും ആറാമത്തേയും ഗാഥകളായ അരങ്കേറ്റുകാതയിലും കടലാടുകാതയിലും ഇരുവകൈക്കൂത്തുകളേയും ദേവതകൾ ഓരോ അവസരത്തിൽ ആടിയ പതിനൊന്നു പ്രത്യേക സമ്പ്രദായത്തിലുള്ള നൃത്തങ്ങളേയും (ആടൽ) മറ്റും പറ്റി നിർദ്ദേശങ്ങൾ കാണ്മാനുണ്ടു്. 1. വചൈക്കൂത്തു്, പുകഴ്ക്കൂത്ത്, 2. പേത്തിയൽ, പൊതുവിയൽ, 3. വരിക്കൂത്തു്, വരിചാന്തിക്കൂത്തു്, 4. ചാന്തിക്കൂത്തു്, വിനോതക്കൂത്തു്, 5. ആരിയക്കൂത്തു്, തമിഴ്ക്കൂത്ത്, 6. ഇയല്പുക്കൂത്ത്, തേചിക്കൂത്തു് എന്നിങ്ങനെ വിവിധോപാധികളെ ആസ്പദമാക്കി ഇരുവകൈക്കൂത്തുകളെ പല പ്രകാരത്തിൽ ആചാര്യന്മാർ വിഭജിക്കുന്നു. ചൊക്കം, മെയ്, അവിനയം, നാടകം എന്നു ശാന്തിക്കൂത്തിനു നാലു് അവാന്തരവിഭാഗങ്ങളുണ്ടു്. ശുദ്ധ നൃത്തത്തിനു ചൊക്കമെന്നും കഥാബന്ധംകൂടാതെ ഗാനാർത്ഥമനുസരിച്ച മാത്രമുള്ള നൃത്യത്തിന് അവിനയ (അഭിനയ) ക്കൂത്തെന്നും പറഞ്ഞുവരുന്നു. ഇവയെല്ലാം പലവകക്കൂത്തു് എന്ന ഇനത്തിൽ ഉൾപ്പെടുന്നതാണ്. ദേവതകൾ ആടിയതായി പറയുന്ന കൂത്തുകൾ, അല്ലിയം, കൊട്ടുകൊട്ടി, കുടൈ, കുടം, പാണ്ഡരംങ്ഗം, മല്ലു്, തുടി, കടൈയം, പൊടി, മരക്കാൽ പറവൈ എന്നിവയാണ്. ഇവയിൽ ആദ്യത്തെ ആറും നിന്നുകൊണ്ടും ബാക്കി അഞ്ചും നടന്നുകൊണ്ടും ആടേണ്ടവയാണെന്ന് ആചാര്യന്മാർ ഉപന്യസിക്കുന്നു.

## യക്ഷഗാനം

യക്ഷഗാനം എന്ന പേരിൽ ഒരുവകനൃത്യം മൈസൂരിലും ദക്ഷിണകർണ്ണാടകത്തിലും ആന്ധ്രദേശത്തിലും പ്രചരിക്കുന്നുണ്ട്. കർണ്ണാടകദേശത്തിലെ യക്ഷയാഗം ആന്ധ്രദേശത്തിൽ സംക്രമിക്കുന്നതിനു മുൻപുതന്നെ അവിടെ തമിഴരുടെ ചാന്തിക്കൂത്തിനു തുല്യമായി യക്ഷഗാനത്തിലെ വീഥിനാടകം എന്നൊരു നൃത്യം ഉണ്ടായിരുന്നതായും അറിയുന്നു. വേഷവിധാനം ഗാനരീതി വാദ്യസമ്പ്രദായം മുതലായി പലതിലും ആട്ടക്കഥയോടു സാദൃശ്യമുണ്ടെന്നും തെക്കൻകർണ്ണാടകത്തിൽ അതിന്റെ സംജ്ഞ ബയലാടെ (വയലാട്ടം) എന്നാണെന്നും ശാന്തവീരദേശികനെന്ന ഒരു കർണ്ണാടകകവി 825-ആണ്ടിടയ്ക്കു സൗന്ദരേശ്വരയക്ഷഗാനമെന്ന് ആ മാതിരി അഭിനയത്തിന് ഉപയുക്തമായി ഒരു ദൃശ്യബന്ധം നിർമ്മിച്ചിട്ടുണ്ടെന്നും മറ്റും കൃഷ്ണൻ നായർ ഉപന്യസിച്ചു. ദക്ഷിണകർണ്ണാടകത്തിൽ യക്ഷയാഗത്തിന്റെ ആവിർഭാവം ആട്ടക്കഥയുടെ അനുകരണരൂപത്തിലായിരുന്നിരിക്കണമെന്ന് അഭ്യൂഹിക്കുന്നു. ഈ തെളിവുകൾ ആ അഭ്യൂഹത്തിനു സാധകങ്ങളാണെന്ന് എനിക്കു തോന്നുന്നില്ല. ഇവയെ വാദത്തിനുവേണ്ടി അങ്ഗീകരിച്ചാൽക്കൂടിയും തുളുനാട്ടിലെ എമ്പ്രാന്മാർ പലരും കൊട്ടാരക്കരയിൽ അക്കാലത്തു താമസിച്ചിരുന്നു എന്നും അവരിൽ യക്ഷഗാനങ്ങളിൽ പരിചയമുള്ള ചിലരെക്കൊണ്ടു് അവയുടെ ആട്ടപ്രകാരം ഗ്രഹിക്കുവാൻ അവിടത്തെ തമ്പുരാനു പ്രയാസമുണ്ടായിരുന്നിരിക്കുകയില്ലെന്നും സമർത്ഥിക്കാവുന്നതാണ്. തമ്പുരാന്റെ കാലത്ത് ആട്ടക്കഥക്കാരുടെ വേഷവിധാനവും മറ്റും ഇന്നവിധത്തിലായിരുന്നു എന്നറിവാൻ ഇന്നു യാതൊരു മാർഗ്ഗവുമില്ലാതെയിരിക്കുകയും വേഷവിധാനത്തിലും മറ്റും കഥകളിപ്രസ്ഥാനത്തിനും കൂടിയാട്ടത്തിനും കൃഷ്ണനാട്ടത്തിനും തമ്മിൽ അനേകം അംശങ്ങളിൽ സാദൃശ്യം കാണുകയും ചെയ്യുന്ന സ്ഥിതിക്കു യക്ഷഗാനത്തിന്റെ അനുകരണമാണ് ആട്ടക്കഥയെന്നോ ആട്ടക്കഥയുടെ അനുകരണമാണ് യക്ഷഗാനമെന്നോ നിർണ്ണയിക്കുന്നതു സൂക്ഷിച്ചുവേണമെന്നും പറയേണ്ടതുണ്ട്.

## ആട്ടക്കഥയ്ക്കു കൂടിയാട്ടത്തോടുള്ള കടപ്പാട്

ചാക്കിയാന്മാരുടെ കൂത്തിനും കൂടിയാട്ടത്തിനും വളരെ പഴക്കമുള്ളതായി നാം കണ്ടുവല്ലോ. കേരളത്തിൽ പിന്നീടുണ്ടായിട്ടുള്ള സാഹിത്യഗന്ധികളായ ദൃശ്യപ്രസ്ഥാനങ്ങളെല്ലാം അവയെ ഏറെക്കുറെ ഉപജീവിച്ചിട്ടുണ്ടെന്നുള്ളതു നിർവിവാദമാണ്. ആദ്യമായി വേഷവിധാനത്തെപ്പറ്റിത്തന്നെ ചിന്തിക്കാം. കൂടിയാട്ടത്തിൽ ശൂർപ്പണഖാദികൾക്കു കരിയും, രാവണാദികൾക്കു കത്തിയും, അർജ്ജുനൻ മിത്രാവസു തുടങ്ങിയവർക്കു പച്ചയുമാണ് മുഖത്തു തേയ്ക്കുന്നതു്. കത്തിക്കു് ഉണ്ടയുമുണ്ട്. കുപ്പായം വാൽ മുതലായവ പഞ്ഞികൊണ്ടാണ് ഉണ്ടാക്കുന്നതു്. ഇങ്ങനെ ചികഞ്ഞുനോക്കുമ്പോൾ രാമനാട്ടത്തിലെ വേഷവിധാനം കൂടിയാട്ടത്തിലേതിനോട് അനേകം വിഷയങ്ങളിൽ കടപ്പെട്ടിട്ടുണ്ടെന്നു കാണാം. കൃഷ്ണനാട്ടത്തിലെ കൃഷ്ണന്റെ കിരീടം തന്നെയാണല്ലോ രാമനാട്ടത്തിലെ കൃഷ്ണനും അണിയുന്നതു്. കേശഭാരം, കഞ്ചുകം, കടിസൂത്രം, മാറ്റ് (വസ്ത്രം) മുതലായവയുടെ ധാരണത്തിൽ രാമനാട്ടത്തിലെ രീതി കൂടിയാട്ടത്തിലേതിന്റെ പരിഷ്കാരം മാത്രമാണ്. രാമനാട്ടത്തിലെ കൈമുദ്രകൾ കൂടിയാട്ടത്തിലെ കൈമുദ്രകളെ അനുകരിക്കുന്നു. “കഥകളിയിലെ വേഷങ്ങളുടെ മട്ടും അഭിനയരീതിയും കൈമുദ്രകളും മറ്റു സകല ചടങ്ങുകളും കൂടിയാട്ടം എന്ന നാടകാഭിനയത്തിന്റെ ഒരു നേർപകർപ്പാണെന്നു പറയാം” എന്ന് ആറ്റൂർ കൃഷ്ണപ്പിഷാരടി പ്രസ്താവിക്കുന്നതിൽ വളരെ പരമാർത്ഥമുണ്ട്. കൂടിയാട്ടത്തിൽ ചാക്കിയാന്മാർക്കു

കൈമുദ്രകൾ രണ്ടു തോളിന്റേയും പരിധിക്കുള്ളിലല്ലാതെ കാട്ടുവാൻ പാടുള്ളതല്ല എന്നതാണ് അഭിനയത്തെസ്സംബന്ധിച്ച് ആ പ്രസ്ഥാനത്തിനുള്ള ഒരു പ്രധാന വ്യത്യാസം. താണ്ഡവപ്രാധനമായ രാമനാട്ടത്തിന്റെ അഭിനയത്തിന് അങ്ങനെയുള്ള ഹസ്തവിനിയോഗം അപര്യാപ്തമാണെന്ന് ആചാര്യന്മാർ കരുതിയതിൽ അനൗചിത്യവുമില്ല. കൃഷ്ണനാട്ടത്തിൽ അഭിനയത്തെക്കാൾ ആട്ടത്തിനാണ് പ്രാധാന്യം. അതിനാൽ അതിൽ നടന്മാർ കൈമുദ്രകൾ കാട്ടുന്ന സമ്പ്രദായമില്ല. അവർ പിന്നിൽനിന്നു പാട്ടുകാർ ചൊല്ലുന്നതനുസരിച്ച് ആടുകയും താളത്തിനൊപ്പിച്ചു നർത്തനം ചെയ്യുകയും സന്ദർഭോചിതമായി രസം സ്ഫുരിപ്പിക്കുകയും ചെയ്യണമെന്നേ നിർബ്ബന്ധമുള്ളു. പാട്ടുകാർ മാത്രമേ പാടാവൂ എന്നും നടന്മാർ മുഖംകൊണ്ടു ഗേയത്തിന്റെ അർത്ഥം പരിപൂർണ്ണമായി പ്രദർശിപ്പിച്ചാൽ മതിയെന്നുമുള്ള നിയമങ്ങൾ രാമനാട്ടം കൃഷ്ണനാട്ടത്തിൽനിന്നും സ്വീകരിച്ചതായി സങ്കല്പിക്കാം.

## കാലാന്തരത്തിൽ രാമനാട്ടത്തിന്റെ വികാസം

കൊട്ടാരക്കരത്തമ്പുരാൻ തന്റെ കഥകൾ ആദ്യമായി അഭിനയിച്ചതു ഗണപതിനടയിലോ കുലശേഖരക്ഷേത്രത്തിലൊ അല്ലെന്നും ആണെങ്കിൽ ആ ക്ഷേത്രങ്ങളെപ്പറ്റി മുൻപു നിർദ്ദേശിച്ച പദത്തിൽ പ്രകടമായ പ്രസ്താവന വേണ്ടതാണെന്നും തോന്നുന്നു. ആ അഭിനയകാലത്തു നടന്മാർക്കു കുപ്പായം, കിരീടം മുതലായ വസ്ത്രാഭരണങ്ങൾ ഉണ്ടായിരുന്നില്ലെന്നും ഞെറിഞ്ഞ മുണ്ടുകൾ മാത്രമേ അവർ ഉടുത്തിരുന്നുള്ളു എന്നും പാട്ടുപാടുവാൻ ഭാഗവതന്മാരില്ലായിരുന്നു എന്നും വേഷക്കാർതന്നെയാണ് ആടുകയും പാടുകയും ചെയ്തുവന്നതു് എന്നും കൈമുദ്രകൾ വളരെ വിരളമായി മാത്രമെ ഉപയോഗിച്ചിരുന്നുള്ളു എന്നും വാദ്യങ്ങളുടെ കൂട്ടത്തിൽ കൃഷ്ണനാട്ടമനുസരിച്ചുള്ള മദ്ദളവും ഇലത്താളവും ചേങ്ങലയുമല്ലാതെ ചെണ്ട ഉൾപ്പെട്ടിരുന്നില്ല എന്നും ആകെക്കൂടി ഒരപരിഷ്കൃതരീതിയിൽ കരിയും മഞ്ഞളും അരച്ചു മുഖത്തു തേച്ചു പാളകൊണ്ടുണ്ടാക്കിയ തൊപ്പികൾ തലയിൽ ധരിച്ചുകൊണ്ടാണ് അവർ തങ്ങളുടെ അഭിനയം അനുഷ്ഠിച്ചുവന്നിരുന്നതു് എന്നും പഴമക്കാർ പറയുന്നു. ഇലത്താളംതന്നെ പിന്നീടു കൂട്ടിച്ചേർത്തതാണെന്നു പറയുന്നവരുമുണ്ടു്. ഈ അഭിപ്രായം അതേ രീതിയിൽ വിശ്വസിക്കുവാൻ പ്രയാസമുണ്ടു്. കൊട്ടാരക്കര തമ്പുരാനു കടൽക്കരയിൽവെച്ചു ശ്രീരാമൻതന്നെ സമുദ്രത്തിൽ രാമായണകഥാപാത്രങ്ങൾ കാണിച്ചുകൊടുത്തു എന്നും തിരമാലകൾക്കിടയിൽക്കൂടി അരയ്ക്കുമീതെയുള്ള ശരീരഭാഗം മാത്രമേ അദ്ദേഹത്തിനു ദൃഷ്ടിഗോചരമായിത്തീർന്നുള്ളു എന്നും അതുനിമിത്തമാണ് വേഷങ്ങളുടെ അരയ്ക്കുമേലുള്ള ഭാഗംമാത്രം അദ്ദേഹം വസ്ത്രംകൊണ്ടു ആച്ഛാദനം ചെയ്യിച്ചതെന്നുമുള്ള അന്ധവിശ്വാസം 'തിര' ശബ്ദത്തിന് 'മറ' എന്നർത്ഥമുണ്ടെന്ന് അറിവില്ലാതെ പോയ അതിന്റെ ഉല്പാദകന്റെ മനോധർമ്മ വിലാസമാണെന്നും അത്തരത്തിലുള്ള വസ്ത്രധാരണരീതി ചരണചാലനത്തിന്റെ സൗകര്യത്തിനുവേണ്ടി സംവിധാനം ചെയ്തിട്ടുള്ളതാണെന്നും പറയേണ്ടതില്ലല്ലോ. അതുപോലെ ഭാവനാമാത്രസൃഷ്ടങ്ങളായ പല ഘടകങ്ങളും കഥകളിയുടെ ആദിമാഭിനയത്തെപ്പറ്റിയുള്ള ഐതിഹ്യത്തിലും ഇടകലർന്നിട്ടുണ്ടു്. കൊട്ടാരക്കരത്തമ്പുരാൻ കേരളത്തിലെ ദാരികവധം, പടയണി മുതലായ പല പ്രാചീനനൃത്തകലകളും കണ്ടു് അവയിലും കൂടിയാട്ടത്തിലും കൃഷ്ണനാട്ടത്തിലും ഉപയോഗിച്ചുവന്ന വേഷ ഭൂഷകളിൽ തനിക്കു ബോധിച്ചവ അങ്ഗീകരിച്ചു തൽക്കാലം കാര്യസാധകമായ വിധത്തിൽ വേഷവിധാനവും അഭിനയക്രമവും മറ്റും ചിട്ടപ്പെടുത്തിയിരുന്നിരിക്കണം. അതൊന്നും പഴമക്കാർ പറയുന്നതുപോലെ അത്രമാത്രം പരിഷ്കാരശൂന്യമായിരുന്നിരിക്കുവാൻ ന്യായവുമില്ല. ഏതായാലും ആ

പഴയ സംവിധാനത്തിൽ (1) വെട്ടത്തു രാജാവു്, (2) കപ്ലിങ്ങാട്ടു നമ്പൂരി, (3) കല്ലടിക്കോട്ടു നമ്പൂരി എന്നീ മൂന്നു അഭിനയകലാകോവിദന്മാർ കൊല്ലം ഒൻപതാം ശതകത്തിൽത്തന്നെ ആശാസ്യങ്ങളായ പല മാറ്റങ്ങളും വരുത്തി എന്നുള്ളതു സർവ്വസമ്മതമാണ്.

## വെട്ടത്തുസമ്പ്രദായം

ഇതിനു 'കോട്ടമട്ടു്' എന്നും പേർ പറയുന്നു. കഥകളി പരിഷ്കരിച്ച വെട്ടത്തു തമ്പുരാൻ ജീവിച്ചിരുന്ന കാലമേതെന്നു സൂക്ഷ്മമായി അറിയുന്നില്ല. രാമനാട്ടം വടക്കോട്ടു കടന്നപ്പോൾ അതിന്റെ അഭിനയത്തിലും മറ്റും വടക്കർക്കു രുചിക്കുന്ന ചില ഭേദഗതികൾ അദ്ദേഹം വരുത്തിയതായി ഊഹിക്കാം. നടന്മാർ സംസാരിക്കരുതെന്നും മുഖത്തു മഞ്ഞളിനും കരിക്കും പകരം മനയോല തേയ്ക്കണമെന്നും വാദ്യങ്ങളുടെ കൂട്ടത്തിൽ ചെണ്ടകൂടി ഉപയോഗിക്കണമെന്നും മറ്റും ചില പരിഷ്കാരങ്ങളാണ് അദ്ദേഹം പ്രധാനമായി ചെയ്തതെന്നു പുരാവിത്തുകൾ പറയുന്നു. അവയിൽ ചില വികാസക്രമങ്ങളുടെ ജനയിതാവു കപ്ലിങ്ങാട്ടു നമ്പൂരിയാണെന്നു പറയുന്നവരുമുണ്ട്. കൈമുദ്രകൾ തലയ്ക്കുമീതെയാണ് കാണിക്കേണ്ടതെന്നും അവ ഒരു പ്രാവശ്യം കാണിച്ചാൽ മതിയെന്നും പാട്ടു് ഒരിക്കൽമാത്രമേ പൊന്നാനിയും ശങ്കിടിക്കാരനും പാടാവൂ എന്നും പദം ചൊല്ലിക്കഴിഞ്ഞാൽ കലാശത്തിനു മുൻപുള്ള ചാട്ടത്തോടുകൂടി അരങ്ങത്തേയ്ക്കു പൃഷ്ഠം കാണിക്കാമെന്നും മറ്റും ചില നിയമങ്ങൾ അദ്ദേഹം ഏർപ്പെടുത്തിയതായി എല്ലാ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. വെട്ടത്തുസമ്പ്രദായത്തിനു കപ്ലിങ്ങാട്ടു നമ്പൂരിയുടെ ആവിർഭാവത്തിനുശേഷം അത്രുക്കുറ്റിക്കു തെക്കുമാത്രമേ പ്രചാരമുണ്ടായിരുന്നുള്ളു എന്നും അതും കാലാന്തരത്തിൽ ലുപ്തമായിപ്പോയെന്നും അറിയുന്നു.

## കപ്ലിങ്ങാട്ടുസമ്പ്രദായം

രാമനാട്ടത്തിന്റെ പരിഷ്കർത്താക്കന്മാരിൽ പ്രഥമഗണനീയൻ കപ്ലിങ്ങാട്ടു നമ്പൂരിയാകുന്നു. കൊച്ചിശ്ശീമയിൽ തലപ്പള്ളിത്താലൂക്കിൽ ചെറുതുരുത്തി തീവണ്ടിസ്റ്റേഷന്നു സമീപമാണ് കപ്ലിങ്ങാട്ടില്ലം. നമ്പൂരിയുടെ പരിഷ്കാരം കൊല്ലം ഒൻപതാം ശതകത്തിന്റെ പശ്ചാർദ്ധത്തിലായിരുന്നു എന്ന് അനുമാനിക്കാം. അദ്ദേഹത്തിന്റെ ജനനത്തെപ്പറ്റി ഒരൈതിഹ്യമുണ്ട്. കപ്ലിങ്ങാട്ടില്ലത്തിൽ ഒരന്തർജ്ജനം ഗർഭിണിയായിരുന്ന കാലത്തു കരിപ്പാല സ്വാമിയാർ അതിന്നടുത്തുള്ള ക്ഷേത്രത്തിൽ ചെല്ലുകയും ആ അന്തർജ്ജനത്തിന്റെ ഭർത്താവു് അപേക്ഷിക്കുക നിമിത്തം സത്സന്താനലബ്ധിക്കായി നാല്പതു ദിവസത്തേക്കു വെണ്ണ ജപിച്ചുകൊടുക്കുകയും ചെയ്തു. അതറിഞ്ഞപ്പോൾ ആ ക്ഷേത്രത്തിൽ കഴകപ്രവർത്തിയുള്ള മണിക്കുറ്റിൽ വാര്യത്തിലെ ഗർഭവതിയായ ഒരു വാരസ്യാർക്കും സ്വാമിയാരെക്കൊണ്ടു വെണ്ണ ജപിപ്പിച്ചു സേവിക്കണമെന്ന് ആഗ്രഹമുണ്ടാകുകയും ആ ആഗ്രഹം വാരസ്യാരുടെ ഭർത്താവായ ശാന്തിക്കാരൻനമ്പൂരി അറിഞ്ഞു് അങ്ങിനെ ചെയ്യിക്കുകയും ചെയ്തു. സ്വാമിയാർ രണ്ടു സ്ത്രീകൾക്കുമുള്ള വെണ്ണ പ്രത്യേകം ജപിച്ചു രണ്ടു പൊതിയാക്കി ശാന്തിക്കാരനെ ഏല്പിച്ചുവന്നു. ശാന്തിക്കാരൻ അന്തർജനത്തിനായി ഉദ്ദേശിച്ചിരുന്ന പൊതിയിലെ വണ്ണയ്ക്കു വൈശിഷ്ട്യം കൂടുമെന്നു സങ്കല്പിച്ച് അതു വാരസ്യാർക്കും മറ്റേ പൊതിയിലെ വെണ്ണ അന്തർജ്ജനത്തിന്നും മാറ്റി കൊടുത്തു. രണ്ടു സ്ത്രീകളും പുരുഷപ്രജകളെ പ്രസവിക്കുകയും കാലാന്തരത്തിൽ വാരിയർ ശാസ്ത്രജ്ഞനായിത്തീരുകയും നമ്പൂരി ആട്ടത്തിലും പാട്ടിലും മാത്രം പ്രാവീണ്യം സമ്പാദിക്കുകയുംചെയ്തു. ഇതാണ് ഐതിഹ്യം. ഈ സംഭവം നടന്നതു് 970-ആണ്ടിടയ്ക്കാണെന്നു ചിലരും

ദേശമംഗലത്തെ പണ്ഡിതന്മാരായ വാരിയന്മാരുടെ കൂടസ്ഥനാണ് ഈ മണിക്കുറ്റിൽ വാരിയരെന്നു മറ്റു ചിലരും പറയുന്നു. ഈ രണ്ടു മതവും വിശ്വാസയോഗ്യമായി തോന്നുന്നില്ല. കപ്ലിങ്ങാട്ടു നമ്പൂരി അഭിനയം അഭ്യസിച്ചതു സുഗൃഹീതനാമാവായിരുന്ന കോട്ടയത്തു തമ്പുരാനിൽനിന്നായിരുന്നു എന്നു ചിലരും അങ്ങിനെയല്ല കോട്ടയത്തു തമ്പുരാന് അഭിനയവിഷയത്തിൽ ഗുരു കപ്ലിങ്ങാടായിരുന്നു എന്നു മറ്റു ചിലരും പറയുന്നു. ഏതായാലും അവർ ഏകദേശം സമകാലികന്മാരായിരുന്നു എന്നു പറയുവാൻ സാധിക്കും. കപ്ലിങ്ങാട്ടു നമ്പൂരി (1) കുപ്പായവും മറ്റും ഒന്നുകൂടി മോടിപിടിപ്പിക്കുകയും (2) തലമുടിയും കെച്ചവും നടപ്പാക്കുകയും (3) അരിമാവും ചുണ്ണാമ്പും ചേർത്തു ചുട്ടികുത്ത് ഏർപ്പെടുത്തുകയും (4) പച്ച, കത്തി, കരി, മിനുക്ക്, താടി മുതലായി തേപ്പിൽ വേണ്ട ഭേദഗതികൾ ചെയ്യുകയും (5) അസുരപ്രകൃതികളായ വേഷങ്ങൾക്കു മൂക്കിലും നെറ്റിയിലും ചുട്ടിപ്പൂവു വേണമെന്നു നിശ്ചയിക്കുകയും (6) കിരീടം മുതലായ ആട്ടക്കോപ്പുകൾ മരംകൊണ്ടു പണിയിച്ച് അവയിൽ ചില്ലും ചകലാസും പതിച്ചു തകിടിടുവിക്കുകയും (7) മുദ്രക്കൈകൾ പരിഷ്കരിക്കുകയും (8) ഇന്നത്തെ മട്ടിലുള്ള ചവിട്ടും കലാശവും വ്യവസ്ഥാപനം ചെയ്യുകയും (9) നിണമണിയലിന്റെ രീതി ക്ലപ്തപ്പെടുത്തുകയും (10) തോടയം, പുറപ്പാട്, മേളപ്പദം മുതലായ ചടങ്ങുകൾ സംവിധാനം ചെയ്യുകയും ചെയ്തതായി മാവേലിക്കര ജി. കൃഷ്ണപിള്ള അദ്ദേഹത്തിന്റെ കേരളീയനൃത്യകല എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നു. തോളിനോടൊപ്പമേ കൈമുദ്ര കാണിക്കാവൂ എന്നും അത് ഒരു തവണ മതിയെങ്കിലും വിസ്തരിച്ചു വേണമെന്നും കൈമുദ്ര അവസാനിക്കുന്നതുവരെ പാട്ടുകാർ പാടണമെന്നും കലാശം രണ്ടു മൂലകളിൽനിന്നും എടുത്തു നാലിരട്ടികാണിക്കണമെന്നും മറ്റും നിർണ്ണയിച്ചത് അദ്ദേഹമാണത്രേ. തന്റെ ആ പരിഷ്കൃതരീതി ചില നടന്മാരെക്കൊണ്ട് അഭ്യസിപ്പിച്ച് ഒരു കഥകളിയോഗം കൂട്ടി അതിൽ താൻ തന്നെ പാട്ടുകാരനായി സൂത്രധാരത്വം വഹിച്ച് ആ യോഗം അദ്ദേഹം മധ്യകേരളത്തിൽ പല സ്ഥലങ്ങളിലും കൊണ്ടുനടന്നതായും പാടുന്നതിനും ചെണ്ട കൊട്ടുന്നതിനും ചൊല്ലിയാടിക്കുന്നതിനും അദ്ദേഹത്തിന് അനിതരസാധാരണമായ നൈപുണ്യമുണ്ടായിരുന്നതായും കേട്ടുകേൾവിയുമുണ്ട്. ഇന്നു തിരുവിതാംകൂറിലും കൊച്ചിയിലും കപ്ലിങ്ങാട്ടുസമ്പ്രദായമാണ് പ്രായേണ പ്രചാരത്തിലിരിക്കുന്നത്. കൊല്ലം 880-നുമുൻപു തീപ്പെട്ട ഭരണിതിരുനാൾ സാമൂതിരിപ്പാട്ടിലെ കാലത്തു കാടഞ്ചേരി നമ്പൂരി രചിച്ച മാമാങ്കോദ്ധാരണം കിളിപ്പാട്ടിൽ 870-ലെ മാമാങ്കത്തിൽ തിരുനാവാമണപ്പുറത്തു "കൃഷ്ണനാട്ടങ്ങളും രാമനാട്ടങ്ങളും" അഭിനയിച്ചിരുന്നതായി വർണ്ണിക്കുന്നു. ആദിയിൽ അവ രണ്ടിനും തമ്മിലുള്ള മത്സരം എന്തായിരുന്നാലും കപ്ലിങ്ങാട്ടു നമ്പൂരി തെക്കേ മലയാളത്തിൽ രാമനാട്ടത്തിനു കൃഷ്ണനാട്ടത്തിനു തുല്യമായ ഒരു സ്ഥാനം നേടിക്കൊടുത്തു എന്ന് ഈ വർണ്ണനത്തിൽനിന്ന് ഊഹിക്കാവുന്നതാണ്.

## കല്ലടിക്കോട്ടുസമ്പ്രദായം

കപ്ലിങ്ങാട്ടു നമ്പൂരിയെ തുടർന്നു കല്ലടിക്കോട്ടു നമ്പൂരിയും രാമനാട്ടം പരിഷ്കരിക്കുകയുണ്ടായി. കലാശസമയത്തു കൈമുദ്രകൾ താടിക്കു മുൻവശത്തായി പിടിച്ചു കൈകൾ മറിച്ചുകാണിക്കുകയും മുഖം ഇരുവശത്തും വെട്ടിച്ചുനോക്കുകയും ചെയ്യണമെന്നും പൊന്നാനി പാടുന്നതു ശങ്കിടി ഏറ്റു പാടണമെന്നും രണ്ടുപേരുടെ പാട്ടിനും പ്രത്യേകം പ്രത്യേകം കൈമുദ്ര പ്രദർശിപ്പിക്കണമെന്നും പാദചലനം കൂടുതലായിരിക്കണമെന്നും കപ്ലിങ്ങാട്ടുരീതിയിൽനിന്നു ചില ചില്ലറ വ്യത്യാസങ്ങൾ അഭിനയവിഷയത്തിൽമാത്രം അദ്ദേഹം വരുത്തി. വേഷവിധാനത്തിൽ യാതൊരു പരിഷ്കാ

രവും നിർദ്ദേശിച്ചില്ല. കല്ലടിക്കോടൻരീതി പ്രചരിക്കുന്നതു് അദ്ദേഹത്തിന്റെ ജന്മഭൂമിയായ ബ്രിട്ടീഷ് മലബാറിലാണ്. ഇക്കാലത്തു് ഈ മട്ടുകളെല്ലാം ഏറെക്കുറെ സമ്മിശ്രങ്ങളായിട്ടുണ്ടു്.

## രാമനാട്ടവും കഥകളിയും

രാമനാട്ടം കാലാന്തരത്തിൽ കഥകളിയായി രൂപാന്തരപ്പെട്ടു എന്നു ചിലർ പറയുന്നതു ശരിയല്ല. തിരുവിതാംകൂറിൽ ഇന്നും രാമനാട്ടമെന്ന പേരാണ് സാധാരണമായി പ്രചരിക്കുന്നതു്.

> “ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമ-
> നാട്ടം തുടങ്ങിയാൽക്കോട്ടം വരും ദൃഢം”

എന്നു കുഞ്ചൻനമ്പിയാർ കൃഷ്ണലീല ശീതങ്കൻതുള്ളലിൽ കൊല്ലം 933-ആമാണ്ടിനുമുമ്പു വിമർശിച്ചിട്ടുള്ളതു പ്രകരണസ്വാരസ്യം കൊണ്ടു കൊട്ടാരക്കരത്തമ്പുരാന്റെ കഥകളെപ്പറ്റിമാത്രമല്ല എന്നു പറയേണ്ടതില്ലല്ലോ. 925-ആമാണ്ടത്തെ അല്പശി ഉത്സവത്തിൽ തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ “ഇരാമനാട്ടം കുറമലക്കുറ്റിൽ തവളംകുഴിനായർ മുതൽപേർ വക ആട്ടത്തിന് അണിക്കോലത്തിനു ചുട്ടിക്ക് ഉണക്കലരി മുതലായവ” കൊടുത്തതിനു രേഖയുണ്ടു്. കഥകളി എന്ന സംജ്ഞയ്ക്കാണ് വടക്കോട്ടു പ്രചാരമധികം എന്നു സമ്മതിക്കാം. ആട്ടക്കഥ എന്നതു കഥകളിസ്സാഹിത്യത്തിന്റെ പര്യായമാകുന്നു.

## വേഷവിധാനം

കഥകളിയിലെ വേഷങ്ങളെ (1) മിനുക്ക്, (2) പച്ച, (3) കത്തി, (4) താടി, (5) കരി എന്ന് അഞ്ചിനങ്ങളായി വിഭജിക്കാം. സ്ത്രീകൾ, ഋഷിമാർ, ബ്രാഹ്മണർ, ദൂതന്മാർ മുതലായ സൌമ്യപ്രകൃതികൾക്കാണ് മിനുക്കുവേഷം സങ്കല്പിച്ചിട്ടുള്ളതു്. മഞ്ഞമനയോല തേച്ചു മുഖം മിനുക്കുകയാണ് ഇതിന്റെ പ്രധാനലക്ഷണം. തന്നിമിത്തം ഇതിനെ മഞ്ഞയെന്നും പറയുന്നു. സ്ത്രീകൾക്കു പത്തിക്കീറ്റും ഋഷികൾക്കു താടിയുമുണ്ടു്. നാരദനു വെളുത്തതും പരശുരാമനു ചുവന്നതും വിശ്വാമിത്രനു കറുത്തതുമായിരിക്കണം താടി. മനയോലയും നീലയും ചേർത്തു പച്ചച്ചായമുണ്ടാക്കി മുഖത്തുതേച്ചു മുഖത്തിനു ചുറ്റും അരിമാവും ചുണ്ണാമ്പുംകൂടി കുഴച്ചു ചുട്ടി കുത്തി. കണ്ണും ചുണ്ടും ചുവപ്പിച്ചാൽ പച്ചവേഷത്തിന്റെ പ്രധാനലിംഗങ്ങൾ അതിൽ അടങ്ങി എന്നു പറയാം. നായകൻ, ഉപനായകൻ മുതലായവർക്കാണ് ഈ പ്രസാധനം. തലയിൽ കിരീടം ഉണ്ടായിരിക്കണം. ശ്രീകൃഷ്ണനും ശ്രീരാമനും ലക്ഷ്മണനും കൃഷ്ണനാട്ടത്തിലെപ്പോലെയുള്ള കൃഷ്ണമുടിയാണു വേണ്ടതു്. പച്ചവേഷക്കാരൻ പല്ലു കാണിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകകയോ ചെയ്യരുതു്. കത്തി, കുറുങ്കത്തിയെന്നും നെടുങ്കത്തിയെന്നും രണ്ടു തരത്തിലുണ്ടു്. നെടുങ്കത്തിക്ക് ശൃംഗാരപ്പദം ആടുവാൻ പാടില്ല. കുറുങ്കത്തിക്കാരൻ മുഖത്തു മൂക്കിന്റെ രണ്ടു വശത്തും നീളത്തിൽ ചുവപ്പും ശേഷം ഭാഗത്തു പച്ചയും തേച്ചിരിക്കണം. നെറ്റിയിലും മൂക്കിന്റെ അറ്റത്തും കിടേശ്ശുകൊണ്ടുള്ള ചുട്ടിപ്പൂവും വേണം. ആവശ്യംപോലെ ‘ഗോഗ്വോ’ വിളിക്കാം. നെടുങ്കത്തിക്കു കത്തിയുടെ അറ്റം കടക്കണ്ണിനു താഴെ ഊർദ്ധ്വമുഖമായി നിൽക്കണം. അസുര പ്രകൃതികളായ പ്രതിനായകന്മാർക്കു കുറുങ്കത്തിയും അതിലും അധികം ദുഷ്ടന്മാരായുള്ളവർക്കു നെടുങ്കത്തിയുമാണ് വേഷം. ഉദാഹരണത്തിനു ദുര്യോധനനും രാവണനും കുറുങ്കത്തിയും, ദുശ്ശാസനനും പ്രഹസ്തനും നെടുങ്കത്തിയുമാണെന്നു ധരിച്ചാൽ മതി. താടി വെള്ളത്താടിയെന്നും, ചുവപ്പുതാടിയെന്നും രണ്ടു മാതിരിയുണ്ടു്. ഇവ താടിയുടേയും കുപ്പാ

യത്തിന്റേയും വർണ്ണഭേദത്തെ ആസ്പദമാക്കിയുള്ള വിഭാഗങ്ങളാണ്. ഹനൂമാൻ, നന്ദി, വിവിദൻ ഇവർ വെള്ളത്താടിക്കാരും, ബാലിയും സുഗ്രീവനും ശകുനിയും ചുവന്ന താടിക്കാരുമാകുന്നു. ഹനൂമാനു വെളുത്ത വട്ടമുടിയും നന്ദികേശ്വരനു കറുത്ത വട്ടമുടിയും വേണം. കരി നീചന്മാരായ രാക്ഷസന്മാർക്കും കാട്ടാളന്മാർക്കും ശൂർപ്പണഖ മുതലായ ദുഷ്ടരാക്ഷസസ്ത്രീകൾക്കുമുള്ള വേഷമാകുന്നു. ഈ ഇനത്തിൽപ്പെട്ട കലിക്കും മറ്റും കറുത്ത താടിയെന്നാണ് ആട്ടക്കാരുടെ ഇടയിൽ പേർ. അവർക്കു താടിയും കുപ്പായവും മുടിയും കറുത്തിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. രാവണോത്ഭവത്തിലെ വിദ്യുജ്ജിഹ്വൻ, നരകാസുരവധത്തിലേയും മറ്റും ഭീരു, ഈ വേഷങ്ങൾ യഥാക്രമം ഹാസ്യഭയാനകഭാവങ്ങൾ പ്രകടിപ്പിക്കുവാൻ പ്രയോജകീഭവിക്കുന്നു. ഭീരുവേഷത്തെക്കൊണ്ടു ഹാസ്യവും അഭിനയിക്കാറുണ്ട്. ഏറ്റവും ഭയങ്കരമായ ഒരു വേഷമാണ് നരസിംഹം. നിണമണിയലും തുലോം ഭയാനകംതന്നെ. ഖരവധത്തിൽ ശൂർപ്പണഖയും കിർമ്മീരവധത്തിൽ സിംഹികയും നരകാസുരവധത്തിൽ നക്രതുണ്ഡിയും "നികൃത്തകുചനാസിക"കളാകുമ്പോൾ കൈക്കൊള്ളുന്ന രൂപവും ഇതുതന്നെയാണ്. കുരുത്തോലയുടെ ഈർക്കിൽകൊണ്ടു ചങ്ങലപോലെയുണ്ടാക്കി ശീല ചുറ്റി നിണത്തിൽ മുക്കി മൂക്കത്തും മാറത്തും ഉചിതംപോലെ കെട്ടിയിരിക്കുന്നതു കണ്ടാൽ മൂക്കും മുലയും മുറിഞ്ഞു ഞരമ്പും കുടലും പുറത്തു ചാടിയിരിക്കുന്നതായിട്ടേ കാണികൾക്കു തോന്നുകയുള്ളു. ആവക വേഷം ധരിച്ചിരിക്കുന്ന വസ്ത്രവും നിണത്തിൽ മുക്കിയിരിക്കും. ഉണക്കലരിമാവും മഞ്ഞപ്പൊടിയും ചുണ്ണാമ്പുംകൂടി വെള്ളമൊഴിച്ചു കാച്ചി ചാന്തിൻപാകത്തിൽ കുറുക്കിയുണ്ടാക്കുന്നതാണ് "നിണം" എന്നു കൃഷ്ണൻനായർ ഈ വേഷത്തെ വർണ്ണിക്കുന്നു. അരങ്ങിന്റെ എതിർഭാഗത്തു നിന്നു പന്തം കൊളുത്തിപ്പിടിച്ചു കൊണ്ടും "അയ്യയ്യയ്യയ്യോ" എന്നു നിലവിളിച്ചുകൊണ്ടും നിണം കാണികൾക്കിടയിൽക്കൂടി തുള്ളിച്ചാടിക്കൊണ്ടു പോകുമ്പോൾ അരങ്ങു കുലുങ്ങിപ്പോകുകതന്നെ ചെയ്യും.

## കഥകളിച്ചടങ്ങുകൾ

കേളി, അരങ്ങുകേളി, തോടയം, വന്ദനശ്ലോകങ്ങൾ, പുറപ്പാട്, മേളപ്പദം ഈ ആറു ചടങ്ങുകൾ കഥകളിക്കാർ കഥാഭിനയത്തിന്റെ പീഠികാരൂപത്തിൽ നിർവഹിക്കേണ്ടതുണ്ട്. ഒരു സ്ഥലത്തു സന്ധ്യയോടുകൂടി അന്നത്തെ രാത്രി അവിടെ കഥകളിയുണ്ടെന്നു സമീപസ്ഥന്മാരെ അറിയിക്കുന്നതിനായി കേളികൊട്ടുന്നു. അരങ്ങുകേളിക്കു കേളിക്കയ്യെന്നും പേരുണ്ട്. രാത്രി എട്ടു മണിയോടുകൂടി കഥകളി ആരംഭിച്ചു എന്നറിയിക്കുന്നതിനായി ചേങ്ങല, ഇലത്താളം എന്നീ ഉപകരണങ്ങളോടുകൂടി ശുദ്ധമദ്ദളം വാദനം ചെയ്യുകയെന്നുള്ളതാണ് അതിന്റെ ലക്ഷണം. അതു കഴിഞ്ഞാൽ അരങ്ങുതിരശ്ശീലകൊണ്ടു മറച്ച് അണിയറയിൽ രണ്ടോ മൂന്നോ കുട്ടിത്തരക്കാർ വന്നു നർത്തനംചെയ്തു കളിയുടെ അവിഘ്നപരിസമാപ്തിക്കായി ഇഷ്ടദേവതകളെ പ്രാർത്ഥിക്കുന്നു. അതാണ് തോടയം. ഈ ശബ്ദത്തിന്റെ വ്യുൽപത്തി ഇന്നും അജ്ഞാതമായിത്തന്നെയിരിക്കുന്നു. തുടസ്സം എന്ന ശബ്ദത്തിന്റെ രൂപഭേദമാണ് തോടയം എന്നുള്ള അനുമാനത്തിനു കൂടുതൽ തെളിവു വേണ്ടിയിരിക്കുന്നു. കൊല്ലം 887-ആമാണ്ടിടക്കു ചോളദേശത്തിൽ അരുണാചലക്കവിരായർ രചിച്ച രാമനാടകത്തിന്റെ ആരംഭത്തിലും "ചോതിയാകിയ രാമൻ നാടകത്തൈച്ചയഞ്ചൊൽവാൻ മകിഴ്ന്തു തോടയം ചൊല്വേനേ—-" എന്ന വരിയിൽ തോടയം എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. അതിൽ നിന്നുമാത്രം ആ പദം മലയാളത്തിൽ നിന്നു തമിഴിലേക്കു

സംക്രമിച്ച എന്ന് ഊഹിക്കുവാൻ മാർഗ്ഗം കാണുന്നില്ല. മുൻ പാട്ടുകാരനെ മുന്നാണി അല്ലെങ്കിൽ പൊന്നാനിയെന്നും പിൻപാട്ടുകാരനെ ശങ്കിടിയെന്നും പറയും. മുന്നാണിയും ശങ്കിടിയുംകൂടി തോടയം കഴിഞ്ഞാൽ ഗണപതിയേയും വിഷ്ണു, ശിവൻ, പാർവ്വതി ഇവരിൽ ഒരു ദേവതയേയും പറ്റി വന്ദനശ്ലോകങ്ങൾ ചൊല്ലണം. അതിനു നാടകത്തിൽ നാന്ദിയുടെ സ്ഥാനമാണുള്ളത്. പിന്നീട് അവർ കഥാരംഭത്തിലെ ശ്ലോകം ചൊല്ലുകയും നായകന്റേയും നായികയുടേയും വേഷത്തിൽ രണ്ടു സാധാരണനടന്മാർ അതിനോടു ഘടിപ്പിച്ചിട്ടുള്ള പദം അല്പമൊന്ന് ആടുകയും ചെയ്യണം. അതിനു പുറപ്പാടുപദമെന്നും നിലപ്പദമെന്നും പേർ പറയുന്നു. അതിൽപ്പിന്നീടാണ് മേളപ്പദത്തിന്റെ അഭിനയം. ഗീതഗോവിന്ദം പതിനൊന്നാം സർഗ്ഗത്തിലെ "മഞ്ജുതരകുഞ്ജതലകേളിസദനേ" എന്നാരംഭിക്കുന്നതും വള്ളിക്കുടിലിന്റെ നടയിൽ നിൽക്കുന്ന ശ്രീകൃഷ്ണനെക്കണ്ടു ലജ്ജിതയായ രാധയോടു സഖി പറയുന്നതുമായ സുപ്രസിദ്ധപദമാണ് ഈ ഘട്ടത്തിൽ ഗായകന്മാർ പാടുന്നത്.

അതുകൊണ്ട് മേളപ്പദത്തിനു "മഞ്ജുതര" എന്നും നാമാന്തരമുണ്ട്. ആ സഖിവാക്യം ശ്രുവിച്ചതിനുമേലാണല്ലോ രാധ ധൈര്യമവലംബിച്ചു ലതാഗൃഹത്തിൽച്ചെന്നു ഭഗവാനെ ദർശിക്കുന്നത്. തന്നിമിത്തം അതിനു മങ്ഗളപര്യവസാനസൂചനയുണ്ടെന്നു നിർണ്ണയിക്കാവുന്നതാണ്. ആ പദം പാട്ടുകാർ പാടണമെന്നു വെച്ചിരിക്കുന്നതുതന്നെ കഥകളിക്ക് അഷ്ടപദിയോടുള്ള ആധമർണ്ണ്യത്തെ വ്യഞ്ജിപ്പിക്കുന്നു. പിന്നീട് അരങ്ങത്തു മിക്ക കഥകളിലും ആദ്യമായി ആടാനുള്ള ശൃങ്ഗാരപ്പദത്തിന് അതൊരു സമുചിതമായ അവതരണികയാണെന്നു കരുതുന്നതിലും അപാകമില്ല.

## ആട്ടം

കഥകളിയിലെ ആട്ടം ചൊല്ലിയാട്ടമെന്നും ഇളകിയാട്ടമെന്നും രണ്ടു മാതിരിയിലുണ്ട്. പാട്ടുകാർ പാടുന്ന പദങ്ങളുടെ അർത്ഥം അഭിനയിക്കുന്നതാണ് ചൊല്ലിയാട്ടം. അതുതന്നെ പതിഞ്ഞ മട്ടിലും, ഇടമട്ടിലും, മുറുകിയമട്ടിലും ഇങ്ങനെ മൂന്നുതരത്തിലുണ്ട്. ശൃംഗാരപ്പദം അഭിനയിക്കുമ്പോൾ പതിഞ്ഞാട്ടവും, നടന്നുകൊണ്ട് അഭിനയിക്കുമ്പോൾ ഇടമട്ടാട്ടവും, പോരിനു വിളിക്കുമ്പോൾ മുറുകിയാട്ടവുമാണ് വേണ്ടത്. പതിഞ്ഞാട്ടത്തിൽ കൈകാണിക്കുന്നതിനു മുൻപായി നായകൻ നായികയെ "നോക്കിക്കാണണം." നായികയെ പിടിച്ച് ഇടത്തുവശത്തു നിറുത്തി നായകൻ അവളുടെ അങ്ഗങ്ങൾ പാദാദികേശം പ്രത്യേകം നോക്കി രസിക്കുക എന്നുള്ളതാണ് ഈ ചടങ്ങ്. ശ്ലോകവും ദണ്ഡകവും കവിവാക്യങ്ങളാകയാൽ അവ സാധാരണമായി ആടുന്ന പതിവില്ല. പദത്തിനു പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നീ വിഭാഗങ്ങളുണ്ട്. പ്രായേണ ഒരു പദത്തിൽ നാലു ചരണങ്ങൾ ഘടിപ്പിച്ചിരിക്കും. പദാർത്ഥാഭിനയത്തിനുശേഷം അതിനെത്തുടർന്ന് പ്രകൃതോപയോഗികളായ വിഷയങ്ങൽ മനോധർമ്മംപോലെ ആടുന്നതാണ് ഇളകിയാട്ടം. "നഗരാർണ്ണവശൈലർത്തു"ക്കളേയും മറ്റും രസമായി വിസ്തരിച്ചഭിനയിച്ചു സദസ്യരുടെ അഭിനന്ദനം യഥാശക്തി സമ്പാദിക്കുന്നതിനു നടന്മാർ ആ അവസരം വിനിയോഗിക്കുന്നു. സംസ്കൃതകാവ്യനാടകങ്ങളിലുള്ള സുപ്രസിദ്ധങ്ങളായ അനേകം ശ്ലോകങ്ങൾ അവർക്ക് അതിന് അധ്വദർശകങ്ങളായി കാണുന്നുമുണ്ട്. ഓരോ ചരണത്തിന്റേയും അവസാനത്തിൽ കലാശമെടുക്കണം. "കൈകൾ കമിഴ്ത്തി മുട്ടു മടക്കി നെഞ്ചിനുസമം വിരലുകൾ പൊക്കിപ്പിടിച്ചു മെയ്യും കയ്യും കണ്ണും യോജിപ്പിച്ച് എണ്ണങ്ങളെ കാലുകൊണ്ട് അരയിൽ താണ് ചവിട്ടുകയും 'തികതിത്തൈ' എന്നു വിളക്കിനരികെചെന്നു വലത്തേക്കാൽ കൊണ്ടു താളത്തിൽ മേളമൊപ്പിച്ചു ചുവടു വെയ്ക്കുകയും" ചെയ്യുകയാണ് കലാശം.

വട്ടംവച്ച കലാശം, ഇരട്ടി, അഷ്ടകലാശം, വലിയ കലാശം എന്നിങ്ങനെ താളങ്ങളെ ആശ്രയിച്ച കലാശം പലമാതിരിയിലുണ്ട്. കഥകളിയിൽ പ്രധാനമായി നാലു താളങ്ങളേ കാണുന്നുള്ളു. അവ എട്ടു മാത്രയുള്ള ചെമ്പടയും, പത്തുമാത്രയുള്ള ചമ്പയും, പതിന്നാലു മാത്രയുള്ള അടന്തയും, ആറു മാത്രയുള്ള പഞ്ചാരിയുമാണ്. ചെമ്പടയും അടന്തയും കൂടുതലായി പ്രയോഗിക്കുന്നു. കേകി (മയിലാട്ടം) ത്ധശിക്കിടൽ മുതലായവ അവയവലാഘവത്തെ പ്രത്യക്ഷീകരിക്കുന്ന അഭ്യാസവിശേഷങ്ങളാകുന്നു. അവയ്ക്കു കഥയുമായി യാതൊരു ബന്ധവുമില്ല. ഒരു നല്ല നടനാകണമെങ്കിൽ പന്ത്രണ്ടുകൊല്ലത്തെ ശ്രമക്ഷമമായ അഭ്യാസം വേണം; പിന്നീട് ഓരോ കൊല്ലവും വർഷക്കാലത്തു തിരുമ്മലും മറ്റും യഥാവിധി അനുഷ്ഠിക്കേണ്ടതുണ്ട്. കണ്ണും കയ്യും, ചുവടും ഇണങ്ങിയിരുന്നാലേ ആട്ടത്തിനു ഭംഗിയുണ്ടാകൂ.

> “ആസ്യേനാലംബയേദ്ഗീതം ഹസ്തേനാർത്ഥം പ്രദർശയേൽ
> ചക്ഷുഭ്യാം ദർശയേദ്ഭാവം പാദാഭ്യാം താളമാചരേൽ.
> യാതോ ഹസ്തസ്തതോ ദൃഷ്ടിര്യതോ ദൃഷ്ടിസ്തതോ മനഃ
> യതോ മനസ്തതോ ഭാവോ യതോ ഭാവസ്തതോ രസഃ”

എന്നും മറ്റും അഭിനയദർപ്പണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അഭിനയനിയമങ്ങളിൽ ‘ആസ്യേനാലംബയേദ്ഗീതം’ എന്ന ഒരംശത്തിൽനിന്നുമാത്രമേ കഥകളിയിലെ നടന്മാർ വിമുക്തന്മാരാകുന്നുള്ളു. ആ വിമോചനം തന്നെയും അവർക്ക് ഇതരാംശങ്ങളിലുള്ള കർത്തവ്യഭാരത്തിന്റെ ഗുരുത്വം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ആ സ്ഥിതിക്ക് ആന്തരമായ വാസനയ്ക്കു പുറമേ വിസ്തൃതമായ ലോകവ്യുൽപത്തികൊണ്ട് വിശ്രാന്തി രഹിതമായ അഭ്യാസപൌനഃപുന്യംകൊണ്ടും സ്വാധീനമാക്കേണ്ട ഒരു സിദ്ധിവിശേഷമാണ് ഈ നൃത്യകലാപാടവം എന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

## കഥകളിയും നാടകവും

കഥകളിക്കും നാടകത്തിനും തമ്മിൽ മറ്റു രണ്ടു വിഷയങ്ങളിലുള്ള വ്യത്യാസങ്ങളെക്കൂടി ഇവിടെ പ്രദർശിപ്പിക്കാം. ഒന്നാമതായി നാടകം രസാശ്രയവും കഥകളി ഭാവാശ്രയവുമാകയാൽ, ഒരാട്ടക്കഥയിലും “ഏകോരസോങ്ഗീ കർത്തവ്യോ വീരഃ ശൃങ്ഗാര ഏവ വാ. അങ്ഗമന്യേ രസാഃ സർവ്വേ കുര്യാന്നിർവഹണേദ്ഭുതം” എന്ന ദശരൂപകവിധിക്കു പ്രസക്തിയില്ല. അപൂർവ്വം ചില ആട്ടക്കഥകളിൽ വീരരസം അങ്ഗിയാണെന്ന് ഏറെക്കുറെ സമർത്ഥിക്കാമെങ്കിലും, അത് കേവലം കാകതാലീയമാണ്. ശൃങ്ഗാരം അങ്ഗിയായുള്ള കഥ ഒന്നുംതന്നെയില്ല. കഥകളി പാമരന്മാരെയുംകൂടി രസിപ്പിക്കുന്നതിനുള്ള ഉപകരണമാകയാൽ അതിൽ ആദ്യവസാനം പതിഞ്ഞാട്ടത്തിനുള്ള സൌകര്യം മാത്രം ഉണ്ടായിരുന്നാൽ മതിയാകുന്നതല്ലല്ലോ. ഓരോ പദത്തിൽ ഓരോ രസം പ്രകടിപ്പിച്ചു ഭിന്നരുചികളായ പ്രേക്ഷകന്മാരെ ഒത്തൊരുമിച്ചു കഥകളിക്കാർ ആകർഷിക്കുന്നു. ധീരോദാത്തന്മാരായ നായകന്മാരുടെ വിഷയത്തിൽക്കൂടി ശൃങ്ഗാരം ശൃങ്ഗാരാഭാസമായും വീരം രൌദ്രമായും പലപ്പോഴും ദയനീയമായ വിധത്തിൽ രൂപാന്തരപ്പെട്ടുപോകുന്നു. പ്രശാന്തമതിയും ഭാഗവതോത്തമനുമായ അംബരീഷൻപോലും “ചന്ദ്രമണിശയനം . . . മന്ദേതരം വന്നു മാനയ നിതാന്തം” എന്നു ഭാര്യമാരോടു പറയുന്നതും അതിന് അവർ “മദനകേളി ചെയ്‌വതിനഞ്ജസാ പോകനാം” എന്നു പ്രത്യുക്തി നല്കുന്നതും കടുപ്പം തന്നെ. കഥകളിയിൽ സ്ത്രീകൾ വേഷംധരിച്ച് അരങ്ങത്തു വരരുതെന്നുവച്ചിട്ടുള്ളത് അല്പം ആശ്വാസപ്രദമാണെന്നു സമാധാനപ്പെടാം. കവി

അത്തരത്തിലൊരു ശൃങ്ഗാരാഭിനയപ്രപഞ്ചത്തിന് അവസരം നല്കുന്നില്ലെങ്കിൽ ത്തന്നെയും നടന് അതുണ്ടാക്കുവാനുള്ള സ്വാതന്ത്ര്യം ആചാരം അനുവദിച്ചിട്ടുണ്ട്. രണ്ടാമതായി

"ദൂരാഹ്വാനം വധം യുദ്ധം രാജ്യദേശാദിവിപ്ലവം
സംരോധം ഭോജനം സ്നാനം സുരതം ചാനുലേപനം
അംബരഗ്രഹണാദീനി പ്രത്യക്ഷാണി ന നിർദ്ദിശേത്
നാധികാരിവധഃ ക്വാപി ത്യാജ്യമാവശ്യകം ന ച."

എന്നും മറ്റും അരങ്ങത്തു പ്രത്യക്ഷമായി കാണിക്കുവാൻ പാടില്ലാത്ത സംഗതികളൊന്നും തന്നെ കഥകളിയിലെ നടന്മാർക്കു ബാധകമാകുന്നില്ല. അവർ അവയെല്ലാം നഗ്നമായിത്തന്നെ പ്രദർശിപ്പിക്കും. വധഘട്ടമില്ലാത്ത ആട്ടക്കഥകൾ വളരെ വിരളമാണ്. നാടകത്തിലെന്നപോലെ കഥകളിയിലും ഇതിവൃത്തം പ്രഖ്യാതമായിരിക്കണമെന്നാണ് വയ്പ്. അതിൽ ഇടയ്ക്കിടയ്ക്കു യുദ്ധത്തിനും വധത്തിനും അവസരമില്ലെങ്കിൽ, കൊട്ടാരക്കരത്തമ്പുരാൻ തോരണയുദ്ധത്തിൽ വാനരന്മാരുടെ സ്വയംപ്രഭാദർശനത്തിനുമുമ്പ് ഒരു രാക്ഷസനേയും കോട്ടയത്തു തമ്പുരാൻ കാലകേയവധത്തിൽ വജ്രകേതു വജ്രബാഹുക്കളെയും സൃഷ്ടിച്ചതുപോലെ കവി സന്ദർഭോചിതങ്ങളായ ഘട്ടങ്ങൾ കൂട്ടിച്ചേർത്തുകൊള്ളും. കൂടെക്കൂടെ അലറുന്ന വേഷങ്ങൾ അരങ്ങത്തു വന്നില്ലെങ്കിൽ കൂർക്കംവലിച്ചുറങ്ങുന്ന അരസികന്മാരെ ഉണർത്തുന്നതിനു വേറെ മാർഗ്ഗമില്ലെന്നുള്ളതായിരിക്കാം അവർക്ക് ഈ ഏച്ചുകെട്ടലിനുള്ള മുഖ്യസമാധാനം. മേളക്കൊഴുപ്പിനും വേഷവൈവിധ്യത്തിനും പ്രയോജകീഭവിക്കത്തക്ക വിധത്തിൽ മൂലകഥയ്ക്കു യേനകേനപ്രകാരേണ രൂപഭേദം വരുത്തുവാനും അവർ സന്നദ്ധരായിക്കാണുന്നു.

## കൊട്ടാരക്കരത്തമ്പുരാന്റെ സാഹിത്യം

ശ്ലോകങ്ങളും പദങ്ങളും കൊണ്ടാണല്ലോ ആട്ടക്കഥകൾ നിബന്ധിക്കേണ്ടതു്. തന്നിമിത്തം അത്തരത്തിൽ ഒരു കൃതി രചിക്കണമെങ്കിൽ പ്രണേതാവിനു സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും സമീചീനമായ ജ്ഞാനമുണ്ടായിരിക്കണം. കൊട്ടാരക്കരത്തമ്പുരാനു സംഗീതത്തിൽ അനപലപനീയമായ പാടവമുണ്ടായിരുന്നു. അദ്ദേഹം ഉദ്ദേശം നാല്പതു രാഗങ്ങളോളം തന്റെ കൃതികളിൽ പ്രയോഗിച്ചിട്ടുണ്ട്. അവയിൽ കണ്ഠാരം, കാനക്കുറഞ്ഞി, പുറനീര് എന്നീ രാഗങ്ങൾ സ്വരമേളകലാനിധി എന്ന കർണ്ണാടകസങ്ഗീതശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവായ രാമാമാത്യന് അജ്ഞാതങ്ങളാണ്. ദുഃഖകണ്ഠാരം എന്നൊരു രാഗത്തെപ്പറ്റി മാത്രം വെങ്കടമഖി ചതുർദ്ദണ്ഡീപ്രകാശികയിൽ പറയുന്നു. തമ്പുരാൻ ധാരാളമായി കൈകാര്യം ചെയ്യുന്ന ദ്വിജാവന്തി, പാടി എന്നീ രാഗങ്ങളുടെ പ്രയോഗവും കർണ്ണാടകസങ്ഗീതത്തിൽ പ്രചുരമല്ല. അനന്തരകാലികന്മാരായ കഥ കളിപ്രണേതാക്കൾ ദേശാക്ഷി, സാമന്തലഹരി, മങ്ഗളകൗശിക, മാരധനാശി, കേദാരപ്പന്തു മുതലായി കർണ്ണാടകസങ്ഗീതത്തിൽ അദൃശ്യങ്ങളായ വേറെയും അനേകം രാഗങ്ങൾ സ്വീകരിച്ചുകാണുന്നുണ്ട്. ഈ രാഗങ്ങളിൽ ചിലതെല്ലാം പ്രചീനമായ ദ്രാവിഡസങ്ഗീതത്തിലെ പൊതുസ്വത്താണെന്നു പറയാം. "പുറനീർമൈ" എന്നൊരു രാഗമുള്ളകതായി പങ്ഗളനിഘണ്ടുവിൽ പ്രസ്താവിച്ചിരിക്കുന്നു. ശേഷമുള്ള രാഗങ്ങളിൽ ചിലതിന്റെയെങ്കിലും ഉപജ്ഞാതാക്കൾ കേരളീയരാണെന്ന് അനുമാനിക്കുന്നതും അനുപപന്നമല്ല. കഥകളിയിലെ പാട്ടുകൾ പണ്ടു സോപാനരീതിയിലാണ് പാടിവ

ന്നതെന്നും ഇടക്കാലത്തുമാത്രമാണ് അവയിൽ ദേശികരീതി സംക്രമിപ്പിച്ചതെന്നും സങ്ഗീതജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ ഒരു നല്ല സാഹിത്യകാരനുവേണ്ട സിദ്ധികളൊന്നും തമ്പുരാൻ സമ്പാദിച്ചിരുന്നില്ല. ഭോജചമ്പു, പ്രസന്നരാഘവം മുതലായി ചില സംസ്കൃതഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചിരുന്നതിനു തെളിവുണ്ട്. അതോടുകൂടി “ദൈന്യത, വിഷഹാമി, അനുഗത്വാ, പാലിതും, ലസമാനം” തുടങ്ങിയ അപശബ്ദങ്ങൾ അദ്ദേഹത്തിനു സാമാന്യത്തിലും താണ ലോകവ്യുൽപത്തിയേ സ്വാധീനമായിരുന്നുള്ളു എന്നും പ്രഖ്യാപനം ചെയ്യുന്നു. വാസനയുടെയും അഭ്യാസത്തിന്റെയും കഥയാണ് അതിലും കഷ്ടമായിട്ടുള്ളത്. ആട്ടക്കഥകൾക്കു മുൻപ് അദ്ദേഹം മുക്തകരൂപത്തിലെങ്കിലും മണിപ്രവാളശ്ലോകങ്ങളെഴുതി പരിചയിച്ചിരുന്നുവോ എന്നു സംശയിക്കത്തക്ക രീതിയിലാണ് അദ്ദേഹത്തിന്റെ പദഘടനം. “വാശികൊണ്ടുമാത്രം വശവർത്തിനിയാകുന്നതല്ലല്ലോ വാഗ്ദേവത.” സംസ്കൃതത്തിൽ സ്തോത്രരൂപത്തിൽ ചില ഗാനങ്ങൾ രചിച്ചിരുന്നിരിക്കാം. ഏതായാലും ഭാഷികവിതയെക്കാൾ സംസ്കൃതകവിതയായിരുന്നു അദ്ദേഹത്തിനു അല്പംകൂടി സ്വാധീനമായിരുന്നത് എന്നുള്ളതിനു സന്ദേഹമില്ല. സീതാസ്വയംവരത്തിൽ ഭാർഗ്ഗവരാമനോടു ദശരഥന്റെ അഭയപ്രാർത്ഥനാരൂപത്തിലുള്ള

“വദനജിതശശധരേ കമലദളലോചനേ
ലസിതമണികുണ്ഡലേ കംബുകണ്ഠേ
ഭുജഗസമഭുജയുഗേ സുവിശാലവക്ഷസി
ലസിതസിതഹാരവരലസിതകണ്ഠേ
വിജിതസരസിജകരേ പീതാംബരാവൃതേ
മണിമയഗുണലസിതകടിതടാന്തേ
ഊരുജിതകരികരേ ജാനുജിതദർപ്പണേ
ജലജസമപദയുഗേ കളഭഗമനേ”

ഇത്യാദി പദാംശം ലസിതാദിശബ്ദങ്ങളുടെ ആവൃത്തികൊണ്ടു് അസുന്ദരമാണെങ്കിലും അന്യഥാ അനാകർഷകമല്ല. വിച്ഛിന്നാഭിഷേകത്തിലെ

“ആശരവനദവ പാപവിനാശന ദശരഥനരവരതനയ വിഭോ!
സീതാമുഖസരസിജദിനനായക വാതാത്മജകൃതമോദ വിഭോ!
ബാലിഗളാന്തരവിദലനസായക സുഗ്രീവാർപ്പിതകിഷ്കിന്ധ!
നിജഭുജവിക്രമനന്ദനദീശ്വര കൃതദശഗളവധ ലോകേശ!
ആഗതസാകേതാശരഖണ്ഡന കൃതാഭിഷേചന കല്യാണ!
ഏകാദശശതവത്സരകൃതവസുധാവന ഗതവൈകുണ്ഠ!”

ഇത്യാദി ശ്രീരാമസ്തുതിപരമായ പദം വിശിഷ്ടമായിരിക്കുന്നു. യുദ്ധത്തിന്റെ ഒടുവിൽ

“സമദവിമതജനവികടമകുടപരിലുഠനകരണപടുശരചാപം കലയ സദാ രഘുനായകം
വിബുധനികരകരവിഗളിതസുമകലവിലസിതനവമണി ഗണചൂഡം
സമരധരോപരിഗതമൂഢശേഖരലസദ്ദുരതരശിശുശശിഫാലം
മൃദുകിസലയരുചികരതലധൃതനതകാർമ്മുകരുചിരരുചിഭൃ കടി.”

ഇത്യാദി പദം മനോഹരമാണെന്നുപോലും പറയാം. എന്നാൽ ഏതാദൃശമായ അഭിനന്ദനത്തിന് അതിനുമേൽ ഒരു പൂർണ്ണവിരാമംതന്നെ ഇടേണ്ടിയിരിക്കുന്നു.

തന്റെ എട്ട് ആട്ടക്കഥകളിലെ ശ്ലോകങ്ങളിലും പദങ്ങളിലും തമ്പുരാൻ മണിപ്രവാളത്തെ ചിത്രവധം ചെയ്തിരിക്കുന്നു എന്നു പറഞ്ഞാൽക്കൂടിയും അതു് അതിശയോക്തിയാകുന്നതല്ല. മണിയും പ്രവാളവുമല്ല നാം അവിടെ പ്രായേണ കാണുന്നതു്, കൂർത്തുമൂർത്ത കുറെ കരിങ്കൽച്ചില്ലുകളും വെട്ടുകല്ലുഷണങ്ങളും മാത്രമാണ്.

“സ്വൈരമായ് വാഴും കാലം ജരഠനാം ഭൂമിപാലൻ
ധീരനാം രാഘവന്നായ് യൗവരാജ്യം കൊടുപ്പാൻ
പാരമാമാശയാലേ താൻ സഭായാം ശുഭായാം
സാരനാം മന്ത്രിവര്യം സോയമാഹൂയ ചൊന്നാൻ”

ഇത്യാദി ശ്ലോകങ്ങളും “ഇവിടെനിന്നു ചാടി ലങ്കയിൽ പ്രവിശ്യൻ മൃഗയിത്വാ വൈദേഹീം” ഇത്യാദി പദങ്ങളും ഏതു സഹൃദയന്നാണ് ഉദ്വേഗജനകമാകാത്തതു്? സ്രഗ്ധരാവൃത്തത്തിലും മറ്റും പ്രഥമപാദവും തൃതീയപാദവും ഗുർവക്ഷരത്തിലവസാനിക്കേണ്ടതാണെന്നുള്ള പ്രാഥമികമായ ഛന്ദോനിയമംപോലും അദ്ദേഹം വകവയ്ക്കുന്നില്ല.

“ത്രിദശഭയവിധാതുർബാധയാ രാവണസ്യ
സദയമിദമവോചദ്വേധസം തൽക്ഷണേന”

എന്നും മറ്റുമെഴുതുവാൻ അദ്ദേഹത്തിന് ഒരു സങ്കോചവും തോന്നാത്തതു് അത്ഭുതമായിരിക്കുന്നു. “ആരെടാതിപരാക്രമൻ, ആളുഭേദം, വളർനിജചിറകം, ദശരഥസുതനേവം ചൊന്നതു കേട്ടശേഷം” എന്നിങ്ങനെ അഭങ്ഗിയുള്ള പ്രയോഗങ്ങൾ എവിടെ നോക്കിയാലും തുറിച്ചുനോക്കുന്നതായി കാണാം. ആശയങ്ങളിൽ നൂറ്റിനു തൊണ്ണൂറ്റൊൻപതും പരകീയങ്ങളാണെന്നു പറയാതെയും നിർവാഹമില്ല. എങ്കിലും ഘുണാക്ഷരന്യായേന അപൂർവം ചില പദാംശങ്ങൾ നന്നായിട്ടില്ലെന്നും വാദിക്കാവുന്നതല്ല. ചുരുക്കത്തിൽ തമ്പുരാൻ പ്രശസ്യമായ ഈ ദൃശ്യകലാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സാഹിത്യം അദ്ദേഹത്തോടു കൂടിത്തന്നെ അസ്തമിച്ചുപോകുമായിരുന്നു എന്നാണ് എന്റെ പക്ഷം. ഏതോ ഒരു താൽക്കാലികമായ അതിമോഹത്തിന്റെ സന്താനമാണ് പ്രസ്തുത സാഹിത്യം എന്നുള്ള അനുമാനത്തിനും ആ സാഹിത്യം പഴുതു നൽകുന്നു. കഥകളിക്കവികൾ മണിപ്രവാളശുദ്ധി സാമാന്യേന പരിപാലിച്ചിട്ടില്ലെന്നു തന്നെ പറയാം. അതിന് ഒരു കാരണം ഒൻപതാം ശതകത്തിൽ പഴയ മണിപ്രവാളപ്രസ്ഥാനംതന്നെ അസ്തോന്മുഖമായതായിരിക്കണം. മറ്റൊന്ന് അവർ തങ്ങളുടെ മാർഗ്ഗദർശിയായ തമ്പുരാനെ പദരചനാവിഷയത്തിൽ അന്ധമായി അനുകരിച്ചതുമായിരിക്കണം. തമ്പുരാന്റെ കഥകളിയിൽ ബാലിവധവും തോരണയുദ്ധവും മാത്രമേ ഇക്കാലത്തു് ആടാറുള്ളു. ബാലിവധം ജടായുവധമെന്നും ബാലിവധമെന്നും രണ്ടു ദിവസത്തെ കഥയാണ് പത്താം ശതകത്തിലും മറ്റും കളിച്ചുകൊണ്ടിരുന്നതു്. ഖരവധം കുറെക്കാലം മുൻപുവരെ ആടിക്കൊണ്ടിരുന്നു.

## കോട്ടയത്തു തമ്പുരാൻ

### പീഠിക

പുറവഴിയാനാടെന്നും പുറനാട്ടുകരയെന്നും ചുറ്റട്ടര (ചുറ്റട്ടുകര) എന്നുംകൂടി പേരുള്ള വടക്കൻ കോട്ടയത്തു രാജവംശത്തെപ്പറ്റി ആ രാജകുടുംബത്തിലെ സ്വാതീരാജ്ഞിയുടെ ചരിത്രത്തോടനുബന്ധിച്ച ചിലതെല്ലാം ഞാൻ മുൻപു പ്രസ്താവിച്ചിട്ടുണ്ട്. കോ

ട്ടയത്തു രാജാക്കന്മാർ ഇടക്കാലത്തു പരദേശത്തുനിന്നു വന്നവരാകയാലാണ് അവരെ പുറവഴിയാനാട്ടുരാജാക്കന്മാരെന്നും പുറനാട്ടു രാജാക്കന്മാരെന്നും പറയുന്നത്. പ്രസിദ്ധ മീമാംസകനായ ഹരിശ്ചന്ദ്രപ്പെരുമാൾ അവിടെ ഒരു പൂർവ്വപുരുഷനാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. പുരളീശന്മാർ എന്നും അവർക്കൊരു പേരുണ്ട്. അതു പുലരി മലയിൽ ഹരിശ്ചന്ദ്രപ്പെരുമാൾ ഒരു കോട്ട പണിയിച്ച് അവിടെ താമസിക്കുക നിമിത്തമാണ്. പുറവഴിയുടെ ഒരു രൂപാന്തരമാണോ പുരളി എന്നും സംശയിക്കാം. അതിനു മുൻപു കോലത്തുനാട്ടിൽ ഉൾപ്പെട്ടിരുന്ന ചില പ്രദേശങ്ങൾ അവർക്കു ലഭിക്കുകയും ക്രമേണ അവർ തങ്ങളുടെ അധികാരം കുടകുരാജ്യത്തോളം വ്യാപിപ്പിക്കുകയും ചെയ്തു. കുതിരവെട്ടത്തില്ലമെന്നും പെരുങ്കോവിലകമെന്നും ആ കുടുംബം കാലന്തരത്തിൽ രണ്ടു ശാഖയായി പിരിഞ്ഞു. കൊല്ലം ഒൻപതാം ശതകത്തിൽ ആ കുടുംബത്തിൽ രണ്ടു കവിപ്രവേകന്മാർ ജീവിച്ചിരുന്നു. അവരിൽ ഒരാൾ വാല്മീകി രാമായണംകിളിപ്പാട്ടിന്റെ കർത്താവായ കേരളവർമ്മതമ്പുരാനും അന്യൻ കഥകളി പ്രസ്ഥാനത്തിന്റെ ജീവാതുവായ വിദ്വാൻ തമ്പുരാനുമാണ്. കൊല്ലം പത്താം ശതകത്തിൽ വളരെക്കാലത്തേയ്ക്കു കോട്ടയം രാജകുടുംബം ബ്രിട്ടീഷുകാർക്കു മൈസൂരുമായുള്ള യുദ്ധങ്ങളിൽ പല സാഹായ്യങ്ങളും ചെയ്യുകയുണ്ടായി. എങ്കിലും ആ കുടുംബത്തിലെ പഴശ്ശികേരളവർമ്മത്തമ്പുരാന് കാര്യവശാൽ അവരുമായി പിണങ്ങേണ്ടിവരികയും 967 മുതൽ 978 വരെ പതിനൊന്നുകൊല്ലം അവരോടു നിരന്തരമായി പോരാടിയതിനു ശേഷം ആ മഹായോദ്ധാവു രണാങ്കണത്തിൽ ഹതനായി ക്ഷത്രിയോചിതമായ വീരസ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു. ആ വിപ്ലവത്തോടുകൂടി പ്രസ്തുതവംശത്തിലെ സകല ചരിത്ര രേഖകളും നാമാവശേഷമായിത്തീർന്നു. അതിനാൽ അത്യന്തം അന്ധകാരനിബിഡമാണ് വിദ്വാൻ തമ്പുരാന്റെ ചരിത്രം. ഇക്കാലത്ത് ആ കുടുംബം തലശ്ശേരിക്കു സമീപമുള്ള കുത്തുപറമ്പെന്ന സ്ഥലത്തു പടിഞ്ഞാറേ കോവിലകം, തെക്കേ കോവിലകം, കിഴക്കേ കോവിലകം എന്നീ മൂന്നു കോവിലകങ്ങളിലായി പാർത്തുവരുന്നു.

### ചരിത്രം

കോട്ടയത്തു തമ്പുരാന്റെ കാലത്തെയോ നാമധേയത്തെയോ പറ്റി നേരിട്ടൊരറിവും ലഭിക്കുന്നില്ല. അദ്ദേഹം തന്റെ ആട്ടക്കഥകൾ അഭിനയിക്കുന്നവരുടെ ആവശ്യത്തിലേയ്ക്കായി തോടയവും വന്ദനശ്ലോകങ്ങളും മങ്ഗലഗാനങ്ങളും പ്രത്യേകം രചിച്ചിട്ടുണ്ട്. തോടയത്തിൽ ഗണപതിയേയും "ഭൂരിപൂരിതകരുണ പുരളീന്ദ്രശരണ" എന്നവസാനിക്കുന്ന ചില ചരണങ്ങളിൽ ശ്രീകൃഷ്ണനേയും സ്തുതിച്ചതിനുമേൽ

> "ജഹ്നുസുതാശ്രിതമൌലേ! ജനനി മമ ജഗദീശ്വരി
> ഖിന്നജനേ കിന്ന ദയാ കിന്നരസന്നുതേ തേ?
> സിന്ധുരവരചർമ്മാംബര ബന്ധുരതരകന്ധര ജയ
> ചിന്തിതഫലവിശ്രാണനചിന്താമണേ ശംഭോ!
>
> അംബ ദേവി മഹാമായേ പാഹി മാം കൊല്ലൂരദ്രിനിവാസിനി!
> മുല്ലബാണരിപുജായേ പാഹി മാം മൂകാംബികേ!
> സന്തതം നിൻ പാദാംബുജം ചിന്മയരൂപിണി നിത്യം
> ഹന്ത! നാവിൽ തോന്നീടേണം സന്തതം മൂകാംബികേ!"

എന്നീ വരികളിൽ ഭദ്രകാളിയേയും ശിവനേയും മൂകാംബികയേയും വന്ദിക്കുന്നു. ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കാം.

സ്ഫടികധവളഭാസം ഫുല്ലകന്ദാപഹാസം
കനകഗിരിശരാസം കല്മഷധ്വാന്തഹംസം
വിഹിതപുരനിരാസം വാങ്മയീതീരവാസം
ഭജത ബഹുവിലാസം ബാലചന്ദ്രാവതംസം.

മാതങ്ഗാനനമബ്ജവാസരമണിം ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനിഗർഗ്ഗനാരദകണാദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുർഗ്ഗാം ചാപി മൃദങ്ഗശൈലനിലയാം ശ്രീപോർക്കലീ മിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ കർവന്ത്വമീ മങ്ഗളം.

അസ്തി സ്വഹസ്താർജ്ജിതവീര്യധാമ്നാം
ശസ്താ ഹരിശ്ചന്ദ്രകലോദ്ഭവാനാം
പൃഥ്വീപതീനാം പുരളീതി നാമ്നാ
പുരീ പുരാരാതി നിഷേവകാനാം.

ശ്രീമാനനർഘഗുണശാലിതയാ നൃപാണാം
ഭൂഷായിതോ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനജി തകല്പമഹീരുഹസ്സ
ചിന്താമണിർജ്ജയതി കേരളവർമ്മനാമാ.
തദനന്തരജേന നിർമ്മിതം
തദിതം പാണ്ഡുഭവാം കഥാമൃതം
സ്വദതേ സ്വദതാം ദയാലവൈ-
ര്യദുനാഥാംഘ്രിസമർപ്പിതാത്മനാം."

തോടയത്തിൽ കവി സ്മരിക്കുന്ന ഭദ്രകാളി മുഴക്കുന്നു മലയിലെ പോർക്കലി ഭദ്രകാളിയും, ശിവൻ വാങ്മയി എന്ന പുഴയുടെ തീരത്തിലുള്ള കൊട്ടിയൂർ തൃച്ചേറമന്നെന്ന ക്ഷേത്രത്തിലെ ശിവനുമാണ്. ഈ രണ്ടു ദേവതകളെയും ഉദ്ദണ്ഡ ശാസ്ത്രികൾ കോകിലസന്ദേശത്തിൽ

"പ്രാപ്തവ്യസ്തേ യദി കൃതമഹോ വാങ്മയീതീരവാസീ
ദേവോ ദക്ഷാധ്വരവിമഥനോഽസ്ഥാമരശ്ചന്ദ്രചൂഡഃ
ആസ്തേ ശാതത്രിശിഖശിഖയാ ദാരുകം ജഘ്നുർഷീ സാ
യസ്യാദൂരേ മൃഗപതിശിരസ്തസ്ഥുഷീ ഭദ്രകാളീ"

എന്ന ശ്ലോകത്തിൽ സ്മരിക്കുന്നു. കൊട്ടിയൂർ ഉത്തരകേരളത്തിലെ ഒരു മഹാക്ഷേത്രമാകുന്നു. വാങ്മയീനദിക്കു ഭാഷയിൽ "വവേലിപ്പുഴ" എന്നാണ് പേർ. ഈ ഭദ്രകാളിയും ശിവനും കോട്ടയത്തു രാജാക്കന്മാരുടെ കുലദൈവതങ്ങളാണ്. "യുദ്ധേ യേഷാമഹിതഹതയേ ചണ്ഡികാ സന്നിധത്തേ" എന്ന് ഉദ്ദണ്ഡൻ വർണ്ണിച്ചിട്ടുള്ളതു പോർക്കലീദേവിയെപ്പറ്റിത്തന്നെ. മൃദങ്ഗശൈലം മുഴക്കുന്നിന്റെ സംസ്കൃതീകൃതരൂപമാകുന്നു. അതു പുരളിമലയിലെ ഒരു ഭാഗമാണ്. പോർക്കലി ഭദ്രകാളിയുടെ ക്ഷേത്രം അവിടെയാണ്. ദക്ഷിണകർണ്ണാടകം ജില്ലയിലെ കന്താപുരം താലൂക്കിൽപ്പെട്ട കൊല്ലൂർ എന്ന പ്രദേശത്തിലെ മൂകാംബികാക്ഷേത്രം കേരളീയർക്കു പൊതുവേ പ്രിയമായ ഒരു ആരാധനാകേന്ദ്രമാകുന്നു. അവിടത്തെ ദേവിയെ ഭജിച്ചാൽ ഏതു ജഡനും സരസ്വതീപ്രസാദം സിദ്ധിക്കുമെന്നാണ് പരമ്പരാഗതമായ വിശ്വാ

സം. മൂകാംബികയും കോട്ടയത്തു രാജാക്കന്മാരുടെ കുലദേവതയായിരുന്നു. ശ്രീകൃഷ്ണൻ വിദ്വാൻ തമ്പുരാന്റെ ഇഷ്ടദേവതയായിരുന്നു. "മാതങ്ഗാനനം" എന്ന ശ്ലോകത്തിൽ കവി തന്റെ പ്രധാന ഗുരുവായ ഗോവിന്ദനെ വന്ദിക്കുന്നുണ്ട്. അദ്ദേഹം ഒരു ദ്രാവിഡ ബ്രാഹ്മണനായിരുന്നു എന്നു പഴമക്കാർ പറയുന്നു. "വ്യാസം പാണിനി ഗർഗ്ഗ . . . " ഇത്യാദി വചനത്തിൽനിന്നു കവിയ്ക്കു വ്യാകരണം, ജ്യോതിഷം, സംഗീതം, തർക്കം എന്നീ ശാസ്ത്രങ്ങളിലും നൈപുണ്യമുണ്ടായിരുന്നതായി അനുമാനിക്കാം. കവിയുടെ ജ്യേഷ്ഠന്റെ പേർ കേരളവർമ്മ എന്നായിരുന്നു എന്ന് "അസ്തി സ്വഹസ്താർജ്ജിത" എന്നും "തദനന്തരജേന" എന്നുമുള്ള ശ്ലോകങ്ങളിൽനിന്നു ഗ്രഹിക്കാം. അവർ ഏകോദര സഹോദരന്മാരാണോ എന്നു നിശ്ചയമില്ല. ആണെങ്കിൽ ആ രാജകുടുംബത്തിൽ പുരുഷന്മാർക്ക് യഥാക്രമം കേരളവർമ്മാ, രവിവർമ്മാ, വീരവർമ്മാ എന്നീ മൂന്നു നാമങ്ങൾ മാത്രമേ പാടുള്ളൂ എന്നു നിയമമുള്ളതിനാൽ കവിയുടെ പേർ രവി വർമ്മാ എന്നോ വീരവർമ്മാ എന്നോ ആയിരുന്നിരിക്കണം.

### കാലം

> "ഇനിയും ക്ഷമിക്കയെന്നതീടേറും ഭവാനെങ്കിൽ
> കനിവോടേ കേൾക്ക മേലിൽ കാടേ ഗതി നമുക്ക്"

എന്ന ബകവധം കഥയിലെ അർജ്ജുനവാക്യം അറമാണെന്നും ആ അറം പറ്റിയതു ബകവധം രചിച്ച പഴശ്ശിരാജാവിനാണെന്നും ചിലർ പറയുന്നത് അസംബന്ധമാകുന്നു. കൊട്ടാരക്കരത്തമ്പുരാൻ കഴിഞ്ഞാൽ കഥകളിപ്രസ്ഥാനത്തിലെ പ്രമാണ പുരുഷനായി കേരളീയർ കൊണ്ടാടുന്നത് കോട്ടയത്തു തമ്പുരാനെയാണ്. ആ തമ്പുരാന്റെ കാലം ഒരിക്കലും പത്താം ശതകത്തിന്റെ ഉത്തരാർദ്ധമായിരിയ്ക്കുവാൻ ഇടയില്ല. കടത്തനാട്ടു രാജവംശത്തിലെ ഒരു തമ്പുരാൻ "ശതമുഖരാമായണം" എന്നൊരാട്ടക്കഥ നിർമ്മിച്ചു എന്നും അദ്ദേഹം മരിച്ചതു 910-ആണ്ടാണെന്നുമുള്ളതിനു താഴെക്കാണുന്ന ശ്ലോകം സാക്ഷിനില്ക്കുന്നു.

> "ശതമുഖരാമായണമിത്യേകം നാട്യപ്രബന്ധമകരോദ്യഃ
> ദേവൈഃ പ്രണതൈഃ സേവ്യം കലിമലരഹിതം യയൗ സവൈകണ്ഠം"

ഈ ശ്ലോകത്തിലെ "ദേവൈഃ പ്രണതൈഃ സേവ്യം" എന്ന വചനം കലിസൂചകമാണെന്നു പറയേണ്ടതില്ലല്ലോ. ശതമുഖരാമായണം ഇനിയും കണ്ടുകിട്ടീട്ടില്ല. രാമപാണിവാദന്റേതെന്നു സ്പഷ്ടവും ആ മഹാകവി ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി അമ്പലപ്പുഴയിൽ താമസിക്കുന്ന കാലത്തു 925-ആണ്ടിടയ്ക്കു രചിച്ചതും ഗീതരാമം എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നതുമായ ഒരാട്ടക്കഥയിൽ ഓരോ പദത്തിന്നും മട്ടുകൾ കൊടുത്തിട്ടുള്ള കൂട്ടത്തിൽ ഒരു പദത്തിന്റെ ശീർഷകമായി "മാതലേ നിശമയ മാമകവചനം എന്ന നിറം" എന്നെഴുതീട്ടുള്ളതായി കാണുന്നു. ഈ ഗ്രന്ഥം അക്കാലത്തുതന്നെ എഴുതിയതെന്നാണ് തോന്നുന്നത്. "മാതലേ നിശമയ" എന്നതു കോട്ടയത്തു തമ്പുരാൻ കാലകേയവധത്തിൽ സുരുട്ടി ചമ്പയിൽ രചിച്ചിട്ടുള്ള ആദ്യത്തെ പദമാണ്. ആ നിർദ്ദേശം കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ ഗീതരാമം നിർമ്മിക്കുന്നതിനു മുൻപു തന്നെ ചെമ്പകശ്ശേരി രാജ്യത്തിൽ പ്രചരിച്ചിരുന്നു എന്നുള്ളതിനു ജ്ഞാപകമായിരിക്കുന്നു. വാല്മീകിരാമായണം കിളിപ്പാട്ടിന്റെയും മറ്റും കർത്താവായ കേരളവർമ്മത്തമ്പുരാനല്ല വിദ്വാൻ തമ്പുരാന്റെ ജ്യേഷ്ഠൻ എന്നു ധൈര്യമായി പറയാം. കോട്ടയത്തു രാജ്യഭാരംചെയ്ത ഒരു കേരളവർമ്മത്തമ്പുരാനെയാണ് കവി സ്മരിക്കുന്നത്. കിളിപ്പാട്ടുകാരൻ ദത്തുവഴിയ്ക്കു തിരുവിതാംകൂർ ഇള

യതമ്പുരാനായിത്തീരുകയും അവിടെ വെച്ച് 871-ൽ ശത്രുക്കളാൽ വധിക്കപ്പെടുകയും ചെയ്തു. അക്കാലത്ത് അന്യശാഖയിൽപ്പെട്ട മറ്റൊരു കേരളവർമ്മത്തമ്പുരാൻ കോട്ടയത്തു വലിയരാജാവായിരുന്നിരിക്കാമെന്നും കഥകളിക്കാരൻ അദ്ദേഹത്തിന്റെ അനുജനായിരുന്നിരിക്കാമെന്നും അനുമാനിക്കുന്നതു് അസമീചീനമാകുന്നതല്ല. ആ വഴിക്കു നോക്കുമ്പോൾ കൊല്ലം ഒൻപതാംശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് കവിയുടെ ജീവിതകാലമെന്നു വന്നുകൂടുന്നു.

## ഐതിഹ്യം

കോട്ടയത്തു തമ്പുരാന്റെ ബാല്യചരിത്രത്തോടു സമ്മിളിതമായി ഒരു രസകരമായ ഐതിഹ്യമുണ്ട്. അതു് ഇവിടെ സംക്ഷേപിക്കാം. തമ്പുരാൻ ബാല്യത്തിൽ അത്യന്തം മന്ദബുദ്ധിയായിരുന്നു. അങ്ങിനെയിരിക്കെ അന്നു കോഴിക്കോട്ടെ സാമൂതിരിപ്പാടു തീപ്പെടുകയും ആ ദുഃഖം അന്വേഷിക്കുന്നതിനു തൽക്കാലം വേറെ ആരും പോകുവാനില്ലായിരുന്നതിനാൽ അമ്മത്തമ്പുരാട്ടി ആ ബാലനെ വിളിച്ചു കോഴിക്കോട്ടുവരെ പോയിവരണമെന്നും പുതിയ സാമൂതിരിയോടു "മയാ കിം കർത്തവ്യം" എന്നു ചോദിക്കുകയും അതിനുത്തരം കേട്ടാൽ ഒന്നും മിണ്ടാതെ മടങ്ങിപ്പോരികയും വേണമെന്നുള്ള ഉപദേശത്തോടുകൂടി അങ്ങോട്ടു പറഞ്ഞയച്ചു. കുമാരൻ കോഴിക്കോട്ടു ചെന്നു "മയ കിം കർത്തവ്യം" എന്നു സാമൂതിരിയോട് അബദ്ധമായി ചോദിക്കുകയും "ദീർഘോച്ചാരണം കർത്തവ്യം" എന്ന് അദ്ദേഹത്തിന്റെ ഹാസ്യരസദ്യോതകമായ പ്രത്യുക്തിവാങ്ങിക്കൊണ്ടു തിരിയേ പോരികയും ചെയ്തു. അതറിഞ്ഞപ്പോൾ മാതാവു വളരെ വ്യസനിക്കുകയും രാജധാനിക്കടുത്തുള്ള "കുമാരധാര" എന്ന അരുവിയിൽ ആ ബാലനെ പിടിച്ചുകെട്ടി നേരത്തോടുനേരം ഇടുവാൻ അനുചരന്മാരോട് ആജ്ഞാപിക്കുകയും ചെയ്തു. അങ്ങനെയിട്ടാൽ ആ ശിക്ഷയ്ക്കു വിധേയരാകുന്നവർ സാധാരണമായി മരിയ്ക്കുമെന്നും ദേവിയുടെ അനുഗ്രഹംകൊണ്ടു വല്ലവിധത്തിലും അതിനുമേലും പ്രാണധാരണം ചെയ്യുന്നവെങ്കിൽ പണ്ഡിതന്മാരായിത്തീരുമെന്നുമായിരുന്നു അക്കാലത്തെ വിശ്വാസം. ബാലൻ ആ പരീക്ഷയിൽ ജയിച്ചു. മൃത്യുവക്ത്രത്തിൽനിന്നു വിമുക്തനായി, സരസ്വതിയുടെ അനുഗ്രഹം സമഗ്രമായി സമ്പാദിച്ചു. കുമാരധാര മുഴക്കുന്നിലെ ഒരു അരുവിയായിരുന്നു. അതു് ഇപ്പോളില്ല. പിന്നീടാണ് പരദേശത്തുനിന്നു ഗോവിന്ദശാസ്ത്രികളെ വരുത്തി അമ്മ അദ്ദേഹത്തെ സംസ്കൃതമഭ്യസിപ്പിച്ചതു്. വേറെയും ഗുരുക്കന്മാരാൽ യഥാവിധി ശിക്ഷിതനായി. മൂകാംബിയിൽ പോയി ദേവിയെ ഭജിച്ച് ഏതാനും വർഷങ്ങൾക്കുള്ളിൽ തമ്പുരാൻ ഒരു പ്രകൃഷ്ടപണ്ഡിതനും പ്രശസ്ത കവിയുമായിത്തീർന്നു. ഇതാണ് ആ ഐതിഹ്യം. ഇതിൽ അംങ്ഗീകരണത്തിന് അനർഹമായ അംശമൊന്നും ഞാൻ കാണുന്നില്ല. കുമാരധാരയിൽനിന്നു പുനരുത്ഥാനംചെയ്ത കുമാരൻ ലജ്ജാവനതനായി എകാഗ്രതയോടുകൂടി സരസ്വതിയെ ഭജിച്ചു സങ്കല്പദാർഢ്യം കൊണ്ടും അഭ്യാസംകൊണ്ടും കാലാന്തരത്തിൽ അക്കാലത്തെ പണ്ഡിതകവികളുടെ ഇടയിൽ അസൂയാവഹമായ ഒരു സ്ഥാനം സ്വായത്തമാക്കി എന്നു വിചാരിക്കുന്നതിൽ എന്തു യുക്തിഹീനതയാണ് ഉള്ളതു്?

## കൃതികൾ

മഹാഭാരതത്തെ ആസ്പദമാക്കി കോട്ടയത്തു തമ്പുരാൻ ബകവധം, കല്യാണസൗഗന്ധികം, കിർമ്മീരവധം, കാലകേയവധം എന്നിങ്ങനെ നാലു് ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്. കാലകേയവധത്തിനു നിവാതകവചകാലകേയവധമെന്നും നിവാതകവചവധമെന്നുംകൂടി പേരുകളുണ്ടെങ്കിലും ഒടുവിലത്തെ പേർ ശരിയായിട്ടുള്ളതല്ല. അവ

നാലും അപ്രതിമവും അപരിമേയവുമായ പ്രഭാവത്തോടുകൂടി, ആടിക്കാണാനും പാടിക്കേൾക്കാനും ഒന്നുപോലെ മധുരങ്ങളായി, ആട്ടക്കഥാ സാഹിത്യത്തിന്റെ അഗ്രപീഠത്തിൽ സമുല്ലസിക്കുന്നു. തിരുവിതാംകൂർ കാർത്തികതിരുനാൾ മഹാരാജാവും ബകവധവും കല്യാണസൗഗന്ധികവും നിർമ്മിച്ചിട്ടുള്ളതിനാൽ അവയിൽ നിന്നു പ്രസ്തുത കഥകളെ വ്യാവർത്തിക്കുന്നതിനുവേണ്ടി ആ രണ്ടു തിരുവിതാംകൂർ കഥകളെ തെക്കൻ കഥകളെന്നും ഇവ രണ്ടിനേയും വടക്കൻ കഥകളെന്നും പറയുന്നു. തെക്കൻകഥകൾക്കു വടക്കൻകഥകളുടെ സ്വാരസ്യമില്ല. കോട്ടയം കൃതികളുടെ പൗർവ്വാപര്യം നിർണ്ണയിക്കുവാൻ വൈഷമ്യമുണ്ടെങ്കിലും അവയിൽ ആദ്യത്തേതു ബകവധമാണെന്നുള്ളതു നിർവിവാദമാകുന്നു.

> “തസ്യാത്മജാഃ പഞ്ച യുധിഷ്ഠിരാദ്യാഃ
> പ്രസ്വാ സമം ഹസ്തിനമധ്യവാത്സുഃ”

എന്നതല്ല അതിലെ ആദ്യത്തെ ശ്ലോകമെന്നും ആ കൃതി വാസ്തവത്തിൽ ആരംഭിക്കുന്നതു താഴെക്കാണുന്ന വിധത്തിലാണെന്നും എനിക്കു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ട്.

> “അഥാഭവൽ പാണ്ഡുരുദാരചേതാഃ
> കുലപ്രതിഷ്ഠഃ കുരുവംശജാനാം
> പൃഥാഞ്ച മാദ്രീഞ്ച സഹൈവ പൃഥ്വ്യാ
> സമാദദേ ശാന്തനവാജ്ഞയാ യഃ.
> യത് . . . പുരി മഹാമണികുട്ടിമേഷു
> ദൃഷ്ട്വാംബുദപ്രതികൃതിം ദ്വിരദേന്ദ്രബുദ്ധ്യാ
> ആകുഞ്ചിതാംഘ്രിരവധൂതസടഃ പ്രമാദാ-
> ദാഹന്തുമാപതതി ഹർമ്മ്യതലം മൃഗേന്ദ്രഃ
>
> ഹിംസാ ക്രതൗ, കുടിലതാ വനിതാളകേഷു
> ദണ്ഡോ യതി, ഷ്വഹികുലേഷു ഭുജങ്ഗതാ ച,
> ജ്യാസങ്ഗമേ വിമുഖതാ ഖലു മാർഗ്ഗണാനാം,
> വൃത്തക്ഷയശ്ശശിനി ശാസിതുരസ്യ രാജ്യേ.”

ഈ മൂന്നു ശ്ലോകങ്ങളും കഴിഞ്ഞാണ് “തസ്യാത്മജാഃ” എന്ന ശ്ലോകത്തിന്റെ ഘടന. ഈ ശ്ലോകങ്ങൾ കിട്ടിയപ്പോൾ പാഠം അവദാതമായി. മൂന്നാമത്തെ ശ്ലോകം കവിയുടെ കലാ കൗശലത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായി പ്രശോഭിക്കുന്നു. കോട്ടയത്തു പ്രധാന രാജധാനിക്കു സമീപം “അരങ്ങേറ്റപറമ്പ്” എന്ന പേരിൽ ഒരു പറമ്പ് ഇപ്പോഴുമുണ്ട്. ബകവധം മുതലായ കഥകൾ ആദ്യമായി അഭിനയിച്ചതു് അവിടെവെച്ചായിരുന്നു എന്നാണ് ഐതിഹ്യം. പിന്നീടു തമ്പുരാൻ യഥാക്രമം കല്യാണസൗഗന്ധികവും കിർമ്മീരവധവും കാലകേയവധവും നിർമ്മിച്ചുവത്രേ. ആദ്യത്തെ മൂന്നു കഥകൾ കവി ഗുരുനാഥനെ ചൊല്ലിക്കേൾപ്പിച്ചപ്പോൾ ബകവധം സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കാൻ കൊള്ളാമെന്നും കല്യാണസൗഗന്ധികം നിർമ്മിച്ചതു് ഒരു സ്ത്രീയാണെന്നു തോന്നുമെന്നും കിർമ്മീരവധം വ്യുൽപത്തിപ്രദമാണെന്നും അദ്ദേഹം പറഞ്ഞതായും ഒടുവിലത്തെ കഥയായ കാലകേയവധം ആടാൻ നല്ലതെന്ന് അഭിപ്രായപ്പെട്ടതായും പഴമക്കാർ പറയുന്നു. ബകവധം കുറെ ലളിതവും കിർമ്മീരവധം കുറെ കഠിനവും ആയിപ്പോയെന്നായിരുന്നു ഗുരുനാഥന്റെ വിവക്ഷ. അതിൽ തെറ്റുമില്ല. കല്യാണസൗഗന്ധികത്തെക്കുറിച്ചുള്ള വിമർശനത്തോടു യോജിക്കാൻ

നിവൃത്തി കാണുന്നില്ല. സർവോത്തമമായ കൃതി കാലകേയവധംതന്നെയാണെന്നുള്ളതിനെപ്പറ്റി അഭിജ്ഞന്മാരുടെ ഇടയിൽ ഐകമത്യമാണുള്ളതു്. മഹാഭാരതം ആദിപർവ്വത്തിൽനിന്നു ബകവധത്തിലേയും വനപർവതത്തിൽനിന്നു മറ്റു മൂന്നു കഥകളിലേയും ഇതിവൃത്തങ്ങൾ കവി സ്വീകരിച്ചിരിക്കുന്നു എങ്കിലും, രംഗപ്രയോഗത്തിനു് ഉപകരിയ്ക്കത്തക്കവിധത്തിൽ ആ ഇതിവൃത്തങ്ങളിൽ മർമ്മജ്ഞനായ കവി പല മാറ്റങ്ങളും വരുത്തീട്ടുണ്ടു്. വനപർവ്വം 11-ആംമധ്യായത്തിൽ കിമ്മീരവധവും തദനന്തരം ശ്രീകൃഷ്ണദർശനവും 264-ആമധ്യായത്തിൽമാത്രം ദുർവാസസ്സിന്റെ സമാഗമനവും വർണ്ണിക്കപ്പെടുന്നു. എന്നാൽ ഈ രണ്ടു കഥകളും കിർമ്മീരവധത്തിനു മുൻപു നടക്കുന്നതായാണു് ആട്ടക്കഥയിൽ പ്രസ്താവിച്ചുകാണുന്നതു്. ശാർദ്ദൂലൻ, സിംഹിക എന്നീ പാത്രങ്ങൾ മൂലത്തിലുള്ളവയല്ല. ഖരവധത്തിലെ ശൂർപ്പണഖയുടെ സ്ഥാനത്തിലാണു് കിർമ്മീരവധത്തിൽ സിംഹികയുടെ പ്രവേശം. ശൂർപ്പണഖയെപ്പോലെ മൂക്കും മുലയും പോയ ആ രാക്ഷസി നിരുനാസികമായി പരിദേവനം ചെയ്യുന്നതു തന്റെ ജ്യേഷ്ഠനായ കിർമ്മീരനോടാണെന്നുള്ളതു ഖരവധത്തെ അപേക്ഷിച്ചു പ്രസ്തുത കഥയ്ക്കുള്ള ഒരു മെച്ചമായി കരുതേണ്ടതാണു്. ഖരവധത്തിൽ അങ്ഗഭങ്ഗം പറ്റിയ ശൂർപ്പണഖ ആദ്യമായി വിലപിക്കുന്നതു ശ്രീരാമന്റെ സന്നിധിയിലാണല്ലോ. കല്യാണസൗഗന്ധികത്തിൽ സൗഗന്ധികാഹരണപർവ്വത്തിനു മുൻപുള്ള ജടാസുരവധപർവ്വത്തിലെ കഥകൂടി കവി സംക്രമിപ്പിക്കുന്നു. അതു പോലെ ബകവധത്തിൽ വാരണാവതവാസവും ഹിഡിംബവധവും മറ്റും ഉൾക്കൊള്ളിച്ചിട്ടുണ്ടു്. നിവാതകവചന്മാരും കാലകേയന്മാരും മൂലത്തിൽ പലരാണു്. അവരെ കവി രണ്ടു് അസുരന്മാർ മാത്രമാക്കിയിരിക്കുന്നു. പുറമേ കാലകേയന്റെ മോഹനാസ്ത്രമേറ്റു പോർക്കളത്തിൽ നഷ്ടസംജ്ഞനായി നിപതിച്ച അർജ്ജുനൻ ശ്രീപരമേശ്വരൻ അയച്ച നന്ദികേശ്വരന്റെ സാഹായ്യത്താൽ മൂർച്ഛനീങ്ങിയെഴുന്നേറ്റു് ആ അസുരനെ വധിക്കുന്നതായി വർണ്ണിക്കുകയും ചെയ്യുന്നു. അങ്ങനെ നന്ദികേശ്വരനെ അവതരിപ്പിക്കുന്നതു താടിവേഷത്തിനു വേണ്ടിയാണെന്നു പറയേണ്ടതില്ലല്ലോ. ഇന്ദ്രന്റെ പ്രേരണ നിമിത്തമാണു് ഉർവശി മൂലത്തിൽ അർജ്ജുനനെ അഭിസരിക്കുവാൻ സജ്ജയാകുന്നതു്. ആട്ടകഥയിൽ കവി ആ അപ്സരഃസ്ത്രീയെ സ്വയം മന്മഥവിവശയാക്കി രംങ്ഗപ്രവേശം ചെയ്യിക്കുന്നതു സ്വാരസ്യത്തെ വർദ്ധിപ്പിക്കുന്നു. ആകെക്കൂടി കവി മൂലകഥകളിൽ ചെയ്തിട്ടുള്ള ആവാപോദ്വാപങ്ങളും പൗർവ്വാപര്യവ്യതിക്രമങ്ങളും അദ്ദേഹത്തിന്റെ ഉദ്ദേശ്യസിദ്ധിക്കു സർവഥാ പ്രയോജകീഭവിക്കുന്നുണ്ടു്. കാലകേയവധത്തിൽ ഇന്ദ്രാണിയും അർജ്ജുനനും തമ്മിലുള്ള സംഭാഷണത്തിനുശേഷം ഉടനടി ഉർവ്വശിയേയും സഖിയേയും പ്രവേശിപ്പിച്ചാൽ അരങ്ങു മുഷിയുമെന്നു വിചാരിച്ചായിരിക്കണം വജ്രകേതുവജ്രബാഹുക്കളെ സൃഷ്ടിച്ചിട്ടുള്ളതു്. അതിന്റെ സമീചീനതയെപ്പറ്റി രണ്ടു പക്ഷമുണ്ടാകാം. ധീരോദ്ധതനായ ഭീമൻ കവിക്കു് ഏറ്റവും പ്രിയനായ ഒരു നായകനാകുന്നു. കാലകേയവധമൊഴിച്ചുള്ള മൂന്നു കഥകളിലും ആ പാത്രത്തിന്റെ പ്രവേശമുണ്ടു്. ബകവധത്തിൽ കല്പാന്തപ്രതിഭയകാലരുദ്രകല്പനും ഭ്രമിതഗദനും കല്യാണസൗഗന്ധികത്തിൽ ബദ്ധാമർഷാതിരേകഭ്രമിതപരിഘഭത്താതിരൂക്ഷാക്ഷികോണനുമായ തന്റെ ആ സഹോദരനു ശമധനനായ യുധിഷ്ഠിരൻ സാമോക്തികൾകൊണ്ടു സാന്ത്വനം നല്കുന്നതു് ഏകദേശം ഒരേ രീതിയിൽത്തന്നെയാണു്. ബകവധത്തിലും കാലകേയവധത്തിലുമുള്ള പല ഭാഗങ്ങളും ഇനിയും മുദ്രിതപുസ്തകങ്ങളിൽ കയറീട്ടില്ല. അക്കൂട്ടത്തിലുള്ളവയാണു് കാലകേയവധത്തിലെ

> “കാന്താജനൈഃ സഹ നിതാന്തമദാന്ധഭൃങ്ഗ-
> ഝങ്കാരപൂരിതസുവർണ്ണലതാനിശാന്തേ

സന്താനപല്ലവസുമാവലികേളിതല്പേ
സന്തോഷിതഃ സുരപതിഃ സ തു ജാതു രേമേ.

തനയോഥ തസ്യ വിന്നയോജ്ജ്വലോ വശീ
സമവാപ്യ പാശുപതമസ്ത്രമീശ്വരാൽ
മഹിതൈർമ്മഹർഷിഭിരഭിഷ്ടുതോ ഽർജ്ജുന-
സ്തുഹിനാചലേ ഽവസദഹാനി കാനിചിൽ."

എന്നീ അവതരണികാപദ്യങ്ങൾ.

## സാഹിത്യം

കോട്ടയത്തു തമ്പുരാനാണ് ആട്ടക്കഥകളിലെ ശ്ലോകങ്ങൾ പ്രായേണ സംസ്കൃതത്തിൽ തന്നെ നിർമ്മിക്കണമെന്ന വ്യവസ്ഥാപനം ചെയ്തത്. ആ ശ്ലോകങ്ങളിൽ അദ്ദേഹവും അനന്തരകാലികന്മാരായ കവികളും തങ്ങളെക്കൊണ്ട് എത്രമാത്രം സംസ്കൃതപാണ്ഡിത്യം പ്രതിഫലിപ്പിക്കുവാൻ കഴിയുമോ അത്രമാത്രം പ്രതിഫലിപ്പിക്കുകയും ചെയ്തു. കാലകേയവധത്തിൽ ഉർവശിയുടെ ശാപം അവതരിപ്പിക്കുന്ന ശ്ലോകം തമ്പുരാൻ സംസ്കൃതത്തിൽനിന്ന് ഒരു പടികൂടി കടന്നു പ്രാകൃതത്തിലാണ് നിബന്ധിച്ചിരിക്കുന്നത്. ശബ്ദാർത്ഥങ്ങൾക്കുള്ള ഗാഭീര്യവും രസഭാവങ്ങൾക്കുള്ള പുഷ്ടിയും അദ്ദേഹത്തെ ഒന്നാംകിടയിലുള്ള ഒരു കാവ്യകാരനായി നമുക്കു കാണിച്ചുതരുന്നു. താഴെ കാണുന്ന ശ്ലോകങ്ങൾ പരിശോധിക്കുക.

"ശാതോദരീചടുലചാരുകടാക്ഷപാത-
പാഥേയവാൻ പ്രവിചരൻ പ്രിയസാഹസോസൌ
പാദപ്രപാതചകിതാഖിലസത്ത്വജാതം
വാതാത്മജോപി കദളീവനമാസസാദ." (കല്യാണസൌഗന്ധികം)
"നിഹതേ ഽനിലസൂനുനാ ഹിഡിംബേ
സഹസാബുധ്യത യാദവീതനൂജൈഃ
സഹസാ ച വിസിഷ്മിയേ ഹിഡിംബ്യാ
സഹിതം വീക്ഷ്യ ജയശ്രിയേവ ഭീമം." (ബകവധം)
"മാർഗ്ഗേ തത്ര നഖംപചോഷ്മളരജഃപുഞ്ജേ ലലാടന്തപ-
ഗ്രീഷ്മോഷ്മദ്യുതിതാമ്യദാനനസരോജാതാം വിലോക്യാദരാൽ
"വാത്യോദ്ധൂളിതധൂളിജാലമസൃണച്ഛായാം സ ധർമ്മാത്മജോ
മധ്യാഹ്നേ പരിദൂയമാനഹൃദയാം താമബ്രവീദ് ദ്രൌപദീം." (കിർമ്മീരവധം)
"സുലളിതപദവിന്യാസാ രുചിരാലങ്കാരശാലിനീ മധുരാ
മൃദുലാപി ഗഹനഭാവാ സൂക്തിരിവാവാപ സോ ഽർവശീ വിജയം." (കാലകേയവധം)

"പരേണ പുംസാനുഗതാമലൌകികൈ-
ർവചോഭിരത്യന്തവിനിന്ദിതാം മുഹുഃ
വിയോഗദുഃഖൈകവിധായിവിഭ്രമാം
ജ്ഞാത്വാ സതീം താം സ വിരക്തധീരഭൂൽ." (കാലകേയവധം)

ഛേകാനുപ്രാസം, യമകം തുടങ്ങിയ ശബ്ദാലങ്കാരങ്ങൾ പ്രയോഗിക്കുന്നതിൽ കവിക്കു വലിയ ഭ്രമമുണ്ട്. കിർമ്മീരവധത്തിലെ "ക്ഷ്വേളാഘോഷാതിഭീതിപ്രചലദനിമിഷാ" എന്നും കാലകേയവധത്തിലെ "നഗരീ തരസാ രഥിനാം" എന്നുമുള്ള ശ്ലോകങ്ങളിൽനിന്ന് ഈ വസ്തുത ഗ്രഹിക്കാവുന്നതാണ്. ചുവടേ ഉദ്ധരിക്കുന്ന കാലകേയവധശ്ലോകങ്ങൾ മുദ്രിതപുസ്തകങ്ങളിൽ വിട്ടുപോയിരിക്കുന്നു.

"പൂർവ്വാശാപാലസ്യ ശ്രുത്വാ ഗിരമർജ്ജുനോസ്തശാപാലസ്യഃ
നൃവസൽ സങ്ഗീതരവദ്യോതിതഭവനേ പിതുസ്സ സങ്ഗീതരവൽ."
"പാർത്ഥം താപസമേതം ദൃഷ്ട്വാ തത്രാഗതം ച താപസമേതം
തം പ്രോവാച മുദാരം പ്രസന്നമമരാധിപോപി വാചമുദാരം."

തമ്പുരാന്റെ ശ്ലോകങ്ങളെക്കാൾ പദങ്ങൾക്ക് കൂടുതൽ ആസ്വാദ്യതയുണ്ട്. കല്യാണസൌഗന്ധികത്തിലെ ഭീമന്റെ "ശൌര്യഗുണനീതി ജലധേ" "പാഞ്ചാലരാജതനയേ" ഹനുമാന്റെ "ആരിഹ വരുന്നതിവനാരുമെതിരില്ലയോ" ഭീമന്റെ "വഴിയിൽ നിന്നു പോക വൈകാതേ വാനരാധമ" കിർമ്മീരവധത്തിലെ യുധിഷ്ഠിരന്റെ "ബാലേ കേൾ നീ മാമകവചനം കല്യേ കല്യാണീ" ശ്രീകൃഷ്ണന്റെ "കഷ്ടമഹോ ധാർത്തരാഷ്ട്രന്മാർ ചെയ്തോരു" ദുർവ്വാസസ്സിന്റെ "ചന്ദ്രകലാധര പാലയമാം" പാഞ്ചാലിയുടെ "കിങ്കരവൈ" ലളിതാകൃതിയായ സിംഹികയുടെ "കണ്ടാലതിമോദമുണ്ടായ്‌വരും" പാഞ്ചാലിയുടെ "കണ്ടാലതിഭീതി" കാലകേയവധത്തിലെ ഉർവ്വശിയുടെ "പാണ്ഡവന്റെ രൂപം കണ്ടാലഹോ" "സ്മരസായകദൂനാം" ഇത്യാദി പദങ്ങളുടെ സർവ്വാങ്ഗീണമായ സ്വാരസികത ആരെയും ആനന്ദതുന്ദിലരാക്കുവാൻ പര്യാപ്തമാണ്. "കണ്ടാലതിമോദം" എന്ന പദംമാത്രം ഇവിടെ പകർത്താം.

"കണ്ടാലതിമോദമുണ്ടായ്‌വരും വിപിനമിതു കണ്ടായോ
കൊണ്ടൽനിര തിമിരമിടയുന്ന തവ നീണ്ടുചുരുണ്ടൊരു കചമിന്നു പല
വണ്ടുകളുടനുടനിഹ വന്നു മൃദുകണ്ടിവാർകുഴലി! കണ്ടുകണ്ടു
പുനരിണ്ടൽപൂണ്ടു ബത മണ്ടിടുന്നു. (കണ്ടാൽ)
കീചകമിത കുഴലൂതുന്നു പികഗീതവിശേഷമൊടിടചേർന്നു ഹൃദി
സൂചിതമോദമൊടിഹ നിന്നു ചില വല്ലികാനടികൾ
വായുസഞ്ചലിത പല്ലവാംഗുലിഭിരഭിനയിക്കുന്നു. (കണ്ടാൽ)
കരവകതരുനിരകളിൽനിന്നു ചില കസുമനികരമിതാ
പൊഴിയുന്നു തവ കുറുനിരകളിലിത വീഴുന്നു അതു കവലയാക്ഷി
കുതുകേന നിന്നെയെതിരേല്ക്കുന്നെന്നിഹ തോന്നീടുന്നു." (കണ്ടാൽ)

ഇത്തരത്തിലുള്ള ശ്രുതിമധുരങ്ങളായ സൂക്തികൾ മാത്രമാണ് കോട്ടയം കഥകളിൽ നാം പ്രായേണ കാണുന്നത്. എല്ലാ രസങ്ങളും പ്രകടിപ്പിക്കുവാൻ കവിയ്ക്കു് ഒന്നുപോലെ പ്രാഗല്ഭ്യമുണ്ടെങ്കിലും വീരരസത്തിലാണ് അദ്ദേഹത്തിനു വിശേഷ പ്രതിപത്തിയെന്നും ഓജഃപ്രധാനമാണ് അദ്ദേഹത്തിന്റെ കവന ശൈലിയെന്നും ഭാവുകന്മാർക്കു ഗ്രഹിക്കാവുന്നതാണല്ലോ.

## തമ്പുരാന്റെ അഭിനയപാടവം

കാലകേയവധത്തിൽ "വാടാ പോരിന്നായ്" എന്ന അർജ്ജുനന്റെ സമരാഹ്വാനം കേട്ടു ക്രോധാവിഷ്ടനായി തന്റെ അനുചരന്മാരോടുകൂടി യുദ്ധത്തിനെത്തിയ നിവാതകവചൻ അദ്ദേഹത്തോട്

“ആരെന്നു നീ പറഞ്ഞീടണമെന്നോടു
പോരിന്നായ് വന്നതും ചാരുകളേബര!
മാരനോ മാധവൻതാനോ മഹാമതേ
മാരാരിയോ മാനുഷരിലൊരുവനോ”

എന്നു കാമപരവശയായ ഒരു നായിക നായകനോടെന്നപോലെ ചോദിക്കുന്നതു് അത്യന്തം അസ്വാഭാവികമായിരിക്കുന്നു. തമ്പുരാന് അത്തരത്തിൽ ഗണ്യമായ ഒരു പ്രമാദം പറ്റിയെന്നു സങ്കല്പിക്കുന്നതും ക്ഷോദക്ഷമമല്ല. ആ വരികൾ അദ്ദേഹത്തിന്റെ ഭാര്യയായ കൈതേരിമാക്കമാണ് എഴുതിച്ചേർത്തതെന്നും ആ വിദുഷിയുടെ പ്രീതിക്കുവേണ്ടി അവ അവിടെ കിടന്നുകൊള്ളട്ടെ എന്നു തമ്പുരാൻ നിശ്ചയിച്ചു എന്നും പുരാവിത്തുകൾ പറയുന്നു. ഏതായാലും, ആ ഭാഗം പ്രക്ഷിപ്തമല്ലാത്തതിനാൽ അതു് അവിടെ സ്ഥലം പിടിക്കുന്നതിന് എന്തെങ്കിലും പര്യാപ്തമായ കാരണം ഉണ്ടായിരുന്നിരിക്കണം എന്നു നമുക്ക് നിർണ്ണയിക്കാവുന്നതുതന്നെ. കോട്ടയത്തു തമ്പുരാൻ ഒരു സങ്ഗീതസാഹിത്യപാരദൃശ്വാവായ മഹാകവി എന്നതിനുപുറമെ അഭിനയകലയിലും അത്യന്തം നിഷ്ണാതനായിരുന്നു എന്നു ഐതിഹ്യം ഘോഷിക്കുന്നു. കോട്ടയത്തു തമ്പുരാന്റെ സമാനകാലികനായ സാമൂതിരിപ്പാട്ട് ഒരവസരത്തിൽ തന്റെ കോവിലകത്തു നാലഞ്ചു ദിവസം തുടർച്ചയായി കാലകേയവധം ആടിക്കുകയും ഉർവ്വശിയുടെ അഭിനയം കാലമാകുമ്പോൾ വാതിൽ തുറന്നു നോക്കി ഒരു ചരണം ആടിക്കഴിഞ്ഞാൽ വാതിലടയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ വർത്തമാനം കവി ധരിച്ചു സാമൂതിരിയെ വിവരമറിയിക്കാതെ താൻതന്നെ കളിസ്ഥലത്തെത്തി ഉർവ്വശിയുടെ വേഷം കെട്ടി ആടുകയും അന്നു സാമൂതിരി ആ പദാഭിനയം ആദ്യന്തം ആനന്ദപരവശനായി കണ്ടുകൊണ്ടിരിക്കയും ചെയ്തു. ആ അഭിനയത്തിന്റെ അവസാനത്തിൽ അന്നത്തെ ഉർവ്വശിവേഷക്കാരനെ തന്റെ മുമ്പിൽ കൊണ്ടുവരുവാൻ അവിടുന്ന് ആജ്ഞാപിക്കുകയും വന്നപ്പോൾ അതു കവിതന്നെയാണെന്നു മനസ്സിലാക്കി, “ഉർവ്വശിയുടെ പദം അവിടുന്നുതന്നെ ആടിക്കാണണമെന്നുള്ള എന്റെ മോഹം ഇന്നു സഫലമായി, ഞാൻ കൃതാർത്ഥനായി” എന്നു രോമാഞ്ചകഞ്ചുകിതനായി അരുളിച്ചെയ്കയും ചെയ്തുവത്രേ. ആട്ടക്കഥ രചിക്കുന്ന കവി ഒരു നടനുംകൂടിയായിരുന്നാൽ അതിന്റെ അഭിനയത്തിനു സിദ്ധിക്കാവുന്ന വൈശിഷ്ട്യം അന്യാദൃശം തന്നെയായിരിക്കുമെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

## ചില മുക്തകങ്ങൾ

കോട്ടയത്തു തമ്പുരാൻ ഉപരി നിർദ്ദിഷ്ടങ്ങളായ നാലു് ആട്ടക്കഥകളല്ലാതെ മറ്റൊരു കൃതിയും നിർമ്മിച്ചിട്ടുള്ളതായി അറിവില്ല. മോക്ഷദായകപ്രകരണം അദ്ദേഹത്തിന്റെ വാങ്മയമാണെന്നു ചിലർ പറയുന്നതു് അബദ്ധമാകുന്നു. അതു കിളിപ്പാട്ടുകാരൻ കോട്ടയത്തു തമ്പുരാന്റെ കൃതിയാണ്. കോട്ടയത്തിന്റെ നാലു് ആട്ടക്കഥകളിലുംകൂടി നോക്കിയാൽ രണ്ടു മണിപ്രവാളശ്ലോകങ്ങളേ കാണ്മാൻ കഴിയുന്നുള്ളു. കാലകേയവധത്തിലുള്ള ആ ശ്ലോകങ്ങൾ അടിയിൽ ചേർത്തുകൊള്ളുന്നു.

“സവ്യസാചി സമരേ ഹനിച്ചു സകലാമരാരിനിവഹം തദാ
ദിവ്യനാരികളെ വേർപെടുത്തധികസങ്കടാദമിതവിക്രമൻ
നവ്യയാകിയ ജയശ്രിയാ സഹ നനാമ വജ്രിണമുദാരധീ-
ർഹവ്യവാഹമുഖസർവ്വദേവഗണസേവ്യമാനചരണാംബുജം.”
“സ്വർവ്വധൂജനമണിഞ്ഞിടുന്നമണിമൌലിയിൽ ഖചിതരത്നമാ-

മുർവശീ തദനു മന്മഥേന ഹി വശീകൃതാപി വിവശീകൃതാ
ശർവ്വരീശകലഭ്രക്ഷണം യുവതിമോഹനം ധവളവാഹനം
പാർവ്വണേന്ദുമുഖി പാണ്ഡുസൂനുമഭിവന്ദ്യ ചൈവമവദത്സഖീം."

ഇവ കൂടാതെ മൂന്നു മണിപ്രവാളമുക്തകങ്ങൾ കൂടി അദ്ദേഹത്തിന്റെ വകയായി നമു ക്കു ലഭിച്ചിട്ടുണ്ട്. അവയും ഈ ഘട്ടത്തിൽ സ്മരണീയങ്ങളാണ്.

വിഷ്ണുമായാസ്തുതി:

"സ്വർണ്ണസന്നിഭശരീരവും തരളനൂപുരങ്ങൾ വലയങ്ങളും
ഗണ്ഡസഞ്ചലിതകണ്ഡലങ്ങളുമുലഞ്ഞു താണ മണികാഞ്ചിയും
കുത്തഴിഞ്ഞു കിഴിയുന്ന പൂന്തുകിലുമൊട്ടഴിഞ്ഞ കചഭാരവും
മുത്തുപോലെ ചില ഘർമ്മബിന്ദുകൾ മുഖാംബുജത്തിലുളവായതും

പന്തിടഞ്ഞ കളുർകൊങ്ക രണ്ടുമിടതിങ്ങി കിഞ്ചന കുലുങ്ങിയും
പന്തടിച്ചു ഗിരിശന്നു നേരെയൊരു മന്ദമാം ഗതിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവനമോഹനം ചില കടാക്ഷവും
ചിന്തചെയ്‌വതിനു മേ വരം തിരക ശംഭുമോഹിനി! ദിവാനിശം."

സ്ത്രീചാട്ടു:

"ജാതി ജാതാനുകമ്പാ ഭവ ശരണമയേ
മല്ലികേ കുപ്പുകൈ തേ
കൈതേ കൈതേരിമാക്കം കബരിയിലണിവാൻ
കയ്യിലാക്കും ദശായാം
ഏതാനേതാൻ മദീയാനലർശരപരിതാ-
പോദയാനാശു നീതാൻ
നീതാൻ നീതാനുണർത്തീടുക ചടുലവരി-
ക്കണ്ണിതൻ കർണ്ണമൂലേ."

ഒടുവിലത്തെ ശ്ലോകം തികച്ചും "അക്ഷരലക്ഷം" അർഹിക്കുന്നു. കോട്ടയത്തു തമ്പുരാൻ കഥകളിപ്രസ്ഥാനത്തിനു സ്വകൃതികൾ മൂലം നല്കീട്ടുള്ള ഉത്ഥാപനം ഈദൃക്കതകൊണ്ടും ഇയത്തകൊണ്ടും സഹൃദയന്മാർക്കു പരിച്ഛേദ്യമല്ല. കൊട്ടാരക്ക രത്തമ്പുരാൻ അദ്ദേഹത്തിന്റെ ശേമുഷീഖനിയിൽനിന്ന് ഉദ്ധരിക്കുക മാത്രം ചെയ്ത അദൃഷ്ടപൂർവ്വമായ കോഹിനൂർരത്നത്തിന്റെ ശാണഘർഷകൻ ആ മഹാത്മാവാ ണ്. അദ്ദേഹത്തിന്റെ കീർത്തി ചന്ദ്രിക കേരളവും കൈരളിയുമുള്ള കാലത്തോളം അമ്ലാനവും അപ്രതിമപ്രഭാവവുമായിത്തന്നെ പരിലസിക്കുകയും ചെയ്യും.

## 35

# ഭാഷാസാഹിത്യം

(ക്രി. പി. പതിനെട്ടാം ശതകം)

### പുത്രകാമേഷ്ടി പാട്ട്

പുത്രകാമേഷ്ടി പാട്ടിൽ ദശരഥന്റെ ജനനവും രാജ്യഭാരവും ഋശ്യശൃങ്ഗമഹർഷി നടത്തുന്ന പുത്രകാമേഷ്ടിയും ശ്രീരാമന്റെ അവതാരവും മറ്റുമാണ് പ്രതിപാദ്യം. കവിതയ്ക്കു വളരെ ചാതുര്യവും തന്മയത്വവുമുണ്ട്. അയോധ്യാവർണ്ണന, ദശരഥന്റെ സന്താനകാംക്ഷ മുതലായ ഭാഗങ്ങൾ പ്രത്യേകം രസനിഷ്യന്ദികളാണ്.

ഈ പാട്ടു നാലു പാദങ്ങളായി വിഭജിച്ചിരിക്കുന്നതിൽ ഒന്നും മൂന്നും പാദങ്ങൾ തരങ്ഗിണിയിലും രണ്ടും നാലും പാദങ്ങൾ ദ്രുതകാകളിയിലും രചിച്ചുകാണുന്നു. 'പൊഴിൽ, മറയവർ, തിറവിയ' മുതലായ പഴയ ശബ്ദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. അന്തരങ്ഗപരിശോധനയിൽ ഈ പാട്ട് എട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലോ ഒൻപതാംശതകത്തിന്റെ പ്രഥമ പാദത്തിലോ നിർമ്മിച്ചതായി ഗണിക്കേണ്ടിയിരിക്കുന്നു. ദശരഥൻ ബാല്യത്തിൽ അഭ്യസിച്ച കലകളുടെ കൂട്ടത്തിൽ ആട്ടക്കഥയെപ്പറ്റി പറഞ്ഞിരിക്കുന്നതുകൊണ്ട് ഇതിന് അത്രപഴക്കം കല്പിക്കുവാൻ പാടുള്ളതല്ലെന്നു ചിലർ വാദിക്കുന്നു. ഈ മിഥ്യാബോധത്തിനു കാരണം തിരുവനന്തപുരത്ത് വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിലെ ഭാഷാഗ്രന്ഥസൂചി തയ്യാറാക്കിയവർ പ്രസ്തുത ഗ്രന്ഥത്തിലെ ആ ഭാഗം തെറ്റി വായിച്ചതാണ്. വാസ്തവത്തിൽ ആട്ടക്കഥ എന്നൊരു ശബ്ദമേ കവി ആ ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടില്ല. താഴെ ഉദ്ധരിക്കുന്ന വരികൾ നോക്കുക:

> "പമ്പരമരശമ്മാനകണ്ണായം വമ്പെഴും ചതുരങ്ഗം മണിച്ചത്
> തണ്ടി വീണ കുഴൽ തകിൽ മദ്ദളം ആട്ടം പാട്ടുകചാരി പുറചാരി
> വാട്ടമറ്റ തൊഴിൽ കരണാദികൾ ഗോഷ്ഠിവാക്കുകളോടുമോരോ ചാട്ടം
> വാളയപ്പതിരിപ്പുകൾ വായ്പ്പെഴും കമ്പവിച്ച കയറ്റവിച്ചകളും
> കുതിരപ്പയിറ്റാനപ്പയിറ്റുകൾ തേർകടാവുകവേട്ടു വിനോദങ്ങൾ."

ആണ്ടിയാട്ടം, കൂടിയാട്ടം മുതലായി പലവിധത്തിലുള്ള ആട്ടങ്ങൾ പണ്ടു പ്രചരിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു കവിയുടെ വിവക്ഷ രാമനാട്ടമാണെന്നു സങ്കല്പിക്കേണ്ട ആവശ്യമില്ല.

മാതൃക കാണിക്കുവാൻ ഈ പാട്ടിൽനിന്നു കുറെ വരികൾ ഉദ്ധരിക്കാം.

(1) അയോധ്യാവർണ്ണനം:

“പുരികളിലവനിയിലിതു മുമ്പായതു് പുരുഹൂതൻപുരി യെന്നതുപോലെ
അനുപമസമ്പത്തുകളോർക്കുമ്പോളളകാപുരി പുനരെന്നേ തോന്നും
നിർമ്മലഭാവം നിരുപിക്കുമ്പോൾ ബ്രഹ്മാലയമാണെന്നേ തോന്നും
കല്മഷനാശനവൈഭവമോർത്താൽ വൈഷ്ണവലോകമിതെന്നേ തോന്നും
ശിവകരവസ്തുവിശേഷം പാർത്താൽ ശിവലോകം പുനരെന്നേ തോന്നും
ഹരിയോ ഹരി ഹരി ഭാസ്കരവംശദിവാകരനുദയം പർവ്വതമായതു
സൂരിയകുലമാം ദീപജ്വാലയ്ക്കാദരവേറും രത്നവിളക്കതു
വണ്ടാർകുഴലികൾതിലകമതാകിയ തണ്ടാർമാതിനു കളിമന്ദിരമതു
ആനന്ദത്തിനു പൊന്നിൻഗൃഹമതു ആശ്ചര്യത്തിനു മാശ്രയമായതു
ജയനർത്തകവരതരുണിതതിക്കൊരു മരതകനാടക ശാലയതായതു
കോമളതയ്ക്കൊരു പൂമ്പൊഴിലായതു വീരനൃപന്നൊരു പൂത്തഴയായതു
അർത്ഥിജനത്തിനു കല്പകമാമതു ആശ്രിതജനചാതക കരുമുകിലതു
അഖിലനൃപാംബുജപകലവനായതു സകലഗുണങ്ങൾ ക്കാകരമായതു
നിഖിലജനാളീനയനോത്സവമതു ദുഷ്കർമ്മത്തിനു പാഴ്ക്കലനിലമതു
വിക്രമമാകിയ മകരകുലത്തിനു ചൊല്ക്കലരും മകരാലയമായതു
ഓരോ ചാരുകിടങ്ങുകൾ കണ്ടാലോരോവാരിധിയെന്നേ തോന്നും
വാർകോലും കല്ലോട്ടകൾ കണ്ടാൽ ലോകാലോകമിതെന്നേ തോന്നും.
പൊന്മതിൽ മമ്മാ! കാണുന്തോറും നന്മണിസാനുവിതെന്നേ തോന്നും
പ്രാസാദാഭോഗം കാണുമ്പോൾ കൈലാസാചലമെന്നേ തോന്നും
വെണ്മാടങ്ങളിലേറാനുള്ളൊരു സോപാനങ്ങളെ നോക്കുന്നേരം
സ്വർഗ്ഗത്തിങ്കൽപ്പോവാനുള്ളൊരു പെരുവഴിയെന്നേ പേർത്തും തോന്നും.

(2) അപുത്രനായ ദശരഥന്റെ മനോരാജ്യം:

“ഗർഭമായ് ഭാര്യമാരിലൊരുത്തരെ
കെല്പകേടോട്ടു കൂടീട്ടു കണ്ടാവൂ.

ഉദരം ക്രമത്താലേ വളരുന്ന-
തുദിതാനന്ദമൊന്നു ഞാൻ കണ്ടാവൂ.

അരുതായ്കയും പൂണ്ടു മടയവ-
രാരങ്ങളെയഴിപ്പിതും കണ്ടാവൂ.

പ്രസവിക്കുന്ന കാലമണയുമ്പോൾ
പകരുന്നതാം ഭാവങ്ങൾ കണ്ടാവൂ.

പ്രസവിക്കുമിപ്പോഴെന്നുമില്ലെന്നും
പലരും പറയുന്നതു കേട്ടാവൂ.

ചെറുക്കൻ പിറന്നുവെന്നു ചൊല്ലുന്ന-
തുറക്കത്തിലൊന്നെങ്ങാനും കേട്ടാവൂ.

> അതു ചൊല്ലുവോർക്കോരോരോ വസ്തുക്കൾ
> കൊടുത്താവൂ എൻ കൈകഴപ്പോളവും.
>
> ജാതകർമ്മങ്ങൾ ഞാൻ ചെയ്തുകൊണ്ടാവൂ
> ചേതോരമ്യമായിട്ടെന്റെ ദൈവമേ!
>
> പുത്രൻതന്മുഖമൊന്നു ദർശിച്ചാവൂ,
> മുകർന്നാവൂ മുകത്തണച്ചാവൂ ഞാൻ
>
> നാമമിട്ടാവൂ ചോറു കൊടുത്താവൂ
> നാൾതോറും കരയുന്നതും കേട്ടാവൂ
>
> ഒറ്റടി വയ്പതും പിന്നെ വീഴ്വതും
> നാലഞ്ചാറു പദം നടക്കുന്നതും
>
> വീണു മെല്ലെ നിലത്തു കിടപ്പതും
> പിരണ്ടിട്ടങ്ങുരുണ്ടു മറിവതും
>
> വീണ്ടടനെയെഴുന്നേറ്റു നിന്നിട്ടു
> മന്ദമന്ദം നടപ്പതും കണ്ടാവൂ."

ഒടുവിലത്തെ വരികൾകൂടി ചുവടെ ചേർക്കുന്നു:

> "കഞ്ഞിയും നെയ്യും നന്നായ്ക്കൂടിക്കണം
> കണ്ടവർക്കൊത്തവണ്ണമരുതതു്.
>
> കട്ടിന്മേൽ കിടക്കേയാവു നിർണ്ണയം
> കണ്ട വസ്തുക്കൾ കാട്ടരുതേതുമേ.
> എന്നിവണ്ണമവരവർതങ്ങടെ
> വൈദുഷ്യം പ്രയോഗിക്കുന്നതിൻമുന്നേ
>
> വിശ്വനാഥൻ പിറന്നങ്ങു വീണതേ
> ഗർഭപാത്രത്തിൽനിന്നു ധരണിയിൽ."

## കോട്ടയത്തു കേരളവർമ്മത്തമ്പുരാൻ

### ജീവചരിത്രം

തുഞ്ചത്തു ഗുരുനാഥന്റെ കാലത്തിനുശേഷം കിളിപ്പാട്ടു രീതിയിൽ ഗ്രന്ഥങ്ങൾ നിർമ്മിച്ചു യശസ്സു നേടിയ ആദ്യത്തെ കവിപുങ്ഗവൻ കോട്ടയത്തു കേരളവർമ്മത്തമ്പുരാനാകുന്നു. അദ്ദേഹത്തിന്റെ പൂർണ്ണനാമം വീരകേരളവർമ്മാവെന്നാണ് 871-ലെ ഒരു ശാസനത്തിൽ കാണുന്നതു്. തമ്പുരാൻ 820-ആണ്ടിടയ്ക്കു ജനിച്ചിരിക്കണം. 852-ൽ അന്നത്തെ കോലത്തിരിയായ പുതിയ പള്ളിക്കോവിലകത്തു രവിവർമ്മത്തമ്പുരാനും അദ്ദേഹവും തമ്മിൽ തലശ്ശേരി തിരുവങ്ങാട്ടു കോട്ടയിൽവെച്ച് ഒരു സന്ധി നടന്നതിനു രേഖയുണ്ടു്. പുതുവാതപ്പാട്ട് (പുതുബാധപ്പാട്ട്) എന്ന പേരിൽ കേരളവർമ്മത്തമ്പുരാന്റെ ജീവിതചരിത്രത്തെ പരാമർശിച്ച് ഒരു വില്ലടിച്ചാൻപാട്ടു തിരുവനന്തപുരത്തും അതിനു തെക്കുള്ള പ്രദേശങ്ങളിലും ദുർദ്ദേവതാപ്രീതിക്കെന്നുദ്ദേശിച്ചു പാടിവരുന്നുണ്ടു്. ആ കൃതിയുടെ പ്രണേതാവു് പരപ്പക്കുട്ടിപ്പുലവർ എന്ന ഒരു കവിയു

ടെ ശിഷ്യനും ഭാഷതെക്കൻ തിരുവിതാംകൂറിൽ ഇന്നും പ്രചരിക്കുന്ന പ്രാകൃതമായ മലയാംതമിഴുമാകുന്നു. തമ്പുരാന്റെ മരണാനന്തരം അധികകാലം കഴിയുന്നതിനു മുൻപു രചിച്ചിട്ടുള്ള ഒരു പാട്ടാണ് അതെന്ന് ഊഹിക്കുവാൻ കഴിയും. തമ്പുരാന്റെ ജീവിത ചരിത്രത്തിൽ അദ്ദേഹത്തെ തിരുവിതാംകൂറിലെ ഇളയരാജാവായി ദത്തെടുക്കുന്നതിനുമുൻപുള്ള ചില സംഭവങ്ങൾ ആ പാട്ടിൽ വിവരിച്ചുകാണുന്നു. അവയെ താഴെ കാണുന്നവിധത്തിൽ സംഗ്രഹിക്കാം. പുറവഴിനാട്ടിലെ (കോട്ടയം) ഗോദവർമ്മ [1]രാജാവിന് ഉമാദേവി എന്നൊരു സഹോദരി ഉണ്ടായിരുന്നു. ആ രാജ്ഞി കന്നിമാസം 10-ആം തീയതി കാർത്തിക നക്ഷത്രത്തിൽ കഥാനായകനെ പ്രസവിച്ചു. ആ രാജകുമാരൻ ബാല്യത്തിൽത്തന്നെ ആയുധാഭ്യാസത്തിലും അശ്വാരോഹണത്തിലും വൈദഗ്ധ്യം സമ്പാദിച്ചു. പോർക്കലി ഭദ്രകാളിയെ ഭജിച്ച് ആ ദേവിയുടെ തൃക്കയ്യിൽനിന്നു പൊന്നുടവാൾ വാങ്ങി. തന്നെ മാതുലൻ ഇളയരാജാവായി വാഴിക്കുന്നതിനു പ്രതിബന്ധങ്ങളുണ്ടാക്കിയ മന്ത്രിയെ വധിക്കുകയും ആ പാപം തീരുന്നതിനായി മാതാവിന്റെ നിർദ്ദേശമനുസരിച്ചു തീർത്ഥസ്നാനത്തിനു പോകുകയും ചെയ്തു. കന്നിച്ചേവുകക്കാർ എന്നു പേരുള്ള പതിനാറ് അങ്ഗരക്ഷകന്മാരും വിദ്വാനായ ഒരു ദ്രാവിഡ ബ്രാഹ്മണനും "കരുണൻ" അഥവാ കരുണാകരൻ എന്ന ഒരു പിഷാരടിയുമായിരുന്നു ആ യാത്രയിൽ അദ്ദേഹത്തിന്റെ അനുചരന്മാർ. പരദേശത്തു മയ്യത്തുര എന്ന ഒരു മുഹമ്മദീയരാജാവിന്റെ പുത്രിയായ താനാവതി എന്ന യുവതിയെ പാണിഗ്രഹണംചെയ്തു് തന്റെ ശ്വശുരന്റെ ശത്രുക്കളായ ചടക്കൻ എന്ന മറവപ്രഭുവിനേയും മുട്ടക്കൽ എന്ന തെലുങ്കപ്രഭുവിനേയും തന്റെ വാളിനിരയാക്കി ആ രാജ്യത്തിന്റെ അനന്തരാവകാശിയായി. പാട്ടിൽ തമ്പുരാന്റെ പ്രഭാവത്തെപ്പറ്റി ഒരു ഭടൻ മയ്യത്തുരയെ വർണ്ണിച്ചു കേൾപ്പിക്കുന്നതു താഴെക്കാണുംവിധത്തിലാണ്.

"നമ്മളുടെ രാച്ചിയത്തു വന്നതുണ്ടു
നായകനോ മാലയനോ നാനറിയേൻ.

അമ്മമാതാക്കളീന്റെട്ടുത്തവരോ?
അറിയാതമായ ചുറ്റിവന്തവരോ?

കർണ്ണനെന്നാലവർ കർണ്ണനും അല്ലേ,
കയ്യിലൊരു വില്ലുമമ്പുതാനുമില്ലേ.

ഭീമനെന്നാലവർ ഭീമനല്ലേ,
കയ്യിലൊരു ഭീമഗദയുമില്ലേ.

സോമകുലമോ സൂരിയകുലമോ,
സോമബിംബതുല്യമാം മുഖമതുണ്ടേ.

ഒമ്മ ചൊല്ലുവാനിപ്പുവിയിലാരുമില്ലേ,
ഒളിവു പൊൻനിറംപോലെ മേനി കണ്ടാൽ.

കണ്ടാൽപ്പല പല നിറം തോന്നും,
കയ്യിലൊരു വാളുമിരിപ്പതുണ്ടു.

തെണ്ടാട്ടും വാളു കണ്ടാലെല്ലാപേരും,
തെളിന്ത വാളും ചരവുമിതുപോലെയുണ്ടോ."

[1] ഈ പേർ കോട്ടയത്തു രാജാക്കന്മാർക്കു് ഉണ്ടായിതന്നതിനു തെളിവില്ല.

മയ്യത്തുരയുടെ രാജ്യത്തിൽ തദനന്തരം ചില ഭരണപരിഷ്കാരങ്ങൾ ഉൽഘാടനം ചെയ്തപ്പോൾ ശത്രുക്കൾ തമ്പുരാനെ ഗൂഢമായി കൊല്ലുന്നതിനു പ്രതിജ്ഞചെയ്യുകയും ഭദ്രകാളി ആ വിവരം സ്വപ്നത്തിൽ ധരിപ്പിച്ച് അവിടം വിട്ടുപോകണമെന്ന് അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തു. തമ്പുരാൻ കപ്പൽ കയറി തിരിയെ സ്വദേശത്തേയ്ക്കു പോയി അമ്മയെ സന്ദർശിക്കുകയും അവിടുന്ന് അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു. താനാവതി പ്രിയവിയോഗത്താൽ ശോകാർത്തയായി ആത്മഹത്യചെയ്തു. തമ്പുരാൻ കോട്ടയത്തെ യൌവരാജ്യത്തിൽ അഭിഷിക്തനായി. എങ്കിലും തീർത്ഥസേവനത്തിലുള്ള ആസക്തി അദ്ദേഹത്തെ വീണ്ടും വിദേശപര്യടനത്തിനു പ്രേരിപ്പിച്ചു. കോഴിക്കോട്ട്, കൊച്ചി, പറവൂർ, ആലപ്പുഴ, കൊല്ലം, പരവൂർ മുതലായ സ്ഥലങ്ങൾ കടന്നു വർക്കലയിലെ പ്രസിദ്ധ തീർത്ഥസ്നാനഘട്ടത്തിൽ ചെന്നുചേർന്നു. അവിടെ സ്നാനം ചെയ്യുന്ന അവസരത്തിൽ 'ആണ്ടിരങ്കനണ്ണാവി' എന്നൊരു ബ്രാഹ്മണൻ അന്ന് ആറ്റിങ്ങൽ മൂപ്പുവാണിരുന്ന അശ്വതിതിരുനാൾ ഉമയമ്മറാണിയെ സന്ദർശിച്ചാൽ അതും ഒരു തീർത്ഥ സ്നാനമാകുമെന്ന് അറിയിക്കുകയാൽ അവിടെപ്പോയി ആ രാജ്ഞിയെക്കണ്ടു.

> "വേണാട്ടിൽപ്പടവീടാളുകയ്ക്കു
> വേന്തനില്ലാതെ നിനന്തിരിപ്പേൻ.
>
> വെറ്റിയാകത്തെപ്പം തിരുമാടമ്പുംകൊണ്ട്
> ആളും പടവീട്ടിൽപ്പോമേയിപ്പോൾ."

അതായതു, വേണാട്ടിലെ പടവീടു രക്ഷിക്കുന്നതിന് ആളില്ലാത്തതിനാൽ അവിടുന്നു ദത്തും തിരുമാടമ്പുംകൊണ്ട് ആ സാഹായ്യം തനിക്കു ചെയ്തുതരണമെന്ന് ഉമയമ്മറാണി അഭ്യർത്ഥിച്ചു. അങ്ങനെ കോട്ടയത്തു കേരളവർമ്മത്തമ്പുരാൻ വേണാട്ടിലെ ഇളയരാജാവായി. ആ റാണിയുടെ പുത്രനായ രവിവർമ്മത്തമ്പുരാനായിരുന്നു അന്നത്തെ വലിയ തമ്പുരാൻ. എന്നാൽ അദ്ദേഹത്തിനു പതിനാറു വയസ്സു തികയാത്തതിനാൽ റാണിതന്നെ രാജ്യരക്ഷ ചെയ്തുവന്നു. 860-ൽ രവിവർമ്മത്തമ്പുരാൻ മൂപ്പേറ്റുവെങ്കിലും അദ്ദേഹവും ഇളയരാജാവും ഒന്നിച്ചു സമസ്തസന്ധന്മാരെന്ന നിലയിലാണ് നാടുവാണതു്. രവിവർമ്മത്തമ്പുരാൻ രാമായണസംഗ്രഹം രചിച്ചതു കേരളവർമ്മ രാജാവിന്റെ സഹവാസം മൂലമായിരിക്കാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ട്. "വടക്കു പിറവഴിയായി നാട്ടിൽനിന്നും തീർത്ഥയാത്രയാക വന്ന കേരളവർമ്മരെ ദത്തുടയതാക്കി ഹിരണ്യ സിംഹനല്ലൂർ (ഇരണിയിൽ) ഇളമുറയ്ക്കു നീട്ടുകൊടുത്തു" എന്ന് 861-ലെ ഒരു മതിലകം രേഖയിൽ കാണുന്നു. ആ ദത്തു നടന്നതു് 854-ആണ്ടിടയ്ക്കാണെന്നും ആ രേഖയിൻനിന്നു വിശദമാകുന്നുണ്ട്. 853-ആണ്ടിടയ്ക്കു "മുകിലൻ" എന്ന പേരിൽ പ്രഖ്യാതനായ ഒരു മുഹമ്മദീയസേനാനി തിരുവിതാംകൂർ കൈകേറി മണക്കാട്ടു പാളയമടിച്ചുകൊണ്ടു രാജ്യത്തിനു പല ശല്യങ്ങളും ഉണ്ടാക്കി. തമ്പുരാൻ ആദ്യമായി ആ ശത്രുവിനെ തിരുവട്ടാറ്റുവച്ചു നടന്ന ഒരു യുദ്ധത്തിൽ നാമാവശേഷനാക്കി. തിരുവനന്തപുരത്തു പുത്തൻകോട്ടയിലുണ്ടായിരുന്ന കൊട്ടാരം പൊളിച്ചു കോട്ടയ്ക്കകത്തു വലിയ കോയിക്കലെന്നും കൊച്ചുകോയിക്കലെന്നും രണ്ടു കോവിലകങ്ങൾ പണിയിച്ചു. അവ ഇന്നും തിരുവിതാംകൂർ രാജ്ഞിമാരുടെ ആവാസഹർമ്മ്യങ്ങളായി പരിലസിക്കുന്നു.

871-ആണ്ടു മകരമാസം 25-ആംനു ഒരു ശാസനംമൂലം അദ്ദേഹം രാജ്യത്തിൽ പുലപ്പേടി എന്നും മണ്ണാർപ്പേടിയെന്നും പറഞ്ഞുവന്ന ഒരു ദുരാചാരം ഉന്മൂലനംചെയ്തു. മകരം 28-ആംനു മുതൽ മേടം 10-ആംനുവരെ പുലയർ മണ്ണാർ എന്നീ ജാതി

കളിൽപ്പെട്ട പുരുഷന്മാർ, ബ്രാഹ്മണർ നായന്മാർ മുതലായ ജാതികളിൽപ്പെട്ട സ്ത്രീകളെ ഏതു വിധത്തിലെങ്കിലും സ്പർശിച്ചു പോയെങ്കിൽ ആ സ്ത്രീകൾക്കു ജാതിഭ്രംശം കല്പിച്ചുപോന്നിരുന്നു. "പിലപ്പേടി മണ്ണാർപ്പേടി എന്ന വകൈ പെണ്ണുംപിള്ളയ്ക്കു് ഉണ്ടായാൽ പെണ്ണുംപിള്ള കുളിച്ചു കരയേറിക്കൊണ്ടാൽ തോഴ (ദോഷ)മില്ല" എന്നാണ് ആ ശാസനത്തിലെ പ്രധാനവാക്യം.

അനന്തരം ആഭ്യന്തരങ്ങളായ ഉപപ്ലവങ്ങൾ ശമിപ്പിക്കുന്നതിനുവേണ്ടി നായിക്കരാജാവിന്റെ ഒരു സൈന്യത്തെ വരുത്തി കല്ലുളത്തുവെച്ച് അതിനു ഹേതുഭൂതന്മാരായിരുന്ന പ്രമാണികളിൽ ചിലരെ വധിപ്പിക്കുകയും അങ്ങനെ താൻ സ്വതന്ത്രനായപ്പോൾ തന്റെ രക്ഷയ്ക്കു വന്ന ആ വിദേശീയ സേനയേയും തിരിഞ്ഞു പടയിളക്കിച്ചെന്നു നശിപ്പിക്കുകയും ചെയ്തു. പിന്നീട് പുതുവാതപ്പാട്ടിലെ കഥ തുടരുകയാണെങ്കിൽ "ഇന്ത മന്തിരിമാർകളും നാനുമാകാതെ ഇതത്തിൽ പാരായിന്ത പ്പടവീട്ടിൽ" എന്നു നിശ്ചയിച്ചു ചില പുതിയ മന്ത്രിമാരെ നിയമിച്ചു. അതിൽ ക്ഷോഭിച്ചു പഴയ നേതാക്കന്മാരിൽ പതിനാറു പേർ അദ്ദേഹത്തെ എങ്ങനെയെങ്കിലും ഇല്ലായ്മചെയ്യണമെന്നു തീർച്ചപ്പെടുത്തി. തമ്പുരാൻ ഭദ്രകാളിയുടെ സ്വപ്നോപദേശവും റാണിയുടെ പ്രതിഷേധവചനവും വകവെയ്ക്കാതെ ഒരു ദിവസം രാത്രി തന്റെ ഉടവാൾപോലും കൊച്ചുകോയിക്കൽ വച്ചുംവച്ച് ഒരു തുളുനാടൻ കത്തിമാത്രം എടുത്തുകൊണ്ടു വലിയകോയിക്കൽ കോവിലകത്തിന്റെ ബഹിർദ്വാരത്തിൽ ചെല്ലവെ അവിടെ ശത്രുക്കൾ, അദ്ദേഹത്തെ വളയുകയും അവരുടെ നായകനായ പണ്ടാരക്കുറുപ്പ് അദ്ദേഹത്തെ വധിയ്ക്കുകയും ചെയ്തു.[2] ഈ സംഭവം നടന്നതു് 871-ആണ്ടു കർക്കടകം 22-ആംനുയാണ്. വിദേശികളും സ്വദേശികളുമായ സകല ചരിത്രകാരന്മാരും തമ്പുരാനെ ശത്രുക്കൾ വധിച്ചതായിത്തന്നെയാണ് പ്രസ്താവിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ ശേഷക്രിയ 853-ൽ കോലത്തുനാട്ടുനിന്നു ദത്തെടുത്ത നെടുമങ്ങാട്ടെ ആദിത്യവർമ്മത്തമ്പുരാൻ നിർവഹിച്ചു. ഈ വിവരണത്തിൽ നിന്ന് അദ്ദേഹം അധൃഷ്യനും അകതോഭയനുമായ ഒരു യോദ്ധാവായിരുന്നതിനുപുറമെ ശത്രുക്കളെ അമർച്ചചെയ്യുന്നതിൽ അത്യന്തം നൃശംസനുമായിരുന്നു എന്നു വെളിപ്പെടുന്നുണ്ടു്. ആ മഹാവീരൻ വലിയകോയിയ്ക്കൽ നടയിൽവെച്ചാണ് ഹതനായതെന്നും തന്നിമിത്തമുണ്ടായ ഘോരമായ ബാധോപദ്രവം നീങ്ങുവാൻ രാജകുടുംബത്തിൽനിന്നു പല മാന്ത്രികകർമ്മങ്ങളും ചെയ്യിക്കേണ്ടിവന്നു എന്നും നമുക്കു ധൈര്യമായി വിശ്വസിക്കാം. അതിന് ഉപോൽബലകങ്ങളായി അനേകം ഐതിഹ്യങ്ങളുമുണ്ടു്. അങ്ങനെ സംഭവബഹുലമായ ആ ജീവിതം അപ്രാപ്തകാലത്തിൽ അവസാനിക്കയും രാജ്യവും സാഹിത്യവും ആധിസമുദ്രത്തിൽ ആമഗ്നമാകുകയും ചെയ്തു.

## കൃതികൾ

കേരളവർമ്മത്തമ്പുരാൻ ഉദ്ദേശം 854 മുതൽ 871 വരെ ഉദ്ദേശം 17 കൊല്ലം തിരുവിതാംകൂർ ഇളയരാജാവായിരുന്നു എന്നു നാം ധരിച്ചുവല്ലോ. ഈ കാലഘട്ടത്തിനിടയ്ക്കു് അദ്ദേഹം (1) സുന്ദരകാണ്ഡാവസാനംവരെയുള്ള വാല്മീകി രാമായണം (2) പാതാളരാമായണം (3) ബാണയുദ്ധം (4) വൈരാഗ്യചന്ദ്രോദയം (5) മോക്ഷദായകപ്രകരണം (6) മോക്ഷസിദ്ധിപ്രകരണം (7) ഭീഷ്മോപദേശം എന്നിങ്ങനെ 7 ഭാഷാഗാനങ്ങളും (8) പടസ്തുതി എന്നൊരു ഭാഷാസ്തോത്രവും (9) രാഗമാലിക (10) പത്മനാഭകീർത്തനം എന്നീ പേരുകളിൽ രണ്ടു സംസ്കൃതസ്തോത്രങ്ങളും രചിച്ചതായി അറി

[2] പുതുവാതപ്പാട്ടിൽ വർണ്ണിക്കുന്ന ചില സംഭവങ്ങൾ കവികല്പിതമാണോ എന്നു നിശ്ചയമില്ലെങ്കിലും മറ്റു ചിലവ ചരിത്രദൃഷ്ട്യാ പരമാർത്ഥമാണെന്നു തെളിഞ്ഞിട്ടുണ്ടു്.

വുണ്ട്. വടക്കൻ കോട്ടയത്തു താമസിച്ചിരുന്ന കാലത്തും അദ്ദേഹം ചില പ്രബന്ധങ്ങൾ നിർമ്മിച്ചിരിക്കണം. അവയെപ്പറ്റി യാതൊരു വിവരവും ലഭിക്കുന്നില്ല. ഭാരതവിലാസത്തിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള കേരളവർമ്മരാമായണത്തിൽ യുദ്ധകാണ്ഡം കൂടി ചേർത്ത് ആ ഭാഗവും അദ്ദേഹം രചിച്ചതായി പ്രസ്താവിച്ചു കാണുന്നു. എങ്കിലും സുന്ദരകാണ്ഡംവരെയുള്ള ഭാഗത്തിലെ ശൈലിയും യുദ്ധകാണ്ഡത്തിലെ ശൈലിയുംകൂടി തട്ടിച്ചുനോക്കിയാൽ യുദ്ധകാണ്ഡം അതിൽ പിന്നീടു പത്താംശതകത്തിലോ മറ്റോ ജീവിച്ചിരുന്ന വേറെ ഏതോ ഒരു കവിയുടെ കൃതിയെന്നേ കവനകലാമർമ്മജ്ഞന്മാർക്കു തോന്നുകയുള്ളു. ആ കൃതിയിൽ സംസ്കൃതപദങ്ങൾ കൂടുമെന്നു മാത്രമല്ല, അതിന്നു മുമ്പിലത്തെ കാണ്ഡങ്ങളിൽ പ്രയുക്തങ്ങളായ തെക്കൻ പദങ്ങളും ശൈലികളും അതിൽ ഒരിടത്തും കണ്ടെത്താവുന്നതുമല്ല. ആ വഴിക്കു നോക്കുമ്പോൾ സുന്ദരകാണ്ഡാവസാനംവരെ മാത്രമേ തമ്പുരാൻ ആ കൃതി രചിച്ചുള്ളു എന്നു ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരുടെ പ്രസ്താവന വിശ്വാസയോഗ്യമായിരിക്കുന്നു. മോക്ഷദായകപ്രകരണം, കഥകളികളുടെ കർത്താവായ കോട്ടയത്തു തമ്പുരാനാണ് നിർമ്മിച്ചത് എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതു ശരിയല്ലെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ട്.

വാല്മീകിരാമായണത്തിലുള്ള അധോലിഖിതങ്ങളായ പംക്തികൾ പ്രകൃതത്തിൽ അനുസ്മരണീയങ്ങളാണ്.

> "അഞ്ചിതാകൃതികോലും വഞ്ചിഭൂവാസികളാൽ
> സഞ്ചിതപുണ്യപൂരം സഞ്ചിതം ജലരാശൗ
> അഞ്ചിതോരഗപതിമഞ്ചശായിയാം ദേവൻ
> പഞ്ചബാണാരിവന്ദ്യൻ പഞ്ചഭൂതാധിവാസൻ
> പഞ്ചകദ്വയശീർഷപഞ്ചജനാരിഗണ-
> പഞ്ചത കൊടുത്തവൻ പഞ്ചജനാസുരാരി."

> "പുരളീജനപദപുരളീഭുവി കളി-
> ച്ചുരുളീടിന ശിവൻ കരളിലിരുന്നെന്റെ
> തരളീകൃതയായ മതിയെയതിതരാം
> സരളീകരിക്കണം ചരിതമിതു ചൊല്വാൻ."

> "ശ്രീപതിയായീടുന്ന സ്യാനന്ദൂരേശൻതന്റെ
> ശ്രീപാദത്തിങ്കൽനിന്നു ശ്രീപാദങ്ങളും കൂപ്പി."

ഈ ഭാഗങ്ങളിൽ ഒന്നാമത്തേതിലും മൂന്നാമത്തേതിലും ശ്രീപത്മനാഭനേയും രണ്ടാമത്തേതിൽ കോട്ടയത്തു തമ്പുരാക്കന്മാരുടെ കുലദേവതയായ കൊട്ടിയൂർ ശിവനേയുമാണ് കവി വന്ദിക്കുന്നത്. ഗ്രന്ഥം ആരംഭിക്കുന്ന കാലത്ത് അദ്ദേഹം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു തൊട്ടു വടക്കുള്ള ശ്രീപാദം കൊട്ടാരത്തിൽ താമസിച്ചിരുന്നതായും "ശ്രീപാദത്തിങ്കൽനിന്നു" എന്ന വചനത്തിൽനിന്നു ഗ്രഹിക്കുവാൻ കഴിയും.

പാതാളരാമായണത്തിൽ "ഇതിവചനമലിവിനൊടു വഞ്ചിഭൂപാലകൻ ചോദിച്ചതുകേട്ടു ചൊല്ലിനാൾ ശാരിക" എന്നു പ്രഥമപാദത്തിലും "വഞ്ചിഭൂപാലകൻ കേരളവർമ്മന്റെ പുഞ്ചിരിയും ബഹുമാനവും ഭക്തിയും കണ്ടു കിളിമകൾ ചൊല്ലിനാൾ പിന്നെയും" എന്നു ചതുർത്ഥ പാദത്തിലും പ്രസ്താവന കാണുന്നു. ബാണയുദ്ധം പ്രഥമ പാദത്തിൽ "വഞ്ചിപുരളീശൻ നെഞ്ചിൽ കരുതുന്നു" എന്നും ദ്വിതീയപാദത്തിൽ "പുരളിവഞ്ചിഭൂവരനുടെ നെഞ്ചിലിരുന്നരുളുന്നൊരനന്തശായിയാം തിരുവനന്തനൽപ്പരമമരുന്ന തിരുവടിതാനും തുണയ്ക്കണം മുദാ" എന്നും കവി പാടുന്നു.

“വഞ്ചിഭൂപനുമേവം ചോദിച്ചോരനന്തര-
മന്നവും ചൊല്ലീടിനാൻ ഖിന്നത കളവാനായ്
കേൾക്കെടോ പുരളീശ പാർത്ഥിവശിഖാമണേ
വാസ്തവമേവമെങ്കിലാസ്ഥയോടിരുന്നു നീ.
മുക്തിദനായീടുന്ന നൽത്തിരുവനന്തേശൻ
വിശ്രുതകീർത്തികൊള്ളും പത്മനാഭന്റെ പാദ-
ഭക്തികൾകൊണ്ടു വേണം മുക്തിയെ വരുത്തുവാൻ.
അത്ര വൈഭവമുള്ള നൽത്തിരുവനന്തേശൻ
തത്സമീപത്തങ്ങെഴുന്നള്ളിയിട്ടിരിക്കവേ
ഭക്തവത്സലപാദം പ്രത്യഹം സേവിക്കിലോ
മുക്തി വന്നീടും നൃപസത്തമ ധരിച്ചാലും.
അത്രയല്ലി ഹ വന്നു ബദ്ധമോദേന കണ്ടേൻ
തല്പമാമനന്തന്മേൽത്തത്വമായുള്ള വസ്തു.”
“വന്ദാരുജനാളീമരന്ദപൂർണ്ണപാദാബ്ജം
ചിന്തയേ സന്തതം സ്യാനന്ദൂരപുരാധീശം”

എന്നീ വരികൾ വൈരാഗ്യചന്ദ്രോദയത്തിലുള്ളവയാണ്. “അനന്തതല്പേ പള്ളികൊള്ളുന്നോരനന്തേശനനന്തം ജന്മമെടുത്തീടുന്നു കൃപാനിധി” എന്നു മോക്ഷദായകത്തിലും ഒരു വാക്യം കാണുന്നു. മോക്ഷസിദ്ധി മോക്ഷദായകത്തിന്റെ തുടർച്ചയാണെന്നു മേൽ ഉപപാദിക്കും. ഈ രണ്ടു കൃതികളും വൈരാഗ്യ ചന്ദ്രോദയവും ഏകകർത്തൃകങ്ങളാണെന്ന് അവ ഒന്നിച്ചുവച്ചു വായിച്ചാൽ ഏതു സഹൃദയനും സ്പഷ്ടമാകുന്നതാണ്. ഭീഷ്മോപദേശത്തിൽ “പുരളീനായക ഭുജിച്ചതിൻശേഷം” “പുരളീനായക പറകിൽക്കേവലം” “കവികുലമണേ വിഗതശങ്കനായ്” “ഉരത്താനിങ്ങനെ പുരളീനാഥനും” “വഞ്ചീശ” ഇത്യാദി പംക്തികൾ കാണുന്നു. രാഗമാലയിലും പത്മനാഭകീർത്തനത്തിലും യഥാക്രമം “ദീനപാലനവഞ്ചിവീരകേരളവർമ്മഭൂപാല സേവിതപാദേ” എന്നും “ചിന്തയേ കവിവരാഞ്ചിതപുരളീ വഞ്ചിഭൂപതിരഹം സന്തതം ത്വാം” എന്നുള്ള കവിമുദ്രകളുണ്ട്.

## ഭാഷാവാല്മീകിരാമായണം

ഈ കൃതിക്കു സാധാരണമായി കേരളവർമ്മരാമായണം എന്നാണ് പേർ പറഞ്ഞു വരുന്നത്. ആദ്യത്തെ അഞ്ചു കാണ്ഡങ്ങൾ മാത്രമേ കവി ഭാഷാന്തരീകരിച്ചിട്ടുള്ളു എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. അതിനു മുൻപു മലയാളത്തിൽ നിരണത്തുരാമപ്പണിക്കർമാത്രമേ വാല്മീകിരാമായണം തർജ്ജമചെയ്തിരുന്നുള്ളു. അതിലെ ഭാഷാരീതി തമ്പുരാന്റെ കാലത്ത് അല്പം ദുരവഗാഹമായി പരിണമിച്ചിരുന്നിരിക്കണം. താൻ മൂലകൃതി ഭാഷയിൽ പരാവർത്തനം ചെയ്തതിന്റെ ഉദ്ദേശം കവി

“പലരും പലവിധം ഭാഷയിൽച്ചൊല്ലുന്നുണ്ടു
ഫലമെന്നതിലേറ്റമിതിലെന്നതും ചൊല്ലാം.
മൂലത്തിലുള്ള കഥയൊട്ടുമേയൊഴിയാതെ
ചാലവേ പറവൻ ഞാൻ ഗ്രന്ഥവിസ്തരത്തോടെ.
ശബ്ദാർത്ഥാലങ്കാരങ്ങൾ പാരമായ് ദീക്ഷിച്ചീല
ഗൂഢമായുള്ള പൊരുൾ മൂഢർക്കും തിരിയുമാ-
റൂഢവൈശദ്യമായിച്ചൊല്ലുവൻ മടിയാതെ”

എന്ന വരികളിൽ വിശദീകരിച്ചിരിക്കുന്നു. ആ പ്രതിജ്ഞ അദ്ദേഹം ആദ്യന്തം അഭങ്ഗുരമായി പരിപാലിച്ചിട്ടുമുണ്ട്. തമ്പുരാന്റെ ഭാഷ മൂഢന്മാർക്കും തിരിയുമാറ് അത്ര മാത്രം ലളിതവും പ്രസന്നവുമാണ്. സംസ്കൃതപ്രത്യയങ്ങൾ പ്രയോഗിക്കുന്നതിന് അദ്ദേഹത്തിനു വളരെ വൈമുഖ്യമുണ്ട്. മൂലത്തിലെ വിഷയങ്ങൾ യാതൊന്നും വിടാതെ കവി വാല്മീകിയുടെ കാവ്യതല്ലജത്തെ അക്ലിഷ്ടമനോഹരമായി അദ്വിതീയമായ രസസ്പൂർത്തിയോടുകൂടി വിവർത്തനം ചെയ്തിരിക്കുന്നു. "ശബ്ദാർത്ഥാലങ്കാരങ്ങൾ പാരമായ് ദീക്ഷിച്ചീല" എന്നു പറഞ്ഞിട്ടുള്ളതു പരമാർത്ഥംതന്നെ. ദ്വിതീയാക്ഷരപ്രാസഘടനയിൽപ്പോലും അദ്ദേഹം ശ്രദ്ധപതിപ്പിച്ചിട്ടില്ല. അങ്ങിങ്ങു ചില ഈരടികൾ നടുക്കുവെച്ചുതന്നെ ഒടിഞ്ഞുപോയിട്ടുണ്ട്. ആ മാതിരിയിലുള്ള സൌന്ദര്യാധായകത്വത്തിന്റെ അവസ്ഥ എങ്ങനെയിരുന്നാലും തമ്പുരാന്റെ രാമായണം അതിന്റെ അകൃത്രിമമായ രാമണീയകംകൊണ്ടു കൈരളിയുടെ മികച്ച കണ്ഠാഭരണങ്ങളിൽ ഒന്നായി പരിലസിക്കുന്നു. ശ്രീരാമഭക്തന്മാരിൽ അഗ്രേസരനായിരുന്ന അദ്ദേഹം ആ അവതാരപുരുഷനെപ്പറ്റി പല രഹസ്യങ്ങളും ഗുരുമുഖത്തിൽനിന്നു ധരിച്ചിരുന്നു എന്ന് ഊഹിക്കുവാൻ

ചൊല്ലെഴും രഘുപതിതന്നുടെ പരമാർത്ഥം
നല്ലൊരു ഗുരു ചൊല്ലി മിക്കതുമറിഞ്ഞു ഞാൻ.
ആവോളം വെളിവാക്കിച്ചൊല്ലുവാൻ ഭയമുണ്ടു
ദേവഗുഹ്യങ്ങളെല്ലാം ഗോപ്യമായിരിക്കണം.
വല്ലഭമുള്ള ജനം നമ്മുടെ ചൊല്ലിലുള്ള
മർമ്മങ്ങൾ നോക്കുന്നേരം മിക്കതും വെളിയാകും."

എന്ന വരികൾ പഴുതു നല്കുന്നു. അവയെത്തുടർന്നുള്ള ചില ഈരടികൾ ആ മർമ്മങ്ങളിൽ ഒന്നു കവി എങ്ങനെ ആവിഷ്കരിക്കുന്നു എന്നു നമുക്കു കാണിച്ചുതരുന്നുണ്ട്.

"കാശ്യപൻ ദശരഥൻ കൗസല്യയദിതിയാം
ചക്രമാം ഭരതനും ശംഖമാം ശത്രുഘ്നനും
ലക്ഷ്മണൻ പന്നഗേശൻ ലക്ഷ്മിയാമവനിജ-
യെന്നതു മനതാരിലേവരുമറിയേണം.
നാഗമാം കുണ്ഡലിനി ചക്രമാം തേജസ്സെന്നും
നാദമാം ശംഖമെന്നും മായയാം ലക്ഷ്മിയെന്നും
രാമനാം പരമാത്മാവെന്നതുമറിഞ്ഞവർ
മേല്പെട്ടു വിചാരിപ്പാൻ പാത്രമെന്നതും ചൊല്ലാം.
മായയാം കൗസല്യയും ബ്രഹ്മമാം ദശരഥ-
നാത്മാവാം രാമൻ സീത ബുദ്ധിയാമെന്നും ചൊല്ലാം."

ചില ഘട്ടങ്ങളിൽ കവി മൂലത്തിലെ ആശയങ്ങളെ സമഞ്ജസമായി വികസിപ്പിക്കുന്നുണ്ട്. സുന്ദരകാണ്ഡത്തിൽ ദഗ്ദ്ധഭവനരായ രാക്ഷസന്മാരുടെ സ്ഥിതി മഹർഷി

"നൂനമേഷോ ഽഗ്നിരായാതഃ കപിരൂപേണ ഹാ! ഇതി
ക്രന്ദന്ത്യഃ സഹസാ പേതുഃ സ്തനന്ധയധരാഃ സ്ത്രിയഃ.
കാശ്ചിദഗ്നിപരീതേഭ്യോ ഹർമ്മേഭ്യോ മുക്തമൂർദ്ധജാഃ
പതന്ത്യോ രേജിരേ ഽഭ്രേഭ്യഃ സൌദാമിന്യ ഇവാംബരാൽ"

എന്നിങ്ങനെ പരിമിതങ്ങളായ വാക്കുകളൊക്കൊണ്ടേ പ്രദർശിപ്പിക്കുന്നുള്ളൂ. തമ്പുരാൻ ആ ഭാഗം എങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു എന്നു നോക്കുക.

"മാരുതിതന്റെ വേഷമായിട്ടു വരുന്നഗ്നി
പാരിതെന്നുരയ്ക്കുമ്പോൾ മുല്പെട്ടു പറഞ്ഞുതാൻ
തീപ്പിടി മുറിപ്പാനും ചൊല്പടി കേൾക്കുവോര-
ങ്ങുൾപ്പെടുന്നില്ല,യിപ്പോൾ കെല്പുകേടിത തീയിൽ
ഉൾപ്പെട്ടു പതിക്കുന്നേൻ തപ്പമാറായി കണ്ണിൽ
തീപ്പൊരി തെറിച്ചിട്ടു മേല്പുരവെന്തുവീണു,
ചായ്പുകൾ ഭസ്മമായി, ഏപ്പുകൾ വിട്ടുപോയി,
ഏപ്പുകൾ പറകയല്ലാപ്പുകൾ കാണ്മാനില്ല-
ങ്ങാർപ്പുകൾ കേൾപ്പാനില്ല, ശില്പങ്ങളഴിഞ്ഞുപോയ്.
ശില്പം നീ ചാടിപ്പോന്നാലുൽപത്തി വെന്തുപോമോ
അപ്പന്തി വെന്തുകൂടിയപ്പൊന്നുമെരിഞ്ഞുപോയ്
അപ്പനുമെരിഞ്ഞുപോയരിയുമെരിഞ്ഞുപോയ്
മക്കൾ പോയ് മകൻ പോയി മൈക്കണ്ണിതാനുംപോയി
മിക്കതും പൊരിഞ്ഞിപ്പോൾ ദുഃഖിപ്പാറായി ഞാനും.
അച്ഛൻ പോയച്ചി പോയി ജീവിതത്തിങ്കലുള്ളോ-
രിച്ഛ പോയിഷ്ടൻ പോയി, ജീവനും പോകുന്നില്ല.
കണ്ണു പോയെനിക്കെന്നും കാലു പോയെനിക്കെന്നും
കണ്ണു പോയിരിക്കാറായല്ലോ ഞാനിപ്പോഴെന്നും
പന്തൊക്കും മുലയാൾക്കു വെന്തുപോയ് മുലയെല്ലാം
കോകിലമൊഴിയാളിന്നാകുലമൊഴിയായി.
വണ്ടാർപൂങ്കുഴൽവേണി കണ്ടാലും കരിയായി
പേടമാൻമിഴിയാൾക്കു പട്ടു മാന്മിഴി രണ്ടും
അന്നത്തിൻനടപ്പോളിന്നുന്നത്തിൽ നടപ്പാറായ്
തൊണ്ടിവായ്മലരിണ തുണ്ടിച്ചു ശിവ ശിവ
രാപ്പട്ടങ്ങുടുത്തവൾ തീപ്പട്ടങ്ങുടത്തിഹ
നൂൽപ്പാട്ടു ധരിച്ചാലും നേർപ്പെട്ടങ്ങിരിക്കണം."

എന്നും മറ്റും ഏറ്റവും ദീർഘമായ രൂപത്തിലാണ് അദ്ദേഹത്തിന്റെ പ്രപഞ്ചനം. ഇതുപോലെ വേറേയും പല ദൃഷ്ടാന്തങ്ങൾ കാണിക്കാവുന്നതാണ്. രാമനില്ലാത്ത അയോധ്യ പാദുകാധാരിയായ ഭരതൻ എങ്ങനെ കണ്ടു എന്നു വാല്മീകി "വിഘാലോലൂകചരിതാം" എന്നു തുടങ്ങുന്ന അത്യുജ്ജ്വലങ്ങളായ ചില ശ്ലോകങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. ആ ശ്ലോകങ്ങളുടെ ഭാഷാനുവാദത്തിൽ ഒരു ഭാഗം അടിയിൽ ചേർത്തു തമ്പുരാന്റെ കവന രീതി സ്പഷ്ടമാക്കാം.

"പെരിച്ചാഴി കൂമൻ പെരിയ പൂച്ചയും
നിറഞ്ഞിരിക്കുന്ന പുരവും കണ്ടഥ
ഇരുട്ടിനാൽ നിറഞ്ഞൊരു കാളരാത്രി
പരിശോഭിക്കാതെയിരിക്കുന്നപോലെ
തപനനെക്കൊണ്ടു തപിച്ചിരിക്കുന്ന
പതത്രികൾകൊണ്ടുജലജന്തുകൊണ്ടും
കൃശയായുള്ളൊരു ഗിരിനദിപോലെ

കൊടി കുട തഴ കവചമെന്നിവ
ഭടവരന്മാരും മുറിഞ്ഞുപോയുള്ള
പടയിലാപത്തു ഭവിച്ചിരിക്കുന്ന
പടക്കൂട്ടം പാരം തളർന്നതുപോലെ
പവനനില്ലാത്ത കടൽത്തിരകൾതൻ
രവമില്ലാതെകണ്ടിരിക്കുംപോലെയും
സുകൃതമൊക്കെയുമൊടുങ്ങി ഭൂമിയിൽ
പതിച്ച നക്ഷത്രാവലിയെപ്പോലെയും
വസന്തകാലത്തിൽ സുപുഷ്പിതലത
വനാഗ്നിനാ വാടിക്കിടക്കുംപോലെയും
നവമണികളാൽ വിഹീനമായുള്ള
നവഹാരലതാവലികൾപോലെയും
ജലദങ്ങൾകൊണ്ടു മറഞ്ഞിരിക്കുന്ന
മതിയും താരകഗണങ്ങൾപോലെയും” ഇത്യാദി.

ബാലകാണ്ഡത്തിൽ “ചഞ്ചലാക്ഷിമാരുടെ പുഞ്ചിരിവിലാസവും” എന്നു തുടങ്ങുന്ന സ്ത്രീഗർഹണവും, കിഷ്കിന്ധാകാണ്ഡത്തിൽ “പച്ചളിപ്പിച്ചു പത്തുദിക്കുമൊക്കെ” എന്നു തുടങ്ങുന്ന ശരൽക്കാലവർണ്ണനവും “പങ്കജമലർകാണുമ്പോഴെന്നുടെ” എന്നു തുടങ്ങുന്ന ശ്രീരാമവിരഹ വർണ്ണനവും, സുന്ദരകാണ്ഡത്തിൽ “ഹാരമങ്ങൊരുത്തിക്കു ദൂരത്തു ചിതറിയും ചാരുവാം തിലകമങ്ങൊരുത്തിക്കഴിഞ്ഞിട്ടും” എന്നു തുടങ്ങുന്ന രാവണാവരോധനിദ്രയും മറ്റും കവി അത്യന്തം തന്മയത്വത്തോടുകൂടി വിവർത്തനം ചെയ്തിരിക്കുന്നു. ബാലകാണ്ഡവും സുന്ദരകാണ്ഡവും കേകയിലും, ആരണ്യകാണ്ഡവും യുദ്ധകാണ്ഡവും കാകളിയിലും, അയോധ്യാകാണ്ഡം അന്നനടയിലും, കിഷ്കിന്ധാകാണ്ഡം ദ്രുതകാകളിയിലുമാണ് രചിച്ചിരിക്കുന്നത്. കൊട്ടാരക്കരത്തമ്പുരാൻ തന്റെ ആട്ടക്കഥകളിൽ മൂന്നാമത്തേതായ വിച്ഛിന്നാഭിഷേകത്തിന്റെ ആരംഭത്തിലെന്നപോലെ കോട്ടയത്തു കേരള വർമ്മത്തമ്പുരാൻ തന്റെ കിളിപ്പാട്ടിന്റെ മൂന്നാമത്തെ ഭാഗമായ ആരണ്യകാണ്ഡത്തിന്റെ ആരംഭത്തിലും സംസ്കൃതമയമായ ഒരു ശ്രീരാമസ്തോത്രം ഘടിപ്പിച്ചിട്ടുണ്ട്. ആ സ്തോത്രം അത്യധികം ഹൃദയാകർഷകമാകയാൽ അതുകൂട്ടി പകർത്തിക്കൊണ്ടു മുന്നോട്ടേയ്ക്കു കടക്കാം.

“സലിലനിധിശായിനം സതതമനപായിനം
ഭജത ബഹുമായിനം പ്രണതസുഖദായിനം
കമലദലലോചനം കരിഭയവിമോചനം
ഖഗപരിവൃഢാസനം കലികലുഷനാശനം
വിബുധകൃതബന്ധനം വിനതഭയകൃന്തനം
വിധൃതഹരിചന്ദനം വിബുധവരനന്ദനം
യുവതിജനമോഹനം നയവിനയശാലിനം
ഭജത കനകാസനം സകലജനമോഹനം
ത്രിഭുവനവിഭൂഷണം ത്രിദശരിപുഭീഷണം
വിമലമൃദുഭാഷണം വിജിതഖരദൂഷണം
രുചിരതരകന്ധരം മനസിജസുസുന്ദരം
മഹിതജഗദാകരം മുഖവിജിതസാരസം
മുദിതവരമാനസം കനകരുചിവാസസം

കരവിധൃതഗോരസം മൃദുലകുടിലാളകം
മൃഗമദസുഫാലകം പരമവനിനായകം
ഭജത വരദായകം രഘുവരകഥാമൃതം
ദുരിതവിഷനാശനം ശ്രവണസുഖദായകം
ചെവികളിതുകൊണ്ടു പാനം മുദാ ചെയ്യുവിൻ.”

തമ്പുരാന്റെ കൃതികളിൽ രചനാഗുണംകൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു രാമായണം തന്നെ. വൈരാഗ്യ ചന്ദ്രോദയം, മോക്ഷദായകം, മോക്ഷസിദ്ധി, ഭീഷ്മോപദേശം, പാതാളരാമായണം എന്നിവ രണ്ടാം കിടയിലും ബാണയുദ്ധം മൂന്നാം കിടയിലും നില്ക്കുന്നു.

## പാതാളരാമായണം

പാതാളരാമായണത്തിലെ ഇതിവൃത്തം പ്രസിദ്ധമാണല്ലോ. രാമരാവണയുദ്ധത്തിൽ രാവണനെ സഹായിക്കുന്നതിനായി അധോഭുവനവാസിയായ പതാളരാവണൻ വിഭീഷണന്റെ വേഷത്തിൽ ഹനുമാന്റെ ലാംഗുലപ്രാകാരത്തെ അതിലംഘിച്ചു ഉറങ്ങിക്കിടന്നിരുന്ന രാമലക്ഷ്മണന്മാരെ അപഹരിച്ചു കൊണ്ടു പോകുന്നു. ഹനുമാൻ നൂതനരാവണന്റെ വാസസ്ഥാനം സുഗ്രീവനിൽനിന്നു ഗ്രഹിച്ചു ആ രാക്ഷസരാജാവിനെ ജയിക്കുവാനുള്ള ഉപായവും മനസ്സിലാക്കി അവിടേയ്ക്കു പോകുന്നു. ആ സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തിനു ദ്വാരപാലകനായ മത്സ്യവല്ലഭനെ ജയിക്കേണ്ടിവരുന്നു. ആ യുവാവു ഹനുമാന്റെ പുത്രനാണ്. രണ്ടു പേരും ആളറിയാതെ അന്യോന്യം അതിഘോരമായി യുദ്ധം ചെയ്യുന്നു. ഒടുവിൽ പരമാർത്ഥം മനസ്സിലാക്കി മത്സ്യവല്ലഭൻ പിതാവിനെ ഗുഹയിലേയ്ക്കു കടക്കുവാൻ അനുവദിക്കുന്നു. അകത്തു ചെന്നപ്പോൾ ഒരു വൃദ്ധ ഒരു കുടവും കൈയിൽ വച്ചുകൊണ്ടു വിലപിക്കുന്നതു കണ്ടു ഹനുമാൻ അതിന്റെ കാരണമെന്തെന്നു ചോദിക്കുകയും തന്റെ മകനെയും വേറേ എവിടെനിന്നോ കൊണ്ടുവന്നിട്ടുള്ള രണ്ടു യുവാക്കന്മാരെയും പാതാളരാവണൻ പുത്രോൽപത്തിക്കുവേണ്ടി അന്നു കുരുതികൊടുക്കുവാൻ നിശ്ചയിച്ചിരിക്കുകയാൽ അതിനു ശുദ്ധജലം കൊണ്ടുചെന്നു കൊടുക്കുവാനാണ് താൻ പോകുന്നതെന്ന് ആ സ്ത്രീ മറുപടി പറയുകയും ചെയ്യുന്നു. ഹനുമാൻ ആ ദുഷ്ടനെക്കൊന്ന് അവളുടെ പുത്രനെ അവിടത്തെ രാജാവായി അഭിഷേകം ചെയ്യാമെന്നു പ്രതിജ്ഞചെയ്തു, ആ കുടത്തിൽ ഒരു തവളയുടെ രൂപത്തിൽ അകത്തേക്കു പോകുന്നു. അന്തഃപുരത്തിൽ അതിസുന്ദരമായ ഒരു വാനരപ്പൈതലിന്റെ രൂപംപൂണ്ടു മാരുതി രാമലക്ഷ്മണന്മാരുടെ മുമ്പിൽ സാകൂതമായി ചാടിക്കളിക്കുകയും രാക്ഷസരാജാവിന്റെ ഭാര്യയായ സരമയുടെ പ്രീതിക്കു പാത്രീഭവിക്കുകയും ചെയ്യുന്നു. അപ്പോൾ പാതാളരാവണൻ ആ കുരങ്ങിനെ കടന്നുപിടിക്കുവാൻ ഒരുങ്ങുകയും ആ തക്കം നോക്കി ഹനുമാൻ തന്റെ ശത്രുവിനെ വാൽകൊണ്ടു ചുറ്റി യുദ്ധത്തിൽ വധിച്ചു രാമലക്ഷ്മണന്മാരെ വീണ്ടുകൊണ്ടു തിരിയെപ്പോകയും ചെയ്യുന്നു. ഇതാണ് ആ ഇതിവൃത്തം. പതാളരാമായണം കിളിപ്പാട്ടു കവി നാലു പാദങ്ങളായി രചിച്ചിരിക്കുന്നു. ഒന്നാമത്തെ പാദം കളകാഞ്ചിയിലും രണ്ടാമത്തേതു കേകയിലും മൂന്നാമത്തേത് അന്നനടയിലും നാലാമത്തേതു കാകളിയിലുമാണ് നിബന്ധിച്ചിരിക്കുന്നത്. ഹനുമാനും മത്സ്യവല്ലഭനുമായുള്ള യുദ്ധത്തിൽനിന്നു ചില ഈരടികൾ ചുവടേ പകർത്തുന്നു. മത്സ്യവല്ലഭനെ മാത്സ്യനെന്നാണ് കവി വ്യപദേശിച്ചിരിക്കുന്നത്.

“മതിൽ കടപ്പതിനടുത്തൊരു നേരം

മതി മതിയെന്നു തടുത്തൊരു കപി
മഹിതവിക്രമമുടയതാരിപ്പോൾ
മരണം വന്നവനടുത്തു നിശ്ചയം.
മതിമാനാകിയ യമൻ വരികിലും
മമ മനോഗതം ത്യജിച്ചുപോകുമോ?
ഇതി പറഞ്ഞുകൊണ്ടിടിനികരുട-
നലറി മാരുതിയൊടു മുടുകിനാൻ.
അതുനേരമടുത്തനിലനന്ദന-
നതികഠിനമായവനെത്താഡിച്ചാൻ.
പിടിച്ചു കൈത്തലം ഞെരിച്ചു മുഷ്ടികൊ-
ണ്ടിടിച്ചു മാറിടം പൊടിയുമാറഹോ
അടുത്തുടൻ നഖം പതിച്ചു മെയ്ക്കുളി-
ലൊലിക്കും ചോരയാലണിഞ്ഞിരുവരും
കരിവരർ തമ്മിൽപ്പൊരുതിടുംവണ്ണം
തലയോടു തലയടിച്ചുമങ്ങനെ
കൂടുകൂടെ വരും രുധിരം കൊപ്പിളി-
ച്ചുടൽ പൊടിയവേ ചവിട്ടിയും തദാ
പിടിച്ചു വാൽകൊണ്ടു മുറുക്കിദ്ദൂരവേ
പെരുത്ത കോപത്തോടെറിഞ്ഞുമൊന്നുപോൽ
കുരുത്ത താപമോടകലെ വാങ്ങിയും
തളർച്ച തീർന്നടുത്തെതിർത്തുമങ്ങനെ
പിടിച്ചുടല്ലടിച്ചുരുണ്ടു ഭൂമിയിൽ
പിരണ്ടുടൻ പൊടിയണിഞ്ഞിരുവരും
പഠിച്ചപോലുള്ള തൊഴിൽകൾ കാട്ടിനാർ
പവനപുത്രനും തദീയശത്രുവും."

## ബാണയുദ്ധം

ഈ കിളിപ്പാട്ടിലെ ഒടുവിലത്തെ ചില വരികൾ കിട്ടീട്ടില്ല. കവിതയ്ക്കു ഗുണം കുറവാണെന്നു സൂചിപ്പിച്ചുവല്ലോ. ആകെ രണ്ടു പാദങ്ങളേ ഉള്ളു. ഒന്നാം പാദം കളകാഞ്ചിയിലും രണ്ടാംപാദം അന്നനടയിലും വിരചിതമായിരിക്കുന്നു. വിദഗ്ദ്ധന്മാർക്കു പോലും വിഷമമായ കളകാഞ്ചികൊണ്ടു പെരുമാറുവാൻ കവിയ്ക്കുള്ള അപ്രഗത്ഭതയ്ക്കു കാരണം അപരിചയമായിരിക്കാം.

"മധുരിപുതന്റെ ചതുരത കണ്ടു
മധുമൊഴികളാമമരനാരിമാർ
മദനമാൽ പൂണ്ടു മയങ്ങി വീഴ്കയും"

എന്ന വരികളിലാണ് കിട്ടിയ മാതൃക അവസാനിക്കുന്നത്. പ്രസ്തുത കൃതി ഇങ്ങനെ ഉപക്രമിക്കുന്നു.

"ഗുളഗുളിക മധു മധുരമിയലുന്നൊരു പാൽ പഴം
മേളിച്ചതും ഭുജിച്ചാദരാലിന്നു നീ
കളക കിളിമകളെ കളിവചനമിവയൊക്കയും

കാലഭയം കളഞ്ഞീടുവാൻ ശാരികേ.
വളരുമൊരു ദുരിതമതു കളവതിനു നല്വ്ഴി
ചൊല്ലെടോ മെല്ലവേ കല്യമോദേന നീ.
കിളിമകളുമതുപൊഴുതു തെളിവിനൊടു ചൊല്ലിനാൾ
മേളമാർന്നുള്ളോരു ബാണയുദ്ധം കഥാ."

## വൈരാഗ്യചന്ദ്രോദയം

മേൽവിവരിച്ച ഗാനങ്ങൾ മൂന്നും കിളിയാണ് ഗാനം ചെയ്യുന്നതെങ്കിൽ, വൈരാഗ്യചന്ദ്രോദയവും ഭീഷ്മോപദേശവും പാടുന്നതു ഹംസമാണ്. ഇതിഹാസപുരാണങ്ങൾ കിളിയെക്കൊണ്ടും വേദാന്തശാസ്ത്രം ഹംസത്തെക്കൊണ്ടും ആഖ്യാനംചെയ്യിക്കുന്നു എന്നു പറയുവാൻ തരമില്ലാത്തവിധത്തിൽ വേദാന്തപരങ്ങളായ മോക്ഷദായകം, മോക്ഷസിദ്ധി ഈ കൃതികളും കവി കിളിയെക്കൊണ്ടുതന്നെ പാടിക്കുന്നതായും കാണുന്നു. അർത്ഥപുത്രകളത്രാദികളായ തുച്ഛവസ്തുക്കളിൽ ഭ്രമിച്ച മായയിൽ മോഹിച്ച സംസാരത്തിൽ മുഴുകി കർത്തവ്യബോധമില്ലാതെ കഴിഞ്ഞുകൂടുന്ന ജനങ്ങൾക്കു സുകൃതദുഷ്കൃതങ്ങളുടെ ഫലം, പ്രപഞ്ചത്തിന്റെ രഹസ്യം, ജനനമരണങ്ങളുടെ നിദാനം, ഭഗവൽഭക്തിയുടെ മാഹാത്മ്യം, ചാതുവർണ്ണ്യത്തിന്റേയും മറ്റും ധർമ്മങ്ങൾ ഇത്യാദിവിഷയങ്ങൾ ലളിതമായ ഭാഷയിൽ, ആകർഷകമായ രീതിയിൽ ഉപദേശിക്കുക എന്നുള്ള കൃത്യമാണ് തമ്പുരാൻ വൈരാഗ്യചന്ദ്രോദയംകൊണ്ടു സാധിക്കുന്നത്. നിർവേദം അഥവാ വൈരാഗ്യം ശാന്തരസത്തിന്റെ സ്ഥായിഭാവമാകയാൽ ഗ്രന്ഥത്തിന്റെ നാമധേയം അന്വർത്ഥമാകുന്നു.

"രാജഹംസമേ ജനിമോചനം കഥം വദ
രാജമാനമാനസാവാസ സാദരം മുദാ
തേജസാം നിധേ! കളഭാഷണ! പറകെടോ
ഭാജനം കർമ്മങ്ങടേതാക്കിനോരിതിനേയും"

എന്നിങ്ങനെ പാട്ട് ആരംഭിക്കുന്നു. കിളിയോടെന്നപോലെ ആലസ്യമുണ്ടെങ്കിൽ കുളിച്ചുപാലും പഴവും ഭുജിക്കാമെന്നു കവി ഹംസത്തോടു പറയുമ്പോൾ ആ പക്ഷി,

"ക്ഷീരത്തെക്കുടിപ്പാനും ഫലത്തെബ്ഭുജിപ്പാനു-
മാഗ്രഹമിവറ്റിലും പേർത്തുമില്ലറികെടോ,
ക്ഷുത്തൃഡാദികളെന്നതൊട്ടുമില്ലിഹ പാർത്താൽ
ഭക്തവത്സലനായ പത്മനാഭന്റെ പദ-
യുഗളസേവയായ നല്ലുളംതന്നിൽക്കുളി-
ച്ചെത്രയും ശുദ്ധനായിട്ടെപ്പൊഴും നടപ്പു ഞാൻ.
അത്രയല്ലതിമധുരത്തൊടുകൂടീടുന്ന
ഭക്തിയാകുന്ന പാലും നിത്യവും കുടിച്ചഥ
തത്ത്വമാകുന്ന പരവൃക്ഷമേറീട്ടങ്ങതി-
ലുത്തമമായീടുന്ന മുക്തിയാം ഫലമതിൽ
ഇച്ഛപൂണ്ടെങ്ങും തിരഞ്ഞെത്താഞ്ഞു നടക്കുമ്പോൾ
സത്യലോകത്തുന്നോരോ സത്തുക്കൾ പറഞ്ഞ വാ-
ക്കിത്തരം കേട്ടു പറന്നിങ്ങു വന്നതും, മഹാ-
മുക്തിദനായീടുന്ന നൽത്തിരുവനന്തേശൻ

തൽപാദപങ്കേരുഹം തത്ത്വമായ്ക്കാണുന്നേരം
മുക്തിയാം ഫലം നിനക്കെത്തുമെന്നോരോതരം
സത്തുക്കൾ പറഞ്ഞിട്ടു നിശ്ചയിച്ചിഹ ഞാനു-
മത്രയില്ലിതു വൈകുണ്ഠത്തിനു സമാനമെ-
ന്നുത്തമന്മാരാം ജനം പ്രത്യഹം പറയുന്ന
സത്യമെന്നിതു ധരിച്ചീടുക ധരാപതേ!"

എന്നിങ്ങനെ സമുചിതമായി പ്രത്യുത്തരം നല്കുന്നു. തമ്പുരാന്റെ വേദാന്തപരങ്ങളായ നാലു കൃതികളിലും പ്രഷ്ടാവു തമ്പുരാനും ഉപദേശം നല്കുന്നതു ഹംസവും കിളിയുമാണെങ്കിലും മുമുക്ഷുക്കൾക്കു തമ്പുരാൻതന്നെയാണ് ഉപദേഷ്ടാവായി നിലകൊള്ളുന്നത് എന്നുള്ള പരമാർത്ഥം ആത്മകഥാകഥനാത്മകവും കൂടിയായ മേലുദ്ധരിച്ച ഭാഗത്തിൽ അദ്ദേഹം വിശദീകരിക്കുന്നു. പരന്തപനും സമരശൂരനുമായിരുന്ന അവിടുന്നു ഭക്തനും വിരക്തനുമായാണ് ഈ കൃതികളിൽ അനുവാചകന്മാർക്കു പ്രത്യക്ഷീഭവിക്കുന്നത്;

"നിർമ്മലമായീടുന്ന പന്നഗഫണങ്ങളിൽ
മിന്നിന മണികൾകൊണ്ടുന്യൂനം പ്രകാശിക്കും
മന്മഥനുടെ നല്ല ലാവണ്യപൂരമായ
പൊന്മണിക്കിരീടത്തിന്നൊണ്മകൾ പറവതോ?"

എന്നു തുടങ്ങിയ ശ്രീപത്മനാഭന്റെ കേശാദിപാദവർണ്ണന ഏറ്റവും ചേതോഹരമായിരിക്കുന്നു. രാജധർമ്മത്തേയും മറ്റും പറ്റി വിസ്തരിക്കുന്ന ഭാഗങ്ങൾ മനോധർമ്മ പ്രകാശനത്തിനു മകുടോദാഹരണങ്ങളാകുന്നു. മാതൃക കാണിക്കുവാൻ രാജഭോഗത്തിന്റെ ഭംഗുരതയെപ്പറ്റിയുള്ള പ്രപഞ്ചനത്തിൽനിന്നു ചില ഈരടികൾ ഉദ്ധരിക്കാം.

"മത്തവാരണങ്ങളും മുത്തണിമുലമാരു-
മെത്തിവന്നെതിരിടുമുത്തമക്കുതിരയും
പുത്തനായുള്ള നിജപത്തനങ്ങളും തന്റെ
വിസ്തൃതമായ നല്ല രാജ്യവും ധനങ്ങളും
ചിത്രങ്ങളെഴുതിയ ഭിത്തിയും മണിക്കെട്ടും
ഛത്രവും ചാമരവും വിസ്തൃതം മണിയറ
ചിത്തമോദേന വാഴും ചിത്രമാം മാളികയു-
മുത്തമമുപധാനം മെത്തയും വിധാനവും
വേത്രങ്ങളെടുത്തഹോ! സ്തോത്രിക്കും ജനങ്ങളു-
മാർത്തു മുൻനടക്കുന്ന ചീർത്തൊരു വീരന്മാരും
നട്ടുവന്മാരും നട്ടുമട്ടുകാരരും പിന്നെ
നർത്തകിമാരും നല്ല ദർപ്പണഗേഹങ്ങളും
പട്ടുകൾ നിറച്ചുള്ള പെട്ടികൾ വിവിധമാം
മുത്തുകളോടു നല്ല വജ്രവും വൈഡൂര്യവും
പത്മരാഗവും നല്ല ശില്പമാം പവിഴവും
മുറ്റുമിന്ദ്രനീലമെന്നിത്തരം പതിച്ചുള്ള
വിസ്മയമായ പല ഭൂഷണമുണ്ടെങ്കിലു-
മൊട്ടുമേ വരാ കാലൻ കെട്ടിയിട്ടിഴയ്ക്കുമ്പോൾ."

ഒടുവിൽനരകത്തെ വർണ്ണിച്ചതിനുമേൽ

> "ഇത്തരം വരുമെന്നു സത്തുക്കളറിഞ്ഞഥ
> സത്ത്വമൂർത്തിയെബ്ഭജിച്ചീടണമനാരതം
> ഭക്തവത്സനായ പത്മനാഭന്റെ പദ-
> യുഗ്മളം കരുതുകിൽ മുക്തിയും വരും നൂനം."

തന്റെ ഉപദേശത്തിന്റെ സാരസംക്ഷേപം തമ്പുരാനെ ഒന്നുകൂടി ഗ്രഹിപ്പിച്ച "രാജ ഹംസവുമപ്പോൾ സത്വരം ദേവലോകം പുക്കിതു ശുഭം ശുഭം" എന്നിങ്ങനെ ഗ്രന്ഥം പരിസമാപ്തിയെ പ്രാപിക്കുന്നു. ആദ്യന്തം കേകാവൃത്തത്തിൽ വിരചിതമായ വൈ രാഗ്യചന്ദ്രോദയത്തിന്റെ സാരസ്യം പൂർണ്ണമായി ആസ്വദിക്കണമെങ്കിൽ അത് ആമൂ ലാഗ്രം അനന്യചിന്തയോടുകൂടി വായിച്ച് അനുസന്ധാനം ചെയ്യേണ്ടതാണ്.

## മോക്ഷദായകപ്രകരണം

അദ്വൈതവേദാന്തപ്രതിപാദകങ്ങളായ രണ്ടു ഗാനങ്ങളാണ് മോക്ഷദായകപ്രകര ണവും മോക്ഷസിദ്ധിപ്രകരണവും. മോക്ഷസിദ്ധിയുടെ ആരംഭത്തിൽ കാകളീവൃത്ത ത്തിലെഴുതിയ ചില ഈരടികൾ കാണുന്നുണ്ടെങ്കിലും അതും അതിനപ്പുറം മോക്ഷ ദായകത്തെപ്പോലെ കേകാവൃത്തത്തിൽത്തന്നെയാണ് വിരചിതമായിരിക്കുന്നത്.

> "പണ്ടൊരു വന്ധ്യാപുത്രൻതന്നുടെ തനയനാ-
> യുണ്ടായി സ്ഥാണുപുമാൻ ഗന്ധർവനഗരത്തിൽ
> ഉണ്ടാക്കീടിനാർ ശുക്തിരജതമായ മാല
> പണ്ടാരും വെള്ളിമാലയുണ്ടാക്കീട്ടുണ്ടോ കണ്ടു?"

എന്നു മോക്ഷദായകത്തിന്റെ അവസാനത്തിലും,

> സ്ഥാണുപുമാന്റെ കഥയെന്നപോലിതു
> വേണമെന്നാകിൽപ്പറയാം ചുരുക്കി ഞാൻ."

എന്നു മോക്ഷസിദ്ധിയുടെ ആരംഭത്തിലും കാണുന്നതുകൊണ്ട് മോക്ഷസിദ്ധി മോ ക്ഷദായകത്തിനുമേൽ തമ്പുരാൻ രചിച്ചതാണെന്ന് ഊഹിക്കാം. തെക്കൻവാക്കു കൾ രണ്ടു കൃതികളിലുമുണ്ട്. മോക്ഷദായകത്തിലെ "മണിയം മാറ്റീടുക" എന്ന ശൈലി തെക്കൻതിരുവിതാംകൂറുമായി പരിചയമുള്ള ഒരു കവിക്കല്ലാതെ പ്രയോ ഗിക്കുവാൻ സാധ്യമല്ല. "എന്റെയെന്നതും നിന്റെയെന്നതുമവനുടെ തമ്പിയെന്ന തുമണ്ണനെന്നതും ദ്വൈതഭ്രമം" എന്ന ഈരടി മോക്ഷസിദ്ധിയിലുള്ളതാണ്. ഈ രണ്ടു കൃതികളിലേയും വൈരാഗ്യചന്ദ്രോദയത്തിലേയും കവനശൈലി അഭിന്നമാ ണെന്നു മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൃഷ്ണമിശ്രയതിയുടെ പ്രബോധചന്ദ്രോ ദയനാടകത്തിലെ ഇതിവൃത്തത്തെ ഉപജീവിച്ചാണ് കവി മോക്ഷദായകം നിർമ്മി ച്ചിരിക്കുന്നത്. ഈ പാട്ടിലെ പ്രതിപാദ്യം ഇങ്ങനെ സംഗ്രഹിക്കാം. കർമ്മാകുന്ന കടല്ക്കരയിൽ ദേഹമെന്ന ദ്വീപിൽ മാനസസരസിജം എന്നൊരു രാജധാനിയുണ്ട്. അതു ചർമ്മാദികളായ ഏഴു കോട്ടകളാൽ ആവൃതമാണ്. അന്നപ്രാണാദികളായ പഞ്ചകോശങ്ങൾ അതിൽ സ്ഥിതിചെയ്യുന്നു. ഇഡതുടങ്ങിയ മൂന്നു ജയസ്തംഭങ്ങളും സത്ത്വം തുടങ്ങിയ മൂന്നു പാശങ്ങളും അതിലുണ്ട്. മൂലാധാരം മുതലായി പന്ത്രണ്ടു നിലകളുള്ള അവിടത്തെ കൊട്ടാരത്തിൽ മാനസരാജാവു രാഗദ്വേഷാദികളായ ദുർമ്മന്ത്രിമാരോടും ഭക്തിശ്രദ്ധാദികളായ സന്മന്ത്രിമാരോടുംകൂടി പൂർവ്വപുണ്യമാ കുന്ന ദേശികനോടും പ്രവൃത്തിനിവൃത്തിസംജ്ഞകളായ രണ്ടു പത്നിമാരോടുംകൂടി

പ്രജാപരിപാലനം ചെയ്യുന്നു. ശ്രോത്രാദികളായ ഇന്ദ്രിയങ്ങളത്രേ പ്രജകൾ. രാജാവിന്റെ പിതാമഹന്ന് അസംഗനെന്നും മാതാവിനു മഹാമായയെന്നും പിതാവിന് ആത്മാവെന്നുമാണ് പേർ. മഹാമോഹം, രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മദം, മാത്സര്യം, ഈർഷ്യ, ഡംഭം, അഹങ്കാരം മുതലായവ പ്രവൃത്തിയുടേയും വിവേകം, വിരക്തത്വം, സന്തോഷം, സത്യബുദ്ധി, സമബുദ്ധി, ഭക്തി, ശ്രദ്ധ മുതലായവ നിവൃത്തിയുടേയും സന്താനങ്ങളാകുന്നു. അവയിൽ മഹാമോഹവും വിവേകവും യുവരാജാക്കന്മാരാണ്. വിവേകത്തിനു സൈന്യം അഷ്ടാംഗയോഗവും, സേനാപതി ഭക്തിയും, ബ്രഹ്മപദം കാശിയുമാകുന്നു. വിവേകത്തിന്റെ ദൂതൻ ശ്രദ്ധയും മഹാമോഹത്തിന്റെ സേനാപതി അഹങ്കാരവുമാണ്. “നരയൻ, വെള്ളെഴുത്തൻ, കുരയൻ, ദന്തഹീനൻ, ജരയൻ മുൻപായുള്ള ശത്രുരാജാക്കന്മാരാൽ” കോട്ടകൾ തകർക്കപ്പെട്ടതുനിമിത്തം മാനസരാജൻ വിഷണ്ണനായിത്തീരവേ അവിടെ പൂർവ്വപുണ്യം വന്ന് അദ്ദേഹത്തിനു സദുപദേശം നല്കുന്നു. നിവൃത്തിപുത്രന്മാരായ വിവേകാദികൾക്കു പൈതൃകസ്വത്തായുള്ള നർമ്മദ, ഗോകർണ്ണം തുടങ്ങിയ പുണ്യസ്ഥാനങ്ങൾ പ്രവൃത്തിപുത്രന്മാർ കയ്യടക്കുകയാൽ ഇരുകൂട്ടരും തമ്മിൽ ഒരു ഭയങ്കരമായ യുദ്ധമുണ്ടാകുകയും അതിൽ നിവൃത്തി പുത്രന്മാർ പ്രവൃത്തിപുത്രന്മാരെ വധിക്കുകയും ചെയ്യുന്നു. ആ വർത്തമാനം കേട്ടു ചാർവ്വാകൻ, കാപാലികൻ, ദിഗംബരൻ മുതലായവർ സൈന്യസമേതം നിവൃത്തിപുത്രന്മാരോട്ട് എതിർക്കുകയും ആ വിമതസ്ഥന്മാരെ അവർ തോല്പിച്ചതിനെത്തുടർന്നു നിവൃത്തി പ്രവൃത്തിയെ നാമാവശേഷയാക്കുകയും ചെയ്യുന്നു. കാപാലികൻ ചോളദേശീയനാണ്. തമ്പുരാൻ നാടകത്തിൽ നിന്നു തന്റെ കഥയ്ക്കു സന്ദർഭോചിതമായി പല മാറ്റങ്ങളും വരുത്തീട്ടുണ്ട്. ഏതാനും ചില ഈരടികൾ ഉദ്ധരിച്ചു കവിതാരീതി പ്രദർശിപ്പിക്കാം.

> “പറഞ്ഞു മഹാമോഹംതന്നോടു വിവേകവും
> കുറഞ്ഞീലല്ലോ നിന്റെ ദുർമ്മദം ദുരാത്മാവേ!
> നാദത്തെക്കേട്ടു മോഹിച്ചെത്രയും കുതുഹലാൽ
> നാദമാം വഴിയേ പോയ്ച്ചാകുന്നൂ മൃഗങ്ങളും.
> സ്പർശത്താൽ വരാഹങ്ങൾ, രൂപത്താൽ ശലഭങ്ങൾ,
> രസത്താൽ മീനങ്ങളും, ഗന്ധത്താൽ വണ്ടുകളും
> ചത്തീടുംപോലെ നീയും ചത്തുപോകേണ്ടാ പാഴിൽ
> സത്തുക്കൾക്കുള്ള ധർമ്മം കേട്ടാലും പറഞ്ഞീടാം.
> കണ്ണുകാണാതെ കൂപേ പതിപ്പാൻ പോകുന്നോനെ-
> ക്കണ്ണുകാണുന്നോൻ ചെന്നു വിലക്കി നിർത്തീടണം.
> നിന്നുടെ മാതാവായ പ്രവൃത്തിതന്റെ പിണ്ഡം
> പിന്നെച്ചെയ്യതിനാരുമില്ലല്ലോ നീയല്ലാതെ,
> എന്നതുകൊണ്ടു വില്ലും വച്ചിഹ വണങ്ങിപ്പോയ്-
> ച്ചെന്നു ചൊല്ലുക പിതാ തന്നോടീയവസ്ഥകൾ.
> അന്നേരം ഭക്തിശ്രദ്ധ മന്നവൻ സവിധേ പോയ്
> വന്ദനംചെയ്തു പറഞ്ഞീടിനാൾ മന്ദം മന്ദം.
> എന്തിനായ് തുടങ്ങുന്നൂ നിന്തിരുവടിയിപ്പോൾ
> ചിന്തിച്ചുവേണം കാര്യാരംഭമെന്നറിഞ്ഞീലേ?
> പണ്ടൊരു നാരീമണിക്കുണ്ടായിതൊരു സുതൻ
> കണ്ടാലുമതുപോലെ നകുലിക്കൊരു ശിശു
> കണ്ടെടുത്തതിനെയുമൊന്നിച്ചു വളർത്തവൾ

കൊണ്ടാടിപ്പാലിച്ചീടും കാലമങ്ങൊരു ദിനം
ആലസ്യമെന്യേ പരിപാലനം ചെയ്തീടുവാൻ
ബാലകനുറങ്ങിയ നേരത്തങ്ങൊരു നാഗം
കടിപ്പാനടുത്തതു കണ്ടൊരു നകുലിയും
കടിച്ചുകൊന്നു ചോരയൊഴുക്കീട്ടതിദ്രുതം
അമ്മയെക്കാണ്മാനായിച്ചെന്നതു കണ്ടനേരം
നന്ദനൻതന്നെ കൊന്നെന്നോർത്തവളതിവേഗാൽ
അടിച്ചിതവഘാതംകൊണ്ടു കാലനൂർ പുക്കാൾ.
മടിച്ചീടാതെ ചെന്നങ്ങെടുത്തു കുമാരനെ
ഉണർന്ന നേരമറിഞ്ഞീടിനാളവസ്ഥകൾ
പിണഞ്ഞ ദുഃഖമിന്നു പറഞ്ഞാലൊടുങ്ങുമോ?
യാതൊരു കാര്യം പ്രവർത്തിക്കേണമെന്നാകില്ല-
മാദിയേ നിരൂപിച്ചു കല്പിച്ചീടണം പ്രഭോ!

## മോക്ഷസിദ്ധിപ്രകരണം

ഗഹനങ്ങളായ അനേകം വേദാന്തതത്ത്വങ്ങളെ മന്ദന്മാർക്കുപോലും സുഗ്രഹമാകത്തക്ക വിധത്തിൽ ഉദാഹരണങ്ങൾകൊണ്ടു മനോഹരങ്ങളാക്കി കവി ഈ ഗാനത്തിൽ പ്രദർശിപ്പിക്കുന്നു. "തത്ത്വമസി" മഹാവാക്യത്തിന്റെ അർത്ഥവും മറ്റും ഇതിലെ പ്രതിപാദ്യത്തിൽ ഉൾപ്പെടുന്നു. കവി ശാരികയോട്

"പാലും പഴവും മധുവും നുകർന്നു നീ
കാലേ പറയണം മോക്ഷസിദ്ധിപ്രദം.
നേരുള്ള മാർഗ്ഗമറിഞ്ഞു നടപ്പതി-
നാരും പറയുമോ നിന്നോളമാദരാൽ?"

എന്ന് അഭ്യർത്ഥിക്കുകയും അതു കേട്ടു ശാരിക

"എങ്കിലോ കാനൽജ്ജലംപോലെയും തഥാ
തിങ്കളെ ദ്വന്ദമായ്ക്കാണുന്നപോലെയും
പഞ്ചഭൂതാംശമായ്ക്കാണും ചരാചരം
പഞ്ചത വന്നു ജനിക്കും പ്രകാരവും
പഞ്ചഭൂതത്തിൻ വിഭാഗവും ചൊല്ലുവൻ
ചഞ്ചലമെന്നിയേ കേൾപ്പിനെല്ലാവരും."

എന്ന പീഠികയോടു കൂടി തത്ത്വോപദേശത്തിന് ഒരുമ്പെടുകയും ചെയ്യുന്നു. മോക്ഷദായകത്തിലെയും ഈ ഗ്രന്ഥത്തിലെയും വിഷയങ്ങൾക്കു ചില ഘട്ടങ്ങളിൽ സാമ്യം കാണുന്നുണ്ടെന്നുള്ളതു താഴെ ഉദ്ധരിക്കുന്ന ഈരടികളിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

"ഇന്നിതിനൊക്കെത്തന്നെ കാരണമാകുന്നതോ
മുന്നമേ മഹാമായയെന്നതോ വന്നുവല്ലോ.
ബന്ധമോക്ഷങ്ങൾക്കധികാരിണി മഹാമായ
ശുദ്ധയും മലിനയുമിങ്ങനെ രണ്ടംശമായ്
രണ്ടിലുമംശങ്ങളായവിദ്യാകാര്യമായ

രാഗവും ദ്വേഷം കാമം ക്രോധവും ലോഭം മോഹം
മദവും മാത്സര്യവുമീർഷ്യയുമസൂയയും
ഡംഭവും ദർപ്പമഹംകാരമിപ്പതിമൂന്നും
ഇച്ഛയും ഭക്തി ശ്രദ്ധ വിദ്യാധികാരികളാ-
യിച്ചൊന്ന പതിനാറു മന്ത്രികളോടുകൂടി
അമ്മതൻ ജഡദുഃഖമാകിയൊരുപാധിയാം
ദുഷ്ടതമാകും രാജ്യം പാലിപ്പാനുഴറ്റോടെ
സാത്ത്വികാംശത്തിൽ നിന്നു സത്വരമുളവായി
ധാർമ്മികനാകും . . . . . . . . . രാജ-
മാനസമനാഹതമാകിയ പുരിതന്നിൽ.”

വേറെ ചില വരികൾകൂടി പകർത്തിക്കാണിക്കാം.

“ഏകരാത്രിയിലൊരു ചോരനുൾപ്പുക്കു ഗൃഹേ
സംഭരിച്ചുള്ള ധനമെപ്പേരും കൈക്കലാക്കി
സഭ്യന്മാരിരിക്കുന്ന രാജദ്വാരത്തിൽച്ചെന്നു
കൈക്കാണം നല്കിയതിൻശേഷമസ്സഭാന്തരേ
ഇക്കാണാകിയ പുമാൻ കള്ളനെന്നുരചെയ്തു-
ങ്ങപ്പോലെയൊരു വരിയോലയും വയ്പിച്ചുടൻ
അപ്പൊഴേ കൊണ്ടെക്കാരാഗൃഹത്തിലാക്കീടിനാർ.
തേടിയ മുതലൊക്കെപ്പോയതുമാത്രമല്ല
വാടിയ മനസ്സോടും കിടക്കെന്നതും വന്നു
എന്നതുകൊണ്ടു കർമ്മമറിഞ്ഞു ചെയ്തീടണ-
മെന്നാലെങ്ങനെ ജന്മം പിന്നെയുണ്ടായീടുന്നു.”

“പങ്കജമിഴിയാളാം കന്യകയൊരു ദിനം
മങ്കമാർമൗലിയാകും മാതാവോടുരചെയ്തു.
അച്ഛനും നീയും കൂടിയിച്ഛയിൽ ക്രീഡിക്കുമ്പോൾ
സ്വച്ഛമായുണ്ടാകുന്ന സൗഖ്യത്തെപ്പറകെന്നാൾ.
ചിന്തിച്ചു മാതാവൊട്ടുനാൾ കഴിഞ്ഞതിൻശേഷം
ബന്ധിച്ചു താലിയനുരൂപനാം ഭർത്താവുമായ്.
മോദിച്ചു മാരോത്സവത്തോടിരിക്കുന്നകാലം
ചോദിച്ചു മാതാ മകൾതന്നോടങ്ങൊരുദിനം
മുന്നം നീയെന്നോടൊരു കാര്യത്തെക്കേട്ടീലയോ?
ഇന്നു നിൻ ഭർത്തൃസൗഖ്യമെന്നോടു പറയണം.
എന്നു കേട്ടവളൊട്ടു നാണിച്ചു വിചാരിച്ചു
ചൊല്ലിടാനരുതമ്മേയറിഞ്ഞേനെന്നാളവൾ.
എന്നതുപോലെ നിജാനന്ദമാമനുഭവം
ചൊന്നീടാനരുതാർക്കും ശ്രുതിക്കും മതമല്ലോ.”

ഒടുവിൽ കിളി “ഇന്നിവ പാട്ടാക്കുവാൻ യോഗ്യമല്ലെന്നാകിലും മന്ദന്മാർക്കറിവാനായുറ ഞ്ഞോരപരാധം പൊറുക്ക മഹത്തുക്കൾ പൊറുത്തീടുക” എന്നു പറഞ്ഞുകൊണ്ട് അവിടം വിട്ടു പോകുന്നു.

## ഭീഷ്മോപദേശം

ഈ കൃതിക്കു കർമ്മവിപാകമെന്നും പേരുണ്ട്. അധർമ്മമൂലകങ്ങളായ പ്രവൃത്തികളുടെ പരിണാമമാണെന്നാണ് കർമ്മവിപാകപദത്തിന്റെ അർത്ഥം. പരലോകത്തിൽ നരകാദിഭോഗവും ഇഹലോകത്തിൽ രോഗാദിഭോഗവുമാണ് അത്തരത്തിലുള്ള പാപകർമ്മങ്ങളുടെ ഫലം. എന്നാൽ മിക്ക പാപങ്ങൾക്കും പരിഹാരമുണ്ട്. പര്യാപ്തമായ പ്രായശ്ചിത്തം കൊണ്ട് അവയ്ക്കു നിവൃത്തി നേടുവാൻ ആർക്കും സാധിക്കും. ഈ വിഷയത്തെപ്പറ്റി ഗാരുഡപുരാണത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു. കർമ്മവിപാകത്തെ വിഷയീകരിച്ചു സംസ്കൃതത്തിൽ അതു കൂടാതെയും പല ഗ്രന്ഥങ്ങളുണ്ട്. തമ്പുരാൻ പ്രത്യേകം ഒരു മൂലഗ്രന്ഥത്തെ ആസ്പദമാക്കിയല്ല പ്രസ്തുതകൃതി രചിച്ചിട്ടുള്ളത്. ഗാരുഡപുരാണത്തിനു പുറമേ വായുപുരാണം, പാത്മപുരാണം, ബ്രഹ്മാണ്ഡപുരാണം എന്നീ പുരാണങ്ങളേയും മനു, വൃദ്ധഗൗതമൻ, ഗൗതമൻ ശൗനകൻ, ബൃഹസ്പതി മുതലായ മഹർഷിമാരുടെ സ്മൃതികളേയും അദ്ദേഹം ആശ്രയിച്ചിട്ടുണ്ട്. അന്നനടയല്ലാതെ മറ്റൊരു വൃത്തവും പ്രയോഗിച്ചിട്ടില്ല; ഗ്രന്ഥം സാമാന്യം ദീർഘമാണെങ്കിലും പാദവിഭാഗവുമില്ല. ശരശയ്യയിൽ കിടക്കുന്ന ഭീഷ്മർ ധർമ്മപുത്രർക്ക് ഉപദേശിക്കുന്ന കർമ്മവിപാകപ്രായശ്ചിത്തങ്ങൾ മാനസസരസ്സിൽനിന്നു വരുന്ന ഒരു രാജഹംസം തമ്പുരാന് ഉപദേശിക്കുന്നതായാണ് ഉപാഖ്യാനം. മഹാഭാരതത്തിൽ ഭീഷ്മോപദേശം അടങ്ങിട്ടുള്ള ശാന്തിപർവ്വത്തിലും ആനുശാസനികപർവത്തിലും രാജധർമ്മം, മോക്ഷധർമ്മം മുതലായവയെപ്പറ്റിയല്ലാതെ കർമ്മവിപാകത്തെപ്പറ്റി കൂലങ്കഷമായി പ്രതിപാദിച്ചുകാണുന്നില്ല. ഈ ഹംസപ്പാട്ടിൽനിന്നു തമ്പുരാന്റെ വേദാന്തജ്ഞാനത്തിനുപുറമേ ജ്യോതിഷത്തിലും വൈദ്യത്തിലുമുള്ള അവഗാഹവും പ്രത്യക്ഷീഭവിക്കുന്നു. ആത്മാനാത്മവിവേകം, ജാതിയുടെ ദ്വാസപ്തതിസംഖ്യാകമായ വിഭാഗം, സൃഷ്ടിക്രമം, പാപങ്ങളും അവയ്ക്കു വിധിച്ചിട്ടുള്ള നരകഫലങ്ങളും, ഓരോ രോഗത്തിനുമുള്ള പ്രായശ്ചിത്തങ്ങൾ, സ്വർഗ്ഗസുഖം ഇങ്ങനെ പല ഗഹനങ്ങളായ വിഷയങ്ങളേയും സൂക്ഷ്മദർശിയായ കവി പതിവുപോലെ സരളമായ ശൈലിയിൽ ഈ ഗ്രന്ഥത്തിലും പ്രപഞ്ചനം ചെയ്യുന്നു. ഭീഷ്മോപദേശം താഴെക്കാണുന്ന വിധത്തിലാണ് ആരംഭിക്കുന്നത്.

> "ജനിമരണസംസൃതിമഹാബ്ധിയി-
> ലനുപദമാണ്ടു വിവശത തേടി
> മനം മയങ്ങിയൊന്നിലുമൊരുത്സാഹ-
> മറിയപ്പോകാതെ വസിക്കുമക്കാലം
> പുരുപുണ്യവശാലഖിലേശൻപദ-
> സരോജമോർക്കുവാനവകാശം വന്നാൽ
> പരൻ പരാപരൻ വരദനച്യുത-
> നുരുകൃപാനിധി ഭുവനൈകസാക്ഷി
> ദുരിതമൊക്കെയും കളഞ്ഞു വൻകൃപാ-
> തരിയേറ്റി മോക്ഷപദത്തിലാക്കുവാൻ
> അരം ബദ്ധാദരനരിഗദാദിയാൽ
> പരം പ്രശോഭിതൻ ജഗതാമീശ്വരൻ
> നിരുപമൻ നിത്യൻ നിഗമൈകവേദ്യൻ
> കരുണയോടെന്നെത്തുണച്ചരുളണം.
> അപാരബുദ്ധിമാൻ കൃപാനിധി ഭീഷ്മ-

ദുപദേശം നരപതിക്കു ചെയ്തവ
അഖിലവുമെനിക്കറിവതിന്നായി-
പ്പറയണം ഹംസപ്പെരുമാളേ! ഭവാൻ."

അവസാനത്തിൽ രാജഹംസം യഥാവിധി അനുഗ്രഹിച്ച മാനസസരസ്സിലേയ്ക്കു പറന്നുപേകുന്നു.

"നൂവരനും കർമ്മഗതികളാകവേ
മനസ്സുകൊണ്ടുടനതീവ ചിന്തിച്ചാൻ
പരമാർത്ഥമകത്തൊളിപോലെ മിന്നി
പ്രകാശിച്ച നേരമൊഴിഞ്ഞു ദുഃഖങ്ങൾ
വിരസമാകിന സുഖങ്ങളിൽക്കൊതി-
ച്ചനാരതം ദുഃഖം വരിക്കും മർത്ത്യരിൽ
കൃപാവശാലന്നം പറഞ്ഞതിൻസാരം
പരോപകാരമായുരത്താനീവണ്ണം"

എന്നു പ്രസ്താവിച്ചുകൊണ്ടു വിഷയം മഹാഭാരതാന്തർഗ്ഗതമാകയാൽ ഒരു ചെറിയ ശ്രീകൃഷ്ണസ്തുതിയോടുകൂടി കവി ഗ്രന്ഥം സമാപിപ്പിക്കുന്നു. മനുഷ്യന്റെ ഏകജാതിത്വത്തെ അദ്ദേഹം അടിയിൽ ചേർക്കുന്ന ഈരടികളിൽ ഉജ്ജ്വലമായി ഉപപാദിക്കുന്നു.

"കരചരണാദി അവയവങ്ങളും
സുരുചിരമായ സുഖദുഃഖങ്ങളും
മുറിച്ചാൽച്ചോരയുമെല്ലുമ്പും മാംസവും
മുഖജജാതിക്കും പുലയനുമൊക്കും.
വിശപ്പുമുണ്ണമ്പോൾ നിറകയും മൂത്ര-
വിസർഗ്ഗവും നിദ്ര മലങ്ങൾ പോകയും
അടിച്ചാൽപ്പീഡയും പിടിച്ചാലാശ്വാസം
കൊടുത്താൽ പ്രീതിയുമൊരുപോലെ തന്നെ.
വരനാരിമാരോടനുഭോഗം ചെയ്താൽ
പെരുത്തൊരാനന്ദമിരുവർക്കുമൊക്കും.
പുരുഷനും സ്ത്രീയുമനുഭവിച്ചിട്ടി-
ങ്ങിരുവരുടെയും ജനനമാകുന്നു.
ഇവർക്കു ചാവുമിങ്ങൊരുപോലെതന്നെ
ശവത്തിനുമേതുമൊരു ഭേദമില്ല.
തെളിച്ചുള്ളായുധമുടലിലേല്ക്കുമ്പോൾ
പുലയനും വിപ്രവരനും മന്നവാ.
മുറിയുമെന്നതുമറിയാവല്ലയോ?
പറയുമ്പോളിതു പെരുതെന്നും വരും."

## സ്തോത്രങ്ങൾ

ഈ കൃതികൾക്കു പുറമേ മൂന്നു സ്തോത്രങ്ങളെക്കുറിച്ചുകൂടി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവയിൽ മുകിലനുമായുള്ള യുദ്ധത്തിനുമുൻപു തമ്പുരാൻ തിരുവട്ടാറ്റ് ആദികേശവസ്വാമിയെ തൊഴുതു വിജയപ്രാർത്ഥന ചെയ്യുവാൻ പോയ അവസരത്തിൽ ഉണ്ടാ

ക്കിച്ചൊല്ലിയതാണ് പടസ്തുതി. അ മുതൽ അഃ വരെയുള്ള സ്വരങ്ങളിൽ ഋ, ൠ, ഌ, ൡ, അം എന്നിവയൊഴിച്ച ബാക്കിയുള്ള അക്ഷരങ്ങൾകൊണ്ടു തുടങ്ങുന്ന പതിമ്മൂന്നു കണ്ണികൾ (എ. ഒ. ഇവയടക്കം) ഈ സ്തുതിയിൽ ഉൾപ്പെടുന്നു. പതിന്നാലാമത്തെ കണ്ണിമാത്രം പകാരത്തിൽ ആരംഭിക്കുന്നു. എല്ലാ കണ്ണികളും അവസാനിക്കുന്നതു്, “കേശിമഥന! നാഥ! തൊഴുന്നേൻ” എന്നാണ്. മൂന്നു കണ്ണികൾ താഴെ ചേർക്കുന്നു.

“ഇടിനികരമൊടിടയും ഡിണ്ഡിമ-
പടുനിനദവുമിടയിടെ വെടിയും
പൊടുപൊടെ നിലവിളികളുമായുധ-
മിടയുന്നൊരു ഝടഝടരവവും
ഝടിതി കിളർന്നെഴുമൊരു പൊടിയും
തടവിന പടയുടനെ തടുപ്പാ-
നടിയനു യുധി പടുത തരേണം
കേശിമഥന! നാഥ! തൊഴുന്നേൻ.
അക്ഷതബലമിയലും രിപുബല-
മൊക്കെ മുടിച്ചിഹ പുരളീശം
വഞ്ചിക്ഷിതികേരളസംജ്ഞം
രക്ഷ വിഭോ! രക്ഷ മുദാ മാം.
പക്ഷീശ്വരവാഹന! സജ്ജന-
രക്ഷക! കരുണാകര! സന്തത-
മക്ഷയയശസം കുരു മാധവ!
കേശിമഥന! നാഥ! തൊഴുന്നേൻ.
പരിപുഷ്ടാടോപമൊടരിജന-
മെതിരിട്ടീടുമ്പോളടവികൾ
തരിപെട്ടീടുംപടി പാഞ്ഞവ-
രിഹ പട്ടീടുവതിനു വേഗാൽ
ഒരു വട്ടമുണർന്നരുളീടുക
പരിതുഷ്ടികലർന്നു വിഭോ നീ
തിരുവട്ടാറതിൽ മരുവീടിന
കേശിമഥന! നാഥ! തൊഴുന്നേൻ.”

ഈ സ്തുതിയും, വിവിധരാഗങ്ങളുടെ സംജ്ഞകൾ ഉൾക്കൊള്ളിച്ച് “കലയേ ഗാം ബോധിരസനാലയേ ത്വാം” എന്നാരംഭിക്കുന്ന കാത്യായനീസ്തോത്രപരമായ രാഗമാലയും, “ധ്യായേമാനിശം ശ്രീപദ്മനാഭം” എന്നു തുടങ്ങുന്ന പദ്മനാഭകീർത്തനവും ഞാൻ വിജ്ഞാനദീപിക മൂന്നാം ഭാഗത്തിൽ അവയുടെ സമഗ്രരൂപത്തിൽ പ്രകാശനം ചെയ്തിട്ടുണ്ട്.

കേരളവർമ്മത്തമ്പുരാന്റെ കവിതയുടെ വൈശിഷ്ട്യവും വൈകല്യവും അനുവാചകന്മാർക്ക് ഇപ്പോൾ മനസ്സിലായിരിക്കും. ഭാഷാകവിതയെ സംസ്കൃതത്തിന്റെ പിടിയിൽ നിന്നു വിടുർത്തുവാൻ അക്ഷീണപരിശ്രമം ചെയ്തിട്ടുള്ള പ്രാക്തന കവികളുടെ മധ്യത്തിൽ അദ്ദേഹത്തിനു കല്പിക്കേണ്ട സ്ഥാനം അപശ്ചിമമാണ്. എഴുത്തച്ഛന്റെ മഹാഭാരതത്തിലെ ഭാഷാ ശൈലിയാണ് അദ്ദേഹം അനുസരിച്ചിരിക്കുന്നതു്. തന്റെ ശക്തിക്ക് അനുസരണമായി തമ്പുരാൻ ആ ഗുരുനാഥന്റെ വിനീതശിഷ്യനാ

യും വിദൂരാനുയായിയായും നിലകൊള്ളുന്നു. സംസ്കൃതഗ്രന്ഥങ്ങളെ ഭാഷയിൽ വിവർത്തനം ചെയ്യുന്നതിനും സംക്ഷേപിക്കുന്നതിനും അദ്ദേഹത്തിന് അത്ഭുതാവഹമായ വൈഭവമുണ്ട്. സ്മൃതികൾ, ഇതിഹാസപുരാണങ്ങൾ, വേദാന്താദിശാസ്ത്രങ്ങൾ ഇവയിൽ അദ്ദേഹത്തിനുള്ള നിഷ്ണാതതയും അസാധാരണമാണ്. തർക്കവ്യാകരണങ്ങൾ അദ്ദേഹം അഭ്യസിച്ചിരുന്നതായി തോന്നുന്നു. തമ്പുരാന്റെ കൃതികളിൽ പ്രായേണ കാണുന്ന പ്രധാനവൈകല്യം രചനാവിഷയത്തിലുള്ള അഭംഗിയാണ്. അപരിചയവും അശ്രദ്ധയും സമയ ദൗർലഭ്യവുമായിരുന്നിരിക്കണം അതിന്റെ മുഖ്യകാരണങ്ങൾ. ഞാൻ മുമ്പു ചൂണ്ടിക്കാണിച്ചതുപോലെ കേവലം പത്തുപതിനേഴു കൊല്ലങ്ങൾക്കിടയിൽ വേണാട്ടിലെ ബാഹ്യവും ആഭ്യന്തരവുമായ കലഹങ്ങൾക്കു ശാന്തിവരുത്തുന്നതിലും ആ രാജ്യത്തിൽ പല ഭരണപരിഷ്കാരപദ്ധതികൾ ഉൽഘാടനം ചെയ്യുന്നതിലും അനുനിമിഷം വ്യാപൃതനായിരുന്ന ആ മഹാത്മാവിന്റെ സാഹിത്യസേവനം അതിനുണ്ടായിരുന്ന പ്രതിബന്ധശതങ്ങളെ അനുസ്മരിച്ചാൽ അത്യന്തം മഹനീയമാണെന്നു ഭാവുകന്മാർക്കു പറഞ്ഞറിയിക്കാതെതന്നെ ബോധ്യമാകുന്നതാണ്.

## ചെമ്പുകാട്ടു നീലകണ്ഠൻ

### ഹര്യക്ഷമാസസമരോത്സവം കിളിപ്പാട്ട്—ഓണപ്പട

പണ്ടു ചിങ്ങമാസത്തിലെ തിരുവോണത്തോടനുബന്ധിച്ചു കേരളത്തിൽ മിക്ക സ്ഥലങ്ങളിലും നായന്മാർ ഓണപ്പട അല്ലെങ്കിൽ ഓണത്തല്ല് എന്നൊരു വിനോദസമരം ആഘോഷിക്കുക പതിവുണ്ടായിരുന്നു. അത് ആയോധനവൃത്തികൊണ്ടു ജീവിക്കേണ്ട അവരുടെ വീര്യശൗര്യപരാക്രമങ്ങൾ അഭംഗുരമായി പരിപാലിക്കുന്നതിനുവേണ്ടി പെരുമാക്കന്മാരുടെ കാലത്തോ അതിനുമുമ്പുതന്നെയോ ഏർപ്പെടുത്തപ്പെട്ട ഒരാചാരമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ക്രി. പി. 1519-ൽ ഡൈയോഗോലോപ്പസ്ഡെസെക്വീറാ എന്ന പോർത്തുഗീസ് ഗവർണ്ണർ തന്റെ അഞ്ഞൂറ് അനുചരന്മാരോടുകൂടി കൊച്ചിയിലേയും കോഴിക്കോട്ടേയും ഓരോ പ്രഭുക്കന്മാർ തമ്മിൽ അത്തരത്തിൽ നടന്ന ഒരു പട സന്ദർശിച്ചതിനു രേഖയുണ്ട്. അന്ന് ഇരുവശത്തും നാലായിരം ഭടന്മാർവീതം ആ പടയിൽ സംബന്ധിച്ചിരുന്നു. കായംകുളത്തുവച്ചു താൻ ഒരോണപ്പട കണ്ടതായി കാന്റർ വിഷ്ഷർ എന്ന ലന്തക്കാരൻ 1720-ആണ്ടിടയ്ക്കു പ്രസ്താവിച്ചു കാണുന്നു. 941-ആമാണ്ടു ചിങ്ങം 17-ആംനു-യും 943-ആമാണ്ടു ചിങ്ങം 25-ആംനു-യും 946-ആമാണ്ടു ചിങ്ങമാസം 22-ആംനു-യും തിരുവനന്തപുരത്തുള്ള നായന്മാർ ചേരിതിരിഞ്ഞു് "ഓണപ്പട എഴുന്നവകയ്ക്കു" ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽനിന്ന് ഇരുകൂട്ടർക്കും പണക്കിഴി സമ്മാനിച്ചതിനും പ്രമാണമുണ്ട്. ആ പടയിൽ മുറിഞ്ഞവർ ഓരോരുത്തരും പതിനഞ്ചു പണംവീതം പ്രത്യേകമായി കെട്ടിവാങ്ങി. പട നടന്നതു് അവിട്ടംനാളിലായിരുന്നു. ഹര്യക്ഷ മാസസമരോത്സവത്തിൽ തിരുവോണത്തിൻനാൾ ഉച്ചയ്ക്കുമേൽ ഒന്നും അവിട്ടത്തിൻനാൾ പുലർച്ചയ്ക്കു മറ്റൊന്നും അങ്ങനെ രണ്ടു പോരുകൾ നടന്നതായി വർണ്ണിച്ചിരിക്കുന്നു. ആ കാലത്തെ ആചാരമായിരിക്കാം അതു്. സാക്ഷാൽ സമരംതന്നെ ഒരു വിനോദമായി കരുതിയിരുന്ന നായന്മാരുടെ വിഷയത്തിൽ അതിനെ ഒരു വിനോദസമരം എന്നു പറയുന്നതിൽ തെറ്റില്ലെങ്കിലും വാസ്തവത്തിൽ ഓരോ ഓണപ്പടയിലും അനേകം ഭടന്മാർ ഹതരും ക്ഷതരുമായിത്തീരാറുണ്ടായിരുന്നു. കർക്കടകമാസത്തിലെ കളരിപ്പയറ്റു കഴിഞ്ഞാൽ ഉടൻതന്നെ തങ്ങളുടെ അഭ്യാസവൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുവാൻ ഓണപ്പട ഒരു ഉത്തമാവസരമായിരുന്നതുനിമിത്തം ഭടന്മാർ അതിനെ

സന്തോഷപൂർവ്വം സ്വാഗതംചെയ്കയും നാടുവാഴികൾ തങ്ങളുടെ സാന്നിധ്യത്താലും സംഭാവനയാലും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു. സുറിയാനി ക്രിസ്ത്യാനികളും ആ രണലീലയിൽ പങ്കെടുത്തിരുന്നതായി കാണുന്നു. അതു പാടില്ലെന്നു ഉദിയംപേരൂർ സൂനഹദോസിൽവച്ച് അർച്ച് ബിഷപ്പ് മെനസസ്സ് 1599-ൽ വിധിച്ചു. ബ്രിട്ടീഷുകാർ കേരളത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചു പഴയ രീതിയിലുള്ള സൈനികഘടന നശിപ്പിക്കുന്നതുവരെ ഓണപ്പട നിലനിന്നുവന്നിരുന്നതിനു ലക്ഷ്യങ്ങളുണ്ട്. വേറെയും കായംകുളത്തു രാജാക്കന്മാർ ചിങ്ങമാസത്തിലെ ഓണംകഴിഞ്ഞു വരുന്ന മകംനാളിൽ മകപ്പട എന്ന പേരിലും, തെക്കിൻകൂർ രാജാക്കന്മാർ കോട്ടയത്തു പാക്കിൽക്ഷേത്രസന്നിധിയിൽ കന്നിമാസത്തിൽ വിദ്യാരംഭം കഴിഞ്ഞു് ഒരു ദിവസം പാക്കിൽപ്പട എന്ന പേരിലും ഓരോ നർമ്മയുദ്ധം തുടങ്ങിവന്നു. മിഥുനം 1-ഉം 2-ഉം തീയതികളിൽ ഓച്ചിറപ്പട ഏർപ്പാടുചെയ്തു വന്നതും കായംകുളത്തു രാജാക്കന്മാർതന്നെ.

## കിളിപ്പാട്ടിന്റെ കാലവും കർത്തൃത്വവും

ഹര്യക്ഷമാസസമരോത്സവത്തിനു ഗ്രന്ഥകാരൻ കണ്ടിയൂർമറ്റം പടപ്പാട്ടെന്നാണ് പേർ കൊടുത്തിരിക്കുന്നതു്. മാവേലിക്കരത്താലൂക്കിൽ കണ്ടിയൂർ മറ്റം എന്നീ രണ്ടു കരകളിലെ നായന്മാർ അവരുടെ സാഹായ്യത്തിനു മറ്റു കരകളിൽനിന്നു വന്നുചേർന്ന അനുചരന്മാരോടുകൂടി ആഘോഷിച്ച ഓണപ്പടയാകകൊണ്ടാണ് അതിന് ആ സംജ്ഞ സിദ്ധിച്ചതു്.

> "പാട്ടിതു ചമച്ചതോ ചെപ്പുകാടമർന്നീടും
> കേടില്ലാമടപതിമാർ പലരുളരതിൽ
> ഉണ്ടതിൽ തിരുനീലകണ്ഠനെന്നൊരു ദേഹ-
> മുണ്ടാക്കിയിതുതന്നെ, കണ്ടിയൂർമറ്റംപട-
> പ്പാട്ടിതു പഠിപ്പോരും കേൾപ്പോർകൾതാമും വാഴ്ക
> നന്നിതെന്നുരപ്പോരും നന്നിചെയ്‌വോരും വാഴ്ക"

എന്നു ഗ്രന്ഥാവസാനത്തിൽ കാണുന്ന പ്രസ്താവനയിൽനിന്നു കവി ചെപ്പുകാടെന്ന സ്ഥലത്തെ മടപതിമാരുടെ (പണ്ടാരങ്ങളുടെ) കൂട്ടത്തിൽപ്പെട്ട തിരുനീലകണ്ഠനാണെന്നു വെളിപ്പെടുന്നു. ചെപ്പുകാട്ട് എവിടെയാണെന്നറിയുന്നില്ല. കവിതയിൽ "ആർകലി, എണ്ടിശ, കോതില്ലാ (കുറ്റമില്ലാത്ത), കോതി മുടിത്ത കുഴൽ, മുല്ലനകയാർകൾ (മുല്ലപ്പൂവൊത്ത പുഞ്ചിരിതൂകുന്ന യുവതികൾ), പുരവി (കുതിര), മറ്റത്തു വാഴ്(വാഴുന്ന) വീരൻ, തങ്കൾ (തങ്ങൾ); നീണിലം (നീണ്ട നിലം), ഇയക്ഷർ (യക്ഷർ)" മുതലായി പ്രാചീനങ്ങളായ ഒട്ടുവളരെ പദങ്ങളും ശൈലികളും കാണ്മാനുണ്ടെങ്കിലും അവ സൂചിപ്പിക്കുന്ന ഭാഷാ വൈചിത്ര്യത്തിനുള്ള കാരണം മടപതിജാതിയിൽപ്പെട്ട പ്രണേതാവിനു ദ്രാവിഡഭാഷയിലുള്ള പരിചയാധിക്യമാണെന്ന് എനിക്കു തോന്നുന്നു. "തണ്ടമിഴ് ചേരും പുതിയ കാവുള്ളോരും" എന്ന് അദ്ദേഹം ഒരു സ്ഥലത്തു പറയുന്നു. മാവേലിക്കരയ്ക്കു സമീപം പുതിയകാവെന്ന സ്ഥലത്തുള്ളവർ മനോഹരമായ (തൺ=മനോഹരമായ) തമിഴ് സംസാരിക്കുന്നവരാണത്രേ. അതിനടുത്തായിരുന്നിരിക്കുമോ മാതൃഭാഷ തമിഴായ അദ്ദേഹത്തിന്റെ ചെപ്പുകാട്ട്? ഒടുവിൽ പടയിൽ മരിച്ച നായരുടെ ഭാര്യമാരും മക്കളും വിലപിക്കുന്നതായി പറയുന്നതിൽ നിന്ന് അദ്ദേഹം മക്കത്തായക്കാരനാണെന്നും ഊഹിക്കാവുന്നതാണ്. കള്ളപ്പറങ്കിയേയും കൊങ്കണിമാർകളേയും പറ്റിയുള്ള പ്രസ്താവനകൾ നോക്കിയാൽ ഈ

കിളിപ്പാട്ട് ഗൌഡസാരസ്വതബ്രാഹ്മണർ ഗോവയിൽനിന്നു കേരളത്തെ അഭയം പ്രാപിച്ച കായംകുളത്തും മറ്റും വണിക്കുകളായിത്തീർന്നതിനുമേലാണ് നിർമ്മിച്ചിട്ടുള്ളതെന്നു വിശദമാകുന്നു. എന്നാൽ ലന്തക്കാരെപ്പറ്റി കവി പ്രത്യേകമായൊന്നും പറയുന്നുമില്ല. ആകെക്കൂടി എട്ടാം ശതകത്തിന്റെ ചതുർത്ഥപാദത്തിലോ ഒൻപതാം ശതകത്തിന്റെ പ്രഥമപാദത്തിലോ ആവിർഭവിച്ച ഒരു കൃതിയാണ് ഹര്യക്ഷമാസസമരോത്സവം എന്നു സങ്കല്പിക്കുന്നതു സയുക്തികമായിരിക്കും. വണ്ടിന്റെ അപേക്ഷയനുസരിച്ച് കിളി പറഞ്ഞു കേൾപ്പിക്കുന്നതായിട്ടാണ് ഈ പാട്ട് ആരംഭിക്കുന്നത്. വണ്ടിനെ അപേക്ഷിച്ച് കിളിക്കു പറക്കുന്നതിന് അധികം സൗകര്യമുള്ളതിനാൽ കവിയുടെ ആ കല്പന അസമഞ്ജസമല്ല. ആകെ നാലു പാദങ്ങളുണ്ട്. “ചന്ദനപ്പൂങ്കാവുടെ മന്ദമാരുതവൃമേറ്റിന്ദുശേഖരൻപാദം വന്ദനംചെയ്തു മെല്ലെ” പാടിയാടി വരുന്ന “സുന്ദരി കിളിപ്പെണ്ണിനു” വണ്ടു കനിയും തേനുംമറ്റും സമർപ്പിക്കുകയും കിളി സന്തോഷിച്ച് “മന്നലർമധുക്കളോടൊന്നിയേയിരുന്നീടും നന്നിചേർവരിവണ്ടേ ഇന്നിതു കേൾപ്പിൻ നിങ്ങൾ” എന്നു പറയുകയും ചെയ്യുന്നതായി ചതുർത്ഥപാദത്തിലും മറ്റും സൂചനയുണ്ട്. കവിതയ്ക്കു ഭംഗി ചുരുങ്ങുമെങ്കിലും വിഷയത്തിന്റെ വൈശിഷ്ട്യം അതിനെ ആസ്വാദ്യമാക്കിത്തീർക്കുന്നു. പ്രഥമചതുർത്ഥപാദങ്ങൾ കേകയിലും ദ്വിതീയ പാദം കാകളിയിലും തൃതീയപാദം അന്നനടയിലുമാണ് രചിച്ചിരിക്കുന്നത്. എന്നാൽ കാകളിയിൽ അന്നനടയും കളകാഞ്ചിയും മണികാഞ്ചിയും, “അന്നപ്പിടയോ പിടിയോ മിന്നൊത്തിടയോ നടയോ മുൻനില്ക്കരുതാഞ്ഞൊളിച്ചു തന്നിച്ചുയിലേ നടപ്പർ” എന്നു യാതൊരു കിളിപ്പാട്ടിലും പ്രയുക്തമാകാത്ത മറ്റൊരു വൃത്തവും, അന്നനടയിൽ കാകളിയും ഇടയ്ക്കു കടന്നു കൂടുന്നു.

## പ്രതിപാദ്യം

പ്രഥമപാദത്തിൽ കവി “ഇരവിപട്ടണത്തിൻ മികവു പറകിലോ അതിനൊരളവില്ല” എന്ന് അനുവാചകന്മാർക്കു ബോധപ്പെടുന്ന വിധത്തിൽ അവിടെ തിരുവോണത്തിനുമുമ്പു നടക്കുന്ന വിപുലമായ വാണിജ്യത്തെ വർണ്ണിക്കുന്നു. ഇരവിപട്ടണമെന്നു കായംകുളത്തിനു പേരുണ്ടായിരുന്നതായി ഈ ഗ്രന്ഥത്തിൽനിന്നാണ് നാം ധരിക്കുന്നത്. പിന്നീട് ഓണത്തിന്റെ മാഹാത്മ്യത്തെപ്പറ്റി

> “ഓണം വന്നടുത്തപ്പോൾ കാണം കൈവന്നില്ലാഞ്ഞു
> നാണംകെട്ടോടും പല നാരിമാർ പുരുഷന്മാർ
> പൂണമാടയും പണിതേടിയേ നടപ്പോരും
> പൃഷ്ടവും കുറികളും ശില്പമായണിവോരും
> കൊള്ളുവോർ കൊടുപ്പോരും കള്ളമായൊളിപ്പോരും
> നല്ലവർക്കുള്ളപോലെയില്ലാതോരിതന്നാടു-
> മെല്ലാർക്കും സുഖിപ്പാനുണ്ടായിതാവണിയോണം”

എന്നു പുകഴ്ത്തിക്കൊണ്ടു ഓണപ്പടയെപ്പറ്റി ഉപന്യസിക്കുവാൻ ആരംഭിക്കുന്നു. ആ പടയുടെ ആഗമമാണ് താഴെ ഉദ്ധരിക്കുന്ന ഈരടികളിൽ വിവരിക്കുന്നത്.

> “ഓണയുദ്ധങ്ങൾ ചെയ്ക ആണുങ്ങൾക്കഴകെന്നു
> നാണയം പലവുണ്ടിന്നിന്നിലത്തോർകൾക്കെല്ലാം.
> ചേരമാൻകുലത്തിലേ പാരിലുള്ളോർകൾ മോക്ഷം
> ചേരുവാനുള്ള കർമ്മം നേരേയുള്ളതിൽത്തന്നെ
> വീരന്മാർ നിരൂപിച്ചാൽ വീര്യരസങ്ങൾ ചെയ്താൽ

വീരിയസ്വർഗ്ഗം പൂവാൻ പാര[3]മില്ലെന്നു കണ്ടാർ.
പോരിന്നു തുടങ്ങിയാൽക്കാരിയം പലതുണ്ട്.
മരിപ്പാൻ വിധിയെങ്കിൽ മരിച്ചാൽ മോക്ഷം തന്നെ,
മരിക്കാതിരിക്കിലോ പെരുത്തു പുകഴുണ്ടാം,
അർത്ഥവുമഴകുണ്ടാം ബുദ്ധിമേധയുമുണ്ടാം.
എങ്കിൽ നാമൊരുമിച്ച ഭംഗിയിൽ യുദ്ധം ചെയ്കെ-
ന്നിങ്ങനെ കരപ്പുറത്തെങ്ങുമുണ്ടായീ യുദ്ധം."

ആദികാലത്തു ചെന്നിത്തലയും പുത്തനങ്ങാടിക്കലും കരക്കാരായിരുന്നു ഓണത്തല്ലിൽ ഏർപ്പെട്ടിരുന്നതെന്നും പിന്നീടാണ് അതു കണ്ടിയൂരും മറ്റും കരക്കാരിൽ സംക്രമിച്ചതെന്നും ആ ഘട്ടത്തിൽ കവി നമ്മെ ഗ്രഹിപ്പിക്കുന്നു. യുദ്ധത്തിനു വാൾ, പരിശ, വില്ല്, അമ്പ് മുതലായ ആയുധങ്ങൾ ഭടന്മാർ കേട്ടുതീർപ്പിക്കുകയും പുത്തനായി പണിയിക്കുകയും മറ്റും ചെയ്യുന്നതിനിടയിൽ ചിലർ

"ഒക്കെയുണ്ടെനിക്കൊരു കൈപ്പരിശയേ വേണ്ടി,
ഇല്ലെങ്കിലെനിക്കൊരു കൊല്ലിവാളതും കൊള്ളാം,
ഉണ്ടെങ്കിൽ വില തന്നു കൊണ്ടുകൊള്ളുകയുമാം"

എന്നു യാചിക്കുന്നു.

സമരോത്സവം സന്ദർശിക്കുവാൻ വരുന്ന സ്ത്രീകളുടെ വിസ്തൃതമായ വർണ്ണനം കൊണ്ടു ദ്വിതീയപാദം ആരംഭിക്കുന്നു. അവരിൽ ചിലരെ രസികന്മാർ

"കരചരണമെന്തിവൾക്കിങ്ങനെ വീങ്ങുവാൻ
കരികൾകരമോ ഉരൽക്കുറ്റിയോ കാൽകളോ
പെരിയ മുഖമോ പെരുങ്കണ്ണ കോങ്കണ്ണതിൽ
പെരിമയിവളോളം മറ്റുള്ളവർക്കില്ലെടോ"

എന്നും മറ്റും അവഹേളനം ചെയ്യുന്നു. പിന്നീടു കണ്ടിയൂർച്ചേരിയിലും മറ്റുത്തു ചേരിയിലും ചെന്നുചേരുന്ന കരക്കാരെക്കുറിച്ചാണ് കവി പ്രസ്താവിക്കുന്നത്. വേണാട്ട്, കൊല്ലം, മാടത്തിൻകീഴ് (മാടത്തിൻകൂറ്), കായംകുളം എന്നീ രാജാക്കന്മാരുടെ സാന്നിധ്യവും അവിടെ ഉണ്ടായിരുന്നുവത്രേ. ദ്വിതീയ പാദത്തിന്റെ അവശേഷവും തൃതീയ പാദവും

"തിരുവോണമുച്ചതിരിഞ്ഞപ്പോൾതൊട്ടി-
ട്ടരുണനസ്തമിപ്പതിനിടപ്പട-
യൊരുപോലെ വെട്ടിപ്പിരിഞ്ഞുവാങ്ങിയ"

പ്രഥമയുദ്ധത്തിലേക്കായി വിനിയോഗിച്ചുകൊണ്ടു, കിളി

"തിരുവോണപ്പട ചുരുക്കമാ—(?)
യറിഞ്ഞവണ്ണം ഞാൻ പറഞ്ഞേൻ വണ്ടേ! കേൾ.
അതിൽ മുതിർന്നൊരു പടയുണ്ടിന്നിയു-
മവിട്ടമെന്ന നാൾ വെളുക്കുമ്പോൾത്തന്നെ"

എന്നു പറഞ്ഞു തൃതീയപാദം അവസാനിപ്പിക്കുന്നു.

---

[3] പാരം=ഭാരം (പ്രയാസം)

ചതുർത്ഥപാദത്തിൽ അവിട്ടംനാളിലെ പടയ്ക്കുള്ള ഭടന്മാരുടെ ചമയമാണ് ആദ്യമായി വർണ്ണിക്കുന്നത്. ആ യുദ്ധം കവി വിസ്തരിച്ചു പ്രതിപാദിക്കുന്നു.

“പൊടിയും ധൂളിയുയർന്നടിയും മുടിയേതു-
മറിവാൻ വശമല്ലംബരവുമവനിയും
രുധിരവെള്ളം യുദ്ധക്കളത്തിലോളംവെട്ടി
തിരയും ധൂളിയോടി, പരുന്തും കഴുകാടി,
ഭൂതവും പേയുമാടി, വാധകന്മാരുമാടി,
കാകവും പറന്നോരോ ഭാഗമേയതുമാടി,
ആയുധങ്ങളും മുറിഞ്ഞാടുകാൽ [4] പലർക്കെത്തി,
തേർകളും താണു മധ്യേ സൂര്യനുമുച്ചമേറി.
ആരുയിർ പോയോർക്കെല്ലാം വീരിയസ്വർഗ്ഗമെത്തി,
മനവും ചലിയാതെ കനവും കുറഞ്ഞിതേ,
കൈകളും കഴച്ചിതേ, മെയ്യുകളും കുഴഞ്ഞിതേ,
കാൽ കൈയും ദേഹം പ്രാണൻ ചാലവേ തളർന്നിതേ”

എന്നിങ്ങനെയാണ് ആ പ്രതിപാദനത്തിന്റെ രീതി. മൃതപ്രായരായ ഭടന്മാരുടെ ഭാര്യമാരുടേയും മറ്റും പരിദേവനം കരുണമയമായിരിക്കുന്നു.

“പടുതോർ[5]ശവം വലിച്ചോട്ടിടം കൊണ്ടുവച്ചി-
ട്ടൊക്കവേയടുത്തെത്തി മൈക്കണ്ണിമാരും മക്കൾ
ചുറ്റിനിന്നലയ്ക്കയും പറ്റിവീണഴുകയും
വീണ്ടടൽ പുരൾകയും കണ്ടുടൻ വീഴുകയും.
പാപമേയെൻഭർത്താവേ! നീയെന്നെപ്പിരിഞ്ഞായോ?
അയ്യോ വിധി വിധി ഹാ! പൈതങ്ങൾക്കാരുള്ളതും?
അർത്ഥവുമഴകെനിക്കസുവുമിനി വേണ്ടാ;
ആവി[6]പോയുടൻ വേറാവാനെന്തു വഴിയയ്യോ!
ആരുയിരായ വീരനായരേ! മരിച്ചായോ?
ആ വിധിയന്നുതന്നെ പാപി! നീ കളഞ്ഞായോ?”

കടശ്ശിയിൽ

“അന്നേരം വീരന്മാരങ്ങൊന്നിച്ചങ്ങൊരുപോലെ
പിന്നെയങ്ങടയവിൽ തിന്നിളനീർവെള്ളവും
കുടിച്ചു വെറ്റ തിന്നു കളിച്ചു ചിരിച്ചൊക്കെ
പടച്ചമയമഴിച്ചടുക്കി വെച്ചുകെട്ടി
എടുത്തു ചുമട്ടാളർ തിരിച്ചു നടയിട്ടാർ”

പിന്നീടു “മുന്നമേയുള്ള വഞ്ചിമന്നമമാത്യരും” ആ പടനിമിത്തം മേലും കലഹമുണ്ടാകാതിരിക്കുന്നതിനുവേണ്ടി കണ്ടിയൂരിലും മറ്റുമുള്ള കരനാഥന്മാരെ വരുത്തി വേണ്ട ഉപദേശം നല്കി എല്ലാവരും പിരിയുന്നു.

“വഞ്ചി വാഴുന്ന മന്നരഞ്ചൽകൂടാതെ വാഴ്ക

[4] ആടുകാൽ=ആടൽ
[5] ഓർ = ഒരു
[6] ആവി = ജീവൻ.

മന്ത്രികൾ വാഴ്ക മററു തന്ത്രികൾ താമുംവാഴ്ക
കണ്ടിയൂർമററംകര രണ്ടിലും വേണ്ടുംജന-
മിണ്ടൽക്കൂടാതെ വാഴ്ക . . . ”

എന്നും മററും പ്രാർത്ഥിക്കുകയും

“പാട്ടിതു കേൾപ്പോർക്കെല്ലാമീശ്വരാർത്ഥങ്ങളുണ്ടാ-
മേററം വിദ്യയുമുണ്ടാം പേർത്തു വീര്യവുമുണ്ടാം.
അതിനുണ്ടാക്കിയിതു മതിയില്ലാതോനെന്നി-
ട്ടറിവോർ കറ തീർത്തു നെറിയെ നടത്തുക”

എന്നു തന്റെ അനൌദ്ധത്യത്തെ സൂചിപ്പിക്കുകയും ചെയ്തുകൊണ്ടു കവി വിരമിക്കുന്നു.

ഓണപ്പടയെന്നാലെന്തെന്നും ആ വഴിക്കു കേരളത്തിലെ നായന്മാർ അവരുടെ വിഖ്യാതമായ രണശൂരത എങ്ങിനെ നിലനിർത്തിപ്പോന്നിരുന്നുവെന്നും നമ്മെ പഠിപ്പിക്കുന്ന കണ്ടിയൂർ മററം പടപ്പാട്ടിനു സഹൃദയഹൃദ്യതാ മെച്ചമില്ലെങ്കിൽ എന്തു്? അതിൽനിന്നു നമുക്കു ലഭിക്കുന്ന ചരിത്രസംബന്ധമായ വിജ്ഞാനം അപരിമേയമാണെന്നുള്ള വസ്തുത മതി ആ കൃതിക്കു ശാശ്വതപ്രതിഷ്ഠ ലഭിക്കുവാൻ.

## പടപ്പാട്ട്

### സാമാന്യനിരൂപണം

ഇതഃപര്യന്തം നമുക്കു ലഭിച്ചിട്ടുള്ള കേരളീയസമരഗാനങ്ങളിൽ ‘പടപ്പാട്ടി’നുള്ള സ്ഥാനം ഏററവും ഉൽകൃഷ്ടമാകുന്നു. കൊല്ലം 821 മുതൽ 845 വരെ ഇരുപത്തിനാലു വർഷങ്ങൾക്കിടയിൽ കൊച്ചിരാജകുടുംബത്തിനു സംഭവിച്ച ദശാപരിവർത്തനങ്ങളെ വിഷയീകരിച്ചു് അജ്ഞാതനാമാവായ ഏതോ ഒരു കവി രചിച്ചിട്ടുള്ള ഈ കിളിപ്പാട്ടിന്റെ ആവിർഭാവം 850-ആമാണ്ടിടയ്ക്കാണെന്നു നിർണ്ണയിക്കാവുന്നതാകുന്നു. കവി ആ സംഭവങ്ങളിൽ പലതിനേയും ഒരു ദൃക്സാക്ഷിയുടെ നിലയിലാണു് വർണ്ണിക്കുന്നതു്. അദ്ദേഹം ഒരു ഹിന്ദുതന്നെയോ എന്നുള്ളതിനെപ്പററി സംശയിക്കേണ്ടതില്ല. ഗ്രന്ഥാരംഭത്തിൽ ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ, വേദവ്യാസൻ, ബ്രാഹ്മണർ ഇവരെപ്പററിയുള്ള വന്ദനത്തിന്നുപുറമേ

“കർണ്ണാരിയെക്കാത്ത കാരുണ്യവാരിധി
കണ്ണനുടെ കളിയെന്നേ പറയാവൂ”

എന്നും “ധേനുവെ വെട്ടിനുറുക്കുന്ന പാഴരും” എന്നും മററുമുള്ള പ്രസ്താവനകളും ഈ വസ്തുസ്ഥിതി തെളിയിക്കുന്നു. എന്നാൽ അദ്ദേഹം ഒരു നമ്പൂതിരിയാണെന്നു ചിലർ സങ്കല്പിക്കുന്നതിനു് ആസ്പദമൊന്നും കാണുന്നില്ല. “വേദവാർദ്ധികൾ മററുള്ളന്തണർകൾക്കും വന്ദേ” എന്ന വചനവും പൊതുവെ നോക്കുമ്പോൾ ഭാഷയുടെ രീതിതന്നെയും ആ അധ്യാഹാരത്തിനു പ്രതികൂലമായിരിക്കുന്നു. തൃതീയപാദം ആരംഭിക്കുന്നതു് ഒരു ശിവസ്തുതിയോടുകൂടിയാണു്. പ്രസ്തുതകാവ്യം ആറുപാദങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രഥമപാദം കേകയിലും തൃതീയ പാദം അന്നനടയിലും പഞ്ചമപാദം കളകാഞ്ചിയിലും മററു മൂന്നു പാദങ്ങളും കാകളിയിലുമാണു് രചിച്ചിരിക്കുന്നതു്. ഒമ്പതാം ശതകത്തിലെ ഇതരശുകഗാനങ്ങളിലെന്നപോലെ പടപ്പാട്ടിലും കളകാഞ്ചിമാത്രം ഛന്ദോനിയമത്തെ സാർവത്രികമായി അനുസരിക്കുന്നില്ല, “തെളികടന്ന ചവളമതു വയറുകളിൽപ്പുക്കടൻ” “അരിവരരൊടതുപൊഴുതു പടയതൊന്നു

പൊരുവതിന്നു്" എന്നിത്തരത്തിലുള്ള വരികൾ ധാരാളമായുണ്ടു്. 'വനിതം' (കളി), 'പുകുന്തു' (പുക്ക), 'വിരയംചേർ' മുതലായി ചില പഴയ പദങ്ങളും ശൈലികളും കാണാം. മന്തിരി, മുടിഞ്ഞ ഒളി, ജ്ജരാൽ (ജനറൽ) മുതലായ പദങ്ങളും കവിയുടെ ഉച്ഛൃംഖലതയെ ഉദാഹരിക്കുന്ന, ചില അപകടപ്രയോഗങ്ങളും ഇല്ലെന്നില്ല. "ദൂഷണൻ തന്നഗ്രജൻമുതുകിന്റെ പേർ ദൂഷണം കൂടാതെ ചൊല്ലുന്ന ദേശത്തു്" എന്നുവെച്ചാൽ (ദൂഷണാഗ്രജൻ=ഖരൻ, ഖരന്റെ മുതുകു്=ഖരപ്പുറം) കരപ്പുറമെന്നും 'ബദരർ' എന്നാൽ 'ലന്തകൾ' എന്നുമാണർത്ഥം. ആദ്യത്തേതൊഴികെ മറ്റു പാദങ്ങളിലെല്ലാം കിളിയെക്കൊണ്ടുതന്നെയാണു് പാടിക്കുന്നതു്. ആദ്യത്തെ പാദത്തിൽ അതു സംബന്ധിച്ചുള്ള വരികൾ ആദർശഗ്രന്ഥത്തിൽ പകർത്തിയെഴുതിയപ്പോൾ വിട്ടുപോയിരിക്കണം.

> "വാനിടത്തമ്പിളിത്തെല്ലൻപൊടേ കണ്ടു കരം
> താനെടുത്തുയർത്തിനിന്നഴകേറുന്ന ബാലൻ
> ഞാണെടുത്തതിനുചെങ്ങാതം . . . "

എന്നു കവി തന്റെ ശാലീനതയെ ഉപക്രമത്തിൽത്തന്നെ പ്രകടിപ്പിക്കുന്നു.

> "ഭാഷയിൽപ്പല പടപ്പാട്ടുണ്ടു കേരളത്തിൽ-
> ക്കോഴകൾ കുറഞ്ഞ വിദ്വാന്മാർകൾ ചമച്ചിട്ടു്;
> ഭോഷൻ ഞാനതുപോലെ ചൊല്ലുവാൻ ഭാവിച്ചതു
> ദോഷമല്ലെന്നു വരുത്തീടണം തമ്പുരാനേ!"

എന്നു് അദ്ദേഹം പറയുന്നു. അങ്ങനെയുള്ള പടപ്പാട്ടുകളിൽ ഹര്യക്ഷമാസോത്സവമൊഴിച്ചാൽ പ്രസ്തുതഗാനത്തിനുമുൻപുള്ള കൃതികളിൽ ഒന്നുംതന്നെ നമുക്കു കിട്ടീട്ടില്ല.

## പ്രതിപാദ്യവും കവിതാരീതിയും—പ്രഥമപാദം

അൻപത്തിരണ്ടുകാതം നീളമുള്ള പെരുമ്പടപ്പുസ്വരൂപത്തിൽ കൊല്ലം ഒൻപതാംശതകത്തിന്റെ ആരംഭത്തിൽ നാലു രാജാക്കന്മാർമാത്രം ശേഷിക്കുകയാൽ അന്നു നാടുവാണിരുന്ന ഇളയതാവഴിയിലെ വീരകേരളവർമ്മമഹാരാജാവു മൂത്തതാവഴി, ഇളയതാവഴി, മുരിങ്ങൂതു്, ചാഴൂതു്, പള്ളുരുത്തി എന്നീ അഞ്ചു താവഴികളുള്ളതിൽ മൂത്തതാവഴിയിലും പള്ളുരുത്തിത്താവഴിയിലുംനിന്നു ചില കൊച്ചുതമ്പുരാക്കന്മാരെ ദത്തെടുക്കണമെന്നു നിശ്ചയിക്കുകയും അദ്ദേഹത്തിന്റെ മരണാനന്തരം ആ ദത്തുകൾ നടക്കുകയും ചെയ്തു. 821-ൽ മൂത്ത താവഴിയിൽനിന്നു ദത്തുപുക്കരാമവർമ്മത്തമ്പുരാൻ മൂപ്പു വാണുതുടങ്ങി. എന്നാൽ ചെമ്പകശ്ശേരി രാജാവിന്റെയും കരപ്പുറത്തുകാരുടേയും പിൻബലത്തോടുകൂടി പള്ളുരുത്തിയിൽനിന്നു ദത്തുകേറിയ വീരകേരളവർമ്മത്തമ്പുരാൻ തുറവൂരിൽവെച്ചു നടന്ന യുദ്ധത്തിൽ രാമവർമ്മത്തമ്പുരാനെ തോല്പിച്ചു് അദ്ദേഹത്തേയും അദ്ദേഹത്തിന്റെ അനുജനനേയും കൊച്ചിയിൽ നിന്നു നിഷ്കാസനം ചെയ്തു. വീര കേരളവർമ്മാവു ചാഴൂർത്താവഴിയിൽനിന്നു രാമവർമ്മാ എന്ന ഒരു കുമാരനെ ദത്തെടുക്കുകയും അദ്ദേഹത്തിന്റെ മരണാനന്തരം ആ കുമാരൻ സിംഹാസനാരോഹണം ചെയ്കയും ചെയ്തു. മൂത്തതാവഴിയിലെ രാജാക്കന്മാർ സാമൂതിരിയുടെ ഒരു സാമന്തനായ മണക്കുളത്തു നമ്പിടിയുമായി സഖ്യംചെയ്തു. അതിനെത്തുടർന്നു നമ്പിടിയും രാമവർമ്മത്തമ്പുരാനും തമ്മിൽ തൃശ്ശിവപേരൂരുള്ള അങ്ങാടിയിൽവെച്ചുണ്ടായ യുദ്ധത്തിൽ നമ്പിടി മരിച്ചു. ആ വർത്തമാനം കേട്ടപ്പോൾ മാനവിക്രമൻ (സാമൂതിരി) ക്ഷോഭിച്ചു പടയ്ക്കായി തൃശ്ശിവപേരൂരെത്തി. രാമ

വർമ്മത്തമ്പുരാൻ അപ്പോഴേക്കു മൃതനായിക്കഴിഞ്ഞിരുന്നതിനാൽ ‘രാഘവൻകോയിൽ’ (രാമൻകോവിലെന്നും പറയുന്നു) എന്ന അദ്ദേഹത്തിന്റെ സേനാപതിയായ ഒരു തിരുമുല്പാടാണ് ആ പട തടുക്കുവാൻ ശ്രമിച്ചതു്. നാലഞ്ചു വർഷം കൊച്ചിക്കാർ ഒരുവിധം പിടിച്ചുനിന്നു. ഒടുവിൽ സാമൂതിരിയെ ജയിക്കുവാൻ ഒരു മാർഗ്ഗവും കാണാത്തതിനാൽ രാഘവൻ കോവിൽ അമ്മത്തമ്പുരാനോടുകൂടി കൊച്ചിയിലേക്കു പിൻവാങ്ങി വെട്ടത്തുനാട്ടിൽനിന്ന് ഇളയ താവഴിയിലേയ്ക്ക് അഞ്ചു തമ്പുരാക്കന്മാരെ ദത്തെടുപ്പിച്ചു. വെട്ടവും പെരുമ്പടപ്പും ചൊവ്വരക്കൂറ്റിൽപ്പെട്ട രാജാക്കന്മാരായിരുന്നു. വെട്ടത്തു വലിയതമ്പുരാൻ തന്റെ ഭാഗിനേയന്മാരോടു പെരുമ്പടപ്പിൽനിന്ന് ആവശ്യപ്പെട്ട ദത്തിനു വഴിപ്പെടണമെന്ന് ഉപദേശിക്കുന്നതു താഴെ കാണുന്ന വിധത്തിലാണ്.

“. . . ചിലർ പോകണം മാടത്തിങ്കൽ.
വെട്ടിക്കൊന്നിട്ടും വെട്ടിച്ചത്തിട്ടും മടിയാതെ
വെട്ടമെൺകാതംപോലെ രക്ഷിപ്പിനവിടവും
ക്ഷത്രിയകുലത്തിങ്കൽപ്പിറന്നുള്ളരചന്മാർ
ശക്തരല്ലാതെ മുന്നമില്ലെന്നു ധരിക്കണം.
ആജിയിൽ മരിക്കയുമാശ്രിതരക്ഷണവും
വ്യാജമെന്നിയേ ശത്രുസംഹാരപ്രവൃത്തിയും
ബാഹുജധർമ്മമെന്നു വേദശാസ്ത്രത്തിൽചൊല്ലൂ”

ദത്തുകൊള്ളുവാൻ വന്നവരോട് അദ്ദേഹം പറയുന്ന വാക്യത്തിൽനിന്നുകൂടി ചില ഈരടികൾ ഉദ്ധരിക്കാം:

“ചോതരക്കൂറെന്നൊരു കൂറിനെ നിരൂപിച്ചും
ചേതസി പെരുമ്പടപ്പിൽ സ്വരൂപത്തെയോർത്തും
ജാതിയൊന്നെന്നതോർത്തും വന്ന നിങ്ങളെയോർത്തും
ചേതസി തന്നീടുന്നിതെന്നുടെയുണ്ണികളെ.
നല്ലതുപോലിദ്ദോഷം വിലക്കിപ്പണ്ടുപണ്ടേ-
യുള്ള മര്യാദപോലെ നടത്തിക്കൊള്ളേണമേ!
മാനത്തിന്നൊരു കുടുകളവും നീങ്ങുമെന്നു
മാനസതാരിൽ നിങ്ങളാരുമോർക്കയും വേണ്ട
വെട്ടവരെന്ന കീർത്തിയെട്ടു നാട്ടിലും ശ്രുതി
വിട്ടുവാങ്ങുമാറില്ല പടയ്ക്കു പുറകോട്ട്.”

പിന്നീട് അയിരൂർസ്വരൂപത്തിൽനിന്നുകൂടി ചിലരെ ദത്തെടുത്തു. അങ്ങിനെ വെട്ടത്തുനിന്നു വന്ന രാജാക്കന്മാരിൽ ജ്യേഷ്ഠനായ ഉണ്ണിരാമവർമ്മാ 833-ൽ കൊച്ചിമഹാരാജാവായി. കൊച്ചിക്കോട്ടയിലെ പറങ്കികളുടെ നായകൻ അവർക്കു ബന്ധുവുമായി. സാമൂതിരി അദ്ദേഹത്തോടു തോറ്റു പിൻവാങ്ങിയെങ്കിലും പിന്നെയും ഒരു വലിയ സൈന്യത്തോടുകൂടി യുദ്ധത്തിനെത്തി അയിരൂർനിന്നു ദത്തുകേറിയ രാമവർമ്മത്തമ്പുരാനെ കൊന്നു. അതു കേട്ട് ഉണ്ണിരാമവർമ്മയുടെ അനുജനായ കൊച്ചി ഇളയതമ്പുരാൻ പടക്കളത്തിൽച്ചെന്നു പരേതന്റെ തല മടിയിൽ എടുത്തുവെച്ചുകൊണ്ട് ഇങ്ങനെ വിലപിച്ചു:

“മടികൂടാതെ വെട്ടിമരിച്ച വീരനാകു-
മനുജാ നിന്നെയിനി ഞാനേതു നാളിൽക്കാൺമൂ?

ഞാനല്ലോ മുൻപിൽ മരിച്ചീടുവാനവകാശി;
പിന്നാലെ നീയെന്നല്ലോ ഞാൻ നിനച്ചിരുന്നതും.
മുന്നേ നീ മരിച്ചതു കുറ്റമല്ലെന്നേ വേണ്ടു.
ഇത്തരമരുൾചെയ്തു ദുഃഖിച്ചു നൃപവരൻ
ചിത്തമോദേന തമ്പിതന്നുടൽ തഴുകിയും
കണ്ണീരുമനുജന്റെ ദേഹത്തിൽനിന്നു വരും
പുണ്ണീരും കരംകൊണ്ടു തുടച്ചു, പകയരോ-
ടെണ്ണില്ലാതോളം വരും കോപാവേശതയോടും
എന്നെയുമുണ്ണിയെയുമൊന്നിച്ചിട്ടടയ്ക്കണം
പിന്നെയുള്ളവരെന്നു മന്നവനരുൾചെയ്തു."

ആ ഇളയതമ്പുരാന്റെ യുദ്ധവൈദഗ്ദ്ധ്യം കണ്ടപ്പോൾ മാനവിക്രമന്റെ സേനയുടെ അവസ്ഥ കവി അടിയിൽക്കാണുന്ന പ്രകാരം വർണ്ണിക്കുന്നു.

"വൈനതേയനെക്കണ്ട നാഗങ്ങളെന്നപോലെ
വാനവർകോനെക്കണ്ട ശൈലങ്ങളെന്നപോലെ
കോളരിതന്നെക്കണ്ട കുംഭികളെന്നപോലെ
വ്യാളവീരനെക്കണ്ട മണ്ഡൂകജാലംപോലെ
വാരിധിതന്നെക്കണ്ട മയിൽക്കൂട്ടത്തെപ്പോലെ
ശ്രീരാമൻതന്നെക്കണ്ട രാക്ഷസരെന്നപോലെ
ജാമദഗ്ന്യനെക്കണ്ട ക്ഷത്രിയരെന്നപോലെ
ഭീമദുർഗ്ഗയെക്കണ്ട സുംഭാദികളെപ്പോലെ
ഭാരതയുദ്ധത്തിങ്കൽ ഫൽഗുനൻതന്നെക്കണ്ട
വീരതകലർന്നീടും കൗരവന്മാരെപ്പോലെ"

മാലോപമാപ്രയോഗത്തിൽ കവിയ്ക്കുള്ള പാടവത്തിനു പ്രസ്തുത കൃതിയിൽ വേറേയും ഉദാഹരണങ്ങളുണ്ട്. ഒടുവിൽ സാമൂതിരിയുടെ മന്ത്രിയായ പാറനമ്പിയെ ഒരു ദ്വന്ദ്വ യുദ്ധത്തിൽ രാജാവു വെട്ടിക്കൊല്ലുകയും അതിനെത്തുടർന്നു താനും ശത്രുസൈന്യ ത്താൽ ഹതനാവുകയും ചെയ്യുന്നു.

## ദ്വിതീയപാദം

വീണ്ടും സാമൂതിരി വീരകേരളത്തമ്പുരാനുവേണ്ടി യുദ്ധോദ്യുക്തനായി. ആ വശത്തു തെക്കുംകൂർ, വടക്കുംകൂർ, ആലങ്ങാട്ട്, ഇടപ്പള്ളി എന്നീ രാജാക്കന്മാരും, വെട്ടത്തു നിന്നു ദത്തുപുക്ക രാജാക്കന്മാർക്കു പറങ്കിയും, (പുറത്തുകാൽ—പോർത്തുഗൽ) ചെ മ്പകശ്ശേരി, പറവൂർ, വള്ളുവനാട്ട് ഈ രാജാക്കന്മാരും പാങ്ങ് അതായത് സഹായ മായിത്തീർന്നു. പറങ്കിയോട്ട് എതിരിടാൻ തനിക്കും അതുപോലെ ഒരു ബന്ധുവേ ണമെന്നു കരുതിയിരിക്കവേ വീരകേരളവർമ്മത്തമ്പുരാൻ,

"അൻപോടു കേക്കൊരു കിംവദന്തി മുദാ
കുംഭത്തിയെന്നൊരു കൊമ്പൻ കൊലയാന
വൻപോടു വാഴുംപ്രകാരം മനോഹരം
അൻപരിലൻപു സമ്പത്തു ഗാംഭീര്യവും
വൻപരിൽ മുൻപു വൻഭീരങ്കിയും പട-
ക്കോപ്പുകൾ വൻപെഴും കപ്പലുമർത്ഥവും
കല്പനശക്തിയുമിബ്ഭുവനാന്തരേ

സൂര്യസോമാവധി ശൗര്യവീര്യഗുണ-
കാര്യമര്യാദപൂർണ്ണേഷ ദ്വീപാന്തരേ"

എന്നു വർണ്ണിക്കത്തക്കവിധത്തിലുള്ള ലന്തക്കമ്പനിക്കാരുടെ പ്രാഭവം കേട്ടു കുളമ്പിൽ പോയി അവരുടെ സഖ്യം സമ്പാദിച്ചു.

"എന്തൊരു ബന്ധമിങ്ങാഗതനായെതു-
മെന്തുസിദ്ധാന്തമിന്നെന്നാൽ വേണ്ടുന്നതും?
അന്തരമില്ലരുളീടുകിൽ നല്ലവൻ
ലന്തയെന്നല്ല പേരല്ലെങ്കിൽ നിർണ്ണയം"

എന്ന് അവരുടെ ഗവർണ്ണർ (പരദേശി) പ്രതിജ്ഞ ചെയ്തപ്പോൾ തമ്പുരാൻ,

"ഛിദ്രവും ശത്രുവും ബന്ധുക്കളും ചില
സിദ്ധാന്തവുംകൊണ്ടു നാടുവേർപെട്ടു ഞാൻ
ചത്തു രക്ഷിച്ച പറങ്കിയും കൈവിട്ടു
ശക്തിയുള്ളോർ ചിലർ നാടുമടക്കിനാർ.
ബന്ധുക്കളായ് ചിലരുണ്ടവർക്കും പിന്നെ-
പ്പുത്തുറമന്നനാം വൈരിക്കുമാമില്ല
ഞങ്ങളെ വാഴിപ്പതിന്നു പുറത്തുകാ-
ലങ്ങേപ്പുറമെന്നതുകൊണ്ടറികെടോ.
കൊച്ചിയിൽക്കോട്ട പിടിച്ച പറങ്കിയെ-
ത്തച്ചിറക്കീടുകിൽ കാര്യസാദ്ധ്യം വന്നു."

എന്നു തന്റെ ഇങ്ഗിതമറിയിച്ചു. ഉടൻതന്നെ ഗവർണ്ണർ ഒരു കപ്പൽസൈന്യത്തെ കൊച്ചിക്ക് അയയ്ക്കുകയും ആ സൈന്യം 836-ആമാണ്ടു കുംഭമാസത്തിൽ പറങ്കികളുടെ പള്ളിപ്പുറംകോട്ട പിടിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുതസൈന്യം തിരിയെ സിലോണിലേയ്ക്കു പോയ അവസരം നോക്കി പറങ്കികൾ വീണ്ടും ആ കോട്ട കൈവശപ്പെടുത്തി. വേനല്ക്കാലമായപ്പോൾ പിന്നെയും ലന്തപ്പട വന്ന് 837-ആമാണ്ടു മകരമാസത്തിൽ പറങ്കികളുടെ കൊടുങ്ങല്ലൂർക്കോട്ട പിടിച്ചടക്കി. ആ യുദ്ധം കവി വിസ്തരിച്ചു വർണ്ണിക്കുന്നു:

"നാളെയെനിക്കു കൊടുങ്ങല്ലൂർക്കോട്ടയിൽ
നീളെയിരുന്നെന്ന്യേയില്ലൊരു തീനേതും
നീളെയിരിപ്പാൻ മനസ്സുണ്ടെന്നാകിലോ
വാളിന്നുണാകാതെ ജീവനോടുംകൂടെ
മീളുവൻ കൊച്ചിതന്നിൽപ്പറങ്കികളെ"

എന്നു വീരവാദം ചെയ്യുന്നതും മറ്റും വായിക്കുവാൻ രസമുണ്ട്.

## തൃതീയപാദം

മട്ടാഞ്ചേരിയിൽവെച്ചു നടന്ന യുദ്ധവും മറ്റുമാണ് തൃതീയപാദത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അവിടെച്ചെന്നാൽ ശത്രുക്കളെ മാത്രമേ വധിക്കാവൂ എന്നു തമ്പുരാൻ ലന്തക്കാരോടു മുൻകൂട്ടി ഉപദേശിച്ചു.

"പട കോയിലകത്തുടൻ കരേറുമ്പോ-
ളുടമയേറുമമ്മതമ്പുരാനുണ്ട്

പിറന്നുടയതെന്നറികമരാലേ
മറന്നുകൂട്ടുവാനരുതതുന്യനം.
മറയവരുമുണ്ടവിടെക്കൂടവേ
മറപിടിച്ചോണ്ടു പലരും പാർക്കുന്നു.
സകലം കൊല്ലുകെന്നതു വരായല്ലോ
പകയവരെക്കൊല്ലുകെന്നതേ വരൂ."

എന്നാണ് അദ്ദേഹം വിജ്ഞാപനം ചെയ്തതു്. ആ യുദ്ധത്തിൽ വെട്ടുത്തുനിന്നു ദത്തു കേറിയ അന്നത്തെ കൊച്ചി വലിയതമ്പുരാനും അദ്ദേഹത്തിന്റെ രണ്ടനുജന്മാരും മൃതരായി. ശേഷിച്ച ഗോദവർമ്മാവും സേനാപതി രാഘവൻകോവിലും ഓടി രക്ഷപ്പെട്ടു. ഗോദവർമ്മാവും പടക്കളത്തിൽ മരിക്കുവാൻ സന്നദ്ധനായിരുന്നുവെങ്കിലും വലിയതമ്പുരാൻ.

അതിനു കാലവുമടുത്തില്ലയുണ്ണീ!
അടലിൽ നാമൊക്കെ മുടിഞ്ഞെന്നാൽപ്പിന്നെ-
യടലർതങ്ങൾക്കു സുഖമായ് വാണീടാം
പരിഭവിപ്പതിനൊരുത്തനെങ്കിലും
പുറത്തുണ്ടെന്നാകിൽ രിപുക്കൾ പേടിക്കും;
ഇതുകാലത്തു നീ നിനച്ച കാരിയ-
മിതമോടേയിനിയൊരുനാളേ വേണ്ടൂ"

എന്നു കല്പിക്കുകനിമിത്തമാണ് ആ രാജകുമാരൻ പഴയന്നൂർ ഭഗവതിയെ വന്ദിച്ചുകൊണ്ട് അവിടം വിട്ടുപോയതു്. മട്ടാഞ്ചേരിയിലെ യുദ്ധവും കവി സമഞ്ജസമായി ചിത്രീകരിക്കുന്നു.

"എരിഞ്ഞണയും തീക്കുടുക്കകൊണ്ടുട-
നെരിഞ്ഞഥ മുടി പുടവയുമൊക്കെ.
കരിക്കട്ടപോലെ കരിഞ്ഞു ദേഹവും
പിരിഞ്ഞുടൻ ഞെളിഞ്ഞുലകിൽ വീഴുന്നു.
തൊലിയും ഞാന്നുടൻ കുടലു ചാടീട്ടു
മലവെള്ളംപോലെയൊഴുകുന്നു ചോര.
പുലികളെപ്പോലേയലറുന്നു ലന്ത-
യെലികളെപ്പോലെ വിറയ്ക്കുന്നു വൈരി."

എന്നും,

"വരിമിഴിമാർകൾ മരിച്ചൊരു ഭാഗേ
പുരികുഴലഴിഞ്ഞഥ കിടക്കുന്നു
കളഭം കസ്തൂരിയിഴുകുന്ന നല്ല
മുലത്തടത്തിൽച്ചോരയുമണിഞ്ഞുടൻ"

എന്നും മറ്റുമുള്ള വരികൾക്കു നല്ല തന്മയത്വമുണ്ടു്. ആ അവസരത്തിൽ കൊച്ചിക്കോട്ട പിടിക്കുവാൻ ലന്തയ്ക്കു സാധിച്ചില്ല.

### ചതുർത്ഥപാദം

വീരകേരളവർമ്മത്തമ്പുരാൻ തന്റെ ദയനീയാവസ്ഥ ലന്തഗവർണ്ണരെ ധരിപ്പിക്കുവാൻ വീണ്ടും കുളമ്പിലേയ്ക്കു പോകുന്നതുമുതല്ക്കുള്ള ചരിത്രമാണ് കവി ചതുർത്ഥപാ

ദത്തിൽ കഥനം ചെയ്യുന്നതു്. "ജംഭാരിതൻമീതെയായ കുംഭഞ്ഞി കൊച്ചിക്കോട്ട പടിക്കാത്തതിന് അമരാലോട്ട് കയർത്ത് എന്നെക്കണക്കെന്റെ രാജനെ നിങ്ങളും നന്നായ് ബഹുമാനസ്നേഹമുൾക്കൊണ്ടുടൻ ചൊല്ലുന്ന വേലകൾ കേട്ടില്ലെന്നാകിലോ കൊല്ലുന്നതുണ്ടു ഞാൻ" എന്നു ഭയപ്പെടുത്തി രണ്ടാമതും ഒരു സേനയെ അയച്ചുകൊടുത്തു. വഴിയിൽ ലന്തക്കപ്പലിൽവെച്ചു വലിയ തമ്പുരാൻ മരിക്കുകയാൽ അദ്ദേഹം ചാഴൂരിൽനിന്നു ദത്തെടുത്തിരുന്ന വീരകേരളവർമ്മത്തമ്പുരാൻ ആ സ്ഥാനത്തിൽ ആരൂഢനായി. ആ തമ്പുരാനും ലന്തപ്പടയും കൊച്ചിക്കു നേരെ അടുത്തു. ഗോദവർമ്മതമ്പുരാനും ചെമ്പകശ്ശേരിരാജാവും എറണാകുളത്തും പറങ്കികൾ കൊച്ചിക്കോട്ടയിലും യുദ്ധോദ്യുക്തരായി നിലകൊണ്ടു. ആദ്യമായി ചെമ്പകശ്ശേരിക്കാരുടെ വഞ്ചിപ്പടയെ നശിപ്പിക്കുവാൻ തന്റെ കപ്പൽ സേനയുടെ ഒരു ഭാഗം ലന്തക്കാരുടെ വലിയ കപ്പിത്താൻ വിനിയോഗിച്ചു. ആ പോരിൽ ചെമ്പകശ്ശേരിയാണു് ജയിച്ചതു്. പ്രസ്തുത കാവ്യത്തിലെ അത്യന്തം മനോഹരമായ ഒരു ഭാഗമാകുന്നു ആ നാവികസമരവർണ്ണനം.

"മിന്നുംവെടിത്തിരയൊക്കെക്കൊളുത്തുന്നു;
നന്നായുന്നമുറപ്പിച്ചു നിന്നീടുന്നു;
കൊള്ളട്ടെയെന്നുടൻ വെള്ളത്തിൽച്ചാടുന്നു;
വള്ളമിടയിട്ടു വെട്ടുന്നു തങ്ങളിൽ,
രണ്ടു പരിഷയും വെള്ളത്തിലായാറെ-
യുണ്ടായ യുദ്ധമെന്തൊന്നു പറവു ഞാൻ.
ഓളത്തൊടൊന്നിച്ചു നീന്തിയടുക്കുന്നു:
ചീളെന്നു വെട്ടിപ്പുറക്കോട്ടു വാങ്ങുന്നു;
വാട്ടമുള്ളേടത്തു വീരരടുക്കുന്നു;
കൂട്ടത്തിൽപ്പെട്ടുടൻ തീട്ടുന്നു തങ്ങളിൽ.
കത്തു വരക്കണ്ടു തട്ടിക്കളയുന്നു
കുത്തുകൾകൊണ്ടു കുടലു തെറിക്കുന്നു;
വഞ്ചിമേൽനിന്നു വെടികൾ പൊഴിക്കുന്നു;
നെഞ്ചു പൊളിഞ്ഞു മറിഞ്ഞുവീണീടുന്നു;
മത്തഗജങ്ങൾ പുഴയിലിറങ്ങീട്ടു;
കുത്തിക്കളിക്കുന്നതുപോലെ തങ്ങളിൽ
ശക്തിയോടേറ്റുടൻ കുത്തുന്നു, വെട്ടുന്നു;
ചത്ത ശവം പുഴതന്നിലൊഴുകുന്നു;
നില്ലു നില്ലെന്നു മുൻനോക്കിയടുക്കുന്നു;
നില്ലാതെയുള്ള കെറുവോടടുക്കുന്നു,
മേളമേറീടുന്ന ഭീരങ്കിയിൽനിന്നു
കാളുന്ന തീപോലെ വെന്തുപഴുത്തുടൻ
നാളികേരോപമമുള്ളൊളികൊള്ളിക-
ളോളത്തിനുമീതെ തെറ്റിനടക്കുന്നു.
കോലുളികൊണ്ടു വലിച്ചുകൂടാഞ്ഞിട്ടു
കാലുവിറച്ചു ലന്തേശു ഭ്രമിക്കുന്നു.
തൊപ്പികളൊക്കെത്തെറിച്ചുതുടങ്ങുന്നു;
കുപ്പായം ചീർത്തുടൻ കെല്പു കുറയുന്നു
തോക്കുകളും വാളും വെള്ളത്തിൽപ്പോകുന്നു;

തോല്ക്കുമാറായിതു ലന്തപ്പരിഷയും.
തീക്കൊള്ളിപോലേ ശരങ്ങളേറ്റീടുന്നു;
തീക്കുടുക്കകളും കത്തിയണയുന്നു;
ചേലയും കുന്തലും കത്തിപ്പൊരിയുന്നു;
മാലോകരും കണ്ടു വിസ്മയിച്ചീടുന്നു.
കാണിപോലും പഴുതാത നായന്മാർകൾ
പ്രാണനെക്കൈവെടിഞ്ഞത്യന്തശൗര്യേണ
നില്ലാതെയുള്ള കെറുവോടണയുന്നു;
മൂക്കിൽ വെള്ളം പുക്കു ചീറ്റിത്തുടങ്ങുന്നു;
തോക്കുകൾകൊണ്ടു തലയ്ക്കിട്ടിടിക്കുന്നു.
തോല്ക്കരുതെന്നു ഭാവിച്ചു പൊരുന്നേരം
മത്സ്യങ്ങളൊക്കെയുമുത്സാഹവും പൂണ്ടു
മത്സരത്തോടു കൊത്തിപ്പറിച്ചീടുന്നു.
മുങ്ങിക്കളയുന്നു വെട്ടുവരക്കണ്ടു
പൊങ്ങുന്നനേരം തലകൾ തെറിക്കുന്നു.
തിണ്ണം കടലലറീടുന്നതുപോലെ
പൊണ്ണത്തടിയരലറിനിന്നീടുന്നു.”

ഇങ്ങനെ പോകുന്ന വർണ്ണനം വായിക്കുമ്പോൾ നമുക്കു ആ യുദ്ധം പ്രത്യക്ഷമായി കണ്ടതുപോലെയുള്ള പ്രതീതിയാണ് ജനിക്കുന്നത്. കവിയുടെ പ്രതിപത്തി ചെമ്പ കശ്ശേരിയുടെ നേർക്കാണ്. കൊച്ചിക്കോട്ടയിൽ ചെന്നു പറങ്കിയോടു കീഴടങ്ങുവാൻ ആജ്ഞാപിക്കുന്നതും അതിനു പറങ്കി വിസമ്മതിക്കുന്നതും മറ്റൊരു രസകരമായ ഘട്ടമാണ്.

“എന്തിന്നു നിങ്ങൾ പഴുതേ മരിക്കുന്നു?
ബന്ധുക്കളാരുമില്ലെന്നു ധരിക്കണം
എന്നുടെ ശൗര്യവും നിങ്ങളറിഞ്ഞില്ല
മുന്നം വടക്കോട്ടു ഞാൻ പിടിച്ചേനല്ലോ.
പിന്നെ നിങ്ങൾക്കു തുണയായ മന്നരെ-
ത്തന്നെയും കൊന്നിതു ഞാൻ ബലവീര്യത്താൽ.
തോല്ക്കുമാറേയുള്ളു നിങ്ങൾ ഞങ്ങളോടു
പോർക്കൊരുമിച്ചു വരുന്ന നാളൊക്കയും.
നല്ല പരദേശത്തുള്ളൊരു കോട്ടകൾ
ചൊല്ലിക്കൊണ്ടൊത്തു പിടിച്ചതും ഞാനല്ലോ,
പിന്നെ മറുനാട്ടിലുള്ള കൊടുങ്ങല്ലൂർ
തന്നെയടക്കിജ്ജയിച്ചതും ഞാനല്ലോ,
എന്നതിനുമുൻപു പള്ളിപ്പുറത്തൻപൊടു
വന്നഴകിൽക്കോട്ടകൊണ്ടതും ഞാനല്ലോ.
അന്നേതുതന്നെയീ ലന്ത ഞാനെന്നതു-
മിന്നൊന്നു മാറിപ്പറകയുമില്ലല്ലോ.
അന്നുള്ളവർതന്നെ നിങ്ങളുമായതു-
മിന്നൊന്നു മാറിപ്പോയില്ലെന്നു നിർണ്ണയം.
പിന്നെയെന്തിന്നു പഴുതേ നടിക്കുന്നു

നിന്നു പൊറുക്കരുതാതോരു നിങ്ങളും?
ഇന്നു നിങ്ങൾക്കൊരു നല്ലതാകുന്നതു-
മെന്നോടഴിഞ്ഞുപൊറുക്കെന്നതുതന്നെ.”

എന്നു ലന്തയുടെ ഉപഹാസപരമായ വാക്കിനു പറങ്കി വീരോചിതമായ വിധത്തിൽ ഇങ്ങനെ മറുപടി നല്കുന്നു.

“ചാവും മുറിവും പെരുത്തു വലഞ്ഞിട്ടൊ-
രാവതില്ലാതെ ചമഞ്ഞാലിണങ്ങുവൻ.
മുന്നം നീ തന്നെ പലപല കോട്ടക-
ളെന്നോടു വെട്ടിപ്പിടിച്ചനാളൊക്കെയും
നീങ്ങെന്നു നീ പറയുന്നതു കേട്ടു ഞാൻ
നീങ്ങുമാറില്ലെന്നതുമറിഞ്ഞീടുക,
ബന്ധുക്കളും കൊറ്റമില്ലെന്നുവന്നൊഴി-
ഞ്ഞെന്തൊരു നാളിൽജ്ജയിച്ചു പണ്ടെന്നെ നീ?
ഞങ്ങൾക്കു ഞങ്ങടെ മൂലസ്ഥലമതും
പ്രത്തുകാൽനാടുമക്കോട്ടപ്പടികളും
രാജധാനികളും സിംഹാസനങ്ങളു-
മിന്നൊന്നു നിർമ്മിച്ചുവന്നതല്ലെന്നറി.
ശൗര്യം നിനക്കതിമാത്രമുണ്ടെങ്കിലും
ശൗര്യമുള്ള ജനം കാട്ടുമാറേയുള്ളു.
അഞ്ചു ലന്തേശ്ശുമൊരു ദ്ദുളദാസുമായ്[7]
നേരെ പലർ കാൺകെ നിന്നുപൊരുതെന്നാൽ
എന്റെ ദ്ദുളദാസു തോറ്റുപോയെങ്കിലോ
കോട്ടയും തന്നു പടയുമിളച്ചുടൻ
നീ ചൊന്നതൊക്കെയും സൌജന്യമെന്നുടൻ
നീതിയോടേ കണ്ടൊഴിഞ്ഞു വാങ്ങിത്തരാം.
അല്ലാതെ നീ പറയുന്ന പേവാക്കുകൾ
ന്യായമല്ലെന്നതറിവോരറിഞ്ഞിടും:
ഇപ്പോൾ നിനക്കു തുണ പലരുണ്ടല്ലോ
കെല്പോടെനിക്കാരുമില്ലെന്നിരിക്കിലും
ചെറ്റു പൊരുതേയടങ്ങുന്നതുള്ളു ഞാ-
നറ്റു നീ പോരിന്നു കോപ്പിട്ടുകൊണ്ടാലും.”

ആ യുദ്ധത്തിൽ പറങ്കികൾ തോറ്റു. “തൊപ്പിയൂരിത്തല ചായ്ച്ചു നല്ലായുധം കെല്പു കുറഞ്ഞവൻ മുൻപിൽ വെച്ചീടിനാർ.” 838-ആമാണ്ടു ധനുമാസം 28-ആംനു വെള്ളിയാഴ്ചയാണ് ആ സംഭവം നടന്നതെന്നു കവി നമ്മെ അറിയിക്കുന്നു. വീരകേരളവർമ്മത്തമ്പുരാൻ കൊച്ചിയിൽ തിരുമൂപ്പു വാണു. ചെമ്പകശ്ശേരിതമ്പുരാൻ അദ്ദേഹത്തിന്റെയും ലന്തയുടെയും സഖ്യം സമ്പാദിച്ചു. കരപ്പുറത്തുകാർ അദ്ദേഹത്തിന്റെ ആധിപത്യത്തിനു കീഴടങ്ങി. ഗോദവർമ്മ രാജാവ് അമ്പലപ്പുഴ നിന്നു തെക്കോട്ടു നീങ്ങി.

---

[7] ദ്ദുളദാസ് = സോൾജർ, സാമാന്യയോധൻ.

## അഞ്ചുമാറും പാദങ്ങൾ

അഞ്ചുമാറും പാദങ്ങളെപ്പറ്റി അധികമൊന്നും പ്രസ്താവിക്കുന്നില്ല. ഗോദവർമ്മ തിരുവനന്തപുരത്തുപോയി "വഞ്ചിപൻമന്നനെ" കണ്ടു എങ്കിലും അവിടെനിന്ന് അദ്ദേഹത്തിന് ഒരു സാഹായ്യവും ലഭിച്ചില്ല. പിന്നെയും ഒരു സൈന്യത്തെ ശേഖരിച്ചുകൊണ്ട് ആ തമ്പുരാൻ കരപ്പുറത്തുവെച്ചു ലന്തക്കാരുമായി എതിർക്കുകയും ആ യുദ്ധത്തിലും പരാജിതനാകുകയും ചെയ്തു. സാമൂതിരി കൊടുങ്ങല്ലൂർക്കോട്ട കയ്യടക്കിവച്ചുകൊള്ളുകയും, അതു തിരികെ കൊച്ചിക്കു കൊടുക്കണമെങ്കിൽ തന്റെ പടച്ചെലവു കിട്ടണമെന്നു ശഠിക്കുകയും ചെയ്യുകയാൽ കൊച്ചിത്തമ്പുരാനും ലന്തയും ഒരുവശത്തും സാമൂതിരിയും പറങ്കിയും മറുവശത്തുമായി വീണ്ടും ഒരു യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നു. അതുസംബന്ധിച്ചുള്ള ഒരുക്കമാണ് ഷഷ്ഠപാദത്തിൽ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നത്. ഒടുവിൽ ലന്ത ആ കോട്ട 845-ആമാണ്ടു കന്നിമാസം 15-ആംനു വീണ്ടെടുത്തു. അങ്ങനെ പള്ളുരുത്തിത്താവഴിയിൽനിന്നു ദത്തുപുക്ക രാമവർമ്മത്തമ്പുരാൻ മൂത്തതാവഴിയിൽനിന്നു ദത്തുപുക്ക വീരകേരളവർമ്മത്തമ്പുരാന്റെ നേർക്കു പ്രവർത്തിച്ച അന്യായത്തിന്റെ ഫലം ആ തമ്പുരാന്റെ പിൻവാഴ്ചക്കാരായി വെട്ടത്തുനിന്നു ദത്തുകേറിയ തമ്പുരാക്കന്മാർ അനുഭവിച്ചു. വീരകേരളവർമ്മത്തമ്പുരാനും അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാർക്കും നേരിട്ട സങ്കടം കാലാന്തരത്തിൽ പരിഹൃതവുമായി. ആ വസ്തുത പര്യാലോചിക്കുമ്പോൾ പടപ്പാട്ടു സന്മാർഗ്ഗോപദേശകമായ ഒരു കാവ്യമാണെന്നുകൂടി സമർത്ഥിക്കാവുന്നതാണ്. അതോടുകൂടി പടപ്പാട്ട് അവസാനിക്കുന്നു. ഷഷ്ഠപാദത്തിൽ ലന്തക്കാർ തിരുവഞ്ചിക്കുളത്തു കേറിയുറപ്പിച്ച മരക്കോട്ടയെപ്പറ്റിയുള്ള വർണ്ണനം കവിയുടെ കല്പനാശക്തിക്കു മകുടോദാഹരണമായി പ്രശോഭിക്കുന്നു.

"മേരുമലയ്ക്കൊരു വൈരി പുറപ്പെട്ടു കേരളഭൂമിയിൽനിന്നു വടക്കോട്ടു നേരേ വരുന്നു" എന്നാണ് ആ കോട്ടയെ അദ്ദേഹം ഉല്ലേഖനം ചെയ്യുന്നത്.

> "മേരുമലയ്ക്കു ശിഖരങ്ങളുണ്ടെങ്കിൽ
> ചാരുതണ്ടായ ശിഖരമിതിനുണ്ട്.
> അമ്മലമേൽ കരിസിംഹമലറുകി-
> ലിമ്മരക്കോട്ടയിൽത്തോക്കലറീടുമേ.
> വണ്ടുകളമ്മലമേൽ മുരണ്ടീടുകിൽ
> തണ്ടുകളെല്ലാം മുരണ്ടലറുമിതിൽ.
> ഗന്ധർവരാദികളങ്ങു വസിക്കിലോ
> സന്തതം ലന്തകൾ വാഴുന്നിതിലുമേ.
> തണ്ണീർ നിറഞ്ഞ തടമതിലുണ്ടെങ്കിൽ
> തണ്ണീർ നിറച്ച പത്താഴങ്ങളുണ്ടിതിൽ.
> കന്നിമ്മാതങ്ങു കളിച്ചുവസിക്കിലോ
> ഇന്ദിരാദേവി കളിച്ചിങ്ങിരിക്കുന്നു.
> അന്നം പറക്കും തലയ്ക്കുമീതെങ്കിലോ
> ഉന്നം പറക്കും കൊടിക്കുറ കോട്ടമേൽ.
> കൂർത്തുമൂർത്തുള്ള മുള്ളുണ്ടതിലെങ്കിലോ
> ചേത്തിരുമ്പാണിമുള്ളുണ്ടിതിന്മേലുമേ.
> ഈശാനനാശ്രയം പൂണ്ടതു വാഴുകിൽ
> പാശിതാനാശ്രയം പൂണ്ടിതു വാഴുന്നു.
> സൂര്യന്റെ തേരതിൻ ചുറ്റും നടക്കിലോ

വാരിധിത്തേരിതിൻ ചുറ്റും നടക്കുന്നു.
കല്ലുണ്ടതിലുരുണ്ടെന്നതാകുന്നെങ്കിൽ
കല്ലുണ്ടയുണ്ടിതിൽച്ചിത്രം തരംതരം.
ഏണമതിൻചുവട്ടിൽക്കിടന്നീടുകിൽ
ചീനിയിതിൻചുവട്ടിൽക്കിടന്നീടുന്നു.
പാമ്പുകളുണ്ടു തടിച്ചതതിലെങ്കിൽ
പാമ്പുകയറുണ്ടിതിലും മനോഹരം.
പാഴ്മരമുണ്ടു പർവതത്തിലെങ്കിൽ
പാമരമുണ്ടു വളർന്നതിതിലുമേ”

എന്നാണദ്ദേഹത്തിന്റെ ഉപപാദനരീതി. പടപ്പാട്ടിന്റെ പ്രണേതാവിനെ മഹാകവി എന്നോ പണ്ഡിതമൂർദ്ധന്യനെന്നോ പറയുവാൻ പാടില്ലെങ്കിലും അദ്ദേഹത്തിന്റെ ഭാവനാസമ്പത്തിനേയും വർണ്ണനാചാതുര്യത്തേയും മുക്തകണ്ഠമായി പ്രശംസിക്കുവാൻ ഏതു പുരോഭാഗിയും മടിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ ഭാഷാശൈലി സാമാന്യജനങ്ങളുടേതാണ്. അക്കാലത്തു പ്രചാരലുപ്തങ്ങളായിരുന്ന ചില പ്രയോഗങ്ങളും കാണ്മാനുണ്ട്. ദേശചരിത്രവും സമരവ്യാപാരവും സംബന്ധിച്ച് അദ്ദേഹത്തിനുള്ള അവഗാഹം അസാധാരണമാണ്. ക്യാപ്റ്റൻ ന്യൂഹോഫ് മുതലായ ലന്തക്കാരുടെ ഗ്രന്ഥങ്ങളിലും തൃപ്പൂണിത്തുറ ഗ്രന്ഥപ്പുരയിലും മറ്റും പ്രതിപാദിക്കുന്ന അക്കാലത്തെ ആ സംഭവങ്ങൾ പടപ്പാട്ടിൽ അണുമാത്രംപോലും വ്യത്യാസം കൂടാതെ പ്രപഞ്ചനം ചെയ്തിരിക്കുന്നു. എന്നുമാത്രമല്ല രാഘവൻ കോവിൽ ആരായിരുന്നു എന്നും മുരിയതിട്ട നമ്പൂരിമാരെ ലന്തക്കാർ ബന്ധനസ്ഥന്മാരാക്കിയോ എന്നും അമ്മത്തമ്പുരാന്റെ നേർക്കു മൂത്തതാവഴിത്തമ്പുരാക്കന്മാരുടെ മനോഭാവമെന്തായിരുന്നു എന്നും മറ്റുമുള്ള അനേകം വാദഗ്രസ്തങ്ങളായ വിഷയങ്ങളിൽ അതു സംശയനിവൃത്തിക്കു പര്യാപ്തമായ വിധത്തിൽ പുതിയ അറിവുകൾ തരുന്നുമുണ്ട്. കവി താൻ വർണ്ണിക്കുന്ന ചില യുദ്ധങ്ങളിൽ ഭാഗഭാക്കായിരുന്നതായി കരുതുന്നതിൽപ്പോലും അസാംഗത്യമില്ല. അതെന്തായാലും അദ്ദേഹത്തിന് അന്നത്തെ യുദ്ധസമ്പ്രദായത്തെപ്പറ്റിയുള്ള വിജ്ഞാനം സർവങ്കഷമായിരുന്നു എന്നുള്ളതു നിർവിവാദംതന്നെ. ഭാരതത്തിലെ ഇതരദേശവാസികളെ അപേക്ഷിച്ചു കേരളീയർ ദേശചരിത്രത്തെ വിഷയീകരിച്ചു കവനം ചെയ്യുന്നതിൽ താൽപര്യം പ്രദർശിപ്പിച്ചിരുന്നു എന്നുള്ളതിന് ഒൻപതാം ശതകത്തിൽ വിരചിതങ്ങളായ ഹര്യക്ഷമാസസമരോത്സവം, പടപ്പാട്ട്, മാമാങ്കോദ്ധരണം എന്നീ ഗ്രന്ഥങ്ങൾ ഉത്തമലക്ഷ്യങ്ങളാണ്. മലനാട്ടിൽ എങ്ങും എവിടെയും പട നടന്നിരുന്ന അക്കാലത്ത് അതിന്റെ പ്രതിഫലനം സാഹിത്യത്തിലും സംക്രമിച്ചതു് അസ്വാഭാവികമല്ലല്ലോ.

## കാടഞ്ചേരി നമ്പൂരി — കാലം

തെക്കേമലയാളത്തിൻ കാടഞ്ചേരിയില്ലത്തെ ഒരു നമ്പൂരി ‘മാമാങ്കോദ്ധാരണം’ എന്ന പേരിൽ ഒരു കിളിപ്പാട്ടു രചിച്ചിട്ടുണ്ട്.

“മല്ലാരിസമൻ മാനവിക്രമൻ മനുജേന്ദ്ര-
നല്ലിപ്പൂമകൾ പിരിയാത മങ്ഗലശീലൻ
സ്വർല്ലോകാദികളിലും കീർത്തിചേർത്തിട്ടും നാഥ-
ന്നുള്ള സർവ്വാർത്ഥകാര്യമാർഗ്ഗലേഖകന്മാരിൽ
വല്ലഭമേറും കാടഞ്ചേരിയില്ലം നല്ല

> പല്ലാനിക്കോടം വീട്ടുമീശന്മാർ ചെറിയന്നേ
> വല്ലാതെ വലഞ്ഞുഴന്നീടിനോരെന്നെക്കണ്ടി-
> ട്ടല്ലൽ തീർത്തെടുത്തങ്ങു കൊണ്ടുപോയന്നുദിനം
> മെല്ലെമെല്ലെവേ നറുംപാലുമന്നവും തന്നു
> കല്യമോദേന പരിപാലിച്ചു വേണ്ടുംവണ്ണം"

എന്നു ഗ്രന്ഥാരംഭത്തിൽ കിളി പാടിയിരിക്കുന്നു. പല്ലാനിക്കോടം വീട്ട് ഏതെന്നു മനസ്സിലാകുന്നില്ല. അതിന്റെ അധിപൻ ഒരു നായരായിരിക്കണം. അദ്ദേഹത്തിനും പ്രസ്തുതകൃതിയുടെ രചനയിൽ അനുഗ്രാഹകത്വമുണ്ടായിരുന്നതായി സങ്കല്പിക്കേണ്ടിയിരിക്കുന്നു. അവർ രണ്ടുപേരും കഥാനായകന്റെ കോവിലകത്തു ലേഖനവൃത്തിയിൽ ഏർപ്പെട്ടിരുന്നു. കൃഷ്ണനാട്ടം നിർമ്മിച്ച മാനവേദനെ തുടർന്ന് നെടുവിരിപ്പ (നെടിയിരുപ്പ) സ്വരൂപം പരിപാലിച്ച തിരുവോണം തിരുനാൾ, അശ്വതി തിരുനാൾ, പൂരാടംതിരുനാൾ, ഉത്തൃട്ടാതിതിരുനാൾ എന്നീ നാലു രാജാക്കന്മാരെപ്പറ്റി ചുരുക്കമായി ചിലതെല്ലാം പ്രസ്താവിച്ചതിനുമേൽ തന്റെ കഥാനായകനായ ഭരണി തിരുനാൾ മാനവിക്രമരാജാവിന്റെ രാജ്യഭാരത്തെയും അദ്ദേഹം 869-ആമാണ്ടും, 870-ആമാണ്ടും നടത്തിയ രണ്ടു മാമാങ്കങ്ങളേയുംപറ്റി കവി വർണ്ണിക്കുന്നു. അവരിൽ ആദ്യത്തെ നാലു രാജാക്കന്മാരുടെ ഭരണകാലം 833 മുതൽ 859 വരെയാണ്. ഭരണിതിരുനാൾ 815-ൽ ജനിച്ചു. 859-ൽ സാമൂതിരിപ്പാടായി. 880-ൽ തീപ്പെട്ടു. 870-ലെ മാമാങ്കവും പ്രതിപാദ്യകോടിയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത കൃതിയുടെ നിർമ്മിതി 870-നും 880നും ഇടയ്ക്കാണെന്ന് അനുമാനിക്കാവുന്നതാണ്.

## ഗ്രന്ഥത്തിന്റെ സ്വരൂപം

മാമാങ്കോദ്ധരണത്തിൽ (1) ഗോകർണ്ണോദ്ധരണം (2) പൂന്തുറേശാധിപത്യം (3) പൂന്തുറേശവൃത്തം (4) മാഘമഹോത്സവം (5) ശക്തിപ്രസാദം (6) മാമാങ്കോദ്ധരണം എന്നീ ആറു ഖണ്ഡങ്ങൾ അടങ്ങിയിരിക്കുന്നു. മാമാങ്കോദ്ധരണത്തിനുശേഷമുള്ള സംഭവങ്ങൾകൂടി ശാരിക പറയുവാൻ സപ്തമഖണ്ഡത്തിൽ ഉപക്രമിക്കുന്നു എങ്കിലും അതിൽ ഏതാനും വരികൾ മാത്രമെ കണ്ടുകിട്ടീട്ടുള്ളു. പ്രഥമ തൃതീയഖണ്ഡങ്ങൾ കേകയിലും മറ്റു നാലു ഖണ്ഡങ്ങളും കാകളിയിലുമാണ് നിബന്ധിച്ചിരിക്കുന്നത്. കാകളിയിൽ അങ്ങിങ്ങു കളകാഞ്ചിയും മണികാഞ്ചിയും മറ്റും മിശ്രണം ചെയ്തിട്ടുണ്ടെങ്കിലും ആ വൃത്തങ്ങൾകൊണ്ടു കൈകാര്യം ചെയ്യാൻ കവി താരതമ്യേന അസമർത്ഥനാണെന്നു പറയേണ്ടിയിരിക്കുന്നു. ആദ്യത്തെ രണ്ടു ഖണ്ഡങ്ങളിലും കേരളോല്പത്തിയിലെ ഇതിവൃത്തം തന്നെയാണ് പ്രതിപാദിച്ചിരിക്കുന്നത്. ശ്രീപരശുരാമന്റെ സ്രുക്ക്ഷേപണംകൊണ്ടു സമുദ്രം നീങ്ങുന്നതും തൽഫലമായി ആവിർഭവിച്ച ഭൂമി അദ്ദേഹം ബ്രാഹ്മണർക്കു ദാനം ചെയ്യുന്നതും അങ്ങനെ തങ്ങൾക്കു ലഭിച്ച രാജ്യം അവർതന്നെ കുറെക്കാലം രക്ഷിക്കവേ അധർമ്മം വർദ്ധിച്ചപ്പോൾ ദാതാവിന്റെ അനുമതി വാങ്ങി കേരളൻ എന്നൊരു രാജമന്ത്രിയെ (ചോള ദേശത്തുനിന്നെന്നു കേരളോൽപ്പത്തി) കൊണ്ടുവന്നു രാജാവായി വാഴിക്കുന്നതും ഒടുവിൽ ചേരമാൻപെരുമാൾ തന്റെ പ്രകൃതി രഞ്ജനാപാടവംകൊണ്ട് ആയുരന്തംവരെ രാജ്യഭാരം ചെയ്യുന്നതും ആസന്നമരണനായ കാലത്ത് അദ്ദേഹം മധ്യകേരളം തന്റെ ഏഴു പുത്രന്മാർക്കായി വീതിച്ചുകൊടുക്കുന്നതും മറ്റും ഈ കൃതിയിലും വിവരിച്ചിട്ടുണ്ട്. പിന്നീടാണ് അദ്ദേഹത്തെ ഭക്തനായ പൂന്തറേശൻ ചെന്നു തൊഴുതത്. കോഴിക്കോടിനു മുൻപു നെടിയിരിപ്പു സ്വരൂപത്തിന്റെ രാജധാനി പൂന്തുറയായിരുന്നു. "തൽപാദഭക്തനു സൽ

കരിച്ചീടുവാനല്പമെന്നാകിലുമൊന്നു കാണായ്കയാൽ, കുക്കുടക്കോടരക്രോശമാത്രം” തനിക്കു ബാക്കിയുണ്ടായിരുന്ന സ്ഥലം ആ വീരനു ദാനംചെയ്തു.

“കർമ്മഭൂദേശമിവിടമാകുന്നതു്;
ധർമ്മമര്യാദകൾ നീങ്ങാതെ സന്തതം
ബ്രാഹ്മണരേയും പശുക്കളേയും മഹാ-
ധാർമ്മികന്മാരായ സാധുക്കൾ തമ്മെയും
രക്ഷിപ്പതിനു സർവ്വാധിപത്യം നിന-
ക്കൊക്കെയടക്കിത്തരുന്നുണ്ടു നിർണ്ണയം”

എന്നു കല്പിച്ചു പെരുമാൾ തന്റെ പള്ളിവാൾ അദ്ദേഹത്തിന്റെ കയ്യിൽ സമർപ്പിക്കുകയും

“ചൊല്ലെഴും മക്കത്തു കപ്പലോടിക്കയും
കല്യാണമുൾക്കൊണ്ടു മാമങ്കമാകിയ
നല്ല മഹോത്സവം മേളിച്ചുകൊൾകയു-
മല്ലലൊഴിഞ്ഞു ചെയ്താലും നിരന്തരം”

എന്നുകൂടി അനുശാസിക്കയും ചെയ്തു ബ്രഹ്മസായുജ്യം പ്രാപിച്ചു. ഈ വരങ്ങളെ പെരുമാളുടെ ആശംസയായി മാത്രമേ കരുതേണ്ടതുള്ളു. എന്തെന്നാൽ അദ്ദേഹത്തോടു “ചമ്മംപരിശ” വാങ്ങിയ വള്ളുവക്കോനാതിരിക്കാണ് മാമാങ്കാഘോഷത്തിനുള്ള അവകാശം അദ്ദേഹം ആദ്യമായി ദാനംചെയ്തതെന്നു ഗ്രന്ഥകാരൻ തന്നെ പറയുന്നുണ്ട്. കോഴിക്കോടിനു പ്രാബല്യം സിദ്ധിച്ചതിനുമേലല്ലാതെ “മക്കത്തു കപ്പലോടിക്കുവാൻ” തരവുമില്ലല്ലോ. അതു് എങ്ങനെയായാലും പൂന്തുറേശൻ ഉടനടി തന്നെ കോഴിക്കോട്ടുനഗരം സ്ഥാപിച്ച് അതു തന്റെ രാജധാനിയാക്കി ക്രമേണ അയൽനാടുകളിൽ ഓരോന്നായി “ചത്തും കൊന്നും അടക്കി”ത്തുടങ്ങി.

പരശുരാമൻ വരുണന്റെ നേർക്കു ഭാർഗ്ഗവാസ്ത്രം പ്രയോഗിച്ചപ്പോൾ ലോകത്തിനു സംഭവിച്ച ദശാന്തരം കവി ഇങ്ങനെ വർണ്ണിക്കുന്നു.

“കല്പാന്തനലസമമായ ദിവ്യാസ്ത്രം തൊട്ടു-
ത്തപ്പൊഴുതതിശയമുൽപതിച്ചെഴും ധൂളി-
ചക്രവേഗേന മിത്രമണ്ഡലം മറയുന്നു;
രക്തവൃഷ്ടിയുമുല്ക്കാപാതവുമശനിയും
വിച്യുതിച്ചുളവതു കണ്ടതിപരവശാൽ
അച്ചരിത്രങ്ങളെന്തായ് വരുമെന്നറിയാഞ്ഞു
യക്ഷകിന്നരഗന്ധർവ്വോരഗവിദ്യാധര-
രക്ഷോഗുഹ്യകപിശാചാദികളെല്ലാവരും
വിഭ്രാന്തന്മാരായ്ച്ചമഞ്ഞീടിനാരോരോ ദിക്കിൽ;
വിഭ്രമം കലർന്നിതു മറ്റുള്ള ജനങ്ങളും.
അബ്ധിയും ഖരതരം തിളച്ചുമറിഞ്ഞുട-
നപ്പുകൾ കുറുകിമിട്ടാൽ കവിഞ്ഞിളകുന്നു.
പുഷ്കരാലയനിയതാലയനിവാസിക-
ളൊക്കവേ ബഹുവിധമുഷ്ണിച്ചു പിടയുന്നു.
നക്രമത്സ്യാഹിഗ്രാഹകച്ഛപതിമിംഗല-
മുഖ്യസൂകരജലമാനുഷാദികളെല്ലാം

തിശമവേഗങ്ങൾ സഹിയാഞ്ഞുഴന്നഴല്പെട്ടു
വ്യഗ്രമുൾക്കലർന്നങ്ങോടിങ്ങോട്ടുമലയുന്നു.
ശുക്രാദിമുനികളും രാമനെപ്പുകഴ്ന്നതി-
ഭക്ത്യാ സന്താപവേഗാലൊട്ടോട്ടു പിൻവാങ്ങുന്നു.
ശക്രാദിദേവകളുമീശശിഷ്യാധിക്യം ക-
ണ്ടുൾക്കാമ്പു തെളിഞ്ഞഖിലേശനെ വണങ്ങുന്നു.
വിപ്രാദിസാധുക്കളും ദേവകളസുരക-
ളെപ്പേരും വരുണനോടത്ഭുതം കണ്ടുകണ്ടു
ധിക്കാരം കാട്ടിടാതെ ഭാർഗ്ഗവൻതന്നെച്ചെന്നു
സല്ക്കരിച്ചാലും ഭവാനെന്നൊക്കെപ്പറയുന്നു."

ഇനി ഭരണി തിരുനാൾതമ്പുരാന്റെ അപദാനങ്ങളെ പരാമർശിച്ചു കവി പ്രധാനമായി എന്തു പറയുന്നു എന്നു നോക്കാം. മൂന്നും നാലും ഖണ്ഡങ്ങളിലാണ് അവയെപ്പറ്റി ഉപക്രമരൂപത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. അദ്ദേഹത്തെ

"പണ്ടു തൃശ്ശിവപേരൂർനിന്നു സൽഗതി നേടി-
ക്കൊണ്ട ഭൂപൻതൻ സ്വസൃനന്ദനം കൃപാലയം
തണ്ടലർബാണസമം ബാഹുജവരാത്മജം
കൊണ്ടൽനേർവർണ്ണൻ കലാസംഭവം ദിവ്യാത്മാനം"

എന്നും മറ്റും ജനങ്ങൾ പുകഴ്ത്തി. പണ്ട് ഒരു സാമൂതിരി ഒരു സ്വാമിയാരെ ഹിംസിക്കുകയും തന്നിമിത്തം ആ രാജവംശത്തിനു ധനനാശവും മാനഹാനിയും സംഭവിക്കുകയും ചെയ്ത കഥ അദ്ദേഹം ധരിച്ചപ്പോൾ ആ പരാഭവത്തിന്റെ ശാന്തിക്കായി ഒരു വലിയ സൈന്യത്തോടുകൂടി പോയി പല ശത്രുക്കളേയും ജയിച്ചു. അവിടുന്ന് അധികമായി താമസിച്ചിരുന്നത് പൊന്നാനിക്കോവിലകത്തായിരുന്നു. 97 വയസ്സായ അമ്പാടിക്കോവിലകത്തു വലിയ തമ്പുരാട്ടിയുടെ നിര്യാണം ആസന്നമായി എന്നു കേട്ടപ്പോൾ അവിടെനിന്നു കോഴിക്കോട്ടെത്തുകയും ആ രാജ്ഞിയുടെ മരണാനന്തരം ശേഷക്രിയ ആഘോഷപൂർവം നിർവ്വഹിക്കുകയും ചെയ്തു. "തൽകുലേശ്വരി ജീവന്മുക്തയായ് വിളങ്ങി സൽഗുണാലയാ വിജ്ഞാനജ്ഞാനദയാവതീ" എന്നു കവി ആ തമ്പുരാട്ടിയെ വാഴ്ത്തുന്നു. ഭരണിതിരുനാൾ 865-ൽ തിരുനാവായിൽ വെച്ചു നാല്പത്തൊമ്പതു ദിവസത്തോളം നീണ്ടുനിന്ന ഒരു മൃത്യുഞ്ജയഹോമം ഫലാപേക്ഷകൂടാതെ അനുഷ്ഠിച്ചതായും കവി പറയുന്നുണ്ട്. അയനിക്കുറ്റ (ചിറളയം) ആറാംകൂറുതമ്പുരാൻ വെട്ടത്തു മൂന്നാംമുറത്തമ്പുരാനെ കൊച്ചിയിലെ ഇളയരാജാവായി വാഴിക്കുന്നതിനു ശ്രമിക്കുകയാൽ കൊച്ചി വലിയതമ്പുരാനും ലന്തക്കാരും ഭയപ്പെട്ട് ആ സാമൂതിരിയുടെ സഹായത്തിന് അപേക്ഷിച്ചു. അപേക്ഷകന്മാരുടെ വിചാരം താഴെക്കാണുന്ന പ്രകാരത്തിലായിരുന്നു.

"ചിന്തിച്ചു നമുക്കൊരു പിൻതുണയ്ക്കുടയതായ്
പൂന്തുറേശനെത്തന്നെ ബന്ധുവായ് വരിക്കേണം.
സന്തതമല്ലായ്കിൽ മറ്റെന്തൊരാശ്രയം നമു-
ക്കെന്തിനു പത്തെട്ടുത്തു പത്തു നാം ചിന്തിക്കുന്നു?
പൂന്തുറേശ്വരൻ തുണയായ്വരുന്നാകിൽപ്പരി-
പന്ഥികൾ മലയാളത്തിങ്കലാരുള്ളു പിന്നെ?
സന്തോഷിച്ചചലാബ്ധിനായകൻ പ്രസാദിപ്പാ-
നെന്തൊരുപായമുള്ളതെന്നതേ ചിന്തിക്കേണ്ടൂ.

പണ്ടു നാം പിഴച്ചതുകൊണ്ടവനീശൻ തനി
ക്കുണ്ടല്ലോ തിരുവുള്ളക്കേടതിനിനിയിപ്പോൾ
കണ്ടു കാൽപിടിച്ചാകും പ്രായശ്ചിത്തങ്ങൾ ചെയ്തു-
കൊണ്ടാലൻപോടു പരിപാലിപ്പാൻ മതിയല്ലോ.
വൻപെഴുമവനീശൻ സർവ്വപാലകനനു-
കമ്പയുള്ളവർകളിൽ മുൻപനെന്നല്ലോ കേൾപ്പൂ.
മുൻപിനാൽപ്പിഴച്ചതു നാം കൊടുങ്ങല്ലൂർനിന്നു
തമ്പുരാൻതന്നോടതിന്നിന്നിനി പ്രായശ്ചിത്തം
ചെയ്യതുമവിടെനിന്നായ്ക്കൊള്ളാമതിനിപ്പോൾ
ദിവ്യനാം നരേന്ദ്രനെയിങ്ങെഴുന്നള്ളിക്കേണം."

ഒടുവിൽ അവർ വെളുത്തേടത്തു ഭട്ടതിരിയെ ദൂതനായി സാമൂതിരിക്കോവിലകത്തേക്ക് പറഞ്ഞയച്ചു.

"പണ്ടു ലങ്കേശൻ പിഴച്ചീടിനാനെന്നാകിലും
കണ്ടു കാൽ പിടിക്കിൽ നാം രക്ഷിക്കെന്നതേ വരൂ.
പാരിച്ച പിഴകളുണ്ടേറെയെന്നിരിക്കിലും
പാരിതിലഭയം നല്കീടുകെന്നാകുംവണ്ണം
യാചിച്ചുനിന്നാലവർക്കുള്ളപരാധം സഹി-
ച്ചാചാരം പരിപാലിച്ചീടണമെന്നുണ്ടല്ലോ.
രാജാവിന്നതിൻമീതെ മറ്റൊരു ധർമ്മമില്ലെ-
ന്നാചാരമാര്യന്മാരാൽ സമ്മതമെന്നുണ്ടതും"

എന്നു വേണ്ടപ്പെട്ടവരുമായി ആലോചിച്ചു തീർച്ചപ്പെടുത്തി തമ്പുരാൻ കൊടുങ്ങല്ലൂരേക്കു പോകുകയും അവിടെവെച്ച് 866-ൽ ലന്തക്കാരുമായി ഒരു സന്ധിയിൽ ഏർപ്പെട്ടു തദ്വാരാ പന്ത്രണ്ടു വർഷത്തേക്കു പരസ്പരം കലഹം കൂടാതെ കഴിയുവാൻ വ്യവസ്ഥ ചെയ്കയും ചെയ്തു. ആ സന്ധിയുടെ ഫലമായാണ് ചേറ്റുവാ മണൽപ്പുറം സാമൂതിരിക്കു ലഭിച്ചത്. വെട്ടത്തു മൂന്നാമൻ തമ്പുരാൻ ആ സംഭവവികാസങ്ങൾ അറിഞ്ഞപ്പോൾ അത്യന്തം വിഷണ്ണനായി. അദ്ദേഹത്തിന്റെ പേർ ഗോദവർമ്മാ എന്നായിരുന്നു. ആ രാജാവിനെ ബന്ധുക്കൾ സാന്ത്വനം ചെയ്യുന്നതു കവി താഴെ കാണുന്ന വിധത്തിൽ വിവരിക്കുന്നു.

"കാലദോഷത്താലുള്ള കാലുഷ്യമാർക്കില്ലാത്തൂ?
മാലോകർക്കെല്ലാവർക്കുമുണ്ടാവോന്നതു നൂനം.
കാലാരിനാഥൻ പണ്ടീരാണ്ടിരന്നീലേ മുന്നം?
കാലനുമൊരു കാലം ശൂലമേറ്റലഞ്ഞുപോൽ.
ബാലനാം ഗണേശനും കൊമ്പടർന്നഴല്പെട്ടാൻ;
മാലിയെന്നൊരു മത്സ്യമായാനഗ്നിജൻതാനും.
വേധാവിന്നൊരു തല പോയി പണ്ടമരേന്ദ്ര-
നാധിപൂണ്ടഹല്യയെ പ്രാപിച്ചേറ്റിതു ശാപം.
മേദിനീപതി നളൻ കലിയാവേശത്താലേ
മേദിനീ മുതലെല്ലാമൊഴിഞ്ഞു വാണീടിനാൻ.
കാമിനിമൂലമഭിമാനഹാനിയും വന്നു
രാമനാം ജഗന്നാഥൻ താനുഴന്നഴല്പെട്ടാൻ.
സോമവംശോൾഭൂതനാം ധർമ്മജൻ ചൂതിൽത്തോറ്റു

ഭൂമിയും ധനങ്ങളും വിട്ടുതാൻ വനം പുക്കാൻ.
കേവലമേവം മറ്റു പലർക്കുമന്നന്നോരോ-
രാവലാതികൾ വന്നു മേലിൽ നല്ലതും വന്നു.
നമുക്കുമതുപോലെ നല്ലതുവരും മേലിൽ
ഭ്രമിച്ചീടാതെ ശമിച്ചീടുകെന്നിത്യാദികൾ
ബന്ധുക്കൾ പറഞ്ഞതു കേട്ടുടനകതാരി-
ലന്തസ്താപവും തീർന്നു വാണിതന്നരേന്ദ്രനും."

ചിറളയത്തു കോട്ട പിടിക്കുകയും ലന്തക്കാരിൽനിന്നു കായംകുളത്തു രാജാവിനുണ്ടായ ഉപദ്രവങ്ങൾ ശമിപ്പിക്കുകയുമാണ് സാമൂതിരി പിന്നീടു ചെയ്തത്. അനന്തരം മാമാങ്കം ആഘോഷിക്കുന്നതിനുള്ള ചടങ്ങുകൾ ആരംഭിച്ചു.

## മാമാങ്കത്തിന്റെ ചരിത്രം

മാമാങ്കമഹോത്സവത്തെപ്പറ്റി ചിലതെല്ലാം അനുവാചകന്മാർ ഈ ഘട്ടത്തിൽ ധരിച്ചിരിക്കേണ്ടത് ആവശ്യകമാണ്. മാഘ (മകം) നക്ഷത്രത്തിൽ വെളുത്ത വാവു വരുന്നമാസത്തിന് (മകരം-കുംഭം) മാഘമാസം എന്നു പേർ പറയുന്നു. ഈ മാസത്തിൽ നിത്യവും പ്രാതസ്സ്നാനം വിഷ്ണുപ്രീതികരമാണെന്നു പുരാണങ്ങൾ ഉപദേശിക്കുന്നു. കേരളത്തിലെ അതിപ്രധാനങ്ങളായ വൈഷ്ണക്ഷേത്രങ്ങളിൽ ഒന്നാണല്ലോ തിരുനാവാ. അതു നവയോഗികളാൽ പ്രതിഷ്ഠിതമാണ്. നിളയെന്നും പ്രതീചിയെന്നും പേരാറെന്നുമുള്ള നാമാന്തരങ്ങളോടുകൂടിയ ഭാരതപ്പുഴ ആ ക്ഷേത്രത്തിന്റെ തെക്കുവശത്തുകൂടി കിഴക്കു പടിഞ്ഞാറായി പ്രവഹിക്കുന്നു. പന്ത്രണ്ടു വർഷങ്ങൾക്കൊരിക്കൽ മാഘമാസത്തിലെ മകം നാളിൽ ഭാരത ഭൂമിയിലെ പല പ്രശസ്തതീർത്ഥങ്ങളിലും ഗംഗയുടെ സന്നിധാനമുണ്ടാകുന്നതായി ആസ്തികന്മാർ വിശ്വസിക്കുകയും അന്ന് അവിടെപോയി സ്നാനം ചെയ്ത് തദ്വാരാ ദുഃഖത്തിനും ദാരിദ്ര്യത്തിനും നിവൃത്തി വരുത്തുവാൻ യത്നിക്കുകയും ചെയ്യുന്നു. ആര്യാവർത്തത്തിൽ ഹരിദ്വാരം, പ്രയാഗം, നാസിക്ക്, ഉജ്ജയിനി ഈ സ്ഥലങ്ങളിലും ദക്ഷിണാപഥത്തിൽ കുംഭകോണത്തും തിരുനാവായിലും ഈ സ്നാനോത്സവം പ്രധാനമായി ആഘോഷിക്കാറുണ്ട്. ആകെ തത്സംബന്ധമായി പന്ത്രണ്ടു പുണ്യതീർത്ഥങ്ങളുള്ളവയിൽ വർഷംതോറും ഓരോ തീർത്ഥത്തിനു വൈശിഷ്ട്യം കല്പിച്ചിരിക്കുന്നു. തിരുനാവായിലെ മഹാമാഘത്തിനു 'മാമാകം' എന്നൊരു പേർ പണ്ടുണ്ടായിരുന്നതായി കാണുന്നുവെങ്കിലും 'മാമാങ്കം' എന്ന സംജ്ഞയിലാണ് അതു പരക്കെ അറിയപ്പെടുന്നത്. മഹാമാഘം ദുഷിച്ചു മാമാകവും മാമാകം ദുഷിച്ചു മാമാങ്കവുമായി പരിണമിച്ചിരിക്കണമെന്ന് എനിക്കു തോന്നുന്നു. പ്രാചീനചേരരാജാക്കന്മാരുടെ കാലത്തുതന്നെ തിരുനാവായിൽ മാമാങ്കോത്സവം നടത്തിവന്നിരുന്നു. 'പാണ്ടിയെഴുതിയയയ്ക്കുക' എന്നുള്ള അതിന്റെ ഒന്നാമത്തെ ചടങ്ങ് പാണ്ടിയും കേരളവുമായുണ്ടായ സമ്പർക്കം നാമാവശേഷമായി വളരെക്കാലം കഴിഞ്ഞിട്ടും അനുഷ്ഠിച്ചുവന്നിരുന്നതായി കാടഞ്ചേരിയുടെ കിളിപ്പാട്ടിൽനിന്നു കാണാം. പ്രാചീനകാലത്തിലെ ചേരമാന്മാർ ചോളപാണ്ഡ്യരാജാക്കന്മാർക്ക് അയച്ചുവന്നിരുന്ന ക്ഷണപത്രത്തിന്റെ അർത്ഥശൂന്യമായ ആവർത്തനമായിരിക്കണം അത്. പരഹിതഗണിതത്തിന്റെ രീതി വ്യവസ്ഥാപനം ചെയ്തത് ഒരു മാമാങ്കത്തിലായിരുന്നു എന്നു മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒടുവിലത്തെ പെരുമാൾ മാമാങ്കം നടത്തുന്നതിനുള്ള അധികാരം 'ആറങ്ങോട്ട്' എന്നുകൂടി പേരുള്ള വള്ളുവനാട്ടുകര രാജാവിനാണ് കൊടുത്തതെന്നു കേരളോൽപത്തിയിൽ

കാണുന്ന പ്രസ്താവന വിശ്വസിക്കാവുന്നതാണ്. "ഒടുക്കം മഹാമാഘവേല ആചരിച്ച നടത്തുവാൻ വള്ളുവക്കോനാതിരി രാജാവിനു തിരുനാവായി മണൽപ്പുറവും നാടും പതിനായിരം നായരും കല്പിച്ച കൊടുത്തു് ആറങ്ങോട്ടുസ്വരൂപം എന്നരുളിച്ചെയ്തു. സ്വരൂപം രക്ഷിപ്പാൻ ചോവരക്കൂറ്റിൽ തിരുമാനാംകുന്നത്തു ഭഗവതിയെ സ്ഥാനപരദേവതയാക്കിക്കല്പിക്കയും ചെയ്തു" എന്നതാണ് ആ പ്രസ്താവന. ആറിന് (ഭാരതപ്പുഴയ്ക്ക്) അങ്ങോട്ട് (വടക്കോട്ട്) ഉള്ള രാജ്യമാകയാൽ ആറങ്ങോട്ട് എന്ന് ആ നാട്ടിന്നു പേർ സിദ്ധിച്ചു. നെടുവിരുപ്പു സ്വരൂപം ക്രി. പി. 1042-ൽ സ്ഥാപിതമായി യെന്നു "ദേവോ നാരായണോവ്യാൽ" എന്ന കലിവാക്യത്തേയും ചോളശാസനങ്ങളേയും ആസ്പദമാക്കി നിർണ്ണയിക്കാവുന്നതാണ്. എന്നാൽ ഏറനാട് അതിനുമുൻപു തന്നെ ഉണ്ടായിരുന്നു. ആ നാട്ടിന്റെ രാജധാനിയായിരുന്നു പൂന്തുറ. ക്രി. പി. 1320-ലെ വീരരാഘവപ്പട്ടയത്തിൽ ഏറനാട്ടിലേയും (നെടിയിരിപ്പ്) വള്ളുവനാട്ടിലേയും രാജാക്കന്മാർ സാക്ഷിനിന്നിരുന്നതായി കാണുന്നു. സാമൂതിരിമാർ ക്രമേണ പോലനാട്ട് (കടത്തനാട്ട്) പിടിച്ചടക്കി മഹമ്മദീയരുടെ സാഹായ്യത്തോടുകൂടി മാമാങ്കം നടത്തുന്നതിനുള്ള അധികാരം വള്ളുവക്കോനാതിരിയുടെ പക്കൽനിന്നു സ്വായത്തമാക്കി. കൊച്ചിമഹാരാജാക്കന്മാർ ചൊവ്വരക്കൂറ്റുകാരും സാമൂതിരിമാർ പന്നിയൂർക്കൂറ്റുകാരുമായിരുന്നു. വീരരാഘവപ്പട്ടയത്തിൽ ഈ രണ്ടു കൂറുകളേയും സ്മരിച്ചിട്ടുണ്ട്. പന്നിയൂർക്കൂറ്റിൽപ്പെട്ട തിരുമനശ്ശേരി നമ്പൂരിയുടെ വക പൊന്നാനിദ്ദേശം തെക്കുനിന്നു കൊച്ചിമഹാരാജാവും വടക്കുനിന്നു വള്ളുവക്കോനാതിരിയും കൂറുമത്സരത്തെ ആസ്പദമാക്കി ആക്രമിക്കുവാൻ ഒരുമ്പെട്ടപ്പോൾ നമ്പൂരി പന്നിയൂർക്കൂറ്റിന്റെ തലവനായ സാമൂതിരിയെ അഭയംപ്രാപിച്ച് അദ്ദേഹത്തിന് ഒഴിഞ്ഞുകൊടുത്തു. അതിനെത്തുടർന്നാണ് സാമൂതിരി മാമാങ്കത്തിന്റെ ആധ്യക്ഷ്യം കരസ്ഥമാക്കിയത്. മാമാങ്കാഘോഷം പ്രാചീനചേരരാജാക്കന്മാരുടെ സാർവ്വഭൗമചിഹ്നങ്ങളിൽ ഒന്നായിരുന്നതിനാൽ ആ ഉത്സവം സംബന്ധിച്ചിടത്തോളം സാമൂതിരിമാർക്കുള്ള സർവ്വോൽകൃഷ്ടത കേരളത്തിലെ മറ്റു നാടുവാഴികളെല്ലാം സമ്മതിച്ചുകൊടുത്തു. എന്നാൽ സ്ഥാനഭ്രഷ്ടന്മാരായ വള്ളുവക്കോനാതിരിമാർമാത്രം അതിനു സന്നദ്ധരായില്ല. ഓരോ മാമാങ്കോത്സവത്തിലും അവരുടെ 'ചാവേർ'ഭടന്മാർ തിരുമാന്ധാംകുന്നിലെ (തിരുമാനാംകുന്നെന്നു പഴയ പേർ) ഭഗവതിയുടെ ആജ്ഞാനുവർത്തികൾ എന്ന സങ്കല്പത്തിൽ സാമൂതിരിയെ മാമാങ്കത്തിന്നു മണിത്തറയിൽ നിലപാടു നില്ക്കുമ്പോൾ വധിക്കുന്നതിനായി ആവേശത്തോടുകൂടി പാഞ്ഞുചെന്നുകൊണ്ടിരുന്നു. എന്നാൽ ആ അവസരങ്ങളിലെല്ലാം സാമൂതിരിമാരുടെ സമർത്ഥന്മാരായ യോദ്ധാക്കൾ അവരെ വെട്ടിക്കൊന്ന് ആ മഹോത്സവം നിർവ്വിഘ്നമായി സമാപിപ്പിക്കുകയും ചെയ്തിരുന്നു. കോഴിക്കോട്ടെ ഒരു ചരിത്ര രേഖയിൽ പ്രസ്തുതമഹോത്സവത്തെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"മേലെഴുതിയ ഉത്സവം പരിപാലിപ്പാനായിക്കൊണ്ടു നമ്മുടെ സ്വരൂപത്തിങ്കൽ മഹാരാജാവു് ആകുന്ന സാമൂതിരി രാജാവും, ശേഷം നാലു കൂറുവാഴ്ചയിലുള്ള രാജാക്കന്മാരും മന്ത്രി പ്രധാനികളും സേനാപതികളും മഹാബ്രാഹ്മണരും സകലമാന ജനങ്ങളോടുംകൂടി മേലെഴുതിയ തിരുനാവായ മഹാക്ഷേത്രത്തിന്റെ സന്നിധാനത്തിങ്കൽ കോവിലകങ്ങളും പണിയിച്ച് ഇരുന്ന മേലെഴുതിയ ജനങ്ങൾ എല്ലാപേരോടും സകലമാന വിരുതുകളോടുംകൂടി മേൽപ്പറഞ്ഞ മഹാവിഷ്ണുവിന്റെ ഉത്സവവും നദിയുടെ ഉത്സവവും നമ്മുടെ സ്വരൂപത്തിന്റെ പ്രതാപവുംകൂടി ഒന്നായി മേലെഴുതിയ മാഘമാസത്തിൽ 28 ദിവസവും നിലപാടും ഘോഷയാത്രയും നടത്തി സകലമാന ജനങ്ങൾക്കും അന്നദാനവും ചെയ്തു സന്തോഷിപ്പിച്ചു നിത്യവും നദിയിൽ

സ്സാനവും ചെയ്തു മഹാവിഷ്ണുവിനേയും സേവിച്ച ബ്രാഹ്മണരുടെ ആശീർവ്വാദത്തോടുകൂടി ഇരിക്കുമാറാകുന്നതു്. ഇപ്രകാരം മാമാങ്കവേല അലങ്കരിച്ചിരിക്കുമ്പോൾ മേലെഴുതിയ മലയാളത്തിലുള്ള രാജാക്കന്മാർ എല്ലാവരും അതിശയ പദാർത്ഥങ്ങളായിട്ടുള്ള ഉപായനങ്ങൾ കൊടുത്തയക്കുമാറാകുന്നതു്."

ഒടുവിലത്തെ മാമാങ്കം 930-ആമാണ്ടു നടത്തുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യപ്പെട്ടു. എന്നാൽ അതു നടന്നുവോ എന്നു നിശ്ചയമില്ല. 918-ആമാണ്ടു നടന്നുവെന്നറിയാം. ഹൈദരാലി നെടുവിരിപ്പുനാടു കയ്യടക്കി ചേറ്റുവാമണൽപ്പുറം വരെ തന്റെ അധികാരം വ്യാപിപ്പിച്ചു. 941 മേടമാസം 14-ആം തീയതി മാനധനനും മഹാധീരനുമായിരുന്ന അന്നത്തെ സാമൂതിരി ഹൈദരിൽനിന്നു രക്ഷപ്രാപിക്കുന്നതിനുവേണ്ടി കോഴിക്കോട്ടുള്ള തന്റെ കോവിലകം മരുന്നിട്ടു തീകൊളുത്തി നശിപ്പിച്ച് അതിൽ താനും ദഗ്ദ്ധനായി പരഗതിയെ പ്രാപിച്ചു. ഇതാണ് മാമാങ്കോത്സവത്തിന്റെ ചുരുങ്ങിയ ചരിത്രം.

## ഭരണിതിരുനാൾ ആഘോഷിച്ച മാമാങ്കങ്ങൾ

ഇനി നമുക്കു കിളിപ്പാട്ടുകാരനെ പിൻതുടരാം. 869-ആമാണ്ടു മകരമാസമാകുമ്പോൾ വ്യാഴം കർക്കടകത്തിൽ പകരുമെന്നും അന്നു മാമാങ്കവും അതിന് ഒരു കൊല്ലംമുൻപു പുഷ്യമാസത്തിൽ തൈപ്പൂയവും ആഘോഷിക്കേണ്ടതുണ്ടെന്നും മന്ത്രിമാർ സാമൂതിരിയെ അറിയിച്ചു. തൈപ്പൂയം ഒരു ദിവസത്തെ അടിയന്തിരം മാത്രമാണെങ്കിലും അതിനും മാമാങ്കത്തിനെന്നപോലെതന്നെ തിരുനാവായയ്ക്കു വരുവാൻ ലോകർക്കു നീട്ടു (തിട്ടൂരം) അയയ്ക്കുകയും സാമൂതിരി ഘോഷയാത്രയായി ആ സ്ഥലത്തു വാകയൂരിൽ എത്തി മണിത്തറമേൽ പെരുനില നില്ക്കുകയും ചെയ്യേണ്ടിയിരുന്നു. ആ പ്രാരംഭോത്സവം നടത്തിയതിനുമേൽ തമ്പുരാൻ വർഷക്കാലം പൊന്നാനിക്കോവിലകത്തു കഴിച്ചുകൂട്ടുകയും അടുത്ത കൊല്ലം വൃശ്ചികമാസത്തിൽ മാമാങ്കത്തിനു വേണ്ട ഒരുക്കങ്ങൾ തുടങ്ങുകയും ചെയ്തു. മകരമാസത്തിലെ പൂയത്തിൽ മാമാങ്കം ആരംഭിച്ചു. ആദ്യത്തെ ദിവസം പകൽ തിരിഞ്ഞു് ഏഴടിയായപ്പോൾ തിരുവാഭരണങ്ങൾ ചാർത്തി ഘോഷയാത്രയായിപ്പോയി തിരുനാവാത്തേവരെ തൊഴുതു് അസ്തമിക്കുമ്പോഴേക്കു വാകയൂർക്കോവിലകത്തു തിരിയെ എത്തി. തൈപ്പൂയത്തിൻനാളും മാമാങ്കത്തിന്റെ ഒടുവിലത്തെ നാലു ദിവസവും മാത്രമേ പെരുനില നില്ക്കേണ്ടതുള്ളു. ഉത്രട്ടാതിനാൾ കഴിഞ്ഞതിനുശേഷം "പൊന്നണിഞ്ഞാനക്കഴുത്തിലുള്ള" ഘോഷയാത്ര ആരംഭിക്കുകയും അതു് ഏഴു ദിവസത്തേയ്ക്കു തുടരുകയും ചെയ്തു. ആ ഘട്ടത്തിലാണ് വള്ളുവനാട്ടിലെ "ചാവേറുകാർ" സാമൂതിരിയെ വെട്ടിക്കൊല്ലുവാൻ വരുന്നതു്. ഒന്നാമത്തെ ദിവസം തത്സംബന്ധമായി നടന്ന സംഭവത്തെപ്പറ്റി കവി ഇങ്ങനെ ഗാനം ചെയ്യുന്നു.

"ആസ്ഥയാ മുന്നമേയുള്ള പരിഭവം
ചീർത്തെഴും വള്ളുവക്കോനാതിരി നൃപേ-
ന്ദ്രോത്തമൻതൻ നിയോഗേന നടേത്തന്നെ
വന്നു മരിക്കുമാറുണ്ടഹോ, ചാവേറാ-
യന്നുമൊരൻപതുപേർ വന്നതിശയം.
നിന്നുപിണങ്ങിപ്പരാക്രമശക്തിക-
ളൊന്നൊഴിയാതെ കാട്ടുന്നവർതമ്മെയും
കൊന്നുടനങ്ങു വീര്യാമരമന്ദിരം-

തന്നിൽസ്സുഖിച്ചിരിക്കെന്നയച്ചാദരാൽ
നിർണ്ണയത്തിനു നിലപ്പടഹങ്ങളെ
വിണ്ണിലും കൂടെയങ്ങൊച്ച പൊങ്ങുംവണ്ണം
നന്നായ് മുഴക്കിച്ചിരുന്നരുളീടിന
മന്നവൻ . . . . . . . . . ”

പുണർതം മുതൽ നാലു ദിവസങ്ങൾ പൂർവ്വാചാരമനുസരിച്ചു സാമൂതിരി നിലപാടുനിന്നു. മകത്തിൻനാൾ ഉദയത്തിനു മുൻപും നാലുചാവേറുകാർ മുൻപിലത്തെപ്പോലെ വെട്ടിമരിച്ചു. തമ്പുരാന്റെ ആനപ്പുറത്തുള്ള എഴുന്നള്ളത്തു കവി ഏറ്റവും മനോഹരമായി ചിത്രീകരിക്കുന്നു.

“മണ്ടുന്നിതോരോ ജനങ്ങൾ മുന്നിൽച്ചെന്നു
കണ്ടുകരേറിത്തിരിഞ്ഞുനിന്നീടുവാൻ.
കുന്തങ്ങളൂന്നിക്കുതിച്ചു പാഞ്ഞെത്തുന്നു
കുന്തിച്ചുനിന്നുറയാഞ്ഞിഴിഞ്ഞീടുന്നു
ചന്തമായഭ്യാസികൾ തുടർന്നെത്തുന്നു
സന്ധികൾ വിട്ടു രക്ഷിച്ചുനിന്നീടുന്നു
പൂന്തേന്മൊഴികളുഴറിയെത്തീടുന്നു
പന്തിടയും കുളുർകൊങ്കകൾ ചീർക്കുന്നു
സന്തതിജാതികളെക്കൊണ്ടുഴറുന്നു
സംഭ്രമിച്ചങ്ങവയമ്പരന്നീടുന്നു
. . . . . . . . .
ബന്ധുക്കളോടു പിരിഞ്ഞുഴന്നീടുന്നു
ബന്ധമില്ലാത്തവർ തമ്മിലൊന്നിക്കുന്നു
വൻപടഹങ്ങൾ മുഴങ്ങിമിന്നീടുന്നു
വൻഭീ മുഴുത്തകതാർ മറുകീടുന്നു
കുംഭികളെല്ലാം വെരിണ്ടുഴറീടുന്നു
കുംഭസ്തനികളെപ്പിന്നിലാക്കീടുന്നു
. . . . . . . . .
മന്ത്രികളെങ്ങും നടന്നു ഭരിക്കുന്നു
പൂന്തുറേശൻ പരക്കെക്കടാക്ഷിക്കുന്നു
പുഞ്ചിരിപൂണ്ടഭയം കൊടുത്തീടുന്നു
ചെഞ്ചമ്മേ സർവരും കണ്ടുകൊണ്ടാടുന്നു”

എന്നിങ്ങനെയാണ് ആ വർണ്ണനയുടെ ഗതി. ചതുർത്ഥ ഖണ്ഡത്തിൽ കവി വിവരിക്കുന്നത് ഈ മാമാങ്കത്തേയാണ്.

മാമാങ്കം കർക്കടകവ്യാഴത്തിലോ ചിങ്ങവ്യാഴത്തിലോ ആഘോഷിക്കേണ്ടത് എന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായിരുന്നാലും തന്റെ ചില പൂർവ്വന്മാർ രണ്ടു പക്ഷവും സ്വീകരിച്ചു രണ്ടു കൊല്ലവും അടുപ്പിച്ചുതന്നെ ആ ഉത്സവം നടത്തിയിരുന്നതിനാലും ഭരണിതിരുനാളും ആ ആചാരത്തെത്തന്നെയനുസരിച്ച് 870-ലും ഒരു മാമാങ്കം ആഘോഷിച്ചു. ആ ആഘോഷത്തെയാണ് ഷഷ്ഠഖണ്ഡത്തിൽ പ്രതിപാദിക്കുന്നത്. തമ്പുരാന്റെ പത്നിയായ കൊടിക്കുന്നത്തു കിഴക്കേ വീട്ടിൽ ‘ഉണിശ്രീദേവി’ (ഉണിച്ചിരുത)യുടെ സൗന്ദര്യാദി വിവിധസിദ്ധികളെ കവി ശക്തിപ്രസാദം എന്ന പഞ്ചമഖണ്ഡത്തിൽ വർണ്ണിക്കുന്നു. സ്വർഗ്ഗസ്ത്രീകൾ വിമാനസ്ഥകളായി 869-ലെ

മാമാങ്കം കണ്ടുകൊണ്ടിരുന്നപ്പോൾ "ധന്യശീലാംഗിദയാവതി നിത്യസൌജന്യാലയാ സർവ്വലോകൈകമോഹിനി" എന്നും മറ്റും കവി പുകഴ്ത്തുന്ന—ആ സുന്ദരിയെ നോക്കി അസൂയയും ഖേദവുംകൊണ്ട് വിവശരായി സരസ്വതീദേവിയോടു സങ്കടമുണർത്തിച്ചു.

"മന്നവൻതൻ മനോവല്ലഭയായ് മഹീ-
മണ്ഡലലക്ഷ്മിയെയങ്ങു കണ്ടീലയോ?
സുന്ദരിമാർകുലമൌലിമാണിക്യമാ-
യുന്നതകാന്തിപൂരങ്ങൾ വളർന്നതി-
സുന്ദരി കണ്ടിക്കരിംകുഴലാളര-
വിന്ദശരദമൃതാംശുരമ്യാനനാ
കന്നൽക്കയൽമിഴിയാൾ കമലാക്ഷി നൽ-
ക്കർണ്ണികാതുല്യലളിതനാസോന്നതാ
. . . . . . . . .
മന്മഥന്നാറാമതൻപെഴുമമ്പട-
ന്നന്മിഷിച്ചുള്ളപോലെ വിളങ്ങീടിനാൾ"

എന്നും ആ യുവതി തങ്ങളെയെല്ലാം സൌന്ദര്യാതിശയം കൊണ്ടു ജയിച്ചിരിക്കുന്നു എന്നും

ഭദ്രേ, നിരൂപിക്ക നാരികളെത്തെളി-
ഞ്ഞിത്രയെല്ലാം ശ്രമിച്ചാക്കിത്തുടങ്ങിയാൽ
മുട്ടുപാടൊന്നൊഴിഞ്ഞെന്തു ചൊല്ലുന്നതി-
പ്പൊട്ടികൾക്കാശ്രയം മറ്റാരുമില്ലല്ലോ.
ഭവതി തവ രമണനൊടിതരുതിനിയൊരിക്കലെ-
ന്നവസരമറിഞ്ഞുണർത്തിക്കവേണം ശുഭേ!"

എന്നുമായിരുന്നു അവരുടെ നിവേദനം. അതിനു ദേവി ശക്തി പൂജാനിരതനാണ് തമ്പുരാനെന്നും തന്നിമിത്തം അദ്ദേഹത്തിനു സർവ്വാഭീഷ്ടങ്ങളും സിദ്ധിക്കുന്നുവെന്നും "മാനവേന്ദ്രപ്രിയേയം തരുണീമണി മാനുഷിയല്ലഖിലേശ്വരിതാനല്ലോ" എന്നുമുള്ള മറുപടികൊണ്ട് അവരെ സമാശ്വസിപ്പിച്ചു.

നെടുവിരിപ്പുസ്വരൂപത്തിലെ നാലു ഇളമുറത്തമ്പുരാക്കന്മാർക്കും മാമാങ്കം സംബന്ധിച്ച മാമൂലനുസരിച്ചുള്ള ചില ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. അവർക്കു യഥാക്രമം ഏറാൾപ്പാടെന്നും, മൂന്നാർപ്പാടെന്നും, എടത്രാൾപ്പാടെന്നും, നെടുത്രാൾപ്പാടെന്നും സ്ഥാനപ്പേരുകളുണ്ട്. അക്കാലത്തെ ആ ഇളമുറക്കാർ "ധാതൃമുകുന്ദശിവാർക്കർക്ഷജർ" അതായതു രോഹണി, തിരുവോണം, തിരുവാതിര, അത്തം എന്നീ നക്ഷത്രങ്ങളിലാണ് ജനിച്ചതു് എന്നും അവരിൽ നാലാമൻ "ബോധം തെളിഞ്ഞ വൈയാകരണോത്തമ"നും സാധു സന്ന്യസ്തസങ്കല്പനും തപോധനനുമായിരുന്നു എന്നും കവി നമ്മെ അറിയിക്കുന്നു.

"കുറവു കൂടാതെകണ്ടുലകിൽ വളർന്നെഴും
യശസാ വിബുധേന്ദ്രനഗരാദികളെയും
വിശദാകാരമാക്കിച്ചമച്ചിതനുദിനം.
സുരഭി വളർന്നെഴും സുരപാദപംപോലെ,
സുരഭിതന്നെപ്പോലെ, സകല പ്രജകൾക്കും

തനയന്മാരെത്താതൻ മനസാ ദിനമനു
തനിയേ ലാളിച്ചഭിലാഷങ്ങൾ നല്കുംവണ്ണം
സകലകാമ്യാർത്ഥങ്ങളഖിലകാലം നല്കി-
സ്സുഖമേ പരിപാലിച്ചരുളുന്നതുകാലം”

എന്ന വരികളോടുകൂടി പ്രസ്തുത കാവ്യത്തിന്റെ ആദർശഗ്രന്ഥം ഇടയ്ക്കുവച്ചു മുറിഞ്ഞു പോയിരിക്കുന്നു.

മാമാങ്കോൽപത്തി മുതലായി അപൂർവ്വം ചില കൃതികൾ മാത്രമേ ദേശചരിതസംബന്ധമായി മലയാളഭാഷയിൽ കാണ്മാനുള്ളു എങ്കിലും അവ നമുക്ക് ആ വിഷയത്തിൽ വിതരണം ചെയ്യുന്ന വിജ്ഞാനം അല്പമൊന്നുമല്ല. അത്തരത്തിലുള്ള കൃതികൾ രചിച്ച പണ്ഡിതന്മാർ അവാസ്തവപ്രസ്താവനയിൽ അശേഷം ഔത്സുക്യം പ്രദർശിപ്പിക്കുന്നില്ല എന്നുള്ളതു ചാരിതാർത്ഥ്യജനകമാകുന്നു. മാമാങ്കോദ്ധരണത്തിലെ മാമാങ്കോത്സവം വർണ്ണിച്ചിരിക്കുന്നതിൽ കവിക്കു കാല്പനികദൃഷ്ട്യാ ഒഴിച്ചുവയ്ക്കുവാൻ നിവൃത്തിയില്ലാത്ത അതിശയോക്ത്യംശം തള്ളിയാൽ അവശേഷിക്കുന്നതു കോഴിക്കോട്ടു ഗ്രന്ഥവരി മുതലായ രേഖകളിൽ കാണുന്നതുപോലെയുള്ള വിശ്വസനീയമായ ഭൂതാർത്ഥകഥനമാണ്. കവിതയിൽ ‘സാധ്വസന്മാരായ’ ‘തപസാംവരന്മാർ,’ ‘ഭൃഗ്വരൻ,’ ‘മഹൽസ്രുവം’, ‘സ്വസാത്മജൻ’ തുടങ്ങിയ ചില അപശബ്ദങ്ങൾ കാണ്മാനുണ്ടെങ്കിലും അതിന്റെ ശൈലി ധാരാവാഹിയും പ്രസന്നമധുരവുമായി പ്രണേതാവിന്റെ ഹസ്തലാഘവത്തേയും നിരീക്ഷണ പാടവത്തേയും പ്രഖ്യാപനം ചെയ്യുന്നു. ഒൻപതാം ശതകത്തിലെ കേരളചരിത്രത്തിനു പൊതുവേയും നെടിവിരിപ്പുസ്വരൂപത്തിന്റെ ചരിത്രത്തിനു പ്രത്യേകമായും ഗവേഷകന്മാർക്ക് ഇതിനെ ഒരു പ്രമാണഗ്രന്ഥമായി സ്വീകരിക്കാവുന്നതാണ്.

## രണ്ടു ചാവേറുപാട്ടുകൾ

### കണ്ടർമേനോൻ പാട്ട്

വള്ളുവനാട്ടിലെ ചാവേറുകാർക്ക് മാമാങ്കോത്സവവുമായുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി മാമാങ്കോദ്ധരണത്തെപ്പറ്റിയുള്ള പ്രസ്താവനയിൽ ഞാൻ സൂചിപ്പിച്ചുവല്ലോ. 858-ൽ നടന്ന മാമാങ്കത്തിൽ തിരുനാവായ്ക്കു പോയി സാമൂതിരിയുടെ ഭടന്മാരോട് പൊരുതി വീരസ്വർഗ്ഗം പ്രാപിച്ച വട്ടൊണ്ണെവീട്ടിലെ കണ്ടർമേനോന്റെയും ആ ദേശാഭിമാനിയുടെ പുത്രൻ ഇത്താപ്പുവിന്റെയും ചരിത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്ന ഒരു കിളിപ്പാട്ട് കണ്ടുകിട്ടീട്ടുണ്ട്. രണ്ടു ഖണ്ഡങ്ങളിൽ കേകാവൃത്തത്തിൽ വിരചിതമായ ഈ കൃതിക്കു രചനാസൗഷ്ഠവം തുലോം വിരളമാണെങ്കിലും വടക്കൻ പാട്ടുകളിലെന്നപോലെ ഇതിലും വീരകരുണാദിരസങ്ങൾ സമുജ്ജ്വലമായി പരിസ്ഫുരിക്കുന്നു. വള്ളുവനാട്ടുകാരനായ ഒരു നായരായിരിക്കാം ഇതിന്റെ പ്രണേതാവ്. കവിത ഇങ്ങനെ ആരംഭിക്കുന്നു.

“വാളിന്മേൽ ചുവപ്പുമായ് തിരിച്ചു ഭഗവതി
ആർങ്ങോട്ടുസ്വരൂപത്തിൽ വട്ടൊണ്ണെവീട്ടു വാഴും
പടിഞ്ഞാറ്റയിലും കിടക്കും കണ്ടർമേനോൻതൻ
കട്ടിന്റെ തലയ്ക്കലും ചെന്നതാ ഇരിയ്ക്കുന്നു.
മാമാങ്കം കാണാൻ പോണമെന്നതു ദരിശനം
ഞെട്ടിയങ്ങുണരുന്നു വട്ടോണ്ണെ കണ്ടർമേനോൻ”

തിരുമാന്ധാംകുന്നിലെ ഭഗവതി കണ്ടർമേനോനോടു മാമാങ്കത്തിനു പോകണ മെന്നു സ്വപ്നത്തിൽ ആജ്ഞാപിക്കുക നിമിത്തം ആ യോദ്ധാവു പതിവിനുമുൻപു് ഉണരുന്നു. അതിന്റെ കാരണം മാതാവു ചോദിക്കുകയും "തിരുമാന്ധാംകുന്നിലമ്മ എന്നെയും ചതിച്ചമ്മേ, മാമാങ്കം കാണാൻ പോണമെന്നതാദരിശനം" എന്ന മക ന്റെ വാക്കു കേട്ടു് "അഞ്ചാറു പെറ്റിട്ടിനി നീയല്ലേയെനിക്കുള്ളു, നീയതു പോയാലുണ്ണീ മകനേ കണ്ടരായോ ഓരാണ്ടു ശേഷക്രിയ കഴിപ്പാനെനിക്കാര്?" എന്നു വ്യസനാ ക്രാന്തയായി വീണ്ടും ഒരു പ്രശ്നം ഉന്നയിക്കുകയും ചെയ്യുന്നു. അതിനു മേനോൻ താൻ ഉടൻതന്നെ തിരുനെല്ലിക്കു പോയി അമ്മയുടെ പിണ്ഡംവെച്ചിട്ടു പിന്നീടു മാ മാങ്കത്തിനു പോയ്ക്കൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്നു. അതായിരിക്കാം ആറങ്ങോട്ടു ചാവേറുകാരുടെ കാര്യപരിപാടി. ആയിരം (പണം?) വീതംരണ്ടു കിഴിയായി കെട്ടി ഒന്നു് അമ്മയ്ക്കു കൊടുത്തു മറ്റേതുംകൊണ്ടു ഭാര്യ താമസിക്കുന്ന പുതുപ്പറമ്പു വീട്ടിൽ ചെന്നു മറ്റേക്കിഴി അവിടെ സമർപ്പിക്കവേ, മകൻ ഇത്താപ്പു അച്ഛന്റെ സ്വപ്നവാർ ത്തയറിഞ്ഞു "ഞാനുമേ കൂടിപ്പോരുമച്ഛാ മാമാങ്കം കാണ്മാൻ" എന്നു പറയുന്നു. അച്ഛൻ മകനെ ആ സാഹസത്തിൽനിന്നു വിരമിപ്പിക്കുവാൻ ആകുന്നതും ഉപദേ ശിക്കുന്നുവെങ്കിലും തത്സംബന്ധമായുള്ള ഉദ്യമം ഫലിക്കുന്നില്ല.

"നീയതു പോരേണ്ടുണ്ണീ മകനേ! ഇത്താപ്പുവേ!
മരിപ്പാൻ വിധി പോരാ; ബാലകനല്ലോ നീയും.
കോണകമെടുത്തങ്ങു ഉടുത്തു വളർന്നെന്നെ-
ക്കാണിനേരവും പിരിയാതെകണ്ടിത്രനാളും
നടന്ന നിന്നെക്കൊണ്ടുപോയിക്കൊല്ലിക്കുന്നതിൽ
മടിയുണ്ടെനിക്കെന്നതറിയാം നിനക്കുള്ളിൽ.
കൃപയുണ്ടെങ്കിൽപ്പോയി മാതാവെ രക്ഷിക്ക നീ"

എന്ന കണ്ടരുടെ വാക്കിന്

"ഉണ്ട ചോറ്റിനുമുൻപിൽ വേല ചെയ്കിലേ നല്ലൂ.
നിങ്ങൾതൻ പദത്താണ്, കൂടിയ സഭയാണ്,
അരിയ തിരുമാന്ധാംകുന്നെഴുമമ്മയാണ്,
പോകയില്ലൊരിക്കിലും നിങ്ങളെപ്പിരിഞ്ഞു ഞാൻ,
പോകുകിൽപ്പരലോകം ചേരുവൻ മുൻപിൽത്തന്നെ"

എന്നു മകൻ ഉചിതമായി പ്രത്യുത്തരം നല്കുന്നു. ഇത്താപ്പുവിന്റെ അമ്മ ഒരു വീരമാ താവിനു യോജിച്ച വിധത്തിൽ മകന്റെ പക്ഷത്തിൽ ചേരുന്നു.

അഞ്ചാറു പെറ്റിട്ടുണ്ണീ നീയല്ലേ എനിക്കുള്ളൂ?
എഴുതാനാക്കി നിന്നെപ്പയറ്റിനാക്കി നിന്നെ.
മച്ചിവാക്കിനെപ്പോലെ പറയുന്നു ഞാനെടോ
മുൻപിൽ നീ മരിക്കേണം . . .       . . .       . . .
വഴിയേ മരിക്കേണം വട്ടൊണ്ണെ കണ്ടർമേനോൻ"

എന്നാണ് ആ സ്ത്രീരത്നത്തിന്റെ അനുശാസനം. അതിനുമേൽ അച്ഛനും മകനുംകൂടി തിരുനെല്ലിയിൽ ചെന്നു് അവരവരുടെ പെറ്റമ്മമാരുടെ പിണ്ഡംവച്ചു തിരികെപ്പോ ന്നു വേണ്ട അനുയായികളെ കൂട്ടിക്കൊണ്ടു തിരുനാവായ്ക്കു പോകുകയും അവിടെ മേ നോൻ തന്റെ ഗുരുനാഥനായ വെള്ളച്ചാത്തിരരെ നമസ്കരിച്ചു് അനുഗ്രഹം വാങ്ങുക യും ചെയ്യുന്നു.

അനന്തരമുള്ള കഥ കവി ദ്വിതീയഖണ്ഡത്തിൽ വിവരിക്കുന്നു. രാത്രിയിൽ അങ്കത്തിനായി പാഞ്ഞുകയറിയ കണ്ടർ മേനോനോടു സാമൂതിരിയുടെ ഭടന്മാർ ആരെന്നു ചോദിച്ചപ്പോൾ ആ യോദ്ധാവ് ഇങ്ങനെയാണ് മറുപടി പറയുന്നത്.

“ആരെന്നു ചോദിച്ചപ്പോൾപ്പറഞ്ഞു കണ്ടർമേനോൻ
വിരവിൽത്തിരുമാന്ധാംകുന്നെഴുമമ്മതന്റെ
നാമവും സ്വരൂപവും മൊഴിയും വഴികളും.
ചൊവ്വരക്കൂറ്റിൽ മികവുള്ള ചേവകർ ഞങ്ങൾ
ആർങ്ങോട്ടുസ്വരൂപത്തിൽ വട്ടൊണ്ണെവീട്ടു വാഴും
കണ്ടെരെന്നാണു നാമമെനിക്കുമൊക്കെത്തന്നെ.
ഉണ്ടല്ലോ പതിനേഴു ചേവകരറിഞ്ഞാലും
ഞങ്ങളെസ്സമ്മതിച്ചു നില്ക്കണം നിലപാടും.
അല്ലായ്കിൽച്ചോരയിലും പിണ്ഡത്തിന്മേലും നിന്നു
കഴിയും നിലപാടുവേലയെന്നറിഞ്ഞാലും.”

പിന്നീടു ഇരുകൂട്ടരും തമ്മിൽ ഘോരമായ യുദ്ധം തുടങ്ങി; പലരും മരിച്ചു.

“ചങ്ങാതി പതിനേഴാളും മരിച്ചപ്രാകാരം
അക്കരുമന കണ്ടു ഇത്താപ്പു മകൻതാനും
കൂട്ടത്തിൽച്ചാടി മൂന്നു കൊലയും കഴിച്ചവൻ
നാലാമതൊരുത്തനെ വെട്ടുവാനടുത്തപ്പോൾ
നാളത്തിൽക്കുത്തുകൊണ്ടു ചെക്കനുമതുനേരം
പാവമേയെന്നു ചൊല്ലിക്കണ്ടർമേനവൻതാനും
പരിചതന്നിൽക്കോരി മാറത്തണച്ചുടൻ
തഴുകിനില്ക്കുന്നേരം തളർച്ച തീർന്നു ചെക്കൻ
കുതിച്ചു ചാടീടിനാൻ . . . . . . . . .
മാളികേലകംപുക്കു വെട്ടിനാനതുനേരം”

അതു കണ്ടു മാടപ്പുറത്ത് ഉണ്ണിരാമൻ എന്ന സാമൂതിരിയുടെ ഭടൻ ഇത്താപ്പുവിനെ വാൾ കൊണ്ടു വെട്ടിക്കൊന്നു. ഉടനേ കണ്ടർ മേനോൻ കൂട്ടത്തിൽ ചാടി “കരിമ്പു പോലെ വെട്ടിമുറിച്ചു ഒക്കെത്തന്നെ.” ഒടുവിൽ തന്റെ മരണദിവസം സമാഗതമായി എന്ന് ആ വീരൻ ഓർത്തു, അത് 858-ആമാണ്ടു മകരം 28-ആംനു “പൂർവ്വപക്ഷവും നല്ല ദ്വാദശി തിരുവോണം അസ്തമിച്ചു പതിനെട്ടു നാഴിക കഴിഞ്ഞിട്ട് ഉദയത്തിനു മുൻപേ മരിക്കാനെനിക്കു സത്യം” എന്നു ജ്യോത്സ്യവിധി ഉണ്ടായിരുന്നുവത്രേ. അപ്പോഴേയ്ക്കും ചേറ്റായെപ്പണിക്കർ എന്നൊരു ഭടൻ സ്നേഹം ഭാവിച്ച് അടുത്തുകൂടി. അയാൾ കണ്ടരെ ചതിച്ച് ഇടയിൽ വെട്ടുകയും മേനോൻ മുട്ടുകുത്തി വീഴുകയും ചെയ്തു. എങ്കിലും കണ്ടർ ആ ദ്രോഹിയെ വീണ നിലയിൽ കിടന്നുകൊണ്ട് ഒന്നു ചവിട്ടാതെ വിട്ടില്ല. ചവിട്ടുകൊണ്ടു പണിക്കരും വെട്ടുകൊണ്ടു മേനോനും മരിച്ചു. ഇത്രയുമാണ് ഇതിവൃത്തം. രചന മോശമെങ്കിലും ചാവേറുകാരുടെ ആചാരപദ്ധതിയേയും പരാക്രമ പ്രഭാവത്തേയും സ്പഷ്ടമായി പ്രദർശിപ്പിക്കുന്ന ഈ കൃതിക്കും സാഹിത്യചരിത്രത്തിന്റെ കോണിൽ ഒരു സ്ഥാനം നല്കുന്നതിൽ അനുവാചകർ പരിഭവിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

## രാമച്ചപ്പണിക്കർ പാട്ട്

ഇതു കിളിപ്പാട്ടായി കേകാവൃത്തത്തിൽ ഏതോ ഒരു കവി നിർമ്മിച്ചിട്ടുള്ളതും "മല്ലി കപ്പൊയ്കതോറും മാളവി പാടിവരുന്ന" ഒരു പൈങ്കിളിക്കിടാവിനെക്കൊണ്ടു കവി ഗാനം ചെയ്യിക്കുന്നതുമാണ്.

"മലനാടെങ്ങും പുകഴ്ക്കൊണ്ടെഴും ചന്തിരത്തിൽ
വമിശം[8] പെരുത്തീടും കൊച്ചയ്യപ്പണിക്കർതാൻ
മാമാങ്കത്തുന്നാൾ ചെന്നു വാകയൂരകംപുക്കു
മരിപ്പൂവെന്നു കല്പിച്ചുടനേ പുറപ്പെട്ടു
മന്നരിൽമഹീപതിയെന്നുള്ളൊരഭിമാന-
മേറിടും രണ്ടാം നല്ല വള്ളുവർകോനെക്കണ്ടു
മടക്കിത്തൊഴുതപ്പോളെന്തു നീ വന്നുവെന്നു
മകത്തിൻ മൂന്നാം പക്കം മുൻപിലേ പൂയത്തുന്നാൾ
മാളോകർ കാണുന്നേരം കുന്നലക്കോനാതിരി
മറ്റത്തിലെഴുന്നള്ളിനിന്നരുളുന്നനേരം
മകരം രാശികൊണ്ടങ്ങണഞ്ഞു വാകയൂരേ
നിലയ്ക്കൽപ്പുക്കു വെട്ടിമരിപ്പാനടിയനു
മനസ്സുണ്ടതിനെയിങ്ങുണർത്തിക്കേണമെന്നു
മനസാ വാചാ വിടകൊണ്ടു മറ്റൊന്നിനല്ല.
മരിക്കാം നെടുവിരിപ്പിങ്ങു വന്നിടുംകാലം
മരവും വീടും പെണ്ണും പിള്ളയുമിവയെല്ലാം
മടികൂടാതെ വന്നു കളഞ്ഞീടുന്നനേരം
മനസാ മരിക്കെന്നിയൊന്നു വേണ്ടീലതാനും.
മന്നനും തെളിഞ്ഞിതു; കൊച്ചയ്യപ്പണിക്കരും
മരണംകൊണ്ടു പിശകീടുന്ന വിശേഷങ്ങൾ
മായമെന്നിയേ കേട്ടു രാമച്ചപ്പണിക്കരും
മാളെന്നു കത്തുമഗ്നി വീണതന്നുദരത്തിൽ
മാപാപി! ചതിച്ചായോ ഞാനിരിക്കവേ നീയും?
മാറത്തു കയ്യുംവച്ചു കിതച്ചുനില്ക്കുന്നേരം
മാരിനീരെന്നപോലെ കണ്ണുനീർ തിടുതിടെ
മാറത്തു വീഴുന്നു തൻതമ്പിയെ നിരൂപിച്ചു.
മാറടിച്ചിവൻ പോയിച്ചാകുമെന്നോർത്തപ്പോഴേ
മരിക്കുന്നതു ഞാനെന്നുറച്ചു പുറപ്പെട്ടു;
മദിച്ച കുലയാനത്തലവൻ പോകുംപോലെ.
മണ്ടിക്കൊണ്ടിതു കോയിലകത്തു പുക്കു തെക്കേ
മച്ചിലുമ്മറത്തീന്നു തൊഴുതു രാജാവിനെ.
മണ്ടിക്കൊണ്ടവിടേന്നു വരുന്നു പണിക്കരു്
മന്നവപാണ്ടിൽ കുപ്പമാട്ടിന്നു വിടകൊണ്ടു
മാനിച്ചിട്ടനുജനെ വിളിച്ചുകൊണ്ടു മെല്ലെ
മരുക്കിവച്ചുകൊണ്ടു ചൊല്ലി നീയല്ലയിപ്പോൾ.
മരിക്കുന്നതുമിനി ഞാനെന്നങ്ങറിഞ്ഞാലും.

[8] വമിശം=വംശം.

മറ്റത്തനേരം തമ്പി ചൊല്ലി തന്നണ്ണനോടു
മരിക്കുന്നതു ഞാനെന്നങ്ങുമുള്ളോരു വാർത്ത
മന്നിലെങ്ങുമേ നീളെ നടന്നുവതിൻശേഷം
മരിച്ചീടാതെ ഞാനങ്ങടങ്ങിയിരിക്കുമ്പോൾ
മടവാർ വേതിയരും ബാലരും തരുണരും
മറ്റുള്ള മഹാജനമൊക്കെയുമെന്നെക്കൊണ്ടു
മന്ദിച്ചു പറഞ്ഞവർ കൈകൊട്ടിച്ചിരിച്ചീടും;
മന്ദിച്ചീടുകയില്ല നിന്നെക്കൊണ്ടിതിന്നു ഞാൻ.
മരിച്ചാൽത്തീരും കുറ്റം; നീയിപ്പോൾ മരിക്കുമ്പോൾ
മടിഞ്ഞുകൊണ്ടു കുത്തിയിരുന്നു കരഞ്ഞു ഞാൻ
മാലോകർ കാണുന്നേരം ശേഷവും ചുറ്റിത്താക്കോൽ
മലർത്തിപ്പിടിച്ചു ഞാൻ കണ്ണുനീർ കാട്ടുന്നേരം
മണവുമെനിക്കില്ല; ഗുണവും നിനക്കില്ല;
മതി നീ പ്രതിജ്ഞ കൈപ്പിടി,ച്ചതയച്ചീടു:
മലസ്സിൽ വ്യസനംപൂണ്ടയച്ചുവനുജനും
മരിപ്പാനയച്ചതും മരിപ്പാൻ പോകുന്നതും
അമ്മമ്മായിരുവരും നന്നെന്നു മഹാലോകർ
മാർഗ്ഗമായ്പ്പറയുന്നു പകലും പാതിരായ്ക്കും.
മരിപ്പാനായിക്കൊണ്ടു രാമച്ചപ്പണിക്കരും
മന്ദസ്മിതവുംചെയ്തു വന്നിച്ചു നിന്നനേരം
മന്നവനരുൾചെയ്തു പണിക്കർതന്നോടു പോയ്
മരിച്ചീടുകവേണ്ടാ വെറുതേതന്നെയല്ലോ"

എന്നിങ്ങനെ ജ്യേഷ്ഠൻ രാമച്ചപ്പണിക്കരും അനുജൻ കൊച്ചയ്യപ്പണിക്കരും തമ്മിൽ വാദിക്കുകയും ഒടുവിൽ ജ്യേഷ്ഠൻതന്നെ മാമാങ്കത്തിനു വള്ളുവക്കോനാതിരിയുടെ അനുമതിയോടുകൂടി തിരിക്കുകയും ചെയ്യുന്നു. 751-ൽ നടന്ന ഒരു മാമാങ്കത്തെപ്പറ്റി ഗ്രന്ഥത്തിൽ കാണുന്ന പ്രസ്താവന ശരിയാണെങ്കിൽ ഈ പാട്ടിന്റെ നിർമ്മിതി പക്ഷേ എട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണെന്നു വിചാരിക്കുവാനും ന്യായമുണ്ട്. കവിത സമ്പൂർണ്ണമായി ലഭിച്ചിട്ടില്ല.

## രാമായണം പാന

രാമായണം മുഴവൻ പാനയായി ഒരു വിശിഷ്ടകവി ഈ ശതകത്തിൽ രചിച്ചിട്ടുണ്ട്. അദ്ദേഹം ഏതു ദേശക്കാരനായിരുന്നുവെന്നറിയുന്നില്ല. വളരെ മനോഹരമാണ് കവിത. ചമ്പുക്കളിലെ ആശ്ചര്യകരമായ ഉല്ലേഖധോരണി അതിലും അവിച്ഛിന്നധാരമായി കാണാം. ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

1 ജടായുവിന്റെ വരവു കണ്ടു സാരഥി രാവണനോടു പറയുന്നത്.

"കണ്ടാലെത്രയും പേടിയാകുന്നൊരു
പക്ഷിരാജൻ വരുന്നതു കണ്ടാലും.
വാരിരാശിയിൽത്തന്നെ കിടന്നൊരു
മൈനാകം പോന്നു വന്നീടുകല്ലല്ലീ?
പത്മനാഭനെത്തന്നെച്ചുമന്നീടും
പക്ഷിരാജൻതാൻ വന്നീടുകല്ലല്ലീ?

നമ്മുടെ കുലനാശത്തിനായൊരു
ധൂമകേതുവുദിച്ചീടുകല്ലല്ലീ?
വൻപുകോലുമിപ്പക്ഷിരാജൻതന്നെ-
ക്കണ്ണുകാണുകിൽപ്പേടിയാകും ദൃഢം.
കത്തിടുന്നോരു ചെങ്കനൽക്കട്ടയ്ക്കും
ചെമ്പരുത്തിപ്പൂതുപ്രസൂനത്തിനും
കാന്തികോലുന്ന വിദ്രുമക്കല്ലിനു-
മിത്രതന്നെ ചുവപ്പില്ല നിർണ്ണയം.
കൊക്കു കണ്ടാലും പിന്നെബ്ഭയങ്കരം
കൊത്തുമ്പോഴേ മരിച്ചീടുമേവനും.
ചിത്രം ചിത്രം നിരൂപിക്കുമ്പോഴിതു
വജ്രംകൊണ്ടു ചമച്ചീടുകല്ലല്ലീ?
　വീരലക്ഷ്മിക്കിരിപ്പാൻ ചമച്ചോരു
വാരുലാവും മണിയറതന്നുടെ
സാരമായ മണിത്തൂണുകൊണ്ടോയി-
ക്കണ്ഠനാളം ചമച്ചു ചതുർമ്മുഖൻ?"

2 സീതയുടെ അഗ്നിപ്രവേശം:

"അന്നപ്പേടയരവിന്ദപ്പൊയ്കയി-
ലൻപിനോടു ചാടീടുന്നതുപോലെ
അതിഘോരമായി ജ്വലിച്ചീടുന്നൊ-
രഗ്നിയിൽപ്പത്മപത്രാക്ഷി ചാടിനാൾ.
. . .　　. . .　　. . .
ദിക് തരുണികൾക്കു മുഖം മങ്ങീതു;
പത്തു ദിക്കും ഭയത്താൽ വിറച്ചിതു;
പത്മനാഭനുണർന്നൊന്നു നോക്കീതു;
പത്മബാണാരി വിസ്മയപ്പെട്ടിതു;
പവമാനനും മെല്ലെയടങ്ങീതു;
സർപ്പരാജനുമൊന്നു വിഷാദിച്ചു;
അർക്കരശ്മിയും മങ്ങീ തുലോമപ്പോ-
ളസ്തമിച്ചെന്നപോലെ ചമഞ്ഞിതു;
ആദിത്യാശ്വങ്ങളും ക്ഷണം നിന്നിതു;
അരവിന്ദങ്ങളും കൂമ്പിയന്നേരം.
. . .　　. . .　　. . .
പ്രളയാഗ്നിയെപ്പോലെ കത്തിക്കാളി-
ജ്വലിച്ചീടുന്ന പാവകദേവനും
അതിശീതളനായിച്ചമഞ്ഞിതു;
കുളിർകൊണ്ടു സഹിച്ചില്ലങ്ങെല്ലാർക്കും.
കുളിർത്തോരു മലർത്തെന്നലും വീയി;
കനൽക്കട്ടയും പൊട്ടിത്തെറിച്ചിതു.
ചെമ്പരുത്തിപ്പൂവുപോലെയും ചെമ്പക-
പ്പൂവുപോലെയും പൊന്നിൻചെന്താമര-

പ്പൂവുപോലെയുമെങ്ങും ചമഞ്ഞിതു
കത്തിനില്ക്കുന്ന തീക്കനൽക്കട്ടകൾ.
താരിൽ മേവിന വണ്ടുകൾ തീക്കനൽ
താരിതെന്നോർത്തു തേൻ കുടിച്ചീടുന്നു.
കനൽക്കട്ടയിൽച്ചെന്നങ്ങിരുന്നപ്പോൾ
ചിറകും കാലും വെന്തുപോയീലൊട്ടും.
നിന്നവർ കനൽക്കട്ടകൾ വാരുമ്പോൾ
പാണികൾ ചുട്ടുപോയീലെന്നുമല്ല,
ആലിപ്പഴം കണക്കെത്തണുത്തിട്ടു
ചൂടിക്കൊള്ളാം തലയിലെന്നാർ ചിലർ;
മാലയാക്കോർത്തു മാറിലിടാമെന്നാർ;
മടിയിൽക്കൊണ്ടുപോകാമെന്നാർ ചിലർ;
കോരിക്കണ്ണിലിടാമെന്നാർ ചിലർ;
ക്രീഡിക്കുന്നു കനൽകൊണ്ടു തങ്ങളിൽ.”

## ബാലിവധം കിളിപ്പാട്ട്

ബാലിവധം കിളിപ്പാട്ടിന്റെ ഉത്ഭവവും ഒൻപതാം ശതകത്തിലാണെന്നു ഭാഷാരീതി നോക്കിയാൽ നിർണ്ണയിക്കാവുന്നതാണ്. പ്രണേതാവ് ആരെന്നറിയുന്നില്ല. അദ്ദേഹത്തിനു വ്യുൽപത്തി പോരെങ്കിലും ആകൃതിക്കു വളരെ ചമൽക്കാരമുണ്ട്. ആദ്യത്തെ പകുതി പ്രായേണ കേകയിലും ബാക്കിയുള്ളതു കാകളി, മണികാഞ്ചി മുതലായ വിവിധവൃത്തങ്ങളിലുമായി നിബന്ധിച്ചിരിക്കുന്നു. കിഷ്കിന്ധാകാണ്ഡത്തിന്റെ ആരംഭംമുതൽ ബാലിവധാനന്തരം സുഗ്രീവനെ വാനരരാജാവായി അഭിഷേകംചെയ്തു് ശ്രീരാമൻ മതങ്ഗാശ്രമത്തിൽ പോയി ചാതുർമ്മാസ്യം അനുഷ്ഠിക്കുന്നതുവരെയുള്ള കഥയാണ് പ്രതിപാദ്യം.

“പുഞ്ചനെൽക്കതിർ കൊത്തിപ്പൂഞ്ചോലതോറും പറന്നഞ്ചാതെവരും തത്ത”യെക്കൊണ്ടു കവി തന്റെ കാവ്യം ഗാനം ചെയ്യിക്കുന്നു. അതിന്റെ സ്വരൂപം എന്തെന്നു കാണിക്കുവാൻ ചില വരികൾ ഉദ്ധരിക്കാം.

1. ബാലിയുടെ രാജധാനി:

“അഴകിലന്നു വേഗം നടന്നു ചെല്ലുന്നപ്പോ-
ളുയർന്നു വളർന്നേറ്റം മലർത്തൊത്തുകളാലും
ഇരുൾപെറ്റിതിലിളം തിളർത്തൊത്തുകളാലും
രസങ്ങൾ പൊഴിയുന്ന കായ്കനിയെല്ലാറ്റിലു-
മിടതൂർന്നിതവിയ വനം കണ്ടരശർകോൻ
ഇവിടെ വസിപ്പതാരാർക്കുള്ളതിത്തുവനം;
കണ്ണിനാനന്ദം വരുമാറുള്ളൊന്നിതു കണ്ടാൽ
പുണ്യമാം ജലം തങ്കം പൊയ്കയും തടാകവും
മതുമല്ലികൾ മുല്ല പിച്ചകം കുറുമൊഴി
മധുമാമലർ മറ്റും മുറ്റമിത്തരം പൂത്തു
വിരിഞ്ഞു മണം പുണർന്നെഴുന്നു മന്ദം മന്ദം
വരുന്ന മാരുതവും കോകിലവാണികളും
സന്തതം കണ്ടും കേട്ടും സുഖസാധനങ്ങളെ-

ച്ചന്തമോടനുഭവിപ്പാനുള്ളൊന്നിതു വനം."

2. ബാലിസുഗ്രീവയുദ്ധം:

"മുറുക്കിയരതല കനത്തേറീടം മുഷ്ടി
ചുരുട്ടിക്കനല്ക്കണ്ണും ചുവത്തിദ്ദംഷ്ട്രകളും
കഴറ്റിബ്ഭുജബലമുടയ മുടിമന്ന-
നരിശമൊടും മുഷ്ടി പൊരുതീടിനനേരം
അലയാഴികൾ തമ്മിലണഞ്ഞുപൊരുംപോലെ
അടുത്ത മലതമ്മിലെതിർത്തു പൊരുംപോലെ
കയർത്ത സിംഹത്താന്മാർ കതിർത്തു പൊരുംപോലെ

കതിരവനൊടൊരു കതിരവനടൽ പൊരുവതിനായണയുംപോലെ
കനമൊടെഴും കാറ്റുകൾ തമ്മിൽപ്പട പൊരുവതിനായണയുംപോലെ
കപിവരനും ദിനകരസുതനും കടുതരമായലറിയടുത്തും
പരിചിൽപ്പലമുഷ്ടിയുടക്കിയിടത്തെതു തടപ്പതിനായി
. . . . . . . . .
മല്ലുപിടിച്ചല്ലലിൽ മെല്ലെനവേ വാങ്ങിയൊഴിച്ചും
കാലുകളാൽകെട്ടിയിഴച്ചും ലീലകളാൽ വിട്ടുകളഞ്ഞും
മുഷ്ക്ക നിനച്ചുൾക്കനമോടേ പുക്കുപിടിച്ചുക്കൊടടിച്ചും
. . . . . . . . .
തണ്ടയും തണ്ടയും തമ്മിലിടയുന്നു
കണ്ട മരാമരംകൊണ്ടുതല്ലീടുന്നു
കുന്നും മലയും പറിച്ചെറിഞ്ഞീടുന്നു
കുന്നിക്കു തോല്ക്കയില്ലെന്നു ചൊല്ലീടുന്നു
കാലുകൾ കെട്ടിപ്പകരി തിരിയുന്നു
കാലുമ്മേലിട്ടു ചവിട്ടിത്തകർക്കുന്നു
ചീളെന്നണഞ്ഞു പിടിച്ചു ഞെക്കീടുന്നു
മൂളിമുരണ്ടങ്ങു ദൂരെപ്പാർത്തീടുന്നു
മാറിൽത്തലംകൊണ്ടു ചാടിപ്പാഞ്ഞീടുന്നു
മാറിക്കളഞ്ഞതൊഴിച്ചു നിന്നീടുന്നു
മാറ്റത്തിൽക്കിട്ടാഞ്ഞു പാരമലറുന്നു
മാറ്റൊലികൊണ്ടു ജഗത്തു മുഴങ്ങുന്നു."

ആസന്നമൃത്യുവായ ബാലിയുടെ അപരാധാരോപണവും അതിനു ശ്രീരാമൻ നൽകുന്ന പ്രത്യുത്തരവും ആസ്വാദ്യമായിരിക്കുന്നു. നാട്ടുകൊണ്ടല്ലേ ബാലിസുഗ്രീവന്മാർ തമ്മിൽ പിണക്കമുണ്ടായതെന്നും നാട്ടുകളിൽപ്പെട്ടതല്ലേ കിഷ്കിന്ധയെന്നും താരയെ ബാലി മോഷ്ടിച്ചുകൊണ്ടുപോന്നതല്ലേ എന്നും മതങ്ഗമുനിയോടു ദൌഷ്ട്യം കാണിച്ചില്ലേ എന്നും കായ്ക്കനികൾ തിന്നേണ്ടവൻ കാഞ്ചനപൂർണ്ണനാകുന്നതു ശരിയാണോ എന്നും മറ്റുമാണ് ശ്രീരാമന്റെ ചോദ്യങ്ങൾ. ഒടുവിൽ ഭൂമിയോ വീരസ്വർഗ്ഗമോ വേണ്ടതെന്നു ശ്രീരാമൻ ചോദിച്ചപ്പോൾ,

"ബാലിയെന്നും മറുബാലിയെന്നും വേണ്ട
രണ്ടുപേരുണ്ടായി വാഴുന്നതില്ല ഞാൻ."

എന്നു ബാലി മറുപടി പറയുന്നു.

## കപിലോപാഖ്യാനം കിളിപ്പാട്ട്

സാമാന്യം നല്ല ഒരു കിളിപ്പാട്ടാണ് കപിലോപാഖ്യാനം. അതു നാലു വൃത്തങ്ങളിൽ നിബന്ധിച്ചിരിക്കുന്നു എന്നു ചിലർ പറയുന്നതു ശരിയല്ല. ആദ്യന്തം കേകയിലാണ് കവി ഗ്രന്ഥം രചിച്ചിരിക്കുന്നതെങ്കിലും ഇടയ്ക്കു കുറേ വരികൾ കാകളിയിലുമുണ്ട്. കാകളി തുടങ്ങുമ്പോൾ കിളിയെ പ്രത്യേകമായി കവി സംബോധനം ചെയ്യുകാണുന്നു. ഗോമാഹാത്മ്യവും ഗോദാനത്തിന്റെ ഫലവുമാണ് പ്രതിപാദ്യം. കവി ആരെന്നറിയുന്നില്ല. കാലം ഒൻപതാം ശതകമാണെന്ന് ഊഹിക്കുന്നു. പക്ഷേ പത്താം ശതകമാണെന്നും വരാം.

### ഇതിവൃത്തം

ഭീഷ്മർ ശരശയനത്തിൽ കിടക്കുമ്പോൾ ധർമ്മപുത്രർ ആ മഹാത്മാവിനെ നമസ്കരിച്ചു, "സർവ ദാനങ്ങളിലും മുഖ്യമായുള്ള ദാനം, സർവവുമിന്നാവോളമരുളിച്ചെയ്യീടണം" എന്ന് അഭ്യർത്ഥിച്ചു. അദ്ദേഹം "ശ്രീകപിലോപാഖ്യാനമായുള്ള സംവാദത്തെ ലോകനായകാ കേട്ടുകൊള്ളുക ധർമ്മരാജാ" എന്നു പറഞ്ഞുകൊണ്ടു കഥയാരംഭിക്കുന്നു. ചന്ദ്രപുരി എന്ന രാജ്യത്തിൽ ചന്ദ്രസേനൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം വിധിവത്തായി പ്രജാപരിപാലനം ചെയ്യുന്ന കാലത്ത് ആ രാജ്യത്തിൽ ഗൃഹസ്ഥനായ ഒരു ബ്രാഹ്മണ ശ്രേഷ്ഠൻ താമസിച്ചിരുന്നു. അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ധർമ്മപത്നി അഗ്നിഹോത്രത്തിനു പഞ്ചഗവ്യവും മറ്റും ഉണ്ടാക്കുവാൻ ഒരു പശുവിനെ എവിടെനിന്നെങ്കിലും കൊണ്ടുവരണമെന്നു പ്രാർത്ഥിച്ചു.

> ബ്രാഹ്മണൻ,
>
> നന്നല്ല പശുക്കളെ വളർക്കുന്നതു, ദോഷ-
> മെന്നിയേ ഭവിക്കയില്ലതിനാലെന്നു നൂനം.
> പശുക്കൾക്കൊരിക്കലും തീരുകയില്ല ദാഹം
> വിശപ്പുമടങ്ങീടാ സന്തതം ഭക്ഷിച്ചാലും.
> തൃപ്തിയെ വരുത്തുവാനെത്രയും പണിയത്രേ
> ശപ്തനായ് വരുമത്രേ പശുസംഗ്രഹത്തിനാൽ"

എന്നും മറ്റും പല ഒഴികഴിവുകളും പറഞ്ഞുനോക്കിയെങ്കിലും അതൊന്നും ഫലിച്ചില്ല. അതിനാൽ അദ്ദേഹം രാജാവിനെക്കണ്ടു വിവരം അറിയിക്കുകയും രാജാവു തന്റെ പശുക്കളിൽവെച്ച് ഉത്തമയായ കപിലയെത്തന്നെ അദ്ദേഹത്തിനു ദാനം ചെയ്യുകയും ചെയ്തു. ആ സമയത്തിൽ ഗോക്കളുടെ മാഹാത്മ്യത്തെപ്പറ്റി ദാതാവ് ഇങ്ങനെ വർണ്ണിക്കുന്നു.

> "സർവ്വദേവതാമയം ഗോരൂപമറിഞ്ഞാലും.
> ഫാലലോചനനാകമീശ്വരൻ പശുപതി
> ഫാലദേശത്തിങ്കൽ വാണീടുന്നതറിഞ്ഞാലും.
> ആനനത്തിങ്കൽ മൂലപ്രകൃതി വസിപ്പതും
> വാനവർ വാണീദേവി നാവിന്മേൽ വസിപ്പതും.
> നേത്രങ്ങളാകുന്നതു ചന്ദ്രനുമാദിത്യനും
> ശ്രോത്രങ്ങൾ മഹായക്ഷി ശൃംഗമോ ദുർഗ്ഗാദേവി.
> നാസികാഗ്രത്തിങ്കൽ വാണീടുന്നു ജ്യേഷ്ഠാദേവി
> വാസവന്നധിവാസം വാലിന്മേലറിഞ്ഞാലും.

തോള രണ്ടിലും ഗണനാഥനും കുമാരനും
തോലാകുന്നതു ജലധീശ്വരനറിഞ്ഞാലും.
ദന്തപംക്തികളിൽ വാണീടുന്ന മരുത്തുകൾ
സന്തതമകിടിൽ വാണീടുന്ന നിധിപതി.
സാദരമുദരത്തിൽ വാണീടുന്ന ദഹനനും
പാദപാണികളിൽ വാണീടുന്ന നാഗേശന്മാർ.
നാലു വേദവും നാലുമുലകളാകുന്നതു
പാലാകുന്നതു നൂനമമൃതുതന്നെയല്ലോ.
ഗോമയം ലക്ഷ്മീദേവി ഗോമൂത്രം ഗംഗാദേവി
ശ്രീമഹാവിഷ്ണുതന്നെ വെണ്ണയായീടുന്നതും.
രോമങ്ങളെല്ലാംതന്നെ മുനിശ്രേഷ്ഠന്മാരല്ലോ
ഗോമാഹാത്മ്യമെല്ലാമേ പറവാൻ പകൽ പോരാ."

ബ്രാഹ്മണി ആ കപിലയെ വളർത്തി. തനിക്ക് ആഹാരം പോരാതെയും തന്നിമിത്തം ബ്രാഹ്മണഗൃഹത്തിലേക്കുവേണ്ട പാൽ കൊടുക്കുവാൻ ശക്തിയില്ലാതെയും വരികയാൽ ആ പശു ഒരു ദിവസം മലയപർവ്വതത്തിൽ ചെന്നു ധാരാളം പുല്ലുതിന്നുകയും ആ തക്കംനോക്കി കാമരൂപി എന്ന വ്യാഘ്രി അതിനെ ഭക്ഷിക്കുവാൻ പാഞ്ഞടുക്കുകയും ചെയ്തു. പതിനൊന്നു മാസമായ തന്റെ പുത്രനെ ഒന്നു കണ്ടിട്ടു തിരിയെ എത്തുവാൻ അനുവാദം കിട്ടണമെന്നു പശു വ്യാഘ്രിയോടഭ്യർത്ഥിക്കുകയും പല വാദപ്രതിവാദങ്ങൾക്കുമേൽ വ്യാഘ്രി ആ കരാറിനു വഴിപ്പെടുകയും ചെയ്തു. പ്രസ്തുതഭാഗം വളരെ മനോഹരമായ രീതിയിൽ കവി വിസ്തരിച്ചിട്ടുണ്ട്.

"ഞാനൊരു സംവത്സരം തികഞ്ഞേ പുറപ്പെട്ടു
ദീനനായിര തിരഞ്ഞീടുവാൻ, കിട്ടായ്കിലോ
പിന്നെയും സംവത്സരം തികഞ്ഞേ പുറപ്പെട്ടു.
ഇന്നിപ്പോൾ പൈദാഹവും പെരുതായിരിക്കുന്നു;
നിന്നെ ഞാൻ തിന്നു മമ പൈദാഹാദികൾ തീർത്താൽ
വന്നീടും സ്വർഗ്ഗപ്രാപ്തി നിനക്കെന്നതു നൂനം"

എന്നു പറയുന്ന കാമരൂപിയോട്

"പുരുഷാർത്ഥങ്ങൾ സാധിച്ചീടാതെ ഭൂമിതന്നിൽ-
പ്പെരികെക്കാലം ജീവിച്ചിരുന്നാലെന്തു ഫലം?
പരലോകത്തെസ്സാധിച്ചീടാമെന്നിരിക്കിലോ
മരണം വരുന്നതുമെത്രയും സുഖമല്ലോ"

എന്നാണ് കപില മറുപടി പറയുന്നത്. കവി സന്ദർഭാനുസാരേണ ഉത്തമനായ ഒരു വാനരന്റെയും മധ്യമനായ ഒരു ശാർദ്ദൂലത്തിന്റെയും അധമനായ ഒരു വ്യാധന്റെയും കഥകൂടി വ്യാഘ്രിയെ പറഞ്ഞുകേൾപ്പിക്കുന്നുണ്ട്. പശു തന്റെ പുത്രനെ കണ്ടു നടന്ന വിവരങ്ങൾ പറഞ്ഞപ്പോൾ അവിടത്തെ സ്ഥിതി കവി താഴെക്കാണുന്ന വിധത്തിൽ വിവരിക്കുന്നു.

"ശാർദ്ദൂലത്തോടു സത്യം ചെയ്തുപോന്നതു കേട്ടു
പാർത്തുകല്പിച്ചു പറഞ്ഞീടിനാൻ തനയനും.
തന്നുടെ മാതാപിതാക്കന്മാർക്കു ദുഃഖം തീർപ്പാൻ
നന്ദനനുണ്ടാകുന്നതെന്നതു കേട്ടിട്ടില്ലേ?

എന്നതുമൂലം ഞാൻ പോയ്ച്ചെന്നവനാഹാരത്തി-
നെന്നുടെ ദേഹം കൊടുത്തീടുവൻ മടിയാതെ.
എന്നുമേ പോകവേണ്ട മാതാവേ നീയെന്നതു
നന്ദനൻ ചൊന്നനേരം ചൊല്ലിനാൾ കപിലയും.
സന്തതിയില്ലാതവർക്കില്ലല്ലോ പരഗതി
ചിന്തിച്ചുകണ്ടാൽ ഞാൻതാൻ പോയ്ക്കോൾക നല്ലു നൂനം.
എന്നതു പറകയും കണ്ണുനീരൊലിക്കയും
തന്നുടെ സഖികളെയേല്പിച്ചു കരഞ്ഞുപോ-
കുന്നതു കണ്ടു കരഞ്ഞീടിനാർ സഖികളും.
പിന്നാലെ കൂടെച്ചിലർ നടന്നുതുടങ്ങിനാർ
എന്നതു കണ്ടു പറഞ്ഞീടിനാൾ കപിലയും,
എന്തേ കഷ്ടമേ! ചൊല്ക നിങ്ങൾക്കു ദുഃഖിപ്പാനെ-
ന്തെന്നെയീവണ്ണമല്ലോ ധാതാവു നിയോഗിച്ചു.
വന്നീടുമൊരുത്തനു മരണമെന്നാലപ്പോ-
ളന്യരായുള്ള ജനം കൂടവേ മരിപ്പുണ്ടോ?”

ഒടുവിൽ കപില തിരിയെച്ചെന്നു കാമരൂപിയെക്കണ്ടു.

“സത്യതൽപരയായ നിന്നെ ഞാൻ തിന്നുന്നീല
അത്രയുമല്ലയിന്നു തുടങ്ങിയിനിമേലിൽ
പൃഥ്വിയിലുള്ള ജന്തുവർഗ്ഗത്തെത്തിന്നുന്നീല
മാംസഭോജനമിന്നു തുടങ്ങിച്ചെയ്യുന്നീല”

എന്നു വ്യാഘ്രി പറഞ്ഞു. ആ ആശ്ചര്യം കണ്ടു മഹാവിഷ്ണു രണ്ടു മൃഗങ്ങളേയും വൈകുണ്ഠത്തിലേക്കു കൊണ്ടുചെല്ലാൻ ദൂതന്മാരെ അയച്ചു. തന്റെ പുത്രനേയും സഖികളേയും രക്ഷിതാവായ ബ്രാഹ്മണനേയുംകൂടി വിമാനത്തിൽ കയറ്റിയാലല്ലാതെ താൻ കയറുകയില്ലെന്നു കപില വാദിച്ചു. ബ്രാഹ്മണനോടു ചോദിച്ചപ്പോൾ തന്റെ പത്നിയും ബന്ധുക്കളും രാജാവുംകൂടി തന്നെ അനുഗമിക്കണമെന്ന് അദ്ദേഹവും, ചന്ദ്രസേനനോടു ചോദിച്ചപ്പോൾ തന്റെ രാജ്യത്തിലെ സകല ചരാചരങ്ങളും തന്നെ അനുയാത്ര ചെയ്യണമെന്ന് ആ രാജാവും സിദ്ധാന്തിച്ചു. മഹാവിഷ്ണുവിന്റെ അനുമതിയോടുകൂടി അവരെല്ലാം വിഷ്ണുലോകത്തിലേക്കു പോയി ഭഗവത്സായുജ്യം പ്രാപിക്കുകയും ചെയ്തു.

## സീതാദുഃഖം കിളിപ്പാട്ട്

സീതാദുഃഖം ഒൻപതാം ശതകത്തിൽ ആരോ രചിച്ച ഒരു ചെറിയ കിളിപ്പാട്ടാണ്. ‘നിറവേ ഭുജിക്കുക’, ‘ദോഷമില്ലാ ജാനകി’, ‘ബോധ്യവും വരുത്തിയേ’, ‘എന്നെക്കായിൽ മുതിർന്നു’, ‘വേറെയുണ്ടൊരു കശൽ’, ‘നിച്ചിരിയത്തെപ്പോലെ’, ‘പിറന്ന കുഴവിയും’ മുതലായ പ്രയോഗങ്ങൾ ഇതിൽ കാണ്മാനുണ്ട്. വാല്മീകിയുടെ ഉത്തരരാമായണത്തിലുള്ള സീതാനിർവാസ ഘട്ടത്തിലെ ഇതിവൃത്തത്തെ വികൃതരീതിയിൽ രൂപാന്തരപ്പെടുത്തി നിർമ്മിച്ചിരിക്കുന്ന ഈ ഗാനത്തിന്റെ പ്രണേതാവ് ആ വിഷയത്തിൽ തന്റെ ഉദ്ദേശമെന്തെന്നു വെളിപ്പെടുത്തുന്നില്ല. “മാവാരതം പാട്ട്” മുതലായ ഗ്രാമീണകൃതികളുടെ കൂട്ടത്തിൽ ഇതിനേയും ചേർക്കണമെന്നാണ് എനിക്കു തോന്നുന്നത്. പത്താംശതകത്തിലെ കൃതിയെന്നു ഞാൻ ഊഹിക്കുന്ന “ഭീമൻകഥ”യ്ക്കുള്ള സ്ഥാനവും ഇത്തരത്തിലുള്ളതുതന്നെ.

## ഇതിവൃത്തം

പട്ടാഭിഷേകം കഴിഞ്ഞു ശ്രീരാമൻ ഒരിക്കൽ നായാട്ടിനുപോയ അവസരംനോക്കി കൗസല്യ, കൈകേയി, സുമിത്ര എന്നീ മൂന്ന് അമ്മായിമാരുംകൂടി സീതാദേവിയോടു രാവണന്റെ പടംവരച്ചു തങ്ങളെ കാണിക്കുവാൻ ആവശ്യപ്പെടുന്നു. വളരെ വൈമനസ്യത്തോടുകൂടിയാണെങ്കിലും അവരുടെ നിർബ്ബന്ധത്തിന് ആ സാധ്വി വഴങ്ങുന്നു. "വരട്ടുനൂറും മഷിക്കുറിയുമെടുത്തുടൻ സുമിത്രാദേവി കൊണ്ടു" ചെന്നു സീതയുടെ കയ്യിൽ കൊടുക്കുകയും, സീത

"വേദമന്ത്രത്തെജ്ജപിച്ചിരിക്കുന്നൊരു മുഖം;
സങ്ഗീതങ്ങളും പാടിട്ടിരിക്കുന്നൊരു മുഖം;
ആദിത്യനെന്റെനേരേയില്ലെന്നുണ്ടൊരു മുഖം;
ഈശ്വരനോടു യുദ്ധം ചെയ്യുന്നുണ്ടൊരു മുഖം;
ദേവകൾ തന്നെദ്ദുഷിചെയ്യുന്നങ്ങൊരു മുഖം;
പടയ്ക്കു മറുതല തിരിക്കുന്നൊരു മുഖം;
സീതയെത്തന്നെ നിനച്ചീടുന്നിതൊരു മുഖം;
മധുവും മാംസവും ഭക്ഷിക്കുന്നിതൊരു മുഖം;
ഇന്ദ്രജിത്തിനെ നിനച്ചിടുന്നിതൊരു മുഖം;
വരവും പെരുക്കീട്ടു വസിക്കുന്നൊരു മുഖം;"

ഇങ്ങനെയും മറ്റുമുള്ള രൂപത്തിൽ ലങ്കേശ്വരന്റെ ചിത്രമെഴുതിത്തീർക്കുകയും ചെയ്തു. സുമിത്ര ആ ചിത്രം വാങ്ങി. അമ്മായിമാർ മൂവരും യോജിച്ച് അത് ആവണപ്പലകമേൽ വെച്ചു "വിശന്നു വെയിൽകൊണ്ടു വരുന്ന രാമദേവ"നെ അതിന്മേൽ ഇരുത്തി. ശ്രീരാമൻ, ആ പടം സീത വരച്ചതാണെന്നറിഞ്ഞപ്പോൾ ഏറ്റവും ക്രുദ്ധനായി, സീതയുടെ സമാധാനവും പരിദേവനവും ചെവിക്കൊള്ളാതെ വനവാസത്തിൽ തന്റെ പത്നിയുടെ സർവപ്രവൃത്തികളിലും കാപട്യം കണ്ടു. "കുളിപ്പാനെന്നെക്കായിൽ മുതിർന്നുപോകും മുൻപേ മലർക്കാവിലേ പോയാൽ വൈകിയേ വരുതാനും" എന്നും മറ്റും അദ്ദേഹം പല ദുശ്ശങ്കകൾക്കു വിധേയനായിത്തീർന്നു. ഒടുവിൽ ലക്ഷ്മണനോട് ആ ദേവിയെ "മണിയും കൊട്ടി മെല്ലെയുലകിൽ നടത്തണം" എന്ന് ആജ്ഞാപിക്കുകയും ലക്ഷ്മണൻ അതിനു വിസമ്മതം അറിയിച്ചപ്പോൾ "ലക്ഷ്മണ! നിനക്കിനി ഭാര്യയായിരുത്തുവാൻ നിശ്ചയം നിനയ്ക്കുന്നു, ഇപ്പോൾ ഞാനറിഞ്ഞിതു" എന്നും മറ്റും കൊള്ളിവാക്കുകൾ പറയുകയാണ് ശ്രീരാമൻ ചെയ്തത്. ലക്ഷ്മണൻ പിന്നെ അവിടെ നില്ക്കാതെ സീതയേയുംകൊണ്ടു മുനിയുടെ പർണ്ണശാലയിൽ ചെല്ലുകയും മുനി ഒരു പരീക്ഷ കഴിഞ്ഞു ദേവിയുടെ പാതിവ്രത്യനിഷ്ഠ ശരിക്കു മനസ്സിലാക്കി ആ ഗർഭിണിയെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ആദ്യം ഒരു ഉടുമ്പിനെ കൊന്നു കുമാരൻ സീതയുടെ ചോരയാണ് തന്റെ വാളിൽ പുരണ്ടിരിക്കുന്നതെന്ന് അറിയിച്ചപ്പോൾ അമ്മായിമാർ അതിൽ കളവുണ്ടെന്നു പറയുകയാൽ വീണ്ടും ആശ്രമത്തിൽച്ചെന്നു ദേവിയുടെ ആണിവിരൽ അറുത്ത് ആ ചോര വാളിൽ പൂശി കാണിച്ചു. "ആൺ ചോര പെൺചോരയും കണ്ടിട്ടില്ലതുകൊണ്ടോ" തങ്ങളെ വീണ്ടും കബളിപ്പിക്കുന്നതെന്ന് അവർ വീണ്ടും തുടർന്നു വാദിച്ചപ്പോൾ "നിങ്ങടെ ദേഹമൊരു ഭാഗമങ്ങറുക്കണം, ഒന്നുപോൽ നിറമെങ്കിൽപ്പിന്നെ ഞാൻ പറഞ്ഞീടാം." എന്നു ലക്ഷ്മണൻ പറഞ്ഞു. സീത മൃതയായി എന്ന് അതിൽനിന്നു ശ്രീരാമൻ ധരിച്ചു.

"അല്ലിത്താർതിരുമുടിഭംഗികൾ മറപ്പതോ?
മഴക്കാറിരുളൊത്ത തലനാർ മറപ്പതോ?

മുത്തുകളണിഞ്ഞീടും തൃക്കണ്ണു മറപ്പതോ?
കോവതൻ കുരുവൊത്ത പല്ലുകൾ മറപ്പതോ?
ആലിലസമമൊത്ത വയറും മറപ്പതോ?
അന്നത്തിൻ നടയൊത്ത നടകൾ മറപ്പതോ?"

എന്നും മറ്റും വിലപിച്ചു. പിന്നെയും ചില സംഭവങ്ങൾ കഴിഞ്ഞു ശിശുക്കളെ കാണുവാൻ ശ്രീരാമൻ ലക്ഷ്മണസഹിതനായി ആശ്രമത്തിലേക്കു പോകുകയും അവിടെ ഭൂമി പിളർന്നു സീത അതിൽ അപ്രത്യക്ഷയാകുകയും ചെയ്തു. എങ്കിലും സീതയുടെ തലമുടി ശ്രീരാമന്റെ കയ്യിൽ പെടുകയും അതു "പാലഴിതന്നിൽച്ചെന്നു വാസുകിയുടെ വാൽമേൽ" ചുറ്റുകയും ചെയ്തുവത്രേ. അതുകൊണ്ടാണുപോലും ആ സർപ്പത്തിൽ ഭഗവാൻ ശയനംചെയ്യുന്നതു്. ഗ്രന്ഥകർത്താവിനു ദുഷ്ടകളായ അമ്മായിഅമ്മമാരെ അവഹേളനം ചെയ്യണമെന്നു താൽപര്യമുണ്ടായിരുന്നതായി സങ്കല്പിക്കാമെങ്കിലും അതല്ല അദ്ദേഹത്തിനു് ഇതിഹാസവിഷയത്തിലുള്ള അപാരമായ അജ്ഞതതന്നെയാണു് ഇങ്ങനെ ഒരു കാവ്യനിർമ്മിതിക്കു സഹായകമായിരുന്നതു് എന്നു നിർണ്ണയിക്കുന്നതിനു മഹാവിഷ്ണുവിന്റെ മെത്ത വാസുകിയാണെന്നുള്ള അബദ്ധപ്രസ്താവനതന്നെ മതിയായ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

## നളചരിതം പാന

ഈ പാനയും ഒൻപതാംശതകം ഉത്തരാർദ്ധത്തിലേയോ പത്താംശതകം പൂർവ്വാർദ്ധത്തിലേയോ ഒരു കൃതിയാണെന്നു തോന്നുന്നു. കർത്താവു് ആരെന്നറിവില്ല. ദമയന്തീസ്വയംവരത്തിനു നളനും ദേവന്മാരും പുറപ്പെടുന്നതു മുതൽ സ്വയംവരംവരെയുള്ള കഥയേ ഇതിൽ പ്രതിപാദിച്ചിട്ടുള്ളു. ആകെ രണ്ടു ഭാഗങ്ങളുള്ളതിൽ രണ്ടാമത്തെ ഭാഗം തരംഗിണീവൃത്തത്തിൽ രചിച്ചിരിക്കുന്നു. കവിത രമണീയമാണു്. ദൂതവേഷധാരിയായ നളൻ ദമയന്തിയോടു പറയുന്ന ചില വാക്കുകളാണു് ചുവടെ ചേർക്കുന്നതു്.

"സ്വർഗ്ഗവാസത്തിനാഗ്രഹമില്ലെന്നു
ഭർഗ്ഗുതന്നേ പറയുന്നു നീയിപ്പോൾ
നാരിമാർക്കു വലിപ്പത്തിനാഗ്രഹം
പാരമെന്നുള്ളതിന്നുള്ളതല്ലെടോ.
മൂട്ടവാൻ മുതലുള്ള പുരുഷനും
നാട്ടുവാഴിയുംകൂടി വരുന്നാകിൽ
നാട്ടുവാഴി ദരിദ്രനെന്നാകിലും
കൂടിച്ചെന്നു ശയിക്കുമീ നാരികൾ.
ആയിരം പണം നല്കുന്നവനേക്കാ-
ളായിരപ്പുഉ നിർദ്ധനനാകിലും
ആയവൻതന്നെ വേണ്ടു സുഖത്തിനെ-
ന്നായതാക്ഷിമാർക്കൊക്കവേ സമ്മതം.
രണ്ടുകമ്പടിക്കാരുടെ പിന്നാലെ
തണ്ടരഞ്ഞാണും തുപ്പട്ടിവസ്ത്രവും
വ്യാളംകൊത്തിയ മുൻകയ്യുമായൊരു
വാളും കുത്തി ഞെളിഞ്ഞു നടക്കുന്ന
പണ്ടത്തെക്കാണുംനേരം തരുണിമാർ

പണ്ടത്തെപ്പൂരുഷന്മാരെക്കൈവിട്ടും.
തണ്ടുതപ്പിത്തമല്ലാതൊരിക്കലും
കൊണ്ടൽവേണിമാർക്കില്ലെന്നറിഞ്ഞാലും.
ഇന്ദ്രനിൽക്കൊതിയില്ലെന്നു ചൊല്ലിയാ-
ലിന്നെനിക്കിതു ബോധിക്കയുമില്ല.
കണ്ടു കണ്ടില്ലെന്നുള്ള മനുഷ്യരെ-
ക്കൊണ്ടുപകാരമെന്തുള്ളു സുന്ദരി?”

## ലക്ഷ്മീസ്വയംവരം പാട്ട്

ഇതു പാലാഴിയിൽനിന്നു ലക്ഷ്മീദേവി ഉത്ഭവിക്കുന്നതും മഹാവിഷ്ണു ആ ദേവിയെ പാണിഗ്രഹണം ചെയ്യുന്നതുമായ ഉപാഖ്യാനത്തെ അധികരിച്ച് കാകളീവൃത്തത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു ചെറിയ പാട്ടാണ്. കവിയെപ്പറ്റി ഒരറിവുമില്ല. കാലം ഒൻപതാം ശതകം ഉത്തരാർദ്ധമോ പത്താം ശതകം പൂർവ്വാർദ്ധമോ ആണ്. കവിത മോശമെന്നു പറയാനില്ല. താഴെ കാണുന്ന ഈരടികൾ നോക്കുക.

“അക്കടൽതൻ നടുവിൽ പ്രകാശിച്ചട-
നർക്കായുതപ്രഭ കൈക്കൊണ്ടു കാണായി
പൊൽത്താരിൽമാതെഴുന്നള്ളും പ്രകാരങ്ങൾ.
പത്തുനൂറായിരം ദിവ്യവധൂജനം
കൈത്താരിൽ താലപ്പൊലി കൈവിളക്കുകൾ
മുത്തുക്കുട കൊടി രത്നത്തഴകളും
മുത്തുരത്നങ്ങളാൽ കോരിയഭിഷേകം
മത്തഗജേന്ദ്രന്മാർ ചെയ്തുകൊണ്ടങ്ങനെ
ആലവട്ടം നല്ല വെഞ്ചാമരങ്ങളും
ബാലതരുണിമാർ വീയുമാറങ്ങനെ
മംഗല്യവാദ്യര വാദ്യഘോഷംകൊണ്ടു
തിങ്ങിയുലകു മുഴങ്ങുമാറങ്ങനെ
ബ്രഹ്മാവു മുൻപായ ദേവമുനീന്ദ്രന്മാർ
നിർമ്മലവേദം ജപിക്കുമാറങ്ങനെ
ദേവകൾ മുപ്പത്തിമുക്കോടിയുംകൂടി
ദേവിയെ വാഴ്ത്തി സ്തുതിക്കുമാറങ്ങനെ
അംബുജലോചനൻതന്നെ വരിപ്പാനാ-
യംബുജത്തയ്യലാൾ പയ്യെച്ചമഞ്ഞിതു.
അംബുവാഹങ്ങളെ വെന്നണിചായലി-
ലംബുജമാല തുളസിയും തെച്ചിയും
പിച്ചകമാലയണിഞ്ഞു നിരന്നുട-
നുജ്ജ്വലിക്കും കിരീടം ഘനം ചാർത്തിയും . . .
തിങ്ങിവിങ്ങിഘനം തമ്മിലുരുമ്മീട്ടു
പൊങ്ങുന്ന ബാലക്കുളുർമുലക്കുന്നുകൾ
സംഗീതസാഹിത്യസാമർത്ഥ്യസാരസ്യ
സാരം ചുമന്നു ചൊരിഞ്ഞുകൊണ്ടങ്ങനെ
ത്രൈലോക്യമോഹിനി സുന്ദരിയിന്ദിര

ബാലാർക്കശോഭ കലർന്നുകൊണ്ടങ്ങനെ
നാഥനുറങ്ങുമരയാൽത്തളിരിനു-
മാധി കൊടുക്കുമുദരവുമങ്ങനെ
നീലിമ കോലുന്ന രോമാവലി കണ്ടാൽ
നീലഫണീന്ദ്രനെ വെല്ലുമാറങ്ങനെ
മേളമിയലുന്ന നാഭിമലർ കണ്ടി-
ട്ടോളത്തിലെച്ചുഴി മൂളന്നൊളിച്ചുപോയ് . . .
തണ്ടു തരിവള പാടകമെന്നിവ
കൊണ്ടു വിളങ്ങുന്നടിയിണശോഭയും."

## ഓണപ്പാട്ട്

ഓണപ്പാട്ടിനു മഹാബലിചരിതം എന്നും പേരുണ്ട്. കവിയാരെന്നറിയുന്നില്ല. ഒൻപതാം ശതകത്തിലോ പത്താംശതകത്തിലോ ഉള്ള കൃതിയാണെന്നനുമാനിക്കാം. താൻ തൃക്കാക്കരനിന്നു വരുന്നതായി കിളി പറയുമ്പോൾ "തൃക്കാക്കരയെന്തു വാർത്തയൊള്ളൂ?" എന്നു കവി ചോദിക്കുന്നു. "തൃക്കാക്കര ശ്രീമഹാദേവന്റെ" ലീലകൾ നാരദൻ പറഞ്ഞുകേട്ടിട്ടുള്ളതു താൻ വിവരിക്കാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടു കിളി മഹാബലിയുടെ രാജ്യഭാരം ആദ്യമായി വർണ്ണിക്കുന്നു. ആ ഘട്ടത്തിലുള്ള ചില ശീലുകൾ സുപ്രസിദ്ധങ്ങളാണല്ലോ.

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല.
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം.
വെള്ളിക്കോലാദികൾ നാഴികളു-
മെല്ലാം കണക്കുകൾ തുല്യമായി.
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല."

അക്കാലത്ത് ആഡംബരപൂർവ്വം ആഘോഷിച്ചുവന്നിരുന്ന ചിങ്ങമാസത്തെ ഓണം "മാവേലി മണ്ണപേക്ഷിച്ചശേഷം മാധവൻ നാടുവാണീടും കാലം" മുടങ്ങിപ്പോകയും മഹാബലി അതിനെപ്പറ്റി ശ്രീകൃഷ്ണനോട് ആവലാതിപ്പെടുകയും ചെയ്തു. അപ്പോൾ ശ്രീകൃഷ്ണൻ

"വേദിക്കവേണ്ട നീ മാവേലിയേ
കാലമൊരാണ്ടിലൊരു ദിവസം
മാനുഷരെ വന്നു കണ്ടുകൊൾവാൻ
ചിങ്ങമാസത്തിലെ ഓണത്തിൻനാൾ
ഭംഗ്യാ വരിക . . . . . . . . . "

എന്നരുളിച്ചെയ്തു. ഭഗവാന്റെ ഉപദേശമനുസരിച്ചു ധർമ്മപുത്രർ

"ചിങ്ങമാസത്തിലെ ഓണത്തിൻനാൾ
മാവേലിതാനും വരുമിവിടെ
പണ്ടേതിനേക്കാൾ വിചിത്രമായി
വേണ്ടുന്നതെല്ലാമൊരുക്കീടേണം"

എന്ന് ആജ്ഞാപിക്കുകയും ചെയ്തു. പ്രജകൾ ആ ഉത്സവം ഘോഷിക്കുന്ന രീതി കവി സാമാന്യം ഭംഗിയായി പ്രതിപാദിക്കുന്നു. താഴെക്കാണുന്നതു് അക്കാലത്തെ വാണിജ്യത്തെ പരാമർശിക്കുന്ന ചില വരികളാണ്.

"ശീലത്തരങ്ങളും വേണ്ടുവോളം
നീലക്കവണികൾ വേണ്ടുവോളം
നല്ലോണം ഘോഷിപ്പാൻ നല്ക്കഴുത്തൽ
കായംകുളച്ചേല പൊല്ക്കലിയൻ
ചീനത്തെ മുണ്ടുകൾ വേണ്ടുവോളം
ജീരകം നല്ല കടുമുളകു
ശർക്കര തേനോടു പഞ്ചസാര
എണ്ണമില്ലാതോളമെന്നേ വേണ്ടു."

സ്ത്രീകൾ ഭർത്താക്കന്മാരോടും മറ്റും ഓണപ്പുടവയ്ക്കു് അപേക്ഷിക്കുന്ന ഭാഗം വായിക്കാൻ രസമുണ്ട്.

"തന്റെ കണവനോടൊന്നു ചൊന്നു.
ചേലയെനിക്കൊന്നുവേണമെങ്കിൽ
രണ്ടാംതരംതന്നെ വേണമല്ലോ
കണ്ടാലും നല്ല വിശേഷം വേണം.
എന്നതു കേട്ടപ്പോൾ മറ്റൊരുത്തി
ഉടുവാത്തൊരു ചേല വേണമല്ലോ
കാരണം കേൾപ്പിൻ ഞാൻ ചൊന്ന വാർത്ത
ചേലത്തരത്തിനു വേണമെങ്കിൽ
പൂരത്തിൻനാൾക്കു വരേണം നിങ്ങൾ
വീരാളിക്കൊത്തൊരു ചേലവേണം"

"അന്നേരം മറ്റൊരു കന്യകയും
തന്നുടെ മാതാവിനോടു ചൊന്നാൾ.
ഓണപ്പുടവയെനിക്കില്ലമ്മേ
നാണക്കേടായിട്ടു വന്നുകൂടി.
അച്ഛൻകൊണ്ടന്നാലെനിക്കു വേണ്ടാ
എന്റെ മകൾക്കങ്ങിരുന്നുപോട്ടെ
ഓണം കഴിഞ്ഞേ എനിക്കു വേണ്ടു."
"അത്തം കഴിഞ്ഞു നാളഞ്ചു ചെന്നാൽ
വേണ്ടുന്നതെല്ലാമൊരുക്കിടേണം
ഉത്രാടമസ്തമിച്ചീടുന്നേരം
ഹസ്തിമുഖവനു വേണ്ടുന്നതു"

എന്നും മറ്റുമുള്ള ചടങ്ങുകളെപ്പറ്റി അനന്തരം ചുരുക്കമായി പ്രസ്താവിക്കുന്നു.

"മാവേലി പോകുന്ന നേരത്തിങ്കൽ
നിന്നു കരയുന്ന മാനുഷരും"

എന്നാണ് കവി പറയുന്നതു്.

സാഹിത്യദൃഷ്ട്യാ ഈ ചെറിയ പാട്ടിനു സ്ഥാനമൊന്നും കല്പിക്കുവാൻ പാടില്ലെങ്കിലും അതിലെ ചില ശീലുകൾക്കു തന്മയത്വമുണ്ടെന്നു സമ്മതിക്കുകതന്നെ വേണം. ചില ഈരടികൾ മൂവടികളായാണ് രചിച്ചുകാണുന്നതു്. മഹാബലി തന്റെ നാടു കാണ്മാൻ വരുന്ന ദിവസമാണ് ചിങ്ങമാസത്തിലെ തിരുവോണം എന്നു കേരളത്തിൽ ഐതിഹ്യമുണ്ടെങ്കിലും അദ്ദേഹം കേരളരാജാവായിരുന്നുവെന്ന് ആരും തെറ്റിദ്ധരിക്കരുതു്. പണ്ടു തിരുവോണം തമിഴ്നാട്ടിലും ഘോഷിച്ചിരുന്നു എന്നുള്ളതിനു "മതുരൈക്കാഞ്ചി" എന്ന സംഘകാലത്തെ കൃതിയിൽ തെളിവുണ്ടു്. വാസ്തവത്തിൽ തിരുവോണം മഹാബലിയെ വാമനമൂർത്തി ജയിച്ച ദിവസമാണ്. "വാനവരമ്പൻ" എന്ന പദത്തെ "ബാണവർമ്മൻ" എന്നു രൂപാന്തരപ്പെടുത്തി മഹാബലിയുടെ പൗത്രനായ ബാണനും കേരളത്തിൽ രാജ്യഭാരം ചെയ്തിരുന്നു എന്നു പറയുന്നതു പ്രമാദംതന്നെ. ബാണന്റെ രാജധാനി ആര്യാവർത്തത്തിലായിരുന്നു. "വാനവരമ്പൻ" എന്നതു ചേരരാജാക്കന്മാരുടെ പൊതുപ്പേരാണ്. "മല്ലൽ ചെരുതിയൻ വാനവരമ്പനേ മലയമാനേ" എന്നു ചൂഡാമണി നിഘണ്ടുവിൽ കാണാം.

## രാമായണം ഗാഥ

രാമായണം ഗാഥ എന്നൊരു ദീർഘമായ കൃതി അജ്ഞാതനാമാവായ ഏതോ ഒരു കവി രചിച്ചുകാണുന്നു. കൃഷ്ണഗാഥയെ അപേക്ഷിച്ചു ഭാരതഗാഥ പതിന്മടങ്ങ് അപകൃഷ്ടമാണെങ്കിൽ ഭാരതഗാഥയെക്കാൾ നൂറു മടങ്ങ് അപകൃഷ്ടമാണ് രാമായണഗാഥ. കവി വളരെ പണിപ്പെട്ട് ഒരുവിധത്തിൽ വൃത്തമൊപ്പിച്ചു എന്നു പേർ വരുത്തി ശബ്ദഗുണമോ അർത്ഥഗുണമോ ഉള്ള ഒരൊറ്റ വരിപോലും കണികാണാൻ നിവൃത്തിയില്ലാത്തവിധത്തിൽ രാമായണത്തെ അടിസ്ഥാനപ്പെടുത്തി 'ഷോഡശായിരത്തൊന്നു' ഗ്രന്ഥമായി പ്രസ്തുതകൃതി നിബന്ധിച്ചിരിക്കുന്നു. "ദീനതയെന്യേ ദിനംപ്രതി രക്ഷിക്കും ദയയേറും പള്ളിയറേശ്വരി" തന്നെ പരിപാലിക്കണമെന്നു പ്രാർത്ഥിക്കുന്നതിനുപുറമേ "വല്ലാതെയാക്കാതെ മംഗലമാക്കണം, വ്യാഘ്രാലയ, ദേവ, തമ്പുരാനേ" എന്നും പറയുന്നതിൽനിന്നു വൈക്കത്തപ്പന്റെ ഭക്തനായിരിക്കാം അദ്ദേഹമെന്നു സങ്കല്പിക്കാവുന്നതാണ്. ഒരു ഗുരു വേണ്ട ദിക്കിൽ രണ്ടു ലഘുക്കളെ അതിനുപകരം ചേർക്കുന്നതു കവി ഒരു ഭംഗ്യന്തരമായി കരുതീട്ടുണ്ടോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. "പല ഗുണമുള്ളൊരു പത്മവിലോചനൻ പാർത്ഥിവൻ രാമചരിതം ഭക്ത്യാ" "അരചന്മാർക്കു വാഴ്വാനഴകാം രാജധാനി അത്ഭുതമാം സ്വർണ്ണംകൊണ്ടുതന്നെ" എന്നും മറ്റുമുള്ള വരികൾ ഈ വൈകല്യത്തിന് ഉദാഹരണങ്ങളാണ്. യതിഭംഗംകൊണ്ടു കർണ്ണാരുന്തുദങ്ങളായ ഈരടികൾക്കു കണക്കില്ല. ചില വരികൾ ഉദ്ധരിക്കാം.

"മന്നവന്മാർക്കൊക്കെ മന്നവനായൊരു
മാർത്താണ്ഡഗോത്രജൻ മാനശീലൻ
മുനിമാർ ദേവകൾക്കും മുഖ്യർ മറ്റുള്ളോർക്കും
മോഹിച്ചതൊക്കെയും നല്കീടുന്നു.
ആനന്ദമൂർത്തിയതാകും ശ്രീരാമനു-
മംഗനയോടുമനുജനോടും

നന്നായയോദ്ധ്യാനഗരിയിലും വാണു
നല്ലോരോടുമാനന്ദിച്ചക്കാലം."

ഗാഥയിൽ ഇത്ര പൊട്ടയായി മറ്റൊരു കാവ്യം ഞാൻ വായിച്ചിട്ടില്ല. പണ്ടും ഇന്നത്തെപ്പോലെ സാഹിത്യസാമ്രാജ്യത്തിൽ അനധികാരികളായ ചില ലോകോപദ്രവികൾ വലിഞ്ഞുകേറി ഗോഷ്ഠികൾ കാണിച്ചിരുന്നു എന്നു സൂചിപ്പിക്കുന്നതിനെങ്കിലും ഈ ഖണ്ഡിക പ്രയോജനപ്പെടുന്നതാണല്ലോ. ഉളൻ, നെറിയേ (ന്യായമായി) മുതലായ ചില പഴയ പദങ്ങൾ കാണുന്നു. കവി അദ്ധ്യാത്മരാമായണം വായിച്ചിരുന്നു എന്നുള്ളതിനു "ഫാലവിലോചനൻ പരമേശ്വരൻതാനും പാർവ്വതിക്കു നന്മവർദ്ധിപ്പാനായ്" രഹസ്യോപദേശം ചെയ്തു എന്നുള്ള പ്രസ്താവന ജ്ഞാപകമാണ്. കവിത ഒമ്പതാം ശതകത്തിൽ രചിച്ചതാണെന്നു തോന്നുന്നു.

## ക്രിയാദീപിക (തന്ത്രഗ്രന്ഥം)—പൊടവർഭാഷ

ബിംബപ്രതിഷ്ഠ, പൂജ, തന്ത്രദീക്ഷ മുതലായ പല താന്ത്രിക വിഷയങ്ങളെക്കുറിച്ചും വിശദവും ലളിതവുമായ രീതിയിൽ പ്രതിപാദിക്കുന്ന ഒരു ദീർഘമായ ശാസ്ത്രഗ്രന്ഥമാണ് ക്രിയാ ദീപിക. പുടവർ(വിടവൂർ) ഭാഷയെന്നും ഇതിനെ പറയുന്നു. പൊടവർ എന്നതു തളിപ്പറമ്പുഗ്രാമത്തിലെ വൈദികന്മാരായ നമ്പൂരിമാർക്കുള്ള പൊതുപ്പേരാണ്. ആവശ്യമുള്ള ഘട്ടങ്ങളിൽ വേണ്ട മന്ത്രങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. പെരുഞ്ചല്ലൂർ ഗ്രാമക്കാരനും നാരായണന്റെ പുത്രനും പാണ്ഡുരംഗന്റെ ശിഷ്യനുമായ വാസുദേവൻനമ്പൂരിയാണ് ഇതിന്റെ പ്രണേതാവ്. താൻ സുമനോവാടികാജാതനും മഹേശ്വരന്റെ പിതൃവ്യനുമാണെന്നും അദ്ദേഹം തന്നെപ്പറ്റി പറയുന്നു. സുമനോവാടിക(മലർക്കാവ്) ഏതു സ്ഥലമാണ് എന്നറിയുന്നില്ല. മഹേശ്വരനും അവിജ്ഞാതനാണ്. ഗ്രന്ഥം ആദ്യന്തം അനുഷ്ടുപ്പവൃത്തത്തിൽ രചിച്ചിരിക്കുന്നു. തന്ത്രസമുച്ചയത്തിലെന്നപോലെ ഇതിലും പന്ത്രണ്ടു പടലങ്ങളുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങൾ ശ്രദ്ധേയങ്ങളാണ്. ആരംഭം:

ഉള്ളിൽ വെന്തഴലും ലോകർക്കല്ലൽ തീർപ്പാനൊരൗഷധം
നല്ലതിന്നായ് വണങ്ങുന്നേൻ ചെല്ലൂർനാഥം സദാശിവം.
തന്ത്രമായ സമുദ്രത്തിന്നന്തയാനേ സുപോതകം
ചിന്തയേ പാണ്ഡുരംഗാഖ്യം സന്തതം ഞാൻ ഗുരൂത്തമം
തന്ത്രീണാം മന്ദബുദ്ധീനാം വ്യക്തമായറിവാനിഹ
പ്രതിമാസ്ഥാപനാദീനാമെളുതായി വിധിംബ്രുവേ."

അവസാനം:

"ഗുരൂപദേശം കൂടാതെ ചെയ്യൊല്ലയിവയൊന്നുമേ,
ധാർഷ്ട്യതശ്ചെയ്കിൽ വിഫലം കർമ്മ സ്യാദ്ദേവകോപവും.
സുമനോവാടികാജാതവിടവൂർ വാസുദേവനാൽ
മഹേശ്വരപിതൃവ്യേണ പഠിച്ചുണ്ടായതൊക്കെയും
ശ്ലോകരൂപേണ ബന്ധിച്ചു ഭാഷാമിശ്രിതസംസ്കൃതൈഃ.
. . . . . . . . .
ഏവം കൃതാ തന്ത്രഭാഷാ മന്ത്രാണാം മാർഗ്ഗദർശിനീ
ചെല്ലൂരാധിപതിജ്ഞേയാ ഭൂയാദസ്മദനുഷ്ഠിതാ.
ഇത്ഥം ക്രിയാദീപികയിൽ ദ്വാദശം പടലം കൃതം

നാരായണതനൂജേന ചെല്ലൂർനാഥപ്രസാദതഃ."

ഇടയ്ക്കനിന്നു ചില ശ്ലോകങ്ങൾകൂടി ചേർക്കാം.

ആചാര്യകുണ്ഡേ ഹോമിപ്പാൻ പ്ലാശ്ശതന്നെ സമിത്തിഹ
കടമ്പും ഷൺമുഖേ വിഘ്നേ കൂവളം പ്ലാശ്ശ ശാസ്തരി
പ്ലാശ്ശം കരിങ്ങാലിര്യയാലിത്തി പേരാലു കൂവളം
അത്തിയും കമിഴം പ്രാഗാദികുണ്ഡേഷ്വ ക്രമാച്ചിവേ
പ്രാഗാദി നാലു കുണ്ഡേഷ്വ പ്ലാശ്ശതന്നെ ഹരീശ്വരേ."

## കിരാങ്ങാട്ടു ജയന്തൻനമ്പൂതിരിപ്പാട്

### ജീവചരിത്രം

ഷോഡശക്രിയാകാരിക എന്ന ഗ്രാമത്തിൽ ജയന്തൻ നമ്പൂതിരിപ്പാട്ടു തന്നെപ്പറ്റി ചിലതെല്ലാം പ്രസ്താവിക്കുന്നുണ്ട്. പരശുരാമക്ഷേത്രമായ ഈ മലനാട്ടിൽ "എട്ടു സംഖ്യാവതാം ഗ്രാമാണാം നിലയം" ഉണ്ട്. അവയിൽ ഒന്നായ പെരുവനം ഗ്രാമത്തെ അദ്ദേഹം ഇങ്ങനെ വർണ്ണിക്കുന്നു.

"അരിയ മഖഹവിർഗ്ഗന്ധങ്ങളെക്കൊണ്ടജസ്രം
സുരഭിതഭുവനാന്തം ക്ഷാന്തഭൂദേവകാന്തം
പരശുധരമുനീന്ദ്രൻതന്നുടേ ശാസനത്താൽ
പെരിയ പെരുമനഗ്രാമം ജയിച്ചീടുകെന്നും."

"വേദം വേദാംഗമുച്ചൈഃ സ്മൃതി പുനരുപവേ-
ദാംഗവും ധർമ്മശാസ്ത്രം
വേദാന്തം മറ്റുമോരോ തരമിതമിയലും
വിദ്യ കൈക്കൊണ്ടുദാരാഃ
വ്യാസാദീനാം കപോലേ പുളകനിര ശനൈ-
രുത്തമാംഗേപി കമ്പം
നാസാഗ്രേ തർജ്ജനീം കണ്ണിണയിൽ മുകുളതാം
തന്വതേ യദ്വിജേന്ദ്രാഃ"

അനന്തരം ഇരട്ടയപ്പൻ, മേല്ക്കാവമ്മ, ഊരകത്തു ദുർഗ്ഗ, തിരുപലക്കയ്യൂർ അയ്യപ്പൻ, ആരിയൂർക്കളത്തു വിഷ്ണു എന്നീ ദേവതകളെ വന്ദിച്ചതിനുമേൽ "ഇടക്കുന്നിൽത്തലം ചേർന്ന" നമ്പൂരിപ്പാടന്മാരെ വാഴ്ത്തുന്നു. ഇടക്കുന്നിൽ പാർവ്വതിയാണ് ആചാര്യന്റെ ഇഷ്ടദേവത.

"ഏഷാമഭീഷ്ടം മുഴവൻ കൊടുപ്പാ-
നാഷാഢമാസേ മുകിലെന്നപോലെ
ഏഷാ കനിഞ്ഞക്ഷസമക്ഷമാസ്തേ
താഴാത കാരുണ്യരസേന ഗൗരി."

അവിടെ കിരാങ്ങാട്ടു മനയ്ക്കൽ വിദ്വാന്മാരായി രണ്ടു നമ്പൂരിമാർ ജീവിച്ചിരുന്നു.

"വാട്ടംവരാതെ ധനധാന്യസമൃദ്ധി കൈക്കൊ-
ണ്ടാഢ്യൗ തഴച്ച സുഹൃദൗ സകലേഷു യേഷാം
ആടിത്തിരട്ടി വരുമാപദി നാകഭാജാം

മൗഢ്യത്തിലീശമുരവൈരികളെന്നപോലെ.

വൃത്ത്യാ വിളങ്ങീടിന വിദ്യകൊണ്ടും
നിത്യം നിറക്കുന്ന വിനീതികൊണ്ടും
വന്ദ്യൗ കിരാങ്ങാടിതി ഭാസുരൗ യൗ
ചന്ദ്രാംശുമന്താവിവ ദീപ്തിജാലൈഃ."

അവരിൽ ഒരാളായിരുന്ന നാരായണൻനമ്പൂരിപ്പാട്ട്. അദ്ദേഹത്തിന്റെ വംശജനായ നീലകണ്ഠന്റെ പാർവ്വതീപ്രസാദംകൊണ്ടു ജയന്തൻ എന്നൊരു പുത്രൻ ജനിച്ചു.

"വിദ്വാൻ വിനീതോ നിറമാർന്നലാവും
വൃത്തേന നാരായണനാമധേയഃ
തദ്വംശഭാജോ ƒ ജനി നീലകണ്ഠാ-
ദദ്രീന്ദ്രജാപാദപരാഗരാഗീ.
അത്യാദരത്താലചലേന്ദ്രപുത്രീം
നിത്യാമവൻ നിത്യവചോവിലാസൈഃ
ഭക്ത്യാ പുകണ്ണാനതുകൊണ്ടുതന്നെ
പുത്രോപി ജജ്ഞേ സ ജയന്തനാമാ."

ജയന്തനു ശങ്കരൻ എന്നൊരു ഗുരുവുണ്ടായിരുന്നു.

"അത്യന്തമൂഢനവനെങ്കിലുമംബികായാം
ഭക്തോ ഗുരുക്തികരണേ നിയതസ്വഭാവഃ
യസ്യായമൻപു തടവീടിന ഭാവഹൃദ്യോ
വിദ്യോപദേശഗുരു ശങ്കരനാമധേയഃ."

ജയന്തന്റെ കാലം ഒൻപതാം ശതകമായിരിക്കുവാൻ ന്യായമുണ്ട്.

### കൃതികൾ

ജയന്തൻ നമ്പൂരിപ്പാട്ട് (1) ഷോഡശക്രിയാകാരിക (2) ആശൌചകേരളി എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ മണിപ്രവാളപദ്യരൂപത്തിൽ രചിച്ചിട്ടുണ്ട്.

## ഷോഡശക്രിയാകാരിക

ബോധായനസ്മാർത്ത പ്രയോഗമെന്നും കേരളിയെന്നുംകൂടി നാമാന്തരങ്ങൾ ഈ ഗ്രന്ഥത്തിനുള്ളതായി കാണുന്നു.

"ബോധായനനെ വന്ദിച്ചു ഷോഡശക്രിയ ഭാഷയായ്
ആഖ്യാസ്യാമീഹ ബാലപ്രബോധായ ചെറുതേഷ ഞാൻ"

എന്നതാണ് അതിലെ ചികീർഷിതസൂചന. ഗ്രന്ഥാവസാനത്തിലുള്ളവയാണ് ചുവടേ പകർത്തുന്ന ശ്ലോകങ്ങൾ.

കേരളങ്ങളിലിണങ്ങിന ഭാഷകൊ-
ണ്ടാരചയ്യ ചെറുതങ്ങവനിങ്ങനെ
കേരളീതി ലളിതം നിറമാർന്നെഴും
പേരുമിട്ടതു പലർക്കുപകാരമാം.

സൈഷാ ചാരുമുഖീ സതീ മൃദുപദന്യാസാ സുബോധാ മൃദു-

ർന്നാനാകർമ്മപരായണാ സഹചരീ ധർമ്മേ സുവൃത്തോത്തമാ
ആലോകേ ലളിതാത്മനാം രുചികരീ ഭാഷാവിശേഷോദിതാ
വിപ്രാണാം ഹൃദയംഗമാ വിജയതാം വർണ്ണോജ്ജ്വലാ കേരളീ."

ജയന്തനു ഭാഷാകവനം സുസാധ്യമായിരുന്നു എന്നു താഴെക്കാണുന്ന മങ്ഗലശ്ലോകംതന്നെ തെളിയിക്കുന്നു.

"കൊമ്പും തുമ്പിക്കയ്യും ചെമ്പഞ്ഞിനിറം പഴിക്കുമുടൽവടിവും
സംപ്രതി കോലും കോലം സമ്പദമരുളീടുകൻപിൽ മമ വചസാം."

ശ്ലോകങ്ങളിലെ ഭാഷ വളരെ ലളിതമാണ്.

"വേളി ചൗളം സമാവർത്തം സീമന്തമുപനീതിയും
ഗോദാനവുമിവാറിന്നും നാന്ദി നാലിൽക്കുറയ്യൊലാ.

ദേവകൾക്കും പിതൃക്കൾക്കുമൊപ്പിച്ചതിരുവർക്കുതു്
മറ്റുമൊന്നിന്നുമോരോന്നിൽക്കുറയച്ചെയ്‌വതില്ലപോൽ.

തൻനേരുടൽപിറന്നോരെ വിശ്വേദേവകളാക്കുക
തൻഗോത്രമല്ലായാതോരെപ്പിതൃക്കളെയുമാക്കുക.

ക്രിയ മറ്റൊരുവർക്കാകിൽ വലത്തവരെ വച്ചുടൻ
തമ്മിൽപ്പലകമേൽപ്പുല്ല തുടർന്നിട്ടു തുടങ്ങുക."

## ആശൗചകേരളി

ആശൗചത്തെപ്പറ്റിമാത്രം പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് ആശൗചകേരളി. അതിന്റെ ആരംഭത്തിൽ

"അൻപിൽത്തുണയ്യെനിക്കെന്നും തുമ്പിക്കയ്യുള്ള തമ്പുരാൻ
ഇമ്പത്തിൽ മേവുകെൻനാവിലൻപത്തൊന്നക്ഷരങ്ങളും.
സ്വായംഭുവനെ വന്ദിച്ചിട്ടാവോളമെളുതായി ഞാൻ
ആയവണ്ണം പുലയുടെ ഞായത്തെയിത ചൊല്ലുവൻ"

എന്നും അവസാനത്തിൽ

"തടുക്കെന്നു വരും പേടി തടുക്കെന്നൊരു വൈഭവം
ഇടക്കുന്നിൽ ഭഗവതി കടക്കണ്ണെന്നെ രക്ഷതാം
ആശൗചകേരളീനാമ്നാ ജയന്തേന പ്രകീർത്തിതാ
ബോധായ മന്ദബുദ്ധീനാമുപകാരായ കല്പതാം."

എന്നുമുള്ള ശ്ലോകങ്ങൾ കാണുന്നു.

## പുതുവന നമ്പൂരി

സംസ്കൃതം അഭ്യസിക്കുന്ന ബാലന്മാർക്കു പ്രാഥമികമായ വിഭക്തിജ്ഞാനവും മറ്റും ലഭിക്കുന്നതിനുവേണ്ടി പുതുവന നമ്പൂരി 'ബാലപ്രബോധനം' എന്നൊരു ചെറിയ മണിപ്രവാളഗ്രന്ഥം രചിച്ചിട്ടുണ്ട്. അനുഷ്ടുപ് ശ്ലേകങ്ങളിലാണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതി. അനേകം വ്യാകരണവിഷയങ്ങളെ നാമമാത്രമായെങ്കിലും അദ്ദേഹം

സ്പർശിച്ചിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ പ്രയോജനം. തന്നിമിത്തം ഇതു പുതിയ സം പ്രദായത്തിലുള്ള സംസ്കൃതവിദ്യാഭ്യാസത്തിന്റെ ആവിർഭാവകാലത്തിനുമുൻപുവരെ ഉപാധ്യായന്മാർ അധ്യേതാക്കന്മാരെ പഠിപ്പിച്ചുവന്നിരുന്നു. 'വൃക്ഷസിദ്ധരൂപ'ത്തി ന്റെ അനുബന്ധങ്ങളായി ബാലപ്രബോധനവും സമാസ ചക്രവും ശ്രീരാമോദന്ത വും പ്രസിദ്ധീകരിക്കുന്നതിനുള്ള കാരണവും അതുതന്നെയാണ്. സമാസചക്രം സംസ്കൃതഭാഷയിൽത്തന്നെ വിരചിതമായിരിക്കുന്നതിനാൽ അതു ബാലപ്രബോ ധനംപോലെ ഉപയോഗമുള്ളതല്ല. 'നവാരണ്യമഹീദേവകൃതി രേഷാ വിരാജതേ' എന്നു ഗ്രന്ഥാവസാനത്തിലുള്ള പ്രസ്താവനയിൽനിന്നാണ് പുതുവന നമ്പൂരിയാണ് പ്രസ്തുത നിബന്ധത്തിന്റെ പ്രണേതാവെന്നു വെളിപ്പെടുന്നത്. പുതുവനയില്ലം തി രുവിതാംകൂറിൽ കോട്ടയത്തു തിരുനക്കരെയാണ്. ഗ്രന്ഥാരംഭത്തിൽ

> "വെള്ളം ജടാന്തേ ബിഭ്രാണം വെള്ളിമാമലവിഗ്രഹം
> വെള്ളരമർന്ന ഗൗരീശമുള്ളിലൻപൊടു ചിന്തയേ"

എന്ന ശ്ലോകത്തിൽ അദ്ദേഹം തന്റെ ഇഷ്ടദേവതയെ വന്ദിക്കുന്നു. മധ്യകേരളത്തി ലെ ഒരു പുതുവന നമ്പൂരിയാണ് പ്രബോധനകാരൻ എന്നു സങ്കല്പിക്കുന്നവരുമുണ്ട്.

## ബാലപ്രബോധനം

താഴേക്കാണുന്ന വിഭക്ത്യർത്ഥ ബോധകങ്ങളായ ശ്ലോകങ്ങൾ വായിച്ചാൽ ഗ്രന്ഥ ത്തിലെ പ്രതിപാദനരീതി മനസ്സിലാകും.

> "അതെന്നു പ്രഥമയ്ക്കർത്ഥം ദ്വിതീയയ്ക്കതിനെപ്പുനഃ
> തൃതീയാ ഹേതുവായിക്കൊണ്ടാലോടുടേതി ച ക്രമാൽ
> ആയിക്കൊണ്ടു ചതുർത്ഥീ ച സർവ്വത്ര പരികീർത്തിതാ
> അതിങ്കൽനിന്നു പോക്കേക്കാൾ ഹേതുവായിട്ടു പഞ്ചമീ
> ഇക്കുമിന്നുമുടേ ഷഷ്ഠിക്കതിന്റേ വെച്ചുമെന്നപി
> അതിങ്കലതിൽവച്ചെന്നും വിഷയം സപ്തമീ മതാ
> വിഭക്ത്യർത്ഥങ്ങളീവണ്ണം ചൊല്ലുന്നൂ പല ജാതിയും.
>
> വൃക്ഷസ്തിഷ്ഠത്യസൌ വൃക്ഷം നില്ക്കുന്നൂ; വൃക്ഷമാശ്രയേ
> വൃക്ഷത്തെയാശ്രയിക്കുന്നേൻ; വൃക്ഷേണ ദ്വിരദോ ഹതഃ
> വൃക്ഷത്താലാന കൊല്ലപ്പെട്ടെന്നീവണ്ണം തൃതീയയും;
> നമശ്ചകാര വൃക്ഷായ ശാഖാസംരുദ്ധഭാസ്വതേ
> നമസ്കരിച്ചേൻ വൃക്ഷത്തിന്നായിക്കൊണ്ടു ചതുർത്ഥ്യപി;
> വൃക്ഷാഗ്രാൽ കുസുമം ഭ്രഷ്ടം വൃക്ഷാഗ്രത്തിങ്കൽനിന്നിഹ
> പൂ വീണെന്നതു; വൃക്ഷസ്യ ശാഖാ ചാത്യന്തമുന്നതാ
> വൃക്ഷത്തിന്റെ കൊമ്പുമേറ്റമുയർന്നോന്നിതു ഷഷ്ഠ്യപി;
> പക്ഷീ വൃക്ഷേ സ്ഥിതഃ പക്ഷി വൃക്ഷത്തിങ്കലിരുന്നിതു;
> ഹേ വൃക്ഷ! ത്വം കമ്പസേ കിമിതി സംബോധനാപി ച
> എടോ വൃക്ഷം നീ ചലിക്കുന്നെന്തിതീവണ്ണമൊക്കവേ
> സംബോധനാനിർണ്ണയാർത്ഥം ഹേശബ്ദം കൂടെ യുജ്യതേ."

## ആശൌചവിജ്ഞാനം ഭാഷ

ആശൌചവിഷയകമായുള്ള ഒരു ഭാഷാഗ്രന്ഥമാണ് ആശൌചവിജ്ഞാനം.

“ഗണേശാനം ഗുരും വാണീം കാത്യായനമുമാപതിം
പ്രണമ്യാശൌചവിജ്ഞാനം ഭാഷയാ ലിഖ്യതേ മയാ”

എന്നുള്ള പീഠികയോടുകൂടി ആചാര്യൻ

“സപിണ്ഡബാലതുല്യോദബന്ധൂനാമുള്ള ഭേദവും
മറ്റും ഭേദങ്ങളെല്ലാവും യഥാമതി വദാമ്യഹം”

എന്നു തന്റെ ഭാഷാകൃതി ആരംഭിക്കുന്നു. ഒടുവിൽ

“കൃതമല്പമതീനാമിദമാശൌചം നൃസുരഭാഷയാ മിശ്രം
അധ്യാപകപരമേശ്വരഭാഷാഗദ്യം നിരീക്ഷ്യ കേനാപി”

എന്നും.

“രുദ്രനാരായണേനേദമാശൗചം ഭാഷയാ കൃതം
സമാസേനോപകാരായ ബാലാനാമിതി മൃഷ്യതാം”

എന്നുമുള്ള പദ്യങ്ങൾ കാണ്മാനുണ്ട്. രുദ്രന്റെ പുത്രനായ നാരായണൻനമ്പൂരി അദ്ദേഹത്തിന്റെ ആചാര്യനാണെന്നു കരുതാവുന്ന പരമേശ്വരൻനമ്പൂരി ഗദ്യത്തിൽ നിർമ്മിച്ച ആശൗചഗദ്യം നോക്കി അതിനെ ഉപജീവിച്ചെഴുതിയതാണ് ആശൗചവിജ്ഞാനം എന്ന് ഈ പദ്യങ്ങളിൽനിന്നു നാം അറിയുന്നു. ഗ്രന്ഥകാരനെപ്പറ്റി മറ്റൊരു വിവരവും ലഭിക്കുന്നില്ല.

## ആശൗചാഷ്ടകം ഭാഷാവ്യാഖ്യ

വരരുചികൃതം എന്നു പുരാവിത്തുകൾ വിശ്വസിക്കുന്നതും കേരളത്തിൽ പ്രധാന ഭൃതവുമായി ആശൗചാഷ്ടകം എന്നൊരു സംസ്കൃതഗ്രന്ഥമുണ്ടെന്ന് ഏഴാമധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആശൗചാഷ്ടകത്തിന്റെ ഭാഷാവ്യാഖ്യാനം പദ്യരൂപമാണ്.

“ആശൗചാഷ്ടകകർത്താരം നത്വാ വരരുചിം മുനിം
തദർത്ഥോ ലിഖ്യതേസ്മാഭിഃ പദ്യൈർഭാഷാവലംബിഭിഃ”

എന്നതാണ് അതിലെ ചികീർഷിതപ്രതിജ്ഞാശ്ലോകം. ഒരു ഭാഷാപദ്യം മാത്രം ഇവിടെ ഉദ്ധരിക്കാം.

“തന്നോടുകൂടെപ്പുരുഷാന്തരങ്ങ-
ളേഴേഴു കീഴേതപി തേ സപിണ്ഡാഃ
പിന്നെസ്സമാനോദകരെന്നു സംജ്ഞാം
വദന്തി സന്തഃ പതിനൊന്നിനോളം.”

## ആശൌചപദ്ധതി

ആശൗചപദ്ധതി സംസ്കൃതത്തിലെന്നപോലെ ഭാഷയിലുമുണ്ട്. സംസ്കൃതാശൗചപദ്ധതി കേരളീയമാണോ എന്നു നിശ്ചയമില്ല.

> "പതിനൊന്നതു കോവില്ല പുല പന്ത്രണ്ടു വൈശ്യന്
> പതിനഞ്ചഥ ശൂദ്രന്നു പന്തിരണ്ടഥ വാര്യന്നു
> അന്യേഷാം തന്തുധാരീണാം (?) പില പത്തങ്ങതേ മതി.
> . . . . . . . . .
> അന്യേഷാം വിപ്രവൽ പോലെ നമ്പിടിക്കു വിശേഷതഃ
> അമ്മയും പെങ്ങളും പിന്നെപ്പെങ്ങൾക്കുള്ളോരു മക്കളും
> അമ്മേടെയമ്മയിത്യാദി പെൺ പെറ്റാൽ പില പത്തു നാൾ
> സോദകം നമ്പിടിക്കില്ല ശാവസൂതകയോരവി."

എന്ന പദ്യങ്ങൾ ഈ കൃതിയിലുള്ളതാണ്.

## ആശൗചചന്ദ്രിക

ആശൌചപദ്ധതിയുടെ അനുകരണമാണ് ആശൗചചന്ദ്രിക. ചില ശ്ലോകങ്ങൾ ഇതിലും ആ ശൗചാഷ്ടകം ഭാഷാവ്യാഖ്യയിലും ഒന്നുപോലെ കാണുന്നു. രണ്ടും ഒരേ ആചാര്യന്റെ കൃതികളായിരിക്കാം. ചന്ദ്രികാ കാരന്റെ പേർ പരമേശ്വരൻനമ്പൂരി എന്നാണെന്നും അദ്ദേഹത്തിന്റെ കുലഗുരുവാണ് ആശൗചപദ്ധതിയുടെ കർത്താവെന്നും അറിയാം.

> "ആശൗചപദ്ധതി ചമച്ച വിപശ്ചിദഗ്ര്യം
> വന്ദിച്ച മൽകുലഗുരും തമുദാരകീർത്തിം
> പദ്യൈഃ കുറച്ച പുല ചൊല്വതിനാരഭേ ഞാൻ
> ഭാഷാസനാഥമറിവാൻ ഭുവി ബാലകാനാം."

> "ഭാഷാസംസ്കൃതപദ്യൈരേവം പരമേശ്വരാഖ്യവിപ്രേണ
> അഖിലനരാണാമെളുതായറിവാനാശൗചചന്ദ്രികാ രചിതാ"

എന്നീ ശ്ലോകങ്ങൾ നോക്കുക. ഒരു ശ്ലോകംകൂടിപ്പകർത്താം.

> "നെയ് മാംസം മധു ശർക്കരാ ലവണവും ക്ഷീരം പുനർഭോജനം
> സ്ത്രീഭോഗം കുറി കണ്ണെഴുത്തു കുസുമം ദന്താദിസംശോധനം
> ഖട്വാരോഹണമെണ്ണതേപ്പു പലവും മറ്റുള്ള ഭോഗ്യങ്ങളും
> ശാവാശൗചികൾ ചെയ്വതില്ലൊരുവരും; നോ പിണ്ഡദാഃ കേവലം."

## കവിയൂർ പ്രായശ്ചിത്തം

പ്രായശ്ചിത്തവിധികൾ സംബന്ധിച്ച സാമാന്യം പ്രമാണഭൂതമായ ഒരു ഗ്രന്ഥമാണ് കവിയൂർപ്രായശ്ചിത്തം. കവിയൂർക്കാരനായ ഏതോ ഒരു മലയാളബ്രാഹ്മണന്റെ കൃതിയെന്നുമാത്രം അറിയാം.

> "കവിയൂർപ്പാർവ്വതീനാഥം വണങ്ങിക്കൊണ്ടു ഭാഷയായ്
> ശ്രൗതസ്മാർത്തവിധിക്കിപ്പോൾ പ്രായശ്ചിത്തം വദാമ്യഹം"

എന്നാണ് ഗ്രന്ഥത്തിന്റെ ഉപക്രമം.

> "കൈകൊട്ടപ്പെട്ടുപോയോർക്കും തഥാ ശൂദ്രർക്കുമാറടി
> രജകാന്തമ്ലേച്ഛജാതേശ് ശൂദ്രവാച്യത്വമത്ര ഹി.

> തീണ്ടായിരുന്നവർക്കത്രേ വിധിച്ചു പന്തിരണ്ടടി
> അഷ്ടാദശം സൂതികയ്ക്കു ദാഹകർക്കിരുപത്തിനാൽ”

എന്നും മറ്റുമുള്ള ചില പ്രസിദ്ധപങ്ക്തികൾ ഇതിലുള്ളവയാണ്.

വേറെയും ചടങ്ങുകളെപ്പറ്റി വിവരിക്കുന്ന പല ഗ്രന്ഥങ്ങൾ സംസ്കൃതത്തിലെന്ന പോലെ ഭാഷയിലുമുണ്ട്. “കാലം പോരാ സകലം പറവാൻ.” എന്നു കരുതി അവയെ സ്പർശിക്കാതെ തന്നെ പുരോഗമിക്കുവാൻ ഉദ്ദേശിക്കുന്നു.

## ഗദ്യഗ്രന്ഥങ്ങൾ, കേരളോൽപത്തി

### കോഴിക്കോട്ടു മാതൃക

കേരളത്തിന്റെ രാഷ്ട്രീയവും സാമുദായികവുമായ ചരിത്രമാണെന്ന ഭാവത്തിൽ ഏതോ ഒരു പണ്ഡിതൻ കൊല്ലം ഒൻപതാം ശതകത്തിൽ കേരളോൽപത്തി എന്ന പേരിൽ ഒരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അതിനു കേരളചരിതം എന്നും, കേരളനാടകം എന്നും, കേരളോത്ഭവം എന്നും കേരളസത്ഭാവം എന്നും വേറേയും പല സംജ്ഞകൾ കാണുന്നു. ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ ചിറയ്ക്കൽ, കോഴിക്കോട്ട്, കൊച്ചി, തിരുവിതാംകൂർ എന്നീ രാജസ്ഥാനങ്ങളിൽ ആ നാമധേയത്തിൽ ഒരു ഗ്രന്ഥമുണ്ടെന്നും ഏതാണ്ടു കൊല്ലവർഷത്തിന്റെ ആരംഭത്തിൽ ആവിർഭവിച്ച പുരാതനകേരളോൽപത്തിയിൽ “അതാതു രാജാക്കന്മാരെ അല്പാല്പം പുകഴ്ത്തിയും കാണാം” എന്നും “ചിലതിൽ അതാതു രാജ്യത്തു നടപ്പുള്ള കാണജന്മമര്യാദയെക്കുറിച്ച് ഒരധ്യായമുണ്ട്” എന്നും പ്രസ്താവിച്ചിരിക്കുന്നു. ദേശം തോറും കേരളോൽപത്തി വേറെയാണെന്നു പഴമക്കാർ പറയുന്നതിൽ പരമാർത്ഥമുണ്ട്. ശങ്കരാചാര്യർ സർവജ്ഞപീഠം കയറുന്നതുവരെയുള്ള പാഠം എല്ലാ കേരളോൽപത്തികളിലും വലിയ വ്യത്യാസംകൂടാതെയാണ് പകർത്തിയിട്ടുത്. അത് ഐതിഹ്യാംശമാകയാൽ അത്രത്തോളം ഐകരൂപ്യം പരിപാലിക്കപ്പെട്ടിട്ടുണ്ട്. പിന്നീടുള്ളതു നാടുവാഴികളുടെ ചരിത്രമാണ്; അവിടെയാണ് ആവാപോദ്വാപങ്ങളുടെ ബാഹുല്യം സ്വാഭാവികമായി കടന്നുകൂടീട്ടുള്ളത്. ഓരോ ദേശത്തെ കേരളോൽപത്തിയും ആ ഘട്ടത്തിൽ അവിടത്തെ നാടുവാഴിയെ അതിരു കടന്നു പ്രശംസിക്കുന്നു. കൊല്ലവർഷത്തിന്റെ ആരംഭത്തിലാണ് ആദ്യത്തെ കേരളോൽപത്തിയുടെ ആവിർഭാവമെന്നുള്ള പക്ഷം ക്ഷോദക്ഷമമല്ല. കോഴിക്കോട്ടെ കേരളോൽപത്തിയിൽ നിന്നു ഡോക്ടർ ഗുണ്ഡർട്ട് അദ്ദേഹത്തിന്റെ പാഠമാലയിൽ ഉദ്ധരിച്ചിട്ടുള്ള രണ്ടു ഭാഗങ്ങളിൽ “ദ്വാപരയുഗത്തിങ്കൽ ഒരു ബ്രാഹ്മണൻ ഒരു കന്യകയെ വിവാഹം ചെയ്തു” എന്നുതുടങ്ങുന്ന ആദ്യത്തെ ഭാഗത്തിലെ ചില പങ്ക്തികൾ ഗോവിന്ദപ്പിള്ള പകർത്തീട്ടുണ്ട്. അതിനെ ആസ്പദമാക്കിയാണ് അദ്ദേഹം പ്രസ്തുതമതം ഉൽഘാടനംചെയ്തിട്ടുള്ളത്. ആ ഭാഗത്തിലെ ഭാഷാരീതിതന്നെ അതിനു കടകവിരുദ്ധമായിരിക്കുന്നു.

ഗുണ്ഡർട്ട് ഉദ്ധരിക്കുന്ന രണ്ടാമത്തെ ഭാഗത്തിൽ ഒൻപതാം ശതകത്തിൽ കൊച്ചിയിലെ മൂത്തതാവഴിക്കും ഇളയതാവഴിക്കും തമ്മിലുള്ളതും പടപ്പാട്ടിലും മറ്റും സൂചിപ്പിച്ചിട്ടുള്ളതുമായ ശണ്ഠയേയും ആ ശണ്ഠയിൽ സാമൂതിരിപ്പാട്ടിലെ ഭാഗഭാഗിത്വത്തേയുംപറ്റി സൂചനയുണ്ട്. “നമ്മുടെ തമ്പുരാൻ തൃക്കൺ ചുവന്നു തിരുമേനി വിയർത്തു . . . അച്ചനും ഇളയതും ഉണ്ടയും മരുന്നും കെട്ടിച്ച കൊച്ചിക്കോട്ടയ്ക്കു നേരേ കൂട്ടി കോട്ടയും തച്ചു തകർത്തു പോന്നിരിക്കുന്നു എന്നു മുൻപിലുള്ളവർ പറഞ്ഞു കേട്ടിരിക്കുന്നു” എന്ന വാക്യത്തിൽനിന്നു പ്രസ്തുതയുദ്ധത്തിനു മേലാണ് ആ ഭാഗം എഴുതീട്ടുള്ളതെന്നു വ്യക്തമാകുന്നു. “കോഴിക്കോട്ടു കേരളോത്ഭവ”ത്തിൽനിന്നാണ് താൻ

മുൻപു നിർദ്ദേശിച്ച രണ്ടു ഭാഗങ്ങളും എടുത്തിട്ടുള്ളതു് എന്നു ഗുണ്ഡർട്ട് പറയുന്നുണ്ടെങ്കിലും, അതിൽ രണ്ടാമത്തേതു് എഴുത്തച്ഛന്റെ കേരളനാടകമെന്ന പേരിൽ മങ്ഗലാപുരം ബേസൽമിഷ്യൻ അച്ചുക്കൂടത്തിൽനിന്നു് അച്ചടിച്ചിട്ടുള്ള പുസ്തകത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതു കോഴിക്കോട്ടു കേരളോൽപത്തിയുടെ ഒരു മാതൃകയാണു്. ആ പുസ്തകത്തിൽ (1) പരശുരാമന്റെ കാലം, (2) പെരുമാക്കന്മാരുടെ കാലം, (3) തമ്പുരാക്കന്മാരുടെ കാലം എന്നു മൂന്നു വിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. രണ്ടാമത്തെ വിഭാഗത്തിൽ (1) ആദ്യം പെരുമാക്കന്മാർ, (2) ബൗദ്ധനായ പെരുമാൾ, (3) കുലശേഖരനോളം വാണ പെരുമാക്കന്മാർ, (4) രക്ഷാപുരുഷന്മാരും ബ്രാഹ്മണരും വാഴുന്ന പ്രകാരം, (5) കൃഷ്ണരായരുടെയും ചേരമാൻപെരുമാക്കളുടേയും കഥ, (6) ശങ്കരാചാര്യർ കല്പിച്ച കുലക്രമവിവരം, (7) ചേരമാൻ പെരുമാൾ കേരളത്തെ വിഭാഗിച്ചു കൊടുത്തതു് എന്നും, മൂന്നാമത്തെ വിഭാഗത്തിൽ (1) താമൂതിരി പോലനാടക്കിയതു്, (2) കോഴിക്കോട്ടുനഗരം കിട്ടിയതു്, (3) വള്ളുവക്കോനാതിരിയെ ജയിച്ചതു്, (4) കോഴിക്കോട്ടുമഹത്ത്വം, (5) പറങ്കി വന്നിട്ടു കുറുമ്പിയാതിരിബന്ധുവായതു്, (6) മറ്റേ മൂന്നു സ്വരൂപങ്ങളുടെ അവസ്ഥ, (7) കേരളാവസ്ഥ (ചുരുക്കിപ്പറയുന്നതു്) എന്നും ഏഴു ഖണ്ഡങ്ങൾവീതം ഉൾക്കൊള്ളുന്നു. മൂന്നാം വിഭാഗത്തിലെ എല്ലാ ഖണ്ഡങ്ങളിലും 'നൊമ്പടതമ്പുരാൻ' എന്നു ഗ്രന്ഥകാരൻ കൂടെക്കൂടെ പറയുന്ന സാമൂതിരിപ്പാട്ടിലെ സ്തോത്രമാണു് വിവക്ഷ. ആ പുസ്തകത്തിൽ "പറങ്കി, ലന്ത, പരിന്തിരീസ്സ്, ഇങ്കിരീസ്സ്, എന്നീ നാലു വട്ടത്തൊപ്പിക്കാർ" എന്നും, "പരിന്തിരീസ്സ്, ഇങ്കിരീസ്സ്, പറങ്കി, ലന്ത ദ്വീപാഴി" എന്നും രണ്ടു ഘട്ടങ്ങളിൽ ആ നാലുവക വിദേശീയരേയുംപറ്റി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് അവരുടെയെല്ലാം വരവിനുമേലാണു് മുദ്രിതമായ കോഴിക്കോട്ടു കേരളോൽപത്തിയുടെ ഉൽപത്തി എന്നു നിർണ്ണയിക്കാം.

മറ്റു മാതൃകകളിൽ അവരെ സ്മരിക്കുന്നില്ല എങ്കിലും എല്ലാ മാതൃകകളിലും ആനകുണ്ടി കൃഷ്ണരായർ എന്നു ഗ്രന്ഥത്തിൽ പറയുന്ന വിജയനഗരത്തിലെ കൃഷ്ണദേവരായചക്രവർത്തിയെപ്പറ്റി പ്രസ്താവിക്കുന്നുണ്ടു്. കൃഷ്ണദേവരായരെ തടുത്തുനിർത്തിയതു ചേരമാൻപെരുമാളാണെന്നു രായരുടെ സമകാലികന്മാർ ആരും പറയുന്നതല്ലാത്തതിനാൽ അദ്ദേഹം അന്തരിച്ചു് ഏകദേശം ഒരു ശതകം കഴിഞ്ഞതിനുമേലാണു് കേരളോൽപത്തിയുടെ നിർമ്മിതി എന്നു സിദ്ധിക്കുന്നു. ഈ വസ്തുത ഞാൻ മറ്റൊരദ്ധ്യായത്തിലും പ്രാസങ്ഗികമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

## ചിറയ്ക്കൽമാതൃക

കേരളചരിതം എന്ന പേരിൽ തിരുവിതാംകൂർ ഗവർമ്മെന്റു ക്യൂറേറ്റർ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകവും ഒരു കേരളോൽപത്തിതന്നെയാണു്. അതു മുഖ്യമായി കോലത്തുനാട്ടു രാജവംശത്തിന്റെ മഹിമയെയാണു് പുകഴ്ത്തുന്നതു്. "പിന്നെ ഇക്കേരളത്തിങ്കൽ നാലു സ്വരൂപവും പ്രധാനമായി കല്പിച്ചു. അതായതു തെക്കു വേണാട്ടു്, വടക്കു കോലത്തുനാട്ടു്, പിന്നെ പെരുമ്പടപ്പു്, പിന്നെ ഏറനാട്ടു്. ഇങ്ങനെ നാലു സ്വരൂപവും കേരളത്തിൽ പ്രധാനമായികല്പിച്ചതിൽ കോലസ്വരൂപത്തിനു മുൻപു കല്പന എന്നു കല്പിച്ചു." "ചേരമാൻ പെരുമാൾ രാജ്യാംശം നീരു കോലത്തിരി വടക്കൻപെരുമാൾക്കു കൊടുത്തിട്ടേയുള്ളൂ. ഇങ്ങനെ ഓരോരോ പരമ്പര പല പ്രകാരത്തിൽ വിചാരിച്ചാലും ഇക്കേരളത്തിൽ കോലത്തിരി വടക്കൻപെരുമാൾതന്നെ പ്രധാനം" എന്നും മറ്റുമുള്ള വചനങ്ങൾ അതിൽ കാണുന്നു. പന്തളത്തു രാജകുടുംബത്തെപ്പറ്റിയും ഈ കേരളോൽപത്തിയിൽ പ്രസ്താവനയുണ്ടു്. "പിന്നെ ഓണനാട്ടും വേണാട്ടും കൂടിയ നടുവിൽ പന്തളമെന്നും കല്പിച്ചു. ഐങ്കാതം വഴിനാട്ടും പന്തളത്തു രാജാവിനു കല്പി

ച്ചുകൊടുത്തു" എന്നും മറ്റുമുള്ള പങ്ക്തികൾ നോക്കുക. പ്രസ്തുത പുസ്തകം അസമഗ്രമാണ്.

## പ്രധാനവിഷയങ്ങൾ

ഈ വിവരണത്തിൽനിന്നു കേരളോൽപത്തി വാസ്തവത്തിൽ ഒന്നേയുള്ളൂ എന്നും അതു പിൽക്കാലങ്ങളിൽ പല പ്രകാരത്തിൽ രൂപാന്തരപ്പെട്ടിട്ടുണ്ടെന്നും വിശദമാകുന്നതാണല്ലോ. ഏഴെട്ടു മാതൃകകൾ നിപുണമായി പരിശോധിച്ചതിനുമേലാണ് ഞാൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. ശങ്കരാചാര്യരുടെ കാലംവരെയുള്ള ഐതിഹ്യകഥനത്തിൽ ഗ്രാഹ്യാംശങ്ങളെ അപേക്ഷിച്ച ത്യാജ്യാംശങ്ങളാണ് അധികമുള്ളത്. എങ്കിലും പതിരു മുഴുവൻ വീശിക്കളഞ്ഞാൽ അങ്ങിങ്ങു ചില നെന്മണികൾ കിട്ടാതെയിരിക്കുന്നില്ല. പെരുമാക്കന്മാരുടെ വാഴ്ചക്രമത്തെപ്പറ്റിയുള്ള വിവരണം അക്കാലത്തെ ചെന്തമിഴ് സാഹിത്യത്തിലെ പ്രസ്താവനകൾക്കു വിരുദ്ധമാകയാൽ അംഗീകാര്യമല്ല. പൊരുമാൾവാഴ്ചക്കുശേഷമുള്ള കേരളചരിത്രം ഓരോ മാതൃകയിലും ഓരോ മാതിരിയായി കാണുന്നതു തട്ടിച്ചുനോക്കി എല്ലാ മാതൃകകളും സമ്മതിക്കുന്ന അംശങ്ങൾ സ്വീകരിക്കയും മറ്റുള്ളവ പുനർവിമർശനത്തിനു വിധേയമാക്കുകയും ചെയ്യാവുന്നതാണ്. എല്ലാ മാതൃകകളും താഴെക്കാണുന്ന വിധത്തിൽ ആരംഭിക്കുന്നു. ഏതാനും ചില പദങ്ങൾക്കുമാത്രമേ മാതൃകകളിൽ വ്യത്യാസമുള്ളൂ.

"ഗണപതിയും സരസ്വതിയും കൃഷ്ണനും വേദവ്യാസനും ഗുരുവിനെയും വണങ്ങിക്കൊണ്ടു കേരളസത്ഭാവത്തെ ചൊല്ലാൻ തുടങ്ങുന്നേൻ. കൃത, ത്രേതാ, ദ്വാപര, കലി എന്നിങ്ങനെ നാലു യുഗത്തിങ്കൽ അനേകം രാജാക്കന്മാർ ഭൂമി വഴിപോലെ രക്ഷിച്ചു വാണുപോരുന്നേരം ക്ഷത്രിയവംശത്തിങ്കൽ ദുഷ്ടരാജാക്കന്മാരെ മുടിച്ചുകളവാനായിക്കൊണ്ടു ശ്രീപരശുരാമൻ അവതരിച്ചു. എങ്കിലോ പണ്ടു ശ്രീപരശുരാമൻ ഇരുപത്തൊന്നുവട്ടം ക്ഷത്രിയരെ മുടിച്ചുവന്ന വീരഹത്യാദിദോഷം പോവാനായിക്കൊണ്ട് കർമ്മംചെയ്‌വാൻതക്കവണ്ണം ഗോകർണ്ണംപുക്കു കന്മലമേലിരുന്നു വരുണനെ സേവിച്ച് വാരാന്നിധിയെ നീക്കംചെയ്തു ഭൂമിദേവിയെ വന്ദിച്ചു നൂറ്ററുപതു കാതം ഭൂമിയുണ്ടാക്കി മലയാളം. ഭൂമിക്കു രക്ഷ വേണമെന്നു കല്പിച്ചു നൂറ്റെട്ട് ഈശ്വരപ്രതിഷ്ഠയും ചെയ്തു. എന്നിട്ടും ഭൂമിക്ക് ഇളക്കം മാറീല്ലെന്നു കണ്ട് അതിന്റെശേഷം ശ്രീപരശുരാമൻ കേരളത്തിൽ ബ്രാഹ്മണരെ ഉണ്ടാക്കി."

ശ്രീപരശുരാമന്റെ കേരളപ്രതിഷ്ഠ, ബ്രാഹ്മണാനയനം, അറുപത്തിനാലു ഗ്രാമങ്ങൾ, ചില ബ്രാഹ്മണരുടെ ആയുധാദാനം, ഉത്സവനിർദ്ദേശം, കഴകങ്ങൾ, രക്ഷാപുരുഷന്മാരുടെ ഭരണം, ചേരമാൻ പെരുമാൾ ഉൾപ്പെടെ പതിനെട്ടു പെരുമാക്കന്മാരുടെ ഭരണം, കൃഷ്ണരായർക്കും ചേരമാൻപെരുമാൾക്കും തമ്മിലുള്ള ശണ്ഠ, ചേരമാൻപെരുമാളുടെ കേരള വിഭജനം, ശങ്കരാചാര്യരുടെ അപദാനങ്ങൾ, കേരളത്തിലെ ജാതിവിഭാഗങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളാണ് എല്ലാ മാതൃകകളിലും അടങ്ങിയിരിക്കുന്നത്.

## അപ്രധാനവിഷയങ്ങൾ

കേരളത്തിലെ വസ്തുനുഭവക്രമവും, വ്യവഹാരരീതിയും, ഗൃഹനിർമ്മാണവിധിയും മറ്റും അനുബന്ധരൂപത്തിലാണ് ഘടിപ്പിച്ചിരിക്കുന്നത്. ഒരു മാതൃകയിൽനിന്ന് ആ ഘട്ടത്തിലെ ചില പങ്ക്തികൾ ഉദ്ധരിക്കാം. വാസ്തവത്തിൽ ഈ ഭാഗമാണ് ഏറ്റവും പ്രയോജനകരമായിട്ടുള്ളത്.

"അനന്തരം ദേവബ്രാഹ്മണർ തങ്ങളോട്ട് എടകുടികൾ കരണം വാങ്ങിക്കൊണ്ട ക്രമങ്ങൾ ചൊല്ലുന്നേൻ. ഒന്നാമത് വെൺപാട്ടമാക കരണം വാങ്ങിപ്പൂതെങ്കിൽ

മൂവാണ്ടുകാലം കൊണ്ടു കല്ല കരട്ടു കളഞ്ഞു് ഈടുമാട്ടം ചമച്ച വാങ്ങിപ്പുതു. വെൺപാട്ടക്കരണത്തിൽ ജന്മിഭോഗം ന്യായമില്ല എന്നും ഞായം. രണ്ടാമതു വെറുമ്പാട്ടമാക കരണം വാങ്ങിപ്പൂതെന്നും വെറുമ്പാട്ടകരണത്തിൽ കുറഞ്ഞൊരു ജന്മിഭോഗമിട്ടു കാലം തോറും ജന്മിയിങ്കൽ കൊട്ടുത്തു പന്തീരാണ്ടുകാലം വെറുമ്പാട്ടമാക ഭുതിച്ചു[9] ഈടുപാട്ടു പാട്ടുകേട്ടു തീർത്തു കുറ്റിയും പുറ്റും നിരത്തിക്കൊൾക ഞായം. മൂന്നാമതു നേർപാട്ടമാക കരണം വാങ്ങിപ്പൂതെന്നു ഞായം. നാലാമതും നേർപാട്ടമാക കരണം വാങ്ങിപ്പൂതെന്നും എന്നാൽ അരയാൽ, പേരാൽ, നെല്ലി, തെങ്ങ്, പിലാവു്, പറുങ്കിമാവു് ഇങ്ങനെയുള്ള വൃക്ഷങ്ങളും നേർമ്മചേർത്തു കുറഞ്ഞോരു ജന്മിഭോഗവും കൊട്ടുത്തു ഭുതിച്ച കൊൾക ഞായം. അഞ്ചാമതു കാണപ്പാട്ടമാക കരണം വാങ്ങിപ്പൂ എന്നും കരണത്തിൽ എഴുതുന്ന കാണത്തിൽ കാണപ്പലിശ കഴിച്ച ശേഷിച്ചുള്ള ഫലം പലിശയാൽ ജന്മിഭോഗവും കൊട്ടുത്തു ഭുതിച്ചുകൊൾക ഞായം” ഇത്യാദി.

ചുരുക്കിപ്പറഞ്ഞാൽ ചിലർ സങ്കല്പിക്കുന്നതുപോലെയുള്ള പ്രാമാണികത കേരളോൽപത്തി അർഹിക്കുന്നില്ലെങ്കിലും അതിന്റെ പഠനം കേരളീയർക്കു് അപരിത്യാജ്യവും വിഭിന്നമാതൃകകളിൽ കാണുന്ന പാഠഭേദങ്ങൾ പ്രകാശിപ്പിക്കേണ്ടതു ദേശാഭിമാനികളുടെ കർത്തവ്യവുമാകുന്നു.

## പാഠകഗദ്യം

ചാക്കിയാന്മാരുടേയും പ്രത്യേകിച്ച് പാഠകക്കാരുടേയും കഥാപ്രവചനവിഷയത്തിൽ സഹായമായിത്തീരത്തക്കവണ്ണം അവർ അരങ്ങത്തു ചൊല്ലേണ്ട പദ്യങ്ങൾക്കും മറ്റും സരസവും ധാരാവാഹിയുമായ ഗദ്യശൈലിയിൽ ചില പണ്ഡിതന്മാർ അർത്ഥവിവരണം ചെയ്തിട്ടുണ്ടു്. (1) രാമായണം, (2) ബകവധം, (3) കൗന്തേയാഷ്ടകം, (4) നരസിംഹാവതാരം, (5) ഗജേന്ദ്രമോക്ഷം, (6) സന്താനഗോപാലം, (7) ദക്ഷയജ്ഞം, (8) നൃഗമോക്ഷം, (9) കീചകവധം, (10) കല്യാണസൗഗന്ധികം, (11) കംസവധം, (12) നാളായണീചരിതം എന്നിങ്ങനെ പല പ്രബന്ധങ്ങൾക്കും അത്തരത്തിലുള്ള അർത്ഥ വിവരണം കാണുന്നു. സംസ്കൃതചമ്പുക്കളിൽനിന്നും ഭാഷാചമ്പുക്കളിൽ നിന്നും ആവശ്യമുള്ള ഗദ്യപദ്യങ്ങൾ തിരഞ്ഞെടുത്തു ക്രോഡീകരിച്ച് ഉദ്ധൃതങ്ങളായ ഭാഗങ്ങളെയെല്ലാം വിശദമായി വ്യാഖ്യാനിച്ച് അവയിലെ വ്യങ്ഗ്യമർമ്മങ്ങൾ സ്ഫുടീകരിച്ചുകൊണ്ടാണ് ഈ വിവരണങ്ങൾ എഴുതീട്ടുള്ളതു്. പാഠകക്കാരും മറ്റും രംഗത്തിൽ ഇന്നും പ്രയോഗിക്കുന്നതും പ്രായേണ ഈ ഗദ്യപങ്ക്തികൾതന്നെയാണ്. ഓരോ കഥയോടും പ്രത്യേകമായി ഉപക്രമോപസംഹാരങ്ങളും ഘടിപ്പിച്ചിട്ടുണ്ടു്. പൂർവകഥാസങ്ഗതി സംക്ഷിപ്തമായി ഗദ്യരൂപത്തിൽ നിവേദനംചെയ്തുകൊണ്ടുവേണം പ്രകൃതകഥ പ്രതിപാദിക്കുവാൻ എന്നൊരു നിയമമുണ്ടു്. അതുകൊണ്ടു പ്രകൃതം സീതാസ്വയംവരമാണെങ്കിൽ പൂർവകഥ അത്യന്തം ഹ്രസ്വമായും പ്രത്യുത ശ്രീരാമസ്വർഗ്ഗാരോഹണമാണെങ്കിൽ അതീവ ദീർഘമായുമിരിക്കും എന്നു പറയേണ്ടതില്ലല്ലോ. ചാക്കിയാന്മാർ ഓരോ കഥയും വൈഷ്ണവമാണെങ്കിൽ ‘പത്മനാഭം ഭജേഥാഃ’ എന്നു വിഷ്ണുപരമായും, ശൈവമാണെങ്കിൽ ‘ചന്ദ്രചൂഡം ഭജേഥാഃ’ എന്നു ശിവപരമായുമുള്ള ഒരു വന്ദനശ്ലോകത്തോടുകൂടി ആരംഭിക്കുകയും പ്രവക്താവു് അതിന്റെ അർത്ഥം വിസ്തരിക്കുകയും ചെയ്യണമെന്നുള്ള ചടങ്ങിന് അനുരൂപമായി ആ ഘട്ടത്തിലും പ്രയോഗിക്കേണ്ട ഗദ്യം ഈ വിവരണങ്ങളിൽ കാണ്മാനുണ്ടു്. അവസാനത്തിലും

[9] ഭുതിക്കുക=അനുഭവിക്കുക.

'പത്മനാഭം ഭജേഥാഃ' എന്നോ, 'ചന്ദ്രചൂഡം ഭജേഥാഃ' എന്നോ സമർത്ഥിക്കേണ്ടതു ണ്ട്.

പുരാതനകാലത്തെ നമ്പിയാർത്തമിഴിൽനിന്നു വികസിച്ച അത്തരത്തിലുള്ള ഗദ്യം സംസ്കൃതശൈലികളെ ധാരാളമായി അനുകരിക്കുന്നുണ്ടെങ്കിലും ഏറ്റവും സജീവങ്ങളും ഇക്കാലത്ത് അപ്രയുക്തപ്രായങ്ങളായി പരിണമിച്ചിട്ടുള്ളവയുമായ അനേകം ഭാഷാപദങ്ങളുടെ പ്രയോഗം അതിന്റെ ആകർഷകതയെ വർദ്ധിപ്പിക്കുന്നു. പ്രസ്തുതവ്യാഖ്യകൾ മിക്കവാറും ഒൻപതാം ശതകത്തിൽ ആവിർഭവിച്ചവയാണെന്ന് അനുമാനിക്കാം. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

## വൈഷ്ണവകഥകൾക്കുള്ള സാധാരണോപക്രമം

"ഐഹികപാരത്രികങ്ങളെ സാധിപ്പാനായിക്കൊണ്ട് അഖില ജഗദാധാരഭൂതനായി അപ്രമേയസ്വരൂപനായിരിക്കുന്ന ശ്രീ പത്മനാഭനെ ഭക്തിയോടുകൂടി സേവിച്ചു ജന്മസാഫല്യം വരുത്തിക്കൊള്ളുണം. അതു കൂടാതെകണ്ട് അസാരങ്ങളായിരിക്കുന്ന വിഷയങ്ങളിൽ ഭ്രമിച്ചു ദുർല്ലഭമായിരിക്കുന്ന മനുഷ്യജന്മത്തെ നിഷ്ഫലമാക്കിക്കളയരുത്. ബഹുജന്മഭൂതങ്ങളായിരിക്കുന്ന പാപങ്ങൾ ഈശ്വരാനുഗ്രഹംകൊണ്ട് സമങ്ങളായി ലഭിച്ചിരിക്കുന്ന മനുഷ്യജന്മമല്ലോ ആകുന്നത്. ഇനിപ്പിന്നെ ജനനമരണങ്ങൾക്കു സംഗതി വരാതെ ഇരിപ്പാൻ തക്കവണ്ണം മോക്ഷ പ്രദനായിരിക്കുന്ന ശ്രീനാരായണനെ സേവിച്ചുകൊള്ളുണം, 'പത്മനാഭം ഭജേഥാഃ' മുക്തിപ്രദനായിരിക്കുന്ന മുകുന്ദനെ സേവിച്ചുകൊള്ളുണം. അതെന്ത്യേ അർത്ഥപുത്രമിത്രകളത്രാദികളിലെ ആഗ്രഹങ്ങളാകുന്ന ചില പാശങ്ങളെക്കൊണ്ടു ബദ്ധനായി ഗൃഹമാകുന്നോരു കൂപത്തിങ്കൽ അകപ്പെട്ടു ദുഃഖിച്ച് ആയുസ്സിനെ ഒടുക്കിക്കളയരുത്.എന്ന് ആരോടു പറയുന്നു എന്ന്. 'ഭജേഥാഃ' നമ്മുടെ മനസ്സോടുതന്നെ പറകചെയ്യുന്നത്. അല്ലേടോ മനസ്സ്! ഇഹലോകസുഖങ്ങളേയും പരലോക സുഖങ്ങളേയും ഒരുപോലെ സാധിക്കണമെങ്കിൽ ശ്രീപത്മനാഭന്റെ കടാക്ഷംകൊണ്ടേ എളുതായി വരൂ. 'അവ്യാധി ഗാത്രം, മനുകൂലതരം കളത്രം, വേശ്മ പ്രശസ്തവിഭവം, വിശദാ ച വിദ്യാ, ശ്ലാഘ്യം കുലം, ചരമകാലഗതിസ്സമർത്ഥാ വിഷ്ണോഃ കടാക്ഷപരിണാമവിഭൂതിരേവ.' 'അവ്യാധി ഗാത്രം' ഗാത്രം അവ്യാധിയായിരിക്കണം. മനുഷ്യശരീരത്തെ ലഭിപ്പാൻ അവകാശം വന്നു എന്നതുകൊണ്ടുതന്നെ മതിയായില്ല. ത്രിദോഷസംബന്ധികളായിട്ട് ഓരോ പ്രകാരേണയുള്ള മഹാവ്യാധികളുണ്ട്. അതിലൊന്നുകൊണ്ട് അംഗങ്ങൾക്ക് അവശത അകപ്പെട്ടാൽ സ്നാനശൗചാദികൾ കൂടാതെ കണ്ട് അശുദ്ധശരീരനായി നിത്യാനുഷ്ഠാനങ്ങളേയും പണിപ്പെട്ടു ലോപിച്ചു കഴിച്ചു വളരെ ദുഃഖിച്ചു ഒരിടത്തു കിടന്നുപോയാൽ ഒരു ഫലവുമില്ല മനുഷ്യജന്മംകൊണ്ട്. 'അവ്യാധി ഗാത്രം' ഒരു മഹാവ്യാധിയും കൂടാതെകണ്ട് ഈശ്വര സേവയും ചെയ്തു സ്വൈരമായിരിപ്പാൻ സംഗതി വരണം. അതങ്ങനെതന്നെ സംഗതി വരണമെങ്കിൽ 'അനുകൂലതരംകളത്രം' കളത്രം ഏറ്റവും അനുകൂലമായിരിക്കണം. സൗന്ദര്യാദി ഗുണങ്ങളുടെ പരിപൂർണ്ണതയോടുകൂടി ഇരിക്കുന്ന ഭാര്യയോടുകൂടെ കാമസുഖങ്ങളെ അനുഭവിപ്പാൻ സംഗതിവരണം. അതിനും ഈശ്വരാനുഗ്രഹമുണ്ടെങ്കിലേ സംഗതിവരൂ. സ്വഭാവഗുണവുമില്ല, രൂപഗുണവുമില്ല, ദുർഭഗയാകുന്നതു ഭാര്യ എന്നാൽ അതു നിമിത്തമായി മരണാവധി ദുഃഖിച്ചുതന്നെ കഴിക്കേ ഉള്ളൂ. ഭർത്താവിനെക്കുറിച്ചു സ്നേഹാനുരാഗങ്ങളുടെ തികച്ചിൽ ഉണ്ടായിരിക്കയും ഭാവം കണ്ടറിഞ്ഞു ശുശ്രൂഷിച്ചു മനസ്സിനു നിരൂപിച്ചിരിയാതെകണ്ടുള്ള കൗതുകത്തെ ദിവസംപ്രതി ഉണ്ടാക്കി ശരീരത്തെ

വഴിപോലെ രക്ഷിക്കണം. അങ്ങിനെയിരിക്കുന്ന ഭാര്യയോടുകൂടെ സുഖിച്ചിരിപ്പാൻ സംഗതിവരണം" ഇത്യാദി.

## സീതാസ്വയംവരം ഉപക്രമം

"എങ്കിലോ പണ്ടു സൂര്യവംശാലങ്കാരഭൂതന്മാരായിരിക്കുന്ന രാജാക്കന്മാർ കുലരാജധാനിയായിരിക്കുന്ന അയോധ്യയിങ്കൽ ഇരുന്നുകൊണ്ടു രാജ്യപരിപാലനം ചെയ്തുപോരുന്ന കാലങ്ങളിൽ, അജനാകുന്ന രാജാവിന്റെ സുതനായിരിക്കുന്ന ദശരഥൻ കൃതവിവാഹനായി കാന്താത്രയസമേതനായി കാമങ്ങളെ യഥാകാമം അനുഭവിപ്പുതും ചെയ്തു കൃതാർത്ഥചിത്തനായിട്ട് അധിവസിക്കുന്നകാലത്തിങ്കൽ, സന്തത്യഭാവം കൊണ്ട് സന്തപ്യമാനമാനസനായി സുമന്ത്രോക്തികളെക്കൊണ്ടു സന്തുഷ്ടഹൃദയനായി വസിഷ്ഠാദിഷ്ടമായിരിക്കുന്ന അശ്വമേധാധ്വരത്തെ സരയൂരോധസ്സിങ്കൽ വിധിക്കുതക്ക വണ്ണം നിർവ്വഹിപ്പുതും ചെയ്ത് അവിടെത്തന്നെ പുത്രകാമേഷ്ടി ആരംഭിച്ച സമയത്തിങ്കലാകട്ടേ"

## ബകവധം ഉപക്രമം

"എങ്കിലോ പണ്ട് അചണ്ഡഭാനുവം ശമണ്ഡനന്മാരായിരിക്കുന്ന പാണ്ഡവന്മാർ പാണ്ഡുവിന്റെ അപായാനന്തരം ശതശൃംഗംപർവ്വതത്തിൽനിന്നു തന്നിവാസികളായിരിക്കുന്ന മുനീന്ദ്രന്മാരാൽ ഹസ്തിനപുരത്തെ നീതന്മാരായി ധൃതരാഷ്ട്രസമീപത്തിങ്കൽ ദുര്യോധനാദികളോടുകൂടെ വസിക്കുന്ന കാലം അസൂയാനിധിയായ ദുര്യോധനൻ വ്യാപരിച്ചിരിക്കുന്ന ദുർവ്യാപാരങ്ങൾ വ്യാപരിച്ചതിലൊന്നും ഫലിയാഞ്ഞതിന്റെ ശേഷം, പിന്നെ വാരണാവതമാകുന്ന നഗരത്തിങ്കൽ ജതുഗേഹമുണ്ടാക്കിച്ചമച്ച് ആയവിടെക്കൊണ്ടെ പാണ്ഡവന്മാരെ ഇരുത്തുതും ചെയ്തു. എന്നതിന്റെ ശേഷമാകട്ടേ."

## ദൂതവാക്യം ഉപസംഹാരം

"ഭക്തവത്സലനായിരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണനെ കണ്ട നേരം പ്രസാദാതിശയത്തോടുകൂടെ നില്ക്കുന്ന പാണ്ഡവന്മാരോടു ഹസ്തിനപുരത്തിങ്കൽ എഴുന്നള്ളി ദുര്യോധനനോടു പറഞ്ഞ പ്രകാരങ്ങളൊക്കെയും അരുളിച്ചെയ്തു കേൾപ്പിപ്പുതും ചെയ്തു. അതു കേട്ടു പാണ്ഡവന്മാരും വളരെ പ്രസാദിച്ചു. പാപക്ഷയത്തിന്നായിക്കൊണ്ടു പാണ്ഡവന്മാരുടെ കഥകളിലെങ്ങാനുമൊരെടം കുറഞ്ഞൊന്നു കേൾക്കണമെന്നല്ലോ ആഗ്രഹമുണ്ടായതു്. അത്രമാത്രം പറവാനും കേൾപ്പാനും സംഗതിവരികയും ചെയ്തു. എന്നതുകൊണ്ട് ഇനിയും ഇപ്രകാരം സംഗതി വരണമെങ്കിൽ ഈശ്വരനുഗ്രഹംകൊണ്ടേ സംഗതിവരൂ. അനുഗ്രഹമോ സേവിച്ചിടത്തോളം ആകുന്നതും. എന്നതുകൊണ്ട് എല്ലാ ജനങ്ങളും എല്ലാ സമയത്തിങ്കലും ജഗന്നായകനായിരിക്കുന്ന ഭഗവാൻ ശ്രീപത്മനാഭനെ സേവിച്ചുകൊള്ളണം എന്നിവിടെ പറഞ്ഞതു് 'പത്മനാഭം ഭജേഥാഃ'"

ഈ ഗദ്യങ്ങളിലേയും കേരളോൽപത്തിയിലേയും ശൈലികൾ വിഭിന്നിങ്ങളാണെന്ന് അനുവാചകന്മാർ ഗ്രഹിക്കുമല്ലോ. സംസ്കൃതജ്ഞന്മാരെ രസിപ്പിക്കുന്നതിനു വേണ്ടി രചിച്ച ഗദ്യം സാമാന്യജനങ്ങളുടെ ആവശ്യത്തിനായിമാത്രം എഴുതിയ ഗദ്യത്തിൽനിന്നു വ്യത്യസ്തമായി കാണുന്നതിൽ ആശ്ചര്യപ്പെട്ടുവാനില്ല.

## കാളിനാടകം ഗദ്യം

ഒൻപതാം ശതകത്തിലെ ഒരു ഗദ്യകൃതിയായ കാളിനാടകത്തിൽ ഭദ്രകാളി ദാരുകനെ വധിക്കുന്ന കഥയാണ് പ്രതിപാദ്യം. ദാരുകന്റെ പത്നിയുടെ പേർ വിനോദിനി എന്ന് ഈ കൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു കാളീക്ഷേത്രങ്ങളിൽ വൃശ്ചികവ്രതംസംബന്ധിച്ചുള്ള കളമെഴുത്തിനു പാടിവരുന്നതായറിയാം. 'നാടക'മെന്നു പറയുന്ന എങ്കിലും അഭിനയത്തിനുപയോഗിച്ചിരുന്നതായി തോന്നുന്നില്ല. ചില പംക്തികൾ ചുവടെ ഉദ്ധരിക്കുന്നു.

"അന്നേരം തന്റെയൊരേകമനസ്സാവൃതുംചെയ്തു. അന്നേരം ചോദിച്ചുകൊണ്ടാൻ ദാനവേന്ദ്രൻ ദാരുകരാജാവ്. കേളു കേളു ദേവീ ഞാനിവിടുന്നു യുദ്ധത്തിനു പോയതിൽപ്പിന്നെ ആരൊരുത്തർ വന്നുപോയതു ദേവി എന്നാൻ ദാനവേന്ദ്രൻ ദാരുകരാജാവ്. അയ്യോ! എന്റെ ഭർത്താവേ! ഇവിടെ വിശേഷിച്ചാരും വന്നീല എന്നാൾ ഭാര്യാവാകും ദേവി വിനോദിനി. ഒരഗതിപ്പെണ്ണാതിയൊഴിഞ്ഞാരും വന്നീല എന്റെ ഭർത്താവേ എന്നാൾ ദേവി വിനോദിനി . . . പണ്ടുപണ്ടു നമ്മുടെ കുറുപാങ്ങടിയാത്തിപോലവളാകുന്നതു് എന്നാൾ അഗതിപ്പെണ്ണാതിയുമപ്പോൾ . . . ഉപദേശത്തേയും ഉപദേശിച്ചു കൊടുത്തേനെന്റെ ഭർത്താവേ എന്നാൽ ഭാര്യാവാകും ദേവി വിനോദിനി. അന്നേരം തലയെടുത്തെറിഞ്ഞു കുത്തിച്ചും കതകതപാഞ്ഞും മതിൽ ചാടിക്കൊണ്ടാൻ ദാനവേന്ദ്രൻ ദാരുകരാജാവ് . . . തന്റെയൊരു കോട്ട ഗോപുരങ്ങളെല്ലാം കടക്കുമ്പോൾ ഉമ്മറപ്പടിയോട്ട് അടിമുടി തട്ടിപ്പുറപ്പെട്ടുന്നോരു നേരത്തു്. അന്നേരം എഴുനീറ്റു കച്ചവാലുംതൊങ്കൽ പിടിച്ചുകൊണ്ടാൾ ഭാര്യാവാകും ദേവി വിനോദിനി . . . കൊല്ലത്തു കൊടിയാടയിൽ തീവെന്തെരിയക്കിനാവു കണ്ടേൻ ഞാനെന്റെ ഭർത്താവേ! അതുകൊണ്ടും പോകൊലാ പോകൊലാ എന്നാൾ ഭാര്യാവാകും ദേവി വിനോദിനി . . . ഇവയെല്ലാം കേളാതെ ചിത്രമണി ദണ്ഡമെടുത്തു പോരണിനാഗം ചുമലേറ്റവൃതും ചെയ്തു് ആരിയച്ചൊട്ട അങ്കായുധം കയ്യിൽ പിടിച്ചു തന്റെയൊരു ഭൂമിയിങ്കൽ ചെന്നു പുറപ്പെട്ടുന്നോരു നേരത്തു്"

ശക്തിമത്തുകളായ വാക്യങ്ങളെക്കൊണ്ടാണ് കാളിനാടകം ആദ്യന്തം നിബന്ധിച്ചിട്ടുള്ളത്. അനന്തരകാലത്തും ദേവീഭക്തന്മാരായ ചില കവികൾ 'കാളിനാടകം' നിർമ്മിച്ചു കാണുന്നു. കൊല്ലം പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ചിറ്റൂർ എഴുവത്തു നാണക്കുട്ടിമേനോന്റെ കൃതിയാണ് അവയിൽ പ്രധാനം.

## ദ്വാദശ്യാരാധനാകല്പം

ചില പൂജാകല്പങ്ങൾ വ്യക്തമായി വിവരിക്കുന്ന ഭാഷാഗദ്യഗ്രന്ഥങ്ങളും ഈ ശതകത്തിൽ ഉത്ഭവിച്ചിട്ടുണ്ട്. അവയുടെ ശൈലി പാഠകഗദ്യത്തിൽനിന്നും മറ്റും ഭേദിച്ചിരിക്കുന്നു. ദ്വാദശ്യാരാധനാകല്പത്തിൽനിന്നു ചില പങ്ക്തികൾ ചുവടെ ചേർക്കുന്നു.

"പിന്നെ നിവേദ്യശേഷം കൊണ്ടു വൈശ്വദേവഹോമം ചെയ്തു് ഒരു ബ്രാഹ്മണനെ കാലു കഴകിച്ചു കുറിയിടീച്ചു പൂവും ചൂടിച്ചു മൂലംകൊണ്ടു പൂജിച്ച് ഇല കഴകി ഉപസ്തരിച്ചു സംവിഭാഗം വിളമ്പി ഉപസ്തരിച്ച് കുടിക്കനീർ വീഴ്ത്തി കുണ്ഡത്തിനു വടക്കു ബലി തൂകി മണ്ഡപത്തിനു പ്രദക്ഷിണം വെച്ചു നമസ്കരിച്ചു കാലു കഴകിയാചമിച്ചു ദേവനും വിളക്കു രണ്ടിനും നിവേദ്യം വിടുർത്തു് ഒടുക്കത്തെ കുടിക്കനീർ വീഴ്ത്തി കൈ കഴകിയാൽ ദക്ഷിണചെയ്തു പ്രസന്നപൂജ ചെയ്തു മൂന്നെടത്തും അപ്പവും വെറ്റിലയുമടയ്ക്കയും നിവേദിച്ചു പുഷ്പാഞ്ജലിയും ചെയ്തു സാധ്യനെക്കൊണ്ടു ചെയ്യിച്ച പൂജയും സമർപ്പിച്ച് ഉച്ചപൂജ തുടങ്ങു."

ഒടുവിൽ "ഈവണ്ണം ഏകാദശീവ്രതം അനുഷ്ഠിച്ച ദ്വാദശി ആരാധന ചെയ്താൽ ജന്മാന്തരാർജ്ജിതങ്ങളും ഇജ്ജന്മത്തിൽ ചെയ്ത പാപവും ക്ഷയിച്ച ദേഹാന്തത്തിൽ സച്ചിദാനന്ദലക്ഷണമായിരിക്കുന്ന ബ്രഹ്മത്തിൽ സായൂജ്യം പ്രാപിക്കും" എന്ന ഫല ശ്രുതിയോടുകൂടി ഗ്രന്ഥം അവസാനിക്കുന്നു. ഇതുപോലെ ചക്രാബ്ജപൂജാകല്പത്തെ പ്പറ്റിയും ഒരു ചെറിയ ഗദ്യനിബന്ധം കാണ്മാനുണ്ട്. പൊതുവേ ഗദ്യരൂപത്തിലുള്ള തന്ത്രഗ്രന്ഥങ്ങളുടെ ഭാഷാശൈലി ഇതുതന്നെയാണ്.

## സ്മാർത്തപ്രായശ്ചിത്തസങ്ഗ്രഹം ഭാഷ

സ്മാർത്തപ്രായശ്ചിത്തസങ്ഗ്രഹത്തിന് ഒരു ഭാഷാവ്യാഖ്യാനം ലഭിച്ചിട്ടുണ്ടെന്നു മുൻ പു പറഞ്ഞുവല്ലോ. ഈ വ്യാഖ്യാനത്തിൽനിന്ന് ഒരു ഭാഗം ചുവടേ ചേർക്കുന്നു.

"അവിടെ നടേ ഇന്ന നിമിത്തമുണ്ടാകയാൽ ഇന്ന ക്രിയചെയ്യണമെന്നു യജ്ഞ പ്രായശ്ചിത്താദികളിൽ ചൊല്ലിക്കിടക്കുന്ന ക്രിയകളും അതിന്റെ മന്ത്രഗണങ്ങളും യാവചിലവ അവറ്റെ നടേ ചൊല്ലുന്നു. അത് ഏതുപ്രകാരമെന്ന് . . . അവിടെ നടേ പവമാനസ്ഥാലീപാകത്തിന്റെ ക്രിയാക്രമം; പിന്നെ പൂർണ്ണാഹുതിയുടെ ക്രി യാക്രമം; പിന്നെ വിവീചീസ്ഥാലീപാകം; പഥികൃൽസ്ഥാലീപാകം; അന്വാരംഭണീ സ്ഥാലീപാകം . . . കർമ്മപ്രായശ്ചിത്തം എന്നിങ്ങനെ പ്രഥമമായതിങ്കൽ ചൊല്ല പ്പെടുന്ന വസ്തുക്കൾ . . . ഇങ്ങനെ സംക്ഷേപിച്ച ചൊല്ലിയതായ പ്രതിപാദ്യാർത്ഥ ത്തെ അനന്തരം വിസ്തരിച്ച ചൊല്ലുന്നു . . . അവിടെ നടേ അഗ്നിദോഷത്തിങ്കൽ ചൊല്ലിയ പവമാനസ്ഥാലീപാകത്തെ ആശ്വലായനമതേന ചൊല്ലുന്നു. അവിടെ പവിത്രമിട്ടു പത്നിയും വന്നു തുടർന്നിരുന്നാൽ ആയതനത്തോടു കൂടാതെ 'അയന്തേ യോനിം' എന്ന മന്ത്രം ചൊല്ലിത്തീക്കാച്ചി ചമതപ്പല്ലുകൊണ്ടു മൂടി വടക്കു നിലത്തെ ന്നിയേ സങ്ഗ്രഹിച്ച മുൻപിലെത്തീയും വെണ്ണീറും കളഞ്ഞു ചാണകമുരുട്ടി ഭസ്മശേ ഷം കളഞ്ഞു കുത്തുകയും തളിക്കുകയും ചെയ്യാതെ ആയതനത്തിങ്കൽ തീയിട്ടു പൂളിട്ടു വീശി എരിച്ചാൽ ആജ്യഹവാനാദിമന്ത്രങ്ങളെക്കൊണ്ടു കാച്ചിയ ചമത ഇടൂ. പിന്നെ അതിങ്കൽ അന്വാധാനാദിസ്ഥാലീപാം ചെയ്‌വൂ നിത്യംപോലെ."

## ആശൗചദീപകം ഭാഷ

മഴമങ്ഗലത്തിൻറെ ആശൗചദീപകത്തിനു ഭാഷയിൽ ഒരു വ്യാഖ്യാനമുണ്ട്. അതിൽ നിന്നുകൂടി ചില പങ്ക്തികൾ പകർത്താം. " 'സർവത്രാഘേ സതി നിത്യകർമ്മാ ണി വിദധതാം'—എല്ലാ പിലയുമുണ്ടായിരിക്കുമ്പോൾ നിത്യകർമ്മങ്ങളൊക്കവെ അഴകുതായി ചെയ്യണം. ലോപിച്ചുകളയരുത്. തൂഷ്ണീമെന്നു വിശേഷം. നിത്യകർമ്മ ങ്ങളിൽ യാവചിലവറ്റേ മന്ത്രത്തോടുകൂടിച്ചെയ്യേണ്ടൂ അവറ്റിനു മന്ത്രംവേണ്ടാ; ക്രിയ മാത്രമേ വേണ്ടൂ. മനസ്സുകൊണ്ടു മന്ത്രത്തെ സ്മരിച്ച ക്രിയചെയ്‌വൂ എന്നു പൊരുൾ. 'പ്രാണാഹുത്യാഞ്ച ജലവിക്ഷേപണേ തു മന്ത്രീ ഭവതു'—പ്രാണാഹുതി ഇടുമ്പോഴും തീരുമ്പോഴും മന്ത്രം ചൊല്ലണം. ഉച്ചക്കാലത്തെ സൂര്യോപസ്ഥാനത്തിങ്കൽ നീരു കുമ്പോഴും മന്ത്രം ചൊല്ലണമെന്നു പലരും ചൊല്ലുന്നു. ശ്രൗതം ഓത്തിൽ വിധിച്ചതു: സ്മാർത്തം സ്മൃതികളിൽ വിധിച്ചതു."

ഇവ കൂടാതെ ഇനിയും (1) സന്ന്യാസകല്പം (2) പതിത പരിത്യാഗപ്രക്രിയാ (3) ത്രിസന്ധ്യാജപക്രമം (4) ക്ഷത്രിയ ബലിക്രമം (5) അഗ്നിഹോത്രം (6-7) ആചാരസം ഗ്രഹം രണ്ടുമാതിരി (8) മഹാവ്രതാദിവിവരണം (9) അപരക്രിയാനുഷ്ഠാനം (10) ജാത കർമ്മാനുഷ്ഠാനം (11) ഗൃഹപ്രയോഗം (12) ആശൗചവിധി തുടങ്ങി ചടങ്ങുസംബന്ധി

ച്ച ഭാഷയിൽ പല ഗ്രന്ഥങ്ങൾ ഗദ്യരൂപത്തിൽ നമ്പൂരിമാർ ഓരോ കാലത്തു രചിച്ചിട്ടുണ്ട്. “ഒക്കവേ പറവതിനൊട്ടുമേ കാലം പോരാ” എന്നുള്ളതിനാൽ അവയെ ഇവിടെ പരാമർശിക്കുന്നില്ല. പതിതപരിത്യാഗപ്രക്രിയ സ്മാർത്തവിചാരത്തെപ്പറ്റിയുള്ള വിവരണമാണ്. മഹാവ്രതം എന്നതു് ഉണ്ണികൾ വേദാഭ്യാസത്തിനു മുൻപു് അനുഷ്ഠിയ്ക്കേണ്ട വ്രതമാണ്. വേദം അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യേണ്ട രീതിയും അതിൽ പ്രതിപാദിച്ചിരിക്കുന്നു.

## അദ്വൈതശതകം ഭാഷ

നൂറ് അനുഷ്ടുപ് ശ്ലോകങ്ങളെക്കൊണ്ടു് അദ്വൈതവേദാന്തത്തിന്റെ സാരം സങ്ഗ്രഹരൂപേണ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് അദ്വൈതശതകം. അതിന്റെ കർത്താവു് ആരെന്നറിയുന്നില്ല. ആ ഗ്രന്ഥത്തിനു സുഗ്രഹമായ ഒരു ഭാഷാഗദ്യവ്യാഖ്യാനം ലഭിച്ചിട്ടുണ്ടു്. രണ്ടു ശ്ലോകങ്ങളുടെ വ്യാഖ്യാനം താഴെ ചേർക്കുന്നു.

> “പ്രണമ്യ പരമാത്മാനം സ്വാത്മാനം പരമേശ്വരം
> അദ്വൈതശതകം വക്ഷ്യേ സർവവേദാന്തസംഗ്രഹം.

അഹം പരമേശ്വരം പ്രമണ്യ അദ്വൈതശതകം വക്ഷ്യേ—ഞാൻ പരമേശ്വരനെ പ്രണമനം ചെയ്തിട്ടു് അദ്വൈതശതകത്തെ ചമയ്ക്കുന്നേൻ. അദ്വൈതത്തെ നൂറു ശ്ലോകംകൊണ്ടു സംഗ്രഹിക്കുന്നേൻ എന്നു താൽപര്യം. എങ്ങനെ ഇരുന്നോരുത്തൻ പരമേശ്വരൻ എന്നപേക്ഷ വന്നിടത്തു് അവനെ കാട്ടുന്നു. സ്വാത്മാവായി വർത്തിച്ചിരുന്നോരുത്തൻ. തന്റെ ആത്മാവായി വർത്തിച്ചിരുന്നോരുത്തൻ. പരമാനന്ദം—ആനന്ദസ്വരൂപനായിരുന്നോരുത്തൻ. എങ്ങിനെയിരുന്നോണ് അദ്വൈതശതകം? എല്ലാ വേദാന്തങ്ങളുടേയും സംഗ്രഹമായിരുന്നോണ്. പത്തുനൂറായിരമായി പ്രകാശിച്ചിരുന്ന ഉപനിഷൽഭാഷ്യങ്ങളുടെ സങ്ഗ്രഹമായിരുന്നോന്നു് എന്നു പൊരുൾ.”

> “പുനർവേശ്യാവശേ സ്ഥിത്വാ തൈസ്സാർദ്ധം ശ്വഖരാജവൽ
> സർവധർമ്മവിനിർമ്മുക്തോ ദേഹീ താ ഏവ സേവതേ.

പുനഃ ദേഹീ തൈഃ സാർദ്ധം വേശ്യാവശേ സ്ഥിത്വാ—പിന്നെ ദേഹി കാമികളോടു കൂടെ സങ്ഗത്തെച്ചെയ്തു് അവരുടെക്കൂടെ വേശ്യമാരുടെ വശത്തിൽ സ്ഥിതിചെയ്വൂതും ചെയ്തിട്ടു്. സർവധർമ്മവിനിർമ്മുക്തഃ താ ഏവ സേവതേ—സർവധർമ്മങ്ങളോടു വിനിർമ്മുക്തനായി സ്നാനതർപ്പണസ്വാദ്ധ്യായങ്ങളോടു വേർപെട്ടു് ആ വേശ്യമാരെ സേവിക്കുന്നു. ശ്വഖരാജ വൽ—ശ്വാവിനെപ്പോലെ പിന്നാലെ നടന്നിട്ടും ഖരത്തെപ്പോലെ ചുമന്നിട്ടും അജത്തെപ്പോലെ പ്രതിബദ്ധനായിട്ടും സേവിക്കുന്നു എന്നു പൊരുൾ.”

## ഹോർത്തൂസ് മലബാറിക്കസ്

ഹോർത്തൂസ് മലബാറിക്കസ് (കേരളാരാമം) എന്ന പേരിൽ കേരളത്തിലെ സസ്യവിജ്ഞാനീയത്തെപ്പറ്റി ഒരു വിപുലമായ പുസ്തകം ലത്തീൻഭാഷയിൽ രചിച്ച ഹെൻഡ്രിക്ക് ഏഡ്രിയൻ വാൻറീഡ് എന്ന പണ്ഡിതൻ നമ്മുടെ കൃതജ്ഞതയെ സവിശേഷം അർഹിക്കുന്ന ഒരു ഗ്രന്ഥകാരനാണ്. അദ്ദേഹം ക്രി. പി. 1637-ആമാണ്ടിടയ്ക്കു ഹോളൻഡിൽ ഡ്രാക്കെസ്റ്റീൻ എന്ന സ്ഥലത്തു ജനിച്ചു. 1663-ൽ ലന്തക്കാർ കൊച്ചിക്കോട്ട പറങ്കികളിൽ നിന്നു പിടിച്ചടക്കിയപ്പോൾ ലന്തസൈന്യത്തിലെ ഒരു

സൂപ്പർ ന്യൂമെറ്റി കപ്പിത്താനായിരുന്നു. പിന്നീടു തുപ്പായികളുടെ സൂപ്രണ്ടും 1670-ൽ കൊച്ചിയിൽ കമാൻഡറുമായി ഉദ്യോഗത്തിൽ ഉയർന്നു. ഒടുവിൽ കുറേക്കാലം ബെത്തേവിയാ ഭരണ സമിതിയിലെ ഒരംഗമായി പണി നോക്കിയതിനുമേൽ 1677 നവംബർമാസത്തിൽ സ്വദേശത്തേക്കു മടങ്ങി. കൊച്ചി വിടുന്നതിനുമുമ്പുതന്നെ തന്റെ സസ്യശാസ്ത്രരചനയ്ക്കു വേണ്ട സാമഗ്രികൾ അദ്ദേഹം, എറണാകുളത്തിനു സമീപം ചാത്തിയാത്തും പിന്നീടു വരാപ്പുഴയും കർമ്മലീത്താഭവനങ്ങൾ സ്ഥാപിച്ച നേപ്പിൾസ് കാരനായ ഫാദർ മാത്യൂസ് എന്ന ഒരു കർമ്മലീത്താമിഷണറി, രങ്ഗഭട്ടൻ, വിനായകപണ്ഡിതൻ, അപ്പു ഭട്ടൻ എന്ന മൂന്നു ഗൗഡസാരസ്വതബ്രാഹ്മണവർഗ്ഗത്തിൽപ്പെട്ട ഭിഷഗ്വരന്മാർ, ഇട്ടി അച്യുതൻ എന്ന വിശിഷ്ടനായ ഒരു ഈഴവവൈദ്യൻ ഈ അഞ്ചു പണ്ഡിതന്മാരുടെയും സാഹായ്യത്തോടുകൂടി തയാറാക്കിക്കഴിഞ്ഞിരുന്നു. അച്യുതൻ കരപ്പുറത്തു കൊട്ടകാരപ്പള്ളി അഥവാ കൊല്ലാടം എന്ന തറവാട്ടിലെ ഒരങ്ഗമായിരുന്നു. മാത്യൂസാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഓഷധികളും മറ്റു ശേഖരിച്ചു കൊച്ചിയിലേക്കു കൊണ്ടുപോയി അവയുടെ പടങ്ങൾ വരപ്പിച്ചത്. മാത്യൂസ് 1691-ൽ ഉദ്ദേശം 90-ആമത്തെ വയസ്സിൽ കൊച്ചിയിൽവെച്ചു മരിച്ചു. ജോൺകെയ്സറിയസ് എന്നൊരു ലന്തപ്പാതിരി ആ പുസ്തകത്തിന്റെ ആദ്യത്തെ ചില വാല്യങ്ങൾ ഡച്ചുഭാഷയിൽ പരാവർത്തനംചെയ്തതായിക്കാണുന്നു. അദ്ദേഹം കേരളത്തിൽ 1667 മുതൽ 1676 വരെ താമസിച്ചു. ആകെ പന്ത്രണ്ടു വലിയ വാല്യങ്ങളിൽ 7946 പടങ്ങളോടുകൂടിയാണ് പ്രസ്തുത പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഒന്നും രണ്ടും വാല്യങ്ങൾ 1678-ൽ (കൊല്ലം 853-ൽ) മുദ്രാപിതങ്ങളായി. വീണ്ടും റീഡ് ഒരു ഗവർണ്ണർജനറലിന്റെ അധികാരങ്ങളോടുകൂടി ഇന്ത്യയിൽ ചോളമണ്ഡലക്കരയിൽ വന്നുചേരുകയും അവിടെ ലന്തക്കാരുടെ തലസ്ഥാനം പുലിക്കാട്ടുനിന്നു നാഗപട്ടണത്തേക്കു മാറ്റുകയും വേറേയും പല പരിഷ്കാരപദ്ധതികൾ ഉൽഘാടനം ചെയ്കയും ചെയ്തു. 1691-ൽ സിലോണിൽനിന്നു സൂററ്റിലേക്കുള്ള ഒരു നാവികയാത്രയുടെ മദ്ധ്യത്തിൽ ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ ശവകുടീരം ഇന്നും സൂററ്റിൽ സംരക്ഷിയ്ക്കപ്പെടുന്നുണ്ട്.

കേരളത്തിലെ സസ്യങ്ങളേയും ഔഷധങ്ങളേയും സമഗ്രമായി വിവരിക്കുന്ന ഹോർത്തുസ് മലബാറിക്കസ് കേരളീയർക്കു തികച്ചും അഭിമാനംകൊള്ളാവുന്ന ഒരു പുസ്തകമാണ്. ചിത്രമുള്ള വശങ്ങളിൽ ചിത്രത്തിന്റെ സമീപമായി അതിന്റെ പേർ ലത്തീൻ, മലയാളം, അറബി, ദേവനാഗരി എന്നീ നാലു ഭാഷകളിൽ കുറിച്ചിട്ടുണ്ട്. മലയാളലിപികൾ ചതുര വടിവിലാണ് കൊത്തിക്കാണുന്നത്. ഗ്രന്ഥത്തിന്റെ പ്രാരംഭത്തിലുള്ള ചില മലയാള വാക്യങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"പ്രസമവും മംഗല്യവും കൂടിയിരിപ്പും ബഹുമാനപ്പെട്ട കൊമ്പങ്ങിയെടെ തുപ്പായിത്ഥവും കൊച്ചിയിൽ ആയ മനുവെർക്കർന്നെരു നിശ്ചയിക്കും പ്രകാരം. എന്ത്രിക്കി വന്റെദെ കുമുദോരിടെ കല്പനയാൽ കരപ്പുറത്ത പിറന്നൊള്ള ചെകൊവർണ്ണമായ കൊല്ലാടനെന്ന പേരൊള്ള ഒരു മലയാംവൈദ്യന്റെ ചൊൽക്കൊട്ട പൊസ്തകത്തിൽ ചാത്തിയ മലെയാളത്തിലെ വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും കായ്കെളും വിത്തുകെളും രെസങ്ങളും വേരുകെളും ചക്തികെളും സുദചക്തികെളും പറങ്കിപ്പാഴെയിലും മലയാംപാഴെയിലും വകതിരിച്ചു ചൊല്ലുകയുംഞ്ചെയ്തു. ഈ വണ്ണം ഒരു സംശെയം എന്നിയേ നേരാകുംവണ്ണം എഴുതിതീർത്ത നിശ്ചയത്തിൽ എന്റെ ഒപ്പ അബിൽമാസം ൧ ൻ ൻ ൬൩ ൯ ൬൩ ൧ ൬൩ (അക്കം പഴയ മട്ടു) മത കൊച്ചിയിൽ കോട്ടയിൽ എഴുത്ത."

റീഡ് സസ്യശാസ്ത്രത്തിൽ പാരംഗതനായിരുന്നു. ആ ലന്തക്കാരൻ ഇങ്ങിനെ അതിബൃഹത്തായ ഒരു ഗ്രന്ഥം നിർമ്മിക്കുന്നതിനു കായികമായും മാനസികമായും സാമ്പത്തികമായും ഒട്ടുവളരെ ക്ലേശം അനുഭവിച്ചിരിക്കണമെന്നുള്ളതിനു സംശയമില്ല. തദ്വാരാ അദ്ദേഹം കേരളത്തിന്റെ പ്രശസ്തി ലോകമെങ്ങും പ്രസരിപ്പിച്ചു. കെസേറിയസ്സിനു സസ്യശാസ്ത്രത്തിൽ ജ്ഞാനമില്ലായിരുന്നു എന്നു റീഡ് രേഖപ്പെടുത്തീട്ടുണ്ടെങ്കിലും അമേരിക്കയിൽ നിക്കോലസ് ജാക്കിൻ എന്ന പണ്ഡിതൻ ഒരു പുതിയ വർഗ്ഗത്തിൽ പെടുത്തേണ്ട ചെടി കണ്ടുപിടിച്ചപ്പോൾ അതിന് അദ്ദേഹത്തിന്റെ ബഹുമാനസൂചകമായി കെസേറിയാ എന്ന സംജ്ഞയാണ് നല്കുകയുണ്ടായത്.

## അർണ്ണോസ് പാതിരി

### ചരിത്രം

വിദേശീയരായ ക്രിസ്ത്യാനികളിൽ കവിത്വംകൊണ്ടു പ്രഥമഗണനീയനായി പരിശോഭിക്കുന്നത് അർണ്ണോസ് പാതിരിയാകുന്നു. ജോൺ എർണ്ണസ്റ്റസ് ഹാൻക് സൽഡെൻ എന്നതാണ് അദ്ദേഹത്തിന്റെ പൂർണ്ണമായ നാമധേയം. എർണ്ണസ്റ്റസ് അഥവാ എർണ്ണസ്റ്റ ഭാഷാ കൃതമായപ്പോൾ അത് അർണ്ണോസ് എന്നു രൂപാന്തരപ്പെട്ടു. യൂറോപ്പിൽ ഹംഗെറി രാജ്യത്തു ജനിച്ച അർണ്ണോസ് 1699-ൽ കേരളത്തിൽ വന്നുചേരുകയും ആദ്യം അമ്പഴക്കാട്ടെ ഈശോസഭക്കാരുടെ ആശ്രമത്തിൽ കുറേക്കാലം താമസിക്കുകയും പിന്നീടു തൃശ്ശൂരിൽ ചെന്നു കുഞ്ഞനെന്നും കൃഷ്ണനെന്നും പേരുള്ള രണ്ടു നമ്പൂരിമാരുടെ സഹായത്തോടുകൂടി സംസ്കൃതഭാഷ അഭ്യസിക്കുകയും ചെയ്തു. സംസ്കൃതത്തിൽ അദ്ദേഹം ആദ്യമായി പഠിച്ച കാവ്യം യുധിഷ്ഠിരവിജയമായിരുന്നു. വേലൂർ എന്ന സ്ഥലത്തെ പള്ളി പണിയിച്ചതു് അദ്ദേഹമാണ്. 1732-ആമാണ്ടു (കൊല്ലം 907-ൽ) മീനമാസം 20-ആംനു പഴയൂർ പള്ളിയിൽവച്ചു കാല ധർമ്മം പ്രാപിച്ചു.

### കൃതികൾ

അർണ്ണോസ് പാതിരി താൻ സംസ്കൃതത്തിലും മലയാളത്തിലും ക്ലേശിച്ചു സമ്പാദിച്ച പാണ്ഡിത്യം വ്യർത്ഥമാക്കിയില്ല. കേരളത്തിലെ ഹിന്ദുക്കൾക്കു രാമായണാദികാവ്യങ്ങൾപോലെ ക്രിസ്ത്യാനികൾക്കും ഭക്തിസംവർദ്ധകങ്ങളായ ചില ഗ്രന്ഥങ്ങൾ രചിക്കേണ്ടതു് ആവശ്യകമാണെന്നു തോന്നുകയാൽ അദ്ദേഹം അതിനുവേണ്ടി പ്രധാനമായി ഉദ്യമിച്ചു. പാതിരിയുടെ മുഖ്യകൃതികൾ (1) ചതുരന്ത്യം (2) പുത്തൻ പാന (മിശിഹാചരിതം) (3) ഉമ്മാപർവം (4) വ്യാകുലപ്രബന്ധം (5) ആത്മാനുതാപം (6) വ്യാകുലപ്രയോഗം (7) മലയാളനിഘണ്ടു (8) മലയാളം പോർത്തുഗീസുനിഘണ്ടു (9) മലയാളവ്യാകരണം എന്നിവയാണ്. ഇവ കൂടാതെ അദ്ദേഹം (1) വാസിഷ്ഠസാരം (2) ചില ഉപനിഷത്തുകൾ (3) വേദാന്തസാരം (4) അഷ്ടാവക്ര ഗീത (5) യുധിഷ്ഠിരവിജയം എന്നീ സംസ്കൃതകൃതികളെ അധികരിച്ചു ലത്തീൻഭാഷയിൽ പ്രബന്ധങ്ങൾ രചിച്ചിട്ടുള്ളതായും അറിയുന്നു. ചതുരന്ത്യമാണ് പാതിരി ആദ്യമായി നിർമ്മിച്ച കാവ്യം. അതിൽ മരണപർവം, വിധിപർവം, നരകപർവം, മോക്ഷപർവം എന്നിങ്ങനെ നാലു വിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. മരണപർവം മഞ്ജരിയിലും വിധിപർവം കളകാഞ്ചിയിലും ഒടുവിലത്തെ രണ്ടു പർവങ്ങളും കേകയിലുമാണ് നിബന്ധിച്ചിരിക്കുന്നതു്. ആകെ 1851 ഈരടികൾ ഈ ഗ്രന്ഥത്തിൽ അന്തർഭവിച്ചിരിക്കുന്നു. പർവം എന്ന വിഭാഗസംജ്ഞ മഹാഭാരതത്തെ അനുകരിച്ചു കവി നല്കീട്ടുള്ളതാണ്. ആസന്നമരണനായ മനുഷ്യന്റെ അന്തർഗ്ഗതങ്ങളെ മരണപർവത്തിൽ പ്രതിപാദിക്കുന്നു.

കവിക്ക് ആശയസമ്പത്തുണ്ടെങ്കിലും രചന ദോഷഭ്രയിഷ്ഠമാണെന്നു പറയാതെ നിവൃത്തിയില്ല. ചതുരന്ത്യം പോലെതന്നെ ആ വിഷയത്തിൽ മോശമല്ല പുത്തൻ പാനയും ഉമ്മാപർവവും. പുത്തൻപാനയിലെ ഇതിവൃത്തം ബൈബിളിലെ ലോകസൃഷ്ടിമുതൽ ക്രിസ്തുവിന്റെ പരഗതിവരെയുള്ള കഥകളാണ്. അതിൽ പതിന്നാലു പാദങ്ങൾ ഉൾക്കൊള്ളുന്നു. പുത്തൻപാന എന്നു കവി കൃതിക്കു പേരിട്ടിരിക്കുന്നതു ക്രിസ്ത്യാനികളുടെ ഇടയിൽ ചില പഴയ പാനകൾ പ്രചരിച്ചിരുന്നതിനാലായിരിക്കണമെന്നു ഡോക്ടർ പി. ജെ. തോമസ് പറയുന്നു. പ്രസ്തുതകൃതിയിൽനിന്നു ചില വരികൾ ചുവടെ ചേർക്കുന്നു.

“അമ്മ കന്നിമണിതന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ
നന്മയാലേ മനസ്സറ്റു കേട്ടുകൊണ്ടാലും.

സർവമാനുഷർക്കു വന്ന സർവദോഷോത്തരത്തിന്നായ്
സർവനാഥൻ മിശിഹയും മരിച്ചശേഷം

സർവനന്മക്കടലോന്റെ സർവനന്മപ്പാട്ടുകൊണ്ടു
സർവദുഃഖം നിറഞ്ഞുമ്മാ പുത്രനെ നോക്കി

എന്മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ!
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്രാ?

ആദമാദിനരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഹേതുവതിനുത്തരം നീ ചെയ്തിതോ പുത്രാ?

നന്നു നന്നു നരരക്ഷ നന്നിതത്രേ ചെയ്തു പരീ;
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്രാ?”

നതോന്നതയിൽ രചിച്ചിട്ടുള്ള ഈ ഈരടികൾ ആസ്വാദ്യങ്ങളാണ്. വ്യാകുലപ്രബന്ധം ഈ കഥയെത്തന്നെ വിഷയീകരിച്ചു പാതിരി ഉപജാതിവൃത്തത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു ലഘുകാവ്യമാകുന്നു. ആത്മാനുതാപം ഒരു പാപിയുടെ പശ്ചാത്താപത്തിന്റെ പ്രപഞ്ചനമാണ്. ഉമ്മാപർവത്തിനു ദൈവമാതൃചരിതം എന്നും പേരുണ്ട്. അതിലെ വിഷയം കന്യാമറിയത്തിന്റെ ജീവിതകഥയാകുന്നു. മലയാളനിഘണ്ടു ‘താ’ എന്ന അക്ഷരംവരെയേ പുരോഗമിച്ചിട്ടുള്ളു. അതിൽ അടങ്ങീട്ടുള്ളതു പ്രായേണ സംസ്കൃതപദങ്ങളാണ്. മലയാളവ്യാകരണവും സംസ്കൃതത്തിലെ സിദ്ധരൂപത്തെ അടിസ്ഥാനമാക്കിയാണ് എഴുതീട്ടുള്ളത്. ‘വൃക്ഷസിദ്ധരൂപം’ കേരളത്തിൽ പഴയ കാലത്തുതന്നെ അധ്യേതാക്കൾ ബാല്യകാലത്തു പഠിച്ചിരുന്നതായിക്കാണുന്നു. അർണ്ണോസ് പാതിരിയുടെ വിവിധകൃതികളെ വിവരിക്കുന്ന ഒരു ചെറിയ ഗ്രന്ഥം 1790-ആമാണ്ടിടയ്ക്കു പൗലീനോസ് പാതിരി രചിച്ചിട്ടുണ്ട്. മധ്യവയസ്സിൽമാത്രം കേരളത്തിൽ വന്നു സംസ്കൃതവും മലയാളവും പഠിച്ച് ആ ഭാഷകളിൽ പ്രാവീണ്യം നേടി ഒട്ടനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചു കേരളത്തിന്റെ മഹിമ വിദേശങ്ങളിൽ വ്യാപരിപ്പിച്ച ഈ യൂറോപ്യൻപാതിരി നമ്മുടെ ഹൃദയപൂർവമായ അഭിനന്ദനത്തിനു സർവഥാ പാത്രീഭവിക്കുന്നു. ആദ്യമായി സംസ്കൃതഭാഷയിൽ അനപലപനീയമായ പാണ്ഡിത്യം സമ്പാദിച്ച യൂറോപ്യൻ അദ്ദേഹമാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ നിഘണ്ടു മുഴുവനാക്കിയതു കൊല്ലം പത്താം ശതകത്തിൽ ജീവിച്ചിരുന്ന ബിഷൊപ്പു പി. മെന്റൽ ആണെന്നു മേൽ പ്രസ്താവിക്കും.

## ആഞ്ചലോസ് ഫ്രാൻസിസ് മെത്രാൻ

ഇറ്റലിയിൽ പീഡ്മോണ്ട് എന്ന ദേശത്തിൽ ക്രി. പി. 1650-ആമാണ്ടു ജനിച്ച ആഞ്ചലോസ് ഫ്രാൻസിസ് ഒരു കർമ്മലീത്താ പാതിരിയായി വരാപ്പുഴ വന്നുചേരുകയും 1701-ൽ കേരളത്തിലെ കത്തോലിക്കരുടെ മെത്രാനായിത്തീരുകയും ചെയ്തു. അദ്ദേഹം 1712-ൽ വരാപ്പുഴവച്ചു മരിച്ചു. ആഞ്ചലോസും ഒരു മലയാളവ്യാകരണത്തിന്റെ പ്രണേതാവാണ്. അതു വാമൊഴിയെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാകയാൽ അർണ്ണോസ്സ് പാതിരിയുടെ വ്യാകരണത്തോളം നല്ലതല്ലെന്നാണ് പൗലീനോസിന്റെ അഭിപ്രായം.

## ജോൺ ബപ്റ്റിസ്റ്റാ

ജോൺ ബപ്റ്റിസ്റ്റാ എന്ന കർമ്മലീത്താ പാതിരി ഇറ്റലിയിൽ അലെഗ്ലി എന്ന സ്ഥലത്ത് 1674-ൽ ജനിച്ചു. അദ്ദേഹം “ഏഴു കൂദാശകളെ” വിവരിച്ചു മലയാളത്തിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുള്ളതിനുപുറമെ ഒരു മലയാളനിഘണ്ടുവും ഉണ്ടാക്കീട്ടുണ്ട്. 1714-ൽ ബപ്റ്റിസ്റ്റാ മെത്രാനാകുകയും 1750-ൽ വരാപ്പുഴ വച്ചു മരിക്കുകയും ചെയ്തു.

## ക്രിസ്ത്യാനിമന്ത്രവാദം

പണ്ടു കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലും മന്ത്രവാദം ധാരാളം നടപ്പുണ്ടായിരുന്നു എന്നു കടമറ്റത്തച്ചനെപ്പറ്റിയുള്ള ഐതിഹ്യങ്ങളിൽനിന്നും മറ്റും വായനക്കാർ കേട്ടിരിക്കുമല്ലോ. ആ ആവശ്യത്തിലേക്ക് ഉപയോഗിച്ചിരുന്ന ചില മന്ത്രങ്ങളും യന്ത്രങ്ങളും ഞാൻ കണ്ടിട്ടുണ്ട്. ഒന്നു രണ്ടു മന്ത്രങ്ങൾ ഓം എന്നാരംഭിക്കുന്നു. ഒരു മന്ത്രം താഴെ പകർത്താം.

“ചെമ്പരപ്പനെന്ന പുണ്യവാളന് ആകാശത്തിങ്കലേക്ക് എഴുന്നള്ളുമ്പോൾ ആറായിരം മാലാഹമാരും പന്തിരണ്ടു ശ്ലീഹന്മാരും പതിനോരായിരം കന്യാസ്ത്രീകളും ഭൂമിയിലുള്ള ചൈത്താന്മാരെ ഒക്കെയും ഓടിച്ചു മണ്ടിച്ചു പിടിച്ചു കുഞ്ചി കെട്ടിതടിക്കീഴിലിട്ടു ചെരിപ്പുകൊണ്ട് അടിച്ചിറക്കി നസ്രാണിയുടെ അംശത്തിൽ കടക്കുകയില്ല എന്നു ഹേമം കലി പുസ്തകം തൊട്ടു സത്യവും സമയവും ചെയ്യിപ്പിച്ച് വിടുകയും ചെയ്തു. എന്റെ കർത്താവേ! അന്മേനീശോ.”

# 36

# ചില ഭാഷാജ്യോതിഷ ഗ്രന്ഥങ്ങൾ

(ക്രി. പി. പതിനേഴാം ശതകം)

## ഭദ്രദീപം

ഭദ്രദീപം എന്ന ഗണിതശാസ്ത്രഗ്രന്ഥം രചിച്ചതു് ഇടക്രമഞ്ചേരി നമ്പൂരിയാണ്. "ലക്ഷ്മീ പുരാധീശ്വര"നെ ഗ്രന്ഥാരംഭത്തിൽ വന്ദിച്ചിരിക്കുന്നതുകൊണ്ടു് അദ്ദേഹം പെരുഞ്ചെല്ലൂർ ഗ്രാമക്കാരനാണെന്നു വെളിപ്പെടുന്നു. പെരുമാന്നൂർ എന്നൊരു സ്ഥലമാണ് അദ്ദേഹത്തിന്റെ ജന്മഭൂമി. ഗുരു അവിടെയുള്ള മങ്ഗലശ്ശേരിയില്ലത്തെ ദാമോദരൻനമ്പൂരിയായിരുന്നു. ഈ ദാമോദരനും ദൈവജ്ഞനായ മറ്റൊരു ആറന്മുളയുള്ള മങ്ഗലശ്ശേരി ദക്ഷിണാർത്തി മൂത്തതും ഭിന്നന്മാരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഭദ്രദീപത്തിന്റെ നിർമ്മിതി 840-ആമാണ്ടിടയ്ക്കാണ്. ആകെ പതിനൊന്നു് അധ്യായങ്ങളുണ്ടു്. താഴെ പകർത്തുന്ന ശ്ലോകങ്ങൾ ആ ഗ്രന്ഥത്തിൽ പീഠികാരൂപത്തിൽ എഴുതിച്ചേർത്തുകാണുന്നു.

> "വിഘ്നേശം കവിമാതിനേയുമുടനേ കൃഷ്ണം ഗുരും വ്യാസനെ-
> സ്സൂര്യാദീംശ്ച നവഗ്രഹാനുഡുഗണാൻ ലക്ഷ്മീപുരാധീശ്വരം
> വന്ദിച്ചിട്ടടനിന്ദിരാപതിമജം വിഷ്ണും പുരാണം പരം
> വന്ദേഹം പെരുമാൻപുരാഖ്യഭവനേ വാഴുന്ന നാരായണം.
>
> വിഷ്ണോർജ്ജങ്ഗമമാലയം ഭുവി ജനാ യം വൈ വദന്തി ദ്വിജം
> ശിഷ്യാൻ നഃ പരിപാതി യഃ ഖലു സദാ സ്നിഗ്ദ്ധാവലോകേക്ഷണൈഃ
> വിദ്യാനാം യശസാം ശ്രിയാം ച നിലയം ദാമോദരം നിത്യദാ
> വന്ദേഹം പെരുമാൻപുരാഖ്യതടവും ശ്രീമങ്ഗലശ്രേണിനം.
>
> ഇടക്രമഞ്ചേരി ചമയ്പതിന്നു-
> ങ്ങുപക്രമിക്കുന്നിതു ഭദ്രദീപം;
> പഠിച്ചുകൊണ്ടാലിതുകൊണ്ടുതന്നെ-
> യറിഞ്ഞുകൊള്ളാം ഗണിതപ്രകാരം."

പിന്നീടു വിഷയമാരംഭിക്കുന്നു.

> " കൊല്ലത്തിൽത്തരളാങ്ഗത്തെക്കൂട്ടുമ്പോൾ കലിവത്സരം

സാധ്വസം കൊല്ലസഹിതം ശകാബ്ദം ശാലിവാഹനം.

കലിസംവത്സരം വച്ചു പന്തിരണ്ടിൽപ്പെരുക്കിയാൽ
ചൈത്രാദിമാസവും കൂട്ടീട്ടതു വേറൊന്നു വച്ചഥ
യുഗാദിമാസമാകുന്ന തുലാലോലഘമാന്യനാൽ
പെരുക്കീട്ടു ഹരിക്കേണമന്തനനവദർപ്പണൈഃ

സൗരമാസേ ഫലം കൂട്ടൂ വേറേ വച്ചതിലഞ്ജസാ
അതു നീലൈഃ പെരുക്കീട്ടു ചാന്ദ്രമാസേ ഗതം ദിനം

കൂട്ടി വേറൊന്നു വച്ചിട്ടങ്ങഹീശോരാഹ്ഗനിർമ്മുഖൈഃ
യുഗാവമൈഃ പെരുക്കീട്ടു ഹരിപ്പൂ ചന്ദ്രഗൈർദ്ദിനൈഃ

അദീനജ്ഞാനനാഗോനക്ഷേപൈർലബ്ധം പൃഥക്സ്ഥിതാൽ
വാങ്ങിയാഴ്ച കഴിക്കുമ്പോൾ പിന്നെക്കലിദിനം വരും.”

അഞ്ചാമദ്ധ്യായത്തിൽ ഭൂമിയുടെ സ്ഥിതിയേയും സ്വരൂപത്തേയും വർണ്ണിക്കുന്നു.

“ ഖം മധ്യമേ നില്പിതു ഭൂമിതന്റെ
കക്ഷ്യാന്തരേ ധാരണകൊണ്ടുറച്ചു
ഉരുണ്ട നാരങ്ങവദാകൃതിം പൂ-
ണ്ടു . . . യോജനതുല്യമധ്യാ.

തെക്കുള്ള പാർശ്വേ ബഡവാമുഖോഽസ്യാഃ
പാതാളലോകം നിരയഞ്ച തത്ര;
ദ്വീപൈരനേകൈരുപശോഭമാന-
സ്സമുദ്രരാട് തിഷ്ഠതി മധ്യദേശേ.

നില്പൂ വടക്കുഗ്രമതായ് സുമേരു
വടക്കുഭാഗേ ബഹുരത്നപൂർണ്ണം
പ്രജാപതേർദ്ധിഷ്ണ്യമതിന്നുമധ്യേ
സുവർണ്ണശാലാദിവിരാജമാനം.”

ഇങ്ങനെ ആ അധ്യായം പുരോഗമനം ചെയ്യുന്നു. നരകഭയവും അതിങ്കൽനിന്നു മോചനം ലഭിക്കുന്നതിനുള്ള ഉപായങ്ങളും അനന്തരം വർണ്ണിക്കപ്പെടുന്നു. ആ കൂട്ടത്തിൽ

“ കാശീ രാമേശ്വരം പുണ്യം കാവേരീ രങ്ഗമന്ദിരം
കുംഭകോണം രത്നസഭാ സേവിച്ചാൽപ്പാപമറ്റുപോം.

കന്യാകുമാരീ ഗോകർണ്ണം മൂകാംബികയുമെന്നിവ
സ്കന്ദക്ഷേത്രം ച സേവിച്ചാൽ ഭുക്തിമുക്തിഫലം നൃണാം.

ശുചീന്ദ്രം തിരുവട്ടാറും രുദ്രാണാം ഭവനങ്ങളും
സേവിച്ചു തിരുവല്ലത്തു ശ്രാദ്ധവും ചെയ്ക മുക്തയേ.

പൊന്നുങ്കിരീടകനകാങ്ഗദകുണ്ഡലാഢ്യം
ശ്രീവത്സപീതവസനം ഘനനീലവർണ്ണം
ഭോഗീന്ദ്രശായിനമനന്തപുരേ മുരാരിം

സേവിക്ക സോത്സവദിനേ ഗരുഡാധിരൂഢം.

വർക്കലെത്തീർത്ഥമാടീട്ടു കാൺമൂ തത്ര ജനാർദ്ദനം
തിരുവല്ലാ നമസ്കാരമേറിനാൽ മുക്തി വന്നിടും.

പെരുഞ്ചെല്ലൂർ നമസ്കാരം, വൈക്കത്താകിൽ പ്രദക്ഷിണം,
ശിവപേരൂർ ശിവധ്യാനം, ഭുക്തിമുക്തിഫലം നൃണാം.

ആലുവാ തിരുനാവായും മാഘസ്നാനങ്ങൾ ചെയ്തുടൻ
ഹരം ഹരിഞ്ച സേവിച്ചാൽ പാപമൊക്കെ ക്ഷയിച്ചുപോം.

പുണ്യക്ഷേത്രങ്ങളുണ്ടിന്നും വില്വാദ്രി തിരുനെല്ലിയും
ഇത്യാദി ചെന്നു സേവിച്ചാൽ നരകം നീങ്ങുമപ്പൊഴേ"

എന്നിങ്ങനെ കേരളത്തിലേയും മറ്റും ചില പ്രധാനക്ഷേത്രങ്ങളെ ആചാര്യൻ ഭക്തന്മാർക്കു ചൂണ്ടിക്കാണിക്കുന്നു. നരകവർണ്ണനം ഹ്രസ്വമെങ്കിലും ഭയങ്കരമായിരിക്കുന്നു.

" ഏതേതുവണ്ണമൊരുപദ്രവമിങ്ങു ചെയ്തു
തത്തദ്ഭവേച്ചതഗുണം നരകേഷു ചെന്നാൽ
വെട്ടീടിൽ വെട്ടുവരടിക്കിലടിപ്പതേറ്റം
മുട്ടിക്കിലന്നമവർ പട്ടിണികൊൾവർ നൂനം."

എന്നും മറ്റും അദ്ദേഹം ഉൽബോധിപ്പിക്കുന്നുണ്ട്.

## ഘടീഗോപൻ

ആര്യഭടീയത്തിനു സംക്ഷിപ്തമായ ഒരു വ്യാഖ്യാനം സംസ്കൃതത്തിലും ഭാഷയിലും ഘടീഗോപൻ എന്നൊരു പണ്ഡിതൻ രചിച്ചിട്ടുണ്ട്. അദ്ദേഹം ഏതോ ഒരു പരമേശ്വരന്റെ ശിഷ്യനും ശ്രീപത്മനാഭന്റെ ഭക്തനുമായിരുന്നു എന്നു ഗ്രന്ഥാന്തത്തിലുള്ള അധോലിഖിതങ്ങളായ പദ്യങ്ങളിൽനിന്ന് അറിയുന്നു.

" പരമേശ്വരപാദാബ്ജപാംസുപാവിതമൂർത്തിനാ
ഏതദാര്യഭടീയസ്യ യൽകിഞ്ചിദ്വ്യാഹൃതം മയാ.

ഗൃഹ്ണന്ത്വഗാധധിഷണാഃ കരുണാമലചേതസഃ
സന്തോ വിഹായ ദോഷൌഘാൻ ഗുണലേശാദൃതാശയാഃ.

ഘടീഗോപാഭിധാനസ്യ വാങ്മനഃകായവൃത്തിഭിഃ
യൽകൃതം, പദ്മനാഭസ്യ പൂജാ തദഖിലം ഭവേൽ.

അജ്ഞാനാദ്വാ യദപി ച മയാ ഗ്രന്ഥവിസ്താരഭീതേ-
രാചാര്യാര്യാവിവരണമിദം കല്പിതം സ്വല്പമേവ
വിദ്വാംസോ യേ വിപുലമതയഃ ക്ഷന്തുമർഹന്തി തത്ത-
ച്ചാപല്യോക്തീരിവ ബുധജനാസ്സാനുരാഗാശ്ശിശൂനാം."

ഗണിതപാദവ്യാഖ്യയുടെ അവസാനത്തിൽ "യദിഹ ഘടീഗോപേന പ്രോക്തം കിഞ്ചന ബുധാഃ ക്ഷമധ്വമിദം" എന്നും പ്രാർത്ഥിച്ചിട്ടുണ്ട്. ഘടീഗോപനോ അദ്ദേഹ

ത്തിന്റെ ഗുരുവായ പരമേശ്വരനോ ആരെന്നറിയുന്നില്ല. ഭാഷാവ്യാഖ്യാനം ഇങ്ങനെ ആരംഭിക്കുന്നു.

“നടേ ആര്യഭടാചാര്യൻ ദശഗീതികാസൂത്രാത്മകമായിരിക്കുന്ന പ്രബന്ധം കൊണ്ട് അതീന്ദ്രിയമായിരിക്കുന്ന അർത്ഥജാതത്തെ ഉപദേശിച്ചിട്ട് തന്മൂലന്യായ സിദ്ധമാകുന്ന ഗണിതപാദത്തേയും കാലക്രിയാപാദത്തേയും ഗോളപാദത്തേയും ചൊല്ലുവാനായിട്ട് ഇഷ്ടദേവതാനമസ്കാരം ചെയ്തു ശാസ്ത്രത്തെ ആരംഭിക്കുന്നു.

> ബ്രഹ്മകുശശിബുധഭൃഗുരവികുജഗുരുകോണഭഗണാൻ നമസ്കൃത്യ
> ആര്യഭടസ്ത്വിഹ നിഗദതി കുസുമപുരേ/ഭ്യർച്ചിതം ജ്ഞാനം.

നടേ ശാസ്ത്രകർത്താവാകുന്ന ബ്രഹ്മനേയും ശാസ്ത്രപ്രതിപാദ്യങ്ങളായിരിക്കുന്ന ഭൂമിയേയും ചന്ദ്രനേയും ബുധനേയും ശുക്രനേയും ആദിത്യനേയും കുജനേയും ഗുരുവിനേയും ശനിയേയും നക്ഷത്രങ്ങളേയും നമസ്കരിച്ചിട്ടു കുസുമപുരേഭ്യർച്ചിതം ശാസ്ത്രം നിഗദതി—കുസുമപുരവാസികളാൽ അഭ്യർച്ചിതമായിരിക്കുന്ന ഗണിതകാലക്രിയാഗോളാത്മകമാകുന്ന ജ്ഞാനത്തെ ചൊല്ലുന്നു. ഇവിടെ ഭൂമി തുടങ്ങി നക്ഷത്രഗണാന്തമൊൻപതും ക്രമേണ മുകളിൽ സ്ഥിതങ്ങളാകുന്നു. കുസുമപുരവാസികൾക്ക് ഈ ശാസ്ത്രത്തിങ്കൽ താൽപര്യാധിക്യമുണ്ട്.”

ഒരു ഭാഗംകൂടി ഉദ്ധരിക്കാം.

“ഭൂസാമ്യത്തിന് ഇഷ്ടഭൂപ്രദേശം കഴിച്ച് അതിൽ ജലംകൊണ്ടു പൂരിപ്പൂ. അവിടെ ജലപ്രമാണങ്ങളായിട്ടു പല ശംകുസ്ഥാപനം ചെയ്‌വൂ. പിന്നെ ജലം കളഞ്ഞു മണ്ണുകൊണ്ടു നിറച്ചു തല്ലി ശംകുസമാനതലമാക്കൂ. എന്നാൽ സമാനഭൂവാം.”

കാലക്രിയാപാദത്തിന്റേയും ഗോളപാദത്തിന്റേയും ആരംഭത്തിൽ ആ പാദങ്ങളിലെ പ്രതിപാദ്യം സംസ്കൃതഗദ്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. കൊല്ലം 1009 കന്നി മാസത്തിൽ പകർത്തിയ ഒരു മാതൃക ഈ ഗ്രന്ഥത്തിനു കിട്ടീട്ടുണ്ട്.

## ഇടയ്ക്കാട്ടു ക്കണിയൾ—ചരിത്രം

പനങ്കാട്ടു നമ്പൂരിയുടെ ശിഷ്യനാണ് പ്രശ്നരീതി എന്ന ഭാഷാജ്യോതിഷ ഗ്രന്ഥത്തിന്റെ പ്രണേതാവായ ഇടയ്ക്കാട്ടു ക്കണിയൾ. ഇടയ്ക്കാട്ടു കണിയാങ്കണ്ടി എന്ന ഗൃഹത്തിലായിരുന്നു കണിയാർ ജാതിയിൽപ്പെട്ട പ്രസ്തുത ദൈവജ്ഞന്റെ ജനനം. ബാല്യകാലത്തിൽ അദ്ദേഹത്തിനു പറയത്തക്ക വിദ്യാഭ്യാസം സിദ്ധിച്ചിരുന്നില്ല. തന്റെ അനുജൻ ജ്യോതിസ്തന്ത്രത്തിൽ സാമാന്യം പരിചയമുള്ള ഒരാളായിരുന്നതിനാൽ തനിയ്ക്കും ആ ശാസ്ത്രത്തിൽ അഭിനിവേശം തോന്നുകയും ഒരു ദിവസം ഭംഗിയുള്ള ഒരു ഓലക്കുട കെട്ടിയുണ്ടാക്കി അതുംകൊണ്ടു പ്രശ്നമാർഗ്ഗകർത്താവിനെ സമീപിച്ച് ആ ഉപഹാരം സമർപ്പിച്ചു തന്നെയും ഒരു ദൈവജ്ഞനാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. പനങ്കാട്ട് ആ ശ്രദ്ധാലുവിനെ തന്റെ ശിഷ്യനായി അംഗീകരിച്ചു പ്രശ്നശാസ്ത്രം രഹസ്യമായി പഠിപ്പിച്ചു. ആചാര്യന്റെ അനുഗ്രഹത്താൽ കണിയാർക്ക് ആ വിഷയത്തിൽ വിസ്മയനീയമായ സിദ്ധി കരഗതമായി. പനങ്കാടിന്റെ മരണാനന്തരം കണിയാർ ജ്യോതിഷത്തിൽ ചില ഉപരിഗ്രന്ഥങ്ങൾ പാഴൂരിലും പോയി പഠിച്ചു. ഇടയ്ക്കാടിന്റെ വടക്കുഭാഗത്തു ചാത്തോറത്തു നായർ എന്ന ഒരു ഇടപ്രഭു അക്കാലത്തു ജീവിച്ചിരുന്നു. സന്തത്യഭാവം നിമിത്തം സന്തപ്തനായിരുന്ന അദ്ദേഹം തന്റെ തറവാട്ടിലെ ഒരു യുവതിയുടെ ജാതകം കണിയാരെക്കൊണ്ടു നോക്കിക്കുകയും ആ സ്ത്രീ ഇന്ന ദിവസം ഒരു പെൺകിടാവിനെ പ്രസവിക്കുമെന്നു

കണിയാർ കുറിച്ചുകൊടുക്കുകയും ചെയ്തു. അതുപോലെ സന്താനപ്രാപ്തി സംഭവിച്ചതിനാൽ നായർ ഒരു വിലപിടിച്ച പറമ്പ് അദ്ദേഹത്തിന്റെ പേരിൽ ചാർത്തി അതിൽ ഒരു ഗൃഹവും നിർമ്മിച്ചുകൊടുത്ത് അദ്ദേഹത്തെ ദാരിദ്ര്യത്തിൽനിന്നു വിമുക്തനാക്കി. കണിയൾ (കണികൾ) എന്നതു 'കണിയാർ' എന്ന ശബ്ദത്തിന്റെ രൂപാന്തരമാണ്. ക്രൂക്കണിയൾ എന്നത് ഒരു ബിരുദനാമമാണെന്നറിയുന്നു. പുതിയ ഗൃഹത്തിൽ താമസിക്കുമ്പോൾ കണിയാർക്ക് ഒരു യോഗിയുടെ സാഹചര്യം ലഭിക്കുകയും തദനന്തരം അദ്ധ്യാത്മചിന്തയിൽത്തന്നെ അദ്ദേഹം അവശിഷ്ടമായ ആയുഷ്കാലം നയിക്കുകയും ചെയ്തു. രണ്ടുപേരുടേയും സമാധി ആ ഗൃഹത്തിൽവച്ചുതന്നെയായിരുന്നു. കണിയാരുടെ കാലം കൊല്ലം ഒൻപതാം ശതകത്തിന്റെ പശ്ചാർദ്ധമായിരുന്നു എന്ന് ഇത്രയുംകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ.

## പ്രശ്നരീതി

പ്രശ്നരീതി ഇരുപതദ്ധ്യായങ്ങളിൽ വിരചിതമായ ഒരു ഗ്രന്ഥമാണ്. അതിനു കണിയാന്മാർ എഴുത്തച്ഛന്മാർ മുതലായവരുടെയിടയിൽ ഇന്നും അത്യധികമായ പ്രചാരമുണ്ട്. കവിതയ്ക്കു ഗുണം പോരെങ്കിലും കാര്യഭാഗം ഒന്നും വിട്ടിട്ടില്ല. കണിയാർ മർമ്മജ്ഞനായ ഒരു പ്രാശ്നികനും മന്ത്രവാദത്തിൽ പ്രത്യേകിച്ചു നിഷ്ണാതനും ആയിരുന്നു എന്നു പ്രശ്നരീതിയിൽനിന്നു വെളിപ്പെടുന്നു. ആദ്യത്തെ പന്ത്രണ്ടധ്യായങ്ങൾ പ്രശ്നമാർഗ്ഗത്തിന്റെ ഒരു ലഘുപരാവർത്തനമാണ്.

“ ഗ്രഹങ്ങളെ വണങ്ങീട്ടു ഗ്രഹിപ്പാൻ മന്ദചേതസാം
യത്നം ചെയ്യുന്നിതാവോളം പ്രശ്നരീതികൾ കാട്ടുവാൻ”

എന്നു ഗ്രന്ഥമാരംഭിക്കുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾകൂടി നോക്കുക.

“ ദൈവജ്ഞൻ നിത്യവും പ്രാതഃകാലത്തങ്ങെഴുന്നേറ്റുടൻ
ദേഹശോധനയും ചെയ്തു സ്നാനവുംചെയ്തുകൊണ്ടഥ

നിത്യമായുള്ള കർമ്മങ്ങൾ ചെയ്തു മന്ത്രജപാദിയും
പഞ്ചാംഗവും കണ്ടുകൊണ്ടു ഗ്രഹാണാം ഗണനം പുനഃ

വിധിവൽ ചെയ്തു വന്ദിച്ചു ഗുരുഭൂതനെയും തഥാ
സ്വസ്ഥചിത്തനതായിട്ടു വസിക്കേണമനന്തരം.”

അടിയിൽ ചേർക്കുന്ന ശ്ലോകങ്ങൾ ശത്രുബാധാനിരൂപണപ്രകരണത്തിലുള്ളവയാണ്.

“ സൂര്യചന്ദ്രാംശകക്ഷേത്രേ ബാധകഗ്രഹമാകിലോ
തൽപ്രീതി വരുവാനായി കർമ്മം ബ്രാഹ്മണർ ചെയ്യണം.

കുജക്ഷേത്രാംശകേ നില്ക്കിൽ മണ്ണാൻ ക്രിയകൾ ചെയ്യണം.
കുശവൻതാൻ ബുധന്റേതിൽ, തെയ്യംപാടി ബൃഹസ്പതേഃ,

ശുക്രസ്യ കണിയാൻ വേണം, മന്ദസ്യ മലയൻ ക്രിയാ,
യോഗം മാന്ദിയുടേ ദൃഷ്ടി ത്രികോണംതാൻ ഭവിക്കിലോ

ബാധിക്കുന്ന ഗ്രഹത്തിന്നു പുലയൻതന്നുടേ ക്രിയാ,
മലയൻ രാഹുയോഗാദൌ, കേതോസ്തു പറയൻ ക്രിയാ.”

പന്ത്രണ്ടാമധ്യായത്തിൽ കുട്ടിച്ചാത്തൻ, രുധിരമോഹിനി, ഭൂതത്താൻ, ജലയക്ഷി, പുലച്ചാമുണ്ഡി, വീരഭദ്രൻ, കരകലക്കി, വേട്ടക്കരുമകൻ, കല്ലുരുട്ടിനാഗം, രക്തേശ്വരി, മലദൈവം എന്നിങ്ങനെ പല ബാധകളെപ്പറ്റിയും പ്രസ്താവിക്കുന്നു.

## ജാതകർമ്മപദ്ധതി ഭാഷ

ശ്രീപതിയുടെ ജാതകർമ്മപദ്ധതിക്കു വടശ്ശേരി പരമേശ്വരൻനമ്പൂരിയുടെ സംസ്കൃത വ്യാഖ്യയ്ക്കുപുറമെ ഒരു ഭാഷാവ്യാഖ്യാനവുമുണ്ട്, വ്യാഖ്യാതാവ് ആരെന്നറിയുന്നില്ല. ആ ഗ്രന്ഥം ഇങ്ങനെ ഉപക്രമിക്കുന്നു.

"അവിടെ നടേ ആചാര്യൻ ഗുരുപ്രമാണത്തെ മുൽപ്പെടുത്തു ചികീർഷിതത്തെ പ്രതിജ്ഞ ചെയ്യുന്നു 'നത്വാ താം ഗുരു ദേവതാം' . . . ഇതി ഈവണ്ണമെല്ലാമിരിക്കുന്ന ഞാൻ—ശ്രീപതി—ഗുരുവാകുന്ന ദേവതയെ സ്മരിച്ചു, ശിഷ്യപ്രാർത്ഥന ഹേതുവായി ഒട്ടൊഴിയാതെയുള്ള ഹോരാശാസ്ത്രങ്ങളുടെ അർത്ഥങ്ങളെ പിന്നെയും പിന്നെയും വിചാരിച്ചു ഹോരാവിത്തുകളുടെ പ്രീതിക്കായിക്കൊണ്ടു ജാതകകർമ്മപദ്ധതി എന്നൊരു ഗ്രന്ഥത്തെ ചമയ്ക്കുന്നേൻ. അതീതാനാഗതവർത്തമാനങ്ങളിലെ പുണ്യപാപഫലത്തെ അറിവാൻ ഹേതുവായിരുന്നു ഗുരുപ്രസാദം; ഗുരുപ്രസാദലബ്ധബോധനായിരുന്നു ഞാൻ."

"അനന്തരം ജാതകം ഗണിപ്പാനുള്ള സാധനത്തെച്ചൊല്ലുന്നു 'ജ്ഞേയോത്ര പ്രഥമം . . . ' ഇതി. അവിടെ നടേ പിന്നെ നേരത്തേ ഛായക്കൊണ്ടുതാൻ നാഴികവട്ടകകൊണ്ടുതാൻ സൂക്ഷിച്ചറിഞ്ഞു് അക്കാലത്തിങ്കലേക്ക് ഉദയലഗ്നഗ്രഹസ്ഫുടങ്ങൾ എന്നിവറ്റെ ദൃക്സംവാദമുള്ള സിദ്ധാന്തംകൊണ്ടു പലയാവൃത്തി ഗണിച്ച് ഉണ്ടാക്കണം. പിന്നെ ഗ്രഹങ്ങളുടെ ത്രിംശാദിസ്ഥാനങ്ങളിലെ ദൃഷ്ടിവിശേഷം; പിന്നെ ഗ്രഹങ്ങൾ തങ്ങളിലെ ദൃഷ്ടിവിശേഷം; പിന്നെ ഓരോരോ ഗ്രഹങ്ങൾക്ക് ആറാറുബലങ്ങൾ; എന്നിവറ്റിന്റെ പരിണാമത്തെ ഉണ്ടാക്കണം."

## ജാതകലേഖനക്രമം

ജാതകം എഴുതേണ്ടതിന്റെ രീതി വിവരിക്കുന്ന ഭാഷാഗ്രന്ഥങ്ങൾ ഒന്നിലധികംമാതിരിയിൽ കാണ്മാനുണ്ട്. ഇവ പ്രായേണ ഗദ്യത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഇടയ്ക്ക് പല ഭാഗങ്ങളും പദ്യത്തിലും എഴുതിച്ചേർത്തിരിക്കുന്നു. പ്രണേതാക്കന്മാരെപ്പറ്റി ഒരറിവുമില്ല. ഒരു മാതൃകയിൽനിന്നു ചില പംക്തികൾ ചുവടേ ചേർക്കുന്നു.

"ജാതകമെഴുതുവാനുള്ള ക്രമങ്ങൾ ചൊല്ലുന്നു. നടേതന്നെ ഗണപതിക്കു കുറിച്ചു പിന്നെ ഗണപതി, സരസ്വതി, നവഗ്രഹങ്ങൾ, ത്രിമൂർത്തികൾ എന്നിവരെക്കൊണ്ടുള്ള സ്തുത്യമായിരിക്കുന്ന ശ്ലോകം എഴുതു. പിന്നെ പിറന്ന ദിവസത്തെ കലിക്കു പേരിട്ടു. അതിനെ എഴുതു. പിന്നെ ദ്രേക്കാണമെഴുതു. മേടലഗ്നമാകിൽ മേഷാദി ദ്രേക്കാണലഗ്നജാതസ്യ, മേഷമധ്യദ്രേക്കാണലഗ്നജാതസ്യ, മേഷാന്ത്യദ്രേക്കാണലഗ്നജാതസ്യ, ഇങ്ങിനെ യാതൊരു ലഗ്നത്തിനും രാശിയും ദ്രേക്കാണവും കൂട്ടിയിട്ടു, പുരുഷജാതകമെങ്കിൽ 'ജാതസ്യ' സ്ത്രീജാതകമെങ്കിൽ 'ജാതായാ' ഇങ്ങനെ എഴുതിയാൽ നാമധേയമെഴുതു. ശർമ്മ, വർമ്മ, ഗുപ്ത, ദാസ എന്നിങ്ങനെ ചതുർവർണ്ണക്രമം. ബ്രാഹ്മണനാകിൽ നാരായണശർമ്മണോ ʃയമഹർഗ്ഗണഃ, ക്ഷത്രിയനാകിൽ ആദിത്യവർമ്മണോ ʃയമഹർഗ്ഗണഃ . . . യാതൊരു പേരെന്നാൽ അതിനെച്ചൊല്ലി എഴുതിയേപ്പു . . . മറ്റുള്ള വർഗ്ഗങ്ങൾക്കു നാമധേയസ്യാ യമഹർഗ്ഗണഃ എന്ന് എഴുതിയേപ്പൂ. എല്ലാ വർഗ്ഗങ്ങൾക്കും നാമധേയസ്യായമഹർഗ്ഗണഃ എന്നെഴുതുന്നു

ചിലർ. പിന്നെ 'അഥ തൽക്കാലഗ്രഹവാക്യാനി വക്ഷ്യന്തേ' എന്നെഴുതു. പിന്നെ ഗണിക്ക. സ്ഫുടമെഴുതു പിന്നെ; ഏവം സൂര്യാദികേതുപര്യന്താനാം സ്ഥലഗ്നളികാനാം എന്നെഴുതു. അഥ കലിദിനാദാരഭ്യ എന്നെഴുതു. പിന്നെ കലിദിവസത്തെ ഭാഷയായെഴുതു. പിന്നെശ്ശനി, പിന്നെ വ്യാഴം, പിന്നെ കൊല്ലസംഖ്യ, പിന്നെ മാസം, പിന്നെ തീയതി, പിന്നെ ആഴ്ച, പിന്നെ നാൾ, പിന്നെ പക്കം, പിന്നെ രാശി, പിന്നെ രാശിയിൽച്ചെന്ന നാഴികയും വിനാഴികയും എഴുതു. പിന്നെ ഷഡ്വർഗ്ഗമെഴുതു."

ഇടയ്ക്കിടയ്ക്കു പദ്യമുണ്ടെന്നു പറഞ്ഞുവല്ലോ. ലഗ്നരാശി ഫലങ്ങൾ വസന്തതിലക വൃത്തത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു നോക്കുക.

" മേടം പിറന്നവനു കോപമനേകമുണ്ടാം;
വാക്കിന്നിടർച്ച തുടരും; മെലിയും ശരീരം;
ദേശാന്തരേപിച നടപ്പിതു; ലുബ്ധനാകും;
സൗഖ്യം കുറഞ്ഞിടുമഹോ; പ്രഭുവാം സഭായാം."

## കരണപദ്ധതി ഭാഷ

പുതുമനച്ചോമാതിരിയുടെ കരണപദ്ധതിക്ക് ഒരു ഭാഷാവ്യാഖ്യാനമുണ്ടെന്ന് ഇരുപത്തൊന്നാമദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. താഴെക്കാണുന്ന വിധത്തിലാണ് ആ വ്യാഖ്യാനത്തിന്റെ ഗതി.

"കരണപദ്ധതിയായ ഗ്രന്ഥത്തെ ചമപ്പാൻ തുടങ്ങുന്ന ആചാര്യൻ അതിന്റെ അവിഘ്നപരിസമാപ്തിക്കായിക്കൊണ്ടു തന്റെ ഗുരുവിനെ സ്മരിക്കുന്നു. "മദീയഹൃദയാകാശേ . . . തിമിരാരുണഃ"—അജ്ഞാനതിമിരാരുണഃ ചിദാനന്ദമയഃ ഗുരുഃ മദീയഹൃദയാകാശേ സതതം സമ്യക് ഉദേതു—അജ്ഞാനമാകുന്ന ഇരുട്ടിന് ആദിത്യനായി ചിദാനന്ദമയനായിരിക്കുന്ന ഗുരുവ് എന്റെ മനസ്സാകുന്ന ആകാശത്തിങ്കൽ എപ്പോഴും വഴിപോലെ ഉദിക്കണമേ.

'മാർത്താണ്ഡാദീൻ . . . കാപി പദ്ധതിഃ'—നടയത്തെ ശ്ലോകംകൊണ്ടു ഗുരുസ്മരണ ചെയ്തിട്ട് ഈ ഗ്രന്ഥത്തിൽ പ്രതിപാദ്യന്മാരായിരിക്കുന്ന സൂര്യാദി ഗ്രഹങ്ങളെ നമസ്കരിച്ചിട്ടു ചികീർഷിതപ്രതിജ്ഞചെയ്യുന്നു ഈ ശ്ലോകംകൊണ്ട്. മാർത്താണ്ഡാദീഗ്രഹാൻ നത്വാ തൽപ്രസാദാൽ ഗുണഹാരഗുണാദീനാം കരണേ കാപി. പദ്ധതിഃ വിലിഖ്യതേ—ആദിത്യൻ തുടങ്ങിയുള്ള ഗ്രഹങ്ങളെ നമസ്കരിച്ചിട്ട്, അവരുടെ പ്രസാദം ഹേതുവായിട്ടു ഗുണഹാരങ്ങൾ, ഹാരകങ്ങൾ, ജ്യാക്കൾ തുടങ്ങിയുള്ളവറ്റിന്റെ ആനയനത്തിലേക്ക് ഒരു മാർഗ്ഗം എന്നാൽ എഴുതപ്പെടുന്നു. കരണേ കാപി പദ്ധതിഃ എന്നതിനെക്കൊണ്ടു കരണപദ്ധതി എന്നീ ഗ്രന്ഥത്തിനു പേരാകുന്നതു് എന്നു ചൊല്ലിയതായി."

## ജാതകഫലം

ജാതകഫലത്തിൽ ആദ്യം കുറേ ഭാഗം മണിപ്രവാളശ്ലോകങ്ങളും പിന്നീടു സംസ്കൃതശ്ലോകങ്ങളും ഘടിപ്പിച്ചിരിക്കുന്നു. കർത്താവിനെപ്പറ്റി ഒന്നും അറിവില്ല. ഗ്രന്ഥം ആരംഭിക്കുന്നതു ഇങ്ങനെയാണ്.

" ഗുരുക്കന്മാരെ വന്ദിച്ചിട്ടവരാലുക്തമായതിൽ
ചുരുക്കിജ്ജാതകഫലം കുറഞ്ഞൊന്നിഹ ലിഖ്യതേ.

മൂർത്തിയും കീർത്തിയും സ്ഥാനം ത്രീണി ലഗ്നേന ചിന്തയേൽ,

അർത്ഥവും നേത്രവും വാക്കും ദ്വിതീയേന കുടുംബവും,

വീര്യവും വിക്രമം സ്ഥൈര്യം സോദരം ച തൃതീയതഃ
ചതുർത്ഥേന സുഖം ബന്ധും ഗൃഹാൻ മരുമകൻ തഥാ

വിദ്യയും ക്ഷേത്രമമ്മാവൻ പശുക്കളിവ ചിന്തയേത്
പഞ്ചമാൽ ബുദ്ധി പുത്രഞ്ച പൂർവപുണ്യമമാതൃരും,

മനസ്സും ബുദ്ധിയും ദേഹം രക്തം സുഖവുമമ്മയും
കൃഷിയും വെള്ളവും നെല്ലും രാത്രിയും ചന്ദ്രതോ വദേത്,

വ്യാധിയും മൃത്യുവും ദുഃഖം വധുവും നീചവൃത്തിയും
ദാസഭൃത്യാദിയും ജ്ഞാനം സ്നായുവും മന്ദതോ വദേത്."

## ഏകവിംശതിപ്രശ്നക്രമം

കേളല്ലൂർ ചോമാതിരിയുടെ തന്ത്രസങ്ഗ്രഹത്തിൽ പ്രതിപാദിതമായിട്ടുള്ള ദശപ്രശ്നക്രമമനുസരിച്ച രചിച്ചിട്ടുള്ളതാണ് ഈ ഭാഷാഗ്രന്ഥം. കർത്താവരെന്നും കാലം ഏതെന്നും നിർണ്ണയമില്ല. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കാണുന്നു.

" യസ്സൂര്യാചന്ദ്രനേത്രസ്സരിദധിപസുതാ-
തുങ്ഗവക്ഷോജലഗ്നൈഃ
കാശ്മീരൈർല്ലോഹിതാങ്ഗോ ബുധമഹിതപദഃ
ശ്രീഗുരുർവിഷ്ണുപാനാം
സ്വച്ഛശ്രീമന്ദഹാസഃ ഫണിപതിശയന-
സ്താർക്ഷ്യകേതുഃ പരന്ത-
ജ്ജ്യോതിശ്ശാസ്ത്രാവഗമ്യസ്സ ഭവതു ഭവതഃ
ശ്രേയസേ പദ്മനാഭഃ.

നാനാശാസ്ത്രപയോധിതന്നിലുളവാം സദ്യുക്തിശുക്ത്യുദ്ഭവ-
പ്രൗഢാർക്കസ്ഫുടമൗക്തികാവലി ധരിച്ചീടും ഭവാനാൽ പരം
വിജ്ഞേയം പുനരേകവിംശതിവിധപ്രശ്നക്രമം ഭാഷയായ്
വിസ്താരേണ വിലിഖ്യ പത്രികയിലിന്നൻപോടു സംപ്രേഷയേ

തന്ത്രസംഗ്രഹസംപ്രോക്തദശപ്രശ്നാനുസാരതഃ
അത്രൈകവിംശതിപ്രശ്നക്രമസ്താവദ്വിലിഖ്യതേ."

ഈ ഗ്രന്ഥകാരൻ ഒരു നല്ല കവിയുമായിരുന്നുവെന്ന് ആദ്യത്തെ രണ്ടു ശ്ലോകങ്ങളും തെളിയിക്കുന്നു. ഗദ്യത്തിലാണ് ഏകവിംശതിപ്രശ്നക്രമം നിർമ്മിച്ചിരിക്കുന്നത്. അതിന്റെ മാതൃകകൂടി കാണിക്കാം.

"അനന്തരം ഏകവിംശതിപ്രശ്നോത്തരത്തെ ചൊല്ലുവാൻ തുടങ്ങുന്നേടത്തു നടേ അതിന്റെ സ്വരൂപത്തെ ചൊല്ലുന്നു. രണ്ടു രാശികളുടെ യോഗം, അന്തരം, ഘാതം, വർഗ്ഗയോഗം, വർഗ്ഗാന്തരം, ഘനയോഗം, ഘനാന്തരം ഇങ്ങനെ ഏഴിൽവെച്ച രണ്ടു വസ്തു അറിഞ്ഞാൽ ആ രാശികളെ വെവ്വേറെ അറിയാം. ഇത് ഇരുപത്തൊന്നു പ്രകാരം അറിയാം എന്നതിനെ കാട്ടുന്നു. യോഗം അന്തരാദി ആറിനോടും

കൂട്ടുമ്പോൾ ആറു പ്രകാരം; അന്തരം ഘാതാദി അഞ്ചിനോടും കൂട്ടുമ്പോൾ അഞ്ചു പ്രകാരം; ഘാതം വർഗ്ഗയോഗാദി നാലിനോടും കൂട്ടുമ്പോൾ നാലുപ്രകാരം; . . . ഘനം ഘനാന്തരത്തോടു കൂട്ടുമ്പോൾ ഒരു പ്രകാരം."

## ഹോരാവ്യാഖ്യ ഭാഷ

വരാഹമിഹിരന്റെ ഹോരയ്ക്കു വിശദമായ ഒരു ഭാഷാവ്യാഖ്യാനമുണ്ട്. അതു 943-ൽ പകർത്തിയെഴുതിയതായി രേഖ കാണുന്നതുകൊണ്ടും ഭാഷാശൈലിയുടെ സ്വഭാവത്തിൽ നിന്നും ഒൻപതാം ശതകത്തിലെ ഒരു കൃതിയായിരിക്കാമെന്നു തോന്നുന്നു. വ്യാഖ്യാതാവു് ആരെന്നറിയുന്നില്ല. മാതൃക കാണിക്കുവാൻ ഇരുപത്താറാമദ്ധ്യായത്തിലെ ഒരു ശ്ലോകവും അതിന്റെ ഭാഷാനുവാദവും ഉദ്ധരിക്കാം.

> " ഗുരുരുഡുപതിശുക്രൗ സൂര്യഭൗമൗ യമജ്ഞൗ
> വിബുധപിതൃതിരശ്ചോ നാരകീയാംശ്ച കുര്യുഃ
> ദിനകരശശിവീര്യാധിഷ്ഠിതാർത്ത്ര്യംശനാഥാൽ
> പ്രവരസമനികൃഷ്ടാസ്തുംഗഹ്രാസാദനൂകേ"

എന്നതു്. ഈ ശ്ലോകംകൊണ്ടു പൂർവജന്മത്തിലെ അവസ്ഥയെ സംക്ഷേപിച്ചു ചൊല്ലുന്നു. ജന്മത്തിങ്കൽ ചന്ദ്രനോ ആദിത്യനോ ബലമുള്ളു എന്നറിഞ്ഞു ബലമേറിയവൻ നില്ക്കുന്ന ദ്രേക്കാണത്തിനുടയതു വ്യാഴമെങ്കിൽ പൂർവജന്മത്തിങ്കൽ ദേവലോകത്തിൽ ഇരുന്നിട്ടു് അവിടെനിന്നു പോന്നിവിടെ പിറന്നു എന്നു ചൊല്ലുക. ചന്ദ്രൻതാൻ ശുക്രൻതാൻ അദ്രേക്കാണത്തിനുടയവനാകിൽ പിതൃലോകത്തിൽ ഇരുന്നിട്ടു് അവിടെനിന്നു് ഇവിടെപ്പോന്നു പിറന്നു എന്നു ചൊല്ലുക. ആ ദ്രേക്കാണത്തിന്നു് ആദിത്യൻതാൻ ചൊവ്വതാൻ ഒരുത്തൻ ഉടയവനാകിൽ പശു പക്ഷി തുടങ്ങിയുള്ള തിര്യഗ്യോനികളിൽ ഇരുന്നിട്ടു് അവിടെ നിന്നു് ഇവിടെപ്പോന്നുപിറന്നു എന്നു ചൊല്ലുക. പിന്നെ ശനിതാൻ ബുധൻതാൻ ഒരുത്തൻ ദ്രേക്കാണത്തിന്നുടയവനാകിൽ കൃമികീടാദിനരകലോകത്തിങ്കൽ ഇരുന്നിട്ടു് അവിടെനിന്നു വന്നു് ഇവിടെ പിറന്നു എന്നു ചൊല്ലുക. അവിടെ വ്യാഴമാദിയായുള്ള ഗ്രഹങ്ങൾ തങ്ങളുടെ ഉച്ചത്തിങ്കൽ നിന്നു എങ്കിൽ സ്വർഗ്ഗാദിലോകത്തിങ്കൽ ശ്രേഷ്ഠന്മാരായിരിക്കും. ഇവർ തന്റെ നീചത്തിൽ നില്ക്കിൽ പൂർവജന്മത്തിങ്കൽ സ്വർഗ്ഗാദിയായിച്ചൊല്ലിയ ലോകത്തിങ്കൽ നികൃഷ്ടന്മാരായിരിക്കും. പിന്നെ ഉച്ചത്തിന്റേയും നീചത്തിന്റേയും ഇടയിൽ നില്ക്കിൽ സ്വർഗ്ഗാദിലോകത്തിങ്കൽ മധ്യമന്മാരായിരിക്കും."

## ജാതകസാരം

ഈ ഗ്രന്ഥത്തിൽ പ്രമാണശ്ലോകങ്ങൾ സംസ്കൃതത്തിലും അവയുടെ ഏകദേശവിവരണം ഭാഷയിലും രചിക്കപ്പെട്ടിരിക്കുന്നു. പക്ഷെ പ്രമാണശ്ലോകകാരൻ മറ്റൊരു കവിയായിരിക്കാം. ഭാവചിന്ത, ആയുർന്നിരൂപണം മുതലായി ഏഴു് അധ്യായങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. അഷ്ടവർഗ്ഗാധ്യായമാണു് അന്തിമം. ഭാഷ ഒമ്പതാം ശതകത്തിലേതാണെന്നു തോന്നുന്നു.

> " വന്ദേ ഗിരീശം ഗിരിജാസമേതം
> കൈലാസശൈലേന്ദ്രഗുഹാഗൃഹസ്ഥം
> അങ്കേ നിഷണ്ണേന വിനായകേന
> സ്കന്ദേന ചാത്യന്തസുഖായമാനം"

എന്നതാണ് മംഗലാചരണശ്ലോകം. ഭാഷാഗദ്യത്തിന്റെ ഒരു ഭാഗം പകർത്താം.

"സന്തതിയും കളത്രവും നിരൂപിക്കേണ്ടുമ്പോൾ അതേതുകാലത്തുണ്ടാവൂ എന്നു നിരൂപിക്കേണ്ടിവരും. അപ്പോൾ കാലത്തിന്റെ ആനുകൂല്യവും നിരൂപിക്കണം. അപ്പോൾ എത്രനാളത്തേക്കുണ്ട് ഇവരുടെ ആയുസ്സ് എന്നു നിരൂപിക്കണം. അപ്പോൾ ബാലാരിഷ്ടമുണ്ട് പിറക്കുന്നപ്പോളെങ്കിൽ ആയരിഷ്ട കർത്തൃഗ്രഹങ്ങളുടെ ദശാപഹാരങ്ങളും ആകാതെവന്നു ഞായം. എന്നിട്ടു ബാലാരിഷ്ടവും സൂക്ഷിക്കേണ്ടിവരും. അപ്പോഴെ നടേ ജന്മകാലം സൂക്ഷിച്ച് അറിഞ്ഞുകൊള്ളണം. ജന്മകാലത്തെ ഗ്രഹങ്ങളേയും ഗുളികനേയും സൂക്ഷിച്ച വരുത്തിലഗ്നത്തെ ദേഹമെന്നു കല്പിച്ചിട്ട് അതാദിയായി പന്ത്രണ്ടു ഭാവങ്ങളേയും നിരൂപിക്ക."

## പ്രശ്നമാല ഭാഷ

"ജാതകസാരങ്ങളിലും പ്രശ്നസാരങ്ങളിലും ദൂതലക്ഷണംനിമിത്തം ശകുനാദികൾ, സ്ഫുടപരീക്ഷകൾ ഇങ്ങനെ തുടങ്ങി പറഞ്ഞിരിക്കുന്ന ലക്ഷണങ്ങളെ ഓരോന്നിനെ ക്രമത്താലേ അറിഞ്ഞവണ്ണം ബാലപ്രബോധമായിട്ട് എടുത്തെഴുതുന്നു" എന്നുള്ള ഉപക്രമത്തോടു കൂടി പ്രശ്നമാല എന്ന പേരിൽ ഒരു ജ്യോതിഷഗ്രന്ഥം വിരചിതമായി കാണുന്നു. അത് ഒൻപതാം ശതകത്തിലേയോ പത്താംശതകത്തിലേയോ ഒരു കൃതിയെന്ന് അനുമാനിക്കാവുന്നതാണ്. അനവധി സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതിനു പുറമേ ഗ്രന്ഥകാരൻ

" അർക്കാദ്യഷ്ടകവർഗ്ഗങ്ങൾ വാക്യംകൊണ്ടിഹ ചൊല്ലി ഞാൻ;
ശൂന്യാക്ഷരങ്ങൾ വന്നേടം ദശമസ്ഥാനമായ്‌വരും"

എന്നും മറ്റും ചില ഭാഷാശ്ലോകങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്.

## പ്രശ്നപ്രകാശിക

പ്രശ്നപ്രകാശികയും പ്രശ്നസംബന്ധമായുള്ള ഒരു ജ്യോതിഷഗ്രന്ഥമാകുന്നു. മിക്കവാറും ഭാഗങ്ങൾ വിവിധവൃത്തങ്ങളിലുള്ള പദ്യങ്ങളിലാണ് വിരചിതമായിരിക്കുന്നത്. ആകെ ഏഴധ്യായങ്ങളുണ്ട്. പദ്യങ്ങൾക്ക് ഗുണം കുറയും. ഈ ദോഷം പ്രായേണ പദ്യാത്മകങ്ങളായുള്ള സകല ഭാഷാജ്യോതിഷഗ്രന്ഥങ്ങളേയും ബാധിക്കുന്നതാണെന്നും അനുസ്മരിക്കേണ്ടതുണ്ട്. വസ്തുപ്രപഞ്ചനത്തിലേ അവയുടെ നിർമ്മാതാക്കൾ ശ്രദ്ധിച്ചിരുന്നുള്ളൂ. പ്രശ്നപ്രകാശികയുടെ പ്രഥമാധ്യായത്തിൽനിന്ന് രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

" പ്രശ്നംവച്ചാൽ നടേ സൂക്ഷ്മമളപ്പൂ അടി നേരവും
അതുകൊണ്ടു പുലർന്നുള്ള നാഡികാദീൻ വരുത്തുക.

തൽകാലലഗ്നസമയമർക്കാദീനാം സ്ഫുടങ്ങളും."
പ്രശ്നനിര്യാണവും പിന്നെ വരുത്തു ത്രിസ്ഫുടങ്ങളും."

## ലീലാവതീഭാഷ

ലീലാവതിക്കും ഭാഷാഗദ്യത്തിൽ നല്ല ഒരു വ്യാഖ്യാനം ലഭിച്ചിട്ടുണ്ട്. വ്യാഖ്യാതാവിനെപ്പറ്റി ഒരറിവുമില്ല. താഴെക്കാണുന്നവ ആ ഗ്രന്ഥത്തിന്റെ ആരംഭത്തിലുള്ള ചില പംക്തികളാകുന്നു.

“വരാടകാനാം . . . ” —ഇവിടെ ദ്രവ്യത്തിന്റെ ഓരോ സംജ്ഞകളെ ചൊല്ലുന്നു. വരാടകങ്ങൾ ഇരുപതു കൂടിയതു കാകണി. കാകണി നാലുകൂടിയതു പണം. പണം പതിനാറുകൂടിയതു ദ്രമ്മം. ദ്രമ്മം പതിനാറു കൂടിയതു നിഷ്കം . . . ‘യവോദരൈരംഗുലമഷ്ടസംഖ്യൈഃ . . . ’—ഇവിടെ ഭൂമിവൃക്ഷാദികളെ അളപ്പാനുള്ള മാനങ്ങളുടെ സംജ്ഞകളെചൊല്ലുന്നു. യവോദരങ്ങൾ എട്ടു കൂടിയതു് അംഗുലം. അംഗുലം ഇരുപത്തിനാലു കൂടിയതു ഹസ്തം. ഹസ്തമൊന്നു മുഴക്കോൽ—ഹസ്തം നാലു കൂടിയതു ദണ്ഡം. ദണ്ഡം രണ്ടായിരം കൂടിയതു ക്രോശം. ക്രോശമെന്നതു കൂവീടു്. ക്രോശം നാലു കൂടിയതു് യോജന. യോജന എന്ന കാതം വഴിയേ ചൊല്ലുന്നു. അവ്വണ്ണമേ പത്തു മുഴക്കോൽ കൂടിയതു് ഒരു വംശം. വംശം ഇരുപതുകൂടിയതു നിവർത്തനം. ഇങ്ങനെ പിന്നെ നാലു ഭുജങ്ങളോടു കൂടിയിരിക്കുന്ന ഭൂഖണ്ഡത്തിന്നു ക്ഷേത്രം എന്നു സംജ്ഞ.”

## പക്ഷിശാസ്ത്രം

പക്ഷിശാസ്ത്രത്തിനു പഞ്ചപക്ഷിശാസ്ത്രമെന്നും പേരുണ്ടു്. ഇടയ്ക്കിടയ്ക്കു ചില ശ്ലോകങ്ങൾ മണിപ്രവാളത്തിൽക്കൂടി ഘടിപ്പിച്ചിരിക്കുന്നതിനാൽ ഈ ഗ്രന്ഥം കേരളീയമാണെന്നുള്ളതിനു സംശയമില്ല. ഗ്രഹങ്ങളെക്കൊണ്ടു നിർണ്ണയിക്കാവുന്ന ഭാവിഫലവും മറ്റും പരുന്തു്, പുള്ളു്, കാക്ക, കോഴി, മയിൽ എന്നീ അഞ്ചു പക്ഷികളെക്കൊണ്ടു നിർണ്ണയിക്കാം എന്നാണു് പക്ഷിശാസ്ത്രപ്രസ്ഥാനത്തിലെ സിദ്ധാന്തം. ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു് അഗസ്ത്യമഹർഷിയാണത്രേ. തമിഴ്നാട്ടിലാണു് അതിന്റെ ഉൽപത്തി. ചില ശ്ലോകങ്ങൾ പകർത്തുന്നു.

“ നത്വാ വിഘ്നേശ്വരം വാണീം പഞ്ചപക്ഷിനിദർശനം
പുരാഗസ്ത്യേന ദേവേഭ്യഃ പ്രോക്തം സംക്ഷിപ്യതേ മയാ.

ഭേരണ്ഡകചകോരാഖ്യകാകകുക്കുടകേകിനഃ
ശ്വേതപീതാരുണശ്യാമനീലാഃ സ്യുഃ പഞ്ച പക്ഷിണഃ

ജാത്യാ തേ ബ്രഹ്മവിട് ക്ഷത്രശൂദ്രചണ്ഡാലകാഃ ക്രമാൽ
വാളും വില്ലും ചുരികയും കുന്തം ഗദയുമായുധം.

പുള്ളുത്തമാങ്ഗേ ഭുജയോശ്ചകോരഃ
കാകോഥ വക്ഷസ്യുദരേ ച കോഴി
ഊർവോരധസ്താദപി നീലകണ്ഠോ
ദേഹേ തു പക്ഷിസ്ഥിതിരേവമുക്താ.

ശ്യേനോ ഭൗമാർക്കയോർദ്ദേശഃ പിങ്ഗലോ ബുധചന്ദ്രയോഃ
ഗുരുഭാർഗ്ഗവമന്ദാനാം കാകകുക്കുടകേകിനഃ”

## മുഹൂർത്തദർശനം ഭാഷ

വിദ്യാമാധവന്റെ വിദ്യാമാധവീയം എന്നുകൂടി പേരുള്ള മുഹൂർത്തദർശനത്തിനു വിസ്തൃതവും വിശിഷ്ടവുമായ ഒരു ഭാഷാവ്യാഖ്യാനമുണ്ടു്. വ്യാഖ്യാതാവു് ആരെന്നറിവില്ല. ആ ഗ്രന്ഥത്തിന്റെ രീതി കാണിക്കുവാൻ,

“ സ്വകീയശാസ്ത്രേ ബഹുശോപശബ്ദാ-
നമീ വദന്തീതി ജഗൽപ്രസിദ്ധം
സുദുസ്സഹം തൽ പരിവാദശല്യം
മൗഹൂർത്തികാനാമപഹർത്തുകാമഃ

വസിഷ്ഠവാഗീശ്വരഗാർഗ്ഗ്യമുഖ്യൈർ-
മ്മനീഷിഭിർവിസ്തരതഃ കൃതേഷു
ശാസ്ത്രേഷു ബുദ്ധ്യാ പരിഗൃഹ്യ സാരം
ലോകോപകാരായ ച കീർത്തയേ ച

ശ്രുതാഖിലവ്യാകരണോഹമുത്തമൈഃ
പദൈരദോഷൈഃ കൃതപദ്യഗുംഫനം
വിചിത്രവൃത്തം ലഘു സമ്മതം സതാ-
മിദം വിധാസ്യാമി മുഹൂർത്തദർശനം”

എന്നീ മൂന്നു ശ്ലോകങ്ങളുടെ വ്യാഖ്യാനം ചുവടെ പകർത്തുന്നു.

“ഞാൻ വസിഷ്ഠവാഗീശ്വരഗാർഗ്ഗ്യന്മാർ തുടങ്ങിയുള്ള മഹർഷിമാരാൽ വിസ്താരത്തോടുകൂടി ചമയ്ക്കപ്പെട്ടിരിയ്ക്കുന്ന ശാസ്ത്രങ്ങളിലെ സാരത്തെ ബുദ്ധികൊണ്ടു പരിഗ്രഹിച്ച് ഈ മുഹൂർത്തദർശനമാകുന്ന പ്രകരണത്തെ ചമയ്ക്കുന്നുണ്ട്. ‘ലോകോപകാരായ ച കീർത്തയേ ച”—ശുഭകർമ്മങ്ങളെ ചെയ്യേണ്ടുന്ന ലോകരുടെ ഉപകാരത്തിന്നായിക്കൊണ്ടും കീർത്തിക്കായിക്കൊണ്ടും, ചകാരാൽ, പുരുഷാർത്ഥചതുഷ്ടയപ്രാപ്തിക്കായിക്കൊണ്ടും പ്രീതിക്കായിക്കൊണ്ടും ഇങ്ങനെ ചമയ്ക്കുന്നു. പിന്നെ പ്രയോജനാന്തരത്തെ ചൊല്ലുന്നു. ഇമ്മൗഹൂർത്തികന്മാർ തങ്ങളുടെ ശാസ്ത്രത്തിങ്കൽ പല അപശബ്ദങ്ങളെ ചൊല്ലുന്നോർ എന്നിങ്ങനെ ലോകത്തിങ്കൽ പ്രസിദ്ധന്മാരായിരിക്കുന്ന മൗഹൂർത്തികന്മാരുടെ ഒളിയമ്പിനെ പറിച്ചു കളവാനായിക്കൊണ്ട് ഇച്ഛിക്കുന്നോൻ ഞാൻ. ഏറ്റവും സഹിക്കപ്പെടുവാൻ അരുതാത്തോന്നല്ലോ പരിവാദശല്യം. എന്നിട്ടു ‘ശ്രുതാഖിലവ്യാകരണഃ’—പാണിനീയശാകടായനാദിവ്യാകരണങ്ങൾ എല്ലാറ്റെയും കേട്ടിരുന്നോരുത്തൻ ഞാൻ. ആകയാൽ പ്രസാദമാധുര്യാദിഗുണങ്ങളോടു കൂടി അസാധുത്വാനർത്ഥക്യാദിദോഷങ്ങളോടു വേർപെട്ടിരിക്കുന്ന പദങ്ങളെക്കൊണ്ടു ചെയ്യപ്പെട്ടിരിക്കുന്ന പദ്യബന്ധത്തോടു കൂടിയിരുന്നു മുഹൂർത്തദർശനം. ‘വിചിത്രവൃത്തം’—നാനാവിധങ്ങളായ വൃത്തങ്ങളോടുകൂടിയിരിക്കുന്നു. ‘ലഘു’—അല്പഗ്രന്ഥം ആയിരിക്കുന്നു. ‘സതാം സമ്മതം’—സജ്ജനങ്ങൾക്ക് ഏറ്റവും ഇഷ്ടമായിരിക്കുന്നു. ഇങ്ങനെ ഇരിക്കുന്ന മുഹൂർത്ത ദർശനത്തെ ചമയ്ക്കുന്നുണ്ട്. ‘മുഹൂർത്തദർശനം’ എന്നതുകൊണ്ടു ശുഭക്രിയകളിലെ കാലനിരൂപണം. ഇതിങ്കൽ അഭിധേയമാകുന്ന വിഷയമാകുന്നത് എന്നു ചൊല്ലപ്പെട്ടു. ശുഭകർമ്മങ്ങൾക്കു വേദവിഹിതത്വമുണ്ടാകയാൽ ഇതിനു വേദത്തോട് അങ്ഗാംങ്ഗിഭാവസംബന്ധമാകുന്നത് എന്നു ചൊല്ലപ്പെട്ടു. ‘ലോകോപകാരായ ച കീർത്തയേ ച’ എന്നതുകൊണ്ടു ശുഭാശുഭകാലജ്ഞാനംകൊണ്ടുള്ള പുരുഷാർത്ഥചതുഷ്ടയപ്രാപ്തി പ്രയോജനമാകുന്നത് എന്നു ചൊല്ലപ്പെട്ടു. ‘ലോകോപകാരായ ച’ എന്നേടത്തു ശുഭകാലത്തെ ആദേശിപ്പാനായിക്കൊണ്ട് ഇച്ഛയുള്ള ലോകർക്കു സ്വല്പ ഗ്രന്ഥംകൊണ്ടു വിമതവിപ്രതിഷേധമായിരിക്കുന്ന ബലാബലത്തെ പറകകൊണ്ട് ഉപകാരത്തെ ചെയ്‌വാനായിക്കൊണ്ട് എന്നുമുണ്ടർത്ഥം. എന്നിട്ടു മുഹൂർത്തജ്ഞാനകാമനായിരിക്കുന്നവൻ അധികാരി എന്നു ചൊല്ലപ്പെട്ടു.”

## അഷ്ടമംഗലപ്രശ്നം ഭാഷ

ഉഴുത്തിരവാരിയരുടെ അഷ്ടമങ്ഗലപ്രശ്നവിഷയകമായ നിബന്ധത്തെപ്പറ്റി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭാഷാഗദ്യരൂപത്തിലും ഒരഷ്ടമംഗല്യ പ്രശ്നഗ്രന്ഥം കാണുന്നു. സംസ്കൃതത്തിൽ അവഗാഹം പോരാത്ത ദൈവജ്ഞന്മാർക്ക് ഇതു് ഏറ്റവും പ്രയോജനകരമാണ്. ചില വരികൾ ഉദ്ധരിക്കുന്നു.

"അനന്തരം വിളക്കും ഗണപതിയും വച്ച് അഷ്ടമങ്ഗലവും വച്ചാൽ രാശിചക്രം വരപ്പൂ. അതിൽ അക്ഷതവും വിതറിയേപ്പൂ. പിന്നെ ഗണപതി നിവേദിപ്പൂ. ആത്മാർച്ചനം ചെയ്‌വൂ. ചന്ദനക്കുറിയുമിട്ടുകൊള്ളൂ. പിന്നെ രാശിചക്രത്തിൽ ജലഗന്ധാദികളെക്കൊണ്ടു പൂജിപ്പൂ. ശ്രീപഞ്ചാക്ഷരീവിധാനം പൂജ. അതിന്റെ പരിവാരരൂപേണ മേഷാദിദ്വാദശരാശികളെ തന്റെ സ്ഥാനത്തു പൂജിപ്പൂ . . . ഇങ്ങനെ ഗ്രഹമന്ത്രം. ഈവണ്ണം രാശിചക്രത്തിങ്കൽ ശ്രീഭഗവതിയെ കല്പിച്ചാരാധിപ്പൂ. അഷ്ടമങ്ഗലം വച്ചതിങ്കൽ തന്റെ ഇഷ്ടദേവതയേയും സരസ്വതിയേയും ആരാധിപ്പൂ. പിന്നെ രാശിചക്രം വലത്തും കിഴക്കും വരുമാറു കണ്ടു പിൻനോക്കി നീങ്ങി നല്ലോരു പലകമേൽ ഇരുന്നാൽ ഊനമില്ലാത്തോരു പലകമേൽ നൂറ്റെട്ടു പരൽ നീക്കിവെച്ചുകൊണ്ടു കഴുകി മന്ത്രം ചൊല്ലൂ. മൂന്നു തളിച്ചാൽ പിന്നെ വെള്ളംകൊണ്ടു കഴുകി മന്ത്രം ചൊല്ലി ശുദ്ധജലംകൊണ്ടു കഴുകി ഇടത്തെ അരികത്തു വച്ചേപ്പൂ."

അഷ്ടമങ്ഗലപ്രശ്നത്തിനു വേറെയും ഒന്നിലധികം ഭാഷാവ്യാഖ്യാനങ്ങൾ കണ്ടിട്ടുണ്ടു്.

## ഭാഷാജാതകപദ്ധതി

വടശ്ശേരിനമ്പൂരിയുടെ ജാതകപദ്ധതിക്കു വൈക്കത്തുകാരനായ ഒരു പണ്ഡിതൻ രചിച്ചിട്ടുള്ള സംസ്കൃതവ്യാഖ്യാനത്തെപ്പറ്റി മുൻപു പറഞ്ഞുവല്ലോ. ആ മൂലകൃതിക്ക് ഒരു നല്ല ഭാഷാവ്യാഖ്യാനവും ആരോ നിർമ്മിച്ചിട്ടുണ്ട്. വ്യാഖ്യാതാവു് ഒരു വശ്യവാക്കായ സംസ്കൃതകവിയായിരുന്നു എന്നു ഗ്രന്ഥാരംഭത്തിലുള്ളതും അടിയിൽ പകർത്തുന്നതുമായ പദ്യങ്ങളിൽനിന്നു വിശദമാകുന്നു.

> " ഹരിഹരസരസിരുഹാസനഹരിഹയമുഖദൈവതൈക്യമവനിഗതം
> ശ്രീഗുരുപാദദ്വന്ദ്വം ബഹുവിധമാഹാത്മ്യമാശ്രയേ സതതം.
>
> " ഗണ്ഡാന്തനിർഗ്ഗളദനർഗ്ഗളദാനധാരാ-
> ഗന്ധഭ്രമദ്ഭ്രമരവാരണകർണ്ണതാളം
> ഗന്തും മനോരഥമഹാർണ്ണവപാരമാദ്യം
> ഗംഗാധരസ്യ തനയം ശരണം പ്രപദ്യേ.
>
> പഞ്ചാശദക്ഷരകൃതാകൃതിമക്ഷമാലാ-
> ചിന്താസുധാകലശപുസ്തകപാശവാഹാം
> താം ദേവതാം ദ്രുഹിണയത്നമമോഘയന്തീം
> വന്ദേ ച കുന്ദരുചമിന്ദുകലാവതംസാം.
>
> ശ്രീവടശ്രേണിഭൂദേവൈഃ കൃതാ ജാതകപദ്ധതിഃ
> ദിവ്യാം ഭാഷാം സമാശ്രിത്യ, ലിഖ്യതേ ദേശഭാഷയാ."

എന്നു് ഉപക്രമിച്ചുകൊണ്ടു് ആചാര്യൻ പ്രമേയത്തിൽ പ്രവേശിക്കുന്നു. ഗ്രന്ഥത്തിലെ ഗദ്യരീതിയെന്തെന്നു താഴെക്കാണുന്ന പംക്തികളിൽനിന്നു് അറിയാവുന്നതാണ്.

"അവിടെ ജനനകാലത്തെ ഛായകൊണ്ടുതാൻ അംബുയന്ത്രംകൊണ്ടുതാൻ സൂക്ഷിച്ചറിഞ്ഞ് അന്നേരത്തേക്കു ചെന്ന നാഴികയും വിനാഴികയും അറിഞ്ഞ് അക്കാലത്ത് അടുക്കെ പരീക്ഷകന്മാർ പരീക്ഷിച്ചുണ്ടാക്കിയ ഗണിതംകൊണ്ടു തൽകാലഗ്രഹസ്ഫുടങ്ങളേയും സൂക്ഷിച്ചുവരുത്തു. പിന്നെ തൽകാലാദിത്യനെ വച്ചു ഭുജജ്യ ചരവും പ്രാണകാലാന്തരവുമുണ്ടാക്കി അതിൽ ദിക്കിന്നു തക്കവണ്ണം സംസ്കരിപ്പൂ."

# 37
# ഭാഷാസാഹിത്യം

(ക്രി. പി. പതിനെട്ടാം ശതകം, പൂർവാർദ്ധം)

## ദേശചരിത്രം

കൊല്ലം പത്താം ശതകത്തിന്റെ ആരംഭത്തിൽ കേരളത്തിലെ അതിപ്രധാനമായ രാഷ്ട്രസംഭവം 905 മുതൽ 933 വരെ തിരുവിതാംകൂർ രാജ്യം പരിപാലിച്ച അനിഴംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ദിഗ്വിജയമാകുന്നു. മാർത്താണ്ഡവർമ്മ അന്നു തോവാളമുതൽ ഇടവാവരെമാത്രം വ്യാപിച്ചിരുന്ന തന്റെ രാജ്യത്തിലെ അന്തശ്ഛിദ്രങ്ങൾക്ക് അമർച്ചവരുത്തി, ആറ്റിങ്ങൾ, നെടുമങ്ങാട്ട്, കൊട്ടാരക്കര, കൊല്ലം, കായംകുളം, അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ എന്നീ സംസ്ഥാനങ്ങൾ അതിൽ ലയിപ്പിച്ച് തിരുവിതാംകൂറിന്റെ ശക്തി അത്ഭുതാവഹമായി വർദ്ധിപ്പിച്ചു. അതോടു കൂടി കേരളത്തിലെ സകല രാജാക്കന്മാരും ഭയപ്പെട്ടിരുന്ന ലന്തക്കാരെ കുളച്ചൽത്തുറമുഖത്തുവച്ചു 916-ൽ നിശ്ശേഷം പരാജിതരാക്കുകയും 929-ൽ അവരെക്കൊണ്ടു തനിക്ക് എല്ലാവിധത്തിലും ലാഭകരമായ ഒരു ഉടമ്പടിയിൽ ഒപ്പുവയ്പിക്കുകയും ചെയ്തു. ആ ഉടമ്പടിനിമിത്തം അവർക്കു കേരളത്തിൽ 80 വർഷങ്ങളോളം നീണ്ടുനിന്നിരുന്ന അപ്രതിമമായ പ്രാബല്യം അസ്തമിതപ്രായമായി. 932-ൽ നടന്ന പ്ലാസിയുദ്ധത്തിനുമുൻപു താരതമ്യേന നിസ്സാരന്മാരായിരുന്ന ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ രാമായണസങ്ഗ്രഹകാരനായ രവിവർമ്മ മഹാരാജാവിന്റെ മാതാവായ ഉമയമ്മറാണിയുടെ അനുവാദം നേടി അഞ്ചുതെങ്ങിൽ ഒരു കോട്ടകെട്ടി പണ്ടകശാലസ്ഥാപിച്ചു കച്ചവടം നടത്തിവന്നിരുന്നു. അമാനുഷമായ ദീർഘദർശനത്തോടു കൂടി മാർത്താണ്ഡവർമ്മ അവരുമായുള്ള സഖ്യം ദൃഢീകരിച്ച് സൗഹാർദ്ദം വികസിപ്പിച്ചു. കോഴിക്കോട്ടു സാമൂതിരിപ്പാട്ടിലെ ആക്രമണങ്ങളിൽനിന്നു കൊച്ചിയെ രക്ഷിക്കുന്നതിനുവേണ്ടി 932-ആമാണ്ട് ആ രാജ്യവുമായി ഒരു സന്ധിയിലേർപ്പെട്ട് അതിന് അഭയം നല്കി. 925 മകരം 5-ആംനു അന്നു തോവാള മുതൽ മീനച്ചിൽവരെയും പരന്നുകിടന്നിരുന്ന തിരുവിതാംകൂർ, കുലദൈവതമായ ശ്രീപത്മനാഭസ്വാമിക്കു തൃപ്പടിദാനം ചെയ്തു ശ്രീപത്മനാഭദാസനെന്നുള്ള വിനീതോപാധി സ്വീകരിച്ചു. ഇന്നും തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ബിരുദാവലിയിൽ അത് അഗ്രിമസ്ഥാനം അലങ്കരിക്കുന്നു.

933-ൽ അവിടുത്തെ ഭാഗിനേയനായ രാമവർമ്മമഹാരാജാവു രാജ്യഭാരം ആരംഭിച്ചു. മാർത്താണ്ഡവർമ്മമഹാരാജാവ് ഒരു കലാപോഷകനും വിദ്വൽപ്രണയിയുമായിരുന്നു എങ്കിലും രാമവർമ്മമഹാരാജാവ് തിരുവിതാംകൂർ ഭരിച്ച നാല്പതു വർഷങ്ങൾക്കിടയിൽ സംഗീതസാഹിത്യങ്ങൾക്കും ഇതരകലകൾക്കും സിദ്ധിച്ച പ്രോത്സാഹനം അത്ഭുതപൂർവ്വമായിരുന്നു എന്നുതന്നെ പറയേണ്ടതാണ്. തിരുമനസ്സുകൊണ്ടു സംസ്കൃതത്തിലും ഭാഷയിലും സ്വയം കവനം ചെയ്തിരുന്നതിനുപുറമേ നൃത്തഗീതാദിശാസ്ത്രങ്ങളിൽ നിഷ്ണാതതയും സമ്പാദിച്ചിരുന്നു. 938-ൽ അവിടുന്നു സാമൂതിരിയെക്കൊണ്ടു തിരുവിതാംകൂറിന് അഭിമാനകരമായ ഒരുടമ്പടി എഴുതിപ്പിടിപ്പിച്ചു. പറവൂരും ആലങ്ങാടും 939-ൽ അവിടുത്തേയ്ക്കു കീഴടങ്ങി. 958-ൽ വിജിഗീഷുവായ ടിപ്പുസുൽത്താൻ മൈസൂറിൽനിന്നു മലബാറിലേയ്ക്കു കടന്നു പാലക്കാട്ടു മുതലായ പല പ്രദേശങ്ങളും കൈവശപ്പെടുത്തി. ടിപ്പുവിന്റെ മതപരിവർത്തനസംരംഭങ്ങളിൽ ഭയവിഹ്വലന്മാരായ ഹിന്ദുക്കൾ – ആരാജം, ആരജകം – അവിടെനിന്നു കൂട്ടംകൂട്ടമായി തിരുവിതാംകൂറിലേക്ക് ഓടിപ്പോവുകയും ആ അഭയാർത്ഥികളെയെല്ലാം അനാഥരക്ഷകനായ മഹാരാജാവ് അചഞ്ചലനായി, അകുതോഭയനായി പരിപാലിക്കുകയും ചെയ്തു. ഇംഗ്ലീഷുകാരും ടിപ്പുവുമായി മംഗലാപുരത്തു വച്ചുണ്ടായ സന്ധിയോടു കൂടി ആ വിപത്തിൽനിന്നു കേരളം വിമുക്തമായെങ്കിലും തജ്ജന്യമായ സമാശ്വാസം അല്പകാലത്തേക്കുമാത്രമേ നിലനിന്നുള്ളൂ. 963-ൽ ടിപ്പു ഒരു അധൃഷ്യമായ സൈന്യവ്യൂഹത്തോടു കൂടി മലബാറിൽ പിന്നെയും കടന്നു പല അക്രമങ്ങളും പ്രവർത്തിച്ചുതുടങ്ങി. മലബാറിലും കൊച്ചിയിലുമുള്ള ഹിന്ദുക്കൾ.

"ജിത്വാ ഹല്ലോഹലേശം യവനവരയുതഃ
കോലഭൂപാലമൗലിം
ഹത്വാർത്ഥാനേതദീയാനപി പുരളിപതിം
ശൈലപാഥോധിനാഥം
ധിക്കുർവൻ മാടഭൂപം സദസി നിജഭടൈ-
സ്സാകമാസ്തേ തുരുഷ്കഃ
കാർത്താന്തീം ഗന്തുകാമോ ദിശമഖിലജനാൻ
പാഹി വഞ്ചിക്ഷിതീശ"

എന്നു മുറയിട്ടുകൊണ്ടു തിരുവിതാംകൂറിലേക്കു സഹസ്രോപസഹസ്രമായി പലായനംചെയ്തു. പ്രസിദ്ധവിദുഷിയായ കോഴിക്കോട്ടു മനോരമത്തമ്പുരാട്ടിയും അക്കാലത്താണ് തിരുവിതാംകൂർ മഹാരാജാവിനെ അഭയം പ്രാപിച്ചത്. 964 ധനു 18-ആംനു മഹാരാജാവിന്റെ ഒരു ചെറിയ സൈന്യം തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയായ നെടുങ്കോട്ടയിൽവെച്ചു ടിപ്പുവിനെ തോല്പിക്കുകയും അദ്ദേഹത്തെ എന്നെന്നേയ്ക്കും പങ്ഗുവാക്കി തിരിച്ചയയ്ക്കുകയും ചെയ്തു. വീണ്ടും ടിപ്പു തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനു വന്നുവെങ്കിലും തന്റെ രാജധാനിയായ ശ്രീരങ്ഗപട്ടണത്തെ കീഴടക്കുവാൻ ബ്രിട്ടീഷ് ഗവർണ്ണർജനറലായ കോറൺവാലീസ് പ്രഭു പുറപ്പെട്ടിരിക്കുന്നതായി അറിഞ്ഞ് ആശാഭങ്ഗത്തോടു കൂടി തിരിച്ചുപോകയാണുണ്ടായത്. കേരളത്തിലെ ഭിന്നഭാഗങ്ങളിൽ താമസിച്ചിരുന്ന വിദ്വാന്മാർ ടിപ്പുവിന്റെ കലാപകാലത്തു തിരുവിതാംകൂറിൽ സമ്മേളിക്കുന്നതിന് ഇടവരികയും, മുൻപുതന്നെ പണ്ഡിതപക്ഷപാതിയായിരുന്ന രാമവർമ്മമഹാരാജാവിന്റെ പുരസ്കാരത്തിന് അവരെല്ലാവരും ദേശമതഭേദമോ സ്ത്രീപുംസഭേദമോ കൂടാതെ പാത്രീഭവിക്കുകയും ചെയ്തു. 971-ൽ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുമായി ശാശ്വതവും വിദൂരവ്യാപിയുമായ ഒരു സന്ധി

യിൽ അവിടുന്ന് ഏർപ്പെട്ടു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്ത് അമ്പലപ്പുഴ ഭരിച്ചിരുന്ന ചെമ്പകശ്ശേരിത്തമ്പുരാനും ടിപ്പുവിന്റെ കാലത്തു പാലക്കാട്ടു രാജാവായിരുന്ന ഇട്ടിക്കോമ്പിയച്ചനും 971-ൽ തീപ്പെട്ട കൊച്ചി ശക്തൻതമ്പുരാന്റെ പിൻവാഴ്ചക്കാരായിരുന്ന രാമവർമ്മ മഹാരാജാവും അദ്ദേഹത്തിന്റെ അനുജൻ വീരകേരളവർമ്മ മഹാരാജാവും സാഹിത്യാഭിവൃദ്ധിയിൽ അത്യന്തം തൽപരന്മാരായിരുന്നു.

986 ഇടവത്തിൽ അന്നു ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കർണ്ണൽ ജോൺ മൺറോ തിരുവിതാംകൂറിലെ മന്ത്രിപദംകൂടി കയ്യേറ്റു; 987-ൽ അദ്ദേഹം കൊച്ചിയിലേയും ദിവാൻജിയായി. 994-ൽ ഉദ്യോഗമൊഴിഞ്ഞു പോകുന്നതിനുമുൻപു രണ്ടു രാജ്യങ്ങളിലും അദ്ദേഹം പല പുതിയ പരിഷ്കാരപദ്ധതികൾ ഏർപ്പെടുത്തി. അദ്ദേഹത്തിന്റെ ഭരണകാലത്തുതന്നെയാണ് തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുഭാഷാവിദ്യാഭ്യാസവിഷയത്തിൽ സർക്കാറിന്റെ ദൃഷ്ടി പതിഞ്ഞത്. 992 ഇടവം 19-ആംനു തിരുവിതാംകൂർ മഹാരാജ്ഞി ഗൗരി പാർവതീ ബായി അതു സംബന്ധിച്ച ഒരു നീട്ടിനു തുല്യം ചാർത്തി. അതിൽ “പണ്ടാരവകയിൽനിന്നു ശമ്പളവും കൊടുത്തു വാധ്യാന്മാരെ ആക്കി പിള്ളരെ എഴുത്തും കണക്കും പഠിപ്പിച്ചു പ്രാപ്തിയാക്കിയാൽ ഓരോ ഉദ്യോഗങ്ങൾക്കും കണക്കെഴുത്തിനും ഉപകാരമായിട്ടും രാജ്യത്തേക്കു യശസ്സും കീർത്തീയും ധർമ്മവും അഭിവൃദ്ധിയായിട്ടും വരുന്നതാകകൊണ്ട് ആ വകയ്ക്കു മലയാണ്മ അക്ഷരവും വ്യുല്പത്തിയും ജ്യോതിഷവും വശം ഒള്ളതിൽ ഒരാളിനേയും തമിഴും കണക്കും വശം ഒള്ളതിൽ ഒരാളിനേയും ഇതിന്മണ്ണം ഓരോ സ്ഥലത്തേക്കു രണ്ടു വാധ്യാന്മാർ വീതം ആക്കി” നടത്തിക്കുന്നതിനു വേണ്ട വ്യവസ്ഥയുണ്ടായിരുന്നു. 993-ആമാണ്ട് അതുപോലെയുള്ള ഒരേർപ്പാട്ട് കൊച്ചിയിലും നടപ്പിലാകുകയും അതിന്റെ ഫലമായി മുപ്പത്തിമൂന്നു മലയാം പള്ളിക്കൂടങ്ങൾ അവിടെ ആവിർഭവിക്കുകയും ചെയ്തു. ക്രി. പി. 1816-ൽ കോട്ടയത്തും 1819-ൽ നാഗർകോവിലിലും സ്ഥാപിതങ്ങളായ സെമിനാരികളിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനും വേണ്ട സംവിധാനമുണ്ടായിരുന്നു. തിരുവനന്തപുരത്തു ക്രിസ്ത്യൻ ഡേവിഡ് സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷുപള്ളിക്കൂടം 1821-ൽ ഉൽഘാടിതമായി. കൊച്ചി മട്ടാഞ്ചേരിയിൽ 1812-ൽ ജെ. ഡാസൺ എന്നൊരു മിഷണറി ഇദംപ്രഥമമായി ഒരു ഇംഗ്ലീഷുപള്ളിക്കൂടം നടത്തിത്തുടങ്ങി. അങ്ങനെ ഈ രണ്ടു രാജ്യങ്ങളിലും ആംഗ്ലേയഭാഷാഭ്യസനം പത്താം ശതകത്തിൽ ത്തന്നെ ആരബ്ധമായി.

## പൂർവ്വാർദ്ധത്തിലെ സാഹിത്യം

പത്താം ശതകം തുടങ്ങി കേരളീയകവികൾ പ്രായേണ സംസ്കൃതഗ്രന്ഥങ്ങൾക്കു പുറമേ ഭാഷാഗ്രന്ഥങ്ങളും നിർമ്മിച്ചുവന്നു. അതിനാൽ സംസ്കൃതഗ്രന്ഥങ്ങളേയും ഭാഷാഗ്രന്ഥങ്ങളേയും വേർതിരിച്ചു വിഭിന്നാധ്യായങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് ഇതിനുമേൽ പ്രയാസമുണ്ട്. തന്നിമിത്തം ആ പരിപാടി ഇനി അനുവർത്തിക്കണം എന്നുദ്ദേശിക്കുന്നില്ല.

## ഉണ്ണായിവാരിയർ – ദേശം

കൊച്ചി രാജ്യത്തിലെ പരമപാവനങ്ങളായ വൈഷ്ണവദേവാലയങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം. അതിന്റെ തെക്കേ ഗോപുരത്തോട്ട് അടുത്തു സ്ഥിതിചെയ്യുന്ന അകത്തൂട്ടുവാരിയത്തായിരുന്നു ഉണ്ണായിവാരിയരുടെ ജനനം

എന്നാണ് 1100-ആമാണ്ട് എന്റെ അന്വേഷണത്തിൽ ലഭിച്ച അറിവ്. അകത്തൂട്ടുവാരിയം ഇപ്പോഴുമുണ്ട്. അവിടെ അക്കാലത്തു തെക്കേ വാരിയമെന്ന പേരിൽ മറ്റൊരു വാരിയംകൂടി ഉണ്ടായിരുന്നു എന്നും ആ വാരിയത്തെ ഒരങ്ഗമായിട്ടാണ് നമ്മുടെ മഹാകവി ജനിച്ചതെന്നും അദ്ദേഹത്തിന്റെ മരണത്തോടുകൂടി തെക്കേവാരിയം അന്യംനിന്നുപോകയാൽ അതിലെ വസ്തുവകകൾ അകത്തൂട്ടുവാരിയത്തേക്ക് അടങ്ങിയെന്നും ഒരു പക്ഷാന്തരമുണ്ട്. അതിനെപ്പറ്റി ക്ലിപ്തമായി ഒന്നും പറവാൻ നിവൃത്തിയില്ലെങ്കിലും കൂടൽമാണിക്യക്ഷേത്രത്തിൽ മാലകെട്ടുപ്രവൃത്തിയുള്ള വാരിയന്മാരുടെ കുടുംബം ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ആ കുടുംബത്തിലെ രണ്ടു ഗൃഹങ്ങളാണ് തെക്കേ വാരിയവും അകത്തൂട്ടുവാരിയവും എന്നും പ്രസ്താവിക്കാൻ കഴിയും. തെക്കേടത്തുവാരിയമായിരിക്കാം മൂലകുടുംബം.

> “അപി ച മമ ദയിയാ കളിയല്ലനതിചിരസൂതാ
> പ്രാണൻ കളയുമതിവിധുരാ; എന്നാൽ
> കുലമിതഖിലവുമറുതിവന്നിതു”

എന്ന നളചരിതത്തിലെ ഹംസവാക്യത്തിൽ കവിക്ക് അറംപറ്റിപ്പോയിട്ടുണ്ടെന്നും ഉണ്ണായിയുടെ കാലത്തിനുശേഷം അദ്ദേഹത്തിന്റെ തറവാട്ടു നിസ്സന്തതിയായി എന്നും, തന്നിമിത്തം തൃശ്ശിവപേരൂരിനു സമീപം കുട്ടനല്ലൂർ ദുർഗ്ഗാക്ഷേത്രത്തിനു കിഴക്കുള്ള പടിഞ്ഞാറേപ്പാട്ടുവാരിയത്തെ ഒരു വാരിയർ അകത്തൂട്ടുവാരിയത്തിന്റെ അവകാശിയായിത്തീർന്നു എന്നും ഒരൈതിഹ്യമുണ്ട്. അതു് അകത്തൂട്ടുവാരിയത്തിൽ പരമ്പരാഗതമായുള്ള ഐതിഹ്യങ്ങളിൽ ഒന്നാകയാൽ അവിശ്വസനീയമല്ല; അറത്തിന്റെ കാര്യം നമുക്കു വിട്ടുകളയുകയും ചെയ്യാം. കുട്ടനല്ലൂർ പടിഞ്ഞാറേപ്പാട്ടുവാരിയത്താണ് ഉണ്ണായി ജനിച്ചതെന്നും അദ്ദേഹത്തിന് ഇമ്പാളു എന്നുകൂടി പേരുള്ള ഉണ്ണൂലിവാരസ്യാർ എന്ന ഒരു വന്ധ്യയായ ഭാഗിനേയിയുണ്ടായിരുന്നു എന്നും, ആ ഭാഗിനേയിയെ വിവാഹംചെയ്തതു് ഇരിങ്ങാലക്കുട വാരിയത്തെ ഒരു വാരിയരായിരുന്നു എന്നും, പടിഞ്ഞാറേപ്പാട്ടുകുടുംബം അന്യംനിന്നതിനുമേൽ കുട്ടനല്ലൂരിലെ കഴകപ്രവൃത്തി ഇരിങ്ങാലക്കുടവാരിയത്തേക്കു കിട്ടി എന്നും തൃശ്ശൂരിനടുത്തുള്ള ചില ഗ്രാമവൃദ്ധന്മാർ പറയുന്നു. എന്നാൽ ആ ഐതിഹ്യത്തിന്റെ യാഥാർത്ഥ്യം ഇരിങ്ങാലക്കുടക്കാർ നിഷേധിക്കുന്നതിനാലും മറ്റും അതു കേവലം ദേശാഭിമാനപ്രേരിതമായ ഒരു കെട്ടുകഥയാണെന്ന് എനിക്കു തോന്നുന്നു.

### കാലം: എട്ടാം ശതകത്തിന്റെ ഉത്തരാർദ്ധമോ?

ഉണ്ണായി വാരിയരുടെ ജീവിതകാലത്തെപ്പറ്റി പല മതങ്ങളും ഉത്ഭവിച്ചിട്ടുണ്ട്. അദ്ദേഹം രചിച്ചിട്ടുള്ള ‘രാമപഞ്ചശതി’ എന്ന സംസ്കൃതകൃതിയിൽ നാല്പത്തൊൻപതാം ദശകത്തിൽ

> ‘ബുധോ വാ മൂഢോ വാസ്ത്വിഹ കവയിതാ, സ്യാൽകിമിയതാ?
> ശ്രുതാ വാല്മീകീയാദ്രഘുപതികഥാ യേന ഹി യഥാ,
> തഥേയം തസ്യാ യദ്യനുകലനകാലേ പരിണമേൽ
> പ്രസത്ത്യൈ ശ്രോതൃണാം ഫലമിദമൃതേ കിം കവി കൃതേ?”

എന്നൊരു ശ്ലോകമുണ്ട്. അതിലെ “പരിണമേൽ പ്രസത്ത്യൈ” എന്ന വാചകം ഗ്രന്ഥസമാപ്തിയുടെ അനുകലന കാലമായ കലിദിനത്തെ സൂചിപ്പിക്കുന്നു എങ്കിൽ ആ ഗ്രന്ഥം കവി 798 ഇടവം 11-ആംനു നിർമ്മിച്ചതായി ഊഹിക്കേണ്ടിവരും. എന്നാൽ

അവിടെ കലിസൂചനയുണ്ടെന്നുള്ളതിനു തെളിവൊന്നുമില്ല. അകത്തുട്ടു ശങ്കരവാരിയരുടെ നിർദേശമനുസരിച്ച് 1040-ആമാണ്ടിടയ്ക്കു രാമപഞ്ചശതിക്ക് ഒരു സംസ്കൃത വ്യാഖ്യാനം രചിച്ച രാമൻനമ്പിടി അങ്ങനെ പ്രസ്താവിക്കുന്നില്ല. പക്ഷേ നളചരിതം കഥകളിയിലെ പദങ്ങളുടെ നിർമ്മാണരീതി പരിശോധിച്ചാൽ അതു കപ്ലിങ്ങാട്ടു നമ്പൂരി അഭിനയ സമ്പ്രദായം പരിഷ്കരിച്ചതിനുമേലുണ്ടായ ഒരു കൃതിയെന്നല്ലാതെ തോന്നുന്നതല്ല. എന്നുതന്നെയുമല്ല കഥകളി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കരത്തമ്പുരാനെയും ഉണ്ണായിയേയും സമകാലികന്മാരാക്കുവാനും നിർവ്വാഹമില്ല. അതിനാൽ ഈ വിഷയത്തെപ്പറ്റി നിഷ്കൃഷ്ടമായുള്ള വിചിന്തനത്തിന്റെ ഫലമായി ഞാൻ ഇപ്പോൾ തീർച്ചപ്പെടുത്തുന്നതു് "പരിണമേൽ പ്രസത്ത്യൈ" എന്ന വാചകത്തിൽ കലിസൂചനയില്ലെന്നും കവിയുടെ ജനനം എട്ടാം ശതകത്തിലായിരുന്നിരിക്കുവാൻ ഇടയില്ലെന്നുമാണ്.

## പത്താംശതകത്തിന്റെ ഉത്തരാദ്ധമോ

ഉണ്ണായിവാരിയർ 925-ആമാണ്ടിടയ്ക്കു ജനിച്ചു എന്നും, 955-ആമാണ്ടിടയ്ക്കു തിരുവനന്തപുരത്തുപോയി കാർത്തികതിരുനാൾ മഹാരാജാവിനെ മുഖം കാണിച്ചു എന്നും, അവിടെവെച്ചു കുഞ്ചൻനമ്പിയാരുമായി പരിചയപ്പെട്ടു എന്നും, ടിപ്പുവുമായുള്ള യുദ്ധത്തെപ്പറ്റി ചില മണിപ്രവാളശ്ലോകങ്ങളുണ്ടാക്കിയെന്നും, 987-ആമാണ്ടു 61-ആമത്തെ വയസ്സിൽ ഇരിങ്ങാലക്കുടവെച്ചു മരിച്ചു എന്നും, ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ അദ്ദേഹത്തിന്റെ മലയാളഭാഷാചരിത്രം ഒന്നാംപതിപ്പിലും, 915-ആണ്ടിടയ്ക്കാണ് വാരിയർ ജനിച്ചതെന്നും 940-ആമാണ്ടിടയ്ക്കാണ് മഹാരാജാവിനെ മുഖം കാണിച്ചതെന്നും രണ്ടാം പതിപ്പിലും പറയുന്നു. വാരിയർക്കു ഹരിഹരഭാഗവതർ എന്നൊരു ശിഷ്യനുണ്ടായിരുന്നു എന്നും ആ ഭാഗവതരുടെ ശിഷ്യനായിരുന്നു സംഗീതകലാപാരീണനും 1022-ആമാണ്ടു തീപ്പെട്ട തിരുവിതാംകൂർ സ്വാതി തിരുനാൾ മഹാരാജാവിന്റെ സമകാലികനുമായ മൂവാറ്റുപുഴ രാമമംഗലത്തു ഗോവിന്ദമാരാരെന്നും വാരിയരുടെ ഭാഗിനേയിയായ ഉണ്ണൂലി വാരസ്യാർ 1026-ൽ തൃശ്ശൂർവെച്ചു തീപ്പെട്ട കൊച്ചി മഹാരാജാവിന്റെ നേത്യാരമ്മയായിരുന്ന രാമഞ്ചിറ മഠത്തിൽ ഇക്കാവമ്മയുടെ സഖിയായിരുന്നു എന്നുമാണ് മറ്റൊരു മതം. ഈ രണ്ടു മതങ്ങളനുസരിച്ചും വാരിയർ പത്താം ശതകത്തിന്റെ തൃതീയ പാദത്തിൽ ജീവിച്ചിരുന്നതായി വിചാരിക്കണം. എന്നാൽ അതിനു പ്രതിബന്ധമായി നില്ക്കുന്ന ചില അനിഷേധ്യങ്ങളായ തെളിവുകളുണ്ട്. ഉണ്ണായിയുടെ മരണത്തോടു കൂടി അകത്തുട്ടുവാരിയത്തേക്കു കുട്ടനല്ലൂർ വാരിയത്തെ ഒരു വാരിയർ അവകാശിയായി എന്നു മുമ്പു പറഞ്ഞുവല്ലൊ. അതിനു രണ്ടു തലമുറയ്ക്കുമേലാണ് ആ കുടുംബത്തിൽ സുപ്രസിദ്ധ ജ്യൌതിഷികനായ ഇട്ടുണിക്കണ്ട വാരിയർക്കു മൂപ്പു സിദ്ധിച്ചത്. ഇട്ടുണിക്കണ്ട വാരിയർ 998-ൽ തന്റെ പുത്രനായ പുത്തൻചിറ തൃപ്പക്കുടത്തു ശങ്കു വാരിയരെ അമ്മയോടുകൂടി അകത്തുട്ടുവാരിയത്തേയ്ക്കു ദത്തെടുത്തു. ആ ദത്തപത്രം ഇപ്പോളുമുണ്ട്. എഴുപതിൽ ചില്വാനം വയസ്സു ജീവിച്ചിരുന്നതിനുമേൽ അദ്ദേഹം 1020-ൽ അന്തരിച്ചു. പിന്നീടു രാമൻനമ്പിടിയെക്കൊണ്ടു പഞ്ചശതീസ്തോത്രം വ്യാഖ്യാനിപ്പിച്ച ജ്യോത്സ്യൻ ശംകുവാരിയർ മൂപ്പനാകുകയും അദ്ദേഹം എഴുപത്തിനാലു വയസ്സോളം ജീവിച്ചിരുന്ന് 1064-ൽ മരിക്കുകയും ചെയ്തു. അങ്ങനെ ഉണ്ണായിയുടെ കാലത്തിനും ഇട്ടുണിക്കണ്ടവാരിയരുടെ മൂപ്പിനുമിടയ്ക്കു മൂന്നു തലമുറകൾ കഴിഞ്ഞിരുന്നതിനാൽ 975-ആമാണ്ടിടയ്ക്കല്ല, കവിയുടെ ദേഹവിയോഗമെന്നു സാമാന്യം ഉറപ്പിച്ചുതന്നെ പറയാം. കാർത്തികതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്ത് അദ്ദേഹം തിരുവനന്തപുരത്തുവെച്ചു

നളചരിതം കഥകളി നിർമ്മിച്ചു എന്നു പറയുന്നതും നിർമ്മൂലമാണ്. ആ കഥകളിയുടെ ആരംഭത്തിലുള്ള ആറു വന്ദനശ്ലോകങ്ങൾ എനിക്കു കിട്ടുകയും അവ എം. ഹരിഹരശാസ്ത്രി ആ ഗ്രന്ഥത്തിന്നു രചിച്ച രസികകൗതുകം എന്ന വ്യാഖ്യാനത്തിന്റെ അവതാരികയിൽ ഞാൻ ഇദംപ്രഥമമായി പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ട്. അവയിൽ കവി യഥാക്രമം തൃപ്പൂണിത്തുറയപ്പനേയും കൊച്ചി മഹാരാജാക്കന്മാരുടെ കുലദേവതയായ പഴയന്നൂർ ഭഗവതിനേയും ഇരിങ്ങാലക്കുടത്തേവരേയും തൃശ്ശൂർ വടക്കുന്നാഥനേയും തിരുവഞ്ചിക്കുളത്തു ശിവനേയും കൊടുങ്ങല്ലൂർ ഭദ്രകാളിയേയും സ്തുതിക്കുന്നു. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിയെ സ്മരിക്കുന്നതേയില്ല. ആദ്യത്തെ മൂന്നു ശ്ലോകങ്ങളാണ് അടിയിൽ ഉദ്ധരിക്കുന്നത്.

"ആനീലം പീതചേലം മണികനകമയൈർ-
ഭൂഷിതം ഭൂഷണൗഘൈർ
ല്ലക്ഷ്മീവക്ഷോജഭാസ്വദ്ഘുസൃണരസലസ-
ദ്വക്ഷസം സുപ്രസന്നം
ബിഭ്രാണം ശംഖചക്രേ നളിനമപി ഗദാം
ചാരുദോർഭിഃ പുരാണം
പൂർണ്ണത്രയ്യാലയേശം പുരുഷമഹമഹീ-
ശാസനാസീനമീഡേ.

കല്യാണം വിതനോതു വഃ പുരരിപോർദ്ദോരന്തരാളോല്ലസദ്-
ഭസ്മോന്മർദ്ദിതകുംകുമാങ്കിതകുചാഭോഗാ നഗേന്ദ്രാത്മജാ
പത്യുർന്നേത്രഹുതാശനാർദ്ദിതതനും സഞ്ജീവയന്ത്യങ്ഗജം
ദൃഷ്ട്യാ യാ ഖലു ലാലസീതി നിതരാം ശ്രീമൽപുരാണാലയേ.
സാന്ദ്രാനന്ദാംബുരാശിം സരസിജകലിത-
സ്രഗ്ദ്ധരാമുഗ്ദ്ധഗാത്ര്യാ
വധ്വാ ലക്ഷ്മ്യാ ധരിത്ര്യാ പരിചരിതപദം
മുക്തിദം ഭക്തിഭാജാം
ശ്രീമന്മാണിക്യരത്നദ്യുതിമിളിതതനും
ദേവദേവം മുകുന്ദം
വന്ദേ ശ്രീസങ്ഗമേശം കരകലിതഗദാ-
ശംഖചക്രാക്ഷമാലം."

920-ആമാണ്ടു തുലാമാസത്തിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നടന്ന ഉത്സവത്തിൽ നളചരിതവും, ഖരവധം ബാലിവധം മുതലായ ആട്ടക്കഥകളുടെ കൂട്ടത്തിൽ കളിപ്പിക്കുകയുണ്ടായി എന്നുള്ളതിനു രേഖയുണ്ട്; ആ കഥ അഭിനയിച്ചത് ആറന്മുളക്കാരും തിരുവനന്തപുരത്തുകാരുമാണുതാനും. ആറന്മുളയിൽനിന്ന് ഒരുകൂട്ടം അരങ്ങുകാർ അതിലേക്കായി വന്നിരുന്നു. അന്ന് അവിടങ്ങളിലെല്ലാം ആ കഥ പ്രചരിച്ചിരിക്കണമെങ്കിൽ അതു വാരിയർ പത്താം ശതകത്തിന്റെ ആരംഭത്തിലെങ്കിലും നിർമ്മിച്ചിരിക്കേണ്ടതാണല്ലോ. കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ നിർമ്മാതാവായ രാമപുരത്തുവാരിയരുടെ ഗുരുനാഥനായിരുന്നു ഉണ്ണായി എന്ന് ഐതിഹ്യം ഘോഷിക്കുന്നു. രാമപുരത്തു വാരിയർ ജനിച്ചത് 878-ലാണ്. ആ സ്ഥിതിക്കു, മേൽസൂചിപ്പിച്ച ഐതിഹ്യത്തിലെ പ്രസ്താവന ശരിയാണെങ്കിൽ ഉണ്ണായിയുടെ ജനനം 850-ആമാണ്ടിടയ്ക്കാണെന്നു കരുതേണ്ടിയിരിക്കുന്നു. ആ അനുമാനത്തിൽ അപാകത്തി

ന പഴതു കാണുന്നില്ല. എന്തുകൊണ്ടെന്നാൽ കോട്ടയത്തു തമ്പുരാന്റെ കഥകളിക ളെ മാതൃകകളാക്കി എഴുതീട്ടുള്ള ഒരു കൃതിയല്ല നളചരിതം എന്നുള്ളതു നിർവിവാ ദമാണ്. സംസ്കൃതപണ്ഡിതന്മാരിൽ അഗ്രേസരനായിരുന്ന ഉണ്ണായിക്കു കോട്ടയം കൃതികൾ പ്രദർശിപ്പിച്ച പദ്ധതി പരിചിതമായിരുന്നു എങ്കിൽ അദ്ദേഹം നളചരിത ത്തിലെ ഏതാനും ശ്ലോകങ്ങൾമാത്രം സംസ്കൃതത്തിലും അവതന്നെയും പ്രായേണ നിർഗ്ഗുണമായ രീതിയിലും രചിക്കുന്നതിന് ഒരിക്കലും ഇടവരുന്നതല്ലായിരുന്നു. കോ ട്ടയം കൃതികൾക്കു നളചരിതത്തെ അപേക്ഷിച്ച് അല്പം കൂടി പ്രാചീനതയുണ്ടായിരു ന്നു എങ്കിലും ആ കവിയെ ഉണ്ണായി തദ്വിഷയത്തിൽ അനുകാര്യത്വേന പരിഗണിച്ചി രുന്നില്ലെന്നാണ് എന്റെ ഊഹം. പക്ഷേ ആ കൃതികൾ കണ്ടിരുന്നിരിക്കാമെന്നേ യുള്ളൂ. ഇങ്ങനെ സാമാന്യമായുള്ള ഒരു ചർച്ചയിൽ നിന്ന് ഉണ്ണായിവാരിയരുടെ ജീ വിതകാലം 850-നും 930-നും ഇടക്കാണെന്നു മാത്രം ഊഹിക്കുവാൻ കഴിയും. തദ നന്തരം മൂന്നു തലമുറ കഴിഞ്ഞാണല്ലോ ഇട്ടുണ്ണിക്കണ്ടവാരിയർ മൂപ്പനായതു്. തലമു റകളിൽ ഓരോന്നിനും ഇരുപതു വർഷം വീതം കണക്കാക്കിയാൽ അദ്ദേഹം കാര ണവനായതു് 990-ആമാണ്ടിടയ്ക്കാണെന്നുള്ളതിൽ പക്ഷാന്തരത്തിനു മാർഗ്ഗം ഇല്ലാ ത്തതുമാണ്.

## പേർ

ഗിരിജാകല്യാണത്തിന്റെ കർത്താവു തന്റെ പേർ 'രാമ'നാണെന്ന് ആ ഗ്രന്ഥത്തി ന്റെ അവസാനത്തിൽ കാണുന്ന അധോലിഖിതമായ ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടു ണ്ടു്.

> "ഗിരിജാകല്യാണമിദം നിരമാദലിഖച്ച രാമപാരശവഃ
> സങ്കടമോചനഹേതോശ്ശങ്കരഗോദപ്രഭോർന്നിദേശേന."

ചങ്ങരൻകോതകർത്താവു് അക്കാലത്തു കൊച്ചിരാജ്യത്തിലെ ഒരു ഇടപ്രഭുവായിരു ന്നു. ഇന്നും ആ കുടുംബമുണ്ടു്. അദ്ദേഹത്തിന്റെ നിദേശമനുസരിച്ചു രാമവാരിയർ ഗിരിജാകല്യാണമെന്ന ഗീതപ്രബന്ധം നിർമ്മിക്കുകയും അതു പകർത്തി തന്റെ പു രസ്കർത്താവിനു സമർപ്പിക്കുകയും ചെയ്തതായി ഈ ശ്ലോകത്തിൽനിന്നു കാണാം. രാമപഞ്ചശതിയുടെ സംജ്ഞയിൽ നിന്നുതന്നെ ആ സ്തോത്രം രാമകൃതമാണെന്നു വെളിവാകുന്നു. പോരെങ്കിൽ അതിലെ 49-ആമത്തെ ദശകത്തിലുൾപ്പെട്ട

> "ഭവന്മാലാകാരോ ഭജനവിമലാകാരകരണോ-
> സ്ത്വ്യഹം രാമോ രാമായണമഭണമേവം തവ പുരഃ;
> സുഖം മാലേവൈതൽ സരസപദപുഷ്പൗഘരചിതാ
> ജഗന്മാതുർമ്മോദം ദിശതു സഹവാസാത്തവ ഹൃദി"

എന്ന ശ്ലോകത്തിൽ താൻ ഇരിങ്ങാലക്കുടത്തേവരുടെ മാലകെട്ടുകാരനാണെന്നും തന്റെ നാമധേയം രാമനാണെന്നും സ്പഷ്ടമായി പ്രസ്താവിക്കയും ചെയ്യുന്നു. രാമൻ ഉണ്ണിരാമനെന്ന ഓമനപ്പേരായി മാറിയപ്പോൾ, ഉണ്ണിരാമൻ ഉണ്ണാമനും. ഉണ്ണാമൻ ഉണ്ണാമിയും ഉണ്ണാമി ഉണ്ണാവിയും, ഉണ്ണാവി ഉണ്ണായിയുമായി വിപരിണാമത്തെ പ്രാ പിച്ച് രാമവാരിയർ ഉണ്ണായിവാരിയരായിത്തീർന്നു. ഉണ്ണായിവാരിയരുടെ യഥാർ ത്ഥ നാമധേയം "രാമൻ" എന്നായിരുന്നു എന്നുതന്നെയാണ് പ്രായേണ സകല പണ്ഡിതന്മാരുടേയും നിഷ്കൃഷ്ടമായ അഭിപ്രായം.

## ജീവിതചരിത്രം

ഉണ്ണായിവാരിയരുടെ ജീവിതസംഭവങ്ങളെപ്പറ്റി അധികമൊന്നും അറിവാൻ ഇടവന്നിട്ടില്ല. അദ്ദേഹത്തിന്റെ പിതാവ് ഒരു നമ്പൂരിയായിരുന്നു എന്നൊരു പക്ഷമുണ്ടെങ്കിലും അതിനു തെളിവൊന്നുമില്ല. സ്വന്തം അമ്മാവൻ തന്നെയായിരുന്നു ഗുരുനാഥനെന്നാണ് എന്റെ അറിവ്. വാരിയർ ബാല്യത്തിൽ തൃശ്ശൂർ കരിമ്പറ്റമഠത്തിൽ താമസിച്ചിരുന്നു എന്നും അവിടെവച്ച് താഴേക്കോട്ടു ശങ്കരപ്പൊതുവാളാണ് സംസ്കൃതം അഭ്യസിപ്പിച്ചതെന്നും ഒരു പക്ഷാന്തരമുണ്ട്. എന്നാൽ ആ പക്ഷം ഘടിക്കണമെങ്കിൽ ഉണ്ണായി പടിഞ്ഞാറേപ്പാട്ടുവാരിയത്താണ് ജനിച്ചതെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ആ അഭിപ്രായം എനിക്കു സമ്മതമല്ലെന്നു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ. ഏതായാലും പ്രതിഭാശാലിയായിരുന്ന വാരിയർ ഉത്തമന്മാരായ ഗുരുക്കന്മാരെ ഉപസർപ്പണംചെയ്ത് അവരിൽനിന്നു കാവ്യനാടകാലങ്കാരങ്ങളിൽ മാത്രമല്ല, വ്യാകരണം, വേദാന്തം മുതലായ ശാസ്ത്രങ്ങളിലും, ഗിരിജാ കല്യാണം പരിശോധിച്ചാൽ വൈദ്യത്തിലും, നിഷ്ണാതനായിത്തീർന്നു എന്നുള്ളതു നിസ്സംശയമാണ്. അതിബാല്യത്തിൽത്തന്നെ സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും പാരംഗതനാകുവാൻ അദ്ദേഹത്തിനു സാധിച്ചു. ഭാഷയിൽ ചില ശ്ലോകങ്ങൾ രചിച്ചുതുടങ്ങി. അവയിൽ മൂന്നെണ്ണം ചുവടെ ചേർക്കാം.

“താഡിക്കേണ്ടെന്നു ചൊല്ലിക്കൊടിയ തടിയുമായ്
പ്രാണനിര്യാണകാല-
ത്തോടിച്ചാടിക്കൃതാന്തത്തടിയനടിയനെ-
പ്പേടികാട്ടും ദശായാം
കോടക്കാർമേഘവർണ്ണം തഴകിയ വനമാ-
ലാദിഭൂഷാഞ്ചിതം തേ
കൂടെക്കാണായ്‌വരേണം തിരുവുടലകമേ
കൂടൽമാണിക്കമേ! മേ.

“കരിങ്ങായോടെത്തിപ്പൊരുതുമലർമാതിൻകുചയുഗം
ഞെരുങ്ങാതേ മന്ദം തഴകി മണിനാഗേന്ദ്രശയനേ
തരങ്ഗാരാവോദ്യൽസുഖരസമുറങ്ങുന്നതു മറ-
ന്നിരിങ്ങാലക്കൂടൽസ്സദസി വസസി ത്വം കിമു ഹരേ?”

“നില്ലപ്പാ നിലനില്ല പേർത്തുമിവിടെത്തന്നേ മലർക്കന്യയാം
വള്ളിക്കെട്ടുമണിഞ്ഞു മൂന്നുലകിലും വിസ്താര്യ പത്രാവലിം
തെല്ലുൾച്ചേർന്നു കുലീപിനീപരിസരേ നില്ക്കുന്ന കല്പദ്രുമം
ചൊല്ലിക്കൊണ്ടതു നല്ലമെന്തിനു മനക്കാമ്പേ! മഹീചംക്രമം?”

കുലീപിനി എന്നത് ഇരിങ്ങാലക്കുട ക്ഷേത്രക്കുളത്തിന്റെ പേരാണ്.

ആദ്യമായി നിർമ്മിച്ച കൃതി പഞ്ചശതിയായിരിക്കാം. പിന്നീടു ചങ്ങരൻകോതക്കർത്താവിന്റെ ആജ്ഞയ്ക്കു വിധേയനായി ഗിരിജാകല്യാണം ഗീതപ്രബന്ധവും കൊച്ചിമഹാരാജാവിനെ ആശ്രയിച്ചു താമസിച്ച കാലത്തു നളചരിതം നാലു ദിവസത്തെ കഥകളിയും രചിച്ചു. കൂടൽമാണിക്യത്തെ എന്ന പോലെ വടക്കുംനാഥനേയും വാരിയർ വളരെക്കാലം ആരാധിച്ചിട്ടുണ്ട്. വടക്കുംനാഥനെപ്പറ്റി അദ്ദേഹം ചില ഭാഷാഗാനങ്ങൾ രചിച്ചുകാണുന്നു. തിരുവനന്തപുരത്തു ചെന്ന് അദ്ദേഹം മാർത്താണ്ഡവർമ്മ

മഹാരാജാവിനേയോ അക്കാലത്ത് ഇളയരാജാവായിരുന്ന കാർത്തികതിരുനാൾ തമ്പുരാനേയോ മുഖം കാണിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. ഇല്ലെന്നു ഞാൻ ശപഥം ചെയ്യുന്നില്ല. എന്നാൽ പാണ്ടിയിൽ കളക്കാട്ട് എന്ന ദേശത്ത് എതോ ഒരു ഉണ്ണായിവാര്യരുടെ പേരിൽ പതിഞ്ഞിരുന്ന ചില വസ്തുക്കളിൽ കൊണ്ടിരുന്ന "കടമ" എന്ന കരം തൊള്ളായിരത്തിപ്പതിനഞ്ചിൽ തിരുവിതാംകൂർ സർക്കാരിൽനിന്നു നിറുത്തൽ ചെയ്തതായി ഒരു രേഖ കിട്ടിയിട്ടുള്ളതിൽനിന്നുമാത്രം ആ ഉണ്ണായിവാര്യരും കവിയും ഒരാളാണെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ട്. ഇരിങ്ങാലക്കുടക്കാരനായ ഒരു വാര്യർക്കു തിരുവിതാംകൂർ മഹാരാജാവു പാണ്ടിയിൽ വേണമോ വസ്തുക്കൾ ദാനം ചെയ്യുവാൻ? അക്കാലത്തു ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി അമ്പലപ്പുഴയിൽ താമസിച്ചിരുന്ന കുഞ്ചൻനമ്പ്യാർ തൊള്ളായിരത്തിപ്പത്തൊമ്പതാമാണ്ടു മുതല്ക്കെങ്കിലും ഇടയ്ക്കിടയ്ക്കു തിരുവനന്തപുരത്തും താമസിച്ചിരുന്നു എന്നുള്ളതിനു രേഖകളുണ്ട്. വാരിയർ തിരുവനന്തപുരത്തു പോയിരുന്നുവെങ്കിൽ നമ്പ്യാരുമായി പരിചയപ്പെട്ടിരിക്കാം. കോട്ടയ്ക്കകത്തു പത്മതീർത്ഥത്തിൽ കുളിച്ചു കൊണ്ടിരുന്ന രണ്ടു സ്ത്രീകളെ കണ്ടിട്ടു വാരിയർ 'കാതിലോല' എന്നു ചോദിക്കുകയും നമ്പിയാർ 'നല്ലതാളി' എന്നു മറുപടിപറയുകയും ചെയ്തതായും മറ്റൊരിക്കൽ ആന കലക്കിയ ഒരു കുളത്തെക്കുറിച്ചു 'കരികലക്കിയ കുളം' എന്നു വാരിയരും 'കളഭം കലക്കിയ കുളം' എന്നു നമ്പിയാരും അതിനെ വർണ്ണിച്ചതായും, വേറൊരിയ്ക്കൽ ചളിയിൽ കിടക്കുന്ന ഒരു പന്നിയെപ്പറ്റി 'പങ്കേ ശയിക്കുന്ന പോത്രിപ്രവരനും' എന്നു വാരിയരും 'ചേറ്റിൽ കിടക്കുന്ന പന്നിത്തടിയനും' എന്നു നമ്പിയാരും പാടിയതായും ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ട്. അവയ്ക്കൊന്നിനും വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല. 'കളഭം കലക്കിയ കുളം' എന്നു വർണ്ണിക്കുവാൻ വേണ്ട വാസനയില്ലാത്ത ഒരാളല്ല വാരിയർ. ലോലശബ്ദം മനോഹരമെന്ന അർത്ഥത്തിൽ ആ പണ്ഡിതപ്രവേകൻ പ്രയോഗിച്ചിരിക്കയുമില്ല. ആ ഐതിഹ്യങ്ങളെല്ലാം ഈ രണ്ടു കവികൾക്കും തമ്മിൽ രചനാവിഷയത്തിലുള്ള ഭേദത്തെ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ആരോ സൃഷ്ടിച്ചിട്ടുള്ളതാണെന്നേ സങ്കല്പിക്കേണ്ടതുള്ളു.

നമ്പിയാർ യൗവ്വനാരംഭത്തിൽ രചിച്ച കിളിപ്പാട്ടുകളിൽ ഒന്നായ നളചരിതത്തിൽ അദ്ദേഹം വാരിയരുടെ പദോപജീവിയായും ആശയോപജീവിയായും പല ഘട്ടങ്ങളിലും പ്രത്യക്ഷീഭവിക്കുന്നു എന്നുകൂടി പറയേണ്ടതുണ്ട്. അതുകൊണ്ടു നമ്പിയാർ തിരുവനന്തപുരത്തുവെച്ചു വാരിയരെ കണ്ടിട്ടുണ്ടെങ്കിൽ അതു വാരിയരുടെ വാർദ്ധക്യത്തിലായിരിക്കുവാനേ തരമുള്ളു.

## കൃതികൾ

വാരിയരുടെ പ്രധാനകൃതികൾ (1) രാമപഞ്ചശതി (സംസ്കൃതം) (2) ഗിരിജാകല്യാണം (3) നളചരിതംകഥകളി എന്നിവയാണ്. ഒരു സുഭദ്രാഹരണം കഥകളിയും അദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി ഊഹിക്കാം.

### രാമപഞ്ചശതി

ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ മൂർത്തി ശ്രീരാമനാണല്ലോ. മേല്പുത്തൂർ ഭട്ടതിരിയുടെ ഗുരുവായുപുരേശസ്തവമായ നാരായണീയത്തെ അനുകരിച്ചു പല സ്തോത്രങ്ങൾ കേരളീയകവികൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ അഭ്യർഹിതമായ ഒരു സ്ഥാനം വാരിയർ അൻപതു ദശകങ്ങളിലായി 500-ൽപ്പരം ശ്ലോകങ്ങൾ ഉൾക്കൊള്ളിച്ചുരചിച്ചിട്ടുള്ള പ്രസ്തുത കൃതിക്കു നല്കേണ്ടതാണ്. രാമായണമാണ് പ്രതിപാദ്യം; രാമനാണ്

പ്രണേതാവു്; അതുകൊണ്ടു ഭട്ടതിരിയുടെ കാവ്യം എങ്ങനെ ദ്വേധാ നാരായണീയ മോ അതുപോലെ വാരിയരുടെ കാവ്യവും ദ്വേധാ രാമപഞ്ചശതിതന്നെ. പരിണത പ്രജ്ഞനും പാണ്ഡിത്യസമ്പന്നനുമായ വാരിയർ പ്രസ്തുതകാവ്യത്തിൽ ശബ്ദ വിഷയ കമായി പ്രസാദംകൊണ്ടല്ലെങ്കിലും, പ്രൗഢതകൊണ്ടു ഭട്ടതിരിയെ സമീപിക്കുന്നു. തന്റെ ഓരോ ഗ്രന്ഥവും ഗ്രന്ഥികളെക്കൊണ്ടു ജടിലീകരിച്ചു സാധാരണന്മാർക്കു് ദു രവഗാഹമാക്കുക എന്നുള്ളതു് ഉണ്ണായിയുടെ ഉദ്ദണ്ഡമായ കവനതാണ്ഡവത്തിന്റെ പ്രഥമലക്ഷണമാണു്. അതിൽനിന്നു പഞ്ചശതിക്കും വിമോചനം ലഭിച്ചിട്ടില്ല. പ്രചു രപ്രചാരങ്ങളല്ലാത്ത ശബ്ദങ്ങൾ അതിൽ കവി ധാരാളമായി പ്രയോഗിച്ചിട്ടുണ്ടു്. മാ തൃക കാണിക്കാൻ മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“പ്രീതം ഗാഢനിവീതപീതവസനവ്യാസംഗികാഞ്ചീകലാ-
പാദീപ്രാപ്രപദീനനീവിനിഭൃതാപീനോരുമാരാദ്ധുമഃ
ആസീദൽസനകാദ്യതം പദയുഗോപാസീനധാത്രീരമാ-
ദാസീചാരിതചാമരം വയമിമേ ത്വാം സംഗമാധീശ്വര!

ആയൂരത്നമയോഘനോസ്ത്യപഘനോ രായോംബുധാരാസമാ
ജായാപുത്രമുഖാ ജനാശ്ച ബഹവസ്സന്ത്യന്തികേ യദ്യപി,
മായൂരച്ഛദവൽ തഥാപി മമ ഭ്രന്മാലിന്യമന്യത്ര മാ;
പീയൂഷപ്രഹിതേ ബിഭൃഷ്വ നയനേ സ്ഥിതാനുകമ്പാഘനേ.

സംക്രീതൗ ബഹുഭിസ്തപോമയധനൈസ്സംഗീത രൈര്യോഗിഭി-
സ്സംക്രീഡന്മണിനൂപുരൗ ഹൃദി കരോമ്യംഘ്രീ തവോഭൗ ശുഭൗ
അംഗീകൃത്യ യയോര്യശഃ സ്വശിരസാ ഗംഗീകൃതം വേധസാ
സംഗീതേന ഭൃശം രിരംസതി മുദാ ഭൃംഗീശ്വരശ്ശങ്കരഃ”

താഴെക്കാണുന്നതു ഗ്രന്ഥാവസാനത്തിലുള്ള ശ്ലോകമാണു്.

“ശീതം നാതി സഹേ ന ചോഷ്ണമതി ച
ശ്രീസംഗമാധീശ്വര!
സ്വാതന്ത്ര്യേ ചകിതസ്തദസ്മി സുഖിത-
സ്ത്വത്പാരതന്ത്ര്യേ സ്മൃതേ
ദേഹേ ധാതുഷു ചേന്ദ്രിയേഷു ശിരസി
സ്വാന്തേ തഥാന്തർബഹി-
സ്സർവാംഗേഷ്വപി മേ തവൈവ കരുണാ
പീയൂഷധാരായതാം.”

നാരായണീയത്തിന്റെ ഉത്തരാർദ്ധത്തിലെന്നപോലെ ഇതിലും കവി തന്റെ ഇഷ്ടദേ വതയെ പ്രായേണ ഓരോ ശ്ലോകത്തിലും അഭിസംബോധനം ചെയ്യുന്നു.

രാമപഞ്ചശതിക്കു രാമൻനമ്പിടി രചിച്ച ഒരു വ്യാഖ്യാനമുണ്ടെന്നു മുൻപു നിർദ്ദേ ശിച്ചുവല്ലോ. (ഈ നമ്പിടി പേരാമംഗലത്തുകാരനും സുപ്രസിദ്ധനായ ശഠകോപാ ചാര്യരുടെ ശിഷ്യനുമായിരുന്നു.) അതിന്റെ ആരംഭത്തിൽ ചുവടേ ചേർക്കുന്ന ശ്ലോ കം കാണുന്നു.

“ധീമൻ പാരശവാഗ്രണീർവിജയതേ ജ്യോതിർവിദഗ്രേസരഃ
ഖ്യാതോ ദക്ഷിണമന്ദിരന്ത്വധിവസൻ യശ്ശങ്കരാഖ്യോ/മലഃ

രാമസ്തസ്യ ഗിരാധികം മിതമതിഃ സ്വല്പസ്യ ചാർത്ഥാമിത-
സ്യേമാം പഞ്ചശതീസ്തവസ്യ വിവൃതിം കുർവേ യഥാമത്യഹം."

പഞ്ചശതി ആകൃതിയിൽ അതിസ്വല്പമെങ്കിലും അർത്ഥത്തിൽ അമിതമാണെന്നു വ്യാഖ്യാതാവു പറയുന്നതു പരമാർത്ഥമാകുന്നു. ശങ്കരവാരിയരെ തെക്കേടത്തു വാരിയരെന്നു നമ്പിടി പറയുന്നതിൽനിന്ന് അകത്തൂട്ടുവാരിയത്തിനു തെക്കേ വാരിയമെന്ന് അക്കാലത്തും പേരുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു.

## ഗിരിജാകല്യാണം ഗീതപ്രബന്ധം

ഗിരിജാ കല്യാണത്തിൽ കവി കിളിയേയോ ഹംസത്തേയോ മറ്റോ കൊണ്ടല്ല കഥ പറയിക്കുന്നത്. ഗണപതി, സരസ്വതി, ഗുരു, നവഗ്രഹങ്ങൾ, വാല്മീകി, വേദവ്യാസൻ മുതലായവരെ വന്ദിച്ചതിനുമേൽ അദ്ദേഹം

"ഹരശങ്കരേത്യാദി തിരുനാമങ്ങൾ കേട്ടാ-
ലുരിയാടാതെ തുഷ്ണീമിരിയെന്നാരും ചൊല്ലാ.
പെരിയ സൂരികൾക്കുമരിശമുണ്ടായ്‌വരാ
പരമാർത്ഥിയാമെന്നിൽപ്പരിതോഷമേ വരൂ.
പരിചോടേവം ചിന്തിച്ചരിയ ഭാഷയായി-
ഗ്ഗിരിജാകല്യാണം ഞാനുരചെയ്യുന്നേനെന്നാൽ."

എന്ന പ്രതിജ്ഞയോടുകൂടി നേരിട്ടുതന്നെ പ്രതിപാദ്യത്തിൽ പ്രവേശിക്കയാണ് ചെയ്യുന്നത്. വാരിയർ തൃശ്ശിവപേരൂരിൽ താമസിച്ചു ശിവഭജനം ചെയ്തുകൊണ്ടിരുന്ന കാലത്താണ് പ്രസ്തുതകൃതിയുടെ നിർമ്മിതി. ഗിരിജാകല്യാണം സംഭവഖണ്ഡമെന്നും തപോവൃത്തഖണ്ഡമെന്നും ഉദ്വാഹഖണ്ഡമെന്നും മൂന്നു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രഥമഖണ്ഡം കേകയിലും ദ്വിതീയഖണ്ഡം കാകളിയിലും തൃതീയഖണ്ഡം കളകാഞ്ചിയിലുമാണ് നിബന്ധിച്ചിരിക്കുന്നത്. വിവാഹാവസരങ്ങളിലും മറ്റും ഈ കൃതി പാടുന്നതു "അഘശമനമതി സുഖദ ശുഭസുഭഗതാവഹ" മാണെന്ന് കവിക്കു പക്ഷമുണ്ട്.

### ഇതിവൃത്തം

ശിവപുരാണം തുടങ്ങിയ പുരാണങ്ങളേയും കാളിദാസന്റെ കുമാരസംഭവത്തേയുമാണ് കവി സാമാന്യേന ഉപജീവിച്ചിരിക്കുന്നതെങ്കിലും സംഭവഖണ്ഡത്തിലെ ഇതിവൃത്തം വളരെ വിസ്തരിക്കുകയും ഇതരഖണ്ഡങ്ങളിലേതു് അങ്ങിങ്ങ് അല്പാല്പം വ്യത്യാസപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സതീദേവിയുടെ ശരീരത്യാഗത്തിനുമേൽ ശിവൻ വിരക്തനായി തപസ്സുതുടങ്ങി. പരമശിവനും പരാശക്തിയും തമ്മിൽ വേർപെട്ടപ്പോൾ ചരാചരാത്മകമായ പ്രപഞ്ചം ദുരവസ്ഥയിൽപ്പെട്ടു. അതുകണ്ടു ദേവന്മാർ ബ്രഹ്മാവിന്റെ ഉപദേശമനുസരിച്ചു പരാശക്തിയെ സേവിച്ചു. പരാശക്തി അവർക്ക് അഭീഷ്ടദാനം നല്കി ശിവന്റെ ആജ്ഞയനുസരിച്ചു ഹിമവാന്നും മേനയ്ക്കും പുത്രിയായി ഭൂമിയിൽ അവതരിക്കാൻ തീർച്ചപ്പെടുത്തി. മാനസസരസ്സിൽ അയോനിജയായി ശിശുരൂപത്തിൽ പരിലസിച്ച ആ ദേവിയെ ഹിമവാൻ സ്വീകരിച്ചു വളർക്കുവാൻ തന്റെ പ്രേയസിയായ മേനയെ ഏല്പിച്ചു. പരാശക്തിയുടെ താദൃശമായ ജന്മകഥയൊന്നും കുമാരസംഭവത്തിലും മറ്റും വർണ്ണിച്ചിട്ടുള്ളതല്ല. അതു നോക്കുമ്പോൾ പ്രഥമഖണ്ഡത്തിലെ ഇതിവൃത്തം ഭൂരിഭാഗവും സ്വകപോലകല്പിതമെന്നുതന്നെ പറയേണ്ടിയിരി

ക്കുന്നു. “അതിവിതത” മാണ് ഈ “ഗിരിദുഹിതൃകല്യാണം” എന്നു കവി നമ്മെ ഗ്രന്ഥാവസാനത്തിൽ അനുസ്മരിപ്പിക്കുന്നുമുണ്ട്.

## കാവ്യശൈലി

ഇരിങ്ങാലക്കുട വാരിയത്തു് പണ്ഡിതന്മാരായി രണ്ടു വാരിയന്മാരുണ്ടായിരുന്നുവെന്നും അവരിൽ ഒരാൾ പഞ്ചശതിയും ഗിരിജാകല്യാണവും മറ്റേയാൾ നളചരിതവും നിർമ്മിച്ചുവെന്നുമുള്ള മതത്തിനു യാതൊരു ഉപപത്തിയും ഞാൻ കാണുന്നില്ല. ഈ മൂന്നു ഗ്രന്ഥങ്ങളിലെയും രചനാരീതി ഏകരൂപമാണ്. വാരിയരുടെ ഭാഷാശൈലിയെപ്പറ്റി നളചരിതത്തിനു കാന്താരതാരകം എന്ന വ്യാഖ്യാനം രചിച്ച പ്രൊഫസർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ഇങ്ങനെ പ്രസ്താവിക്കുന്നു: “മുരാരേസ്തൃതീയഃ പന്ഥാഃ എന്നു പറയുന്നതുപോലെ അദ്ദേഹത്തിന്റെ മാർഗ്ഗം ഒന്നു വേറെയാണ്.

ഉണ്ണായിക്കു മലയാളവും സംസ്കൃതവും ഒന്നുപോലെ സ്വാധീനമാണ്. അപ്പോഴപ്പോൾ നാവിലുദിച്ച ഭാഷയിൽ അദ്ദേഹമെഴുതും; എന്നല്ലാതെ കടംവാങ്ങീട്ടു് ആവശ്യമുണ്ടോ എന്നുള്ള വിചാരമേ അദ്ദേഹത്തിനില്ല. . . നളചരിതത്തിലെ ഭാഷമണിയും പ്രവാളവും കലർത്തു ചേർത്തതല്ല, സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളിത്തീയവും ചേർത്തുരുക്കിയ ഒരു വെങ്കലബ്ഭാഷയാണ്. . . താളത്തിന്റെ മുറയ്ക്കു പ്രാസം കണക്കിനു വീണുകൊണ്ടിരിക്കണം. ശബ്ദം ഈ നിർബ്ബന്ധത്തിനു കീഴടങ്ങി തനിയേ വന്നില്ലെങ്കിൽ അദ്ദേഹം പിടിച്ചു വലിച്ചിഴച്ചെങ്കിലും വരുത്തും. ഈ സാഹസത്തിൽ ശബ്ദങ്ങളുടെ വാലോ തലതന്നെയോ ഉടഞ്ഞുപോയാലും വകയില്ല. ബഹിരന്തഃസ്ഫുരദ്രസമായ ദ്രാക്ഷാപാകം ഉണ്ണായിയുടെ സ്വഭാവത്തിനു വിരുദ്ധമാണ്. അദ്ദേഹത്തിനു നാളികേരപാകത്തിലേ രസമുള്ളു.” ചുരുക്കത്തിൽ (1) അതിരുകടന്ന പ്രാസഭ്രമം (2) അത്യധികമായ സംസ്കൃതപദപ്രയോഗം (3) പ്രചാരലുപ്തങ്ങളായ മലയാള പദങ്ങളെക്കൊണ്ടുള്ള നിരങ്കുശമായ പെരുമാറ്റം (4) നാളികേരപാകത്തിൽ കവനം ചെയ്യുന്നതിനുള്ള അത്യാസക്തി ഇവയാണ് അദ്ദേഹത്തിന്റെ ഭാഷാകൃതികളുടെ പ്രധാനലക്ഷണങ്ങൾ. ആ ലക്ഷണങ്ങൾ നളചരിതത്തിനും ഗിരിജാകല്യാണത്തിനും ഒന്നുപോലെ യോജിക്കുന്നു. കേകയിൽ മാത്രമല്ല, കാകളിയിൽപ്പോലും ഓരോ ഈരടിയിലും നന്നാലുതവണ പ്രാസം—അതും കഴിവുള്ളിടത്തോളം യമകരൂപത്തിൽ—ആവർത്തിച്ചാലേ അദ്ദേഹത്തിനു സുഖമുള്ളു.

“കനകനിറംപൂണ്ട ഘനകാരുണ്യമൂർത്തേ!
മനകാമ്പിങ്കൽ വാണീടനഘാ! കരിമുഖ!
ഗണനാസരണിയിലണയാഗുണഗണ!
ഗണനായക! പോറ്റി! തുണയായിരിക്ക നീ.
ഭണിതിമാതാവേ! നീ പിണിതീർത്തരുളുവാൻ
മണിദീപികപോലെൻമനസി വിളങ്ങുക.”

എന്നിങ്ങനെയാണ് ഗിരിജാകല്യാണം ആരംഭിക്കുന്നത്.

“അംബികതൻതുട സമ്പന്നസൗന്ദര്യ-
മൻപോടു കണ്ടിട്ടിടംപെട്ടു പിൻപെട്ടു
വൻപെട്ടു കമ്പിച്ചു തൺപെട്ടു പുൺപെട്ടു
തുമ്പിക്കരങ്ങൾ വിതുമ്പിക്കരവതും
ചെമ്പൊല്ക്കദളി തൊടുമ്പോൾപ്പൊളിവതും

ശംഭോ ശിവ! ബഹു കിംപോലഹം ബ്രുവേ?"

എന്നിത്തരത്തിലുള്ള ഈരടികൾ ദ്വിതീയഖണ്ഡത്തിൽ ധാരാളമായുണ്ട്.

"ഉൽപാടിതാശേഷദുഷ്ടാപശഷ്പം സ-
മുൽപാദിതാനന്ദചിൽപ്രാഭവപ്രഭം
അഭ്രാപഗാതോയവിഭ്രാജികോടീര-
സർപ്പാവലീലീഢശുഭ്രാംശുശേഖരം
ദർപ്പകാംഗാസ്വാദതൃപ്തഫാലേക്ഷണം
നിർഭരാനുക്രോശഗർഭിതാക്ഷിദ്വയം
അല്പഹാസാക്ഷിപ്തകർപ്പൂരവിഭ്രമം
വിസ്ഫുരൽകുണ്ഡലം സുപ്രസന്നാനനം
സസ്മിതാലാപലീലാപരം നന്ദിനാ
ഭസ്മഭാസംക്രാന്തികർബുരകന്ധരം
ഹൃൽപരചിൽപരിപാകപരിമള-
ലുബ്ധവക്ഷോലഗ്നരുദ്രാക്ഷമക്ഷികം"

എന്നിങ്ങനെ ശുദ്ധസംസ്കൃതമയങ്ങളായ ഭാഗങ്ങളും ഈ ഗ്രന്ഥത്തിൽകാണാം. ഭാഷാപദപ്രയോഗത്തിൽ കവി പ്രദർശിപ്പിക്കുന്ന നിരങ്കുശത്വത്തിനു "പോരുമേതാഗിരോ വാരുമേ മാധവാ" എന്ന വരി ഒന്നാംതരം ദൃഷ്ടാന്തമാണ്. ഈ ഗീരുകൾ (പോരും) മതി; അല്ലയോ മാധവാ! (വാരും) അങ്ങു വന്നാലും' എന്നാണ് ആ വരിയുടെ അർത്ഥം. ഒരു 'രുമേ'യേക്കുവേണ്ടി വാരിയർ മലയാളത്തിൽ തൽക്കാലം വാക്കു കിട്ടാത്തതിനാൽ 'വാരുമേ' എന്ന ശബ്ദം തമിഴിൽനിന്നുപോലും തട്ടിയെടുത്തിരിക്കുന്നു. അതുപോലെ 'പഠിത്തമുള്ളവർ' എന്ന അർത്ഥത്തിൽ 'വാതിച്ചോർ' എന്നൊരു ശബ്ദം അദ്ദേഹം രണ്ടു ഭാഷാകൃതികളിലും പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹമല്ലാതെ, ഭാഷാവിശ്വകർമ്മീയം എന്ന അവിജ്ഞാതകർത്തൃകമായ ഒരു ശില്പഗ്രന്ഥമൊഴിച്ചാൽ, ആ പദം മറ്റാരും പ്രയോഗിച്ചു കണ്ടിട്ടുമില്ല. ഇത്തരത്തിൽ വിജാതീയമായുള്ള ഒരു കാവ്യപ്രസ്ഥാനം അവ്യുൽപന്നന്മാരെ അമ്പരപ്പിക്കുമെങ്കിലും പണ്ഡിതന്മാരായ സഹൃദയന്മാർക്ക് അത്യന്തം ആസ്വാദ്യമാകുന്നു.

## കവിതാഗുണം

ഗീതപ്രബന്ധങ്ങളിൽ ഗിരിജാകല്യാണം പോലെയും നൃത്യപ്രബന്ധങ്ങളിൽ നളചരിതംപോലെയും വേറെ കൃതികളില്ല. ശബ്ദധാടി, അർത്ഥപ്രൗഢി, കല്പനാശക്തി, രസപുഷ്ടി മുതലായ കാവ്യഗുണങ്ങൾ ഇത്ര സമഗ്രമായി ഇതര ഗ്രന്ഥങ്ങളിൽ കാണ്മാൻ പ്രയാസമുണ്ട്. "നൈഷധം വിദ്വദൗഷധം" എന്ന ആപ്തവാക്യം, ശ്രീഹർഷന്റെ കവനപദ്ധതി നിരന്തരാഭ്യാസംകൊണ്ടു സ്വായത്തമാക്കിയതുപോലെ തോന്നുന്ന വാരിയരുടെ കൃതികൾക്കും ചേരുന്നതാണ്.

ഗ്രന്ഥഗ്രന്ഥിരിഹ ക്വചിൽ ക്വചിദപി ന്യാസി പ്രയത്നാന്മയാ
പ്രാജ്ഞമ്മന്യമനാ ഹഠേന പഠിതീ മാസ്മിൻ ഖലഃ ഖേലതു
ശ്രദ്ധാരാദ്ധഗുരുശ്ലഥീകൃതദൃഢഗ്രന്ഥിസ്സമാസാദയ-
ത്വേതൽകാവ്യരസോർമ്മിമജ്ജനരസവ്യാസജ്ജനം സജ്ജനഃ.

യഥാ യൂനാം തദ്വൽ പരമരമണീയാപി രമണീ
കുമാരാണാമന്തഃകരണഹരണം നൈവ കുരുതേ

മദുക്തിശ്ചേദന്തർമ്മദയതി സുധീഭൂയ സുധിയാം
കിമസ്യാ നാമ സ്യാദരസപുരുഷാനാദരഭരൈഃ"

എന്നും മറ്റും നൈഷധത്തിൽ കാഠിന്യംകൊണ്ടുണ്ടായിട്ടുള്ള ഉൽകർഷത്തെ ശ്രീ ഹർഷൻ പ്രകടമായി പ്രശംസിച്ചിട്ടുണ്ട്. വാരിയരും "വിഭക്തിയുണ്ടെന്നാകിൽ പഠിച്ചു പാടിക്കൊൾവിൻ, വിഭക്തിബോധത്തിനും വിശുദ്ധലാഭത്തിനും" എന്നു ഗിരിജാകല്യാണം പ്രഥമഖണ്ഡത്തിന്റേയും "ഹൃദ്യയാം വിദ്യയും വിത്തസമ്പത്തിയും സദ്യോമനശ്ശുദ്ധി ഭക്തിയുമെത്തുമേ" എന്നു ദ്വിതീയഖണ്ഡത്തിന്റേയും അവസാനത്തിൽ പറയുന്നതിനുപുറമേ ഗ്രന്ഥാന്തത്തിൽ

"ഗിരിശനുടെ ചരിതമിതു രചിതമധുനാ മയാ
ഗീർവാണകേരളഭാഷാവിമിശ്രിതം.
കഠിനതയുമിടയിടയിൽ വരുവതുമിരുമ്പിനാൽ
കപ്പൽ മരംകൊണ്ടു കല്പിക്കിലേവനും
അഭയമിതു ഭവജലധിനടുവിലടിതും കപ്പ-
ലഭ്യസിച്ചീടിനാലർത്ഥമുണ്ടാം ബഹു"

എന്നു തന്റെ കവനരീതിയുടെ അധൃഷ്യതയെ കടാക്ഷിക്കുന്നു. എന്നാൽ ഇതിൽ നിന്നു സാമാന്യന്മാർക്ക് ആപാദചൂഡം അനഭിഗമ്യമാണ് ഗിരിജാകല്യാണമെന്ന് ആരും തെറ്റിദ്ധരിക്കരുത്. അതിൽ പ്രസന്നമധുരങ്ങളായ ഭാഗങ്ങളും അങ്ങിങ്ങുണ്ട്. തൃതീയഖണ്ഡം പ്രായേണ പ്രതീതിസുഭഗമായി പരിശോഭിക്കുന്നു.

"ജയ ജനനി! ജഗദുദയഭരണഹരണേക്ഷണേ!
ജംഗമാജംഗമബ്രഹ്മവിദ്യാമയീ!
ജയ ജനനി! ശിവകമനി! ജയ ഭഗവതീ ശിവേ!
ജന്തുസന്താനസന്തോഷചിന്താമണേ!
തവ ഭവതു പരമശിവനിനി മുഴുവനിഷ്ടദൻ
താരകബ്രഹ്മശരച്ചന്ദ്രചന്ദ്രികേ!
ജനനി! തവ മഹിമയിതു ജഗതി തതമെങ്കിലും
ജന്മാദി ഞങ്ങൾക്കുവേണ്ടി വേണ്ടിത്തവ
ശരണമിഹ തവ ചരണയുഗളമിതു മാദൃശാം
ശങ്കരാലങ്കാരശൃംഗാരശൃംഖലേ!"

എന്നിങ്ങനെയുള്ള വരികൾ മറ്റേതു ഗീതപ്രബന്ധത്തിൽ ഉണ്ടെന്നു ഞാൻ ചോദിക്കുന്നു. ഫലിതവും ധാരാളമായി ഇതിലും നളചരിതത്തിലും ഉണ്ട്. ഗിരിജാകല്യാണം ഭാഷാഭഗവതിയുടെ കണ്ഠാലങ്കാരത്തിനുള്ള അമൂല്യമായ ഒരു ശൃംഗാരശൃംഖല തന്നെയാണെന്നു ഭാവുകന്മാർ ഐകകണ്ഠ്യേന സമ്മതിക്കാതിരിക്കയില്ല.

## നളചരിതം കഥകളി

നളചരിതം നാലു ദിവസത്തെ കഥകളിയായിട്ടാണ് വാരിയർ നിബന്ധിച്ചിരിക്കുന്നത്. അതിന്റെ കാലം കോട്ടയത്തുതമ്പുരാന്റെ കൃതികളെ അപേക്ഷിച്ച് അല്പം അർവാചീനമാണെങ്കിലും കവിക്ക് ആ കൃതികൾ മാർഗ്ഗദർശനം നല്കീട്ടുണ്ടെന്നു തോന്നുന്നില്ലെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. നളചരിതത്തിലെ ഇതിവൃത്തം മഹാഭാരതം വനപർവത്തിൽ 52 മുതൽ 79 വരെയുള്ള 28 അദ്ധ്യായങ്ങളിൽ അന്തർഭവിച്ചിരിക്കുന്നു. നളോപാഖ്യാനം എന്ന ആ പുരാവൃത്തം ബൃഹദശ്വമഹർഷി

പാണ്ഡവന്മാരെ പറഞ്ഞുകേൾപ്പിക്കുന്നതാണ്. എന്നാൽ മഹാഭാരതത്തെക്കാൾ അധികം കവി ഒന്നാം ദിവസത്തെ കഥയിൽ ഉപജീവിക്കുന്നതു തനിക്ക് അത്യന്തം അഭിമതമായ നൈഷധീയചരിതത്തെയാണെന്നുള്ളതിനു സംശയമില്ല. അതോടു കൂടി ശ്രീഹർഷന്റെ ആ മഹാകാവ്യ കഥ അവസാനിക്കുന്നതിനാൽ അതിനപ്പുറം ഭാരതത്തെത്തന്നെ അനുഗമിക്കുകയും ചെയ്യുന്നു. കഥാനിർവാഹകനായി നാരദ മഹർഷിയെ ആദിമധ്യാന്തങ്ങളിൽ പ്രവേശിപ്പിച്ചിരിക്കുന്നതും മറ്റും കവിയുടെ ഔചിത്യദീക്ഷയുടെ ഫലമാകുന്നു. രസപരിപോഷണത്തിൽ വാരിയരെപ്പോലെ ദത്താവധാനനായി ഒരു നൃത്യപ്രബന്ധകാരനും ഉണ്ടായിട്ടില്ല. ശൃംഗാരരസം അംഗിയും വീരം കരുണം അത്ഭുതം രൗദ്രം തുടങ്ങിയ ഇതരരസങ്ങൾ അംഗങ്ങളുമായ ഈ കൃതിയിൽ അനുസ്യൂതമായി പരിസ്ഫുരിക്കുന്ന കവിയുടെ കലാബോധം ആരേയും ആനന്ദിപ്പിക്കുവാൻ പര്യാപ്തമാണ്. നാടകീയനിയമങ്ങളെ ആസ്പദമാക്കിയുള്ള പരിഗണനയിൽ നളചരിതം കനിഷ്ഠികാധിഷ്ഠിതമായി വിദ്യോതിക്കുന്നു. ആട്ടക്കഥകളെ പ്രായേണ അലങ്കോലപ്പെടുത്തുന്ന ആഭാസമായ സംഭോഗശൃങ്ഗാരപ്രകടനം പ്രസ്തുതകൃതിയിൽ കടന്നുകൂടീട്ടേയില്ല. ഔചിത്യവേദിയായ കോട്ടയത്തു തമ്പുരാൻപോലും ബകവധത്തിൽ ഭീമസേനനെക്കൊണ്ടു "പന്തൊക്കും കൊങ്കയെന്മാറിൽ പൈന്തേൻവാണി! ചേർക്ക" എന്നും കല്യാണസൗഗന്ധികത്തിൽ "സുന്ദരി! മനസിജവര സമരം സുഖമൊടു മുതിരുക സരസതരം . . . മന്ദതനീക്കി വിനിന്ദിതകിസലയമിന്ദുമുഖി! മമ തന്നിടുകധരം" എന്നും പറയിച്ചിട്ടുണ്ടെന്ന് ഓർക്കുമ്പോളാണ് നമുക്കു വാരിയരെപ്പറ്റിയുള്ള ബഹുമതി ഇരട്ടിക്കുന്നത്. തനിക്ക് ആ വിഷയത്തിൽ വക്തവ്യമായിട്ടുള്ളത് അദ്ദേഹം "ധ്വാന്തം ത്രപാമയമപാസ്യ നിശേന്ദുനേവ സ്വാന്തർമ്മുദാ പുരവരേ സഹ തേന രേമേ." എന്നും "ഉപവനതലേ സൗധേ വാപീതടേ മണിമന്ദിരേപ്യനിശമടതി സ്വൈരം ദാരൈർന്നളേ രതിലാലസേ" എന്നും ശ്ലോകത്തിൽ സംഗ്രഹിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.

ഉണ്ണായിയെപ്പോലെ മനോഹരങ്ങളായ കഥകളിപ്പദങ്ങൾ മറ്റാരും രചിച്ചിട്ടില്ല; വാരിയരുടെ ഗാനകലാപാടവത്തെപ്പറ്റി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. (1) "കുണ്ഡിനനായക നന്ദിനിക്കൊത്തൊരു" (2) "ഊർജ്ജിതാശയ പാർത്ഥിവ തവ ഞാൻ" (3) "പൂമകനും മൊഴിമാതും" (4) "കണ്ടാലെത്രയും കൗതുകം" (5) "സാമ്യമകന്നോരുദ്യാനം" (6) "അലസതാ വിലസിതം" (7) "കത്തുന്ന വനശിഖി" (8) "അങ്ഗനമാർമൗലേ ബാലേ" (9) "പൂമാതിനൊത്ത ചാരുതനോ" (10) "വസ വസ സൂത" (11) "വിജനേ ബത മഹതി" (12) "യാമി യാമി ഭൈമി കാമിതം" (13) "കരണീയം ഞാനൊന്നു ചൊല്ലുവൻ" മുതലായ പദങ്ങൾ അരങ്ങത്തു സോപാനസമ്പ്രദായത്തിലെന്നപോലെ, സങ്ഗീതസദസ്സിൽ ദേശിസമ്പ്രദായത്തിലും പാടാവുന്നതാണ്. ഇവയിൽ പലതും സ്ത്രീകൾ കൈകൊട്ടിക്കളിക്കും ഉപയോഗിക്കാറുണ്ട്. ഈ വിശിഷ്ട ഗുണം ഇരയിമ്മൻതമ്പിയുടെ ചില കഥകളിപ്പദങ്ങൾക്കല്ലാതെ മറ്റൊന്നിനുമില്ല. ഇവർ രണ്ടുപേരും സങ്ഗീതമർമ്മജ്ഞന്മാരായിരുന്നതിനാലാണ് ആ പ്രസ്ഥാനത്തിൽ ഇത്രമാത്രം വിജയം നേടിയത്. വാരിയരുടെ ശ്ലോകങ്ങളിൽ പലതും കഥ 'ശ്ലോകത്തിൽ കഴിക്കു'ന്നതിനുവേണ്ടിമാത്രം എഴുതീട്ടുള്ളതാകയാൽ അവയ്ക്കു താരതമ്യേന ആസ്വാദ്യത കുറയും. ശ്ലോകത്തിനുപകരം ഒരു ഘട്ടത്തിൽ ഒരു സംസ്കൃതചൂർണ്ണികയും കവി ഘടിപ്പിച്ചിട്ടുണ്ട്. മൊത്തത്തിൽ പരിഗണിക്കുമ്പോൾ "സംഗീതസാഹിത്യങ്ങൾ രണ്ടും ഒന്നുപോലെ നയിക്കാവുന്നതിനാലുള്ള സർവതോമുഖത, പ്രകൃതിസിദ്ധമായ ഗാംഭീര്യം, ഉദാരമായ ബന്ധം, സ്വകപോലകല്പിതങ്ങളായ നൂതനഭംഗികൾ, ആലോചിക്കുന്തോറും അവസാനിക്കാതെ നീണ്ടുനീണ്ടു പോകുന്ന

വ്യംഗ്യാർത്ഥത്തിന്റെ ബാഹുല്യം, പ്രയോഗവൈചിത്ര്യങ്ങളാലുള്ള വ്യുൽപാദകത, എല്ലാ വിഷയത്തിലുമുള്ള ക്ഷോദക്ഷമത ഇതുകൾ നളചരിതത്തെ മണിപ്രവാളകൃതികളിൽ പ്രഥമ ഗണനീയമാക്കിച്ചമച്ചിരിക്കുന്നു" എന്നുള്ള പ്രൊഫസർ രാജരാജവർമ്മകോയിത്തമ്പുരാന്റെ അഭിപ്രായം സർവഥാ സമാദരണീയമാണ്.

അർത്ഥവിഷയത്തിൽ ആരെയും നക്ഷത്രമെണ്ണിക്കുന്ന പല ഭാഗങ്ങൾ നളചരിതത്തിൽ വാരിയർ മുക്തഹസ്തമായി വാരിവിതറിയിട്ടുണ്ട്. "മരത്തിനിടയിൽക്കാണാമേ സുന്ദരത്തിനുടെ സാദൃശ്യേയം" തുടങ്ങിയ ഭാഗങ്ങൾ സർവസമ്മതമായ രീതിയിൽ വ്യാഖ്യാനിക്കുവാൻ ഇനിയും ആർക്കും സാധിച്ചിട്ടില്ല.

"കാമിനി രൂപിണി ശീലവതീമണി ഹേമാമോദസമാ
ഭീമനരേന്ദ്രസുതാ ദമയന്തീ നാമ രമാനവമാ;
സാമരധാമവധൂമദഭ്രമവിരാമദകോമളിമാ."

എന്നെഴുതിയ തൂലികകൊണ്ടുതന്നെയാണല്ലോ, നമ്മുടെ കവി "വസ്തുമേതദുൽസൃജാമി ചാമിവ" എന്നും, "ദഹനശമനവരുണൈരമാ" എന്നും, "വനത്തിൽ മേവുന്നാണാളേ" എന്നും, "വിധിയന്ത്രത്തിരിപ്പു മൂന്നീ" എന്നും മറ്റും എഴുതിയത് എന്നാലോചിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉന്മസ്തകമായ ഉച്ഛൃംഖലതയ്ക്കു ദണ്ഡനമസ്കാരം ചെയ്യാതെ നീക്കുപോക്കില്ല.

പ്രായേണ എല്ലാ പദങ്ങളുംതന്നെ പരമരമണീയങ്ങളും സർവവിദിതങ്ങളുമാകയാൽ അവയിൽനിന്ന് ഒന്നോ രണ്ടോ തിരഞ്ഞെടുത്തു പ്രദർശിപ്പിക്കുക എന്നുള്ളത് അസാധ്യവും അനാവശ്യകവുമായ ഒരു കൃത്യമാണെന്നു ഞാൻ കരുതുന്നു. അതുകൊണ്ട് ആ സാഹസത്തിൽനിന്നു വിരമിക്കേണ്ടിയിരിക്കുന്നു.

"സുദേവോക്താ വാണീ സ്വദയിതതമോദന്തപിശുനാ
സുധാമിശ്രാ പൂർവം ശ്രുവസി വിഷധാരേവ പതിതാ
അഥോല്ലേഖവാസഹ്യാ നൃപതൃതുപർണ്ണസ്യ ച ഗിരാ
തതശ്ചിന്താമാപത്തരളഹൃദയോ ബാഹുക ഇമാം."

തുടങ്ങിയ ചില ശ്ലോകങ്ങൾക്കും ചമൽക്കാരമുണ്ട്.

## സുഭദ്രാഹരണം

കാർത്തികതിരുനാൾ മഹാരാജാവിന്റെ തെക്കൻസുഭദ്രാഹരണത്തേയും മന്ത്രേടത്തു നമ്പൂരിപ്പാട്ടിലെ വടക്കൻ സുഭദ്രാഹരണത്തേയുംകാൾ വളരെ വളരെ വിശിഷ്ടമായ മറ്റൊരു സുഭദ്രാഹരണം ആട്ടക്കഥകൂടി ഞാൻ വായിച്ചിട്ടുണ്ട്. നളചരിതം ആട്ടക്കഥയിലും ഇതിലും ഒരേ മംഗള ശ്ലോകാവലി കാണുന്നു എന്നു മാത്രമല്ല, സംസ്കൃതവും മലയാളവും നളചരിതത്തിലെന്നതുപോലെ ഇതിലും നെല്ലും മോരും പോലെ പലപ്പോഴും ഇടകലർത്തി പ്രയോഗിച്ചുമിരിക്കുന്നു. ഗ്രന്ഥം മുഴുവൻ കിട്ടീട്ടില്ലാത്തതുകൊണ്ടു നിഷ്കർഷിച്ച് ഒരഭിപ്രായം പുറപ്പെടുവിക്കുവാൻ നിർവ്വാഹമില്ല. അർജ്ജുനനോടുള്ള ഗദന്റെ വാക്യമാണ് താഴെ ചേർക്കുന്നത്.

"ദ്വാരവതീപുരി വാണരുളീടിന സാരസനയനനുദാരൻ
വാരണഗാമിനിമാരൊടുകൂടിന മാരസമാനശരീരൻ
വസതി സുഖം വനമാലീ വരഗുണഭൂഷണശാലീ
നീലപയോധരനികരമനോഹരനിരുപമകാന്തികലാപൻ
ലോലമണീകലവലയകടീതടകാഞ്ചനകാഞ്ചികലാപൻ (വസ)

ബാലതമാലസമാനതമാകൃതി ബലജിതവൈരിസമൂഹൻ
ബാലവധൂജനമനസി സമാഹിതമനസിജതാപവിമോഹൻ (വസ)
പീലിയണിഞ്ഞു വിളങ്ങിന കചഭരജാലമനോഹരവേഷൻ
പാലിതസകലജനാവലിസേവിതപദയുഗനതരുപരിതോഷൻ (വസ)"

## ഗാനങ്ങൾ

ഉണ്ണായിവാരിയർ വടക്കുന്നാഥനെപ്പറ്റി രചിച്ചിട്ടുള്ള അഞ്ചു സ്തോത്രങ്ങൾ നമുക്കു കിട്ടീട്ടുണ്ട്. അവയിൽ രണ്ടെണ്ണം അകാരാദിക്രമത്തിൽ 'അഃ' വരെയുള്ള അക്ഷരങ്ങളിലാണ് നിബന്ധിച്ചുകാണുന്നതു്. ചില ഭാഗങ്ങൾ പകർത്തുന്നു. ഒടുവിലത്തേതു് ഒരു സംസ്കൃതകീർത്തനമാണ്.

"ഇഹലോകസുഖേച്ഛ തഴച്ചതിലഖിലോദ്യമമതു ഹതവിധിയാൽ
വിഫലോതി ദുനോതി കഥഞ്ചന സഫലോ ന മുദേതി ച ഹൃദയം.
ന ഖലോ ന ജഹാമി ജരസ്യപി മൃഗലോചനമാരിൽ മനോരതി-
മവലോകയ മാമുരുദയയാ വരമരുള്ള വടക്കുന്നാഥ."

"ഊട്ടുവൻ ഭൂസുരകോടി; വേട്ടു വംശമുറപ്പിപ്പൻ;
നാട്ടിലെല്ലാം ഉണ്ണൈരീട്ടം കൂട്ടുവൻ കീർത്തിം;
മൂട്ടുവനീശ്വരചിത്തമെന്നിരിക്കേ യമരാജൻ-
തീട്ടു വന്നു പലർക്കയ്യോ! വടക്കുന്നാഥാ!"

പല്ലവി:

ചന്ദ്രചൂഡ ദേഹി മേ ശംഭോ! വൃഷാചല-
മന്ദിരനിവാസ ശംഭോ!

രണ്ടു ചരണങ്ങൾ:

അംഗജാരേ! ശുഭകീർത്തേ! സർവ്വ-
മംഗലാലിംഗിതമൂർത്തേ!
അംഗദുരിതവിഭംഗകരിവര-
തുംഗവിപുലപിശംഗതരജട!
സംഗരഹതകരിപുംഗവദാനവ!
മംഗലാനി മമ ഗംഗാധര കുരു. (ചന്ദ്ര)"

## മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതന്മാർ

ഉണ്ണായിവാരിയർ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആശ്രിതനായിരുന്നുവോ എന്നു നിശ്ചയമില്ലെങ്കിലും മറ്റു ചില കവികൾ അദ്ദേഹത്തിന്റെ കാരുണ്യത്തിന്നു വശംവദന്മാരായിരുന്നു എന്നുള്ളതു നിർവ്വിവാദമാണ്. സാഹിത്യം സങ്ഗീതം തുടങ്ങിയ കലകളുടെ പ്രോത്സാഹനം ആ മഹാപുരുഷൻ തന്റെ ഭാഗിനേയനായ രാമവർമ്മ യുവരാജാവിനെക്കൊണ്ടാണ് സാമാന്യേന നിർവഹിച്ചിരുന്നതു്. അങ്ങനെയുള്ള കവികളിൽ (1) രാമപാണിവാദൻ എന്ന നാമാന്തരത്താൽ സുവിദിതനായ

മഹാകവി കുഞ്ചൻനമ്പിയാർ (2) രാമപുരത്തു വാരിയർ (3) കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാൻ (4) ദേവരാജശാസ്ത്രി (5) കൃഷ്ണകവി (6) ശംകുകവി എന്നിവരെ പ്പറ്റി ചില വിവരങ്ങൾ അറിയാം. കുഞ്ചൻനമ്പ്യാർക്കു പ്രത്യേകം ഒരധ്യായംതന്നെ വിനിയോഗിക്കേണ്ടിയിരിക്കുന്നു. ഒടുവിലത്തെ മൂന്നു കവികളും സംസ്കൃതകാവ്യങ്ങൾ മാത്രമേ രചിച്ചിട്ടുള്ളു.

## രാമപുരത്തു വാരിയർ (878-928) —ജീവചരിത്രം

വടക്കൻ തിരുവിതാംകൂറിൽപ്പെട്ട മീനച്ചൽത്താലൂക്കിൽ രാമപുരം എന്നൊരു ഗ്രാമ മുണ്ട്. പ്രസിദ്ധമായ ഒരു ശ്രീരാമക്ഷേത്രം അവിടെ ഉള്ളതിനാലാണ് അതിന് ആ പേർ സിദ്ധിച്ചത്. ആ ക്ഷേത്രത്തിന്റെ കിഴക്കുവശത്ത് അല്പം വടക്കുമാറി അവിടെ മാലകെട്ടുപ്രവൃത്തിയുള്ള ഒരു വാരിയമുണ്ട്. ആ വാരിയത്തെ ഒരങ്ഗമായി നമ്മു ടെ കവി 878-ആമാണ്ടു കുംഭമാസം 2-ആംനു പൂയംനക്ഷത്രത്തിൽ ജനിച്ചു. ശങ്കരൻ എന്നായിരുന്നു പേർ. അമ്മ ആ വാരിയത്തെ പാർവതി വാരസ്യാരും അച്ഛൻ അവി ടെനിന്നു രണ്ടു മൈൽ വടക്ക് 'അമനകര'ഗ്രാമത്തിൽ പുനം എന്ന ഇല്ലത്തെ പത്മ നാഭൻനമ്പൂരിയുമായിരുന്നു. മാതാപിതാക്കന്മാരുടെ പേരുകൾ യഥാക്രമം ലക്ഷ്മി ക്കുട്ടിയെന്നും ശങ്കരനെന്നും ആയിരുന്നു എന്നും ചില പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. സൂക്ഷ്മം അറിവാൻ നിർവ്വാഹമില്ല. പുനം ഇന്നു വിഭവസമൃദ്ധമായ ഒരു കുടുംബമാ ണെങ്കിലും അന്ന് അതിന്റെ സാമ്പത്തികസ്ഥിതി ആശാസ്യമായിരുന്നില്ല. തന്നിമി ത്തം വാരിയർക്കു ബാല്യത്തിൽ കഠിനമായ ദാരിദ്ര്യ ദുഃഖം അനുഭവിക്കേണ്ടിവന്നി ട്ടുണ്ട്. അദ്ദേഹം ആദ്യം തന്റെ അച്ഛനിൽനിന്നും പിന്നീട് ഇരിങ്ങാലക്കുടയ്ക്കുപോയി ഉണ്ണായി വാരിയരിൽനിന്നും സംസ്കൃതം അഭ്യസിച്ചു, കുറെക്കാലം കൊണ്ടു സാഹി ത്യത്തിലും സംഗീതത്തിലും ഒന്നുപോലെ അഭിജ്ഞനായിത്തീർന്നു. അതിനുപുറമേ അദ്ദേഹം ഒന്നാംകിടയിലുള്ള ഒരു ജ്യോത്സ്യനുമായിരുന്നു എന്നറിയുന്നു. മാലകെ ട്ടിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശില്പവിജ്ഞാനം ആരെയും ആശ്ചര്യ ഭരിതരാക്കി യിരുന്നു. അക്കാലത്തു രാമപുരത്തിനു സമീപം വടക്കുംകൂർ രാജാക്കന്മാരുടെ ഒരു ശാഖ വെള്ളിലാപ്പള്ളി എന്ന സ്ഥലത്തു താമസിച്ചിരുന്നു. ആ ശാഖയിൽപ്പെട്ട രവി വർമ്മ രാജാവിന്റെ ആശ്രിതനായി വാരിയർ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ച് അവി ടെ കുട്ടികളെ സംസ്കൃതം അഭ്യസിപ്പിച്ചുവന്നു. രവിവർമ്മരാജാവിനു വൈക്കത്തായി രുന്നു സംബന്ധം; അദ്ദേഹത്തോടുകൂടി വാരിയരും കൂടെക്കൂടെ അങ്ങോട്ടു പോകുക യും പെരുംതൃക്കോവിലപ്പനെ ഭജിക്കുകയും ചെയ്തിരുന്നു. 925-ൽ വടക്കുംകൂർ കീഴ ടങ്ങിയതിന്റെ ശേഷം മാർത്താണ്ഡവർമ്മമഹാരാജാവു വൈക്കത്തു പള്ളിബ്ഭൂജന ത്തിനായി കുറേ ദിവസം എഴുന്നള്ളിത്താമസിക്കുകയും ആ അവസരത്തിൽ രവി വർമ്മാവിന്റെ സാഹായ്യത്തോടുകൂടി കവി ആ മഹാനുഭാവനെ മുഖം കാണിച്ചു ചില സംസ്കൃതശ്ലോകങ്ങൾ അടിയറവെക്കുകയും ചെയ്തു. മഹാരാജാവിനെ ശ്രീകൃഷ്ണനാ യും തന്നെ കുചേലനായും അവയിൽ ഒരു പദ്യത്തിൽ വാരിയർ ഉല്ലേഖനം ചെയ്തി രുന്നു. തിരുമനസ്സുകൊണ്ട് ആ പദ്യങ്ങൾ വായിച്ചുനോക്കി, ഉടൻതന്നെ കുചേല വൃത്തം വഞ്ചിപ്പാട്ടായി രചിക്കാൻ കല്പിക്കുകയും തിരുവനന്തപുരത്തേക്കു തിരിയെ എഴുന്നള്ളുമ്പോൾ വാരിയരെക്കൂടി പള്ളിയോടത്തിൽ കയറ്റി അതു പാടിച്ചുകേൾ ക്കുകയും ചെയ്തു. പ്രതീക്ഷയിൽ കവിഞ്ഞ മാധുര്യം ആ കൃതിയിൽ അനുഭവപ്പെട്ടതി നാൽ അവിടുന്നു കവിയെക്കൂടി തിരുവനന്തപുരത്തേക്കു കൂട്ടിക്കൊണ്ടുപോയി തന്റെ ആശ്രിതവർഗ്ഗത്തിൽ ഉൾപ്പെടുത്തി അവിടെ താമസിപ്പിച്ചു. കുചേലവൃത്തത്തിനുള്ള

ഉത്ഭവത്തിന്റെ കാരണത്തെപ്പറ്റി വാരിയർതന്നെ ആ ഗ്രന്ഥത്തിൽ തന്റെ സമുജ്ജ്വലമായ ഭാഷയിൽ ഇങ്ങനെ കീർത്തനം ചെയ്യുന്നു.

“മൂർത്തി മൂന്നും മുപ്പത്തുമുക്കോടി ദേവന്മാരുമൊരു
മൂർത്തിയായി മുപ്പാരിന്നു വിളക്കുമായി
മാർത്താണ്ഡാഖ്യയായിരിക്കും പ്രത്യക്ഷദേവതയുടെ
മാഹാത്മ്യമോർത്തിട്ടു മനസ്സലിഞ്ഞിടുന്നു.
വഞ്ചനാമനുജനായിട്ടവതരിച്ചിരിക്കുന്ന
വഞ്ചിവലവൈരിയുടെ കൃപയ്ക്കിരിപ്പാൻ
വഞ്ചികയായ്‌വന്നാവൂ ഞാനെന്നിച്ഛിച്ചു വാഴുംകാലം
വഞ്ചിപ്പാട്ടുണ്ടാക്കണമെന്നരുളിച്ചെയ്തു.
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി-
വേദികളായിരിക്കുന്ന കവികളുടെ
മേദുരങ്ങളായ ഗദ്യപദ്യങ്ങളെ ശ്രവിക്കുന്ന
മേദിനീന്ദ്രനജ്ഞനോടാജ്ഞാപിച്ചതോർപ്പൂ!
വാനവർക്കു നിറവോളമമൃതമർപ്പിച്ച ഭഗ-
വാനു കുചേലകുചിപിടകമെന്നോണം
വാണീഗുണംകൊണ്ടാരേയും പ്രീണിപ്പിക്കും വഞ്ചിവജ്ര-
പാണിക്കെൻ പാട്ടിമ്പമാവാനടിതൊഴുന്നേൻ.”

വാരിയർ തിരുവനന്തപുരത്തു താമസിക്കുമ്പോൾ മഹാരാജാവ് അദ്ദേഹത്തെക്കൊണ്ടു ജയദേവന്റെ ഗീതഗോവിന്ദവും തർജ്ജമചെയ്യിച്ചു. അതിനുമുൻപുതന്നെ വാരിയർക്കു വയ്ക്കത്തിനു സമീപം വെച്ചൂർ എന്ന സ്ഥലത്ത് ഒരു നല്ല ഗൃഹവും വസ്തുവകകളും അവിടുന്നു ദാനം ചെയ്യുകയുണ്ടായി. വാരിയർ തിരിയെപോയി അവിടേയും രാമപുരത്തുമായി കുറേക്കാലം താമസിച്ചു.

ഒരിക്കൽ രാമപുരം ക്ഷേത്രത്തിൽ ഉത്സവത്തിനു പൊതിയിൽ ചാക്കിയാർ കൂത്തിനായി പോയിരുന്നു. ആ അവസരത്തിൽ മാല കെട്ടിക്കൊണ്ടിരുന്ന വാരിയരെക്കണ്ടു കൂത്തു കേൾക്കാൻ വരുന്നില്ലേ എന്നു ചോദിക്കുകയും, അതിനു മറുപടിയായി വാരിയർ, ചാക്കിയാർ എന്താണ് മാലകെട്ടു കാണ്മാൻ വരാത്തത് എന്നൊരു പ്രതിപ്രശ്നം പ്രയോഗിക്കുകയും ചെയ്തു. മാലകെട്ടിലെന്താണ് കാണാനുള്ളത് എന്നു നിന്ദാഗർഭമായ സ്വരത്തിൽ വീണ്ടും ഒരു ചോദ്യംചോദിച്ചുകൊണ്ടു ചാക്കിയാർ അവിടെനിന്നു പോയി. പിറ്റേ ദിവസം തൊഴാൻ ചെന്നപ്പോൾ അദ്ദേഹത്തിനു ദേവന്റെ ബിംബത്തിൽ ചാർത്തിയിരുന്ന മാലയിൽ വാരിയർ ചക്രാകൃതിയിൽ നിബന്ധിച്ചിരുന്ന ഒരു ശ്ലോകം വായിക്കാൻ ഇടവന്നു. ആ ശ്ലോകമാണ് അടിയിൽ ചേർക്കുന്നത്.

“ന കൃതം സുകൃതം കിഞ്ചിൽ ബഹുധാ ദുഷ്കൃതം കൃതം
ന ജാനേ ജാനകീജാനേ! യമാഹ്വാനേ കിമുത്തരം?”

അതു വായിച്ചു ചാക്കിയാർ മാലകെട്ടിലും കാണേണ്ടതുണ്ടെന്നു തലകുലുക്കിസ്സമ്മതിച്ചു. വാരിയർ 928-ആമാണ്ടു രാമപുരത്തുവച്ചുതന്നെ മരിച്ചതായാണ് ഐതിഹ്യം.

## കൃതികൾ

(1) കുചേലവൃത്തം വഞ്ചിപ്പാട്ട് (2) ഭാഷാഷ്ടപദി (ഗീതഗോവിന്ദത്തിന്റെ ഭാഷാനുവാദം) എന്നീ രണ്ടു പ്രധാന കൃതികൾക്കു പുറമേ (3) അമരകോശത്തിനു ലഘുഭാഷ എന്നൊരു സംസ്കൃതവ്യാഖ്യാനം (4) നൈഷധം തിരുവാതിരപ്പാട്ട് (5) ഐരാവണവധം അഥവാ മൈരാവണവധം തുള്ളൽ (6) പ്രഭാതകീർത്തനം എന്നിവയും വാരിയരുടെ കൃതികളായുണ്ടെന്നറിയുന്നു.

## വഞ്ചിപ്പാട്ടുകൾ

വഞ്ചിപ്പാട്ട് അല്ലെങ്കിൽ വള്ളപ്പാട്ട് എന്ന പേരിൽ ഒരു കാവ്യശാഖ നമ്മുടെ ഭാഷാസാഹിത്യത്തിലല്ലാതെ കണ്ടിട്ടില്ല. കാണ്മാൻ തരവുമില്ല. വള്ളംകളിക്കു പാടാൻ ഉപയോഗിക്കുന്ന പാട്ടാകയാലാണ് പ്രസ്തുത ശാഖയ്ക്ക് ആ സംജ്ഞ സിദ്ധിച്ചത്. തണ്ടു പിടിച്ചുപോകുന്ന വഞ്ചികളിൽ പാടുന്ന പാട്ടുകൾ, തുഴകൊണ്ടു തുഴഞ്ഞുപോകുന്ന വള്ളങ്ങളിൽ പാടുന്ന പാട്ടുകൾ എന്നിങ്ങനെ രണ്ടുതരം വഞ്ചിപ്പാട്ടുകളുണ്ട്. അവയിൽ ആദ്യത്തെ ശാഖയിൽപ്പെട്ട പാട്ടുകൾക്കു നാടോടിപ്പാട്ടുകളുടേതിൽ കൂടുതലായി ഒരു സ്ഥാനം ഒരിക്കലും ഇല്ലായിരുന്നതിനാൾ അവ ഇന്നു പ്രായേണ വിസ്മൃതങ്ങളായിരിക്കുന്നു. എന്നാൽ അവയിൽ പലതും വടക്കൻപാട്ടുകളേയും തെക്കൻപാട്ടുകളേയുംപോലെ രസോത്തരങ്ങളാണ്. ചില മാതൃകകൾ ചുവടേ ചേർക്കാം.

1: "ആരിയങ്കാവിലെപ്പൂരം കാണ്മവാ-
നാരെല്ലാവരും പോകുന്നോ?
അറക്കലയ്യനും പുളിക്കൽച്ചക്കിയും
പെരുക്കാലൻകുഞ്ചനമരത്ത്.
പെരുക്കാലനെന്നു പറയാതെ പെണ്ണേ
പെരുക്കാലൻ നല്ല പണക്കാരൻ."
2: "കറുത്ത പെണ്ണേ നിന്നെക്കാണാഞ്ഞതിനാലൊരുനാൾ
വരുത്തപ്പെട്ടു ഞാനൊരു വണ്ടായ്ച്ചമഞ്ഞേനെടി;
വണ്ടായ്ച്ചമഞ്ഞു ഞാനൊരു പള്ളിവാതില്ക്കൽച്ചെല്ലുമ്പോൾ
പൂമാലപ്പെണ്ണെന്നെയൊരു പൂകൊണ്ടെറിഞ്ഞിതെടി."
3: "ചുള്ളിച്ചെറിയപെണ്ണേ നിന്റെ ആങ്ങളമാരെങ്ങുപോയി?
ചൂരൽ വലിക്കുവാനായ്ച്ചൂരല്ക്കാട്ടിൽപോയല്ലൊ.
ചൂരലുമെന്തിനായി ചുള്ളിച്ചെറിയപെണ്ണേ?
ചൂരലു വേണമല്ലോ കട്ടിൽ വരിഞ്ഞുകെട്ടാൻ.
കട്ടിലുമെന്തിനായി ചുള്ളിച്ചെറിയപെണ്ണേ?
കട്ടിലു വേണമല്ലോ മങ്കമാർക്കു ചമഞ്ഞിരിപ്പാൻ."

തുഴക്കാർ ഉപയോഗിക്കുന്ന പാട്ടുകളാണ് 'നതോന്നത' വൃത്തത്തിലുള്ള സാക്ഷാൽ വഞ്ചിപ്പാട്ടുകൾ. അവയിൽ ചിലതിനെല്ലാം എട്ടാം ശതകത്തോളം പഴക്കമുണ്ടെന്നു നാം ദേവനാരായണസ്തോത്രരൂപങ്ങളായ ഒന്നിലധികം ഗാനങ്ങളിൽനിന്ന് ഇതിനു മുൻപുതന്നെ ധരിച്ചുകഴിഞ്ഞിരിക്കുന്നു. വ്യാസോൽപ്പത്തി വഞ്ചിപ്പാട്ടിനു വള്ളക്കാരുടെയിടയിൽ ധാരാളം പ്രചാരമുണ്ട്. യാത്രകളിക്കാർ പാടുന്ന കിരാതം വഞ്ചിപ്പാട്ടും പ്രധാനമായ ഒരു ഗാനംതന്നെ. ആ കൃതിയുടെ പ്രണേതാവു കുഞ്ചൻ നമ്പിയാരാണെന്നു മേൽ ഉപപാദിക്കും. തദനന്തരമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ

ആവിർഭാവം. ആദ്യകാലങ്ങളിൽ വള്ളംകളി അവസാനിപ്പിക്കുമ്പോൾ ഇക്കാലത്തു പാടാറുള്ള "വച്ചുപാട്ടു" പാടിയിരുന്നുവോ എന്നു സംശയമാണ്. മേൽനിർദ്ദേശിച്ച ഗാനങ്ങളോടു വച്ചുപാട്ടു ഘടിപ്പിച്ചു കാണുന്നില്ല. വള്ളംകളിക്കുപയോഗിക്കുമ്പോൾ വഞ്ചിപ്പാട്ടുകൾക്ക് ആറ്റുവഞ്ചി എന്നും, രാജവീഥികളിൽക്കൂടി കരക്കാർ ഘോഷയാത്രയായി പാടിക്കൊണ്ടുപോകുമ്പോൾ കരവഞ്ചി എന്നും പേർ പറയുന്നു.

## കുചേലവൃത്തം

സുപ്രസിദ്ധമായ കുചേലവൃത്തം വഞ്ചിപ്പാട്ടു കൈരളീദേവിയുടെ കമനീയങ്ങളായ കണ്ഠാലങ്കാരങ്ങളിൽ ഒന്നാണ്. സൗന്ദര്യപൂർണ്ണങ്ങളായ ശബ്ദാർത്ഥങ്ങളുടെ സമഞ്ജസമായ സമ്മേളനം, സമുചിതങ്ങളായ അലങ്കാരങ്ങളുടെ സരസമായ സന്നിവേശനം, സർവോപരി ശ്രീകൃഷ്ണഭഗവാനിലുള്ള അപാരമായ ഭക്തിഭാവം ഇത്യാദി ഗുണവിശേഷങ്ങൾ ഈ കാവ്യത്തെ ഉത്തമോത്തമകോടിയിൽ ആരൂഢമാക്കുന്നു. വാരിയർ പ്രദർശിപ്പിക്കുന്ന കുചേലൻ, ആ ഭക്തോത്തമന്റെ പതിവ്രതയായ ധർമ്മപത്നി, ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ അനുവാചകരുടെ ഹൃദയഭിത്തികളിൽനിന്ന് ഒരിക്കലും മായുകയോ മങ്ങുകയോ ചെയ്യുന്നതല്ല. തന്റെ പ്രത്യക്ഷദേവതയായ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ അപദാനങ്ങൾ ആദ്യമായും ഭാഗവതദശമസ്കന്ധത്തിന്റെ സാരസംക്ഷേപം അതു കഴിഞ്ഞും കവി പൂർവ്വപീഠികാരൂപത്തിൽ രചിച്ച് പിന്നീടാണ് പ്രതിപാദ്യത്തിലേക്കു പ്രവേശിക്കുന്നത്.

> "സ്വാമിദ്രോഹികടെ വംശവിച്ഛേദം വരുത്തിയതും,
> സ്വാമിത്രമന്നവന്മാരെ ദ്രവിപ്പിച്ചതും,
> കോട്ടപടി പലതുറപ്പിച്ചു നന്നായൊരേടത്തും
> കോട്ടംകൂടാതെകണ്ടുത്സാഹിച്ചു ചെഞ്ചമ്മേ
> നാട്ടിനെ നന്നാക്കിയതുമോർത്താലങ്ങു ജയസ്തംഭം
> നാട്ടുമീ നവാവതാരമെന്നു തോന്നുന്നു.
> കാർത്തവീര്യൻ കഴിച്ചോണം ഭദ്രദീപപ്രതിഷ്ഠയും
> കാശിരാമസ്വാമിപ്രതിഷ്ഠയും കഴിച്ചു
> മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതെയോ ജയിക്കുന്നു?
> മാലോകരേ മന്നരായാലീവണ്ണം വേണ്ടു."

എന്നും മറ്റുമുള്ള വരികൾ ആരെയാണ് പുളകമണിയിക്കാത്തത്? ഇനി കൃഷ്ണഗാഥാനുവർണ്ണനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

> ധർമ്മപുത്രനുടെ കാര്യക്കാരനോ കാരണമർത്ത്യൻ,
> ധർമ്മദൈവമോ, ദൂതനോ? ഞാനറിഞ്ഞില്ല;
> സന്മയനാമർജ്ജുനന്റെ സഖിയോ, സൂതനോ, പര-
> ചിന്മയൻ, ഗുരുഭൃതനോ? ഞാനറിഞ്ഞില്ല.
> സുരാസുരനരന്മാരെജ്ജയിച്ച സവ്യസാചിയെ-
> ജ്ജരാനരജിതനായ നദീതനയൻ
> ശരപരവശനാക്കീ പോരിലെപ്പോ, ളപ്പോളൊരു
> ചരാചരപ്രപഞ്ചാനാംപതി കോപിച്ചു
> കമ്മട്ടമല്ലീ വൃദ്ധന്റെ കളിയെന്നിട്ടു കയറും
> ചമ്മട്ടിയും വച്ചിട്ടനായുധത്വം സത്യം

കൈവിട്ടുംകളഞ്ഞു ചക്രമെടുപ്പൂതും ചെയ്തു രാജ-
ക്കൺവെട്ടത്തിറങ്ങി ദേവവ്രതന്റെ നേരേ.

വില്ലും വച്ചു, തൃക്കൈവിളയാടി വേണമടിയനെ-
ക്കൊല്ലുവാനെന്നർത്ഥിച്ചിട്ടഞ്ജലിയും ചെയ്തു
വല്ലഭനാം ഭീഷ്മരരികത്തു വന്നു; വാസുദേവൻ
വല്ലാതെയായിട്ടു വാങ്ങി പലവട്ടവും."

കുചേലന്റെ ദ്വാരകയിലേക്കുള്ള യാത്രയും മറ്റും വാരിയർ വർണ്ണിച്ചിട്ടുള്ളതു വാചാമ ഗോചരമായ ഭാവനാകുശലതയോടു കൂടിയാകുന്നു.

"കുലങ്കഷകുതൂഹലം കുടയുമെടുത്തിട്ടനു-
കൂലയായ പത്നിയോടു യാത്രയും ചൊല്ലി
ബാലാദിത്യവെട്ടം തുടങ്ങിയനേരം, കൃഷ്ണനാമ-
ജാലങ്ങളെജ്ജപിപ്പൂതും ചെയ്തു കുചേലൻ
നാഴികതോറും വളരും ഭക്തി നല്കുമാനന്ദമാ-
മാഴിയിങ്കലുടനുടൻ മുഴുകുകയും,

താഴുകയുമെഴുകയും ചെയ്തു" പോകുന്ന ആ ബ്രാഹ്മണനു ദ്വാരകയോടടുത്തപ്പോളു ണ്ടായ അവസ്ഥാന്തരം,

"രാമാനുജാഞ്ചിതരാജധാനി സൽകരിച്ചേകിയ
രോമാഞ്ചക്കുപ്പായമിറനായി ചെഞ്ചെമ്മേ,
സീമാതീതാനന്ദാശ്രുവിൽക്കുളിക്കകൊണ്ടു കുചേല-
ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു;
ഭക്തിയായ കാറ്റു കൈകണക്കിലേറ്റു പെരുകിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ
ശക്തിയോടുകൂടി വന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു"

എന്നാണ് അദ്ദേഹം വർണ്ണിക്കുന്നത്.

ഇനിയും ഉദാഹാരണങ്ങൾ പ്രദർശിപ്പിക്കുന്നില്ല. കുചേലവൃത്തത്തെ അധിക രിച്ചു പല കേരളീയകവികൾ സംസ്കൃതത്തിലും ഭാഷയിലും കാവ്യങ്ങൾ നിർമ്മിച്ചിട്ടു ണ്ടെങ്കിലും, അവയെല്ലാം വാരിയരുടെ വഞ്ചിപ്പാട്ടിനു താഴെയേ നില്ക്കുന്നുള്ളൂ. ഇത രഭാഷകളിലും തദ്വിഷയകമായി ഒരു ഗ്രന്ഥം ആ പദവിക്കു അടുത്തെങ്ങും എത്തി ക്കണ്ടിട്ടില്ല. വഞ്ചിപ്പാട്ടുകളിൽ ഒന്നാമത്തെ സ്ഥാനം അതിനാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

"ദീനദീനനാകകൊണ്ടും ഹീനനാകകൊണ്ടുമേറ്റം
ജ്ഞാനമില്ലാഴികകൊണ്ടുമെനിക്കീശ്വരൻ
താനേ കൂടെത്തുണയ്ക്കകൊണ്ടീവണ്ണം ഗാനംചെയ്യുന്നു;
ഞാനല്ലാതെ മതിയാകയില്ലെന്നു നൂനം"

എന്ന വരികളിൽ അദ്ദേഹംതന്നെ ഭഗവദനുഗ്രഹത്തിന്റെ ശക്തികൊണ്ടാണ് താൻ ആ കൃതി രചിക്കുന്നതെന്നു പറഞ്ഞിട്ടുണ്ട്. അഭൗമമായ ഏതോ ഒരു ചൈത ന്യത്തിന്റെ അവഭാസം പ്രസ്തുത കൃതിയിൽ ഭാവുകന്മാർക്കു സ്പഷ്ടമായി കാണുവാൻ പ്രയാസമുണ്ടാകുന്നതല്ല.

## ഭാഷാഷ്ടപദി

ഗീതഗോവിന്ദത്തിന്റെ തർജ്ജമയ്ക്കു ഭാഷാഷ്ടപദി എന്നു പേർ പറയുന്നു. ആ കൃതിയുടെ ആരംഭത്തിൽ കാണുന്ന

"ശ്രീമാർത്താണ്ഡമഹീമഹേന്ദ്രനരുളിച്ചെയ്കയാൽ ഞാ-
നാമൃഷ്ടാഷ്ടപദീഗതം പദകദംബം ഭാഷയാക്കീടുവാൻ
സാമോദം തുനിയുന്നു; തുഷ്യതു ഭൃശം ശ്രീപത്മനാഭോ മമ
സ്വാമീ രാമപുരേശ്വരശ്ച ഭഗവാൻ; കൃഷ്ണൻ പ്രസാദിക്കണം."

എന്ന ശ്ലോകത്തിൽനിന്നു മാർത്താണ്ഡവർമ്മമഹാരാജാവിന്റെ നിർദ്ദേശമനുസരിച്ചാണ് അദ്ദേഹം ആ കൃതി രചിച്ചതെന്നു വ്യക്തമാകുന്നു. നാലാമത്തെ അഷ്ടപദിയിൽ കവി "ശ്രീജയദേവകവിക്കും കൃഷ്ണനുമീ ജഗദീശ്വരനായിഹ വാഴും തേജസ്സിന്നും തെളിക തൊഴുന്നേനോജസ്സുണ്ടാക്കണമിഗ്ഗാനം" എന്നും, അഞ്ചാമത്തേതിൽ "രാജത്വമേറിയാലുമെന്നെ മറക്കാത്ത തേജസ്സിന്നായിക്കൊണ്ടും നമസ്കാരം" എന്നും, ഒൻപതാമത്തേതിൽ "ജയദേവന്റെ കൃതിയുടെ ഭാഷേ! രാജയശസ്സിനെ രാജയ ജയദേ!" എന്നും. പത്താമത്തേതിൽ "ജയദേവഭണിതിഭാഷാ ജയദയായിട്ടു തീർന്നാവൂ; നയനിധിയാം നരനാഥന്റെ നയമായി വന്നാവൂ മേ" എന്നും, പതിന്നാലാമത്തേതിൽ "ശ്രീജയദേവനേയും കൃഷ്ണനെയും രാജേന്ദ്രനെയും വന്ദിക്കുന്നേൻ" എന്നും, പതിനഞ്ചാമത്തേതിൽ "രാജരാജേശ്വരനായിക്കൊണ്ടും രായും പകലുമഞ്ജലി ചെയ്യുന്നേൻ" എന്നും, പത്തൊൻപതാമത്തേതിൽ "പത്മനാഭനെയും മാർത്താണ്ഡമന്നനെയും ഛത്മം വിനാ ഞാൻ കൈതൊഴുന്നേൻ" എന്നും, ഇരുപത്തിനാലാമത്തേതിൽ "ജലജവിലോചനനാം കൃഷ്ണനെയും നലമൊടു കവിയാം ജയദേവനെയും വലരിപുസമനാം വഞ്ചീശനെയും കലയേ ഹൃദി കലുഷം കളവാൻ" എന്നും ശ്രീകൃഷ്ണനോടും മൂലകാരനോടും അനുബന്ധിച്ച് ആ മഹാരാജാവിനെക്കൂടി വന്ദിക്കുന്നു.

കവിതയ്ക്കു കുചേലവൃത്തത്തോളംതന്നെ മാധുര്യമില്ലെങ്കിലും അതിൽ മനോഹരങ്ങളായ ഭാഗങ്ങൾ അവിടവിടെയുണ്ട്. ഒരുദാഹരണം ഉദ്ധരിക്കാം.

"യമുനാതീരനികുഞ്ജകുടീരെ മരുവീടുന്നു മുകുന്ദൻ
അമുനാ നിന്റെ വിശേഷമശേഷം ശ്രുതമായ് മമ വാചാ
ഹേ! സഖി! രാധേ! ശൃണു മേ വാചം ഹാ! സഹിയാ തവ സാദം
ഹരിവിരഹോദിതവേദന വേണ്ടാ പരിഹരിച്ചീടുവൻ ഖേദം
കേണുവസിക്കും നിന്നെക്കേശവവേണു വിളിച്ചീടുന്നു;
കാണണമെങ്കിൽപ്പോരിക കമലാകാമുകനെക്കാട്ടീടാം;
പക്ഷി പറക്കുമ്പോളും പവനൻ വൃക്ഷമിളക്കുമ്പോഴും
ശിക്ഷവരുത്തീടുന്നു ശയനം ഹരി തവ വരവോർക്കുന്നു."

(പതിനൊന്നാമത്തെ അഷ്ടപദിയിൽനിന്ന്)

വാരിയർ തന്റെ അഭിമതംപോലെയുള്ള രാഗത്തിലും താളത്തിലുമാണ് ഓരോ അഷ്ടപദിയും നിബന്ധിച്ചിരിക്കുന്നത്; അല്ലാതെ ആ വിഷയത്തിൽ ജയദേവനെ അനുകരിച്ചിട്ടില്ല. അദ്ദേഹം പ്രത്യേകമായി ആട്ടക്കഥകളൊന്നും രചിച്ചിട്ടില്ലെങ്കിലും ഭാഷാഷ്ടപദികൊണ്ട് ആ ന്യൂനത പരിഹരിച്ചിരിക്കുന്നു. "മഞ്ജുതരകുഞ്ജതലകേളിസദനേ" എന്ന ഇരുപത്തൊന്നാമത്തെ അഷ്ടപദിക്കുമേലുള്ള "ത്വാം ചിത്തേനചി

രം വഹന്നയമതി ശ്രാന്തോ ഭൃശം താപിതഃ" ഇത്യാദി ശ്ലോകങ്ങളുടെ ഭാഷാനുവാദം കവി "എന്തേ മടിച്ചിവിടെ നില്ക്കുന്നു നീ വിഹിത ചിത്തേ" എന്നാരംഭിക്കുന്ന ഒരു ദണ്ഡകംകൊണ്ടാണ് നിവർത്തിച്ചിരിക്കുന്നത്.

## ലഘുഭാഷ—അമരകോശവ്യാഖ്യ

ഈ വ്യാഖ്യാനത്തിന്റെ ആരംഭത്തിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കാം. ഗ്രന്ഥം എനിക്കു കാണാൻ സാധിച്ചിട്ടില്ല.

> "ശ്രീരവിവർമ്മനൃപാലസ്യാജ്ഞാവശഗസ്യ കസ്യചിൽ സുമതേഃ
> ലഘുഭാഷേയം ലിഖിതാ സതതം നമതോ വിമത്സരാൻ വിബുധാൻ."

ഈ ശ്ലോകത്തിൽനിന്നു കവി പ്രസ്തുതവ്യാഖ്യാനം രചിച്ചതു തന്റെ ആദ്യത്തെ പുരസ്കർത്താവായ വടക്കുംകൂർ രാജാവിന്റെ ആജ്ഞയനുസരിച്ചാണെന്നു സിദ്ധിക്കുന്നു. ഗ്രന്ഥാവസാനത്തിൽ

> "പങ്കജാക്ഷ ദയാസിന്ധോ! വെണ്ണകട്ടുണ്ട പൈതലേ!
> മരണം വന്നടുക്കുമ്പോൾ ശരണം നീ സനാതന!"

എന്നൊരു ശ്ലോകവും കാണ്മാനുണ്ട്.

## നൈഷധം തിരുവാതിരപ്പാട്ട്

നൈഷധം തിരുവാതിരപ്പാട്ടിൽ ആദ്യത്തെ അഞ്ചു വൃത്തങ്ങളേ കിട്ടീട്ടുള്ളു. "വ്യാഘ്രപുരത്തിൽ വാണരുളീടുന്ന വ്യാഘ്രചർമ്മാംബരനാം ഭഗവാൻ" "സൽക്ഷേമധാമനി രാമപുരേ നിത്യം സാക്ഷാൽ മരുവുന്ന കർമ്മസാക്ഷി" എന്നീ ദേവന്മാരെ കവി വന്ദിക്കുന്നു. കവിത നന്നായിട്ടുണ്ട്.

> "രംഗാജീവനനംഗനണഞ്ഞൊരു സംഗതിയിൽ
> മംഗല്യാസ്പദമവളുടെയംഗം രംഗമായി-തതിൽ
> തുംഗതരങ്ങൾ കുചങ്ങൾ മൃദംഗഭംഗി തേടി
> ജംഗമകനകലതോപമാനമാമോമൽമേനി-കണ്ട
> ഭൃംഗപരമ്പരപോലെ വിളങ്ങി രോമരാജി."

> "പ്രാലേയബിന്ദുക്കൾ വീണാലുണ്ടോ പാലാഴിതാൻ പെരുകുന്നു?
> കാലേയമായുള്ള കർമ്മം ഭവാനാലംബിച്ചീടായ്ക സാധോ!"

എന്നീ വരികൾ നോക്കുക.

## ഐരാവണവധം തുള്ളൽ

എസ്. റ്റി. റെഡ്യാർ പ്രസിദ്ധീകരിച്ചിട്ടുള്ള 57 ദിവസത്തെ തുള്ളൽക്കഥകൾ എന്ന പുസ്തകത്തിൽ 'ഐരാവണവധം' എന്നൊരു ഓട്ടംതുള്ളൽ കാണ്മാനുണ്ടല്ലോ. ആ കൃതി കുഞ്ചൻനമ്പിയാരുടേതല്ലെന്നാണ് എന്റെ പക്ഷം. ഒരു താളിയോലഗ്രന്ഥത്തിൽ അതിന്റെ ആരംഭത്തിൽ രാമപുരത്തു ശ്രീരാമനേയും, വൈക്കത്തു പെരുംതൃക്കോവിലപ്പനേയും, തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിയേയും കവി വന്ദിക്കുന്നതായി കാണുന്നു എന്നും "എങ്കിൽ കിഞ്ചന കഥനം ചെയ്യാം" എന്ന വരി പിന്നീ

ടാണ് വരുന്നതെന്നും ഒരു സ്നേഹിതൻ എന്നെ അറിയിക്കുന്നു. അങ്ങനെയാണെങ്കിൽ ആ തുള്ളൽക്കഥ കുഞ്ചൻനമ്പിയാരുടെ രീതി പിടിച്ചു വാരിയർ തിരുവനന്തപുരത്തുവച്ചെഴുതിയതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഐരാവണവധത്തിലെ പ്രതിപാദ്യം ശ്രീരാമപരമാണ്. ഈ വിഷയത്തിൽ ഉപരിഗവേഷണത്തിന്റെ ആവശ്യമുണ്ടെന്നുള്ള ഭാഗം ഞാൻ വിസ്മരിക്കുന്നില്ല.

## പ്രഭാതകീർത്തനം

പ്രഭാതകീർത്തനം അല്ലെങ്കിൽ ആദിത്യകീർത്തനം എന്ന പേരിൽ സാമാന്യം പ്രചുരപ്രചാരമായ ഒരു കീർത്തനം ഭാഷയിലുണ്ട്. അതു രാമപുരത്തുവാരിയരുടേതെന്നാണ് ഐതിഹ്യം. മേല്പുത്തൂർ ഭട്ടതിരി തന്റെ ഭാര്യയ്ക്കു പ്രഭാതകീർത്തനത്തിനായി രചിച്ചതു് എന്ന് ഒരു താളിയോലഗ്രന്ഥത്തിൽ ആരോ കുറിച്ചിട്ടുള്ളതായി ജ്ഞാനസാഗരം പുസ്തകശാലയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള ഭജനകീർത്തനമാല മൂന്നാം ഭാഗത്തിൽ ആ കീർത്തനത്തെപ്പറ്റി ഒരു പ്രസ്താവനകാണുന്നുണ്ടെങ്കിലും അതു ഭട്ടതിരിയുടെ കൃതിയാണെന്നു കരുതുവാൻ മനസ്സുവരുന്നില്ല. “മറ്റുള്ള ഗ്രഹാണാം കഥ ദൂരെ” എന്നും മറ്റും അഭങ്ഗിയുള്ള വരികൾ ആ മഹാകവി ഒരിക്കലും എഴുതിയിരിക്കയില്ല. എങ്കിലും കവിത ആകപ്പാടെ നോക്കുമ്പോൾ ഉണോത്തരമാണെന്നും പറയേണ്ടതുണ്ട്. ചില ശീലുകൾ പകർത്താം.

“അറിയാഞ്ഞു കിടന്നേനറിവുതകാഞ്ഞു തളർന്നേ
നരുണോദയസമയം വരുമളവേവമുണർന്നേൻ;
പെരുതാക്കുക മമ പാത്രത പരമാർത്ഥവിചാരേ
പരമേശ്വര! ജയ ഭാസ്കര! കരുണാകര! ശരണം.

ആത്താദരമൂത്താരണർ വാഴ്ത്തും മന്ദ കേൾപ്പാ-
നാസ്ഥാപരനായ്ത്താമര വീഴ്ത്തും മധുവുണ്മാൻ
ആസ്ഥാനമുദാത്താകൃതി മൂർദ്ധാവുദയാദ്രേ-
രാർത്താർത്തിനുദാസ്തേ ജയ മാർത്താണ്ഡ!. നമസ്തേ.

ഇനനായതു ഭുവനേ നനു ദിനനായകനിവനേ
ജനനാവനഹനനാദികൾ തുനിയുന്നതു തനിയേ;
തുണയായതു വിധിമാധവഗിരിശാദികൾ പലരും
വനിതാപതി സവിതാപദി സവിതാ മമ ശരണം.
. . . . . . . . .
ഓടിച്ചു രഥം വ്യോമനി പീഡിച്ചു തമിസ്രം
ചാടിച്ചു ഗുഹായാം ബത! താഡിച്ചു കരാഗ്രൈഃ
മേടിച്ചു സപര്യാഗണമാടിസ്സുഖവാർദ്ധൌ
ക്രീഡിപ്പിതു നീ മാമക ഭാനോ! ഭഗവാനേ!”

## വ്യാസോൽപത്തി വഞ്ചിപ്പാട്ട്

വ്യാസോൽപത്തിയെപ്പറ്റി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വള്ളംകളിക്കു പാടുവാൻ ഇന്നും ഇത്രമാത്രം പ്രയോജനപ്പെടുന്ന ഒരു കൃതി ഭാഷയിൽ വേറെയില്ല. യമുനാനദിയിൽ കൈവർത്തകന്യകയായ കാളി കടത്തുവള്ളക്കാരിയായി കഴിയുമ്പോ

ളാണല്ലോ പരാശരമഹർഷി പാന്ഥനായി അവിടെ വന്നുചേരുന്നതും, മാർഗ്ഗമധ്യത്തിൽവെച്ച് ആ കന്യകയിൽ അനുരക്തനായിത്തീർന്നു തൽഫലമായി വേദവ്യാസൻ അവരുടെ പുത്രനായി അവതരിക്കുന്നതും. അതുകൊണ്ടു വള്ളപ്പാട്ടിന് ഏറ്റവും യോജിച്ചതാണ് പ്രസ്തുതകഥ. കവിയാരെന്നറിയുന്നില്ല; അദ്ദേഹം ഒരു സംസ്കൃതപണ്ഡിതനായിരുന്നില്ല; എന്നാൽ ലളിതമായ ഭാഷാശൈലിയും മർമ്മസ്പൃക്കായ ഫലിതോക്തിയും അദ്ദേഹത്തിനു സ്വാധീനമായിരുന്നു. തൃശ്ശൂരിലെ ശിവനേയും അയ്യപ്പനേയും ഗ്രന്ഥാരംഭത്തിൽ വന്ദിക്കുന്നുണ്ട്. കാവ്യപ്രയോജനത്തെക്കുറിച്ച കവി ഇങ്ങനെ ഉപന്യസിക്കുന്നു.

“കാറ്റുമോളം പെരുത്തുള്ള കായലിൽത്തമ്പുരാക്കന്മാ-
രുറ്റമായോരോടി വച്ച കളിക്കുന്നേരം,

രണ്ടുനാലല്ലനവധി തണ്ടു വച്ചു വലിക്കുമ്പോൾ,
മിണ്ടാതെ വലിക്കുന്നേരം വലച്ചിലേറും.

പാട്ടു പാടിക്കൊണ്ടു വലിച്ചെങ്കിലോ വലച്ചിലിന്നു
കോട്ടമുണ്ടാമതിന്നൊരു പാട്ടു പാടുന്നേൻ.”

വാലന്മാർക്കു പാടുന്നതിനായി നിർമ്മിച്ച ഒരു പാട്ടാണ് വ്യാസോൽപത്തി എന്ന് ഇതിൽനിന്ന് ഊഹിക്കാം.

“ഓളവുമൊഴുക്കുമുള്ള കാളിന്ദിയിൽക്കടത്തുവാൻ
കാളിയാമവൾക്കു ചെറ്റു പേടിയുമില്ല!

പേടമാൻകണ്ണിയെ മിന്നൽക്കൊടിപോലെ കണ്ടനേരം
താടിക്കാരനയ്യാ തല കുണുക്കിപ്പോയി”

തുടങ്ങിയ വരികൾ മധുരങ്ങൾ തന്നെ. താഴെക്കാണുന്ന ഭാഗത്തിൽ കവിയുടെ ശില്പസാമർത്ഥ്യം തികച്ചും സമീക്ഷിക്കാവുന്നതാണ്.

“അരയന്മാർ മുതലായിട്ടിരുകരയിലുള്ളവർ
പരമാർത്ഥമറിയാതെ പറഞ്ഞു തമ്മിൽ.

ഇരുട്ടുപോലെ വന്നോരു പെരുത്ത തണുപ്പുകൊണ്ടു
മരിച്ചുപോമെല്ലാരുമെന്നുറച്ചു ഞാനും.

കണ്ടുകണ്ടിരിക്കെത്തോണി കാണാതെയായ് പിന്നെപ്പിന്നെ-
ക്കണ്ടുകൂടാതായടുക്കലുള്ളോരെത്തന്നെ.

തോണിയും തോണിയിലുള്ളോരാണും പെണ്ണും കൂടിട്ടിപ്പോൾ
താണുപോയോ കടലിലേക്കൊലിച്ചുപോയോ?

എന്നു നിരൂപിച്ചു ഞാനു, മൊന്നും വന്നില്ലിന്നു ദൈവം-
തന്നേ രക്ഷിച്ചിതവരെസ്സന്ദേഹമില്ല.

ഒന്നൊരു മാമുനിയതിൽക്കന്യകപ്പെണ്ണാണൊന്നേവം
വന്നുപോയാലയ്യോ ലോകം മുടിഞ്ഞുപോമേ!

മൂന്നുപേരുണ്ടോ ചങ്ങാതി! മുൻപേ കണ്ടപ്പോൾത്തോണിയിൽ?
മൂന്നില്ല രണ്ടല്ലോതാനും കണ്ടുള്ളു മുൻപേ.
അക്കരയിൽനിന്നു തോണി നീക്കുമ്പോൾ രണ്ടാളേയുള്ളു
ഇക്കരയ്ക്കടുക്കുംമുൻപൊന്നേറിക്കാണുന്നു.

തോണി തുഴയുന്നവൾക്കു ഗർഭമുണ്ടായിരുന്നാലും
കാണിനേരംകൊണ്ടു ബാലനല്ലാതെയാമോ?

അങ്ങുടേക്കാളിപ്പെണ്ണല്ലേ ചങ്ങാതി! തുഴയുന്നവ-
ളെങ്ങനെ പെറും? കല്യാണം കഴിഞ്ഞിട്ടില്ല.

കാലത്തിൻപകർച്ചകൊണ്ടത്തോണിയൊന്നു പെറ്റുവെന്നോ?
ചാലേയൊലിച്ചവരതിൽക്കരേറിയെന്നോ?

എന്തൊരാശ്ചരിയമിതു? ചിന്തിച്ചുനോക്കുമ്പോൾ നല്ല
പന്തിയല്ല, കളവുണ്ടെന്നെന്നുടെ പക്ഷം.

നിർണ്ണയം മുനിയും കാളിപ്പെണ്ണും കൂടിട്ടാളൊന്നേറും-
വണ്ണം ചില വിദ്യയെടുത്തെന്നു തോന്നുന്നു."

ഒടുവിലത്തെ ഈരടിയിലെ വിവക്ഷിതം സഭ്യേതരമാണെങ്കിലും, ആവുന്നിടത്തോളം പര്യായോക്തം പ്രയോഗിച്ച് അതൊന്നു മയപ്പെടുത്തുവാൻ കവി യത്നിച്ചിട്ടുണ്ട്.

## വില്വാദ്രിമാഹാത്മ്യം കിളിപ്പാട്ട്

ഒൻപതാം ശതകത്തിന്റെ അവസാനത്തിലോ പത്താം ശതകത്തിന്റെ ആരംഭത്തിലോ രചിക്കപ്പെട്ടിട്ടുള്ള ഒരു കിളിപ്പാട്ടാണ് വില്വാദ്രിമാഹാത്മ്യം. അതിനു വില്വപുരാണമെന്നും പേരുണ്ട്. 926-ആമാണ്ടു വൃശ്ചികമാസം 5-ഉം നു പകർത്തിയ ആ ഗ്രന്ഥത്തിന്റെ ഒരു പ്രതി ഞാൻ വായിച്ചിട്ടുണ്ട്. പ്രണേതാവ് ആരെന്നറിയുന്നില്ല. ഒരു നമ്പൂരിയായിരിക്കുവാൻ സാങ്ഗത്യമുണ്ട്. എന്ന് അതിലെ "ആധാനാ" ദിപ്രയോഗങ്ങൾ സൂചിപ്പിക്കുന്നു. കവിതയ്ക്കു നല്ല ഒഴുക്കുണ്ട്. ആദ്യന്തം കേകാവൃത്തമേ പ്രയോഗിച്ചിട്ടുള്ളു. പാദവിഭാഗമില്ല.

### പ്രതിപാദ്യം

കൊച്ചിരാജ്യത്തിലെ ഒരു പ്രധാനക്ഷേത്രമായ തിരുവില്വാമലയുടെ മാഹാത്മ്യമാണ് പ്രസ്തുതകാവ്യത്തിൽ പ്രകീർത്തിതമായിരിക്കുന്നത്. വൈശമ്പായനമഹർഷി ജനമേജയചക്രവർത്തിയെ പറഞ്ഞുകേൾപ്പിക്കുന്ന മഹാഭാരതത്തിലെ ഒരു ഉപാഖ്യാനമാണ് വില്വപുരാണമെന്നു കവി പറയുന്നു. ഭാരതയുദ്ധാനന്തരം വിഷണ്ണനായിത്തീർന്ന ധർമ്മപുത്രരെ സമാശ്വസിപ്പിക്കുവാൻ വേദവ്യാസൻ പ്രത്യക്ഷീഭവിച്ചു പല സദുപദേശങ്ങളും നല്കുകയും ഒടുവിൽ ധർമ്മാധർമ്മങ്ങളുടെ സൂക്ഷ്മാവസ്ഥകൾ ഗ്രഹിക്കുവാൻ ശരശയനത്തിൽ കിടക്കുന്ന ഭീഷ്മരെ ഉപസർപ്പണം ചെയ്യണമെന്ന്

അനുശാസിക്കുകയും ചെയ്യുന്നു. ഉടൻതന്നെ യുധിഷ്ഠിരൻ ഭീഷ്മരുടെ സമീപത്തേക്കു പോയി ആ മഹാത്മാവിന്റെ മുഖത്തുനിന്നു രാജധർമ്മരഹസ്യങ്ങളും മറ്റും നേരിട്ടു ഗ്രഹിക്കുന്നു. കലിയുഗത്തിൽ ഭഗവാൻ ശ്രീനാരായണനെ പ്രസാദിപ്പിക്കുന്നതിനുള്ള മാർഗ്ഗംകൂടി അരുളിച്ചെയ്യണമെന്നു ചക്രവർത്തി അഭ്യർത്ഥിച്ചപ്പോൾ “പാർവ്വതീമഹേശ്വര സംവാദരൂപേണ ഞാൻ കേവലം സംക്ഷേപിച്ചുചൊല്ലുവൻ കലിധർമ്മം” എന്നുപക്രമിച്ചുകൊണ്ടു ഭീഷ്മർ അഷ്ടാക്ഷരമന്ത്രത്തിന്റെ പ്രഭാവം ആദ്യമായി ഉപദേശിക്കുകയും തത്സംബന്ധമായി പല ഉപകഥകൾ ആഖ്യാനം ചെയ്കയും ചെയ്യുന്നു. അനന്തരം ക്ഷേത്രങ്ങൾ ഊഷരക്ഷേത്രമെന്നും ബീജക്ഷേത്രമെന്നും രണ്ടുതരത്തിലുണ്ടെന്നും “കോകാമുഖം” ഊഷരക്ഷേത്രവും “വില്വാദ്രി” ബീജക്ഷേത്രവുമാണെന്നും പറയുന്നു.

“ഊഷരക്ഷേത്രങ്ങളിലിരുന്നു തപസ്സുചെ-
യ്തേഷണാദികൾ നീക്കിദ്ദേഹത്യാഗവും ചെയ്താൽ
പുണ്യപാപങ്ങളെല്ലാം നശിച്ചു മോക്ഷംവരും
പിന്നെയുണ്ടാകയില്ല ജന്മമെന്നറിക നീ.
ബീജക്ഷേത്രത്തിങ്കൽനിന്നാദരാൽചെയ്യും കർമ്മം
വ്യാജമെന്നിയേ പുനരൊന്നിന്നു നൂറായ്‌വരും.”

എന്നിങ്ങനെയാണ് അവയ്ക്കുതമ്മിലുള്ള വ്യത്യാസം. ശേഷമുള്ള ഭാഗങ്ങൾ തിരുവില്വാമലക്ഷേത്രത്തെസ്സംബന്ധിച്ചുള്ള ഉപകഥകളും മറ്റുമാണ്. ഇങ്ങനെയൊരു ഭാഗം ഭാരതത്തിൽ കാണ്മാനില്ലെന്നു പാർവതി പറഞ്ഞപ്പോൾ ശ്രീപരമേശ്വരൻ,

“വിലത്തിങ്കേന്നു പാഠം ചെയ്തിതു വേദവ്യാസൻ
പലർക്കുമതുകൊണ്ടു കേൾക്കായ്‌വന്നീലയല്ലോ.
ഞാനിഹ ലോകത്തിങ്കലൊക്കവേ പരത്തുവൻ
നൂനമിക്കഥയതിന്നാശു നാം പോകയെങ്കിൽ”

എന്നു ദേവിക്കു പ്രത്യുത്തരം നല്കി. ഒടുവിൽ ആ ആദിദമ്പതിമാർ ഭൂമിയിൽ വന്നു വേദവ്യാസനെക്കണ്ടു വില്വപുരാണമെഴുതിച്ചു വില്വാദ്രിയിൽ എത്തി പ്രദക്ഷിണം ചെയ്തു.

“ജിതമിത്യാദിസ്തോത്രംകൊണ്ടേറ്റം സ്തുതിച്ചപ്പോൾ
മധുസൂദനൻതാനും പ്രീതനായതുനേരം
ശ്രീഭഗവതിയോടും ധരണീദേവിയോടും
ശ്രീപതിയായ വിഷ്ണുഭഗവാൻ നാരായണൻ
പുഷ്കരേക്ഷണൻ ശിലാരൂപിയായ്ക്കാണപ്പെട്ടാൻ
ചക്രശംഖാബ്ജഗദാധരനായതുനേരം”

വിഷ്ണുവിനെ സാക്ഷാൽകരിച്ചു കോകാമുഖവാസിയായ ഒരു ബ്രാഹ്മണനു തങ്ങൾ കൊണ്ടുവന്ന വ്യാസപ്രോക്തമായ പുസ്തകം കൊടുത്തും വെച്ച് അവർ കൈലാസത്തേക്കു പോയി. ആ ബ്രാഹ്മണൻ ശിഷ്യന്മാരെ അതു പഠിപ്പിച്ചു. ഇങ്ങനെയെല്ലാമാണ് ഇതിവൃത്തത്തിന്റെ ഗതി.

### മാതൃക

കവിതയുടെ സ്വരൂപം ഒരുദാഹരണംകൊണ്ടു പ്രദർശിപ്പിക്കാം. കോകാമുഖത്തിലെ പൊയ്ക:

“ചൊല്ലേഴും കോകാമുഖമായിടും ക്ഷേത്രത്തിങ്കൽ
നല്ലോരു പൊയ്കയുമുണ്ടെത്രയുമഗാധമായ്.

വാരിജകുമുദനീലോൽപലാദികളായ
ചാരുപുഷ്പങ്ങൾകൊണ്ടു ശോഭിച്ചിട്ടിരിപ്പേടം.

പീനകായന്മാരായിപ്പേടികൂടാതെ നിത്യം
മീനങ്ങളുണ്ടതിങ്കലറ്റമില്ലാതവണ്ണം.

അന്യോന്യമൊരുമിച്ചു കളിച്ചു സുഖിച്ചേറ്റ-
മന്നങ്ങൾ കാരന്നങ്ങൾ ചക്രവാകാദികളും.

ആനകൾ പിടികളും മക്കളും കൂടി വന്നു
ദീനമെന്നിയേ നല്ല താമരവളയവും

പറിച്ചുതിന്നു കളിച്ചേറ്റവും പുളയ്ക്കുമ്പോൾ
പറക്കും കരഞ്ഞുകൊണ്ടോരോരോ പക്ഷികളും;

അവറ്റിൻനാദംകൊണ്ടുമെത്രയും മനോഹരം.
വിബുധസ്ത്രീകൾ വന്നു നിത്യവും കുളിക്കയാൽ

കൊങ്കകൾതോറും തേച്ച കുങ്കുമപങ്കംകൊണ്ടും
പങ്കജാദ്യങ്ങളായ കുസുമങ്ങളെക്കൊണ്ടും

ദിക്കൊക്കെപ്പരന്നോരു കുസുമഗന്ധംകൊണ്ടു-
മുൾക്കാമ്പിലേറ്റമാനന്ദത്തെ വർദ്ധിപ്പിച്ചീടും.”

തിരുവില്വാമലയ്ക്കടുത്തു മലഞ്ചെരുവിൽ പുനർജ്ജനി എന്നൊരു ഗുഹാമുഖമുണ്ടല്ലൊ. അതിനു സമീപമായിരിക്കാം കോകാമുഖം എന്നു ചിലർ സങ്കല്പിക്കുന്നു.

## കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാൻ – കിളിമാനൂർക്കോവിലകം

ബ്രിട്ടീഷ് മലബാറിൽ പരപ്പനാട്ടു തട്ടാരിക്കോവിലകത്തെ ഒരു ശാഖയാണ് കിളിമാനൂർ. 861-ൽ അന്നു തിരുവിതാംകൂർ ഭരിച്ചിരുന്ന രവിവർമ്മമഹാരാജാവു്, തന്റെ മതാവായ ഉമയമ്മറാണിയുടെ അനുമതിയോടകൂടി രണ്ടു രാജകുമാരിമാരെ കോലത്തുനാട്ടുപള്ളിക്കോവിലകത്തുനിന്നു ദത്തെടുത്ത് അവരെ വിവാഹം ചെയ്യുവാൻ തട്ടാരിക്കോവിലകത്തെ തമ്പുരാക്കന്മാരേയും കൊണ്ടുവന്ന് ആറ്റിങ്ങലിന് എട്ടു നാഴിക അകലെയുള്ള കിളിമാനൂരിൽ താമസിപ്പിച്ചു. ആ ദത്തിൽപ്പെട്ട മൂത്ത റാണിയുടെ പുത്രനാണ് മാർത്താണ്ഡവർമ്മ മഹാരാജാവു്. പൂരുരുട്ടാതിതിരുനാൾ ഇളയ തമ്പുരാട്ടി പ്രസവിച്ചിട്ടില്ല. 893-ൽ ഒരു രാജകുമാരിയെക്കൂടി കോലസ്വരൂപത്തിലെ മറ്റൊരു ശാഖയായ പള്ളിക്കോവിലകത്തുനിന്നു ദത്തെടുത്തു. കാർത്തികതിരുനാളിൽ ജനിച്ച പാർവ്വതീനാമധേയയായ ആ തമ്പുരാട്ടിയുടെ ഭർത്താവു കിളിമാ

ന്തർ കേരളവർമ്മ കോയിത്തമ്പുരാനായിരുന്നു. രാമവർമ്മമഹാരാജാവ് അവരുടെ പുത്രനാണ്. 903-ആമാണ്ടു വൃശ്ചികമാസത്തിൽ ആ റാണിയേയും അന്നു നാലു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന രാജകുമാരനേയും ശത്രുക്കളിൽനിന്നു രക്ഷപ്പെടുത്തുവാൻ ജീവത്യാഗം ചെയ്ത കേരളവർമ്മകോയിത്തമ്പുരാന്റെ ധീരോദാത്തതയെ അഭിനന്ദിച്ച് എട്ടു ചതുരശ്രമൈൽ വിസ്തീർണ്ണം വരുന്ന കിളിമാനൂരും അതിനു ചുറ്റുമുള്ള ചില പ്രദേശങ്ങളും മാർത്താണ്ഡവർമ്മ മഹാരാജാവ് ആ കുടുംബത്തിലേക്കു കരമൊഴിവായി ദാനം ചെയ്തു. അങ്ങനെ കിളിമാനൂർ തിരുവിതാംകൂറിലെ ഇടവകകളിൽ ഒന്നായിത്തീർന്നു. 923-ൽ പിന്നെയും അന്നു കോലത്തു നാട്ടു പള്ളിക്കോവിലകത്തുനിന്നു നെടുമങ്ങാട്ടു കൊട്ടാരത്തിൽ വന്നു താമസിച്ചിരുന്ന നാലു കൊച്ചുതമ്പുരാട്ടിമാരെ ദത്തെടുത്തു. അവരിൽ പൂയംതിരുനാളിൽ ജനിച്ച മൂത്തതമ്പുരാട്ടിയെ കേരള വർമ്മകോയിത്തമ്പുരാന്റെ അനന്തരവനായ രവിവർമ്മകോയിത്തമ്പുരാൻ വിവാഹം ചെയ്തു. പൂയംതിരുനാൾ 957-ൽ മരിച്ചു. അവരുടെ പ്രഥമസന്താനമാണ് 931-ൽ ഭൂജാതനായ മഹാകവി അശ്വതിതിരുനാൾ ഇളയതമ്പുരാൻ. ഈ വസ്തുതകളിൽനിന്നു രവിവർമ്മകോയിത്തമ്പുരാന്റെ ജനനം 910-ആമാണ്ടിടക്കാണ് എന്നു തീർച്ചപ്പെടുത്താം. അദ്ദേഹം 974-ആമാണ്ടു മരിച്ചു. കോയിത്തമ്പുരാനു പള്ളിക്കെട്ടു കഴിക്കുന്ന കാലത്തു വ്യുൽപത്തിയില്ലായിരുന്നു എന്നും പിന്നീടു നിപുണമായി സംസ്കൃതം അഭ്യസിച്ചതിനുമേലാണ് കവനം ചെയ്തുതുടങ്ങിയതെന്നും പുരാവിത്തുകൾ പറയുന്നു.

## കംസവധം

രവിവർമ്മകോയിത്തമ്പുരാൻ കംസവധം എന്നൊരാട്ടക്കഥ രചിച്ചിട്ടുണ്ട്. ആ കൃതിയുടെ ആരംഭത്തിൽ അദ്ദേഹം ഗണപതിയേയും സരസ്വതിയേയും ഓരോ പദംകൊണ്ടു വന്ദിച്ചതിനുമേൽ കൊടുങ്ങല്ലൂർ ഭദ്രകാളിയെയും കുലദേവതയായ കിളിമാനൂർ അയ്യപ്പൻകാവിൽ ശാസ്താവിനേയും രാമകൃഷ്ണാഭിധനായ ഗുരുവിനേയും അഭിവാദനം ചെയ്യുന്നു. ശാസ്താവിനേയും ഗുരുവിനേയും പരാമർശിക്കുന്ന ശ്ലോകങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.

> "ആരൂഢസ്തുരഗം മഹാന്തമമരൈഃ കോദണ്ഡബാണോജ്ജ്വലൽ-
> പാണിഃ കുക്കുരദാമരാജിതകരൈർഭൂതൈർവൃതസ്സായുധൈഃ
> നാനാരത്നവിഭൂഷണോജ്ജ്വലതനുർദ്ദീനാനുകമ്പീ ദ്വിഷാം
> ശാസ്താഖേടരതശ്ചിരം ഭവതു നശ്ശാസ്താ വിഭൂത്യൈ പരം.
>
> വേദാന്തചിന്തനവിജൃംഭിതതത്ത്വബോധം
> മേധാവതാം വരമധീതസമസ്തശാസ്ത്രം
> ഭൂദേവവര്യമമലം കരുണാർദ്രചിത്തം
> ശ്രീരാമകൃഷ്ണഗുരുനാഥമഹം സ്മരാമി."

"മുകുന്ദചരിതാമൃതകീർത്തന" ങ്ങളിൽ ബദ്ധൗൽസുക്യനാണ് താനെന്നു കവി ആ കൃതിയുടെ അവസാനത്തിൽ നമ്മെ ധരിപ്പിക്കുന്നു. "കുർവേ നാടകമത്ര സാധു കവയസ്തുഷ്യന്തു ബദ്ധാദരം" എന്ന പദ്യഖണ്ഡത്തിൽനിന്ന് അദ്ദേഹം കഥകളിക്കു നാടകമെന്നാണ് പേർ നല്കിയിരിക്കുന്നതെന്നു കാണാം. അങ്ങിങ്ങു ചില അപശബ്ദങ്ങളും മറ്റും ഇല്ലെന്നില്ലെങ്കിലും കംസവധത്തെ രണ്ടാംകിടയിലുള്ള ഒരാട്ടക്കഥയായി പരിഗണിക്കുവാൻ വിരോധമില്ല. കുവലയാപീഡത്തിന്റെ വർണ്ണനം കേമമായി

ട്ടുണ്ട്. തെക്കൻകവികളിൽ കോട്ടയംകഥകളെ അനുകരിച്ച് ആദ്യമായി ഒരു കൃതി രചിച്ചതു രവിവർമ്മകോയിത്തമ്പുരാനാണെന്നു തോന്നുന്നു. അതിനു തെളിവായി താഴെക്കാണുന്ന പദം തന്നെ അംഗീകരിക്കാം.

“പാലയ ശങ്കര ശംഭോ!

മാനുഷരെല്ലാരും കേൾപ്പിൻ-അഭി-
മാനം വെടിഞ്ഞു ശിവനെബ്ഭജിപ്പിൻ (പാലയ)

കാണുതൊക്കയും മായ—എന്നു
തോന്നാതെയുള്ള ജനം ബഹു പേയാം (പാലയ)

ബ്രഹ്മനെന്നും വിഷ്ണുവെന്നും—ചൊല്ലും
ചിന്മയനാം ശിവനേകനെത്തന്നെ (പാലയ)

മാനിനിമാരാം കിണറ്റിൽ-വീണു
താണുപോകാതെ ശിവനെബ്ഭജിപ്പിൻ (പാലയ)

ഞാനെന്നുമെന്റേതിതെന്നു—മുള്ള
മാനം നടിച്ചുഴന്നീടായ്കനിത്യം (പാലയ)

ജ്ഞാനമുണ്ടാകുന്നനേരം—പര-
മാനന്ദമൂർത്തിയെക്കാണാമുദാരം” (പാലയ)

ഈ പദം കിർമ്മീരവധത്തിൽ ദുർവാസസ്സിന്റെ “ചന്ദ്രകലാധര പാലയ മാം—ഛന്ദോമയ പരിപാലയ മാം” ഇത്യാദി പദം കണ്ട് എഴുതീട്ടുള്ളതാണ്. ഈ കൃതിയുടെ രചന രാമവർമ്മ മഹാരാജാവിന്റെ വാഴ്ചക്കാലത്താണെന്നു തോന്നുന്നു. കംസവധത്തിൽ അരിഷ്ടവധം, കേശിവധം എന്നീ കഥകളും ജരാസന്ധയുദ്ധവും കൂടി കവി ഘടിപ്പിച്ചിരിക്കുന്നു. ജരാസന്ധനെ ബലഭദ്രൻ പിടിച്ചുകെട്ടുന്നതായും ശ്രീകൃഷ്ണന്റെ വാക്കുകേട്ടു മോചിപ്പിക്കുന്നതായും അദ്ദേഹം വർണ്ണിക്കുന്നു.

കംസവധത്തിനുപുറമേ രുഗ്മിണീസ്വയംവരം എന്നൊരാട്ടക്കഥകൂടി രവിവർമ്മ കോയിത്തമ്പുരാൻ രചിച്ചിട്ടുള്ളതായി ചിലർ പറയുന്നു. ആ ആട്ടക്കഥ ആരും കണ്ടിട്ടില്ല. അങ്ങനെയൊരു കൃതി അദ്ദേഹം രചിച്ചിരിക്കുമോ എന്നും സംശയിക്കേണ്ടതുണ്ട്. അതു പരമാർത്ഥമാണെങ്കിൽ അദ്ദേഹത്തിന്റെ പുത്രനായ അശ്വതിതിരുനാൾ തമ്പുരാൻ അതേ പേരിൽ മറ്റൊരു ആട്ടക്കഥ നിർമ്മിക്കുവാൻ ഇടയില്ലല്ലോ.

## അനന്തപുരമാഹാത്മ്യം കുമ്മി

അനന്തപുരമാഹാത്മ്യം കുമ്മിയിലും കവി രാമകൃഷ്ണശാസ്ത്രി എന്ന തന്റെ ഗുരുനാഥനെ വന്ദിക്കുന്നുണ്ട്. രചന രാമവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്താണ്.

“ശ്രീരാമകൃഷ്ണാഖ്യഭൂമിദേവൻ
ശ്രീമാനനന്തഗുണനിലയൻ
കാമിതമൊക്കെയും കൈവരുവാനെന്നിൽ
സാമോദമൊന്നു കടാക്ഷിക്കേണം.

ശ്രീവഞ്ചി ഭൂമിതിലകമാകും കല-
ശേഖരരാമവർമ്മേന്ദ്രൻതന്റെ
മാനസേ നിത്യവുമാവാസം ചെയ്തിടും
ശ്രീപത്മനാഭ! നമോ നമസ്തേ.”

എന്നീ വരികൾ നോക്കുക. ദിവാകരചരിത്രവും ശ്രീപത്മനാഭപ്രതിഷ്ഠയുമാണ് പ്രതിപാദ്യം.

“തോളും കുലങ്ങിച്ചിരിച്ചുടനേയവൻ
തോളിൽക്കരയേറി മേളമോടേ ജഗ-
ദാലംബനം കരം കൊട്ടിച്ചിരിക്കയും
മാനസമോഹമിളക്കുകയും

ഇങ്ങനെയുള്ളോരു ലീലയോടും
മംഗലമൂർത്തി വസിക്കുന്നേരം
തിങ്ങിനമോദവും കിഞ്ചിൽ ഭവിച്ചിതു
ഖേദവും ഭിക്ഷുവരനു ചിത്തേ.”

ഇവ ആ ഗാനത്തിലെ മറ്റു ചില വരികളാണ്.

## മറ്റുചില തെക്കൻകഥകളികൾ

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ രേഖകളിൽനിന്നു 919-ആമാണ്ടു തുലാമാസത്തിലെ ഉത്സവത്തിനു തിരുവല്ലായിൽനിന്നുവന്ന ചിലഅരങ്ങുകാർ (1) കൃഷ്ണാർജ്ജുനസംവാദം (2) സുഭദ്രാഹരണം (3) ഗുരുദക്ഷിണ എന്നീ കഥകളും, അവരോ വേറെ ചിലരോ (4) സന്താനഗോപാലം (5–6) ബാണയുദ്ധം (ആദിയരങ്ങും മുകിവു് അരങ്ങും, അതായതു് ഒന്നും രണ്ടും ദിവസത്തെ കഥകൾ) ഈ കഥകളും, ആറന്മുളനിന്നു വന്ന കാവുക്കാട്ടു് ഇട്ടിരവിപ്പണിക്കരുടെ അരങ്ങുകാർ (7) ശംബരവധം (8) ബാല്യത്ഭവം എന്നീ കഥകളും അഭിനയിച്ചതായി വെളിപ്പെടുന്നു. 920 തുലാമാസത്തിലെ ഉത്സവത്തിൽ തിരുവനന്തപുരത്തു “പെരിയ ആഴാതി വകക്കൂട്ട” വും ആറന്മുള ഇട്ടിരവിപ്പണിക്കർ മുതൽ പേരും (9) നളചരിതവും കളിച്ചു. കൊട്ടാരക്കര ശങ്കരപ്പണിക്കർ (10) സ്യമന്തകം അഭിനയിച്ചു. 921 തുലാമാസത്തിൽ മേല്പറഞ്ഞ ആഴാതി, ഇട്ടിരവിപ്പണിക്കർ, ഇവർക്കു പുറമെ തിരുവല്ലാ അയ്യപ്പപ്പണിക്കർ, കളത്തൂർ ത്രിവിക്രമൻ ആശാൻ, മീനച്ചിൽ ഞാവൽക്കാട്ടു കർത്താവിന്റെ വകയിൽ ഇട്ടുണ്ടാപ്പണിക്കർ എന്നിവരുടെ അരങ്ങുകൾകൂടി ഉണ്ടായിരിക്കുകയും, പൂർവോക്തങ്ങളായ ചില കഥകൾ കൂടാതെ അയ്യപ്പപ്പണിക്കർ (11) ഹിഡിംബവധവും, ത്രിവിക്രമനാശാൻ (12) കിരാതവും, ഇട്ടിരവിപ്പണിക്കർ (13) പ്രദോഷംമാഹാത്മ്യം രണ്ടു ദിവസത്തെ കഥയും (14) ജയദ്രഥവധവും ഇട്ടുണ്ടാപ്പണിക്കർ (15) ധ്രുവചരിതവും ആടുകയും ചെയ്തു. 933 തുലാമാസത്തിൽ ആടിയ കഥകളുടെ കൂട്ടത്തിൽ (16) രാവണോത്ഭവംകൂടി അഭിനയിച്ചതായി അറിയാം. കൊട്ടാരക്കരത്തമ്പുരാന്റെ കഥകളിൽ സീതാസ്വയംവരം, ഖരവധം, ബാലിവധം, തോരണയുദ്ധം എന്നിവയ്ക്കായിരുന്നു പ്രചാരം. അവയ്ക്കുപുറമേ (17) ജടായുവധം (18) ലങ്കാശ്രീമോക്ഷം എന്നു രണ്ടു രാമായണകഥകൾകൂടി ആടിയതായി കാണുന്നു; അവ അന്യകർത്തൃകങ്ങളായിരിക്കാം. മുകളിൽ അക്കങ്ങളിട്ടു

കാണിച്ചിട്ടുള്ളവയിൽ നളചരിതവും ശംബരവധവും കിരാതവും ഒഴികെയുള്ള പതിനഞ്ചു കഥകളും 1000-ആമാണ്ടിന്നുമുൻപുതന്നെ ലുപ്തപ്രചാരങ്ങളായിപ്പോയി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. 54 ദിവസത്തെ ആട്ടക്കഥകൾ എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തീട്ടുള്ള കിരാതം, സന്താനഗോപാലം, രാവണോത്ഭവം, ബാണയുദ്ധം എന്നിവ പിന്നീട് ആവിർഭവിച്ച കൃതികളാകുന്നു. ഏതായാലും കൊട്ടാരക്കരത്തമ്പുരാനെ അനുകരിച്ച് ആട്ടക്കഥകൾ എഴുതുവാൻ കൊല്ലം പത്താംശതകത്തിന്റെ ആരംഭത്തിൽ പലരും സന്നദ്ധരായി എന്ന് ഇതിൽനിന്നു വിശദമാകുന്നുണ്ട്. 923വരെ കോട്ടയം കഥകളൊന്നും തിരുവനന്തപുരത്ത് ആടിയിരുന്നതുമില്ല.

## ദേവരാജസൂരി

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആസ്ഥാനപണ്ഡിതന്മാരിൽ ഒരു പ്രധാനസ്ഥാനത്തെ അലങ്കരിച്ചിരുന്ന കവിവര്യനാണ് ദേവരാജൻ. അദ്ദേഹം തെക്കൻ തിരുവിതാംകൂറിൽ അഗസ്തീശ്വരം താലൂക്കിൽപ്പെട്ട ആശ്രാമം ഗ്രാമത്തിൽ ജനിച്ചു. മൂലകുടുംബം അക്കാലത്തു തിരുവിതാംകൂറിന്റെ ഒരു ഭാഗമായിരുന്ന തിരുനെൽവേലി പത്തമടഗ്രാമത്തിൽനിന്ന് ആശ്രാമത്തിൽ വന്നുചേർന്നതാണ്. ബാലമാർത്താണ്ഡവിജയം നാടകത്തിൽ കാണുന്ന

> "പിതാമഹസമാനോസ്യ പിതാ മഹിമഗൗരവാൽ
> പിതാമഹസനാമാ ച ശേഷാദ്രിരിതി സംജ്ഞയാ;
>
> താദൃശസ്യാനുരൂപോയമാത്മജഃ പ്രശമം പരം
> വിദ്യാവിനയസമ്പത്ത്യാ സമ്പാദയതി സർവദാ"

എന്ന ശ്ലോകങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ പിതൃനാമധേയം ശേഷാദ്രി എന്നായിരുന്നു എന്നും, കവി വിദ്യാവിനയസമ്പന്നനും ശാന്തനുമായിരുന്നു എന്നും നാം അറിയുന്നു. ദേവരാജൻ ബാല്യംമുതല്ക്കുതന്നെ അന്നു യുവരാജാവായിരുന്ന രാമവർമ്മ മഹാരാജാവിന്റെ സഖ്യം സമ്പാദിച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ തൃപ്പടിദാനത്തെ പ്രധാനമായി വിഷയീകരിച്ചു ബാലമാർത്താണ്ഡവിജയം നാടകം നിർമ്മിക്കുകയും അഭിനവകാളിദാസൻ എന്ന ബിരുദം ആ മഹാരാജാവിൽനിന്നു നേടുകയും ചെയ്തു. ഈ വസ്തുതകൾ ആ നാടകത്തിൽ ഭരതവാക്യം കഴിഞ്ഞുള്ള ഒരു കുറിപ്പിൽ കാണുന്ന

> "ശ്രീരാമവർമ്മകുലശേഖരഭൂമിപാല-
> ബാല്യാശ്രിതഃ കലിതവാൻ കവിരേഷ ധീരഃ
> ശ്രിപദ്മനാഭചരിതോജ്ജ്വലമേവ ദേവ-
> രാജാഭിധസ്സമധുരം രസവൽ പ്രബന്ധം"
> എന്ന ശ്ലോകത്തിൽ നിന്നുമാത്രമല്ല പ്രസ്താവനയിലെ
>
> "പരസ്പരാദേശതയാ പ്രയുക്ത-
> ഹല്‌വർണ്ണവത്വാദ്ഭുതവേദരൂപം
> സ്വകീയനാമാദ്യപദം വഹന്തം
> ഭദ്രേ! കവിം വേത്സി ഹി രാജചൂഡം"

എന്ന പദ്യത്തിൽനിന്നും “സായന്തനവാസന്തികാവലേപവി ലോപസാരസ്വത സൗരഭേണ വഞ്ചികുലസാഗരപൂർണ്ണചന്ദ്രായ മാണവിദ്വജ്ജനസാർവഭൗമശ്രീബാലരാമവർമ്മ കുലശേഖരാഭി നന്ദനീയനിജവിനയഗുണാലംകൃതേന ദേവരാജസൂരിണാ കൃതം ബാലമാർത്താണ്ഡവിജയം നാമ നാടകം” എന്ന ഗദ്യപംക്തി യിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്. നാടകനിർമ്മാണാനന്തരം മഹാരാജാവു് അദ്ദേഹത്തെ ഒരു സുവർണ്ണപീഠത്തിൽ ഉപവേശിപ്പിച്ചു്.

“സദ്വസ്തുഘടിതം ചാരു നാടകം കൃതവാനയം
തദസ്മിന്നേവ സദസി മഹൽ സമ്മാനമർഹതി”

എന്നുപക്രമിച്ചു്

“വിചിത്രപദവിന്യാസൈർമ്മനസ്സരസി മാമകേ
ഭാവൽകകവിതാഹംസീ ലേഖനം കുരുതേദ്ഭുതം”
എന്നും
“യദുക്തം ഭവതാ യുക്തം പ്രേമ്ണൈവാലമഭംഗുരം
യത്ത്വൽകവനമൂല്യാർത്ഥമപര്യാപ്തം ജഗത്ത്രയം:

കേനചിൽ ക്രിയതേ കിഞ്ചിൽ സമ്മാനനമിദം തവ,
ഏതദ്ദോഹളമാശ്രിത്യ കീർത്തിവല്ലീ പ്രവർത്തതാം”

എന്നും അദ്ദേഹത്തിന്റെ കവിതയെ ശ്ലാഘിച്ചു നാലു സമ്പുടങ്ങൾ ദാനം ചെയ്യുന്നു. അവയിൽ ഒന്നിൽ ആഭരണവും, മറ്റൊന്നിൽ മാണിക്യഹാരവും, വേറിട്ടൊന്നിൽപട്ടാംബരവും, നാലാമത്തേതിൽ സ്വർണ്ണവും നിറഞ്ഞിരുന്നു.

“ഏകാ ഭൂഷണഭൂഷിതേയമിതരാ മാണിക്യഹാരോജ്ജ്വലാ
കൗശേയാംബരധാരിണീയമപരാ ചാമീകരാഢ്യാ പരാ
ഏഷാ പേടചതുഷ്ടയീ മണിമയീ സമ്മാനിതാ തേ മയാ
ധീമൻ! മാമകപദ്മനാഭചരിതാഖ്യാതുഃ പ്രബന്ധാത്മനാ”

എന്ന ശ്ലോകം നോക്കുക. രാമവർമ്മമഹാരാജാവു ബാലരാമഭാരതം എന്ന നാട്യശാസ്ത്രഗ്രന്ഥം രചിച്ച കാലത്തും അദ്ദേഹം ജീവിച്ചിരുന്നു എന്നു ഊഹിക്കുവാൻ അതിന്റെ പീഠികയിലുള്ള

“അഖിലഗുണനിധീനാമാശ്രയോ ദേവരാജ-
പ്രമുഖസകലദിക്പാലോപഗീതസ്വകീർത്തിഃ
ബഹുകവിജനസമ്മാനാഭിനന്ദ്യാത്മമൂർത്തി-
ർവിലസതി ചിരജീവി വഞ്ചിഭൂദേവരാജഃ”

എന്ന ശ്ലോകം വഴിതരുന്നു. മുൻപുദ്ധരിച്ച “ശ്രീബാലരാമവർമ്മകുലശേഖര” എന്ന പംക്തിയിൽനിന്നു പ്രസ്തുതനാടകത്തിന്റെ അഭിനയം രാമവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്താണെന്നു് അനുമാനിക്കാവുന്നതാണ്.

## ബാലമാർത്താണ്ഡവിജയം

ബാലമാർത്താണ്ഡവിജയം അഞ്ചങ്കത്തിലുള്ള ഒരു സംസ്കൃതനാടകമാണ്. മാർത്താണ്ഡവർമ്മ മഹാരാജാവു രാജ്യഭാരം കയ്യേറ്റപ്പോൾ ശ്രീപത്മനാഭസ്വാമി സ്വപ്നത്തിൽ

പ്രത്യക്ഷീഭവിച്ച തന്റെ ക്ഷേത്രം നവീകരിക്കണമെന്നും അതിലേയ്ക്കുവേണ്ട ധനം ദ്വിഗ്വിജയംകൊണ്ടു സംഭരിക്കണമെന്നും അരുളിച്ചെയ്തു. ആ കല്പനയനുസരിച്ച മഹാരാജാവു ശുചീന്ദ്രത്തുനിന്നു പുറപ്പെട്ടു പാണ്ഡ്യരാജ്യംവഴി ശ്രീരംഗത്തേക്കു പോയി, ശ്രീരംഗനാഥനെ തൊഴുതു, പ്രതിപ്രയാണത്തിൽ തിരുച്ചെന്തൂർ, ആഴ്വാർ, തിരുനഗരി, ശ്രീവൈകുണ്ഠം, തിരുനെൽവേലി തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച ദിഗ്വിജയം സാധിച്ച തിരിയെ വന്നു പത്മനാഭക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തു് ആ ദേവനായി തന്റെ സർവ്വസ്വവും സമർപ്പിച്ചു. അന്നുമുതൽ അവിടുന്നു മഹാരാജാവും താൻ യുവരാജാവും എന്ന നിലയിൽ “ബാല” പദം തന്റെ നാമധേയവുമായി ഘടിപ്പിച്ചു.

“ഭോ വത്സ! ബാലമാർത്താണ്ഡ! ത്വയാ ദത്തം മഹീധുരാം
അഗ്രഹീഷം പ്രഹർഷേണ യുവരാജോസി സാംപ്രതം
യൗവരാജ്യാഭിഷിക്തസ്യ തവ മുദ്രൈവ ശാശ്വതീ
ഭദ്രാ കൃപാണവല്ലീയം സഖേടാ ഗൃഹ്യതാം ത്വയാ”

എന്നു് ആ അവസരത്തിൽ അശരീരിവാക്കുണ്ടായതായി കവി വർണ്ണിക്കുന്നു. അന്നുമുതല്ക്കു തിരുവിതാംകൂറിൽ നാടു വാഴുന്ന മഹാരാജാക്കന്മാരെല്ലാം തങ്ങളുടെ സംജ്ഞയ്ക്കു മുൻപിൽ ബാലശബ്ദം ഘടിപ്പിച്ചു കാണുന്നു.

## നാടകത്തിന്റെ പ്രാധാന്യം

കവിസഹജമായ അത്യുക്തിയിൽനിന്നു ദേവരാജൻ വിമുക്തനല്ലെങ്കിലും ദേശചരിത്ര സംബന്ധമായുള്ള പല വസ്തുതകളും അദ്ദേഹത്തിന്റെ നാടകത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. തന്നിമിത്തം അതിനു കേരളചരിത്രത്തെ പരാമർശിക്കുന്ന പ്രമാണഗ്രന്ഥങ്ങളുടെ കൂട്ടത്തിലും ഒരു സ്ഥാനത്തിനവകാശമുണ്ടു്. രാജദ്രോഹികളെ മഹാരാജാവു് ഉന്മൂലനം ചെയ്തതിനേയും അവരുടെ നായകന്മാരായ തമ്പിമാരെ വധിച്ചതിനേയും ദേശിങ്ങനാടു കീഴടക്കിയതിനേയും, ലന്തക്കാരെ തോല്പിച്ചതിനേയും, മഹാദാനപുരം ഗ്രാമം ബ്രാഹ്മണർക്കു ദാനംചെയ്തതിനേയും, ഒറ്റക്കൽ മണ്ഡപം പണിയിച്ചതിനേയും മറ്റും സംബന്ധിച്ചുള്ള വിവരണങ്ങൾ പ്രസ്തുതകൃതിയിൽ കവി സമുജ്ജ്വലമായി ചിത്രണം ചെയ്തിരിക്കുന്നു. തൃപ്പടിദാനത്തിന്റെ വർണ്ണനം വളരെ വിപുലവും മനോഹരവുമാണ്. തമ്പിമാരെപ്പറ്റി “രാവണകുംഭ കർണ്ണാവിവാത്യന്ത പരമദുർജ്ജയൗ, ബാലകനിഷ്ഠാഭിധാനൗ, പ്രത്യർത്ഥിമൂർദ്ധന്യൗ, ദുരാലോചനാഫലസംസിദ്ധിം നിശ്ചിത്യ വിവിക്തമേവ നിജോപകണ്ഠം കാലചോദനയാ സമ്മിളിതാ വേവാഗതൗ, സമയേ വിദിതവൃത്താന്തേന നിമേഷമാത്രേണ ഖഡ്ഗധാരാകബളീകൃതകണ്ഠനാളാവാകലയ്യ പ്രത്യേകം ദ്വൈരൂപ്യതാമാപാദിതൗ—” എന്നു് അദ്ദേഹം പറയുന്നു. ബാലകനിഷ്ഠന്മാരെന്നാൽ കുഞ്ചുതമ്പിമാർ എന്നർത്ഥം. ലന്തക്കാരെക്കുറിച്ച “നിജരാജ്യമർമ്മഭൃതം പ്രഭൃതധനാഗമസ്ഥാനമതർക്കിതമേവാക്രമ്യ രക്തബീജാസുരകുലമിവ തത്രൈവ പരിവർദ്ധമാനം കഹനൈകനിലയം സകലമപി സസ്വാമികം സാംയാത്രികയൂഥമപി വിവിധഞ്ച സമഗ്രായുധജാലമാച്ഛി ദ്യൈവ വിദ്രാവിതം, വിനിഹതം, സദ്യശ്ശരണാഗതം, സമ്യക്പരിപാലിതം ച” എന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഈ പ്രസ്താവന സുപ്രസിദ്ധമായ കുളച്ചൽയുദ്ധത്തെപ്പറ്റിയാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അങ്ങനെ മഹാരാജാവു് സമ്യക്പാലനം ചെയ്ത ശരണാഗതന്മാരിൽ ഒരാളാണ്, പിന്നീടു തിരുവിതാംകൂർ സൈന്യത്തിന്റെ വലിയ കപ്പിത്താനായിത്തീർന്ന യൂസ്റ്റൈഷ്യസ്സ് ഡിലെനോയി. രാമവർമ്മമഹാ

രാജാവിന്റെ മാതാവായ പാർവതീറാണിയെ വർണ്ണിക്കുന്ന — "അത ഏവ ഹി ദേവസ്യ ശ്രീമതീ സോദരീ നിരന്തരവ്രതോപവാസ നിയമതപസ്സമ്പദധിഷ്ഠാനഭൂതതയാ ഭൂയോപി ദേദീപ്യമാന ദേഹശ്രീഃ മഹിമ്നാ നാമ്നാ ച മഹീധരേന്ദ്രനന്ദിനീ മനസ്സാരയന്തീ" എന്നു തുടങ്ങിയ ഗദ്യത്തിന്റെ ചമൽകാരം അവാങ്മനസഗോചരമായിരിക്കുന്നു. മഹാരാജപ്രശസ്തിപരമായ ഒരു ശ്ലോകംകൂടി ഉദ്ധരിച്ചുകൊണ്ടു പുരോഗമനം ചെയ്യാം.

"വിദ്വന്മണ്ഡലപുണ്ഡരീകപടലാമോദപ്രദാനോത്സുക-
സ്തേജോധൂനിതവൈരിജാലതിമിരോ നിത്യോദയോത്യുത്ഥതഃ
ക്ഷോണ്യാം യഃ പ്രവിഭാതി വാഞ്ഛിതഫലപ്രാപ്തിം നൃണാം കല്പയൻ
സോയം വഞ്ചികുലോദ്ഭവോ വിജയതേ ശ്രീബാലമാർത്താണ്ഡരാട്."

## കൃഷ്ണശർമ്മാ

ശ്രീപത്മനാഭചരിതം എന്ന സംസ്കൃതചമ്പൂകാവ്യത്തിന്റെ നിർമ്മാതാവാണ് കൃഷ്ണശർമ്മാവ്. ആ ചമ്പുവിൽ ആറാമത്തെ സ്തബകത്തിന്റെ ഏതാനും ഭാഗത്തോളമുള്ള ഒരു ഗ്രന്ഥമേ ഇതുവരെ കണ്ടുകിട്ടീട്ടുള്ളു. "ഭഗവദാഗമനോത്സവ കഥാസുധാഭിരാമമനന്തരസർഗഭം കൃഷ്ണശർമ്മാ നിർമ്മാതുമാരഭത" എന്ന പംക്തിയിൽ അദ്ദേഹം സ്വനാമധേയം പ്രകാശിപ്പിച്ചിട്ടുണ്ട്. ദേശമേതെന്നറിവില്ല. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്തു രാമവർമ്മ ഇളയതമ്പുരാന്റെ ആജ്ഞയനുസരിച്ചു നിർമ്മിച്ച ഒരു കൃതിയാണ് ശ്രീപത്മനാഭചരിതം. താഴെക്കാണുന്ന ശ്ലോകങ്ങൾ ആ വസ്തുത വെളിപ്പെടുത്തുന്നു.

"അസ്തി പ്രഭാവാർജ്ജിതരാജ്യലക്ഷ്മീ-
ശ്ശാസ്താ സമസ്താവനിവല്ലഭാനാം
ധാത്രീപരിത്രാണപവിത്രകീർത്തിർ-
മ്മാർത്താണ്ഡവർമ്മാ നരപാലവീരഃ.

പ്രസന്നസാരസ്വതചാരുമാധുരീ-
ധുരീണവാണീമകരന്ദസുന്ദരം
ഭജന്തി യം സന്തതമേവ സാധവോ
വസന്തചൂതം മധുപാ ഇവോത്സുകാഃ

ലക്ഷ്മീകാന്തപദൈകവാസപടുധീസ്സദ്യോഗദാന്തോ ഭൃശം
നിത്യം ബാഡതമസ്സപത്നനിവഹം നിസ്സാരയൻ സർവദാ
നേത്രാനന്ദകരശ്ച സാരസഹിതസ്സന്മാർഗ്ഗജൃംഭദ്രുചി-
ർന്നാമ്നാ യസ്യ ന കേവലം വിജയതേ മാർത്താണ്ഡതാ ഭൂപതേഃ

യസ്യാഭിരാമവികളങ്കശശാങ്കഗൗരൈർ-
ഭൂമണ്ഡലേ ധവളിതേ വിമലൈര്യശോഭിഃ
സുസ്നിഗ്ദ്ധദുഗ്ദ്ധമയവാരിധിശങ്കയേവ
ശേതേ സദൈവ ഭഗവാനിഹ പദ്മനാഭഃ.

യന്നിർജ്ജിതാശ്ശാത്രവരാജവീരാ

വനേ വസന്തോ നിശിതൈഃ ഖനിത്രൈഃ
ഭൂമിം തദീയാമിവ സാഭ്യസൂയാ
ഭിന്ദന്തി കന്ദാഹരണച്ഛലേന.

ഭല്ലീഭയോദ്വേല്ലിതഗാത്രവല്ലീ
വല്ലീഗണോല്ലോചകതല്ലജാസു
പല്ലീഷു നിർല്ലജ്ജമഥോപചല്ലീ
നിർല്ലീയതേ യദ്രിപുവല്ലഭാളീ.

യന്മാതുലഃ ക്ഷ്മാതലവജ്രപാണിർ-
ഗ്ഗുണൈകപാത്രീ ഭുവി യജ്ജനിത്രീ
യസ്യാഭിരാമാങ്ഗലതാസ്സ്വസാരഃ
സ്വസാരശൗര്യാർജ്ജിതകീർത്തിഭ്രമ്മഃ.

തച്ഛാസനാൽ പുണ്യവിപാകദാത്രീം
ശ്രീപദ്മനാഭസ്യ കഥാമുദാരാം
വക്ഷ്യേ കടാക്ഷാമൃതപൂരസിക്തൈ-
ർവചഃപ്രപഞ്ചൈരധുനാ ഗുരൂണാം . . . ”

‘അസ്തി പ്രഭാവാർജ്ജിത” തുടങ്ങിയ ചില പദ്യങ്ങൾ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ദിഗ്വിജയത്തിനുമേലാണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതി എന്ന് അനുസ്മരിപ്പിക്കുന്നു. അനന്തശയനക്ഷേത്രമാഹാത്മ്യത്തിൽ പുരാണരൂപേണ പ്രതിപാദിക്കുന്ന ഐതിഹ്യംതന്നെയാണ് പ്രസ്തുത കൃതിയിലും പ്രായേണ വർണ്ണിതമായിരിക്കുന്നത്. ഉർവശി ദിവാകരന്റെ തപോഭങ്ഗത്തിന് ഉദ്യമിക്കുന്ന മൂന്നാം സ്തബകത്തിലെ കഥയും മറ്റും കവി രസപൂർത്തിക്കുവേണ്ടി കൂട്ടിച്ചേർത്തിരിക്കുന്നു. കവിത ആകപ്പാടെ ആകർഷകമായിട്ടുണ്ട്.

“അസ്തി പ്രശസ്തമുപദക്ഷിണവാരിരാശി
ക്ഷേത്രം മനോഹരമനന്തപുരാഭിധാനം
യസ്മിൻ പുരാണപുരുഷസ്സഹ ലോകമാത്രാ
നിദ്രായതേ ഭുജഗപുങ്ഗവതല്പശായീ”

എന്നിങ്ങനെ തിരുവനന്തപുരം പട്ടണത്തിന്റേയും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റേയും മനോഹരമായ ചിത്രണംകൊണ്ടു കൃതി ആരംഭിക്കുന്നു. ആ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാപകനായ ദിവാകരസന്ന്യാസിയുടെ കഥ രണ്ടാമത്തെ സ്തബകത്തിലാണ് ആഖ്യാനം ചെയ്തുതുടങ്ങുന്നത്.

“നാരായണം ദ്രഷ്ടുമനാസ്തപസ്വീ
ദിവാകരോ നാമ പുരാ മുനീന്ദ്രഃ
തപോ വിതേനേ ചിരകാലമുഗ്രം
ഭാഗീരഥീതീരതപോവനേഷു”

ഭഗവാൻ ആ തപസ്വിയുടെ മുന്നിൽ ഒരു ശിശുവിന്റെ രൂപത്തിൽ സന്നിധാനംചെയ്തു പല വികൃതിത്തങ്ങളും കാണിച്ചു. ഒരുക്കൽ ഹോമാഗ്നിയിൽ വെള്ളമൊഴിക്കുന്നതു കണ്ട് ആ ഉണ്ണിയെ അദ്ദേഹം അല്പം കോപത്തോടുകൂടി പുറംകൈകൊണ്ടു

തടുക്കുകയും അപ്പോൾത്തന്നെ ആ വിഗ്രഹം അവിടെനിന്ന് അന്തർദ്ധാനം ചെയ്കയും ചെയ്തു. അക്കാലത്തു നാരദമഹർഷി അവിടെച്ചെന്നു മാർക്കണ്ഡേയന്റെ അപേക്ഷയനുസരിച്ചു ദക്ഷിണദിക്കിൽ പരശുരാമക്ഷേത്രത്തിൽ ശ്രീനാരായണൻ കലിയുഗത്തിൽ മനുഷ്യരുടെ പാപശാന്തിക്കായി അനന്തശയനത്തിൽ പള്ളികൊള്ളുമെന്നുള്ള വ്യാസോക്തമായ പുരാവൃത്തം ദിവാകരനെ ഗ്രഹിപ്പിച്ചു. അതു കേട്ട് അദ്ദേഹം പല ദേശങ്ങൾ അതിവാഹനം ചെയ്തു. ചിദംബരം, തിരുച്ചെന്തൂർ എന്നീ ക്ഷേത്രങ്ങൾ സന്ദർശിച്ച് ആരുവാമൊഴിമാർഗ്ഗമായി കേരളത്തിലെത്തി, കന്യാകുമാരി, ശുചീന്ദ്രം, തിരുവട്ടാർ, തൃച്ചാരണത്തു മല (ചിതറാൽ) മുതലായ ക്ഷേത്രങ്ങളിലുള്ള ദേവതകളേയും വന്ദിച്ചു കരമനയാറു കടന്ന് ആറന്നൂരേലായിൽ എത്തിയപ്പോൾ ഒരു പുലയി തായാട്ടുകാട്ടുന്ന തന്റെ കുട്ടിയോട്

“വേത്രയഷ്ട്യാ സമാതാഡ്യ ത്വാമനന്തപുരേ വനേ
ക്ഷിപാമി കോപകലുഷാ മൂഢ! ബാഢം ന തേ സുഖം.”

എന്നു പരുഷോക്തി പറയുന്നതു കേട്ട് അനന്തൻകാട് എന്ന സ്ഥലം ഏതാണെന്ന് അവളിൽനിന്നു മനസ്സിലാക്കി. അവിടെച്ചെന്നപ്പോൾ പഴയ ബാലവേഷത്തിൽ ഭഗവാനും പ്രത്യക്ഷപ്പെട്ടു. അന്നു വേണാടു ഭരിച്ചിരുന്ന കുലശേഖരമാഹാരാജാവിനെ ആ ദിവ്യസ്ഥാനത്തേക്കു കൂട്ടിച്ചുകൊണ്ടുവരുവാൻപോയി. അതിനപ്പുറമുള്ള കഥ എന്തെന്നു ചമ്പുവിന്റെ അവശിഷ്ടഭാഗങ്ങൾ കിട്ടിയാലേ അറിവാൻ സാധിക്കുകയുള്ളു. ചിദംബരത്തിലെ ശിവഭക്തന്മാരായ ദീക്ഷിതന്മാരുടെ വർണ്ണനമാണ് ചുവടെ പകർത്തുന്ന ശ്ലോകം.

“വിദ്യാവല്ലീമതല്ലീലസദുപവനതാം
ബിഭ്രതാമഭ്രഗംഗാ-
വീചീസന്ദോഹനിന്ദാവഹസരസവചോ-
ഗുംഫഗാംഭീര്യഭാജാം
പുംസാം സംസാരവിധ്വംസനകനകസഭാ-
ധീശസേവാരതാനാം
നൈപുണ്യാലോകകൗതുഹലകലിതമതിർ-
വിസ്മിതോഭ്രന്മുനീന്ദ്രഃ.

## ശങ്കരകവി

‘ശംകു’ എന്ന മറ്റൊരു കവിയും അനന്തശയനക്ഷേത്രമഹാത്മ്യത്തെ വിഷയീകരിച്ചു പത്മനാഭോദയം എന്നൊരു കാവ്യം നിർമ്മിച്ചിട്ടുണ്ട്. ആകെ 142 ശ്ലോകങ്ങൾ അടങ്ങിയ ആ കാവ്യം നാലു പദ്ധതികളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

“മനോനിദിധ്യാനവിധൂതപാപ്മനോ
മഹായതീനാം പദപത്മസേവിനഃ
മഹാഫലാ ശംകുകവേരിയം കൃതി-
ർമ്മഹാധിയാം കർണ്ണവതംസതാമിയാൽ.”

അദ്ദേഹത്തിന്റേയും ജന്മഭൂമി അവിജ്ഞാതമായിരിക്കുന്നു. കൃഷ്ണശർമ്മാവും ശംകുകവിയും ദ്രാവിഡബ്രാഹ്മണരായിരിക്കണം. ഗ്രന്ഥനിർമ്മാണകാലത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവു തന്നെയായിരുന്നു വഞ്ചിരാജ്യം ഭരിച്ചിരുന്നതു്. കവി ഇങ്ങനെ പറയുന്നു.

ശ്രീമന്മാർത്താണ്ഡഭൂപോ ജയതു ബുധജനാ-
നന്ദദായീ നിതാന്തം
കാവ്യഞ്ചേദം മദീയം കലിതഹരികഥാ-
സാരവത്ത്വാൽ സുധീന്ദ്രാഃ
ശൃണ്വന്ത്വാചന്ദ്രതാരം ഭവതു ച ധരണൌ
വഞ്ചിവംശോതിദീർഘോ
ബ്രഹ്മാനന്ദാമൃതാബ്ധൌ മമ ഹൃദയമിദം
മജ്ജതാം നിർവിശേഷം."

പത്മനാഭോദയരചനയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചതും രാമവർമ്മ ഇളയരാജാവായി രുന്നു.

"ധർമ്മശ്ശരീരീവ ച ഭാഗ്യരാശി-
ർദ്ദേഹീവ മൂർത്തോ ഹരിഭക്തിപൂരഃ
സുഗാത്രവാൻ ധൈര്യരസോസ്തി തത്ര
ശ്രീരാമവർമ്മാഭിധഭൂമിപാലഃ.

യൽകല്പനാപീശ്വരകല്പനേവ
കേനാപ്യലംഘ്യാഖിലസാധികാ ച
യത്സാഹതീസാരവിദാം ബുധാനാം
ദ്രാക്ഷാപി മാധ്വ്യാ സഹ നിംബതുല്യാ.

ക്ഷേമായ തസ്യൈവ ച തൽകുലസ്യ
വിഹായ ദുഗ്ദ്ധാംബുനിധിം രമേശഃ
ശേതേത്ര ശേഷേ ഹി തദീയവൃത്തം
സംഗൃഹ്യ കിഞ്ചിദ്രചയാമി പദ്യൈഃ."

എന്ന ശ്ലോകങ്ങൾ നോക്കുക. ഒടുവിൽ ഭഗവാൻ ദിവാകരസന്ന്യാസിയോട്ട് അരു ളിച്ചെയ്യുന്ന ശ്ലോകങ്ങളാണ് അടിയിൽ ചേർക്കുന്നത്.

"ഇതഃപരം യോഗിവരാത്ര വർത്തേ
ക്ഷേമായ വഞ്ചീന്ദ്രകുലസ്യ ശശ്വൽ
അർച്ചൻ ഭവാംസ്തിഷ്ഠതു മാമിഹൈവ
ദാർവാകൃതിം യാസ്യസി സർവസിദ്ധിം.
. . . . . . . . .
തദാരഭ്യ വനം ഹ്യേതദാസീന്നഗരമുത്തമം;
രാജധാനീ ച സംജാതം വഞ്ച്യന്വയമഹീഭൃതാം.

തസ്മിൻ ജാതാഃ പാർത്ഥിവാഃ കീർത്തിമന്ത-
ശ്ശുദ്ധാത്മാനോ വിഷ്ണുപാദൈകഭക്താഃ
ശ്രീപ്രാസാദം പദ്മനാഭസ്യ കൃത്വാ
പൂജാദീംശ്ച സ്ഥാപയാമാസുരഗ്ര്യാൻ."

കവിതയ്ക്കു പറയത്തക്ക ഗുണമൊന്നുമില്ല.

## കടത്തനാട്ടു തമ്പുരാൻ—(ശതമുഖരാമായണം ആട്ടക്കഥ)

കടത്തനാട്ടു രാജവംശത്തിൽ കൊല്ലം ഒൻപതാം ശതകത്തിന്റെ ഒടുവിൽ ജീവിച്ചിരുന്ന ഒരു തമ്പുരാൻ ശതമുഖരാമായണം എന്നൊരാട്ടക്കഥ രചിച്ചിട്ടുള്ളതായി ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽനിന്നറിയുന്നു.

“ശതമുഖരാമായണമിത്യേകം നാട്യപ്രബന്ധമകരോദ്യഃ
ദേവൈഃ പ്രണതൈസ്സേവ്യം കലിമലരഹിതം യയൗ സ വൈകുണ്ഠം”

എന്ന് അദ്ദേഹത്തിന്റെ ചരമത്തെപ്പറ്റി ഒരു ശ്ലോകം അവിടത്തുകാരനായ ഒരു പണ്ഡിതൻ നിർമ്മിച്ചിട്ടുണ്ടെന്നും “ദേവൈഃ പ്രണതൈസ്സേവ്യം” എന്ന കലിവാചകംകൊണ്ടു പ്രസ്തുത കവിയുടെ നിര്യാണം 910-ആമാണ്ടാണെന്നു വരുന്നു എന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിലെ ഒരു ശ്ലോകമാണ് ചുവടേ ചേർക്കുന്നത്.

“കൃത്വാ രാവണനിഗ്രഹം രഘുപതിസ്സൗമിത്രിണാ സംയുത-
സ്സുഗ്രീവാനിലജാശരേന്ദ്രസഹിതസ്സാകം കപീനാം ഗണൈഃ
ആഗത്യാത്മപുരം മുദാ മുനിവരൈഃ പ്രീത്യാഭിഷിക്തോ വസൻ
സന്തുഷ്ടോ വിജനേ കദാചിദഥ താം സീതാമഭാണീദ്ഗിരം.”

നിപുണമായ ഗവേഷണം ചെയ്തിട്ടും ഗ്രന്ഥം കണ്ടുകിട്ടിയിട്ടില്ലാത്തതിനാൽ അതിനെപ്പറ്റി അഭിപ്രായമൊന്നും പറയുവാൻ സാധിയ്ക്കുന്നതല്ലെങ്കിലും ഈ ശ്ലോകം പരിശോധിക്കുന്ന സഹൃദയന്മാർക്കു പ്രസ്തുതകവി വാസനാസമ്പന്നനാണെന്നു കരുതാവുന്നതല്ല. പക്ഷേ കോട്ടയത്തു തമ്പുരാന്റെ കഥകൾ കണ്ട് ആ രീതി പിടിച്ചു സമീപവാസിയായ അദ്ദേഹം ഇങ്ങനെ ഒരു കൃതി ഉണ്ടാക്കിയതായിരിക്കാം.

## ഇരട്ടക്കുളങ്ങര രാമവാരിയർ

അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രത്തിനു സമീപം കടലോരത്തായി ഇരട്ടക്കുളങ്ങര എന്നൊരു ശിവക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിനു തൊട്ടു തെക്കാണ് ഇരട്ടക്കുളങ്ങര വാരിയം. ആ വാരിയം ഇന്നുമുണ്ട്. കൊല്ലം പത്താം ശതവർഷത്തിന്റെ ആരംഭത്തിൽ ചിത്രമെഴുത്തിൽ വിദഗ്ധനായി ആ കുടുംബത്തിൽ ഒരു വാരിയർ ഉണ്ടായിരുന്നു. രാമവാരിയർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തോടുചേർന്ന ദേവീക്ഷേത്രത്തിൽ അദ്ദേഹം 905-ആമാണ്ടു വൃശ്ചികം 5-ആംനു കുചേലഗോപാലം എന്ന ചിത്രം എഴുതിത്തീർത്തതിനു രേഖയുണ്ട്. 953-ആമാണ്ടു ധനുമാസത്തിലെ ഭദ്രദീപത്തിനു തിരുവനന്തപുരത്തു സന്നിഹിതനായിരുന്ന ഇരട്ടക്കുളങ്ങര കൃഷ്ണവാരിയർ അദ്ദേഹത്തിന്റെ വംശജനാണ്. സാഹിത്യത്തിൽ അദ്ദേഹത്തെ സ്മരിക്കേണ്ടതു പഴയ ആട്ടക്കഥകളിൽ ഒന്നായ കിരാതത്തിന്റെ പ്രണേതാവ് എന്ന നിലയിലാണ്. 921-ൽ കിരാതം കഥ ആടിയിരുന്നതായി നാം കണ്ടുവല്ലോ. ആ കഥയിൽ “ജന്മമൊടുങ്ങുവാൻ വരം കല്മഷാരേ, തരേണമേ” എന്നും മറ്റുമുള്ള വരികളിൽ കവിക്ക് അറംവന്നു പോയി എന്നും അതിൽ സൂചിതമായതുപോലെ കഥ അവസാനിപ്പിച്ച് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോൾ ഒരു കാളയുടെ കുത്തേറ്റ് അദ്ദേഹം മരിച്ചു എന്നും ഒരു ഐതിഹ്യമുണ്ട്. തൃശ്ശിവപേരൂർക്ഷേത്രത്തിൽ ചിത്രമെഴുതിയതു മുപ്പതാമത്തെ വയസ്സിലാണെന്നു കണക്കാക്കിയാൽ 875-ആമാണ്ടിടക്കാണ് അദ്ദേഹം ജനിച്ചതെന്നു സങ്കല്പിക്കാം. കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവ് അദ്ദേഹത്തിന്റെ ചിത്രങ്ങൾ കണ്ടു സന്തോഷിച്ച് അമ്പലപ്പുഴക്ഷേത്രത്തിൽ ചോറു പതിച്ചുകൊടുത്തതായി കാണുന്നു.

## കിരാതം ആട്ടക്കഥ

കിരാതത്തിനു സാഹിത്യ ദൃഷ്ട്യാ വളരെ താണ ഒരു സ്ഥാനമേ കല്പിക്കുവാൻ നിവൃത്തിയുള്ളു. വാരിയർക്കു പറയത്തക്ക വ്യുൽപത്തിയോ കവനപാടവമോ ഉണ്ടായിരുന്നില്ല. 'കിരാതൻ' എന്നതിനു 'കിരാൻ' എന്നും 'വൈരിണാം' എന്നതിനു 'വൈരീണാം' എന്നുമാണ് അദ്ദേഹം പ്രയോഗിക്കുന്നത്. എങ്കിലും കവിക്കു ശിവവിഷയകമായുള്ള ഭക്തിപ്രകർഷത്തിനു കിരാതം സാക്ഷ്യംവഹിക്കുന്നുണ്ട്. അതു് ആടിക്കാണാൻ കൊള്ളാവുന്ന ഒരു കഥയാണെന്നും സമ്മതിക്കാം. അതുകൊണ്ടുതന്നെയായിരിയ്ക്കാം അതിന് ഇന്നും അഭംഗുരമായി നിലനിന്നുപോരുന്ന പ്രചാരവും. അപ്സരസ്ത്രീകൾക്ക് അർജ്ജുനന്റെ മുന്നിൽ പാടിക്കളിക്കുവാൻ ഒരു കുമ്മിയും കവി പ്രസ്തുത കൃതിയിൽ ഘടിപ്പിച്ചിട്ടുണ്ട്. ശ്ലോകങ്ങൾ പ്രായേണ എല്ലാംതന്നെ ഭാഷാനിബദ്ധങ്ങളാണ്. ഒരു പദത്തിലെ ഏതാനും വരികൾമാത്രം ഉദ്ധരിക്കാം.

> "കേവലമേവ ഹി ശൃണു ഗിരമയി നോ ദേവേന്ദ്രാത്മജ,
> ദേവസുന്ദരിമാരാം ദേവിമാർ ഞങ്ങൾ നിന്റെ
> പൂമെയ്യ് കണ്ടു പൂണ്ടാനാവിർമ്മോദേന വന്നു.
> ഊറ്റമായുള്ള വെയിൽ കാറ്റും മഴയും മഞ്ഞു-
> മേറ്റുകൊണ്ടു വൻകാട്ടിലേറ്റം സന്താപമോടേ
> ചെറ്റു നാളല്ലല്ലോ നീ മുറ്റം സേവിച്ചീടുന്നു;
> കറ്റച്ചിടയോനുണ്ടോ ചെറ്റു കാരുണ്യം തോന്നി?
> സുരസുന്ദരിമാരുമായ് സരസം രമിച്ചുകൊൾവാൻ
> നരജന്മം ചെയ്യോർക്കിതു പെരികെപ്പുണ്യമുണ്ടല്ലോ.
> പുരുഷനായാലരിയ പുരുഷാർത്ഥമല്ലോ നല്ല
> തരുണിമാരുമായുള്ള പരമസംയോഗം പാർത്താൽ."

## നളചരിതം തിരുവാതിരപ്പാട്ട്

നളചരിതം കൈകൊട്ടിക്കളിപ്പാട്ടും ഈ വാരിയരുടെ കൃതിയെന്നാണ് അറിയുന്നത്.

> "ശ്രീകൃഷ്ണ ഗോവിന്ദ നാരായണാനന്ത
> ശ്രീകാന്ത ഗോപാല പാലയ മാം.
> വാനോർനദീപുരേ വാണരുളീടുന്ന
> വാസുദേവ കൃഷ്ണ വന്ദിക്കുന്നേൻ.
> ചെമ്പകനാട്ടിന്നലങ്കാരമായുള്ള
> തമ്പുരാൻ ദേവനാരായണേന്ദ്രൻ
> അൻപോടു നമ്മെത്തുണച്ചരുളീടേണം
> തൻപാദം ഞാനിതാ കുമ്പിടുന്നേൻ.
> ചൊല്ലേറാണ്ടിരട്ടക്കുളങ്ങരെ വാഴുന്ന
> മുക്കണ്ണരെന്നെക്കടാക്ഷിക്കേണം."

## ചേലപ്പറമ്പു നമ്പൂരി—ജീവിതചരിത്രവും മുക്തകങ്ങളും

ചേലപ്പറമ്പു നമ്പൂരിയെപ്പറ്റി കേട്ടിട്ടില്ലാത്ത സഹൃദയന്മാരില്ല. അദ്ദേഹം യാതൊരു ഗ്രന്ഥവും നിർമ്മിച്ചിട്ടില്ല. സംസ്കൃതത്തിലും ഭാഷയിലും സന്ദർഭവശാൽ രചിച്ചിട്ടുള്ള ഏതാനും മുക്തകങ്ങളിലാണ് അദ്ദേഹത്തിന്റെ യശസ്സു നിലനിന്നുപോരുന്നത്. കോഴിക്കോടിനു സമീപമുള്ള ചാലിയത്തായിരുന്നുവത്രേ അദ്ദേഹത്തിന്റെ ഇല്ലം. പേരു് എന്തെന്നറിയുന്നില്ല. ചേലപ്പറമ്പു ബാല്യത്തിൽത്തന്നെ അമ്മായി ശ്ലോകങ്ങൾ രചിക്കുന്നതിൽ വിരുതനായിരുന്നു.

“ഭക്ത്യാ ഞാനെതിരേ കുളിച്ചു ഭഗവൽപാദാരവിന്ദങ്ങളെ-
ച്ചിത്തേ ചേർത്തൊരരക്ഷണം മിഴിയടച്ചമ്പോടിരിക്കുംവിധൗ
അപ്പോൾത്തോന്നിയെനിക്കു മാരവിരുതും മന്ദസ്മിതപ്രൗഢിയും
പന്തൊക്കും മുലയും തണുത്ത തുടയും മറ്റേതുമെന്നോമലേ”

എന്ന ശ്ലോകം അദ്ദേഹം അക്കാലത്തുണ്ടാക്കിയെന്നും അതു കേട്ടു ഗുരുനാഥൻ കയർത്തു് “അതു് ഒന്നുകൂടിച്ചൊല്ലു” എന്നു പറഞ്ഞപ്പോൾ ആ ശ്ലോകത്തിന്റെ വേശ്യാവർണ്ണനപരമായ ഉത്തരാർദ്ധം

“അപ്പോൾത്തോന്നിയെനിക്കു ബാലശശിയും കോടീരവും ഗംഗയും
ബ്രഹ്മന്റേ തലയും കറുത്ത ഗളവും മറ്റുള്ള ഭൂതങ്ങളും”

എന്നു ശിവവർണ്ണനപരമായി മാറ്റിച്ചൊല്ലി ആ കോപിഷ്ഠനെ അത്ഭുതപ്പെടുത്തി എന്നും പ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ടു്. നമ്പൂരി തിരുവനന്തപുരത്തു പോയി 892-ൽ തീപ്പെട്ട രവിവർമ്മമഹാരാജാവിനോടു സമ്മാനം വാങ്ങിയെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു സഞ്ചാരപ്രിയനായിരുന്നതിനാൽ പല രാജധാനികളിലും ചെന്നു് അവിടങ്ങളിലെ അതിഥിയായി താമസിച്ചു നിമിഷശ്ലോകങ്ങൾ ഉണ്ടാക്കി വിനോദിച്ചാണു ആയുസ്സിന്റെ ഭൂരിഭാഗവും കഴിച്ചുകൂട്ടിയതു്.

താഴെക്കാണുന്നതു വിരഹാവസ്ഥയിൽ ചേലപ്പറമ്പു നിർമ്മിച്ച ഒരു മേഘപ്രാർത്ഥനാ പദ്യമാണു്.

“വിദ്യുന്മാലാരമണ! രമണീയാകൃതേ! നീരദ! ത്വാം
നത്വാ മൗലൗ മുകുളിതകരഃ കിഞ്ചിദഭ്യർത്ഥയേഹം
യാവല്ലീയേ കുചകലശയോരന്തരാളേ പ്രിയായാ-
സ്താവൽകാലം വിരമ വിഷമാദ്വർഷധാരാവിമോക്ഷാൽ.”

ചുവടേ ചേർക്കുന്ന ഭാഷാശ്ലോകങ്ങളെല്ലാംതന്നെ സുവിദിതങ്ങളാണു്.

സ്ത്രീചാട്ടുക്കൾ:
“ആഴിക്കെട്ടിന്നകത്തങ്ങഖിലഗുണഗണം
ചേരുമക്കുന്നലേശൻ
വാഴുംനാട്ടുണ്ടനേകം പകലിരവവിടെ-
പ്പണ്ടു പേടികികവേണ്ടാ;
കോഴിക്കോട്ടും നടപ്പാനിതുപൊഴുതെളുത-
ല്ലങ്ങു മാങ്കാവിൽനിന്ന-
മ്മാഴക്കണ്ണാൾ പറിക്കുന്നിതു യുവഹൃദയം
കാണ്കെടോ കാലദോഷം.

തണ്ടാർമാതാം രമയ്ക്കോ തരളമലർമിഴി-
ത്തയ്യലാളാമുമയ്ക്കോ
കൊണ്ടാട്ടും മേനകയ്ക്കോ സരസിജമുഖിയാ-
മുർവശിയ്ക്കോ ശചിക്കോ
വണ്ടാർപൂവേണിമാരാലടിമലർ പണിയും
ഭാരതിക്കോ രതിക്കോ
കണ്ടാൽ സൗന്ദര്യമേറുന്നഴകിയ പനയ-
ഞ്ചേരി നാരായണിക്കോ?

ചഞ്ചച്ചില്ലീലതയ്ക്കും പെരിയ മണമെഴും
പൂമുടിക്കും തൊഴുന്നേ, -
നഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതു പൊഴിയുമ-
പ്പുഞ്ചിരിക്കും തൊഴുന്നേൻ,
അഞ്ചമ്പൻ ചേർന്ന യൂനാം മനസിഘനമുല-
യ്ക്കും മുലയ്ക്കും തൊഴുന്നേൻ,
നെഞ്ചിൽക്കിഞ്ചിൽക്കിടക്കും നെടിയ കുടിലത-
യ്ക്കൊന്നു വേറേ തൊഴുന്നേൻ.

സുത്രാമാ ശചിയെ, ന്നതല്ല രതിയെന്നഞ്ചമ്പനും, മാധവൻ
പൊൽത്താർമാനിനിയെന്നുമിത്ഥമധികം വക്കാണമേല്ക്കും വിധൗ,
അപ്പോൾ ഞാനുമിളത്തുരുത്തിലലരിപ്പെണ്ണെന്നു തോലും
പിടിച്ചെത്തീടായ്കിലനർത്ഥമായ്വരുമഹോ! മാമാങ്കമാഹോത്സവം.

എങ്ങുമച്ചിത്തകാമ്പാമഗതി സുവദനേ?
പണ്ടു നിൻമെയ്യ് തിരക്കീ-
ട്ടെങ്ങാനും പോയ്മറഞ്ഞോ ശിവശിവ! പലനാ-
ളായി കണ്ടീല ഞാനോ;
കണ്കാണാഞ്ഞോ വലഞ്ഞൂ കചഭരതിമിരേ?
നാഭിപത്മത്തിൽ മുങ്ങി-
പ്പൊങ്ങാഞ്ഞോ ഹന്ത! പീനസ്തനഗിരിതടതോ
വീണു കൈകാലൊടിഞ്ഞോ?”

ചാലിയാറ്:

“അംഭോരാശികുടുംബിനീതിലകമേ! നൽച്ചാലിയാറേ! തൊഴാ-
മൻപെന്നെപ്രതി കൈവരേണമതിനായ് ഞാനൊന്നു സംപ്രാർത്ഥയേ
തേനോലുംമൊഴി തമ്പി സംപ്രതി മണിപ്പോതം കടപ്പോളവും
ഗംഭീരാരവമോളവും ചുഴികളും കാറ്റും കുറച്ചീടണം.”

കളവൂർക്ഷേത്രത്തിലെ പാർവതി:

“നീ ലാളിക്കേണമേനം ഗിരിവരതനയേ,
ജാഹ്നവീഗൂഢജാരം
കേളേറെക്കേളിയുള്ളാത്തിരുവുടൽ ഭവതി-
ക്കല്ലയോ പാതി നല്കി?

ത്രൈലോക്യാധീശനല്ലോ തവ പതി കളവൂർ-
ത്തമ്പുരാ, നിത്ര നല്ലോ-
രാളുണ്ടാമോ? വധൂനാമയി സുമുഖി! സദാ
പിൻതിരിഞ്ഞല്ല വേണ്ടൂ"

അക്കാലത്തു് അവിടെ അഭിമുഖമായിട്ടായിരുന്നില്ല ശിവനെയും പാർവതിയേയും പ്രതിഷ്ഠിച്ചിരുന്നതെന്നും പിന്നീടു് ആ പ്രതിഷ്ഠ അഭിമുഖമാക്കിയെന്നും പഴമക്കാർ പറയുന്നു.

ചേലപ്പറമ്പു വൃദ്ധനായതിനുമേൽ ഒരവസരത്തിൽ കോഴിക്കോട്ടു കിഴക്കേ കോവിലകത്തു പോയി. അന്നു മനോരമത്തമ്പുരാട്ടി അവിടെ വ്യാകരണം പഠിച്ചു കൊണ്ടിരുന്നു. പിറ്റേ ദിവസം കാലത്തു പല്ലുതേയ്ക്കുമ്പോൾ കവി കണ്ണാടി നോക്കി "പലിതാനി ശശാങ്കരോചിഷാം ശകലാനീതി വീതർക്കയാമഹേ" എന്നു തന്റെ ശൃംഗാരശൈലിവിടാതെ ഒരു ശ്ലോകത്തിന്റെ പൂർവാർദ്ധമുണ്ടാക്കി രസിച്ചുകൊണ്ടിരുന്നു. അതു കേട്ടു തമ്പുരാട്ടി "അത ഏവ നിമീലതേതരാം വനിതാലോചന വാരിജം പുരഃ" എന്നു് അതിന്റെ ഉത്തരാർദ്ധം പൂരിപ്പിച്ചു, നമ്പൂതിരിക്കു് അശ്രുതപൂർവമായ ആശ്ചര്യത്തേയും ലജ്ജയേയും ഉൽപാദിപ്പിച്ചു എന്നൊരു പുരാവൃത്തമുണ്ടു്. ഈ പുരാവൃത്തം അസംഭാവ്യമല്ല. 935-ലാണു് തമ്പുരാട്ടിയുടെ ജനനം. 945-ആമാണ്ടിടക്കായിരിക്കണം പ്രസ്തുത സംഭവം നടന്നതു്. നമ്പൂരി 90 വയസ്സുവരെ ജീവിച്ചിരിക്കുകയും ആയുരന്തത്തിൽ ഭഗവൽ ഭക്തന്മാരിൽ അഗ്രഗണ്യനായി പരിണമിച്ചു വിഷ്ണുസായുജ്യം പ്രാപിക്കുകയും ചെയ്തു എന്നുള്ള കഥയ്ക്കു് ആധാരം അടിയിൽ കാണുന്ന അദ്ദേഹത്തിന്റെ ഒരു ശ്ലോകമാണു്.

"അബ്ദാർദ്ധേന ഹരിം പ്രസന്നമകരോദൗത്താനപാദിശ്ശിശുഃ,
സപ്താഹേന നൃപഃ പരീക്ഷി, ദബലാ യാമാർദ്ധതഃ പിംഗളാ,
ഖട്വാംഗോ ഘടികാദ്വയേന, നവതിപ്രായോപി തന്ന വ്യഥേ
തം കാരുണ്യനിധിം പ്രപദ്യ ശരണം ശേഷായുഷാ തോഷയേ."

ആ വഴിയ്ക്കു ചിന്തിക്കുമ്പോൾ ചേലപ്പറമ്പു് 865-നും 955-നും ഇടയ്ക്കുള്ള കാലത്തിൽ ജീവിച്ചിരുന്നതായി അനുമാനിക്കാവുന്നതാണു്. അദ്ദേഹം മേല്പുത്തൂരിന്റെ സമകാലികനായിരുന്നു എന്നു മേല്പുത്തൂർ വിടനെന്നു് അദ്ദേഹത്തെ ആക്ഷേപിച്ചതിനുമേലാണു് വിഷ്ണുഭക്തനായതു് എന്നുമുള്ള ചിലരുടെ പ്രസ്താവന സ്വീകാര്യമല്ല. എന്നാൽ ഗുരുവായൂരമ്പലത്തിലെ നടയ്ക്കൽ മണ്ഡപത്തിൽവെച്ചായിരുന്നു അദ്ദേഹത്തിന്റെ ചരമമെന്നും ഒരു ദിവസം അവിടെ നമസ്കരിച്ചതിനുമേൽ ആ വൃദ്ധൻ എഴുനേല്ക്കുകയുണ്ടായില്ല എന്നുമുള്ള ഐതിഹ്യം സത്യമായിരിക്കാം. ആ ക്ഷേത്രത്തിലെ വാതിൽമാടത്തിന്റെ വടക്കു ഭാഗത്തുവച്ചായിരുന്നു അദ്ദേഹത്തിന്റെ പരഗതി എന്നു പക്ഷാന്തരമായി പറയുന്നവരുമുണ്ടു്.

## പാട്ടുണ്ണി ചരിതം

ഈ ആട്ടക്കഥ ചേലപ്പറമ്പിന്റെ കൃതിയാണെന്നു ചിലർ പറയാറുണ്ടു്. അതത്ര ശരിയാണെന്നു തോന്നുന്നില്ല.

"പണ്ടൊരു നഭാവു വന്നു കൊണ്ടുപോയാനുള്ളതെല്ലാം
ഇണ്ടലില്ലതെല്ലാവർക്കും വന്നതല്ലയോ?"

എന്ന് അതിൽ ഒരു വരി കാണുന്നു. പാട്ടുണ്ണി തെക്കേമലയാളത്തുകാരിയായ ഒരു സ്ത്രീയാണ്. അവിടെ കടന്നു കൊള്ള ചെയ്തു എല്ലാം കൊണ്ടുപോയ നഭാവു ടിപ്പു സുൽത്താനെന്നു വരാനാണ് സാഗത്യം. ടിപ്പു മലബാർ ആമക്രിച്ചതു് 963-ലുമാണ്. അഥവാ ഹൈദരാലിയെയാണ് ഈ വരിയിൽ സൂചിപ്പിച്ചിട്ടുള്ളതെന്നു സങ്കല്പിച്ചാൽപ്പോലും അദ്ദേഹത്തിന്റെ പ്രഥമാക്രമണം 941-ൽമാത്രമായിരുന്ന സ്ഥിതിക്കു "പണ്ട്" എന്ന ശബ്ദം പ്രയോഗിക്കുന്ന കവി ചേലപ്പറമ്പനാകാൻ പ്രയാസമുണ്ട്. "തൊണ്ണൂറ്റൊൻപതിലുള്ളോരു ലോകരിങ്ങൊഴിയാതെ വന്നു വണങ്ങണം" എന്ന് ആ കൃതിയിൽ മറ്റൊരു വരിയുണ്ട്. "തൊണ്ണൂറ്റൊൻപത്" എന്ന ശബ്ദംകൊണ്ടു കവി കൊല്ലവർഷത്തെയാണ് നിർദ്ദേശിക്കുന്നതെങ്കിൽ 999-ൽ മാത്രമാണ് അതിന്റെ ആവിർഭാവം എന്നും വന്നുകൂടുന്നു. 'പണ്ടൊരു നഭാവു്' എന്ന് ആ കൊല്ലത്തിലെ ഒരു കൃതിയിൽ പ്രസ്താവിക്കുന്നതു സമുചിതവും തന്നെ. ഇതിനും പുറമെ "മങ്ഗലത്തു നമ്പൂരി" എന്നൊരാളാണ് പാട്ടുണ്ണിചരിതത്തിന്റെ നിർമ്മാതാവു് എന്ന് ഒരു മാതൃകയിൽ കാണുന്നുമുണ്ട്. ചേലപ്പറമ്പിന്റെ മുക്തകങ്ങളിൽ കാണുന്ന സ്വാരസ്യത്തിന്റെ കണികപോലും അതിലെങ്ങും പകർന്നിട്ടുമില്ല. ഈ കാരണങ്ങളാൽ ചേലപ്പറമ്പു നമ്പൂരിയെ അതുമായി സംബന്ധിപ്പിക്കുന്നതിനു യാതൊരു ന്യായവുമില്ലെന്നാണ് എന്റെ പക്ഷം.

അത്യന്തം ആഭാസമായ ഒരു കൃതിയാണ് പാട്ടുണ്ണിചരിതം. കവിയുടെ കാമവികാരത്തിനു വശംവദയാകാത്ത പാട്ടുണ്ണി എന്ന ഒരു സാമന്തയുവതി (കോല്പാട്ട്) യെപ്പറ്റിയുള്ള ഭയങ്കരമായ ദോഷാരോപണമാണ് വിഷയം. അതു സംഗ്രഹിക്കുവാൻ നിവൃത്തിയില്ല.

"മുറ്റും നിന്നുടെ കൂറ്റുകാർ പറയും വാക്യങ്ങൾ കേട്ടേറ്റവും
മുറ്റത്തുള്ളൊരു മുല്ലപോലെ കരുതിപ്പാർക്കുന്നിതോ ശോഭനേ?
കറ്റക്കാർകുഴലാൾക്കു ചെറ്റു പിഴയും പറ്റിലയെന്നാകിലും,
ചെറ്റും സംശയമില്ല, കുറ്റമുളവാക്കീടാനഹം പോരുമേ"

എന്ന പ്രതിജ്ഞയോടുകൂടിയാണ് ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ. രണ്ടു ശ്ലോകങ്ങൾകൂടി ചുവടേ ചേർക്കാം.

വന്ദനം:

"ശൃങ്ഗാരസാരനിധിയായിടുമങ്ഗജന്മാ
ചങ്ങാതിയായിമരുവുന്ന വസന്തമോടും
'സങ്ഗീതബാല' ചരിതം കഥ ചൊല്ലുവാനായ്
മങ്ങാതെ മന്മനസി വന്നു തുണച്ചിടേണം."

"സങ്ഗീതബാല" എന്ന പദം പാട്ടുണ്ണിയെ സംസ്കൃതീകരിച്ചപ്പോൾ സിദ്ധിച്ചതാണ്.

"ഉണ്ടായീ കേരളത്തിൽപ്പകൾപെരിയ ചെറു-
പ്പുള്ളശേരിപ്രദേശേ
തണ്ടാർബാണന്നു വേണ്ടും തരുണജനജയ-
ത്തിന്നൊരമ്പെന്നപോലെ
വണ്ടാർപൂഞ്ചായലാളാം വരതനുരുചിരാ-
പാങ്ഗി പാട്ടുണ്ണിനാമ്നാ
രണ്ടാംതണ്ടാരിൽമാതെന്നൊരു നിനവുളവാം

കാണുകിൽക്കാമുകാനാം."

പാട്ടുണ്ണിചരിതം നാലുദിവസത്തെ കഥയാണെന്നു പറയുന്നു. ഞാൻ കണ്ടിട്ടുള്ള മാതൃകയിൽ അങ്ങനെ ഒരു വിഭാഗമില്ല. എന്നാൽ രണ്ടു പുറപ്പാടുണ്ട്. പക്ഷെ നാലു ദിവസംകൊണ്ടു് ആടിയിരുന്നിരിക്കാം. ഒരു കാലത്തു് അതിനു കോഴിക്കോട്ടും പരിസരപ്രദേശങ്ങളിലും നല്ല പ്രചാരമുണ്ടായിരുന്നുവത്രേ; അതും ഒരു കെട്ടുകഥയെന്നാണു് എനിക്കു തോന്നുന്നതു്. ഒരു കാലത്തുംതന്നെ കേരളം സദാചാരബോധത്തിൽ അത്രമാത്രം അപകൃഷ്ടമായിരുന്നില്ല.

## ചേലപ്പറമ്പിന്റെ കവിതാരീതി

ഒരു വിശിഷ്ടനായ കവി എന്ന നിലയിൽ ചേലപ്പറമ്പു് അറിവുള്ളിടത്തോളമുള്ള അദ്ദേഹത്തിന്റെ ഒറ്റശ്ലോകങ്ങൾകൊണ്ടുതന്നെയും വിജയിക്കുന്നു. അതുവരെ സാമാന്യന്മാർക്കു് അനഭിഗമ്യമായിരുന്ന മണിപ്രവാളസരസ്വതിയെ അദ്ദേഹം അത്യുച്ചമായ കൈലാസ പർവ്വതത്തിൽനിന്നു ഭൂമിയിലേക്കു് ആനയിച്ചു് അവഗാഹയോഗ്യയാക്കി. ആ വിഷയത്തിൽ അദ്ദേഹം ഭാഷാസാഹിത്യത്തിന്റെ ഒരു പരമോപകർത്താവും അനന്തരകാലികന്മാരായവെണ്മണി അച്ഛനും പൂന്തോട്ടത്തിനും മാർഗ്ഗദർശിയുമാണെന്നു പറയേണ്ടതാണു്.

> "ശംഭോ ശങ്കര! താണ്ഡവേ തവ ശിരോലങ്കാരസർപ്പാവലീ-
> തുണ്ഡോദ്യച്ഛ്വസിതേന തീവ്രമരുതാ കത്തുന്ന നേത്രാഗ്നിനാ
> വെൺതിങ്കൾക്കലമേൽ വിയർത്തുപൊഴിയും പീയൂഷമേറ്റേറ്റു നിൻ-
> കണ്ഠേ പൂണ്ടജമുണ്ഡമാല നിയമം ഗായന്തി ചെല്ലൂരരേ"

എന്ന ശ്ലോകം അദ്ദേഹത്തിന്റേതാണെന്നുള്ള ചിലരുടെ ധാരണ നിർമ്മൂലമാണു്. രസനിഷ്യന്ദിയായ ആ മുക്തകത്തിന്റെ നിർമ്മാതാവു് അദ്ദേഹത്തേക്കാൾ പ്രാചീനനാണെന്നു ധൈര്യമായി പറയാം.

## മാർത്താണ്ഡമാഹാത്മ്യം കിളിപ്പാട്ടു്—ഇതിവൃത്തം

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ അവതാരം മുതൽ കോളംബ (കൊല്ലം) ദേശവിജയംവരെയുള്ള ചരിത്രത്തെ അധികരിച്ചു പുരാണച്ഛായയിൽ അജ്ഞാതനാമാവായ ഏതോ ഒരു കവി രചിച്ചിട്ടുള്ള ഒരു കിളിപ്പാട്ടാണു് മാർത്താണ്ഡമാഹാത്മ്യം. ഈ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും കാണ്ഡങ്ങളിൽ ഏതാനും ഭാഗങ്ങളേ കണ്ടുകിട്ടിയിട്ടുള്ളു. ഒന്നാംകാണ്ഡത്തിൽ പതിനഞ്ചു് അധ്യായങ്ങൾ അടങ്ങിയിരിക്കുന്നു; അതിനു 'കാകപക്ഷീയം' എന്നൊരു സംജ്ഞയും ഗ്രന്ഥകർത്താവു നല്കീട്ടുണ്ടു്. കാകപക്ഷനെ (ബാലനെ) ഉദ്ദേശിച്ചുള്ള കൃതിയാണല്ലോ കാകപക്ഷീയം. ആ കാണ്ഡത്തിൽ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ബാല്യകാലത്തെപ്പറ്റിയുള്ള കഥകളാണു് പ്രസ്താവിച്ചിരിക്കുന്നതു്. അതുകൊണ്ടു പ്രസ്തുതസംജ്ഞ അന്വർത്ഥംതന്നെ. ദ്വിതീയ കാണ്ഡത്തിൽ പതിനേഴാമധ്യായംവരെ ലഭിച്ചിട്ടുണ്ടു്. കിട്ടീട്ടുള്ള ഭാഗങ്ങളിൽത്തന്നെ പല ഓലകളും പൊടിഞ്ഞുപോയിരിക്കുന്നു. ഒന്നാം കാണ്ഡം കേകയിലും രണ്ടാംകാണ്ഡം കാകളിയിലുമാണു് നിബന്ധിച്ചിരിക്കുന്നതു്.

### കാലം

മാർത്താണ്ഡവർമ്മമാഹാത്മ്യത്തിന്റെ പ്രണേതാവു മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയോ കാർത്തികതിരുനാൾ മഹാരാജാവിന്റെയോ സമകാലികനാണെന്നു

ഞാൻ വിശ്വസിക്കുന്നില്ല. പത്താംശതകത്തിന്റെ ചരമപാദത്തിലായിരിക്കാം പ്രസ്തുതകൃതിയുടെ നിർമ്മിതി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ചരിത്രത്തെപ്പറ്റി താൻ അങ്ങുമിങ്ങും നിന്നു കേട്ടിട്ടുള്ള ചില ഐതിഹ്യങ്ങളെ അവലംബമാക്കിയാണ് അദ്ദേഹം അതു രചിച്ചിട്ടുള്ളത്. മാർത്താണ്ഡവർമ്മാ രാമവർമ്മാ ഇവർക്കു തമ്മിൽ നാലു വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു എന്ന് അദ്ദേഹം പറയുന്നതു തികച്ചും അസംബന്ധമായിരിക്കുന്നു. 899-ലാണ് രാമവർമ്മാവിന്റെ ജനനം എന്നുള്ളത് അനിഷേധ്യമാണ്. അങ്ങനെ വരുമ്പോൾ, ഗ്രന്ഥകാരന്റെ വയോഗണനം ശരിയാകണമെങ്കിൽ മാർത്താണ്ഡവർമ്മ മഹാരാജാവു സിംഹാസനാരോഹണം ചെയ്തപ്പോൾ അവിടത്തേയ്ക്കു പത്തുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു എന്നു സങ്കല്പിക്കേണ്ടിവരും. അതു ചരിത്രത്തിനു വിരുദ്ധവുമാണ്. മഹാരാജാവു മധുരയിൽനിന്ന് ഒരു യുവതിയെ പാണിഗ്രഹണം ചെയ്തു എന്നു കവി പറയുന്നതിനും ആസ്പദമൊന്നുമില്ല. എന്നാൽ അഴകപ്പമുതലിയാരുമായുള്ള സന്ധി, കുഞ്ചുതമ്പിമാർ തുടങ്ങിയ ശത്രുക്കളുടെ ഉന്മൂലനാശം, കുളച്ചലിൽവെച്ചു ഡച്ചുകാർക്കു നേരിട്ട പരാജയം ഇങ്ങനെ ചില സംഭവങ്ങളെപ്പറ്റിയെല്ലാം അദ്ദേഹത്തിനു സാമാന്യം സൂക്ഷ്മമായ ജ്ഞാനം ലഭിച്ചിരുന്നതായും കാണാം. ഏതായാലും തിരുവിതാംകൂർ ചരിത്രം പഠിക്കുന്നതിന് ഉപയുക്തങ്ങളായ കാവ്യങ്ങളുടെ പംക്തിയിൽ മാർത്താണ്ഡമാഹാത്മ്യത്തിനും ഒരറ്റത്ത് ഒതുങ്ങി നില്ക്കുന്നതിനുള്ള അവകാശമുണ്ടെന്നു സമ്മതിക്കാവുന്നതാണ്.

## കാവ്യശൈലി

മാർത്താണ്ഡമാഹാത്മ്യം രണ്ടു പ്രകാരത്തിൽ ദുർഘടമായ ഒരു കാവ്യമാണ്. ഒന്നാമതു കവിക്കു വാസനയില്ല. അതുകൊണ്ടുതന്നെ കാവ്യം പ്രായേണ അനാകർഷകമായിട്ടുണ്ട്. അതിനുംപുറമെ അതിലെ പാത്രങ്ങളുടേയും നഗരാദികളുടേയും നാമധേയങ്ങൾ അദ്ദേഹം മനഃപൂർവ്വം ഗൂഹനം ചെയ്ത് അനവധി കഹനാസംജ്ഞകൾ സൃഷ്ടിച്ച് അങ്ങനെയും അനുവാചകന്മാരെ അസാമാന്യമായി വിഷമിപ്പിക്കുന്നു. അത്തരത്തിൽ ഒരു വ്യവസായത്തിന് അദ്ദേഹത്തിനു യാതൊരാവശ്യവും ഉണ്ടായിരുന്നില്ലെന്നുള്ളതു സ്പഷ്ടമാകയാൽ ശ്രോതാക്കളെ വ്യാമോഹിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ദുർവ്വിഭാവ്യങ്ങളായ ക്ഷുദ്രവിനോദങ്ങളിൽ ഒന്നായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിനു വൈപ്രാവനേശ്വരനെന്നും, രാമവർമ്മാവിനു ലക്ഷധർമ്മിഷ്ഠപ്രഭു എന്നും, രാമയ്യൻദളവായ്ക്കു ഉഗ്രഗൗരവനെന്നും, ഡിലെനോയിക്കു യോദ്ധാവെന്നും, അഴകപ്പമുതലിയാർക്കു സ്വച്ഛസുന്ദരപിതാവെന്നും, കുഞ്ചുതമ്പിമാരിൽ ജ്യേഷ്ഠനു വേണാടേഹനെന്നും, അനുജനു ക്രൂരഗംഭീരനെന്നും, കൊല്ലം രാജാവിനു സംഘൂർണ്ണഘോരനെന്നും, ഇരണിയലിനു ഹൈരണ്യപഞ്ചാസ്യമെന്നും, പുലിയൂർക്കുറിച്ചിക്കു ശാർദ്ദ, ലപ്രതിയെന്നും, മുൻചിറയ്ക്കു വൈസാരിണകലം (മീൻചിറ) എന്നുമാണ് കവി നാമകരണം ചെയ്തിരിക്കുന്നത്. ഇവയിൽ ചില ഗ്രന്ഥികളെല്ലാം നിപുണമായ സമാലോചനയിൽ ശ്ലഥീകരിക്കാവുന്നതാണെങ്കിലും മറ്റു ചിലവയെപ്പറ്റി അങ്ങനെ പറവാൻ നിവൃത്തിയില്ല. പത്മനാഭപുരത്തിനു കമലനാഭപുരമെന്നും, നാഗർകോവിലിനു നാഗർക്ഷേത്രമെന്നും, ശുചീന്ദ്രത്തിനു പവിത്രീകൃതേന്ദ്രമെന്നും, വേളിമലയ്ക്കു കല്യാണഗിരിയെന്നും, മാവേലിക്കരയ്ക്കു മഹാബലികുലമെന്നും, തൃശ്ശിനാപ്പള്ളിക്കു ത്രിശിലാവിഹാരമെന്നും പേരുകൾ നല്കീട്ടുള്ളത് ഒരുവിധം സഹ്യമാണ്. ഡച്ചുകാരെ രോമകർ എന്നും, മഹമ്മദലിയെ മഹാമത്ത് എന്നും വ്യപദേശിച്ചിട്ടുള്ളതും അക്ഷന്തവ്യമല്ല. 'കൃശാംഗിനി',

'പാവകമഹച്ഛസ്ത്രം' തുടങ്ങിയ പ്രയോഗങ്ങൾ പ്രണേതാവിന്റെ വ്യുൽപത്തി ഭദ്രമല്ലെന്നു സൂചിപ്പിക്കുന്നു.

## ചില മാതൃകകൾ

ഇങ്ങനെയെല്ലാമാണ് മാർത്താണ്ഡ മാഹാത്മ്യത്തിന്റെ സ്ഥിതിയെങ്കിലും അതിലും ചില മനോഹരങ്ങളായ വർണ്ണനകൾ ഇല്ലെന്നില്ല.

ആനയുടെ പോര്:

"മിശ്രഗംഭീരനെക്കുത്തിനാനാനയും
മിശ്രഗംഭീരനൊഴിഞ്ഞടിച്ചീടിനാൻ,
തൊട്ടിതു തുമ്പിക്കൈകൊണ്ടു പിടിപ്പാനായ്
തട്ടിക്കളഞ്ഞിട്ടു മാറത്തു താഡിച്ചാൻ,
പെട്ടെന്നു വാലിൽപ്പിടിച്ചിതു മിശ്രഗൻ
വട്ടത്തിൽനിന്നു ചുഴന്നു കരീന്ദ്രനും.
ഏറിന കോപാലുഴറി കരിവരൻ
മാറിനാൻ ദൂരത്തു മിശ്രഗംഭീരനും,
. . . . . . . . .
അപ്പോഴവനിയിൽ വീണുപോയി ബലാൽ
കെല്പോടു കോപിച്ചു കുത്തിനാനാനയും,
തെറ്റെന്നുരുൾകയാൽ ഭൂമിയിലേറ്റിതു
ചെറ്റുമേയേറ്റീല മിശ്രപ്രവീരനിൽ.
വാരണവീരനും മിശ്രപ്രവീരനും
ഘോരഘോരം യുദ്ധമാശു പൊരുംവിധൗ
ഭൂമി നടുങ്ങീ, കുലുങ്ങീ ജഗത്ത്രയം,
ഭീമം പടജ്ജനമാർത്തുവിളിച്ചിതു
ആന ഝടിതി ഝടിതിയലറിയും
സേനകളങ്ങോട്ടുമിങ്ങോട്ടുമോടിയും
ആരവാരങ്ങളും ദുർന്നിമിത്തങ്ങളും
പാരമായുണ്ടു ഭയംപൂണ്ടു യോദ്ധാവു
തേരതിലാഗ്നേയശസ്ത്രവും കൈക്കൊണ്ടു
പാരാതെ വന്നാനഹിക്രോധിനാ സമം" ഇത്യാദി.

ഒരു യുദ്ധവീരന്റെ പരാക്രമം:

"ധന്വിയാം മാർദ്ധമൂർദ്ധാവിൻശരങ്ങളാൽ
മന്നിടമാകെ നിറഞ്ഞതു കാൺകയാൽ
ദൈന്യം മുഴുത്തരിവർഗ്ഗമുഴറിയും
ചങ്ങാതി വീഴ്വതു കണ്ടു തൊഴിക്കയും
തങ്ങളിൽത്തങ്ങളിൽപ്പാരം പഴിക്കയും
വാണം പൊഴിക്കയും കാണം കഴിക്കയും
ചോരപ്പുഴകൾ പലവായൊലിക്കയും
വാരിധിവാരിയുംകുടിച്ചുവക്കയും
പോരിൽ നടുക്കമോടോടിക്കഴിക്കയും
നാരീജനമതു കണ്ടു പഴിക്കയും

നാരദൻ കൗതുകംപൂണ്ടു ചിരിക്കയും
'നാരായണ ജയ'യെന്നു ജപിക്കയും
പാരാതെ വീര്യസ്വർഗ്ഗത്തിൽ ഗമിക്കയും
നില്ല നില്ലെന്നു പറഞ്ഞങ്ങടുക്കയും
നല്ല ശൂരന്മാർ തിരിഞ്ഞു മരിക്കയും
ആകാശമൊക്കെ വിമാനം മറയ്ക്കയും
ചാകാതപേർ പാഞ്ഞുപോയങ്ങൊളിക്കയും" ഇത്യാദി.

## ശ്രീധരൻ നമ്പൂരി—ലക്ഷ്മീദേവനാരായണീയം

ലക്ഷ്മീദേവനാരായണീയം എന്ന പേരിൽ അഞ്ചങ്കത്തിലുള്ള ഒരു നാടകം ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായ ശ്രീധരൻനമ്പൂരി രചിച്ചിട്ടുണ്ട്. കേരളത്തിലെ പല ഇതര നാടകങ്ങളുമെന്നപോലെ ലക്ഷ്മീദേവനാരായണീയവും സൂത്രധാരകൃതാരംഭമാകയാൽ അതിൽ പ്രത്യേകം നാന്ദിയില്ല. ചെമ്പകശ്ശേരി രാജാവ് അഗ്നിപുത്രിയായ ലക്ഷ്മിയെ വിവാഹം ചെയ്യുന്നതാണ് ഇതിവൃത്തം. അദ്ദേഹം അഗ്നിഗോത്രജനായ സാമൂതിരിയുമായി ബന്ധമുള്ള ഏതെങ്കിലും രാജവംശത്തിൽനിന്ന് ഏതെങ്കിലും ഒരു കുമാരിയെ പരിഗ്രഹിച്ചിരുന്നുവോ എന്നറിഞ്ഞുകൂടാ. പ്രസ്താവനയിൽനിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

"സൂത്ര—ആദിഷ്ടോസ്മി ദേവദേവസ്യ ത്രിദശദാനവമകുട മാണിക്യപ്രഭാകന്ദളരുചിരപദസരോജസ്യ പ്രമദവാരിധിഹിണ്ഡമാനവിരിഞ്ചാണ്ഡഹേലാപരസ്യ വ്യോമനദീനിവാസലോലുപസ്യ മായാഗോപവപുഷോ ഭഗവതഃ, നിഖിലദുർവിപക്ഷക്ഷമാപാലസമ്യക്പാതിതസർവങ്കഷാഖർവവിക്രമേണ ദേവനാരായണേന പരികല്പിതായാം വിചിത്രയാത്രായാം നാനാകകുബന്തസമാഗതൈസ്സമാഹൂയ സബഹുമാനം വിദ്യാപാരഗൈരവിദ്യാനിചയാന്തദൈഃ കോവിദൈഃ. . . . ."

"ഏതൽകോവിദകുമുദരാജിദ്വിജരാജരാമനാമ ഗുരുപാദാങ്ഗപ്രതിക്ഷണേക്ഷണതീക്ഷ്ണഭാനുലുപ്തഹൃദന്ധകാരസ്യ കരുണാകൂപാരകൂലങ്കഷവിലോചനദേവനാരായണമോദജലധി വീചീകണമിളിതവപുഷഃ കസ്യചിദ്ദ്വിജസ്യ ശ്രീധരനാമ്നോ നിബന്ധനം"

"അഭാണി ച തേന,

ധീമൻ ശ്രീദേവനാരായണധരണിപതേ!
ത്വദ്ഗുണാംഭോധിവീചീ-
കേളീലോലാത്മനാ മജ്ജിതജലമനസാ-
പ്യേവമേതന്മയാ ഹി
കഷ്ടം ദുഷ്ടം നികൃഷ്ടം ഗതരസവിഷയം
നാടകം ടീകമാനം
യുഷ്മൽകാരുണ്യമാധ്വീരസപരിമിളിതം
മങ്ഗലം ബോഭവീതു"

ഈ പംക്തികളിൽനിന്നു ശ്രീധരൻനമ്പൂരി ഒരു രാമപണ്ഡിതന്റെ ശിഷ്യനാണെന്നും അദ്ദേഹം പ്രസ്തുതനാടകം ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി അമ്പലപ്പുഴെ താമസിച്ചിരുന്നപ്പോൾ രചിച്ചതാണെന്നും വെളിപ്പെടുന്നു. "മങ്ഗലം ബോഭവീതു"

എന്നതു രാമപാണിവാദൻ എന്ന നാമാന്തരത്താൽ വിദിതനായ സാക്ഷാൽ കലക്കത്തു കുഞ്ചൻ നമ്പിയാരുടെ അനേകം കൃതികളിൽ ഒരു മുദ്രാവാക്യംപോലെ കാണുന്നുണ്ട്. അതുകൊണ്ടു ശ്രീധരൻനമ്പൂരിയുടെ ഗുരുനാഥൻ കുഞ്ചൻനമ്പിയാർതന്നെയാണെന്ന് അനുമാനിക്കാം. തദനുരോധേന ശ്രീധരൻനമ്പൂരിയും 929-ൽ രാജ്യഭ്രഷ്ടനായ ചെമ്പകശ്ശേരി രാജാവും സമകാലികന്മാരാണെന്നും സിദ്ധിക്കുന്നു.

താഴെക്കാണുന്ന ശ്ലോകം ഗ്രന്ഥാവസാനത്തിലുള്ളതാണ്.

“തദ്ദേവനാരായണരാജമൗലേ!
വീരം ഭവന്തം സശരീരമേവ
നയാമി ലോകം കൃതപുണ്യപൂര-
ലഭ്യം തമിഭ്യം ശുഭലാളിതാനാം.”

## കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവ്—ചരിത്രസംക്ഷേപം

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവ് 893-ൽ കോലത്തുനാട്ടുനിന്നു ദത്തെടുത്ത കാർത്തികതിരുനാൾ പാർവതിറാണിയുടേയും, കിളിമാനൂർ കേരളവർമ്മ കോയിത്തമ്പുരാന്റേയും പുത്രനായി 899-ആമാണ്ടു കർക്കടകമാസം 5-ആംനു ജനിച്ചു. 903 വൃശ്ചികത്തിൽ പിതാവു രാജദ്രോഹികളാൽ ഹതനാവുകയും, അന്നു നാലു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവിടുന്ന് ആയുർബലംകൊണ്ടു രക്ഷപ്പെടുകയും ചെയ്തതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 905 കന്നി 20-ആംനു മാതുലനായ മാർത്താണ്ഡവർമ്മമഹാരാജാവു സിംഹാസനാരൂഢനായ അവസരത്തിൽ ഇളയരാജാവായി. ബാല്യത്തിൽത്തന്നെ അക്ഷരവിദ്യയിലും ആയുധവിദ്യയിലും ഒന്നുപോലെ അസാധാരണമായ നൈപുണ്യം സമ്പാദിച്ചു. ഡച്ചുകാരോടും കായംകുളം രാജാവിനോടും, ചെമ്പകശ്ശേരി രാജാവിനോടും നേരിടേണ്ടിവന്ന തിരുവിതാംകൂർ സൈന്യത്തിലെ ഒരു വിഭാഗത്തിന്റെ നേതൃത്വം സമർത്ഥമായി നിർവ്വഹിച്ചു. മാതുലന്റെ മരണാനന്തരം 933 കർക്കടകം 9-ആംനു മഹാരാജപദത്തെ അധിരോഹണം ചെയ്തു. നാല്പതു കൊല്ലത്തോളം കാലം തിരുവിതാംകൂറിന്റെ യോഗക്ഷേമത്തിൽ അനവരതം ബദ്ധശ്രദ്ധനായി അവിസ്മരണീയങ്ങളായ പല അപദാനങ്ങൾകൊണ്ടു ഭാരതഭൂമിയെങ്ങും വിഖ്യാതി നേടി. സാമൂതിരിയെ കൊച്ചിയിൽനിന്നു ബഹിഷ്കരിച്ചു കൊച്ചി മഹാരാജാവിനെ സകലശത്രുബാധകളിൽനിന്നും വിമുക്തനാക്കി. കുന്നത്തുനാട്ട്, ആലങ്ങാട്ട്, പറവൂർ, ചേർത്തല എന്നീ നാലു മണ്ടപത്തുംവാതിലുകൾ തിരുവിതാംകൂറോടു കൂട്ടിച്ചേർത്തു. ആർക്കാട്ടു നവാബ് മുഹമ്മദലിയുമായി സഖ്യത്തിൽ ഏർപ്പെട്ട് തിരുവിതാംകൂറിനു സഹ്യപർവതത്തിനു കിഴക്കുണ്ടായിരുന്ന കളക്കാട്ടു മുതലായ ചില ദേശങ്ങൾ ഒഴിഞ്ഞു കൊടുത്തുവെങ്കിലും ചെങ്കോട്ടയും കന്യാകുമാരിയും ആ പ്രബലനായ നിത്യശത്രുവിന്റെ ശല്യത്തിൽനിന്നു വീണ്ടെടുത്തു നാട്ടിൽ ശാശ്വതമായ സമാധാനം സ്ഥാപിച്ചു. വടക്കേ അതിർത്തിയിൽ നെടുങ്കോട്ട എന്ന ദീർഘോന്നതമായ പ്രകാരം നിർമ്മിക്കുകയും, കൊടുങ്ങല്ലൂർ, അഴിക്കോട്ട എന്നീ ദുർഗ്ഗങ്ങൾ ഡച്ചുകാരോടു വിലയ്ക്കു വാങ്ങിക്കുകയും ചെയ്തു. മൈസൂർ മുഹമ്മദീയരാജാക്കന്മാരുടെ ആക്രമണത്തിൽനിന്നു രാജ്യത്തെ രക്ഷിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തു. എങ്കിലും 964 ധനു 18-ആംനു ടിപ്പുസുൽത്താൻ തിരുവിതാംകൂറിനെ സ്വായത്തമാക്കുവാൻ സർവാഭിസാരസമ്പന്നനായി പാഞ്ഞെത്തി; പക്ഷേ ആ വിജിഗീഷുവിനു തിരുവിതാംകൂറിൽനിന്നു ലഭിച്ചതു പരാജയവും പംഗുത്വവും മാത്രമായിരുന്നു. ഈ

സംഭവത്തെപ്പറ്റിയും 971-ൽ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുമായിച്ചെയ്ത ശാശ്വതസഖ്യത്തെപ്പറ്റിയും ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ഹിരണ്യഗർഭം, തുലാപുരുഷദാനം തുടങ്ങിയ ഷോഡശ മഹാദാനങ്ങൾ 935 മുതൽ 940 വരെയുള്ള കൊല്ലങ്ങളിൽ നടത്തിയതിനുപുറമേ മറ്റൊരു തുലാഭാരംകൂടി അനന്തരകാലത്തിൽ നിർവഹിച്ചു. 941-ൽ പുതുതായി കീഴടക്കിയ ദേശങ്ങൾ ശ്രീപത്മനാഭസ്വാമിക്കു തൃപ്പടിദാനം ചെയ്തു. 945-ൽ രാമനാഥത്തിലെ സേതുപതിരാജാവിനോടു കാക്കൂർ എന്ന പ്രദേശം വിലയ്ക്കു വാങ്ങി അതിൽനിന്നു കിട്ടുന്ന ആദായം രാമേശ്വരക്ഷേത്രത്തിൽ ചില ധർമ്മങ്ങൾക്കായി വിട്ടുകൊടുത്തു. 957 ഇടവം 30-ആംനു മാതാവു മരിച്ചു; 958-ൽ മാതൃമുക്തിയ്ക്കായി രാമേശ്വരത്തുപോയി സ്നാനംചെയ്തു യഥാവിധി സകലപിതൃകർമ്മങ്ങളും അനുഷ്ഠിച്ചു. 963-ൽ ആലുവായിൽ കർമ്മികളായ നമ്പൂരിമാരെക്കൊണ്ടു സമഗ്രവും സാംഗോപാംഗവുമായ നിലയിൽ ഒരു യാഗം നടത്തിച്ചു. കന്യാകുമാരിമുതൽ പറവൂർവരെയുള്ള ദേശങ്ങളിലെല്ലാം സുഭിക്ഷവും സുഖവും വളർത്തി. അവിടത്തെ പ്രജാരഞ്ജനപാടവത്തേയും, ഹൃദയ വിശാലതയേയും, നീതിനിർവ്വഹണനിഷ്ഠയേയും സമകാലികന്മാരായ പല പാശ്ചാത്യന്മാരും മുക്തകണ്ഠമായി പ്രശംസിച്ചിട്ടുണ്ട്. ദീനാനുകമ്പയ്ക്കും പരോപകാരപരതയ്ക്കും ആശ്രിതരക്ഷണത്തിനും പ്രസിദ്ധിനേടിയ ആ മഹാരാജാവു് ഇന്നും കേരളത്തിൽ ധർമ്മരാജാവു് എന്ന ബിരുദനാമത്താൽ അറിയപ്പെടുന്നു; അവിടത്തെ പാവനമായ സ്മരണ ഏതു കേരളീയനേയും പുളകിതഗാത്രനാക്കുന്നു. കാർത്തികതിരുനാൾ 973-ആമാണ്ടു കുംഭം 6-ആംനു എഴുപത്തിമൂന്നാമത്തെ വയസ്സിൽ ശിവരാത്രിദിവസം ബ്രഹ്മസായുജ്യം പ്രാപിച്ചു.

## വൈദുഷ്യവും വിദ്വൽപ്രോത്സാഹനവും

കാർത്തികതിരുനാൾ മഹാരാജാവു ബാല്യത്തിൽത്തന്നെ സംസ്കൃതം, പെർഷ്യൻ, ഹിന്ദുസ്ഥാനി, മലയാളം എന്നീ നാലു ഭാഷകളിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. തമിഴും അവിടത്തേക്കു സ്വാധീനമായിരുന്നു എന്നുള്ളതു പല തമിഴ്ക്കവികൾ അദ്ദേഹത്തിനു ഗാനങ്ങൾ രചിച്ചു സമർപ്പിച്ചിരുന്നതിൽനിന്നു വെളിപ്പെടുന്നു. മഹാരാജാവായതിനുമേൽ പീദ്രോഡിവേഗസ്സ് എന്ന ഒരു പോർത്തുഗീസ് പണ്ഡിതനിൽനിന്നു പോർത്തുഗീസും ഇംഗ്ലീഷും പഠിച്ചു. അവയ്ക്കുപുറമേ അവിടുത്തേക്കു ഡച്ചുഭാഷയും പരിചിതമായിരുന്നു. സംസ്കൃതത്തിൽ അവിടുത്തെ ഗുരുനാഥൻ ആരായിരുന്നു എന്നു നിർണ്ണയമില്ല. രാജസൂയം ആട്ടക്കഥയുടെ ആരംഭത്തിൽ മഹാരാജാവു് ഒരു രഘുനാഥസൂരിയെ

> “ജ്ഞാനേ ഹി യേന സദൃശോ ന ഹി ശാസ്ത്രജന്യേ
> മാന്യാ സുധാശനഗുരോരിവ യസ്യ കീർത്തിഃ
> ഗോത്രാസുധാശനമണിം ഗുരുമസ്മദീയം
> വന്ദേ സദാ ഗുണനിധിം രഘുനാഥസൂരിം.”

എന്ന പദ്യത്തിൽ വന്ദിക്കുന്നു. തിരുവട്ടാറ്റുഗ്രാമത്തിൽ അക്കാലത്തു സർവ്വതന്ത്രസ്വതന്ത്രനായി രഘുനാഥശാസ്ത്രി എന്നൊരു പണ്ഡിതൻ ജീവിച്ചിരുന്നു. അദ്ദേഹത്തെയാണോ പ്രകൃതപദ്യത്തിൽ മഹാരാജാവു സ്മരിക്കുന്നതു് എന്നറിവാൻ തരമില്ല. രഘുനാഥസൂരി പക്ഷേ അവിടത്തെ യോഗവിദ്യോപദേഷ്ടാവായിരുന്നു എന്നു വരാവുന്നതാണ്. ബാലരാമഭരതത്തിന്റെ ഉപോൽഘാതത്തിൽ മഹാരാജാവു തന്നെ “യോഗമാർഗ്ഗപ്രവീണ” നെന്നും “ആത്മവിദ്യാപ്രവീണ” നെന്നും വ്യപദേശിക്കുന്നുണ്ട്.

ബാലമാർത്താണ്ഡവിജയത്തിൽനിന്നു മാർത്താണ്ഡവർമ്മ മഹാരാജാവിനു തന്റെ ഭാഗിനേയന്റെ വൈദുഷ്യത്തിലും കവിത്വത്തിലും ഇതരകലാനൈപുണ്യത്തിലും എത്രമാത്രം അഭിമാനമുണ്ടായിരുന്നു എന്ന് അനുവാചകന്മാർക്കു ഗ്രഹിക്കാവുന്നതാണ്.

“ആചാരൈകനിധിസ്സമസ്തജഗതാമാനന്ദവാരാന്നിധി-
ർദ്ദാതൄണാമപി ചാഗ്രണീർമ്മമ കുലാംഭോധേരയം ചന്ദ്രമാഃ
ഏനം സന്തതമാവിശന്തി വിദുഷാം സമ്പർക്കജാസ്സദ്ഗുണാ
മദ്വത്സം ഗിരിസംഭവാ ഇവ മഹാപാഥോധിമംഭോവഹാഃ”

എന്നാണ് അവിടുന്നു തന്റെ അനന്തരവന്റെ പ്രധാന ഗുണങ്ങളെ പരാമർശിക്കുന്നതു്. എങ്കിലും “ആത്മന്യപ്രത്യയം ചേതഃ” എന്ന ന്യായമനുസരിച്ച് അവിടുന്ന് അന്ന് അവിടെ സന്നിഹിതരായിരുന്ന വിദ്വാന്മാരോടു “മദ്വത്സോയമഭ്യസ്താസു കലാസു കിഞ്ചിദപി ജാനാതി” എന്നു ചോദിക്കുകയും ആ ചോദ്യത്തിന് അവരുടെ

“കലാവാൻ രാമചന്ദ്രോയമകളങ്കാദ്ഭുതോദയഃ
ഗുണജ്യോത്സ്നാവിതാനേന ഹ്ലാദയത്യഖിലം ജഗൽ.
തത്തൽകലാസു മർമ്മാണി ധീമതാ രാമവർമ്മണാ
അനാക്രാന്താനി ലക്ഷ്യന്തേ നാസ്മാഭിര്യത്നമാസ്ഥിതൈഃ”

എന്നു ഏകകണ്ഠമായ മറുപടി കേട്ടതിനുമേൽമാത്രം സന്തുഷ്ടനാകുകയും ചെയ്തതായി ആ ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു. രാമവർമ്മമഹാരാജാവിനു സംഗീതം, ഭരതശാസ്ത്രം മുതലായ കലകളിൽ അന്യാദൃശമായ അഭിരുചിയും അവഗാഹവുമുണ്ടായിരുന്നു എന്നുള്ളതിന് അവിടുത്തെ കൃതികൾ അനിഷേധ്യമായ സാക്ഷ്യം വഹിക്കുന്നു. ചെമ്പകശ്ശേരിരാജ്യം പിടിച്ചടക്കിയപ്പോൾ അവിടുന്നു രാമയ്യൻദളവയോട് അവിടെയുള്ള പടക്കോപ്പുകളെല്ലാം അദ്ദേഹം സംഭരിക്കണമെന്നും താളിയോലഗ്രന്ഥങ്ങൾ താൻ സംഭരിച്ചുകൊള്ളാമെന്നുമാണ് ആജ്ഞാപിച്ചതു്. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തുതന്നെ പണ്ഡിതന്മാരും കലാനിപുണന്മാരും തങ്ങളുടെ വിദ്യകൾ പ്രകടിപ്പിച്ചു സമ്മാനം വാങ്ങിവന്നതു് അവിടത്തെ തൃക്കയ്യിൽ നിന്നായിരുന്നു. മഹാരാജാവായതിൽപിന്നെ ആ വിഷയത്തിൽ അവിടുന്നു പ്രദർശിപ്പിച്ച ഔത്സുക്യത്തെപ്പറ്റി പറയേണ്ടതില്ലല്ലോ. ഭോജരാജാവു്, ഹർഷവർദ്ധനൻ, കൃഷ്ണദേവരായർ എന്നീ സുപ്രസിദ്ധന്മാരായ ഭാരതീയമഹാരാജാക്കന്മാരുമായി വേണം കാർത്തികതിരുനാൾതിരുമേനിയെ ഉപമിക്കുവാൻ. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്തുതന്നെ തിരുവനന്തപുരത്തുവലിയകൊട്ടാരത്തിലെ ഗ്രന്ഥപ്പുര വിപുലമായിക്കഴിഞ്ഞു. എന്നാൽ അതിനു “ദേവനാരായണ” മുദ്രകൊത്തീട്ടുള്ള ചെമ്പകശ്ശേരിയിലെ ഏട്ടുകളും മറ്റും കൊണ്ടുവന്നു വൈപുല്യവും മൂല്യവും വർദ്ധിപ്പിച്ചതു രാമവർമ്മമഹാരാജാവാണ്. പൌലീനോസ് ഫ്രാ ബർത്തോലോമിയോ എന്ന വരാപ്പുഴയിലെ പണ്ഡിതനായ കർമ്മലീത്താ പാതിരിതാൻ അമരകോശം പഠിച്ചിട്ടുണ്ടെന്ന് അറിയിച്ചപ്പോൾ അവിടുന്നു വളരെ സന്തോഷിക്കുകയും ഇംഗ്ലീഷുവ്യാകരണത്തിൽ അവിടത്തേക്കുണ്ടായിരുന്ന ചില സംശയങ്ങൾ പരിഹരിച്ചപ്പോൾ അദ്ദേഹത്തെ ഗുരുവെന്നുപോലും പ്രശംസിക്കുകയും ചെയ്തു. മഹാരാജാവു തന്റെ നാട്ടിലെ മേലുദ്യോഗസ്ഥന്മാരെല്ലാം ഡച്ചുഭാഷ നിർബ്ബന്ധമായി പഠിക്കണമെന്നു കല്പിച്ചതിനും രേഖയുണ്ട്. ബാലരാമഭരതത്തിൽ അക്കാലത്തെ തിരുവനന്തപുരത്തേയും മറ്റും പറ്റിയുള്ള അധോലിഖിതമായ പ്രശസ്തി അനർഹമായതാണെന്നു പറയാവുന്നതല്ല.

"ഗഹനപദപദാർത്ഥജ്ഞാനവിജ്ഞാനദക്ഷൈ-
രമരഗുരുസമാനൈരർത്ഥശാസ്ത്രപ്രവീണൈഃ
സരസഗുണകവീന്ദ്രൈർവാക്പ്രസംഗേ വിദഗ്ദ്ധൈഃ
പ്രതിദിനമതിരമ്യാ ശോഭതേ രാജധാനീ.

ശ്രുതിസുഖരസഗീതൈർവേണുവാദ്യൈർമ്മനോജ്ഞൈ-
ശ്ചിരപരിചയഹസ്താഭ്യസ്തവീണാനിനാദൈഃ
കലരവകലകണ്ഠശ്ലാഘ്യഗന്ധർവ്വഗീതൈഃ
പ്രതിദിശമതിരമ്യാ ശോഭതേ രാജധാനീ.

നിജകുലധനധർമ്മശ്ലാഘ്യനൃത്തപ്രവീണൈഃ
പ്രതിദിനകൃതശിക്ഷാഭ്യാസതഃ പ്രാപ്തഭാവൈഃ
മദനരതിസമാനൈരദ്ഭുതാകാരപാത്രൈ-
സ്തകതകതകശബ്ദൈസ്താളമാർഗ്ഗാനുകാരൈഃ

നടനഗതിവിശേഷോല്ലാസചഞ്ചൽകടാക്ഷൈർ-
ല്ലയഗതിമനുസൃത്യോദ്ഘട്ടിതാംഘ്രിപ്രചാരൈഃ
സരസകരവിലാസൈർഹാവഭാവപ്രകർഷൈ-
ർജ്ജയതി നൃപസമാജോ രംഗലക്ഷ്മീനിവാസഃ."

ആശ്രിതന്മാരായ കവികളും പണ്ഡിതന്മാരും – ദേവരാജകവിക്കു പുറമേ (1) കുഞ്ചൻ നമ്പിയാർ (2) പുതിയിക്കൽ തമ്പാൻ (3) മണ്ടവപ്പള്ളി ഇട്ടിരാരിശ്ശമേനോൻ (4) സദാശിവ ദീക്ഷിതർ (5) കല്യാണസുബ്രഹ്മണ്യകവി (6) സുബ്രഹ്മണ്യകവി (7) പന്തളം സുബ്രഹ്മണ്യശാസ്ത്രി (8) കോഴിക്കോട്ടു മനോരമത്തമ്പുരാട്ടി (9) രാമേശ്വരയാത്ര തുള്ളലെഴുതിയ ഒരു മാരാർ (10) ചാതകസന്ദേശകർത്താവായ ഒരു നമ്പൂരി (11) ഇടവെട്ടിക്കാട്ടു നമ്പൂരി (12) നീലകണ്ഠദീക്ഷിതർ എന്നിങ്ങനെ പല പണ്ഡിതന്മാരും കവികളും രാമവർമ്മമഹാരാജാവിന്റെ ആശ്രിതകോടിയിൽപ്പെട്ടിരുന്നു. ആ വിദ്വദ്രത്നങ്ങൾക്കു നടുനായകമായി ശോഭിച്ചതു് അവിടത്തെ ഭാഗിനേയനും മഹാകവിയുമായ അശ്വതിതിരുനാൾ ഇളയതമ്പുരാനായിരുന്നു. അവരെപ്പറ്റിയെല്ലാം ഉപരി പ്രസ്താവിക്കും.

ചെങ്ങരപ്പള്ളി വേദാന്തിപ്പോറ്റി എന്നൊരു സിദ്ധനും അവിടുത്തെ സുഹൃത്തായിരുന്നു എന്നു കേൾവിയുണ്ടു്. മറ്റൊരു സുഹൃത്തായ കൊളശ്ശേരി നമ്പൂരി അവിടത്തേക്കു അടിയറവെച്ചതാണു് താഴെക്കാണുന്ന പദ്യം.

"ധാരാശൈത്യം ജഗത്യാം ജയതി തവ കൃപാ-
ണാകൃതേഃ കാളികായാ
യദ്വൃത്ത്യാ വൈരിവീരാഃ കതിചന ഖചരീ-
കോഷ്ണവക്ഷോജലഗ്നാഃ
കേചിത്തേജസ്വിനം ത്വാം ശരണമുപഗതാഃ
കേപ്യഹോ രാമവർമ്മ-
ന്നന്തർവിന്ധ്യാദ്രികൂടം ധൃതബൃഹദയശഃ-
കംബളാസ്സംവിശന്തേ."

മരണവികൃതിജ്ഞാനമുള്ളതുകൊണ്ടു 'മരണവികൃതി തൈക്കാട്ട്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന തൈക്കാട്ടു നമ്പൂരി, പകിടകളിയിൽ വിദഗ്ദ്ധനായ പൂരണ്ടയ്ക്കാട്ടു മേക്കാട്ടു നമ്പൂരി, ജ്യോത്സ്യന്മാരായ ഇരട്ടക്കോവിലന്മാർ, കഥകളിവിദഗ്ദ്ധനായ വെട്ടത്തു കോമി എന്നിങ്ങനെ വേറെയും പല വിശിഷ്ടന്മാർ തൃക്കയ്യിൽനിന്നു വില പിടിച്ച സമ്മാനങ്ങൾ വാങ്ങിയവരാണ്. പരദേശത്തുനിന്നു വന്ന ദാസിയാട്ടം കണ്ടു പ്രീതനായ മഹാരാജാവ് അതു കറുത്തേടത്തു ചോമാതിരി എന്ന തന്റെ ഒരു സദസ്യനെക്കൊണ്ടു മോഹിനിയാട്ടം എന്ന പേരിൽ കേരളത്തിൽ ഇദംപ്രഥമമായി പ്രചരിപ്പിച്ചു എന്നുള്ള വസ്തുതയും പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്.

## കൃതികൾ

രാമവർമ്മ മഹാരാജാവിന്റെ കൃതികളായി സംസ്കൃതത്തിൽ (1) ബാലരാമഭരതമെന്ന ഭരതശാസ്ത്രപ്രബന്ധവും, മലയാളത്തിൽ (2) രാജസൂയം (3) സുഭദ്രാഹരണം (4) ബകവധം (5) ഗന്ധർവവിജയം (6) പാഞ്ചാലീസ്വയംവരം (7) കല്യാണസൗഗന്ധികം (8) നരകാസുരവധത്തിലെ പ്രഥമഭാഗം എന്നീ ആറിൽച്ചില്വാനം ആട്ടക്കഥകളും മാത്രമേ ലഭിച്ചിട്ടുള്ളു. ഇവകൂടാതെ ഏതാനും ഒറ്റശ്ലോകങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ഒറ്റശ്ലോകങ്ങളെക്കുറിച്ചു മറ്റൊരധ്യായത്തിൽ ഉപന്യസിക്കാം.

## ബാലരാമഭരതം

941-ലെ തൃപ്പടിദാനത്തെ ഉപോൽഘാതത്തിൽ സ്മരിച്ചിരിക്കുന്നതുകൊണ്ട് അക്കാലത്തിനു പിന്നീടാണ് ബാലരാമഭരതത്തിന്റെ നിർമ്മിതി എന്നു നിർണ്ണയിക്കാം. ബാലരാമഭരതം എന്നാൽ ബാലരാമനാൽ കൃതമായ ഭരതശാസ്ത്രഗ്രന്ഥം എന്നർത്ഥം. "വിദ്വദ്ഗണസ്യ മുഖപങ്കജ മിത്രരത്നം" എന്നും "വിദ്വൽപ്രിയഃ" എന്നും

"സകലനഗരഭാഷാഭാഷണേ ലേഖനേ ച
പ്രഗുണിതമതിരാത്മജ്ഞാനശാന്തസ്വഭാവഃ
വിദിതസകലശാസ്ത്രോ യോഗമാർഗ്ഗപ്രവീണഃ
ഫണിതികുശലബുദ്ധിർഭാരതീപൂർണ്ണദേഹഃ"

എന്നുമുള്ള പ്രസ്താവനകൾക്കുപുറമേ "സംഗീതതാളഭരതാംബുധി പൂർണ്ണചന്ദ്രഃ" എന്നും മഹാരാജാവു തന്നെപ്പറ്റി വർണ്ണിക്കുന്നു.

"നൃപകലതിലകഃശ്രീതാളമാലാവിഭൂഷാ-
പരികലിതനിജശ്രീകാന്തിസമ്പൂർണ്ണഗാത്രഃ
രസികജനസഹസ്രൈശ്ശോഭിതായാം സഭായാം
ഭരതമിഹ വിധാതും പ്രാർത്ഥിതോ വഞ്ചിരാജഃ."

ഒരു ദിവസം വിദ്വത്സദസ്സിൽ സന്നിഹിതനായിരുന്നപ്പോൾ അവിടുന്നു ഭരതശാസ്ത്രസംബന്ധമായ ഒരു പ്രബന്ധം നിർമ്മിക്കണമെന്ന് അവിടെ കൂടിയിരുന്ന രസികന്മാരായ സദസ്യന്മാർ അഭ്യർത്ഥിച്ചു.

"ലാസ്യതന്ത്രമവലോക്യ വിശാലം
ശാസ്ത്രമാരചിതമാത്മസുഖായ
ബാലരാമഭരതം ബുധവര്യാഃ
പശ്യതാദ്ഭുതരസാധികചിത്രം"

എന്ന പദ്യത്തിൽനിന്ന് അവിടുന്നു വിശാലമായ ലാസ്യതന്ത്രം മുഴുവൻ പരിശോധിച്ചതിനുമേൽ രചിച്ചതാണ് പ്രസ്തുതകൃതി എന്നു വിശദമാകുന്നു. ആദിഭരതം, സംഗീതരത്നാകരം, ശബ്ദരത്നാവലി, താണ്ഡവം, സംഗീതസുധാകരം മുതലായ പൂർവ്വഗ്രന്ഥങ്ങളേയും കോഹലൻ തുടങ്ങിയ പ്രാചീനാചാര്യന്മാരേയും മഹാരാജാവു സ്മരിച്ചിട്ടുണ്ടെങ്കിലും അവരുടെ ചില അഭിപ്രായങ്ങൾ ഖണ്ഡിച്ചു സ്വമതം സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്; അതിന് അവിടത്തേക്കു കേരളനാട്യസമ്പ്രദായത്തിലുണ്ടായിരുന്ന സർവതോമുഖമായ ജ്ഞാനം സഹായമായും തീർന്നിട്ടുണ്ട്. തന്റെ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യത്തെപ്പറ്റി കവി താഴെക്കാണുന്ന വിധത്തിൽ ഉപന്യസിക്കുന്നു.

“ജഗദ് ഭരതനാട്യം ഹി നാടയൻ പരമേശ്വരഃ
തദ്ഭാവലീലാമാദായ ഭരതം കൃതവാൻ പുരാ.

അനാദിഭരതാചാര്യഃ സ ഏവ ഗുരുരുത്തമഃ
തൽപരമ്പരയാ ലോകേ മുനയോപി കുഌഹലാൽ

പ്രത്യേകമേവ ഭരതം ചക്രിരേ സ്വാത്മലാഭതഃ
മുനീനാം മതമാലോച്യ പുരാ രാജർഷയോ നൃപാഃ

ഭരതം കൃതവന്തോ ഹി സ്വാത്മാനന്ദവിവൃദ്ധയേ;
രാജർഷിപ്രവരൈഃ പ്രോക്തം പ്രഥിതം ഭരതം ഭുവി.

തത്സാരസംഗ്രഹം കൃത്വാ ബാലരാമമഹീപതിഃ
ലോകാനാമുപകാരായ കൃതവാൻ ഭരതം മുദാ.

തദീയാ ഭാരതീ വിദ്യാ ഭാരതീഹൃദയം ഗതാ
സർവലോകപ്രസിദ്ധാ ച വിദ്വജ്ജനസുസമ്മതാ.
നർത്തകാനാം വിശേഷേണ രസാനന്ദവിവർദ്ധിനീ
സങ്ഗീതതാളരസികഭാവജ്ഞപ്രിയകാരിണീ

ആത്മാനന്ദകരോല്ലാസഹാവഭാവസമന്വിതാ
അഷ്ടാദശാങ്ഗസഹിതാ പ്രത്യങ്ഗരസവർദ്ധിനീ

ആങ്ഗികൈസ്സാത്വികൈശ്ചൈവ വാചികൈശ്ച വിശേഷതഃ
ആഹാര്യൈശ്ച രസൈർഭാവൈരങ്ഗോപാങ്ഗ സമുജ്ജ്വലാ

കരണസ്ഥാനഗമനപദകർമ്മപ്രസാധിനീ
ശിരോനേത്രകരാംഘ്രിസ്ഥരസഭാവക്രിയോജ്ജ്വലാ
ഏതാദൃശഗുണൈര്യുക്താ ശോഭതേ ജനരഞ്ജിനീ
ബാലരാമമഹീപാലഭാരതീ ജയതാന്മുദാ.”

ആദ്യന്തം കാരികകൾകൊണ്ടാണ് ഗ്രന്ഥം നിബന്ധിച്ചിരിക്കുന്നതെങ്കിലും ആവശ്യമുള്ള പ്രകരണങ്ങൾക്കു ഗദ്യത്തിൽ വിശദമായ വൃത്തിയും എഴുതിച്ചേർത്തിട്ടുണ്ട്, പ്ര

സ്തുതകൃതിയുടെ കുറെ ഭാഗം കണ്ടുകിട്ടീട്ടില്ല. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ കൂടി തിരുമനസ്സിലെ കവിതാരീതി കാണിക്കുവാൻ ഉദ്ധരിക്കാം.

“ഝലംഝലിതകങ്കണം, തകതാംഘ്രിസന്താഡിതം,
ക്വണൽക്വണിതനൂപുരം, ഹരഹരേതി ശബ്ദോജ്ജ്വലം,
ധിമിന്ധിമിതദുന്ദുഭിധ്വനിഘനാകുലം മദ്ദളൈർ-
ഘണംഘണംഘണധ്വനം ജയതി താണ്ഡവം ശാംഭവം.”

“ബാണോ രാവണകാർത്തവീര്യനൃപതീ കൃഷ്ണോ ബലശ്ചാർജ്ജുനോ
ഭൂപാലാസ്സുരനായകശ്ച വനിതാഃ കൃഷ്ണാപ്യുഷാ കന്യകാ
രാജാ ചിത്രരഥശ്ച കിന്നരപതിർവ്വിദ്യാധരാധീശ്വരാ
യേ ചാന്യേ ഭരതപ്രധാനപുരുഷാസ്തേഭ്യോ മഹദ്ഭ്യോ നമഃ.”

രണ്ടാമത്തെ ശ്ലോകത്തിൽ ഭരതശാസ്ത്രപ്രവീണന്മാരായ പല പൂർവ്വന്മാരേയും മഹാരാജാവു നാമനിർദ്ദേശം ചെയ്തു നമസ്കരിക്കുന്നു.

## ആട്ടക്കഥകൾ

ഭരതശാസ്ത്രത്തിൽ അത്രമാത്രം നിഷ്ണാതനായ കാർത്തികതിരുനാൾ മഹാരാജാവു കഥകളിപ്രസ്ഥാനത്തെ അത്യാദരമായി പ്രോത്സാഹിപ്പിക്കുകയും താൻതന്നെ ആട്ടക്കഥകൾ നിർമ്മിച്ച് അവയുടെ സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്തതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. കൊട്ടാരം കഥകളിയോഗം എന്ന പേരിൽ വിദഗ്ദ്ധന്മാരായ നടന്മാരെ കൂട്ടിച്ചേർത്ത് ഒരു പുതിയ കഥകളിയോഗം അവിടുന്നു സ്വരൂപിക്കയും ആട്ടക്കോപ്പുകളും മറ്റും പരിഷ്കൃതരീതിയിൽ ഉണ്ടാക്കിച്ച് അവരെക്കൊണ്ട് ഉത്സവദിവസങ്ങളിലും നവരാത്രി ദിനങ്ങളിലും നല്ല കഥകൾ ആടിക്കുകയും ചെയ്തു. വേഷവിധാനത്തിലും അഭിനയരീതിയിലും ചില ഭേദഗതികൾ അവിടുന്നു വരുത്തിയതായി പഴമക്കാർ പറയാറുണ്ടെങ്കിലും അവ ഏതുതരത്തിലായിരുന്നു എന്നറിയുന്നില്ല. കൊട്ടാരം കഥകളിയോഗത്തിന്റെ മേൽവിചാരത്തിനു സകല കേരളീയകലകളിലും നിഷ്ണാതനായിരുന്ന അമ്പലപ്പുഴ മാത്തൂർപ്പണിക്കരെ നിയമിച്ചു. ഇന്നും മാത്തൂർക്കുടുംബക്കാർക്കു തിരുവനന്തപുരത്തു പൂജപ്പുരയിൽ മേല്പറഞ്ഞ ദിവസങ്ങളിൽ കഥകളി നടത്തുന്നതിന് അവകാശമുണ്ട്. മാത്തൂർപ്പണിക്കരുടെ മേൽനോട്ടത്തിൽ അഭിനയിക്കുവാനാണ് താൻ ആട്ടക്കഥകൾ നിർമ്മിച്ചത് എന്നുള്ളതിനെ സ്മരിച്ച് അവിടുന്നു രാജസൂയത്തോടനുബന്ധിച്ചു രചിച്ചിട്ടുള്ള തോടയത്തിൽ “മാത്തുരംബിക” യേയും, അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിയേയും വന്ദിച്ചിട്ടുണ്ട്. ശ്രീകൃഷ്ണനെപ്പറ്റിയുള്ള ശ്ലോകം അവിടത്തെ കവിതാരീതിക്കും ഉദാഹരണമായി സ്വീകരിക്കത്തക്കതാകയാൽ അതു ചുവടെ ചേർക്കുന്നു.

“താപിഞ്ഛാഞ്ചിതവിഗ്രഹോ ലകുടകം ഹസ്തേ വഹൻ ദക്ഷിണേ
വാമേ ചാംബുദനിസ്വനം ദരവരം കട്യാമഥാർദ്ധോരുകം
താപധ്വാന്തവിയന്മണിര്യദുകുലക്ഷീരാബ്ധിചന്ദ്രോ ഹരിഃ
പിഞ്ഛാലംകൃതമൗലിരംബരനദീനാഥോസ്തു വഃ ശ്രേയസേ.”

മഹാരാജാവിന്റെ ആട്ടക്കഥകളിൽ ആറും ഭാരതാന്തർഗ്ഗതങ്ങളായ കഥകളെ ആശ്രയിച്ചു രചിച്ചിട്ടുള്ളവയാണ്. നരകാസുരവധം മാത്രം ഭാഗവതത്തെ ഉപജീവി

ക്കുന്നു. ആ ഗ്രന്ഥ നിർമ്മിതിയെപ്പറ്റി സുപ്രസിദ്ധമായ ഒരൈതിഹ്യമുണ്ട്. അതിൽ ജയന്തൻ നക്രതുണ്ഡിയെ തർജ്ജനംചെയ്യുന്ന പദത്തിൽ

"അർണ്ണോജാക്ഷികളെ ഹരിച്ചോരു നിൻ
കർണ്ണനാസികാകുചകൃന്തനമിഹ
ത്തൂർണ്ണം ചെയ്‌വൻ കണ്ടുകൊൾക നീ"

എന്ന് ഒരു ചരണത്തിന്റെ മുക്കാൽഭാഗത്തോളം മഹാരാജാവ് എഴുതി അത് എങ്ങനെ പൂരിപ്പിക്കണമെന്നു തൽകാലം തോന്നായ്കയാൽ ഓല മേശപ്പുറത്തു വെച്ചുംവച്ചു പോകയും അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ അതു കണ്ടു "നിർണ്ണയമതിനുണ്ടു മേ കരാളേ" എന്നു കുറിച്ച് ആ ചരണം അവസാനിപ്പിക്കുകയും ചെയ്തു. തിരിയെ വന്നപ്പോൾ അതു കണ്ടു സന്തുഷ്ടനായ മഹാരാജാവ് "അപ്പൻതന്നെ ഈ കഥ പൂരിപ്പിക്കട്ടെ" എന്നു കല്പിക്കുകയും ആ കല്പനയനുസരിച്ചു ശേഷം കഥാഭാഗം അശ്വതിതിരുനാൾതന്നെ രചിക്കുകയും ചെയ്തു. എങ്കിലും നരകാസുരവധത്തിലെ പാത്രസംവിധാനവും മറ്റും മഹാരാജാവ് അതിനുമുൻപുതന്നെ നിർണ്ണയിച്ചുകഴിഞ്ഞിരുന്നതിനാൽ അശ്വതിതിരുനാൾ തദ്വിഷയത്തിൽ ആ രീതിയനുസരിച്ചു പുരോഗമനം ചെയ്യുകയേ ഉണ്ടായുള്ളു. തിരുമനസ്സിലെ കൃതികളിൽ സുഭദ്രാഹരണം, ബകവധം, കല്യാണസൗഗന്ധികം എന്നീ മൂന്നു കഥകളെ "തെക്കൻ" എന്ന പദംകൊണ്ടു വിശേഷിപ്പിച്ചാണ് അഭിജ്ഞന്മാർ വ്യവഹരിക്കാറുള്ളത്. അത് അവയെ മന്ത്രേടത്തു നമ്പൂരിപ്പാട്ടിലെ സുഭദ്രാഹരണത്തിൽ നിന്നും കോട്ടയത്തു തമ്പുരാന്റെ ബകവധം, കല്യാണസൗഗന്ധികം എന്നീ കഥകളിൽനിന്നും വ്യാവർത്തിപ്പിക്കുന്നതിനുവേണ്ടിയാണ്. കോട്ടയം കഥകളുമായി തിരുമനസ്സിലേക്കു നല്ല പരിചയമുണ്ടായിരുന്നുവെന്നുള്ളതിനു പല ലക്ഷ്യങ്ങളും ബകവധത്തിലും കല്യാണസൗഗന്ധികത്തിലും കാണാവുന്നതാണ്. "ശസ്ത്രാർത്ഥം ശക്രസൂനൗ ഗതവതി" എന്ന വടക്കൻ ശ്ലോകവും "വീരാഗ്രീയേഷു തേഷു" എന്ന തെക്കൻശ്ലോകവും മറ്റും തട്ടിച്ചു നോക്കുമ്പോൾ ഈ വസ്തുത വിശദീഭവിക്കുന്നു. "പ്രിയസാഹസ" പദംപോലും കോട്ടയത്തു തമ്പുരാന്റെ കല്യാണസൗഗന്ധികത്തിൽനിന്നു മഹാരാജാവിന്റെ സുഭദ്രാഹരണത്തിൽ സംക്രമിച്ചിട്ടുണ്ട്. എങ്കിലും കഥാഘടനയിൽ ചില വത്യാസങ്ങൾ തിരുമനസ്സുകൊണ്ടു വരുത്തീട്ടുള്ളത് ഉചിതമായിരിക്കുന്നു. ദണ്ഡകം ഇദംപ്രഥമമായി ആട്ടക്കഥകളിൽ ഘടിപ്പിച്ചത് അവിടുന്നാണെന്നു പറയുന്നതു ശരിയല്ല. കോട്ടയത്തു തമ്പുരാന്റെ കാലകേയവധത്തിൽത്തന്നെ അതിനു പ്രവേശമുള്ളതായി നാം കണ്ടുവല്ലോ. എന്നാൽ ഖരവധത്തിലും കിർമ്മീര വധത്തിലുമുള്ള പരിപാടി പരിത്യജിച്ചു നിണമണിയൽ അർദ്ധരാത്രിയിൽ വേണമെന്നു നിശ്ചയിച്ചു നരകാസുരവധത്തിലെ കഥ സംവിധാനം ചെയ്തത് ആശാസ്യങ്ങളായ അവിടത്തെ പരിഷ്കാരങ്ങളിൽ ഒന്നാകുന്നു. സുഭദ്രാഹരണത്തിൽ മേല്പത്തൂർ ഭട്ടതിരിയുടെ തന്നാമധേയമായ പ്രബന്ധത്തേയും കല്യാണസൗഗന്ധികത്തിൽ നീലകണ്ഠകവിയുടെ തത്സംജ്ഞമായ വ്യായോഗത്തേയും ഉപജീവിച്ചിട്ടുണ്ട്. ഗന്ധർവവിജയത്തിലേയും പാഞ്ചാലീസ്വയംവരത്തിലേയും ഇതിവൃത്തങ്ങൾ കൂട്ടിച്ചേർത്തു മറ്റൊരു പഞ്ചാലീസ്വയംവരം കഥകൂടി അവിടുന്നു നിർമ്മിച്ചതായി 1032-ൽ പ്രസിദ്ധപ്പെടുത്തിയ 54 ദിവസത്തെ ആട്ടക്കഥകൾ എന്ന പുസ്തകത്തിൽ പ്രസ്താവിക്കുകയും ആ കഥകൂടി അതിൽച്ചേർത്ത് അച്ചടിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ യാഥാർത്ഥ്യത്തെപ്പറ്റി എനിക്കു സംശയമുണ്ട്.

"പുഷ്ടാനന്ദം സദസി വിഹിതാഷ്ടാപദാഗ്രാസനേഷു

ദൃഷ്ട്വാന്യോന്യം സരസമുപവിഷ്ടേഷു ധാത്രീധവേഷു"

എന്നിങ്ങനെ ഹതവൃത്തദുഷ്ടമായ ഒരു ശ്ലോകം തിരുമനസ്സുകൊണ്ടു രചിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ അതു മഹാരാജാവിന്റെ മേല്പറഞ്ഞ രണ്ടു കൃതികളേയും ഉപജീവിച്ച് ഒരു അജ്ഞാതനാമാവായ കവി നിർമ്മിച്ചതാണെന്നു തൽക്കാലം സങ്കല്പിക്കുകയാണ് നല്ലത്; അതിനുവേണ്ട തെളിവുകൾ വേറേയും ആ ആട്ടക്കഥയിൽത്തന്നെ കാണാവുന്നതുമാണ്.

## ആട്ടക്കഥകളിലെ കവിതാരീതി

ധ്വനിപ്രധാനമോ അലങ്കാരോജ്ജ്വലമോ അല്ല തിരുമനസ്സിലെ സാഹിത്യ ശൈലി; എങ്കിലും ലാളിത്യാദിഗുണങ്ങൾ അവിടത്തെ ആട്ടക്കഥകളിൽ ആപാദചൂഡം കളിയാടുന്നുണ്ട്. ഒട്ടു വളരെ ഭാഷാശ്ലോകങ്ങൾ, കൊട്ടാരക്കരത്തമ്പുരാനെ അനുകരിച്ച്, അവിടുന്ന് അവയിൽ ഘടിപ്പിച്ചിട്ടുള്ളത് കോട്ടയത്തു തമ്പുരാന്റേയും അശ്വതിതിരുനാൾ ഇളയതമ്പുരാന്റേയും പ്രൗഢ കൃതികളുമായി ഇടപഴകിയ അനന്തരകാലികന്മാർക്ക് ഒരു ന്യൂനതയായി തോന്നാം. ഏതായാലും അവിടത്തെ ആട്ടക്കഥകൾ ത്യാജ്യകോടിയിൽ തള്ളേണ്ടവയല്ലെന്ന് ഉറപ്പിച്ചു തന്നെ പറയാവുന്നതാണ്. "ഭാസ്വദ്ഭാസ്കരഭാസുരാരനി കരപ്രോദ്ഗച്ഛദുസ്രച്ഛടാ" എന്ന ശ്ലോകം മഹാരാജാവിന്റെ രാജസൂയത്തിലെന്നപോലെ അശ്വതിതിരുനാളിന്റെ പൗണ്ഡ്രകവധത്തിലും കാണുന്നുണ്ട്. അതുകൊണ്ട് ആ ശ്ലോകത്തിന്റെ പ്രണേതാവ് ആരെന്നു തീർച്ചപ്പെടുത്തുവാൻ നിർവ്വാഹമില്ലെങ്കിലും ശൈലികൊണ്ട് അത് അശ്വതിതിരുനാളുടെ കൃതിയാകാനാണ് സാങ്ഗത്യം. ഇരിക്കട്ടെ. മഹാരാജാവിന്റേതെന്ന് അസന്ദിഗ്ദ്ധമായി പറയാവുന്ന ചില ശ്ലോകങ്ങളും പദങ്ങളും ഉദ്ധരിച്ചുകാണിക്കാം.

ശ്ലോകങ്ങൾ:

"പ്രശമിതഭവദാഹം ഭക്തസർവ്വാർത്ഥദോഹം
പ്രണതസുരസമൂഹം പാലിതാശേഷമാഹം
ശിഥിലിതനതമോഹം ശേഷവിന്യസ്തദേഹം
കിമപി ഗരുഡവാഹം ജ്യോതിരീഡേ സദാഹം" (രാജസൂയം)

"ഇതി നൃപഗിരാ പ്രീതോ ഭീമാദിഭിസ്സ ച സോദരൈ-
സ്സകരുണമനുജ്ഞാതോ മാത്രാ ചിരാൽ പ്രിയസാഹസഃ
ദ്രുപദതനയാം ദീനാം ശോകാതിരേകസമാഹത-
സ്തനതടമിളദ്ബാഷ്പാം പ്രാപ്യ പ്രിയാമിദമാഹ താം." (സുഭദ്രാഹരണം)

"അന്യോന്യോൽക്ഷിപ്തമുഷ്ടിപ്രഹരരവമിളൽ-
ക്ഷ്വേളിതാകർണ്ണനോദ്യൽ-
സ്ഥായദ്ഭീതിപ്രധാവദ്ദ്വിരദനികരവി
ക്ഷോഭിതക്ഷ്മാധരേന്ദ്രേ
ജന്യേ ജഞ്ജന്യമാനേ പവനതനയയോ-
രിന്ദ്രസന്ദേശതസ്തൗ
രുദ്ധ്വാ വീരൗ കഥഞ്ചിദ്ഗിരമിതി മധുരാ-
മാഹ വിദ്യാധരേന്ദ്രഃ" (കല്യാണസൗഗന്ധികം)

“ഏഷ്യദ്ഭാരതസംഗരാധ്വരവരസ്യാധാനകർമ്മാപ്തയേ
പാർത്ഥാരണ്യപഗൂഢവിക്രമശിഖിപ്രോത്ഥാപനപ്രക്രിയാ
സാധ്യാസ്യാദ്യദുപഘ്നതസ്സഫലയം സ്താനേവ കൃഷ്ണാഗുണാൻ
യാസ്യന്നാസ്യവിനിന്ദിതേന്ദുരവദദ്ദാരാൻ സ ദാമോദരഃ.” (ഗന്ധർവവിജയം)

പദങ്ങൾ:

“ജയജയ പങ്കജനാഭ ഗുണാലയ ജയജയ പങ്കജഭവനുതപാലയ
ജയജയ സരസിജദളനിഭനയന ജയജയ ശശധരസദൃശസുവദന
മരകതമണിനിഭ മേചക മഞ്ജുളമണിമയ കുണ്ഡല മണ്ഡിതഗണ്ഡ
സുരരിപുകുലവരനരകനിഷൂദന സുജനപരായണ ഹേ മധുമഥന
കരധൃതദരവരചക്രഗദാംബുജ കരിവരതാപവിമോചന ഭഗവൻ
ശരണാഗതജനഭരണ സുരോത്തമ കരുണാവരുണാവാസ വിഭോ.”

(പാഞ്ചാലീസ്വയംവരം)

“പങ്കജാക്ഷ പാഹി ശൗരേ! പങ്കജാലയാപതേ!
ശങ്കരാദിവിനുതചരിത ശം വിധേഹി നോ ഹരേ!
ത്വൽപദാംബുജം ഭജിപ്പതിന്നു വന്ന ഹേതുവാലെ
കില്ബിഷങ്ങളഖിലവുമകന്നുപോയ് തുലോം.
സ്ഥാവരാദിജംഗമങ്ങളിൽജ്ജനിച്ചുപോകിലോ
താവകീനപാദകമലഭക്തിരസ്തു ശാശ്വതീ.
രാജസാഭിഭൂതരായ ഞങ്ങൾ ചെയ്ത കല്മഷങ്ങൾ
രാജബിംബവദന! പോക്കി രക്ഷചെയ്യണം.
കൃഷ്ണ, വാസുദേവ, നതജനാർത്തിഹരണ, ഗരുഡവാഹ!
വൃഷ്ണിവംശജലധിചന്ദ്ര, വിശ്വനാഥ തേ നമോസ്തു.” (രാജസൂയം)

“പുരികുഴലിൽ നറുമലർകൾ ചൂടിയും-ബാലാ
സരസതരഗാനംചെയ്തു സരസനൃത്തമാടിയും,
സുരതരുണിപോലെ ദേഹകാന്തിയും-അവൾ
വരസുരതമോഹംപൂണ്ടു വിവിധലീല ചെയ്കയും,
മല്ലികാമുകുളദന്തപംക്തിയും-നല്ല
വില്ലോടു മല്ലിടുന്നൊരു ചില്ലീലാസ്യഭംഗിയും,
ഫുല്ലകുവലയനേത്രശോഭയും-കല്യാ
നല്ല കളഹംസംപോലെ മന്ദഗതി തേടിയും,
പന്തൊക്കും കൊങ്കകൾ കണ്ടാൽ ബന്ധുരം-നല്ല
സിന്ധുരകരോരുയുഗശോഭയെത്ര സുന്ദരം
ചന്തമിയലുന്ന കംബുകന്ധരം-അവൾ
ഐന്താർശരശരനികരത്തിന്നൊരു പഞ്ജരം!” (നരകാസുരവധം)

തിരുമനസ്സിലെ ആട്ടക്കഥകളിൽ എനിക്കു് ഏറ്റവും ഹൃദ്യമായിത്തോന്നീട്ടുള്ളതു് സുഭദ്രാഹരണമാണ്. വടക്കൻസുഭദ്രാഹരണം അശേഷം സാഹിത്യഭംഗി ഇല്ലാത്ത ഒരു കൃതിയാണെങ്കിലും അതിനാണ് ഇപ്പോഴും പ്രചാരം കാണുന്നതു് എന്നുള്ളതു് ആശ്ചര്യകരമായിരിക്കുന്നു. കോട്ടയത്തു തമ്പുരാന്റെ ബകവധത്തിന്റേയും കല്യാണസൗഗന്ധികത്തിന്റേയും മുൻപിൽ തിരുമനസ്സിലെ ആ രണ്ടു കൃതികളും അസ്ത

പ്രഭങ്ങളായിപ്പോയിട്ടുണ്ടെങ്കിൽ, അതിൽ ആർക്കും വ്യസനത്തിന് അവകാശമില്ല. എന്നാൽ അവയോടുകൂടി അവിടത്തെ അന്യകൃതികളും അസ്തമിതപ്രായങ്ങളായി ത്തീർന്നിരിക്കുന്നതു ശോചനീയം തന്നെ. അവയിൽ ഒന്നോ രണ്ടോ കൃതികളെങ്കി ലും പുനരുദ്ധരിക്കേണ്ടതു് ഇന്നത്തെ കഥകളിക്കാരുടെ കർത്തവ്യമാകുന്നു.

## അശ്വതിതിരുനാൾ ഇളയതമ്പുരാൻ—ജനനം

അശ്വതിതിരുനാൾ രാമവർമ്മതമ്പുരാനെപ്പറ്റി ഈ ഘട്ടത്തിൽ ഉപന്യസിക്കുന്ന തു സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവു 923-ആമാണ്ടു കോലത്തുനാട്ടു പള്ളിക്കോവിലകത്തുനിന്നു നാലു രാജകുമാരിമാരെ വംശാഭിവൃദ്ധിക്കായി ദത്തെടുത്തു എന്നും, അവരിൽ പൂയംനക്ഷത്രത്തിൽ ജനിച്ച മൂത്തറാണിയെ കംസവധകർത്താവായ കിളിമാനൂർ രവിവർമ്മകോയിത്തമ്പുരാൻ വിവാഹംചെയ്തു എന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ റാണി 931-ൽ ഒരു രാജകു മാരനേയും 932-ൽ മറ്റൊരു രാജകുമാരനേയും പ്രസവിച്ചു. അവരിൽ 931-ൽ അശ്വ തിനക്ഷത്രത്തിൽ അവതരിച്ച കുമാരനാണ് നമ്മുടെ മഹാകവി. അനിഴംതിരുനാൾ മാർത്താണ്ഡവർമ്മാ എന്ന കനിഷ്ഠകുമാരൻ 955-ൽ നാടുനീങ്ങി. അശ്വതിനക്ഷ ത്രത്തിൽ ജാതയായ മൂന്നാമത്തെ റാണിയുടെ പുത്രിയായ പൂരുട്ടാതിതിരുനാൾ തമ്പുരാട്ടിയുടെ ദ്വിതീയപുത്രൻ അവിട്ടംതിരുനാൾ രാമവർമ്മാവാണ് കാർത്തിക തിരുനാൾ മഹാരാജാവിനെ പിൻതുടർന്നു രാജ്യഭാരം ചെയ്തതു്. അങ്ങനെ അശ്വ തിതിരുനാൾ ധർമ്മരാജാവിന്റേയും അവിട്ടംതിരുനാൾ അശ്വതിതിരുനാളുടേയും ഭാഗിനേയന്മാരായിത്തീർന്നു.

### വിദ്യാഭ്യാസം

അശ്വതിതിരുനാൾ കൊച്ചുതമ്പുരാന്റെ വിദ്യാഭ്യാസത്തിൽ ധർമ്മരാജാവും രവിവർ മ്മ കോയിത്തമ്പുരാനും ബദ്ധശ്രദ്ധന്മാരായിരുന്നിരിക്കണമെന്നുള്ളതിനു സംശയ മില്ല. അവിടത്തെ പ്രധാനഗുരു ശങ്കരനാരായണാഭിധാനനായ ഒരു പണ്ഡിതനാ യിരുന്നു. കാർത്തിക തിരുനാൾ തിരുമനസ്സിലെ ഗുരുഭൂതനായ രഘുനാഥതീർത്ഥ നെ അവിടുന്നും ആരാധിച്ചിട്ടുണ്ട്. “ശ്രീമച്ഛങ്കരനാരായണഗുരുചരണപരിചരണ പ്രാപ്തവിദ്യാവൈശദ്യേന ശ്രീമദ്രഘുനാഥ സുതീർത്ഥാഭിവാദന ജാഗരൂകേണ കാ വ്യനാടകാലോകനശൗണ്ഡൈസ്സവയസ്യൈർവയ സ്യൈരഭ്യർത്ഥിതേന ശൃങ്ഗാര സുധാകരം നാമ ഭാണം വിരചിതം” എന്നു ശൃങ്ഗാരസുധാകരഭാണത്തിൽ അവിടു ന്നു പ്രസ്താവിക്കുന്നു. അതിനുപുറമേ സംഗീതാദികലകളിലും അവിടുന്നു നിപുണനാ യിരുന്നു എന്നു രുക്മിണീപരിണയ നാടകത്തിലെ “രാജ്ഞഃ ശ്രീപദ്മനാഭദാസവ ഞ്ചിപാലകുല ശേഖരരാമവർമ്മണോ ഭാഗിനേയേന സങ്ഗീതാദികലാഭിജ്ഞേന രാമവർമ്മനാമധേയേന യുവരാജേന നിബദ്ധമഭിനവം രുക്മിണീപരിണയം നാമ നാടകം” എന്ന പംക്തിയിൽനിന്നു വെളിപ്പെടുന്നു.

### ചില സംഭവങ്ങൾ

കാർത്തികതിരുനാൾ മഹാരാജാവു 941 മിഥുനം 23-ആംനു ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ തൃപ്പടിദാനം നടത്തിയ അവസരത്തിൽ അശ്വതിതിരുനാളും സന്നി ഹിതനായിരുന്നു എന്നുള്ളതിനു ബാലരാമഭരതത്തിലെ

> “തദനുജരവിവർമ്മാ ഭാഗിനേയസ്സ്വനാമാ
> സ്വയമപി സ തു വഞ്ചിക്ഷ്മാപതിശ്ചൈകഭാവാഃ

> സകലഭുവനഭാരം പദ്മനാഭായ ദത്വാ
> മനുപതികുലഭൂപേ സ്വാമിഭൃത്യസ്വഭാവാഃ”

എന്ന പദ്യം സാക്ഷിനില്ക്കുന്നു. 946-ൽ ആറ്റിങ്ങൽവെച്ച് അവിടത്തെ തിരുമാടമ്പു നടന്നു. ഉള്ളൂർ ഉളിയാഴത്തുറ അയ്യറത്തല വീട്ടിൽനിന്നു തിരുവനന്തപുരത്തു പാൽക്കുളങ്ങര അമ്മവീട്ടിലേക്കു ദത്തെടുക്കപ്പെട്ട ഒരു മഹിളാരത്നമായിരുന്നു തിരുമനസ്സിലെ പ്രേയസി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വാഴ്ചക്കാലത്തു കലാകുശലന്മാർക്കു കാർത്തിക തിരുനാളായിരുന്നല്ലോ നിത്യബന്ധു. ആ സ്ഥാനം 946-നുമേൽ അശ്വതിതിരുനാൾ കയ്യേറ്റു. 957 മേടം 28-ആംനു മാതാവു മരിച്ചു. 959-ൽ രാമേശ്വരത്തേക്ക് എഴുന്നള്ളിയ മാതുലനെ അവിടുന്നനുഗമിച്ചു. “രാമേശ്വരയാത്ര” തുള്ളലിൽ അതിന്റെ പ്രണേതാവായ മാരാർ അവിടത്തെ “കന്ദർപ്പസമാനനും വന്ദിപ്പോർക്കമരതരുവും സർവവിദ്യാംബുധിയും ഭുവനമനോഹരശീലനും” ആണെന്നു വർണ്ണിച്ചിരിക്കുന്നു. കാർത്തികതിരുനാൾ മഹാരാജാവിന്റെ അനുജനും അക്കാലത്തെ ഐന്ദ്രജാലികന്മാരിൽ അഗ്രഗണ്യനുമായ രവിവർമ്മ ഇളയതമ്പുരാൻ 961-ൽ അന്തരിച്ചപ്പോൾ അവിടുന്നു യുവരാജാവായി. രവിവർമ്മതമ്പുരാൻ മഹാകവി ഇരയിമ്മൻതമ്പിയുടെ മാതാമഹനായിരുന്നു. അശ്വതിതിരുനാൾ 962-ൽ വൈക്കത്തു പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ ചില വഴിപാടുകൾ നടത്തി. 969 ധനു 26-ആംനു 38-ആമത്തെ വയസ്സിൽ വായുക്ഷോഭംനിമിത്തം പരഗതിയെ പ്രാപിച്ചു. അവിടുന്നു 964-ൽ തീപ്പെട്ടു എന്നു പറയുന്നതു് അബദ്ധമാണ്.

## കൃതികൾ

കേരളത്തിലെ പ്രഥമഗണനീയന്മാരായ കവിപുങ്ഗവന്മാരുടെ മധ്യത്തിൽ അശ്വതിതിരുനാൾ ഇളയതമ്പുരാന് അഭ്യർഹിതമായ ഒരു സ്ഥാനത്തിന് അവകാശമുണ്ട്. സംസ്കൃതത്തിലാണ് സാധാരണയായി കവനം ചെയ്തിരുന്നതെങ്കിലും ഭാഷയേയും അവിടുന്നു പരിലാളിക്കാതെയിരുന്നില്ല. സംസ്കൃതത്തിൽ നമ്മുടെ മഹാകവി (1) വഞ്ചീശസ്തവം (2) കാർത്തവീര്യവിജയം (3) സന്താനഗോപാലം എന്നീ മൂന്നു പ്രബന്ധങ്ങളും (4) ശൃങ്ഗാരസുധാകരം ഭാണവും (5) രുക്മിണീപരിണയം നാടകവും (6) ദശാവതാരദണ്ഡകവും രചിച്ചിട്ടുണ്ട്. ഈ കൃതികളിൽ സർവപ്രധാനം എന്നു പറയേണ്ടതു രുക്മിണീപരിണയത്തെത്തന്നെയാണ്. ഭാഷയിൽ അവിടുന്ന് (7) നരകാസുരവധം ഉത്തരഭാഗം (8) രുക്മിണീ സ്വയംവരം (9) പൂതനാമോക്ഷം (10) അംബരീഷചരിതം (11) പൗണ്ഡ്രകവധം എന്നീ നാലിൽച്ചില്വാനം ആട്ടക്കഥകളും (12) ശ്രീപദ്മനാഭകീർത്തനവുമാണ് നിർമ്മിച്ചിരിക്കുന്നത്.

## സംസ്കൃതകവിതാരീതി

ശബ്ദം, അർത്ഥം, ഭാവം, രസം, ധ്വനി എന്നിങ്ങനെയുള്ള കവനകലയുടെ വിവിധകോടികളിലെല്ലാം ഒന്നുപോലെ ദത്താവധാനനായിരുന്നു അശ്വതിതിരുനാൾ. വാസനയുടെ തള്ളിച്ചയും, വ്യുൽപത്തിയുടെ ദാർഢ്യവും, അഭ്യസനത്തിന്റെ നൈരന്തര്യവും ആ മഹാപുരുഷനിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. രസാനുഗുണമായ വൃത്തിയും വൃത്ത്യനുരൂപമായ രീതിയും അവിടത്തേക്ക് അത്ഭുതാവഹമായ വിധത്തിൽ സ്വാധീനങ്ങളായിരുന്നു. പദങ്ങളുടെ പരമമായ പരസ്പരമൈത്രിയെയാണല്ലോ ശയ്യയെന്നു പറയുന്നത്. വാദേവതയിൽനിന്നു തദ്വിഷയകമായ വരം അവിടത്തെപ്പോലെ സിദ്ധിച്ചവർ അധികം പേരില്ല. പ്രകൃത്യാ ഓജഃകാന്തിപ്രധാനമായ ഗൗഡീരീതിയാണ് അവിടത്തേക്ക് ഇഷ്ടമെങ്കിലും ആവശ്യംപോലെ അതു

മസൃണീകരിച്ച വൈദർഭീരീതിയാക്കുന്നതിനും അവിടുന്നു ശക്തനായിരുന്നു. സംസ്കൃതകവികളിൽ എല്ലാംകൊണ്ടും അവിടത്തേക്കു മാർഗ്ഗദർശിയാണെന്ന് എനിക്കു തോന്നീട്ടുള്ളതു മേല്പുത്തൂർ കഴിഞ്ഞാൽ ഭട്ടമുരാരിയാകുന്നു. അനർഘരാഘവം അവിടുന്നു പല പ്രാവശ്യം വായിച്ച് അനുസന്ധാനം ചെയ്തു സിദ്ധിവരുത്തിയിരിക്കണം. ഭവഭൂതി മുതലായ മറ്റു ചില പണ്ഡിതകവികളും അവിടുത്തേക്ക് ഉപജീവ്യന്മാരായിരുന്നു. ഗൗഡീപ്രിയന്മാരായ മുരാരിപ്രഭൃതികൾക്കു നാളികേരപാകമാണ് സ്വായത്തം. എന്നാൽ തിരുമനസ്സിലേക്ക് ആ വീരവൈയാകരണത്വവും ആ പാണ്ഡിത്യപ്രകടനൗത്സുക്യവും അവരോടൊപ്പംതന്നെയുണ്ടെങ്കിലും ദ്രാക്ഷാപാകത്തിലാണ് അവിടുന്നു കവനം ചെയ്യുന്നതെന്നൊരു വിശേഷമുണ്ട്; അതുകൊണ്ടു പ്രസന്നപ്രൗഢമധുരമാണ് അവിടുത്തെ കാവ്യശൈലി. ദാക്ഷിണാർത്യകവികൾക്ക് അത്യന്തം അഭിമതമായ അന്ത്യാനുപ്രാസം തുടങ്ങിയ മറ്റു ചില ഗുണവിശേഷങ്ങളെക്കൂടി പരാമർശിക്കുകയാണെങ്കിൽ അവിടുന്നു സങ്കല്പസൂര്യോദയകർത്താവായ വേദാന്തദേശികർക്ക് ഏറക്കുറെ സമസ്കന്ധനായ ഒരു കവിയെന്നും പറയാവുന്നതാണ്. ഇനി അവിടത്തെ ഓരോ കൃതിയേയും പറ്റി സ്വല്പം ഉപന്യസിക്കാം. അവയെസ്സംബന്ധിച്ച സവിസ്തരമായ ജ്ഞാനം സമ്പാദിക്കണമെന്നുള്ളവർ ഞാൻ സാഹിത്യപരിഷത്ത്രൈമാസികം അഞ്ചാം പുസ്തകത്തിലും മറ്റും ആ വിഷയത്തെ അധികരിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഉപന്യാസങ്ങൾ വായിക്കേണ്ടതാണ്.

## വഞ്ചീശസ്തവം

വഞ്ചിമഹാരാജസ്തവം എന്നുകൂടി പേരുള്ള പ്രസ്തുതകൃതി അശ്വതിതിരുനാൾ തന്റെ മാതുലനെപ്പറ്റി ഒൻപതു പദ്യങ്ങളിലും ഒരു ദീർഘമായ ഗദ്യത്തിലും കീർത്തനം ചെയ്യുന്ന ശ്രുതിമധുരമായ ഒരു സ്തോത്രരത്നമാണ്. ഈ സ്തോത്രത്തിന്റെ ആരംഭത്തിൽ മഹാവിഷ്ണുവിന്റെ വക്ഷോലങ്കാരമായ കൗസ്തുഭരത്നത്തേയും ലക്ഷ്മീനാരായണന്മാരുടെ രഹഃകേളികളേയും വർണ്ണിക്കുന്ന ഓരോ ശ്ലോകമുണ്ട്. കാവ്യത്തിന്റെ അവസാനത്തിൽ "അതിലഘു ഭവൽകർണ്ണം പ്രാപ്തം ശിഷോർവചനം മമ" എന്നു തുടങ്ങുന്ന ഔദ്ധത്യപരിഹാരശ്ലോകവും കാണുന്നു. അതിൽനിന്ന് അതു രചിക്കുന്ന കാലത്ത് അശ്വതിതിരുനാൾക്ക് ഇരുപതിലധികം വയസ്സു കഴിഞ്ഞിരുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്. കാർത്തിക തിരുനാൾ മഹാരാജാവിനു മഹാകവിയുടെ പേരിൽ എത്രയ്ക്കു വാത്സല്യമുണ്ടായിരുന്നുവോ അത്രയ്ക്കോ അതിലധികമോ അവിടത്തേക്കു ആ തിരുമേനിയുടെ പേരിൽ ഭക്തിയും ഉണ്ടായിരുന്നു. അതിനു സാക്ഷീഭൂതങ്ങളായ പ്രസ്താവനകൾ വഞ്ചീശസ്തവത്തിനുപുറമേ ശൃംഗാരസുധാകരത്തിലും രുക്മിണീ പരിണയത്തിലും കാണാവുന്നതാണ്. വഞ്ചീശസ്തവത്തിലെ "നൃത്യച്ചണ്ഡീശചൂഡാവികടതരജടാകോടരക്രോഡരിംഖൽ" എന്ന പദ്യം ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ അദ്ദേഹത്തിന്റെ ഭാഷാചരിത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. വേറെ മൂന്നു പദ്യങ്ങൾ ചുവടെ ചേർക്കുന്നു.

"നാരീണാം വക്ത്രലക്ഷ്മീം ഹരതി കലയതേ
ശശ്വദന്തഃകളങ്കം
സൂര്യാലോകേ നിലീനഃ ക്വചന പുനരയം
ദത്തദോഷാനുഷംഗഃ
വീരശ്രീവഞ്ചിഭൂമീപരിവൃഢ! തമസാ
ഗ്രസ്തമൂർത്തിർമ്മൃഗാങ്കോ

യുഷ്മൽകീർത്ത്യാ സദൃക്ഷഃ കഥമിവ ഭുവനേ
വർണ്യതേ ലബ്ധവർണ്ണൈഃ?”

“ശ്രീമന്നാനാപദാനസ്തവപഠനജുഷാം
വന്ദിനാമാനനേഭ്യഃ
ശ്രുത്വാ ത്വന്നാമവർണ്ണാനരിഷു രണതലാൽ
പ്രദ്രുതം വിദ്രുതേഷു
ക്ലൃപ്താ രത്നപ്രസൂനൈർന്നവവരവരണേ
ഗാഢമുൽകണ്ഠിതാനാം
മന്യേ വൈഫല്യമദ്യ ത്രിദശമൃഗദൃശാം
ഹിണ്ഡതേ മണ്ഡനശ്രീഃ.”

“നമ്രപ്രത്യർത്ഥിപൃഥ്വീപരിവൃഢമുകുടീ-
രത്നനുന്നോർദ്ധ്വവത്നീ-
ഗാഢാശ്ലേഷപ്രഹൃഷ്യച്ചരണയുഗനഖ-
ശ്രേണിരാകേന്ദുരാശേ!
പാരേവാഗ്വർത്തി യുഷ്മദ്ഗുണപടലമഹി-
ഗ്രാമണീരപ്യനീശോ
വ്യാകർത്തും പാർത്ഥിവേന്ദ്ര! പ്രകടയിതുമിദം
കോവിദഃ കോ വിദഗ്ദ്ധഃ?”

ബാണഭട്ടന്റെ രീതി പിടിച്ചു രചിച്ചിട്ടുള്ള “അഥ ഖലുനിഖിലചരാചരപ്രപഞ്ചസാക്ഷിണാ ശരൽക്ഷപാകരസദൃക്ഷ വിതത പാണവിതാനവിദ്യോതമാന ഭദ്രാഹിശയന നിദ്രാണേന

ഭഗവതാ ഭുവനഭരണപരായണേന നാരായണേന” ഇത്യാദി ഗദ്യവും രോമാഞ്ചപ്രദം തന്നെ.

## കാർത്തവീര്യവിജയം ചമ്പു

അശ്വതിതിരുനാളുടെ ചമ്പുക്കളിൽ കാർത്തവീര്യവിജയമാണ് പ്രഥമഗണനീയമായി പരിലസിക്കുന്നതു്.

“ജിഹ്വേ ബഹ്വവലംബസേ കിമനൃതവ്യാഹാരധന്വസ്ഥലീ-
യാതായാതപരിശ്രമം? ശൃണു ഹിതം കിഞ്ചിദ്വയം ബ്രൂമഹേ
പുണ്യശ്ലോകശിരസ്സ്രജാം ക്ഷിതിഭുജാം നാരായണാംശാത്മനാ-
മാകണ്ഠം പിബ സൽകഥാം നവരസസ്രോതസ്സുധാസ്യന്ദിനീം”

എന്ന സുപ്രസിദ്ധമായ ശ്ലോകം ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിലുള്ളതാണ്. കാർത്തവീര്യാർജ്ജുനൻ മാഹിഷ്മതിയിൽ രാജ്യഭാരം ചെയ്യുന്നതു മുതൽ ബന്ധനസ്ഥനായ രാവണനെ ആ മഹാവീരനോടു് യാചിച്ചു പുലസ്ത്യമഹർഷി വീണ്ടുകൊണ്ടു പോകുന്നതുവരെയുള്ള ഇതിവൃത്തം ഇതിൽ അടങ്ങിയിരിക്കുന്നു. ജലക്രീഡയ്ക്കായി ആ മഹാരാജാവു് നർമ്മദാപുളിനത്തെ പ്രാപിയ്ക്കുന്ന കഥാഘട്ടം വർണ്ണിക്കുന്ന ഗദ്യത്തിന്റെ സ്വാരസ്യം പറഞ്ഞറിയിക്കാവതല്ല. “ചിരകാംഷിതശിശിരവാരിഹേളാഭിർദ്ദേഹകാന്തികണികാകലിത ഗീർവാണഗണികാവഹേളാഭിർമ്മഹേളാഭിസ്സഹ” എന്നാണ്

അദ്ദേഹത്തിന്റെ പ്രിയതമമാരെ അവിടുന്നു ചിത്രീകരിക്കുന്നതു്. രാവണൻ അർജ്ജു നന്റെ മന്ത്രിമാരോടു പറയുന്ന വാക്യം നോക്കുക.

“മുക്ത്വാ ശുദ്ധാന്തകാന്താജനസഹവസതിം
നിർഭയശ്ശസ്ത്രപാണിർ-
ദ്രക്ഷശ്ചേദ്ബദ്ധകക്ഷ്യോ നമയ രണമുഖേ
കാർമ്മുകം വാ മുഖം വാ
ഇത്യാജ്ഞാം രാവണസ്യ പ്രകൃതിദൃഢചപേ-
ടാഹതൈരാവണസ്യ
പ്രഖ്യാതാം മന്ത്രിമുഖ്യാഃ കുരുത ഖലച്ചരി-
ക്ഷത്രിയശ്രോത്രപാത്രം.”

രാവണന്റെ സേനയുടെ സമരപ്രയാണമാണു് ചുവടേചേർക്കുന്ന ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നതു്.

“അഥ ജാതരസാ തരസാ വ്യചലൽ
കൃതനാകപഥാപതനാ പൃതനാ
ഘനഗർജ്ജനതർജ്ജിതസജ്ജനതാ
മദശാലിദശാനനശാസനയാ.”

രാവണനെ ബന്ദിയാക്കി കാർത്തിവീര്യൻ മാഹിഷ്മതിയിൽ കൊണ്ടുപോയപ്പോൾ പൗരസ്ത്രീകൾ ആ ഭാഗ്യഹീനനെ എങ്ങനെ നിരീക്ഷിച്ചു എന്നു മഹാകവി ഉപന്യസി ക്കുന്നതു കേൾക്കുവിൻ.

“അദ്യോർവീപതിനാ വിഗൃഹ്യ സലിലേ സോമോദ്ഭവായാസ്തടാ-
ദത്രാനീതമനേകവക്ത്രവികൃതം സത്ത്വം കിമത്യ്ദ്ഭുതം?
ഇത്ഥം പൗരപുരന്ധ്രിഭിസ്സകുതുകം സത്രാസമാലോകിതഃ
പൗലസ്ത്യഃ പുരമാർഗ്ഗസീമ്നി സമഭൂദ് വ്രീളാവനമ്രാനനഃ.”

## സന്താനഗോപാലം ചമ്പു

കേരളത്തിലെങ്ങും സാമാന്യേന പ്രസിദ്ധിയുള്ളതാണു് ഈ ചമ്പു. ഇതു മേല്പത്തൂർ ഭട്ടതിരിയുടെ കൃതിയാണെന്നു ചിലർ സങ്കല്പിക്കുന്നതു നിർമ്മൂലം തന്നെ. പൗ ണ്ഡ്രകവധം ആട്ടക്കഥയിലുള്ള “പുഷ്യൽസൗരഭ” എന്നും, “ഭാസ്വൽഭാസ്കര” എന്നു മുള്ള പദ്യങ്ങൾ ഈ കാവ്യത്തിലും പ്രവേശിച്ചിട്ടുണ്ടു്. ഇതിലെ വിഷ്ണുലോകവർണ്ണനാ ത്മകമായ ഗദ്യം ഭാവുകന്മാരുടെ ഹൃദയത്തെ വിശേഷിച്ച് ആവർജ്ജിയ്ക്കുന്നു. രണ്ടു ശ്ലോകങ്ങൾമാത്രം ഉദ്ധരിക്കാം.

ബ്രാഹ്മണന്റെ സഭാപ്രവേശം:

“രാജദ്വാരി മൃതം നിധായ തനയം ക്വാസ്തേ നിരസ്തത്രപഃ
കൃഷ്ണഃ സ്ത്രീജനലമ്പടഃ? ക്വ നു ഹലീ ഹാലാമദാന്ധാശയഃ?
ഇത്യുച്ചൈർഗ്ഗിരമുദ്ഗിരൻ ദ്വിജവരഃ ക്ഷിപ്രം പ്രപേദേ സഭാം
നീരന്ധ്രാന്ധകവൃഷ്ണിവീരമകുടീരത്നാംകുരോദ്യൽപ്രഭാം.”

ബ്രാഹ്മണന്റെ കൃഷ്ണാർജ്ജുനവിഷയകമായ ആശീർവാദം:

“ആശാസ്യം കിം യദുകുരുവരാവന്യദസ്മാദ്ദശൈർവാ-
മാശാരന്ധ്രാണ്യഭിനവയശഃപാളയഃ ക്ഷാളയന്തു”

യാവൽകല്പം വിമതവിതതേർമ്മനമ്രിതാരഃ പ്രതാപാഃ
പൃഥ്വീം വ്യത്ഥീകൃതരവിഘൃണിശ്രേണയഃ ശോണയന്തു.

## ശൃംഗാരസുധാകരം ഭാണം

കേരളീയങ്ങളായ ഭാണങ്ങളിൽ മഴമങ്ഗലത്തിന്റേതു കഴിഞ്ഞാൽ അടുത്ത സ്ഥാനം ശൃങ്ഗാരസുധാകരത്തിനു നല്കാവുന്നതാണു.

"പ്രസാധയന്തു സുധിയാം ഗളനാളാൻ മിളദ്ഗുണാഃ
കവേർദ്ധ്വന്യധ്വനീനസ്യ സൂക്തിമൗക്തികമാലികാഃ"

എന്ന ഭാവമധുരമായ ഭരതവാക്യത്തോടുകൂടിയാണ് ഈ ഭാണം അവസാനിക്കുന്നത്. ഇതിൽനിന്നും ചില ശ്ലോകങ്ങൾ ഉദ്ധരിച്ചേ കഴിയൂ.

മധ്യാഹ്നം:
"ദിശായോഷാശ്ലേഷസ്വഗമനസമാലോകനപരാ-
നധസ്താദ്വൃക്ഷാണാം തിമിരനികരാനംബരമണിഃ
ഹഠാൽ ഛായാദംഭാദിവ പരവശാനുത്തരളിതാ-
നനുഗ്രാഹം ഗൃഹ്ണാത്യയമതികഠോരൈർഘൃണിഗണൈഃ"
വിടൻ ഓതിക്കന്മാരോട്:
"ഭോഭോ അരസികശ്രോത്രിയവേതാളാഃ,
ആദായാളിമിഷാന്മിളദ്വിഷമിഷുവ്രാതം പ്രസൂനാത്മകം
ഗുഞ്ജൽകോകിലപുഞ്ജമാഗധജനോ മീനധ്വജക്ഷ്മാപതിഃ
സ്വാജ്ഞോല്ലംഘിജനം പ്രഹർത്തുമടതി ത്രൈലോക്യമേതൽ ക്രുധാ
ദുർണ്ണം ഗച്ഛത കാമിനീകുചഗിരീൻ ജീവാഭിലാഷോ യദി."
തേവിടിശ്ശികളുടെ ആട്ടക്കളരി:

"സ്തംഭാധിഷ്ഠാസ്തുംഭൽസ്ഫടികമണിഘടാ-
സൃഷ്ടനിർദ്ദുഷ്ടഗാത്ര-
പ്രത്യുദ്യൽപുത്രികൗഘലസഥപുടകരപുട-
ന്യസ്തരത്നപ്രദീപാ
മാഞ്ജിഷ്ഠോൽകൃഷ്ടപട്ടസ്ഫുടഘടിതവിതാ-
നോച്ചയോച്ചാവചശ്രീർ
ന്നേദിഷ്ഠാ ലക്ഷ്യതേസൗ ചടുലമൃഗദൃശാം
നാട്യശിക്ഷാവല്ലരീ."
നക്ഷത്രങ്ങൾ:

"സന്ധ്യാതാണ്ഡവശൗണ്ഡഖണ്ഡപരശുപ്രേംഖജ്ജടാമണ്ഡലീ-
നിര്യന്നിർത്ധരിണീത്ധരീകണഗണാഃ കിം വിപ്രകീർണ്ണാദിവി?
ദ്രാഘീയോവിയദധ്വധാവദധികക്ലാന്താർക്കഘോടച്ഛടാ-
വക്ത്രോദ്വാന്തനിതാന്തഫേനനിചയാഃകിം ഭാന്തി താരോച്ചയാഃ?

## രുക്മിണീപരിണയം നാടകം

ഈ നാടകമാണ് മഹാകവിയുടെ പരിപക്വമായ കൃതി. 962-ൽ അവിടുന്നു യുവരാജാവായതിനുമേലാണ് ഇതിന്റെ നിർമ്മിതി എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

അഞ്ചങ്കത്തിൽ രചിച്ചിട്ടുള്ള ഈ നാടകം അവിടുത്തെ അന്യാദൃശമായ സരസ്വതീവിലാസത്തിനു മൂർദ്ധാഭിഷിക്തോദാഹരണമാകുന്നു. രുക്മിണി, വാസുഭദ്രന്റെ (ശ്രീകൃഷ്ണന്റെ) നർമ്മസചിവനായ കപിഞ്ജല ബ്രാഹ്മണൻ, ഈ പാത്രങ്ങളുടെ ആവിഷ്കരണവിഷയത്തിൽ അശ്വതിതിരുനാൾ അസാധാരണമായ മനോധർമ്മം പ്രകടിപ്പിച്ചിട്ടുണ്ട്. ഭാഗവതത്തിൽ രുക്മിണി ഒരു ബ്രാഹ്മണനെയാണല്ലോ തന്റെ പ്രണയസന്ദേശവാഹിയായി ദ്വാരകയ്ക്കു അയയ്ക്കുന്നതു്; എന്നാൽ നാടകകലാമാർമ്മികനായ തമ്പുരാൻ വിരഹതപ്തനായ ശ്രീകൃഷ്ണനെത്തന്നെ കുണ്ഡിനപുരത്തേയ്ക്കു നയിക്കുന്നു. കേവലം ദേശവർണ്ണനപരമായ അഞ്ചാമങ്കം അനാവശ്യമാണെന്നു പറയാമെങ്കിലും ആ കാര്യത്തിൽ അവിടുന്നു ഭവഭൂതി, മുരാരി, രാജശേഖരൻ മുതലായ പൂർവ്വകവികളെ അനുകരിയ്ക്കുകമാത്രമാണ് ചെയ്തിട്ടുള്ളതു്. ഈ നാടകത്തിൽ നിന്നു കുടി ചില ശ്ലോകങ്ങൾ അനുവാചകന്മാരെ ഗ്രഹിപ്പിയ്ക്കാതെ മുന്നോട്ടു പോകുവാൻ മനസ്സു വരുന്നില്ല.

വിന്ധ്യവനം:
“ഉഗ്രംപശ്യകിരാതപുംഖിതശരത്രസ്തൈണദത്താഭയ-
പ്രത്യാസന്നകരാളമാംസളവനീ ഗുഞ്ജാദ്രുകുഞ്ജാന്തരാ
വാത്യാചക്രവിധൂതഗൈരികരജോരാജിശ്രിയശ്ശ്രേണിഭിർ-
ഭാത്യേഷാ പരിപാടലാഭ്രജടിലാ സന്ധ്യേവ വിന്ധ്യാടവീ.”
ചൈത്രവായു:

“ലങ്കാശൈലാങ്കവേലൽഫണിപതിതരുണീ-
മണ്ഡലാകണ്ഠപാന-
മ്ലാനാ യൂനാം മനോഭ്രരണരണരണികാ-
കല്പനാതിപ്രഗല്ഭാഃ
ഭൃംഗീ സംഗീതഭാജാം നവനടനകലാ-
ദേശികാ മാലതീനാ-
മായാന്ത്യാരാമഭ്രമേഃ പഥി പഥികവധൂ-
ശാത്രവാശ്ചൈത്രവാതാഃ.”
സൂര്യോദയം:

ശ്യാമാവാമാധ്യുതേന്ദുസ്ഫടികമണിഘട-
സ്യന്ദമാനാമൃതാർദ്രാ-
ദുദ്വേലദ്വാതപോതപ്രചലിതശതപ-
ത്രാതിമാത്രപ്രകാശാൽ
വ്യോമോത്സംഗപ്രയാണോത്സുകിതഖഗജുഷഃ
പ്രത്യുഷഃപാരിജാതാ-
ജ്ജാതാഃ ശാതക്രതവ്യാം കകുഭി കതിപയേ
ഭാന്തി കാന്തിപ്രവാളാഃ.”
വാസുഭദ്രൻ രുക്മണിയെക്കണ്ടിട്ടു്:

“സ്വസ്തംബേരമമസ്തകാവണതരാ, വിന്ദീവരം പാണ്ഡരം,
കണ്ണാരുന്തുദകൂജിതം പികകുലം, രംഭാ ലഘീയസ്തരാ,
വൈരാഗ്യസ്യ നികേതനം കിസലയം, മല്ലീസുമം കർക്കശം,

രുക്മിണ്യാഃ പുരതസ്തു കേതകശിഖാം പശ്യാമി സശ്യാമികാം."
ഗംഗാനദി:

"ത്രിപുരഹരകിരീടസ്മേരമന്ദാരമാലാ
സഗരതനയനാകാരോഹസോപാനവീഥീ
ഹരിചരണസരോജസ്യന്ദിമാധ്വീകധാരാ
സുതനു! നയനജാഡ്യം സ്വർദ്ധുനീ നിർദ്ധുനിതേ."

ചില ഒന്നാംതരം ഫലിതപ്രയോഗങ്ങളും ഈ നാടകത്തിലുണ്ട്. രുക്മിണിയും നവമാലിക എന്ന സഖിയും കൂടി ഉദ്യാനത്തിൽപ്പോയി പൂ പറിക്കുന്നു. സഖി രുക്മിണിയോടു "കുരവകശാഖിനം പരിഷ്വജമാനാം ത്വാം കുസുമൈഃ പരിഹസദിവ ഏതൽ കുന്ദം ദൃശ്യതേ" എന്നു പറയുന്നു; അതിനു രുക്മിണിയുടെ പ്രത്യുത്തരം "ഹളാ നവമാലികേ കിമമുനാകുന്ദേന മേ പ്രയോജനം?" എന്നാണ്. മുകാരരഹിതമായ കുന്ദത്തിലല്ല, മുകാരസഹിതനായ കുന്ദനിൽ, അതായതു മുകുന്ദനിലാണ് എനിക്കഭിനിവേശം എന്നു നായിക ഇവിടെ ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു. ഈ നാടകത്തിലെ ഭരതവാക്യത്തിൽ,

"പ്രൗഢോദാരഗുണാ പ്രപഞ്ചിതരസസ്രോതസ്തരംഗോൽകരാ
കുത്രാപ്യസ്ഖലിതാ സ്ഫുടധ്വനിപദന്യാസോജ്ജ്വലാലങ് ക്രിയാ
ഭാവൈഃ സംവനനം വിധായ വിദുഷാമാസ്ഥാനരംഗസ്ഥലേ
ഭവ്യാ കാവ്യനടീ മുഹുർവിഹരതാമാചന്ദ്രതാരം ഭുവി"

എന്നു മഹാകവി വർണ്ണിച്ചിട്ടുള്ളത് അവിടത്തെ കാവ്യനടിയെക്കൂടി കടാക്ഷിച്ചുകൊണ്ടാണെന്നുള്ളതിനു സംശയമില്ല.

### ദശാവതാരദണ്ഡകം

മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ളതാണ് പ്രസ്തുത ദണ്ഡകം. ഭാർഗ്ഗവാവതാരം, രാമാവതാരം, കൃഷ്ണാവതാരം ഇവയെ വർണ്ണിക്കുന്ന പംക്തികൾ ഏറ്റവും സമുജ്ജ്വലങ്ങളായിരിക്കുന്നു. ഒടുവിൽ ഉപസംഹാരരൂപത്തിലും മഹാകവി ഒരു പംക്തി ഘടിപ്പിച്ചിട്ടുണ്ട്. ഈ കൃതി സ്വാതിതിരുനാൾ മഹാരാജാവു നിർമ്മിച്ചതാണെന്നു ചിലർ പറയുന്നതു ശരിയല്ല.

കൃഷ്ണാവതാരം:

"കനന്നന്ദനോദ്യാനമന്ദാക്ഷസന്ദായിവൃന്ദാ
വനാന്തസ്ഥലീരാസകേളീകലാകല്പിതാനേകകോടിസ്മരാകാര
ദിവ്യസ്വമൂർത്ത്യാവലീമധ്യമധ്യസ്ഫുരദ്വല്ലവീസുന്ദരീമണ്ഡലീമധ്യ
ചിന്താമണീപീഠരാജജ്ജഗന്മോഹനാകാരമൂർത്ത്യുന്മിഷദ്വേണു
ഗാനാമൃതാസ്വാദസന്തോഷിതാത്യന്തജാരത്വചോരത്വസാരഥ്യ
ദൂത്യാദിലീലാകഥാപാവിതാശേഷലോകാദ്ഭുതാതുല്യഗോപാലമൂർത്തേ!"

## ആട്ടക്കഥകൾ

ഇത്രമാത്രം വശ്യവചസ്സായ ഒരു കവിചക്രവർത്തി നാലിൽപ്പരം ആട്ടക്കഥകൾ രചിച്ചു ഭാഷാസാഹിത്യത്തെക്കൂടി പോഷിപ്പിക്കാമെന്നു തീർച്ചപ്പെടുത്തിയതു നമ്മുടെ ഭാഗ്യപരിപാകമാകുന്നു. അശ്വതിതിരുനാൾ ആദ്യമായി നിർമ്മിച്ച ആട്ടക്കഥ

നരകാസുരവധത്തിന്റെ ഉത്തരഭാഗമാണെന്ന് എനിക്കു തോന്നുന്നു. പൂതനാമോക്ഷമായിരിക്കണം അടുത്ത കൃതി. അവിടുത്തെ എല്ലാ കഥകളും അത്യന്തം ചേതസ്സമാകർഷങ്ങളായി പരിലസിക്കുന്നു. അവയ്ക്കു ഇന്നും കേരളമെങ്ങും പ്രചുരമായ പ്രചാരമുണ്ട്. പൗണ്ഡ്രകവധത്തിനു മാത്രമേ അല്പമൊരു അനുപഗമ്യതയുള്ളു. ആദ്യം കഥകളി അഭ്യസിക്കുന്ന യോഗക്കാർ രുക്മിണീപരിണയമാണ് സാധാരണമായി അഭിനയിക്കുന്നത്. അമ്മാവനു മഹാഭാരതകഥകളായിരുന്നു പഥ്യമെങ്കിൽ മരുമകനു ഭാഗവതകഥകളാണ് അഭിമതം. രുക്മിണീസ്വയംവരോപാഖ്യാനം അവിടുത്തേയ്ക്കു അത്യന്തം ഹൃദയംഗമമായിത്തോന്നിയിരിക്കണം; അതുകൊണ്ടാണ് അതിനെ വിഷയീകരിച്ചു ഭാഷയിൽ ഒരാട്ടക്കഥയും സംസ്കൃതത്തിൽ ഒരു നാടകവും അവിടുന്നു നിബന്ധിച്ചത്. ശ്രീപദ്മനാഭന്റെ പേരിൽ തിരുമനസ്സിലേയ്ക്കുള്ള ഭക്തിപ്രകർഷം അപരിമിതമായിരുന്നുവെന്ന് അവിടുത്തെ ഏതു കൃതി പരിശോധിച്ചാലും തെളിയുന്നതാണ്.

അശ്വതിതിരുനാളുടെ ആട്ടക്കഥകൾക്കുമേലെയാണ് കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ എന്നു ചിലർക്കു പക്ഷമുണ്ട്. രങ്ഗപ്രയോഗത്തിന് ഒന്നുകൂടി പറ്റിയ കൃതികൾ കോട്ടയം കഥകൾ തന്നെയാണെന്നു ഞാനും സമ്മതിക്കാം. ചില പദങ്ങളുടെ വിഷയത്തിലും കോട്ടയം കഥകൾക്കുള്ള മെച്ചം നിർവിവാദമാണ്. പക്ഷേ, ശ്ലോകങ്ങൾ പ്രത്യേകമെടുത്തു പരിശോധിക്കുകയാണെങ്കിൽ —എന്നുവേണ്ട ഉത്തമസാഹിത്യത്തിന്റെ നാനാകോടികളേയും പരാമർശിച്ചുകൊണ്ടു സമഗ്രമായി താരതമ്യവിവേചനം ചെയ്യുകയാണെങ്കിൽ—വിജയലക്ഷ്മി ഐദമ്പര്യേണ ആശ്ലേഷിക്കുന്നത് അശ്വതിതിരുനാൾ തമ്പുരാനെയാണെന്നു തീർച്ചപ്പെടുത്തുവാൻ ഭാവുകന്മാർക്കു പ്രയാസമില്ല.

“കർണ്ണാലങ്കാരഹീരാങ്കരരുചിരരുചി-
പ്രോല്ലസദ്വക്ത്രപദ്മാ
വ്യാവല്ഗൽപാദയുഗ്മക്വണിതമണിതുലാ-
കോടിവാചാലവീഥീ
ബിഭ്രാണാ കങ്കണാളീം ജ്വലദനലകന-
ദ്രത്നകാന്താം സഭാന്താം
തന്വീ രാജന്യപാളീഹൃദയകമലിനീ-
രാജഹംസീ വിവേശ.” (രുക്മിണീസ്വയംവരം)

“ജ്യാഘാതശ്രേണിജാഗ്രദ്ഭുജഭുജഗരസ-
ജ്ഞായിതാസിപ്രകാണ്ഡ-
വ്യാലീഢപ്രൗഢവൈരിക്ഷിതിരമണഗണ-
പ്രാണവാതപ്രരോഹഃ
മധ്യേയുദ്ധം നിരുധ്യ ദ്രുതമഥ യവനാൻ
ദീർഘനിദ്രാം നിനീഷുർ-
ബദ്ധാടോപം ബഭാഷേ പ്രഥിതഭുജമദാ-
ഡംബരാനംബരീഷഃ” (അംബരീഷചരിതം)

“സോമകോടിസമധാമകഞ്ചുകിലലാമമഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമകോമളരമാദൃഗഞ്ചിതകരാഞ്ചലം
കാമദായകമമോഘമേഘകുലകാമനീയകഹരം പരം

സാമജാമയഹരം ഹരിം സ മുനിരാനനാമ വനമാലിനം."

"സ്വൈരം കൈരവബന്ധുബന്ധുരകരശ്രേണീകൃപാണീ ലതാ-
ലൂനപ്രൗഢതമസ്തമാലഗഹനേ ഹാലാം പിബൻ മോഹനേ
മാദ്യൽകോകിലകാമിനീകളാചോവാചാലിതാശാന്തരേ
രേമേ രൈവതകാചലേ സഹ വധൂജാലേന നീലാംബരഃ" (പൗണ്ഡ്രകവ
ധം)

ഇവയോടു കിടനില്ക്കുന്ന ശ്ലോകങ്ങൾ കോട്ടയം കഥകളിയിൽ ഒരിടത്തും കാണുന്ന തല്ല. കിർമ്മീരവധത്തിലെ "മാർഗ്ഗേ തത്ര" , "താവദ്വൈകുണ്ഠ" മുതലായ ശ്ലോകങ്ങൾക്കു പോലും അശ്വതീ തിരുനാളുടെ ശ്ലോകങ്ങളുടെ സ്വാരസ്യമില്ല. പണ്ഡിതന്മാരെ കോൾമയിർ കൊള്ളിക്കുന്ന സംസ്കാരപൂതങ്ങളായ ശബ്ദങ്ങളല്ലാതെ തിരുമനസ്സുകൊണ്ടു പ്രയോഗിക്കുകയില്ല. "ഭ്രൂഭങ്ഗഭീഷണവിഘൂർണ്ണിതനേത്രയുഗ്മ" നായ രുക്മി, "പ്രസർപ്പദ്ബാഷ്പാംഭഃസ്നപിതകുചകുംഭ" യായ രുക്മിണി, "ക്ഷുരപ്രഭിന്നകങ്കട" ന്മാരും "പ്രരൂഢസങ്കട" ന്മാരുമായ ശിശുപാല ഭടന്മാർ, "പ്രാലേയാചലമൗലിമണ്ഡനവിധി" യെ പ്രാപിച്ച വിധുമണ്ഡലം, "ഉദ്വൃത്തക്വണിതകപാലമാലഭാരിഗ്രീവാഗ്ര" യായ കൃത്യ, "വിഷസ്നപിതസായക" ങ്ങളെപ്പോലെയുള്ള പൗണ്ഡ്രകകിങ്കരന്മാരുടെ വാചകങ്ങൾ, "അനുത്ഥാന മുദ്ര" യായ നിദ്ര, ഇത്തരത്തിലുള്ള ജാജ്വല്യമാനങ്ങളായ ശബ്ദാർത്ഥരത്നങ്ങൾക്ക് അവിടുത്തെ കഥകൾ അനർഘങ്ങളായ ആകരങ്ങളാകുന്നു. കഥകളിപ്രസ്ഥാനത്തിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മറ്റൊരു കവിക്കും ആ വിഷയത്തിൽ അത്ര പരിപൂർണ്ണമായ സിദ്ധി കൈവന്നിട്ടില്ല. "ബാധാം ബബാധേതരാം" മുതലായ അവിടുത്തെ ചില പ്രയോഗങ്ങൾ കോട്ടയത്തിന്റെ "സലജ്ജോഹം" തുടങ്ങിയവയെപ്പോലെ കേരളീയരുടെ നിത്യസംഭാഷണത്തിൽ ശൈലീരൂപത്തിൽ സംക്രമിച്ചിട്ടുണ്ട്. കോട്ടയത്തുതമ്പുരാന്റെ "നികൃത്തകുചമണ്ഡലാ നിശിത മണ്ഡലാഗ്രേണ സാ" എന്ന പദ്യത്തെ അനുകരിച്ചുകൊണ്ടാണ് അവിടുന്നു നരകാസുരവധത്തിലെ "നികൃത്തകുചനാസികാം നിശിചരീം നിരസ്യാനയാ" ഇത്യാദി പദ്യം നിബന്ധിച്ചത് എങ്കിലും, കാലാന്തരത്തിൽ ആ ഗുരുവിനെ ജയിച്ച ശിഷ്യനായി വികസിക്കുകയാണ് ചെയ്തത്. കോട്ടയത്തെപ്പോലെ അശ്വതിയും പ്രാകൃതകവനംകൊണ്ടു തന്റെ കഥകളെ അലങ്കരിച്ചിട്ടുണ്ട്. അംബരീഷചരിതത്തിൽ യവനന്മാരുടെ പുറപ്പാട്ട് "ചാപഗുണഘോസോ സുണീയദി ഗോപുരേപരുസോ" എന്നു തുടങ്ങുന്ന ഒരു പ്രാകൃതപദംകൊണ്ടു നിർവഹിച്ചിട്ടുള്ളത് ഏറ്റവും സമുചിതമായിരിക്കുന്നു. യവനന്മാർ സംസ്കൃതജ്ഞന്മാരായിരിക്കുവാൻ മാർഗ്ഗമില്ലല്ലോ. അവരെ രങ്ഗപ്രവേശം ചെയ്യിച്ചിട്ടുള്ളതു മൈസൂരിലെ മഹമ്മദീയരുടെ ആക്രമണത്തെ സ്മരിച്ചുകൊണ്ടായിരിക്കണമെന്നും ഊഹിക്കാവുന്നതാണ്. കാലകേയവധത്തിൽ "സ്വർവധൂജനമണിഞ്ഞിടുന്ന മണിമൗലിയിൽ ഖചിതരത്നമാം" എന്നൊരു ഭാഷാ ശ്ലോകമുണ്ടല്ലോ; അതുപോലെ പൂതനാമോക്ഷത്തിലും

"കന്നല്ക്കണ്ണികൾമൗലിരത്നകലികാരൂപം ധരിച്ചാദരാൽ
പൊന്നിന്മാലയണിഞ്ഞു പൂതന തദാ മന്ദം നടന്നീടിനാൾ
പിന്നെച്ചെന്നവൾ ഗോകുലേ കുളുർമുലക്കുന്നിന്നു മീതേ ചിരം
മിന്നുംചന്ദ്രികപോലെമന്ദഹസിതം തൂകിപ്പറഞ്ഞീടിനാൾ"

എന്നൊരു ഭാഷാശ്ലോകം കാണുന്നു. അനന്തരകാലങ്ങളിൽ കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ രാവണവിജയത്തിലും കേരളവർമ്മ വലിയകോയിത്തമ്പുരാൻ

ഹനമദ്ഭവം, പ്രലംബവധം എന്നീ കഥകളിലും അനുകരിക്കുവാൻ ഉദ്യമിച്ചിട്ടുള്ളത് അശ്വതിതിരുനാളുടെ കഥകളെയാകുന്നു. പാടിക്കേൾക്കാനും, അതിലധികം ആടിക്കാണാനും കൊള്ളാവുന്ന കൃതികളുടെ കൂട്ടത്തിൽ അവിടുത്തെ കഥകൾ അത്യുച്ചപദത്തിൽ സമുല്ലസിക്കുന്നു. അതുകൊണ്ടുതന്നെയാണ് അവയ്ക്ക് ഇത്രമാത്രം സർവമനോരഞ്ജകത സംസിദ്ധമായിട്ടുള്ളതും. അവിടുന്നു പ്രയോഗിച്ചിട്ടുള്ള ഓരോ ശബ്ദവും ചൈതന്യപൂർണ്ണമാണ്. അതിന്റെയെല്ലാം സ്വാരസ്യം പരിപൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ വാസനക്കാരും വ്യുൽപന്നന്മാരുമായ നടന്മാർ ആ കഥകൾ അഭിനയിച്ചു കൈമുദ്ര അറിയാവുന്നവർ കാണണം. പൂതനാമോക്ഷത്തിലെ "ഗിരിരാജവരനുടയ പരിണാമമോർത്തു മമ" എന്നു തുടങ്ങി "ദാഹവും വളർന്നീടുന്നു ദാരുണമിന്നു" എന്നുവരെയുള്ള നാലു പദങ്ങൾ തോട്ടം ശങ്കരൻനമ്പൂരിയെപ്പോലുള്ള അനുഗൃഹീതന്മാരായ നൃത്യകലാകുശലന്മാർ ഒരിക്കലെങ്കിലും അഭിനയിക്കുന്നതു കണ്ടിട്ടുള്ളവർക്ക് എന്റെ ഈ അഭിപ്രായം അനുഭവവേദ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

## പദങ്ങളും ദണ്ഡകങ്ങളും

തിരുമനസ്സിലെ ആട്ടക്കഥകളിൽ നിന്നു ചില ശ്ലോകങ്ങൾ ഉദ്ധരിച്ചുകഴിഞ്ഞു. (1) "ചന്ദ്രമുഖിമാരേ കാണുക" (2) "കരുണാലയ വീര" (3) "മാധവസമയമിദം" (4) "പ്രാണനാകയ ശൃണു മമ വചനം" (5) "ആരിതാരിതസാരമനുജന്മാർ" (6) "കനകരുചിരുചിരാങ്ഗിമാരേ" (7) "കിം കരവൈ ഭഗവൻ" (8) "എന്തഹോ്ഭ്രസുരന്മാരേ" ഇത്യാദി പദങ്ങളുടെ മാധുര്യം അനന്യസാധാരണമാണ്. "ഈരേഴുപാരിനൊരു വേരായി മേവിന" എന്നു തുടങ്ങുന്ന ദണ്ഡകത്തിനും "ചഞ്ചലാക്ഷിമാരണിയും മൗലി മാലാവന്നു" എന്ന സാരിക്കുമുള്ള ആസ്വാദ്യതയും അപരിമേയം തന്നെ. "മാധവസമയമിദം" എന്ന പദത്തിൽനിന്നു ചില പംക്തികൾ ചുവടേ ചേർക്കുന്നു.

"സുന്ദരിമാരേ വിപിനം കാൺക സുരഭിലമതിവിജനം
മന്ദമാരുതവീജനം നല്ല മദനദഹനദീപനം
കുന്ദലതാഗൃഹമതിരുചിതം കുസുമഗളിതമധുരസശിശിരം
ചന്ദ്രകരാങ്കുരവിശദതരം ചടുലപികാഞ്ചിതരവമുഖരം

നന്ദനവിപിനവിനിന്ദനമിതു കുരു-
വിന്ദരുചിരുചിരകന്ദളനികരം (മാധവ)

കനകകമലകലികം നല്ല കമനീയമണിവാലുകം
മനസിജജയസാധകം നല്ല മരകതമയവേദികം
വനതടഭുവി കമലാകരം വരതനു! കാൺക മനോഹരം
ഘനമദമധുകരമേദുരം കളകളഹംസവിഭാസുരം

അനുപമമിതിനുടെയനുതടമഴകിനൊ-
ടനവധി വിഹരതി വനമൃഗവിസരം (മാധവ)" (പൗണ്ഡ്രകവധം)

ദണ്ഡകം:

"ഈരേഴുപാരിനൊരു വേരായി മേവിന മു-
രാരാതിസേവകനുദാരൻ
അതുലഭുജസാരൻ—അധിസമിതി ധീരൻ-

തദനു മധുവനമവനിപതിരഗമദമലമതി-
രതിസുഭഗതനുവിജിതമാരൻ.

നാനാതരുപ്രസവലീനാളിനീനിവഹ-
ഗാനാതിമോഹനതമാലേ
നിരവധികസാലേ-നിബിഡകൃതമാലേ-
കുഹചിദഥ കുതുകമൊടു ഗുണനിലയനവനധിക-
കുസുമകുലസുരഭിണി കുടീരേ

ചെമ്മേ വസിച്ചു വിലസന്മേഘശോഭ തട-
വും മേനിയാകിയ പൂമാനെ
നിജമനസി ചേർത്തു-നിഖിലമതിലോർത്തു-
നിരവധികസുഖജലധിനടുവിലുടനവനുടയ
ഹൃദയമപി വിരവൊടു കുളിർത്തു.

ആനന്ദബാഷ്പമതിമാനം ദധാനമുപ-
മാനം തദാനനമതാനീൽ
വിമലമതിതന്റെ—വിഗളദമൃതന്റെ-
പുളകഭരഘനകവചമിളിതതനുരവനിപതി-
തിലകനവനമിതസുഖമാസീൽ.” (അംബരീഷചരിതം)

## ശ്രീപത്മനാഭകീർത്തനം

ഇരുപതു കണ്ണികൾ ഉൾക്കൊള്ളുന്നതും പാദാദികേശരൂപത്തിൽ നിബന്ധിച്ചിട്ടുള്ള തുമായ പ്രസ്തുതകീർത്തനം അശ്വതിതിരുമനസ്സിലെ കൃതിയാണെന്ന് ഐതിഹ്യം ഉദ്ഘോഷിക്കുന്നു. അവിടുത്തെ ഇതര കൃതികളുടെ ഗുണം ഇതിനില്ല. എങ്കിലും സാരസ്യമില്ലായ്കയില്ല. പക്ഷേ അവിടുന്ന് ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തായിരിക്കാം ഇതു രചിച്ചത്. രണ്ടു കണ്ണികൾമാത്രം അടിയിൽ പകർത്തുന്നു.

“അതുച്ഛലജ്ജമച്ഛകച്ഛപച്ഛവിച്ഛടാ മദം
പതിച്ചൊഴിച്ചൊളിച്ചു കുമ്പിടുന്ന പൊല്പദങ്ങളും
മദിച്ചു പോർവിളിച്ചെതിർത്ത ചൂതബാണതൂണിയെ-
ജ്ജയിച്ച ജംഘ രണ്ടുമെങ്കലാക, ദേവ! പാഹി മാം!

തുടിച്ച തോളു രണ്ടുമുദ്ധരിച്ച വൈജയന്തിയും
തടിച്ചുരുണ്ട കംബുബിംബകമ്രകണ്ഠകാണ്ഡവും
കവിൾത്തടം വിളങ്ങുമാറണിഞ്ഞ കുണ്ഡലങ്ങളും
മുടക്കമെന്നിയേ വിളങ്ങണം, മുകുന്ദ! പാഹി മാം!”

പൂർണ്ണമായ പുരുഷായുസ്സിനാൽ അനുഗൃഹീതനായി വഞ്ചിരാജ്യസിംഹാസനം അലങ്കരിക്കുന്നതിനുള്ള ഭാഗ്യത്തോടുകൂടിയാണ് അശ്വതിതിരുനാൾ ഇളയതമ്പുരാൻ അവതരിച്ചിരുന്നതെങ്കിൽ ഗൈർവാണിക്കും കൈരളിക്കും ഏതെല്ലാം വിധത്തിലുള്ള അഭ്യുദയങ്ങളാണ് സിദ്ധിക്കുമായിരുന്നത്? അതിനു ഹതവിധി ഇട

വരുത്തിയില്ലെങ്കിലും 38 വയസ്സിനകമുള്ള സാഹിതീവ്യവസായംകൊണ്ടുതന്നെ അവിടുന്നു ശാശ്വതമായ യശഃസ്തംഭം പ്രതിഷ്ഠാപനം ചെയ്തിരിക്കുന്നു.

## ഗോവിന്ദകവി

കൊല്ലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ രചിച്ചതാണെന്ന് ഊഹിക്കാവുന്ന മാധവീയം എന്നൊരു സംസ്കൃതകാവ്യവും അതിനു മിതാക്ഷരാ എന്നൊരു വ്യാഖ്യാനവും കണ്ടുകിട്ടീട്ടുണ്ട്. രുക്മിണീപരിണയമാണ് കഥാവസ്തു; അത് അഞ്ചു സർഗ്ഗങ്ങളിൽ പൂർവ്വകവികളെ അനുസ്മരിപ്പിക്കുമാറ് ആശ്ചര്യജനകമായ കവനശില്പം പരിപാലിച്ചു ഗോവിന്ദൻ നിർമ്മിച്ചിരിക്കുന്നു. അർത്ഥാലങ്കാരസുഭഗമാണ് ഓരോ ശ്ലോകവും. ശബ്ദവും മനോഹരംതന്നെ.

“അശ്വത്ഥാരണ്യനാമാ ജയതി ജനപദോ
വഞ്ചിഭൂപാലരാജ്യേ
തദ്ദേശ്യസ്താമ്രപത്രാലയകൃതവസതിഃ
കോപി ഗോവിന്ദനാമാ
പ്രാണൈഷീൽ കാവ്യമേതന്മൃദുപദനിചയം
സോസ്യ സംശോധനാർത്ഥം
സദ്യോ നിർമ്മത്സരേഭ്യഃ കലയതി നതിമാ-
നഞ്ജലിം മഞ്ജുബന്ധം.”

എന്നൊരു ശ്ലോകമുണ്ട്. അതിൽനിന്നാണ് പ്രണേതാവിന്റെ പേർ മനസ്സിലാകുന്നത്. അശ്വത്ഥാരണ്യം ആലങ്ങാട്ടുതന്നെ. ആലങ്ങാട്ടു തിരുവിതാംകൂറിനു കീഴടങ്ങിയതിനുമേലാണ് ഗ്രന്ഥത്തിന്റെ നിർമ്മിതി. താമ്രപത്രം ചെമ്പോലയായിരിക്കാം. ചില ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

“പ്രണമ്യ മഹിതാം ദേവീം ലളിതാം ലളിതാകൃതിം
ബാലപാഠോചിതാം കോപി കരോതി ലളിതാം കൃതിം

ഭാരാദ്ദുഷ്ടാസുരാദീനാം ദീനാം ത്രാതും ധരാം ഹരിഃ
വാസുദേവോഽജനി ജ്യായാം ജ്യായാംസം ഗുണമുദ്വഹൻ.

സോധ്യവാത്സീൽ സമുദ്രസ്യ മധ്യഗാം ദ്വാരകാം പുരീം
പൃഷ്ഠ്യാ വസ്വൗകസാരാഭ്യാം മുഷ്ടീമുഷ്ടിപടീയസീം.

യസ്യാം സാലോ ദധദ് ഭാതി കാഞ്ചനഃ കാഞ്ചന ശ്രിയം
പരിഖായിതപാഥോധൗ യത്തേജോ ബാഡവായതേ.” (പ്രഥമസർഗ്ഗം)

“വികസിതാസിതസാരസലോചനേ
കലയ സാരസസാരസികാഗണം
പുളിനസീമനി ശാരദചന്ദ്രികാ-
മഹസി തേ ഹസിതേന സമത്വിഷം.

മഹിതപങ്കജജാതമനോഹരാം
ശ്രിതരസാം ദധതീ നനു കച്ഛപീം
കലയ സുഭ്രു! ഗിരാമിവ ദേവതാം

കമലിനീമലിനീലശിരോരുഹേ!”

“സലിലശീകരജാലഹരോ മൃദുഃ
കമലസംഹതിസൗരഭതസ്കരഃ
ശ്രമജവാരികണാൻ പവനസ്സതോ
ഹരതി തേ രതിതേജസി വിഗ്രഹേ” (ചതുർത്ഥസർഗ്ഗം)

## ഭാരതം കഥ

ഇതു കൊല്ലം പത്താം ശതകം പ്രഥമ പാദത്തിലെ ഒരു കൃതിയായിരിക്കാം. താൻ ഗോവർദ്ധനപുര വാസിയും ദത്തന്റെ പുത്രനും കൃഷ്ണന്റെ ശിഷ്യനുമാണെന്നും ഭാരത കഥ രചിച്ചതു് അമ്പലപ്പുഴ രാജാവിന്റെ (ദേവനാരായണൻ) ആജ്ഞയനുസരിച്ചാണെന്നും കവി പ്രസ്താവിക്കുന്നു. ആ രാജാവു 929-ൽ രാജ്യഭ്രഷ്ടനായ ചെമ്പകശ്ശേരി രാജാവാണെന്നു തോന്നുന്നു. നിശ്ചയമില്ല. ഗോവർദ്ധനപുരം ഏതെന്നും അറിയുന്നില്ല. രാഷ്ട്രോല്പത്തി മുതല്ക്കുള്ള മഹാഭാരതകഥ പ്രസ്തുത വാങ്മയത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇടയ്ക്കിടയ്ക്കു കൃഷ്ണനാട്ടത്തെ അനുകരിച്ച ചില ഗാനങ്ങളും കാണുന്നു. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ഈ ഗ്രന്ഥത്തിലുള്ളവയാണു്.

“വന്ദേ വൃന്ദാരകാണാമപി ബത നികുരും-
ബൈരലം സ്തൂയമാനം
വിദ്യാസാരാന്മനോലംബകപരമഗുരോഃ
കൃഷ്ണനാമ്നഃ കടാക്ഷാൽ
ഇത്ഥം ശ്രീദേവനാരായണധരണിപതേ-
രാജ്ഞയാ പ്രാജ്യകീർത്തേ-
ര്യോ ദത്തസ്യാത്മജന്മാ പ്രഥയതി സ കഥാം
ഭാരതാഖ്യാം ച കിഞ്ചിൽ.”

“ശ്രീമദ്ഗോവർദ്ധനാഖ്യേ മഹിതപുരവരേ
സന്നിഷണ്ണസ്യ വിഷ്ണോ-
രന്തർമ്മേ സന്തതം. . . . . . . . . പുരുകൃപയാ
ഹന്ത! കാരുണ്യസിന്ധോഃ
കൃഷ്ണാദീനാം ഗുരൂണാമപി ച നരപതേ-
ർദ്ദേവനാരായണാഖ്യ-
സ്യാജ്ഞാശക്ത്യാപി ചൈവം രചിതമിഹ മയാ
പാണ്ഡവാനാം ചരിത്രം.”

“ധൂളീധൂസരകുന്തളം തിലകഭംഗ്യാതീവ ഭാന്തം കരാ-
ന്തോദ്യദ്വേത്രവിഷാണവേണുകബളം കാളാംബുദശ്യാമളം
ഗോപാലാർഭകസംവൃതം വിലസിതം കാഞ്ച്യാരണൽകിങ്കിണീ-
പാളീകാന്തമുദാരഗോപശിശുകം വന്ദേ പരം ദൈവതം.”

## ദേവരാജഭട്ടൻ

പാലക്കാട്ടു ദേവരാജഭട്ടൻ അരുണ ഗിരിയുടെ ശിഷ്യനായ കൃഷ്ണദ്വൈപായനഭട്ടന്റെ പുത്രനാണ്. അദ്ദേഹം ഒരു ദ്രാവിഡബ്രാഹ്മണനായിരുന്നു. ദേവരാജന്റെ കൃതികളായി (1) ഗുരുവായുപുരേശസ്തുതി (2) രാമായണശതകം (3) സുഖബോധിനി (കിരാതാർജ്ജുനീയവ്യാഖ്യ) (4) സാരസംഗ്രഹണം (മാഘവ്യാഖ്യ) ഇങ്ങനെ നാലു ഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ട്. ഭാഗവതം ഏകാദശസ്കന്ധം വ്യാഖ്യാനിച്ച ചീരക്കുഴി ഭവദാസൻ നമ്പൂരിയുടെ ഗുരുനാഥനായ അരുണഗിരിയും ഈ അരുണഗിരിയും ഭിന്നന്മാരാണെന്ന് അന്യത്ര പ്രസ്താവിക്കും. താഴെക്കാണുന്ന ശ്ലോകങ്ങളിൽ നിന്നു ദേവരാജനെപ്പറ്റി വേറെയും ചില വിവരങ്ങൾ വെളിപ്പെടുന്നുണ്ട്.

"ബ്രഹ്മീഭൂതമഹാരുണാദ്രിവിദുഷാമാനന്ദസന്ദായിനാം
വാഗ്ഭിർവിഷ്ണുപദീപയസ്സമധുരാസാരാഭിരാശൃണ്വതാം
കാരുണ്യാദുപദേശമാത്രവിലസദ്വിദ്യാളിസംശോധിനാ-
മസ്മദ്രക്ഷകരക്ഷകേഡ്യവപുഷാം പാദൗ ഗുരൂണാം ഭജേ"

"രാജ്യേ ശേഖരിഭൂപതേ രവിപുരഗ്രാമേ വസഞ്ച്ഛ്രീമതീ
ബ്രഹ്മീഭൂതമഹാരുണാദ്രിവിദുഷാം ശിഷ്യസ്യ പുത്രസ്ത്വഹം
വിദ്വാൻ കൗശികവംശജോ ദ്വിജവരശ് ശ്രീദേവരാജാഹ്വയോ
ഭക്ത്യാ കൃഷ്ണകഥാം പ്രവക്ഷ്യമനിശം മുക്തൈ്യ സുഖേനാരഭേ."

"ശ്രീമദ്ഭാഗവതം മുനീന്ദ്രകഥിതം യദ്ദ്വാദശസ്കന്ധകം
തസ്മിൻ ദാശമികേ ഹരേസ്തു ചരിതം യദ്ഭൂയസാ വർണ്ണിതം
തൽസർവന്ത്വഹമാദരേണ വചസാ ഹ്യല്പീയസാ സംഗ്രഹാ–
ദ്വക്ഷ്യം പ്രാരഭ ആർത്തിനാശനവിധേഃ ശ്രീദേവരാജാഹ്വയഃ. " (ഗുരുവായുപുരേശസ്തുതി)

"ഇത്യേതൽ സംഗൃഹീതം രഘുവരചരിതം
ദേവരാജദ്വിജേന
ശ്രീമദ്രാമായണാഖ്യം നിഖിലശുഭകരം
പാവനം പാപനോദം
യേ ശൃണ്വീരൻ പഠേയുർഭുവി വിമലഹൃദോ
ബ്രാഹ്മണാ രാമഭക്താ-
സ്തേ സർവേ പുത്രമിത്രാദിഭിരപി സഹിതാ
മോക്ഷമീയുസ്തദന്തേ."

(രാമായണശതകം)

"പ്രകാശവർഷപ്രഭൃതിപ്രണീതാ
വ്യാഖ്യാ ന പൂർണ്ണാ ഇതി ഭാരവീയേ
കാവ്യേ പ്രഭൃതാം വിദധാതി ടീകാം
ശ്രീദേവരാജോ വിദുഷാം നിദേശാൽ."

“ആലോച്യ ദേവരാജാര്യോ വിദ്വദ്ഭിർബഹുഭിസ്സഹ
വ്യാഖ്യാം വിഷമസർഗ്ഗസ്യ യഥാബോധമവർണ്ണയൽ.

അനൂദ്യ സർവം പദസിദ്ധിമുക്ത്വാ
പദാന്വയേന പ്രകടയ്യ വാക്യം
പ്രദർശ്യ ഭാവം സുഖബോധിനീം താം
കരോത്യയം ബാലവിബോധനാർത്ഥം.” (സുഖബോധിനി)

“ശ്രീദേവരാജവിദുഷാ ശിശുപാലവധാഭിധേ
കാവ്യേ കരിഷ്യതേ ടീകാ നാതിസംക്ഷേപവിസ്തരാ.

ആലോച്യ മാഘകാവ്യസ്യ വ്യാഖ്യാനാനി ബഹൂന്യലം
തത്തദ്വ്യാഖ്യാകൃതാ അർത്ഥാ ലിഖ്യന്തേ കേവലം മയാ.

ഹരിദാസാത്തു താൽപര്യം വല്ലഭാൽ പദനിർണ്ണയം
ജ്ഞാത്വാ ശ്രീരംഗദേവാദ്യാദ്യൽ സാരം തച്ച ലിഖ്യതേ.

വാക്യാർത്ഥാന്വയതാൽപര്യസമാസപദനിർണ്ണയാ
അത്ര സാ ദേവരാജീയവ്യാഖ്യാ വിജയതേ ഭുവി.” (സാരസംഗ്രഹണം)

സാരസംഗ്രഹണത്തിൽ ദേവരാജൻ മാഘത്തിന് അർത്ഥദീപിക എന്ന വ്യാഖ്യാനം രചിച്ച ഹരിദാസനെ ഉപജീവിക്കുന്നതായി പറയുന്നു. ഹരിദാസൻ കാവ്യദർപ്പണകാരനായ രാജചൂഡാമണിദീക്ഷിതരെ സ്മരിക്കുന്നുണ്ട്. രാജചൂഡാമണി അദ്ദേഹത്തിന്റെ തന്ത്രശിഖാമണി എന്ന പൂർവ്വമീമാംസാഗ്രന്ഥം രചിച്ചതു കൊല്ലം 811-ആണ്ടിടയ്ക്കാണ്. ആ വഴിക്കു നോക്കുമ്പോൾ ദേവരാജന്റെ കാലം പത്താം ശതകത്തിനു മുമ്പാവാൻ തരമില്ല.

## ഗുരുവായുപുരേശസ്തുതി

ഇതിൽ ഭാഗവതം ദശമസ്കന്ധത്തിലെ കഥ കവി ആയിരം ശ്ലോകങ്ങളായി രചിച്ചിരിക്കുന്നു. മേല്പത്തൂർ ഭട്ടതിരിയുടെ പദ്ധതിയനുസരിച്ച് ഓരോ ശ്ലോകത്തിലും ഗുരുവായൂർ ശ്രീകൃഷ്ണനെ അഭിസംബോധനം ചെയ്യുന്നു. ഓരോ ശതകത്തിന്റേയും അവസാനത്തിലാണ് പ്രാർത്ഥനാപദ്യങ്ങൾ ചേർത്തിട്ടുള്ളതു്; അല്ലാതെ ദശകത്തിന്റെ അവസാനത്തിലല്ല. രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“അംഭോജോദ്ഭവകാന്തകേളിപരിരംഭാലാപസംഭോഗജാ-
നന്ദോദ്രിക്തമനഃപ്രസാദപിശുനപ്രോദ്യന്മുഖാംഭോരുഹാ
ശ്രോത്രാനന്ദരസപ്രവാഹജനകക്വാണോല്ലസൽകച്ഛപീ-
വീണാവാദനശീലപാണിജലജാ സാ ഭാരതീ പാതു നഃ”

“സോഹന്ത്വിജ്യാതപോഭ്യാം സദുപശമരതോ
വാ ന തുഷ്യേയമിത്ഥം
ശുശ്രൂഷായാ വിധാനാൽ സതതമപി ഗുരോ-
സ്തദ്യഥാ പ്രീതിയുക്തഃ
ഗേഹേ വൃത്തം ഗുരോർന്നഃ സ്മരസി സുവസതാം

തത്ര ജാതാംസ്ത്വിദാനീം
കൃഷ്ണാസ്മാൻ പാഹി വിഷ്ണോ ഗുരുപവനപുരാ-
ധീശ താപാവലിഭ്യഃ."

## രാമായണശതകം

ഈ കൃതിയിൽ നൂറു ശ്ലോകങ്ങളേയുള്ളൂ. ഓരോ ശ്ലോകവും "രാമഃ പായാദപായാദ നുജബലയു തോസ്മാൻ സ കോദണ്ഡപാണിഃ" എന്നവസാനിക്കുന്നു. എല്ലാ ശ്ലോകങ്ങളും സ്രഗ്ദ്ധരാവൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. ഉപക്രമശ്ലോകംമാത്രം അടിയിൽ ഉദ്ധരിക്കുന്നു.

"വസ്ത്വസ്തു സ്വസ്തിദം നഃ പ്രശമിതബലവ-
ത്താപവർഗ്ഗം ജനാനാം
ശുദ്ധം ബുദ്ധം വിമുക്തം നിഖിലമുരുഗുണാ-
പൂർണ്ണമീഡ്യം മുനീന്ദ്രൈഃ
ത്രൈലോക്യദ്രോഹകാരിപ്രബലജനഘന-
വ്രാതരക്ഷോന്ധകാര-
സ്തോമപ്രോത്സാദനോദ്യച്ഛരകിരണലസ-
ദ്രാമചന്ദ്രാഭിധാനം."

## സുഖബോധിനി

കിരാതാർജ്ജുനീയത്തിന് ഏറ്റവും വിവൃതവും ലളിതവുമായ ഒരു വ്യാഖ്യാനമാണ് സുഖബോധിനി. അതിലും സാരസങ്ഗ്രഹണത്തിലും ദേവരാജൻ അദ്ദേഹത്തിന്റെ വിപുലമായ വ്യാകരണപാണ്ഡിത്യം സമഗ്രമായി പ്രകടിപ്പിച്ചിരിക്കുന്നു. പ്രകാശവർഷാദി പണ്ഡിതന്മാരുടെ ടീകകൾ പരിപൂർണ്ണങ്ങളല്ലെന്നു തോന്നിയതിനാലാണ് താൻ ആ വ്യാഖ്യാനം രചിച്ചതെന്ന് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേരളീയരിൽ ചിത്രഭാനു കിരാതാർജ്ജുനീയം ആദ്യത്തെ മൂന്നു സർഗ്ഗങ്ങൾമാത്രമേ വ്യാഖ്യാനിച്ചുള്ളൂ. മങ്ഗലന്റെ വ്യാഖ്യാനം സംക്ഷിപ്തമാണെന്നും നാം ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതുണ്ട്.

## സാരസംഗ്രഹണം

സാരസംഗ്രഹണം ശിശുപാലവധത്തിന്റെ സമ്പൂർണ്ണമായ ഒരു ടീകയാണ്. താൻ പല പൂർവസൂരികളേയും ഉപജീവിക്കുന്നതായി വ്യാഖ്യാതാവു പറയുന്നുണ്ടെങ്കിലും അദ്ദേഹം ഒരു സ്വതന്ത്രനായ സഹൃദയനെന്ന നിലയിലാണ് പ്രസ്തുതകൃതിയിൽ പ്രായേണ പരിലസിക്കുന്നത്. ഒരു വ്യാഖ്യാതാവെന്ന നിലയിൽ അദ്ദേഹം നമ്മുടെ ഹൃദയങ്ഗമമായ ആദരത്തെ സർവഥാ അർഹിക്കുന്നു. ദേശമങ്ഗലത്തു ശ്രീകണ്ഠവാരിയരുടെ ബാലബോധിക എന്ന മാഘവ്യാഖ്യയെപ്പറ്റി മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വല്ലഭന്റെ ഈ ടീകയെപ്പറ്റി ഒരു പ്രശംസാപദ്യം കേട്ടിട്ടുണ്ട്. അതു ചുവടേ ചേർക്കുന്നു.

"അപടീകാഗതോ മാഘേ ഭൃശം ജാഡ്യേന പീഡ്യതേ
കഥഞ്ചിന്നിർവഹത്യേവ കണ്ഠസംസക്തവല്ലഭഃ."

വല്ലഭനെ ദേവരാജൻ പദനിർണ്ണയവിഷയത്തിൽ ഉപജീവിക്കുന്നതായി അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

# — 38 —

# കുഞ്ചൻനമ്പിയാർ (രാമപാണിവാദൻ)

"വൻപിയന്ന മദമറ്റ മരന്ദം
കുമ്പിടുന്നപടി തുള്ളലനേകം
അമ്പിനോടിഹ ചമച്ചൊരു കുഞ്ചൻ-
നമ്പിയാർ കവിയമാനുഷനത്രേ." (വലിയ കോയിത്തമ്പുരാൻ)

അതിമനോഹരങ്ങളായ അനവധി സംസ്കൃതഗ്രന്ഥങ്ങളുടെ പ്രണേതാവായി ഒരു രാമപാണിവാദൻ കൊല്ലം പത്താം ശതകത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്നു. രസനിഷ്യന്ദികളായ ഏതാനും കിളിപ്പാട്ടുകൾ തുടങ്ങിയുള്ള പല ഭാഷാകൃതികളുടെ നിർമ്മാതാവായ ഒരു രാമപാണിവാദനും ആ കാലഘട്ടത്തെ അലങ്കരിച്ചിരുന്നതായി നമുക്കറിയാം. അസംഖ്യം തുള്ളൽക്കഥകൾ രചിച്ച കേരളീയരെ അനുഗ്രഹിച്ച കുഞ്ചൻനമ്പിയാരുടെ ജീവിതകാലവും അതുതന്നെയാണ്. ഈ മൂന്നു കവികളും വിഭിന്നന്മാരോ അല്ലയോ എന്നുള്ള വിഷമമായ പ്രശ്നമാണ് പ്രകൃതത്തിൽ നമ്മെ പ്രഥമമായി അഭിമുഖീകരിക്കുന്നത്. ഏതദ്വിഷയകമായി നമുക്ക് ഇതുവരെ ലഭിച്ചിട്ടുള്ള ലിഖിതപ്രമാണങ്ങളെക്കുറിച്ച് ആദ്യമായി ഉപന്യസിക്കാം.

## കുഞ്ചൻനമ്പിയാരെപ്പറ്റി തിരുവിതാംകൂറിലുള്ള രേഖകൾ

തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ചില പഴയ ഓലക്കണക്കുകളിൽ കുഞ്ചൻനമ്പിയാരുടെ പേർ പ്രകടമായി പ്രസ്താവിച്ചുകാണുന്നു. 919-ആണ്ടത്തെ അല്പശി ഉത്സവത്തിനു കുഞ്ചൻനമ്പിയാർക്കു "രണ്ടേകാലും കോപ്പും" അനുവദിച്ചിരുന്നു. ആ ആണ്ടു കുംഭം 30-ആം൹ കൊട്ടാരത്തിൽ പാർക്കുന്ന "കുഞ്ചൻനമ്പ്യാർക്കു കാലിൽ ദീനമാകയാൽ" മരുന്നുവിലയ്ക്കു കൊട്ടാരത്തിൽനിന്നു ഇരുപത്തിമൂന്നു പണം കൊടുത്തു. 922-ആണ്ടു "കുഞ്ചൻനമ്പ്യാരുടെ" കൂടെ നിന്ന മിതുനപ്പള്ളി വീട്ടിൽ കുഞ്ചുമാതിറ്റിക്കു ടി ആണ്ടൊന്നുക്കു നെൽ 72 പറയും പാല്ക്കുളങ്ങര അധികാരത്തിൽനിന്നു ചെലവെഴുതി. 929-ആണ്ട് അല്പശി ഉത്സവത്തിനു "കുഞ്ചൻനമ്പ്യാർക്കു" വലിയ തോതിൽ ചങ്ങലവിളക്കും വലിയ പർപ്പടം മുതലായവയോടുകൂടി ഒരു രാജകീയാതിഥി എന്ന നിലയിൽ "അരിയും കോപ്പും" നല്കി. "അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർക്ക് 933 തൈ 5-ആം൹ കൊടുത്ത മുകപ്പിൽ ആണിത്തലയ്ക്കൽ ചികപ്പുകൽ വച്ച വീരശങ്ങല ഉരുവ് ഒന്ന്" എന്നും, അദ്ദേഹത്തിനുതന്നെ വീണ്ടും കൊടുത്ത 934 പുരട്ടാശി 30-ആം൹ "വീരശങ്ങല ഉരുവ്

ഒന്നും" എന്നും വലിയ കൊട്ടാരത്തിലെ കണക്കുകളിൽ കാണുന്നു. 933 കർക്കടകത്തിലാണല്ലോ രാമവർമ്മമഹാരാജാവു വഞ്ചിരാജ്യഭരണം ആരംഭിച്ചതു്. ഈ രേഖകളിൽനിന്നു 919-ആണ്ടിലോ അതിനുമുൻപുതന്നെയൊ കുഞ്ചൻനമ്പിയാർ തിരുവനന്തപുരത്തെത്തി മാർത്താണ്ഡവർമ്മമഹാരാജാവിന്റെ മഹനീയന്മാരായ ആസ്ഥാനകവികളിൽ അന്യതമനായിത്തീരുകയും, തദനന്തരം അമ്പലപ്പുഴയും തിരുവനന്തപുരത്തുമായി താമസിക്കുകയും 933-ൽ ആ തിരുമേനിയുടേയും 934-ൽ രാമവർമ്മമഹാരാജാവിന്റേയും പക്കൽനിന്നു് ഓരോ വീരശൃംഖല സമ്മാനമായി വാങ്ങുകയും ചെയ്തു എന്നുള്ള വസ്തുതകൾ വെളിപ്പെടുന്നു. ഒടുവിലത്തെ ചേമ്പകശ്ശേരിരാജാവും മാർത്താണ്ഡവർമ്മമഹാരാജാവും തമ്മിൽ വളരെക്കാലം സ്നേഹത്തിലാണു് കഴിഞ്ഞുകൂടിയതു്. കുഞ്ചൻനമ്പിയാർക്കു് അമ്പലപ്പുഴക്ഷേത്രത്തിൽനിന്നു് ഏതെങ്കിലും അനുഭവം രാമവർമ്മമഹാരാജാവു കല്പിച്ചുകൊടുത്തിരിക്കുമെന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. എന്നാൽ അതിലേക്കുള്ള കണക്കുകൾ ഒന്നും കണ്ടുകിട്ടീട്ടില്ലെന്നുമാത്രമല്ല, 954-ൽ അവിടുന്നും തെക്കേടത്തു ഭട്ടതിരിയുംകൂടി കൊട്ടാരം ചൊക്കട്ടാൻമണ്ഡപത്തിൽവെച്ചു വ്യവസ്ഥപ്പെടുത്തിയ ആ ക്ഷേത്രത്തിലെ പായസക്കണക്കിൽ നമ്പിയാരുടെ പേർ കാണുന്നുമില്ല. പക്ഷേ 1015 തുലാം 24ആംനുയിലെ ഒരു ഹജൂരുത്തരവിൽ "മുമ്പിൽ എഴുന്നള്ളത്തോടു പാർത്തിരുന്ന കലക്കത്തു കുഞ്ചൻനമ്പ്യാരുടെ അനന്തരവരിൽ അമ്പലപ്പുഴ പാർത്തുവന്ന കുഞ്ചൻനമ്പ്യാരുടെ പേർക്കു് അമ്പലപ്പുഴമണ്ടപത്തുംവാതുക്കൽനിന്നും മാസം 1-നു് 15 പണംവീതം അടുത്തൂണും അമ്പലപ്പുഴക്ഷേത്രത്തിൽനിന്നു നാൾ 1-നു ഇരുന്നാഴി പാല്പായസവുംവീതം കൊടുത്തുവന്നിരുന്ന" തായി കാണുന്നു. ഇവരിൽ ആദ്യത്തേ കുഞ്ചൻനമ്പിയാർതന്നെയാണു് സാക്ഷാൽ കവി എന്നു പറയേണ്ടതില്ലല്ലോ. രണ്ടാമത്തെ കുഞ്ചൻനമ്പിയാർ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനന്തിരവൻ കുഞ്ഞുകൃഷ്ണൻ നമ്പിയാർക്കു് ആ അടുത്തൂണും പായസവും ഹജൂരിൽനിന്നു് 1015-ൽ പേരുമാറ്റി പതിച്ചുകിട്ടി. 1019-ൽ കുഞ്ഞുകൃഷ്ണൻനമ്പിയാർ മരിച്ച അവസരത്തിൽ ആ അവകാശം പ്രസ്തുതകുടുംബത്തിലെ പാർവതിനങ്ങിയാർക്കു 1020-ആണ്ടു വൃശ്ചികമാസം 7-ആംനു സർക്കാരിൽ നിന്നു വീണ്ടും പേരുമാറി പതിച്ചുകൊടുത്തു. ആ രേഖയിൽ കവിയുടെ പേർ മങ്ങലത്തു കുഞ്ചൻനമ്പിയാർ എന്നും കലക്കത്തു കുഞ്ചൻനമ്പിയാർ എന്നും കാണിച്ചിട്ടുണ്ടു്. ആ അവകാശം ഇന്നും കിള്ളിക്കുറിശ്ശിമങ്ഗലത്തിൽ താമസിക്കുന്ന ആ വംശക്കാർ അനുഭവിച്ചുവരുന്നതായി അറിയുന്നു. കുഞ്ചൻനമ്പിയാരെപ്പറ്റി ഇതിൽക്കൂടുതലായി ഒരു രേഖയും കിട്ടീട്ടില്ല. ഒരു ഗ്രന്ഥത്തിലും ആ പേരു കാണുന്നുമില്ല. സുപ്രസിദ്ധങ്ങളായ അനവധി തുള്ളൽക്കഥകളുടെ പ്രണേതാവു് അദ്ദേഹമാണെന്നുള്ള വസ്തുത പണ്ഡിതന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഹരിശ്ചന്ദ്രചരിതം പറയൻതുള്ളലിൽ കവി "പാണിവാദനാമെന്റെ പരമാനന്ദദാതാവാം ക്ഷോണീദേവതാചൂഡാമണിയാകും ഗുരുനാഥൻ" എന്ന വാചകത്തിൽ താൻ ഒരു നമ്പിയാരാണെന്നു തുറന്നുപറഞ്ഞിട്ടുമുണ്ടു്.

## നാമമുദ്രയുള്ള കൃതികൾ

രാമപാണിവാദൻ പല സംസ്കൃതകൃതികളിലും സ്വനാമധേയം പ്രകാശിപ്പിച്ചിട്ടുണ്ടു്. ആ പംക്തികൾ ഉദ്ധരിക്കാം.

### (1) ചന്ദ്രികാവീഥി

വീഥിയുടെ ലക്ഷണം

"പാത്രദ്വയപ്രയോജ്യാ ഭാണവദേകാങ്കകൈകസന്ധിശ്ച
ആകാശഭാഷിതവതീ കൃത്രിമമിതിവൃത്തമാശ്രിതാ വീഥീ"

എന്ന ശ്ലോകത്തിൽ കവിതന്നെ പ്രദർശിപ്പിച്ചിരിക്കുന്നു. അങ്ഗരാജാവായ ചന്ദ്രസേനൻ, മണിരഥൻ എന്ന വിദ്യാധരന്റെ പുത്രിയായ ചന്ദ്രികയിൽ അനുരക്തനായിത്തീരുന്നു. ചണ്ഡൻ എന്നൊരു രാക്ഷസൻ ചന്ദ്രികയെ അപഹരിച്ചുകൊണ്ടുപോകുന്നു. വിഘ്നേശ്വരന്റെ പ്രസാദത്താൽ ചന്ദ്രസേനൻ ചണ്ഡനെ വധിച്ചു ചന്ദ്രികയെ പാണിഗ്രഹണം ചെയ്യുന്നു. ഇതാണ് ഈ വീഥിയിലെ ഇതിവൃത്തം.

"അദ്യ ഖലു പ്രകാശരാജ്യപ്രകാശഭൃതസ്യ പ്രതാപവിവേകവിദ്യാവിശേഷശാലിനഃ ശ്രീവീരരായമഹാരാജസ്യാജ്ഞയാ ശ്രീപരക്രോഡനാമക്ഷേത്രമധിവസതഃ ശൂലാഗ്രകീലിതകീനാശസ്യ ഭഗവതഃ ശ്രീപരമേശ്വരസ്യ മാഘകൃഷ്ണചതുർദ്ദശീമഹോത്സവ പ്രസങ്ഗേന സങ്ഗതായാമസ്യാം പരിഷദി, മങ്ഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതാം ചന്ദ്രികാം നാമ വീഥീമഭിനേതുമഭിലഷാമഃ"

എന്ന പ്രസ്താവനയിലെ പംക്തിയിൽനിന്നു പ്രസ്തുതവീഥി വെട്ടത്തുനാട്ടു തിരുവീരരായനെന്ന രാജാവിന്റെ ആജ്ഞയനുസരിച്ചു മങ്ഗലത്തുകാരനായ രാമൻനമ്പിയാർ തൃപ്രങ്ങോട്ടു ശിവക്ഷേത്രത്തിൽ ശിവരാത്രിനാളിൽ അഭിനയിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഒരു രൂപകമാണ് ചന്ദ്രികയെന്നു വിശദമാകുന്നുണ്ട്. ഗ്രന്ഥത്തിന്റെ അവസാനത്തിൽ

വീഥീയം ചന്ദ്രികാ നാമ രാമപാണിഘനിർമ്മിതാ
ഏകാങ്കചരിതൈകാങ്കനാട്യേഷ്വഷ്ടമലക്ഷണാ"

എന്ന ശ്ലോകവും ഘടിപ്പിച്ചിരിക്കുന്നു. ഈ മങ്ഗലം ലക്കിടി തീവണ്ടിയാപ്പീസിനു സമീപമുള്ള കിള്ളിക്കുറിശ്ശിമങ്ഗലം തന്നെയാണെന്നും വെട്ടത്തു തിരുരിനടുത്തുള്ള മങ്ഗലമല്ലെന്നും പരിച്ഛേദിച്ചുതന്നെ പറയാം. കിള്ളിക്കുറിശ്ശിമങ്ഗലം മങ്ഗലം എന്ന പേരിലും സർക്കാർ റിക്കാർട്ടുകളിൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നുവെന്നു നാം കണ്ടുവല്ലോ. പാണിവാദൻ എന്നാൽ മിഴാവു കൊട്ടുന്നവൻ – നമ്പിയാരെന്നർത്ഥം. പാണിഘൻ എന്ന പദവും അതിന്റെ പര്യായംതന്നെ. തിരുരിന്നടുത്തുള്ള മങ്ഗലത്തിൽ യാതൊരു പാണിവാദകുടുംബവും ജീവിച്ചിരുന്നതായി കേട്ടുകേൾവി പോലുമില്ല. പോരെങ്കിൽ ലീലാവതീവീഥിയിൽനിന്ന് അടിയിൽ ചേർക്കുന്ന ഭാഗം ചിലർക്കു തദ്വിഷയകമായുള്ള സംശയത്തിന്നു മൂലച്ഛേദം വരുത്തുവാൻ പര്യാപ്തവുമാണ്.

## (2) ലീലാവതീവീഥി

കുന്തളേശ്വരനായ വീരപാലനും കർണ്ണാടരാജപുത്രിയായ ലീലാവതിയും തമ്മിലുള്ള പ്രണയത്തെ വിഷയീകരിച്ചു രചിച്ചിട്ടുള്ളതാണ് ഈ വീഥി.

"നാന്ദ്യന്തേ സൂത്രധാരഃ— ആജ്ഞാപിതോസ്മി നിഖില ശാസ്ത്രപുരാണനാടകപ്രപഞ്ചസതതപരിശീലനവിശദാന്തരാത്മനോ നിത്യസന്നിദധദംബരധുനീനാഥപരിചരണപരായണസ്യ മഹാരാജദേവനാരായണസ്യ പാദപദ്മോപജീവിനാ മഹീസുരസമാജേന . . . അസ്തി മങ്ഗലഗ്രാമവാസ്തവ്യസ്യ രാഘവപാണിഘസ്യ ഭാഗിനേയോ രാമോ നാമ പാണിവാദഃ.

നടീ — (സപ്രത്യഭിജ്ഞം) യഃ പുരാണമഹീസുരവരിഷ്ഠസ്യ പ്രിയമിത്രമിതി ശ്രൂയതേ.

സൂത്ര — . . . കിഞ്ച,

നിത്യം നൃത്യതി യസ്യ നാമ രസനാരങ്ഗേ സ്വയം ഭാരതീ
ചിത്തേ യസ്യ ച ഭാസതേ സുരധുനീനാഥോ രഥാങ്ഗായുധഃ
യം ഭൂയോ ബഹുമന്യതേ നരപതിഃ ശ്രീദേവനാരായണഃ
സോയം മേ ഹൃദയേ ചകാസ്തു സതതം ഭൂദേവ ചൂഡാമണിഃ."

മങ്ഗലത്തു രാഘവൻനമ്പിയാരുടെ അനന്തരവനാണ് താനെന്നു രാമപാണിവാദൻ ഈ കൃതിയിൽ പ്രസ്താവിക്കുന്നുണ്ട്. അതോടുകൂടി അദ്ദേഹം പുരാണമഹീസുരവരിഷ്ഠന്റെ, അതായതു പഴേടത്തു ഭട്ടതിരിയുടെ, പ്രിയമിത്രമാണെന്നും പറഞ്ഞിരിക്കുന്നു. പഴേടത്തുമന കിള്ളിക്കുറിശ്ശിമങ്ഗലത്തിനടുത്തുള്ള ഒരു നമ്പൂതിരിയില്ലമാണ്; ആ കുടുംബത്തിനു പ്രസ്തുത ക്ഷേത്രത്തിൽ ഊരാണ്മസ്ഥാനം ഉണ്ടായിരുന്നതായും അറിയുന്നു. കിള്ളിക്കുറിശ്ശിമങ്ഗലത്തിലെ ഒരു നമ്പിയാർക്കാണല്ലോ തിരൂർ മങ്ഗലത്തിലെ ഒരു നമ്പിയാരേക്കാൾ പഴേടത്തു ഭട്ടതിരിയുടെ പ്രിയമിത്രത്വം ലഭിക്കുവാൻ സാങ്ഗത്യമുള്ളത്. ചെമ്പകശ്ശേരിത്തമ്പുരാനേയും തെക്കേടത്തു ഭട്ടതിരിയേയും ഈ ഗ്രന്ഥത്തിൽ സ്തുതിച്ചിട്ടുള്ളതിനാൽ ഇതു് അമ്പലപ്പുഴെ വെച്ചുരചിച്ച ഒരു കൃതിയാണെന്നു പ്രത്യക്ഷമാകുന്നു.

### (3) മദനകേതുചരിതം പ്രഹസനം

ഈ ഗ്രന്ഥത്തിൽ "അപി ശൃണോഷി മങ്ഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതം മദനകേതുചരിതം നാമ പ്രഹസനം" എന്ന് ആരംഭത്തിലും

"ഗുരുതരദുരിതാർണ്ണവൗഘവഹ്നീ
ഗുരുചരണാവരുണാംബുജന്മശോണൗ
പ്രണമതി വിനയാവനമ്രമൂർദ്ധ്നാ
പ്രതിദിനമേഷ ഹി രാമപാണിവാദഃ"

എന്നും

"നാരായണാഭിധാനം കിമപി പരം ബ്രഹ്മ സകലജനവന്ദ്യം
ദ്രഢയതി മനസി നിതാന്തം ശാന്തമതീ രാമപാണിവാദോയം"

എന്നും അവസാനത്തിലും പ്രണേതൃസംജ്ഞ നിർദ്ദിഷ്ടമായിരിക്കുന്നു. കവിയുടെ യൗവനാരംഭത്തിലെ ഒരു കൃതിയാണ് ഈ പ്രഹസനം എന്നുള്ളതിനു സംശയമില്ല. സൂത്രധാരൻ നടനോടു പറയുന്ന

"യേ ഗൃഹ്ണന്തി ഗുണാനണൂനപി കവേഃ കാവ്യേഷു നവ്യേഷ്വപി
പ്രായോ നോ ഗണയന്തി ദോഷനിവഹം, തേ നാമ സന്തഃ കില;
ബാലോപ്യാത്മകൃതിപ്രകാശനവിധൗ ശക്നോതി തേഷാം പുരോ;
ദീപ്തിം വിന്ദതി കിന്ന ചന്ദ്രമഹസാമഗ്രേപി താരാഗണഃ?"

എന്ന ശ്ലോകത്തിലെ "ബാല" ശബ്ദപ്രയോഗത്തിന്റെ സ്വാരസ്യം പരിശോധിക്കുക. അന്നു കവിയുടെ ഗുരുനാഥനായ നാരായണഭട്ടതിരി ജീവിച്ചിരുന്നു. കിള്ളിക്കുറിശ്ശി മംഗലത്തുവെച്ചുതന്നെയായിരിക്കണം പ്രസ്തുതകൃതിയുടെ നിർമ്മിതി. ഈ നാരായണഭട്ടതിരി ആരെന്നു ഉപരി വിചിന്തനം ചെയ്യും.

### (4) സീതാരാഘവം നാടകം

ഇതു കവി പരിണതപ്രജ്ഞനായതിനുമേൽ മാർത്താണ്ഡവർമ്മമഹാരാജാവു 931-ൽ നടത്തിയ മുറജപത്തിനു സന്നിഹിതരായിരുന്ന ബ്രാഹ്മണരുടെ സദസ്സിൽ അഭി

നയിക്കുന്നതിനായി രചിച്ച ഏഴങ്കത്തിലുള്ള ഒരു നാടകമാകുന്നു. ഇതിന്റെ പ്രസ്താവനയിൽനിന്ന് ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്.

"സൂത്രധാര:

ശ്രീനാരായണഭട്ടപാദകരുണാപീയൂഷഗണ്ഡൂഷണാ-
ദിഷ്ടാം പുഷ്ടിമുപൈതി യസ്യ കവിതാകല്പദ്രുബീജാങ്കുരഃ,
രാമോ നാമ സ പാണിവാദകുലജസ്തസ്യ പ്രഭൃതം ഫലം
സീതാരാഘവനാടകാഭിധമിദം സഭ്യാർത്ഥമഭ്യാനയൽ.
. . .     . . .     . . .
അധിസ്യാനന്തൂരം ജയതി ജഗതീപാലനപരം
പരം ജ്യോതിശ്ശീതദ്യുതിധവളശേഷാഹിശയനം
യദന്തഃ സന്തന്വന്നഖിലനൃപതീനാം ന തു പരം
സുരാണാമപ്യുച്ചൈരധിവസതി മാർത്താണ്ഡനൃപതിഃ.

നടീ — ആര്യ! യദ്യേവം സ ഖലു നരേന്ദ്രോ രാമചന്ദ്രസ്യ ഭഗവതഃ പദ്മനാഭസ്യ കോപി കലാവതാര ഇതി തർക്കയാമി.

സൂത്ര — തത്ര താവൽ ത്വദുപന്യസ്താധികഗുണസമ്പന്നേന വൈകുണ്ഠതോ ƒ പ്രതിശയരമണീയതത്തന്നവ്യദ്രവ്യസംപൂരിതസ്യാനന്തൂരമന്ദിരേണ സർവാത്മനാ പത്മനാഭസമർപ്പിതസമസ്തനിജവിഭവേന സർവസാമന്തകുലമുകുടമണിമരീചിവീചിനീരാജിതചരണകമലേന ഇദാനീന്തനേന രാജ്ഞാ വഞ്ചിമാർത്താണ്ഡേന സകലദിഗന്തേഭ്യഃ സമാഹൂയ സമധിഷ്ഠാപിതാനാം സമാധീതവേദശാസ്ത്രാണാം സരസകാവ്യരസമജ്ജനോന്മജ്ജനസജ്ജസജ്ജനഭൂയിഷ്ഠാനാം ബ്രാഹ്മണവരിഷ്ഠാനാമതിഗരിഷ്ഠാം ഗോഷ്ഠീമപഹായ ക്വ നാമേദമഭിനേതവ്യം."

"രക്ഷേദക്ഷീണധർമ്മാ ചതുരുദധിതടീ-
മേഖലാം ഭൂതധാത്രീം
പുണ്യാത്മാ പദ്മനാഭപ്രണിഹിതഹൃദയോ
വഞ്ചിമാർത്താണ്ഡഭൂപഃ."

എന്ന് ഈ നാടകത്തിന്റെ ഭരതവാക്യത്തിലും കവി ആ മഹാരാജാവിനെ പ്രശംസിക്കുന്നു.

925 മകരം 5-ആംനുയാണ് മാർത്താണ്ഡവർമ്മമഹാരാജാവിന്റെ തൃപ്പടിദാനം. 925-ൽ ഒന്നാമത്തെ മുറജപം നടന്നത് അതിനുമുൻപാണ്. അതുകൊണ്ടു "സർവാത്മനാ പദ്മനാഭ സമർപ്പിതസമസ്തനിജവിഭവേന" എന്ന വിശേഷണം മഹാരാജാവിന് ആ മുറജപക്കാലത്തു യോജിക്കുന്നതല്ല. "സകലദിഗന്തേഭ്യഃ സമാഹൂയ സമധിഷ്ഠാപിതാനാം" എന്ന വർണ്ണനവും 927-ൽ വടക്കുംകൂറും 929-ൽ അമ്പലപ്പുഴയും തിരുവിതാംകൂറിൽ ലയിച്ചതിനുമേലുള്ള ഒരു കാലഘട്ടത്തെ കുറിക്കുന്നതായിവേണം സങ്കല്പിക്കുവാൻ. അതുകൊണ്ടാണ് സീതാരാഘവത്തിന്റെ നിർമ്മിതി രണ്ടാമത്തെ മുറജപം നടന്ന 931-ലാണെന്നു ഞാൻ അനുമാനിക്കുന്നത്.

രാമപാണിവാദൻ 931-ലെ മുറജപത്തിന് തിരുവനന്തപുരത്തു സന്നിഹിതനായിരുന്നു എന്നുള്ളതിന് ഇതിൽക്കൂടുതൽ തെളിവാവശ്യമില്ല.

"പ്രഭൃതം ഫലം" എന്ന വിവരണം അക്കാലത്തു രാമപാണിവാദനു മധ്യവയസ്സു കഴിഞ്ഞിരുന്നു എന്നു കാണിക്കുന്നു.

## (5) രാഘവീയം മഹാകാവ്യം

ഇതും സീതാരാഘവം പോലെതന്നെ രാമപാണിവാദന്റെ പ്രഥമഗണനീയങ്ങളായ സംസ്കൃതകൃതികളിൽ ഒന്നാണ്. ഇരുപതു സർഗ്ഗങ്ങളിലായി 1572 പദ്യങ്ങൾ ഈ കാവ്യത്തിൽ കവി ഉൾക്കൊള്ളിച്ച് ശ്രീരാമപട്ടാഭിഷേകംവരെയുള്ള രാമായണകഥ വർണ്ണിച്ചിട്ടുണ്ട്. സീതാരാഘവത്തിലെ ഇതിവൃത്തവും ശ്രീരാമപട്ടാഭിഷേകത്തിലാണ് അവസാനിക്കുന്നത്. രാഘവീയത്തിനു ബാലപാഠ്യം എന്നൊരു വ്യാഖ്യാനവും കവിതന്നെ രചിച്ചിരിക്കുന്നു. താഴെ ഉദ്ധരിക്കുന്ന രണ്ടു ശ്ലോകങ്ങൾ ഗ്രന്ഥാവസാനത്തിൽ കാണുന്നു.

“ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാ-
ദേതൽ കിഞ്ചന രാഘവീയമിതി യൽ കാവ്യം കൃതം കേനചിൽ
അപ്രജ്ഞത്വവശാദമുഷ്യ മഹതോ രാമായണാംഭോനിധേ-
രക്ഷോഭ്യത്വബലാച്ച തത്ര സുലഭോ ദോഷോ ബുധൈഃക്ഷമ്യതാം.
രാമേണ പാണിവാദേന രചിതം ഹി യഥാമതി
രാഘവീയം മഹാകാവ്യം ബാലവ്യുൽപത്തിലബ്ധയേ.”

രാഘവീയം പാണിവാദൻ ചെമ്പകശ്ശേരിരാജാവിന് അടിയറവച്ചപ്പോൾ സമർപ്പിച്ച മൂന്നു ശ്ലോകങ്ങൾ കിട്ടീട്ടുണ്ട്. അവയേയും ഇവിടെ സ്മരിക്കേണ്ടതാണ്.

“യസ്യ നിർമ്മലയശോമതല്ലികാ
ലോകരംഗഭുവി ലാസികായതേ
സാർവലൗകികഹാഗുണാംബുധേ!
തം ഭവന്തമഹമിത്ഥമർത്ഥയേ.

യോഽഭ്രദംകുരിതോ മനോരഥതരുശ്ചിത്താലവാലേ പുരാ
ത്വദ്ധസ്തേ സ തു ചോളഖണ്ഡനനിബന്ധാവസ്ഥിതിജ്ഞാനതഃ
പശ്ചാൽ പല്ലവിതസ്തതഃ കുസുമിതസ്ത്വദ്ഗുണ്യതാകർണ്ണനാ-
ത്തദ്ഗ്രന്ഥാഗ്ര്യസമർപ്പണേന സഫലീകുര്യാത്തമേനം ഭവാൻ.

സാരസ്യൈകസമാശ്രയോംബരധുനീലീലാരതഃ സന്തതം
രാജീവേക്ഷണരാജഹംസപൃഥുകോ യന്മാനസേ ഖേലതി
തസ്മാദാശ്രിതനന്ദനാൽ സുമനസാം സംസേവിതാൽ സഞ്ചയൈഃ
കോ വാ കല്പതരോരിവാത്രഭവതോ ലോകോഽനവാപ്തേപ്സിതഃ”

ചോളഖണ്ഡനനിബന്ധം ചോളദേശീയനായ ഏതോ ഒരു പണ്ഡിതന്റെ മതത്തെ ഖണ്ഡിക്കുന്ന ഒരു നിബന്ധം എന്ന അർത്ഥത്തിൽ ഗ്രഹിക്കേണ്ടതാണെന്നു തോന്നുന്നു. ചെമ്പകശ്ശേരി രാജാവ് ആ നിബന്ധത്തിന്റെ കർത്താവോ കാരയിതാവോ ആയിരുന്നിരിക്കാം.

ബാലപാഠ്യംകൂടിയുള്ള ചില രാഘവീയമാതൃകകളിൽ അടിയിൽ ചേർക്കുന്ന ശ്ലോകങ്ങൾ നിരീക്ഷിക്കാവുന്നതാണ്.

“രസികജനവിനോദി രാഘവീയം
രഘുവരചാരുചരിത്രകാവ്യബന്ധം
രചയതി മയി രാമപാണിവാദേ
രതിരധികാസ്തു സദാ കവീശ്വരാണാം.

ക്ഷോണിദേവകുലമൗലിമണ്ഡനം
പ്രീണിതാഖിലമനുഷ്യമണ്ഡലം
പാണിയുഗ്മരചിതാഞ്ജലിർഗ്ഗുരും
പാണിവാദകവിരേഷ വന്ദതേ.

രാമേണ പാണിവാദേന രാഘവീയമിദം കൃതം
തേനൈവ ബാലപാഠ്യാഖ്യാ വ്യാഖ്യാപ്യാഖ്യായി ധീമതാ."

രാഘവീയം 929-ആണ്ടിനുമുമ്പു വിരചിതമായ ഒരു കൃതിയാണെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ടതില്ല. രാഘവീയവും സീതാരാഘവവും കവിയുടെ മാതുലനായ രാഘവൻനമ്പിയാരുടെ നാമധേയവുമായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നു വിചാരിക്കണം.

## (6) മുകുന്ദശതകം

ഈ പേരിൽ രണ്ടു കൃതികളുണ്ട്. ഒന്നാമത്തേതു രാമപാണിവാദൻ കൊച്ചിയിൽ മണക്കുളത്തു രാമവർമ്മരാജാവിനെ ആശ്രയിച്ചു താമസിച്ചിരുന്നപ്പോൾ ആ രാജാവിന്റെ നിദേശമനുസരിച്ച് ഇരിങ്ങാലക്കുടത്തേവരെപ്പറ്റി രചിച്ച ഒരു സ്തോത്രമാണ്. ചുവടേ ചേർക്കുന്ന ശ്ലോകങ്ങൾ ആ ഗ്രന്ഥത്തിന്റെ അവസാനത്തിൽ കാണുന്നു.

"മുകുന്ദപുരവാസിനോ മുരരിപോഃ പ്രസാദാർത്ഥിനാ
മുകുന്ദശതകം കൃതം കിമപി പാണിവാദേന യൽ
തദേതദനുവാസരം പഠതി യസ്സ വിദ്യാം ശ്രിയം
യശശ്ച സമവാപ്നുയാദപി ച മുക്തിമന്തേ ശുഭാം.

ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാ-
ദാനന്ദായ സതാം മുകുന്ദശതകം രാമേണ യന്നിർമ്മിതം
ഗോവിന്ദസ്യ മുകുന്ദമന്ദിരപതേശ്ശ്രീപാദസംസേവിനാ
സ്തോത്രം തൽ ഖലു രാമവർമ്മനൃപതേർബോദ്ധ്യയതാം ഭൂതയേ.

ശ്രീരാമവർമ്മനൃപതിർമ്മതിമാൻ യദാര്യ-
ശ്രീകണ്ഠവംശകലാശാംബുധിപൂർണ്ണചന്ദ്രഃ
കേനാപി കാമദമചീകരദീദൃശം ത-
ന്മൗകുന്ദമദ്യ ശതകം ജഗതാം ഹിതായ."

"ആര്യശ്രീകണ്ഠൻ" എന്നതു് കക്കാട്ടുരാജകുടുംബത്തിൽപ്പെട്ട മണക്കുളത്തു മൂപ്പുവാഴ്ക്കാരായ രാജാക്കന്മാരുടെ മാറാപ്പേരാണ്. പ്രസ്തുത കൃതിക്കു പാണിവാദന്റെ സഹപാഠിയായ ഒരു പണ്ഡിതൻ സവിസ്തരമായ ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം കവിയെ ഇങ്ങനെ പ്രശംസിക്കുന്നു.

"ശ്രീമന്മുകുന്ദചരണാംബുജഭക്തിഭാര-
നിർന്നിദ്രനിർമ്മലമനോമണിദർപ്പണസ്യ
രാമാഹ്വയസ്യ സുകവേർവദനാദുദീർണ്ണം
മുഖ്യം മുകുന്ദശതകം ജയതീഹ ലോകേ.
... ... ...

സതീർത്ഥ്യതാമാത്രനിരൂഢഗർവ-
സംഭാവിതൈതൽകവിസൗഹൃദയ്യഃ
സ്തോത്രം തദീയം വിവൃണോമി മോഹാൽ
സന്തഃ ക്ഷമന്താമതിചാപലം മേ.

“ഇഹ ഖലു സകലവിദ്വജ്ജനമൗലിമാണിക്യഭൂതശ്രീനാരായണഭട്ടപാദപാദാരവിന്ദയുഗളീമരീമൃജ്യമാനമണിമയമതി ദർപ്പണ പ്രതിബിംബിതാശേഷാഗമനിഗമാർത്ഥസാർത്ഥപരമാർത്ഥസാരഃ സകലവിദ്യാപാരാവാരപാരീണപ്രജ്ഞാശക്തിഃ കവിതാകല്പവല്ലരീമതല്ലീമകരന്ദായമാനരചനാചാതുരീമാധുരീസമാഹ്ലാദിതസകലസഹൃദയഹൃദയോ മാർദ്ദങ്ഗികവംശമുക്താമണീ രാമനാമാകവിർമ്മുകുന്ദ ചരണാരവിന്ദഭക്തിഭാരപാരിപ്ലവതാനരീ നൃത്യമാനചിത്തവൃത്തിസ്സൻ . . . ”

മറ്റൊരു മുകുന്ദശതകവും രാമപാണിവാദകൃതമായുണ്ട്. അതും വിഷ്ണുസ്തോത്രംതന്നെ.

“സർവ്വാന്തർവ്വിചരിഷ്ണവേ സമതയാ സർവ്വത്ര വർത്തിഷ്ണവേ
ഭക്താഗഃപ്രസഹിഷ്ണവേ ഭവഭയം നിർദ്ധൂയ വർത്തിഷ്ണവേ
കൃഷ്ണായാധികധൃഷ്ണവേ കൃതധിയാം വൃന്ദായ രോചിഷ്ണവേ
ദേവേശപ്രഭവിഷ്ണവേ ഭഗവതേ തുഭ്യം നമോ വിഷ്ണവേ”

എന്നതു് അതിലെ നൂറാമത്തെ പദ്യമാണ്.

## (7) ശിവശതകം

ഈ കൃതിയും മണക്കുളത്തുവച്ചു രചിച്ചതായി തോന്നുന്നു. താഴെക്കാണുന്നതു് ഇതിന്റെ ഒടുവിലുള്ള ശ്ലോകമാണ്.

“രാമോ യൽ പാണിവാദോ ഗുരുചരണസരോ-
ജന്മരേണുപ്രസാദാ-
ദേതാവദ്വിഷ്ണുപാദസ്തവമപി ച ശിവ-
സ്തോത്രമേതദ്വ്യതാനീൽ
പ്രീത്യൈ ഭൂയാദ് ബുധാനാം തദിദമഘഹരം
ചാസ്തു നിസ്തന്ദ്രമേത-
ന്നിത്യം ഭക്തിപ്രകർഷോത്തരമനുപഠതാ-
മീഹയാ ദേഹഭാജാം.”

## (8) ഭാഗവതചമ്പു

ഭാഗവതം ദശമസ്കന്ധമാണ് ഇതിലെ പ്രതിപാദ്യം. ശ്രീകൃഷ്ണാവതാരം മുതൽ മുചുകുന്ദമോക്ഷം വരെയുള്ള കഥ ആദ്യത്തെ ഏഴു സ്തബകങ്ങളിൽ അടങ്ങിയിരിക്കുന്നു. അത്രയും ഭാഗമേ ഇതുവരെ എനിക്കു കാണ്മാൻ സംഗതി വന്നിട്ടുള്ളു. അതിനപ്പുറമുള്ള കഥകളും അദ്ദേഹത്തിന്റെ കവിതയ്ക്കു വിഷയീഭവിച്ചിട്ടുണ്ടോ എന്നറിവില്ല.

“ശ്രീനാരായണഭട്ടപാദഗുരുപാദാനാം കൃപാനുഗ്രഹഃ
ശ്രീകൃഷ്ണസ്യ കഥാംകഥാപയതി യം ചമ്പൂപ്രബന്ധാത്മികാം
രാമോ നാമ സ പാണിവാദകുലജഃ പാണീ ശിരസ്യർപ്പയൻ
ബ്രഹ്മഭ്യഃ പ്രണതിം കരോതി ഖലു വസ്സഭ്യാസ്സമഭ്യാഗതാഃ”

എന്ന ശ്ലോകം ഈ ചമ്പുവിലുള്ളതാണ്. "ഇതി ഭാഗവതചമ്പൂപ്രബന്ധേ രാമപാണിവാദവിരചിതേ സാനന്ദഗോവിന്ദോ നാമ സപ്തമഃ സ്തബകഃ" എന്നൊരു കുറിപ്പും ഏഴാം സ്തബകത്തിന്റെ അവസാനത്തിൽ കാണുന്നു.

### (9) പ്രാകൃതപ്രകാശവൃത്തി

വരരുചിയുടെ പ്രാകൃതപ്രകാശത്തിനു രാമപാണിവാദൻ രചിച്ച വൃത്തിയാണ് പ്രസ്തുത കൃതി. പ്രാകൃതസൂത്രവൃത്തിയെന്നും പ്രാകൃതവൃത്തിയെന്നും അതിനു നാമാന്തരങ്ങളുണ്ട്. മൂലത്തിലെ എട്ടു പരിച്ഛേദങ്ങളും അദ്ദേഹം നിഷ്കൃഷ്ടമായി വ്യാഖ്യാനിച്ചിരിക്കുന്നു.

"ഇതി രാമപാണിവാദകൃതായാം പ്രാകൃതവൃത്താവഷ്ടമഃ പരിച്ഛേദസ്സമാപ്തഃ" എന്നൊരു സൂചകരേഖ അതിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്നു.

### (10) ഉഷാനിരുദ്ധം പ്രാകൃതകാവ്യം

ഈ കൃതിയിൽ നാലു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. പ്രഥമസർഗ്ഗത്തിൽ ശിവനേയും നരസിംഹമൂർത്തിയേയും വന്ദിച്ചിട്ടുണ്ട്. വിഷയം ഉഷാപരിണയമാണെന്നു പറയേണ്ടതില്ലല്ലോ. നാലാംസർഗ്ഗം ഉഷാനിരുദ്ധന്മാരുടെ വിവാഹാനന്തരമുള്ള ശൃംഗാരലീലാവർണ്ണനമാണ്. ഒടുവിൽ ശ്രീനാരായണഭട്ടപാദഗുരുപാദാഭ്യാം നമോ ഭവതു" എന്ന കുറിപ്പിനുമേൽ

"കാവ്യം പ്രാകൃതരൂപം ഘടിതമിദം രാമപാണിവാദേന
പ്രാകൃതമാർഗ്ഗോ ƒഗാധോ യേന സുഖം ഭവേദ്ബാലാനാം"

(പ്രാകൃതശ്ലോകത്തിന്റെ ഛായ) എന്നൊരു ശ്ലോകവും ഘടിപ്പിച്ചിരിക്കുന്നു.

### (11) കംസവധം പ്രാകൃതകാവ്യം

ഈ കാവ്യത്തിലും നാലു സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നു. കൃഷ്ണാവതാരം മുതൽ കംസവധംവരെയുള്ള കഥയാണ് വിഷയം. അവസാനത്തിൽ "ഇതി രാമപാണിവാദകൃതേ കംസവധേ ചതുർത്ഥസർഗ്ഗഃ" എന്നൊരു കുറിപ്പുണ്ട്.

### (12) വൃത്തവാർത്തികം

ഇതു ഛന്ദശ്ശാസ്ത്രപരമായ ഒരു ഗ്രന്ഥമാണ്. "വൃത്താനി യാനി കാവ്യാദൗ സന്തിതാനി പ്രചക്ഷ്മഹേ" എന്ന് ആചാര്യൻ ആരംഭത്തിൽ ചികീർഷിതപ്രതിജ്ഞ ചെയ്യുന്നു. പ്രസ്തുത കൃതിയിൽ ഓരോ വൃത്തത്തിന്റേയും ലക്ഷണം കാരികകൊണ്ടു പ്രദർശിപ്പിച്ച് അതിന് ഉദാഹരണശ്ലോകങ്ങളും ചേർത്തിട്ടുണ്ട്.

"ഗുരുപാദാൻ നമസ്കൃത്യ ഹേരംബം പാർവതീമപി.
ക്രിയതേ പദ്യബന്ധാനാം വൃത്തലക്ഷണകാരികാ"

എന്നും

"ബാലാനാമുപയോഗാർത്ഥം യാ കൃതാ വൃത്തകാരികാ
ഉദാഹരണയോഗേന സാ മയാ പൂരയിഷ്യതേ."

എന്നുമുള്ള ശ്ലോകങ്ങൾ നോക്കുക. ഗ്രന്ഥാവസാനത്തിൽ

"വിഭാവ്യ വൃത്തശാസ്ത്രാണി തേഭ്യഃ സംക്ഷിപ്യ ചോദ്ധൃതം
രാമേണ പാണിവാദേന തദേതദ്വൃത്തവാർത്തികം"

എന്ന ശ്ലോകം കാണ്മാനുണ്ട്. പ്രസ്താരക്രമമനുസരിച്ച രാസക്രീഡാ എന്നൊരു കാവ്യവും പാണിവാദൻ വൃത്തവാർത്തികത്തോട്ട് അനുബദ്ധമായി രചിച്ചു ചേർത്തിരിക്കുന്നു. അനുഷ്ടുബ്‌വൃത്തത്തെ മാത്രമേ അതിൽ പരാമർശിച്ചിട്ടുള്ളു. അതിലും "ഇതി രാമപാണിവാദവിരചിതമനുഷ്ടുപ് പ്രകരണം സമാപ്തം" എന്നൊരു കുറിപ്പുണ്ട്.

## (13) ഗീതരാമം

ഇതു ജയദേവന്റെ അഷ്ടപദിയുടെ രീതിയിൽ രാമപാണിവാദൻ സംസ്കൃതത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു നൃത്യപ്രബന്ധമാകുന്നു. ആരംഭത്തിലുള്ള അല്പഭാഗമേ കിട്ടീട്ടുള്ളു. ഗീതരാമം എന്നതു സൗകര്യത്തിനുവേണ്ടി തൽക്കാലം ഇവിടെ നൽകീട്ടുള്ള ഒരു സംജ്ഞ മാത്രമാണ്. ഗീതരാമത്തിനു പ്രത്യേകം തോടയമുണ്ട്. അതിൽ അമ്പലപ്പുഴ കൃഷ്ണൻ, വാസുദേവപുരത്തു വാസുദേവൻ, പെരിഞ്ചെല്ലൂർ ശിവൻ, കുമാരനല്ലൂർ കാത്യായനി എന്നീ ദേവതകളെപ്പറ്റി വന്ദനശ്ലോകങ്ങൾ ചേർത്തിരിക്കുന്നു. ചെമ്പകശ്ശേരി രാജാവിന്റെ ആജ്ഞയനുസരിച്ചാണ് ആ കാവ്യം നിർമ്മിച്ചതു്. ബോധായനന്റെ ഹനുമന്നാടകമാണ് കവിക്കു പ്രകൃതത്തിൽ ഉപജീവ്യമായ ഗ്രന്ഥമെന്ന് അദ്ദേഹംതന്നെ പ്രസ്താവിച്ചിരിക്കുന്നു.

"രക്ഷോദക്ഷയപക്ഷലക്ഷണകൃപാലക്ഷോ വിപക്ഷാവലീ-
വിക്ഷോഭക്ഷയദക്ഷദക്ഷിണഭുജേ നിക്ഷിപ്തകൗക്ഷേയകഃ
അക്ഷാമക്ഷിതിരക്ഷണക്ഷമഗുണോലക്ഷാധികാക്ഷൗഹിണീ-
ലക്ഷ്മീരക്ഷിതശക്തിരക്ഷയബലശ് ശ്രീദേവനാരായണഃ.

ശ്രീമദ്ബോധായനേന സ്വയമുപരചിതം
ചാരു രാമായണം യ-
ച്ഛ്രുത്വാ ഗൂഢം തദേതന്മഹിതജനമഹാ-
മംഗലേ രംഗദേശേ
രാമശ്ശ്രീദേവനാരായണധരണിപതേ-
രാജ്ഞയാ പാണിവാദോ
ഗേയം ലീലാനുകൂലം കലയതി; കൃപയാ
സൂരയഃ പൂരയന്തു."

എന്ന ശ്ലോകങ്ങൾ ഇവിടെ സ്മർത്തവ്യങ്ങളാണ്.

## (14) അംബരനദീശസ്തവം

അമ്പലപ്പുഴ ശ്രീകൃഷ്ണനെപ്പറ്റി രാമപാണിവാദൻ നിർമ്മിച്ചിട്ടുള്ള ഒരു സ്തോത്രമാണ് അംബരനദീശസ്തവം. പല ശ്ലോകങ്ങളിലും അമ്പലപ്പുഴ എന്ന സ്ഥലനാമം വിവിധരൂപങ്ങളിൽ ഘടിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥാവസാനത്തിൽ പ്രകൃതോപയോഗികളായി നാലു ശ്ലോകങ്ങൾ കാണുന്നു.

"ഭൂതേഷു സർവേഷ്വപി നിർവിശേഷം
ഭൂയസ്തരാമാഹിതകാരുണീകം
ഭൂദേവതാമംബരവാഹിനീശം
ശ്രീദേവനാരായണമാശ്രയാമഃ.

വേദേ നിഗൂഢോപി നിരൂഢനാനാ-

ഭേദേന തത്തദ്വപുരാദധാനഃ
യോ ദേഹിനാം സേവ്യതയാ സ്ഥിതസ്തം
ശ്രീദേവനാരായണമാശ്രയാമഃ.

പാദേ നിജേ ഭക്തിമതാം ജനാനാം
മോദേന സർവാർത്ഥസമൃദ്ധികാരീ
യോ ദേവനദ്യായതനം പുനീതേ
ശ്രീദേവനാരായണമാശ്രയാമഃ

ശ്രീനാരായണഭട്ടപാദരജസാം കാരുണ്യവാരാന്നിധേർ-
ഗ്ഗർഭാദുദ്ഭവിഭിശ്ശുഭൈർമ്മധുരിപുസ്തോത്രാക്ഷരൈർമ്മൗക്തികൈഃ
രാമേണ ഗ്രഥിതാമിമാമവിരതം യഃ ശ്ലോകഹാരസ്രജം
കണ്ഠേ ലോഠയതി പ്രയാസ്യതി കൃതീ മർത്ത്യസ്സ വിഷ്ണോഃ പദം.”

രാമപാണിവാദന് അമ്പലപ്പുഴെ താമസിക്കുമ്പോൾ ശ്രീധരൻനമ്പൂരി എന്നൊരു ശിഷ്യനുണ്ടായിരുന്നുവെന്നും അദ്ദേഹം ലക്ഷ്മീദേവനാരായണീയം എന്നൊരു നാടകത്തിന്റെ കർത്താവാണെന്നും ഊഹിക്കാമെന്ന് ഇതിനുമുൻപിലത്തെ അധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

### (15) സൂര്യാഷ്ടകം

ഇതു രാമപാണിവാദന്റെ സൂര്യപരമായ ഒരു ചെറിയ സ്തോത്രമാണ്. ഒടുവിലത്തെ രണ്ടു ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കുന്നു. പ്രസ്തുതകൃതി കവി തിരുവനന്തപുരത്തു താമസിക്കുമ്പോൾ രചിച്ചതാണെന്ന് ഊഹിക്കാൻ ന്യായമുണ്ട്.

“ധമ്നാമാമ്നായധാമ്നാമപലപിതജപാ-
മഞ്ജരീപിഞ്ജരിമ്ണാ-
മോഘൈഘൈർല്ലോകാനമോഘൈരപതമയതി യഃ
പ്രത്യുഷസ്യത്യുദാരൈഃ
ദേവം ദ്യാവാപൃഥിവ്യോരനഘമനുപമം
ഭൂഷണം പൂഷണം തം
രാമഃ പ്രേമാഭിലാഷീ നമതി സമവിത-
പ്രാണിനം പാണിവാദഃ.

ലക്ഷ്മീവിശ്വംഭരോപാസിതമസിതഘന-
ശ്യാമളം കോമളം യോ
ഗാത്രം സർപ്പേശതല്പേ ഗമയതി രുചിരൈർ-
ഭൂഷിതം ഭൂഷണൗഘൈഃ
ആനന്ദായാങ്ഗഭാജാമജമുഖവിബുധാ-
രാധ്യമാവിഷ്കരോതി
സ്യാനന്ദൂരാലയേശോ ദിശതു സ ഭഗവാൻ
പദ്മനാഭഃ ശ്രിയം വഃ.”

### (15) ശ്രീകൃഷ്ണവിലാസവ്യാഖ്യാ—വിലാസിനീ

"ഗുരുണാ ഭൂസുരേന്ദ്രേണ കല്പിതം ക്ഷേത്രമുത്തമം
അധ്യാസീനം നമസ്കുർവേ സർവേശം ശശിശേഖരം.
ശ്രീനാരായണഗുരുവരകരുണാപാത്രേണ പാണിവാദേന
ശ്രീകൃഷ്ണവിലാസസ്യ ക്രിയതേ ടീകാ വിലാസിനീ നാമ്നാ."

ഈ വ്യാഖ്യാനത്തിന്റെ ഒടുവിൽ അധോലിഖിതമായ ശ്ലോകം കാണുന്നു.

"ശ്രീമൽകൃഷ്ണവിലാസനാമ സുകുമാരാഖ്യേന യന്നിർമ്മിതം
കാവ്യം ഭവ്യവചോമൃതേന കവിനാ സർവപ്രിയം ഭാവുകം
വ്യാഖ്യാ തസ്യ വിലാസിനീതി രചിതാ രാമേണ ദിങ്മാത്രതഃ
ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാൽ.
ഇതി ശ്രീവിലാസിനീ നാമ വ്യാഖ്യാ സംപൂർണ്ണാ."

## രാമൻനമ്പിയാരുടേതെന്ന് ഊഹിക്കാവുന്ന കൃതികൾ

ഇനിയും രണ്ടു കൃതികളിൽ 'രാമൻ' എന്ന പദം പ്രയോഗിച്ചിട്ടില്ലെങ്കിലും അവയുടെ പ്രണേതാവു പാണിവാദൻതന്നെയാണെന്ന് അനുമാനിക്കാവുന്നതാണ്. അവയിൽ നിന്നുകൂടി അനുവാചകന്മാർ അറിഞ്ഞിരിക്കേണ്ട പംക്തികൾ പ്രദർശിപ്പിക്കാം.

### (17) ധാതുകാവ്യവ്യാഖ്യ — വിവരണം

മേല്പത്തൂർ ഭട്ടതിരിയുടെ ധാതുകാവ്യത്തിനു പാണിവാദൻ രചിച്ച ഈ വ്യാഖ്യാനം ഒന്നിൽച്ചില്വാനം സർഗ്ഗത്തിനുമാത്രമേ ലഭിച്ചിട്ടുള്ളു. ഇതിന്റെ ആരംഭത്തിൽ

"ശ്രീനാരായണകവിനാ രചിതം യദ്ധാതുകാവ്യമതിഭവ്യം
ക്രിയതേ തസ്യ വിവരണം കിമപി മയാ പാണിവാദേന."

എന്നും, പ്രഥമസർഗ്ഗത്തിന്റെ അവസാനത്തിൽ

"ശ്രീനാരായണനാമകോപരിനവഗ്രാമസ്വധാമാധിപ-
ക്ഷോണീദേവകവിപ്രകാണ്ഡകലിതം യദ്ധാതുകാവ്യം ശുഭം
വ്യാഖ്യാ തസ്യ തു പാണിവാദരചിതാ സംക്ഷേപരൂപൈവ യാ
തസ്യാം പ്രാഥമികോ നികാമഗുരുതാദ്ദുർഗ്ഗോ ഹിസർഗ്ഗോ∫ഗമൽ."

എന്നുമുള്ള ശ്ലോകങ്ങൾ കാണുന്നു.

### (18) വിഷ്ണുവിലാസം കാവ്യം

ഇതു് എട്ടു സർഗ്ഗങ്ങളടങ്ങിയ ഒരു കാവ്യമാണ്. ഇതിനു വിഷ്ണുപ്രിയ എന്ന പേരിൽ ഒരു ലഘുടിപ്പണിയും ലഭിച്ചിട്ടുണ്ട്. കവി പാലിയത്തു രാമൻ കുമരനച്ചന്റെ ആശ്രിതനായി ചേന്നമങ്ഗലത്തു താമസിക്കുന്ന കാലത്താണ് പ്രസ്തുതകാവ്യം നിർമ്മിച്ചതു്. മഹാവിഷ്ണുവിന്റെ ആദ്യത്തെ ഒമ്പതവതാരങ്ങളെ അധികരിച്ചുള്ള കഥകൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. എട്ടാം സർഗ്ഗത്തിൽ ബലരാമന്റെയും ശ്രീകൃഷ്ണന്റെയും ഉപാഖ്യാനങ്ങൾ ഉൾപ്പെടുന്നു. ആഗാമിയായ കല്ക്യവതാരം താൻ മനഃപൂർവം സ്പർശിക്കാത്തതാണെന്നും കവി പറയുന്നുണ്ട്.

"ചകാസ്തി ചൂർണ്ണീസരിതസ്തടേ ശുഭേ
നികേതനം യസ്യ ജയന്തമങ്ഗലം;

സനാതനശ്ചേതസി നഃ പ്രകാശതാം
സ നാരസിംഹം വപുരാസ്ഥിതോ ഹരിഃ,
. . .    . . .    . . .
കരോതു നാരായണഭട്ടദേശിക-
പ്രസാദനിർദ്ദോഷതുഷാരദീധിതിഃ
മദന്തരിന്ദൂപലമുക്തിമാധുരീ-
ധുരീപരിഷ്യന്ദിതയാതിസുന്ദരം."

എന്നീശ്ലോകങ്ങളിൽ യഥാക്രമം ചേന്നമങ്ഗലത്തെ നരസിംഹ മൂർത്തിയേയും ഗുരുനാഥനായ നാരായണഭട്ടതിരിയേയും വർണ്ണിച്ചിരിക്കുന്നു. ഗ്രന്ഥാവസാനത്തിൽ

"ശ്രീമദ്രാമകുബേരനാമസുമതിശ്രീപാലിയശ്രീപതി-
പ്രീതിസ്ഫീതതമോദ്യമേന കലിതം കേനാപി നാനാരസം
കാവ്യം വിഷ്ണുവിലാസനാമ കമലാജാനേഃ കഥാവർണ്ണനം
പൂർണ്ണം ഹന്ത ജയന്തമങ്ഗലമഹാവിഷ്ണോഃ കൃപാനുഗ്രഹാൽ."

എന്ന ശ്ലോകവും കാണുന്നു. ആ ഗ്രന്ഥം പൂർത്തിയാക്കി നമ്പിയാർ, അച്ചന് ഏതാനും സമർപ്പണശ്ലോകങ്ങളോടുകൂടി അടിയറവച്ചു.

"സർവ്വജ്ഞഃ സകലേശ്വരഃ സുമശരാഹങ്കാരഹാരീ സദാ
ശ്രീമാന്യക്ഷസഖോ ഹതാസുഹൃദസുർഗ്ഗോത്രാധിനാഥഃ പ്രഭുഃ
രാജന്ന്യൂനമഹീനഭൂഷണഗണസ്സര്യാശ്രയാശാംബ്ജദൃങ്-
മേദിന്യാമവതീർണ്ണ ഏവ ഗിരിശസ്ത്രാതും സമസ്താനപി."

"ഏനം രക്ഷിതപക്ഷലക്ഷ! ധരണീരക്ഷാതിദക്ഷ! ക്ഷണം
രൂക്ഷക്ഷീണവിപക്ഷകക്ഷപടലീഭക്ഷാംബുജാക്ഷ! പ്രഭോ!
ലക്ഷ്മീദത്തകടാക്ഷലക്ഷണ! പരക്ഷാന്തിക്ഷയ! ത്വം യശഃ-
ക്ഷീരക്ഷാളിതലോക! പാലിയപതേ; രക്ഷാക്ഷയാർത്ഥക്ഷയാൽ."

എന്നീ ശ്ലോകങ്ങൾ ആ കൂട്ടത്തിലുള്ളവയാണ്. രാമകുബേരൻ എന്ന സംജ്ഞയ്ക്കു രാമൻകുമാരൻ എന്ന പേർ കവി സംസ്കൃതീകരിച്ചതാണെന്നു തോന്നുന്നു. ആ പ്രഭു ഒരു പണ്ഡിതനും കലാപോഷകനുമായിരുന്നു എന്ന് ആദ്യത്തെ ശ്ലോകത്തിൽനിന്ന് ഊഹിക്കാം.

## രാമനച്ചൻ

906-ആണ്ടിടയ്ക്കു കൊച്ചിമഹാരാജാവിന്റെ നേർക്ക് അന്നത്തെ പാലിയത്തു വലിയച്ചനായിരുന്ന കോമിഅച്ചൻ പല ദ്രോഹങ്ങളും പ്രവർത്തിച്ചു എന്നും അവയ്ക്ക് അദ്ദേഹത്തിന്റെ അനന്തരവന്മാരായ ഇട്ടുണ്ണിക്കുമരനും കുഞ്ഞിട്ടുണ്ണാനും പ്രായശ്ചിത്തം ചെയ്തു എന്നും ദേശചരിത്രഗ്രന്ഥങ്ങളിൽ നിന്നറിയുന്നു. 907 മുതൽ 917 വരെ കുമരനച്ചനും 917 മുതൽ 931 വരെ അദ്ദേഹത്തിന്റെ അനുജനായ ഇട്ടുണ്ണാനച്ചനും കുടുംബം ഭരിച്ചു. അവരുടെ അനന്തരവനായ മറ്റൊരു കോമിഅച്ചൻ 929-ൽ അമ്പലപ്പുഴയുദ്ധത്തിൽ അന്നു തനിക്കു 18 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു എങ്കിലും മാർത്താണ്ഡവർമ്മമഹാരാജാവിനെതിരായി ചെമ്പകശ്ശേരി രാജാവിനെ സഹായിക്കുകയും രാമയ്യൻ ദളവയാൽ ബന്ധനസ്ഥനെന്ന നിലയിൽ തിരുവനന്തപുരത്തേക്കു

നയിക്കപ്പെട്ടുകയും ചെയ്തു. സുപ്രസിദ്ധനായ ആ കോമിഅച്ചന്റെ നയകോവിദത നിമിത്തമാണ് മാർത്താണ്ഡവർമ്മമഹാരാജാവും കൊച്ചി രാമവർമ്മമഹാരാജാവും തമ്മിൽ 931-ൽ സഖ്യമുണ്ടായതു്. കോമിഅച്ചൻ ആ മഹാരാജാവിന്റെയും 936 മുതൽ 951 വരെ കൊച്ചിരാജ്യം ഭരിച്ച കൊച്ചി വീരകേരളവർമ്മമഹാരാജാവിന്റെയും മന്ത്രിയായിരുന്ന് 974-ൽ നിര്യാതനായി. "ഇട്ടൂണ്ണാൻ" ഇട്ടൂണ്ണിരാമന്റെ രൂപഭേദമാണ്. രാമപാണിവാദൻ ആശ്രയിച്ചതു 917-ൽ അന്തരിച്ച കുമരനച്ചനേയോ 931-ൽ മന്ത്രിപദാരൂഢനായ കോമിഅച്ചനേയോ എന്നു ഖണ്ഡിച്ചുപറയുവാൻ പ്രയാസമുണ്ടെങ്കിലും അദ്ദേഹം തന്റെ ശാകുന്തളം ആട്ടക്കഥ 933-ന മേൽ എഴുതിയതാണെന്നു കാണുന്നതുകൊണ്ടു് അതിൽ പുരസ്കർത്താവായി പറയുന്ന പാലിയത്തച്ചൻ തന്നെയാണ് വിഷ്ണുവിലാസത്തിലെ രണ്ടാമൻ കുമരനച്ചൻ എന്നു ഞാൻ സങ്കല്പിക്കുന്നു. ഗോദവർമ്മൻ എന്നതിന്റെ പ്രാകൃതരൂപമാണ് കോമൻ; എന്നാൽ ഇവിടെ ആ നിരുക്തി യോജിക്കുന്നില്ല. "കോമി" എന്നതു ഗോവിന്ദന്റെ തത്ഭവരൂപമാണെന്നു ഞാൻ കരുതുന്നു. കർണ്ണൽ മക്കാളേയോടു പിണങ്ങിയ ഗോവിന്ദനച്ചനെ കോമി അച്ചനെന്നും ചില ചരിത്രരേഖകളിൽ വ്യപദേശിച്ചു കാണുന്നു.

## വിഷ്ണുവിലാസവ്യാഖ്യാ

വിഷ്ണുപ്രിയ ഇങ്ങനെ ആരംഭിക്കുന്നു.

> "ശ്രീമദ്വിഷ്ണുവിലാസസ്യ കാവ്യസ്യാനതിവിസ്തരം
> ഇദം വിഷ്ണുപ്രിയാഖ്യാനം വ്യാഖ്യാനം ലിഖ്യതേ മയാ."

ഈ വ്യാഖ്യാനത്തിന്റെ ഒടുവിൽ

> "അംബരതടിനീനിലയംകംബുകശാകലിതപാണികമലയുഗം
> അംബുജലോചനമാരാദംബരചരവന്ദിതം വന്ദേ."

കവിയോ മറ്റൊരാളോ ഈ വ്യാഖ്യാനത്തിന്റെ പ്രണേതാവു് എന്നു നിർണ്ണയിക്കുവാൻ നിവൃത്തിയില്ലെങ്കിലും, അദ്ദേഹത്തിന്റെ താമസവും അമ്പലപ്പുഴെയായിരുന്നു എന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ടതില്ല; കവിതന്നെ വ്യാഖ്യാതാവായിരിക്കുവാനാണ് യുക്തി അധികം.

## കലക്കത്തെ ചില രേഖകൾ

ഈ വിഷയത്തിൽ മറ്റൊരു അമൂല്യമായ സാക്ഷ്യംകൂടി ഈയിടയ്ക്കു ലഭിച്ചിട്ടുണ്ടു്. കലക്കത്തു കുടുംബത്തിൽ അഗസ്ത്യഭട്ടന്റെ ബാലഭാരതം പകർത്തീട്ടുള്ള ഒരു താളിയോലഗ്രന്ഥത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

> "കൃഷ്ണേ സോദരരോഹിണീജസഹിതേ തച്ചാരുകാരുണ്യഭാ-
> ഗ്രാമോ നഷ്ടസമസ്തകല്മഷ ഇദം സദ്യോ ലിഖത്യസ്തധീഃ
> ആമോദേന പുനർധ്രുവേസുകവിസത്സംസേവ്യ ഏവം കലൗ
> ക്ഷിപ്രം പ്രീതികരേ ചതുർദ്ദശജഗന്നാഥേ രമാവല്ലഭേ.
>
> വർത്തന്തേ കലമംഗലാഖ്യഭവനേ യേ നാമതോ മംഗലേ
> ദേശേ ശ്രീശുകമന്ദിരേശ്വരകൃപാഭാജോനഘാഃ പാണിഘാഃ
> തേഷാം സമ്യഗധീതിനാം കൃതധിയാം ശാസ്ത്രേ തഥാ ഭാരതേ
> ഗ്രന്ഥോയം ഭുവി ബാലഭാരതമിതി പ്രഖ്യാതനാമാ മഹാൻ.

ദദ്യുർന്നാരായണാഖ്യാദധിഗതവിതത-
വ്യാകൃതോ ഭട്ടപാദാ-
ദ്ദ്യാദ്ദേവാപഗാധീശ്വരഭജനധിയഃ
സന്തതം ശാന്തചിത്താഃ
ഉദ്യോതദ്വഞ്ചിഭ്രൂമീശ്വരഗുരുകരുണാ-
ഭാജനം ദേശികാസ്തേ
സദ്യശ്ശുദ്ധിം ദധാനാ ഹൃദി പദരജസാ
സർവദാ മംഗലം നഃ.

യോസൗ വിഷ്ണുവിലാസനാമ കൃതവാൻ കാവ്യം തഥാ പ്രാകൃതം
കാവ്യം കംസവധാഭിതം ഗുണയുതം തദ്രാഘവീയം തഥാ
പശ്ചാത്തദ്വദുഷാനിരുദ്ധമപരം വീഥീദ്വയം നാടകം
സീതാരാഘവമേവ ച പ്രദിശതാന്മഹ്യം ഗുരുർമ്മംഗലം.

പ്രാകൃതവൃത്തിം തദ്വൽ ശ്രീകൃഷ്ണവിലാസകാവ്യവിവൃതിം ച
കൃതവാനന്യാന്യപി യഃ സ ജയേച്ഛ്രീരാമപാണിവാദകവിഃ

താളപ്രസ്താരശാസ്ത്രം ച സദ്വൃത്തോ വൃത്തവാർത്തികം
തദ്വൽ പ്രഹസനം കിഞ്ചിൽ കൃതവാൻ രാമമാതുലഃ."

അവയ്ക്കപ്പുറം "ശ്രീമൽപാർത്ഥരഥാസ്ഥിതഃ" എന്നാരംഭിക്കുന്ന അമ്പലപ്പുഴ ശ്രീകൃഷ്ണവന്ദനപരമായും, അതിനുമേൽ

"വിരാജമാനശ്ശുകമന്ദിരേ വിഭുഃ
പുരാരിരങ്കാശ്രിതലോകമാതൃകഃ
സുരാധിപാസേവിതപാദപങ്കജഃ
പരാം ഗതിം ഭക്തിമതേ തനോതു മേ."

എന്നു കിള്ളിക്കുറിശ്ശിശ്ശിവവന്ദനപരമായും ഓരോ ശ്ലോകം ചേർത്തും, ഒടുവിൽ

"ക്ഷോണീദേവക്ഷിതീശോ നിജമിവ തനയം
ദേവനാരായണാഖ്യോ
ബാല്യേ യം ലാളയിത്വാ വിധിവദഥ പരം
ശാസ്ത്രമധ്യാപയിത്വാ
സംരക്ഷൻ യൽകുടുംബം ദ്രവിണവിതരണാൽ
കാമിതം സാധയിത്വാ
സ്നേഹേനാപാലയന്മേ ദിനമനു സ ഗുരുഃ
ശ്രേയസേ ബോഭവീതു."

എന്നും എഴുതിയിരിക്കുന്നു. ആ ഗ്രന്ഥത്തിൽത്തന്നെയുള്ള മറ്റൊരോലയിൽ താഴെക്കാണുന്ന ശ്ലോകങ്ങളും കുറിച്ചിട്ടുണ്ട്.

"കൊല്ലം തൊള്ളായിരത്തിൽപ്പരമതിലുടനേ
നാല്പതും ചേർന്ന കാലം
ചൊല്ലേറും സൂര്യവാരേ പരിചൊടു മിഥുനേ

മാസി ഷഷ്ഠേ ദിനേ ∫സ്മിൻ
രോഹിണ്യാം കൃഷ്ണപക്ഷേ പുനരപി ച പതി-
ന്നാലില്യച്ചയ്ക്കുമുൻപേ-
യിക്കാവ്യം സൽകവീനാം പ്രിയതരമെഴുതി-
ത്തീർത്തു രാമൻ മുദേ വഃ.

ശ്രീമദ്ദക്ഷിണഗേഹവാസനിരതശ്ശ്രീമാൻ സതാം സമ്മതഃ
ശിക്ഷാരക്ഷണദക്ഷിണോ ഗുണനിധിർഭട്ടോത്തമസ്സത്തമഃ
ശ്രീവഞ്ചിക്ഷിതിപാലമൗക്തികമണേശ്ചിത്തം ദ്വിതീയംതഥാ
തത്ത്വജ്ഞാനനിധിർമ്മദേകശരണം സോയം വിജേജീയതാം.

രാമാഖ്യഃ ക്ഷോണിപാലപ്രണതപദയുഗോ
വഞ്ചിരാജോ മഹാത്മാ
രാകാചന്ദ്രോ∫പരോയം സമധിഗതകല-
ശ്ശീതളഃ കോമളാങ്ഗഃ
ലോകാനാം താപഹാരീ നിഖിലകുവലയാ-
നന്ദകാരീ വിശേഷാൽ
പൂർണ്ണശ്രീമണ്ഡലസ്സൻ ജയതു മൃദുകരോ
മാനനീയോ ബുധോ നഃ."

മറ്റൊരു താളിയോലഗ്രന്ഥത്തിൽ അനനന്തരവൻ അമ്മാവനെപ്പറ്റി

നമാമി മാതുലം രാമസംജ്ഞകം പാണികോത്തമം
യൽപ്രജ്ഞാപങ്കജഭ്രൂഷ്ണം സിദ്ധയേ ബുധപൂജിതം"

എന്നും സ്തുതിച്ചിട്ടുണ്ട്.

## കൃഷ്ണൻ നമ്പിയാർ

കലക്കത്തു കുടുംബത്തിൽ രാമനാമാക്കളായി അക്കാലത്തു രണ്ടു പുരുഷന്മാർ ജീവിച്ചിരുന്നു എന്നും അവരിൽ ഒരാൾ അമ്മാവനും മറ്റേയാൾ അനന്തരവനുമായിരുന്നു എന്നും അമ്മാവനാണ് വിഷ്ണുവിലാസാദി വിവിധഗ്രന്ഥങ്ങളുടെ പ്രണേതാവെന്നും ഒരു നാരായണഭട്ടതിരിയാണ് അദ്ദേഹത്തെ വ്യാകരണം പഠിപ്പിച്ചതെന്നും ഈ ശ്ലോകങ്ങളിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണല്ലോ. ഇവർക്കും പ്രഥമരാമന്റെ മാതുലനായ രാഘവൻനമ്പിയാർക്കും പുറമേ ആ കുടുംബത്തിൽ മഹാകവിയുടെ സഹോദരനായി ഒരു കൃഷ്ണൻ നമ്പിയാരും ഉണ്ടായിരുന്നു എന്നുള്ളതിനു "കൃഷ്ണേ സോദരരോഹിണീജസഹിതേ" എന്ന ശ്ലോകം പര്യാപ്തമായ സാക്ഷ്യപത്രമാണ്. കൃഷ്ണനു ബലരാമൻ എങ്ങനെ ജ്യേഷ്ഠനായിരുന്നുവോ അതുപോലെ കൃഷ്ണൻനമ്പിയാർക്കു രാമപാണിവാദനും ജ്യേഷ്ഠനായിരുന്നിരിക്കണം. അക്കാലത്തു കലക്കത്തു രാമനെന്നും കൃഷ്ണനെന്നും പേരോടുകൂടി ജ്യേഷ്ഠാനുജന്മാരായി രണ്ടുപേർ ജീവിച്ചിരുന്നു എന്നും അവരിൽ ജ്യേഷ്ഠൻ തറവാട്ടിലേക്കു വളരെ ധനം സമ്പാദിക്കുകയും കൃഷ്ണൻ അങ്ങുമിങ്ങും അലഞ്ഞുനടക്കുകയും ചെയ്തു എന്നും ആ കുടുംബത്തിൽ പ്രസിദ്ധമായ ഒരൈതിഹ്യമുണ്ട്. കലക്കത്തുതന്നെയുള്ള പ്രബോധചന്ദ്രോദയത്തിന്റെ നാടകാഭരണമെന്ന വ്യാഖ്യാനത്തിൽ

"ശ്രീനാരായണഭട്ടപാദതനയശ്രീനീലകണ്ഠാഹ്വയ-
ക്ഷോണീദേവനിദേശകൗതുകരസാൽ കൃഷ്ണേന നാമ സ്വയം
ശ്രീകൃഷ്ണാഖ്യയതിപ്രവര്യരചിതപ്രൗഢപ്രബോധോദയ-
വ്യാഖ്യാനം ഭുവി നാടകാഭരണമിത്യാഖ്യാതമാലേഖിതം"

എന്നൊരു ശ്ലോകം കാണുന്നുണ്ട്. അതു പക്ഷേ കൃഷ്ണൻ നമ്പ്യാരുടേതായിരിക്കണം. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിനു ഗ്രന്ഥമെഴുത്തിൽ പരിചയമുണ്ടായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്.

"കൊല്ലം തൊള്ളായിരത്തങ്ങിരുപതുമിരുപ-
ത്താറുമേവഞ്ച പത്തും
ചെന്നീട്ടന്നോരു കാലം മിഥുനമുപഗതേ
ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേ പക്ഷേ ചതുർത്ഥീചതയദിനയുതേ
മാതുലഃ കൃഷ്ണനാമാ
വിഷ്ണോഃ സായുജ്യമാപ്തോ വിഹിതഹരിനമ-
സ്യാദികോ വീതശോകം"

എന്നൊരു ശ്ലോകം കിള്ളിക്കുറിശ്ശിയിലുള്ള പാലപ്പുറത്തു ഗോവിന്ദൻനമ്പ്യാരുടെ ഗൃഹത്തിൽനിന്നു ലഭിച്ചിട്ടുള്ള ഒരു ഗ്രന്ഥത്തിലുണ്ട്. 956-ആണ്ടു മിഥുനമാസത്തിൽ അദ്ദേഹം വിഷ്ണുസായുജ്യം പ്രാപിച്ചു എന്ന് ഈ ശ്ലോകം വിജ്ഞാപനം ചെയ്യുന്നു. കൃഷ്ണൻനമ്പിയാരുടെ നാമധേയം യാതൊരു ഗ്രന്ഥത്തോടും അനുബന്ധിച്ചു കാണുന്നില്ല. അദ്ദേഹം ഒരു കവിയോ വഞ്ചിമഹാരാജാക്കന്മാരുടെ ആശ്രിതനോ ആയിരുന്നുവെങ്കിൽ ആ വിവരം ദ്വിതീയരാമൻ പ്രസ്തുതശ്ലോകത്തിൽ സൂചിപ്പിക്കുമായിരുന്നുവല്ലോ. കൃഷ്ണൻനമ്പിയാരാണ് തുള്ളൽക്കഥകളുടെ കർത്താവെങ്കിൽ അദ്ദേഹം പണ്ഡിതശ്രേഷ്ഠനും മഹാകവിയുമായ തന്റെ ജ്യേഷ്ഠനെ അവയിൽ ഒരിടത്തെങ്കിലും സ്മരിക്കുകയില്ലായിരുന്നുവോ? അഥവാ ഇനി വാദത്തിനുവേണ്ടി കൃഷ്ണൻ പ്രഥമരാമന്റെ ജ്യേഷ്ഠനായിരുന്നുവെന്നു സങ്കല്പിക്കുകയാണെങ്കിൽപ്പോലും ഒരു വലിയ സംസ്കൃതകവിയല്ലെങ്കിലും അക്കാലത്തെ ഭാഷാകവികളിൽ ഒന്നാമനെന്നു സഹൃദയദൃഷ്ട്യാ അഭ്യൂഹിക്കേണ്ട അദ്ദേഹത്തെ അനുജൻ തന്റെ ഏതെങ്കിലും ഒരു കൃതിയിൽ സ്മരിക്കുകയെങ്കിലും ചെയ്യേണ്ടിയിരുന്നില്ലേ? അതുകൊണ്ടു കൃഷ്ണൻനമ്പിയാർ ഒരു ഗ്രന്ഥമെഴുത്തുകാരനും വിഷ്ണുഭക്തനുമായിരുന്നു എന്നുള്ളതിലധികമായി എനിക്ക് അദ്ദേഹത്തെപ്പറ്റി ഒന്നും പറയുവാൻ തോന്നുന്നില്ല. ജ്യേഷ്ഠനോടൊന്നിച്ചു ചിലപ്പോൾ അമ്പലപ്പുഴെ താമസിച്ചിരിക്കാം. "കൃഷ്ണേ സോദരരോഹിണീജസഹിതേ" എന്ന വചനത്തിൽനിന്നു രാമപാണിവാദൻ കൃഷ്ണന്റെ ജ്യേഷ്ഠനും രോഹിണീനക്ഷത്രജാതനുമാണെന്ന് അനുമാനിക്കുന്നതു് അനാസ്പദമല്ല എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

## രാമപാണിവാദമുദ്രയുള്ള ഭാഷാകൃതികൾ

### 1 ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യം

ഈ കാവ്യത്തിന്റെ പ്രഥമസർഗ്ഗാന്തത്തിൽ

"രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസർഗ്ഗഃ സമാപിതഃ"

എന്നും ദ്വാദശസർഗ്ഗാവസാനത്തിൽ

“ചൊല്ലേറും പോഴിയൂരമ്പിന മനുജമഹാ-
നായകന്നായവണ്ണം
കല്യാണം കൈവരുത്തീടിന വടവടിയാ-
ടീടെഴും കൈടഭാരേ!
കല്ലോലപ്രൗഢി വെല്ലും ഗുരുതരകരുണാ-
വാരിധേ! വൈരിപാളീ-
മെല്ലാമില്ലാതെയാക്കും നിരുപമനരസിം-
ഹാകൃതേ! കൈതൊഴുന്നേൻ”

എന്നും

“ശ്രീമന്മഹീസുരകുലോത്തമശിഷ്യഭാവാൽ
സംസിദ്ധസർവപുരുഷാർത്ഥകൃതാർത്ഥചേതാഃ
നിശ്ശേഷഭൂമിസുരപാദസരോജസേവീ
ഭാഷാപ്രബന്ധമകരോദിഹ പാണിവാദഃ”

എന്നുമുള്ള ശ്ലോകങ്ങൾ ഒറ്റപ്പാലത്തുനിന്നു കിട്ടീട്ടുള്ള ഒരു താളിയോലഗ്രന്ഥത്തിൽ കാണുന്നു. പോഴിയൂരും വടവടിയാടും ഏതു സ്ഥലങ്ങളാണെന്നറിയുന്നില്ല.

## 2 പഞ്ചതന്ത്രം കിളിപ്പാട്ട്

ആമ്പല്ലൂർ എളേടത്തു മനയ്ക്കൽ നിന്നു ലഭിച്ചിട്ടുള്ള ഒരു താളിയോലഗ്രന്ഥത്തിൽ

“പഞ്ചതന്ത്രം നീതിശാസ്ത്രം ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന ബാലാനാം ബോധഹേതവേ.

ശ്രീമദംബരവാഹിന്യാം ധാമനി സ്ഫുടമുല്ലസൽ
ശ്രീവാസുദേവോ ഭഗവാൻ ശ്രേയസേ ബോഭവീതു നഃ”

എന്നീ ശ്ലോകങ്ങൾ കുറിച്ചിട്ടിരിക്കുന്നു. പഞ്ചതന്ത്രം അമ്പലപ്പുഴവച്ചാണ് രചിച്ചതെന്നുള്ളതിനു വേറെയും തെളിവുണ്ട്.

“അർജ്ജുനപ്രിയങ്കരനമ്പലപ്പുഴെക്കൃഷ്ണ-
നിജ്ജനങ്ങൾക്കു പരമാശ്രയം പത്മാകാന്തൻ
അംബരാപഗാപുരി വാണരുളീടും ദേവ-
നംബുജായതേക്ഷണൻ പാർത്ഥസാരഥി കൃഷ്ണൻ
കംബുവും പ്രതോദവുമന്വഹം ധരിക്കുന്ന
ബിംബവിഗ്രഹപ്രതിബിംബിതൻ ബ്രഹ്മാകാരൻ.”

എന്നു ഗ്രന്ഥത്തിന്റെ ആരംഭത്തിലും

“വരദ ജയ മുരമഥന ജയ വിജയസാരഥേ!
വാനോർനദീനാഥ വന്ദേ രമാപതേ”

എന്ന് അവസാനത്തിലുമുള്ള വരികൾ നോക്കുക.

> "ശുകനിലയവരവസതി പരമശിവശങ്കരൻ
> ശൂലബാലേന്ദുസാരങ്ഗഖട്വാങ്ഗവാൻ"

എന്നും മറ്റുമുള്ള വരികളിൽ കവി കുലദൈവതമായ കിള്ളിക്കുറിശ്ശിശ്ശിവനേയും വന്ദിക്കാതിരിക്കുന്നില്ല.

### 3 രുക്മാംഗദചരിതം (ഏകാദശീമാഹാത്മ്യം) കിളിപ്പാട്ട്

> "രാമേണ പാണിവാദേന മങ്ഗലഗ്രാമവാസിനാ
> രുക്മാങ്ഗദസ്യ ചരിതം രചിതം ഗീതബന്ധനം"

എന്ന ശ്ലോകം ചിറയ്ക്കൽ കോവിലകത്തുള്ള പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു പ്രതീകത്തിൽ എനിക്കു കാണ്മാനിടവന്നിട്ടുണ്ട്.

### 4 നളചരിതം കിളിപ്പാട്ട്

ഈ കിളിപ്പാട്ടും രാമപാണിവാദന്റേതെന്നു തെളിഞ്ഞിരിക്കുന്നു. ഒരു മാതൃകയിൽ "ഇതി രാമപാണിവാദവിരചിതേ ഇതു നളചരിതം പാദം മൂന്ന്" എന്നെഴുതിക്കാണുന്നു. മദിരാശിയിൽ സൂക്ഷിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥത്തിൽ

> "നിഷധേശസ്യ ചരിതേ പാണിവാദവിനിർമ്മിതേ
> സംപൂർണ്ണഃ പ്രഥമഃ പാദഃ സമ്പ്രദായസമന്വിതഃ."

എന്നും ഒരു കുറിപ്പുണ്ട്. പ്രസ്തുത കൃതിയുടെ അവസാനത്തിൽ

> "ശുകപുരവരസ്ഥിതേ ശൂലപാണേ വിഭോ
> സകലദുരിതങ്ങളെപ്പോക്കി രക്ഷിക്ക മാം"

എന്നൊരു പ്രാർത്ഥനയുള്ളതു പ്രസിദ്ധമാണല്ലോ. 934-ൽ പകർത്തിയെഴുതിയ നളചരിതം കിളിപ്പാട്ടിന്റെ മാതൃക ഞാൻ കണ്ടിട്ടുണ്ട്.

### 5 ശിവപുരാണം കിളിപ്പാട്ട്

കൂടല്ലൂർമനയ്ക്കൽ നിന്നു ലഭിച്ചിട്ടുള്ള ശിവപുരാണത്തിന്റെ ഒരു മാതൃകാഗ്രന്ഥത്തിന്റെ ഒടുവിൽ "ഇതി രാമപാണിവിരചിതേ ശിവപുരാണേ സിംഹധ്വജകഥാ സമാപ്തം" എന്നൊരു കുറിപ്പു കാണുന്നു. 'പാണി'ക്കപ്പുറം 'വാദ' എന്ന രണ്ടക്ഷരങ്ങൾ ലേഖകപ്രമാദംനിമിത്തം വിട്ടുപോയതായി വിചാരിക്കണം. 'സിംഹധ്വജകഥാ' എന്ന പദം ഭാഷാരീതിയനുസരിച്ചു നപുംസകലിങ്ഗമാണെന്നു ലേഖകൻ സങ്കല്പിച്ചുമിരിക്കാം. മനക്കോട്ടു ബാലരാമനച്ചന്റെ ആജ്ഞാനുസാരമാണ് ശിവപുരാണം രചിച്ചതെന്നു കവിതന്നെ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. മനക്കോട്ടച്ചന്മാർ കൊച്ചി മഹാരാജകുടുംബത്തിന്റെ മേല്ക്കോയിമ്മയ്ക്കു വിധേയരായി വടക്കാഞ്ചേരിക്കും ചെറുതുരുത്തിക്കും ഇടയ്ക്കുള്ള മുള്ളൂർക്കരെ അയിരൂർനാടു രക്ഷിച്ചുവന്നിരുന്നു. 915-ആണ്ടിടയ്ക്ക് അന്നത്തെ മനക്കോട്ടു വലിയച്ചൻ സാമൂതിരിപ്പാടോടു കൂടിച്ചേരുകയാൽ കൊച്ചി മഹാരാജാവ് അയിരൂർനാടു പിടിച്ചടക്കി മനക്കോടിന്റെ മറ്റൊരു ശാഖയായ പാലിയത്തെ വലിയച്ചനു സമ്മാനിച്ചു. 922-ൽ പകർത്തിയ ശിവപുരാണത്തിലെ ശിവയോഗിമാഹാത്മ്യം ഞാൻ വായിച്ചിട്ടുണ്ട്. ഈ ബാലരാമൻ ഒരു പണ്ഡിതനും വിദ്വൽപ്രിയനുമായിരുന്നു എന്നു പ്രസ്തുത കൃതിയിൽനിന്നെന്നപോലെ ത്രൈകാലികാഖ്യാനം എന്ന മറ്റൊരു കൃതിയിൽനിന്നും തെളിയുന്നു.

## 6 ഭാരതം ആട്ടക്കഥ

കൊട്ടാരക്കരത്തമ്പുരാൻ രാമായണം എട്ടുദിവസത്തെ ആട്ടക്കഥയായി നിർമ്മിച്ചതുപോലെ രാമപാണിവാദനും ഭാരതം എട്ടു ദിവസത്തെ കഥയായി നിബന്ധിച്ചിരിക്കുന്നു. (1) ബകവധം (2) പാഞ്ചാലീസ്വയംവരം (സുഭദ്രാഹരണംവരെ) (3) രാജസൂയം (4) കിർമ്മീരവധം (5) കിരാതം (6) കല്യാണസൌഗന്ധികം (7) അജ്ഞാതവാസം (യുദ്ധാരംഭംവരെ) (8) ധർമ്മവിജയം ഇങ്ങനെയാണ് ആ എട്ടു ദിവസത്തെ കഥകൾക്കു യഥാക്രമം നാമകരണം ചെയ്തിരിക്കുന്നത്.

> “സകലഗുണവിശേഷഭാസുരാണാം
> സപദി സഭാം പ്രണിപത്യ ഭൂസുരാണാം
> രസികജനമനോഹരം പ്രബന്ധം
> രചയതി സംപ്രതി രാമപാണിവാദഃ”

എന്നൊരു ശ്ലോകം ഗ്രന്ഥാരംഭത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. “കരടകുലപുരനിവാസി”യായ ശിവനേയും, ഭൂതനാഥനേയും വേട്ടക്കൊരുമകനേയും “അശ്വപദക്ഷിതിപതികുലജന്മാ” വായ ഗോദവർമ്മാവിനേയും, “മാനവിക്രമ മഹീപാല” നേയും ഗ്രന്ഥാരംഭത്തിൽ സ്മരിക്കുന്നുണ്ട്. അശ്വപദക്ഷിതിപതി, കുതിരവട്ടത്തുനായരാണ്. കരടകുലപുരം ഏതെന്നറിവില്ല. ഇങ്ങനെ (1) ശ്രീകൃഷ്ണചരിതം മണിപ്രവാളം, (2) പഞ്ചതന്ത്രം (3) രുക്മാംഗദചരിതം (4) നളചരിതം (5) ശിവപുരാണം എന്നീ നാലു കിളിപ്പാട്ടുകൾ, (6–13) ഭാരതകഥാനുബന്ധികളായ എട്ട് ആട്ടക്കഥകൾ ഇവ രാമപാണിവാദകൃതങ്ങളാണെന്നു തെളിയുന്നു. ഇനിയും സംസ്കൃതത്തിലും മലയാളത്തിലും രാമപാണിവാദകൃതങ്ങളെന്നു ഞാൻ ഊഹിക്കുന്ന മറ്റു ചില ഗ്രന്ഥങ്ങളുണ്ട്. അവയെപ്പറ്റി പിന്നീടു പ്രസ്താവിക്കാം.

## പ്രഥമരാമപാണിവാദനാണ് കവി

മാതുലനായ രാമപാണിവാദൻതന്നെയായിരിക്കണം ആ പേരിൽ കാണുന്ന കൃതികളുടെയെല്ലാം പ്രണേതാവ് എന്നുള്ളതിന് എനിക്കു തോന്നുന്ന പ്രധാനകാരണങ്ങൾ ഇനി പ്രദർശിപ്പിക്കാം. സംസ്കൃതത്തിലും പ്രാകൃതത്തിലും തത്സംജ്ഞനായ കവി രചിച്ചിട്ടുള്ള കൃതികളെല്ലാം ഉത്തമകാവ്യകോടിയുടെ ഉച്ചസ്ഥാനത്തിൽ സമുല്ലസിക്കുന്നു. അവയിൽ ഒന്നുംതന്നെ രണ്ടാംതരക്കാരനായ ഒരു കവി നിർമ്മിച്ചതാണെന്നുള്ള പ്രതീതി ഭാവുകന്മാരിൽ അങ്കുരിപ്പിക്കുന്നില്ല. ഉഷാനിരുദ്ധത്തിനും കംസവധത്തിനും പുറമേ ഭാഗവതചമ്പുവിലും അദ്ദേഹം അനവധി പ്രാകൃതശ്ലോകങ്ങൾ നിർമ്മിച്ചുചേർത്തു തനിക്ക് ആ ഭാഷയിലുള്ള അനന്യസാധാരണമായ പാണ്ഡിത്യത്തെ പ്രഖ്യാപനം ചെയ്യുന്നു. അന്തർഗൂഢമായ ഹാസ്യരസത്തിന്റെ പ്രകടനം മിക്ക സംസ്കൃതകൃതികളിലും കാണാം. ഭാഷാഗ്രന്ഥങ്ങളിൽ പലതും—പ്രത്യേകിച്ചു കിളിപ്പാട്ടുകൾ—അത്യുൽകൃഷ്ടനായ ഒരു കവിവര്യന്റെ തൂലികയിൽനിന്നല്ലാതെ നിർഗ്ഗമിക്കുവാൻ പാടില്ലാത്തവിധത്തിൽ അത്രയ്ക്കു ഹൃദയഹാരികളാകുന്നു. അവയിലെ ഫലിതധോരണി കുറേക്കൂടി വിവൃതമാണ്. രാമപാണിവാദൻ തന്റെ ഗുരു നാരായണഭട്ടതിരി എന്നൊരു പണ്ഡിതനാണെന്നു പദേ പദേ നമ്മെ അനുസ്മരിപ്പിക്കുന്നു. അമ്മാവനായ രാമൻനമ്പിയാരാണ് തന്റെ ഗുരു എന്ന് അനന്തരവൻ രാമൻനമ്പിയാരും പറയുന്നു. അതുകൊണ്ട് ആചാര്യ നാമധേയം ഘടിപ്പിച്ചിട്ടുള്ളതോ ബ്രാഹ്മണനാണ് ഗുരുവെന്നു പ്രസ്താവിച്ചിട്ടുള്ളതോ ആയ യാതൊരു കൃതിയും അമ്മാവന്റേതല്ലാതെ അനന്തരവന്റേതായിരിക്കുവാൻ നിർവ്വാഹമില്ല; പോരെങ്കിൽ അമ്മാവൻതന്നെയാണ് വിഷ്ണുവിലാസാദി ഗ്രന്ഥങ്ങളുടെ കർത്താവെന്ന്

അനന്തരവൻ 940-ൽ പകർത്തിയ ബാലഭാരതം ഗ്രന്ഥത്തിലെ ഒരു ഓലയിൽ നാം മുൻപു കണ്ട വിധത്തിൽ രേഖപ്പെടുത്തിയുമിരിക്കുന്നു. ആ ശ്ലോകങ്ങൾ അമ്മാവന്റേതല്ല എന്നുള്ളതു "കൃഷ്ണേ സോദരരോഹിണീജസഹിതേ" എന്ന ശ്ലോകത്തിലെ കലിവാക്യത്തിൽനിന്നു വെളിപ്പെടുന്നു. ആ കലിവാക്യത്തിൽനിന്നു കിട്ടുന്നതും "കൊല്ലം തൊള്ളായിരത്തിൽപ്പരമതിലുടനേ നാല്പതും ചെന്നകാലം" എന്ന ശ്ലോകത്തിൽ കാണുന്ന ദിവസം തന്നെയാണ്. തെക്കേടത്തു ഭട്ടതിരിയേയും രാമവർമ്മ മഹാരാജാവിനേയും കൂടി, അമ്മാവൻ അവരുടെ ആശ്രിതനായിരുന്നതുകൊണ്ടും അവരിൽനിന്നു സ്വകുടുംബത്തിലേക്കു പല സഹായങ്ങളും ലഭിക്കുകകൊണ്ടും മരുമകൻ ഓരോ ശ്ലോകത്തിൽ സ്തുതിച്ചു എന്നേ സങ്കല്പിക്കേണ്ടതുള്ളു. ആ ഗ്രന്ഥം പകർത്തിയതു അമ്മാവനുവേണ്ടിത്തന്നെയായിരുന്നു എന്നുള്ളതു "വർത്തന്തേ കലമംഗലാഖ്യഭവനേ" എന്ന ശ്ലോകത്തിൽനിന്നു കാണാം. ആ ശ്ലോകത്തിലും "ദദൃർന്നാരായണാഖ്യാൽ" എന്നതിലും ബഹുവചനം പൂജാർത്ഥമായാണ് പ്രയോഗിച്ചിരിക്കുന്നതെന്നുള്ളതിനു സംശയമില്ല.

## ജനനകാലം, ജീവിതചരിത്രം

ബാലഭാരതം ഏട്ടിൽ ദ്വിതീയരാമൻ കുറിച്ചിട്ടുള്ള "ക്ഷോണീദേവക്ഷിതീശോ നിജമിവ തനയം" എന്നൊരു ശ്ലോകമുള്ളതായി നാം കണ്ടുവല്ലോ. ചെമ്പകശ്ശേരി രാജാവു തന്റെ പുത്രനെപ്പോലെ മഹാകവിയെ ലാളിച്ചു വളർത്തി ശാസ്ത്രമഭ്യസിപ്പിച്ചു ധാരാളം ദ്രവ്യം സമ്മാനിച്ചു സംരക്ഷിച്ചു എന്നാണ് ആ ശ്ലോകത്തിൽനിന്നു നാം ഗ്രഹിയ്ക്കുന്നതു്. 893-ആണ്ടു കർക്കടകത്തിൽ പൂരുരുട്ടാതിതിരുനാൾ ചെമ്പകശ്ശേരി രാജാവു മരിച്ചു. അദ്ദേഹത്തിന്റെ അനന്തരഗാമിക്കു 917-ആണ്ട് ഉദ്ദേശം മുപ്പത്തിരണ്ട് വയസ്സു പ്രായമുണ്ടായിരുന്നതായി ഡച്ചു റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്: 960-ആണ്ടിടയ്ക്കു വിരചിതമായ ചാതകസന്ദേശത്തിൽ അദ്ദേഹത്തെപ്പറ്റി:

> കൃത്വാ മോദം ജഗതി വിദുഷാം വിത്തദാനൈർന്നികാമം
> രാജ്ഞാ യത്ര പ്രഥമമുഷിതം ദേവനാരായണേന
> സ്വർഗ്ഗാദ്ദുർവ്യാം സുകൃതവിഗമേ നിസ്സഹായൈഃ പതദ്ഭിർ-
> ദ്ദേഹിവ്രാതൈരവശമധുനാ തുല്യഭാവം ഗതേന."

എന്ന ശ്ലോകം കാണുന്നു. അന്ന് അദ്ദേഹത്തിന് ഏകദേശം 75 വയസ്സായിരുന്നിരിയ്ക്കണം. ഈ രേഖകളിൽനിന്ന് ആ രാജാവ് 885-ആണ്ടിടയ്ക്കു ജനിച്ചു എന്നു വിചാരിക്കാം. 901-ൽ 16 വയസ്സു തികഞ്ഞപ്പോൾമാത്രമേ അദ്ദേഹം സിംഹാസനാരൂഢനായിരിയ്ക്കുകയുള്ളു. അതിൽപ്പിന്നീടായിരിയ്ക്കണം രാമപാണിവാദൻ അദ്ദേഹത്തെ ആശ്രയിയ്ക്കുവാൻ ഔത്സുക്യപൂർവ്വം അമ്പലപ്പുഴെ ചെന്നതു്. രാഘവീയത്തോടുകൂടിയാണ് മഹാകവി ഇദംപ്രഥമമായി അദ്ദേഹത്തെ മുഖം കാണിച്ചതു് എന്നു "യോഭ്യദങ്കുരിതോ" എന്ന തത്സംബന്ധമായ സമർപ്പണ ശ്ലോകത്തിൽനിന്നു തെളിയുന്നു. ഈ സ്ഥിതിയ്ക്കു "ബാല്യേയം ലാളയിത്വാ" എന്ന ദ്വിതീയരാമപാണിവാദന്റെ പ്രസ്താവനയെ ശാലീനതാദ്യോതകവും അത്യുക്തിപരവുമായേ കരുതേണ്ടതുള്ളു. അമ്പലപ്പുഴയിൽ ചെന്നതിനുമേൽ പ്രഥമരാമൻ തമ്പുരാന്റെ പ്രേരണയോടും സഹായത്തോടും വ്യാകരണത്തിനു പുറമേ മറ്റേതെങ്കിലും ശാസ്ത്രംകൂടി അഭ്യസിച്ചിരിയ്ക്കാം. ആ വസ്തുതയേയായിരിയ്ക്കാം "ശാസ്ത്രമദ്ധ്യാപയിത്വാ" എന്ന വാചകത്തിൽ ദ്വിതീയരാമൻ സൂചിപ്പിക്കുന്നതു്. അല്ലെങ്കിൽ ആ ശ്ലോകം അർത്ഥശൂന്യമായിപ്പോകുന്നു. എന്റെ ഈ ഊഹം ശരിയാണെങ്കിൽ ആ രാജാവിന്റെ ആസ്ഥാനപണ്ഡിതനായിത്തീർന്നപ്പോൾ പ്രഥമരാമനു മുപ്പതു വയസ്സെങ്കിലും തികഞ്ഞിരിക്കണം;

അങ്ങനെയാണെങ്കിൽ 875-ആണ്ടിടയ്ക്കായിരിക്കണം അദ്ദേഹത്തിന്റെ ജനനം. മുപ്പതു വയസ്സെങ്കിലും തികയാത്ത ഒരാൾക്കു രാഘവീയം രചിക്കുവാൻ സാധിക്കുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു. ഒന്നാംകിടയിലുള്ള ഒരു വൈയാകരണനായാണ് അദ്ദേഹം ആ മഹാകാവ്യത്തിൽ പ്രകടീഭവിക്കുന്നത്. അമ്പലപ്പുഴയേയോ ദേവനാരായണനേയോ സ്മരിക്കാത്ത കൃതികളിൽ പലതും അദ്ദേഹം 905-നു മുൻപിൽ നിർമ്മിച്ചിരിക്കണം. ആദ്യകാലത്തു കോഴിക്കോട്ടു പോയി സാമൂതിരിയേയും അദ്ദേഹത്തിന്റെ സാമന്തന്മാരായ കുതിരവട്ടത്തു തമ്പാൻ, വെട്ടത്തു രാജാവ് ഇവരേയും, തദനന്തരം കൊച്ചിയിലെത്തി മണക്കുളത്തു രാജാവ്, മനക്കോട്ടച്ചൻ ഇവരേയും ആശ്രയിച്ചു താമസിച്ചിരിക്കുവാൻ ഇടയുണ്ട്.

## ജനനത്തെപ്പറ്റിയുള്ള ഐതിഹ്യം

പ്രഥമരാമന്റെ ജനനം കിള്ളിക്കുറിശ്ശിമങ്ഗലത്തു ശിവക്ഷേത്രത്തിനു തൊട്ടു പടിഞ്ഞാറുവശത്തായി സ്ഥിതിചെയ്യുന്ന കലക്കലത്ത് എന്ന കുലഗൃഹത്തിൽത്തന്നെയായിരുന്നു എന്നുള്ളതിനു സന്ദേഹമില്ല. ഈ ഗൃഹത്തിനു സംസ്കൃതത്തിൽ കലമങ്ഗലമെന്നു പേർ പറയുന്നു. പൂന്തോട്ടത്തു നമ്പൂരിയുടെ ഇല്ലം അതിനു തൊട്ടടുത്താണ്. മന്ത്രേടത്തു നമ്പൂരിയുടെ ഇല്ലവും അതിനു സമീപംതന്നെ. കിള്ളിക്കുറിശ്ശിമങ്ഗലത്തിനു ശുകപുരം എന്നും മങ്ഗലം എന്നും പേരുണ്ട്. അവിടത്തെ ശിവൻ ഈ മൂന്നു കുടുംബക്കാരുടേയും പരദേവതയാണെങ്കിലും മന്ത്രേടത്തു നമ്പൂരിപ്പാട്ടു പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലും പൂന്തോട്ടത്ത് അച്ഛൻ നമ്പൂരിപ്പാടു പതിനൊന്നാംശതകത്തിന്റെ പൂർവ്വാർദ്ധത്തിലുമാണ് ജീവിച്ചിരുന്നത് എന്നുള്ള വസ്തുത നാം പ്രകൃതത്തിൽ ഓർമ്മിക്കേണ്ടതാകുന്നു. മന്ത്രേടത്തു നമ്പൂരിപ്പാട്ടിലേക്കു വലിയ കവിതാവാസനയൊന്നും ഉണ്ടായിരുന്നില്ല. വടക്കൻ സുഭദ്രാഹരണം ആട്ടക്കഥയല്ലാതെ മറ്റൊരു കൃതിയും അദ്ദേഹം രചിച്ചതായി കേട്ടുകേൾവിപോലുമില്ല. പൂന്തോട്ടത്തിന്റെ കാവ്യങ്ങളെന്തെന്നു നമുക്കറിയാം; അവയുടെ കൂട്ടത്തിൽ ഉപരിസൂചിതങ്ങളായ കൃതികളൊന്നും ഉൾപ്പെടുന്നില്ല.

നമ്പിയാരുടെ ജനനത്തെപ്പറ്റി ഒരു പുരാവൃത്തമുണ്ട്. വന്നേരി നാട്ടുകാരനായ ഒരു നമ്പൂരി തിരുവനന്തപുരത്തുചെന്ന് അന്നു തിരുവിതാംകൂർ വാണിരുന്ന രവിവർമ്മമഹാരാജാവിനോടു പെൺകൊടയ്ക്കു വേണ്ട ധനവും വാങ്ങിക്കൊണ്ടു മടങ്ങുന്ന വഴിക്കു കിള്ളിക്കുറുശ്ശി ക്ഷേത്രക്കുളത്തിൽ കുളിക്കുന്നതിന്നിറങ്ങി. ആ അവസരത്തിൽ അദ്ദേഹം കല്പടയിൽ വച്ചിരുന്ന പണക്കിഴിയിന്മേൽ ഒരു പശു ചാണകമിടുകയാൽ കുളികഴിഞ്ഞു കിഴി കാണാതെ നമ്പൂരി പരിഭ്രാന്തനായി. അപ്പോൾ ഗർഭവതിയായ ഒരു നങ്ങിയാർ കല്പട അടിച്ചു തളിക്കുവാൻ അവിടെ ചെല്ലുകയും ചാണകത്തിന്നടിയിൽ പണക്കിഴി കണ്ട് അതെടുത്തു നമ്പൂരിയെ ഏല്പിക്കുകയുംചെയ്തു. നമ്പൂരി ആ സത്യസന്ധയെ "സൽപുത്രനുണ്ടാകട്ടെ" എന്ന് ആശീർവാദം നല്കി അനുഗ്രഹിച്ചു. ആ സ്ത്രീരത്നമാണ് മഹാകവിയുടെ മാതാവ്. ഈ പുരാവൃത്തത്തിൽ അവിശ്വസനീയമായി ഒന്നുമില്ല. തിരുവിതാംകൂറിൽ കോട്ടയം ജില്ലയിൽപ്പെട്ട കിടങ്ങൂർ എന്ന സ്ഥലത്തു കുമ്മണ്ണൂർക്കരയിൽ കല്ലമ്പള്ളി എന്നൊരു നമ്പൂരിയില്ലമുണ്ട്. ആ ഇല്ലത്തിലെ ഒരു നമ്പൂരിക്കു കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽ അക്കാലത്തു ശാന്തിയുണ്ടായിരുന്നുവെന്നും അദ്ദേഹമാണ് നമ്പിയാരുടെ പിതാവെന്നും കിടങ്ങൂരിലും മറ്റും ദ്രുഢമൂലമായുള്ള ഐതിഹ്യവും പരിത്യാജ്യമല്ല. ആ അച്ഛനമ്മമാരിൽനിന്നാണ് മഹാകവിയുടെ ജനനം. പിതാവു ശൈശവത്തിൽത്തന്നെ മരിച്ചുപോയിരിക്കണമെന്നു തോന്നുന്നു. അദ്ദേഹത്തോടുകൂടി നമ്പിയാർ കൂടക്കൂടെ കിടങ്ങൂരിൽ

ചെന്ന താമസിച്ചിരുന്ന എന്ന ഊഹിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അമ്പലപ്പുഴയും കുടമാളൂരും താമസമായി അവിടത്തെ ക്ഷേത്രങ്ങളിലുള്ള അനവധി ദേവന്മാരെ അദ്ദേഹം ഭാഷാകൃതികളിൽ വന്ദിക്കുന്നുണ്ടല്ലോ. കിടങ്ങൂർത്തേവരെ ആ കൂട്ടത്തിൽ ഒരിടത്തും ചേർത്തു കാണാത്തത് അദ്ദേഹത്തിന് ആ സ്ഥലവുമായുള്ള ബന്ധം ആദ്യകാലത്തുതന്നെ നശിച്ചിരിക്കണമെന്നുള്ളതുകൊണ്ടാണെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. മാതുലനായ രാഘവൻനമ്പിയാരും സർവോപരി മാതാവും തന്നെയായിരിക്കണം അദ്ദേഹത്തെ ബാല്യത്തിൽ യഥാവിധി വളർത്തിയതു്.

## ഗുരുനാഥൻ

രാമപാണിവാദൻ തന്റെ പല കൃതികളിലും ശ്രീനാരായണഭട്ടതിരി എന്നൊരു ഗുരുവിനെ ഭക്തിപാരവശ്യത്തോടുകൂടി സ്മരിക്കുന്നുണ്ടല്ലോ. ആ ഭട്ടതിരി ആരാണെന്നു ഇനി വിചാരണ ചെയ്യാം. ഒടുവിലത്തെ ചെമ്പകശ്ശേരി രാജാവിന്റെ കാലത്തു തെക്കേടത്തു മനയ്ക്കൽ മൂസ്സ് ഒരു നാരായണഭട്ടതിരിയായിരുന്നു എന്നറിയാം. അദ്ദേഹം ശങ്കരൻഭട്ടതിരിയുടെ പുത്രനും രാജാവിന്റെ സഹോദരിയുടെ ഭർത്താവുമായിരുന്നു. രാജാവിനെപ്പോലെതന്നെ അദ്ദേഹവും വൈദുഷ്യനിധിയും വിദ്വൽപക്ഷപാതിയുമായിരുന്നുഎന്നുള്ളതിനും തെളിവുണ്ടു്. മുൻപു സൂചിപ്പിച്ചിരുന്നതുപോലെ 893-ൽ അതിനു മുൻപിലത്തെ രാജാവു തീപ്പെട്ടപ്പോൾ അടുത്ത കിരീടാവകാശിക്കു പ്രായപൂർത്തി വരാത്തതിനാൽ കുറേക്കാലത്തേക്കു രാജ്യരക്ഷാഭാരവും അദ്ദേഹം തന്നെ വഹിച്ചിരുന്നിരിക്കണം. പുതിയ രാജാവു സിംഹാസനാരൂഢനായി ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ രാജ്യഭരണം വീണ്ടും അദ്ദേഹത്തെ ഏല്പിച്ചു് കലാകുതുകിയായും ചതുരംഗം മുതലായ വിനോദങ്ങളിൽ വ്യാപൃതനായും കാലയാപനം ചെയ്തു. ഭട്ടതിരി പ്രജകളുടെ കണ്ണിലുണ്ണിയായി. അദ്ദേഹത്തിന്റെ വർദ്ധമാനമായ ശക്തികണ്ടു രാജാവു് അസൂയാകുലനായി അദ്ദേഹത്തെ അധികാരഭ്രഷ്ടനാക്കുകയും ഒരവസരത്തിൽ വെയിലത്തു നിറുത്തി തേജോവധം ചെയ്യുകയും ചെയ്തു. കുറേ ദിവസങ്ങൾ ചെന്നപ്പോൾ ഭട്ടതിരി വീണ്ടും രാജസേവകനായി; എന്നാൽ അതിനുമുൻപു് അദ്ദേഹം രാമയ്യൻദളവയുടെ ചാരന്മാരിൽ ഒരാളായിക്കഴിഞ്ഞിരുന്നു. അതു രാജാവിനു രാജ്യം കൈവിട്ടുപോകാൻ ഒരു പ്രധാന കാരണവുമായി. ആ ഭട്ടതിരിയുടെ പുത്രൻ നീലകണ്ഠൻ ഭട്ടതിരിയുടെ ആവശ്യമനുസരിച്ചാണു് കൃഷ്ണൻനമ്പിയാർ നാടകാഭരണം പകർത്തിയതു്. 906-ആണ്ടിടയ്ക്കുമാത്രമാണു് മഹാകവി അമ്പലപ്പുഴെ താമസമാരംഭിച്ചതെങ്കിൽ അദ്ദേഹത്തിന്റെ ഗുരു തെക്കേടത്തു നാരായണഭട്ടതിരിയായിരിക്കുവാൻ നിവൃത്തിയില്ല; അദ്ദേഹത്തെ വ്യാകരണം പഠിപ്പിച്ചു എന്ന "ദദ്യുർന്നാരായണാഖ്യാൽ" എന്ന ശ്ലോകത്തിൽനിന്നു വെളിപ്പെടുന്ന നാരായണഭട്ടതിരി മറ്റൊരാളാകുവാനേ നിവൃത്തിയുള്ളു. തെക്കേടത്തു ഭട്ടതിരിമാരുടെ മൂലകുടുംബം കൊച്ചിരാജ്യത്തു തലപ്പള്ളിത്താലൂക്കിൽ വെള്ളർകാട്ടുംശത്തിൽ കോടക്കുഴിദേശത്തുള്ള മറവഞ്ചേരി തെക്കേടത്തുമനയാണു്. ഇന്നും ആ മനയുണ്ടു്. കിള്ളിക്കുറിശ്ശിമങ്ങലത്തു നിന്നു് ആ സ്ഥലത്തേക്കു് അധികം ദൂരമില്ല. അതുകൊണ്ടു് ആ മനക്കലെ ഒരു ഭട്ടതിരിക്കു നമ്പിയാരുടെ ഗുരുനാഥനാകുവാൻ പാടില്ലായ്കയില്ല. എന്നാൽ പ്രസ്തുതനായ നാരായണഭട്ടതിരിയുടെ താമസം അമ്പലപ്പുഴെയായിരുന്നു എന്നു നാം കണ്ടുവല്ലോ. തന്നിമിത്തം അദ്ദേഹത്തിനു ബാല്യത്തിൽ "പാണിവാദനെ" മറവഞ്ചേരിയിൽ വെച്ചു വിദ്യാഭ്യാസം ചെയ്യിക്കുവാൻ സാധിച്ചിരിക്കുകയില്ല. ശ്രീകൃഷ്ണവിലാസവ്യാഖ്യയിൽ മഹാകവി തന്റെ ഗുരു ഒരു ശിവക്ഷേത്രം ജീർണ്ണോദ്ധാരണം

ചെയ്തതായി "ഗുരുണാ ഭൂസുരേന്ദ്രേണ" എന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്നുണ്ട ല്ലോ. അങ്ങനെയൊരു ക്ഷേത്രവുമായി തെക്കേടത്തു ഭട്ടതിരിയെ ആരും സംഘടി പ്പിച്ചു കേട്ടിട്ടില്ല. പക്ഷെ അതു കിള്ളിക്കുറിശ്ശി ക്ഷേത്രം തന്നെയായിരിക്കാമെന്നു തോന്നുന്നു. 921 – 926 ഈ ആണ്ടുകൾക്കിടയ്ക്കു് ആ ക്ഷേത്രം കൊച്ചി വീരകേരളവർമ്മമഹാരാജാവു ജീർണ്ണോദ്ധാരണം ചെയ്തു.

"സർവശാസ്ത്രാർത്ഥസമ്പന്നഃ കലിതാനന്ദസാന്ദ്രധീഃ
വീരകേരളരാജേന്ദ്രോ ജീർണ്ണമത്രോദഹാരയൽ"

എന്ന ശ്ലോകമാണ് അതിനു തെളിവ്. അതു കിള്ളിക്കുറിശ്ശിമങ്ഗലം ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയ്ക്കു തെക്കുവശത്തു വലിയമ്പലത്തിന്റെ കരിങ്കൽത്തറയിന്മേലാണ് കൊത്തിയിരിക്കുന്നതു്. കലിവാക്യം കൊണ്ടു 927 കുംഭം 19-ആംനു എന്ന ദിനമാണ് വരുന്നതെങ്കിലും വീരകേരളവർമ്മ അതിനു രണ്ടുകൊല്ലംമുൻപു തൃപ്പൂണിത്തുറവെച്ചു തീപ്പെട്ടതായി നാം പെരുമ്പടപ്പുസ്വരൂപം ഗ്രന്ഥവരിയിൽനിന്നറിയുന്നതിനാൽ പ്ര സ്തുത ശ്ലോകം അദ്ദേഹത്തിന്റെ അനന്തരഗാമിയോ മറ്റോ ആ പൂർവ്വകാലസംഭവ ത്തിന്റെ സ്മാരകമായി കൊത്തിച്ചതാണെന്ന് ഊഹിക്കണം. അതോടനുബന്ധിച്ച് അവിടത്തെ ബലിക്കൽത്തളം പണിയിച്ചതു മഹാകവിയാണെന്ന് ആ ക്ഷേത്രത്തി ലെ ചുറ്റമ്പലത്തിൽ എഴുതീട്ടുള്ള

"ശ്രീബലിപ്രസ്തരശ്ശംഭോശ്ശീഘ്രകാലയവാസിനാ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം"

എന്ന ശ്ലോകം തെളിയിക്കുന്നു. കിള്ളിക്കുറിശ്ശിക്ഷേത്രത്തിലെ തന്ത്രിസ്ഥാനം തൃ ക്കാരമണ്‍ (തൃക്കാരണ) മനയ്ക്കലേയ്ക്കായിരുന്നു. ആ മന അന്യംനിന്നപ്പോൾ അവി ടത്തെ അവകാശങ്ങൾ മേല്പടി ക്ഷേത്രത്തിൽനിന്നു കാൽനാഴികമാത്രം അകലെ യുള്ള അയിരിൽ (ഐരിലിയെന്നും പറയും) മനയ്ക്കലേക്ക് ഒതുങ്ങി. മഹാകവിയുടെ കാലത്തു അയിരിൽമനയ്ക്കലെ ഭട്ടതിരിയാണ് തന്ത്രിയായിരുന്നതു്. അദ്ദേഹമായിരി ക്കണമല്ലോ 924-ആണ്ടിടയ്ക്കു് ആ ക്ഷേത്രത്തിൽ ബിംബപ്രതിഷ്ഠ ചെയ്തതു്. അങ്ങനെ വരുമ്പോൾ 'ഗുരുണാ ഭൂസുരേന്ദ്രേണ കല്പിതം ക്ഷേത്രമുത്തമം" എന്നു മഹാകവി ആ സംഭവത്തെ വർണ്ണിക്കുന്നതിൽ വളരെ ഔചിത്യമുണ്ട്. തൃക്കാരമണ്ണില്ലത്തെ ഒരു ഭട്ടതിരിയാണ് മഹാകവിയുടെ ഗുരു എന്നുള്ള ഐതിഹ്യം തന്നിമിത്തം വിശ്വാസ യോഗ്യമായിരിക്കുന്നു. ലീലാവതീവീഥിയിലുള്ള "നിത്യം നൃത്യതി യസ്യ നാമ" എന്ന ശ്ലോകത്തിൽ അദ്ദേഹം തെക്കേടത്തു ഭട്ടതിരിയെ രാജാവിന്റെ സഖാവും തന്റെ പുര സ്കർത്താവുമെന്നുള്ള നിലയിൽ മാത്രമല്ലാതെ ഗുരുനാഥനെന്ന സ്ഥാനത്തിലല്ല സ്മ രിയ്ക്കുന്നതെന്നും ഇവിടെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

"മോദത്തോടനുവാസരമെന്നുടെ
ചേതസ്സിൽക്കുടികൊണ്ടരുളീടിന
ശ്രീതത്ത്വാഞ്ചിതമുഖ്യമഹീസുര-
പാദദ്വയമിന്നാശ്രയമായി"

എന്ന ലങ്കാമർദ്ദനം തുള്ളലിലെവരികളിൽ "ശ്രീതത്ത്വാഞ്ചിത" പദത്തിനു "ബ്രഹ്മ ജ്ഞാനിയായ" എന്നല്ലാതെ മറ്റൊരർത്ഥവും കല്പിക്കുവാൻ നിർവാഹമില്ലാത്തതും അതു തൃക്കാരമണ്‍ ഭട്ടതിരിയേയോ തെക്കേടത്തു ഭട്ടതിരിയേയോ സൂചിപ്പിക്കുന്നു എന്നു പറയുന്നതു നിരാസ്പദവുമാണ്. എന്നുമാത്രമല്ല ലങ്കാമർദ്ദനം തന്നെ നമ്പിയാ രുടെ കൃതിയാണെന്നു ഞാൻ കരുതുന്നുമില്ല. 831-ആണ്ടു മരിച്ച മേല്പുത്തൂർ ഭട്ടതി

രിയോ 761-ൽ ജനിച്ച ആശ്ലേഷാശതകകാരനായ നാരായണപണ്ഡിതനോ അല്ല നമ്പിയാരുടെ ഗുരുവായ നാരായണപണ്ഡിതൻ എന്നു ചൂണ്ടിക്കാണിക്കേണ്ട ആവശ്യമേ ഉണ്ടെന്നു തോന്നുന്നില്ല. ഏഴാമത്തെ വയസ്സിൽ മഹാകവിക്കു സരസ്വതീദേവിയുടെ സാക്ഷാൽകാരം ലഭിച്ചുവെന്നും ആ അവസരത്തിൽ ആ ബാലൻ വിഘ്നേശ്വരപരമായി

> "ഏകരദം ദ്വിരദമുഖം ത്രിനയനതനയം ചതുർമ്മുഖാരാധ്യം
> പഞ്ചമുഖോപാന്തസ്ഥം ഷൺമുഖസഹജം നമാമി ഹേരംബം"

എന്ന തന്റെ പ്രഥമശ്ലോകം നിർമ്മിച്ചു എന്നുംകൂടി പഴമക്കാർ പറയുന്നു.

## രാമപാണിവാദനും കുഞ്ചൻനമ്പിയാരും ഒരാൾ തന്നെ

ഇന്നത്തെ നിലയിൽ നാം കാണുന്ന തുള്ളൽക്കഥകളുടെ ജനയിതാവു കുഞ്ചൻനമ്പിയാരാണെന്നും ആ സാഹിത്യ പ്രസ്ഥാനത്തിന്റെ ഉൽപ്പത്തിസ്ഥാനം അമ്പലപ്പുഴയാണെന്നും ഉള്ളതിനെപ്പറ്റി ആർക്കും വിവാദമില്ല. ഈ കുഞ്ചൻ രാമപാണിവാദനിൽനിന്നു ഭിന്നനോ അഭിന്നനോ എന്നാണ് നമുക്കിവിടെ പര്യാലോചിക്കുവാനുള്ളത്. കുഞ്ചനെന്നുതന്നെയായിരിക്കണം അദ്ദേഹത്തിന്റെ നാമധേയം എന്ന് അധ്യാഹരിക്കുന്നവർ രണ്ടു വസ്തുതത്ത്വങ്ങൾ ഓർമ്മിക്കുന്നതു നന്നായിരിക്കും. ഒന്നാമതു കുഞ്ചൻ എന്നതു ഒരോമനപ്പേർ മാത്രമാണ്; സാധാരണമായി ഹിന്ദുക്കൾ നാമകരണമുഹൂർത്തത്തിൽ ശിശുക്കൾക്കു നൽകുന്ന പേർ ഏതെങ്കിലും ദേവന്റേതായിരിക്കുകയേ ഉള്ളു. ഈ ആചാരത്തിന് അവരുടെ ഇടയിൽ ഇന്നും പറയത്തക്ക മാറ്റമൊന്നും വന്നിട്ടില്ല. ഇന്നും കലക്കത്തു കുടുംബത്തിലെ കാരണവന്മാർക്കു കുഞ്ചൻ എന്നൊരു മാറാപ്പേരുണ്ട്. അതു നാമകരണസിദ്ധമായ പേരിനു പുറമേയാണെന്നു പറയേണ്ടതില്ലല്ലോ. ഈ മാറാപ്പേര് ആദ്യകാലത്തു കുടുംബത്തിലേക്കുണ്ടായിരുന്നില്ലെന്നും മഹാകവിക്ക് അമ്പലപ്പുഴെ നിന്നോ മറ്റോ സിദ്ധിച്ചതാണെന്നും അന്നുമുതൽ കാരണവന്മാർ ഇതുകൂടി ഉപയോഗിച്ചുവരുന്നു എന്നുമാണ് കിള്ളിക്കുറിശ്ശിമങ്ഗലത്തുകാർ പറയുന്നത്. അതു ശരിയാണെങ്കിൽ കുഞ്ചൻ എന്ന ഓമനപ്പേർ മഹാകവിക്കു നല്കിയതു മാതാവോ മാതുലനോ അല്ലെന്നും ചെമ്പകശ്ശേരി രാജാവാണെന്നും ഇരുന്നുകൊള്ളട്ടെ. അതിനും വിരോധമില്ല.

## ശ്രീകൃഷ്ണവിലാസവ്യാഖ്യ

ഇതു കുഞ്ചൻനമ്പിയാരുടെ കൃതി എന്നാണ് പരമ്പരാഗതമായ വിശ്വാസം. അത് എഴുതിത്തീർത്തു നമ്പിയാർ അഭിപ്രായമറിയുന്നതിനായി അക്കാലത്തു കേരളത്തിലെ പണ്ഡിതസാർവഭൗമനായ കുടല്ലൂർ വലിയ നമ്പൂരിപ്പാട്ടിനെ കാണിച്ചുവെന്നും അദ്ദേഹം ആ അവസരത്തിൽ രണ്ടർത്ഥത്തിൽ

> "മന്ദാരം മധുമത്തയാ ജയതി തേ വാണീ ഗുണേനാദൃതാ
> വിദ്വന്മാനസമൗഖരീ ച ഭവതഃ കാഭാരതീ ഭാസതേ
> ഏതാം താമരസേന യത്നഘടിതാം മാലാമിവാത്യാദരാ-
> ല്ലോകഃകോവിദമാനനീയശിരസാമാർദ്ദങ്ഗിക! ശ്ലാഘതേ"

എന്നൊരു ശ്ലോകം പ്രശംസാപത്രമായും നിന്ദാപത്രമായും ഉപകരിക്കത്തക്ക വിധത്തിൽ സമ്മാനിച്ചു എന്നും കേട്ടിട്ടുണ്ട്. ആ വ്യാഖ്യാനം രാമപാണിവാദനെപ്പോലെയുള്ള ഒരു വിദ്വദ്വരേണ്യനല്ലാതെ രചിക്കുവാൻ സാധിക്കുന്നതല്ല. അതിന്റെ

രചന 924-ന മേലായിരുന്നിരിക്കണം. കുഞ്ചൻനമ്പിയാർക്ക പ്രക്രിയാസർവസ്വത്തിൽ പ്രശംസനീയമായ ഉപസ്ഥിതി ഉണ്ടായിരുന്നുവെന്നു കുഞ്ഞിട്ടി രാഘവൻനമ്പിയാർ പാലപ്പുറത്തു ഗോവിന്ദൻനമ്പിയാരോടു പറഞ്ഞതായി ഗോവിന്ദൻ നമ്പിയാരുടെ ശിഷ്യനും തന്റെ ഗുരുവുമായ കൊച്ചുകുഞ്ഞൻ നമ്പിയാരുടെ മുഖത്തുനിന്നു കേട്ടിട്ടുണ്ടെന്നു സഹൃദയതിലകനും പണ്ഡിതരാജനുമായ തൃപ്പൂണിത്തുറ (വലിയ) രാമപ്പിഷാരടി എന്നെ ഒരവസരത്തിൽ സൂക്ഷ്മമായി അറിയിച്ചിട്ടുണ്ട്. ഇങ്ങനെ ചില ന്യായങ്ങൾ മുൻനിർത്തിക്കൊണ്ടു ചർച്ചചെയ്യുമ്പോൾ പ്രഥമരാമൻ തന്നെയാണ് കുഞ്ചൻനമ്പിയാർ എന്നുള്ള നിഗമനത്തിൽ ചെന്നുചേരാതെ ഗത്യന്തരമില്ല. തുള്ളൽക്കഥകളിൽ കാണുന്ന പരിഹാസചാതുരി അദ്ദേഹത്തിന് എങ്ങനെ സിദ്ധിച്ചു എന്നു മേൽ ഉപപാദിക്കും.

### അനന്തരകാലത്തെ ജീവിതം

ഇതിനുമേൽ രാമപാണിവാദനെ നമുക്കു കൂടുതൽ പരിചയമുള്ള കുഞ്ചൻനമ്പിയാർ എന്ന സംജ്ഞകൊണ്ടുതന്നെ വ്യവഹരിക്കാം. അദ്ദേഹം അമ്പലപ്പുഴെ താമസിച്ചു. സംസ്കൃതത്തിലും മലയാളത്തിലും അനേകം കൃതികൾ രചിച്ചു. ചെമ്പകശ്ശേരി രാജാക്കന്മാരുടെ രാജധാനി അമ്പലപ്പുഴെയായിരുന്നുവെങ്കിലും മൂലഗൃഹം കോട്ടയം താലൂക്കിൽപ്പെട്ട കടമാളൂരായിരുന്നു. അവിടെയും നമ്പിയാർ കൂടെക്കൂടെ പോവുകയും ചില ഭാഷാഗാനങ്ങൾ നിർമ്മിക്കുകയും ചെയ്തുവന്നു.

## മറ്റു ചില ഭാഷാകൃതികൾ

ഭാരതം ആട്ടക്കഥയുൾപ്പെടെ പതിമ്മൂന്നു ഭാഷാകൃതികളെപ്പറ്റി മുൻപു പ്രസ്താവിച്ചുകഴിഞ്ഞു.

### (14) കുമാരപുരേശ്വരീസ്തോത്രം

കുമാരപുരേശ്വരീസ്തോത്രം അഥവാ ശ്രീകുമാരാലയസ്തോത്രം കുടമാളൂരിൽനിന്ന് ഏകദേശം ഒരു മൈൽ അകലെയുള്ള കുമാരനെല്ലൂർ ക്ഷേത്രത്തിലെ കാത്യായനീദേവിയെക്കുറിച്ചു നമ്പിയാർ രചിച്ചിട്ടുള്ള ഒരു സ്തോത്രമെന്നാണ് ഐതിഹ്യം. അതു നിരാസ്പദമെന്നു പറയുന്നവരുമുണ്ടെങ്കിലും എനിക്ക് ആ ഐതിഹ്യം അവിശ്വാസ്യമായി പ്രതിഭാസിക്കുന്നില്ല. കവി പ്രസ്തുത സ്തോത്രം ആറുപാദമായി നിബന്ധിച്ചിരിക്കുന്നു. ഓരോ പാദത്തിനും പ്രത്യേകം രാഗവും താളവുമുണ്ട്. നാലു മുതലുള്ള പാദങ്ങളിൽ അകാരാദി ക്രമവും അനുവർത്തിച്ചിട്ടുണ്ട്. സംസ്കൃതമയമായ തൃതീയ പാദം പ്രത്യേകിച്ചും മധുരമായിട്ടുണ്ട്.

> “കാത്യായനി! കാമദുഘേ! കീർത്ത്യാ നിതരാമനഘേ!
> കരതലധൃതശംഖാരേ! ഖലകുലബലസംഘാരേ!
> കല്യാമലകാന്തിനിധേ! കല്യാണിനി! നൈകവിധേ!
> കലിമലമലമപഹര മമ! കരുണാമൃതവാരിനിധേ!”

ഇത്യാദിചരങ്ങൾക്കു യാതൊരു വൈകല്യവും ഞാൻ കാണുന്നില്ല. സാമാന്യജനങ്ങൾക്കുവേണ്ടി രചിച്ചിരിക്കുന്ന സ്തോത്രങ്ങളിൽ സാമാന്യാധികമായി കവിത്വപ്രകടനം ചെയ്യുന്നതു സമുചിതമല്ലല്ലോ.

### (15) കിരാതം വഞ്ചിപ്പാട്ട്

പ്രസിദ്ധമായ കിരാതം വഞ്ചിപ്പാട്ട് നമ്പിയാർ കുടമാളൂരിൽവച്ച് എഴുതിയ ഒരു കൃതിയാണെന്നുള്ളതിനു സംശയമില്ല.

"വാസുദേവപുരംതന്നിൽ വാണരുളും ജഗന്നാഥൻ
വാസുദേവൻ കനിവോടേ തുണച്ചീടേണം.
. . . . . . . . . . . . . . . . . . .
ദേവരാജസമനായ ദേവനാരായണസ്വാമി
കേവലം കാത്തരുളേണം കരുണയോടേ.

കീർത്തിയോടായിരത്തെട്ടു മൂർത്തികളും തുണയ്ക്കേണം
ചീർത്ത ഭക്ത്യാ തൊഴുതു ഞാൻ ചിന്തു ചൊല്ലുന്നേൻ.
പുഷ്ടമോദം കുടമാളൂർമഠംതന്നിൽക്കുടികൊള്ളും
വേട്ടക്കൊരു മകനെ ഞാൻ കൈവണങ്ങുന്നേൻ"

എന്നീ വരികൾ നോക്കുക. വാസുദേവപുരം കുടമാളൂരുള്ള ഒരു വിഷ്ണുക്ഷേത്രമാണ്. അവിടത്തെ വലിയ മഠം എന്നു പറയുന്ന ചെമ്പകശ്ശേരിമഠ (രാജമന്ദിര) ത്തിനു സമീപം ഒരു വേട്ടയ്ക്കൊരു മകൻ (കിരാതരുദ്രൻ) കോവിൽ ഇന്നും നിലനിന്നുപോരുന്നു. ആയിരത്തെട്ടു മൂർത്തികളെ ചെമ്പകശ്ശേരിമഠത്തിലെ പരദേവതാക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഞാൻ വായിച്ചിട്ടുള്ള കാർത്തവീര്യവിജയം ഓട്ടൻതുള്ളലിന്റെ ഒരു പ്രതീകത്തിലും

"കുടമാളൂർമഠമിടതങ്ങീടിന
കുലദൈവതകുലമായിരമെട്ടും
ഉടമയിലടിയനു വരമരുളേണം
കടുതരദുരിതമൊഴിച്ചരുളേണം"

എന്നൊരു പ്രാർത്ഥന കണ്ടിട്ടുണ്ട്. കിരാതമാണ് യാത്രകളി നമ്പൂരിമാർ കൊട്ടിച്ചെഴുന്നള്ളത്തിനു പാടുവാൻ ഇക്കാലത്തും ഉപയോഗിക്കുന്നത്.

### (16) രാസക്രീഡ നാലുവൃത്തം

ഇതു ചെമ്പകശ്ശേരി മഠത്തിൽനിന്നു കിട്ടീട്ടുള്ള ഒരു കൃതിയാണ്; ഇതിൽ "ശുകപുരി വാണരുളും ഭഗവാനേ വണങ്ങുന്നേൻ" എന്നൊരു വന്ദനം കാണുന്നു. കുഞ്ചൻനമ്പിയാരുടെ ഗാനങ്ങളിൽ ഇതും ഒന്നാണെന്നു കരുതുന്നതിൽ വിരോധമില്ല.

### (17) ദൂതവാക്യം പതിന്നാലുവൃത്തം

ഇതു നമ്പിയാർ അമ്പലപ്പുഴവച്ചു രചിച്ച ഒരു കൃതിയാണെന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. ആരംഭത്തിൽ കവി

"ശുകപുരമമരും പരമേശ്വരനും
സുകവികൾ പലരും ഗുരുനായകനും"

തുണയ്ക്കണമെന്നു പ്രാർത്ഥിക്കുന്നു. സപ്തമവൃത്തത്തിലെ ഓരോ പാട്ടിന്റെ അവസാനത്തിലും

"കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാങ്ഗന്റെ കാമസമാനന്റെ

ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനി പാഞ്ചാലി ദേവനാരായണ"

എന്നിങ്ങനെ ദേവനാരായണപദം ഘടിപ്പിച്ചുമിരിക്കുന്നു.

### (18) രുക്മിണീസ്വയംവരം പത്തുവൃത്തം

ഇതിനു രുക്മിണീകല്യാണം എന്നും പേരുണ്ട്. പതിന്നാലുവൃത്തം സങ്കീർത്തനവും പത്തുവൃത്തം തിരുവാതിരപ്പാട്ടുമാകുന്നു. പത്തുവൃത്തത്തിന്റെ കർത്തൃത്വം നമ്പിയാരിൽ ആരോപിക്കുന്നതിന് ആ കൃതിയിൽ സൂചനകൾ ഒന്നുമില്ലെങ്കിലും അത് അദ്ദേഹത്തിന്റെ വാങ്മയങ്ങളിൽ ഒന്നാണെന്നുള്ളതിൽ ആർക്കും വിപ്രതിപത്തിയില്ല. പത്തുവൃത്തത്തിന്റെ രചന തുള്ളൽക്കഥകൾ നിർമ്മിച്ച കാലത്തോടടുത്തായിരിക്കുവാനിടയുണ്ട്.

### (19) ശീലാവതി നാലുവൃത്തം

ഈ കൃതിയും നമ്പിയാരുടേതാണെന്ന് ഐതിഹ്യത്തെ ആസ്പദമാക്കി പരിഗണിക്കാവുന്നതാണ്. രുക്മിണീസ്വയംവരവും ശീലാവതിയും കുടമാളൂർ വലിയമഠത്തിലെ അന്തർജ്ജനങ്ങളുടെ ആവശ്യമനുസരിച്ചു രചിച്ചതാണെന്നു ചിലരും, വടക്കാഞ്ചേരിക്കുസമീപം തിങ്കൾക്കാടെന്ന (ഇങ്കക്കാട്ട്) സ്ഥലത്തുള്ള ഒരു നമ്പൂരിയില്ലത്തെ അന്തർജ്ജനങ്ങൾക്കുവേണ്ടി നിർമ്മിച്ചതാണെന്നു മറ്റു ചിലരും പറയുന്നു. ഈ രണ്ടു മതങ്ങളും അനാസ്പദങ്ങളാണെന്ന് എനിക്കു തോന്നുന്നു. ശീലാവതിയിൽ കവി

"കിള്ളിക്കുറിശ്ശി മഹാദേവനെന്നുടെ-
യുള്ളിൽ വിളങ്ങേണമെല്ലാനാളും.
ശ്രീശുകമന്ദിരവാസ! ജഗന്നാഥ!
ശ്രീശൂലപാണേ! വണങ്ങിടുന്നേൻ"

എന്നും

"വില്വാചലംതന്നിൽ വാണരുളീടുന്ന
വില്ലാളിവീര ശ്രീരാമചന്ദ്ര!
കല്യാണവാരിധേ! കാത്തുകൊള്ളേണമേ
കാരുണ്യമൂർത്തേ! ഞാൻ കൈതൊഴുന്നേൻ"

എന്നുമാണല്ലോ പ്രാർത്ഥിക്കുന്നത്. തിരുവില്വാമലക്ഷേത്രത്തിനു കിള്ളിക്കുറിശ്ശിയിൽ നിന്നു രണ്ടേകാൽ മൈലേ ദൂരമുള്ളൂ. പത്തുവൃത്തത്തിൽ ദേവതാവന്ദനമേ ഇല്ല. ഇന്ദുകാനനത്തിലെ ദുർഗ്ഗയെ അദ്ദേഹം രുക്മിണീസ്വയംവരം തുള്ളലിൽ സ്മരിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ടുമാത്രം രുക്മിണീസ്വയംവരം പത്തുവൃത്തത്തിന്റെ നിർമ്മിതി അവിടെവെച്ചാണെന്നുവരുന്നില്ല. പോരെങ്കിൽ ആ തുള്ളലിൽ കുടമാളൂർ വേട്ടക്കൊരുമകനെക്കൂടി സ്മരിച്ചും കാണുന്നു.

## തുള്ളൽക്കഥകൾ

തുള്ളൽക്കഥകളെപ്പറ്റി പ്രത്യേകമായി വിസ്തരിച്ചുതന്നെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ആ വർഗ്ഗത്തിൽ നമ്പിയാരുടെ ആദ്യത്തെ കൃതി കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലാണ്. അതുണ്ടാക്കിയത് അമ്പലപ്പുഴെ താമസിക്കുമ്പോഴുംതന്നെ.

“വാനോർ നദീപുരേ വാണരുളീടുന്ന ദീനാനുകമ്പിയാം കൃഷ്ണൻതിരുവടി” യേയും “ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരാണസ്വാമിയേ” യും അതിൽ കവി വന്ദിച്ചിട്ടുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. 919-ൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ അല്പശിയുത്സവത്തിന് ഓട്ടംതുള്ളൽ നടത്തുവാൻ മാത്തൂർപ്പണിക്കർ അമ്പലപ്പുഴെനിന്ന് അദ്ദേഹത്തിന്റെ ശിഷ്യൻ ഇട്ടിക്കോന്തപ്പണിക്കരോടുകൂടി പോയിരുന്നു. 921-ലെ അല്പശിയുത്സവത്തിന് അമ്പലപ്പുഴെ കുഞ്ചുനാരായണക്കുറുപ്പും ശൂരനാട്ടു പൂവാണക്കുറുപ്പും അവരുടെ തുള്ളൽക്കാരോടുകൂടി സന്നിഹിതരായിരുന്നു. 923-ആണ്ട് അല്പശിയുത്സവത്തിന് ആ രണ്ടുപേർക്കും പുറമേ, തലവൂർ, കാട്ടൂർ, ഞാറയ്ക്കാട്ട്, മാന്നാറ്റ്, ഇലഞ്ഞിയൂർ, മാറനാട്ട്, നൂറനാട്ട്, പന്തളം, കരിക്കാലാ എന്നീ സ്ഥലങ്ങളിൽനിന്ന് ഓട്ടൻതുള്ളൽക്കാർ എത്തി. നമ്പിയാർ ആദ്യകാലത്തു ശീതങ്കൻതുള്ളലേ രചിച്ചുള്ളു എന്നും പിന്നീടാണ് യഥാക്രമം ഓട്ടൻതുള്ളലും, പറയൻതുള്ളലും എഴുതിയത് എന്നും പറയുന്നതു നിർമ്മൂലമാണ്. ആരംഭംമുതല്ക്കു തന്നെ ആ പ്രസ്ഥാനത്തിന്റെ പൊതുപ്പേർ ഓട്ടൻതുള്ളലെന്നായിരുന്നു. നമ്പിയാർ 910-ആണ്ടിടയ്ക്കെങ്കിലും അതു നടപ്പിൽ വരുത്തിയിരിക്കണം. അല്ലെങ്കിൽ 926-ൽ അതിനു കാണുന്ന പ്രചുരമായ പ്രചാരം അവിഭാവ്യമായിരിക്കുന്നു. അതിനുമുൻപും ചില ഭദ്രകാളിക്ഷേത്രങ്ങളിലേയും ശാസ്താംകോവിലുകളിലേയും പടയണികൾക്ക് അപരിഷ്കൃതസമ്പ്രദായത്തിൽ ചില തുള്ളലുകൾ അഭിനയിക്കപ്പെട്ടിരുന്നു എന്ന് ഊഹിക്കാമെങ്കിലും പടയണി ഒരു ഉത്സവാഘോഷമായി പരിഗണിക്കാതിരുന്ന വൈഷ്ണവക്ഷേത്രങ്ങളിലും മറ്റും അവയ്ക്കു പ്രവേശമുണ്ടായിരുന്നതായി തോന്നുന്നില്ല.

### (20-28) ആട്ടക്കഥകൾ

നമ്പിയാരുടെ ഭാരതാനുബന്ധികളായ എട്ട് ആട്ടക്കഥകളെപ്പറ്റി മുൻപു പ്രസ്താവിച്ചു കഴിഞ്ഞു. അവ കൂടാതെ അദ്ദേഹം അനന്തരകാലങ്ങളിലും ചില ആട്ടക്കഥകൾ രചിക്കുകയുണ്ടായി. ആ കഥകളിൽ (1) ശംബരവധം (2) പാലാഴിമഥനം (3) രാസക്രീഡ (4) ബാണയുദ്ധം എന്നീ നാലെണ്ണമേ കണ്ടുകിട്ടീട്ടുള്ളു. (5) ഗോവർദ്ധനയാഗം (6) കംസവധം (7) രുക്മിണീസ്വയംവരം (8) സ്യമന്തകം (9) കൈലാസയാത്ര എന്നീ കഥകൾ കവി നിർമ്മിച്ചിട്ടുള്ളതായി പി. ഗോവിന്ദപ്പിള്ള പ്രസ്താവിക്കുന്നു. അവ ഞാൻ കണ്ടിട്ടില്ല. കൈലാസയാത്രയെന്നു പറയുന്നതു പക്ഷേ ഭാരതത്തിലെ കിരാതമായിരിക്കാം. ശംബരവധം 919-നു മുൻപുണ്ടായിരിക്കണമെന്നു ഞാൻ പൂർവ്വാധ്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആ കഥയിൽ കാണുന്ന “നന്ദനന്ദന നയനാനന്ദ സുന്ദരാനന വന്ദേ” എന്ന പദം പാലാഴിമഥനത്തിലും സ്ഥലം പിടിച്ചിട്ടുണ്ട്. “ഭാസാ വിശ്വാഭിരാമൻ” എന്ന ശ്രീകൃഷ്ണ ചരിതത്തിലെ പഞ്ചമസർഗ്ഗാന്തശ്ലോകത്തിനും “ഭാസാ വിശ്വംവിളക്കും” എന്ന രാസക്രീഡയിലെ പ്രഥമശ്ലോകത്തിനും തമ്മിൽ സാജാത്യമുണ്ട്. “വിതരതു ഭവതാം മംഗളം ശാർങ്ഗധന്വാ” എന്നു പാലാഴിമഥനത്തിലേയും “വിതരതു വിപുലം വോ മംഗളം ശാർങ്ഗധന്വാ” എന്നു രാസക്രീഡയിലേയും ഒടുവിലത്തെ പദ്യങ്ങൾ അവസാനിക്കുന്നു. “സദ്യോ വസ്സമ്പ്രദദ്യാൽ സ വിഭൂരവികലം മംഗലം ശാർങ്ഗധന്വാ” എന്നിങ്ങനെയാണ് പാണിവാദന്റെ വിഷ്ണുവിലാസകാവ്യം അവസാനിക്കുന്നത് എന്നുകൂടി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ബാണയുദ്ധം രാമവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്തു നിർമ്മിച്ചതാണ്. “വഞ്ചിനൃപവരരാമവർമ്മനുത ജയ” എന്നു തോടയത്തിലും

> “വൈരിക്ഷ്മാപതിമൗലിരത്നകിരണൈർന്നീരാജിതാംഘ്രേരഹോ
> വഞ്ചിക്ഷ്മാപതിരാമവർമ്മനൃപതേർവാഞ്ഛാനുകൂലാജ്ഞയാ

മന്ദേനാപി മയാ ബുധോത്തമമുദേ സങ്കല്പിനാ കല്പിതം
ശ്രീമൽകൃഷ്ണവിലാസരൂപകമിദം ശൃണ്വന്തു തേ സൂരയഃ"

എന്നു വന്ദനശ്ലോകങ്ങളുടെ കൂട്ടത്തിലും ആ വസ്തുത സൂചിപ്പിച്ചിട്ടുണ്ട്. രാമവർമ്മ മഹാരാജാവിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു ബാണയുദ്ധത്തിന്റെ നിർമ്മിതി എന്ന് ഈ ശ്ലോകത്തിൽ നിന്ന് കാണാവുന്നതാണ്. "കല്യാണകാന്ത വാസുദേവ" ഇത്യാദി ശംബരവധപദ്യം ഇതിലും കാണ്മാനുണ്ട്.

"ശ്രീമൽകവിപ്രവരശിഷ്യകുലാഞ്ചിതായ
ശ്രീസദ്മനേ സുഗുണസഞ്ചയരഞ്ജിതായ
ശ്രീപദ്മനാഭഗുരുപാദപരായണായ
ശ്രീപദ്മനാഭഗുരവേ സതതം നമോസ്തു"

എന്നു പദ്യത്തിൽ കവി സ്തുതിക്കുന്ന ശ്രീപദ്മനാഭഗുരുപാദൻ ആരെന്നു മനസ്സിലാകുന്നില്ല.

### (൨൯) കാളിയമർദ്ദനം

കാളിയമർദ്ദനം എന്നൊരാട്ടക്കഥ മാത്തൂർപ്പണിക്കരുടെ ഗൃഹത്തിൽനിന്നു കണ്ടെടുത്തു കാവ്യമഞ്ജരി എന്ന മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ദൃശ്യകാവ്യവും കുഞ്ചൻനമ്പിയാരുടെ കൃതിയാണെന്നു പറയുന്നുണ്ടെങ്കിലും എനിക്ക് അതു വിശ്വസിക്കുവാൻ തോന്നുന്നില്ല; അത് അത്രയ്ക്ക് മോശപ്പെട്ട ഒരു കൃതിയാണ്. നമ്പിയാരുടെ ആട്ടക്കഥയിൽ ശംബരവധവും പാലാഴിമഥനവും മാത്രമേ അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകളുടെ കൂട്ടത്തിൽ മുദ്രിതങ്ങളായിട്ടുള്ളു.

### (൩൦) വിഷ്ണുഗീത ഹംസപ്പാട്ട്

ഇതു വിഷ്ണുവിലാസത്തിന്റെ സ്വതന്ത്രമായ ഭാഷാനുവാദമാണ്. നളചരിതം മുതലായ കിളിപ്പാട്ടുകളോടു കിടനില്ക്കുന്നതും ഫലിതരസം ആദ്യന്തം തുള്ളിത്തുളുമ്പുന്നതുമായ ഈ കൃതിയും നമ്പിയാരുടേതാണെന്നു തന്നെയാണ് എന്റെ വിശ്വാസം.

"കല്പന കേൾക്കാൻ നടക്കയോ വേണ്ടു ഞാ-
നല്പം കൃഷിയുണ്ടതിനു ശ്രമിക്കയോ?
കുറ്റം വരുമെന്നു പേടിച്ചു ഞാനെന്റെ
കൊറ്റിന്നുകൂടെ ശ്രമിക്കമാറില്ലെടോ.
കൊറ്റിന്നു പാരം മനസ്സുമുട്ടാകയാൽ
വിറ്റുപോയെന്നുടെയൊറ്റവാളുള്ളതും.
ഭോഷ്കല്ല പിന്നെപ്പണയത്തിലായെന്റെ
തോക്കുമോർക്കുമ്പൊഴിങ്ങെത്രയും സങ്കടം.

മറ്റൊരു നായർ പറഞ്ഞുതുടങ്ങിനാ-
നറ്റമില്ലെന്റെ പരാധീനമിന്നെടോ,
വീടു നിറഞ്ഞു കടക്കാരർ വന്നിങ്ങു
പാടുകിടുക്കുന്നു രാപ്പകലൊക്കവേ.
വീടുവാനുള്ളോരു മാർഗ്ഗവും കണ്ടീല
വീടു വിറ്റാലും കടം പോകയില്ലെടോ!

പണ്ടു പടയ്ക്കു മൂലയ്ക്കുതാഴേ വെട്ടു-
കൊണ്ടു മുറിഞ്ഞു മുടങ്ങിച്ചമഞ്ഞു ഞാൻ.
രണ്ടു പണത്തിനും പറ്റുള്ള വേലയ്ക്കു
തെണ്ടിനടപ്പാനുമാളല്ല ഞാനെടോ.
. . . . . . . . . . . . . . . . . . . . .
മെല്ലെന്നൊരുത്തൻ പറഞ്ഞു: കുറഞ്ഞോരു
വില്ലങ്കമുണ്ടു നമുക്കിന്നിണങ്ങരേ!
കൊല്ലപ്പുരയ്ക്കൽക്കിടക്കുന്ന നമ്മുടെ
നല്ലോരു കുന്തമിന്നെന്തു ചെയ്യാമെടോ?
നെല്ലു കൊടുപ്പാൻ നമുക്കതു നല്ലവാ-
നില്ലായ്കകൊണ്ടു കനക്കേടെനിക്കെടോ.
മൂന്നു പറ നെല്ലെനിക്കു തരുന്നാകി-
ലിന്നുതന്നേ ചെന്നു കൊണ്ടുപോന്നീടുവൻ."

ഇത്യാദി ഭാഗങ്ങൾ നോക്കുക. വിഷ്ണുവിലാസകാരൻ വിഷ്ണുഗീത എഴുതിയിരിക്കുവാനിടയില്ല എന്നു ചിലർ വാദിക്കുന്നതിൽ കഴമ്പില്ല. പണ്ഡിതന്മാരുടെ രുചിയനുസരിച്ചു സംസ്കൃതകാവ്യവും പാമരന്മാരെ രസിപ്പിക്കുന്നതിനുവേണ്ടി ഹംസപ്പാട്ടും രചിച്ചതാണെന്ന് അവ രണ്ടും ഒന്നിച്ചുവെച്ചു വായിച്ചാൽ സഹൃദയന്മാർക്കു ബോധ്യമാകാതെയിരിക്കയില്ല. വിഷ്ണുഗീതയുടെ ഓരോ ഭാഗത്തിന്റേയും അവസാനത്തിൽ "ആപൂർണ്ണമായ്‌വരും മങ്ഗലം മങ്ഗലം," "മങ്ഗലം ശുഭം ശുഭം," "മങ്ഗലം മങ്ഗലം സർവ്വം" , "പാപക്ഷയം നൃണാം മങ്ഗലം മങ്ഗലം" എന്നിങ്ങനെ മങ്ഗലപദം കവി ഘടിപ്പിച്ചിരിക്കുന്നതു പ്രകൃതത്തിൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. പരശുരാമാവതാരംവരെയുള്ള ഭാഗങ്ങളേ കണ്ടുകിട്ടീട്ടുള്ളു.

## (31) ശംബരവധം ഭാഷാചമ്പു

ശംബരവധം ഒരു ചെറിയ ഭാഷാചമ്പുവാണ്. അതിലും രാസക്രീഡ ആട്ടക്കഥയിലെന്നപോലെ "വിതരതു വിതതം വോ മംഗലം ശാർങ്ഗധന്വാ" എന്നാണ് ഒടുവിലത്തെ ശ്ലോകം സമാപ്തമാകുന്നത്. മണിപ്രവാളപ്രസ്ഥാനം പല കാരണങ്ങൾകൊണ്ടും അധഃപതിച്ചുകഴിഞ്ഞിരുന്ന അക്കാലത്തു നമ്പിയാർ രചിച്ച പ്രസ്തുത കൃതിക്കു വലിയ മെച്ചമൊന്നും കാണാത്തതിൽ ആശ്ചര്യപ്പെടുവാനില്ല. ഭാഗവതത്തിലെ രുക്മിണീസ്വയംവരവും ശംബരവധവും കവിക്കു പ്രിയതമങ്ങളായ ഉപാഖ്യാനങ്ങളായിരുന്നതായി തോന്നുന്നു.

## (32) ദൗർഭാഗ്യമഞ്ജരി

രാമപാണിവാദപ്രണീതം എന്നു പുറത്തെഴുത്തുള്ള ഒരു ഗ്രന്ഥത്തിൽ ദൗർഭാഗ്യമഞ്ജരിയും ഉൾപ്പെടുന്നു. മണിപ്രവാളകവിതയെ പ്രകടമായി പരിഹസിക്കുന്ന ഒരു ഏകാങ്കനാടകമാണ് ആ കൃതി. അർഗ്ഘ്യ പണ്ഡിതനെന്ന ആഭിജാത്യഗർവ്വിഷ്ഠനായ ഒരു നമ്പൂരിയാണ് പരിഹാസപാത്രം. "അണിയറാമവലോക്യ" , "എങ്കിൽ തുടങ്ങ്യതാം" മുതലായ വിലക്ഷണവാക്യങ്ങൾ ആ ഗ്രന്ഥത്തിലുണ്ട്. ഒരു ശ്ലോകം മാത്രം ഉദ്ധരിച്ച് അതിലെ ഹാസ്യരീതി വെളിവാക്കാം.

"വക്ത്രം നത്തിന്നു മിത്രം; പ്രകൃതിവിരസബീ-
ഭത്സവൈരൂപ്യസമ്പൽ-

സിദ്ധിക്ഷേത്രേ ച നേത്രേ; ജടിലതരപലാ-
ലപ്രകാശാശ്ച കേശാഃ;
സ്ഥൂലസ്ഥൂലൗ കപോലൗ; മടിയിലതിതരാം
ഞാന്നുതുങ്ങിക്കിടക്കും
വക്ഷോജൗ ഭംഗഭാജൗ; ശിവശിവ ജരയാ
ശുഷ്കബിംബോ നിതംബഃ."

## (33) പാർവ്വതീസ്വയംവരം പാന

ഇതിനു പാർവ്വതീ സ്വയംവരസംക്ഷേപം എന്നും പേരുണ്ടു്. ഈ പാന നാലു പാദത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. ഓരോ പാദത്തിലും നമ്പിയാർക്കു് അഭിമതമായ തരംഗിണീവൃത്തത്തിൽ കുറേ അധികം വരികൾ ഒടുവിൽ എഴുതിച്ചേർത്തിട്ടുണ്ടു്. ആ ശൈലീവിശേഷം പാനകളിൽ പ്രാചീനകാലംമുതല്ക്ക തന്നെ നാം പ്രായേണ കാണുന്ന ഒന്നാണെങ്കിലും, പ്രതിപാദം അതു് ആ ഇനത്തിൽപ്പെട്ട കൃതികളിൽ അപൂർവ്വമായേ ദൃശ്യമാകുന്നുള്ളു. ആരംഭത്തിൽ "ശ്രീശുകാലയേ വാണരുളീടുന്ന ശ്രീമഹേശനും" എന്നും അവസാനത്തിൽ "ശുഭമപി വിതരതു ശുകപുരമമരും മമ പരദൈവം മംഗലനിലയം" എന്നും കവി ഇഷ്ടദേവതയെ പ്രാർത്ഥിക്കുന്നു. കുമാര സംഭവം മൂന്നുമുതൽ ഏഴുവരെയുള്ള സർഗ്ഗങ്ങളിലെ കഥ പാനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ശിവവിജയത്തിനായി ഒരുങ്ങിപ്പുറപ്പെടുന്ന മന്മഥനെ ദേവന്മാർ മാർഗ്ഗമധ്യത്തിൽ മേനി കേറ്റുമ്പോൾ അദ്ദേഹം അതിനു ചെകിട്ടത്തടിപോലെ കൊടുക്കുന്ന മറുപടി നമ്പിയാർ തനിക്കു പ്രത്യേകമായുള്ള ഹാസ്യഭാഷയിൽത്തന്നെ നിബന്ധിച്ചിരിക്കുന്നു. ആ ഘട്ടത്തിലെ ഒരു ഭാഗം നോക്കുക.

"പണ്ടു ദക്ഷന്റെ യാഗത്തിലൊക്കെയും
കണ്ടു നിങ്ങടെ ബാഹുപരാക്രമം.
തിങ്കൾമൗലിഭഗവാനയച്ചൊരു
കിങ്കരോത്തമൻ വീരഭദ്രൻ തന്റെ
തല്ലുകൊണ്ടു ശരീരം തകർന്നിട്ടും
പല്ലു പോയിട്ടും കണ്ണു പൊടിഞ്ഞിട്ടും
അല്ലൽപെട്ടുങ്ങുമിങ്ങുമൊളിച്ചൊരു
നല്ല വീരന്മാരല്ലോ ഭവാന്മാരും.
പാമ്പനെക്കൊണ്ടു പാമ്പിനെക്കൊല്ലിച്ചാൽ
പാപമുള്ളതു പാമ്പനിരിക്കട്ടെ
എന്ന സംസാരം നിങ്ങൾ നിരൂപിച്ചി-
ന്നെന്നെച്ചാടിച്ചു; ബോധിച്ചു ഞാനതും."

മറ്റൊരു ഭാഗംകൂടി ഉദ്ധരിക്കാം. പാർവ്വതീപാണിഗ്രഹണത്തിനു പേകുന്ന ശിവനെപ്പറ്റിയുള്ള ദേവസ്ത്രീകളുടെ സല്ലാപമാണു് വിഷയം.

"പർവതംകൊണ്ടു വില്ലു കുലച്ചവൻ
പാർവതിക്കു വരനാവാൻ വന്നുപോൽ.
കാമദേവനെക്കണ്ണിലെരിച്ചവൻ
കാമിനിക്കു വരനാവാൻ പോരുമോ?
കാമനെദ്ദഹിപ്പിച്ച മഹേശ്വരൻ
കാമനെജ്ജനിപ്പിപ്പാനുമാളാകും.

ഉണ്മാനില്ലാത്തവനു കുമാരിയെ
സ്സമ്മാനിക്കുന്നതേതും ഗുണമല്ല.
മറ്റുള്ളോരെബ്ഭുജിപ്പിക്കും ദേവനു
കൊറ്റിനില്ലെന്നു ചൊല്ലുന്നതാരഹോ?
എങ്കിലെന്തിന്നിരന്നുനടക്കുന്നു
തിങ്കൾ ചൂടുന്ന തമ്പുരാനെപ്പൊഴും?
ദാനം ചെയ്യും ജനത്തെപ്പരീക്ഷിപ്പാൻ
ദീനഭാവം നടിക്കുന്നു ശങ്കരൻ.
വെണ്ണുനീറണിയുന്ന പുരുഷനെ-
പ്പെണ്ണിനുണ്ടോ മനസ്സിൽത്തെളിയുന്നു?
വെണ്ണീറെങ്കിലും ചന്ദനമെങ്കിലും
കണ്ണിനാനന്ദമുണ്ടായാൽപ്പോരാതോ?
കുറ്റനാകുന്ന വാഹനം ചേരുമോ?
ഊറ്റക്കാർക്കെന്തു ചേർച്ചയില്ലാതുള്ളൂ?
അസ്ഥിമാലയണിയും പോലീശ്വരൻ
അസ്ഥികൂടാതെ ദേഹങ്ങളുണ്ടാമോ?
നെറ്റിമേലൊരു നേത്രമുണ്ടാകയാൽ
ചെറ്റും ഭംഗിയില്ലെന്നിങ്ങു തോന്നുന്നു.
നെറ്റിമേലൊരു കണ്ണുള്ളൊരീശനു
കുറ്റമെന്നോ പറയുന്നു ഭോഷി! നീ?
ഗാത്രമെങ്ങുമൊരിടമൊഴിയാതെ
നേത്രമുള്ളോരു ദേഹം പുരന്ദരൻ
നമ്മുടെ നാഥൻ സുന്ദരനല്ലെന്നു
നിൻമതമിന്നു വന്നു ഭവിച്ചിട്ടും”

## (34-35) പലവക സ്തോത്രങ്ങൾ

അനേകം ചെറിയ ഭാഷാസ്തോത്രങ്ങൾ കുഞ്ചൻനമ്പിയാരുടെ കൃതികളാണെന്നു ജനങ്ങൾ വിശ്വസിക്കുന്നു. അവയിൽ ഒന്നു മാത്തൂരംബികാഷ്ടകമാണ്. അതു മാത്തൂർക്കുടുംബത്തിലെ സ്ത്രീകൾക്കു നിത്യപാരായണത്തിനു വേണ്ടി നമ്പിയാർ രചിച്ചതാണത്രെ. ആ സ്തോത്രത്തിൽനിന്ന് ഒരു ശ്ലോകം അടിയിൽ ചേർക്കുന്നു.

“ശൂലാഗ്രംകൊണ്ടു ദേവപ്രതിഭടപടലീ-
കണ്ഠനാളം മുറിച്ചും
ബാലാദിത്യപ്രഭയ്ക്കൊത്തൊരു രുധിരജലം
തന്നിൽ മുങ്ങിക്കുളിച്ചും
മാലാകാരേണ മുണ്ഡാവലി തിരുവുടലിൽ-
ച്ചേർത്തു ചാർത്തിത്തെളിഞ്ഞും
ലീലാഭേദം നടിക്കും ഭഗവതി! സതതം
പാഹി മാത്തൂരധീശേ!”

മറ്റൊരു സ്തോത്രം കോട്ടമല മഹാദേവനെപ്പറ്റിയുള്ളതാണ്. അതിൽ ഇന്ദുവദനാവൃത്തത്തിൽ 16 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. അവയിൽ ഒരു ശ്ലോകം കൂടി പ്രദർശിപ്പിക്കാം.

"പിങ്ഗലജടാമകുട! ബാലശശിലേഖാ-
മങ്ഗലവിഭൂഷണ മനോജ്ഞതരമൂർത്തേ!
തുങ്ഗവൃഷവാഹ! ഭുജങ്ഗമണികാഞ്ചീ-
ഭംഗിയുതഗാത്ര! ജയ ദുർഗ്ഗഗിരിശംഭോ!"

ഭാഗവതം ഇരുപത്തിനാലുവൃത്തം, മുദ്രാരാക്ഷസം കിളിപ്പാട്ട്, ശാകുന്തളം ആട്ടക്കഥ ഇവയെക്കുറിച്ച് ഒടുവിൽ പ്രസ്താവിക്കാം.

## മറ്റു ചില സംസ്കൃതകൃതികൾ

പതിനെട്ടു സംസ്കൃതകൃതികളെപ്പറ്റി മുമ്പു നിർദ്ദേശിച്ചിട്ടുണ്ട്.

### (19)പഞ്ചപദി

അഷ്ടപദിയെ അനുകരിച്ചു നമ്പിയാർ രചിച്ചിട്ടുള്ള ഒരു കൃതിയാണ് പഞ്ചപദി. ഓരോ താളത്തിലും അഞ്ചു ചരണങ്ങൾ വീതം ഘടിപ്പിച്ചിട്ടുള്ളതിനാലാണ് അതിനു പഞ്ചപദി എന്നു പേർ സിദ്ധിച്ചത്. മുക്കോല ഭഗവതി (മുക്തിമന്ദിരേശ്വരി) യുടെ സ്തുതിയാണ് വിഷയം.

"തിമിരനികരോ ദൂരോദ്ധൂതോ യയാ നിജയാ ശ്രിയാ
ശതമഖമണിശ്രേണീ ചാണീയസീ യദുപാന്തികേ
നവജലധരവ്രാതോ ഭീതോ യതോ യദതശ്ശിവേ
നിരുപമതമാ വേണീയം തേ മമാഘമപോഹയേൽ."

"അരുണകിരണഭാരദൂരിതാന്ധകാരവിതതി (മഹിത) -
തരണിബിംബമുദയശൈലമൗലിമണ്ഡനം
തിരയതീവ തേജസാ യദുരുമരീചിവീചിമൗലി-
ശിരസി താവകേ, വിരാജദശിവഖണ്ഡനം."

ഈ ശ്ലോകവും പദഖണ്ഡവും ആ കൃതിയിലുള്ളതാണ്.

### (20)ഉത്തരരാമചരിതം കാവ്യം

ഉത്തരരാമചരിതം അഞ്ചു സർഗ്ഗത്തിലുള്ള ഒരു കാവ്യമാണ്. ഉത്തരരാഘവീയം എന്നൊരു പേരും ഞാൻ കാവ്യത്തിനു ചില മാതൃകകളിൽ കണ്ടിട്ടുണ്ട്. മേല്പുത്തൂർ ഭട്ടതിരിയുടെ കൃതിയാണ് ഉത്തരരാമചരിതം എന്നു ചിലർ പറയാറുണ്ടെങ്കിലും ആ കാവ്യം നിഷ്കർഷിച്ചു വായിച്ചിട്ടുള്ള സഹൃദയന്മാർ അങ്ങനെ അഭിപ്രായപ്പെടുകയില്ല. നേരേമറിച്ചു രാഘവീയവുമായി അതിനു രചനാവിഷയത്തിലും മറ്റും അത്ഭുതാവഹമായ സാദൃശ്യം പരിസ്ഫുരിക്കുന്നുമുണ്ട്. രാഘവീയമെഴുതിയ കവിതന്നെയായിരിക്കണം ഉത്തരരാഘവീയത്തിന്റെ പ്രണേതാവ് എന്ന് എനിക്കു തോന്നുന്നു. രാഘവീയത്തിൽ യുദ്ധകാണ്ഡാന്തം വരെയുള്ള രാമായണകഥയെമാത്രമേ പരാമർശിച്ചിട്ടുള്ളു എന്നു മുൻപു സൂചിപ്പിച്ചുവല്ലോ. തദനന്തരം ഉത്തരരാമായണ കഥയെ വിഷയീകരിച്ച് ഒരു കാവ്യമെഴുതി അതു രാഘവീയത്തിന്റെ ഉത്തരഭാഗമാക്കാമെന്നു കവിക്കു തോന്നിയിരിക്കാം. അതു സ്വാഭാവികവുമാണ്. അങ്ങനെ വരുമ്പോൾ അതിലെ പ്രഥമസർഗ്ഗത്തിൽ 2 മുതൽ 24 വരെയുള്ള 23 ശ്ലോകങ്ങളിൽ രാമായണകഥ അദ്ദേഹം സംഗ്രഹിച്ചു എന്നു സങ്കല്പിക്കുന്നതും യുക്തം തന്നെ.

ഇവയ്ക്കുപുറമെ ശൃംഗാരവിംശതി എന്നൊരു ഗ്രന്ഥവും ഒരു ജ്യോതിഷഗ്രന്ഥവും കൂടി നമ്പിയാർ രചിച്ചിട്ടുള്ളതായി ചിലർ പറയുന്നു എങ്കിലും ആ കൃതികൾ ഞാൻ കണ്ടിട്ടില്ലാത്തതിനാൽ അവയെപ്പറ്റി എനിക്ക് ഒരഭിപ്രായവും പറയുവാൻ നിവൃത്തിയില്ല. ജ്യോതിഷഗ്രന്ഥത്തിലെ ഒരു ശ്ലോകം കൗതുകത്തിനു വേണ്ടി പകർത്താം.

> "സോമേജ്യാവനിജാഃ ഖരാംശുശശിജൌ ജീവേന്ദുതീവ്രാംശവഃ
> കാവ്യാർക്കൌ ശശിഭൂമിസൂനരവയസ്സൌമ്യാർക്കജൌ ച ക്രമാൽ
> കാവ്യജ്ഞൌസുഹൃദസ്സമാസ്തു ശശിജഃ കാവ്യാരജീവാർക്കജാ-
> ശ്ശുക്രാദിത്യസുതൗ യമാരഗുരവോ മന്ദഃ കുജേജ്യൌ ഗുരുഃ."

നമ്പിയാർക്കു ജ്യോതിശ്ശാസ്ത്രത്തിൽ ജ്ഞാനമുണ്ടായിരുന്നു എന്നു മറ്റൊരു ഗ്രന്ഥത്തിൽനിന്നും വെളിപ്പെടുന്നില്ല. എന്നുതന്നെയുമല്ല, തുള്ളലുകളിൽനിന്നു നാം ഗ്രഹിക്കുന്നത് അദ്ദേഹത്തിനു ജ്യോത്സ്യന്മാരെപ്പറ്റി പൊതുവേ അവജ്ഞയാണ് ഉണ്ടായിരുന്നത് എന്നുമാണ്.

## ജീവചരിത്രത്തിലെ ചില സംഭവങ്ങൾ

നമ്പിയാർ നളചരിതം, ശിവപുരാണം തുടങ്ങിയ ഭാഷാകൃതികൾ രചിച്ച ഹാസസാഹിത്യകാരൻ എന്ന ഖ്യാതികൂടി സമ്പാദിച്ചതിനുമേലാണ് ചെമ്പകശ്ശേരിത്തമ്പുരാന്റെ ആശ്രിതനായത്. അദ്ദേഹം അമ്പലപ്പുഴയും തിരുവനന്തപുരത്തും താമസിക്കുന്ന കാലങ്ങളിൽ പല ഫലിതങ്ങളും തട്ടിമൂളിച്ച് ശ്രോതാക്കളെ രസിപ്പിക്കുകയും സ്വാഭീഷ്ടം സാധിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ (1) "പത്രം വിസ്തൃതമത്ര" (2) "നമ്പിയാരെന്തു ചോദിച്ചു നമ്പിയാരെന്തു ചൊല്ലിനേൻ" (3) "ദീപസ്തംഭം മഹാശ്ചര്യമെനിക്കും കിട്ടണം പണം" (4) "രണ്ടേ കാലെന്തു ചോദിച്ചു രണ്ടേകാലെന്നിതയ്യനും" (5) "പൂജ്യസ്ത്വം സ്വജനൈരഹശ്ച വടിഭിശ്ശത്രുക്കളാലമ്പഹം" (6) "കരിക്കാടിക്കാഞ്ഞാൽ ശിവശിരസി ജന്മാന്തരമതിൽ" എന്നീ ശ്ലോകങ്ങളേയും (7) "കൈപ്പിഴവന്നുകൊണ്ടുള്ള ഗ്രഹപ്പിഴയാണ്" (8) "പയ്യേ! നിനക്കും പക്കത്താണോ ചോറ്?" എന്നീ വാക്യങ്ങളേയും സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ ഈ അവസരത്തിൽ സ്മരണീയങ്ങളാണ്. അവ സുപ്രസിദ്ധങ്ങളാകയാൽ ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. പത്മനാഭസ്വാമിക്ഷേത്രത്തിലെ ശ്രീബലിയെപ്പറ്റിയുള്ള (9) "മുത്തണിഞ്ഞകുട ചാമരം" എന്ന ശ്ലോകവും ഇവിടെ പകർത്തുന്നില്ല. എന്നാൽ നമ്പിയാർ ഒരിക്കൽ രാമവർമ്മമഹാരാജാവിനു സമർപ്പിച്ച മറ്റൊരു ഭാഷാശ്ലോകം അത്രതന്നെ പ്രസിദ്ധമല്ല: അതിനാൽ അതു താഴെയുദ്ധരിക്കാം.

> "അൻപത്തൊന്നക്ഷരം പണ്ടടിയനുടെ രസ-
> ജ്ഞാഗ്രദേശേ/നുകമ്പാ-
> സമ്പത്തോടൊത്തെഴുത്തിട്ടൊരു ഗുരുവിനഹോ!
> ദീനമെന്നത്ര കേട്ടു;
> അൻപത്താറബ്ധികാഞ്ചീപതികളഖിലരും
> കുമ്പിടും തമ്പുരാനേ!
> സംപ്രത്യാചാര്യപാദം തൊഴുതിഹ വിടകൊ-
> ണ്ടീടുവാനാജ്ഞവേണം."

ചെമ്പകശ്ശേരി രാജാവു രാജ്യഭ്രഷ്ടനായതിനുമേൽ ഒരവസരത്തിൽ തെക്കേടത്തു ഭട്ടതിരിയും നമ്പിയാരും തമ്മിൽ ഏതോ കാരണവശാൽ രസക്ഷയമുണ്ടാകുകയും ഭട്ട

തിരി നമ്പിയാർക്ക് ആ രാജാവു ദാനംചെയ്ത അമ്പലപ്പുഴ ഗൃഹം പൊളിപ്പിച്ച് അതിലെ സാമാനങ്ങൾ കുടമാളൂരേക്കു കൊണ്ടുപോയി സ്വന്തം മനയ്ക്കലേയ്ക്ക് അടക്കുകയും ചെയ്തു. നമ്പിയാർ ആ വിവരം മാർത്താണ്ഡവർമ്മമഹാരാജാവിനോട് അറിയിച്ചതു് ഒരു ഭാഷാശ്ലോകരൂപത്തിലായിരുന്നു. "ഭട്ടശ്രേഷ്ഠൻ മുടക്കീടുകിലതിനുടനേ കാട്ടുവാൻ നീട്ടു വേണം" എന്നാണ് അതിന്റെ ചതുർത്ഥപാദം അവസാനിക്കുന്നതു്; ആ പാദം മാത്രമേ ഞാൻ കേട്ടിട്ടുള്ളു. നമ്പിയാർ അമ്പലപ്പുഴെ താമസിച്ചിരുന്ന ഗൃഹത്തിന് ഇന്നും നമ്പിയാർമഠം എന്നു പേർ പറഞ്ഞുവരുന്നു.

### പറക്കുംകൂത്ത്

മറ്റൊരു സംഭവത്തെപ്പറ്റിയും ഉപന്യസിക്കാം. 921-ൽ കുരീക്കാട്ടുനിന്നു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവു് 920-ൽ തൃപ്പൂണിത്തുറവച്ച് ഒരു പറക്കുംകൂത്തു നടത്തി. ചാക്കിയാന്മാർ നാഗാനന്ദം നാടകം കൂടിയാട്ടത്തിന് അഭിനയിക്കുമ്പോൾ അതിൽ ഗരുഡൻ ആകാശത്തു നിന്നു താഴോട്ടു വന്നു ചുറ്റിപ്പറന്നു സർപ്പങ്ങളെ കൊത്തികൊക്കിലാക്കിക്കൊണ്ടു് ഉയർന്നുപോകുന്ന ഒരുരംഗം പ്രദർശിപ്പിക്കേണ്ടതുണ്ട്. അതിനെയാണ് പറക്കുംകൂത്തെന്നു പറയുന്നതു്. ആ രംഗത്തിൽ ഗരുഡന്റെ ഭൂമിക അഭിനയിക്കുവാൻ അതിവിദഗ്ദ്ധനായി അമ്മന്നൂർ ഇട്ടിയമ്മൻ എന്നൊരു ചാക്കിയാർ അക്കാലത്തുണ്ടായിരുന്നു. ആ നടന്റെ അഭിനയം കാണുന്നതിനുവേണ്ടി നമ്പിയാരും അവിടെ ചെന്നു. "നമ്പിയാർ എപ്പോൾ വന്നു?" എന്നു തമ്പുരാൻ ചോദിച്ചതിന് "അടിയൻ നനയാൻകാലത്തു വിടകൊണ്ടു" എന്നു സ്വതസ്സിദ്ധമായ ഫലിതശൈലിയിൽ അദ്ദേഹം മറുപടി പറഞ്ഞു. അന്നു വലിയ മഴയായിരുന്നു. നനയാൻകാലത്ത് എന്നാൽ കുളിക്കേണ്ട നേരത്തിന് എന്ന് ആചാരഭാഷയിൽ അർത്ഥം. മറ്റേ അർത്ഥം സ്പഷ്ടമാണല്ലോ. അന്നത്തെ ആ രണ്ടു സംഭവങ്ങളേയും പറ്റി നമ്പിയാർ ഓരോ ശ്ലോകമെഴുതിയിട്ടുണ്ട്. അവയിൽ ആദ്യത്തേതു പ്രസിദ്ധവുമാണ്.

> "മഞ്ചാന്നാനാർത്ഥസമ്പന്നാൽ ധ്രുവമിട്യമ്മനാം നടൻ
> പറന്നനേരം തേ രൗദ്രാ നാഗാ ഭീതിം പരാം യയുഃ."

> "അമ്മന്നൂരിട്ടിയമ്മൻ പരിചൊടു കുരുനാ-
> ട്ടിൽപ്പറന്നോരുനേരം
> ചെമ്മേ വന്നോരു മാരീ ശിവ ശിവ പറയാ
> വല്ല നാഗാധിപന്നും
> കൂത്താടും മാടമാടീ കുരുപതിഹൃദയം
> താനുമൊട്ടേറെ വാടീ
> കൂറ്റാർ കൂട്ടങ്ങൾ കൂടീ പല ജനമവിടെ-
> ച്ചെന്നു നീരാടിയോടീ."

ഇവയിൽ ആദ്യത്തെ ശ്ലോകത്തിൽ കലിദിനവും വാക്യധ്രുവവും സൂചിപ്പിച്ചിട്ടുണ്ട്.

## വാർദ്ധക്യവും നിര്യാണവും

രാമയ്യൻദളവയുടെ അനന്തരഗാമിയായ അയ്യപ്പൻമാർത്താണ്ഡപ്പിള്ളദളവയും നമ്പിയാരും തമ്മിൽ വളരെ വേഴ്ചയായിരുന്നുവെന്ന് അനുമാനിക്കുവാൻ ന്യായങ്ങളുണ്ട്. 931-ൽ രാമയ്യൻ യശശ്ശരീരനായി; അയ്യപ്പൻ മാർത്താണ്ഡപ്പിള്ള ദളവയായി

934-ൽ മാത്രമേ നിയമിതനായുള്ളുവെങ്കിലും രാമയ്യന്റെ മരണാനന്തരം അദ്ദേഹം തന്നെയാണ് പ്രധാനമന്ത്രിയുടെ ഭാരം വഹിച്ചതു്. ഹരിണീസ്വയംവരം ഹനുമദുത്ഭവം എന്നീ ശീതങ്കൻതുള്ളലുകൾ നമ്പിയാർ 931-നും 933-നും ഇടയ്ക്കായിരിക്കണം നിർമ്മിച്ചതു്,

“വഞ്ചിക്ഷമാപാലബാലമാർത്താണ്ഡനാ-
മഞ്ചിതശ്രീകുലശേഖരാജ്ഞാകരൻ
ആത്താവനോദാരശീലനാമയ്യപ്പ-
മാർത്താണ്ഡമന്ത്രി, നിജസ്വാമിശാസനാൽ
ബാലലീലാവിനോദാരംഭമൻപോടു
കാലാനുകൂലം പ്രസംഗിക്കകാരണാൽ
കാലാരിദേവൻ പടാർതടാകാധിപൻ
ലീലാനടൻ കടാക്ഷിച്ചരുളേണമേ.”

എന്നു് അവയിൽ ആദ്യത്തെ തുള്ളലിലും

“ബാലമാർത്താണ്ഡവർമ്മേന്ദ്രവീരക്ഷമാ-
പാലചൂഡാമണിപ്രേരണംകാരണം
ലീലാരസജ്ഞനാമയ്യപ്പമാർത്താണ്ഡ-
ബാലമന്ത്രിപ്രവരന്റെ നിദേശാനു-
കൂലമായുള്ള വിനോദപ്രമേയമി-
ക്കാലങ്ങളിൽ പ്രകാശിക്കേണമീശ്വരാ”

എന്നു രണ്ടാമത്തേതിലും കാണുന്ന പംക്തികളിൽനിന്നു മാർത്താണ്ഡവർമ്മമഹാരാജാവു തുള്ളൽക്കഥകളെഴുതുവാൻ കവിയെ മാർത്താണ്ഡപ്പിള്ളമുഖേന പ്രേരിപ്പിച്ചുവന്നു എന്നു സ്പഷ്ടമാകുന്നു. അക്കാലത്തു മാർത്താണ്ഡപ്പിള്ള പടനായർകുളങ്ങരയും മറ്റും പഴേടത്തു കോട്ട കെട്ടിക്കുന്നതിനായി താമസിച്ചിരുന്നു. ആ അവസരത്തിൽ മേപ്പടി തുള്ളലുകൾ രചിക്കുകയാലാണ് നമ്പിയാർ പടനായർകുളങ്ങര (പടാർതടാകം) ശിവനെ വന്ദിക്കുന്നതു്. ആ ദളവാ 938-ൽ മരിച്ചു. അപ്പോൾ അറുപതിനുമേൽ വയസ്സു ചെന്നിരുന്ന കവി രാമവർമ്മമഹാരാജാവിന്റെ അനുമതി വാങ്ങിക്കൊണ്ടു് അമ്പലപ്പുഴയ്ക്കു തിരിയെപ്പോയി. ആ സന്ദർഭത്തിൽ നമ്പിയാർ മഹാരാജാവിനു സമർപ്പിച്ച “നാലഞ്ചക്ഷരവും പഠിച്ചു” എന്ന ശ്ലോകം സുവിദിതമാണല്ലോ. 940-ൽ അദ്ദേഹം കലക്കത്തുതന്നെ ഉണ്ടായിരുന്നതായി ദ്വിതീയരാമന്റെ പൂർവോദ്ധൃതങ്ങളായ ശ്ലോകങ്ങളിൽനിന്നു കാണാവുന്നതാണ്. ഇടയ്ക്കു കുറേക്കാലം കോമിയച്ചന്റെ സുഹൃത്തായി ചേന്നമങ്ഗലത്തു താമസിക്കുകയും അവിടെവച്ചു വിഷ്ണുവിലാസവും, വിഷ്ണുഗീതയും, ശാകുന്തളം ആട്ടക്കഥയും നിർമ്മിക്കുകയും ചെയ്തതായി ഊഹിക്കേണ്ടിയിരിക്കുന്നു. നമ്പിയാർ അമ്പലപ്പുഴെ വന്നു സ്വഗൃഹത്തിൽ താമസിക്കവേ 945-ആണ്ടിടയ്ക്കു പേപ്പട്ടി കടിച്ചു് അവിടെവെച്ചുതന്നെ പരഗതിയെ പ്രാപിച്ചു. ആകെക്കൂടി കേരളസാഹിത്യചരിത്രകാരന്മാരുടെ മാർഗ്ഗദർശിയായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ കുഞ്ചൻനമ്പിയാരുടെ ജീവിതകാലം 880 മുതൽ 945 വരെയാണെന്നു രേഖപ്പെടുത്തിയിട്ടുള്ള വസ്തുത ആധുനികഗവേഷകദൃഷ്ട്യാ പരിശോധിക്കുമ്പോഴും സാധുവാണെന്നു സ്ഥാപിക്കത്തക്കതാണ്.

## ഗ്രന്ഥവിമർശനം: സംസ്കൃതകൃതികൾ

നമ്പിയാർ സംസ്കൃതത്തിലും പ്രാകൃതത്തിലും ഭാഷയിലും രചിച്ചിട്ടുള്ള ഓരോ കൃതിയുടേയും സ്വരൂപത്തെപ്പറ്റി സവിസ്തരമായി പ്രതിപാദിക്കണമെങ്കിൽ അതിനു പ്രത്യേകമൊരു പുസ്തകംതന്നെ എഴുതേണ്ടിവരും. അതുകൊണ്ട് ആ കാര്യത്തിനു ഞാനിവിടെ ഉദ്യമിക്കുന്നില്ല. (1) രാഘവീയം (2) വിഷ്ണുവിലാസം (3) ഉത്തരരാമചരിതം (4) ഭാഗവതചമ്പു (5) സീതാരാഘവം എന്നീ അഞ്ചു കൃതികളെക്കുറിച്ചുമാത്രം സ്വല്പം പ്രസ്താവിക്കാം.

### രാഘവീയം

കേരളീയകവികൾ സംസ്കൃതത്തിൽ വളരെ വിരളമായേ മഹാകാവ്യങ്ങൾ നിർമ്മിച്ചിട്ടുള്ളു. അവയിൽ അതിപ്രധാനമായ ഒരു സ്ഥാനത്തെ രാഘവീയം അർഹിക്കുന്നു. രസനിർഭരങ്ങളല്ലാത്ത പദ്യങ്ങൾ അതിൽ ഇല്ലെന്നുതന്നെ പറയാം. ശബ്ദാർത്ഥങ്ങളിൽ കവി ഒന്നുപോലെ ശ്രദ്ധിച്ചിട്ടുണ്ട്. ബാലവ്യുൽപത്തിക്കുവേണ്ടി രചിച്ച ഒരു കൃതിയാകയാൽ വിശിഷ്ടങ്ങളായ വ്യാകരണപ്രയോഗങ്ങളിൽ അദ്ദേഹത്തിനു ദൃഷ്ടി പതിപ്പിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും അതുകൊണ്ട് ആ കാവ്യത്തിന്റെ മാധുര്യത്തിനു യാതൊരു വൈകല്യവും സംഭവിച്ചിട്ടില്ല. പ്രസാദഗുണംകൊണ്ടു ശ്രീകൃഷ്ണവിലാസത്തോടും വ്യംഗ്യഭംഗികൊണ്ടു രഘുവംശത്തോടും കിടനില്ക്കുന്ന ഒരു മഹാകാവ്യമാണ് രാഘവീയം എന്നു ചുരുക്കത്തിൽ പറയാം. മൂന്നോ നാലോ യതിഭങ്ഗങ്ങളുള്ളതു സാരമാക്കാനില്ല. രണ്ടു മൂന്ന് ഉദാഹരണങ്ങൾകൊണ്ട് എന്റെ ആശയം വ്യക്തമാക്കിക്കൊള്ളട്ടെ.

വിശ്വാമിത്രൻ:

“തതഃ സ്ഫുരൽപിങ്ഗജടാകലാപം
കർണ്ണാവതംസസ്ഫടികാക്ഷസൂത്രം
വഹന്തമഭ്യാശവലദ്വലാകം
സന്ധ്യാരുണം മേഘമിവോത്തമാങ്ഗം, (1)

തപഃ കൃശാമപ്യതനുപ്രവൃദ്ധൈ-
സ്തനൂമനൂനാം ദധതം മഹോഭിഃ
നിദാഘശുഷ്കാമപി പൂർണ്ണരൂപാം
ശമീമിവാലീനശിഖിപ്രകാശൈഃ, (2)

അജസ്രസങ്കീർത്തനയാജനാമ്നാം
മുഖാദഖേദസ്ഫുരിതാധരോഷ്ഠൈഃ
നിസർഗ്ഗശുഭ്രം ദശനാംശുജാല-
മന്തസ്തപശ്ശുദ്ധിമിവോൽകിരന്തം, (3)

കുശാഗ്രദീർണ്ണേന കരാഞ്ചലേന
ദ്രാഘീയസീമംബുജബീജമാലാം
ശാപാക്ഷരാളീമിവ മേചകാഭാ-
മനേകവാരം പരിവർത്തയന്തം, (4)

ചൂഡാഗ്രജാഗ്രൽകരകോരകാണാം

ദത്താധ്വനാം ദൂരവിസർപ്പണേന
പുരൗകസാം ഭക്തിമതാം മുഖേഷു
സാനുഗ്രഹം ദർശനമർപ്പയന്തം, (5)

ക്വ രാജസിംഹോ വലവൈരിബന്ധു-
രിത്യന്തികസ്ഥേഷു കൃതാനുയോഗം
മുനിം സമേത്യാഭിഹിതസ്വനാമാ
സാഷ്ടാങ്ഗപാതം പ്രണനാമ രാജാ.” (6)

താടക:

“അഥ തദ്ധ്വനിരുദ്ധകർണ്ണയാ
സഹസാ വിദ്രുതമുദ്രനിദ്രയാ
രുധിരാസവപാനമത്തയാ
നയനോദ്യദ്ദഹനസ്ഫുലിങ്ഗയാ (1)

ഭ്രമണക്വണിതാന്ത്രമാലയാ
നഖരാഗ്രത്രുടിതാഭ്രജാലയാ
നിബിഡോരുനിപാതപാതിത-
ദ്രുമപാഷാണനിരുദ്ധമാർഗ്ഗയാ (2)

പ്രവിദാരിതവക്ത്രഗഹ്വര-
സ്ഫുരദസ്രാരുണഘോരദംഷ്ട്രയാ
കരപീഡിതമാംസനിസ്സരൽ-
ക്ഷതജാപ്യായിതദീർഘജിഹ്വയാ (3)

സരുഷാ പരുഷാട്ടഹാസയാ
പുരുഷാസ്ഥിവ്രജമാംസളാംസയാ
ദ്രുതമാഗതയാ വനാന്തരാൽ
സ മുനിസ്താടകയാഭ്യദ്രൂയത.” (4)

എത്രമാത്രം ചൈതന്യോജ്ജ്വലങ്ങളാണ് ഈ ചിത്രങ്ങളെന്നു ഭാവുകന്മാർക്കു നിരീക്ഷിക്കാവുന്നതാണ്. സപ്തമസർഗ്ഗത്തിൽ ദണ്ഡകാരണ്യത്തേയും, അഷ്ടമസർഗ്ഗത്തിൽ യുവതീരൂപിണിയായ ശൂർപ്പണഖയേയും, നവമസർഗ്ഗത്തിൽ രാവണനേയും, ദശമസർഗ്ഗത്തിൽ പമ്പാസരസ്സിനേയും, ഏകാദശസർഗ്ഗത്തിൽ വർഷാകാലത്തേയും ശരൽകാലത്തേയും, ദ്വാദശസർഗ്ഗത്തിൽ മഹേന്ദ്രഗിരിയേയും സമുദ്രത്തേയും, ഷോഡശസർഗ്ഗത്തിൽ പ്രഭാതത്തേയും മഹാകവി എത്ര പുളകപ്രദമായ രീതിയിലാണ് വർണ്ണിച്ചിരിക്കുന്നതെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്.

“മണിസ്ഥലസ്ഖലിതപദാഭിസാരികാ-
വിഘട്ടനപ്രചലതമാലവീഥികേ
സുഗന്ധിതാപരിഗതധൂപനിർഗ്ഗമ-
പ്രസൃത്വരഭ്രമരനിരന്തരേ പുരേ”

എന്ന് അന്ധകാരനിബിഡമായ ലങ്കാനഗരത്തേയും,

“വ്യാപ്തവ്യോമാന്തരാളാമവിരളസരള-
സ്ഥൂലബാലാഗ്രലോമ-
വ്യാകീർണ്ണാഭ്രാമദഭ്രാരവമുഖകുഹര-
സ്പഷ്ടദംഷ്ട്രാകരാളാം
ആരക്തോദ്വൃത്തനേത്രസ്ഫുരദനലകണോൽ-
പീഡിതോഡുപ്രചാരാ-
മാരാദാലക്ഷ്യ ഘോരാം തനുമനിലഭുവോ
ഭൂമികന്യാ ചകമ്പേ”

എന്ന ഹനൂമാന്റെ ശരീരജൃംഭണത്തേയും മറ്റും നമ്മുടെ മുന്നിൽ പ്രദർശിപ്പിക്കാനുള്ള പദഘടനാപാടവം നമ്പിയാരിലെന്നപോലെ മറ്റുള്ള കേരളീയകവികളിൽ അത്രയധികം പരിസ്ഫുരിച്ചുകണ്ടിട്ടില്ല. സരസമായ ഫലിതവും അങ്ങിങ്ങു സമീക്ഷിക്കാവുന്നതാണ്.

ഹനൂമാന്റെ പഞ്ചസേനാധിപവധം:

“ബലവതി നിഹതേഥ മന്ത്രിപുത്രേ
വിശിഖമുചോ യുധി പഞ്ചസൈന്യനാഥാൻ
പരമനയത പഞ്ചതാം ഹനൂമാൻ
കൃതമമുനാ കിമിഹേതി നൈവ ജാനേ.”

ദശരഥന്റെ ഭാര്യമാരുടെ ഗർഭവർണ്ണന:

“ക്രമേണ മധ്യോ മനുജേന്ദ്രസുഭ്രുവാം
സുലക്ഷതാമാപ വിവാദഗോചരഃ
ക്വ നാസ്തികാ ആസ്തികപക്ഷരക്ഷണേ
വിചക്ഷണേ ഗർഭമധിഷ്ഠിതേ വിഭൗ.”

രാക്ഷസന്മാരുടെ യാഗാവഹേളനം:

“കുശികാത്മജ കിം മഖേന തേ?
സുരലോകാധിഗമോ യദീഹിതഃ
രജനീചരവക്ത്രകന്ദരാ
സരണിസ്സാധുതരേതി വാദിഭിഃ.”

ദണ്ഡകാരണ്യത്തിൽ രാവണന്റെ സീതാദർശനം:

“സ്തനദ്വയേ ദ്വേ ചരണദ്വയേ ദ്വേ
പാണിദ്വയേ ദ്വേ ജഘനേ ചതസ്രഃ
അഥാവശിഷ്ടാസ്തു ദശാപി തസ്യാ
മുഖാംബുജേ തസ്യ ദൃശോ മമജ്ജുഃ.”

ഇത്യാദി പദ്യങ്ങൾ നോക്കുക. അശോകവനികയിൽ രാവണൻ സീതയെ അനുനയിക്കുവാൻ ക്ലേശിക്കുന്ന ഘട്ടം സവിശേഷം സമഞ്ജസമായിരിക്കുന്നു.

“വിഹായ മാമുൽപതതാമസൂനാം
ദയസ്വ ഹേ! മാനിനി! മാമകാനാം

തതോധികോ യസ്ത്വയി മേ പ്രസാദ-
സ്സ ഏവ തേഷാമപരാധഹേതുഃ.

ശിലോച്ചയേപ്യപ്രതിബന്ധവീര്യം
തദപ്യമോഘം കുലിശം മഘോനഃ
യസ്യ സ്ഥിരേ വക്ഷസി കുണ്ഠമാസീ-
ത്തം ജേതുമീഷ്ടേ കുസുമായുധോ മാം,

ഹേലാസമുൽക്ഷിപ്തകുബേരശൈലാ
ബലാൽകൃതാശേഷസുരാവരോധാഃ
അമീ ഭുജാഃ സന്ത്യപി മേ ന സന്തി
സ്മരം നിരോദ്ധും ന യതഃ ക്ഷമന്തേ."

എന്നിങ്ങനെ പോകുന്ന ആ വാക്യധോരണിയുടെ മാധുര്യം ആരെയാണ് അപഹൃതചിത്തവൃത്തികളാക്കാത്തത്? രാഘവീയം കേരളീയർക്ക് ഏതു പുരോഭാഗിയായ വൈദേശിക വൈകടികന്റെ സന്നിധിയിലും സാഭിമാനം സമർപ്പിക്കാവുന്ന ഒരു സാഹിത്യരത്നമാകുന്നു.

## വിഷ്ണുവിലാസം

ആകൃതികൊണ്ടു ലഘുവാണെങ്കിലും രസസ്ഫൂർത്തികൊണ്ടു ബൃഹത്തായ ഒരു കാവ്യതല്ലജമാണ് വിഷ്ണുവിലാസം. താഴെക്കാണുന്ന ശ്ലോകങ്ങൾ ശ്രദ്ധിച്ചു നോക്കുക.

മത്സ്യാവതാരം:

"മുരാരിമകരോ മുഹുസ്തടനദുഃസ്ഥിതാസ്ഥിച്ഛടാ-
മൃണാളശകലാകുലേ രുധിരവാരിഭിഃ പൂരിതേ
ഉരസ്സരസി വൈരിണഃ സ്ഫുടനികൃത്തചിത്താംബുജേ
നിജം ഭൃശമമജ്ജയദ്ഘനരുഷാ വിഷാണാഞ്ചലം."

നരസിംഹാവതാരം:

"പർജ്ജന്യജന്യകടുഗർജ്ജനതർജ്ജനോർജ്ജ-
സ്ഫൂർജ്ജത്തരഃ സ്ഫുടനിരുദ്ധകുലാദ്രിരന്ധ്രഃ
ഭിക്കംഭികർണ്ണകുഹരത്രുടനപ്രവീണഃ
സ്ഥൂണോദരാദജനി കോപി തദാ നിനാദഃ. (1)

യച്ഛ്റാവിണോ ദിതിസുതാഃ കതിചിന്മുമൂർച്ഛുഃ
കേചിന്നിപേതുരവനൗ ലുലുഠുസ്തഥാന്യേ
ഏകേ വിലേപുരപരേ രുരുദുഃ പരേ തു
ക്ഷിപ്രം പ്രദുദ്രുവുരസൂനിതരേ നിരാസുഃ. (2)

സംഭ്രാന്തചക്ഷുരഥ ദിക്ഷു വിദിക്ഷു ച ദ്രാ-
ഗീക്ഷാംബഭൂവ സ യദാ ചികിതോഽസുരേന്ദ്രഃ
സ്തംഭാദലക്ഷ്യത തദാ ബഹിരുഗ്രദംഷ്ട്രാ-
കോടിസ്സടാവലിജടാലമുഖോ മൃഗേന്ദ്രഃ. (3)

തപ്താരകൂടകപിശാക്ഷിപുടസ്ഫുടോദ്യ-
ജ്ജ്യോതിശ്ച്ഛടാരുണപടാപിഹിതാന്തരീക്ഷം
ഉത്താലതാലപൃഥുദീർഘഭുജാസഹസ്ര
പ്രാന്തസ്ഫുരന്നഖശിഖാലിഖിതാംബുവാഹം (4)

ജൃംഭാവിദീർണ്ണമുഖഗഹ്വരലംബമാന-
ജിഹ്വാമഹാഭുജഗവല്ഗിതദുർന്നിരീക്ഷം
പ്രാലേയപാണ്ഡുരുചിഭാസുരകേസരാളീ-
കേളീവിധൂനനവിസംസ്ഥുലമാംസളാംസം (5)

സ്ഥൂലഹ്രസിഷ്ഠതരകണ്ഠമകുണ്ഠനാദ-
വിദ്രാവിതാദ്രിവനസഞ്ചരസത്ത്വജാലം
തത്താദൃശം കമപി വിഗ്രഹമുച്ചമുച്ചൈ-
രഗ്രേ ഹിരണ്യകശിപുസ്സഭയം ദദർശ." (6)

ഈ വർണ്ണനത്തിൽ കവി നാരായണീയകാരനെ ഉപജീവിച്ചിരിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ സൂക്തിക്കും അനിർവചനീയമായ ഒരു മഹിമാതിശയം കാണ്മാനുണ്ട്.

## ഉത്തരരാമചരിതം

അമൃതമയമായ ഈ കാവ്യത്തിൽ നിന്ന് ഒരു ഭാഗം മാത്രം ഉദ്ധരിച്ചുകൊള്ളാം. സ്വസ്ഥാനത്തിൽ ചെന്നുചേരുന്നതിനു സരയൂനദിയിൽ നിമഗ്നനാകുവാൻ തുടങ്ങുന്ന ശ്രീരാമന്റെ സന്നിധാനത്തിൽ സീതാദേവി പ്രവേശിക്കുന്നതാണ് സന്ദർഭം. അതൊരു കേശാദിപാദ വർണ്ണനരൂപത്തിൽ കവി ചിത്രീകരിച്ചിരിക്കുന്നു.

"കബരീഭാരകാന്തിശ്രീകബളീഭൂതകാളികാം
അളികാന്തപരിഭ്രാജദളികാന്താളകാവലീം (1)

ഫാലകാന്തി പരാഭൂതബാലപീയൂഷരോചിഷം
വിലസന്നവകസ്തൂരീതിലകാലംകൃതാളികാം (2)

ചില്ലീ ചാതുര്യനിർല്ലൂനമല്ലീശരശരാസനാം
ആലോലനയനോന്മീലദാനംഗരസമാധുരീം (3)

വിലസന്നാസികാധൂതതിലസൂനസുഖാസികാം
കപോലദർപ്പണാമൂർച്ഛദ്വിലോലമണികുണ്ഡലാം (4)
മധുരാധരകാന്തിശ്രീവിധുരീഭൂതവിദ്രുമാം
കുന്ദസൂനമനോഹാരിമന്ദഹാസവിഭൂഷണാം (5)

കണ്ഠകാന്തിപരാഭൂതകംബുബിംബോകഡംബരാം
ഭുജസൗന്ദര്യവിജിതഭുജഗീഭോഗവിഭ്രമാം (6)

മുക്താഹാരലതാശോഭിവൃത്താപീനപയോധരാം

കുചകുംഭഭരാഭുഗ്നമൃദുമധ്യമനോഹരാം (7)

പൃഥുശ്രോണീസമാരബ്ധരഥശ്രേണീവിഡംബനാം
മണികാഞ്ചീലതാദാമധൃതനീവീനിബന്ധനാം (8)

പരിധാനാന്തരാലക്ഷ്യപരിപീനോരുതോരണാം
പദപങ്കജനാളാഭമൃദുജംഘാമനോഹരാം (9)

ചരണാംഭോജസംസക്തവിരണന്മണിനൂപുരാം
തുംഗരക്തനഖശ്രേണീഭംഗിശൃംഗാരിതാംഗുലിം (10)

കാമദേവോപനിഷദാം ദേവതാമാഗതാമിവ
ശൃംഗാരരസചാതുര്യലക്ഷ്മീം മൂർത്തിമതീമിവ (11)

ലോകമാധുര്യസമ്പത്തിയോഗസംഘടിതാമിവ
അതിപേലവസൗഭാഗ്യലതികാമഞ്ജരീമിവ (12)

ഹരനിർദ്ധഗ്ദ്ധപഞ്ചേഷ്വമൃതസഞ്ജീവിനീമിവ
ഉല്ലസന്നവസൗന്ദര്യകന്ദളീസുഷമാമിവ (13)

വിലോകയൻ പ്രിയാം പ്രേമ്ണാ വിലോചന സുധാത്ധരീം
പരമാനന്ദപാഥോധൗ നിമമജ്ജ രഘൂത്തമഃ" (14)

മേല്പുത്തൂർ ഭട്ടതിരിയുടെ ശൈലി ഇതല്ലെന്നു ഞാൻ പറയേണ്ടതില്ല; നമ്പിയാരുടേതാണെന്നുള്ളതു രാഘവീയവും വിഷ്ണുവിലാസവും വായിച്ചിട്ടുള്ളവർ സമ്മതിക്കാതിരിക്കുകയുമില്ല.

## ഭാഗവതചമ്പു

ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് കവി ഇതിൽ പ്രതിപാദിച്ചിരിക്കുന്നതു്. പ്രാകൃതഭാഷയിൽ കവനം ചെയ്തു ശീലിച്ചതിനുമേലാണ് പ്രസ്തുത കൃതിയുടെ നിർമ്മിതിയെന്നുള്ളതു് അതിൽ ധാരാളമായി കാണുന്ന ആ ഭാഷയിലെ ഗദ്യപദ്യങ്ങൾ തെളിയിക്കുന്നു. ഒരു ഗദ്യത്തിലെ ഏതാനും പംക്തികളും നാലു പദ്യങ്ങളും പ്രദർശിപ്പിക്കാം.

ഭൂമിദേവിയുടെ സങ്കടനിവേദനം: "സജ്ജനേഷ്വനാർജ്ജവശാലിത്വേന നീതിമത്ത്വം പ്രഥയദ്ഭിർ, ദുർജ്ജനമതാനുസാരിത്വേന ദാക്ഷിണ്യം പ്രകാശയദ്ഭിർ, ദുര്യശസ്സഹിഷ്ണുത്വേന ധീരത്വം ദർശയദ്ഭിർ, ബ്രഹ്മസ്വാപഹാരേണാർത്ഥാർജ്ജന സാമർത്ഥ്യം സമർത്ഥയദ്ഭി, രധ്വരാദിധ്വംസനേനാപ്രതിഹതശാസനത്വം പ്രഖ്യാപയദ്ഭി, ശ്ശത്രുകൃതാത്മതിരസ്കാരേഷ്വനാകുലത്വേന ക്ഷമാവത്വം വ്യഞ്ജയദ്ഭി, രബലജനകുലോച്ഛേദനേന തീക്ഷ്ണദണ്ഡത്വമുദ്ഭാവയദ്ഭിർ, ഗ്ഗണികാജനവശംവദത്വേനാഭിഗമ്യതാമാപാദയദ്ഭി, രാത്മദാരപരിത്യാഗേന ജിതേന്ദ്രിയത്വമുദ്ബോധയദ്ഭിർ, ദുഷ്ടസചിവദുരുപദേശഗ്രഹണേന സർവ സാധാരണാഭിപ്രായതാം പിശുനയദ്ഭി, സ്സാധുജനഹിതോപദേശപ്രത്യാഖ്യാനേന സ്വതന്ത്രതാമുദ്ബോധയദ്ഭി, രഗമ്യാഗ

മനേന പണ്ഡിതൈ, രദണ്ഡ്യദണ്ഡനേന ദണ്ഡധാരൈ, രധർമ്മൈരിവ ശരീരിഭി, രവിനയൈരിവ സവിഗ്രഹൈ, രജ്ഞാനൈരിവാകാരവദ്ഭി, രവനിപാലസംജ്ഞ യാവതീർണ്ണൈരസുരൈ . . . ”

ശ്രീകൃഷ്ണജനനം:

വിദ്യേവാത്മപ്രബോധം സുവിശദകവിതാ-
വാസനേവോക്തിഗുംഫം,
സൽകാവ്യപ്രക്രിയേവ ധ്വനി, മനഘതമാ
സർവചര്യേവ കാമം,
അദ്വൈതാനന്ദകന്ദോദ്ഗതകനകലതാ-
പാകമേകാന്തരമ്യം
ബാലം പ്രാസൂത നീലാംബുദരുചിരുചിരം
കേവലം ദേവകീ സാ.”

കാളിന്ദീതീരത്തിലെ മന്ദവായു:

പുളിന്ദവരസുന്ദരീപുളകിതോരുവക്ഷോരുഹ-
പ്രഗാഢപരിപീഡനപ്രഥിതസൗരഭോത്സേകിഭിഃ
കളിന്ദതനയാതടീവിടപിവാടസഞ്ചാരിഭിഃ
പ്രഗേ ഹരിരസേവ്യത ഭ്രമരസാരുതൈർമ്മാരുതൈഃ” .

കാളിയമർദ്ദനം:

“ഝലംഝലിതനൂപുരം ചലിതകിങ്കിണീകങ്കണ-
ച്ഛടാകളകളോന്മിളന്മുരളികാരവാഘോഷിതം
അരാളഘനകുന്തളീശിഥിലകേകിപിഞ്ഛാഞ്ചലം
വ്യരാജദഹിമസ്തകേ മുരജിതശ്ശിശോസ്താണ്ഡവം.”

ക്രുദ്ധനായ ദേവേന്ദ്രന്റെ വീരവാദം:

“വജ്രാഗ്നിസ്ഫുരണപ്രചണ്ഡപവനവ്യാഘാതമേഘാവലി-
വ്യാകീർണ്ണാഭിരിതസ്തതോ ഭൃശമപാം ധാരാഭിരാരാദിമാം
ആഭീരാധമവാസഭ്രമിമചിരാദംഭോനിധിം കുർമ്മഹേ
ഗോഭീരാജതി യാധുനാ സപദി സാ നക്രൈഃ സമാക്രമ്യതാം.”

കേരളീയരായ ചമ്പൂകാരന്മാരിൽ നമ്പിയാർ മേല്പത്തൂരിന്റെ സന്നിധിയിൽ മാത്രമേ തലകുനിക്കേണ്ടതായി കാണുന്നുള്ളൂ.

## സീതാരാഘവം

സീതാരാഘവം നമ്പിയാർ പരിണതപ്രജ്ഞനായതിനുമേൽ രചിച്ച ഒരു കൃതിയാണെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ അഭ്യാസബലം അതിന്റെ അത്യുച്ചകോടിയിൽ പരിലസിക്കുന്നതു പ്രസ്തുതനാടകത്തിൽത്തന്നെയാണ്. ശാകുന്തളം, ഉത്തരരാമ ചരിതം, ആശ്ചര്യചൂഡാമണി, അനർഘരാഘവം, ജാനകീ പരിണയം എന്നീ നാടകങ്ങൾ കവിക്ക് ഇതിവൃത്തഘടനയിലും മറ്റും അങ്ങിങ്ങു മാർഗ്ഗദർശനം ചെയ്തിട്ടുണ്ടെങ്കിലും, സീതാരാഘവം ആകെക്കൂടി നോക്കുമ്പോൾ അദ്ദേഹത്തിന്റെ അനന്യസുലഭമായ മനോധർമ്മത്തിന്റെ മധുരഫലമാണെന്നു

ധൈര്യമായി പറയാം. വിശ്വാമിത്രമഹർഷിയോടു കൂടി പോയ രാമലക്ഷ്മണന്മാരുടെ വൃത്താന്തമറിയാതെ വിഷാദിക്കുന്ന ദശരഥമഹാരാജാവും കൗസല്യാദേവിയും പ്രസ്താവനാനന്തരം രംഗപ്രവേശം ചെയ്യുന്നു. ദശരഥൻ കൗസല്യയെ സമാശ്വസിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ വിശ്വാമിത്രന്റെ പ്രണിധിയായ ചാരായണൻ എന്ന ഋഷി അവിടെച്ചെന്നു താടകാവധം മുതൽ മിഥിലാപ്രവേശനം വരെയുള്ള കഥ അവരെ വർണ്ണിച്ചുകേൾപ്പിക്കുന്നു. അതോടുകൂടി പ്രഥമാങ്കം അവസിതമായി. ദ്വിതീയാങ്കത്തിൽ, മായാവസു, കരംബകൻ എന്നീ രണ്ടു രാക്ഷസന്മാർ മാരീചൻ കരംബകനു കൊടുത്ത അംഗുലീയത്തിന്റെ പ്രഭാവം കൊണ്ടു വേഷച്ഛന്നന്മാരായി ജനകമഹാരാജാവിന്റെ സന്നിധിയിലെത്തി സീതാവിവാഹവിഷയത്തിൽ പല പ്രതിബന്ധങ്ങളും ഉണ്ടാക്കുന്നു. തൃതീയാങ്കത്തിൽ, ജനകൻ സീതാദിദേവിമാരെ അയോധ്യയിലേക്കയയ്ക്കുന്നതാണ് പ്രധാന വിഷയം. ജനകൻ ആ അവസരത്തിൽ സീതയ്ക്കു പല ധർമ്മോപദേശങ്ങളും നല്കുന്നു. ചതുർത്ഥാങ്കത്തിൽ, ശ്രീരാമനിൽ മുമ്പുതന്നെ അനുരക്തയായ ശൂർപ്പണഖ തന്റെ സഖിയായ അയോമുഖി എന്ന രാക്ഷസിയെ അദ്ദേഹത്തിന്റെ അഭിഷേകവിഘ്നത്തിനായി നിയോഗിക്കുന്നു. ആ അയോമുഖിയാണ് മന്ഥരാരൂപത്തിൽ കൈകേയിയെ സ്വാധീനപ്പെടുത്തി ആ രാജ്ഞിയെക്കൊണ്ടു രാമനെ വനത്തിലേക്കു നിഷ്കാസനം ചെയ്യിക്കുന്നത്. ശൂർപ്പണഖയുടെ വാസസ്ഥാനവും അതുതന്നെയാണല്ലോ. സീതയെ കാമിക്കുന്ന രാവണന്റെ വിരഹതാപവും ഈ അങ്കത്തിൽ കവി സമഞ്ജസമായി വർണ്ണിക്കുന്നു. സീതാഹരണം മുതൽ ഹനുമാൻ ലങ്കയിൽനിന്നു തിരിയെ വന്നു രാമനെ കാണുന്നതുവരെയുള്ള കഥ പഞ്ചമാങ്കത്തിലും വിഭീഷണശരണാഗതി മുതൽ രാമരാവണയുദ്ധം വരെയുള്ള കഥ ഷഷ്ഠാങ്കത്തിലും അന്തർഭവിക്കുന്നു. ഷഷ്ഠാങ്കത്തിൽ, കവി അഗസ്ത്യപത്നിയായ ലോപാമുദ്രയുടെ സഖിയായ മന്ദാരവതിയെയും പ്രവേശിപ്പിക്കുന്നുണ്ട്. സരമയും മന്ദാരവതിയും കൂടി ആകാശചാരിണികളായി സംഭാഷണം ചെയ്യുന്ന രൂപത്തിലാണ് യുദ്ധവിവരണം പുരോഗമിക്കുന്നത്. സീതാരാഘവന്മാരുടെ വിമാനയാത്രയും പട്ടാഭിഷേകവും സപ്തമാങ്കത്തിലെ പ്രതിപാദ്യങ്ങളാകുന്നു.

മഹാകവിയുടെ കലാശില്പത്തിന്റെ മനോമോഹനത എത്രമാത്രം ഉണ്ടെന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽ നിന്നു വായനക്കാർക്കു വിഭാവനം ചെയ്യാവുന്നതാണ്.

മന്ദവായു:

“ആരാദാരാമവാടാദമരതരുലതാ-
ധാമഹേമാരവിന്ദ-
പ്രച്യോതന്മുഗ്ദ്ധമാധ്വീപരിമളഭരണാ-
യാസമന്ദപ്രചാരഃ
കാസാരസ്സാരവാരി പ്രസൃമരലഹരീ-
വിന്ദുസന്ദോഹസാന്ദ്ര-
സ്സംസർപ്പൻ ദർപ്പകസ്യ സ്വയമയമയതേ
ബന്ധുതാം ഗന്ധവാഹഃ.”

രാവണന്റെ അഹങ്കാരം:

“ശക്രോ വിക്രോശിതോഭൃന്മൃധഭുവി ബഹുധാ
മോഹിതോ രോഹിതാശ്വോ
ധൂതഃ പ്രേതാധിരാജോ മരുദപചരിതോ

ദണ്ഡിതശ്ചണ്ഡരോചിഃ
പാശീ പാശേന ബദ്ധോ മുഹുരുപഗമിതഃ
ഖിന്നതാം കിന്നരേശഃ
സോയം മർത്ത്യബ്രുവംതം കഥമിവ ജുഷതാം
ഹന്ത ഭോഃ പംക്തികണ്ഠഃ."

ഋശ്യമൂകപർവതം:

"നിശ്ച്യോതന്നിർഝരാംഭശ്ശിശിരതരതടീ-
നിത്യനൃത്യന്മയൂര-
സ്വേച്ഛോദ്യച്ഛൽകലാപാവലിശബളരുചി-
വ്യക്തവൃത്രാരിചാപഃ
ശുഭ്രൈരാശ്ലിഷ്ടസാനുശ്ശുചിപടരുചിരൈ-
ശ്ശാരദൈർവാരിവാഹൈ-
രുത്തുംഗൈരേഷ ശൃംഗൈരപിഹിതഗഗനോ
ദൃശ്യതാമൃശ്യമൂകഃ."

ദഹനാനന്തരം നവീകൃതമായ ലങ്കാപുരം:

"തുങ്ഗപ്രാസാദശൃംഗസ്ഖലിതജലധരോ-
ത്സങ്ഗനിസ്സങ്ഗനിര്യ-
ദ്ധാരാവാരാം പ്രവാഹൈരവിരതമനദീ-
മാതൃകാരാമഭൂമിഃ
ലങ്കാലങ്കാര ഏകോ മണികനകമയോ
മദ്ധ്യമായാ ജഗത്യാ
ദഗ്ധാ ദഗ്ധേതി കേന സ്ഫുടമുപഘടിതഃ
കോപി മിഥ്യാപ്രവാദഃ."

ഭരദ്വാജാശ്രമം:

"ശാരീശുകായതനകോടരസമ്പ്രരൂഢ-
ശ്യാമാകശാലിഫലശാലിവനദ്രുമാണി
ഗോഗർഭിണീചരിതദർഭകശാങ്കുരാണി
വിശ്രാന്തിമാശ്രമപദാനി ദൃശോർദ്ദിശന്തി."

ചിത്രകൂടപർവതത്തിലെ വൃക്ഷങ്ങൾ:

"അസ്മിംസ്താതവിപത്തിമാര്യഭരതാദാകർണ്ണയദ്ഭിഃ പുരാ
നാസ്മാഭിഃ പരമേഭിരപ്യതിതരാമാക്രന്ദിതം ശാഖിഭിഃ
യേ മുഞ്ചന്ത്യധുനാപി പുഷ്പനയനൈർബാഷ്പാൻ മധുച്ഛദ്മനാ
ഭൃങ്ഗാരാവമിഷാദ്വിലാപവചനാന്യച്ചൈർവിതന്വന്ത്യമീ."

സീതാരാഘവത്തിനു തുല്യമായി രസപുഷ്ടിയുള്ള നാടകങ്ങൾ വേറേയും ചില കേരളീയ മഹാകവികൾ രചിച്ചിട്ടുണ്ട്; എന്നാൽ സമുജ്ജ്വലമായ ശബ്ദഭങ്ഗികൊണ്ട് അത് അവയെ മിക്കവാറും നിഷ്പ്രയാസം ജയിക്കുകയാണ് ചെയ്യുന്നത്.

## ഭാഷാകൃതികൾ

തുള്ളൽക്കഥകൾക്കുടാതെ പതിനേഴ് ആട്ടക്കഥകളും പത്തൊൻപതു് ഇതരകൃതികളും നമ്പിയാർ രചിച്ചിട്ടുണ്ടെന്നു നാം കണ്ടുവല്ലോ. ആ ഇതരകൃതികളിൽ ചിലതിനെപ്പറ്റി ആദ്യമായി സ്വല്പം പ്രസ്താവിക്കാം.

## ശീലാവതി നാലുവൃത്തം

ശീലാവതി എന്ന പതിവ്രതാശിരോമണിയുടെ സുപ്രസിദ്ധമായ ഉപാഖ്യാനം കവി നാലുവൃത്തമായി രചിച്ചിട്ടുള്ളതാണ് ഈ കൃതിയെന്നു സൂചിപ്പിച്ചുകഴിഞ്ഞു. ബാല്യകാലത്തു തന്നെ അദ്ദേഹത്തിൽ വികസിച്ചുതുടങ്ങിയ ഭാഷാകവനകൗശലത്തിനും പരിഹാസധോരണിക്കും ഈ ചെറിയ കവിത നിദർശനമാകുന്നു. വൃദ്ധനായ ഉഗ്രശ്രവസ്സു യുവതിയായ തന്റെ പത്നി ശീലാവതിയോടു പറയുന്ന കൊള്ളിവാക്കുകളിൽനിന്നു് ഒരു ഭാഗം ചുവടെ ചേർക്കുന്നു.

“കാലത്തൊരു തുള്ളിക്കഞ്ഞി തരാൻപോലും
ശീലാവതി! നിനക്കാസ്ഥയില്ല
കൈപ്പുണ്യം തെല്ലും നിനക്കില്ല വല്ലഭേ!
കൈപ്പും പുളിപ്പുമെരിപ്പുമില്ല.
വെപ്പിന്റെ കൌശലമില്ല; കറി വായിൽ
വെപ്പാനുമാകാ നീ വെച്ചതൊന്നും.
ഉപ്പേരിയും നിന്റെ ചോറുമെടുത്തങ്ങു
കുപ്പയിലാക്കുവാനെന്നേ തോന്നൂ.
ആർക്കാനും വേണ്ടീട്ടങ്ങോക്കാനിക്കുംപോലെ-
യാക്കംകൂടാതെ നീ ചോറു തന്നാൽ
ഭക്ഷിപ്പാനാഗ്രഹമുണ്ടാമോ? നീയെന്നെ
രക്ഷിപ്പാനാളല്ല ശീലാവതി.
പത്തുനൂറായി വയസ്സു നമുക്കിപ്പോൾ
പത്നിക്കു നല്ല ചെറുപ്പകാലം.
താടി നരച്ച പുരുഷനെക്കാണുമ്പോ-
ളോടിയൊളിച്ചിട്ടുമംഗനമാർ.
താടിയും നമ്മുടെ മൂക്കുമായൊന്നിച്ചു
കൂടിഗ്ഗുണദോഷമെന്നേ വേണ്ടൂ.
വായിലൊരു പല്ലുമില്ലാത്ത വൃദ്ധനെ
സ്ഥായിയുണ്ടാകുമോ പെണ്ണുങ്ങൾക്ക്?”

ആ കഥ “ചൊല്ലുന്നോർക്കും കേൾക്കുന്നോർക്കും സന്തതിയും നെടുമങ്ഗല്യവും സമ്പത്തുമേറ്റമുണ്ടാകും” എന്നു കവി സ്ത്രീകളെ ഉപദേശിക്കുന്നു. കിളിയാണ് കഥ പറയുന്നതു്. പിൻകാലത്തു് ഇതേ ഇതിവൃത്തത്തെത്തന്നെ അധികരിച്ചു കവി ‘ശീലാവതിചരിതം’ എന്ന ഒരു ഓട്ടൻതുള്ളലും നിർമ്മിച്ചിട്ടുണ്ടു്.

## രുക്മിണീസ്വയംവരം പത്തുവൃത്തം

പഞ്ചപദിയുടേയും മറ്റും പ്രണേതാവായ നമ്പിയാർക്കു ഗാനരചനയ്ക്കുവേണ്ട സങ്ഗീതജ്ഞാനമില്ലെന്നു പറയുന്നവരുടെ മുഖമുദ്രണത്തിനു പര്യാപ്തമായ ഒരു മനോഹര

കൃതിയാണ് പത്തുവൃത്തം. ശീലാവതിക്കും പത്തുവൃത്തത്തിനും കേരളത്തിലെ കൈകൊട്ടിക്കളിപ്പാട്ടുകളുടെയിടയിൽ അർഹത്തമമായ ഒരു സ്ഥാനമാണുള്ളത്. അവയോടു കിടപിടിക്കുന്ന ശാകുന്തളം തുടങ്ങിയ രണ്ടോ മൂന്നോ കൃതികൾ മച്ചാട്ടിളയതും ഉണ്ടാക്കീട്ടുണ്ട്. അവയെ സ്ത്രീകൾ ഇക്കാലത്തുപോലും, വിശേഷിച്ചു ഗ്രാമീണകേരളത്തിൽ, ആദരിക്കുന്നതിന് അതിരില്ല. പത്തുവൃത്തത്തിന്റെ നിർമ്മിതി ശീലാവതിക്കു മേലായിരിക്കണം എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. അതിൽ നമ്പിയാരുടെ വിജാതീയമായ തുള്ളൽപ്പലിതം അങ്കുരാവസ്ഥയിൽ പ്രകാശിക്കുന്നുണ്ട്. പഞ്ചമവൃത്തത്തിൽ ബലരാമൻ ദ്വാരപാലന്മാരോടു ശ്രീകൃഷ്ണനെപ്പറ്റി ചോദിക്കുന്നത്,

“എന്നുടെ സോദരൻ ശൗരി – യെങ്ങുപോയീ നായന്മാരേ!
നിങ്ങളാരുമറിയാതെ – നീലവർണ്ണൻ പോകയില്ല”

എന്നാണ്. രുക്മിണിയെ ഹരിച്ചുകൊണ്ടു കൃഷ്ണൻ വരണമണ്ഡപം വിട്ടിറങ്ങുമ്പോൾ ഭഗ്നാശയന്മാരായ രാജാക്കന്മാരുടെ

“വെണ്ണയും പാലും കവർന്നുഭുജിക്കുന്ന
കണ്ണനിവണ്ണമഹോ! — നല്ല
പെണ്ണിനെക്കണ്ടു കൊതിച്ചു ചതിച്ചങ്ങു
കൊണ്ടുപോവാനാഗ്രഹം

ഗോരസമല്ലിതു ഗോപശിശോ തവ
ചോരണമോഹമയ്യോ-അതു
നീരസമായ്‌വരുമെന്നു ധരിക്കണ-
മിത്തരം ചെയ്തുകൊണ്ടാൽ”

എന്നും മറ്റുമുള്ള ഉപാലംഭം ഉജ്ജ്വലമായിരിക്കുന്നു. വിവാഹാനന്തരം രുക്മിണിയുടെ ഇങ്ഗിതപരീക്ഷണത്തിനുവേണ്ടി കപടഗോപാലൻ

“പത്തു കാശിനു വകയെൻകയ്യിൽക്കാണ്മാനില്ല
മത്തകാശിനിമാർമൗലിമാലികേ! കേൾ”

എന്നും മറ്റും തട്ടിവിടുന്ന പൂർവപക്ഷങ്ങൾക്കു ഭഗവത്ഭക്തയായ ആ ദേവി നൽകുന്ന സമാധാനങ്ങൾ അത്യന്തം മനോഹരങ്ങളാണ്. കാത്യായനീസ്തുതിപരമായ സപ്തമവൃത്തത്തിലെ ശബ്ദസൗന്ദര്യം ഏതു് അശ്മഹൃദയത്തേയും അലിയിക്കാതിരിക്കയില്ല.

“ജയ ജയ ഭഗവതി! മായേ! —ദേവി!
ജഗതി മധുരതരകായേ!
ജനനി! പരമശിവജായേ! —ഗൗരി!
ജനനി! പരമരമണീയേ!
കരതലവിലസിതവലയേ! —ദേവി!
വിരചിതഗിരിവരനിലയേ!
അരിജനകലബലവിലയേ! —നിന്റെ
ചരണയുഗളമനുകലയേ.
. . . . . . . . .
മനസിജമധുരശരീരൻ—കൃഷ്ണൻ

മനുജവിജയരണശൂരൻ
മനസി വസതി സുകുമാരൻ—മമ
മഹിതനാകും നന്ദകുമാരൻ.
അവനെന്റെ വരനായിവരുമൊ—ദേവി!
അതിനൊരു വരമിങ്ങു തരുമോ?
. . .    . . .    . . .
നളിനനയനനഭിരാമൻ—കൃഷ്ണൻ
നരകമുരമദവിരാമൻ
തരുണീജനങ്ങൾക്കൊരു കാമൻ—കൃഷ്ണൻ
തരമല്ലാത്തവരോടതിവാമൻ
നരസുരമുനിജനപാലൻ—കൃഷ്ണൻ
നയനമധുരതരബാലൻ
അനിശമസുരകുലകാലൻ—കൃഷ്ണൻ
അനഘഹൃദയനനുകൂലൻ.”

## ഏകാദശീമാഹാത്മ്യം കിളിപ്പാട്ട്

(1) ഏകാദശീമാഹാത്മ്യം (2) നളചരിതം (3) ശിവപുരാണം (4) പഞ്ചതന്ത്രം (5) വിഷ്ണുഗീത ഈ അഞ്ചു കൃതികളും ദീർഘങ്ങളായ ഭാഷാഗാനങ്ങളാകുന്നു. വിഷ്ണുഗീതയിൽ ഹംസത്തെക്കൊണ്ടും മറ്റുള്ളവയിൽ കിളിയെക്കൊണ്ടും കവി കഥ പറയിക്കുന്നു. പ്രസ്തുത ഗാനങ്ങൾ ഞാൻ നാമനിർദ്ദേശം ചെയ്തിരിക്കുന്ന മുറയ്ക്കാണ് കവി രചിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഇവയിൽ എനിക്ക് ഏറ്റവും മധുരമായി തോന്നീട്ടുള്ളതു നളചരിതമാണെന്നും പറഞ്ഞുകൊള്ളട്ടെ. ഏകാദശീമാഹാത്മ്യവും നളചരിതവും നാലു പാദങ്ങളായാണ് നിർമ്മിച്ചിട്ടുള്ളത്. ഇവയിൽ ആദ്യത്തെ കൃതിയിൽ കവിയുടെ കലാശില്പം മറ്റുള്ളവയെ അപേക്ഷിച്ച് അല്പം ന്യൂനമായാണ് കാണുന്നത്. അതിലെ തൃതീയപാദവും നളചരിതത്തിലെ ദ്വിതീയപാദവും തമ്മിൽ തട്ടിച്ചുനോക്കുന്നവർക്ക് ഈ പരമാർത്ഥം ബോധപ്പെടാതിരിക്കുകയില്ല. ‘ചേതസി ത്യജിക്കുന്ന’ ‘അരുതു ഭ്രമം’ ‘മന്നിടേ ദിവേ’ ‘ഫണിമെത്തശായി’ തുടങ്ങിയുള്ള വൈരസ്യജനകങ്ങളായ പ്രയോഗങ്ങൾ നമ്പിയാരുടെ അന്യകൃതികളിൽ വളരെ വിരളമായേ കാണുകയുള്ളു. പാദംതോറും ഏകാദശീമാഹാത്മ്യത്തിൽ കവി “വില്വമാമല തന്നിൽ വിശ്രമിച്ചരുളുന്ന വീരരാഘവസ്വാമിദേവനെ” ഓരോ വിധത്തിൽ വന്ദിക്കുന്നുണ്ട്. അതുകൊണ്ട് അതും അദ്ദേഹം വിദേശപര്യടനം ആരംഭിക്കുന്നതിനുമുമ്പു രചിച്ച ഒരു കാവ്യമാണെന്നു ഞാൻ സങ്കല്പിക്കുന്നു. എകാദശീമാഹാത്മ്യത്തിലും ഫലിതം ധാരാളമുണ്ട്.

“ചിത്രഗുപ്തന്റെ ലേഖപുസ്തകം വെപ്പിക്കണം
ഛത്രവുമെടുത്താശു നടക്കുമദ്ദേഹവും”

“കയ്യിലുള്ളർത്ഥങ്ങളെല്ലാം ചിലവിട്ടു
കയ്യും കുടഞ്ഞു പുറപ്പെട്ടു മെല്ലവേ”
“ചരടുകളുമുടലുകളിലൊരുവനഥ ചേർക്കയാൽ
ചാടിക്കളിക്കും മരപ്പാവ പോലവേ”

“ഇല്ലത്തെ മുതൽകൊണ്ടു കളിച്ചുകൂടാ നിന-

ക്കില്ലാത്ത വസ്തു തന്നിട്ടെങ്ങനെ പുലർത്തേണ്ടു?"

"പിറ്റേന്നാളില്ലത്തു ചെന്നെത്തി ഞാൻ ധനമെല്ലാം
കുറ്റിയിലുറപ്പിച്ചു സൂക്ഷിച്ചുവാണീടിനേൻ"

എന്നിത്തരത്തിലുള്ള പൊടിക്കൈകൾ നമ്പിയാരുടെ തൂലികയിൽനിന്നല്ലാതെ പുറപ്പെടുന്നതല്ലല്ലോ. ഒന്നുരണ്ടു ഭാഗങ്ങൾ ഉദ്ധരിക്കാം.

ശൂന്യമായ യമലോകം:

"ചിത്രഗുപ്തന്റെ പത്രവ്യാപാരം നാസ്തിയായി
ചിത്തത്തിൽ വിഷാദവും വർദ്ധിച്ചു ദിനേ ദിനേ.

അന്തകപുരത്തേക്കു മാർഗ്ഗവുമില്ലാതെയാ-
യന്തികേ പുല്ലും കാടും വളർന്നു വഴി തൂർന്നു.

രൗരവം കുംഭീപാകമെന്നിവ ഘോരങ്ങളാം
നാരകസ്ഥലങ്ങളുമൊക്കവേ ശൂന്യങ്ങളായ്.

ദ്വാദശാദിത്യന്മാരും തീക്കനൽപ്പുഴക്കളും
താദൃശം ജ്വലിക്കുന്ന ദിക്കുകൾ വൃഥാതന്നെ.

തപ്തനാരാചങ്ങളും കെട്ടുപോയുല്ക്കകയാൽ
ദീപ്തമാം പ്രകാശവും കാണ്മതിന്നില്ലാതായി."

ധർമ്മാംഗദനോട് അസുരന്മാരുടെ സമരാഹ്വാനം:

"പരവശത വിരവിനൊടു വരുമിഹ ധരിക്ക നീ
പന്നഗന്മാരല്ല ഞങ്ങളെന്നോർക്കണം;

അവനിയുടെ വിവരമതിലനുദിനമൊളിച്ചിരു-
ന്നാരും ഗ്രഹിക്കാതെ കാലം കഴിക്കയും,

ഒരു പൊഴുതിലൊരുപൊഴുതിലൊരുവനുടെ കാൽവിര-
ലോർക്കാത്തനേരം കടിച്ചങ്ങൊളിക്കയും,

ചതിപടയിലതിവിരുതു കരുതുമരവങ്ങളെ-
ച്ചാതുര്യമാടേ ജയിച്ചു ഞാനെന്നു നീ

ജളത ഹൃദി ബത കരുതി വെളിവിലിഹ വന്നുവോ
ജാതിഹീന! മനുഷ്യാധമ! ദുർമ്മതേ!"

## നളചരിതം

നളചരിതത്തിൽ നമ്പിയാരുടെ രചനാസൗഷ്ഠവവും ഉല്ലേഖചാതുര്യവും പാലും പഞ്ചസാരയും പോലെ മധുരമധുരമായി സമ്മേളിച്ചു സഹൃദയന്മാരെ പുളകിതഗാത്രരാ

ക്കുന്നു. ശീലാവതി "ശ്രീരാമ ഗോവിന്ദ നാരായണാനന്ദ ശ്രീവാസുദേവ മുകുന്ദ ഹരേ" എന്നാരംഭിക്കുന്ന കവി തന്നെയാണ് നളചരിതം "ശ്രീരാമഗോവിന്ദ ഗോപാല പാഹിമാം നാരായണാനന്ദ വിഷ്ണോ നമോസ്തു തേ" എന്നാരംഭിക്കുന്നതു്. ഈ രണ്ടു കൃതികളിലും അദ്ദേഹം ഏകാദശീമാഹാത്മ്യത്തിലെന്നപോലെ തിരുവില്വാമല ശ്രീരാമനെയാണ് ആദ്യമായി വന്ദിക്കുന്നതെന്ന് ഊഹിക്കാവുന്നതാണ്. അതു ശരിയാണെങ്കിൽ നളചരിതവും അദ്ദേഹം കിള്ളിക്കുറിശ്ശിയിൽ താമസിക്കുമ്പോൾ യൗവനാരംഭത്തിൽ നിർമ്മിച്ച ഒരു കാവ്യമായിരിക്കണം. "ശുകപുരവരസ്ഥിതേ ശൂലപാണേവിഭോ സകലദുരിതങ്ങളും പോക്കി രക്ഷിക്ക മാം" എന്ന ഈ കൃതിയുടെ അവസാനത്തിലുള്ള ഒരീരടി മുൻപുതന്നെ ഉദ്ധരിച്ചിട്ടുണ്ടല്ലോ. ഉണ്ണായിവാരിയരുടേയും നമ്പിയാരുടേയും ജീവിതകാലത്തെപ്പറ്റിയുള്ള എന്റെ പക്ഷത്തിന് ഉപോദ്ബലകമായി നമ്പിയാർക്ക് നളചരിതം കിളിപ്പാട്ടിൽ ഉണ്ണായിവാരിയരുടെ നളചരിതം ആട്ടക്കഥ പല വിധത്തിലും ഉപജീവ്യമായിട്ടുണ്ടു് എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടു്. കലിയും ദേവേന്ദ്രനും തമ്മിലുള്ള സംഭാഷണം, പുഷ്കരനും നളനും തമ്മിലുള്ള സംവാദം ഇങ്ങനെ ചില ഘട്ടങ്ങളിൽ ആ ആധമർണ്ണ്യം അല്പം അപകർഷം കൂടിയായിട്ടുണ്ടു്. "പാഥസാം നിചയം വാർന്നൊഴിഞ്ഞളവു സേതുബന്ധനോദ്യോഗമെന്തെടോ?" എന്നു വാരിയരുടെ പംക്തി നമ്പിയാർ "തോട്ടിലെജ്ജലമെല്ലം പാഞ്ഞുപോയോരുനേരം കുട്ടിയാൻ ചിറ കെട്ടാനുള്ളൊരു പദാർത്ഥം നീ" എന്നു പരാവർത്തനം ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള പരാശയ സ്വീകരണം കവിയുടെ ബാലചാപല്യമാണെന്നേ കരുതുവാൻ തരമുള്ളൂ.

നമ്പിയാരുടെ കവിതയ്ക്കുള്ള സ്വാരസ്യം അതിന്റെ പരിപൂർണ്ണാവസ്ഥയിൽ വികസിക്കുന്നതു ദ്വിതീയ പാദത്തിലാണ്.

"സജലജലധരനികരസദൃശതനുഭാസുരൻ
സാന്ദ്രമന്ദസ്മിതസ്നിഗ്ദ്ധമുഗ്ദ്ധാനനൻ,"

"കരകമലമതിലമലകമലദലമാലയും
കാണുന്നവർക്കെത്ര മോഹനീയാകൃതി,"

"മനസി പുനരിവനിലൊരു ഘനകുതുകമുണ്ടെങ്കിൽ
മാലയിട്ടാലും മടിക്കേണ്ട ഭീമജേ"

തുടങ്ങിയ ഈരടികളുടെ രചനാസൗഷ്ഠവം മറ്റു കിളിപ്പാട്ടുകളിൽ കാണുവാൻ പ്രയാസമുണ്ടു്. കവിയുടെ നിരങ്കുശമായ ഫലിതോക്തിക്കു പ്രസ്തുതകൃതിയിൽനിന്നുകൂടി ഉദാഹരണം കാണിക്കാം.

ചേദിരാജ്യത്തേക്കു പോകുന്ന വണിക്കുകൾ:

"പട്ടുകൾ പുടവകൾ കച്ചകളിവയെല്ലാ-
മൊട്ടകങ്ങളെക്കൊണ്ടു വഹിപ്പിച്ചൊരുവിധം
ഒട്ടു തങ്ങളെത്തന്നെ വഹിക്കുമിരുമുടി-
ക്കെട്ടുകാരരും ചില മാറാപ്പുകാരുമിതിൽ
ഗർദ്ദഭങ്ങളും ചില കാലാൾകൾ കുതിരകൾ
കർദ്ദമമണിഞ്ഞുള്ള പോത്തുകളൊരുവിധം
കുട്ടകങ്ങളും ചില കട്ടിലും പെട്ടികളും
പെട്ടകങ്ങളും കെട്ടിപ്പേറിയങ്ങൊരുവിധം

രട്ടുകൊണ്ടൊരുവിധം മാറാപ്പു പേറിച്ചില
ചെട്ടികൾ, കോമട്ടികൾ, കുട്ടികൾ, വൃദ്ധന്മാരും,
താടിയും തലപ്പാവും കുണുക്കും കുപ്പായവും
കോടിവസ്ത്രവും തോളിൽ, കൈകളിൽക്കുന്തങ്ങളും
മോടിയിങ്ങനെ ചില ചെട്ടികൾക്കതിൽച്ചില
ലാടരും കൂടെക്കൂടിച്ചേങ്ങല കൊട്ടിക്കൊണ്ടും
താളവും കൊട്ടിച്ചില പണ്ടാരക്കൂട്ടങ്ങളും
കാളവും ശംഖും വിളിച്ചിങ്ങനെ ചില ജനം.
പേമുഖം കെട്ടിച്ചിലർ തപ്പുകൾ കൊട്ടിക്കൊണ്ടു
കാമിനികളും ചില വസ്ത്രങ്ങൾകൊണ്ടു മൂടി.
അശ്വവുമേറിച്ചിലരാനമേലേറിച്ചിലർ
വിശ്വവും മുഴക്കിക്കൊണ്ടിങ്ങനെ കാണായ്‌വന്നു."

ഈ വരികൾ വായിച്ചാൽ ഇവയുടെ നിർമ്മാതാവു തന്നെയാണ് പിന്നീടു തുള്ളൽക്കഥക്കാരനായിത്തീരുന്നതു് എന്നു നമുക്കു തോന്നുന്നില്ലയോ? പോരെങ്കിൽ,

"ഉമ്മരപ്പല്ലുകൊണ്ടു മെല്ലവേ ചിരിക്കയും
വെണ്മയിലണക്കിടപ്പല്ലുകൊണ്ടിറുമ്മിയും"

എന്നും മറ്റും അനന്തരകാലകൃതമായ സഭാപ്രവേശം തുള്ളലിലെ ചില വരികളെ അനുസ്മരിപ്പിക്കുന്ന ഈരടികളേയും നമുക്ക് ഈ കാവ്യത്തിൽ കണ്ടെത്താവുന്നതാണ്. നമ്പിയാരുടെ അക്കാലത്തെ അന്യഭാഷാകൃതികളിലെന്നപോലെ ഇതിലും പല ഉല്ലേഖരത്നങ്ങൾ മിന്നിത്തിളങ്ങുന്നു. അദ്ദേഹത്തിന് ഏറ്റവും അഭിമതങ്ങളായ അർത്ഥാലങ്കാരങ്ങൾ ഉൽപ്രേക്ഷയും ദൃഷ്ടാന്തവും അർത്ഥാന്തരന്യാസവുമാണ്. ഉല്ലേഖപാടവത്തിന് ഒരുദാഹരണം പ്രദർശിപ്പിക്കാം.

കാട്ടുതീ:

"അഗ്നിസ്ഫുലിങ്ഗങ്ങളാകാശമാർഗ്ഗത്തു
ലഗ്നങ്ങളായിപ്രകാശിക്കകാരണം
നക്ഷത്രജാലങ്ങളൊക്കെപ്പകൽപോലു-
മക്ഷീണശോഭം പ്രകാശിച്ചുകാൺകയോ?
ധൂമങ്ങളംബരേ നീളെപ്പരക്കയാൽ
ജീമൂതകാലവും വന്നു ജൃംഭിക്കയോ?
ജ്വാലാസമൂഹങ്ങളേറ്റം ജ്വലിക്കയാൽ
കാലാഗ്നികോലാഹലം വന്നണഞ്ഞിതോ?
ഗംഭീരമായുള്ള ശബ്ദം ജനിക്കയാ-
ലംഭോധി നാലും കവിഞ്ഞു വരുന്നിതോ?
ആദീപിതോഷ്മപ്രകർഷം ഭവിക്കയാൽ
ദ്വാദശാർക്കന്മാരൊരുമിച്ചുദിച്ചിതോ?
പർവതശൃങ്ഗങ്ങൾ പൊട്ടിത്തെറിക്കയാൽ
പർവതാരാതിതാൻ വജ്രമെടുത്തിതോ?
രൂക്ഷാനലജ്വാല മേന്മേലുദിക്കയാൽ
ദക്ഷാന്തകൻ ഫാലനേത്രം മിഴിച്ചിതോ?
സിംഹാരവാഘോഷമങ്ങുത്ഭവിക്കയാൽ
സംഹാരരുദ്രന്റെ കൂറ്റനുണർന്നിതോ?"

സർവാങ്ഗീണമായ രാമണീയകം സമഗ്രമായി വഴിഞ്ഞൊഴുകുന്ന ഒരു കിളിപ്പാട്ടുതന്നെയാണ് നളചരിതം.

## ശിവപുരാണം

ശിവപുരാണത്തിന്റെ മൂലം സംസ്കൃതത്തിലെ ശിവപുരാണമല്ല; അഷ്ടാദശപുരാണങ്ങളിൽ അത്യന്തം ദീർഘവും അനേകം ഉപാഖ്യാനമണികൾക്ക് ആകരവുമായ സ്കാന്ദപുരാണമാകുന്നു. സ്കാന്ദപുരാണം മാഹേശ്വരം, വൈഷ്ണവം, ബ്രാഹ്മം, കാശി, ആവന്ത്യം, നാഗരം, പ്രഭാസം എന്നിങ്ങനെ ഏഴു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബ്രാഹ്മത്തിനു വീണ്ടും സേതുമാഹാത്മ്യഖണ്ഡം എന്നും ധർമ്മാരണ്യഖണ്ഡം എന്നും ബ്രഹ്മോത്തരഖണ്ഡം എന്നും മൂന്ന് അവാന്തരവിഭാഗങ്ങളുണ്ട്. അവയിൽ ബ്രഹ്മോത്തരഖണ്ഡത്തിന്റെ ഭാഷാനുവാദമാണ് നമ്പിയാരുടെ ശിവപുരാണം. അതിൽ കവി (1) പഞ്ചാക്ഷരമാഹാത്മ്യം (2) ശിവരാത്രിമാഹാത്മ്യം (3) ചതുർദ്ദശീമാഹാത്മ്യം (4) ശനിപ്രദോഷമാഹാത്മ്യം (5) പ്രദോഷമാഹാത്മ്യം (6) സോമാവാരവ്രതമാഹാത്മ്യം (7) ശിവയോഗികഥ (8) ഭസ്മമാഹാത്മ്യം (9) ശബരമാഹാത്മ്യം (10) ഉമേശാനവ്രതമാത്മ്യം (11) രുദ്രാക്ഷമാഹാത്മ്യം (12) കാശിമാഹാത്മ്യം എന്നീ പന്ത്രണ്ടുപാഖ്യാനങ്ങൾ ഘടിപ്പിച്ചിരിക്കുന്നു. അവയിൽ കാശിമാഹാത്മ്യം മാത്രം ബ്രഹ്മോത്തരഖണ്ഡത്തിലുള്ളതല്ല.

ശിവപുരാണവും മനോഹരമായ ഒരു ഭാഷാകൃതിതന്നെ; വിവർത്തനമാകയാൽ നളചരിതത്തിലെന്നപോലെയുള്ള സ്വാതന്ത്ര്യം കവിക്കു പ്രദർശിപ്പിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും മൂലകൃതിയിലെ പല ഭാഗങ്ങളും രസാനുഗുണമായി സങ്കോചിപ്പിക്കുവാനും വികസിപ്പിക്കുവാനും അദ്ദേഹം മടിച്ചിട്ടില്ല. ഭാഷാന്തരീകരണവിഷയത്തിൽ നമ്പിയാർ സ്വീകരിച്ചിരിക്കുന്ന നയം എഴുത്തച്ഛന്റേതുതന്നെയാണ്. നമ്പിയാരുടെ കിളിപ്പാട്ടുകൾക്ക് എഴുത്തച്ഛന്റെ കൃതികളിലെ ഗാംഭീര്യമില്ലെങ്കിലും അവയെക്കാളധികം ശയ്യാഗുണമുണ്ട്. എഴുത്തച്ഛൻ ആചാര്യനാണെങ്കിൽ നമ്പിയാർ ആത്മസുഹൃത്താണ്. അവർ രണ്ടുപേരെക്കൊണ്ടും നമുക്ക് ഒന്നുപോലെ ആവശ്യമുണ്ട്. നമ്പിയാരുടെ ഫലിതരസികത കിളിപ്പാട്ടുകളിൽ അല്പമൊന്ന് അന്തർഗൂഢമായും തുള്ളൽക്കഥകളിൽ അത്യന്തം അനാവൃതമായ രീതിയിലും പ്രകാശിക്കുന്നു. അദ്ദേഹത്തിന്റെ അതിഹസിതം പോലെതന്നെ അല്പഹസിതവും നമുക്ക് ആസ്വാദ്യതമമാകുന്നു. ശിവപുരാണത്തിൽ നിന്നു താഴെച്ചേർക്കുന്ന ഉദാഹരണത്തിലെ ഹാസം ഇവ രണ്ടിനും മധ്യവർത്തിയായി പരിലസിക്കുന്നു എന്നു പറയാം.

സോമവാരവ്രതത്തിലെ രാജസേവോപാലംഭം:

"അയ്യോ! മഹാദുഃഖമർത്ഥവാന്മാരുടെ
ശയ്യാഗൃഹദ്വാരി ചെന്നുനില്ക്കുന്നതു്.
കൃത്യങ്ങളെല്ലാമുപേക്ഷിച്ചു ഭൂപന്റെ
ഭൃത്യപ്രവൃത്തിയും ചെയ്തു മേവീടിനാൽ
അത്രമാത്രം ധനം കിട്ടിയെന്നും വരും,
വസ്ത്രവുംകൂടാതെ പോന്നുവെന്നും വരും.
ഇഷ്ടം പറഞ്ഞു തരംനോക്കി നില്ക്കുന്ന
ധൃഷ്ടനാം പൂരുഷൻ കൈക്കലാക്കും ധനം.
നിത്യകർമ്മങ്ങളും ഭൂപാലസേവയും

സത്യമന്യോന്യം വിരുദ്ധം നമുക്കെടോ.
എന്നവരികിലും കുണ്ഡിനാധീശനെ-
ച്ചെന്നുകാണേണം ശിശുക്കളേ! നിങ്ങളും.
സർവജ്ഞനായുള്ള വിപ്രനെന്നാകിലും
ദ്രവ്യം കൊടുക്കാതെ പെണ്ണിനെക്കിട്ടുമോ?
നിങ്ങൾക്കിദാനീം വിവാഹകാലം വന്നു:
ഞങ്ങൾക്കു രണ്ടു കാശെങ്കിലും ദുർല്ലഭം.
വിദ്വാൻ വിദർഭരാജാവെന്നു കേൾക്കുന്നു
വിദ്വജ്ജനങ്ങൾക്കു നൽകുന്നുപോൽ ധനം.
ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യയ്ക്കു-
മേതും മടിക്കാതെ വേണ്ടതു നൽകുവാൻ
ഭൂതലസ്വാമികൾക്കില്ലൊരു സംശയം.
മറ്റുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു
പറ്റിച്ചുകൊണ്ടു നടക്കുന്ന ഭോഷനു
കൊറ്റുമാത്രംപോലുമെങ്ങും കഴിവരാ;
മറ്റുള്ള സംസാരമെന്തു ചിന്തിപ്പതും.
‘വൃദ്ധിരാദൈച്ചെന്നു’പന്യസിച്ചീടിനാൽ
ബുദ്ധിമാനെങ്കിലൊട്ടാദരിക്കും നൃപൻ.
കുണ്ഠനായുള്ളവൻ മിണ്ടാതെനില്ലെന്നു
ശണ്ഠയിട്ടീടുവാൻ താമസമില്ലെടോ.
. . . . . . . . .
ശാസ്ത്രങ്ങൾ കൊണ്ടുപോയ് വിറ്റുതിന്നീടുവാൻ
പാത്രമായെന്മക്കളെന്തു ചെയ്യാവതും?
ദാരിദ്ര്യദോഷം വരുത്തുന്ന പാപങ്ങ-
ളാരും നിനച്ചാലൊഴിക്കാവതല്ലേതും.”

പ്രദോഷമാഹാത്മ്യത്തിൽ ധർമ്മഗുപ്തമഹാരാജാവു തന്റെ വയസ്യനായ ശുചിവ്രതനു മൂലകാരനെപ്പോലെ മന്ത്രിസ്ഥാനമല്ല, തന്റെ ഫലിതരീതിക്കു യോജിച്ച ‘സർവാധികാര്യ’ മാണ് നല്കുന്നത്. ഇന്ദ്രസേനന്റെ രാജ്യത്തിൽ ശത്രുക്കൾ കടന്നു ‘കോട്ടപ്പടികൾ പിടിച്ചടക്കുക’യും ചെയ്യുന്നു.

### പഞ്ചതന്ത്രം

ഇനി പഞ്ചതന്ത്രത്തെക്കുറിച്ചാണ് പ്രസ്താവിക്കേണ്ടിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിൽ കവി അങ്ങിങ്ങ് അല്പം സംസ്കൃതപക്ഷപാതി യായിക്കാണുന്നു; അത്രയ്ക്കു മാത്രം രചനയ്ക്കു വൈകല്യവും സംഭവിച്ചിട്ടുണ്ട്. എങ്കിലും ഇതും അദ്ദേഹത്തിന്റെ ഉത്തമങ്ങളായ ഭാഷാകൃതികളിൽ ഒന്നാണെന്നുള്ളതിനെപ്പറ്റി ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതല്ല. സംസ്കൃതശ്ലോകങ്ങൾ ഭാഷയിൽ പരത്തേണ്ട ഭാഗം പരത്തിയും ചുരുക്കേണ്ട ഭാഗം ചുരുക്കിയും തർജ്ജമചെയ്യുന്നതിനു നമ്പിയാർക്കുള്ള സാമർത്ഥ്യം മറ്റാർക്കെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ആ സിദ്ധി അതിന്റെ ഹൃദയാവർജ്ജകമായ രൂപത്തിൽ പ്രസ്തുത കൃതിയുടെ കഥാമുഖത്തിൽ ത്തന്നെ പ്രതിഫലിക്കുന്നു.

“വരം ഗർഭസ്രാവോ; വരമൃതുഷു നൈവാഭിഗമനം;

വരം ജാതഃ പ്രേതോ; വരമപി ച കന്യൈവ ജനിതാ;
വരം വന്ധ്യാ ഭാര്യാ; വരമപി ച ഗർഭേഷു വസതിർ-
ന്ന ചാവിദ്വാൻ രൂപദ്രവിണഗുണയുക്തോഽപി തനയഃ"

"കിം തയാ ക്രിയതേ ധേന്വാ യാ ന സൂതേ ന ദുഗ്ദ്ധദാ?
കോർത്ഥഃ പുത്രേണ ജാതേന യോ ന വിദ്വാൻ ന ഭക്തിമാൻ?"

എന്നീ മൂലശ്ലോകങ്ങളെ നമ്പിയാർ താഴെക്കാണുന്ന വിധത്തിലാണ് ഭാഷീകരിക്കുന്നത്.

"ഗർഭമുണ്ടാകാതുള്ള ഗോവിനെ വളർത്തുന്ന
ദുർഭഗന്മാർക്കു ഫലമെന്തഹോ വിചാരിച്ചാൽ?
പെറ്റുവെന്നാലും കറപ്പിക്കയില്ലെന്നുവന്നാ-
ലേറ്റവും മഹാദുഃഖ, മപ്പശു പാഴിൽത്തന്നെ.
പുണ്യമില്ലാത ബഹുസന്തതി വൃഥാഫല-
മെണ്ണമേറെയുണ്ടെന്നു വരുത്താൻമാത്രം കൊള്ളാം.
ധന്യനെന്നാകിലൊരു നന്ദനൻമാത്രംമതി;
തന്നുടെ കുലം പരിത്രാണവും ചെയ്യുമവൻ;
വല്ലാത തനയന്മാരില്ലായ്കതന്നേ ഗുണം;
വല്ലഭയ്ക്കുടൻ ഗർഭം ഛിദ്രിയ്ക്കതന്നേ സുഖം.
ഉത്തമനല്ലാതുള്ള പുത്രനുണ്ടായാലന്നേ
ചത്തുപോയാലും കൊള്ളാം; പുത്രിയായാലും കൊള്ളാം.
തന്നുടെ മഹിഷിതാൻ മച്ചിയായാലും കൊള്ളാം;
താനൊരു വിവാഹവും ചെയ്കിലെന്നാലും കൊള്ളാം.
വിത്തവും സൗന്ദര്യവുമൊക്കെയുണ്ടെന്നാകിലും
വിദ്യയില്ലാത സുതനുണ്ടായാൽ സുഖമില്ല.
ദാനശീലത്വംകൊണ്ടും ശാസ്ത്രനൈപുണ്യംകൊണ്ടും
മാനനീയനാമൊരു പുത്രനുണ്ടാവാനിപ്പോൾ
പുണ്യവാന്മാർക്കേ മുറ്റും സംഗതി വരൂ ദൃഢം;
പുണ്യഹീനന്മാർക്കൊരു പുത്രനുണ്ടായാലവൻ
ഘോരമാം രോഗംപോലെ, ക്രൂരമാംവിഷംപോലേ,
ദാരുണൻ മഹാപാപി തൻകുലം മുടിച്ചീടും."

ഇതു പദാനുപദമായ തർജ്ജമയല്ല. കവി മൂലത്തിലെ ആശയം സ്വായത്തമാക്കി തന്റെ മനോധർമ്മം അതിൽ കലർത്തി, ഭാഷയിൽ പ്രകാശിപ്പിക്കുന്നു.

വിഷ്ണുഗീതയേയും പാർവതീസ്വയംവരത്തേയും കുറിച്ച് ഇതിനുമുമ്പുതന്നെ ഉപന്യസിച്ചിട്ടുണ്ട്.

## ദൂതവാക്യം പതിന്നാലുവൃത്തം

മേല്പുത്തൂർ ഭട്ടതിരിയുടെ ദൂതവാക്യം പ്രബന്ധത്തെ ആദ്യന്തം അവലംബിച്ചു, രാമായണം ഇരുപത്തിനാലുവൃത്തത്തിന്റെ രീതിയിൽ രചിച്ചിട്ടുള്ള ഒരു സങ്കീർത്തനമാണ് പതിന്നാലുവൃത്തം. പരകീയമായ ആശയം വളരെയധികം കടന്നു കൂടീട്ടുള്ള പ്രസ്തുത കൃതി നമ്പിയാരുടെ ഉൽകൃഷ്ടകാവ്യങ്ങളിൽ ഒന്നാണെന്നു പറയുവാൻ നിർവാഹമില്ല. എങ്കിലും ഇതിലും അദ്ദേഹത്തിന്റെ നൈസർഗ്ഗികമായ കവനചാതുര്യം

ഏറെക്കുറെ പ്രകാശിക്കുന്നുണ്ട്. സഞ്ജയനോടുള്ള ശ്രീകൃഷ്ണന്റെ പ്രത്യുക്തി അടങ്ങിയതും "എന്തു സഞ്ജയ ചൊല്ല ചൊല്ല" എന്നാരംഭിക്കുന്നതുമായ തൃതീയവൃത്തം, ശ്രീകൃഷ്ണനോടു ക്രോധാകുലനായ ഭീമസേനന്റെ പ്രത്യുത്തരമുൾക്കൊള്ളുന്നതും "ഝടിതി കടുകോപിയാം ഗന്ധവാഹാത്മജൻ" എന്നു തുടങ്ങുന്നതുമായ ഷഷ്ഠവൃത്തം, ഭഗവാന്റെ വിശ്വരൂപത്തെ വർണ്ണിക്കുന്നതും "അർക്കായുതപ്രഭയൊടൊക്കുന്ന കാന്തിഭരം" എന്നുപക്രമിക്കുന്നതുമായ ത്രയോദശവൃത്തം ഇവ സവിശേഷം ആകർഷകങ്ങളാകുന്നു. ചില വരികൾ ഉദ്ധരിക്കട്ടെ.

ശ്രീകൃഷ്ണൻ:

"ചഞ്ചലകമലായതലോചനനഞ്ചിതമഞ്ജുളശീലൻ
പഞ്ചശരസമാനശരീരനുദഞ്ചിതകാന്തിവിശാലൻ
കുഞ്ചിതഘനകുന്തളബന്ധനസഞ്ചിതകേകികലാപൻ
പുഞ്ചിരിമധു തഞ്ചിനവദനനശോഭത ശംഭോ ശരണം."

ഭീമസേനവാക്യം:

"ഝടിതി കടുകോപിയാം ഗന്ധവാഹാത്മജൻ
കഠിനമലറി സ്ഫുടം കമ്പിതാശാമുഖൻ
നിടിലതടഭാസുരഭ്രൂ കുടീഭീഷണൻ
പടുതയൊടു ചൊല്ലിനാൻ; ചന്ദ്രചൂഡം ഭജേ,
. . . . . . . . .
പട നടുവിലുദ്ധതം പാപി ദുര്യോധനം
ഝടിതി പൊടിയാക്കുവാൻ ഭീമസേനൻ മതി;
ഘടഘടരവോൽകടം മൽഗദാഘട്ടനം
കുമതികൾ സഹിക്കുമോ? ചന്ദ്രചൂഡം ഭജേ."

"ഊണികൾക്കു രണമെന്നതു കേട്ടാൽ പ്രാണസങ്കടം" "അങ്കങ്ങളങ്ങാടിവാണിഭം ഭോഗം ചുങ്കങ്ങളിത്യാദി ഞങ്ങൾക്കു വേണ്ടാ" എന്നിങ്ങനെയുള്ള പല സരസപ്രയോഗങ്ങൾ പതിന്നാലുവൃത്തത്തിലുമുണ്ട്.

## കിരാതം വഞ്ചിപ്പാട്ട്

കുചേലവൃത്തം കഴിഞ്ഞാൽ വഞ്ചിപ്പാട്ടുകളിൽ അടുത്ത സ്ഥാനം കിരാതത്തിനു നല്കേണ്ടതാണ്. മായാകിരാതരൂപനായ ശിവനും അർജ്ജുനനും തമ്മിലുള്ള സംവാദത്തിന്റെ സാരസ്യം വാചാമഗോചരമായിരിക്കുന്നു.

"എങ്കിൽ വാടാ ഫല്ഗുന! നീ നല്ലതല്ല തുടങ്ങുന്നു,
ചിന്തിയാതെ ജളത്വങ്ങൾ തുടങ്ങിടാതേ,
വീരനായ കുലയാനത്തലവനെക്കൊലചെയ്‌വാൻ
ഭീരുവായ മാൻകിടാവു തുടങ്ങുംപോലെ.
ഗരുഡനും പറക്കുന്നു; കാകനുംതാൻ പറക്കുന്നു;
ഇരുവരുമൊരുപോലെ വരുമാറുണ്ടോ?
എലി വീട്ടിൽക്കിടക്കുന്നു; പുലി കാട്ടിൽക്കിടക്കുന്നു;
വലിപ്പംകൊണ്ടിരുവർക്കും സമത്വമുണ്ടോ?
എലിപോലെയിരുന്നു നീ പുലിപോലെ പിണങ്ങുന്നു;
ബലവാന്മാരോടു ചെന്നു പിണങ്ങിടാതേ.

അരവത്തെക്കുലചെയ്‌വാനരണ്യക്കളെളതാമോ?
പുരുഷരെന്നതുമെല്ലാം പുരുഷരല്ല.
അടങ്ങിക്കൊള്ളെടാ ഭോഷ! തുടങ്ങേണ്ട ചില മോഹം
പടവെട്ടിജ്ജയിപ്പാൻ നീ സമർത്ഥനല്ല.
ആയുധങ്ങളറിയാത്ത നീയിതൊന്നും തുടങ്ങേണ്ട,
കായൽ കാണാത്തവൻ വള്ളം കളിക്കുംപോലെ."

എന്നും മറ്റുമുള്ള വരികൾ ആരെയാണ് ആനന്ദിപ്പിക്കാത്തതു്!

## ശ്രീകൃഷ്ണചരിതം മണിപ്രവാളം

സംസ്കൃതത്തിലെ മഹാകാവ്യങ്ങളുടെ ഛായയിൽ ഭാഷയിൽ ഇദംപ്രഥമമായി ആവിർഭവിച്ച സർഗ്ഗബന്ധവിശിഷ്ടമായ കൃതി എന്ന നിലയിലല്ലാതെ ശ്രീകൃഷ്ണ ചരിതത്തിന്നു വലിയ മെച്ചമൊന്നുമില്ല. 926-ൽ പകർത്തിയ അതിന്റെ ഒരു മാതൃക ഞാൻ കണ്ടിട്ടുണ്ടു്. സംസ്കൃതവൃത്തങ്ങളിൽ പന്ത്രണ്ടു സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന മേല്പടി കാവ്യത്തിന്നു വളരെ പ്രചാരമുണ്ടു്; അതു മിക്കവാറും അതിന്റെ സൗകുമാര്യം കൊണ്ടു സിദ്ധിച്ചതായി വേണം സങ്കല്പിക്കുവാൻ. അപൂർവം ചില ഘട്ടങ്ങളിലൊഴികെ വർണ്ണനത്തിനോ, കഥനത്തിനോ യാതൊരു ചൈതന്യവുമില്ല. കൃഷ്ണഗാഥാകാരന്റെ രുക്മിണീസ്വയംവരവർണ്ണനവുമായി ശ്രീകൃഷ്ണചരിതം അഷ്ടമസർഗ്ഗത്തിലെ ആ കഥാംഗംഘനം താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഈ വസ്തുത ആർക്കും ബോധ്യമാകുന്നതാണ്. ദശമസ്കന്ധകഥ ഏവർക്കും മനസ്സിലാകുന്ന വിധത്തിൽ സംഗ്രഹിച്ചു ഭാഷയിൽ പ്രതിപാദിക്കണമെന്നല്ലാതെ തന്റെ കാവ്യം രസനിഷ്യന്ദിയോ അലങ്കാരോജ്ജ്വലമോ ആക്കണമെന്നു കവിക്കു് അഭിസന്ധിയുണ്ടായിരുന്നിരിക്കുകയില്ല. ഇതു നമ്പിയാരുടെ ഒരു ദ്രുതകവിതയാണെന്നും ഐതിഹ്യമുണ്ടു്. അപൂർവം ചില ശ്ലോകങ്ങൾ നന്നായിട്ടില്ലെന്നില്ല.

"വരുന്ന ഗോപാലനിതംബിനീനാം
കരം പകർന്നാശു വിളങ്ങി കൃഷ്ണൻ
വിരിഞ്ഞപുഷ്പങ്ങളിലങ്ങുമിങ്ങും
വിരഞ്ഞുമണ്ടുന്നൊരു വണ്ടുപോലെ"

മുതലായവയെ ആ കൂട്ടത്തിൽ ഉൾപ്പെടുത്താം. ആകെക്കൂടി ഭാഷാകവിതയെപ്പറ്റി ചിന്തിക്കുമ്പോൾ നമ്പിയാർക്കു ദ്രാവിഡ വൃത്തങ്ങളിലുണ്ടായിരുന്ന കൃതഹസ്തത സംസ്കൃത വൃത്തങ്ങളിൽ കാണുന്നില്ല എന്നുള്ളതു പ്രത്യക്ഷമാണ്. സംസ്കൃതവൃത്തങ്ങളിൽ നല്ല ശ്ലോകങ്ങൾ വായിക്കണമെന്നുള്ളവർ തന്റെ സംസ്കൃതകാവ്യങ്ങളെത്തന്നെ സമീപിച്ചുകൊള്ളട്ടെ എന്നായിരിക്കണം അദ്ദേഹത്തിന്റെ മനോഗതി. അക്കാലത്തു ഭാഷാശ്ലോകങ്ങളുടെ നിർമ്മിതിയിൽ കവികൾക്കു അത്രമാത്രമെ നിഷ്കർഷയുണ്ടായിരുന്നുള്ളു എന്നും പ്രകൃതത്തിൽ സമ്മതിക്കേണ്ടതുണ്ടു്. ചമ്പുക്കളുടെ കാലം കഴിഞ്ഞുപോയി; അതോടുകൂടി മണിപ്രവാള കവിതയുടെ രചനാരഹസ്യവും അവിജ്ഞാതമായി. ഒരു പുതിയ രീതിയിൽ ഭാഷാശ്ലോകങ്ങൾ പുനരുത്ഥാനം ചെയ്തു കാണ്മാൻ കേരളീയർ വെണ്മണി അച്ഛൻനമ്പൂതിരിയുടെ കാലം വരെ കാത്തിരിക്കേണ്ടിവന്നു. കൊല്ലം പത്താംശതകത്തിൽ ദ്രാവിഡവൃത്തങ്ങളിൽ ഗ്രഥിതങ്ങളായ ചില ഉത്തമകാവ്യങ്ങൾ ആവിർഭവിക്കുകയുണ്ടായി എങ്കിലും സംസ്കൃതവൃത്തങ്ങളിൽ അഭിനന്ദനീയമായ രീതിയിൽ ഒരു കൃതിയും ഉണ്ടായില്ല.

## ആട്ടക്കഥകൾ

നമ്പിയാരുടേതെന്നു നിശ്ചയമുള്ള ആട്ടക്കഥകളിൽ ഭാരതം എട്ടുദിവസത്തെ കഥകളും, ശംബരവധവും, രാസക്രീഡയും, പാലാഴിമഥനവും, ബാണയുദ്ധവും മാത്രമേ നമുക്കു ഇതുവരെ ലഭിച്ചിട്ടുള്ളുവെന്നു പറഞ്ഞുവല്ലോ. പ്രസ്തുതകൃതികളുടെ പ്രാദുർഭാവത്തിന്റെ പൗർവ്വാപര്യവും ഇക്കണക്കിനുതന്നെയായിരിക്കാം. ഭാരതത്തിനു താരതമ്യേന ഗുണം കുറയും. പാലാഴി മഥനത്തിൽമാത്രമെ കവിയുടെ സംസ്കൃതപാണ്ഡിത്യം സ്വല്പമെങ്കിലും പ്രകാശിക്കുന്നുള്ളു. രാസക്രീഡയിലെ ഭാഷയ്ക്കു രാമണീയകം കൂടും. ശ്ലോകങ്ങളെ അപേക്ഷിച്ചു പദങ്ങളാണ് പ്രായേണ ആസ്വാദ്യങ്ങളായി കാണുന്നത്. പി. ഗോവിന്ദപ്പിള്ള "ശംബരവധം ഒഴികെയുള്ള നമ്പിയാരുടെ ആട്ടക്കഥകൾ തുള്ളൽ രീതിയിലായിപ്പോയതിനാൽ ഉപേക്ഷിച്ചു എന്നു പറയുന്നു" എന്നു പ്രസ്താവിച്ചിരിക്കുന്നതു വിശ്വസിക്കുവാൻ നിർവാഹമില്ല. അദ്ദേഹത്തിനു ആട്ടക്കഥകൾ നിർമ്മിക്കുന്നതിനുവേണ്ട സങ്ഗീതജ്ഞാനമുണ്ടായിരുന്നു എന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അഭിനയത്തിനു യോജിച്ചവിധത്തിലല്ല അദ്ദേഹത്തിന്റെ കഥാഘടന എന്നുള്ളതാണ് പ്രധാനവൈകല്യം. രസങ്ങൾക്കു വൈവിധ്യം വരുത്തുവാൻ അദ്ദേഹം തീരെ ശ്രദ്ധിച്ചിട്ടില്ല. തന്റെ ഭാഷ പാമരന്മാർക്കുകൂടി സുഗ്രഹമാകണം എന്നുള്ള ആഗ്രഹംകൊണ്ടു ശബ്ദാർത്ഥാലങ്കാരങ്ങളെസ്സംബന്ധിച്ച് അദ്ദേഹം വളരെ ഉദാസീനനായും കാണപ്പെടുന്നു. ഒരു നൃത്യപ്രബന്ധകാരൻ എന്ന നിലയിൽ നമ്പിയാർക്ക് ഭാഷാസാഹിത്യത്തിൽ യാതൊരു സ്ഥാനവും കല്പിക്കാവുന്നതല്ലെന്നു ചുരുക്കത്തിൽ പറയാം. മാതൃക കാണിക്കുവാൻ ചില പദ്യഗദ്യങ്ങൾ പ്രദർശിപ്പിക്കാം.

ഭാരതം, ശ്ലോകങ്ങൾ

"ചഞ്ചൽകാഞ്ചീകലാപം കളരണിതമണീ-
കിങ്കിണീകങ്കണൗഘം
ലോലം നീലാളകാളീമിളിതശിഖിശിഖാ-
ജാലമാലാവതംസം
അംഭോദശ്യാമളാങ്ഗം സരളമുരളികാ-
നാളസക്താംഗുലീകം
വന്ദേ വൃന്ദാവനാന്തേ സരസവിഹരണാ-
ഡംബരം ഗോപബാലം."

"തദനു മദനലീലാലോലബാലാബലാളീ-
വദനകമലലീനൈരീക്ഷണൈരിന്ദ്രലോകേ
അരമത സുരപാളീലാളിതോ ദേവരാജോ
മരകതമണിലീലാമന്ദിരേ മന്ദമന്ദം,"

ശംബരവധം, ശ്ലോകം:

"കല്പാന്തോദ്ഭടകങ്കടീകവികടാളീകാക്ഷരൂക്ഷപ്രഭാ-
നിഷ്ഠ്യൂതസ്ഫുടിതാണ്ഡഗർഭകുഹരസ്ഫാരധ്വനിസ്പർദ്ധിനാ
നിർഭിന്നശ്രവണോ മനോഭവമഹാശംഖസ്വനേനാഞ്ജസാ
ക്രുദ്ധാന്ധതധീസ്സുരാരിതിലകോ വാചം ബഭാഷേ ഭടാൻ."

രാസക്രീഡ, പദം:

“ഗോപവധൂകുലപരിവൃതനാകിന ഗോപകുമാരനുദാരൻ
ഗോപിതസകലചരാചരനതിശയരൂപതയാ സുകുമാരൻ
ചഞ്ചലകുണ്ഡലവലയമഹാമണിചടുലകടിലകചഭാരൻ
കാഞ്ചനകാഞ്ചിലതാഞ്ചിതകടിതടവിലസിതപീതദുകൂലൻ
ഭംഗിവിളങ്ങിന വനമാലാവലിതുളസീമിളിതശരീരൻ
മംഗലഗാനമനോഹരനാകിന മധുരിപു നൂതനമാരൻ
രാസവിലാസവിനോദനമൻപൊടു രസികശിരോമണി ബാലൻ
ഹാസമനോജ്ഞമുഖേന്ദു തുടർന്നിതു ഹരി ജഗതാമനുകൂലൻ.”

പാലാഴിമഥനം, ശ്ലോകം:

“സസ്മാര സ്മരമഥനം തദാ മുരാരി-
സ്സസ്മേരസ്സ ച ഭഗവാനഥാവിരാസീൽ;
അസ്മാകം ഭവതു ഭവാൻ സഹായ ഏവം
സ സ്മാഹ ത്രിണനയമേവമംബുജാക്ഷഃ.”

ബാണയുദ്ധം, തോടയം:

“ജയ മൗലിമണികിരണജിതകോടിഖരകിരണ
ജയഭക്തജനശരണ ജയ കമലചരണ!
ശശിബിംബസമവദന! ശുചികുന്ദസുമരദന;
ശുഭരൂപജിതമദന! ശുഭശീലസദന!
മദശൗണ്ഡകരിഗമന! മദിരാക്ഷികുലകമന!
ഹൃതലോകപരികദന! കൃതദൈത്യമഥന!
ഹൃതലോകദുർന്നയന! കൃതഗോപികാനയന!
ശശിചണ്ഡകരനയന! ശതപത്രനയന!
ഫണിരാജവരശയന! ഫണിഗർവസംയമന!
പ്രണതാർത്തിസംശമന! പ്രണതാർത്ഥനിപുണ!”

## തുള്ളൽക്കഥകൾ

സാമാന്യജനങ്ങൾ കുഞ്ചൻനമ്പിയാരെ അറിയുന്നതും അവരുടെ ദൃഷ്ടിയിൽ അദ്ദേഹം ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ഒരു പ്രകൃഷ്ടജ്യോതിസ്സായി പരിലസിക്കുന്നതും തുള്ളൽക്കഥയുടെ പ്രണേതാവ് എന്ന നിലയിലാകുന്നു. ആ വിസ്തൃതമായ സാമ്രാജ്യത്തിൽ കുഞ്ചൻതന്നെയാണ് ഏകച്ഛത്രാധിപതി. ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നു വിശ്വസിച്ചു സഹൃദയന്മാർ ആരാധിക്കുന്നതും അദ്ദേഹത്തെത്തന്നെയാണ്. അനന്തരകാലങ്ങളിൽ പല കവികളും അദ്ദേഹത്തിന്റെ പാദമുദ്രകളെ പിന്തുടരുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, ആ ശ്രമം പ്രായേണ അപജയത്തിലേ കലാശിച്ചിട്ടുള്ളൂ. അദ്ദേഹത്തിന് ആ വിഷയത്തിലുണ്ടായിരുന്ന വിവിധസിദ്ധികളിൽ യാതൊന്നും അവർക്കാർക്കും തന്നെ അതിന്റെ പൂർണ്ണരൂപത്തിൽ കൈവന്നിട്ടില്ല.

## തുള്ളൽപ്രസ്ഥാനം

ചാക്കിയാന്മാരുടെ അനുചരന്മാരായി കൂത്തിനു മിഴാവുകൊട്ടൽ കുലവൃത്തിയാക്കി ജീവിക്കുന്ന നമ്പിയാന്മാരുടെ വർഗ്ഗത്തിൽപ്പെട്ട ഒരാളായിരുന്നുവല്ലോ നമ്മുടെ മഹാകവി. പൂർവ്വകാലങ്ങളിൽ ജീവിച്ചിരുന്ന പണ്ഡിതന്മാർ അവർക്ക് അന്യഥാ ധനാഗമത്തിനു മാർഗ്ഗങ്ങളുണ്ടായിരുന്നാലും സ്വധർമ്മത്തേയും യഥാവിധി പരിപാലിച്ചുവന്നിരുന്നു എന്നുള്ളതിനു പള്ളിക്കുന്നത്തു ശങ്കരകവി, രാമപുരത്തു വാരിയർ മുതലായവരുടെ ജീവചരിത്രം സാക്ഷ്യം വഹിക്കുന്നു. കുഞ്ചൻനമ്പിയാരും ചാക്കിയാന്മാരോടുകൂടി മാർദ്ദംഗികപ്രവൃത്തിയിൽ ഏർപ്പെട്ട് ആദ്യകാലങ്ങളിൽ കൂത്തിലും കൂടിയാട്ടത്തിലും ഭാഗഭാക്കായിരുന്നു എന്നു നമുക്ക് ഊഹിക്കാം. മേല്പുത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങൾ അദ്ദേഹത്തിനു ഹൃദിസ്ഥങ്ങളായിരുന്നു. പ്രപഞ്ചത്തിന്റെ ഗതിവിഗതികളിലുള്ള പരിഹാസ്യമായ അംശം സൂക്ഷ്മമായി അവലോകനം ചെയ്യുന്നതിനും ശോഭനമായി ചിത്രണം ചെയ്യുന്നതിനും ആ ക്രാന്തദർശിക്കുണ്ടായിരുന്ന ജന്മസിദ്ധമായ വാസനാവിശേഷം ഫലിതോക്തിരസികന്മാരായ ചാക്കിയാന്മാരുമായുള്ള സഹവാസത്തിന്റെ ഫലമായി പതിന്മടങ്ങു വർദ്ധിച്ചിരിക്കണം. അദ്ദേഹം ഒരു ചാക്കിയാരായി ജനിച്ചിരുന്നുവെങ്കിൽ ആ അനന്യസുലഭമായ പ്രതിഭാ വൈജാത്യം കൂത്തമ്പലങ്ങളിലെ വായുമണ്ഡലത്തിൽ വിലയംപ്രാപിച്ചു പോകുമായിരുന്നു. എന്നാൽ കൈരളിയുടെ ഭാഗ്യാതിരേകം നിമിത്തമാണ് അദ്ദേഹം മറ്റൊരു ജാതിയിൽ അവതരിച്ചത്. രംഗമണ്ഡപങ്ങളിലെ മിഴാവു കൊട്ടിമാത്രം അദ്ദേഹം ജീവിതം നയിക്കുവാൻ ഉദ്ദേശിച്ചില്ല. കല്പാന്തകാലം വരെ തന്റെ നാട്ടുകാർ കേൾക്കുകയും, കേട്ടു ചിരിക്കുകയും ചെയ്യുന്നതിനു തന്റെ രസനാഞ്ചലംകൊണ്ട് മറ്റൊരു മിഴാവുകൂടി കൊട്ടണമെന്ന് ആ മഹാത്മാവ് നിശ്ചയിച്ചു. അങ്ങനെ നമുക്ക് അദ്ദേത്തിന്റെ തുള്ളൽക്കഥകൾ—ഒന്നല്ല, പത്തല്ല, നാല്പതിനുമേൽ രസനിർഭരങ്ങളായ കൃതികൾ—കിട്ടി; താവതാ നാം ചരിതാർത്ഥരുമായി.

## തുള്ളലും തമിഴ്സാഹിത്യവും

ദ്രാവിഡസാഹിത്യത്തിൽ (1) ചെപ്പൽ (2) അകവൽ (3) തുള്ളൽ (4) തുങ്കൽ എന്നിങ്ങനെ നാലുമാതിരി പാട്ടുകളുണ്ട്. ഇടക്കിടയ്ക്കു നിറുത്തി പാടുന്നതു ചെപ്പൽ; നിറുത്താതെ തുടർന്നു പാടുന്നത് അകവൽ: അംഗവിക്ഷേപത്തോടുകൂടി പാടുന്നതു തുള്ളൽ; ഓരോ ചീരിന്റെയും അവസാനത്തിൽ നിറുത്തിപ്പാടുന്നതു തുങ്കൽ — എന്നിങ്ങനെയാണ് അവ തമ്മിലുള്ള ഭേദം. അകവലിന്റെ ഒരു വകഭേദം തന്നെയാണ് തുള്ളൽ. ചെപ്പലിനു വെൺപാവിലും, അകവലിനു അകവൽപാവിലും, തുള്ളലിനു കലിപ്പാവിലും, തുങ്കലിനു വഞ്ചിപ്പാവിലുമാണ് ഗാനങ്ങൾ നിർമ്മിയ്ക്കേണ്ടതെന്നു നിയമമുണ്ട്. തുള്ളലിൽ പാട്ടുകളുടെ രചനയ്ക്കു കലിവിരുത്തം എന്നൊരു വൃത്തം ഉപയോഗിച്ചിരുന്നു. മുമ്മൂന്നു മാത്രകളുള്ള നാലു ചീരുകളിൽ (അടികളിൽ) ആണ് അതിന്റെ ഓരോ വരിയും രചിയ്ക്കേണ്ടത്. അതിന്നൊരുദാഹരണം പ്രദർശിപ്പിക്കാം.

> “നണ്ണറുനാർ ചീരടിയുറിനാൻകു
> കണ്ണിയ കലിയൻവിരുത്തമതാകം;
> മുന്നുറുതെലുങ്കേ മുതർ പലമൊഴികൾ
> അന്നൈയെയെന്റ്റേത്തുമരുന്തമിഴ്മാനേ”

ഇതു മലയാളത്തിലെ ഓട്ടൻ തുള്ളലിൽ പ്രയോഗിക്കുന്ന തരംഗിണീവൃത്തംതന്നെയാണെന്നു പറയേണ്ടതില്ലല്ലോ.

## തുള്ളൽപ്രസ്ഥാനത്തെപ്പറ്റിയുള്ള ഐതിഹ്യം

തുള്ളൽപ്രസ്ഥാനത്തിന്റെ ആഗമത്തെപ്പറ്റി സുപ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്. അമ്പലപ്പുഴ ക്ഷേത്രത്തിൽ ഒരിയ്ക്കൽ ചാക്കിയാർക്കൂത്തു നടക്കുന്ന സമയത്തു കുഞ്ചൻനമ്പിയാർ ഒരു ശ്ലോകത്തിന്റെ പൂർവാർദ്ധത്തിന്റേയും ഉത്തരാർദ്ധത്തിന്റേയും അവസാനത്തിൽ മിഴാവു കൊട്ടേണ്ടിയിരിയ്ക്കെ അങ്ങനെ ചെയ്യാതെ അല്പം ഉറങ്ങിപ്പോവുകയും അതു കണ്ടു ചാക്കിയാർ ആ സദസ്സിൽവെച്ചു തന്നെ അദ്ദേഹത്തെ അന്യാപദേശരൂപത്തിൽ നിശിതമായി അധിക്ഷേപിക്കുകയും ചെയ്തു. അതിൽവെച്ചു മുഷിച്ചിൽ തോന്നിയ നമ്പിയാർ പിറ്റേ ദിവസം മുതൽ ചാക്കിയാരുടെ കൂത്ത് ആരും കേൾക്കരുതെന്നു പ്രതിജ്ഞ ചെയ്തു്, അന്നത്തെ രാത്രി കൊണ്ടു കല്യാണസൗഗന്ധികം രചിച്ചു പിറ്റേ ദിവസം കൂത്ത് ആരംഭിയ്ക്കാറായപ്പോൾ ചാക്കിയാന്മാർ സാധാരണമായി പൃഷ്ഠഭാഗത്തു ചുരുട്ടിവയ്ക്കുന്ന വസ്ത്രത്തിനു സദൃശമാകുമാറ് അമ്പലപ്പുഴെ ധാരാളമായിക്കിട്ടുന്ന കുറേ കൗപീനം വാങ്ങി അതു മുണ്ടിന്റെ ഭാഷയിൽ തുന്നിക്കെട്ടിയുടുത്തു കുറേ കുരുത്തോലയും ആഭരണരൂപത്തിൽ അണിഞ്ഞു വേണ്ട മേളക്കാരേയും ഉണ്ടാക്കി അവരോടുകൂടി കിഴക്കേ നടയിൽ ഒരിടത്തുനിന്നു പാടിക്കളിച്ചുതുടങ്ങി. കാഴ്ചക്കാർ ആ നൂതനരംഗപ്രയോഗത്തിൽ കുതുകികളായിത്തീർന്നതിനാൽ ചാക്കിയാർ ശ്രോതാക്കളില്ലാതെ വിഷമിയ്ക്കുകയും, അങ്ങനെ നമ്പിയാരുടെ ശപഥം നിറവേറുകയും ചെയ്തുവത്രേ. ഈ ഐതിഹ്യം അശേഷം വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഒന്നാമതു ചാക്കിയാർ ചെമ്പകശ്ശേരി തമ്പുരാന്റെ പ്രഥമ സദസ്യനായ നമ്പ്യാരെക്കൊണ്ട് അമ്പലപ്പുഴ ഉത്സവത്തിനു മിഴാവു കൊട്ടിച്ചിരിക്കുമോ എന്നും, കൊട്ടിൽ പിഴച്ചാൽത്തന്നെ അവിടെവെച്ച് അദ്ദേഹത്തെ അത്ര കഠിനമായി അധിക്ഷേപിച്ചിരിക്കുമോ എന്നും സംശയിക്കേണ്ടതുണ്ട്. രണ്ടാമതു, നമ്പിയാർ തന്നെ വികൃതവേഷത്തിൽ മതില്ക്കകത്തുവച്ചു പാടുകയും ആടുകയും ചെയ്തു തനിക്കു ഘനക്ഷയം വരുത്തുന്ന ഒരു ഗോഷ്ഠി കാട്ടിയെന്നു പറയുന്നതു യുക്തിസഹമായിരിക്കുന്നില്ല. മൂന്നാമത്, ഒരു ദിവസം കൊണ്ടു മേളക്കാരെ തയ്യാറാക്കി അവർക്കു പുതിയ തുള്ളൽ മുഖസ്ഥമാക്കിക്കൊടുത്തു എന്നു സങ്കല്പിക്കുവാനും പ്രയാസമുണ്ട്. നാലാമതു, നമ്പൂരിമാർക്കു അത്യന്തം ഹൃദയംഗമമായ കൂത്തിനും കൂടിയാട്ടത്തിനും എതിരായി ഒരു ദൃശ്യം ക്ഷേത്രത്തിനകത്തുവച്ച് അഭിനയിക്കുവാൻ ചെമ്പകശ്ശേരി ത്തമ്പുരാൻ നമ്പിയാർക്കുപോലും അനുവാദം നല്കിയിരിക്കുവാൻ ഇടയില്ല. അഞ്ചാമതായി, കൂത്തിനേയോ, കൂടിയാട്ടത്തിനേയോ പരാജയപ്പെടുത്തുവാൻ തുള്ളലിന് — അതിനു നമ്പിയാരുടെ സാഹിത്യമാണെന്നുള്ള മേന്മ എത്രതന്നെ ഉണ്ടെങ്കിലും - ഒരിക്കലും സാധിക്കുന്നതുമല്ല. ഈ കാരണങ്ങളാൽ മുമ്പു സംക്ഷേപിച്ച ഐതിഹ്യം ത്യാജ്യകോടിയിൽ തള്ളേണ്ടതാണെന്ന് എനിക്കു തോന്നുന്നു.

ആ പ്രസ്ഥാനത്തിന്റെ യാഥാർത്ഥകാരണം പിന്നെയാന്തായിരിക്കാം? വാസ്തവത്തിൽ അവിടെ നടന്നതെന്തെന്ന് അനുമാനദൃഷ്ട്യാ പരിശോധിക്കാം. കൂത്തമ്പലങ്ങളിൽ പൊതുജനങ്ങൾക്കു കടന്നുചെല്ലുവാനുള്ള സൗകര്യം പരിമിതമായിരുന്നു എന്നുമാത്രമല്ല, ബ്രാഹ്മണർക്കല്ലാതെ അവിടെ ഉപവിഷ്ടരാകുവാൻ അവകാശവുമുണ്ടായിരുന്നില്ല. സംസ്കൃതസാഹിത്യത്തിലും നാട്യകലയിലും അഭിജ്ഞന്മാരായ സാധാരണജനങ്ങൾക്ക് ആനന്ദിക്കുന്നതിനു പടയണി മുതലായ ആഘോഷാവസരങ്ങളിൽ പല വിനോദാന്തരങ്ങളും ഉണ്ടായിരുന്നു. തകഴിയിലെ ശാസ്താംകോവിലിൽ പഴയ കാലം മുതല്ക്കുതന്നെ മേടമാസം 1-ആനു മുതൽ 12 ദിവസത്തേക്ക് ഒരു പടയണി ദേവതാപ്രീതികരമായി നടത്തപ്പെട്ടുവന്നിരുന്നു. ആ പടയണിക്കാലത്തു പറയൻ, ശീതങ്കൻ, ചോവൻ, പരദേശി മുതലായി പല വേഷങ്ങളും രംഗ

പ്രവേശനം ചെയ്തിരുന്നുവെന്നും, ശീതങ്കൻ കുരുത്തോല അണിഞ്ഞിരുന്നുവെന്നും, അവരുടെ അപരിഷ്കൃതങ്ങളായ ഗാനങ്ങൾക്കു പറയൻതുള്ളൽ, ശീതങ്കൻതുള്ളൽ എന്നും മറ്റുമാണ് പേർ പറഞ്ഞുവന്നിരുന്നതെന്നും പഴമക്കാർ പറയുന്നു. നമ്പിയാർ തന്റെ ഒന്നാമത്തെ തുള്ളൽക്കഥയായ കല്യാണസൗഗന്ധികത്തിൽ "ഹരിഹരസുതനയ്യൻതിരുവടിയടിയന്റെ മനതാരിൽ പരിഭവമകലുവാൻ തുണയ്ക്കേണം" എന്നു തകഴിയിലെ ശാസ്താവിനെയും ഗണപതിയേയും, സരസ്വതിയേയും സർവസാധാരണമായ രീതിയിൽ നമസ്കരിച്ചതിനു മേൽ പ്രാർത്ഥിക്കുന്നതും, അവിടത്തെ നന്തിക്കാട്ടുതറവാട്ടിലെ പരദേവതയായ കണ്ടങ്കരിങ്കാവിൽ ദുർഗ്ഗയെ "നന്ദികാരണ്യമാം മന്ദിരേ വാഴുന്ന മന്ദാരദാരുവാം ബാലരവിയുടെ നന്ദി വരുത്തുന്ന കണ്ടങ്കരിങ്കാവിലിന്ദുചൂഡപ്രിയേ വന്ദേ ഭഗവതി" എന്നു വർണ്ണിക്കുന്നതും പ്രകൃതത്തിൽ സ്മരണീയമാണ്.

> "സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൗതുകമെങ്കിലും
> ദുർജ്ജനത്തിനതിങ്കലൊരു രസമേശുകില്ലതുകാരണം
> [1]ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
> വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.
> കടുപടെപ്പട്ടുകഠിനസംസ്കൃതവികടകടുകവി കെട്ടിയാൽ
> ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കയുമേയുടൻ.
> ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
> ദൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ്‌വരും."

എന്നു സഭാപ്രവേശം പറയൻതുള്ളലിലെ ഈരടികളിൽ നമ്പിയാർ തന്റെ നവീനപ്രസ്ഥാനത്തിന്റെ ഉദ്ദേശത്തെപ്പറ്റി പ്രഖ്യാപിക്കുമ്പോൾ പടയണിയുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടു, നമ്പിയാർ തന്റെ കാലംവരെ പടയണികൾക്ക് ഉപയോഗിച്ചിരുന്ന നാടൻ പാട്ടുകളെ തട്ടിനീക്കി അവയുടെ സ്ഥാനത്തിൽ സരസങ്ങളായ ഗാനങ്ങളെ പ്രതിഷ്ഠിക്കുകമാത്രമാണ് ചെയ്തതെന്നു ഞാൻ അഭ്യൂഹിക്കുന്നു. വളരെ വേഗത്തിൽ ആ ഗാനങ്ങളുടെ രാമണീയകംനിമിത്തം തുള്ളൽ ഒരു ദൃശ്യകലയായി ഉയരുകയും ആ കല സകലക്ഷേത്രങ്ങളിലും പ്രദർശനാർഹമായിത്തീരുകയും ചെയ്തു.

## കൂത്തും തുള്ളലും

ഏതായാലും തുള്ളലുകളുടെ അഭിനയത്തിനുള്ള ചിട്ടകൾ ഏർപ്പെടുത്തുന്നതിൽ നമ്പിയാർ ചാക്കിയാന്മാർക്കു കടപ്പെട്ടിരുന്നുവെന്നുള്ളതു നിർവ്വിവാദമാണ്. ചാക്കിയാരുടെ അണിയലിനും തുള്ളൽക്കാരന്റെ വേഷവിധാനത്തിനും തമ്മിൽ അനേകം അംശങ്ങളിൽ സാദൃശ്യമുണ്ട്. എന്നാൽ കൂത്തിനെന്നതുപോലെ മിഴാവല്ല, തൊപ്പിമദ്ദളമാണ് വാദ്യം. കൂത്തിനു താളം പിടിക്കാൻ നങ്ങിയാർ വേണം; തുള്ളലിനു താളം ശങ്കിടിക്കാരൻതന്നെ കൊട്ടിക്കൊള്ളണം. കൂത്തിൽ ചാക്കിയാർക്കു ഇരിക്കുവാൻ ഒരു പീഠമുണ്ട്. തുള്ളൽക്കാരനും സഹപ്രവർത്തകന്മാരും ആദ്യം മുതൽ അവസാനം വരെ നില്ക്കുകതന്നെവേണം. ഇങ്ങനെ ചില വ്യത്യാസങ്ങൾ തുള്ളൽക്കാരുടെ സൗകര്യത്തേയും സ്ഥാനവ്യത്യാസത്തേയും പുരസ്കരിച്ചു നമ്പിയാർ വരുത്തീട്ടുണ്ടെന്നും ഓർമ്മിക്കേണ്ടതുണ്ട്.

[1] ഭടർ — താണ നിലയിലുള്ളവർ, അനഭിജ്ഞർ.

## ദ്രോണമ്പള്ളി നായ്ക്കർ

നമ്പിയാർ തന്റെ പലതുള്ളൽക്കഥകളിലും ദ്രോണമ്പള്ളി ആചാര്യനേയും നന്തിക്കാട്ടു് ഉണ്ണിരവിയേയും സ്മരിക്കുന്നുണ്ടല്ലോ.

> "ദിക്കു പത്തും പുകഴ്ന്നോരു ദ്രോണമ്പള്ളി
> നൽകുലഭൂഷണൻ മൽഗുരുനായകൻ
> വിക്രമവാരിധിവീരൻ വിശേഷജ്ഞ-
> നിക്കഥാരംഭേ കടാക്ഷിച്ചരുളേണം"

എന്നു സുന്ദോപസുന്ദയുദ്ധത്തിലും

> "ക്ഷോണീമണ്ഡലംതന്നിലൊക്കവേ പുകഴ്ന്നോരു
> ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
> ക്ഷീണമെന്നിയേ കാത്തിടേണമിപ്പരിഷയ്ക്കു
> പ്രാണപഞ്ചകത്തിന്റെ ത്രാണത്തിന്നനുകൂലൻ"

എന്നു സഭാപ്രവേശത്തിലും കവി ദ്രോണമ്പള്ളിയെ വന്ദിക്കുന്നു. ദ്രോണമ്പള്ളിക്കു ഭാഷയിലുള്ള സാധാരണപര്യായം ഓണമ്പള്ളി എന്നാണ്. ആ ഭവനം അമ്പലപ്പുഴ താലൂക്കിൽ നെടുമുടിയിൽ ഇപ്പോഴുമുണ്ട്. ആയുധവിദ്യയിൽ ഗുരുസ്ഥാനമുണ്ടായിരുന്നതിനാൽ ആ ഭവനക്കാർക്കു "നായ്ക്കർ" എന്നൊരു ബിരുദം ഇക്കാലത്തും കാണുന്നു. തുളുബ്രാഹ്മണരായ അവരുടെ മൂലകുടുംബം പണ്ടു തെക്കൻകർണ്ണാടകത്തിൽപ്പെട്ട ഉടുപ്പിയിലായിരുന്നു. തുളുനാടൻപയറ്റു പ്രസിദ്ധമാണല്ലോ. ഒരിയ്ക്കൽ ചെമ്പകശ്ശേരി രാജാക്കന്മാരുടെ സൈന്യാധിപത്യം പരമ്പരയാ വഹിച്ചിരുന്ന മാത്തൂർ പണിക്കരാശാന്മാരുടെ തറവാട്ടിൽപ്പെട്ട ഒരു യുവാവു് ആയുധവിദ്യാഭ്യാസത്തിനായി അവിടെ പോകുകയും ഗുരുദക്ഷിണകഴിഞ്ഞു മടങ്ങുമ്പോൾ അന്തർജ്ജനത്തിന്റെ സഹായത്തോടുകൂടി ഗുരുനാഥൻ നിത്യപൂജ ചെയ്തുവന്ന ദുർഗ്ഗാവിഗ്രഹംകൂടി കൊണ്ടുപോരികയും ചെയ്തു. ആചാര്യൻ ആ വസ്തുത മനസ്സിലാക്കി ബിംബം തിരിയെ കൊണ്ടുപോകുവാൻ അമ്പലപ്പുഴയെത്തിയെങ്കിലും രാജാവിന്റെ അനുനയത്തിനു വഴിപ്പെട്ടു മാത്തൂർപ്പണിക്കർക്കുവേണ്ടി അതിനെ അവിടെത്തന്നെ പ്രതിഷ്ഠിച്ചു് അതിന്റെ പൂജയ്ക്കായി നെടുമുടിയിൽ പണിക്കർ ദാനം ചെയ്ത സ്ഥലത്തു താമസിച്ചു തുടങ്ങി. ക്ഷേത്രത്തോടു് അനുബന്ധിച്ചു് ഒരു കളരി സ്ഥാപിച്ചു് അദ്ദേഹം അതിൽ യോദ്ധാക്കളെ പയറ്റുമുറകളും അഭ്യസിപ്പിച്ചുവന്നു. ആ ദുർഗ്ഗാക്ഷേത്രവും കളരിയും ക്ഷണത്തിൽ പ്രശസ്തിയെ പ്രാപിക്കുകയും ചെയ്തു.

## ദ്രോണമ്പള്ളിസ്സമ്പ്രദായം

കളരിവിദ്യ എന്നൊരു അപ്രകാശിതമായ ഗ്രന്ഥത്തിൽ ദ്രോണമ്പള്ളിസമ്പ്രദായത്തിലെ പയറ്റുമുറകളെക്കുറിച്ചു വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. "ദ്രോണമ്പള്ളിക്കളരിയിൽ വിലസിന കാളി ഭയങ്കരി കാത്തരുളമ്മേ" എന്നു തുടങ്ങുന്ന ഒരു സ്തോത്രവും അതിൽ ഘടിപ്പിച്ചു കാണുന്നു. ദാരുകവധമാണ് ആ സ്തോത്രത്തിലെ പ്രതിപാദ്യം. "ദ്രോണമ്പള്ളിലധീശേ" എന്ന ഒരു പല്ലവി അതിൽ ഏതാനും വരികൾ ചൊല്ലികഴിഞ്ഞാൽ കൂടെക്കൂടെ ആവർത്തിക്കേണ്ടതുണ്ട്.

> "നേരേ പണ്ടും നാളെയുമിന്നും
> നീയേ സാരം മൂവുലകിന്നു്;

സാരം നീയല്ല്യോ മമ ദേവി!
താൻ പെരികെപ്പലജാതിയുമോർത്താൽ
ഓർത്താലില്ലതിനന്തവുമേതും
ഒന്മക്കടയവളേ! കേട്ടരുൾ നീ.
. . .
ഇപ്പൊഴുതെങ്കലുയർന്ന വിഷാദ-
മൊഴിച്ചഭിമാനമെനിക്കരുൾ തായേ!
കെല്പോടതിലൊരു ദൂതരെ വിട്ടൊരു
ഖേദമെനിക്കു ചമച്ചവരെക്കേൾ
കൊൽവാൻ നമ്മേ രക്ഷിച്ചരുൾ നീ
സുഖമേ രക്ഷിച്ചരുൾ മമ കാര്യം.
ദ്രോണമ്പള്ളിലധിശേ"

എന്നീ പംക്തി അവയിലൊന്നാണ്. ഓരോ കളരിയിലും പതിനെട്ടടവുകളും അവയ്ക്കു വേണ്ട വായ്ത്താരികളും പിന്നെയും പല പയറ്റുമുറകളും ആയുധലക്ഷണങ്ങളും മറ്റും പഠിപ്പിച്ചു വന്നിരുന്നു. ദ്രോണമ്പള്ളിക്കളരിയിലെ മുറകളെമാത്രമേ പ്രസ്തുതഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളു. അതിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

"പിന്നെ മാറ്റാനായിട്ടെതിർക്കുമ്പോൾ നിലയൊപ്പിച്ചു നില്ക്കണം, എത്ര നാഴികയെങ്കിലും എത്ര ദിവസമെങ്കിലും കൂടെ നില്ക്കുകയും വേണം. കേറിത്തുടങ്ങിയാൽ പഴുതു കാൺകയില്ല. ഗുരുവിനാണേ പിന്നെ കെട്ടിക്കേറി പ്രയോഗിപ്പാൻ കൈയും ചുവടും മനസ്സും വയ്ക്കു. ഗുരുവിന്റെ കടാക്ഷവും വരുത്തിക്കൊണ്ടാൽ സാധിപ്പാനൊട്ടും സംശയമില്ല. പിന്നെ അങ്ങോട്ടു കേറേണ്ടുംപ്രകാരം – മാറ്റാന്റെ നിലയും കൈയും ചുവടും മനസ്സും വായുവും ഒന്നായി മാറുകയും മാറിക്കേറ്റുകയുമാം, പിന്നെ ഒരു പ്രയോഗം മേൽത്താര നീട്ടുമ്പോൾ മുനയൊഴിച്ചു പിടിക്കുകയുമാം; നെഞ്ഞത്തു പരിശ കുത്തുകയുമാം; പരിശമുന ഒഴിഞ്ഞു നെഞ്ഞത്തു ചവിട്ടുകയുമാം; കീഴ്മന നീട്ടിമുറിക്കയുമാം."

ചെമ്പകശ്ശേരി രാജാവിന്റെ യോദ്ധാക്കൾക്കും, വിശേഷിച്ചു മാത്തൂർ കുടുംബത്തിലെ അംഗങ്ങൾക്കും, പയറ്റുമുറകൾ അഭ്യസിപ്പിച്ചു വന്ന ദ്രോണമ്പള്ളിയെ വിക്രമവാരിധിയെന്നും വീരനെന്നും മറ്റും വിശേഷിപ്പിയ്ക്കുന്നതിൽനിന്ന് അദ്ദേഹത്തെ നമ്പിയാർ ആ നാട്ടിലെ അതിപ്രശസ്തനായ ആയുധവിദ്യോപദേഷ്ടാവ് എന്ന നിലയിൽ മാത്രമാണ് വർണ്ണിക്കുന്നതെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. "പ്രാണപഞ്ചകത്തിന്റെത്രാണം" എന്നു പറയുന്നതു പ്രാണരക്ഷണം മാത്രമാണ്. ആ വാക്കു വച്ചുകൊണ്ട് അദ്ദേഹം നമ്പിയാരുടെ അധ്യാത്മവിദ്യാഗുരുവായിരുന്നു എന്നു ചിലർ പറയുന്നതു് അനുപപന്നമാകുന്നു.

## ഉണ്ണിരവിക്കുറുപ്പ്

നന്തിക്കാട്ടു് ഉണ്ണിരവിക്കുറുപ്പിനെ കല്യാണസൗഗന്ധികത്തിനു പുറമേ

"മന്ദേതരഗുണമന്ദിരനെൻഗുരു
നന്ദിതനാകിയ ബാലരവിക്ക്
നന്ദി വരുത്തും പരദൈവതമേ!
സുന്ദരി! കണ്ടങ്കരിപുരമമരും
വൃന്ദാരകകുലവന്ദിതചരണേ"

എന്നു സ്യമന്തകത്തിലും,

“നന്ദികാടധിനായകൻ ഗുരുബാലരവിപരദൈവതം
നന്ദി നല്കണമിന്നു മേ തിരുകണ്ടകാപുരിഭഗവതി”

എന്നു ത്രിപുരദഹനത്തിലും,

“ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കുപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ”

എന്നു സഭാപ്രവേശത്തിലും

“ചണ്ഡികാദേവിയെസ്സേവിച്ചുമേവീട്ടു-
മുണ്ണിരവിയെന്നു പേരായ പൂരുഷൻ
പുണ്യപൂരാകരൻ നമ്മുടെ ദേശികൻ
കണ്ണിണകൊണ്ടു കടാക്ഷിച്ചിടേണമേ”

എന്നു സുന്ദോപസുന്ദോപാഖ്യാനത്തിലും കവി സ്തുതിച്ചു കാണുന്നു. ‘ഗുരു’ എന്നും ‘ആചാര്യോത്തമൻ’ എന്നുമാണ് അദ്ദേഹം വർണ്ണിതനായിരിക്കുന്നതെങ്കിലും നമ്പിയാർ ബ്രാഹ്മണനാണ് തന്റെ ഗുരുനാഥൻ എന്ന് ഒട്ടുവളരെ തുള്ളലുകളിൽ അസന്ദിഗ്ധമായ രീതിയിൽ പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

“ധരണിസുരന്മാർമകുടമഹാമണി
ഗുരുവല്ലോ മമ ഗുരുവായ്‌വന്നതു്”

എന്നു സ്യമന്തകത്തിലും,

“ധരണിസുരവരമകുടമണി മമ ധാർമ്മികൻ ഗുരുനാഥനും
പരിചിലടിയനു പടുത വരുവതിനേറ്റമൊന്നു തുണയ്ക്കണം”

എന്നു ത്രിപുരദഹനത്തിലും ആ പ്രഖ്യാപനം കാണുന്നു. ഈ രണ്ടു പ്രസ്താവനകളേയും എങ്ങനെ സമന്വയിപ്പിയ്ക്കാം? ഞാൻ പറയുന്നതു തുള്ളൽക്കഥകളിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്തും ചെയ്യാതെയും വന്ദിയ്ക്കുന്ന ഗുരു നാരായണഭട്ടതിരിയല്ല ദ്രോണമ്പള്ളി നായ്ക്കർ തന്നെയാണ്. ദ്രോണമ്പള്ളിയെ വന്ദിയ്ക്കുന്ന തുള്ളലുകളിൽ ആ വന്ദനം കഴിഞ്ഞാലുടൻ തന്നെ കവി ഉണ്ണിരവിയെ തൊഴുന്നുണ്ട്. തകഴിയിലെ പടയണിയ്ക്ക് അഭിനയിയ്ക്കുവാനാണ് അദ്ദേഹം ആദ്യമായി കല്യാണസൗഗന്ധികം നിർമ്മിച്ചതു് എന്നു മുൻപു പറഞ്ഞുവല്ലോ. നന്തിക്കാട്ടു കുറുപ്പന്മാർക്കു കടമാളൂരും അമ്പലപ്പുഴയും വസ്തുക്കളുണ്ടായിരുന്നു. ചെമ്പകശ്ശേരി രാജാവിന്റെ വിശ്വസ്തസേനാനികളിൽ അന്യതമന്മാരായിരുന്ന അവർ തങ്ങളുടെ വക കണ്ടങ്കരിങ്കാവിൽ ഭദ്രകാളീ ക്ഷേത്രത്തിനു സമീപം ആയുധാഭ്യാസത്തിന് ഒരു കളരിയും നടത്തിക്കൊണ്ടിരുന്നു. ആ കളരിയിലും “ദ്രോണമ്പള്ളി സമ്പ്രദായം” തന്നെയായിരുന്നിരിക്കണം നിലവിലിരുന്നതു്. അവർക്കു തകഴി ക്ഷേത്രത്തിലെ പടയണിയുമായിട്ടു് ഏതോ തരത്തിൽ ബന്ധമുണ്ടായിരുന്നു എന്നു സങ്കല്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഉണ്ണിരവിയെ വന്ദിയ്ക്കുന്ന തുള്ളലുകളിലെല്ലാം കവി തകഴി ശാസ്താവിനേയും വന്ദിക്കുന്നുണ്ട്. തന്റെ ആദ്യത്തെ തുള്ളൽ സ്വന്തം കളിക്കാരെക്കൊണ്ടു് അഭിനയിപ്പിക്കുകയും, പിന്നീടു പല തുള്ളലുകളും തന്നോട്ടു് എഴുതി വാങ്ങി അവയേയും അത്തരത്തിൽ പ്രചരിപ്പിയ്ക്കുകയും ചെയ്ത ധനവാനും ഉദാരനുമായ ഉണ്ണിരവിക്കുറുപ്പിനെ നമ്പിയാർ ഗുരുനാ

ഥപദത്തിൽ ആരൂഢനാക്കിയതു് അനുചിതമല്ല; പക്ഷേ അദ്ദേഹത്തിന്റെ ആചാര്യത്വം ആ കഥകളുടെ അഭിനയത്തെസംബന്ധിച്ച മാത്രമായിരുന്നു; ആ ഗുരുവിനേയും കളരിപ്പയറ്റിനു് ആ ദിക്കിലെ പ്രധാന ഗുരുവായ ദ്രോണമ്പള്ളിയേയും കവിയ്ക്കു വന്ദിയ്ക്കേണ്ട കടമയുള്ളതുകൊണ്ടു് അദ്ദേഹം അതു നിർവ്വഹിച്ചു എന്നേയുള്ളു. 921-ൽ തിരുവനന്തപുരത്തു തുള്ളൽ നടത്തുവാൻ അരങ്ങുകാരേയും കൊണ്ടുവന്ന അമ്പലപ്പുഴ തകഴിയിൽ കളിയിയ്ക്കൽ വീട്ടിൽ കുഞ്ചുനാരായണക്കുറുപ്പു് അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ആരെങ്കിലും ആയിരിയ്ക്കുമെന്നു തോന്നുന്നു. ഉണ്ണിരവിക്കുറുപ്പിൽനിന്നു കവി വ്യാകരണാദി ശാസ്ത്രങ്ങൾ അഭ്യസിച്ചു എന്നു ചിലർ പറയുന്നതിനു തെളിവു വേണ്ടിയിരിക്കുന്നു.

## മാത്തൂർപ്പണിക്കർ

ചെമ്പകശ്ശേരി രാജാവിന്റെ സർവസൈന്യാധിപനായ മാത്തൂർപ്പണിക്കർക്കും ഒരു കളരിയുണ്ടായിരുന്നതായി നാം കണ്ടുവല്ലോ. അവിടെ പ്രധാനമായി അഭ്യസിപ്പിച്ചിരുന്ന ദൃശ്യകല കഥകളിയായിരുന്നു. ഉണ്ണിരവിക്കുറുപ്പിനു തുള്ളൽക്കഥകളുടെ പ്രചരണംനിമിത്തം സിദ്ധിച്ച പ്രശസ്തി കണ്ടു് അദ്ദേഹത്തിനും ആ പ്രസ്ഥാനത്തിൽ അഭിരുചി തോന്നുകയും അദ്ദേഹവും നമ്പിയാരെക്കൊണ്ടു ചില തുള്ളലുകൾ രചിപ്പിക്കുകയും ചെയ്തു. അങ്ങിനെയുള്ള കൃതികളിൽ കവി മാത്തൂർ ഭഗവതിയെ വന്ദിച്ചിട്ടുണ്ടു്.

> "നഗവരനന്ദിനി മാത്തുരമരും
> ഭഗവതി സതതം കാത്തരുളേണം"

എന്നു ഘോഷയാത്രയിലും

> "മാത്തുരാലയംതന്നിൽ മരുവും മംഗളാകാരേ
> കാത്തുകൊൾക നീ കേളി കളരിവാസിനി കാളി"

എന്നു പൌണ്ഡ്രകവധത്തിലും ഉള്ള പ്രസ്താവനകൾ നോക്കുക. സഭാപ്രവേശം, പ്രദോഷ മാഹാത്മ്യം ഹരിശ്ചന്ദ്രചരിതം എന്നീ കൃതികൾ മാർത്താണ്ഡവർമ്മ മഹാരാജാവു് അമ്പലപ്പുഴ പിടിച്ചടക്കിയതിനുമേലാണു് കവി രചിച്ചതു്. തന്നിമിത്തം അവയിൽ മാത്തൂർഭഗവതിയെ വന്ദിക്കുന്നതിന്നു പ്രത്യേകകാരണമുണ്ടെന്നും വിചാരിക്കാം. 919-ൽത്തന്നെ മാത്തൂർപ്പണിക്കർ അദ്ദേഹത്തിന്റെ ശിഷ്യനായ ഇട്ടിക്കോന്തപ്പണിക്കരേയുംകൊണ്ടു തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ തുള്ളൽ കളിപ്പിക്കുവാൻ പോയിരുന്നു എന്നു മുൻപു പ്രസ്താവിച്ചുവല്ലോ. അതിനുമുൻപു കണ്ടങ്കരിങ്കാവിലും മാത്തുരിലും തുള്ളൽ പ്രസ്ഥാനത്തിന്നു അഭിവൃദ്ധി വന്നുകഴിഞ്ഞിരുന്നു എന്നുള്ളതു നിസ്സംശയമാണു്. ഉണ്ണിരവിക്കുറുപ്പിനും മാത്തൂർപ്പണിക്കർക്കും മുപ്പത്തിരണ്ടു തുള്ളലുകൾ വീതമാണു് നമ്പിയാർ എഴുതിക്കൊടുത്തതു് എന്നൊരു ഐതിഹ്യമുണ്ടു്. അതിന്റെ പരമാർത്ഥത്തെപ്പറ്റി ഒന്നും പറവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

## തുള്ളൽക്കഥകളുടെ വകഭേദങ്ങൾ

തുള്ളൽക്കഥകൾ (1) ഓട്ടൻ (2) ശീതങ്കൻ (3) പറയൻ എന്നിങ്ങിനെ മൂന്നുവകയായി തരംതിരിക്കപ്പെട്ടിരിക്കുന്നു. ഈ വിഭജനം പ്രായേണ പ്രയോക്താക്കളുടെ വേഷവിധാനത്തേയും പ്രയുക്തങ്ങളായ വൃത്തങ്ങളുടെ വിഭിന്നതയേയും ആസ്പദമാക്കിയി

ട്ടുള്ളതാണെന്നു പറയാം. പതിഞ്ഞ മട്ടിൽ പാടേണ്ടതാണ് പറയൻതുള്ളൽ. അതിനേക്കാൾ മുറുകി ശീതങ്കൻതുള്ളലും അതിലുമധികം വേഗത്തിൽ ഓട്ടൻതുള്ളലും പാടേണ്ടതുണ്ട്. പറയൻ വേഷം കെട്ടി പടയണിക്കു വരുന്നവർ ഉപയോഗിച്ചിരുന്ന ചില വൃത്തങ്ങളിലായിരിയ്ക്കണം നമ്പിയാർ ആ പേരുള്ള തുള്ളലുകൾ നിർമ്മിച്ചതു്. കൃഷ്ണാർജ്ജുനയുദ്ധം അഥവാ മാധവലീല എന്നൊരു തുള്ളൽ 1089-ലെ ഭാഷാപോഷിണി മാസികയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 'അരയൻ' (രാജാവു) , 'അയൻ, 'മടന്ത', 'പുകുന്തു' 'ഉരത്തു' (ഉരച്ചു) മുതലായ പഴയ ഭാഷാപദങ്ങൾ ആ കൃതിയിൽ കാണുന്നു എന്നു മാത്രമല്ല, സംസ്കൃതഭാഷയിൽ സ്വല്പവും പരിചയമില്ലാത്ത ഒരാളാണ് അതിന്റെ പ്രണേതാവെന്ന് അതിലെ മിക്ക ഈരടികളും വിളിച്ചുപറയുകയും ചെയ്യുന്നു. "കൃഷ്ണാർജ്ജുനയുദ്ധം പറശ്ശാസ്ത്രം സമാപ്തം" എന്നാണ് ഗ്രന്ഥാവസാനത്തിൽ എഴുതീട്ടുള്ളതു്. പറയൻ തുള്ളലിലെ വൃത്തങ്ങളല്ലാതെ പ്രസ്തുതകൃതിയിൽ പ്രയോഗിച്ചിട്ടുമില്ല. അതു നമ്പിയാർക്കു മുൻപ് ആരോ എഴുതിയ ഒരു തുള്ളലായിരിയ്ക്കാം. ഏവഞ്ച അത്തരത്തിലുള്ള കൃതികൾക്കു നമ്പിയാർ മുമ്പുണ്ടായിരുന്ന പേരുതന്നെ കൊടുത്തുവെന്ന് അനുമാനിയ്ക്കുന്നതിൽ അനൗചിത്യമില്ല. ശീതങ്കൻ എന്ന പദത്തിന്റെ അർത്ഥം എന്തെന്നു പറവാൻ വൈഷമ്യമുണ്ട്. 'ശീതങ്കൻ' 'ചേതുങ്ക'ന്റെ (ദേശിങ്ങനാട്ട് എന്നു കൊല്ലം ദേശത്തിനു പേരുണ്ടായിരുന്നുവല്ലോ) രൂപഭേദമായിരിയ്ക്കുമോ? അങ്ങിനെയാണെങ്കിൽ ദേശിങ്ങനാട്ടിൽ ഏതോ ഒരു ആശാനാൽ ഉപജ്ഞാതമാകകനിമിത്തം അത്തരത്തിലുള്ള തുള്ളലിന് ആ പേർ വന്നു എന്നു സങ്കല്പിയ്ക്കാം.

ഓട്ടൻതുള്ളൽ എന്നതു പണ്ട് 'ഓട്ടംതുള്ള'ലായിരിക്കണം. ഓട്ടമെന്നാൽ പഴയ മലയാളത്തിൽ വേഗമെന്നർത്ഥം. തരങ്ഗിണി, അർദ്ധകേക, വക്ത്രം, സ്വാഗത, സുമങ്ഗല, ശിതാഗ്ര, ഹംസപ്ലുതം, അജഗരഗമനം, മദമന്ഥര എന്നീ വൃത്തങ്ങൾ ഓട്ടനിലും; കൃശമധ്യ, കാകളി, കളകാഞ്ചി, പര്യസ്തകാഞ്ചി എന്നീ വൃത്തങ്ങൾ ശീതങ്കനിലും; ഇവയിൽച്ചിലതിനു പുറമേ മല്ലിക എന്ന വൃത്തം പറയനിലും പ്രയോഗിക്കാറുണ്ടെങ്കിലും തരങ്ഗിണിയും അർദ്ധകേകയും ഓട്ടനിലും, കൃശമധ്യയും കാകളിയും ശീതങ്കനിലും, വക്ത്രവും മല്ലികയും പറയനിലും പ്രധാനമായി അങ്ഗീകരിച്ചു കാണുന്നു. തുള്ളൽക്കഥകളിൽ പ്രയോക്തവ്യങ്ങളായ സകലവൃത്തങ്ങളും മാത്രാവൃത്തങ്ങളാകയാൽ അക്ഷരങ്ങൾക്കല്ല മുഖ്യഗണന എന്നുകൂടി ഓർമ്മിക്കേണ്ടതുണ്ട്. ശീതങ്കനെന്ന പദം നമ്പിയാർ ഒരിടത്തും ഉപയോഗിച്ചിട്ടില്ലെങ്കിലും ഓട്ടനേയും പറയനേയും പറ്റി പ്രസ്താവിച്ചു കാണുന്നു.

"വാട്ടംവരാതേ ചിലരോട്ടൻതുള്ളലും നല്ല-
പാട്ടും കവികൾ വിളയാട്ടം പ്രകടിക്കുന്നു."
എന്നു സത്യാസ്വയംവരത്തിലും,

"പണ്ടൊരു പടയണി കാണ്മാനെന്നെ-
ക്കൊണ്ടു പുറപ്പെട്ടാനീ വിദ്വാൻ.
. . . . . . . . .
അക്കരെയുള്ളൊരു തുള്ളൽക്കാരൻ
തെക്കേത്തട്ടേൽ വന്നു കരേറി
പറയൻകഥ ചൊൽവാനൊരു ഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ-
ത്തട്ടേൽക്കേറിത്തുള്ളൽ തുടങ്ങി

ശ്ശുണ്ഠികടിച്ചു മുറിക്കാൻ തമ്മിൽ
ശ്ശണ്ഠതുടങ്ങി പ്രഹരംകൂട്ടി

എന്നു രുക്മിണീസ്വയംവരത്തിലും ഉള്ള പംക്തികൾ നോക്കുക. പടയണിക്കു പറയൻതുള്ളൽ പണ്ട് അഭിനയിച്ചിരുന്നു എന്നും രണ്ടാമത്തെ ഉദ്ധാരണത്തിൽനിന്നു വെളിപ്പെടുന്നു.

## തുള്ളൽക്കഥയുടെ നിർമ്മാണകാലം

### 929-നു മുൻപ്

നമ്പിയാരുടെ തുള്ളലുകളിൽ ചിലതിന്റെയെല്ലാം നിർമ്മാണകാലം ഏതെന്ന് അവയുടെ പീഠികകളിൽ കാണുന്ന ദേവതാവന്ദനത്തിൽനിന്നും മറ്റും വിശദമാകുന്നു. (1) കല്യാണസൗഗന്ധികം (2) കിരാതം (3) ഘോഷയാത്ര (4) സ്യമന്തകം (5) ത്രിപുരദഹനം (6) സുന്ദോപസുന്ദോപാഖ്യാനം (7) കാർത്തവീര്യവിജയം എന്നീ കൃതികളിൽ ചെമ്പകശ്ശേരി രാജാവിനെ വന്ദിച്ചിട്ടുള്ളതുകൊണ്ട് അവ 929-നു മുൻപ് — പക്ഷേ നമ്പിയാർ തിരുവന്തപുരത്തു താമസം തുടങ്ങിയതായി വിചാരിക്കാവുന്ന 919-നു മുൻപുതന്നെ — രചിച്ചതായിക്കരുതാവുന്നതാണ്. കണ്ടങ്കരിങ്കാവിലെ ഭദ്രകാളിക്കു പുറമേ തകഴി ശാസ്താവ്, അമ്പലപ്പുഴ കൃഷ്ണൻ, കിള്ളിക്കുറിശ്ശി ശിവൻ ഈ ദേവതകളേയും, “ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി” യേയും കവി കല്യാണസൗഗന്ധികത്തിൽ നമസ്കരിക്കുന്നു. കിരാതത്തിൽ വന്ദിക്കുന്നതും ഇവരെത്തന്നെയാണ്. ഘോഷയാത്രയിൽ കിള്ളിക്കുറിശ്ശിത്തേവർക്കു പകരം മാത്തൂർദേവിയെ തൊഴുതിരിക്കുന്നു എന്നുമാത്രമേ വ്യത്യാസമുള്ളു. ഇങ്ങനെ ഓരോ കൃതിയും നോക്കിക്കണ്ടു കൊള്ളേണ്ടതാണ്. കാർത്തവീര്യവിജയത്തിന്റെ അപ്രകാശിതമായ പീഠകയിൽ

“അമ്പലപ്പുഴതന്നിലിമ്പമായ് വാണരുളും
തമ്പുരാനെന്റെ കൃഷ്ണൻ മുമ്പിൽ വിളങ്ങിടേണം.
ചെമ്പകനാട്ടിൻപ്രഭു വൻപൻ നൃവരന്മാരിൽ
മുൻപൻ വളരെധനസമ്പത്തു വർദ്ധിപ്പിച്ച
തമ്പുരാനിന്ദ്രതുല്യൻ തൻപദാംബുജങ്ങളെ-
ക്കുമ്പിട്ടുവണങ്ങുന്നേനൻപിലനുദിനവും”

എന്ന പംക്തികൾ കുടമാളൂർമഠത്തിലെ ആയിരത്തെട്ടു ദൈവതങ്ങളെ വന്ദിക്കുന്നതിനു മുൻപു ഘടിപ്പിച്ചു കാണുന്നു. പക്ഷേ ആ തുള്ളൽ കുടമാളൂർ വച്ചെഴുതിയതായിരിക്കാം. (8) ഗണപതിപ്രാതലിലും ആ തമ്പുരാനെ സ്തുതിച്ചിട്ടുണ്ട് .

### 929–933 ഈ കൊല്ലങ്ങൾക്കിടയ്ക്കു തിരുവനന്തപുരത്ത്

(9) പ്രദോഷമാഹാത്മ്യം (10) ഹരിണീസ്വയംവരം (11) കൃഷ്ണലീല (12) ഹനുമദുത്ഭവം (13) സഭാപ്രവേശം (14) പഞ്ചേന്ദ്രോപാഖ്യാനം (15) പൗണ്ഡ്രകവധം ഈ ഏഴു തുള്ളൽക്കഥകളിൽ നമ്പിയാർ മാർത്താണ്ഡവർമ്മമഹാരാജാവിനെ പ്രശംസിച്ചിരിക്കുന്നതുകൊണ്ട് ഇവ അവിടുന്ന് അമ്പലപ്പുഴ പിടിച്ചടക്കിയതിനും തീപ്പെട്ടതിനും ഇടയ്ക്കാണു നമ്പിയാർ രചിച്ചതെന്നു സിദ്ധിക്കുന്നു. പ്രദോഷമാഹാത്മ്യത്തിൽ “ഫണിപതിശയനനനന്തപുരേശ” നെ കവി നമസ്കരിക്കുന്നു. “വഞ്ചിമഹീപതിവരഗുണശേഖരനഞ്ചിതവിമലമഹാഗുണസഞ്ചയൻ” എന്നും മറ്റും തിരുവിതാംകൂർ

മഹാരാജാവിനേയും പ്രശംസിച്ചിട്ടുണ്ട്. ആ മഹാരാജാവു മാർത്താണ്ഡവർമ്മ തന്നെയാണെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ടതില്ല. കുണ്ഡിനരാജാവായ ഭീഷ്മകനെന്ന വ്യാജത്തിൽ നമ്പിയാർ മേല്പടി കൃതിയിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ രാജ്യഭാരത്തെ വർണ്ണിക്കുന്നു. "ശോഭാസമുദയപൂർണ്ണസുവർണ്ണതുലാഭാരാദിമഹാദാനങ്ങളും" എന്ന് അദ്ദേഹം പറയുന്നത് ആ മഹാരാജാവ് 925–928 ഈ കൊല്ലങ്ങൾക്കിടയിൽ നടത്തിയ തുലാഭാരം ഉൾപ്പെടെയുള്ള ഷോഡശമഹാദാനങ്ങളെപ്പറ്റിയാണ്. "മന്ത്രജപം ബഹുമുറജപമൊരുദശി" എന്ന വരിയിൽ സൂചിതമായ മുറജപം 931-ലേതായിരിക്കണം. അങ്ങനെ 931-ആണ്ടിടയ്ക്കാണ് പ്രദോഷമാഹാത്മ്യം രചിച്ചതെന്നു തെളിയുന്നു. ഹരിണീസ്വയംവരത്തിന്റേയും ഹനുമദുത്ഭവത്തിന്റേയും ആവിർഭാവത്തെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ട്. അതിൽ കവി ശ്രീപത്മനാഭസ്വാമി, തിരുവട്ടാറ്റ് ആദികേശവസ്വാമി, ശുചീന്ദ്രത്തു സ്ഥാണുമൂർത്തിയും തെക്കൻപെരുമാളും (വിഷ്ണു), കന്യാകുമാരി ഭഗവതി ഈ ദേവതകളെ നമസ്കരിക്കുന്നു. കൃഷ്ണലീലയിൽ സ്തുതിക്കുന്നതും പ്രായേണ ഈ ദേവതകളെത്തന്നെയാണ്. അതു കഴിഞ്ഞ്,

"വേണാട്ടുകരനാട്ടിലിയലുമീശ്വരന്മാരു-
മോണാട്ടുകരനാട്ടിലിയലുമീശ്വരന്മാരും
ചേണാർന്നീടിന ദക്ഷിണോത്തരബിംബലീനാട്ടിൽ
കാണാകുന്നൊരു ദേവാധീശന്മാർകളും പിന്നെ
അമ്പലപ്പുഴ വാഴുമരവിന്ദാക്ഷനുമെന്റെ
വമ്പിച്ച പരബ്രഹ്മസ്വരൂപികൾ വഴിപോലെ
സമ്പന്നപ്രകാശത്തെ വരിച്ചു വഞ്ചിരാജന്റെ
സമ്പത്തിന്നനുകൂലം പ്രകാശിച്ചു വിളങ്ങുന്നു.
പാർത്താലത്ഭുതം ബാലമാർത്താണ്ഡക്ഷിതീശന്റെ
വാർത്താവൈഭവമെല്ലാമോർത്താലന്തമില്ലേതും.
മാർത്താണ്ഡപ്രതാപൻ ശ്രീമാർത്താണ്ഡാവനീചന്ദ്രൻ"

എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്നു തെക്കുംകൂർ, വടക്കുംകൂർ, അമ്പലപ്പുഴ എന്നീ രാജ്യങ്ങൾ മാർത്താണ്ഡവർമ്മമഹാരാജാവു സ്വാധീനപ്പെടുത്തിയതിനുമേലാണ് പ്രസ്തുതകൃതിയുടെ നിർമ്മിതി എന്നു വന്നുകൂടുന്നു. തെക്കുംകൂർ 925-ലും വടക്കുംകൂർ 927-ലുമാണ് പിടിച്ചടക്കിയത്. സഭാപ്രവേശത്തിൽ മാത്തൂരംബികയേയും ശ്രീപത്മനാഭസ്വാമിയേയും മാർത്താണ്ഡവർമ്മമഹാരാജാവിനേയുമാണ് വന്ദിക്കുന്നത്.

"വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ!
വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം
സഞ്ചിതാഖിലകർമ്മധർമ്മസുനിർമ്മലാത്ഭുതപൗരുഷൻ
സകലരിപുകുലശലഭദഹനമഹാനുഭാവസുപൂരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമേ
ആക്രമിച്ചുടനാകവേ പരിപാലനേന മഹോത്സവം
ശക്രലോകസമാനമാക്കിവരുത്തി വാണരുളീടിനാൻ
അർക്കതുല്യഭുജപ്രതാപനശേഷഗുണനിധി പാതു മാം"

എന്നാണ് മാർത്താണ്ഡവർമ്മപ്രശസ്തി.

"പത്മനാഭസമർപ്പിതാഖിലധനജനൻ ധരണീശ്വരൻ
പത്മനാഭപുരാഖ്യമാകിന സത്മമാശു ചമച്ചുടൻ
രാമലക്ഷ്മണജാനകീഹനുമൽപ്രതിഷ്ഠകൾചെയ്കയാൽ
ക്ഷേമമൻപൊടു ഭൂമിവാസിജനത്തിനൊക്കെ വളർത്തുടൻ
സകലജനധനവിഭവമനവധി സംഭരിച്ചരുളീടിനാൻ
സകലഹരിപദഘടിതപടുമതി വഞ്ചിഭൂമിപുരന്ദരൻ"

എന്നു പഞ്ചേന്ദ്രോപാഖ്യാനത്തിൽ ഒരു പ്രസ്താവനയുണ്ട്. ഈ പ്രസ്താവനയിൽ പറയുന്ന തൃപ്പടിദാനം 925-ലാണല്ലോ നടന്നത്.

"ഓർത്താലത്ഭുതമേവം പ്രസിദ്ധിശാലിയാം ബാല-
മാർത്താണ്ഡാവനീപാലൻ ജയിക്കേണം ബഹുകാലം
കാർത്തവീര്യനെപ്പോലെ ഭദ്രദീപപ്രതിഷ്ഠാനം
പാർത്താലിക്ഷിതിതന്നിൽ മറ്റൊരുത്തർക്കെളുതല്ല"

എന്ന പൗണ്ഡ്രകവധത്തിലെ സൂചനയിലുള്ള ഭദ്രദീപപ്രതിഷ്ഠ 919-ലാണ് നടന്നത്. ഈ രണ്ടു കൃതികളുടെ നിർമ്മിതിയും 929-നുമേലാണെന്ന് ഊഹിക്കുന്നതിൽ അപാകമില്ല. (16) ധ്രുവചരിതത്തിൽ പ്രകടമായി മാർത്താണ്ഡവർമ്മമഹാരാജാവിനെപ്പറ്റി പ്രസ്താവിച്ചിട്ടില്ലെങ്കിലും "മാർത്താണ്ഡതുല്യനാം മാർത്താണ്ഡപുത്രജൻ" എന്നുള്ള വർണ്ണനയിൽനിന്നു കവി അദ്ദേഹത്തെ കടാക്ഷിക്കുന്നുണ്ടെന്ന് അനുമാനിക്കാം. അതിലെ "ക്ഷേത്രം പണിയിച്ചു പാത്രങ്ങൾ തീർപ്പിച്ചു" തുടങ്ങിയ വരികൾ അവിടത്തെ രാജ്യഭാരത്തിന്റെ ഉപശ്ലോകനം തന്നെയാണെന്നുള്ളതിനെക്കുറിച്ചും സംശയിക്കുവാനില്ല. (17) നൃഗമോക്ഷത്തിന്റെ രചന മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തിലോ രാമവർമ്മമഹാരാജാവിന്റെ കാലത്തിലോ എന്നു ക്ലിപ്തപ്പെടുത്തിപ്പറയാൻ നിർവ്വാഹമില്ല.

"സകലനൃപകുലതിലകനിഹ കുലശേഖരപ്പെരുമാളഹോ!
വഞ്ചിരാജവസുന്ധരാതലകലശജലധിസുധാകരൻ
പത്മനാഭപുരേ വിളങ്ങിന പാർത്ഥിവാവലിസത്തമൻ"

എന്നീ വിശേഷണങ്ങൾ അവർക്കു രണ്ടുപേർക്കും യോജിക്കും. (18) കുംഭകർണ്ണവധവും നമ്പിയാർ തിരുവനന്തപുരത്തു താമസിക്കുമ്പോൾ രചിച്ച കൃതികളിൽ ഒന്നുതന്നെയാണ്. അതിൽ തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്കും ശുചീന്ദ്രത്തു ശ്രീപരമേശ്വരനും തിരുവട്ടാറ്റ് ആദികേശവസ്വാമിക്കും പുറമേ കവി വർക്കല ജനാർദ്ദനനേയും തൃപ്പരപ്പു തുടങ്ങിയുള്ള പന്ത്രണ്ടു ശിവാലയങ്ങളിലെ മൂർത്തികളേയും വന്ദിക്കുന്നു. ആ തുള്ളൽ എഴുതിയത് എപ്പോളെന്നു ഖണ്ഡിച്ചുപറയുവാൻ തരമില്ലെങ്കിലും അതും മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്താണെന്നു തോന്നുന്നുണ്ട്.

## 933-നുമേൽ രാമവർമ്മമഹാരാജാവിന്റെ കാലത്തിൽ

(19) ഹരിശ്ചന്ദ്രചരിതത്തിൽ നമ്പിയാർ രാമവർമ്മമഹാരാജാവിനെ

"അനന്തനൽപ്പുരംതന്നിലനന്തേ പള്ളികൊള്ളുന്നോ-
രനന്തപത്മനാഭൻതാനനന്തപ്രാഭവത്തോടേ
അനന്താലക്ഷ്മിമാരോടുമനന്താനന്ദസന്ദോഹം
മനം തന്നിലിരുന്നോരു മഹാഭക്താവലിയോടും
സമം തത്ര വിളങ്ങുന്ന സമസ്തസ്വാമി നാഥന്റെ

സമഗ്രപ്രീതിസൽപാത്രം സമഗ്രശ്രീസമായുക്തൻ
രാമതുല്യൻമഹാവഞ്ചിരാമവർമ്മേന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസമാരൻ
യാമിനീശാനനൻ വീരൻ ഭൂമിദേവപ്രിയൻ ധീരൻ
ഭൂരിസേനാപരീവാരൻ ഭൂഭുജാമേകമാധാരൻ
വഞ്ചിമാർത്താണ്ഡവർമ്മശ്രീഭാഗിനേയൻ മഹാപുണ്യം
സഞ്ചിതമഞ്ചിതമാക്കിസ്സന്തതംതാൻ ജയിക്കുന്നു"

എന്നു സ്തുതിയ്ക്കുന്നു. ഈ ഒരു തുള്ളലിൽ മാത്രമേ ആ മഹാരാജാവിന്റെ നാമധേയം പ്രത്യേകമായി സ്മരിച്ചുകാണുന്നുള്ളു.

## ബാക്കിയുള്ള തുള്ളലുകൾ

നമ്പിയാരുടെ കൃതികളെന്നു പറയുന്നശേഷം തുള്ളലുകളിൽ (20) പുളിന്ദീമോക്ഷം (21) നാളായണീചരിതം (22) കീചകവധം ഇവ മൂന്നും അദ്ദേഹത്തിന്റേതു തന്നെയെന്നുള്ളതിനു സംശയമില്ല. ആദ്യത്തെ രണ്ടു കൃതികളിലും അമ്പലപ്പുഴ കൃഷ്ണൻ, തകഴി ശാസ്താവ്, കിള്ളിക്കുറിശ്ശി മഹാദേവൻ ഈ മൂന്നു ദേവന്മാരെയേ കവി സ്തുതിയ്ക്കുന്നുള്ളു. അതുകൊണ്ടു് ഇവ നമ്പിയാർ ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി താമസിക്കുന്ന കാലത്താണു് നിർമ്മിച്ചതെന്നു് ഊഹിക്കണം. രാജപ്രശസ്തി കാണാത്തതു് അത്ര സാരമാക്കാനില്ല. കീചകവധത്തിൽ കിള്ളിക്കുറിശ്ശിമങ്ഗലത്തു ശിവനെയും അമ്പലപ്പുഴ കൃഷ്ണനെയും മാത്രമേ കവി സ്മരിക്കുന്നുള്ളു. അതുകൊണ്ടു് അതും അക്കാലത്തെ നിബന്ധനമെന്നുതന്നെ കണക്കാക്കാം. അതിൽ വിരോധമില്ല. (23) രുക്മിണീസ്വയംവരത്തിൽ കുടമാളൂർ വേട്ടക്കൊരുമകനേയും അമ്പലപ്പുഴ കൃഷ്ണനേയും വന്ദിക്കുന്നു. കുടമാളൂർത്തേവരെ ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിരുന്നപ്പോളല്ലാതെ വർണ്ണിച്ചിരുന്നിരിക്കുകയില്ല. (24, 25) നളചരിതത്തിലും സന്താനഗോപാലം ഓട്ടൻതുള്ളലിലും കിള്ളിക്കുറിശ്ശിത്തേവരെ മാത്രമേ വന്ദിച്ചിട്ടുള്ളു. എങ്കിലും അന്തരങ്ഗപരിശോധനകൊണ്ടു് അവ രണ്ടും നമ്പിയാരുടെ വാങ്മയങ്ങളാണെന്നു ഒരുവിധം തീർച്ചപ്പെടുത്താം. (26) ഇതുപോലെതന്നെയാണു് മാത്തൂർ ഭഗവതിയെമാത്രം വന്ദിക്കുന്ന സത്യാസ്വയംവരത്തിന്റെ അവസ്ഥയും. ഇനി വന്ദനങ്ങൾ ഘടിപ്പിച്ചിട്ടില്ലാത്ത ചില തുള്ളലുകളുണ്ടു്. അവയിൽ (27) അഹല്യാമോക്ഷം (28) സീതാസ്വയംവരം (29) രാവണോത്ഭവം (30) ബാലിവിജയം (31) ഹിഡിംബവധം (32) ബകവധം (33) പാത്രചരിതം ഓട്ടൻ (34) ബാണയുദ്ധം (35) ശീലാവതീചരിതം (36) ചന്ദ്രാങ്ഗദചരിതം (37) ഗോവർദ്ധനചരിതം (38) കാളിയമർദ്ദനം (39) രാമാനുചരിതം ഓട്ടൻ (40) നിവാതകവചവധം ഓട്ടൻ (41) ബാല്യുത്ഭവം (42) ദക്ഷയാഗം എന്നിവ നമ്പിയാരുടെ കൃതികളാണെന്നു സഹൃദയന്മാർക്കു് ഒരിക്കൽ വായിച്ചാൽപ്പോലും ബോധ്യമാകുന്നതാണു്.

## നമ്പിയാരുടേതല്ലാത്ത തുള്ളലുകൾ

നളചരിതത്തിനും പഞ്ചേന്ദ്രോപാഖ്യാനത്തിനും ഹരിണീസ്വയംവരത്തിനും ഹരിശ്ചന്ദ്രചരിതത്തിനും ത്രിപുരദഹനത്തിനും ഈരണ്ടു കളങ്ങളുണ്ടു്. ഒരു കളമെന്നാൽ ഒരവസരത്തിൽ രങ്ഗപ്രവേശം ചെയ്യേണ്ട ഭാഗം എന്നർത്ഥം. ഓരോ കഥയേയും ഓരോന്നായിത്തന്നെ കണക്കാക്കി ആകെ 56 തുള്ളലുകളാണു് റെഡ്ഡിയാർ സമാഹരിച്ചിരിക്കുന്നതു്. സുന്ദോപസുന്ദയുദ്ധം അദ്ദേഹം മുദ്രണം ചെയ്തിട്ടില്ല. അതുംകൂടി ചേർത്താൽ അമ്പത്തേഴായി. അവയിൽ മുമ്പു നാമഗ്രഹണം ചെയ്ത 42 തുള്ളലുക

ളും തള്ളിയാൽ അവശേഷിക്കുന്നതു പതിനഞ്ചു കഥകളാണല്ലോ. ആ തുള്ളലുകളെ നമ്പിയാരുടെ കൃതികളായി ഗണിക്കുവാൻ നിവൃത്തിയില്ല. (1) നിവാതകവചവധം ശീതങ്കനും (2) അംബരീഷ ചരിതവും കൊല്ലം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന പൂന്തോട്ടത്തു വലിയ ദാമോദരൻനമ്പൂരിയുടെ പ്രബന്ധങ്ങളാണ് (3) ഗജേന്ദ്രമോക്ഷം പറയനിൽ വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ടു നമ്പിയാരുടെ രീതിപിടിച്ചു അമ്പലപ്പുഴ കൃഷ്ണനേയും തകഴി ശാസ്താവിനേയും കിള്ളിക്കുറിശ്ശി ശിവനേയും വാസുദേവപുരത്തു കൃഷ്ണനേയും വന്ദിക്കുന്നുണ്ടെങ്കിലും അതു കണ്ടു വായനക്കാർ ഭ്രമിച്ചുപോകരുത്. വെണ്മണിയുടെ ഇഷ്ടദേവത ഐരാണിക്കുളത്ത് ശിവനാണ്. ആ ദേവനെ" തിരുവൈരകീലതടാകവാസിമഹേശ്വരൻ" എന്ന് അദ്ദേഹം സ്മരിക്കുന്നതിനു പുറമേ 1055 മുതൽ 1060 വരെ തിരുവിതാംകൂർ വാണിരുന്ന വിശാഖം തിരുനാൾ മഹാരാജാവിന്റെ കല്പനയനുസരിച്ചാണ് താൻ ആ തുള്ളൽ രചിയ്ക്കുന്നതെന്നു വ്യക്തമായി രേഖപ്പെടുത്തീട്ടുമുണ്ട്. ഗജേന്ദ്രമോക്ഷത്തിന്റെ ആവിർഭാവം 1056-ലായിരുന്നു എന്നു നമുക്കു മറ്റുപ്രകാരത്തിൽ അറിയുകയും ചെയ്യാം. (4) ഐരാവണവധം രാമപുരത്തു വാരിയരുടെ വാങ്മയമാണെന്നു മുൻപിലത്തെ അധ്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. (5) സ്വാരസ്യത്തിനു വളരെ കുറവുള്ള കൃഷ്ണാർജ്ജുനവിജയം നമ്പിയാരുടെ ശിഷ്യനായ അമ്പയാറ്റുപണിക്കർ എന്ന ഒരു കവിയുടെ കൃതിയാണ്. (6) ഐരാവതപൂജ (7) സുന്ദരീസ്വയംവരം ഇവ മറ്റൊരു ശിഷ്യനായ കോയിപ്പുറത്തു പണിക്കരുടെ കൃതിയാണെന്നു പറയുന്നു. പണിക്കർ ചങ്ങനാശ്ശേരിത്താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള ചിറക്കടവു പകുതിയിൽ കുവത്താഴ എന്നുകൂടി പേരുള്ള ശിവക്ഷേത്രത്തിനു സമീപം സ്ഥിതിചെയ്യുന്ന കോയിപ്പുറത്ത് എന്ന ഭവനത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പേരെന്തെന്നറിയുന്നില്ല. അദ്ദേഹം കൊടുങ്ങല്ലൂർ ഭഗവതിയുടെ ഭക്തനും ഒരു നല്ല മന്ത്രവാദിയുമായിരുന്നു. സുന്ദരീസ്വയംവരത്തിൽ ശ്രീകുരുംബവാസിനി (കൊടുങ്ങല്ലൂർ ഭഗവതി) യേയും, ശൃംഗാലയ (ശൃംഗപുരം, ചിങ്ങപുരത്തു തളി, കൊടുങ്ങല്ലൂരിലെ ഒരു ശിവക്ഷേത്രം) വാസിയായ ശിവനേയും നമസ്കരിക്കുന്നുണ്ട്. ഇവ കൂടാതെ രാമാനുചരിതം എന്ന പേരിൽ ഒരു ഓട്ടൻതുള്ളൽ അദ്ദേഹവും രചിയ്ക്കുകയുണ്ടായി എന്നും അതിൽ" മൂന്നു തിരിഞ്ഞൊരു മുപ്പറമുള്ളീദ്ധന്യാത്മാവേ മോഹിച്ചും പോയ്" എന്ന ഈരടി നമ്പിയാർ വായിച്ചപ്പോൾ അതിലെ അശ്ലീലത്വം പരിഹരിക്കുന്നതിനുവേണ്ടി "മൂന്നു തിരിഞ്ഞൊരു മുക്കാൽനാഴിക ധന്യാത്മാവേ മോഹിച്ചുംപോയ്" എന്നു തിരുത്തിക്കൊടുത്തുവെന്നും ഐതിഹ്യമുണ്ട്. ദക്ഷയാഗം പണിക്കരുടെ വാങ്മയമാണെന്നു ചിലർ പറയുന്നുണ്ടെങ്കിലും എനിക്ക് അതു സമ്മതിക്കുവാൻ തോന്നുന്നില്ല. (8) ലങ്കാമർദ്ദനത്തിൽ വില്വാദ്രിനാഥനായ ശ്രീരാമൻ, ഗുരുവായൂരപ്പൻ, അമ്പലപ്പുഴക്കൃഷ്ണൻ ഹരിപ്പാട്ടു സുബ്രഹ്മണ്യൻ എന്നീ ദേവന്മാരെയാണ് കവി നമസ്കരിച്ചിരിക്കുന്നത്. കവിതയ്ക്കു ഗണപതിപ്രാതൽ മുതലായ ചില ഭാഗങ്ങളിൽ ഫലിതവും ചമൽക്കാരവുമുണ്ടെങ്കിലും എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തെ ചില ഈരടികളിൽ ഒരു പ്രതിഭാശാലിയ്ക്കു യോജിക്കാത്ത വിധത്തിൽ കവി ഉപജീവിച്ചിരിക്കുന്നു. അതിനുപുറമെ ശീതങ്കനിൽ പ്രയോഗിക്കാറുള്ള കൃശമധ്യാവൃത്തം ഈ ഓട്ടൻതുള്ളലിൽ പ്രയോഗിച്ചിട്ടുമുണ്ട്. ഇന്ദുവദനയ്ക്കു പ്രവേശമനുവദിച്ചുകാണുന്നത് ഈ തുള്ളലിലെ മറ്റൊരു വൈജാത്യമാണ്. ഈ കാരണങ്ങളാൽ പ്രസ്തുത കൃതിയുടെ കർത്തൃത്വം അജ്ഞാതനാമാവായ മറ്റൊരു കവിയിൽ ആരോപിക്കേണ്ടിയിരിക്കുന്നു. (9) കിർമ്മീരവധം (10) ദുര്യോധനവധം (11) അന്തകവധം (12) പ്രഹ്ലാദചരിതം (13) പാത്രചരിതം ശീതങ്കൻ (14) പാഞ്ചാലീസ്വയംവരം (15) ധേനുകവധം എന്നീ തുള്ളലുകൾ നമ്പിയാരുടേതല്ലെന്നു പറയത്തക്കവണ്ണം അത്രമാത്രം

നിർജ്ജീവങ്ങളാണ്. നമ്പിയാർ ആകെക്കൂടി 64 തുള്ളലുകൾ രചിച്ചതായി ഐതിഹ്യമുണ്ടെങ്കിലും അവയിൽ നാല്പതോ നാല്പത്തഞ്ചോ തുള്ളലുകളിലധികം നമുക്കു കിട്ടീട്ടുള്ളതായി തോന്നുന്നില്ല.

## നമ്പിയാരുടെ തുള്ളലുകളുടെ വിഭാഗഗണന

മേൽപ്രസ്താവിച്ച നാൽപത്തിരണ്ടു കഥകളിൽ പ്രദോഷമാഹാത്മ്യം, കിരാതം, രുഗ്മിണീസ്വയംവരം, ഘോഷയാത്ര, കർത്തവീര്യാർജ്ജുനവിജയം, സ്യമന്തകം, രാമാനുചരിതം, നളചരിതം, അഹല്യാമോക്ഷം, ബാണയുദ്ധം, പാത്രചരിതം, സന്താനഗോപാലം, സീതാസ്വയംവരം, ശീലാവതീചരിതം, രാവണോത്ഭവം, ബാലിവിജയം, സത്യാസ്വയംവരം, ചന്ദ്രാങ്ഗദചരിതം, ഹിഡിംബവധം, ബകവധം, ഗോവർദ്ധനചരിതം, നിവാതകവചവധം ഇവ ഓട്ടൻതുള്ളലുകളും; കല്യാണസൗഗന്ധികം, ഹരിണീസ്വയംവരം, ധ്രുവചരിതം, കൃഷ്ണലീല, ബാല്യുത്ഭവം, കാളീയമർദ്ദനം, ഗണപതിപ്രാതൽ, ഹനൂമദുത്ഭവം, പൗണ്ഡ്രകവധം, നൃഗമോക്ഷം ഇവ ശീതങ്കൻതുള്ളലുകളും; സഭാപ്രവേശം, ത്രിപുരദഹനം, കുംഭകർണ്ണവധം, ഹരിശ്ചന്ദ്രചരിതം, പുളിന്ദീമോക്ഷം, നാളായണീചരിതം, പഞ്ചേന്ദ്രോപാഖ്യാനം, ദക്ഷയാഗം, കീചകവധം, സുന്ദോപസുന്ദോപാഖ്യാനം ഇവ പറയൻതുള്ളലുകളുമാകുന്നു. ഈ കൃതികളെല്ലാം കവനവിഷയത്തിൽ സമസ്കന്ധങ്ങളെന്നു പറയുവാൻ പാടില്ല. ഓട്ടനിൽ ഘോഷയാത്രയും ശീതങ്കനിൽ ഹരിണീസ്വയംവരവും പറയനിൽ സഭാപ്രവേശവും മികച്ചു നില്ക്കുന്നു. നളചരിതത്തിലും ശീലാവതീചരിതത്തിലും നമ്പിയാരുടെ പൂർവ്വകൃതികളായ നളചരിതം കിളിപ്പാട്ടിന്റേയും ശീലാവതിയുടേയും അനുരണനം കേൾക്കാവുന്നതാണ്. പ്രദോഷമാഹാത്മ്യം, ചന്ദ്രാങ്ഗദചരിതം, പുളിന്ദീമോക്ഷം ഇവ ശിവപുരാണത്തിൽ നമ്പിയാർ തന്നെ അനുകീർത്തനംചെയ്തിട്ടുള്ള കഥകളാണ്. ചന്ദ്രാങ്ഗദചരിതത്തിലെ ഇതിവൃത്തം സോമവാരവ്രതമാഹാത്മ്യമാണെന്നു പറയേണ്ടതില്ലല്ലോ.

## തുള്ളൽക്കഥാപ്രസ്ഥാനത്തിന്റെ ഉദ്ദേശം

കുഞ്ചൻനമ്പിയാർ തുള്ളൽക്കഥകൾ രചിച്ചതു ശ്രോതാക്കളെ ആസ്തികന്മാരും ഈശ്വരഭക്തന്മാരും സദാചാരനിരതന്മാരുമാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രമായിരുന്നു. പല പ്രകാരത്തിലുള്ള അപഥസഞ്ചാരം അദ്ദേഹം തന്റെ ചുറ്റുപാടുമുള്ള വ്യക്തികളിലും സമുദായങ്ങളിലും രൂഢമൂലമായിക്കണ്ടു. ആത്മനാശഫലമായ ആ പ്രയാണത്തിൽനിന്നു സകല കേരളീയരേയും ആവുന്നിടത്തോളം പിൻതിരിപ്പിച്ചു. ധർമ്മത്തിൽ അവർക്കു അഭിരുചി വളർത്തി, തദ്വാരാ ഉത്തമമായ ജീവിതം നയിക്കുന്നതിനു അവർക്കു പ്രചോദനം നല്കി കുറേക്കാലം ലോകസേവനം ചെയ്യണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അതിന് ഒരു കവിയുടെ നിലയിൽ താൻ സ്വീകരിക്കേണ്ട മാർഗ്ഗം ഏതായിരിക്കണമെന്നുള്ളതിനെപ്പറ്റിയും അദ്ദേഹത്തിനു യാതൊരു സംശയവും തോന്നിയില്ല. താൻ ഒരു വലിയ സംസ്കൃതകവിയായിരുന്നു എന്നുള്ള വസ്തുത അദ്ദേഹം ചില തുള്ളലുകളിലും അങ്ങിങ്ങു സൂചിപ്പിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, സഭാപ്രവേശത്തിൽ ഒരു ബ്രഹ്മണനെക്കൊണ്ടും ത്രിപുരദഹനത്തിൽ പിശാചുക്കളെക്കൊണ്ടും പ്രാകൃതകവിത ചൊല്ലിക്കുമ്പോൾ നാം അവയുടെ പശ്ചാത്തലത്തിൽ കാണുന്നതു് ഉഷാനിരുദ്ധത്തിന്റേയും കംസവധത്തിന്റേയും കർത്താവിനെത്തന്നെയാണ്. എങ്കിലും സാമാന്യജനങ്ങൾക്കു സംസ്കൃതഭാഷാജ്ഞാ

നം ഇല്ലായിരുന്നതിനാൽ തന്റെ ഉദ്ദേശത്തിനു മലയാളം – അത്യന്തം ലളിതമായ നാടോടിമലയാളം – മാത്രമേ പ്രയോജനപ്പെടുകയുള്ളു എന്ന് ആ മഹാകവി മനസ്സിലാക്കി. ഇതിവൃത്തത്തിന് ഇതിഹാസപുരാണങ്ങളിലെ കഥകൾതന്നെ തിരഞ്ഞെടുക്കേണ്ടതാണെന്നും അല്ലെങ്കിൽ തന്റെ കൃതികളിൽ ആരെങ്കിലും ശ്രദ്ധിയ്ക്കുകയോ അവയ്ക്കു ധർമ്മോപദേശം ചെയ്യാനുള്ള കുലീനത സിദ്ധിക്കുകയോ ചെയ്യുകയില്ലെന്നും ആ സൂക്ഷ്മദർശി ധരിച്ചു. ഇടയ്ക്കു പരിതഃസ്ഥിതികളെ പ്രതിഫലിപ്പിക്കുന്ന ചില ഉപകഥകൾകൂടി അങ്ങിങ്ങു ചേർത്ത് അവയ്ക്കു മോടിപിടിപ്പിയ്ക്കാമെന്നും അദ്ദേഹം കരുതി. കേരളത്തെ അധിവസിക്കുന്ന വിഭിന്നജാതിക്കാരിലും വ്യക്തികളിലും എങ്ങനെയാണ് ദുരാചാരവൈമുഖ്യം ജനിപ്പിക്കേണ്ടത് എന്ന പ്രശ്നത്തിനും അദ്ദേഹത്തിനു അസന്ദിഗ്ദ്ധമായ സമാധാനമുണ്ടായിരുന്നു. പൂർവ്വകഥകളെ പ്രതിപാദിക്കുക എന്ന വ്യാജത്തിൽ സ്വർഗ്ഗത്തിലും ഇതരലോകത്തിലും ഭാരതത്തിലെ വിവിധ ദേശങ്ങളിലും കേരളീയരെത്തന്നെ പ്രധാനമായി വർണ്ണിക്കുക; അവരുടെ സ്വഭാവദോഷങ്ങളെത്തന്നെ നിശിതമായി അധിക്ഷേപിക്കുക; എന്നാൽ ആ അധിക്ഷേപം ആരും ചിരിച്ചു പോകത്തക്ക വിധത്തിലുള്ള ഫലിതവചനങ്ങളിൽ പൊതിഞ്ഞു മസൃണതയും മാധുര്യവും കലർത്തി അവരുടെ മുന്നിൽ സമർപ്പിച്ച് അവരെക്കൊണ്ട് അത് ആസ്വദിപ്പിക്കുക—ഇത്തരത്തിൽ സരളവും സാധകവുമായ ഒരു കവനരീതിയാണ് അദ്ദേഹം അംഗീകരിച്ചത്. നമ്പിയാർതന്നെ ചിലതെല്ലാം തദ്വിഷയകമായി പ്രസ്താവിച്ചിട്ടുണ്ട്.

“ഭാഷയായ്പ്പറവാനുമടിയനു സംസ്കൃതത്തിലുമൊന്നുപോൽ
ദോഷഹീനപടുത്വമല്പമുദിപ്പതുണ്ടിവിടെന്നതിൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ്പ്പറയാമതിൽച്ചില ദൂഷണം വരുമെങ്കിലും”

എന്നു കീചകവധത്തിലും

“സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൗതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരു രസമേശുകില്ലതുകാരണം
ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.
കടുപടെപ്പടുകഠിനസംസ്കൃതവികടകടുകവി കേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല; തിരിക്കുമൊക്കെയുമേറ്റടൻ;
ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല; വിശേഷഭൂഷണമായ്‌വരും.
വേഷസംഗതിയോടു ചേർന്നൊരു ഭാഷ വേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നു വരൂ ദൃഢം”

എന്നു സഭാപ്രവേശത്തിലും

“ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ-
ത്തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ-
ന്നിരിക്കുന്നെങ്കിലമ്മാത്രമുരയ്ക്കാമെന്നതേ വേണ്ടൂ”

എന്നു കുംഭകർണ്ണവധത്തിലും

“കലികാലങ്ങളിലുള്ള കാണികൾക്കു കഥ കേട്ടാൽ

ഫലിതമുള്ളതേ നല്ലൂ പലർക്കുമങ്ങനെതന്നെ.
വലിപ്പമുള്ളവർകൾക്കും വയസ്സു ചെന്നവർക്കും നൽ-
ക്കുലത്തിലുള്ളവർകൾക്കും നാരിമാർക്കും ശിശുക്കൾക്കും
ചിരിപ്പാൻ സംഗതിയുള്ള കവികൾ ചൊല്ലിയെങ്കിൽക്കേ-
ട്ടിരിപ്പാനാഗ്രഹമുണ്ടാമെന്നിയേ സൽക്കഥ കേട്ടാൽ
തിരിപ്പാനെന്തൊരു മാർഗ്ഗമെന്നു നോക്കുന്നവരേറും.
മരിപ്പാനൊട്ടടുത്താലും മാധവന്റെ പദാംഭോജം
സ്മരിപ്പാൻ ഭാവമില്ലാർക്കുമെന്തൊരു നിർമ്മരിയാദം?”

എന്നു ഹനൂമദുത്ഭവത്തിലും

“ഹാസത്തിന്നൊരു മാർഗ്ഗം ചില ദിക്കിലതും വേണം
പ്രാസത്തിന്നൊരേടത്തും കുറവില്ലാതിരിക്കേണം.
. . . . . . . . .
മെച്ചത്തിലൊരു കഥ പറവാനാഗ്രഹമെങ്കി-
ലിചരയ്ക്കു ചേർന്നപോലെ താളവും മേളവും വേണം.
കഥയിൽസ്സംഗതി ചേർത്തു കഥിക്കുമ്പോളതിൽക്കൂടി-
ക്കഥിക്കേണ്ടിവരും കുത്തുകവികളും ചില ദിക്കിൽ.
അതുകൊണ്ടു ഭവാന്മാർക്കു വൈരമേതും ഭവിക്കൊല്ല
ഹിതജ്ഞന്മാരറിഞ്ഞെല്ലാം സഹിക്കേണം; വണങ്ങുന്നേൻ”

എന്നു പഞ്ചേന്ദ്രോപാഖ്യാനത്തിലുമുള്ള വചനങ്ങൾ നോക്കുക. നമ്പിയാർക്കു പരപ്പും ആഴവുമുള്ള പ്രകൃതിനിരീക്ഷണപാടവം, വിവിധജനങ്ങളുടെ മനോവൃത്തികളെ അവയുടെ വിശ്വതോമുഖമായ രൂപത്തിൽ ഗ്രഹിക്കുന്നതിനുള്ള വൈഭവം, അവരുടെ കുറവും കുറ്റവും താഴ്ചയും വീഴ്ചയും അതിലേക്കു പ്രത്യേകമായുള്ള ഏതോ ഒരു നൂതനേന്ദ്രിയംകൊണ്ടെന്നപോലെ കണ്ടുപിടിച്ച് അവയെ അപഹസിയ്ക്കുവാനുള്ള പ്രാഗൽഭ്യം, വസ്തുതത്ത്വപ്രതീതി പരിപൂർണ്ണമായി ജനിക്കത്തക്ക വിധത്തിൽ അതിന്റെ സകല ഘടകാംശങ്ങളേയും യഥോചിതം വ്യൂഹനം ചെയ്യുന്നതിനുള്ള നൈപുണ്യം ഇത്യാദി സിദ്ധികൾ നൈസർഗ്ഗികങ്ങളായിരുന്നു. അവ ചാക്കിയാന്മാരുമായുള്ള സംസർഗ്ഗം നിമിത്തം അത്യധികമായ പരിപുഷ്ടിയെ പ്രാപിച്ചു എന്നു മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. ആ സിദ്ധികളോടുകൂടി അവയുടെ പ്രകാശനത്തിന് ആവശ്യകമായ മുഗ്ദ്ധഭാഷയും സ്വാധീനമായപ്പോൾ അദ്ദേഹം താൻ സങ്കല്പിച്ച പുതിയ സാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതൃത്വത്തിനു സർവഥാ അർഹത്തമനായിത്തീർന്നു.

## തുള്ളൽക്കഥകളിലെ ഭാഷ

രാഘവീയത്തിലേയും സീതാരാഘവത്തിലേയും രാമപാണിവാദനെയല്ല നാം നളചരിതത്തിലും ശിവപുരാണത്തിലും കാണുന്നതെന്നു മുൻപ് പറഞ്ഞുവല്ലോ. തന്റെ വ്യാകരണപാണ്ഡിത്യവും മറ്റും വരാകിയായ കൈരളിക്കു വഹിക്കുവാൻ ശക്തിയില്ലെന്ന് അദ്ദേഹത്തിനു നല്ലപോലെ അറിയാമായിരുന്നു. സംസ്കൃതത്തിലെ ശബ്ദശുദ്ധി ഭാഷയിൽ അത്രതന്നെ പരിപാലിക്കണമെന്ന് അക്കാലത്ത് ആർക്കും നിഷ്കർഷയില്ലായിരുന്നതിനാൽ, ആ സാമാന്യനിയമത്തിന് അദ്ദേഹവും വിധേയനായി. ദൃശ്യപ്രബന്ധങ്ങളായ ആട്ടക്കഥകളും തുള്ളൽക്കഥകളും രചിക്കുമ്പോൾ കിളിപ്പാട്ടുകളിലെ രാമപാണിവാദനു പിന്നെയും പല പടികൾ താഴോട്ടേയ്ക്കു വാങ്ങിവരണമെന്നു സ്വാഭാവികമായിത്തോന്നി. ആ പ്രബന്ധങ്ങൾ അഭിനയിക്കേണ്ടതു പ്രായേണ

അവ്യുൽപന്നന്മാരാണെന്നും സംസ്കൃതശ്ലോകങ്ങൾപോലും അവർക്ക് ഏറെക്കുറെ അർത്ഥാവബോധമുണ്ടാക്കത്തക്ക വിധത്തിലേ രചിക്കാവൂ എന്നും അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടാണ് ശംബരവധം തുടങ്ങിയ ആട്ടക്കഥകളിലും തുള്ളൽക്കഥകളിലും അദ്ദേഹം ഘടിപ്പിച്ചിട്ടുള്ള ശ്ലോകങ്ങൾ സാമാന്യേന നിർഗ്ഗുണങ്ങളായി കാണുന്നത് എന്നു ഞാൻ ഊഹിക്കുന്നു. തുള്ളൽക്കഥകളിലെ പദപ്രയോഗത്തിൽ നമ്പിയാർ ഉച്ഛൃംഖലനായിക്കാണപ്പെടുന്നു. ശാസ്ത്രദൃഷ്ട്യാ സമാധേയങ്ങളല്ലാത്ത അനേകം ശബ്ദങ്ങൾ അവയിലുണ്ട്. എങ്കിലും അത്തരത്തിലുള്ള വൈകല്യങ്ങളെല്ലാം അവയിലെ കവിതയുടെ ലാളിത്യാദിഗുണങ്ങളിൽ അസ്തമിതങ്ങളായിപ്പോകുന്നു. നമ്പിയാർ തുള്ളൽക്കഥകളിൽ സംസ്കൃതസാഹിത്യത്തിലെ നിരവധി ഗ്രന്ഥങ്ങളിൽ നിന്ന് ആശയങ്ങൾ അവസരോചിതമായി പരാവർത്തനം ചെയ്തിട്ടുണ്ടെങ്കിലും ആ പരാവർത്തനത്തിനു മൂലത്തെക്കാൾ പലപ്പോഴും മാധുര്യം കൂടിനില്ക്കുന്നു എന്നുള്ളതിനു സഹൃദയഹൃദയം തന്നെയാണ് സാക്ഷി."കർണ്ണാരുന്തുദമന്തരേണ രടിതം ഗാഹ സ്വ കാക! സ്വയം" എന്ന ശ്ലോകം കിരാതത്തിലും "ചീയതേ ബാലിശസ്യാപി " എന്ന ശ്ലോകം സ്യമന്തകത്തിലും അദ്ദേഹം എങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു എന്നു പരിശോധിച്ചാൽ മതി. ഭാഷയെ മസൃണീകരിക്കുന്നതിന് അദ്ദേഹം സ്വീകരിച്ച അനേകം ഉപായങ്ങളിൽ അതിപ്രധാനമെന്ന് എനിക്കു തോന്നീട്ടുള്ളതു ഭാഷാശൈലികളുടേയും ലോകോക്തികളുടേയും നിരന്തരവും നിഷ്പ്രയാസവുമായ വർഷമാണ്. ഈ വിഷയത്തിൽ സരസ്വതി അദ്ദേഹത്തെപ്പോലെ മറ്റൊരു കേരളീയ കവിയേയും അനുഗ്രഹിച്ചിട്ടില്ല.

## പ്രതിപാദനരീതി

നമ്പിയാർ താൻ കണ്ടറിഞ്ഞ വിഷയങ്ങളെമാത്രം അനുഭവസ്ഥന്റെ നിലയിൽ പ്രതിപാദിക്കുക എന്നത് ഒരു വ്രതംപോലെ അനുഷ്ഠിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ തുള്ളലുകൾക്ക് ഏത് അനുവാചകന്റെ ഹൃദയത്തേയും തന്മയീഭവിപ്പിക്കുന്നതിനുള്ള ആത്മവീര്യം അനായാസേന സിദ്ധിക്കുന്നത്. അദ്ദേഹം തന്റെ ഇതരഭാഷാകൃതികളിലെന്നപോലെ തുള്ളൽക്കഥകളിലും സ്വഭാവോക്തി, ദൃഷ്ടാന്തം, അർത്ഥാന്തരന്യാസം എന്നീ അലങ്കാരങ്ങളെയേ അധികമായി പ്രയോഗിയ്ക്കുന്നുള്ളു. അവകൊണ്ടു തന്റെ വർണ്ണനങ്ങൾക്കും സംഭാഷണങ്ങൾക്കും തികച്ചും ഒരു കേരളീയച്ഛായ വരുത്തുവാൻ സാധിയ്ക്കുമെന്നുള്ളതാണ് അതിനു കാരണം.

1 "കട്ടിലു കണ്ടു പനിച്ചാൽ കണക്കല്ല;
കിട്ടുമെന്നാകിലേ മോഹം തുടങ്ങാവൂ" (ധ്രുവചരിതം)
2 "ഉപ്പു ചുമന്നുനടക്കുന്നവനൊരു
കപ്പലു കടലിലിറക്കാൻ മോഹം" (രുക്മിണീസ്വയംവരം)
3 "എമ്പ്രാനല്പം കട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും" (സ്യമന്തകം)
4 "കൊന്നതിനെക്കാൾക്കോതചിറക്കൽ-
ച്ചെന്നു വിളിക്കുന്നതു ബഹുദുഃഖം" (രാമാനുചരിതം)
5 "ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്ക്കാരം" (സഭാപ്രവേശം)
6 "കാലത്തേ തുഴയാഞ്ഞാൽ കടവിൽച്ചെന്നടുക്കില്ല
കാലൻവന്നടുക്കുമ്പോൾക്കടാക്ഷിച്ചാൽ ഫലമില്ല" (നാളായണീചരിതം)

7 “കണ്ണടച്ചങ്ങിരുട്ടാക്കി നടന്നാൽ മറ്റു ലോകർക്കു
കണ്ണുകാണാതാകയില്ല താൻ മറിഞ്ഞു കുണ്ടിൽ വീഴും” (പഞ്ചേന്ദ്രോപാഖ്യാനം)
8 “ഉറക്കത്തിൽപ്പണിക്കത്തം തനിക്കുമില്ലെനിക്കുമി-
ല്ലറക്കൊട്ടിലകംപുക്കാൽ നമ്മളെല്ലാമൊന്നുപോലെ” (സഭാപ്രവേശം)

ഇത്യാദി പംക്തികളുടെ സ്വാരസ്യബീജം പ്രകൃതത്തിൽ പരിശോധനാർഹമാണ്. എവിടെച്ചെന്നാലും അദ്ദേഹം തന്റെ നാട്ടിലെ കാര്യങ്ങളെയേ പ്രതിപാദിക്കുകയുള്ളൂ. അതിനാണ് അദ്ദേഹത്തിന് സർവ്വോപരി സാമർത്ഥ്യവുമുള്ളത്. പ്രദോഷമാഹാത്മ്യത്തിൽ കുണ്ഡിനദേശത്തിലെ രാജാവിന്റെ രാജ്യഭാരം വർണ്ണിക്കുമ്പോൾ അതു മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭരണമായി രൂപാന്തരപ്പെടുന്നു. ആ രാജ്യം പിതാവിൽ നിന്ന് അപഹരിച്ച സാല്വനിൽനിന്ന് അതു വീണ്ടും സ്വായത്തമാക്കുവാൻ പോകുന്ന ധർമ്മഗുപ്തൻ അവിടത്തെ ജനങ്ങളോടു പറയുന്നത്.

“അമ്പലവാസികളെന്ത്രാന്തിരിമാ-
രായുധമില്ലാത്തൊരു നായന്മാർ
അങ്ങനെയുള്ളവരെല്ലാം വിരവിനൊ-
ടങ്ങൊരു നാട്ടിനു മാറിക്കൊൾവിൻ”

എന്നാണ്. കാർത്തവീര്യവിജയത്തിൽ രാവണൻ തന്റെ മന്ത്രിയായ ചിത്രയോധിമുഖേന അർജ്ജുനനോടു കേരളത്തിലെ ഒരു രാജാവു മറ്റൊരു രാജാവിനോടെന്നപോലെ

“വിളവിൽപ്പാതി നമുക്കു തരേണം
മുളകു സമസ്തവുമർപ്പിക്കേണം
തെങ്ങുകവുങ്ങുകൾ മാവും പ്ലാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം”

എന്നും മറ്റും ആജ്ഞാപിക്കുന്നു. ബാണന്റെ രാജധാനിയിൽ ശ്രീകൃഷ്ണന്റെ പട ചെന്നപ്പോൾ അവിടെ “വടിയിങ്ങോട്ടെടു കുഞ്ഞിപ്പെണ്ണേ, വടി ഞാനിവിടെ കണ്ടില്ലെന്നും, പിടലിക്കൊന്നുതരുന്നുണ്ടെന്നും” പലായനത്തിനുള്ള ത്വരയിൽ ഗൃഹനാഥനും ഭാര്യയുമായി ഒരു ചില്ലറ ശണ്ഠ നടക്കുന്നു. കല്യാണസൗഗന്ധികത്തിൽ

“കാരിയക്കാരുണ്ടു മേനോക്കിയച്ചനു-
ണ്ടാരിയപ്പട്ടരച്ചന്മാർ പലരുണ്ട്;
കോയിമ്മമാരുണ്ടടുക്കളക്കാരുണ്ട്;
നായന്മാരായുള്ളകമ്പടിക്കാരുണ്ട്;
ലന്തക്കുഴൽക്കാർ പതിനെട്ടു പുള്ളിയു-
ണ്ടന്തണന്മാരും പ്രഭുക്കളും ഭൃത്യരും
ചന്തമേറീടും പണിക്കരച്ചന്മാരും”

എന്നു അളകാപുരിയിലെ പ്രാഭവം വർണ്ണിതമായിരിക്കുന്നു. രുക്മിണീസ്വയംവരത്തിൽ കുണ്ഡിനപുരത്തേക്കു പോകുവാൻ ബലഭദ്രൻ പടകൂട്ടുമ്പോൾ

“ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും

കാര്യസ്ഥന്മാരെജമാനന്മാ-
രായിരമായിരമാൾക്കധിപന്മാർ" മാത്രമല്ല.
പട്ടാണികൾ പല കുതിരക്കാരും
കോട്ടപ്പടിയിൽക്കാവൽക്കാരും

കാട്ടാളന്മാർ മുക്കോപ്പരിഷകൾ
കോട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തു സ-
ഹസ്രാധികമിഹ വന്നീടേണം"

എന്നു കല്പന കൊടുക്കുന്നു. നളചരിതത്തിൽ ദേവേന്ദ്രൻ നളനോടു തന്റെ ധനങ്ങൾ കല്പവൃക്ഷത്തിൽ വിളഞ്ഞതാണെന്നു പറയുമ്പോൾ ആ അവസരം ദുഷ്പ്രഭുക്കന്മാരെ അവഹേളനം ചെയ്യുവാൻ കവി ഉപയോഗപ്പെടുത്തുന്നു.

"ചുങ്കമെടുത്തും പിഴ ചെയ്യിച്ചും
ശങ്കവെടിഞ്ഞു ഗൃഹങ്ങൾ കവർന്നും
വൻകരമേൽ മരുവുന്ന ജനത്തിനു
സങ്കടമന്നനുളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരൊടു
വൻപു പറഞ്ഞു പിടിച്ചുപറിച്ചും
പമ്പെഴുതിച്ചും വിരൽമുക്കിച്ചും
മുമ്പിൽ വരുത്തിപ്പണമൊപ്പിച്ചും
കൈക്കാണത്തിനു കണ്ണുനയിട്ടും
കൈക്കൽ വരുത്തിയതല്ലവയൊന്നും"

എന്നാണ് അവയുടെ ആഗമത്തെപ്പറ്റിയുള്ള വിശദീകരണം. ഘോഷയാത്രയിൽ ചിത്രസേനനെന്ന ഗന്ധർവ്വന്റെ ആക്രമണത്തിൽനിന്നു ഭയപ്പെട്ടോടുന്ന കൗരവസേനയെ വർണ്ണിക്കുന്ന ഒരു ഭാഗമാണ് ചുവടെ ഉദ്ധരിക്കുന്നത്.

"കലയും മാനും വരുമൊരു മാർഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹ പാർക്കുന്നേരം
വലയിൽച്ചെന്നുവലഞ്ഞാനൊരുവൻ.
വലയിൽപ്പെട്ടതു കണ്ടൊരു വേടൻ
കലയെന്നോർത്തൊരു ബാണമയച്ചാൻ.
തലയിൽച്ചെന്നു തറച്ചതു കണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനൊരു വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ" .

ഏതു തുള്ളൽ നോക്കിയാലും ഈ വിജാതീയമായ പ്രതിപാദനസമ്പ്രദായത്തിന് ഉദാഹരണങ്ങൾ സമൃദ്ധമായി കാണാം. കല്യാണസൗഗന്ധികത്തിൽ ഹനുമാനെ ഒരു മൂത്തകുരങ്ങായി വർണ്ണിച്ചിരിക്കുന്നത് എത്ര സ്വഭാവോചിതമായ രൂപത്തിലാണെന്നു നോക്കുക.

> ". . . . . . . . . . . . . . . . കൈകളും കാലും
> കുഴഞ്ഞു വാലുമക്കാലും മെലിഞ്ഞു കൈകളെക്കൊണ്ടു
> ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞു മേനിയും ചുക്കി-
> ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു പീളയും വന്നു
> നിറഞ്ഞു താൻ വഴിയിൽച്ചെന്നുറച്ചു നേത്രവും ചിമ്മി-
> ശ്ശയിച്ചു മൂന്നു ലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ."

ഉപമകൾ മഹാകവി സൃഷ്ടിക്കുന്നതും പ്രായേണ തന്റെ നിത്യപരിചയത്തിൽപ്പെട്ട വസ്തുക്കളെക്കൊണ്ടാണ്. നർമ്മദാനദിയിൽ വെള്ളം പൊങ്ങിയപ്പോൾ ആറ്റുമണലിൽ തപസ്സുചെയ്തുകൊണ്ടിരുന്ന രാവണൻ "ഇരുപതു തണ്ടുകൾ വച്ചു മുറുക്കിയ പെരിയൊരു വഞ്ചികണക്കേ" ഒരുവിധത്തിൽ കരപറ്റുന്നു. രാവണൻ കാർത്തവീര്യന്റെ കൈകളെ "പേരാൽതന്നുടെ വേടുകണക്കേ പെരുതെങ്കിലുമൊരു ഫലമില്ലേതും" എന്ന് അപലപിക്കുന്നു. "കാറ്റുകൾ തട്ടിക്കരപറ്റീടുമൊരാറ്റിലെ വെള്ളത്തിരകൾ കണക്കേ" യും "നീറ്റിൽ നടക്കും മുതലകൾ പോലെ" യും യുദ്ധത്തിനു വരുന്ന ഭടന്മാരെ വർണ്ണിക്കുന്നു. "കറിക്കു ചക്ക കണ്ടിക്കും കണക്കേ കായമെപ്പേരും നുറുക്കുന്ന" വരാണ് നമ്പിയാരുടെ യോദ്ധാക്കൾ. "വണ്ണൻവാഴ കണക്കു വളർന്നൊരു പൊണ്ണത്തടിയ" നാണ് ദുര്യോധനന്റെ ദൃഷ്ടിയിൽ ഭീമസേനൻ.

ഈ വിനോദപ്രസ്ഥാനം പൂർവ്വകവികൾക്ക് അവിജ്ഞാതമായിരുന്നു എന്നു പറഞ്ഞുകൂടാ. രാമായണം, ഭാരതം, നൈഷധം മുതലായ ഭാഷാചമ്പുക്കളിലെ ഗദ്യങ്ങളിൽ ഇതിനു ധാരാളമായി പ്രവേശമുണ്ടായിരുന്നു എന്നു വായനക്കാരെ അനുസ്മരിപ്പിക്കേണ്ടതില്ലല്ലോ. നമ്പിയാർ പ്രസ്തുത മാർഗ്ഗത്തിനു വീതി കൂട്ടുകയും വെടിപ്പു വരുത്തുകയും ചെയ്ത്, അതിനെ സാമാന്യജനങ്ങൾക്കും സുഗമമാക്കിത്തീർത്തു എന്നുള്ളതാണ് പരമാർത്ഥം.

## പരിഹാസധോരണി

നമ്പിയാർ തന്റെ തുള്ളലുകളിൽ ഓരോന്നിലും ഓരോ കഥാഭാഗമെങ്കിലും അദ്ദേഹത്തിനല്ലാതെ മറ്റൊരാൾക്കും രചിക്കുവാൻ സാധിക്കുന്നതല്ലെന്നു ധൈര്യമായി പറയാവുന്ന വിധത്തിലാണ് രചിച്ചിരിക്കുന്നത്. ആ ഭാഗങ്ങളിലും രണ്ടോ നാലോ വരികൾ സരസ്വതി തന്നെ അദ്ദേഹത്തിനുവേണ്ടി ഗാനം ചെയ്യുകയാണോ എന്നും തോന്നിപ്പോകും. ഉത്തമപാത്രങ്ങളുടെ പ്രതിപാദനത്തിൽ മഹാകവിക്കു വലിയ മെച്ചമൊന്നും സിദ്ധിച്ചിട്ടില്ല; അതിനുകാരണം ആ ഘട്ടങ്ങളിൽ ഫലിതത്തിനു വക കുറയുമെന്നുള്ളതാണ്. അതുപോലെ സൽഗുണങ്ങളെ വർണ്ണിക്കുവാനും, അതേ കാരണത്താൽത്തന്നെ, അദ്ദേഹം അല്പം അസമർത്ഥനാണ്. മധ്യമപാത്രങ്ങളുടേയും അധമപാത്രങ്ങളുടേയും നീചങ്ങളായ വൃത്തികളാണ് അദ്ദേഹം നിഷ്കർഷിച്ചു നിരീക്ഷിച്ചിട്ടുള്ളത്. കാമക്രോധങ്ങളേയും ലോഭമോഹങ്ങളേയും മദമാത്സര്യങ്ങളേയും ആ ദുർഗ്ഗുണങ്ങളുടെ ആവരണങ്ങൾ നീക്കി അവയെ ലോകസന്നിധിയിൽ നഗ്നമായ രൂപത്തിൽ നിർത്തി, അപഹസിച്ചു കൊല്ലാക്കൊല ചെയ്യുന്നതിലാണ് അദ്ദേഹം സർവ്വോപരി സമഗ്രവിജയിയായി സമുല്ലസിക്കുന്നത്. നായാട്ട്, സദ്യ, യുദ്ധം, വിവാഹം ഇവയുടെ വിവരണത്തിൽ അദ്ദേഹം അഭൗമമായ ഏതോ ഒരു സിദ്ധിവിശേഷത്താൽ അനുഗൃഹീതനാണ്. ഒരു പ്രധാനസംഭവത്തെക്കാൾ അതിന്റെ ആനുഷംഗികമായ വിഷയങ്ങൾ ചിത്രണം ചെയ്യുന്നതിനാണ് അദ്ദേഹത്തിനു വാസനയധികം. ഈ അഭിപ്രായങ്ങൾക്ക് ഓരോന്നിനും അനേകം ഉദാഹരണങ്ങൾ

ഉദ്ധരിക്കാവുന്നതാണെങ്കിലും സ്ഥല ദൗല്ലഭ്യത്താൽ ആ ഉദ്യമത്തിൽനിന്നു വിരമിക്കേണ്ടിയിരിക്കുന്നു. പ്രദോഷമാഹാത്മ്യത്തിലെ വേശ്യോപാലംഭവും പടയോട്ടവും, കിരാതത്തിലേയും കല്യാണസൗഗന്ധികത്തിലേയും മറ്റും നായാട്ട്, രുക്മിണീസ്വയംവരത്തിലെ ബ്രഹ്മാവിന്റെ മനുഷ്യസൃഷ്ടിവൈകല്യം, സ്യമന്തകത്തിലെ ലോകാപവാദം, ഘോഷയാത്രയിലെ ദുര്യോധന ക്രോധം, സ്യമന്തകത്തിലേയും സീതാസ്വയംവരത്തിലേയും മറ്റും സംഭോജനം, ഹരിണീസ്വയംവരത്തിലെ കലികാലനിന്ദ, കൃഷ്ണലീലയിലെ ബാലവിനോദം ഇങ്ങനെ നോക്കിയാൽ ഏതു തുള്ളലിലും മഹാകവിയുടെ വ്യക്തിമുദ്ര സ്പഷ്ടമായി പതിഞ്ഞിട്ടുള്ള ഭാഗങ്ങൾ കാണാവുന്നതാണ്. അദ്ദേഹത്തിന്റെ ഭാവനയിൽ നിന്നല്ലാതെ അവതരിക്കുവാൻ പാടില്ലാത്ത ഏതാനും ചില പംക്തികൾമാത്രം ചൂണ്ടിക്കാണിക്കാം.

“രണ്ടു കൈകളും വീശിക്കൊണ്ടു പടയ്ക്കു ചെല്ലും
തണ്ടുതപ്പിയ്ക്കു വടികൊണ്ടു മരിയ്ക്കയല്ലാ-
തുണ്ടോ മറ്റൊരു കാര്യം ചെണ്ടക്കാരെന്നു പേരും
കൊണ്ടു കാലന്റെ വീട്ടിൽ മുണ്ടു വിരിച്ചിരിക്കും” . (രുക്മിണീസ്വയംവരം)

ഇവിടെ “മുണ്ടു വിരിച്ചിരുത്താൻ” നമ്പിയാർക്കേ സാധിക്കൂ. ഘോഷയാത്രയിൽ ദുര്യോധനൻ അലസവൃത്തികളായ ചാരന്മാരെ അധിക്ഷേപിക്കുന്ന ഒരു ഘട്ടമുണ്ട്. അതിലെ ചില വരികൾ നോക്കുക.

“പട്ടിണിയെന്നതു നമ്മുടെ പിള്ളേർ-
ക്കൊട്ടുംതന്നെ സഹിപ്പാൻ മേലാ.
വെട്ടമടുക്കുംമുൻപേ യഷ്ടികൾ
ഘട്ടിശ്ശാതമെടുത്തു ഭുജിക്കും.
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം.
കൊറ്റുകഴിച്ചൊരു തെക്കൻമുണ്ടും
ചുറ്റിയുടുത്തൊരു തൊങ്കലുതുക്കി
വെറ്റിലതിന്നു മുഴപ്പിച്ചുംകൊ-
ണ്ടേറ്റുതിരിക്കും രസികന്മാരായ്.
കറ്റക്കുഴൽമണിമാരുടെ വീടുകൾ
പറ്റിപ്പകിടപറഞ്ഞു രസിച്ചും
വെറ്റ പിടിങ്ങിത്തിന്നുടനവരുടെ
കുറ്റമുരച്ചു ചിരിച്ചുതിരിച്ചും
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയില കൊൾവാൻ”

എന്നും മറ്റും അവരെ പല പ്രകാരത്തിൽ അവഹേളനം ചെയ്തിട്ട്, അതു പോരാത്തതുപോലെ

“ഊണുകഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപ്പോലും.
കാണുകയില്ലെന്നല്ല തിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽക്കാണാം.
അത്താഴത്തിന്നിലവയ്ക്കുമ്പോ-

ളെത്താത്തവരുടെ പിലകൊണ്ടീടാം.
ചത്താലും വരുമഷ്ടിയടുത്താ-
ലോർത്താലിന്നു വെറുപ്പാകുന്നു"

എന്നിങ്ങനെ ആ തേജോവധശൈലി തുടർന്നുകൊണ്ടുപോകുന്നു. എന്തൊരു വിസ്മയാവഹമായ മനോധർമ്മപ്രസരമാണ് ഈ വരികളിൽ കളിയാടുന്നത്? ഒടുവിലത്തെ നാലു വരികൾ എഴുതുവാൻ നമ്പിയാർക്കല്ലാതെ ആർക്കു തോന്നും? തദനന്തരം നല്ല ഒരു ചാരനെത്തന്നെ ദുര്യോധനൻ തിരഞ്ഞയയ്ക്കയും അയാൾ തിരിയെ വന്ന് പാണ്ഡവന്മാരുടെ അപ്പോഴത്തെ അവസ്ഥ സർവ്വസമ്പത്സമൃദ്ധമാണെന്ന് അറിയിക്കുകയും ചെയ്യുന്നു. അപ്പോൾ ആ അസൂയാലുവിന്നു അതിരുമെതിരുമില്ലാത്ത അരിശമുണ്ടാകുകയും ആ ദൂതനെ അദ്ദേഹം "ഒട്ടുമകംപുറമില്ലാതുള്ളൊരു യഷ്ടീനില്ല നിനക്കെന്തറിയാം?" എന്നു തുടങ്ങുന്ന ശകാരവർഷംകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്യുന്നു.

"ഇവനും പുനരതു നേരെന്നോർത്തി-
ട്ടവരുടെ ഗുണഗണമുരചെയ്യുന്നു.
ഭവതു; നമുക്കതിലും നഹി ഖേദം
ഇവനല്ലീശ്വരനെന്നെ വലപ്പാൻ"

എന്നിങ്ങനെയാണ് ആ ആക്രോശനം അവസാനിക്കുന്നത്. ഒടുവിലത്തെ രണ്ടുവരികൾ തങ്ങൾ നമ്പിയാരുടെ തുലികാസന്താനങ്ങളാണെന്നു വിജയശംഖമൂതി വിളിച്ചു പറയുന്നു. ആ വരികളിൽ പ്രതിഫലിക്കുന്നത് ക്രോധമല്ല, നൈരാശ്യവും ആപത്തുഭയവുമാണ്. കാർത്തവീര്യാർജ്ജുനവിജയത്തിൽ ബന്ധനസ്ഥനായ രാവണന്റെ വിലാപംകേട്ടു രണ്ടുപേർ തമ്മിൽ അതിനെപ്പറ്റി സംഭാഷണം ചെയ്യുന്നു.

"കൊലചെയ്യാത്തതുമെന്തേ ക്രൂവേ?
കൊലചെയ്താൽ മതിയാമോ ഭോഷാ?
പലനാളിങ്ങനെ പട്ടിണിയിട്ടും
പലരും കണ്ടുടനാനകളിച്ചും
വലയിൽപ്പെട്ട കുരങ്ങുകണക്കേ
വലയണമെന്നേ മതിയാവുള്ളു.
കൊലചെയ്താൽ പുനരന്തകനവനെ
വലയ്ക്കുന്നതിഹ നമുക്കറിയാമോ?"

എന്ന് ആ ഘട്ടത്തിൽ നർമ്മോക്തികിർമ്മീരിതമായ ഒരു ഭാഗമുണ്ട്. അതിലെ ഒടുവിലത്തെ രണ്ടു വരികളുടെ രസികത്വം അനിർവചനീയമായിരിക്കുന്നു. സ്യമന്തകത്തിൽ ശ്രീകൃഷ്ണനെപ്പറ്റി രത്നമോഷകനാണെന്നു ശങ്കിച്ചു പലരും പലതരത്തിലുള്ള ദുഷ്പ്രവാദങ്ങൾ പറഞ്ഞു പരത്തുന്നു. ആ കൂട്ടത്തിൽ കൃഷ്ണനെക്കാണുമ്പോൾ ശിശുക്കൾക്കുള്ള ഭാവഭേദം മഹാകവി,

"അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി.
അണയത്തങ്ങു വിളിക്കുന്നേരം
മണിയുംപൊത്തി പാഞ്ഞുതുടങ്ങി.
കയ്യെച്ചെന്നു പിടിക്കുന്നേരം
അയ്യോയെന്നു കരഞ്ഞുതുടങ്ങി"

എന്നിങ്ങനെ പ്രപഞ്ചനം ചെയ്തുകൊണ്ടുപോകുന്ന ഒരു വർണ്ണനയുണ്ട്. അക്കൂട്ടത്തിൽ ചില കിടാങ്ങൾ കൃഷ്ണനോട്,

"മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാലുണ്ണികളേ! പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു".

എന്നു പറയുന്ന വരികളിൽ "അമ്മ പറഞ്ഞു" എന്ന വാക്യം നമ്പിയാർക്കല്ലാതെ ഉച്ചരിയ്ക്കുവാൻ കഴിവുള്ളതല്ല. സഭാപ്രവേശത്തിൽ ധൃതരാഷ്ട്രർ തന്റെ പുത്രന്മാരോടു ശ്രീകൃഷ്ണന്റെ കാപട്യത്തെപ്പറ്റി ഇങ്ങിനെ ഉൽബോധിപ്പിയ്ക്കുന്നു.

"താനല്ലെന്നു ഭാവിക്കും; തരംനോക്കി പ്രയോഗിക്കും;
സ്ഥാനത്തങ്ങൊരേടത്തും തന്റെ വേഷം കാട്ടുകില്ല;
മാനത്തുപറക്കുന്ന പരുന്തുപക്ഷിയെപ്പോലെ
മീനത്തെക്കൊക്കിലാക്കിക്കൊണ്ടുപോയേയറിഞ്ഞീടു.
കപ്പാനും മടിയില്ല, കാമിനിമാർകളെപ്പാട്ടിൽ
വെപ്പാനും മടിയില്ല, വധിപ്പാനും മടിയില്ല;
നമ്മെച്ചെണ്ടകൊട്ടിപ്പാൻ തരംനോക്കി നടക്കുന്നു
നന്മയ്ക്കു നിരൂപിച്ചിട്ടബദ്ധം വന്നുപോകൊല്ല:
വെട്ടുത്തു കാണുകില്ല; പിറകേനിന്നൊരു വെടി
പൊട്ടിക്കുന്നതേ കേൾക്കു, ചത്തുവീഴുന്നതേ കാണൂ."

ചതിയന്മാരെപ്പറ്റി ഇതിലധികം ഭംഗിയായി ആർക്കു വർണ്ണിക്കുവാൻ പറ്റും? ഇവിടേയും ഒടുവിലത്തെ ആ വരികൾ നമ്പിയാരുടെ തൂലികയിൽനിന്നേ വിനിർഗ്ഗമിയ്ക്കുകയുള്ളൂ. പഞ്ചേന്ദ്രോപാഖ്യാനത്തിലെ "കാലനില്ലാത്ത കാലം" നമ്പിയാരുടെ പരിഹാസകവനത്തിന്റെ പരമോച്ചസ്ഥാനത്തിൽ പരിലസിക്കുന്നു.

"ചേട്ടനെന്നാലൊന്നുരണ്ടല്ലമ്പതും നൂറുമഞ്ഞൂറും
കൂട്ടമായിപ്പിലകൊൾവാനെന്തു ബന്ധം? ചാക്കുമില്ല.
കവിടിക്കാരനായുള്ള ഗണിതക്കാരനുമിപ്പോൾ
കപടങ്ങൾ പറഞ്ഞൊന്നും ഫലിപ്പിപ്പാനെളുതല്ല.
യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെന്നാലും
യമനെക്കൂടാതെകൊൽവാൻ വൈദ്യനേകന്നെളുതല്ല" .

എന്നിങ്ങനെ ആ സന്ദർഭത്തിൽ മഹാകവിയുടെ മനോധർമ്മം എവിടെയെല്ലാം പാഞ്ഞുപോയി ആരെയെല്ലാം പിടികൂടുന്നുവെന്നു നോക്കുക.

ഇനിയും ഉദാഹരണങ്ങൾ പ്രദർശിപ്പിച്ചു ഈ പ്രകരണം ദീർഘിപ്പിക്കുന്നില്ല. കോയിക്കൽ മുതൽ കുപ്പമാടം വരെ, മഹാരാജാക്കന്മാർ മുതൽ മലയന്മാർ വരെയുള്ള സകലമനുഷ്യരേയും പാണിവാദൻ തന്റെ സാമൂതമായ പാണികൊണ്ടു സന്ദർഭോചിതമായി പ്രഹരിച്ചിട്ടുണ്ട്. "അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ" എന്നുതന്നെ അദ്ദേഹത്തിന്റെ പരിഹാസശരങ്ങളെപ്പറ്റിയും പറയാം. പ്രതിഗ്രഹത്തിനായി വെമ്പൽകൊള്ളുന്ന മലയാളബ്രാഹ്മണർ, അധികപ്പലിശക്കു കടം കൊടുത്തും ജൗളിത്തരങ്ങൾ വിറ്റുനടന്നും കാലക്ഷേപം ചെയ്യുന്ന ദ്രാവിഡബ്രാഹ്മണർ, സമരഭീരുക്കളും ആയുധരഹിതന്മാരും മദ്യപന്മാരുമായ നായന്മാർ, പരദ്രോഹം ചെയ്ത് അന്യായമായി ധനസമ്പാദനം ചെയ്യുന്ന രാജസേവകന്മാർ, മാനം മര്യാദയില്ലാതെ

കയ്യിൽ കാശുമായി കടന്നു വരുന്ന വിടന്മാരുമായി രമിച്ച് ഒടുവിൽ അവരെക്കൊണ്ടു പിച്ചതെണ്ടിക്കുന്ന തേവിടിശ്ശിമാർ മുതലായവരെ അദ്ദേഹം നിഷ്കരുണമായി ശകാരിച്ചിട്ടുണ്ട്. അതെല്ലാം അവർ കർമ്മകുശലന്മാരും സ്വധർമ്മനിരതന്മാരും സന്മാർഗ്ഗ സഞ്ചാരികളും ആയിത്തീരുന്നതിന്നുവേണ്ടി അദ്ദേഹം കരുതിക്കൂട്ടി അനുഷ്ഠിക്കുന്ന സാഹിത്യവിനോദമാണെന്നു ഞാൻ ഇതിനുമുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ട്. "ഹാസേന ലജ്ജിതോത്യന്തം ന ദോഷേഷു പ്രവർത്തതേ" എന്നുണ്ടല്ലോ.

## ഒരു ന്യൂനത

നമ്പിയാർ തുള്ളൽക്കഥകളിൽ രസചക്രവർത്തിയായ ശൃംഗാരത്തെ ഒരിടത്തും സഹൃദയസമ്മതമായ രീതിയിൽ സ്പർശിച്ചിട്ടില്ല. തന്റെ ഉദ്ദേശശുദ്ധിക്കു ആ രസത്തിന്റെ പ്രതിപാദനം പ്രതികൂലമാണെന്ന് അദ്ദേഹത്തിന് തോന്നിയിരിക്കണം. അതിനുപകരം പലപ്പോഴും അസഭ്യവും അശ്ലീലവുമായ ശൃംഗാരാഭാസത്തിന്റെ വിവിധ മുഖങ്ങളെയാണ് അദ്ദേഹം വർണ്ണിയ്ക്കുന്നത്. പൂർവ്വകാലങ്ങളിലെ പടയണികളിൽ അത്തരത്തിലുള്ള ദുഷ്കൃതികളാണ് തുള്ളൽക്കാർ പാടിവന്നതെന്നും, അവരുടെ ആവശ്യമനുസരിച്ചാണ് പുറംകഥകൾ എന്നുപറയുന്ന ചില കുട്ടിത്തരം തുള്ളലുകൾ എഴുതിയിട്ടുള്ളതെന്നും, പ്രദോഷമാഹാത്മ്യത്തിൽ ഉണ്ണി ഉണിച്ചിരിയുടേയും, ധ്രുവചരിതത്തിൽ വസുലക്ഷ്മിയുടേയും മറ്റും ദുശ്ചരിതങ്ങൾ ഉപകഥാരൂപത്തിൽ നിബന്ധിച്ചിട്ടുള്ളത് ആ പരിപാടിയനുസരിച്ചാണെന്നും, പഴമക്കാർ പറയുന്നു. അതിന്റെ സൂക്ഷ്മസ്ഥിതി അവിജ്ഞേയമാണ്. ഏതായാലും, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും നമ്പിയാരെ ഇക്കാര്യത്തിൽ അന്നത്തെ സാമുദായികസ്ഥിതിയെ മാനദണ്ഡമാക്കി നോക്കിയാൽപ്പോലും, അപരാധത്തിൽനിന്നു മോചിപ്പിക്കുവാൻ നിവൃത്തി കാണുന്നില്ല. അഹല്യാമോക്ഷവും മറ്റും സ്ത്രീകളും പുരുഷന്മാരും കേൾക്കെ കളിത്തട്ടിൽനിന്ന് ഒരു തുള്ളൽക്കാരന്, അയാൾ എത്രതന്നെ വങ്കനും വഷളനുമായാലും, എങ്ങനെ പാടിഫലിപ്പിക്കുവാൻ സാധിക്കുമെന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. "നീരസങ്ങൾ വിസ്തരിച്ചിട്ടെന്തു കാര്യം നമുക്കിപ്പോൾ?" എന്നു നമ്പിയാരുടെ ഭാഷയിൽത്തന്നെ ചോദിച്ചുകൊണ്ടു നമുക്ക് ഈ ഗഹണത്തിൽനിന്നു വിരമിക്കാം.

## ഉപസംഹാരം

നമ്പിയാർ തുള്ളൽക്കഥകളിൽക്കൂടി നമുക്കു പ്രദർശിപ്പിക്കുന്നത് ഒരു പുതിയ സാഹിത്യസാമ്രാജ്യമാണ്. ആ സാമ്രാജ്യത്തിന്റെ ഏകാധിപത്യത്തിന് ഏതാവൽപര്യന്തം മറ്റാരും അവകാശം പുറപ്പെടുവിച്ചിട്ടില്ല. ആ ലളിതകോമളമായ ഭാഷ, ആ സർവസാധാരണങ്ങളായ ആഭാണകങ്ങളുടെ സന്ദർഭോചിതമായ ധാരാസംപാതം, ആ കുശാഗ്രീയമായ പരിസരാവലോകനം, ആ വൈരൂപ്യങ്ങളും വൈലക്ഷണ്യങ്ങളും കണ്ടുപിടിയ്ക്കുവാനുള്ള വാസനാവിശേഷം, ആ സമുദ്രത്തിലെ തരംഗമാലപോലെ അനുക്ഷണം പൊന്തിവരുന്ന ഉച്ചാവചമായ ആശയസമ്പത്ത്, ആ മനോഹരവും മർമ്മവേധിയുമായ പരിഹാസധോരണി – ഈ അനുഗ്രഹങ്ങളെല്ലാം അദ്ദേഹത്തിനല്ലാതെ അന്യകവിക്കു ഈ മലയാളക്കരയിലെന്നല്ല, ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽപ്പോലും ലഭിച്ചിട്ടില്ല. ഗ്രീസിലെ അരിസ്റ്റോഫെനീസ്, റോമിലെ ജൂവനൻ, ഫ്രാൻസിലെ മോളിയർ തുടങ്ങിയ പാശ്ചാത്യന്മാരായ ഹാസസാഹിത്യകാരന്മാരുമായി നമുക്കു കുഞ്ചൻനമ്പിയാരെ സധൈര്യം താരതമ്യപ്പെടുത്താവുന്നതും, ആ തുലനയിൽ നമ്പിയാർ അവർക്കു സമാനശീർഷനായി വിദ്യോതിക്കുന്നതു

കണ്ടു കോൾമയിർ കൊള്ളാവുന്നതുമാകുന്നു. നമ്പിയാരുടെ തുള്ളലുകളിൽ നിന്ന് അദ്ദേഹത്തിന്റെ ജീവിതകാലത്തെ കേരളത്തിന്റെ രാഷ്ട്രീയവും സാമുദായികവും സമ്പത്തികവുമായ ചരിത്രം സംബന്ധിച്ചും പല വിലവേറില്ലാത്ത പരമാർത്ഥശകലങ്ങൾ ഗവേഷകന്മാർക്കു ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്.

## ഭാഷാകവിമധ്യത്തിൽ നമ്പിയാർക്കുള്ള സ്ഥാനം

ഭാഷയിൽ കുഞ്ചൻനമ്പിയാരാണ് ഇദംപ്രഥമമായി ഒരു മഹാകാവ്യം നിർമ്മിച്ചതു്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവല്ലെങ്കിലും പരിഷ്കർത്താവ് അദ്ദേഹമാണെന്നു സമർത്ഥിച്ചിട്ടുണ്ടല്ലോ. കിളിപ്പാട്ടുകളുടെ പ്രണേതാവെന്ന നിലയിൽ അദ്ദേഹത്തിന് എഴുത്തച്ഛന്റെ സമീപസ്ഥാനത്തുതന്നെ ഒരു സിംഹാസനം നല്കാവുന്നതാണ്. വഞ്ചിപ്പാട്ടുകളിൽ കിരാതത്തിനും, കൈകൊട്ടിക്കളിയിൽ രുക്മിണീസ്വയംവരത്തിനും കല്പിക്കേണ്ട സ്ഥാനം ഏറ്റവും ഉന്നതമാണെന്നും നാം കണ്ടുകഴിഞ്ഞു. കഥകളിപ്രസ്ഥാനം ഒന്നിൽ മാത്രമേ അദ്ദേഹത്തിന്റെ വ്യവസായം വിജയത്തിൽ കലാശിക്കാതെയിരുന്നിട്ടുള്ളു. അദ്ദേഹത്തിന് ആ പ്രസ്ഥാനത്തോട്ട് അശേഷം ആഭിമുഖ്യം ഉണ്ടായിരുന്നില്ലെന്നുള്ളതിനു പല സൂചനകളും തുള്ളൽക്കഥകളിലുണ്ട്. കൃഷ്ണലീലയിൽ "ആട്ടങ്ങളാടി നടക്കുന്നിതു ചില കൂട്ടം ജനം ധനം മോഹിക്കകാരണം" എന്നുതുടങ്ങി "എത്രയും പാരം ബലക്ഷയം വന്നുടൻ ഛത്രമെടുക്കും വെളിച്ചം തുടങ്ങിയാൽ" എന്നുവരെയുള്ള പംക്തികളിൽ അദ്ദേഹം ആട്ടക്കാരെ കർക്കശമായി അപഹസിക്കുകയും, "ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമനാട്ടം തുടങ്ങിയാൽ കോട്ടംവരും ദൃഢം" എന്നു തന്റെ നിഷ്കൃഷ്ടമായ അഭിപ്രായം തുറന്നുപറയുകയും ചെയ്തിട്ടുണ്ടല്ലോ. "ആർക്കാനും വേണ്ടീട്ട് ഓക്കാനിച്ച" താണ് അദ്ദേഹത്തിന്റെ ആട്ടക്കഥകൾ എന്നേ അവ വായിക്കുന്ന ഭാവുകന്മാർക്കു തോന്നുകയുള്ളു. തന്റെ ഭാഷാകവിതയെ അപവദിക്കുന്ന ചില അരസികന്മാർ അദ്ദേഹത്തിന്റെ സമകാലികന്മാരായി ജീവിച്ചിരുന്നു എന്നുള്ളതിനും തുള്ളൽക്കഥകളിൽ ലക്ഷ്യം കാണുന്നു.

> "ഒരു വിദ്യ പ്രയോഗിച്ചാലതിന്റെ സാരമെന്തെന്നു
> ധരിക്കാത്ത ജനം വന്നു വസിക്കുന്ന ദിക്കിൽ നിന്നു
> സരസം വിദ്യ കാട്ടുന്ന പുരുഷനെത്രയും ഭോഷൻ,
> കുരുടന്റെ മുമ്പിൽനിന്നു കൂത്തു കാട്ടുന്നതുപോലെ.
> പരമാർത്ഥമറിയുന്ന പരിഷകളിരിക്കുന്ന
> പരിഷത്തിൽ പ്രയോഗിച്ചേ കവിതയ്ക്കു ഫലമുള്ളു.
> വിളവില്ലാത്ത കണ്ടത്തിൽ വിത്തു വാരിവിതയ്ക്കുന്ന
> ജളന്മാർക്കു കെടുകാര്യമെന്നിയേ മറ്റൊന്നുമില്ല.
> വളരെ ക്ലേശവുംചെയ്തു പഠിച്ച വിദ്യയും പാഴിൽ-
> ക്കളയുന്നെന്തിനീ മൂഢന്മാരുടെ ദിക്കിലെത്തീട്ട്?"

എന്നും മറ്റും ഹനുമദുത്ഭവത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു തൃപ്തിപ്പെടാതെ ആ കൂട്ടരെ ഹരിണീസ്വയംവരത്തിൽ മഹാകവി നാക്കിൽ ഞരമ്പില്ലാതെ വീണ്ടും ഭർത്സിക്കുന്നു.

> "ഭുവി വന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കവേ മോദം
> ഭവിപ്പാനുള്ള വസ്തുക്കൾ പലതുണ്ടെങ്കിലും നല്ല
> കവിതാചാതുരിയുള്ള കവിവാണീവിശേഷത്തെ

ശ്രുവിയ്ക്കുന്ന സുഖംപോലെ ചെവിയ്ക്കു പിന്നെയെന്തുള്ളു?
കുറവും കുറ്റവും നോക്കിപ്പറവാനുണ്ടൊരു കൂട്ടം
തുറുകണ്ണും മിഴിച്ചങ്ങു മറുഭാഗേ വസിയ്ക്കുന്നു.
മറിവും മായവുംമറ്റും മറച്ചുവച്ചുകൊണ്ടെല്ലാ-
മറിവുള്ള ജനമെന്നു പുറമേ ഭാവവും കാട്ടി
തറമേലേറി നിന്നേറ്റം നിറമേറും സഭതന്നി-
ലിറങ്ങി സല്ക്കഥ ചൊല്ലിത്തുടങ്ങും പൂരുഷൻതന്റെ
കുറവറ്റ ഗുണംകണ്ടു നിറഞ്ഞുള്ളോരസൂയകൊ-
ണ്ടുറഞ്ഞു ചാടിയോരോന്നു പറഞ്ഞു ഭർത്സനം ചെയ്യും.
കുറഞ്ഞോരു വിശേഷത്തെയറിഞ്ഞുള്ള ജനം കുറ്റം
പറഞ്ഞെങ്കിലതുകൊണ്ടു തരിമ്പും സങ്കടമില്ല,
അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോ-
ളെറിഞ്ഞുകാലൊടിക്കാമെന്നറിഞ്ഞുകൊൾവിനെല്ലാരും”

എന്ന ആ മഹാത്മാവിന്റെ അനുശാസനം അശരണന്മാരായ സൽകവികൾക്ക് ഒരനുഗ്രഹമായും അധമന്മാരായ വിമർശകമ്മന്യന്മാർക്ക് ഒരഭിശാപമായും എല്ലാക്കാലത്തും സമുല്ലസിയ്ക്കുന്നതാണ്. ഭാഷാസാഹിത്യമാകുന്ന പാവനക്ഷേത്രത്തിൽ, കുടമാളൂർ വലിയ ക്ഷേത്രത്തിലെന്നപോലെ “ആയിരമെട്ടും ദേവന്മാർ” നമുക്കു സേവ്യന്മാരായുണ്ട്. എങ്കിലും അവരുടെയിടയിൽ ത്രികൂടപർവ്വതത്തിലെ ശിഖരത്രയം പോലെ ഉയർന്നു നില്ക്കുന്ന മൂർത്തികൾ ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പിയാർ ഈ മൂന്നു കവിസാർവഭൗമന്മാരാണെന്നുള്ളതിൽ പക്ഷാന്തരത്തിനു പഴുതില്ലതന്നെ. അവരിൽ ഓരോ അംശത്തിൽ ഓരോരുത്തർക്കു മഹത്വം കൂടുമെന്നു സമർത്ഥിയ്ക്കാമെങ്കിലും, ഒരാൾ മറ്റൊരാളെക്കാൾ മഹനീയനാണെന്നു സ്ഥാപിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. അവർ മൂന്നുപേരും നമുക്ക് ഒന്നുപോലെ ആരാധനീയന്മാരാണ്.

സംസ്കൃതത്തിലും മലയാളത്തിലും കൂടി ഒരു കവിക്ക് ഇങ്ങനെ 100-ൽച്ചില്വാനം ഗ്രന്ഥങ്ങൾ ഒരു ജന്മത്തിൽ നിർമ്മിക്കുവാൻ സാധിക്കുമോ എന്നു ചിലർ സ്വയം ചോദിച്ച് ഇല്ലെന്നു തീർച്ചപ്പെടുത്തി. തന്നിമിത്തം സംസ്കൃതകൃതികളുടേയും പ്രാകൃതകൃതികളുടേയും കർത്താവല്ല ഭാഷാകൃതികളുടെ പ്രണേതാവെന്നും, ഭാഷാകവിതയെ സംബന്ധിച്ചുതന്നെ തുള്ളൽക്കഥകളുടേയും ഇതരകൃതികളുടേയും രചയിതാക്കന്മാർ വിഭിന്നന്മാരായിരിയ്ക്കണമെന്നും അഭിപ്രായപ്പെടുന്നുണ്ട്. ഈ വാദം നിരാസ്പദമാണെന്നുള്ളതിനെ നമ്മുടെ നാട്ടിൽത്തന്നെ ശങ്കരഭഗവൽപാദരുടേയും ദ്രാവിഡദേശത്തിൽ വേദാന്തദേശികരുടേയും അപ്പയ്യദീക്ഷിതരുടേയും സാഹിത്യവ്യവസായം നമ്മെ ധരിപ്പിക്കുന്നു. ആധുനികന്മാരിൽത്തന്നെ 48-ആമത്തെ വയസ്സിൽ മരിച്ച കുഞ്ഞിക്കുട്ടൻതമ്പുരാനെമാത്രം ഒരു നിമിഷത്തേയ്ക്കു അനുസ്മരിച്ചാലും പോരായ്കയില്ല. അത്തരത്തിലുള്ള അതിമാനുഷന്മാരെ നാം നമ്മുടെ ഹ്രസ്വമായ മാനദണ്ഡം കൊണ്ട് അളക്കുവാൻ പുറപ്പെടരുത്. പ്രചണ്ഡപണ്ഡിതന്മാർക്കു പാമരഭാഷ സ്വാധീനമാകുമോ എന്നുള്ള പ്രശ്നത്തിനും ജരാസന്ധവ്യായോഗത്തിന്റേയും നല്ല ഭാഷയുടേയും നിർമ്മാതാവായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തന്നെ പര്യാപ്തമായ രീതിയിൽ “ആകും” എന്ന് ഉത്തരം നല്കിയിട്ടുണ്ട്.

## നമ്പിയാരും മറ്റു ചില ഭാഷാകൃതികളും

ഭാഗവതം ഇരുപത്തിനാലുവൃത്തം, ചാണക്യസൂത്രം കിളിപ്പാട്ട്, ശാകുന്തളം കഥകളി എന്നീ കൃതികളും നമ്പിയാരുടെ വാങ്മയങ്ങളാണോ എന്ന് ഈ ഘട്ടത്തിൽ പരിശോധിച്ചു നോക്കാം.

### ഭാഗവതം ഇരുപത്തിനാലുവൃത്തം

#### കർത്തൃത്വം

കൃഷ്ണലീല എന്നുകൂടി പേരുള്ള ഭാഗവതം ഇരുപത്തിനാലുവൃത്തം നമ്പിയാരുടെ പ്രബന്ധങ്ങളിൽ ഒന്നാണെന്നു പൊതുവേ വിശ്വാസമുണ്ടെങ്കിലും ആ ധാരണ പുനരാലോചനയ്ക്കു വിധേയമാക്കേണ്ടിയിരിക്കുന്നു. നമ്പിയാർ ജനിച്ചതു് 875-ആണ്ടിടയ്ക്കാണെന്നു നിർദ്ദേശിച്ചു കഴിഞ്ഞു. 906-ആണ്ടിടയ്ക്കു ഹരിപ്പാട്ടുവച്ചു പകർത്തിയെഴുതിയ ഭാഗവതംഇരുപത്തിനാലുവൃത്തത്തിന്റെ ഒരു മാതൃക ഞാൻ കണ്ടിട്ടുണ്ട്. ഭാഗവതം അദ്ദേഹത്തിന്റെ ഒരു ബാല്യകൃതിയാണെന്നു പറയുന്നവർക്ക് ഈ വസ്തുതകൊണ്ടു യാതൊരു മതവൈപരീത്യവും ജനിക്കേണ്ടതില്ലെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന വേറേ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. 'പുകുന്തു്' 'ഉടമ്പു്', 'തുയർ' മുതലായ ചില പഴയ പദങ്ങൾ ഭാഗവതത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. അവ നമ്പിയാരുടെ ഇതരകൃതികളിൽ കണ്ടിട്ടുള്ളതായി ഓർമ്മയില്ല. അദ്ദേഹം തന്റെ ബാല്യകാലകൃതികളിൽ പ്രധാനമായി കിള്ളിക്കുറിശ്ശി ശിവനേയോ, തിരുവില്വാമല ശ്രീരാമനേയോ ആണു് വന്ദിക്കാറുള്ളതു്. ഭാഗവതത്തിൽ വിഷ്ണു, മഹാലക്ഷ്മി, ഗണപതി, ഗുരുക്കന്മാർ, ഇന്ദ്രാദികളായ ദേവന്മാർ, സരസ്വതി എന്നിവരുടെ കൂട്ടത്തിൽ മഹേശനേയും. "അംബുജവിലോചനനുമിന്ദിര മഹേശൻ" , "കുംഭിമുഖനും പരിചിനോടു ഗുരുഭൂതർ" എന്ന ഈരടിയിൽ സ്മരിച്ചിട്ടുണ്ട്. അതു "വെൺമതികലാഭരണനംബിക ഗണേശൻ, നിർമ്മലഗുണാ കമല വിഷ്ണുഭഗവാനും" എന്ന രാമായണം ഇരുപത്തിനാലുവൃത്തത്തിലെ ദേവതാവന്ദനത്തിന്റെ ഒരു പ്രതിദ്ധ്വനിപോലെയേ തോന്നുന്നുള്ളു. ഗ്രന്ഥാവസാനത്തിൽ കവി പ്രണമിക്കുന്നതു് അനന്താസനാസീനനായ വിഷ്ണുവിനെയാണ്. "അനന്താസനാസീനമാനന്ദരൂപം" എന്നും, "അനന്താഭരം തീർപ്പതിന്നായ് ജനിച്ചോരനന്താസനൻതൻ ചരിത്രങ്ങളെല്ലാം" എന്നുമുള്ള വരികൾ നോക്കുക. അനന്താസനാസീനനെന്നു കേരളീയകവികൾ സാധാരണമായി വാഴ്ത്തുന്നതു തൃപ്പൂണിത്തുറയപ്പനെയാണ്. നമ്പിയാർ ബാല്യത്തിലോ അതിനുമേലോ കൊച്ചി മഹാരാജാക്കന്മാരെ ആശ്രയിച്ചു തൃപ്പൂണിത്തുറെ താമസിച്ചിരുന്നുവെന്നുള്ളതിനു തെളിവൊന്നുമില്ല. ഭാഗവതം ഇരുപത്തിനാലു വൃത്തം രാമായണം ഇരുപത്തിനാലുവൃത്തത്തെ പല അംശങ്ങളിലും ഉപജീവിച്ചിരിക്കുന്നു എന്നും അനുവാചകന്മാർ പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്. രണ്ടിലും ആദ്യത്തെ നാലുവൃത്തങ്ങൾ ഭിന്നങ്ങളല്ല. പിന്നെയും രാമായണം എട്ടാംവൃത്തത്തിൽ ശ്രീരാമന്റേയും ഭാഗവതം ഒൻപതാംവൃത്തത്തിൽ ഗോപസ്ത്രീകളുടേയും വിരഹതാപം ഒരേ വൃത്തത്തിൽത്തന്നെ ഉപനിബന്ധനം ചെയ്യപ്പെട്ടിരിക്കുന്നു. സീതയ്ക്കു ലങ്കയിൽനിന്നു മടങ്ങിവരുമ്പോൾ ശ്രീരാമനും, സത്യഭാമയ്ക്കു സ്വർഗ്ഗത്തിൽ നിന്നു മടങ്ങിവരുമ്പോൾ ശ്രീകൃഷ്ണനും മാർഗ്ഗവർണ്ണനംകൊണ്ടു മനസ്സന്തോഷം ജനിപ്പിക്കുന്നതിനു പ്രയോഗിക്കുന്ന വൃത്തവും ഒന്നുതന്നെയാണ്. "കാന്താരവിന്ദായതാക്ഷീ" എന്നു ശ്രീരാമൻ സീതയേയും, ചിത്രലേഖ ഉഷയേയും സംബോധനം ചെയ്യുന്നു. രചനാവൈകല്യം രണ്ടു ഗ്രന്ഥങ്ങളിലും കാണ്മാനുണ്ട്; സങ്കീർത്തനങ്ങളിൽ അക്ഷരങ്ങൾ യഥേഷ്ടം നീട്ടിയോ കുറുക്കിയോ

ഉച്ചരിക്കാമെന്നാണ് വെപ്പെങ്കിലും നമ്പിയാർക്ക് അദ്ദേഹത്തിന്റെ ബാല്യത്തിൽപ്പോലും അനഭിമതമായി തോന്നിയിരിക്കേണ്ട ചില പ്രയോഗങ്ങൾ ഭാഗവതത്തിൽ നമ്മെ തുറിച്ചുനോക്കുന്നു. ‘പ്രസൂതിഗ്ഗൃഹത്തിനു ചുറ്റും ചമച്ചാൻ’, ‘ഭവാനുമങ്ങു ചെന്നവസ്ഥ കേൾപ്പിച്ചാൻ’, ‘നിർവാഹമുണ്ടാകും മുകുന്ദ പാഹി മാം’; ‘മാരാരിയോടങ്ങു യാത്രാ പറഞ്ഞു’; ‘രോമങ്ങൾകേശങ്ങളഗ്നീ മുഖം തേ’; ‘ഏതേതു ശാസ്ത്രങ്ങളുള്ളോവയെല്ലാം’; ‘ഹസ്തങ്ങളെല്ലാം’ ‘മുറിച്ചുകളഞ്ഞു’ ഇങ്ങനെ ചില ഭീമവൈകല്യങ്ങൾ അവിടവിടെ കാണാവുന്നതാണ്.

കൊല്ലായ്ക ഞങ്ങളുടെ നല്ലോരു വല്ലഭനെ
വല്ലായ്കയൊക്കെയുമിളച്ചീടുകെന്നുരഗ-
മല്ലാക്ഷിമാരുടയ ചൊല്ലങ്ങു കേട്ടു ഹരി
മെല്ലെന്നിറങ്ങിയിതു ഗോവിന്ദ രാമ ജയ”

എന്നിങ്ങനെ പൂർവ്വാർദ്ധത്തെ ഉത്തരാർദ്ധവുമായി ശൃംഖലനം ചെയ്യുന്നതു പ്രാചീനസമ്പ്രദായങ്ങളിലൊന്നാണെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. ‘വിനിർണ്ണയിച്ചഹോ’ (വിനിർണ്ണയിച്ചു അഹോ) , ‘കണ്ടഹോ’ (കണ്ടു അഹോ) ഇത്യാദി കുസന്ധികൾക്കും ഭാഗവതത്തിൽ പ്രവേശമുണ്ട്. ആകെക്കൂടി നോക്കുമ്പോൾ കൊല്ലം 9-ആം ശതകത്തിൽ തൃപ്പൂണിത്തുറ താമസിച്ചിരുന്ന അജ്ഞാതനാമാവായ മറ്റൊരു കവിയല്ലയോ ഭാഗവതസങ്കീർത്തനത്തിന്റെ പ്രണേതാവ് എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. നമ്പിയാരുടെ ബാല്യകൃതികളിൽ ഒന്നാകുവാൻ പാടില്ലെന്നു ഞാൻ ശപഥം ചെയ്യുന്നില്ല. എന്നാൽ അങ്ങനെ നിർണ്ണയിക്കുന്നതിനു കൂടുതൽ തെളിവു വേണ്ടിയിരിക്കുന്നു.

## കവിതാരീതി

ഭാഷാശുദ്ധിയുടെ സ്ഥിതി ഇങ്ങനെയൊക്കെയാണെങ്കിലും ഭാഗവതകർത്താവ് വാസനാസമ്പന്നനാണെന്ന് സമ്മതിക്കാവുന്നതാണ്. രാമായണസങ്കീർത്തനത്തെക്കാൾ ഭാഗവതസങ്കീർത്തനത്തിനു രചനാഗുണം കൂടും. ദശമസ്കന്ധത്തിലെ സകലകഥകളും അദ്ദേഹം സാമാന്യം ഭംഗിയായി സംഗ്രഹിച്ചിട്ടുണ്ട്.

“ഇന്ദിരാമുഖചന്ദ്രചാരുചകോര! ഗോപവിലാസിനീ-
വൃന്ദമോഹന! സുന്ദരാനന! നന്ദഗോപനു നന്ദന!
മന്ദഹാസവിലാസശോഭിമുഖാംബുജാമരമണ്ഡലീ-
വന്ദ്യമാനപദാരവിന്ദ! നമോസ്തു തേ ഹരി ഗോവിന്ദ!”

എന്ന വരികൾ നന്നായിട്ടുണ്ട്. എട്ടും ഒമ്പതും വൃത്തങ്ങളിൽ കവി വർണ്ണിച്ചിട്ടുള്ള രാസക്രീഡയാണ് എന്നെ അത്യധികമായി ആനന്ദിപ്പിക്കുന്നത്.

“നിശേശകാന്തികാന്തമാം നിശാന്തവേലതന്നില-
ങ്ങശാന്തരാഗകാരണം നിശമ്യ വേണുവാദനം
സശങ്കമങ്ങു മന്മഥൻവശം ഗമിച്ചു ഗോപിമാർ
ഭൃശം കലർന്നു മാരമാൽ മുകുന്ദ രാമ പാഹിമാം.”

“അയി തുളസി! ധന്യേ! ശൃണു നളിനി! വന്യേ!
തവ കരുണയെന്യേ ന ഗതിരിതി മന്യേ;
കനിവിനൊടു കൊന്നേ! കഥയ മമ പുന്നേ!

ഹൃദയമുരുകുന്നേ മധുമഥനനംബോ."

"കുടിലഹരിചില്ലീയുഗമൊടടൽതല്ലീ-
ടിന വിപിനവല്ലീകുലമണിമതല്ലീ!
ദയിതമിഹ ചൊല്ലീടഴകിനൊടു മല്ലീ!
തവ സുഖമതല്ലീ? മഥുമഥനനംബോ"

മുതലായ പാട്ടുകൾ ഏറ്റവും ഹൃദയംഗമങ്ങളാകുന്നു.

## ചാണക്യസൂത്രം കിളിപ്പാട്ട്

### ഗ്രന്ഥസ്വരൂപം

ചാണക്യസൂത്രം കിളിപ്പാട്ടിനു മുദ്രാരാക്ഷസകഥാസാരം എന്നും ഒരു സംജ്ഞയുണ്ട്. വിശാഖദത്തന്റെ മുദ്രാരാക്ഷസനാടകവും കവിക്ക് ഈ കൃതിയുടെ നിർമ്മിതിയിൽ പ്രയോജകീഭവിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഐദംപര്യേണ ഉപജീവിക്കുന്നതു മേല്പുത്തൂർ ഭട്ടതിരിയുടെ വയസ്യനായിരുന്ന ഇരവിച്ചാക്യാരുടെ ചാണക്യകഥയാണ്. ആകെ എട്ടു പാദങ്ങൾ ചാണക്യസൂത്രത്തിൽ കവി ഘടിപ്പിച്ചിട്ടുണ്ട്. ആറാം പാദം അന്നനടയിലും ഏഴാം പാദം കളകാഞ്ചിയിലും നിബന്ധിച്ചിരിക്കുന്നു. ആദ്യത്തെ മൂന്നു പാദങ്ങളിൽ കഥനം ചെയ്തിട്ടുള്ള കഥ മുദ്രാരാക്ഷസനാടകത്തിൽ പ്രതിപാദിച്ചിട്ടില്ല. ഢുൺഢിരാജന്റെ മുദ്രാരാക്ഷസകഥോപോദ്ഘാതം 886-ൽ രചിച്ചതാണ്. അതു കവി കണ്ടിരിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

### കർത്തൃത്വം

ചാണക്യസൂത്രം നമ്പിയാരുടെ കൃതിയല്ലെന്ന് ഏകദേശം ഉറപ്പിച്ചുതന്നെ പറയാവുന്നതാണ്. സമീചീനമായ പദവിന്യാസത്തിലും സരസമായ ആശയാവിഷ്കരണത്തിലും അപ്രഗല്ഭനാണ് കവിയെന്ന് ഈ വാങ്മയം വ്യക്തമായി പ്രഖ്യാപനം ചെയ്യുന്നു. കളകാഞ്ചിയാണ് ശുകഗാനനിർമ്മാതാക്കളുടെ പദഘടനാപാടവത്തിനു നികഷോപലഭൂതമായ വൃത്തം. ആ വൃത്തത്തിൽ രചിച്ചിട്ടുള്ള ഏഴാംപാദം കേവലം നിർഗ്ഗുണമായി കാണപ്പെടുന്നു. പഞ്ചതന്ത്രവും ചാണക്യസൂത്രവും തമ്മിൽ തട്ടിച്ചു നോക്കിയാൽ രണ്ടും ഒരു കവിയുടെ കൃതികളാണെന്നു പറയുവാൻ ഒരു സഹൃദയനും ധൈര്യപ്പെടുന്നതല്ല. മുദ്രാരാക്ഷസനാടകം നമ്പിയാർ വായിച്ചിട്ടുണ്ടെന്നുള്ളതും അതിലെ "ചീയതേ ബാലിശസ്യാപി" എന്ന ശ്ലോകം സ്യമന്തകത്തിൽ വിസ്തരിച്ചു പരാവർത്തനം ചെയ്തിട്ടുണ്ടെന്നുള്ളതും വാസ്തവം തന്നെ; എന്നാൽ അതുകൊണ്ടുമാത്രം ചാണക്യസൂത്രം അദ്ദേഹത്തിന്റെ കൃതിയാണെന്നു വരുന്നതല്ലല്ലോ.

"ആസ്വാദിതദ്വിരദശോണിതശോണശോഭാം
സന്ധ്യാരുണാമിവ കലാം ശശലാഞ്ഛനസ്യ
ജൃംഭാവിദാരിതമുഖസ്യ മുഖാൽ സ്ഫുരന്തീം
കോ ഹർത്തുമിച്ഛതി ഹരേഃ പരിഭൂയ ദംഷ്ട്രാം"

എന്ന മുദ്രാരാക്ഷസപദ്യം

"ദ്വിരദവരരുധിരകണസേകശോണാഭയാൽ
തെളിവിനൊടു സന്ധ്യയ്ക്കരുണയായ് മിന്നുന്ന
ശിശിരകരമഹിതകലയെന്നപോലേയൊരു

സിംഹവദനത്തിലുള്ളോരു ദംഷ്ട്രയെ
പരിചൊടു പറിച്ചുകൊണ്ടിങ്ങു പോന്നീടുവാൻ
പാരതിലേവൻ നിനയ്ക്കുന്നതോർക്ക നീ?"

എന്നു സാമാന്യം നല്ല രീതിയിൽ കവി തർജ്ജമചെയ്തിരിക്കുന്നു എന്നുള്ളതും ഈ വിഷയത്തിൽ കാര്യകാരിയല്ല. ഞാൻ പരിശോധിച്ചിടത്തോളം ഈ കൃതിയെ നമ്പിയാരുമായി ഘടിപ്പിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. ചാണക്യസൂത്രം കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയുടെ കൃതിയാണെന്നു പറയുന്നത് കേവലം അസംബന്ധം തന്നെ. അദ്ദേഹത്തിന് അനുകാര്യമായ ശൈലി ഉണ്ണായിവാര്യരുടേതാണെന്നു മേൽ ഉപപാദിക്കും. 921-ആണ്ടു പകർത്തിയ മുദ്രാരാക്ഷസത്തിന്റെ ഒരേടു ഞാൻ കണ്ടിട്ടുണ്ട്. പെട്ടിക്കു 'മഞ്ചം' എന്ന് ഒന്നിലധികം സ്ഥലങ്ങളിൽ പ്രയോഗിച്ചുകാണുന്നതുകൊണ്ടു കവിയുടെ ജന്മഭൂമി മധ്യകേരളമാണെന്ന് അഭിജ്ഞന്മാർ അനുമാനിക്കുന്നു.

### കവനമാതൃക

ചാണക്യസൂത്രം ഗുണപുഷ്കലമല്ലെങ്കിലും പ്രായേണ ദോഷരഹിതമായ ഒരു കാവ്യമാണ്. കഥാകഥനത്തിൽ കവിക്കു പറയത്തക്ക പരാജയമൊന്നും പറ്റീട്ടില്ല.

നവനന്ദന്മാർ ചാണക്യനെപ്പറ്റി:

"ഏതു വടുവിവനഗ്രാസനത്തിന്മേ-
ലേതുമേ ശങ്കകൂടാതെ കരയേറി
ധൃഷ്ടതയോടുമിരിക്കുന്നതാരിവൻ?
കഷ്ടമനാരൂഢശ്മശ്രുവാകുന്നതും.
കള്ളക്കരങ്ങിനെത്തല്ലിയിഴച്ചുടൻ
തള്ളിപ്പുറത്തു കളവതിന്നാരുമേ
ഇല്ലയോ നമ്മുടെ ചോറു തിന്നുന്നവ-
രെല്ലാവരുമെങ്ങു പോയാരിതുനേരം?"

രാക്ഷസൻ മലയകേതുവിനോട്:

"ശൂര! സുകുമാര! വീരശിഖാമണേ!
തീരാത ദുഃഖങ്ങളുണ്ടെന്നിരിക്കിലും
ചിന്തിക്കുമാറില്ല മുൻപിൽക്കഴിഞ്ഞതു;
എന്തു ഫലമതു ചിന്തിച്ചെനിക്കഹോ?
നിൻതിരുവുള്ളമെന്നെക്കുറിച്ചുണ്ടെങ്കി-
ലെന്തെനിക്കുള്ളതു സങ്കടം ഭൂപതേ?
വീര്യവും കോപവും നാണവും ഖേദവും
ശൗര്യവുമില്ലാതെയുള്ള ദേഹത്തിന്മേൽ
ചേരുകയില്ല ഭവാൻ തന്ന ഭൂഷണം;
പോരാത്ത ഞാനെന്തു വാങ്ങുന്നതും പിന്നെ?
മൗര്യനിരിക്കുമെഴുനിലമാടത്തിൽ
വീര്യമേറീടുന്ന സിംഹാസനോപരി
കാണ്മാൻ ഭവാനെയവകാശമുണ്ടെങ്കിൽ
വാങ്ങാമിതന്നു ഞാനേതും മടിയാതെ."

## മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ട്

### കവി

കൊല്ലം പത്താം ശതകത്തിൽ മേൽവിവരിച്ച പ്രസിദ്ധമായ ചാണക്യസൂത്രത്തിനു പുറമേ, അതിലെ വിഷയത്തെത്തന്നെ അധികരിച്ചുകൊണ്ടു മറ്റൊരു മുദ്രാരാക്ഷസ കഥാസാരം കിളിപ്പാട്ടും ഉത്ഭവിച്ചിട്ടുണ്ട്.

“ദ്വാദശദിനൈഃ പരമേശ്വരേണേദം കൃതം
മുദ്രാരാക്ഷസകഥാസാരനാമാലംകൃതം
രവിവർമ്മണോ നാമ മദ്ഗുരോഃ കരുണ്യേന
നിർമ്മിതം നയജ്ഞുഷാം ശേമുഷീപ്രസാദനം”

എന്നു ഗ്രന്ഥാവസാനത്തിൽ കാണുന്ന പ്രസ്താവന രവിവർമ്മ ശിഷ്യനായ പരമേശ്വരൻ പന്ത്രണ്ടു ദിവസങ്ങൾകൊണ്ടു രചിച്ച ഒരു കൃതിയാണ് ഇതെന്നു സൂചിപ്പിക്കുന്നു. ഗുരുവിനേയും ശിഷ്യനേയും പറ്റി മറ്റൊന്നും അറിയുന്നില്ല. ഗ്രന്ഥം ചെറുതാണ്; കവിതയ്ക്കു ഗുണവുമില്ല. മാതൃകയ്ക്കു ചില വരികൾ ഉദ്ധരിച്ചു കാണിക്കാം.

“മല്ലികാമധുവുണ്ടു കല്യാണിരാഗം പാടി
മെല്ലവേ വരുന്നോരു നല്ല പൈങ്കിളിത്തത്തേ!
നല്ല പാൽ പഴം തേനും മെല്ലവേ നുകർന്നു നീ
നല്ലോരു കഥാസാരം ചൊല്ലുക മടിയാതെ.
എങ്കിലോ കേട്ടുകൊൾക പണ്ടൊരു രാജധാനി
പാടലീപുത്രമെന്നുണ്ടായിതു ഗംഗാതീരേ.
അപ്പുരിതന്നെപ്പുഷ്പപുരമെന്നുരചെയ്‌വോ
രത്ഭുതകരമായ പുഷ്പങ്ങളുണ്ടാകയാൽ.
ചൊല്ലെഴും പുഷ്പപുരംതന്നിലങ്ങുർവീശന്മാ-
രല്ലൽകൂടാതെ രാജ്യം ഭരിച്ചു വാഴുംകാലം
സർവ്വാർത്ഥസിദ്ധിയെന്നൊരുർവീശനുണ്ടായ്‌വന്നു
സർവ്വലോകങ്ങൾക്കെല്ലാമാനന്ദകരനവൻ.
അമ്മഹീപതിതന്നെച്ചൊല്ലുവോർ നന്ദനെന്നും
നിർമ്മലഗുണനിധേ! കേട്ടാലും വഴിപോലെ.”

## ശാകുന്തളം ആട്ടക്കഥ

### ഇതിവൃത്തം

ശാകുന്തളം ആറു ദിവസത്തെ ആട്ടക്കഥകൾമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെ കവി ആദ്യന്തം ഉപജീവിക്കുകയും പല അംശങ്ങളും പരാവർത്തനരൂപത്തിൽ പ്രദർശിപ്പിയ്ക്കുകയും ചെയ്യുന്നു. അനസൂയ, പ്രിയംവദ, മാഢവ്യൻ, കരഭകൻ ഇവരെല്ലാം കഥകളിയിലേയും പാത്രങ്ങളാണ്. ശകുന്തളയുടെ “തുജ്ജ ണ യാണേ” എന്ന പ്രാകൃത ഭാഷാനിബദ്ധമായ കാമലേഖം അതുപോലെതന്നെ പകർത്തിയിരിക്കുന്നു. ആറാം ദിവസത്തെ കഥയുടെ അവസാനത്തിൽ ദുഷ്ഷന്തൻ കണ്വാശ്രമം വിട്ടു രാജധാനിയിലെത്തുന്നു. അഭിജ്ഞാനശാകുന്തളം നാലാമങ്കത്തിലെ പൂർവ്വാങ്ഗംവരെയുള്ള ഇതിവൃത്തമേ ആറു ദിവസത്തെ കഥകളിലുംകൂടി അടങ്ങുന്നുള്ളു. അതിനപ്പുറമാണ് രാജാവിന്റെ ശകുന്തളാപരിത്യാഗം തുടങ്ങിയ അതിപ്രധാനങ്ങളായ സംഭവങ്ങൾ വർണ്ണിക്കേണ്ടത്. അതു കവി

ചെയ്തിട്ടുണ്ടോ എന്നറിവില്ല. അതേ കണക്കിനു പുരോഗമനം ചെയ്യുകയാണെങ്കിൽ കവിക്കു കുറഞ്ഞപക്ഷം ഇനിയും ഒരാറു ദിവസത്തെ കഥകൊണ്ടല്ലാതെ നാടകത്തിലെ ഇതിവൃത്തം പൂരിപ്പിയ്ക്കുവാൻ കഴിയുന്നതല്ല. അത് അദ്ദേഹം ചെയ്തിട്ടില്ലെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. ഓരോ ദിവസത്തെ കഥയും അഭിനയോചിതമാക്കുന്നതിനുവേണ്ടി അദ്ദേഹം ചില രാക്ഷസന്മാരേയും മറ്റും പ്രവേശിപ്പിച്ചു മൂലകഥയെ ഭേദപ്പെടുത്തിയിരിക്കുന്നു. ഒന്നാം ദിവസത്തെ കഥയിൽ ദണ്ഡകാരണ്യവാസിയായ അതിമായൻ എന്ന രാക്ഷസരാജാവു ശകുന്തളയെ കണ്വാശ്രമത്തിൽനിന്ന് അപഹരിച്ച് തന്റെ സന്നിധിയിൽ കൊണ്ടുചെല്ലുവാൻ മധുകരൻ എന്നൊരു ഭൃത്യനെ നിയോഗിക്കുന്നു. ദുഷ്ഷന്തൻ അവനെ അവിടെനിന്ന് ആട്ടിപ്പായിക്കുന്നു. ഈ മധുകരന്റെ രൂപം നാടകത്തിലെ ഒന്നാമങ്കത്തിൽ പ്രസ്തുതമായ മധുകരത്തെ (വണ്ടിനെ) കവി പർവതീകരിച്ചതാണ്. രണ്ടാം ദിവസത്തെ കഥയിൽ മധുകരന്റെ വധവും മൂന്നാം ദിവസത്തിൽ മധുകരന്റെ ഭാര്യയായ ധൂമ്രകേശിയുടെ അംഗഭംഗകരണവും അവന്റെ അനുജനായ വജ്രദംഷ്ട്രന്റെ നിധനവും അടങ്ങിയിരിക്കുന്നു. നാലാം ദിവസത്തെ കഥയിൽ അതിമായന്റെ മറ്റൊരു ദൂതനായ മായാവിയെ രാജാവു സംഹരിക്കുന്നു. അഞ്ചാമത്തേതിൽ അതിമായൻതന്നെ ദുഷ്ഷന്തനോടു യുദ്ധം ചെയ്യുകയും തോറ്റോടിപ്പോകുകയും ചെയ്യുന്നു. ആറാമത്തേതിൽ അതിമായന്റെ മറ്റൊരു കിങ്കരനായ വീരബാഹു രാജധാനിയിലേയ്ക്കു മടങ്ങുന്ന ദുഷ്ഷന്തനോടു എതിർക്കുകയും ഹതനാകുകയും ചെയ്യുന്നു. കവി അതിമായനെ കൊല്ലാത്തതു് ആ രാക്ഷസനെ വീണ്ടും ചില ആവശ്യങ്ങൾക്കു് ഉപയോഗിയ്ക്കാമെന്നു കരുതിയായിരിക്കണം. കവി എത്രമാത്രം ക്ലേശിച്ച് ഏതെല്ലാം രാക്ഷസന്മാരേയും രാക്ഷസികളേയും ഇടകലർത്തിയാലും അതു കാളിദാസന്റെ നിസർഗ്ഗസുന്ദരമായ ഇതിവൃത്തത്തെ അലങ്കോലപ്പെടുത്തുവാൻ മാത്രമേ പ്രയോജകീഭവിക്കുന്നുള്ളു. ഭക്തിസംവർദ്ധകമല്ലാത്ത ശാകുന്തളം ആടിക്കാണുവാനുള്ള ഒരു കഥയുമല്ല. അതുകൊണ്ടായിരിയ്ക്കണം പ്രാധാന്യേന അതിനു പ്രചാരം അത്യന്തം വിരളമായിപ്പോയതു്.

## പ്രണേതൃത്വം

ശാകുന്തളം ആട്ടക്കഥയ്ക്കു പ്രത്യേകമായി തോടയവും വന്ദനശ്ലോകങ്ങളും എഴുതിച്ചേർത്തുകാണുന്നു. തോടയത്തിൽ ഗണപതി, മഹാവിഷ്ണു ഈ ദേവന്മാരെ വന്ദിച്ചതിനുമേൽ കവി കിള്ളിക്കുറിശ്ശി ശിവനേയും പഴയന്നൂർ ഭഗവതിയേയും പ്രണമിക്കുന്നു.

> “ചരണാംബുജമരുണം തവ ശരണം ഭവഹരണം;
> ശരണാഗതഭരണവ്രത! കരുണാമൃതസിന്ധോ!
> നിഗമാന്തവിചാരൈരിഹ സുഗമാം തവ പദവീം
> ലഘു മാം നയ മദനാന്തക! ശുകമന്ദിരവസതേ!”

എന്നും

> “ഇന്ദുബിംബാനനേ! ഗൗരി! സന്നതാലംബനാപാംഗേ!
> വന്ദനീയേ! പഴയന്നൂരംബികേ! പരിപാഹി മാം
> മാടഭൂപാലവംശപ്രൗഢതാവിധാനലോലേ!
> രൂഢകീർത്തേ! പഴയന്നൂരംബികേ! പരിപാഹി മാം”

എന്നുമുള്ള പംക്തികൾ നോക്കുക. തൃശ്ശിവപേരൂർ വടക്കന്നാഥൻ, ചേന്നമംഗലത്തു നരസിംഹമൂർത്തി, ചേന്നമംഗലത്തു പുതിയതൃക്കോവിൽ ശിവൻ, സരസ്വതി, കൊച്ചി വീരകേരളവർമ്മത്തമ്പുരാൻ ഇവരെപ്പറ്റി വന്ദനശ്ലോകങ്ങളുണ്ട്.

"സാക്ഷാദ്ഭൂയ ജയന്തമംഗലപുരേ വർത്തിഷ്ണു തത്വം പരം
രക്ഷാദക്ഷിണമാവിരസ്തു ഹൃദയേ തേജോ നൃസിംഹാത്മകം"

എന്നു കവി നരസിംഹമൂർത്തിയെ വിശേഷിപ്പിക്കുന്നു. പുതിയ തൃക്കോവിൽ ശിവനേയും വീരകേരളവർമ്മത്തമ്പുരാനേയും അധികരിച്ചുള്ള ശ്ലോകങ്ങൾ യഥാക്രമം താഴെച്ചേർക്കുന്നു.

"പായാദ്ദ് ബാലേന്ദുമൗലിഃ പദനതജനതാ-
പാലനേ ലോലുപാത്മാ
ജായാസമ്മിശ്രകായോ ജനിമൃതിജലധേ-
സ്താരകോ മാരവൈരീ
മായാതീതോഽപി മായാമയഭുവനമയഃ
പാലിയാധീശ്വരാണാം
ശ്രേയോദായീ നിതാന്തം ശ്രുതിനുതമഹിമാ
നൂതനക്ഷേത്രനാഥഃ"

"യസ്യാജ്ഞാ നിഖിലക്ഷമാപതിശിരോമാന്യാ, യദീയം യശോ
വിശ്വവ്യാപി, മഹീ സമുദ്രവസനാ യേനൈവ രാജന്വതീ,
ഭക്താനുഗ്രഹതൽപരേണ ഹരിണാ ലക്ഷ്മീഃ സ്വയം കല്പിതാ
നിത്യം യദ്വശവർത്തിനീ, സ ജയതി ശ്രീമാടധാത്രീപതിഃ.

ശ്രീമാനനർഘഗുണരത്നമഹാപയോധിഃ
ശ്രീമാടഭൂതിലകമാർത്തജനാനുകമ്പീ
ശ്രീവഞ്ചിരാജകുലശേഖരബദ്ധസഖ്യഃ
ശ്രീവീരകേരളനരാധിപതിർവിഭാതി."

ഇത്രയുമുള്ള പ്രസ്താവനയിൽനിന്നു കവി കലക്കത്തു കുടുംബത്തിലെ ഒരംഗമാണെന്നും അദ്ദേഹം ചേന്നമംഗലത്തു പാലിയത്തച്ചനെ ആശ്രയിച്ചു കുറെക്കാലം താമസിച്ചിരുന്നു എന്നും അന്നു നാടു വാണിരുന്നതു കൊച്ചി വീരകേരളവർമ്മത്തമ്പുരാനാണെന്നും വെളിപ്പെടുന്നു. ഈ മഹാരാജാവു രാജ്യഭാരം ചെയ്തതു് 936 മുതൽ 951 വരെ ആയിരുന്നു. "ശ്രീവഞ്ചിരാജകുലശേഖരബദ്ധസഖ്യ" എന്ന വിശേഷണത്തിൽ സൂചിപ്പിക്കുന്ന സന്ധി 931-ലാണ് നടന്നതു് എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ശ്ലോകത്തെത്തുടർന്ന്,

"തസ്യാജ്ഞയാ ഗുരുഗണേശമുഖാൻ പ്രണമ്യ
ശ്രീപാലിയേശപരിശിക്ഷിതരീതിഭേദൈഃ
ശാകുന്തളം വിതനുമോ ലളിതം മിതം തദ്
ഗീതക്ഷമം കൃതധിയഃ പരിശോധയന്തു"

എന്നുകൂടി കവി പ്രസ്താവിക്കുന്നുണ്ട്. മഹാരാജാവിന്റെ ആജ്ഞയും പാലിയത്തച്ചന്റെ ഉപദേശവും അദ്ദേഹത്തിനു പ്രസ്തുതനിബന്ധം രചിക്കുന്നതിനു പ്രേരകങ്ങളായിരുന്നു.

## രാമപാണിവാദനോ രാഘവൻനമ്പിയാരോ?

ശാകുന്തളം ആട്ടക്കഥ കലക്കത്തു രാഘവൻനമ്പിയാർ ഉണ്ടാക്കിയതെന്നാണ് 1034-ൽ പ്രസിദ്ധീകരിച്ച നൃത്യപ്രബന്ധപുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ അങ്ങനെ ഒരു രാഘവൻ 936-നും 951-നും ഇടയ്ക്കുണ്ടായിരുന്നതിനു തെളിവില്ല. രാമ പാണിവാദന്റെ മാതുലനായി ഒരു രാഘവപാണിവാദൻ ഉണ്ടായിരുന്നു എന്നുള്ളതു ശരിതന്നെ. എന്നാൽ അദ്ദേഹത്തെ ഒരു കവിയുടെ നിലയിൽ നാം അറിയുന്നി ല്ലെന്നുമാത്രമല്ല, അക്കാലത്തിനു മുൻപുതന്നെ അദ്ദേഹം അന്തരിച്ചിരിക്കണമെന്ന് അനുമാനിക്കുവാനും ന്യായമുണ്ട്. അതുകൊണ്ടു രാമപാണിവാദൻ തന്നെയാണ് ശാകുന്തളത്തിന്റെയും കർത്താവ് എന്നു ഞാൻ സങ്കല്പിക്കുന്നു. ശാകുന്തളത്തിനു ശം ബരവധം, രാസക്രീഡ തുടങ്ങിയ മറ്റ് ആട്ടക്കഥകളിൽ നിന്നു പ്രകടമായ വ്യത്യാസം കാണുന്നുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഏതു വിധത്തിൽ നോക്കിയാ ലും ശാകുന്തളം ഒരു പണ്ഡിതശ്രേഷ്ഠനായ കവിധർമ്മമർമ്മജ്ഞന്റെ കൃതിയാണെ ന്നേ തോന്നുകയുള്ളൂ. മാഢവ്യനെ മൂന്നാം ദിവസത്തെ കഥയിൽ പ്രവേശിപ്പിക്കുന്ന “ഘത്തുണദണ്ഡ” എന്ന ശ്ലോകവും, ധൂമ്രകേശിയെ പ്രവേശിപ്പിക്കുന്ന “ണവളിയമ ഹ്ഹയള” എന്ന ശ്ലോകവും പ്രാകൃതത്തിലാണ് നിബന്ധിച്ചിരിക്കുന്നത്. ഈ വ്യത്യാ സത്തിന് എന്തായിരിക്കും കാരണം? ശംബരവധം മുതലായ കൃതികളിൽ കവി കൊട്ടാരക്കര തമ്പുരാന്റെ ലളിതശൈലി അനുകരിക്കയും, പാലാഴിമഥനത്തിൽ അതിൽനിന്നു കുറേക്കൂടി ഉയരുകയും, ശാകുന്തളത്തിൽ കോട്ടയം കൃതികളെ മാതൃ കയാക്കി ശബ്ദാർത്ഥങ്ങൾക്ക് അതിലുമധികം മോടി വരുത്തുകയും ചെയ്തു എന്നു വിചാരിക്കരുതോ? പോരെങ്കിൽ പാലിയത്തച്ചന്റെ രീതിഭേദശിക്ഷണം അത്ത രത്തിലായിരുന്നു എന്നും ഊഹിക്കാമല്ലോ. ആകെക്കൂടി എനിയ്ക്കു തോന്നുന്നതു ശാകുന്തളത്തേയും നമ്പിയാരുടെ ഭാഷാദൃശ്യകാവ്യങ്ങളുടെ കൂട്ടത്തിൽ പരിഗണി ക്കാമെന്നും അതു പക്ഷേ അദ്ദേഹത്തിന്റെ ഒടുവിലത്തെ കൃതിയായിരിയ്ക്കുമെന്നുമാ ണ്. അതുകൊണ്ടു തന്നെയായിരിയ്ക്കാം അദ്ദേഹത്തിന് അതു പൂർത്തിയാക്കുവാൻ സാധിക്കാഞ്ഞതും.

### കവിത

ശാകുന്തളത്തിലെ ശ്ലോകങ്ങളും പദങ്ങളും ആസ്വാദ്യങ്ങളാകുന്നു. ചില ഉദാഹരണ ങ്ങൾ പ്രദർശിപ്പിക്കാം.

ദുഷ്ഷന്തന്റെ പ്രതാപം:

“അഥ പഥി നൃപതേഃ പ്രതാപവഹ്നിർ-
ന്നിജദയിതാവിരഹാഗ്നിഭസ്മഗൂഢഃ
രജനിചരവചോമരുൽപ്രധൂത-
സ്സപദി സമജ്ജ്വലദുച്ചകൈരുദാരഃ.” (ഷഷ്ഠകഥ)

നായകൻ നായികയോട്:

“ചന്ദ്രജ്യോത്സ്നാഭിരാമേ ചലദളിപടലാ-
ധൂതകങ്കേളിമല്ലീ-
കുന്ദപ്രസ്യന്ദിമാധ്വീസുരഭിലപവനേ
മാലിനീകാനനാന്തേ

കന്ദർപ്പോദാരലീലാരസഭരിതമുപേ-
തൈ്യഷ രാജാ കദാചി-
ന്മാന്ദാക്ഷാനമ്രമന്ദസ്മിതമധുരമുഖീം
പ്രേയസീം താമവാദീൽ." (ഷഷ്ഠകഥ)

## ത്രൈകാലികാഖ്യാനം

### കാലം

ത്രൈകാലികാഖ്യാനം ഔത്തരാഹന്മാരും ദാക്ഷിണാത്യന്മാരുമായ ചില ഭാരതീയ രാജാക്കന്മാരുടെ ചരിത്രത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ചെറിയ സംസ്കൃതകാവ്യമാണ്. ദേശചരിത്രദൃഷ്ട്യാ അതിനു യാതൊരു വിലയും കല്പിയ്ക്കാവുന്നതല്ല. ആകെ അഞ്ചധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്. "കലൗ ഹാരി സുസേവ്യം യൽപാലിയേശേന കാരിതം" എന്ന് ഒടുവിലത്തെ ശ്ലോകത്തിൽ കവി കലിസംഖ്യ സൂചിപ്പിച്ചിട്ടുണ്ട്. അതിൽനിന്നു പ്രസ്തുത കൃതിയുടെ രചന 928-ആണ്ടു വൃശ്ചികമാസം 16-നു ആണെന്ന് അറിയാം.

### കാരയിതാവ്

ത്രൈകാലികാഖ്യാനത്തിന്റെ കാരയിതാവായ പാലിയത്തച്ചൻ, കുഞ്ചൻനമ്പിയാരെക്കൊണ്ടു ശിവപുരാണമെഴുതിച്ച ബാലരാമനച്ചനാണെന്ന് അനുമാനിക്കുന്നതിൽ അപാകമില്ല.

"ഏകദാ ബാലരാമാഖ്യഃ ശ്രീപാലിയപുരാധിപഃ
സുകൃതീ നീതിനിപുണസ്സമാനായ്യ ദ്വിജോത്തമം
ഉപവേശ്യ ച സംപൂജ്യ തോഷയിത്വാ ച സാദരം
ശുശ്രൂഷുർല്ലോകവൃത്താന്തമിത്യപൃച്ഛദ്ബഹുശ്രുതഃ"

എന്നും,

"ഇത്യുക്തോ ബാലരാമേയ്യണ മനക്രോഡാധിപേന സഃ
സുബ്രഹ്മണ്യാഹ്വയോ ഭട്ടസ്തമേവം വാചമൂചിവാൻ"

എന്നുമുള്ള പ്രസ്താവനകൾക്കു പുറമെ ആഖ്യാനത്തിന്റെ അവസാനത്തിൽ ആ സുബ്രഹ്മണ്യഭട്ടന്റെ ആശീർവ്വാദരൂപത്തിൽ

"ഭൂലോകത്രിദിവപ്രഭൃതവിഭവശ്രീകേരളാഖ്യോർവരാ-
ഖണ്ഡാലങ്കൃതിഭംഗിതുംഗമഹിമശ്രീമാടരാജ്യേശിതുഃ
ശ്രീമൽസൂര്യകലീനരാജതിലകസ്യാമാത്യവാചസ്പതേ!
ഭൂമൗ പാലിയനാഥ! രാമ! സുചിരം ജീവ പ്രതാപാധികഃ

എന്ന ശ്ലോകവും ഈ കൃതിയിൽ കാണ്മാനുണ്ട്. ബാലരാമനെ പാലിയത്തച്ചനായും മനക്കോട്ടച്ചനായും ഇതിൽ പ്രകീർത്തനം ചെയ്തിട്ടുണ്ടല്ലോ. "ബാലരാമൻ മനക്രോഡനാഥാനുജൻ" എന്നു ശിവപുരാണത്തിൽ അദ്ദേഹത്തെ വർണ്ണിച്ചിട്ടുണ്ട്. അന്ന് അദ്ദേഹം ആ കുടുംബത്തിലെ ഇളമീന്നായിരുന്നു. 915-ആണ്ടിടയ്ക്കു മനക്കോട്ട് മൂലകുടുംബമായ പാലിയത്തിൽ ലയിച്ചപ്പോൾ ബാലരാമൻ അവിടത്തെ ഒരിളമുറക്കാരനായി. 928-ൽ രചിച്ച ത്രൈകാലികാഖ്യാനത്തിൽ അദ്ദേഹത്തെ "പാലിയേശൻ"

എന്നും മറ്റും പറയുന്നുണ്ടെങ്കിലും അന്നും അദ്ദേഹത്തിനു തറവാട്ടുമൂപ്പു കിട്ടിയിരുന്നിരിക്കുവാൻ ഇടയില്ല. എന്തെന്നാൽ അന്നത്തെ മൂപ്പൻ ഇട്ടുണ്ണാനച്ചനായിരുന്നു. “നാനാകഥാസാരവേദി” എന്നും “കലാവിദ്യകൾക്കേകനാധാരഭൂതൻ” എന്നും “വിശ്വവൃത്താന്തജ്ഞാനി വിദ്യയാ വിനോദിതൻ” എന്നും മറ്റും നമ്പിയാർ ശിവപുരാണത്തിൽ ബാലരാമനെ പ്രശംസിച്ചിട്ടുള്ളതു നിർമ്മൂലമല്ലെന്ന് ഈ കാവ്യം തെളിയിക്കുന്നു.

## കവി

കവി ആരെന്ന് തീർച്ചപ്പെടുത്താൻ നിവൃത്തിയില്ല; എന്നാൽ അതു കോലത്തുനാട്ടിലെ ഒരു പ്രഭുവാണെന്നും അദ്ദേഹത്തിന്റെ പേർ രാമനെന്നായിരുന്നു എന്നും സങ്കല്പിക്കാം.

> “ശ്രീമൽപാരശവാര്യരാമഗുരുഭിർമ്മോദാൽ കവീന്ദ്രൈസ്സ്വയം
> മാടോർവീന്ദ്രസുമന്ത്രിവാക്പതിമുദേ മന്ദോऽപി യഃ കല്പിതഃ
> സ ത്രൈകാലികവസ്തു വിപ്രമുനിവര്യാഖ്യാതമദ്യാലിഖൽ
> കഞ്ചിന്മാണ്ഡലികസ്തു രാജകമണേ ശ്രീകോലരാജ്യേശിതുഃ”

എന്ന ശ്ലോകത്തിൽനിന്നും “ത്രൈകാലികാഖ്യാനേ സാമന്തരാമവിരചിതേ” എന്നുള്ള കുറിപ്പിൽനിന്നുമാണ് ഈ സങ്കല്പം സംഗതമാകുന്നത്. “ശ്രീമൽപാരശവാര്യരാമഗുരു” ആരാണെന്നു വെളിവാകുന്നില്ല.

## വിഷയം

അതീതന്മാരും സമകാലികന്മാരും ആഗാമികളുമായ രാജാക്കന്മാരുടെ വൃത്താന്തങ്ങൾ അടങ്ങീട്ടുള്ളതുകൊണ്ടാണ് ത്രൈകാലികാഖ്യാനം എന്ന് ഗ്രന്ഥത്തിന് പേർ സിദ്ധിക്കുന്നത്. ആ സരണിക്ക് അനുരൂപമായി അവരിൽ ചിലർ ഭാവിയിൽ ജനിക്കാൻപോകുന്നവരാണെന്നു കവി പറയുന്നു.

> “ആന്ധ്രമുഖ്യോ യജുശ്ശാഖീ കുശികാത്മജഗോത്രജഃ
> വിശ്വേശ്വരൗരസാപത്യം സുബ്രഹ്മണ്യാഹ്വയസ്സുധീഃ”

വിശ്വേശ്വരന്റെ പുത്രനായ സുബ്രഹ്മണ്യൻ എന്ന ആന്ധ്ര ബ്രാഹ്മണൻ ഭാരതം മുഴക്കെ ചുറ്റിസ്സഞ്ചരിച്ച് ഉജ്ജയിനിയിൽപ്പോയി, അവിടെ ഗോവിന്ദസ്വാമി ത്രികാലങ്ങളിലും സംഭവിക്കുന്ന വിഷയങ്ങളെ പരാമർശിച്ചു ശിലയിൽ കൊത്തിവെച്ചിട്ടുള്ള രേഖകൾ മനസ്സിലാക്കി തന്റെ തീർത്ഥാടനമധ്യത്തിൽ തൃശ്ശിവപേരൂരിൽ വന്നുചേരുന്നു. അദ്ദേഹത്തെ അവിടെനിന്നു ബാലരാമനച്ചൻ സ്വഗൃഹത്തിലേക്കു നയിച്ചു ലോകവൃത്താന്തങ്ങൾ ചോദിക്കുകയും അദ്ദേഹം സൂര്യവംശ്യന്മാരും ചന്ദ്രവംശ്യന്മാരുമായ രാജാക്കന്മാരുടെ കഥകൾ പറഞ്ഞു കേൾപ്പിക്കുകയും ചെയ്യുന്നു. പരീക്ഷിത്ത്, ജനമേജയൻ, ശനാസീകൻ, വത്സരാജൻ, ചന്ദ്രഗുപ്തൻ, വിക്രമാദിത്യൻ, ഭോജൻ, ശാലിവാഹനൻ, ചേരൻ, ചോളൻ, മലയധ്വജപാണ്ഡ്യൻ, വിജയനഗരത്തിലെ കൃഷ്ണദേവരായർ, രാമരായർ എന്നിങ്ങനെ പലരേയും അദ്ദേഹം സ്മരിക്കുന്നുണ്ട്. ചേരനെ ഇങ്ങനെ സ്തുതിക്കുന്നു.

> “രാജന്യാന്വയശേഖരോऽഥ ധരണൗ ചേരാഭിധാനോऽഭവ-
> ദ്യോ ജന്യേഷു ജിഗായ തജ്ജിനകുലം മന്വാദിമാന്യോദയഃ
> രാജന്വത്യഭവച്ച യേന ധരണീ ധുര്യേണ ധീരാത്മനാ
> രാജന്യാസ്ത്വധുനാപി യസ്യ കുലജാഃ ശ്രീകേരളാൻ കുർവതേ.”

കൃഷ്ണദേവരായരുടെ വർണ്ണനമാണ് താഴെക്കാണുന്നതു്.

> “ലക്ഷ്മീരക്ഷിണബാഹുദൃഷ്ടണി നനു സതതം
> മുക്തചാപല്യദോഷാ
> രേമേ യത്രാതിരമ്യം രമണമകൃത യം
> ഭൂമിരന്യാൻ വിഹായ
> രാജാനം തം പ്രജാനാമവനപടുമതിം
> സമ്പ്രതം സാരസാക്ഷ-
> സ്സാക്ഷാദേവാവതീർണ്ണസ്സ്വയമിതി പരമാ-
> സ്സരയസ്സമ്യഗാഹുഃ.”

‘ദില്ലിപാച്ചാ’വാണ് അക്കാലത്തെ ഭാരതചക്രവർത്തിയെന്നും ബ്രാഹ്മണൻ പറയുന്നു.

## യുക്തിഭാഷ

യുക്തിഭാഷയുടെ പ്രണേതാവു് ആലത്തൂർ ഗ്രാമത്തിൽപ്പെട്ട പറങ്ങോട്ടില്ലത്തെ ബ്രഹ്മദത്തൻനമ്പൂരിയാണ്. ആ ഗ്രന്ഥത്തിന്റെ നിർമ്മിതി 925-ആണ്ടാണെന്നു “യോഗോളപഥസ്ഥാസ്സ്യഃ” എന്ന കലിവാക്യത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. യുക്തിഭാഷയിൽ സ്വകപോലകല്പിതമായി അധികമൊന്നുമില്ല. കേളല്ലൂർ ചോമാതിരിയുടെ തന്ത്രസംഗ്രഹത്തേയും, നാരായണന്റെ ക്രിയാക്രമകരീ എന്ന ലീലാവതീ വ്യാഖ്യയേയും മറ്റും ഉപജീവിച്ചുകാണുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ വിശദമായ വിജ്ഞാനം സിദ്ധിക്കുന്നതിനു യുക്തിഭാഷയുടെ പഠനം ആവശ്യകമാണ്. നമ്പൂരിയുടെ ശൈലി കാണിക്കുവാൻ ചില പംക്തികൾ ഉദ്ധരിക്കാം.

“അവിടെ, നക്ഷത്രഗോളത്തിന്റെ നടുവിൽ, ആകാശത്തിങ്കൽ, നേരെ ഉരുണ്ടു, തന്റെ ശക്തികൊണ്ടുതന്നെ മറ്റൊരു ആധാരം കൂടാതെ, എല്ലാപ്പുറം സ്ഥാവരജംഗമാത്മകങ്ങളാകുന്ന എല്ലാ ജന്തുക്കളേയും, എല്ലാ വസ്തുക്കളേയും ഭരിച്ചുനില്പോന്നു് ഈ ഭൂമി. പിന്നെ ഭൂമീടെ എല്ലാപ്പുറത്തുമുള്ള ആകാശത്തിങ്കേന്നും കനത്ത വസ്തുക്കൾ ഭൂമിയിങ്കൽ വീഴുമാറു സ്വഭാവമുണ്ടു്. എന്നിട്ടു് എല്ലാടവും കീഴ്ഭൂമി; ഭൂമീടെ എല്ലാപ്പുറവും മേൽ ആകാശം. പിന്നെ ഭൂമീടെ തെക്കെപ്പാതിയിങ്കൽ വെള്ളമാകുന്ന പ്രദേശം ഏറൂ; വടക്കേ പാതിയിങ്കൽ സ്ഥലമാകുന്ന പ്രദേശം ഏറൂ; വെള്ളമാകുന്ന പ്രദേശം കുറവൂ. പിന്നെ ഭാരതഖണ്ഡത്തെക്കുറിച്ചു മീത്തേപ്പുറം എന്നു തോന്നുന്നേടത്തു ജലസ്ഥലസന്ധിയിങ്കൽ ‘ലങ്ക’ എന്നുണ്ടു് ഒരു പുരി. അവിടുന്നു കിഴക്കുപടിഞ്ഞാറു ഭൂമിയെ ചുറ്റുമാറു വൃത്താകാരേണ ഒരു രേഖകല്പിപ്പൂ. ഇതിങ്കൽ പടിഞ്ഞാറു രോമകവിഷയം; കീഴേപ്പുറത്തു സിദ്ധപുരം; കിഴക്കു യവകോടി; ഇങ്ങനെ നാലു പുരങ്ങൾ ഉളവു്. പിന്നെ ഇവ്വണ്ണം ലങ്കയിങ്കന്നു തെക്കും വടക്കും കിഴക്കേപ്പുറത്തുംകൂടി ഭൂമിയെ ചുറ്റുമാറു വൃത്താകാരേണ ഒരു രേഖ കല്പിപ്പൂ. ഇതിങ്കൽ വടക്കു മഹാമേരു; തെക്കു ബഡവാമുഖം; കീഴേ സിദ്ധപുരം; ഈ രേഖ സമരേഖയാകുന്നതു്.”

## ഗണിതയുക്തി

ഗണിതയുക്തി ഒരു സംസ്കൃതഗ്രന്ഥമാണ്. യുക്തിഭാഷയുടെ സംസ്കൃതാനുവാദമെന്നാണ് ജ്യോതിർവിത്തുകൾ പറയുന്നതു്. രണ്ടു ഗ്രന്ഥങ്ങളിലേയും വിഷയം ഒന്നുതന്നെ. പ്രസ്തുത നിബന്ധം ഇങ്ങനെ ആരംഭിയ്ക്കുന്നു.

> “വന്ദേ ഗണ്ഡതടസ്രവന്മദധുനീലോലോർമ്മിഖേലദ്ഭ്രമദ്-

ഭൃംഗസ്വാനവിപൂരിതാഖിലഹരിച്ചക്രം ഗജാസ്യം വിഭും
വിഘ്നാദ്രീന്ദ്രശിഖാവിഭേദനചണം പ്രത്യൂഹവിച്ഛിത്തയേ
വൃത്രാരിപ്രമുഖാമരാർച്ചിതപദാംഭോജം ദയാംഭോനിധിം.

ഗുരുപാദാംബുജം നത്വാ ധ്യാത്വാ സാംബശിവം മയാ
ലിഖ്യതേ ഗണിതം കൃത്സ്നം ഗ്രഹഗത്യുപയോഗി യൽ."

ഇതിലെ കാരികകൾ പദ്യത്തിലും വൃത്തി ഗദ്യത്തിലും ഘടിപ്പിച്ചിരിക്കുന്നു.

"ഏകദശശതസഹസ്രായുതലക്ഷപ്രയുതകോടയഃ ക്രമശഃ
അർബുദമബ്ജം ഖർവനിഖർവമഹാപദ്മശങ്കവസ്തസ്മാൽ
ജലധിശ്ചാന്ത്യം മധ്യമമിത്യഷ്ടാദശഗുണോത്തരാസ്സംജ്ഞാഃ
സംഖ്യായാഃ സ്ഥാനാനാം വ്യവഹാരാർത്ഥം കൃതാഃ പൂർവൈഃ.

ഈ രണ്ടു കാരികകളും വർഗ്ഗമൂലീകരണപ്രകരണത്തിലുള്ളവയാകുന്നു.

# 39

# ഭാഷാസംസ്കൃതസാഹിത്യങ്ങൾ

(ക്രി.പി. പതിനെട്ടാംശതകം, ഉത്തരാർദ്ധം)

## കൊച്ചി രാമവർമ്മമഹാരാജാവു്: (938-984) ജീവചരിത്രം

കൊച്ചി രാമവർമ്മമഹാരാജാവു് 938-ആമാണ്ടു കർക്കടകമാസത്തിൽ ഭരണിനക്ഷത്രത്തിൽ ജനിച്ചു. അവിടുത്തെ മാതാവു രാമവർമ്മ ശക്തൻതമ്പുരാന്റെ ചിറ്റമ്മയായിരുന്നു. വിഗതമാതൃകനായ തന്നെ മൂന്നുവയസ്സുമുതൽ ലാളിച്ചു വളർത്തിയ ചിറ്റമ്മത്തമ്പുരാട്ടിയുടെ പേരിൽ ശക്തൻതമ്പുരാനു നിസ്സീമമായ ഭക്തിയുണ്ടായിരുന്നുവെന്നുള്ളതു സുപ്രസിദ്ധമാണ്. അവിടുന്നു പ്രസവിച്ച നാലു പുത്രന്മാരിൽ ജ്യേഷ്ഠൻ രാമവർമ്മത്തമ്പുരാനായിരുന്നു. ആ തമ്പുരാൻ 981 മുതൽ 984 ധനുമാസം 30-ാംനു-വരെ കൊച്ചിരാജ്യം ഭരിച്ചതിന്റെ ശേഷം വെള്ളാരപ്പിള്ളിക്കോവിലകത്തുവച്ചു തീപ്പെട്ടു. ചിറ്റമ്മത്തമ്പുരാട്ടി 978 കർക്കടകത്തിൽത്തന്നെ സ്വര്യാതയായിക്കഴിഞ്ഞിരുന്നു. രാമവർമ്മ മഹാരാജാവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ അടുത്ത സഹോദരനായ വീരകേരളവർമ്മത്തമ്പുരാൻ രാജ്യഭാരം കയ്യേല്ക്കുകയും 1003-ആമാണ്ടു തൃപ്പൂണിത്തുറവെച്ചു തീപ്പെടുകയും ചെയ്തു. ആ രണ്ടു മഹാരാജാക്കന്മാരും സാഹിത്യത്തിൽ അത്യന്തം അഭിരുചിയുള്ളവരും സ്വയം കവനംചെയ്തും ഇതരകവികളേയും പണ്ഡിതന്മാരേയും പലവിധത്തിൽ പ്രോത്സാഹിപ്പിച്ചും സംസ്കൃതത്തിനും ഭാഷയ്ക്കും ജീവാതുക്കളെന്ന നിലയിൽ പ്രശസ്തി നേടിയവരുമായിരുന്നു. 973-ആമാണ്ടു ധർമ്മരാജാവു നാടുനീങ്ങിയതോടുകൂടി കേരളത്തിലെ സാഹിത്യം തിരുവനന്തപുരത്തുനിന്നു തൃപ്പൂണിത്തുറയെ അഭയം പ്രാപിച്ചു; വീരകേരളവർമ്മത്തമ്പുരാൻ തീപ്പെട്ട അവസരത്തിൽ തിരിയെ തിരുവനന്തപുരത്തേക്കുപോന്ന് 1004-ആമാണ്ടു തിരുവിതാംകൂർ നേരിട്ടു ഭരിച്ചു തുടങ്ങിയ ഗർഭശ്രീമാൻ സ്വാതിതിരുനാൾ മഹാരാജാവിന്റെ നിരന്തരലാളനത്തിൽ വീണ്ടും ഉത്തരോത്തരം പരിപുഷ്ടമായി പ്രശോഭിച്ചു.

## കൊച്ചിയിലെ മാധ്വമതം

ദക്ഷിണകർണ്ണാടകത്തിൽ സുപ്രസിദ്ധമായ ഉഡുപ്പി എന്ന സ്ഥലത്തു മാധ്വാചാര്യന്മാരുടെ വകയായി എട്ടു മഠങ്ങളുണ്ട്. അവയിൽ ഒന്നാണ് സോദയ മഠം. കൊല്ലം പത്താംശതകത്തിന്റെ ആരംഭംമുതല്ക്കുതന്നെ തൃപ്പൂണിത്തുറ ക്ഷേത്രത്തിലെ ശാന്തിക്കാരായ തങ്ങളുടെ ചില ശിഷ്യന്മാരെ സന്ദർശിക്കുന്നതിനായി ആ മഠത്തിലെ സ്വാ

മിയാരന്മാർ പലപ്പോഴും അവിടെ വരികയും മഠാധിപതികൾ എന്നുള്ള നിലയിൽ രാജോപചാരത്തിനു പാത്രീഭവിക്കുകയും ചെയ്തിരുന്നു. ശക്തൻതമ്പുരാന്റെ കാലത്തു ജീവിച്ചിരുന്ന സോദയസ്വാമിയാർക്കു, ആ മഹാരാജാവില്ലാതിരുന്ന അവസരത്തിൽ തൃപ്പൂണിത്തുറവെച്ചു രാമവർമ്മതമ്പുരാനേയും വീരകേരളവർമ്മത്തമ്പുരാനേയും മാധ്വമതത്തിലേക്കു പരിവർത്തനം ചെയ്യിക്കുന്നതിനു സാധിച്ചു. ശക്തൻതമ്പുരാൻ സ്വാമിയാരുടെ ആ കയ്യേറ്റത്തെപ്പറ്റി അറിഞ്ഞപ്പോൾ അത്യന്തം കുപിതനായി ആ രണ്ടു രാജകുടുംബാങ്ഗങ്ങളേയും സമുചിതമായ വിധത്തിൽ ശിക്ഷിക്കുന്നതിന് ഒരുമ്പെടുകയും ചിറ്റമ്മത്തമ്പുരാട്ടിയുടെ വാത്സല്യമസൃണമായ അഭ്യർത്ഥന നിമിത്തം ആ ഉദ്യമത്തിൽനിന്നു വിരമിക്കുകയും ചെയ്തു. സ്വാമിയാരെയും അവിടുന്നു വെറുതേ വിട്ടില്ലെന്നും അദ്ദേഹത്തെ ഭസ്മസ്നാനം ചെയ്തു ചക്കംകുളങ്ങര ശിവക്ഷേത്രത്തിൽ ഭജനമിരുത്തിച്ചു എന്നും പുരാവിത്തുകൾ പറയുന്നു. ഏതായാലും അനന്തരവർക്കു മാധ്വമതത്തിലുള്ള വിശ്വാസം അചഞ്ചലമായിരുന്നതിനാൽ 981-ൽ രാമവർമ്മത്തമ്പുരാന്റെ കിരീടധാരണമഹത്തിൽ ഭാഗഭാക്കാകുവാൻ സ്വാമിയാർ വീണ്ടും തൃപ്പൂണിത്തുറെ വന്നുചേർന്നു; ആ മതം കുറേക്കാലത്തേക്കു രാജകുടുംബത്തിൽ പ്രതിഷ്ഠിതവുമായി. ആ രണ്ടു മഹാരാജാക്കന്മാരുടേയും കൃതികളിൽ മാധ്വാചാര്യരെപ്പറ്റിയുള്ള പ്രശംസ അവ്യഭിചാരിയായി കാണാവുന്നതാണ്. രാമവർമ്മമഹാരാജാവിന്റെ മൂന്നുകൊല്ലത്തെ രാജ്യഭാരം സാഹിതീവ്യവസായത്തിന് അശേഷം യോജിച്ചതായിരുന്നില്ല. 984-ൽ അവിടുന്നു മരിച്ച അവസരത്തിൽ വേലുത്തമ്പിയും പാലിയത്തു കോമിയച്ചനുംകൂടി ബ്രിട്ടീഷ് കാരോടു പടവെട്ടിക്കൊണ്ടിരിക്കയായിരുന്നു. വീരകേരളവർമ്മത്തമ്പുരാന്റെ രാജ്യഭരണാരംഭത്തിൽ സമാധാനം പുനഃസ്ഥാപിതമാകുകയാൽ തനിക്കു അഭിമതമായ ആ വ്യവസായം അവിടുത്തേക്കു നിർവിഘ്നമായി തുടർന്നുകൊണ്ടുപോകുന്നതിനു സാധിച്ചു. 1039 മകരമാസത്തിൽ തൃപ്പൂണിത്തുറവെച്ചു തീപ്പെട്ട രവിവർമ്മത്തമ്പുരാന്റെ വാഴ്ചക്കാലത്തിനു പിന്നീടു മാത്രമാണ് കൊച്ചി മഹാരാജാക്കന്മാർ വീണ്ടും പണ്ടത്തെപ്പോലെ സ്മാർത്തമതാനുയായികളായത്.

## കൃതികൾ

രാമവർമ്മമഹാരാജാവിന്റെ വകയായി രണ്ടു കൃതികളേ കണ്ടുകിട്ടീട്ടുള്ളൂ. അവയിൽ പൂർണ്ണത്രയീശസ്തുതി സംസ്കൃതത്തിലും സുന്ദരകാണ്ഡം പാന ഭാഷയിയിലും രചിച്ചിട്ടുള്ളതാണ്.

## പൂർണ്ണത്രയീശസ്തുതി

ഭക്തിസംവർദ്ധകമായ ഒരു സ്തോത്രമാണ് പ്രസ്തുത കാവ്യം. അതിലെ ആദ്യത്തെ ശ്ലോകം താഴെ ചേർക്കുന്നു.

"പൂർണ്ണത്രയ്യാഖ്യപുര്യാം ഹരിഭവനനിഭേ
സ്വാലയേ സന്നിഷണ്ണം
പീഠേ ഹൈമേ ച വിഷ്ണോഃ ഫണിവരലസിതേ
ഹാരകോടീരധാരീ
കേയൂരൈഃ കുണ്ഡലൈസ്തൈർമ്മണിവരകടകൈർ-
ഭൂഷണൈർഭാസുരാംഗോ
മാടശ്രീരാമഭൂപം കനകകവചധൃക്
പാതു പൂർണ്ണത്രയീശഃ."

## സുന്ദരകാണ്ഡം പാന

മഹാരാജാവിന് ഒരിക്കൽ മൂത്രകൃച്ഛ്റത്തിന്റെ ഉപദ്രവമുണ്ടായി എന്നും അതു വായു സംബന്ധമായുള്ള ഒരു രോഗമാകയാൽ വായുപുത്രനായ ഹനൂമാന്റെ പ്രസാദം കൊണ്ട് അതിനു ശമനംവരുത്തണമെന്നു നിശ്ചയിച്ച് അവിടുന്നു രാമായണം സുന്ദരകാണ്ഡം പാനയായി ഉണ്ടാക്കി എന്നും ഹനൂമാൻ സീതാദേവിയുടെ കയ്യിൽ അംഗുലീയം സമർപ്പിക്കുന്ന ഘട്ടംവരെ എഴുതിയപ്പോൾ ആ രോഗം ഭേദമായി എന്നും ഐതിഹ്യമുണ്ട്. പ്രസ്തുത കൃതി പാരായണം ചെയ്താൽ വായുഭഗവാന്റെ അനുഗ്രഹം സിദ്ധിച്ച് തദ്വാരാ സുഖപ്രസവമുണ്ടാകുമെന്നുള്ള വിശ്വാസംനിമിത്തം തൃപ്പൂണിത്തറക്കോവിലകത്തെ കൊച്ചുതമ്പുരാട്ടിമാർ ഇന്നും ആ പാന ഗർഭകാലങ്ങളിൽ പാരായണംചെയ്യാറുണ്ട്. സുന്ദരകാണ്ഡം മാത്രമേ മഹാരാജാവു നിർമ്മിച്ചുള്ളു. അതിനെത്തുടർന്ന് ആ കോവിലകത്തെ സുഭദ്ര എന്ന നാമാന്തരത്താൽ സുവിദിതയായിരുന്ന ഇക്കുഅമ്മത്തമ്പുരാട്ടി യുദ്ധകാണ്ഡവും ആ രീതിയിൽത്തന്നെ ഉണ്ടാക്കി ശ്രീരാമപട്ടാഭിഷേകംവരെയുള്ള രാമായണകഥ പൂരിപ്പിച്ചിട്ടുണ്ട്. സുന്ദരകാണ്ഡം,

“സത്യവതീതനയൻ ജഗന്നാഥൻ
സത്യകീർത്തി മുനികുലശേഖരൻ
തൃപ്പൂണിത്തുറെ മേവുന്ന മാധവ-
നെപ്പോഴും മമ ചിത്തേ വിളങ്ങണം.
പൂർണ്ണപ്രജ്ഞമുനികൃപയുമെന്നിൽ
പൂർണ്ണമായി വിലസേണമെപ്പോഴും.
വാണിടേണമെൻ ജിഹ്വയിലെപ്പോഴും
വാണീദേവിയുമേറ്റം പ്രസന്നയായ്”

എന്ന് ആരംഭിക്കുകയും,

“രാമദേവകൃപാമുഖ്യഭാജന!
രാമപാദാബ്ജഹംസ ! മഹാബല!
“ഭീമരാവണദർപ്പവിനാശന!
യാമിനീചരതൂലഭാവാനല!
സീതാദേവീകൃപാമുഖ്യഭാജന!
പീതഹാലാഹലാമരവന്ദിത!
ധൂതഗാന്ധാരീപുത്ര ! ഹതവീര-
കൃതസമ്മർദ്ദദുർമ്മദഭഞ്ജന!
വായുപുത്ര ! ഹനൂമൻ ! നമോസ്തു തേ;
ആയുരാരോഗ്യസൗഖ്യാനി ദേഹി മേ.
പൂർണ്ണബോധ ! ഭവാന്റെ ചരിത്രത്തെ
വർണ്ണിപ്പാനേറ്റം കൗതുകംകൊണ്ടു ഞാൻ
വർണ്ണിച്ചേനിതിലുണ്ടു പിഴയെങ്കിൽ
പൂർണ്ണപ്രജ്ഞ ! ഹനൂമൻ ക്ഷമിക്കണം.
ഹനൂമൻ ! ഭവച്ഛ്റീരാമസേവയെ–
പ്പാനയായി ഞാൻ നിർമ്മിച്ചതുകൊണ്ടു,
പൂർണ്ണപ്രജ്ഞ ! തേ ഹൃൽകമലസ്ഥിതൻ
പൂർണ്ണവേദപുരേശ്വരൻ പ്രീയതാം”

എന്ന് അവസാനിക്കുകയും ചെയ്യുന്നു. പൂർണ്ണപ്രജ്ഞൻ എന്നതു മാധ്വമതസ്ഥാപകനായ ആനന്ദതീർത്ഥയതിയുടെ ഒരു ബിരുദനാമമാകുന്നു; അദ്ദേഹത്തെ ഹനുമാന്റെ അവതാരമെന്നു മാധ്വന്മാർ വിശ്വസിക്കുന്നു. കുറേ വരികൾകൂടി പ്രദർശിപ്പിച്ചുകൊള്ളട്ടെ.

ഹനുമാൻ സീതാദേവിയോട്:

“അരുണമണിവർണ്ണജടാഭാരം
തിരുമുടിയിലുണ്ടു പ്രകാശിച്ച്
പുണ്ഡരീകദലായതലോചനൻ
പുണ്ഡരീകസുധാംശുസമാനനൻ
ചാരുനാസികൻ ബിംബഫലാധരൻ
ചാരുദന്തൻ മനോജ്ഞകപോലവാൻ
അത്ഭുതഗളൻ, വിസ്തീർണ്ണവക്ഷസ-(?)
നത്ഭുതാശ്വത്ഥപത്രസമോദരൻ
സർപ്പഭോഗസമാനകരാംബുജൻ
കെല്പൊടേ ദ്രുമചീരവിഭൂഷിതൻ
കരിരാജകരോരുസുജംഘാവാൻ
ചാരുപാദപ്രപദാംഗുലീനഖൻ
ഘോരബാണാസിചാപേഷുധിധരൻ
മാരകോടിമനോജ്ഞകളേബരൻ;
നല്ല വേണ്ടുന്ന ലക്ഷണമാകവേ
വല്ലഭൻ തന്നിലുണ്ടു തേ ശോഭനേ!”

## കൊച്ചി വീരകേരളവർമ്മ മഹാരാജാവ് (941-1003) ജീവചരിത്രം

**ജീവചരിത്രം**

കൊച്ചി വീരകേരളവർമ്മ മഹാരാജാവ് 941–ആം ആണ്ടിടയ്ക്കു ജനിച്ചു. 1003-ആമാണ്ടു കർക്കടകമാസം 22-ആംനു- തീപ്പെട്ടു. ബാല്യംമുതൽക്കുതന്നെ അവിടുന്ന് ഒരു വാതരോഗിയായിരുന്നു. അവിടുത്തേയ്ക്കു ജ്യേഷ്ഠൻ രാമവർമ്മ മഹാരാജാവിനേക്കാൾ വ്യുത്പത്തിദാർഢ്യവും അഭ്യാസബലവുമുണ്ടായിരുന്നു. നഞ്ചപ്പയ്യൻ മുതലായ സമർത്ഥന്മാരായ മന്ത്രിമാരിൽ രാജ്യഭരണം അവരോഹണംചെയ്തു, ആ മഹാരാജാവ് മാധ്വമതഗ്രന്ഥങ്ങൾ പാരായണംചെയ്യുന്നതിനും വിദ്വാൻമാരുമായി സല്ലപിക്കുന്നതിനും കാവ്യങ്ങൾ രചിക്കുന്നതിനുമാണ് ഇരുപതുകൊല്ലത്തോളം നീണ്ടുനിന്ന തന്റെ വാഴ്ചക്കാലത്തിന്റെ ഭൂരിഭാഗവും വിനിയോഗിച്ചത്. അവിടുന്ന് ആ കാലം മുഴുവൻ “ഉടുപ്പും കണ്ണെഴുത്തു”മായി വിനോദിക്കുകയായിരുന്നു എന്നു ചിലർ അപഹസിയ്ക്കാറുള്ളത് അത്യുക്തിയാണ്. ഉടുപ്പ് എന്നത് ഉഡുപ്പി സ്വാമിയാരും കണ്ണെഴുത്ത് എന്നത് അവിടുന്നു പരിഗ്രഹിച്ചിരുന്ന കണ്ണെഴുത്തുമഠത്തിലെ ജ്യേഷ്ഠാനുജത്തികളായ രണ്ടു നമ്പിഷ്ഠാതിരിമാരുമാണ്. ലക്ഷ്മി എന്നും കുഞ്ഞിക്കാവെന്നുമായിരുന്നു അവരുടെ പേരുകൾ. സാഹിത്യകാരന്മാരുടെ പ്രോത്സാഹകൻ എന്ന നിലയിൽ അവിടുന്നു കേരളീയരുടെ ശാശ്വതമായ കൃതജ്ഞതയെ അർഹിക്കുന്നു. (1) അശ്വരടിതിരി (2) കല്ലൂർ നമ്പൂരിപ്പാട്ട് (3) മുതുകുറുശ്ശി ഉണ്ണി (4) ഇടവട്ടിക്കാട്ട് അനുജൻനമ്പൂരി (5) ആമ്പല്ലൂർ ഇളയിടത്തു നാരായണൻനമ്പൂരിപ്പാട്ട് (6) ചേരനല്ലൂർ കൃഷ്ണൻകർത്താവ് എന്നീ കവികൾ അവിടുത്തെ ആശ്രിതന്മാരായിരുന്നു.

## കൃതികൾ

വീരകേരളവർമ്മമഹാരാജാവു് (1) പൂർണ്ണത്രയീശശതകം (2) ദശാവതാരശ്ലോകമാല എന്നീ രണ്ടു സംസ്കൃത കൃതികൾക്കുപുറമേ അൻപതിൽപ്പരം ആട്ടക്കഥകളും രചിച്ചിട്ടുണ്ടു്. കഥകളിയിലും ചാക്കിയാർകൂത്തിലും അവിടുത്തേക്കു കലശലായ ഭ്രമമുണ്ടായിരുന്നു. പതിവായി അമൃതേത്തു കഴിഞ്ഞാൽ കഥകളിയെഴുതിത്തുടങ്ങും; അതു പ്രായേണ ദ്രുതകവിതാരീതിയിലുമായിരിക്കും. അത്തരത്തിലായിരുന്നു അവിടത്തെ ദൈനംദിനമായ കാര്യപരിപാടി. നൈസർഗ്ഗികമായിത്തന്നെ പ്രകൃഷ്ടമായ വാസനയില്ലാതിരുന്ന അവിടുന്നു് ആ രീതികൂടി അനുവർത്തിച്ചപ്പോൾ കാവ്യഗുണം വിരളമായിപ്പോയതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. പോരാത്തതിനു് അവിടുത്തെ ആട്ടക്കഥകളിൽ ശ്ലോകംപോലെ പദവും സംസ്കൃതമാണു്; ഭാഷയുടെ കലർപ്പു് അപൂർവ്വം ചില പദങ്ങളിൽ ഇല്ലെന്നു ശപഥം ചെയ്യുവാൻ നിവൃത്തിയില്ലെന്നേയുള്ളു. രുക്മിണീസ്വയംവരത്തിലെ ഒരു ശൃങ്ഗാരപദംതന്നെ നോക്കുക.

രാമാമുഖരേ നിങ്ങൾ ശൃണുത വൃഷ്ണിവരരേ!
മഹിതരുപവനമിതുമേഹി (രാമാ)
വനമിദമതിരുചിരം ഘനമഞ്ജുദ്രുമലസിതം
വനജകുസുമോൽപലാദിസുമനോയുതസരസീയുതം (രാമാ)
ഹേമപ്രകാണ്ഡമായി നിബിരീസനീലപത്രൗ-
ഘാലംബിധവളസുമശാലിസത്തരുക്കളിത (രാമാ)
വൈഡൂര്യവേദികങ്ങൾ വിഡൗജോദ്രുമസമങ്ങൾ
മാങ്ഗല്യകർമ്മകൃതമണ്ഡപാ ഇവ ഭാന്തി (രാമാ)
... ... ...
അത്രൈവ തൽകമലപത്രേക്ഷണയായ
രുക്മിണീവിവാഹകൃതേ ചെമ്മേ ഇതി മതിർമ്മേ."

ഇത്രമാത്രം ഭാഷാംശംപോലും ഇതരകൃതികളിൽ കാണുന്നില്ല. എന്നാൽ തമ്പുരാനു വേണമെങ്കിൽ ഭാഷാപദങ്ങൾ ഭംഗിയായി രചിക്കാമായിരുന്നു എന്നു പാരിജാതാപഹരണത്തിലെ ചില ഭാഗങ്ങൾ കാണിച്ചുതരുന്നു. അടിയിൽ ചേർക്കുന്ന പദങ്ങൾ പരിശോധിക്കുക.

നന്ദനപാലകന്മാർ ശ്രീകൃഷ്ണനോടും സത്യഭാമയോടും:

"എന്തിനെന്തിതു യാദവസത്തമ?
ചന്തമോ തവ കൃത്യമേതാദൃശം?
ഇത്തരുഹൃതികൊണ്ടുടൻ നഷ്ടയാം
സത്തമദേവോപകൃതിയൊക്കവേ.
അങ്ങിതൊട്ടുമുചിതമല്ല ഭദ്രേ!
മങ്ഗലകൃത്യേ! സത്രാജിതാത്മജേ!
ദേവതാന്യായഭഞ്ജനം ചെയ്യൊല്ലേ!
ദേവതോദ്യാനേ സ്ഥാപിക്ക വൃക്ഷത്തെ.
അത്രയുമല്ല കേൾക്കഹോ! യാദവീ!
പുത്രനിത്തരു പൗലോമീദേവീടെ;
എന്നതുകൊണ്ടു വൃത്രാരിചിത്തത്തി–
ലുന്നതം കോപം വന്നീടുമെന്നോർക്ക."

സത്യഭാമയുടെ മറുപടി:

“ചൊല്ലീടുവിൻ ചെന്നിട്ടക്കർമ്മ വേഗത്താൽ
പൗലോമിയാകും യുഷ്മന്നാഥയോട്ട്,
നിന്നുടെ പുത്രകപാരിജാതതരു
മിന്നും ചന്ദ്രവംശമൗലിയാം കൃഷ്ണൻതന്റെ
ഇഷ്ടഭാര്യയായ സത്രാജിന്നന്ദിനി
ധൃഷ്ടാ ഭർത്തൃബലത്താലപഹരിക്കുന്നേൻ ഞാൻ.
ശചി! നീയും സമർത്ഥാ ചേൽ വജ്രപാണിയെക്കൊണ്ടു
അച്യുതജയംചെയ്തു കൊണ്ടുപോ തരുവിനെ.”

നൂറോളം ആട്ടക്കഥകൾ അവിടുന്നു നിർമ്മിച്ചിട്ടുള്ളതായി പറയാറുണ്ടെങ്കിലും അൻപതിലധികം തൃപ്പൂണിത്തുറ ഈഴടുവെപ്പിൽ കാണുന്നില്ല; വേറെയൊരിടത്തും അവ സൂക്ഷിച്ചിട്ടുള്ളതായി അറിവുമില്ല. (1) കല്യാണസൗഗന്ധികം (2) ധ്രുവചരിതം (3) ഗജേന്ദ്രമോക്ഷം (4) സന്താനഗോപാലം (5) രാവണപരാജയം (6) ജരാസന്ധപരാജയം (7) നീലാസ്വയംവരം (8) സുദക്ഷിണവധം (9) രുക്മിണീസ്വയംവരം (10) പാരിജാതാപഹരണം (11) മിത്രവിന്ദാസ്വയംവരം (12) രേവതീസ്വയംവരം (13) ഭദ്രാസ്വയംവരം (14) രുക്മിവധം (15) ലക്ഷണാ സ്വയംവരം (16) കാളീസ്വയംവരം (17) ദുശ്ശാസനവധം (18) ദൂതവാക്യം (19) സുന്ദോപസുന്ദോപാഖ്യാനം (20) കിർമ്മീരവധം (21) ഭീമസേനദിഗ്വിജയം (22) ശ്രീകൃഷ്ണാവതാരം (23) അഷ്ടാക്ഷരമാഹാത്മ്യം (24) സാല്വവധം (25) രാസക്രീഡ (26) സീതാസ്വയംവരം (27) സുഗ്രീവാഭിഷേകം (28) സഗരോപാഖ്യാനം (29) നിവാതകവചവധം (30) അജാമിളമോക്ഷം (31) ഭാർഗ്ഗവാവതാരം (32) ബലരാമതീർത്ഥയാത്ര (33) വാമനമാഹാത്മ്യം (34) താടകാവധം (35) ശാകുന്തളകഥ (36) ദക്ഷയാഗം (37) കിരാതം (38) സുന്ദരീസ്വയംവരം (39) അംബരീഷചരിതം (40) വ്യാസാവതാരം (41) യാഗരക്ഷ (42) അഹല്യാമോക്ഷം (43) മുചുകുന്ദമോക്ഷം (44) പാഞ്ചാലീസ്വയംവരം (45) ദേവയാനീചരിതം (46) അമൃതമഥനം (47) സുഭദ്രാഹരണം (48) മധ്വവിജയം. ഇവയാണ് ഇപ്പോൾ കിട്ടീട്ടുള്ള കഥകൾ. ഇവയോടുകൂടി നളചരിതം അഞ്ചു ദിവസത്തെ കഥകൂടി ചേർക്കേണ്ടതിന്റെ ന്യായങ്ങൾ ഇതിനുമുൻപു തന്നെ പ്രദർശിപ്പിച്ചിട്ടുണ്ട്. തമ്പുരാനെപ്പോലെയുള്ള ഒരു വീരമാധ്വൻ ശൈവമാഹാത്മ്യപ്രതിപാദകങ്ങളായ കിരാതവും ദക്ഷയാഗവും രചിച്ചതു് ആശ്ചര്യകരമായിത്തോന്നാം; എന്നാൽ അവിടെയും ശിവനെ ആ കവി “ശ്രീമന്നാരായണാം ഘ്രിദ്വയസരസിജരാജന്മധുപ്രാശനോൽകശ്രീമദ് ഭൃംഗപ്രബർ ഹായിത”നായാണ് അവതരിപ്പിക്കുന്നതു്. കോട്ടയത്തു തമ്പുരാന്റെ കിർമ്മീരവധവും നിവാതകവചവധവും അശ്വതിതിരുനാൾ തമ്പുരാന്റെ രുക്മിണീസ്വയംവരവും അംബരീഷചരിതവും നിലവിലിരിക്കെ ആ ഇതിവൃത്തങ്ങളെ ഉപജീവിച്ചുതാനും ഓരോ ആട്ടക്കഥ രചിക്കുവാൻ അവിടുന്നു ഒരുമ്പെട്ടതു് സാഹസംതന്നെ. തമ്പുരാന്റെ ആട്ടക്കഥകൾ എല്ലാം പ്രചാര ലുപ്തങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. അവിടുത്തെ സാധാരണരീതിയിലുള്ള പദനിർമ്മിതിയ്ക്കു് ഒരു മാതൃക അടിയിൽ ചേർക്കുന്നു.

നളൻ:
“വീരസേനസ്യ നന്ദനഃ സുരർഷിപിതൃനന്ദനഃ
ശൗരിഭക്തജനാനന്ദനഃ ക്രൂരമായിദൈത്യനിന്ദനഃ
യദുവംശവാർദ്ധിചന്ദ്രഃ മദദൂരസ്സദ്ഗുണസാന്ദ്രഃ
ധൈര്യജിതഹിമാഗേന്ദ്രഃ സർവവിദ്ഭ്രമിമഹേന്ദ്രഃ

അമാത്യമന്ത്ര്യാദിയുക്തഃ ഭൂമിം സമാരഞ്ജയൻ ശക്തഃ
സുന്ദരവരോ യുവതീവന്ദമനോഹരമൂർത്തിഃ
കൃഷ്ണപാദാംബുജഭൃംഗഃ ജിഷ്ണുരരീണഗുണരംഗഃ
കൃഷ്ണകലിദ്വിഡ്ശൗര്യോത്തുംഗഃ ധൃഷ്ണുസ്സംഗരേ
മംഗലാംഗഃ." (നളചരിതം)

## പൂർണ്ണത്രയീശശതകം

ഇതു സാമാന്യം നല്ല ഒരു സ്തോത്രമാണ്. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

"യോ ലക്ഷ്മീകുചകുംഭയുഗ്മവിലസൽകസ്തൂരികാലംകൃത-
ശ്രീവക്ഷാഃ സ്വഭുജാത്തചക്രദരസൽകൗമോദകീപങ്കജഃ
ദൃശ്യം ഹി ശ്രുതിഗോചരം ച നിഖിലം
വ്യാപ്യാഭിതിഷ്ഠൻ ബഹി-
ര്യോ ഽന്തശ്ചാപി ലസത്യമേയമഹിമാ, തം നൗമി നാരായണം.

ആനീലാംബുദഭാസമാനവിമലശ്രീകേശപാശസ്ഫുരദ്-
ബാലാർക്കോപമരത്നസംഘരചിതശ്രീമൽകിരീടാഞ്ചിതം
ഉദ്യൽകോട്യധികാർക്കശോഭമമിതാനന്ദാത്മകം സുന്ദരം
വന്ദേ കർണ്ണവിമർദ്ദനപ്രിയമഹം പൂർണ്ണത്രയീനായകം.

ശ്രീമന്മധ്വമുനീന്ദ്രനിർമ്മിതമഹാഭാഷ്യേ ച ലക്ഷ്മീമയ-
ശ്രീവൈകുണ്ഠപയോബ്ധിമധ്യനഗരാനന്താസനാദ്യേഷു ച
രാജന്തം സ്വപദാബ്ജസന്നഖഗുണാഭോഗസ്ഫുരന്നിർമ്മലം
രാമാംഭോധിനിമജ്ജമാനകമലാകാന്തം ഭജേ ശ്രീഹരിം."

താഴെക്കാണുന്നതു് ഒടുവിലത്തെ ശ്ലോകമാണ്.

"ലക്ഷ്മീകാന്ത! തവാപി മധ്വപവനശ്രീവാദിരാജാഖ്യയോ-
രസ്മദ്ദേശികവര്യയോശ്ച പരമപ്രീത്യർത്ഥമേതൽ കൃതം
ബാലേനാപി മയാ യദത്ര ഹി വിരുദ്ധം സ്യാന്മമാജ്ഞാനതഃ
ശ്രീമന്മധ്വസുശാസ്ത്രതസ്തദഖിലം ക്ഷാന്ത്വാ പ്രസീദ പ്രഭോ!"

കവിക്കു മധ്വസിദ്ധാന്തരഹസ്യം ഉപദേശിച്ച സ്വാമിയാരായിരിക്കാം വാദിരാജൻ.

## ദശാവതാരശ്ലോകമാല

ദശാവതാരശ്ലോകമാലയിൽ (1) ഭാർഗ്ഗവാവതാരം (2) ശ്രീരാമാവതാരം (3) ശ്രീകൃഷ്ണാവതാരം എന്നു മൂന്നു ഭാഗങ്ങൾ കിട്ടീട്ടുണ്ട്. ബാക്കിയുള്ള അവതാരങ്ങളെപ്പറ്റിയും കവി പ്രസ്താവിച്ചിരിക്കാനിടയുണ്ട്. കിട്ടിയ ഭാഗങ്ങളിൽനിന്നു ചില ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു.

ഭാർഗ്ഗവാവതാരം:

"വക്ഷ്യാമി വിഷ്ണോഃ പരമാവതാര-
കഥാം ഹി യസ്മിൻ മഹിതാവതാരേ
ആധാരദാതൃത്വവിമുക്തിദത്വേ

വിഷ്ണ്വേകഗേത്യപ്യവിദച്ച ലോകഃ"

ശ്രീരാമാവതാരം:

"യസ്യാവതാരസ്യ കഥാനിബന്ധ-
പീയൂഷജാലസ്യ പയോംബുരാശിഃ
വിഷ്ണുസ്ത്രീരൂപസ്സ വിധുശ്ച മധ്യോ
വല്മീകജാതസ്സുരധേനുരൂപഃ;

അന്യേഽപി ശിഷ്ടാ ബഹവോ യദീയ–
സംവർണ്ണനാൽ പ്രാപുരഹോ! കവിത്വം;
രുദ്രാമവൃത്തം കഥയാമി കിഞ്ചി–
ന്മയ്യത്ര ദേവാഃ കരുണാം ക്രിയാസുഃ"

ശ്രീകൃഷ്ണാവതാരം:

"നിഖിലനിഗമദൃഷ്ടാദൃഷ്ടമുഖ്യാർത്ഥകൃഷ്ണ-
പ്രമിതിവിഷയകാർത്ഥേ ശ്രീമഹാഭാരതേഽസ്മിൻ
മഹിതതമമുദാരം യദ്ഗൃഹീത്വാവതാരം
ത്വകഥയദഖിലം തച്ഛക്തിപൗത്രോ മുകുന്ദഃ."

അവിടത്തെപ്പറ്റി കല്ലൂർ നമ്പൂരിപ്പാട്ടിലെ ബാലിവിജയം ആട്ടക്കഥയിലുള്ള ഒരു പ്രശസ്തിപദ്യംകൂടി പകർത്തിച്ചേർത്തുകൊണ്ട് ഈ പ്രമേയം ഉപസംഹരിക്കാം.

"യസ്യാന്തഃ സ്മരണം കരോതി സതതം സാക്ഷാദനന്തോപരി
ശ്രീശോ യഃ സുമനോജനാർപ്പിതമഹാരത്നാശ്വഹസ്ത്യാദികഃ
ഗംഭീരോ ജനകശ്രിയാപ്യലമധൃഷ്യശ്ചാഭിഗമ്യോ നൃണാം
സോയംഭാതി ഗുണാർണ്ണവോഽതിസരസശ്ശ്രീ മാടപൃഥ്വീപതിഃ"

ഈ പദ്യത്തിൽനിന്ന് ആ മഹാരാജാവു പണ്ഡിതന്മാരെ മുക്ത ഹസ്തമായുള്ള അഭീഷ്ടദാനംകൊണ്ട് അനുഗ്രഹിച്ചുവന്നിരുന്നു എന്നു വിശദമാകുന്നു.

## പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ (920–994)

തിരുവിതാംകൂർ കാർത്തികതിരുനാൾ മഹാരാജാവു് തിരുമനസ്സിലെ ആസ്ഥാനപണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്ന പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ. ശാസ്ത്രികളുടെ ജന്മഭൂമി നാഞ്ചനാടായിരുന്നു എന്നും ബാല്യത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് അദ്ദേഹം പന്തളത്തുകോയിക്കൽ ചെന്നുചേർന്നതു് എന്നും കേട്ടുകേൾവിയുണ്ട്. അതു ശരിയാണോ എന്നറിയില്ല. കൊല്ലം പത്തും പതിനൊന്നും ശതകങ്ങളിൽ പന്തളത്തു കോയിക്കൽ മഹാവിദ്വാന്മാരായ പലേ രാജാക്കന്മാരുടേയും വാസസ്ഥാനമായിരുന്നു. അവിടെ ശാസ്ത്രികൾ വ്യാകരണം മനോരമാന്തം അധ്യയനം ചെയ്തു. അതുകൊണ്ടു തൃപ്തനാകാതെ തദനന്തരം കാശിക്കു പോയി ബൃഹച്ഛബ്ദേന്ദുശേഖരം, ലഘുശബ്ദേന്ദുശേഖരം, പരിഭാഷേന്ദുശേഖരം തുടങ്ങിയ ഉൽഗ്രന്ഥങ്ങളുടെ പ്രണേതാവും സർവതന്ത്രസ്വതന്ത്രനുമായ നാഗേശ (നാഗോജി) ഭട്ടന്റെ ഒരു ശിഷ്യനിൽനിന്ന് ആ ഗ്രന്ഥങ്ങളും മറ്റും പന്ത്രണ്ടു കൊല്ലം പഠിച്ച് അവയുംകൊണ്ടു കേരളത്തിലേക്കു മടങ്ങിവന്നു. അദ്ദേഹം ആ കാലത്തിനിടയ്ക്കു ന്യായ ശാസ്ത്രത്തിലും പ്രാവീണ്യം സമ്പാദിച്ചുകഴിഞ്ഞിരുന്നു. തിരുവനന്തപുരത്തു കാർത്തികതിരുനാൾ മഹാരാ

ജാവിനെ മുഖം കാണിച്ച് അവിടത്തെ സംരക്ഷണത്തിൽ താമസിച്ചു. മഹാരാജാവു് അദ്ദേഹത്തിന്റെ അപ്രതിമമായ വൈദുഷ്യത്തെ അഭിനന്ദിച്ചു പല പാരിതോഷികങ്ങളും നല്കിയിരുന്നതിനു പുറമേ, തിരുവനന്തപുരത്തു കരമനതളിയൽ ഗ്രാമത്തിൽ ഒരു ഗൃഹവും ദാനംചെയ്തു. ശാസ്ത്രികൾ എഴുപതു വയസ്സിനുമേൽ ജീവിച്ചിരുന്നതായാണ് ഐതിഹ്യം. 982-ൽ അന്നത്തെ നാടുവാഴിയായ ബാലരാമവർമ്മമഹാരാജാവു് അദ്ദേഹത്തിന് ആഭരണം സമ്മാനിച്ചതിനും 994-ൽ മരിച്ചതിനും രേഖകളുണ്ടു്. 920 മുതൽ 994 വരെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലമെന്ന് ഉദ്ദേശിക്കാം.

## മുക്തകങ്ങൾ

ശാസ്ത്രികൾ വ്യാകരണസംബന്ധമായി ചില കൃതികൾ രചിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ടെങ്കിലും അവയൊന്നും കണ്ടുകിട്ടീട്ടില്ല. രാജപ്രശസ്തിപരമായും മറ്റും ചില ഒറ്റശ്ലോകങ്ങളേ ഇതുവരെ ലഭിച്ചിട്ടുള്ളു. അവയിൽനിന്നു തന്നെ അദ്ദേഹത്തിന്റെ പാണ്ഡിത്യപാരമ്യം അസന്ദിഗ്ദ്ധമായി പരിസ്ഫുരിക്കുന്നുണ്ട്.

കാർത്തികതിരുനാൾ മഹാരാജാവിനു സമർപ്പിച്ച ശ്ലോകങ്ങൾ:

“വൃത്ത്യാ യേ വ്യതിഷേണയാ ഘടയിതും
സജ്ജന്തി സത്യാനൃതേ
പാപാസ്സൽസു മൃഷാപി പാതകയിഷാം
യൽ കാർമ്മിണീകുർവതേ
യേഭ്യോ ഹോഡലവം പ്രകല്പ്യ ജഗതേ
ദ്രോഗ്ദ്ധും രതാസ്തസ്കരാ-
നീവൃത്യേഷ്വധി താൻ നിവൃത്തിപദവീം
വൃത്തിസ്സതീം വക്തി നഃ”

“പുംസാമർത്ഥ ഉപോത്തമേ, പ്രഭവിതുർഗ്ഗോപ്തുർമ്മഹത്യാദരേ,
സൗജന്യാകരവൈദുഷീനിലയസംലാപേ ച നാർഘോ മിതഃ
തത്രാദ്യാവിഹ സംസ്മൃതൗ വിതരതഃ പ്രായേണ നസ്സൗഹിതീ-
മന്യസ്മാച്ച ചിരാദപി പ്രണയിനസ്താം ദുർല്ലഭാം മന്മഹേ,” (2)

“അന്തർവാണികഥാ കഥാവിഷയമേവാധീയതേ ധീർഗ്ഗുണൈ-
ന്നാസൽഖ്യാതിരിതീയമുത്തരദളാർത്ഥാംശേന കിം ദുർഘടാ?
യത്സൽഖ്യാതികരൈർഗ്ഗുണൈസ്തവ സമാകാഷ്ഷേകലാവത്സരൗ
ദാസ്യേതേ ഭവദങ്കവർത്തി വിയുജോർവഞ്ചിക്ഷമാവല്ലഭ!” (3)

മന്ത്രിയോട്:

“ശ്രീവഞ്ചിക്ഷിതിപാലമന്ത്രിവര! നന്വേഷ ക്ഷിതീശസ്സ്വയം
യസ്മിൻ രാജ്യധുരം നിവേശ്യ സുഖമദ്യാസ്തേ യശോഭാജനം;
സത്വം മയ്യനപായിനീം കുരു ദയാം; യാമി ത്വദീയോയമി-
ത്യുദ്ബോധ്യാന്യജനാ,നദൃഷ്ടപരിഹാരേണേഷ്ടസിദ്ധിർഭവേൽ”

നീതി:

“യം ദോഷാഃ പ്രതിഭാന്തി ബാധിതുമലം
പ്രായോ ന തം ജാഗ്രതം
യദ്യസ്യാപി ഭവേൽ പ്രമാദ കണികാ

ഗന്തുഃ സ്ഖലത്താഹി സാ;
തേഷ്വ സ്നിഹ്യതി യഃ പുനഃ പ്രതിപദം
തത്രാപി ദാക്ഷിണ്യവാൻ
വിജ്ഞോപ്യജ്ഞ ഇവാവഹേളനപദം
കല്പ്യേത സോല്പൈരപി.” (5)

“വീണാപുഷ്പശിരീഷഖണ്ഡമിവ കിം സൗസ്വര്യസൗരഭ്യസു-
സ്പർശസ്വാദിമശാലി കിന്തു വിലസദ്രൂപം പം പരം കാഞ്ചനം;
തത്ത്വന്യത്ര ന വസ്തുനീതി ഹി ബഹുശ്ലാഘ്യം തദാലോകിനാം;
യദ്യേകോപി ഗുണോ മഹാൻകിമപരൈരെല്പൈര നല്പൈരപി?”

അന്യാപദേശം:

“ഫേരുഭിരേണൈഃ കരിഭിഃ
കിരിഭിരപി വ്യാപൃതാമരണ്യാനീ
അവകാശഃ കിന്ന ഭവേ
ദ്വിഹർത്തുമനസോ മൃഗേന്ദ്രസ്യ?”

രണ്ടാമത്തെ ശ്ലോകത്തിൽനിന്നു ശാസ്ത്രികൾ അക്കാലത്തു വൃദ്ധനായിരുന്നു എന്നു തെളിയുന്നുണ്ടല്ലോ.

## ഒരു വാദപ്രതിവാദം

ജാതവേദൻ എന്ന നാമധേയത്താൽ പൂർവ്വാശ്രമത്തിൽ വിശ്രുതനും മനോരമത്തമ്പുരാട്ടിയുടേയും കുഞ്ഞിട്ടി രാഘവൻ നമ്പിയാരുടേയും സതീർത്ഥ്യനുമായ കൊരട്ടിക്കര സ്വാമിയാർ ഒരവസരത്തിൽ കാർത്തികതിരുനാൾ മഹാരാജാവിന് അധോലിഖിതമായ ശ്ലോകം അടിയറവച്ചു.

“യത്ത്വാമാഹുഃ കുമാരപ്രതിമമിതി ബുധാ
നൈകധാത്രാത്തവർണ്ണൈ-
രത്ര വ്യസ്തൈസ്സമസ്തൈരപി സമുചിതയാ-
ലോചനീയം സരണ്യാ;
വഞ്ചീന്ദ്ര! ക്ഷാന്തിഭൃതിദ്യുതിഭിരുപചിതേ-
നാപദാനേന തേമീ
യൽകാരുണ്യൈകലബ്ധാസ്സ ദിശതു ശുചിരാ-
യുഷ്മതാം പദ്മനാഭഃ.”

ആ ശ്ലോകത്തെപ്പറ്റി മഹാരാജാവു തന്റെ ആസ്ഥാനവിദ്വാന്മാരുടെ അഭിപ്രായം ചോദിച്ചപ്പോൾ ശാസ്ത്രികൾ “നപുംസക മനപുംസകേനൈകവച്ചാസ്യാന്യതരസ്യാം” എന്ന പാണിനിസൂത്രത്തിനു വിരുദ്ധമാണ് സ്വാമിയാരുടെ ‘തേമീ’ എന്ന പ്രയോഗം എന്നും അതു ‘താനീമാനി’ എന്നോ മറ്റോ വേണ്ടിയിരുന്നു എന്നും തിരുമനസ്സറിയിച്ചു. സ്വാമിയാർ ആ വിമർശനം കേട്ടു കുഴങ്ങി. തിരിയെ നാട്ടിലേക്കു മടങ്ങി കുഞ്ഞിട്ടി രാഘവൻനമ്പിയാരെക്കൊണ്ടു ശാസ്ത്രികളുടെ ആക്ഷേപത്തിനു മറുപടിയായി ഒരു ക്രോഡപത്രം എഴുതിച്ചു. കൊച്ചിയിലും മലബാറിലുമുണ്ടായിരുന്ന മറ്റു പണ്ഡിതന്മാരുടെ സാഹായ്യവും സ്വാമിയാർക്ക് ആ വിഷയത്തിൽ ലഭിച്ചു.

“ഗുരുപ്രസാദോദിതബോധരത്ന-
പ്രദീപദീപ്തേ രസനാഗ്രരങ്ഗേ
മമാനിശം സമ്യഗചിന്ത്യശക്തി-
സ്സരസ്വതീ നർത്തനമാതനോതു.

യൽപാദാംബുജസേവനേന തരസാ ശ്രീശങ്കരാര്യോദിത-
ശ്രീമദ്ഭാഷ്യപയോനിധിം സമതരൻ ലോകാസ്സമസ്താ അപി
ആവിർഭൂതപരാനുഭൂതി വികസദ്വക്ത്രാംബുജന്മാ സുധീ-
സ്സോയം ശിഷ്യസുരദ്രുമോ വിജയതേ ശ്രീജാതവേദോയതിഃ.

യത്ത്വാമിത്യാദികേ പദ്യേ യതീശ്വരവിനിർമ്മിതേ
പ്രതിവാദ്യുദ്ഗൃഹീതാർത്ഥം നിഗൃഹ്ണാമി സതാം മുദേ.”

എന്നിങ്ങനെ ആരംഭിക്കുന്ന ആ ക്രോഡപത്രം അന്നത്തെ കേരളീയരുടെ ബഹു ശാസ്ത്രപാണ്ഡിത്യത്തിനു മകുടോദാഹരണമാണ്. അതിലെ വാദങ്ങളെ ശാസ്ത്രികൾ അനായാസേന ഖണ്ഡിച്ചു; സ്വാമിയാരുടെ അനുയായികൾ വീണ്ടും വാദം തുടർന്നു. അങ്ങനെ കുറേ വർഷം ആ ലേഖനീസമരം നടന്നു കൊണ്ടിരിക്കവേ ശാസ്ത്രികൾ പരഗതിയെ പ്രാപിക്കുകയും അതോടുകൂടി അതിനു വിരാമം വരികയും ചെയ്തു. ഈ മാതിരി ശാസ്ത്രസംബന്ധമായുള്ള പല വാദപ്രതിവാദങ്ങൾ പണ്ടു കേരളത്തിൽ ഓരോ അവസരത്തിൽ നടന്നു എന്നുള്ളതിനു വേറേയും തെളിവുകളുണ്ട്.

ശാസ്ത്രികൾ ആര്യരടിതിരിയെ നൈഷധം പഠിപ്പിച്ച കഥ മേൽ പ്രസ്താവിക്കും.

## നീലകണ്ഠദീക്ഷിതർ—ചരിത്രം

സർവതന്ത്രസ്വതന്ത്രനായ അപ്പയ്യദീക്ഷിതരുടെ വംശത്തിൽ അതേ പേരിൽത്തന്നെ ഒരു പണ്ഡിതൻ കൊല്ലം പത്താം ശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പൗത്രനാണ് ‘അയ്യാ’ എന്നുകൂടി പേരുള്ള ദ്വിതീയ നീലകണ്ഠദീക്ഷിതർ. മഹാകവിമൂർദ്ധന്യനായ പ്രഥമനീലകണ്ഠദീക്ഷിതരിൽനിന്നു ഭിന്നനും അർവാക്കാലികനുമായിരുന്നു അദ്ദേഹമെന്നു പറയേണ്ടതില്ലല്ലോ. ദ്വിതീയനീലകണ്ഠൻ ധർമ്മരാജാവിന്റെ ആശ്രിതനായി തിരുവനന്തപുരത്തു താമസിക്കുകയും ആ തിരുമേനിയിൽനിന്നു പ്രബന്ധസാഗരൻ എന്ന ബിരുദം സമ്പാദിക്കുകയും ചെയ്തു. അദ്ദേഹം വർണ്ണനാസാരസംഗ്രഹം എന്നൊരു ഗ്രന്ഥം സമുച്ചയിച്ചിട്ടുണ്ട്. സുഭാഷിതാവലി, ശാർങ്ഗധര പദ്ധതി, സൂക്തിമുക്താവലി, സൂക്തിരത്നഹാരം മുതലായ പ്രാക്തനനിബന്ധങ്ങളുടെ രീതി പിടിച്ച് ഓരോ വിഷയത്തെപ്പറ്റി പല കവികൾ രചിച്ചിട്ടുള്ള സരസശ്ലോകങ്ങൾ സമാഹരിക്കുകയാണ് ദീക്ഷിതർ പ്രസ്തുതകൃതിയിൽ ചെയ്തിട്ടുള്ളത്.

“യോഽപ്പാതനൂജഃ കഥിതോഥ വിദ്വാ-
നയ്യാമഖീതി പ്രഥിതാപദാനഃ
യോ വർണ്ണനാസംഗ്രഹകൃൽ പ്രതീതോ
യം വൈ പ്രബന്ധാംബുനിധിം വദന്തി”

എന്നു വീരരാഘവകവിയുടെ ആച്ചാനുദീക്ഷിതവംശാവലിയിൽ അദ്ദേഹത്തെപ്പറ്റി ഒരു പ്രശസ്തിപദ്യമുണ്ട്. വർണ്ണനാ സാരസംഗ്രഹത്തിന്റെ അവസാനത്തിൽ

അദ്ദേഹം തന്നെപ്പറ്റി "ഇതി ശ്രീമദ്ഭാരദ്വാജകുലജലധികൗസ്തുഭശ്രീമദപ്പയ്യദീക്ഷിത വംശ്യേന അപ്പയ്യദീക്ഷിതാത്മജേന കാമാക്ഷീ ഗർഭസംഭവേന നാനാദേശസ്ഥിത നാനാകവികൃതനാനാശ്ലോക സംഗ്രാഹകേണ ശ്രീവഞ്ചിമഹീമഹേന്ദ്രശ്രീരാമവർമ്മമഹാരാജ ദത്തപ്രബന്ധസാഗരാഭിധാനേന ശ്രീനീലകണ്ഠദീക്ഷിതേന" എന്നു പറഞ്ഞിട്ടുണ്ട്. കവികളുടെ കൂട്ടത്തിൽ അദ്ദേഹം തഞ്ചാവൂരിലെ ശാഹജി, ത്ര്യംബകരായമഖി, രാമഭദ്രദീക്ഷിതർ, പ്രഥമനീലകണ്ഠദീക്ഷിതർ, ചൊക്കനാഥദീക്ഷിതർ (രാമഭദ്രദീക്ഷിതരുടെ ശ്വശുരൻ), ഉദ്ദണ്ഡകവി, മേല്പത്തൂർ ഭട്ടതിരി എന്നിവരുടെ ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു. സാഹിത്യോത്തേജകന്മാരായ രാജാക്കന്മാരുടെ മധ്യത്തിൽ മാടരാജാവ് (വീര കേരളൻ), ദേവനാരായണൻ ഇവരേയും സ്മരിക്കുന്നു. മേല്പത്തൂർ കൊച്ചി വീരകേരളവർമ്മ മഹാരാജാവിന് അടിയറവെച്ച "ശ്വേതീകർവതി സർവതസ്ത്രിജഗതീം" എന്നും "ശ്വേതാ ദ്വൈതകരേണ" എന്നുമുള്ള ശ്ലോകങ്ങളും ചെമ്പകശ്ശേരി പൂരാടം തിരുനാൾ തമ്പുരാൻ സമർപ്പിച്ച "സങ്ഗ്രാമേ ദേവനാരായണധരണിപ! തേ നാമമാത്രാദമിത്രാഃ" എന്ന ശ്ലോകവും പ്രസ്തുത ഗ്രന്ഥത്തിൽ പ്രവേശിച്ചിട്ടുണ്ട്.

ദീക്ഷിതർ ഒരു നല്ല പണ്ഡിതനും കവിയുമായിരുന്നു എന്നുള്ളതിനു സങ്ഗ്രഹത്തിലെ ആദ്യത്തെ രണ്ടു മങ്ഗളശ്ലോകങ്ങൾ തന്നെ ജ്ഞാപകങ്ങളാണ്. അവ അടിയിൽ പകർത്തുന്നു.

"കസ്തൂരീയന്തി ഫാലേ, നയനകമലയോഃ
കജ്ജളീയന്തി, കണ്ഠ-
പ്രാന്തേ നീലോൽപലീയ,ന്ത്യുരസി മരകതാ-
ലംകൃതീയന്തി ദേവ്യാഃ,
രോമാളീയന്തി നാഭേരുപരി, ഹരിമണീ-
മേഖലായന്തി മധ്യേ
യേ, തേ ശർമ്മ ക്രിയാസുസ്ത്രിപുരവിജയിനഃ
കണ്ഠഭാസാം പ്രരോഹാഃ.

സകലഭുവനബന്ധോർവൈരമിന്ദോസ്സരോജൈ-
രനുചിതമിതി മത്വാ യസ്സ്വപാദാരവിന്ദം
ഘടയിതുമിവ മായീ യോജയത്യാനനേന്ദൗ
വടദലപുടശായീ മങ്ഗലം വഃ കൃഷീഷ്ട."

## സദാശിവദീക്ഷിതർ – ജീവചരിത്രം

തിരുവനന്തപുരത്തു കാർത്തിക തിരുനാൾ മഹാരാജാവിനെ ആശ്രയിച്ച് അനേകം സംസ്കൃതകവികൾ താമസിച്ചിരുന്നു എന്നും അവരിൽ ഒരാളാണ് വർണ്ണനാസാരസങ്ഗ്രഹകാരനായ നീലകണ്ഠ ദീക്ഷിതരെന്നും പ്രസ്താവിച്ചുവല്ലോ. അവരുടെ കൂട്ടത്തിൽ പ്രഥമഗണനീയനായ ഒരു കവിപുങ്ഗവനായിരുന്നു സദാശിവ ദീക്ഷിതർ. അദ്ദേഹം ആ മഹാരാജാവിന്റെ അപദാനങ്ങളെ വിഷയീകരിച്ചു ബാലരാമവർമ്മയശോഭൂഷണം എന്ന് ഒരലങ്കാരഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ കവി തന്നെപ്പറ്റി "അസ്തിഖലു ഭാരദ്വാജകുലകലശജലധിഹിമകരസ്യ ചൊക്കനാഥയജ്വനസ്തനുജസ്യ മീനാക്ഷീഗർഭശുക്തിമുക്താമണേഃ" എന്നു പ്രസ്താവിച്ചിരിക്കുന്നു. ആ പ്രസ്താവനയിൽ നിന്ന് അദ്ദേഹത്തിന്റെ പിതാവു ചൊക്കനാഥദീക്ഷിതരും മാതാവു

മീനാക്ഷ്യംബയും, ഗോത്രം ഭാരദ്വാജവുമാണെന്നു നാം അറിയുന്നു. ദ്രാവിഡനായ ആ സ്മാർത്തബ്രാഹ്മണൻ സ്വദേശിയോ എന്നു ക്ലിപ്തപ്പെടുത്തുവാൻ രേഖയൊന്നുമില്ല.

തഞ്ചാവൂരിലെ തുലജമഹാരാജാവിന്റെ ആശ്രിതനും തിരുവശനല്ലൂർ ശ്രീധര വെങ്കടേശന്റെ സുഹൃത്തുമായി ഒരു സദാശിവദീക്ഷിതർ ജീവിച്ചിരുന്നു. ആത്മവിദ്യാവിലാസം, ഗീത സുന്ദരം എന്നീ കൃതികളുടെ പ്രണേതാവായ ആ സന്യാസിവര്യനെ ഡോക്ടർ എം. കൃഷ്ണമാചാര്യൻ നമ്മുടെ സദാശിവനിൽ നിന്ന് അഭിന്നനാണെന്ന് അദ്ദേഹത്തിന്റെ സംസ്കൃതസാഹിത്യചരിത്രത്തിൽ ഉപന്യസിച്ചിട്ടുള്ളത് അബദ്ധമാകുന്നു. അതുപോലെതന്നെ ജാനകീപരിണയകാരനായ രാമഭദ്രദീക്ഷിതരുടെ ശ്വശുരനായ ചൊക്കനാഥദീക്ഷിതരാണ് സദാശിവദീക്ഷിതരുടെ പിതാവ് എന്നു പറയുന്നതും അസംബന്ധംതന്നെ. യാതൊരു വിധത്തിലുള്ള കാലഗണനയും അത്തരത്തിലുള്ള അഭ്യൂഹങ്ങൾക്കു സഹായകമാകുന്നില്ല.

## ബാലരാമവർമ്മയശോഭൂഷണം

'ബാല' എന്ന ഉപപദം നാടുവാഴുന്ന തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ തിരുനാമത്തിനുമുൻപു് അനുസ്യൂതമായി ഘടിപ്പിച്ചുവരുന്നു. ബാലമാർത്താണ്ഡവിജയം എന്ന നാടകത്തിൽനിന്നും ബാലരാമഭരതം എന്ന ഭരതശാസ്ത്രനിബന്ധത്തിൽ നിന്നും "ബാലമാർത്താണ്ഡവേർമ്മന്ദ്ര" എന്ന സൂചനയുള്ള കുഞ്ചൻനമ്പിയാരുടെ ഹനുമദുത്ഭവം തുള്ളലിൽനിന്നും മറ്റും അനുവാചകന്മാർ ഈ വസ്തുത മുൻപുതന്നെ ഗ്രഹിച്ചിരിക്കുമല്ലോ. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ തൃപ്പടിദാനത്തിനു മേൽ ശ്രീപത്മനാഭൻ നാടുവാഴിയും തങ്ങൾ ഇളമുറക്കാരുമാണെന്നുള്ള സങ്കല്പത്തിന്മേൽ എല്ലാ തിരുവിതാംകൂർ മഹാരാജാക്കന്മാരും പ്രശ്രയദ്യോതകമായ ആ ബിരുദം സ്വീകരിക്കാറുണ്ട്. ആ വഴിക്കാണ് കാർത്തികതിരുനാൾ തിരുമേനി ബാലരാമവർമ്മാവായതു്. ഇതെല്ലാം ഇതിനുമുൻപിലത്തെ അധ്യായത്തിൽത്തന്നെ വ്യക്തമാക്കീട്ടുണ്ട്.

### കാവ്യസ്വരൂപം

പ്രസ്തുതകൃതി വിദ്യാനാഥനാൽ പ്രണീതമായ പ്രതാപരുദ്രയശോഭൂഷണത്തിന്റെ ഒരനുകൃതിമാത്രമല്ല, ലക്ഷണപ്രതിപാദകമായ അംശത്തെസ്സംബന്ധിച്ചിടത്തോളം, അതിന്റെ ഒരു നേർപകർപ്പുതന്നെയാണ്. ഉദാഹരണങ്ങൾ മാത്രം ബാലരാമവർമ്മപരങ്ങളായി കവി നിബന്ധിച്ചിരിക്കുന്നു. പ്രതാപരുദ്രീയത്തിലെന്നതുപോലെ ഇതിലും നായകപ്രകരണം, കാവ്യപ്രകരണം, നാടകപ്രകരണം, രസപ്രകരണം, ദോഷപ്രകരണം, ഗുണപ്രകരണം, ശബ്ദാലങ്കാരപ്രകരണം, അർത്ഥാലങ്കാരപ്രകരണം, മിശ്രാലങ്കാരപ്രകരണം എന്നിങ്ങനെ എട്ടു പ്രകരണങ്ങളുണ്ട്.

ധീരലളിതനായകനു് ഉദാഹരണമായി കവി താഴെക്കാണുന്ന ശ്ലോകമാണ് രചിച്ചിരിക്കുന്നതു്.

> "സൗധാഗ്രോദിതരത്നദീപകലികാവ്യാജാർക്കബിംബോദയ-
> വ്യാക്ഷിപ്തേന്ദുഭയപ്രദാനചതുരസ്വീയാസ്യചന്ദ്രോദയൈഃ
> ഗായദ്ഭിർന്നവയൗവതൈഃ പ്രതിദിനം സക്താസ്സഗർഭ്യാ നൃപാ
> വഞ്ചിക്ഷോണിപതേർന്നിരന്തരയശസ്സംഭാവതന്തേ മുദാ,"

ഇവിടെ ദീക്ഷിതർ സഗർഭ്യശബ്ദം കൊണ്ടു ഭാഗിനേയൻമാരേയും വിവക്ഷിച്ചിരിക്കണം; എന്തുകൊണ്ടെന്നാൽ മഹാരാജാവിന് ഇരയിമ്മൻ തമ്പിയുടെ മാതാമഹനായ രവിവർമ്മാവല്ലാതെ മറ്റു സഹോദരന്മാരുണ്ടായിരുന്നില്ല. മാർത്താണ്ഡവർമ്മാവെന്നും (934-955) പത്മനാഭവർമ്മാവെന്നും (933-954) മഹാകവി അശ്വതിതിരുനാൾ കൊച്ചുതമ്പുരാനെക്കൂടാതെ രണ്ടു് അനന്തരവന്മാർകൂടി ജീവിച്ചിരുന്നതായി നമുക്കറിയാം. അതുകൊണ്ടു മാർത്താണ്ഡവർമ്മാവു മരിച്ച 955 വൃശ്ചികം 16-ാംനു മുമ്പാണ് ബാലരാമവർമ്മയശോഭൂഷണത്തിന്റെ നിർമ്മിതി എന്ന് അനുമാനിക്കാവുന്നതാകുന്നു; അല്ലെങ്കിൽ "സക്താസ്സ ഗർഭ്യാഃ" എന്ന ശബ്ദങ്ങളിൽ കാണുന്ന ബഹുവചനപ്രയോഗം സാധൂകരിക്കുവാൻ നിർവാഹമില്ല.

## വസുലക്ഷ്മീകല്യാണം

പ്രതാപരുദ്രീയത്തിൽ പ്രതാപരുദ്രകല്യാണം എന്നൊരു നാടകം അതിന്റെ നിർമ്മാതാവു നാടകസ്വരൂപത്തെ ഉദാഹരിക്കുന്നതിനുവേണ്ടി അന്തർഭവിപ്പിച്ചിട്ടുള്ളതുപോലെ ബാലരാമവർമ്മയശോഭൂഷണത്തിലും വസുലക്ഷ്മീകല്യാണം എന്നൊരു നാടകം ദീക്ഷിതർ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ നാടകത്തിലെ ഇതിവൃത്തം താഴെക്കാണുന്നവിധത്തിൽ സംക്ഷേപിക്കാം. സിന്ധുരാജ്യത്തിലെ രാജാവിനു വസുലക്ഷ്മി എന്നൊരു പുത്രിയുണ്ടായിരുന്നു; ആ യുവതിയെ വഞ്ചീശ്വരനായ ബാലരാമവർമ്മമഹാരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹമെങ്കിലും പട്ടമഹിഷി തന്റെ ഭാഗിനേയനായ സിംഹള രാജകുമാരൻ കുമാരിയുടെ ഭർത്താവാകണമെന്ന് ആശിക്കുകയും, അതിന്റെ സാഫല്യത്തിനുവേണ്ടി വസുലക്ഷ്മിയെ ഒരു കപ്പലിൽ കയറ്റി സിംഹളദ്വീപിലേക്കയയ്ക്കുകയും ചെയ്യുന്നു. പക്ഷേ ആ കപ്പൽ കടൽക്കോളിൽപ്പെട്ടു വഞ്ചിരാജ്യത്തിലെ സമുദ്രതീരത്തിൽ അടിയുകയും, വഞ്ചീശ്വരന്റെ പത്നിയായ വസുമതിയുടെ സഹോദരനും അന്തദുർഗ്ഗപാലനുമായ വസുമദ്രാജന്റെ കൈവശം അകപ്പെടുകയും ചെയ്യുന്നു. വസുമദ്രാജൻ വസുലക്ഷ്മിയെ തന്റെ സഹോദരിക്കു് ഉപായനീകരിക്കുന്നു. തദനന്തരം മഹാരാജാവും ആ യുവതിയും തമ്മിൽ പ്രണയബദ്ധരായിത്തീരുന്നു. വീണ്ടും വസുമതി തന്റെ പുത്രിയെ പാണ്ഡ്യ രാജാവിനെക്കൊണ്ടു പരിഗ്രഹിപ്പിക്കുവാൻ ശ്രമിയ്ക്കുന്നുവെങ്കിലും ആ ശ്രമവും വിഫലീഭവിക്കുന്നതേയുള്ളു. അപ്പോഴേക്കും മഹാരാജാവിന്റെ മന്ത്രിയായ നീതിസാഗരൻ മുഖേന സിന്ധു രാജാവു വിവരങ്ങൾ ഗ്രഹിക്കുകയും താൻ തന്നെ തിരുവിതാംകൂറിൽ എത്തി പുത്രിയുടെ വിവാഹം മഹാരാജാവിനെക്കൊണ്ടു നിർവഹിപ്പിക്കുകയും ചെയ്യുന്നു. സിന്ധുരാജ്യവുമായി തിരുവിതാംകൂറിനുണ്ടായ വാണിജ്യാഭിവൃദ്ധിയെ പ്രസ്തുതനാടകം അപാങ്ഗാലോകനം ചെയ്യുന്നതായി സങ്കല്പിക്കാമെന്നല്ലാതെ അതിൽ കൂടുതലായുള്ള ദേശചരിത്രോപയോഗിത്വമൊന്നും അതിലെ ഇതിവൃത്തത്തിൽ ഞാൻ കാണുന്നില്ല. "ഭഗവതഃ ശ്രീപദ്മനാഭസ്യ വസന്തമഹോത്സവേ പരിമിളിതാ ഏവ സാമാജികാഃ" എന്ന പംക്തിയിൽനിന്നു വസുലക്ഷ്മീകല്യാണം കവി രചിച്ചതു മതിലകത്തെ മീനമാസോത്സവത്തിന് അഭിനയിക്കുന്നതിനാണെന്നു വെളിപ്പെടുന്നു.

## കവിതാരീതി

നായകപ്രകരണത്തിന്റെ രചനയ്ക്കു മുൻപുതന്നെ കവി തന്റെ പുരസ്കർത്താവായ മഹാരാജാവിന്റെ ഗുണഗണങ്ങളെ പലപ്രകാരത്തിൽ പ്രശംസിക്കുന്നു.

"പ്രാക്പുണ്യാർജ്ജിതമൂലയാ കവിമനഃക്ഷേത്രോത്തമേ ജാതയാ
സമ്യഗ്ഭാവുകചിത്തശാഖിതതയാ വ്യങ്ഗ്യോക്തിപുഷ്പശ്രിയാ
നിത്യം സൽഫലയാ ഗുണാനുസരണാച്ഛ്റീരാമവർമ്മപ്രഭോ-
സ്സ്വർവ്വന്യാലയയേവ സൽകവിതയാ കിം കിം ന സംഭാവ്യതേ?"

"സേയം സദാശിവകൃതിർമ്മധുരോക്തിബന്ധാ
സാലങ്കൃതിസ്സരസഭാവനിരൂപണോൽകാ
കാന്തം സമിച്ഛതി വധൂരിവ ബാലരാമ-
ശ്രീരാമവർമ്മകുലശേഖരസാർവഭൗമം."

ഇത്യാദിശ്ലോകങ്ങൾ ആ ഘട്ടത്തിലുള്ളവയാണ്. ഇനിമേൽ നായകപ്രകരണത്തിൽനിന്നു രണ്ടു ശ്ലോകങ്ങൾ ചേർക്കാം.

നായകന്റെ ഔദാര്യവർണ്ണനം:

"സ്ഫാരദ്വാരപ്രഘാണദ്വിരദമദസമു-
ല്ലോലകല്ലോലഭൃങ്ഗീ
സങ്ഗീതോല്ലാസഭങ്ഗീമുഖരിതഹരിത-
സ്സമ്പദഃ കിമ്പചാനാഃ
ഫുല്ലന്മല്ലീമതല്ലീപരിമളലഹരീ-
സമ്പദുദ്ദാമവാചാം
തേഷാം യേഷാം കവീനാമുപരി തവ ദയാ
രാമവർമ്മക്ഷിതീന്ദ്രോ!"

സർവവിദ്യാധികത്വവർണ്ണനം:

"യദൃച്ഛാസല്ലാപൈസ്സമധിഗതഷട്തന്ത്രവിഭവൈ-
ശ്ചമൽകുവൻ ധീരാൻ സദസി രസഭാവപ്രകടനൈഃ
കവീൻ ധിന്വൻ ഗാനക്രമവിവരണാദ് ഗായകവരാൻ
പരിഷ്കുർവ്വൻ വഞ്ചിക്ഷിതിപതിലകോയം വിജയതേ."

വൈദർഭി, ഗൗഡി എന്നീ രീതികളെ ഉദാഹരിക്കുന്ന ശ്ലോകങ്ങളാണ് യഥാക്രമം ചുവടേ പകർത്തുന്നത്.

"വദാന്യേ വഞ്ചീന്ദ്രേ സുരതരുഗണോ വ്രീളിത ഇവ
പ്രപേദേ പഞ്ചത്വം; മണിരപി ശിലാഭാവമഭൃത;
പരാഭൂതേശ്ചിഹ്നം സുരഭിരഭജത്താർണ്ണമസകൃൽ;
കഥാശേഷാശ്ചാന്യേ ശിബിമുഖനൃപാ ദാനനിരതാഃ."

"ധാവദ്ഭാവൽകഘോടീതുരഗഖുരപുട-
വ്രാതതീവ്രാഭിഘാത-
ക്ഷുണ്ണക്ഷോണീപരാഗൈരഹിതപുരവധൂ-
വക്ത്രചന്ദ്രോപരാഗൈഃ
സന്ധ്യാരീതിം ദധാനേ സതി ജഗതി തമഃ-
ഖണ്ഡനോദ്ദണ്ഡചണ്ഡ-
സ്ഥേമാ ശ്രീരാമവർമ്മപ്രഭുവര! ജയതി
ത്വൽപ്രതാപപ്രദീപഃ."

ഗ്രന്ഥാവസാനത്തിൽ ദീക്ഷിതർ വിനയദ്യോതകമായി ഒരു ശ്ലോകംകൂടി ഘടിപ്പിച്ചിട്ടുള്ളതു് അനുവാചകന്മാർക്കു രസപ്രദമായിരിക്കും.

"അചമൽകൃതാപി മൽകൃതിരങ്ഗീകാരാത്തവേയമതിധന്യാ;
അവിലാസകലാകുശലാപ്യനുരാഗാദിവ കലാങ്ഗനാ ഭർത്തുഃ."

## വേങ്കടസുബ്രഹ്മണ്യദീക്ഷിതർ

ദ്രാവിഡദേശീയനായ വേങ്കടസുബ്രഹ്മണ്യദീക്ഷിതർ എന്ന കവിയും രാമവർമ്മ മഹാരാജാവിന്റെ സദസ്യന്മാരിൽ അന്യതമനായിരുന്നു. വസുലക്ഷ്മീകല്യാണമെന്ന പേരിൽത്തന്നെ മറ്റൊരു നാടകം അദ്ദേഹവും രചിച്ചിട്ടുണ്ടു്. നാടകപ്രകരണത്തിലെ അറുപത്തിനാലംഗങ്ങൾക്കും ഉദാഹരണങ്ങൾ പ്രദർശിപ്പിക്കുന്നതിനാണു് അദ്ദേഹം പ്രസ്തുതകൃതി നിർമ്മിച്ചതു്.

"വസുലക്ഷ്മീകല്യാണം നാടകമംഗൈര്യുതം ചതുഃഷഷ്ട്യാ
വ്യരചി മയേദം കുതുകാദ്വിശ്വാവസുവത്സരേ വസന്തർത്തൗ."

എന്നു് ആ വസ്തുത അദ്ദേഹംതന്നെ ഗ്രന്ഥാവസാനത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. സദാശിവദീക്ഷിതരുടെ വസുലക്ഷ്മീകല്യാണത്തിൽ എല്ലാ നാടകാംഗങ്ങൾക്കും ഉദാഹരണം ഇല്ലാത്തതു കൊണ്ടു വേങ്കടസുബ്രഹ്മണ്യദീക്ഷിതർ സമഗ്രമായ രീതിയിൽ അതേ പ്രമേയത്തെ ആസ്പദമാക്കി മറ്റൊരു ഗ്രന്ഥം നിർമ്മിച്ചു എന്നു് ഉദ്ദേശിയ്ക്കാവുന്നതാണു്.

സാക്ഷാൽ അപ്പയ്യദീക്ഷിതരുടെ വംശത്തിൽ ജനിച്ച ഒരു പണ്ഡിതനാണു് വർണ്ണനാസാരസംഗ്രഹകാരനായ നീലകണ്ഠദീക്ഷിതരെപ്പോലെ വേങ്കടസുബ്രഹ്മണ്യദീക്ഷിതരും. അതു വസുലക്ഷ്മീകല്യാണത്തിന്റെ പ്രസ്താവനയിലുള്ള താഴെക്കാണുന്ന ശ്ലോകങ്ങളിൽനിന്നു വെളിപ്പെടുന്നു.

"അപ്പയ്യാധ്വരിണസ്സുതേഷു ചരമശ്ശ്രീനീലകണ്ഠാധ്വരീ
തൽപുത്രേഷു ദശാധികേഷ്വപി തൃതീയശ്ചിന്നമപ്പാധ്വരീ
തസ്മാച്ചാപി ഭവാനിശങ്കരമഖീ ജ്യോഷ്ഠോ ഗുണൈരപ്യഭൂ-
ത്തസ്യൈകോജനി വേങ്കടേശ്വരമഖീ യസ്യാദ്യ സൂനുഃ കവിഃ."

"വിദ്വൽകുലഗുർവപ്പയമഖിനാം വംശോ മഹോന്നതോ ജീയാൽ
വേങ്കടസുബ്രഹ്മണ്യാധ്വരികവിവിദ്വന്മണിര്യതോ ഹ്യുദഭൂൽ.

അയമസൗ കനീയാൻ ഭ്രാതാ . . . . . . ഇത ഏവാധീതനിഗമാദിസർവവിദ്യഃ ദിഗന്തവിദിതനിജവൈഖരീവിഭവവിത്രാസിതവിമതവാദിഗജകേസരീ വടാരണ്യേശ്വരവാജ പേയയാജീത്യഭിജ്ഞായതേ."

അപ്പയ്യദീക്ഷിതരുടെ ഒടുവിലത്തെ പുത്രനാണു് നീലകണ്ഠൻ. അദ്ദേഹത്തിനു പത്തിലധികം പുത്രന്മാരുണ്ടായിരുന്നതിൽ കനിഷ്ഠൻ അപ്പൻ; അപ്പന്റെ ജ്യേഷ്ഠപുത്രൻ ഭവാനിശങ്കരൻ; ഭവാനിശങ്കരന്റെ ഏകപുത്രൻ വേങ്കടേശ്വരൻ; വേങ്കടേശ്വരന്റെ പ്രഥമപുത്രൻ കവി. ദ്വിതീയപുത്രൻ വടാരണ്യവാജപേയി—ഇങ്ങനെയാണു് ആ വംശത്തിന്റെ പരമ്പര. വസുലക്ഷ്മീകല്യാണത്തിൽ വേങ്കടസുബ്രഹ്മണ്യൻ തന്റെ പൂർവ്വ

പുരുഷന്മാരും കവികളുമായ നീലകണ്ഠദീക്ഷിതർ, ചിന്നപ്പയ്യാ ദീക്ഷിതർ, വേങ്കടേശ്വരദീക്ഷിതർ, പ്രഭാകരദീക്ഷിതർ എന്നിവരേയും അവർ യഥാക്രമം നിർമ്മിച്ച നളചരിതം, ഉമാപരിണയം, ഉഷാഹരണം, ഹരിശ്ചന്ദ്രാനന്ദം എന്നീ നാടകങ്ങളേയും സ്മരിച്ച് അവയിൽനിന്നു "പുണ്യമഹാരാജരാമവർമ്മ കുലശേഖരചരിതാനുബന്ധ"മായ തന്റെ കൃതിക്കുള്ള വൈജാത്യത്തെ വിശദീകരിക്കുന്നു.

## വസുലക്ഷ്മീകല്യാണം

രാമവർമ്മ മഹാരാജാവിന്റെ വാഴ്ചക്കാലത്തു വിശ്വാവസുസംവത്സരം 960-ലാകയാൽ ആ കൊല്ലത്തിലാണ് പ്രസ്തുത നാടകത്തിന്റെ രചന എന്നു സിദ്ധിക്കുന്നു. കഥയ്ക്കു സദാശിവ ദീക്ഷിതരുടെ നായകപ്രകരണത്തിലെ ഇതിവൃത്തത്തിൽ നിന്നു പറയത്തക്ക വ്യത്യാസമൊന്നുമില്ലെന്നു സൂചിപ്പിച്ചുകഴിഞ്ഞു. സിന്ധുരാജപുത്രിതന്നെയാണ് വസുലക്ഷ്മി. ബുദ്ധിസാഗരൻ മന്ത്രി, വസുസേനൻ സേനാപതി, വസുമതി മഹാരാജാവിന്റെ പത്നി, വസുമാൻ അന്തപാലനായ വസുമതീസഹോദരൻ, വസുവർമ്മാ ചേരരാജാവു്, വസുനിധി സിന്ധുരാജാവു്, വസുരാശി അദ്ദേഹത്തിന്റെ പുത്രൻ, ഇവരാണ് മഹാരാജാവിന്നും അദ്ദേഹത്തിന്റെ വയസ്യന്നും പുറമേയുള്ള പ്രധാനകഥാപാത്രങ്ങൾ. വസുവർമ്മാവിനെക്കൊണ്ടു വസുലക്ഷ്മിയെ വിവാഹം ചെയ്യിക്കുവാനുള്ള വസുമതിയുടെ ഉദ്യമം ഫലിക്കുന്നില്ല. രാമവർമ്മ മഹാരാജാവു സിന്ധുരാജകുമാരിയെ പാണിഗ്രഹണം ചെയ്യുന്നതു കൊണ്ടു ഹൂണ രാജാവുമായുള്ള സഖ്യം ബഹുലീഭവിക്കുമെന്നു കവി വർണ്ണിച്ചു കാണുന്നു.

> "പരീക്ഷ്യ ലക്ഷണജ്ഞാതാ ദൈവജ്ഞാനം മുഖാൽ സ്വയം
> നിരചൈഷീദ്വിവോഢും താം സാർവഭൗമത്വലംഭികാം"

എന്നും "തദനേന തീർത്ഥേന ഹിമവൽപശ്ചിമാന്തപവാസി നോപി ഭരതവർഷമാത്ര വ്യാപിനഃ ഹൂണരാജസ്യ ചിരപ്രവൃത്തമപി സഖ്യം ദേവേന ബഹുലീഭവിഷ്യതീതി മന്യേ" എന്നും മറ്റുമുള്ള ഭാഗങ്ങൾ നോക്കുക. ഹൂണരാജൻ ആങ്ഗലരാജാവു തന്നെ. അതായതു് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനി. മാതൃകയായി രണ്ടു ശ്ലോകങ്ങൾ മാത്രം ഉദ്ധരിക്കാം.

> "ഉദ്യന്തീമുദധേരുദീർണ്ണകരുണാമുൽകുലരുപോച്ചയാ–
> മുൽക്ഷിപ്താംബുജമാലികാം കരതലേനാത്മോന്മുഖിമന്ദിരാം
> ദൃഷ്ട്വാന്നിദ്രകദംബഡംബരമുരഃപീഠം ബലാൽ സജ്ജയൻ
> പ്രാന്തഃപ്രേംഖിതശംഖചക്രമവതു ശ്രീപദ്നാഭോത്ര വഃ.
>
> അദ്യേയം സഫലാ ജനിസ്സ ഭഗവാൻ പ്രാസീദദദ്യൈവ നഃ
> ശ്രീകാന്തഃ പരിപേചിരേദ്യ സുകൃതാന്യദ്യൈവ ധാതാ കൃതീ
> അദ്യാഹം കില കാമ്യമാനവിഭവസ്സ്വൈന്ദ്രൈരമർത്ത്യൈരപി
> പ്രേയസ്യാ യദയൂയുജദ്വസുമതീ നിത്യശ്രിയേവാദ്യ മാം."

## കല്യാണസുബ്രഹ്മണ്യസൂരി

കാർത്തികതിരുനാൾ മഹാരാജാവിന്റെ സഭാസ്താരന്മാരുടെ കൂട്ടത്തിൽ കല്യാണസുബ്രഹ്മണ്യൻ എന്നൊരു കവിയുടെ നാമധേയം സ്മരിക്കേണ്ടതുണ്ട്. അലങ്കാരകൗസ്തുഭം എന്ന അലങ്കാരഗ്രന്ഥത്തിന്റെ നിർമ്മാതാവായ അദ്ദേഹം ഒരു ദ്രാവിഡ

ബ്രാഹ്മണനാണെന്നുള്ളതിനു സംശയമില്ല. കവലയാനന്ദത്തെ അനുകരിച്ച് അർത്ഥാലങ്കാരങ്ങളേയും വർണ്ണച്യുതകം മുതലായി ചില ശബ്ദചിത്രങ്ങളേയും വിവരിക്കുന്ന പ്രസ്തുത ഗ്രന്ഥത്തിൽ ഉദാഹരണ ശ്ലോകങ്ങൾ പ്രായേണ ശ്രീപത്മനാഭനെ പരാമർശിക്കുന്നു. അപൂർവം ചില ശ്ലോകങ്ങൾ മഹാരാജപരങ്ങളായുമുണ്ട്. അവസാനത്തിൽ കവി തന്നെപ്പറ്റി "ശ്രീമൽപേരൂരുകലജലധിചന്ദ്രശ്രീരാമ ചന്ദ്രചരണാരവിന്ദമിളിന്ദായമാനഗോപാലവിപശ്ചിൽ പൗത്രേണ സുബ്രഹ്മണ്യസുധീമണിപുത്രേണ കല്യാണസുബ്രഹ്മണ്യസ്മരിണാ വിരചിതേ അലങ്കാരകൗസ്തുഭേ സംസൃഷ്ടിപ്രകരണം" എന്ന പംക്തിയിൽ ചെയ്തിട്ടുള്ള പ്രസ്താവനയിൽനിന്ന് അദ്ദേഹത്തിന്റെ പിതാമഹൻ ഗോപാലനും പിതാവു സുബ്രമണ്യനുമാണെന്നു വെളിപ്പെടുന്നു. പേരൂർ എന്ന കുലം ഏതെന്നോ ആ കുലത്തിൽ ജനിച്ച രാമചന്ദ്രൻ ആരെന്നോ അറിയുന്നില്ല; ഗോപാലൻ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു എന്നുമാത്രം ഊഹിക്കാം. രണ്ടുമൂന്നു ശ്ലോകങ്ങൾ ചുവടേ ഉദ്ധരിക്കാം.

"രാരാജന്മധുരാധരാം പ്രവിലസച്ചോളാം കനൽകുന്തളാം
കാശ്മീരാങ്ഗവിഭൂഷണാതിലളിതാം കാഞ്ചീഗുണാലംകൃതാം
ക്ഷോണീം ശ്രീരഘുരാമവന്നിരുപമാം രത്നാകരോരൂർമ്മികാ–
ജാലാന്താമനുരഞ്ജയത്വനുദിനം ശ്രീരാമവർമ്മപ്രഭുഃ."

"ശ്രീമദ്വഞ്ചികുലാംബുധിർവിജയതാമാചന്ദ്രതാരം; ബുധാ–
ധാരാ വഞ്ചിധരാ ശ്രിയാനുപമയാ ദേദീപ്യതാമന്വഹം;
സൽകല്യാണകവേഃ കൃതിർവിതനുതാമാനന്ദമന്തസ്സതാം;
ചിത്തേ ഖേലതു രാമവർമ്മനൃപതേഃ ശ്രീപദ്മനാഭസ്സദാ."

"സംബുദ്ധിഃ കാത്ര നാകോരഘുകുലതിലക–
സ്യാരിഭിഃ കിം ന ഭേദ്യം
കാ ഭൂപൈഃ പാലനീയാ സതതമപി സുരൈഃ
കഃ പരം സേവനീയഃ
കിം രക്ഷോഭീതിഹേതുർന്നിരുപമതരയാ
രാജതേ കാദ്യ നീത്യാ
കോ വാ ക്ഷ്മാപാലചൂഡാമണിരവനിതലേ
രാമവർമ്മാവനീന്ദ്രഃ."

## സുബ്രഹ്മണ്യകവി

### ചരിത്രം

രാമവർമ്മമഹാരാജാവിന്റെ സദസ്യനായ മറ്റൊരു ദ്രാവിഡബ്രാഹ്മണനായിരുന്നു സുബ്രഹ്മണ്യകവി. അദ്ദേഹം എട്ടു സർഗ്ഗത്തിൽ പത്മനാഭ വിജയം എന്നൊരു വിശിഷ്ടമായ കാവ്യം രചിച്ചിട്ടുണ്ട്. ഓരോ സർഗ്ഗത്തിന്റേയും അവസാനത്തിൽ

"സുബ്രഹ്മണ്യബുധം സദാശിവഗുരുബ്രഹ്മപ്രസാദസ്ഫുര–
ദിദ്യോഽസൂത സ രാമലിങ്ഗവിബുധശ്ശ്രീകോകിലാംബാ ച യം
കാവ്യേ തേന കൃതേത്ര സാങ്ഗവിഭവേ ശ്രീരാമവർമ്മപ്രഭു–
ശ്രേയസ്സദ്മനി പദ്മനാഭവിജയേ ... ... ..."

എന്നു കവി പ്രസ്താവിക്കുന്നു. തദ്വാരാ രാമലിംഗസൂരിയും കോകിലാംബയും യഥാക്രമം അദ്ദേഹത്തിന്റെ പിതാവും മാതാവുമാണെന്നു നാം അറിയുന്നു.

“സോയം സായം പ്രനൃത്യന്മൃഡവികടജടാ
ജൂടരങ്ഗാൽ തരങ്ഗ–
ത്വങ്ഗദ്ഗങ്ഗാതരങ്ഗാരവരഭസഭരോ–
ജ്ജൃംഭണസ്തംഭനൈസ്സ്വൈഃ
സർവാന്തർവാണ്യപൂവാദ്ഭുതകലിതപരീ–
രംഭസംഭാവനൈവാ–
ഗ്ഗുംഭൈജ്ജൃംഭൽപ്രഭാവോ ഭുവി ജയതിതരാം
രാമലിങ്ഗാര്യവര്യഃ.

ഏതൽസുതേന സുധിയാ ഗ്രന്ഥിതശ്ശ്രീപത്മനാഭ വിജയോയം
സുബ്രഹ്മണ്യപദാംബുജഭജനൈധിതവാക്സ്സുധേന തന്നാമ്നാ”

എന്ന ശ്ലോകങ്ങളിൽ കവി തന്റെ പിതാവിന്റെ കവിതാ വൈഭവത്തെ പ്രശംസിക്കുകയും സുബ്രഹ്മണ്യനാമാവായ താൻ സുബ്രഹ്മണ്യഭക്തനാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. മഹാരാജാവിന്റെ നിരവധികങ്ങളായ അപദാനങ്ങളെപ്പറ്റി സുബ്രഹ്മണ്യനും ഗ്രന്ഥാരംഭത്തിൽ തന്നെ പല പ്രകാരത്തിൽ വർണ്ണിച്ചിട്ടുണ്ട്.

“ആദൗ സർഗ്ഗൈശ്ചതുർഭിഃ പുരപരിവൃഢയോ–
വർണ്ണനാ കിഞ്ച വഞ്ചി–
ക്ഷ്മാഭർത്രാ ഭദ്രദീപോത്സവമുഖഭഗവൽ–
സേവനാദേഃ കൃതസ്യ,
ദ്വാഭ്യാം ചാംഭോജനാഭാദ്ഭുതമഹിമകഥാ–
മാധുരീസാധുരീതേർ,–
ദ്വാഭ്യാം തദ്ഭക്തവഞ്ചിപ്രഭുവിഭവയശഃ
പുണ്യനൈപുണ്യഭൂംനാം”

എന്ന പദ്യത്തിൽ നിന്നു, പത്മനാഭവിജയമെന്നാണ് കാവ്യത്തിന്റെ പേരെങ്കിലും അതിൽ ഭൂരിഭാഗവും മഹാരാജപ്രശസ്തി വിഷയകമാണെന്നു കാണാവുന്നതാണ്. വർണ്ണിതങ്ങളായ നഗരങ്ങൾ പത്മനാഭപുരവും തിരുവനന്തപുരവും തന്നെ. ഒടുവിലത്തെ ശ്ലോകങ്ങളിൽ രണ്ടെണ്ണമാണ് താഴെക്കാണുന്നതു്.

“തന്വന്നന്വഹമന്വയക്രമസമായാതാൻ സ്വധർമ്മാൻ മുദാ
പാത്രേ ദാനശതാനി താന്യനുപദം വിശ്രാണയൻ പ്രീണയൻ
ഭക്ത്യംഭോരുഹനാഭമദ്ഭുതതരൈർദ്ദിവ്യോത്സവാർച്ചാദിഭിഃ
ശ്രീമാനേവമവൻ ഭുവം വിജയതേ ശ്രീരാമവർമ്മപ്രഭുഃ.”

“ആചന്ദ്രതാരകമയം ഭുവി വഞ്ചിബാല–
ശ്രീരാമവർമ്മകുലശേഖരഭൂമിപാലഃ
ശ്രീപദ്മനാഭകൃപയാ സഹഭാഗിനേയഃ
ശ്രീമാൻ മൃകണ്ഡുസുതവജ്ജയതു സ്ഥിരായുഃ.”

ഭാഗിനേയനെയല്ലാതെ അനുജനെ കവി സ്മരിക്കാത്തതുകൊണ്ടു മകയിരം തിരുനാൾ മരിച്ച 966-ആമാണ്ടിനു മേലാണ് പത്മനാഭവിജയത്തിന്റെ രചന എന്ന്

ഊഹിക്കാം. അതു് എങ്ങനെയായാലും രാമലിംഗസൂരിയുടെ ഗുരുവായ സദാശിവൻ സദാ ശിവബ്രഹ്മേന്ദ്രസരസ്വതിയിൽ നിന്നു ഭിന്നനാണെന്നു കരുതേണ്ടിയിരിക്കുന്നു.

കവിതാരീതി മനസ്സിലാകുന്നതിനായി നാലു ശ്ലോകങ്ങൾ കൂടി എടുത്തു ചേർത്തുകൊള്ളുന്നു.

"സാനന്ദം നവപത്രലേഖനമിഷാൽ പാർശോല്ലസദ്വല്ലഭാ–
വക്ഷോജൗ നിജകുംഭജൈത്രഗുരുതാജിജ്ഞാസ യേവാസകൃൽ
ഹസ്താഗ്രേണ സദാനകങ്കണതയാ ഭക്തേഷ്ടദാനവ്രത–
വ്യഗ്രേണേവ പരാമൃശൻ ഗജമുഖോ ദേവോ മുദേ വോസ്തു സഃ."

"വ്യക്താവ്യക്താജമുക്താമണിജനിഖനിഭ്രൂ–
പദ്മശ്മശ്രുക്ത്യാഢ്യനാഭീ–
ഗർത്താവർത്താനുമേയാപരിമിതഭുവനാ–
ധാരകുക്ഷ്യന്തരാബ്ധിഃ
ജീയാൽ സ്വീയാം സ്വശയ്യാദശശതഫണസ–
ദ്രത്നസംക്രാന്തമൗലിർ–
ദ്രഷ്ടും സ്പഷ്ടം ശ്രുതിഭ്യാം വിഭുരിഹ കലയൻ
ശീർഷസാഹസ്രവത്താം."

"സ്വപദി സപദി സഖ്യാ രഞ്ജിതേ ശിഞ്ജിതാഢ്യം
മഹിതമദൃഢബന്ധം നൂപുരം വാരനാരീ
സ്ഖലിതമഗണയന്തീ സാഗസം രാഗസാന്ദ്രം
ദയിതമിവ ഗവാക്ഷം വേഗമഭ്യാഗതൈകാ.

സരഭസമധിരഥ്യം സ്വൈരമായാന്തമാരാ–
ദ്രമണമഭിലഷന്തീ സ്വം ചിരാദ്വഞ്ചിരാജം
നവകവലയമാലാലീലയാലോലയാഗ്രേ
കലയതി വ്രതമന്യാ ലോചനച്ഛായയാട്ടം"

## ദേശമംഗലത്തു് ഉഴുത്തിരവാരിയർ (മൂന്നാമൻ)

### വാരിയരും ശിഷ്യപരമ്പരയും

പ്രക്രിയാസർവസ്വത്തിനു വ്യാഖ്യാനമെഴുതിയ ദേശമങ്ഗലത്തു് ഉഴുത്തിരവാരിയരെപ്പറ്റി ഈ അവസരത്തിൽ അല്പംകൂടി പ്രസ്താവിക്കേണ്ടതുണ്ടു്. കോട്ടയത്തു വിദ്വാൻ തമ്പുരാന്റെ വാർദ്ധക്യകാലത്തു് അദ്ദേഹത്തിനു യൗവ്വനാരംഭമായിരുന്നു എന്നു ചിലർ പറയുന്നതു സ്വാമിയാരുടെ നവനീതജപംസംബന്ധിച്ചുള്ള ഐതിഹ്യത്തെ ആസ്പദമാക്കിയാണു്. അതിന്റെ വസ്തുസ്ഥിതി എങ്ങനെയിരുന്നാലും 80 വയസ്സിനു മേൽ അദ്ദേഹം ജീവിച്ചിരുന്നു എന്നും, പത്താം ശതകത്തിലെ വൈയാകരണന്മാരിൽ അഗ്രഗണ്യമായ ഒരു സ്ഥാനം അദ്ദേഹം സമാർജ്ജിച്ചിരുന്നു എന്നുമുള്ളതു നിർവിവാദമാണു്. ഹൈദരാലിയെ ഭയപ്പെട്ടു സാമൂതിരികോവിലകത്തെ അങ്ഗങ്ങൾ പൊന്നാനിയിൽ താമസം മാറ്റിയപ്പോൾ അദ്ദേഹം മനോരമത്തമ്പുരാട്ടിയുടെ ഗുരുനാഥനായിത്തീർന്നു. സംസ്കൃതപഠനവും ഗ്രന്ഥമെഴുത്തുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനകൃത്യങ്ങൾ. ഒരിക്കൽ ഗ്രന്ഥമെഴുതിക്കൊണ്ടിരുന്ന അവസരത്തിൽ ഏതോ

ഒരു ചോദ്യത്തിനു ബാലികയായ തമ്പാട്ടി ശരിയായ ഉത്തരം പറയാത്തതിനാൽ നാരായം കൊണ്ട് ആ ശിഷ്യയെ അബുദ്ധിപൂർവ്വമായി വാരിയർ എറിയുകയും അതു തമ്പാട്ടിയുടെ തുടയിൽ കൊള്ളുകയും ചെയ്തു. ശരീരത്തിൽ രക്തം ഒഴുകി എങ്കിലും അതു കഴുകിക്കളഞ്ഞിട്ടു മാതാവിനെ വേറെ വിധത്തിൽ ഗ്രഹിപ്പിച്ച തമ്പാട്ടിയുടെ ഗുരുഭക്തി കണ്ട് അദ്ദേഹം കൃതജ്ഞനായി ആ പെൺകിടാവിനെ വഴിപോലെ അനുഗ്രഹിച്ചു. തോന്നിക്കൽ കുഞ്ഞിട്ടി രാഘവൻനമ്പിയാരും വടക്കേടത്തു കൊച്ചു ശങ്കരൻ മൂസ്സതും തമ്പുരാട്ടിയുടെ സതീർത്ഥ്യന്മാരായിരുന്നു. തോന്നിക്കൽ മൂവാറ്റു പുഴത്താലൂക്കിൽപ്പെട്ട ഒരു ഗൃഹമാണ്. നമ്പിയാർ വാരിയരോടു വ്യാകരണം അഭ്യസിച്ചതിനു മേൽ പരദേശത്തു പോയി തർക്കവും പഠിച്ചു. “ശൃങ്ഗാഗ്രഭാജാം” എന്ന ശ്രീകൃഷ്ണവിലാസ ശ്ലോകവും “സ്വപ്നോ നു മായാ” എന്ന ശാകുന്തള ശ്ലോകവും അദ്ദേഹം വിസ്തരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. ലോചനവ്യാഖ്യയായ അഞ്ജനം അദ്ദേഹം ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നു. പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ പോലും അദ്ദേഹത്തോടു ലോചനത്തിലെ ചില പംക്തികൾക്കു സംശയം ചോദിച്ചു നിവൃത്തി നേടിയതായി കേൾവിയുണ്ട്. ജാതവേദനാമാവായ തെക്കേടത്തു സ്വാമിയാരും താഴയ്ക്കാട്ടു ചെറിയ നാരായണപ്പൊതുവാളും പാറപ്പുറത്തു ഗോവിന്ദൻനമ്പിയാരും ആ പണ്ഡിതപ്രവേകന്റെ ശിഷ്യന്മാരാണ്. കുഞ്ഞിട്ടി രാഘവൻനമ്പിയാർ 1010-ൽ മരിച്ചു. പാറപ്പുറത്തു ഗോവിന്ദൻനമ്പിയാരുടെ ശിഷ്യന്മാരാണ് കൈക്കുളങ്ങര രാമവാരിയരും സഹൃദയതിലകൻ രാമപ്പിഷാരടിയുടെ ഗുരുവായ മുരിങ്ങോത്തു കൊച്ചുകുഞ്ഞൻനമ്പിയാരും. മനോരമത്തമ്പാട്ടിയുടെ ശിഷ്യന്മാരിൽ അത്ത്രർ അടിതിരിയേയും ദേശമങ്ഗലത്തു കൃഷ്ണവാരിയരേയും തൃക്കണ്ടിയൂർ ഗോവിന്ദപ്പിഷാരടിയേയും പരിഗണിക്കേണ്ടതുണ്ട്. ഇവരെല്ലാവരും പ്രസിദ്ധപണ്ഡിതന്മാരായിരുന്നു.

## സാമൂതിരിക്കോവിലകങ്ങൾ

പഴയ സാമൂതിരിക്കോവിലകത്തിനു പുറമെ (1) കിഴക്കേക്കോവിലകം (കോളേജിനു വടക്കുള്ള ചിന്താവളപ്പിൽ) (2) പുതിയ കോവിലകം (തളിക്കുളത്തിന്റെ പടിഞ്ഞാറ്) (3) ചാലപ്പുറത്തു കോവിലകം എന്നീ മൂന്നു കോവിലകങ്ങൾ കൂടി കാലാന്തരത്തിൽ ആവിർഭവിച്ചു. പടിഞ്ഞാറേക്കോവിലകം പിന്നീടുണ്ടായതാണ്. സ്ത്രീകൾ താമസിച്ചിരുന്നതു തളിയിൽ ക്ഷേത്രത്തിനു പടിഞ്ഞാറുള്ള അമ്പാടിക്കോവിലകത്താണ്. ടിപ്പു സുൽത്താന്റെ ആക്രമണ കാലത്തു തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു തിരിയെപ്പോയപ്പോൾ പടിഞ്ഞാറേക്കോവിലകത്തുകാർ മാങ്കാവിലും, പുതിയ കോവിലകത്തുകാർ തിരുവണ്ണൂരും, കിഴക്കേക്കോവിലകത്തുകാർ വെങ്കടക്കോട്ടയിലും (കോട്ടയ്ക്കൽ) പുതിയ കോവിലകങ്ങൾ ഉണ്ടാക്കി അവിടങ്ങളിലും താമസിച്ചു. സാമൂതിരിക്കോവിലകത്തേക്കു മൂപ്പുമുറയ്ക്കു (1) സാമൂതിരി (2) ഇളംകൂർ നമ്പിയാതിരി (ഏറാൾപ്പാട്ട്) (3) മൂന്നാംകൂർ നമ്പിയാതിരി (മൂന്നാർപ്പാട്ട്) (4) എടത്തറനാട്ടു നമ്പിയാതിരി (എടത്രാൾപ്പാട്ടു നമ്പിയാതിരി) (5) നെടിയിരിപ്പിൽ മൂത്ത ഏറാടി തിരുമുൽപ്പാട്ട് (നട്ടുത്രാൾപ്പാട്ട്) എന്നിങ്ങനെ അഞ്ചു സ്ഥാനങ്ങളുണ്ട്. പുരുഷന്മാർക്ക് (1) മാനവിക്രമൻ (2) മാനവേദൻ (3) വീരരായൻ എന്നിവയും, സ്ത്രീകൾക്ക് (4) ശ്രീദേവി (5) മഹാദേവി എന്നിവയുമാണ് പേരുകൾ. മറ്റെല്ലാം ഓമനപ്പേരുകളാണ്. ഏട്ടൻ, കുട്ടിയേട്ടൻ, കുഞ്ഞുണ്ണി, കുട്ടിക്കുഞ്ഞുണ്ണി, അനുജൻ, ചെറിയനുജൻ, അമ്മാമൻ, മരുമകൻ എന്നും മറ്റും പുരുഷന്മാരേയും, അനുജത്തി, കുഞ്ഞി അനുജത്തി, ജ്യേഷ്ഠത്തി എന്നും മറ്റും സ്ത്രീകളേയും വിളിക്കുന്നു. ഏറ്റവും വയസ്സു മൂത്ത സ്ത്രീക്ക് അമ്പാടിക്കോവിലകത്തു വലിയ തമ്പുരാട്ടി എന്നൊരു സ്ഥാനപ്പേരുണ്ട്. സ്ത്രീകൾ

പ്രമാണങ്ങളിൽ ഒപ്പിടുമ്പോൾ വിതയൻ എന്നുകൂടി ചേർക്കും (വിതയൻ ശ്രീദേവി എന്നും മറ്റും.). വിതയൻ എന്നാൽ വേദൻ.

## മനോരമത്തമ്പുരാട്ടി

### ജനനം

കേരളത്തിലെ സ്ത്രീ ജനങ്ങളിൽ കോഴിക്കോട്ടു കിഴക്കേക്കോവിലകത്തു മനോരമ ത്തമ്പുരാട്ടിയെപ്പോലെ വൈദുഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല. തമ്പുരാട്ടി 935-ആമാണ്ടു മകരമാസത്തിൽ സ്വാതിനക്ഷത്രത്തിൽ ജനിച്ചു; 68 വയസ്സുവരെ ജിവിച്ചിരുന്ന് 1003-ആമാണ്ട് ഇടവമാസം 11-ആനു മകം നക്ഷത്രത്തിൽ മരിച്ചു. 935-ൽ തൃശ്ശിവപേരൂർ വെച്ചു തീപ്പെട്ട സാമൂതിരിപ്പാട്ടിലേക്ക് ഒരു സഹോദരനും ഒരു സഹോദരിയും ഉണ്ടായിരുന്നു. ആ സഹോദരനാണ് ഹൈദരാലി മലബാർ ആക്രമിച്ചപ്പോൾ അവമാനത്തെ ഭയപ്പെട്ടു വെടിമരുന്നറയ്ക്കു തീകൊടുത്ത് അതിൽ ദേഹത്യാഗം ചെയ്ത സാമൂതിരി. മേല്പറഞ്ഞ സഹോദരിയുടെ പൗത്രിയാണ് മനോരമത്തമ്പുരാട്ടി. കോഴിക്കോട്ടു തളിയിൽക്കോവിലകം പറമ്പ് എന്ന് ഇപ്പോൾ പറയുന്ന സ്ഥലത്ത് അക്കാലത്ത് ഒരു കോവിലകമുണ്ടായിരുന്നു. ആ കോവിലകത്താണ് തമ്പുരാട്ടി ജനിച്ചത്. ഹൈദർ കോഴിക്കോട്ടു പിടിച്ചടക്കിയപ്പോൾ അവിടുത്തേക്ക് അഞ്ചു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. അതിനു മുൻപുതന്നെ സാമൂതിരി രാജകുടുംബം അവിടെനിന്നു പൊന്നാനിക്കു നീങ്ങിക്കഴിഞ്ഞിരുന്നു.

### വിദ്യാഭ്യാസം

ദേശമംഗലത്ത് ഉഴുത്തിരവാരിയരായിരുന്നു തമ്പുരാട്ടിയുടെ ഗുരു എന്നു പറഞ്ഞുകഴിഞ്ഞു. ആ ആചാര്യൻ തനിക്കു വ്യാകരണത്തിൽ ഉണ്ടായിരുന്ന അസാധാരണമായ പാണ്ഡിത്യം ശിഷ്യയിലും സംക്രമിപ്പിച്ചു. പന്ത്രണ്ടു വയസ്സായപ്പോഴേയ്ക്കും തമ്പുരാട്ടി സിദ്ധാന്ത കൗമുദിക്കു ഭട്ടോജി ദീക്ഷിതർതന്നെ രചിച്ച പ്രൗഢമനോരമ എന്ന വ്യാഖ്യാനത്തിൽ അത്ഭുതാവഹമായ അവഗാഹം നേടിക്കഴിഞ്ഞിരുന്നു. മനോരമ എന്നതു ബിരുദനാമമാണ്. അതു തമ്പുരാട്ടിക്കു സിദ്ധിച്ചത് അസുലഭമായ അംഗലാവണ്യവും മനോരമയിൽ അവിടത്തേയ്ക്കുള്ള അശ്രുതപൂർവമായ അഭിജ്ഞതയും നിമിത്തമായിരുന്നു. മാനവിക്രമീയം എന്ന കാവ്യത്തിൽ ആ ബിരുദത്തെപ്പറ്റി

> "തദീയവംശേ ജാതാസീൽ കാപി കന്യാ മനോഹരാ
> വിദ്യാദിഗുണസമ്പന്നാ ഹൃദ്യാസ്യജിതചന്ദ്രമാഃ.
>
> മനോരമായാമതിമാത്രനൈപുണാ–
> ന്മനോരമത്വാന്നു നിജസ്യ വർഷ്മണഃ
> മനോജലീലാരസലോലമാനസാ
> മനോരമേതി പ്രഥിതാ ബഭൂവ സാ"

എന്നു പ്രസ്താവിച്ചുകാണുന്നു. ചേലപ്പറമ്പു നമ്പൂരിയും തമ്പുരാട്ടിയും തമ്മിൽ നടന്ന ഉക്തിപ്രത്യുക്തിരൂപത്തിലുള്ള "പലി താനി ശശാങ്കരോചിഷാം" ഇത്യാദി പദ്യം ചേലപ്പറമ്പിന്റെ ചരിത്രത്തിൽ ഞാൻ ഉദ്ധരിച്ചിട്ടുണ്ട്.

കൂടല്ലൂർ നമ്പൂതിരിപ്പാട്ടിലെ മകനായ തോന്നിക്കൽ കുഞ്ഞിട്ടി രാഘവൻനമ്പിയാർ തമ്പുരാട്ടിയുടെ സതീർത്ഥ്യനായിരുന്നു എന്ന് മുൻപ് ഉപന്യസിച്ചിട്ടുണ്ട്. ആന

ന്ദവർദ്ധനന്റെ ലോചനം പഠിപ്പിക്കുവാൻ നമ്പിയാർക്കുള്ള പ്രാഗല്ഭ്യം അദൃഷ്ട പൂർവ്വമായിരുന്നു എന്ന് ഐതിഹ്യവേദികൾ പറയുന്നു.

മനോരമത്തമ്പുരാട്ടി കുറേക്കാലം കഴിഞ്ഞപ്പോൾ പലരേയും വ്യാകരണം അഭ്യസിപ്പിക്കുവാൻ ആരംഭിച്ചു. അവിടത്തേക്ക് ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. ഉത്തര നൈഷധകാരനായ അമ്മുരടിതിരിയാണ് പ്രധാനശിഷ്യൻ. അടിതിരിയുടെ ശിഷ്യൻ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ; ഇളയതമ്പുരാന്റെ ശിഷ്യൻ വൈക്കത്തു പാച്ചു മൂത്തതു്; പാച്ചു മൂത്തതിന്റെ ശിഷ്യൻ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഇങ്ങനെ ശിഷ്യപ്രശിഷ്യപ്രണാളി പുരോഗമിക്കുന്നു. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ കുടുംബത്തിൽപ്പെട്ട വ്യാകരണജ്ഞനായ ഗോവിന്ദപ്പിഷാരടി തന്നെ മനോരമ പഠിപ്പിക്കണമെന്നു തമ്പുരാട്ടിയോട് അപേക്ഷിച്ചപ്പോൾ തമ്പുരാട്ടി താൻ ആദ്യം കുറേ രഘുവംശം പഠിപ്പിക്കുക, ആ കാവ്യത്തിന്റെ അണ്ണാമലവ്യാഖ്യാനത്തിന് അർത്ഥവിചാരം ചെയ്യുക, ഇവ അവിടുത്തെ ദൈനംദിന കൃത്യങ്ങളിൽ ഉൾപ്പെട്ടിരുന്നതായി കേട്ടിട്ടുണ്ട്.

## കുടുംബജീവിതം

തമ്പുരാട്ടിയുടെ ആദ്യത്തെ ഭർത്താവു പരപ്പനാട്ടുകുടുംബത്തിൽപ്പെട്ട ബേപ്പൂർ കോവിലകത്തു രാമവർമ്മ തമ്പുരാനായിരുന്നു. ആ ദമ്പതികൾക്ക് 954-ൽ ഒരു പുത്രി ജനിച്ചു. തദനന്തരം ആ തമ്പുരാൻ മരിച്ചു പോകയാൽ കുറേക്കാലം വൈധവ്യദുഃഖം അനുഭവിച്ചതിനു മേൽ അവിടുന്നു പാക്കത്തു ഭട്ടതിരിയെ ഭർത്താവായി സ്വീകരിച്ചു. ഭട്ടതിരി അവ്യുൽപന്നനായിരുന്നു. അദ്ദേഹത്തെപ്പറ്റി തമ്പുരാട്ടി രചിച്ചിട്ടുള്ളതാണ്.

> “യസ്യ ഷഷ്ഠീ ചതുർത്ഥീ ച വിഹസ്യ ച വിഹായ ച
> അഹം കഥം ദ്വിതീയാ സ്യാദ്; ദ്വിതീയാ സ്യാമഹം കഥം?”

എന്ന ശ്ലോകം. പുതിയ ദാമ്പത്യത്തിന്റെ ഫലമായി തമ്പുരാട്ടിക്കു മൂന്നു പുരുഷപ്രജകളും രണ്ടു സ്ത്രീപ്രജകളും ജനിച്ചു. പുരുഷന്മാരിൽ 968-ൽ ജനിച്ച് 1031-ൽ തീപ്പെട്ട ചോതി തിരുനാൾ മാത്രമേ ദീർഘായുസ്സു കൊണ്ട് അനുഗ്രഹീതനായുള്ളൂ. അവിടുന്ന് 1024-ൽ സാമൂതിരിപ്പാടായി.

## മനോരമത്തമ്പുരാട്ടിയും തിരുവിതാംകൂറും

964-ലായിരുന്നു ടിപ്പുസുൽത്താന്റെ മലബാർ ആക്രമണം. കേരളത്തിലെ ഇതര രാജകുടുംബാങ്ഗങ്ങളെപ്പോലെ സാമൂതിരിക്കോവിലകത്തെ അങ്ഗങ്ങളും ആ കാലത്തു തിരുവിതാംകൂറിനെ അഭയം പ്രാപിക്കുകയും ധർമ്മരാജാവിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു. മനോരമത്തമ്പുരാട്ടി പാക്കത്തു ഭട്ടതിരിയോടും തന്റെ രണ്ടു പുത്രിമാരോടും കൂടി ധർമ്മരാജാവിനെക്കണ്ട് അവിടുത്തെ സംരക്ഷണത്തിൽ മധ്യതിരുവിതാംകൂറിൽ എണ്ണയ്ക്കാടെന്ന സ്ഥലത്തു താമസിച്ചു; സാമൂതിരിക്കോവിലകത്തെ മറ്റ് അങ്ഗങ്ങൾക്കു കുന്നത്തൂരെന്ന സ്ഥലത്തും സങ്കേതം ലഭിച്ചു. അങ്ങനെ ഉദ്ദേശം പന്ത്രണ്ടു കൊല്ലം എണ്ണയ്ക്കാട്ടു താമസിച്ചു. 975-ആമാണ്ടിടയ്ക്കു തമ്പുരാട്ടി കുട്ടികളോടും മറ്റും കൂടി മലബാറിലേയ്ക്കു മടങ്ങി. തിരിയെച്ചെന്നു താമസമുറപ്പിച്ചതു വെങ്കടക്കോട്ട എന്നുകൂടി പേരുള്ള കോട്ടയ്ക്കലായിരുന്നു. അന്ത്യകാലം വരെ അവിടംവിട്ടു മറ്റെങ്ങും പോയുമില്ല. അമ്പാടിക്കോവിലകത്തു വലിയ തമ്പുരാട്ടി എന്ന സാമൂതിരിരാജ വംശത്തിലെ രാജ്ഞിമാർക്കിടയിലുള്ള മൂപ്പുമുറ അവിടത്തേയ്ക്കു യഥാകാലം സിദ്ധിച്ചു. മരണദിവസത്തെപ്പറ്റി മുമ്പു പറഞ്ഞുകഴിഞ്ഞു.

## മുക്തകങ്ങൾ

മനോരമത്തമ്പുരാട്ടിയുടെ ജീവിതം പ്രായേണ ക്ലേശഭൂയിഷ്ഠമായിരുന്നതുകൊണ്ടോ എന്തോ അവിടുത്തേക്കു യാതൊരു ഗ്രന്ഥവും രചിക്കുവാൻ സൗകര്യമുണ്ടായില്ല. എങ്കിലും സന്ദർഭവശാൽ അവിടുന്ന് അനേകം ഒറ്റ ശ്ലോകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അവയിൽ അപൂർവ്വം ചിലതു മാത്രമേ നമുക്കു കിട്ടീട്ടുള്ളു. ആ ശ്ലോകങ്ങളിൽ ഓരോന്നും അവിടത്തെ അനന്യസുലഭമായ പാണ്ഡിത്യത്തിനും കവിത്വത്തിനും സാക്ഷി നില്ക്കുന്നു. താഴെക്കാണുന്ന മുക്തകങ്ങൾ ആ കൂട്ടത്തിൽ പെട്ടവയാണ്.

ദമ്പതിമാരുടെ പ്രേമം:

“സ്ത്രീപുംസത്വാവലംബീ ജഗതി ഖലു നൃണാം
ദ്വന്ദ്വധർമ്മാഭിലാഷോ;
രാഗസ്സോപാധികോസാവപി വിഭവമുഖൈ–
രംഗകൈഃ ഷഡ്ഭിരംഗീ;
തേഷ്വേകസ്യൈകദേശേ ऽസതി നിജവിഷയം
പ്രേമമാന്ദ്യം പ്രമാദാ–
ദ്യോഷാദോഷം മൃഷാ യഃ കഥയതി വിദൂഷേ
ഹന്ത! തസ്മൈ നമോസ്തു.”

ഈ ശ്ലോകവും പാക്കത്തു ഭട്ടതിരിയെപ്പറ്റി എഴുതീട്ടുള്ളതെന്നാണ് ഐതിഹ്യം.

ചുവടേ ചേർക്കുന്ന പദ്യരൂപത്തിലുള്ള കത്തിടപാടു ധർമ്മ രാജാവും തമ്പുരാട്ടിയും തമ്മിൽ നടന്നതായി ഐതിഹ്യം ഘോഷിക്കുന്നു.

രാജാ:

“ഹേമാംഭോജിനി! രാജഹംസനിവഹൈരാസ്വാദ്യ മാനാസവേ!
ഭൃംഗോഹം നവമഞ്ജരീകൃതപദസ്ത്വാമേവ കിഞ്ചിദ്ബ്രുവേ;
ചേതോ മേ ഭവദീയപുഷ്പമകരന്ദാസ്വാദനേ സസ്പൃഹം
വാച്യാവാച്യവിചാരമാർഗ്ഗവിമുഖോ ലോകേഷു കാമീ ജനഃ.”

തമ്പുരാട്ടി:

“ധീമൻ! സദ്ഗുണവാരിധേ! തവ മനോ–
വൃത്തിർമ്മഹാ കോവിദൈർ–
ദുർജ്ഞേയാ; സ്വത ഏവ ലോലഹൃദയൈർ–
ന്നാരീജനൈഃ കിം പുനഃ?
ത്വത്സന്ദേശമിദം കിമർത്ഥമിതി നോ
നിശ്ചിന്മഹേ; ക്രീഡിതും
കിം വാ സാമ്പ്രതമസ്മദീയഹൃദയ–
ജ്ഞാനായ ഹാസായ വാ?”

രാജാ:

“ഹാസായ നൈവ ദയിതേ! ഭവദീയചിത്ത–
ജ്ഞാനായ നൈവ യദിദം വചനം മയോക്തം;
ജംഭാരികുംഭിവരകുംഭവിജൃംഭമാണ–
ഡംഭാപഹാരികുചസംപരിരംഭണായ.”

തമ്പുരാട്ടി:

"ധീമൻ! മനീഷിതമിദം തവ രാജമൗലേ!
കുര്യാം യഥാനിഗദിതം; ന കുലാങ്ഗനാസ്മി;
പ്രായേണ സമ്പ്രതി ജനാഃ പരിഹാസശീലാ!–
സ്തൽ കാതരാസ്മി നിതരാം! ന പരോത്ര ദോഷഃ."

രാജാ:

"നിന്ദന്തീ സ്വാനി ഭാഗ്യാന്യധരിതസുധയാ
സന്തതാർദ്രം മധൂള്യാ
സൗരഭ്യാകൃഷ്ടലോകം കനകസരസിജം
ഹന്ത! സാ രാജഹംസീ
സാസൂയാ ദൃഷ്ടദൈവേ സ്മരയതി; കരുതേ
ദുര്യശോസ്യാഃ ശരീരം
ത്രാണച്ഛൈവാസ്വദന്തേ കുമുദകുവലയാ–
ദ്യാസവാനീത്യുദീർണ്ണം."

തമ്പുരാട്ടി:

"ഗരുദ്ധ്യായാമായ സ്വയമത ഇതോ യാസ്യതി യദാ
തദാ ഹംസസ്സൈ്വരീ തവ ച വശഗേയം കമലിനീ;
സരസ്തീരാരാമേ സരസതരകൂജദ്ദ്വിജകുലേ
സഖേ! കഞ്ചിൽ കാലം വിഹര മൃദുഗായൻ ഭ്രമര! ഭോഃ."

കേവലം നർമ്മരൂപത്തിലുള്ള സന്ദേശപ്രതിസന്ദേശങ്ങളാണ് പ്രായേണ ഇത്തരത്തിലുള്ള ശ്ലോകങ്ങളെന്നു ഞാൻ അന്യത്ര സൂചിപ്പിച്ചിട്ടുണ്ട്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടു തമ്പുരാട്ടിയെപ്പറ്റി രചിച്ചിട്ടുള്ള ഒരു ശ്ലോകംകൂടി ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഈ വിഷയം ഉപസംഹരിക്കാം.

"വിദ്യാവിദഗ്ദ്ധവനിതാജനവല്ലികൾക്കൊ–
രുദ്യാനമീ രുചിരകേരളഭൂവിഭാഗം;
ഹൃദ്യാ മനോരമനരേശ്വരിതന്റെ സൂക്തി–
രദ്യാപി കോവിദമനസ്സു കവർന്നിടുന്നു."

## ചാതകസന്ദേശം

### കവിയും വിഷയവും

ബ്രിട്ടീഷ് മലബാറിൽ തിരുമാന്ധാംകുന്നിനു സമീപം ജീവിച്ചിരുന്ന ഒരു നമ്പൂരി കൊല്ലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ടിപ്പുസുൽത്താന്റെ ആക്രമണംനിമിത്തം മലബാറിനും കൊച്ചിക്കും നേരിട്ട അത്യാഹിതത്തിൽ തന്റെ സർവസ്വവും നഷ്ടപ്പെട്ട് അനന്യശരണനായി, അത്യന്തം ദീനനായി, തിരുവിതാംകൂർ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിനോട് ഒരു ചാതകത്തെ ദൂതനാക്കി ധനാഭ്യർത്ഥന ചെയ്യുന്നതാണ് ചാതക സന്ദേശത്തിലെ വിഷയം. വിപ്രലംഭശൃംഗാരത്തെ ആശ്രയിക്കാതെ ദാനവീരനായ മഹാരാജാവിനോടു തന്റെ ദാരിദ്ര്യത്തെപ്പറ്റി പരിദേവനംചെയ്യുന്ന ഈ സന്ദേശത്തിലെ കഥാഘടന അശ്രുതപൂർവ്വവും ആസ്വാദ്യതമ

വ്യമാകുന്നു. നമ്പൂരിയുടെ കവിതയ്ക്കു ശുകകോകിലാദി കേരളീയ സന്ദേശങ്ങളുടെ പ്രൗഢോദാരഗഭീരതയില്ലെങ്കിലും പ്രകൃഷ്ടമായ സാമഞ്ജസ്യമുണ്ട്.

## കാലം

958-ൽ ഹൈദരാലിഖാൻ മരിച്ചു ടിപ്പു മൈസൂർ സിംഹാസനത്തിൽ ആരൂഢനായി. 959-ൽ ആ സുൽത്താൻ മലബാർ ആക്രമിച്ചു. 964 വരെ അദ്ദേഹത്തിൽനിന്നു പല വിധത്തിലുള്ള പീഡകൾ മലബാർകാരും കൊച്ചിക്കാരും സഹിക്കേണ്ടിവന്നു. 960-നും 964-നും ഇടയ്ക്കായിരിക്കണം സന്ദേശത്തിന്റെ നിർമ്മിതി എന്നു സങ്കല്പിക്കുവാൻ ന്യായങ്ങളുണ്ട്.

## കവിത

ആദ്യത്തെ ശ്ലോകം താഴെക്കാണുന്നതണ്.

> “കുശ്ചിൽ കാലേ ബലവതി കലൗ കേരളാർദ്ധേ തുരുഷ്കൈ–
> രാക്രാന്തേ തൽകരഹൃതധനോ ഭൂസുരഃ കാതരാത്മാ
> നശ്യന്നാനാവിഭവവിധുരം നാവലംബം കുടുംബം
> പശ്യൻ ദീനോ ദിനമനു ദശാം ശോചനീയാമയാസീൽ.”

നമ്പൂരി ആ ഘട്ടത്തിൽ പത്മനാഭപുരത്തു ചെന്നു മഹാരാജാവിനെ, പണ്ടു ഭൂതിലോലനായ കുചേലൻ ശ്രീകൃഷ്ണനെയെന്ന പോലെ മുഖം കാണിക്കുകയുണ്ടായി. എങ്കിലും തന്റെ ഗമനോദ്ദേശമറിയിക്കാതെ രോഗദ്വിതീയനായി ഇല്ലത്തേക്കു തിരിയെ പോന്നു. അവിടെ തിരുമാന്ധാം കുന്നിലെ ഭദ്രകാളിയെ സേവിച്ചുകൊണ്ടിരുന്നപ്പോൾ ശരൽകാലത്തിൽ ഒരു ചാതകം ആ സ്ഥലത്തു പ്രത്യക്ഷീഭവിച്ചു. തന്റെ സന്ദേശം മഹാരാജാവിനെ അറിയിക്കുന്നതിന് ആ പക്ഷിയെക്കാൾ പറ്റിയ ഒരു ബന്ധു ലോകത്തിൽ ഇല്ലെന്ന് ആ ദരിദ്രൻ നിശ്ചയിച്ചു. അതിന്റെ അവസ്ഥയെ ത്തെന്നു കവിതന്നെ പിന്നീടു വർണ്ണിക്കുന്നുണ്ട്.

> “മാം ജാനീഹി പ്രകൃതികൃപണം ജന്മിനാമന്ത്യമേതം
> ജാതം ജാതൗ ബത! ബഹുതരൈഃ പാതകൈശ്ചാതകാനാം
> ക്ഷുത്തൃഷ്ണാഭ്യാം ഭൃശമവിരതം പീഡിതോപ്യാപ്രസാദാ–
> ദംഭോദാനാം കഥമപി ശുചാ ജീവിതം യോ ബിഭർത്തി.”

ഭാരതപ്പുഴ, ചമ്രവട്ടത്തയ്യപ്പൻ, തിരുനാവാ മഹാവിഷ്ണു, തൃശ്ശിവപേരൂർ വടക്കുന്നാഥൻ, പെരുവനത്തപ്പൻ, ഊരകത്തു ഭഗവതി, ഇരിങ്ങാലക്കുട സങ്ഗമേശ്വരൻ, അവിടത്തെ കൗലീപിനി എന്ന അമ്പലക്കുളം, കൊടുങ്ങല്ലൂർ ഭദ്രകാളി, നെടുങ്കോട്ട, പെരിയാർ, ചേന്നമംഗലം, അവിടെ അന്നു താമസിച്ചിരുന്ന കൊച്ചി മഹാരാജാവ്, തൃപ്പൂണിത്തുറയപ്പൻ, വൈക്കത്തപ്പൻ, വേമ്പനാട്ടുകായൽ, കരപ്പുറം, അന്നു മരുത്തോർ വട്ടത്തു താമസിച്ചിരുന്ന ചീരട്ടമൺ മൂസ്സത്, ചെമ്പകശ്ശേരി, വാട, കള്ളർകോട്ടു ശിവൻ, അമ്പലപ്പുഴ കൃഷ്ണൻ, അരിപ്പാട്ടു സുബ്രഹ്മണ്യൻ. കായംകുളത്തെ അങ്ങാടി, കൃഷ്ണപുരം, കൊല്ലം, യശശ്ശരീരനായ രാമയ്യൻ ദളവാ, വർക്കല ഇങ്ങനെ വിവിധ രൂപങ്ങളായ പല ചേതനാചേതനങ്ങളെപ്പറ്റി പൂർവഭാഗത്തിൽ കവി വർണ്ണിച്ചിട്ടുണ്ട്. ഉത്തര ഭാഗം തിരുവനന്തപുരം പട്ടണത്തിന്റെ ഉജ്ജ്വലമായ ഒരു വിവരണം കൊണ്ടു് ആരംഭിക്കുന്നു. അവിടെനിന്നു കരമന, നെയ്യാറ്റിൻകര, പാറശ്ശാല, കുഴിത്തുറ എന്നീ സ്ഥലങ്ങൾ കടന്നു പത്മനാഭപുരത്തേക്കു ചെല്ലണമെന്നും

എന്തെന്നാൽ മഹാരാജാവിനു പൂർവ്വരാജധാനിയായ ആ നഗരത്തിൽ താമസി ക്കുന്നതിനാണ് അധികം അഭിരുചി എന്നും അദ്ദേഹം ചാതകത്തെ ഉൽബോധി പ്പിക്കുന്നു. പത്മനാഭപുരത്തിന്റെ പ്രപഞ്ചനം അത്യന്തം ആകർഷകമായിരിക്കുന്നു. അതുപോലെ തന്നെയാണ് കാർത്തികതിരുനാൾ മഹാരാജാവിനെപ്പറ്റിയുള്ള പ്ര ശംസയും. പിന്നീടു കരുണമയമായ സന്ദേശവാക്യവും കവി പറഞ്ഞുകൊടുക്കുന്നു. കേരളത്തെസ്സംബന്ധിച്ച ചരിത്രപരമായും മറ്റും വേറെ യാതൊരു സന്ദേശവും ഇത്ര വളരെ അറിവു തരുന്നില്ല. ചില ശ്ലോകങ്ങൾ,

പെരിയാറ്:

“ദൂരാത്താവന്നയനപദവീം നൂനമാപത്സ്യതേ തേ
വീചീജാലാഹതിഭിരുഭയം കൂലയോഃ പാതയന്തീ
ഗംഗേവാന്യാ ശിരസി സുചിരം ശങ്കരേണോഹ്യമാനാ
ചൂർണ്ണീ സിന്ധോ: പ്രഥമദയിതാ സോദരീ താമ്രവർണ്ണ്യാഃ.”

ചേർത്തല:

“പേയം ഹന്ത! പ്രകൃതിമധുരം നാളികേരാംബു നൂണാ–
മാഹാരശ്ചാപ്യഭിമതതരസ്സൈകതേ സ്വൈരചാരഃ
തത്രസ്ഥാനാം സുഖവിഹതയേ കിഞ്ചിദേവേതി മന്യേ
പാദദ്വന്ദ്വേ ഭവതി ഗണിതൈര്യർദ്ദിനൈ: ശ്ലീപദാങ്കഃ.”

മാർത്താണ്ഡവർമ്മ മഹാരാജാവ്:

“സമ്പ്രാപ്തം യൽ പ്രഥമമടവീഭാവമാത്മാനുഭാവാ–
ത്തൽകാരുണ്യപ്രസരവിഷയോ വഞ്ചിമാർത്താണ്ഡഭൂപഃ
ശക്രപ്രസ്ഥം പുരമിവ പുരാ പൗരവോ ഭൈരവോഷ്മാ
ചക്രേ സദ്യഃ കിമിവ ഭുവനേ ദുഷ്കരം തദ്വിധാനാം?”

രാമവർമ്മ മഹാരാജാവ്:

“ശാസ്ത്രാലോകപ്രവണമതിഭിവാച്യമാനേതിഹാസ–
വ്യാഖ്യാലേഖ്യാദിഭിരവിരതം പണ്ഡിതൈർമ്മണ്ഡിതാന്തം
കാരുണ്യാർദ്രം കരയുഗലസച്ഛൃംഖലാകങ്കണാങ്കൈ–
രസ്താതങ്കൈരപി പരിജനൈ: സേവ്യമാനം സമന്താൽ.”

സന്ദേശവാക്യം:

“അപ്യപ്രാപ്താഃ പരിണയകഥാം സന്തി ഹന്ത! സ്വസാര–
സ്തിസ്രോ ഭാഗേ മമ തു വയസോ മധ്യമേ വത്തർമാനാഃ
വാർദ്ധക്യാർത്താ വിവശമനസഃ പഞ്ചഷാ മാതരശ്ച
ഭ്രാതൃദ്വന്ദ്വം പിതുരുപരതസ്യാപി താപാപിഭൃതം.

അത്യാതങ്കവ്യഥിതമനസസ്തശ്ച തൗ ച ത്വദീയാ
യൽ സത്യം തദ്ഭരണവിഷയേ നാഹമീശോ ഭവാമി
മാഞ്ചോദഞ്ചദ്വ്യഥമശരണം മൽകുടുംബഞ്ച പശ്ചാ–
ന്മത്വാത്മീയം മനസി കൃപയാ പാലയ ത്വം കൃപാലോ!

ദത്വാ പൂർവൈഃ കഥമപി ചിരേണാർജ്ജിതം യാവദർത്ഥം

ശാന്തിം നേതും ജാരദഹനം ചിന്ത്യതേ കോപി പന്ഥാഃ
താവദ്ദൃ താ ഇവ പിതൃപതേർവിത്തസത്താം വിശങ്ക്യ
ക്രുദ്ധാഃ കേചിൽ പടുതരഗിരാ ഹന്ത! സന്ത്രാസയന്തി."

## ഇടവട്ടിക്കാട്ടു നാരായണൻ നമ്പൂരി

### ജീവചരിത്രം

ഇടവട്ടിക്കാട്ടു നാരായണൻ നമ്പൂരി തിരുവിതാംകൂർ കുന്നത്തുനാട്ടു താലൂക്കിൽപ്പെട്ട പാങ്കോട്ട് എന്ന ദേശത്തു ജനിച്ചു. കൊല്ലം 903-ലാണ് ജനനം എന്നു ചിലർ പറയുന്നതു ശരിയാണോ എന്നു സംശയിക്കുന്നു. അദ്ദേഹത്തിനു നീലകണ്ഠനെന്നും തുപ്പനെന്നും രണ്ടു ജ്യേഷ്ഠന്മാരും രണ്ടു സഹോദരിമാരുമുണ്ടായിരുന്നു. നീലകണ്ഠൻ മന്ദബുദ്ധി ആയിരുന്നതിനാൽ അച്ഛൻ നാരായണൻ നമ്പൂരി അദ്ദേഹത്തെ അതിരുവിട്ടു ശാസിച്ചു; എങ്കിലും അതിൽ യാതൊരു ഫലവുമുണ്ടായില്ല. പിന്നീടു ഗർഭാധാനം ചെയ്തപ്പോൾ അകായിലുള്ളവർക്ക് അദ്ദേഹം വെണ്ണ ജപിച്ചു കൊടുത്തു. അങ്ങനെ ജനിച്ച തുപ്പൻ നമ്പൂരി ജ്യോത്സ്യനും ഐന്ദ്രജാലികനുമെന്ന നിലയിൽ കാലാന്തരത്തിൽ യശസ്സു നേടി. അദ്ദേഹത്തിന്റെ അനുജനായ നാരായണൻ നമ്പൂരി കവിപുംഗവനായും വികസിച്ചു. അമ്മയുടെ ഗൃഹം താമരശ്ശേരി നകരക്കാട്ടില്ലമാണ്. ഉപനയനാനന്തരം തുപ്പനും നാരായണനും അക്കാലത്തെ വേദജ്ഞന്മാരിൽ അഗ്രഗണ്യനായിരുന്ന കോമന നമ്പൂരിയുടെ കീഴിൽ വേദാഭ്യാസം ചെയ്തു. സമാവർത്തനം കഴിഞ്ഞു തിരുനാവായിൽപോയി ഉപരിപഠനംകൊണ്ടു വാക്കിലും ഓത്തിലും പ്രാവീണ്യം സമ്പാദിച്ചു. ആയിടയ്ക്കു അനുജനുണ്ടാക്കിയതാണ്,

"പട്ടിക്കു വാരമുടനെട്ടു കഴിഞ്ഞശേഷ–
മൊട്ടും പൊറാഞ്ഞെടമന ദ്വിജനീർഷ്യയോടും
പെട്ടെന്നു നീ ജഡരഥയ്ക്കു വരുന്നതാകിൽ–
ക്കാട്ടിത്തരാം പടുതയെന്നു വിളിച്ചുചൊല്ലി."

ഈ ശ്ലോകത്തിലെ 'പട്ടി' വടക്കേടത്തു നമ്പൂരിയും, 'എടമന' ഇടമന വെളുത്തേടത്തു നമ്പൂരിയുമാണ്. പിന്നീട് അകവൂർ നമ്പൂരിപ്പാട്ടിലെ ഉപദേശമനുസരിച്ച് അവർ ചെപ്പടി വിദ്യയും മറ്റും തൽക്കാലത്തേയ്ക്ക് നിറുത്തിവെച്ച് ഇല്ലത്തേയ്ക്കുതന്നെ തിരിയെപ്പോന്നു തർക്കം മുതലായ ശാസ്ത്രങ്ങളും തച്ചുശാസ്ത്രവും അഭ്യസിച്ചു. പാങ്കോട്ടു സുബ്രഹ്മണ്യസ്വാമിയെ മൂന്നു കൊല്ലം നിരന്തരമായി ഭജിച്ചു വിദ്യകൾക്കു സിദ്ധി വരുത്തി. അവിടെ വച്ച് ഒരവസരത്തിൽ അനുജൻ നിർമ്മിച്ചതാണ് മാമ്പഴത്തെപ്പറ്റിയുള്ള

"സുമധുരമധരനിപീഡ്യം സുഖനിദ്രാസാദകൃച്ച സംഭോക്തുഃ
മൃദു ബഹിരന്തഃ കഠിനം കമനീകമനീയമേതദാമ്രഫലം"

എന്ന പ്രസിദ്ധമായ ശ്ലോകം. അനന്തരം ജ്യേഷ്ഠൻ ദൈവജ്ഞനും അനുജൻ കവിയുമായി പല സ്ഥലങ്ങളിൽ സഞ്ചരിച്ചു പലരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ചു. താഴെക്കാണുന്ന ശ്ലോകം ഛാന്ദസനും പണ്ഡിതനുമായ കീഴാറ്റൂർ ഭട്ടതിരിയെക്കുറിച്ച് അനുജൻ ഉണ്ടാക്കിയതാണ്.

"അധോധുനീതി പ്രഥിതഃ പൃഥിവ്യാ–
മാസീദസൗ ഭാഗ്യവതാം വരിഷ്ഠഃ
യദ്വിപ്രയോഗസ്സുരതോത്സുകാനാം

സന്താപഹേതുർവനിതാജനാനാം"

ഈ ശ്ലോകത്തിനു സ്തുതിപരമായും നിന്ദാപരമായും അർത്ഥമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

തൃശ്ശൂർ വടക്കുന്നാഥനെപ്പറ്റി അനുജൻ രചിച്ച ഒരു ശ്ലോകം അടിയിൽ കുറിക്കുന്നു.

"പാർവതീഫണിബാലേന്ദുഭസ്മമന്ദാകിനീയുതാ
അപവർഗ്ഗപ്രദാ മൂർത്തിഃ കഥം സ്യാത്തവ ശങ്കര?"

973-ആമാണ്ടു നാടു നീങ്ങിയ ധർമ്മരാജാവിന്റെ ആശ്രിതന്മാരായിരുന്ന അനുജനും ജ്യേഷ്ഠനും പല അവസരങ്ങളിൽ തിരുവനന്തപുരത്തു പോകുകയും മുറജപാഘോഷകാലങ്ങളിലും മറ്റും അവിടെ താമസിക്കുകയും ചെയ്തിരുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ അനുജൻ ആ മഹാരാജാവിനു സമർപ്പിച്ചതാണെന്നു കേട്ടിട്ടുണ്ട്.

"സ്നാതഃ ശൗരികൃപാംബുധൗ നയമഹാചാര്യോക്തമന്ത്രശ്ച യഃ
സാക്ഷീകൃത്യ വിപക്ഷലാജഹവനപ്രീതം പ്രതാപാനലം
ധാത്രീമംബുധിമേഖലാമുദവഹഃ കീർത്ത്യംശുകാച്ഛാദിനീം
സ ത്വം വഞ്ചിമഹീശ! സത്യമതനോഃ പൃഥ്വീപതിത്വം നിജം.

രാജാ കിമിന്ദുരപി നാര്യഭിമാനഹാരീ
രാജാ പരം വിജയതേ ഭുവി രാമവർമ്മാ
നാളീകഭങ്ഗകൃദതീവ നദീനബന്ധു–
ർന്നക്ഷത്രപോ നവസുധാവിഭവൈകഹേതുഃ.

ലക്ഷ്മീഃ കീർത്തിഃ കൃപാണീത്യയി തവ ദയിതാ–
സ്സന്തി രാജേന്ദ്ര! തിസ്ര–
സ്താസ്വേകാപി ക്ഷണാർദ്ധം ന നിവസതി ഭവ–
ത്സന്നിധൗ ചിത്രമേവ
ആദ്യാ ഭാത്യാശ്രിതാനാം വസതിഷു ദയിതാ
മധ്യമാ ദിക്ഷു ധാവ–
ത്യന്ത്യാ സാ വീതശങ്കം വിഹരതി വിമത–
വ്രാതദോരന്തരാളേ."

ഒരിക്കൽ മഹാരാജാവു മഞ്ഞുകാലത്ത് ഒരു സാൽവ പുതച്ചു കൊണ്ടു സവാരിയെഴുന്നള്ളുകയായിരുന്നു. അനുജൻ തന്റെ സ്നേഹിതന്മാരോട് അവിടുന്നു തിരിയെ എഴുന്നള്ളുമ്പോൾ ഒരു ശ്ലോകം ചൊല്ലി ആ സാൽവ സമ്മാനമായി വാങ്ങാമെന്നു ശപഥംചെയ്തു. ആ ശപഥം സഫലീഭവിപ്പിച്ച ശ്ലോകമാണ് അടിയിൽ ചേർക്കുന്നത്.

"ശീതാർത്താ ഇവ സങ്കചന്തി ദിവസാ ന ഹ്യംബരം ശർവരീ
ശീഘ്രം മുഞ്ചതി സോപി ഹന്ത ഹുതഭുക്കോണം ഗതോ ഭാനുമാൻ
ത്വഞ്ചാനങ്ഗഹുതാശതപ്തഹൃദയേ ശാതോദരീണാം ഗതോ
രാജൻ കിം കരവാമ സാംപ്രതമഹോ! ശീതാഭിഭൂതാ വയം."

മറ്റൊരിക്കൽ ജ്യോതിർവിത്തായ ജ്യേഷ്ഠൻ, മഹാരാജാവ് അന്നു പത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്നു തിരിയെ എഴുന്നള്ളുന്നതു മതിൽ വെട്ടിപ്പൊളിച്ചാണെന്നു മുൻകൂട്ടി എഴുതിക്കൊടുത്ത് ഒരു വീരശൃംഖല പാരിതോഷികമായി വാങ്ങി. അതു കണ്ട്

അല്പം അസൂയാലുവായിത്തീർന്ന അനുജൻ അവിടുത്തേയ്ക്കു രണ്ടു ശ്ലോകങ്ങൾ അടിയറ വെച്ചു രണ്ടു കൈയ്ക്കും വീരശൃംഖല നേടി. ആ ശ്ലോകങ്ങൾ നോക്കുക.

"കോപി ശ്രീപദ്നാഭപ്രചുരതരകൃപാ–
പൂരപീയൂഷസേക–
സ്ഫീതപ്രോത്തുങ്ഗവിദ്യാവിടപിതതിലസ–
ന്നീതിസാരപ്രവാളഃ
ധന്യോ ധർമ്മപ്രസൂനപ്രഭവനനയശ–
സ്സൗരഭാപൂരിതാശോ
ഭാതി ശ്രേയഃഫലൗഘൈർദ്ദ്വിജകുലശരണം
രാമരാജാമരദ്രുഃ.

"കംസീകൃത്യ ദിവം ഭുവം തുലിതവാനാധായ ധാതാ തയോ–
രിന്ദ്രം ത്വാഞ്ച പരീക്ഷിതും ലഘിമനി ദൗസ്ഥ്യാവദൂർദ്ധ്വം ഗതാ
ദേവാനപ്സരസസ്സുരദ്രുമമപി പ്രക്ഷിപ്യ ചാത്രാനതാ–
വദ്യ ക്ഷ്മാതലതോ ബഹൂൻ സുകൃതിനോപ്യുന്നീയ വിന്യസ്യതി."

ഇവയിൽ "രാജാ കിമിന്ദുഃ" "ശീതാർത്താ ഇവ" "കംസീ കൃത്യ ദിവം" എന്നീ ശ്ലോകങ്ങൾ ഏറ്റവും വിശിഷ്ടങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. "കോപി ശ്രീപദ്മനാഭ" എന്ന ശ്ലോകത്തിലെ "ദ്വിജകുലശരണം" എന്ന വിശേഷണം മൈസൂർ വ്യാഘ്രത്തിൽ നിന്നു ബ്രാഹ്മണർക്കു് അഭയം നല്കിയ ധർമ്മരാജാവിന്റെ വിഷയത്തിൽ വിശേഷിച്ചു യോജിക്കുന്നു. കേരളത്തിലെ മുക്തകകാരന്മാരിൽ സമുന്നതനായി അനുജൻ ശോഭിക്കുന്നതു് ഇത്തരത്തിലുള്ള ശ്ലോകങ്ങൾ കൊണ്ടാകുന്നു. തുപ്പൻ നമ്പൂരിക്കു വെള്ളാരപ്പള്ളിയിലും നാരായണൻ നമ്പൂരിക്കു പാങ്കോട്ടു വാരിയത്തുമായിരുന്നു സംബന്ധം. അനുജനു തന്റെ ഭാര്യയിലുള്ള അസാധാരണമായ പ്രണയപാരവശ്യം കണ്ടു ജ്യേഷ്ഠൻ ഒരു ദിവസം

"ആപന്മൂലം ഖലു യുവതയസ്തന്നിമിത്തോഽവമാന–
സ്താസാം താവൽ സലിലലഹരീഭംഗുരഃ പക്ഷപാതഃ"

എന്നു പാങ്കോട്ടു് അമ്പലക്കുളപ്പുരയിലെ ചുവരിൽ എഴുതി; ആ ശ്ലോകത്തിന്റെ ഉത്തരാർദ്ധം

"അപ്യേവം ഭോഃ പരിണതശരച്ചന്ദ്രബിംബാഭിരാമം
ദൂരീകർത്തും വദനകമലം നാലമസ്മൽപ്രിയായാഃ"

എന്നു് അനുജനും പൂരിപ്പിച്ചു ജ്യേഷ്ഠനെ വിസ്മയസ്തിമിതനാക്കി. ജ്യേഷ്ഠനുമായുള്ള നിത്യസഹവാസം നിമിത്തം അനുജനും ജ്യോതിശ്ശാസ്ത്രത്തിൽ അത്ഭുതാവഹമായ ജ്ഞാനം സമാർജ്ജിച്ചു. അവരെ ബുധശുക്രന്മാരെന്നു സമകാലികന്മാർ പ്രശംസിച്ചു വന്നു.

അനുജൻ മരിച്ചതു് ഏതു കൊല്ലത്തിലെന്നറിയുന്നില്ല. 977-ൽ ജനിച്ച പെരിഞ്ഞാട്ടുള്ളി അച്ഛൻനമ്പൂരിയെ അദ്ദേഹം ഓത്തു ചൊല്ലിച്ചിട്ടുള്ളതായി പഴമക്കാർ പറയുന്നു. 981-ലും 984-ലും സ്ഥാനാരോഹണം ചെയ്ത കൊച്ചി രാമവർമ്മ മഹാരാജാവിന്റേയും വീരകേരളവർമ്മ മഹാരാജാവിന്റേയും വാഴ്ചക്കാലങ്ങളിൽ അനുജൻ അവരുടെ സദസ്സിനെ അലങ്കരിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. ശ്ലോകങ്ങൾക്കു് അർത്ഥ

വിവരണം ചെയ്യുന്നതിന് അദ്ദേഹത്തിന് അന്യാദൃശമായ സാമർത്ഥ്യമുണ്ടായിരുന്നുവെന്നും ഒരിക്കൽ സ്വകൃതിയായ രുക്മിണീസ്വയംവരം ചമ്പുവിലെ

"ആയാതം ജരിണായതാക്ഷി! കമലാമോദി പ്രഭാതം സരാ–
ഗാശങ്കേത്യവധാര്യതാം ദ്വിജകുലാലാപോ ഭവേന്നാന്യഥാ
സ്നായാ മംഗലമണ്ഡനാനി തനയാ യായാശ്ശിവായാഃ പദം
ഭൂയാത്തേ പതിരുദ്ധൃതാരിരിതി സ പ്രായാൽ കൃതാശീർ ദ്വിജഃ"

എന്ന മനോഹരമായ ശ്ലോകത്തിന്റെ അർത്ഥം രണ്ടു മണിക്കൂർ നേരം വിസ്തരിച്ചു വീരകേരളവർമ്മ മഹാരാജാവിനെ കേൾപ്പിച്ചു അദ്ദേഹത്തെ ആശ്ചര്യഭരിതനാക്കി എന്നും ഐതീഹ്യമുണ്ട്. 903-ആമാണ്ടാണ് അദ്ദേഹത്തിന്റെ ജനനമെങ്കിൽ ആ സംഭവകാലത്ത് അദ്ദേഹം വർഷീയാനായിരുന്നിരിക്കണം.

## കൃതികൾ

നാരായണൻനമ്പൂരിയുടെ വാങ്മയങ്ങളായി (1) രുക്മിണീസ്വയംവരം (2) രുക്മാംഗദ ചരിതം എന്നീ രണ്ടു സംസ്കൃതചമ്പുക്കൾ മാത്രമേ ഇതുവരെ കിട്ടീട്ടുള്ളൂ.

### രുക്മാംഗദചരിതം

രുക്മാംഗദചരിതം ചാക്യാന്മാർക്ക് ഒരു ദിവസത്തെ കൂത്തിനായി രചിച്ചിട്ടുള്ള ഒരു നിമിഷകൃതിയാകയാൽ അതിനു രുക്മിണീ സ്വയംവരത്തെ അപേക്ഷിച്ചു സാരസ്യത്തിനു വളരെ കുറവുണ്ട്. മോഹിനി രുക്മാംഗദനെ വ്രതഭംഗത്തിനു നിർബ്ബന്ധിക്കുന്ന പ്രകരണം മുതല്ക്കേ കഥ ആരംഭിക്കുന്നുള്ളൂ. ആ കൃതിയിൽ നിന്ന് ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

"ഏകാദശ്യശനം സുദുഷ്കരമിതി ബ്രൂ ഷേ തദാസ്താം ത്വയാ
ദേയസ്സ്യാദപരോ വരോ നരപതേ! യേനാപി തുഷ്യാമ്യഹം
സ്വാങ്കേ സമ്പ്രതി ശായയൻ സ്വതനയം ധർമ്മാങ്ഗദം സ്വാസിനാ
സദ്യശ്ഛിന്ധി ശിരോസ്യ മാതൃസവിധേ മാ സ്മ ച്ഛിനദ്ധ്വം വ്രതം."

### രുക്മിണീസ്വയംവരം

രുക്മിണീസ്വയംവരം പ്രബന്ധം ഏകദേശം ഭട്ടതിരിയുടെ പ്രബന്ധങ്ങളോടു കിടനില്ക്കുന്നു. ആ പ്രബന്ധങ്ങൾ പലകുറി വായിച്ച് അവയെ ആത്മസാക്ഷാൽകരിച്ചതിനു ശേഷമാണ് നമ്പൂരി പ്രസ്തുത കൃതി രചിച്ചിരിക്കുന്നത്. ഭട്ടതിരിയുടെ ആ പാണ്ഡിത്യ ധോരണിയും പദഘടനാപാടവവും നമ്പൂരിക്കു സ്വാധീനമല്ലെന്നുള്ളത് അദ്ദേഹത്തിനു ഒരു കുറവായി പരിഗണിക്കാവുന്നതല്ല. തത്താദൃശങ്ങളായ സിദ്ധിവിശേഷങ്ങൾ ആ അവതാരപുരുഷനല്ലാതെ മറ്റാർക്കും ഉണ്ടായിരുന്നിട്ടില്ലല്ലോ. ചില ശ്ലോകങ്ങൾ അടിയിൽ പകർത്തുന്നു.

കോപാവിഷ്ടനായ രുക്മി:

"ശ്വസൻ ഭൂയസ്തീവ്രം ജ്വലദനലതീക്ഷ്ണാക്ഷിയുഗളോ
ദശൻ ദന്തൈരോഷ്ഠം ഭ്രൂ കുടിവികടസ്വിന്നനിടിലഃ
തലാഘാതൈർദ്ദോഷ്ണോരഹഹ! സ ഹി കൃഷ്ണസ്തുതിപരാൻ
നിവാര്യാര്യാനുച്ചൈരധിസഭമഭാണീദവിനയഃ."

കുണ്ഡിനപുരത്തിൽ സമാഗതരായ രാജാക്കന്മാർ:

“സ്ഥായൽകളായകമനീയമുകുന്ദകായ—
ച്ഛായാനികായയമുനായിതരാജവീഥ്യാം
സ്ത്രീരത്നവീക്ഷണരസോന്നയനാസ്തദാ തേ
തീരദ്രുമാ ഇവ ബഭ്രുർവികചപ്രസൂനാഃ.”

ശ്രീകൃഷ്ണൻ രുക്മിണിയോടു്:

“മാ ഗാ മാനിനി! മാമകീനമനസോ ഹാരിണ്യസി ത്വം യത—
സ്തേന സ്തേനതയാ ഫലം തദുചിതം ഭൂയോനുഭാവ്യം ത്വയാ
ഏതദ്ദ്യായതബാഹുനാളനിഗളവ്യാബദ്ധയൈവൈകയാ
സ്ഥിതോദഗ്രകകണ്ടകേത്ര മദുരഃകാരാലയേ ലീയതാം.”

ബലഭദ്രന്റെ കോപം:

“അജന്തമാവിധ്യ ഹരിം കടുക്തിഭി—
സ്സമാപതത്സു പ്രതിഘേന ദസ്യുഷു
ഹലന്തമാദായ ഹലീ ബലീ രുഷാ
ദഹന്നിവാമൂനതിരുക്ഷമൈക്ഷത.”

കവി കൃഷ്ണശത്രുക്കളെപ്പറ്റി:

“അജാനതാമാദിമമേകമക്ഷരം
ഹരിം ശ്രുതാവപ്യകൃതാദരാത്മനാം
അവർണ്ണവാചോ ന കഥം സ്യുരീദൃശാം
ന ലബ്ധവർണ്ണാ: ഖലു തേ യതസ്തതഃ”

ഗദ്യങ്ങളും മേലുദ്ധരിച്ച പദ്യങ്ങൾക്കു തുല്യങ്ങൾ തന്നെ. പ്രസ്തുത ചമ്പു പണ്ഡിതമൂർദ്ധന്യനായ കൊച്ചി പരീക്ഷിത്തുതമ്പുരാൻ തിരുമനസ്സിലെ ഭാവദീപിക എന്ന വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ഭാഷയിൽ തുപ്പൻ നമ്പൂരി ബാണയുദ്ധമെന്നും നാരായണൻ നമ്പൂരി വൈശാഖ പുരാണമെന്നും ഓരോ ആട്ടക്കഥ ഉണ്ടാക്കീട്ടുള്ളതായി ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ പ്രസ്താവിക്കുന്നു. ഈ ആട്ടക്കഥകൾ എനിക്കു കാണാൻ ഇടവന്നിട്ടില്ല. അവർ നാല്പതര ശ്ലോകമായും മുപ്പത്താറു ശ്ലോകമായും യഥാക്രമം ഓരോ മുഹൂർത്ത പദവി നിർമ്മിച്ചിട്ടുണ്ടെന്നു് അദ്ദേഹം രേഖപ്പെടുത്തീട്ടുള്ളതിന്റെ വസ്തു സ്ഥിതിയെപ്പറ്റിയും യാതൊന്നും പറയാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

## പുറയന്നൂർ പരമേശ്വരൻ നമ്പൂരിപ്പാട്ട്

### പേരു്

മാത്തൂർ നമ്പൂരിപ്പാട്ടിലെ പ്രസിദ്ധമായ മുഹൂർത്തപദവിക്കു വരദീപിക എന്ന സർവങ്കഷമായ വ്യാഖ്യാനം നിർമ്മിച്ച പുറയന്നൂർ പരമേശ്വരൻ നമ്പൂരിപ്പാട്ടിലെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ പരമേശ്വരൻ നമ്പൂരി തന്നെയാണു് ഭാഗവതം ദശമം കിളിപ്പാട്ടിന്റേയും കുശലവോപാഖ്യാനം കിളിപ്പാട്ടിന്റേയും പ്രണേതാവു്. ആ കിളിപ്പാട്ടുകൾ രചിച്ചതു പുറയന്നൂർ ഭാസ്കരൻ നമ്പൂരിപ്പാടാണു് എന്നു ചിലർ പറയുന്നതു് അനാസ്പദമാണെന്നും ആ പേരിൽ ഒരു കവി പുറയന്നൂർ മനയ്ക്കൽ ഉണ്ടായിരുന്നിട്ടില്ലെന്നും അന്വേഷണത്തിൽ അറിയുന്നു.

### ജീവചരിത്രം

പരമേശ്വരൻ നമ്പൂരിയുടെ ജീവചരിത്രത്തെപ്പറ്റി വളരെയൊന്നും അറിവില്ല. അദ്ദേഹം മലബാർ ജില്ലയിൽപ്പെട്ട വള്ളുവനാട്ടുതാലൂക്കിൽ പുറയന്നൂർ എന്ന ആഢ്യഗൃഹത്തിൽ ജനിച്ചു. വരദീപികയുടെ നിർമ്മിതി 990-ആമാണ്ടു ചിങ്ങമാസത്തിലാണെന്നുള്ളതിന് ആ ഗ്രന്ഥത്തിൽത്തന്നെ രേഖയുണ്ട്. അതു താഴെച്ചേർക്കുന്നു.

“ഹരചരണജുഷാ ഗുരുപ്രസാദാ–
ദവഗതകാലവിമർശസൽപഥേന
പുരദഹനപുരദിജേശ്വരേണ
ഗ്രഥിതമിദം സുധിയാം മുദേസ്തു നിത്യം.

നളധീസംഖ്യകോളംബേ സിംഹരാശിസ്ഥിതേ രവൗ
മുഹൂർത്തപദവീവ്യാഖ്യാ കൃതേയം വരദീപികാ.
ബാല്യാദ്വൈദുഷ്യലോഭാദ്വാ മോഹാദ്വൈതന്മയാ കൃതം
ശോധയന്തു സമാലോച്യ വിദ്വാംസോ വീതമത്സരാഃ.”

“ബാല്യാൽ” എന്ന പദം പരമേശ്വരൻ പ്രകൃതത്തിൽ പ്രയോഗിച്ചിരിക്കുന്നത് ഔദ്ധത്യപരിഹാരത്തിനോ വയസ്സൂചനത്തിനോ എന്നു നിർണ്ണയിക്കുവാൻ നിവൃത്തിയില്ലെങ്കിലും അദ്ദേഹം ആ മർമ്മസ്പൃക്കായ വിവൃതി രചിച്ച കാലത്തു ബാലനല്ലായിരുന്നു എന്നാണ് തോന്നുന്നത്. ആ വ്യാഖ്യാനത്തിൽ ആചാര്യൻ

“കഞ്ജപുരദ്വിജവര്യസ്വസ്രീയേണാഗ്നിദത്തശിഷ്യേണ
പുരദഹനപുരഭവേന വ്യാഖ്യാ പരമേശ്വരേണ രചിതേയം.
ലോകാനാമുപകാരായ നിദേശേന ഗുരോർമ്മയാ
വ്യാഖ്യാ സുമേധസാ യത്നാൽ കൃതൈഷാ വരദീപികാ”

എന്നു പിന്നേയും പറയുന്നു. കാഞ്ഞൂർ (കഞ്ജപുരം) ആഢ്യന്റെ അനന്തരവനും അഗ്നിദത്തൻ നമ്പൂരിയുടെ ശിഷ്യനുമാണ് താനെന്നും ഗുരുനിദേശത്തിനു വഴിപ്പെട്ടാണ് വരദീപിക നിർമ്മിച്ചതെന്നും ആദ്യത്തെ ശ്ലോകത്തിൽ നിന്നു കാണാം. രണ്ടാമത്തെ ശ്ലോകത്തിലെ തൃതീയ പാദവും കലിവാക്യമാകുന്നു.

1014-ആമാണ്ടായിരുന്നു അദ്ദേഹത്തിന്റെ ദേഹവിയോഗം. ആ ഇല്ലത്തിൽ കുഞ്ഞുണ്ണി മൂത്തപ്ഫൻ എന്ന നമ്പൂരി നൂറു വയസ്സോളം ജീവിച്ചിരുന്ന് ഏതാനും കൊല്ലങ്ങൾക്കു മുൻപു മരിയ്ക്കുകയുണ്ടായി. ആ ശിശുവിന്റെ പ്രസവത്തിനു മുൻപു താൻ മരിക്കുമെന്നും, പ്രജ ഉണ്ണിയായിരിക്കുമെന്നും ആ ഉണ്ണിക്കു തന്റെ പേരുതന്നെ ഇടണമെന്നും ബന്ധുക്കളോടു നമ്പൂരി അനുശാസിച്ചുവത്രേ. കൂടുതൽ തെളിവു കിട്ടുന്നതുവരെ 950 മുതൽ 1014 വരെ ആയിരുന്നു പരമേശ്വരൻ നമ്പൂരിയുടെ ജീവിതകാലമെന്ന് അനുമാനിക്കാം.

### കൃതികൾ

#### വരദീപിക

ഉപരി സൂചിപ്പിച്ച മൂന്നു ഗ്രന്ഥങ്ങളിൽ വരദീപികതന്നെയാണ് പ്രധാനം.

“പൂർവൈഃ കൃതാനി വിവിധാനി മുഹൂർത്തശാസ്ത്രാ–
ണ്യാലോച്യ സജ്ജനസമാചരിതാംശ്ച മാർഗ്ഗാൻ
ജ്ഞാത്വാ ഗുരോഃ കരുണയാ വരദീപികാഖ്യാം

കുർവേ മുഹുർത്തപദവീവിവൃതിം സ്ഫുടാർത്ഥാം"

എന്ന് ആചാര്യൻ ഗ്രന്ഥാരംഭത്തിൽ ചികീർഷിതപ്രതിജ്ഞ ചെയ്യുന്നതിൽ ലേശവും അത്യുക്തിസ്പർശമില്ല.

## ദശമം കിളിപ്പാട്ട്

നമ്പൂരിപ്പാട്ടിലെ കിളിപ്പാട്ടുകളിൽ സാരള്യമാണ് സർവത്ര കളിയാടുന്നത്. അദ്ദേഹത്തിന്റെ ഉദ്ദേശം സ്ത്രീകൾക്കും ബാലന്മാർക്കും തന്റെ കൃതികൾ പ്രത്യേകം പ്രയോജകീഭവിക്കണമെന്നായിരുന്നു; അതുകൊണ്ടു പാണ്ഡിത്യ പ്രകടനത്തിന് ഒരു ഘട്ടത്തിലും അദ്ദേഹം മുതിർന്നിട്ടില്ല. ദശമത്തിന്റെ ആരംഭത്തിൽ സ്ത്രീകൾ ശാരികയോട്,

"ആദിനായകൻ ജഗന്നായകൻ പരമാത്മാ
വേദവേദാന്തവേദ്യനാകിയ നാരായണൻ
യാദവാന്വയത്തിങ്കൽക്കൃഷ്ണനായവതരി–
ച്ചാദരവോടുമോരോ ലീലകൾ ചെയ്തതെല്ലാം

വ്യക്തമായ് ഞങ്ങളോടു ചൊല്ലേണമതു കേട്ടാൽ
മുക്തിയും ലഭിച്ചീടുമെന്നല്ലോ ശാസ്ത്രങ്ങളും"

എന്ന് അഭ്യർത്ഥിക്കുന്നു.

"മങ്കമാരുടെ വാക്യമിങ്ങനെ കേട്ടനേരം
പൈങ്കിളിപ്പൈതൽതാനുമവരോടുരചെയ്താൾ"

എന്ന് അനന്തരം കവി തന്റെ ഗാനം തുടരുന്നു. ഗ്രന്ഥാവസാനത്തിൽ

"സരസിജനയനന്റേ നല്ല ലീലാവിലാസം
സരസിജമുഖിമാർക്കും ബാലകർക്കും ഗ്രഹിപ്പാൻ
സരസമധുരഭാഷാഗാനമായിട്ടിവണ്ണം
പരിചൊടു പുറയന്നൂരന്തണേന്ദ്രൻ ചമച്ചാൻ"

എന്ന് ഒരു ശ്ലോകവും ഘടിപ്പിച്ചിട്ടുണ്ട്. ഇന്ദ്രപദം കവിയുടെ ആഢ്യത്വത്തെ ദ്യോതിപ്പിക്കുന്നു. കുശലവോപാഖ്യാനത്തിന്റെ ഉപക്രമത്തിലും "വാരിജവിലോചനമാരുടെ" അപേക്ഷയനുസരിച്ചാണ് ശുകം ഗാനം ചെയ്യുന്നത്. ഒടുവിൽ

"മറിമാൻകണ്ണിമാർക്കെല്ലാമറിവാനിതു ഭാഷയായ്
പുറയന്നൂരു വിപ്രേന്ദ്രൻ കുറവില്ലാതെ തീർത്തത്"

എന്ന് ഒരു ശ്ലോകവും കാണുന്നു.

ദശമസ്കന്ധത്തിൽ 90 അധ്യായങ്ങളാണല്ലോ അടങ്ങിയിരിക്കുന്നത്. അവയിൽ 49 അധ്യായങ്ങൾ പൂർവ്വാർദ്ധത്തിൽ ഉൾപ്പെടുന്നു. നമ്പൂരിയുടെ ഭാഷാസംക്ഷേപത്തിൽ 91 അധ്യായങ്ങൾ കാണുന്നതു കേരളത്തിൽ പ്രചുരപ്രചാരമായിരുന്ന വിജയധ്വജപാഠപദ്ധതിയനുസരിച്ചായിരിക്കണമെന്ന് എനിക്കു തോന്നുന്നു. അദ്ദേഹം ഒന്നുമുതൽ നാല്പത്തിയഞ്ചുവരെ അധ്യായങ്ങൾ കേകയിലും, 46 മുതൽ 76 വരെ അധ്യായങ്ങൾ കാകളിയിലും, ഒടുവിലുള്ള 15 അധ്യായങ്ങൾ കളകാഞ്ചിയിലും നിബന്ധിച്ചിരിക്കുന്നു. ശ്രുതിഗീത തർജ്ജമ ചെയ്തിട്ടില്ല. മൂലത്തെത്തന്നെയാണ് ആദ്യന്തം അനുസരിക്കുന്നതെങ്കിലും, സ്വന്തം മനോധർമ്മം ഇടകലർത്തീട്ടുള്ള

ഭാഗങ്ങളും ഇല്ലെന്നില്ല; അവ സവിശേഷം ഹൃദ്യങ്ങളായിരിക്കുന്നു. ഒന്നുരണ്ടുദാഹരണങ്ങൾ ഉദ്ധരിച്ചുകാണിക്കാം.

ശ്രീകൃഷ്ണന്റെ ശൈശവലീല:

“അന്നൊരു ദിനം സന്ധ്യാകാലത്തു കുമാരന്മാർ
നന്ദഗോപന്റെ സമീപത്തു ചെന്നിരിക്കുമ്പോൾ
കണ്ടിതങ്ങൊരു വൃക്ഷശാഖാഗ്രം; സമീപത്തു
കണ്ടാർ കൗതുകമേകം പൂർണ്ണചന്ദ്രന്റെ ബിംബം.
അന്നേരം കൃഷ്ണൻതാനും മോദമോടുരചെയ്താ–
നിന്നിതു കണ്ടീലയോ താതനും ജനനിയും?
എത്രയും നല്ല ഫലമുള്ളൊരു വൃക്ഷത്തിന്മേ–
ലെത്രയും പഴുത്തിതാ നില്ക്കുന്നു ശോഭയോടും.
വല്ല ജാതിയുമതു കൊണ്ടുന്നു തന്നീടണ–
മല്ലായ്കിൽ ഭുജിക്കയുമില്ല ഞാനറിഞ്ഞാലും.
എന്നതു കേട്ടു നന്ദൻ ചിരിച്ചു ചൊല്ലീടിനാ–
നിന്നിതു ചന്ദ്രബിംബമാകുന്നു കുമാരകാ!
നല്ലൊരു ഫലം നാളെക്കൊണ്ടുന്നു തന്നീടുവ–
നില്ല സംശയമേതും; വൈകാതെ ഭുജിച്ചാലും.
ചന്ദ്രനെന്നാലുമതു കൊണ്ടുന്നു തന്നീടണ–
മുന്നതവൃക്ഷത്തിന്മേലേറിയാൽത്തൊടാമല്ലോ.
എന്നതു കേട്ടു നന്ദൻ ചൊല്ലിനാൻ മധുരമായ്;
ചന്ദ്രനെപ്പിടിപ്പതിന്നാമതല്ലൊരുവർക്കും,
എങ്കിലും പിടിച്ചു ഞാൻ കൊണ്ടുന്നു തന്നീടുവൻ;
ശങ്കയില്ലേതും, നാലു നാഴികയ്ക്കകംതന്നെ.

ഭാഷാസംസ് കൃതസാഹിത്യങ്ങൾ

ഇപ്പൊഴേ തന്നീടണമെന്നുരചെയ്തു കൃഷ്ണ–
നപ്പൊഴേ ഭുവി വീണു കരഞ്ഞുതുടങ്ങിനാൻ.
നന്ദനും ചെന്നെടുത്തു ചൊല്ലിനാൻ പലതര–
മൊന്നു ചെയ്താലും ബോധിച്ചീടാഞ്ഞോരനന്തരം
ചെന്നു നീ തന്നെ ഭുജിച്ചീടുകെന്നുരചെയ്താ–
നന്നേരമെഴുനീറ്റു കൃഷ്ണനും മണ്ടീടിനാൻ
പിന്നാലേ ചെന്നു നന്ദൻ പിടിപ്പാൻ തുടർന്നപ്പോ–
ളുന്നതമായ വൃക്ഷശാഖമേലേറീ കൃഷ്ണൻ.
ചന്ദ്രബിംബവുമെടുത്തിറങ്ങി വന്നീടിനാ–
നന്നേരമെല്ലാവരുമൊന്നു സംഭ്രമം പൂണ്ടാർ.
അന്നേരം കൃഷ്ണൻതാനുമിന്നിതു തിന്നീടുവാൻ
നന്നല്ലെന്നുരചെയ്തങ്ങയച്ചു ശശാങ്കനെ;
പുഷ്കരമാർഗ്ഗേ ചെന്നു വിളങ്ങി ശശാങ്കനും;
പുഷ്കരേക്ഷണൻതന്നെപ്പുല്കിനാരെല്ലാവരും.”

ഈ കഥ മൂലത്തിലുള്ളതല്ലെന്നു സ്പഷ്ടമാണല്ലോ.

“മുട്ടുകൾ കുത്തിക്കൊണ്ടു ബാലന്മാരതുനേര–

മൊട്ടൊട്ടു നടന്നീടും വീണീടുമിടയ്ക്കിടെ.
സഞ്ചരിപ്പതു കണ്ടു കൗതുകത്തോടുകൂടി–
ച്ചഞ്ചലാക്ഷിമാരെടുത്തീടുവാൻ ചെല്ലുന്നേരം
നന്മധു പൊഴിക്കുന്ന പുഞ്ചിരിയോടും ചെന്ന–
ങ്ങമ്മമാരുടെ മടിതന്നിലങ്ങിരുന്നീടും.
ചേറുകളണിഞ്ഞതു തുടച്ചു ജനനിമാർ
കുറോടു മുലകൊടുത്താനന്ദിച്ചിരുന്നീടും.”

എന്നിങ്ങനെയുള്ള കൃഷ്ണലീലകളും,

“കണ്ണടച്ചീടാതെ മറ്റൊരു ഭൂപതി
പെണ്ണിനെക്കണ്ടുകണ്ടാനന്ദമഗ്നനായ്
ചിത്തഭ്രമത്തോടുമഞ്ജലി ബന്ധിച്ചു
ചിത്രാർപ്പിതൻപോലെ നിന്നിതു നിശ്ചലം.
പെണ്ണുങ്ങളെ കാണരുതു നമുക്കെന്നു
കണ്ണുമടച്ചു വസിച്ചാനൊരു നൃപൻ.
പങ്കേരുഹാക്ഷിയെക്കണ്ടൊരു ഭൂമിപൻ
ചെങ്കല്ലരച്ചു മുഖത്തു തേച്ചീടിനാൻ.
മുൻകയ്യു കുത്തിച്ചതച്ചൊരു ഭൂപതി
പങ്കേരുഹാക്ഷിക്കു കാഴ്ചവച്ചീടിനാൻ.
ഗോഷ്ഠികൾ കാട്ടായ്‌വിനെന്നുരചെയ്താശു
പാട്ടുകൾ പാടിക്കളിച്ചാനൊരു നൃപൻ.
രുക്മിണി രുക്മിണിയെന്നു ജപിച്ചാശു
നഗ്നനായ്ച്ചാടിക്കളിച്ചാനൊരു നൃപൻ.
കാണികൾ കാണ്കവേ മറ്റൊരു ഭൂപതി
പൂണനൂൽ പൊട്ടിച്ചു തിന്നിറക്കീടിനാൻ.
കണ്ണാടി കുത്തിപ്പൊടിച്ചൊരു ഭൂപതി
കണ്ണൻചിരട്ടയിലാക്കിവെച്ചീടിനാൻ.
മുത്തുദാമങ്ങളും രത്നജാലങ്ങളും
കുത്തിപ്പൊടിച്ചൊരു ഭൂമിപതീശ്വരൻ
ഓടക്കുഴലിൽ വച്ചൂതിപ്പറപ്പിച്ചു
താടിക്കു തീയും കൊളുത്തി വാണീടിനാൻ.
എത്രയും ശാസ്ത്രജ്ഞനായൊരു ഭൂപതി
ചിത്രമാം രാമായണം കഥ ചൊല്ലിനാൻ.
“പണ്ടയോധ്യാധിപനായ ദശരഥ–
ന്നുണ്ടായിവന്നിതു നാലു തനയന്മാർ;
ബാലിയും ലക്ഷ്മണൻ കുംഭൻ ജടായുവും
ബാലരോടൊന്നിച്ചവൻ വസിക്കുംവിധൗ
മണ്ഡോദരിയുടെ രാജ്യലോഭംകൊണ്ടു
ദണ്ഡകാരണ്യേ വസിച്ചു സമ്പാതിയും.
രാവണൻതന്നെ വധിച്ചാനഗസ്ത്യനും
പാവകശുദ്ധയായ് വന്നു കൈകേയിയും.
പുക്കിതു രാമനയോധ്യാപുരമതിൽ;

മിക്കതും രാമായണം കഥയിങ്ങനെ.”

എന്നിത്തരത്തിലുള്ള രാജാക്കന്മാരുടെ കാമപാരവശ്യങ്ങളും കവി ഏറ്റവും മനോമോഹനമായ രീതിയിൽ ചിത്രണം ചെയ്തിരിക്കുന്നു. “അധ്യായമെഴുവതുമൊൻപതും ചൊല്ലിനേൻ” എന്നും മറ്റുമുള്ള വരികളിൽ പദപ്രയോഗത്തിൽ ചില വൈകല്യങ്ങൾ അപൂർവമായി കാണുന്നതു സാരമാക്കാനില്ല.

## കുശലവോപാഖ്യാനം

കുശലവോപാഖ്യാനം ആകൃതി കൊണ്ടു ചെറുതാണെങ്കിലും പ്രകൃതികൊണ്ടു ദശമത്തിന്റെ സമാനകക്ഷ്യയിൽ പരിലസിക്കുന്നു. ഉത്തരരാമായണത്തിൽ അന്തർഭവിക്കുന്ന കുശലവകുമാരന്മാരുടെ ചരിത്രമാണ് ഈ കിളിപ്പാട്ടിലെ പ്രതിപാദ്യം. കവി പ്രായേണ ഭവഭൂതിയുടെ ഉത്തരരാമചരിതത്തെ ഉപജീവിച്ചിരിക്കുന്നു. അശ്വമേധഹയത്തെ നയിക്കുന്നതു മൂലത്തിൽ ലക്ഷ്മണനും നാടകത്തിൽ ലക്ഷ്മണകുമാരനായ ചന്ദ്രകേതുവുമാണെന്നു പറയേണ്ടതില്ലല്ലോ. കിളിപ്പാട്ടിലും നമ്മുടെ മുന്നിൽ പ്രത്യക്ഷീഭവിക്കുന്നതു ചന്ദ്രകേതുതന്നെയാണ്. ആകെ മൂന്നധ്യായങ്ങളായി രചിച്ചിട്ടുള്ള പ്രസ്തുതകൃതിയിൽ കവി യഥാക്രമം പ്രയോഗിച്ചിരിക്കുന്ന വൃത്തങ്ങൾ ദശമത്തിൽ നാം കണ്ടവതന്നെ. എഴുത്തച്ഛന്റെ രാമായണവും ഉത്തരരാമായണവും അദ്ദേഹം മനസ്സിരുത്തി വായിച്ചിരുന്നു എന്നുള്ളതിനും തെളിവുണ്ട്. ലക്ഷ്മണനെ സുമന്ത്രൻ സമാശ്വസിപ്പിക്കുന്ന ഘട്ടത്തിൽ കവി തന്റെ ജ്യോതിഷജ്ഞാനത്തെ പ്രകടിപ്പിക്കുന്ന ചില ഈരടികളുണ്ട്.

“സ്വല്പമായോരു ദോഷമുണ്ടു ഞാനതും ചൊൽവ–
നല്പമെങ്കിലും ദോഷം വേണമെന്നല്ലോ ശാസ്ത്രം.
ശത്രുസ്ഥാനേശൻതന്നാൽ ദൃഷ്ടനായ്ക്കളത്രേശ–
നത്തമൻ ദ്വാദശത്തിൽ മറഞ്ഞുവരികയാൽ
ഉത്തമയായിട്ടൊരു ഭാര്യയുമുണ്ടായ്‌വരും;
ശത്രുക്കൾ ഹരിച്ചീടും മധ്യമകാലത്തിങ്കൽ.
അന്ത്യകാലത്തും ഭാര്യതന്നോടു പിരിഞ്ഞീടു–
മെന്തു ചെയ്താലും പിന്നെ യോഗവും വരാ നൂനം.”

എന്നു വസിഷ്ഠൻ, ശ്രീരാമൻ ജനിച്ചപ്പോൾ ദശരഥനോടു പ്രസ്താവിച്ചതായി സുമന്ത്രർ പറയുന്നു. കവിതയുടെ രീതി കാണിക്കുവാൻ ചില വരികൾകൂടി ഉദ്ധരിക്കാം. ലവണാ സുരന്റെ സഹോദരി:

“തീക്കനൽപോലെ ചുവന്ന നേത്രങ്ങളു–
മാക്കമേറീടുന്ന നാസികാരന്ധ്രവും
പാതാളസന്നിഭം ജിഹ്വാകുഹരവും
ഭൂതഭയങ്കരമായ ദംഷ്ട്രങ്ങളും
കുംഭീന്ദ്രകുണ്ഡലഭീഷണഗണ്ഡവു–
മംഭോധിഗംഭീരഘോരനാദങ്ങളും
പർവതശൃംഗസമാനകുചങ്ങളു–
മൂർവീരുഹംപോലെ നീണ്ട ഭുജങ്ങളും
മർത്ത്യരക്തങ്ങളണിഞ്ഞ ഗളമതി–
ലസ്ഥിമുണ്ഡാന്ത്രങ്ങൾകൊണ്ടുള്ള മാലയും
താലപ്രമാണമായോരു പാദങ്ങളും

നീലമലപോലെ ഭീഷണരൂപവും
കണ്ട നേരത്തു ജവേന ശത്രുഘ്നനും
കണ്ഠതകൂടാതെ വാളെടുത്തീടിനാൻ.”

ശ്രീരാമൻ വാല്മീകിമഹർഷിയോട്:

“സകലമുനികുലതിലക! ജയ ജയ കൃപാനിധേ!
സന്താപനാശന! നിന്നുടെ ദർശനം
വനദഹനനുടെ നടുവിൽ മരുവിന മൃഗങ്ങൾക്കു
വർഷമുണ്ടായതുപോലെയായ്‌വന്നതേ
പരവശത പെരുകിനൊരു ജനകസുതയെബ്ഭവാൻ
പാരാതെ കൊണ്ടുപോയ്പ്പാലനം ചെയ്തതും
മമ തനയരിവരെ ഹൃദി വിരവൊടു ഗുണജ്ഞരായ്
മത്തുല്യവിക്രമന്മാരായ്ച്ചമച്ചതും
സകലമപി മമ സുകൃതമതിനു നഹി സംശയം
സർവാപരാധം ക്ഷമിച്ചുകൊള്ളേണമേ.”

## അരൂർ മാധവനടിതിരി

### ജീവചരിത്രം

അരൂർ മാധവഭട്ടതിരി നീലകണ്ഠസോമയാജിയുടെയും ശ്രീദേവിഅന്തർജ്ജനത്തിന്റെയും പുത്രനായി 940-ആ മാണ്ടു ജനിച്ചു. ഇല്ലം കൊച്ചിരാജ്യത്തു പെരുവനത്തുനിന്ന് അഞ്ചു നാഴിക കിഴക്കുള്ള ചെറുവത്തേരി എന്ന ദേശമാണ്. അതു മൂന്നു നാലു ശാഖകളായി ഇപ്പോൾ പിരിഞ്ഞിട്ടുണ്ട്. സംസ്കൃതത്തിലെ ആദിമപാഠങ്ങൾ സ്വപിതാമഹനിൽനിന്നും പാക്കോട്ടു നമ്പൂരിയിൽനിന്നും അഭ്യസിച്ചതിനുമേൽ വ്യാകരണം പഠിക്കുവാൻ കോഴിക്കോട്ടേയ്ക്കു പോയി. അന്നു ദേശമംഗലത്ത് ഉഴുത്തിരവാരിയർ സാമൂതിരിക്കോവിലകത്തു ശിഷ്യന്മാരെ ആ ശാസ്ത്രം പഠിപ്പിച്ചു താമസിക്കുകയായിരുന്നു. അവിടെ കുറേക്കാലം കൗമുദി പഠിച്ചതിനുമേൽ കിഴക്കേക്കോവിലകത്തു ചെന്നു മനോരമത്തമ്പുരാട്ടിയുടെ ശിഷ്യനായി പ്രൗഢമനോരമ അഭ്യസിച്ചു. ആ തമ്പുരാട്ടിക്കു തിരുവിതാംകൂർ മഹാരാജാവിനെ അഭയം പ്രാപിക്കേണ്ട ഘട്ടം വന്നപ്പോൾ

“യസ്യാ നികാമം വിരഹേ ജനാനാം
കരോപി കൗമുദ്യപി താപഭാരം;
സുരൂപരൂപൈരുപലാളിതായാം
മനോരമായാം രമതേ മനോ മേ”

എന്ന ശ്ലോകമുണ്ടാക്കി അടിയറവെച്ചു. തമ്പുരാട്ടിക്ക് ആശ്ലോകം വായിച്ചപ്പോൾ വളരെ സന്തോഷമുണ്ടായെങ്കിലും അല്പം നീരസവും തോന്നാതെയിരുന്നില്ല. പിന്നീടു പന്തളം സുബ്രഹ്മണ്യശാസ്ത്രികളോടു ശേഖരം പഠിക്കുവാൻ തിരുവനന്തപുരത്തേയ്ക്കു പോയി. ശാസ്ത്രികൾ, ഭട്ടതിരി തന്നോട് ആദ്യമായി നൈഷധം ഒരിക്കൽക്കൂടി പഠിക്കണമെന്ന് ആവശ്യപ്പെടുകയാൽ അങ്ങനെ ചെയ്തു. 968 തുലാമാസത്തിൽ അദ്ദേഹം തിരുവനന്തപുരത്തുണ്ടായിരുന്നു എന്നുള്ളതിനു രേഖയുണ്ട്. 1005-ലാണ്

അടിതിരി തിരുവനന്തപുരത്തേയ്ക്കു പോന്നതു് എന്നും, 1008 വരെ അവിടെ താമസിച്ചു എന്നും 1015-ലെ മുറജപത്തിൽ സന്നിഹിതനായിരുന്ന അവസരത്തിൽ പഴപ്രഥമനെപ്പറ്റി "പീയൂഷ! പ്രഥമോഹം" എന്ന ശ്ലോകമുണ്ടാക്കി എന്നും ഭാഷാചരിത്രത്തിൽ പറഞ്ഞിട്ടുള്ളതു പ്രമാദംതന്നെ. അക്കാലത്തു ശാസ്ത്രികൾ ജീവിച്ചിരുന്നില്ല. "പീയൂച! പ്രഥമോഹം" എന്ന ശ്ലോകം ഇരയിമ്മൻതമ്പിയുടേതാണെന്നാണു് പ്രസിദ്ധി.

തിരിയെ സ്വദേശത്തേയ്ക്കു പോയി അധ്യാപകവൃത്തിയിൽ കാലയാപനം ചെയ്തുകൊണ്ടിരുന്നപ്പോൾ 1013-ആമാണ്ടു തുലാമാസത്തിൽ തൃപ്പൂണിത്തുറവെച്ചു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവിനെ സംസ്കൃതം അഭ്യസിപ്പിക്കുന്നതിനു് അവിടുത്തെ മാതാവായ സുഭദ്രത്തമ്പുരാട്ടിയുടെ നിർദ്ദേശമനുസരിച്ചു തൃപ്പൂണിത്തുറയ്ക്കു പോകുകയും, അനന്തരം ആയുശ്ശേഷം മുഴുവൻ പ്രായേണ അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. അന്നു് ആ മഹാരാജാവു് ഇളയതമ്പുരാനും, കഥകളിപ്രിയനായ വീരകേരളവർമ്മത്തമ്പുരാൻ സിംഹാസനസ്ഥനുമായിരുന്നു. അതിനിടയ്ക്കു് ഏതാനും കൊല്ലം കൊടുങ്ങല്ലൂർ താമസിച്ചു് അവിടെ അന്നു മൂന്നാംമുറയായിരുന്ന വിദ്വാൻ ഗോദവർമ്മത്തമ്പുരാനെ വ്യാകരണത്തിലെ ചില ഉൽഗ്രന്ഥങ്ങൾ പഠിപ്പിച്ചു. അതിനു വളരെ മുമ്പുതന്നെ ഭട്ടതിരി വിവാഹം ചെയ്യുകയും ആഹിതാഗ്നിയായപ്പോൾ അടിതിരി എന്ന സ്ഥാനത്തിനു് അവകാശിയാകുകയും ചെയ്തിരുന്നു. ഈ വിവരങ്ങളെല്ലാം അദ്ദേഹം തന്നെ ഉത്തരനൈഷധമഹാകാവ്യത്തിന്റെ അവസാനത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ നോക്കുക.

> "വന്ദാരുദ്വിജമാധവം യമസൃജച്ഛ്റീനീലകണ്ഠാധ്വരീ
> ശ്രീദേവീ ച സതീസമാ സതിതമാ സാഹിത്യസൗഹിത്യതഃ
> യം ശാസ്തി സ്മ പിതാമഹോഥ ച പയഃക്രോഡാലയോ ബ്രഹ്മവിൽ
> സുബ്രഹ്മണ്യസുധീശ്ച രുദ്രഗുരുരപ്യാനന്ദയത്യഗ്രണീഃ; (1)
> യം വിദ്യാർത്ഥിനമർത്ഥപോഷമപുഷദ്രാജ്ഞീ പുരോമന്ദിര-
> ക്ഷ്മാഭൃത്സിന്ധുപവംശസൂഃ സുവിദുഷീ വിദ്യുൽപ്രകാശാ ഭുവി
> ഗാർഹസ്ഥ്യേ പരിനിഷ്ഠിതഃ പുനരഗാച്ഛ്റീകോടിലിങ്ഗാഭിധ-
> ക്ഷോണീനായകഭാഗിനേയസുധീയം സ്ഥാനേതൃതീയഞ്ച യഃ; (2)
> മാടക്ഷ്മേശസഹോദരീ സദകരോദ്രാജ്ഞീ സുഭദ്രാഭിധാ
> സാർത്ഥാഖ്യാ യുവരാജപുത്രവിനയായാനായ്യ യം പുത്രിണീ
> സാമ്രാജ്യാധികൃതേന തേന വിഹിതോ യസ്മിൻ ഗുരോർന്നിഷ്ക്രയ-
> സ്തേനൈവാർപ്പിതജീവനോ ഭവതിയഃ പ്രത്യബ്ദമബ്ദശ്രിയാ; (3)
> യോ ഭൂയോപി വിഭൂതയേ സമയതേ സാമന്തസീമന്തമ-
> ണ്യൂദീപ്താംഘ്രികമാടഭൂപരിവൃഢശ്രീരാമവർമ്മേക്ഷണം
>
> സൽകാവ്യാമൃതരാശിപാരമഗമൽ സർഗ്ഗഃ പുനഃ ഷോഡശഃ
> കാവ്യഞ്ചോത്തരനൈഷധീയചരിതം പുണ്യേന പൂർണ്ണശ്രിയം." (4)

ആരൂർ എന്നതു സംസ്കൃതീകരിച്ച ശബ്ദമാണു് വന്ദാരു. സുബ്രഹ്മണ്യൻ പന്തളം സുബ്രഹ്മണ്യശാസ്ത്രികളും രുദ്രൻ ഉഴത്തിരവാരിയരുംതന്നെ. പുരോമന്ദിരമെന്നാൽ കിഴക്കേക്കോവിലകം. ഗൃഹസ്ഥാശ്രമം സ്വീകരിച്ചതിനുമേലാണു് അന്നത്തെ കൊടുങ്ങല്ലൂർ തമ്പുരാന്റെ അനന്തരവനും മൂന്നാംകൂറുമായിരുന്ന വിദ്വാൻ ഗോദവർമ്മത്തമ്പുരാനെ പഠിപ്പിച്ചതു്. അതിനു മുൻപുതന്നെ കൊച്ചി രാമവർമ്മയുവരാജാവിന്റെ അധ്യാപനം ആരംഭിച്ചിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു. ഉത്തരനൈഷധം

സമാപ്തമായതു "ശുദ്ധൈകധ്യാനദീപഃ" എന്ന കലിവാക്യത്തിൽ സൂചിപ്പിക്കുന്ന 1005-ആമാണ്ടായിരുന്നു. ആ കാവ്യം രചിച്ചതു ഗുരുനാഥനായ ശാസ്ത്രികളുടെ നിദേശവും 1003-ൽ തീപ്പെട്ട വീരകേരളവർമ്മമഹാരാജാവിന്റെ പ്രോത്സാഹനവും നിമിത്തമായിരുന്നു. തന്റെ ശിഷ്യൻ സിംഹാസനാരൂഢനായപ്പോൾ അടിതിരിക്ക് അവിടുന്നു ഗുരുദക്ഷിണയും വർഷാശനവും നല്കി. പഞ്ചാക്ഷരയുക്തമായ ബാലാമന്ത്രം കവി ജപിച്ചു ശുദ്ധിവരുത്തിയിരുന്നു എന്നും ആ കൃതിയിൽ നിന്നും നാം അറിയുന്നു. "ബാലാഭിധമന്ത്രസമ്പുടിതസൽ പഞ്ചാക്ഷരോർത്ഥേ"എന്നും, "ബാലാമനുരാധ്യുപാസനഫലേ" എന്നും, "ബാലാവേല്ലിത ശൈവശാഖിഫലജാതീയേ" എന്നും മറ്റും ആ വസ്തുത അദ്ദേഹം അതിൽ അനേകം ഘട്ടങ്ങളിൽ വെളിപ്പെടുത്തീട്ടുണ്ട്. അങ്ങനെ സംസ്കൃതം പഠിച്ചും പഠിപ്പിച്ചും ആ കവി ലോകോപകാരകമായ ജീവിതം നയിച്ച് 1013-ആമാണ്ടു പരഗതിയെ പ്രാപിച്ചു.

## കൃതികൾ

ആത്രുരടിതിരി സംസ്കൃതത്തിൽ ഉത്തരനൈഷധം മഹാകാവ്യവും ഭാഷയിൽ സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ടും രചിച്ചിട്ടുള്ളതായി അറിയാം.

## ഉത്തരനൈഷധം

മഹാകവിമൂർദ്ധന്യനായ ശ്രീഹർഷൻ നളോപാഖ്യാനത്തിൽ ദമയന്തീസ്വയംവരംവരെയുള്ള കഥ മാത്രമാണല്ലോ 22 സർഗ്ഗങ്ങൾകൊണ്ടു പ്രപഞ്ചനംചെയ്തിട്ടുള്ളത്. അതിനുമേലുള്ള കഥാഭാഗം അടിതിരി 16 സർഗ്ഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. നളോപാഖ്യാനത്തെ ഉപജീവിച്ചു വേറെയും ചില ഭാരതീയകവികൾ മഹാകാവ്യങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും, ശ്രീഹർഷന്റെ പ്രൗഢോദാരഗംഭീരമായ വാങ്മയത്തെ പൂരിപ്പിക്കുക എന്ന ദുഷ്കരമായ കൃത്യത്തിന് അവരാരും ഒരുമ്പെട്ടിട്ടില്ല. ആ ധൈര്യം അടിതിരിക്കുമാത്രമേ ഉണ്ടായുള്ളു. ഓരോ സർഗ്ഗത്തിന്റേയും അവസാനത്തിൽ "ശ്രീഹർഷം കവി രാജരാജമകുടാലങ്കാരഹീരസ്സ്വയം" എന്ന രീതിയനുസരിച്ചു "വന്ദാരുദ്വിജമാധവം" എന്നോ മറ്റോ ആരംഭിക്കുന്ന ഒരു ശ്ലോകം ഘടിപ്പിക്കുക, ശ്രീഹർഷനു ചിന്താമണിമന്ത്രത്തിന്റെ എന്നപോലെ തനിക്കു ബാലാമന്ത്രത്തിന്റെ ബലമുണ്ടെന്നു പ്രസ്താവിക്കുക, ഇങ്ങനെ ചില അനുകരണങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. സർഗ്ഗങ്ങൾക്കു നൈഷധംപോലെ ദൈർഘ്യമില്ല. നൈഷധത്തിന്റെ പാരായണമാണ് തന്നെ പ്രസ്തുത കൃതിയുടെ നിർമ്മാണത്തിനു പ്രേരിപ്പിച്ചതെന്നു ഗ്രന്ഥാവസാനത്തിൽ അദ്ദേഹംതന്നെ തുറന്നുപറഞ്ഞിട്ടുണ്ട്.

> "ശ്രീഹർഷമിശ്രകവിരാഡ്ദ്വിജരാജക്ലൃപ്ത-
> ശ്രീഹർഷവർഷിജനമോഹനഗോമൃതാനി
> ആപീയ മത്തമസൃണാത്മഗവീസുദുദ്ധം
> സന്തോ ധയന്തു സദസന്മധുചഞ്ചരീകാഃ."

ഉത്തരനൈഷധത്തിൽ പ്രണേതാവിന്റെ പാണ്ഡിത്യപ്രകർഷം പ്രായേണ പദ്യംതോറും കാണാമെങ്കിലും ശ്രീഹർഷന്റെ ഇതര കാവ്യഗുണങ്ങൾ വിരളമായേ പ്രകാശിക്കുന്നുള്ളു. ദുശ്ശ്രവ ദോഷം ധാരാളമായുണ്ട്. "അവന്യാമവനീട് കാന്താം", "ക്ഷ്മാധ്രാണ്ഘീശകുലപ്രസൂ" മുതലായ പ്രയോഗങ്ങൾ നോക്കുക. കുമാരസംഭവം തുടങ്ങിയ ചില പൂർവകാവ്യങ്ങളിലെ ആശയങ്ങൾ സ്വകീയമാക്കീട്ടുമില്ലെന്നില്ല. വസ്തുസ്ഥിതി ഇങ്ങനെയെല്ലാമാണെങ്കിലും കേരളീയനിർമ്മിതങ്ങളായ സംസ്കൃതമഹാ

കാവ്യങ്ങളിൽ ഉത്തരനൈഷധത്തിന് ഒരു മാന്യസ്ഥാനം ന്യായമായി അവകാശപ്പെടാവുന്നതാണ്. ഹൃദ്യങ്ങളായ വർണ്ണനങ്ങളിൽ ഒന്നുമാത്രം താഴെച്ചേർക്കാം. ചിത്രപക്ഷികൾ വസ്ത്രാപഹരണത്തിനു വന്നുചേരുന്ന ഘട്ടമാണ് പ്രകൃതം.

“നളസ്ത്രാൻ കോമളാകാരാൻ കളധൗതച്ഛദോദരാൻ
കളസ്വനാൻ മിളച്ചൈഷ്ണ്യകേളികാരകളേബരാൻ

ആകുഞ്ചിതാംഘ്രിചഞ്ചുസ്രുദ്രുതവിദ്രുതവിദ്രുമാൻ
ജപാകുസുമസങ്കാശജനമോഹനചൂഡകാൻ

സുപർവഖർവസുഗളഗളന്മാരകതച്ഛവീൻ
പുച്ഛതുച്ഛീകൃതാനർഘഹരിന്മണിഘൃണിവ്രജാൻ

കാഞ്ചനച്ഛദസഞ്ചാരമദാഞ്ചച്ചഞ്ചലാഞ്ചലൈഃ
ഖഞ്ജനാഞ്ജനദിദ്ധാലോചനൈർല്ലോകരഞ്ജകാൻ

ഇതസ്തതഃപതൽപീതഗരുന്മരുദ്ദീരണൈഃ
ക്ലാന്തമങ്ഗം വീജയത ഇവ ഗാങ്ഗേയചാമരൈഃ
പത്മാന്തരേ പ്രയുക്തേപി പ്രസ്ഥിതാനാത്മവർത്മനാ
ഗന്തവ്യമാർഗ്ഗോപദേശം പുരോകൃത്വേവ കർവതഃ
ചിത്രീയമാണഹൃദയശ്ചിത്രവർണ്ണാൻ പതത്രിണഃ
അപശ്യൽ പുരതശ്ശശ്വൽ പരിച്ഛദഭടാനിവ.”

## സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ട്

സുഭദ്രാഹരണം 25 വൃത്തത്തിലുള്ള ഒരു കൈകൊട്ടിക്കളിപ്പാട്ടാണ്. അക്കാലത്തെ തൃപ്പൂണിത്തുറ വലിയമ്മത്തമ്പുരാന്റെ നിയോഗമനുസരിച്ച് അടിതിരി രചിച്ചതാണ് ആ കൃതി. അതിന് ഇന്നും ആ കോവിലകത്തു പ്രചാരമുണ്ട്. ഒടുവിൽ “ഇത്ഥം ഹരി വന്ദാരുദ്വിജനാലുക്തം പരിചൊടു ഭദ്രാവൃത്തം” എന്ന ഈരടിയിൽ കവി തന്റെ നാമം ഘടിപ്പിച്ചിരിക്കുന്നു. അതിലെ ഒരു വൃത്തതിൽനിന്നു ചില വരികൾ ചുവടേ ചേർക്കാം.

“ഭദ്രകളാമാളികളുമായിക്കൊണ്ടു-ബല-
ഭദ്രാനുജസോദരിയാം സുഭദ്രയും
കളിയാടി മേളിച്ചങ്ങു വന്നളവിൽ—യതി-
ക്കളവറ്റു വളർന്നുതേ നേത്രോത്സവം.
ഭ്രൂ ലീലയും കുവലയമിഴിമുന—ത്തെല്ലും
വാർകുഴലും കുറുനിര കുറികളും
ഏണാങ്കനു നാണം നല്കുമാനനവും—കള-
വീണാനാദം നാണിച്ചീടും വാണികളും
മുത്തുകളും പവിഴമൊത്തുകൂടും—പോലെ
മുഗ്ദ്ധസ്മിതസരസമാമധരവും
. . . . . . . . .
മത്തമാതങ്ഗത്തിനൊക്കും ഗതികളും—കണ്ടു

മത്തകാശിനിയിൽ മുങ്ങി യോഗിനാഥൻ.
പണ്ടു ഗദൻ ഗദിച്ചപ്പോളധികോക്തി—യെന്നും
കണ്ടനേരം മൂകനെന്നും നിർണ്ണയിച്ചു." (ഷഷ്ഠവൃത്തം)

അടിതിരിയുടെ ഭാഷാകവിതയ്ക്കു ഗുണം കുറയുമെന്നുതന്നെ പറയണം. പാടുന്നവർ അക്ഷരങ്ങൾ ആവശ്യംപോലെ നീട്ടി ഉച്ചരിച്ചുകൊള്ളണമെന്ന് അദ്ദേഹം വിധിച്ചിരിക്കുന്നതു ശോചനീയംതന്നെ.

## അടിതിരിയുടെ അർത്ഥവിവരണചാതുരി

പന്തളം സുബ്രഹ്മണ്യശാസ്ത്രികളുടെ അന്തേവാസിത്വം നിമിത്തം അടിതിരിക്കു നൈഷധശ്ലോകങ്ങൾ അർത്ഥവിവരണം ചെയ്യുന്നതിനുള്ള സാമർത്ഥ്യം അനന്യസുലഭമായ വിധത്തിൽ സിദ്ധിച്ചു. വീരകേരളവർമ്മത്തമ്പുരാന്റെ സദസ്സിൽ ആ സാമർത്ഥ്യം അദ്ദേഹം പ്രകടിപ്പിച്ചു പല സമ്മാനങ്ങളും വാങ്ങീട്ടുണ്ട്. തൃപ്പൂണിത്തുറ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരത്തറയിൽവെച്ചും അനേകം അവസരങ്ങളിൽ അദ്ദേഹം ശ്ലോകാർത്ഥങ്ങൾ വിസ്തരിച്ചു സഹൃദയന്മാരുടെ ബഹുമാനത്തിനു പാത്രീഭവിച്ചുവന്നു. ശാസ്ത്രികളുടെ ശിഷ്യനായി തിരുവനന്തപുരത്തു താമസിക്കുന്ന കാലത്ത് ഒരിക്കൽ അടിതിരി ശാസ്ത്രികളോടുകൂടി പത്മനാഭസ്വാമി ക്ഷേത്രത്തിൽ തൊഴാൻ പോയി. അവിടെ അപ്പോൾ ശാസ്ത്രികളുടെ ഒരു ശിഷ്യൻ ഭാഗവതം വായിക്കുകയായിരുന്നു. താൻ ഒടുവിൽ കേട്ട ശ്ലോകത്തിനു ഗുരുനാഥന്റെ ആജ്ഞയനുസരിച്ച് അടിതിരി രണ്ടു മണിക്കൂർ നേരം അർത്ഥം പറഞ്ഞു ശ്രോതാക്കളെ ആനന്ദതുന്ദിലന്മാരാക്കി എന്ന് ഐതിഹ്യം ഉൽഘോഷിക്കുന്നു.

## ചേരാനല്ലൂർ കൃഷ്ണൻകർത്താവ്

ചേരാനല്ലൂർ കൃഷ്ണൻ കർത്താവും വീരകേരളവർമ്മരാജാവിന്റെ ഒരു സദസ്യനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം സുമാർ 940-1020 ഈ കൊല്ലങ്ങൾക്കിടയിലായിരുന്നു എന്നറിയുന്നു. കർത്താവു ശക്തൻതമ്പുരാന്റെ പ്രഥമപത്നിയായ കുറപ്പത്തു പാറുക്കുട്ടി അമ്മയുടെ പുത്രിയെ വിവാഹം ചെയ്തു. 950-ലായിരുന്നു പാറുക്കുട്ടിയമ്മയുടെ വിവാഹം. അദ്ദേഹത്തിന്റെ ഒരു കൃതി മാത്രമേ കണ്ടുകിട്ടീട്ടുള്ളു. എറണാകുളത്തുനിന്നു രണ്ടു മൈൽ അകലെയുള്ള ചിറ്റൂർ ക്ഷേത്രത്തിലെ ശ്രീകൃഷ്ണനെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ചിൽപുരേശസ്തുതിയാണ് ആ കൃതി. മേല്പുത്തൂർ ഭട്ടതിരിയുടെ നാരായണീയസ്തോത്രത്തെ അനുകരിച്ചു കർത്താവു നിർമ്മിച്ചിട്ടുള്ള ആ സ്തുതിക്കു മേല്പുത്തൂരിന്റെ സ്തോത്രരത്നത്തിനു സമീപമെങ്ങും പ്രവേശിക്കുവാൻ യോഗ്യതയില്ലെങ്കിലും ആകെക്കൂടി ഒരുമാതിരി ആസ്വാദ്യതയുണ്ടെന്നു പറയാം. തന്റെ ഗ്രന്ഥം നാരായണീയത്തിന്റെ സംക്ഷേപമാണെന്നു കർത്താവുതന്നെ അടിയിൽ കാണുന്ന ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

"യന്നാരായണഭൂസുരേന്ദ്രരചിതേ നാരായണീയാഹ്വയേ
സ്തോത്രേ ദൃഷ്ടമിദം ഹി യത്തവ വിഭോ! ലീലാവതാരാദികം
സംക്ഷിപ്യ ത്രിശതാധികം മദുദിതം തേ ചിൽപുരേശ!സ്തവം
ത്വൽപ്രീതിം ലഭതാമമും സ തു പഠൻ സ്രസ്താഘലബ്ധ്യോദയം"

312 ശ്ലോകങ്ങൾ ചിൽപുരേശസ്തുതിയിൽ അടങ്ങീട്ടുണ്ട്. "ത്വൽകൃപാലബ്ധിസാധ്യം" എന്ന കലിവാക്യത്തിൽ നിന്ന് അതിന്റെ രചന 983-ലാണെന്നു സിദ്ധിക്കുന്നു.

അന്നു രാമവർമ്മമഹാരാജാവാണ് നാടു വാണിരുന്നതു്. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

"വിശ്വവ്യാപി വിശുദ്ധമേകമവികാരാനേകരൂപാദ്ഭുതം
സത്യം സദ്ഗുണപൂർണ്ണപൂരുഷചിദാനന്ദപ്രകാശാത്മകം
ലക്ഷ്മീലക്ഷ്മ സദാഖിലശ്രുതിവധൂസീമന്തരത്നോത്തമം
തത്ത്വം ബ്രഹ്മ പരം ഹിതായ ജഗതാം ജാഗർത്ത്യഹോചിൽപുരേ"

ഭട്ടതിരിയുടെ "അഗ്രേ പശ്യാമി തേജോ" എന്നു തുടങ്ങുന്ന കേശാദിപാദ വർണ്ണനത്തിനു തുല്യമായി ചിൽപുരേശസ്തുതിയിലും ഒരു ഭാഗമുണ്ടു്. ആ ഭാഗത്തിൽ നിന്നു മൂന്നു ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

"കർണ്ണാകീർണ്ണാതികമ്രദ്യുതിമകരമണീ-
കുണ്ഡലോല്ലാസിഗണ്ഡം
മന്ദോത്സ്യന്ദിസ്മിതാംശുസ്തബകകിസലയീ-
ഭൂതശോണാധരാഭം
വ്യഞ്ജന്മഞ്ജുപ്രഭാമണ്ഡലശമിതശര-
ച്ചന്ദ്രപൂർണ്ണാഭിരാമം
ഛന്ദോവൃന്ദാവതംസ! പ്രശമയതു ശുചം
ചിന്മയ!ത്വന്മുഖം മേ."
"സത്താസത്താന്തരാളസ്ഥിതമപി യദിദം
വിശ്വമശ്രാന്തമന്തർ-
ദ്ധത്തേ തത്തേ കൃശാഭിസ്ത്രിവലിഭിരതിഭം
ഗ്യാവനദ്ധം ച മധ്യം
തദ്ധേമോദ്ദാമകാഞ്ചീകലിതമണിമയൂ-
ഖാഞ്ചിതം പീതചേലം
പ്രത്യുത്സർപ്പൽപ്രകാശം പ്രകടിതമപി തൽ
കല്യതാം മേ ദധാതാം."
"ഏതാവാതാമ്രപീതാംബരപരിപിഹിതൗ
പീവരൗ താവകീനാ-
വൂരൂ ചാരൂ നയേതാം സുരുചിരസമവൃ-
ത്തേ ച തേ ജാനുനീ മാം
പാതാം ചേതോഭിരാമക്രമപൃഥുലസമാ-
വർത്തുളേ ചാപി ജംഘേ
പാദൗ ചോദീരയന്തൗ ശിവമപനയതാം
നൂപുരോദ്യന്നിനാദൈഃ"

## ഇളയിടത്തു നാരയണൻ നമ്പൂരിപ്പാട്ട്

വീരകേരളവർമ്മത്തമ്പുരാന്റെ ആശ്രിതന്മാരായ കവികളുടെ കൂട്ടത്തിൽ ആമ്പല്ലൂർ ഇളയിടത്തു നാരായണൻനമ്പൂരിപ്പാടിനേയും ഗണിക്കേണ്ടതുണ്ടു്. തൃപ്പൂണിത്തുറയ്ക്കു സമീപമുള്ള ആമ്പല്ലൂർദേശമാണ് അദ്ദേഹത്തിന്റെ ജന്മഭൂമി. ജീവിതകാലം 945-നും 1015-നും ഇടയ്ക്കാണെന്ന് അഭിജ്ഞന്മാർ പറയുന്നു. നമ്പൂരിപ്പാട്ടിലെ കൃതിയായി ഉഷാപരിണയം എന്നൊരു ചമ്പൂകാവ്യം കണ്ടിട്ടുണ്ടു്. ഇടവട്ടിക്കാട്ടു നമ്പൂരി ഒരി

ക്കൽ അദ്ദേഹത്തിന്റെ ഇല്ലത്തു പോയി തന്റെ രുക്മിണീ പരിണയചമ്പു വായിച്ചു കേൾപ്പിച്ചു. അന്നു രാത്രിയിൽ ആ ചമ്പുവിനെ അനുകരിച്ചു ഏതാനും മണിക്കൂറു കൊണ്ടു നമ്പൂരിപ്പാട്ടു നിർമ്മിച്ചതാണത്രേ ഉഷാപരിണയം. ഈ ഐതിഹ്യം വിശ്വാസയോഗ്യമായി തോന്നുന്നില്ല. കവിക്കു രുക്മിണീപരിണയം മാർഗ്ഗദർശകമായിരുന്നിരിയ്ക്കാം. കവിതക്കു നല്ല ഒഴുക്കുണ്ടു്. താഴെക്കാണുന്ന ശ്ലോകങ്ങൾ പരിശോധിക്കുക.

ചികീർഷ:

"ഉമേശം വൈദർഭീരമണമപി ദാക്ഷീസുതമുനിം
ഗുരും വേദവ്യാസം ശുകമപി ച സന്നമ്യ സരസം
ഉഷായാസ്സാശ്ചര്യാം പരിണയകഥാം ശ്രോതൃസുഖദാം
ബ്രുവേ ഗദ്യൈഃ പദ്യൈസ്സഹൃദയമനോമോദനകൃതേ,"

ബാണൻ:

"തൽകാലേതിപ്രശസ്തസ്ഥിരതരഹരസേ-
വാപ്തഘോരപ്രതാപഃ
പുത്രോ വൈരോചനേസ്സ ത്രുടിതരിപുബലഃ
പൂർവദേവാധിനാഥഃ
മധ്യാഹ്നാതിപ്രദീപ്തപ്രതിഭയദിനകൃ-
ന്മണ്ഡലശ്രാന്തിദായി-
സ്വോഷ്മാ ബാണാഭിധാനോ ദനുജകലപുരേ
ശോണിതാഖ്യേ രരാജ."

ഉഷയുടെ സൗന്ദര്യം:

"യസ്യാ ഗതീക്ഷണവിലോലമനാ വിചാര്യ
സ്രഷ്ടാ സ്വയാനമകരോൽ കില രാജഹംസം;
കൃഷ്ണോപി യൽകചസമാനതനും കലാപം
ധത്തേ, സദൈവ ശിരസാ കുതുകാകുലാത്മാ.

ഭക്താനുകമ്പിമനസാ ശശിശേഖരേണ
ലബ്ധാശ്രയാം ശശികലാമളികച്ഛലേന
ധത്തേ തദന്തികനിവാസവിലോലമേത
ദക്ഷ്ണോര്യുഗം മൃഗശിശോർന്നയനീചകാര."

ഉഷയുടെ പാണിഗ്രഹണം:

"ഇതഃപരം മന്മഥസങ്ഗരായ
ശരാഃ കരാംഗുല്യ ഇമാ ഉഷായാഃ
ഇതീവ മത്വാംബുജകോമളം തൽ
കരം സുഹൃഷ്ടോ ജഗൃഹേനിരുദ്ധഃ."

## മുതുകുറിശ്ശി ഭാസ്കരൻനമ്പൂരി (൯൮൦–1012)

### ജീവചരിത്രം

മുതുകുറിശ്ശി ഉണ്ണി എന്ന പേരിലാണ് ഈ കവിയെ സഹൃദയന്മാർ അറിയുന്നതു്. മുതുകുറിശ്ശി ഇല്ലം ചെറുവണ്ണൂരിനടുത്താണ്. ഉണ്ണി ൯൮൦-ൽ ജനിച്ചു. ബാല്യത്തിൽത്ത

ന്നെ അസാധാരണ ബുദ്ധിശാലിയായിരുന്ന അദ്ദേഹം കൂടല്ലൂർ വാസുദേവൻ നമ്പൂരിപ്പാട്ടിലെ ശിഷ്യനായി വ്യാകരണം അഭ്യസിച്ചു. ആയിടയ്ക്ക് ഒരിക്കൽ ഇടവട്ടിക്കാട്ട് അനുജൻ നമ്പൂരി അവിടെ ചെല്ലുകയും അച്ഛൻ നമ്പൂരിപ്പാട്ട് അദ്ദേഹത്തെ തേവാരം കഴിഞ്ഞാൽ ഊണിനു വിളിച്ചു കൊണ്ടുവരണമെന്ന് ഉണ്ണിയോടു നിയോഗിയ്ക്കുകയും ചെയ്തു. ഉണ്ണി ആ കവികേസരിയെ ആഹ്വാനം ചെയ്തത്

ദേവകാര്യാണ്യതീതാനി സർവാണി ഭവതോ യദി
ഭോക്തുമാഗമ്യതാം ശീഘ്രം ഭൂസുരേന്ദ്രശിഖാമണേ”

എന്ന ശ്ലോകത്തിലായിരുന്നു. അന്നു പത്തു വയസ്സിനുമേൽ തികയാത്ത ഒരു ബാലന്റെ മുഖത്തു നിന്ന് ആ ശ്ലോകം കേട്ടപ്പോൾ ഇടവട്ടിക്കാടിന് അത്യധികമായ ആനന്ദം ഉണ്ടായി എന്നു പറയേണ്ടതില്ലല്ലോ. പിന്നീടു തൃപ്പൂണിത്തുറെ ചെന്ന് അവിടെ ന്യായവും വേദാന്തവും പഠിപ്പിച്ചു താമസിച്ചിരുന്ന പാരദേശികനായ ഒരു ദീക്ഷിതരിൽ നിന്ന് ആ രണ്ടു ശാസ്ത്രങ്ങളുടേയും സ്വരൂപജ്ഞാനം സമ്പാദിച്ചു. അന്നു വീരകേരളവർമ്മ തമ്പുരാനായിരുന്നു കൊച്ചി മഹാരാജാവ്. ഉണ്ണിയുടെ വിദ്യാഭ്യാസം എങ്ങിനെയിരിക്കുന്നു എന്നു തമ്പുരാൻ ചോദിച്ചതിന് ആ അധ്യേതാവു ചോദ്യങ്ങളൊന്നും ചോദിക്കാറില്ലെന്നും അതുകൊണ്ടു ശരിയായ മറുപടി പറയുവാൻ തന്നെക്കൊണ്ടു സാധിക്കുകയില്ലെന്നും അദ്ദേഹം നിവേദനം ചെയ്തു. അടുത്ത ദിവസം മുതൽ ഉണ്ണി ചില ചോദ്യങ്ങൾ ചോദിച്ചു തുടങ്ങി. അവയ്ക്കു സമാധാനം കാണാതെ ദീക്ഷിതരും കുഴങ്ങി. അനന്തരം അവിടത്തെ പഠിത്തം മതിയാക്കി ഭാസ്കരൻ കോഴിക്കോട്ടു സാമൂതിരിക്കോവിലകത്തേയ്ക്കു പോയി. മണിത്തമ്പുരാനോടു ന്യായത്തിൽ ഉപരിഗ്രന്ഥങ്ങൾ വായിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിസന്ധി. മണിത്തമ്പുരാനാണ് കേരളീയരിൽ ഇദംപ്രഥമമായി ചിന്താമണി എന്ന ന്യായഗ്രന്ഥത്തിൽ പാണ്ഡിത്യം നേടിയത്. അതുകൊണ്ടു തന്നെയാണ് ആ ബിരുദനാമത്താൽ വിദിതനായതും. കോഴിക്കോട്ടു ചെന്നപ്പോൾ ഭാസ്കരനു പതിഞ്ചു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളു. ആ കാലത്താണ് ശൃംഗാരലീലാതിലകം എന്ന ഭാണം അദ്ദേഹം നിർമ്മിച്ചത്. പിന്നീടു വിഷയവിരക്തനായിത്തീരുകയാൽ നടുവിലെ മഠത്തിൽ സ്വാമിയാരുടെ ശിഷ്യനായിക്കൂടി കോഴിക്കോട്ടു തളിയിൽ ക്ഷേത്രത്തിൽ പുഷ്പാഞ്ജലി നിത്യവൃത്തിയായി സ്വീകരിച്ച് അവിടെത്തന്നെ താമസിച്ചു. 1012-ആമാണ്ടിൽ ഒരു ദിവസം ആ ക്ഷേത്രത്തിൽ പുഷ്പാഞ്ജലി കഴിച്ചു കൊണ്ടിരുന്നപ്പോൾ പെട്ടെന്നു മരിക്കുകയും ചെയ്തു. അന്ന് അദ്ദേഹത്തിനു മുപ്പത്തിരണ്ടു വയസ്സു തികഞ്ഞിരുന്നില്ല. മുതുകുറിശ്ശി ഉണ്ണിയെപ്പോലെ കുശാഗ്ര ബുദ്ധിയായ ഒരു പണ്ഡിതൻ അദ്ദേഹത്തിന്റെ കാലത്തു ജീവിച്ചിരുന്നില്ലെന്നാണ് പരമ്പരാഗതമായ വിശ്വാസം.

## ശൃംഗാരലീലാതിലകം ഭാണം

മഴമംഗലഭാണത്തോടൊപ്പമല്ലെങ്കിലും അതിന്റെ അടുത്ത കക്ഷ്യയിൽ നില്ക്കുവാൻ യോഗ്യതയുള്ള ഒരു ഭാണമാണ് ശൃംഗാരലീലാതിലകം. ലളിതകോമളകാന്തമാണ് അതിൽ കവി സംഘടിപ്പിച്ചിരിക്കുന്ന പദാവലി; അക്ലിഷ്ടമധുരമാണ് അർത്ഥകല്പന. ഭാണത്തിനു വേണ്ട രണ്ടു പ്രധാന ഗുണങ്ങളാണ് ഇവയെന്നുള്ളതിനെപ്പറ്റി പക്ഷാന്തരത്തിനു മാർഗ്ഗമില്ലല്ലോ. പ്രസ്താവനയിൽ “അസ്തി കേരളേഷു ഭാസ്കരനാമാ കവിവരഃ” എന്ന് ഉപന്യസിച്ചുകൊണ്ടു സൂത്രധാരൻ:

“വാഗ്ദേവതാകേളിരംഗഭ്രമീകൃതമുഖാംബുജഃ

സോയം ദേവ്യാ ച മേദിന്യാ തിലകത്വേന ധാര്യതേ.
അപിച
അംഭോധിഗംഭീരമതിരുപഷോഡശഹായനഃ
ശൃംഗാരലീലാനുഭവോ യസ്യ പ്രാഗ്ജന്മനഃ കില'

എന്നു കവി തന്റെ മാഹാത്മ്യത്തെ വിവരിക്കുന്നു. ശൃംഗാരലീല സ്വയം അനുഭവിച്ച ഒരു കവിക്കല്ലാതെ ഭാണമെഴുതുവാൻ അധികാരമില്ലെന്നിരിക്കെ 16 വയസ്സു തികയാത്ത ഒരു ബാലൻ ആ സാഹസത്തിന് എങ്ങനെ ഒരുങ്ങി എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനു കവിക്കുള്ള സമാധാനം ആ അനുഭവം തനിക്കു പൂർവവജന്മങ്ങളിൽ ഉണ്ടായിരുന്നിട്ടുണ്ടല്ലോ എന്നാണ്.

"ഗുണദോഷകഷാസ്തത്ര സന്തോ വക്ഷ്യന്തി തത്വതഃ
അതദ്വിദാം മത്സരിണാം ഹാസോ നാദരഗോചരഃ"

എന്നൊരു ശ്ലോകവും ആ പ്രബന്ധത്തോടു കൂടി അന്നത്തെ 'രാജരാജോപമനും രാജരാജനുമായ' വിക്രമദേവന് (മാനവിക്രനെന്ന സാമൂതിരിക്ക്) കാഴ്ചവച്ചതായി കാണുന്നു. അക്കാലത്തു തന്നെ കവിക്കു സംസ്കൃതത്തിലെന്നപോലെ പ്രാകൃതത്തിലും പാണ്ഡിത്യമുണ്ടായിരുന്നു എന്നു ഭാണത്തിൽനിന്നു വെളിപ്പെടുന്നുണ്ട്. ഫലിതത്തിലും അദ്ദേഹം വളരെപ്പേരുടെ പിന്നിലൊന്നും നില്ക്കുണമെന്നില്ല. ഒടുവിലത്തെ ശ്ലോകം നോക്കുക.

"നിർല്ലജ്ജതായാഃ കസ്യാശ്ചിന്നിർബ്ബന്ധാദ്രചിതം മയാ
ഇദം ഹാസൈകസക്താനാം വിദുഷാമസ്തു തുഷ്ടയേ."

മാതൃകയായി ചില ശ്ലോകങ്ങൾ കൂടി ഉദ്ധരിക്കാം.
പ്രഭാതവർണ്ണനം:

"ലോലേക്ഷണാഃ കില സമാകുലമീനജാലാം
നിഷ്പിഷ്ടകോരകകുലാം മൃദിതസ്തനാശ്ച
അഭ്യുല്ലസൽകമലചഞ്ചലചഞ്ചരീകാം
ലോലാളകാവലിവിരാജിതവക്ത്രലക്ഷ്മ്യഃ

ഭ്രഷ്ടാവശിഷ്ടകുചകുംകുമരൂഷിതാംഗ്യഃ
കിഞ്ജല്കപുഞ്ജശബളാം കമലായതാക്ഷ്യഃ
നിര്യാന്തി കേളിനിലയേഭ്യ ഇമാ ഹസന്ത്യഃ
കല്ലോലിനീം മദമതംഗജഭുക്തമുക്താം." (യുഗ്മകം)

മന്ദവായു:
"പുരം ഭ്രാമം ഭ്രാമം മലയശിഖരിണ്യേഷ പവനഃ
പുനഃ സ്പർശം സ്പർശം വനജവനമാത്താൻ പരിമളാൻ
ഇദാനീം തന്വീനാമുപഹരതി സംസ്വിന്നവപുഷാം
പ്രതിദ്രവ്യം ലിപ്സുർമ്മുഖപരിമളാഢ്യം ദൃഢമിവ."

"ജാതാ പുരാരാതിപുരോപകണ്ഠേ" എന്നാരംഭിക്കുന്ന സാരസികാവർണ്ണനവും മറ്റും പ്രത്യേകം ശ്ലാഘനീയമായിരിക്കുന്നു.

"കേചിന്മനോജം മദനം വദന്തി
മീനോദ്ഭവം കേപി മുകുന്ദസൂനും

പ്രാമാദികം തൽ സകലം ന സത്യ-
മനംഗനാമാ തദപാംഗജന്മാ”

എന്ന മഹനീയ ശ്ലോകം ആ ഘട്ടത്തിലുള്ളതാണ് .

## പുന്നശ്ശേരി ശ്രീധരൻനമ്പി (946-1006)

### ജീവചരിത്രം

പുന്നശ്ശേരി (പുന്നാഗശ്രേണി) ശ്രീധരൻനമ്പി തെക്കേ മലബാറിൽ പെരുമുടിയൂരംശം പട്ടാമ്പി എന്ന സ്ഥലത്ത് 949-ആമാണ്ടു ജനിച്ചു. അദ്ദേഹം വിക്രമാദിത്യ ചരിതത്തിന്റെ രചന പൂർത്തിയാക്കിയത് “ശബ്ദപ്രജ്ഞാനദീപേ” എന്ന കലിവാക്യത്തിൽ നിന്നു കാണാവുന്ന 1003 മകരമാസം 16-നു ആണ്. 1006-ആമാണ്ടു പരഗതിയെ പ്രാപിച്ചു.

ആ മഹാകാവ്യത്തിനു നാരായണീയം എന്ന വ്യാഖ്യാനമെഴുതിയത് അദ്ദേഹത്തിന്റെ പൗത്രൻ പുന്നശ്ശേരി നാരായണൻ നമ്പിയാണ്. “കാവ്യകർത്തുശ്ച പൗത്രേണ” എന്നു വ്യാഖ്യാതാവുതന്നെപ്പറ്റി അതിൽ പ്രസ്താവിച്ചിട്ടുണ്ട്. നാരായണൻ നമ്പി 1035-ൽ മരിച്ചു. അദ്ദേഹത്തിന്റെ പുത്രനാണ് മഹാവിദ്വാൻ പുന്നശ്ശേരി നീലകണ്ഠശർമ്മാവ്. ശ്രീധരൻ നമ്പി ഭരതപ്പിഷാരടി എന്ന പണ്ഡിതന്റെ അന്തേവാസിയായി സംസ്കൃതഭാഷയിൽ പ്രശസ്യമായ പാണ്ഡിത്യം സമ്പാദിച്ചു. ജ്യോതിശാസ്ത്രത്തിലും അദ്ദേഹത്തിനു നല്ല അറിവുണ്ടായിരുന്നു. ബാല്യത്തിൽത്തന്നെ പിതാവു മരിച്ചുപോകയാൽ മാതാവാണ് വളർത്തിയത്. അദ്ദേഹം തന്റെ കുലദൈവതങ്ങളായ ഈങ്ങയൂർ (ഈഹാപുരം) ഭഗവതിയേയും രായിരനല്ലൂർ (രാജരാജാലയം) ഭഗവതിയേയും തിരുമാണിയൂർ (മാനിഗേഹം) ശിവനേയും ഭജിച്ചിരുന്നതിനു പുറമേ, മൂകാംബികയേയും വളരെക്കാലം ഉപാസിച്ചിട്ടുണ്ട്. ഈ വസ്തുതകൾ വിക്രമാദിത്യ ചരിതത്തിലെ “സാക്ഷാൽ സംപ്രാപ്തവിദ്യോ ഭരതഗുരുമുഖാൽ പോഷിതോ മാതൃപാദൈഃ” എന്നും, “സാക്ഷാദീഹാപുരോദ് ഭാസിതസകലജഗന്മാതൃപാദാബ്ജഭക്തഃ” എന്നും, “സാക്ഷാച്ഛ്റീമാനിഗേഹാധിപപുരഹരപാദാബ്ജജാതൈകഭക്തിഃ” എന്നുമുള്ള പംക്തികളിൽനിന്നു വ്യക്തമാകുന്നു. മൂകാംബികയെ ഓരോ സർഗത്തിന്റേയും അവസാനത്തിലും പ്രത്യേകമായി വന്ദിക്കുന്നുണ്ട്. പുന്നശ്ശേരി നമ്പിമാർക്കു സാമൂതിരിക്കോവിലകത്തെ അമാത്യസ്ഥാനവും ഇപ്പോൾ ഏറാൾപ്പാടിലെ (ഇളയതമ്പുരാൻ) പ്രധാനകാര്യസ്ഥതയും പരമ്പരാസിദ്ധമാണ്; അവ രണ്ടും ശ്രീധരൻ നമ്പിക്കും ഉണ്ടായിരുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ നോക്കുക.

“യൽപാദപദ്മാശ്രയലബ്ധബുദ്ധ്യൈ-
വൈതത്തു കാവ്യം രചിതം മയാദ്യ,
മൂകാംബികാം താ, പ്രണിപത്യതാവ-
ദ്വിരമ്യതേ സംബസദാശിവേതി.”

“ശബ്ദപ്രജ്ഞാനദീപേ കലിയുഗസമയേ
ഹന്ത!മൂകാംബികായാഃ
പാദാംഭോജാതയുഗ്മേ സമധിഗതമഹദ്-
ഭക്തിപൂർവം പ്രണമ്യ
തൽകാരുണ്യാപ്തബുദ്ധ്യാ രചിതമിഹ മയാ
വിക്രമാദിത്യവൃത്തം

നാമൈതച്ചാരുകാവ്യം ഭവതു ച വിദുഷാം
ശൃണ്വതാം മംഗലായ."
"പുന്നശ്ശേരീതി കശ്ചിൽ പരചിതി നിഹിതാ-
ത്മാ ശിവബ്രാഹ്മണോ യഃ
ശൈലാബ്ധീശസ്യ മന്ത്രീ, തദുപരി യുവരാ-
ജസ്യ യോ മുഖ്യമന്ത്രീ
മൂകാംബാനുഗ്രഹാത്തൽപുരുഷവിരചിതേ
വിക്രമാദിത്യവൃത്തേ
കാവ്യേസ്മിമിൻ ചാരുഭംഗ്യാ നിരഗമദധുനാ
പഞ്ചമോ ഹ്യന്ത്യസർഗ്ഗഃ."

ഈ ശ്ലോകങ്ങൾ അദ്ദേഹത്തിന്റെ വിക്രമാദിത്യചരിതം കാവ്യത്തിന്റെ അവസാനത്തിലുള്ളവയാണ്.

"കശ്ചിൽ കാന്താവിരഹവിധുരസ്സ്വാശ്രമേ നിസ്സഹായ-
സ്ത്വദ്വക്ത്രാംഭോരുഹമപി സദാ ഭാവയന്നന്തരംഗേ
ഈഹാക്ഷേത്രേ കിമപിച നിളാമുത്തരേണൈവ കാമീ
ചക്രേ വാസം ഭുവനജനനീനിത്യസാന്നിദ്ധ്യപൂർണ്ണേ"

എന്നതു നമ്പിയുടെ മറ്റൊരു കൃതിയായ നീലകണ്ഠസന്ദേശത്തിലെ പ്രഥമ ശ്ലോകമാണ്. അദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പറ്റി മറ്റൊരറിവിലും ലഭിക്കുന്നില്ല.

## കൃതികൾ

ശ്രീധരൻ നമ്പിയുടെ പ്രധാന കൃതികൾ ഉപരിനിർദ്ദിഷ്ടങ്ങളായ വിക്രമാദിത്യചരിതവും നീലകണ്ഠസന്ദേശവും തന്നെ. അവ കൂടാതെ ഭാഗവതം ഏകാദശസ്കന്ധം കിളിപ്പാട്ടായി രചിച്ചിട്ടുണ്ടെന്നുമറിയാം. വേറെയും പരിദേവനശതകം, ഭാഗവതസംഗ്രഹം, മൗഢ്യഗണിതം, അഷ്ടകാവലി എന്നിങ്ങനെ ചില ഗ്രന്ഥങ്ങൾ കൂടി അദ്ദേഹം നിർമ്മിച്ചിട്ടുണ്ടെന്നു ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ നീലകണ്ഠശർമ്മാവു നല്കിയ വിവരങ്ങളെ ആസ്പദമാക്കി രേഖപ്പെടുത്തീട്ടുണ്ട്. അവയൊന്നും ഇപ്പോൾ കിട്ടുന്നില്ല.

## വിക്രമാദിത്യചരിതം

ഇതു് അഞ്ചു സർഗ്ഗത്തിലുള്ള ഒരു സംസ്കൃതകാവ്യമാണ്. ഗോവിന്ദസ്വാമികളുടേയും അദ്ദേഹത്തിനു ബ്രഹ്മക്ഷത്രാദി ചതുർവർണ്ണങ്ങളിൽ ജനിച്ച വരരുചി, വിക്രമാദിത്യൻ, ഭട്ടി, ഭർത്തൃഹരി എന്നീ നാലു പുത്രന്മാരുടേയും കഥ പ്രസിദ്ധമാണല്ലോ. അതിൽ വിക്രമാദിത്യനെപ്പറ്റിയുള്ള കഥാംശമാണ് പ്രസ്തുത കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.

"ആകല്പസംസ്ഥായി വിചിത്രവൃത്തം
കാവ്യം തദേതദ്രമണീയമദ്യ
ആലോകനീയം കവിഭിർമ്മഹദ്ഭി
രമത്സരൈരസ്തു ശിവപ്രസാദാൽ"

എന്നു ഗ്രന്ഥാവസാനത്തിൽ കവി ഒരു ശ്ലോകം രചിച്ചു ചേർത്തിട്ടുണ്ടെങ്കിലും പ്രശംസിക്കത്തക്ക രാമണീയകമൊന്നും ആ കാവ്യത്തിനില്ല.

ശ്രീകൃഷ്ണവിലാസം തുടങ്ങിയ പല പൂർവകൃതികളൊടും അദ്ദേഹം അനേകധാ അധമർണ്ണനായി കാണപ്പെടുന്നു. മാതൃക കാണിക്കാമെന്നു വച്ചു ചില ശ്ലോകങ്ങൾ അടിയിൽ പകർത്തുന്നു.

വിക്രമാദിത്യന്റെ വിവാഹം:
“ഇന്ദ്രാണീവ പുരന്ദരം ശശിമുഖീ സേയം ഹി കന്യാ തതോ
ലീലാലോലവിലാസവിഭ്രമലസദ്ഭ്രൂവല്ലരീമാലയാ
പ്രേമാവേശവിവർദ്ധിതാധികരസസ്മേരാതിമുഗ്ദ്ധാനനാ
പൂർവം താവദലഞ്ചകാര നൃപതിം പശ്ചാന്മധൂകസ്രജാ.”

കാഞ്ചനമാലിക വിക്രമാദിത്യനോട്:
“ശോകാകുലേന മനസാ കരപല്ലവാഭ്യാ-
മാദായ മംക്ഷു സരസീരുഹലോചനാ സാ
ഗാഢോപഗൂഢമുപഗൂഹ്യ പുനഃപുനസ്തം
ശൃംഗാരയോനിവശമേവ നിനായ മന്ദം.”

തൃതീയസർഗ്ഗത്തിലെ പർവതവർണ്ണനവും മറ്റും ഹൃദ്യമായിരിക്കുന്നു

## നീലകണ്ഠസന്ദേശം

നീലകണ്ഠസന്ദേശത്തിൽ 126 പദ്യങ്ങൾ അടങ്ങിയിരിക്കുന്നു. “ഷഡ്വിംശദുത്തരശതം ബത! നീലകണ്ഠ സന്ദേശമേതദതി ചാരുമൃദുപ്രബന്ധം” എന്നു കവി തന്നെ ആ സംഖ്യ എടുത്തുകാണിച്ചിട്ടുണ്ട്. ഈങ്ങയൂർനിന്നു ചെർപ്പുളശ്ശേരിക്കു ദൂരസ്ഥനായ നായകൻ വിരഹിണിയായ നായികയ്ക്കു് ഒരു മയിൽ മുഖേന അയയ്ക്കുന്ന സന്ദേശമാണ് വിഷയം. പൂർവോത്തര വിഭാഗമില്ല. സന്ദേശഹരൻ സഞ്ചരിക്കാനുള്ള മാർഗ്ഗം വളരെ പരിമിതമാകയാൽ കവിക്കു സമുദ്രം, പർവതം മുതലായ വിഷയങ്ങളുടെ വർണ്ണനത്തിനു ധാരാളം ശ്ലോകങ്ങൾ വിനിയോഗിക്കുവാൻ സൗകര്യം ലഭിക്കുന്നു. ചെർപ്പുളശ്ശേരിക്കു ‘ശ്രേണിക’ എന്നാണ് ഗ്രന്ഥത്തിൽ പേർ നല്കിയിരിക്കുന്നത്.

കേരളത്തിലെ സന്ദേശകാവ്യങ്ങളുടെ കൂട്ടത്തിൽ മൂന്നാം കിടയിൽ നില്ക്കുന്നതിനേ പ്രസ്തുതകൃതിക്ക് അർഹതയുള്ളു. ചില ശ്ലോകങ്ങൾ എടുത്തു ചേർക്കാം.

മയിലാട്ടം:

“കേകാഘോഷോൽകലിതലളിതഗ്രീവതുണ്ഡാഭിരാമ-
വ്യാലീനാങ്ഗോദ്വലിതവിലസച്ചന്ദ്രകോദ്യച്ഛിഖണ്ഡൈഃ
ഗൗരീനാഥം പരമപുരുഷം യത്ര തേ ലാസ്യഘോഷൈർ-
ല്ലീലാലോലൈർദ്വിജവര!സഖേ! ഭക്തിപൂർവം ഭജേഥാഃ.”

കാളകൾ:
“നാനാഭാരോദ്വഹനവിനമൽപൃഷ്ഠഭാഗോന്നതാംസ-
ഗ്രീവാഭംഗാഞ്ചിതഘണഘണാഘോഷഘണ്ടാനിനാദൈഃ
ഗോത്രാകാരൈർവടുകവടുഭിശ്ചോദ്യമാനൈർവൃഷൗഘൈ-
രദ്യാപേഷ്യാ സതതമയി തേ ഹന്ത! രഥ്യാ വിഭാതി!.”

ഹൈദരാലിയും സാമൂതിരിയും തമ്മിൽ യുദ്ധം:

“തത്രൈവാസീദയിതലിബലേചനാചലാംഭോധിഭർത്തു-

സ്ഥിവ്രാഘാതാപതിതവിശിഖോൽകൃത്തബാഹ്വരുകണ്ഠം
മേദോമജ്ജാമിളിതഗളിതോദ്രിക്തരക്തപ്രവാഹം
ഹാഹാകാരം തുമുലമതിഭീതിപ്രദം സംപ്രഹാരം."
ബ്രഹ്മചാരികൾ:
മൗഞ്ജീകൃഷ്ണാജിനപരിമിളദ്ബ്രഹ്മസൂത്രാഞ്ചിതാംഗാ
ഭാരദ്വാജാഃ കരധൃതസമിൽഖണ്ഡകുണ്ഡീരദണ്ഡാഃ
സർവത്രാസ്മിൻ ശ്രുതിസുഖപരാസ്സഞ്ചരന്തി ദ്വിജേന്ദ്രാഃ
കേകാഭിസ്താനുപചര സഖേ! ഷഡ്ജസംവാദിനീഭിഃ."

നീലകണ്ഠസന്ദേശം വിക്രമാദിത്യചരിതത്തെ അപേക്ഷിച്ച് ഗുണോത്തരമാണ്. അതുതന്നെയാണ് കവിയുടെ ആദ്യത്തെ കൃതിയും.

## ഭാഗവതം ഏകാദശം കിളിപ്പാട്ട്

ഈ കിളിപ്പാട്ടു ഞാൻ കണ്ടിട്ടില്ലാത്തതു കൊണ്ടു ഗോവിന്ദപ്പിള്ള ഉദ്ധരിച്ചിട്ടുള്ള ഭാഗം പകർത്താനേ നിർവാഹമുള്ളൂ. ആ ഭാഗമാണ് താഴെ കാണുന്നത്.

"ബാദരായണമുഖനിർഗ്ഗതം ഭാഗവതം
സ്കന്ധങ്ങളതിലേഴമഞ്ചുമുള്ളതിലിഹ
തഞ്ചത്തു മേവും രാമദാസനാമെഴുത്തച്ഛ-
നച്യുതൻതങ്കൽ ഭക്തി മുഴുക്കനിമിത്തമായ്
നവമസ്കന്ധത്തോളമുള്ളൊരു കഥയെല്ലാം
ഭാഷയിലൊരു (ചാരു) ഗീതമായുരചെയ്താൻ.
അതുകൊണ്ടിന്നു സാക്ഷാലീശ്വരതത്വമൊട്ടി
പ്രാകൃതന്മാരായോർക്കുമറിവാനായിതല്ലോ.
തദനു പുറയന്നൂരെന്നേറ്റം പ്രസിദ്ധമാ-
യുള്ളൊരു ഗൃഹമതിലുളവായൊരു നല്ല
വേദപാരഗനാകും ഭൂസുരോത്തമൻതാനും
പ്രാകൃതന്മാരായുള്ളോർക്കറിവാനായിത്തന്നെ
ദശമസ്കന്ധത്തിങ്കലുള്ളോരു കഥയതും
ഭാഷയിൽത്തന്നെയൊരു ഗീതമായുരചെയ്താൻ.
അങ്ങനെയിരിപ്പോരു ഭൂസുരോത്തമൻ ചൊന്ന

മാർഗ്ഗത്തെത്തന്നെയവലംബനമാക്കി ഞാനും
ഭാഷയിൽത്തന്നെയേകാദശത്തിലുള്ള കഥ"

പുറയന്നൂരിന്റെ ദശമത്തിനു മേലാണ് പുന്നശ്ശേരിയുടെ ഏകാദശത്തിന്റെ പ്രാദുർഭാവമെന്ന് ഈ വരികളിൽനിന്നു നാം അറിയുന്നു. വാസനാശൂന്യനായ ഒരു പണ്ഡിതൻ ദ്വിതീയാക്ഷരപ്രാസം കൂടി ഉപേക്ഷിച്ചു കിളിപ്പാട്ടുണ്ടാക്കിയാൽ അത് എങ്ങിനെയിരിക്കുമെന്ന് ഈ വരികൾ നമ്മെ ധരിപ്പിക്കുന്നു. വെറുതെയല്ല പ്രസ്തുത കൃതിക്കു പ്രചാരം സിദ്ധിക്കാതെ പോയത്.

## വടക്കേടത്തു കൊച്ചുശങ്കരൻമൂസ്സത്

### ചരിത്രം

വടക്കേടത്തു കൊച്ചുശങ്കരൻ മൂസ്സതു തൃപ്പറയാറ്റു വടക്കേടത്തില്ലത്തിൽ ജനിച്ചു. ആ ഇല്ലം ഇപ്പോഴില്ലെന്നറിയുന്നു. അതിന്റെ ശാഖകളാണ് പെരുവനത്തു കറുത്തമിറ്റവും വെച്ചൂർ കൊളശ്ശേരിയും ഇല്ലങ്ങൾ. മൂസ്സതും ദേശമംഗലത്ത് ഉഴുത്തിര വാരിയരോടാണ് വ്യാകരണം അഭ്യസിച്ചത് എന്നുള്ളതു പ്രസിദ്ധമാകയാൽ പത്താം ശതകത്തിന്റെ ഉത്തരാർദ്ധമാണ് അദ്ദേഹത്തിന്റെ കാലമെന്ന് ഉറപ്പിച്ചു പറയാം. ഭാഷാചരിത്രത്തിൽ അദ്ദേഹം 950-ആമാണ്ടിനും 1008-ആമാണ്ടിനും ഇടയ്ക്കു ജീവിച്ചിരുന്നതായി പറയുന്നു. ആ കാലഗണന അംഗീകരിക്കാവുന്നതാണു. വ്യാകരണത്തിലും വേദാന്തത്തിലും മൂസ്സതു പാരംഗതനായിത്തീർന്നു. വളരെക്കാലം പാലിയത്തു താമസിച്ച് അവിടത്തെ കുടുംബാംഗങ്ങളെ സംസ്കൃതം പഠിപ്പിച്ചു. അദ്ദേഹം തന്നെയാണ് അവിടത്തെ ഗ്രന്ഥപ്പുരയും പരിഷ്കരിച്ചത്. കറുത്തമിറ്റത്തെ ഇല്ലം പാലിയത്തുനിന്നു പണിയിച്ചുകൊടുത്തതാണ്. ആ ഇല്ലത്തേക്ക് ഇന്നും ഗുരുദക്ഷിണയെന്ന നിലയിൽ ആണ്ടുതോറും ഒരു ആദായം അവിടെനിന്നു കിട്ടി വരുന്നുമുണ്ട്. മൂസ്സതു സിദ്ധാന്തകൗമുദി പൂർവാർദ്ധത്തിനും ഭാഗവതം ഏകാദശസ്കന്ധത്തിനും ഓരോ വ്യാഖ്യാനം രചിച്ചിട്ടുള്ളതിനു പുറമെ ധാതുപാഠകാരിക എന്നൊരു വ്യാകരണ ഗ്രന്ഥവും നിർമ്മിച്ചിട്ടുണ്ട്. ആദ്യത്തേതിന് അർത്ഥപ്രകാശിക എന്നും രണ്ടാമത്തേതിനു സദർത്ഥപ്രകാശിക എന്നുമാണ് സംജ്ഞ കല്പിച്ചിരിക്കുന്നത്. അർത്ഥപ്രകാശികയ്ക്കു വിമർശിനി എന്നും പേരുണ്ട്. ഏകാദശസ്കന്ധത്തിലെ 31 അധ്യായങ്ങളിൽ ആദ്യത്തെ 20 അധ്യായങ്ങൾക്കുള്ള വ്യാഖ്യാനമേ ഞാൻ കണ്ടിട്ടുള്ളു. രണ്ടു വ്യാഖ്യാനങ്ങളും സർവങ്കഷങ്ങളും മൂസ്സതിന്റെ അന്യാദൃശമായ വൈദുഷ്യത്തിനു മൂർദ്ധാഭിഷിക്തോദാഹരണങ്ങളുമാകുന്നു.

### അർത്ഥപ്രകാശിക

പ്രസ്തുതവ്യാഖ്യാനം ഇങ്ങനെ ആരംഭിക്കുന്നു.

> "ജടാജൂടഗൂഢഹ്രദിന്യംബുപാത-
> ത്രുടദ്ഭസ്മകണ്ഠസ്ഫുരൽകാളകൂടഃ
> നടാനാം വരേണ്യസ്സ്വനൃത്താവസാനേ
> കടാക്ഷേണ മാം പാലയേന്നീലകണ്ഠഃ.
>
> മദ്ഗുരും തദ്ഗുരൂൻ നത്വാ സദ്ഗുണാന്മദ്ഗുണന്മുനീൻ
> വ്യാഖ്യാം സിദ്ധാന്തകൗമുദ്യാഃ കരോമ്യർത്ഥപ്രകാശികാം."

താഴെക്കാണുന്ന ശ്ലോകങ്ങൾ അതിലുള്ളവയാണ്.

> "ശങ്കരശങ്കരവിപ്രഗ്രഥിതായാം കൗമുദീവിമർശിന്യാം
> ഇത്ഥമജന്തനപുംസകലിംഗാസ്സമ്യഗ്വിചാരിതാഃ ക്രമശഃ."
> "കേരളശങ്കരബാഡവശങ്കരകൃതകൗമുദീവിമർശിന്യാം
> ക്ലീബഹലന്തവിചാരസ്സമാപിതോഥാവ്യയാർത്ഥസുവിമർശഃ."

ശങ്കരബാഡവൻ എന്നാൽ ശിവദ്വിജൻ – അതായതു മൂത്തത് – എന്നർത്ഥം. മഹാഭാഷ്യം, നാഗോജിഭട്ടന്റെ ലഘുശബ്ദേന്ദുശേഖരം, ഭോജരാജാവിന്റെ ശൃങ്ഗാരപ്രകാശം തുടങ്ങിയ പല പൂർവ്വഗ്രന്ഥങ്ങളേയും മൂസ്സതു സന്ദർഭോചിതമായി സ്മരിക്ക

ന്നുണ്ട്. ആവശ്യമുള്ള ഘട്ടങ്ങളിൽ മേല്പുത്തൂർ ഭട്ടതിരിയെ അനുകരിച്ചു കാരികകളും രചിച്ചു ചേർത്തിരിക്കുന്നു.

"വിസ്തരസ്ത്വിഹ വിജ്ഞേയോ ബൃഹച്ഛബ്ദേന്ദുശേഖരാൽ
ഇത്യുക്തം നാഗഭട്ടേന ലഘുശബ്ദേന്ദുശേഖരേ.

ദ്വന്ദ്വമവ്യയമിത്യാഹ ശൃങ്ഗാരേ ഭോജഭൂപതിഃ,
ക്രിയാവിശേഷണമിതി പരേ പ്രാഹുർമ്മനീഷിണഃ.

ദ്വന്ദ്വം മന്ത്രയതേമാത്യൈസ്സ്വസ്രാ ദ്വന്ദ്വം യയുർവയഃ
പാരാവതാഖ്യാ യുദ്ധേഷു ദ്വന്ദ്വം തിഷ്ഠന്തി സൈനികാഃ.

യജ്ഞപാത്രപ്രയോഗേ തു ദ്വന്ദ്വം പാത്രാണി സാദയേൽ
അഭിവ്യക്തിഃ പ്രസിദ്ധിസ്സ്യാദ് ദ്വന്ദ്വം പർവതനാരദേ."

## സദർത്ഥപ്രകാശിക

സദർത്ഥപ്രകാശിക ആരംഭിക്കുന്നതു താഴെക്കാണുന്ന വിധത്തിലാണ്.

"പരപദമധിരോഢും പ്രാർത്ഥിതഃ പാദ്മമുഖ്യൈ-
ദ്ധരണിഭരനിരാസശ്രാന്തിഭാരാദിവൈകഃ
രഹസി നിജരഹസ്യം പ്രോച്യ സഖ്യേ നിവിഷ്ട-
സ്സഹസിതമുഖപദ്മസ്തായതാം നോ മുകുന്ദഃ.

നിജശിഷ്യപാലിയേശപ്രാർത്ഥനയാ ശങ്കരാഖ്യശിവവിപ്രഃ
ഭാഗവതൈകാദശഗാഃ പ്രാക്തനവിവൃതീസ്സമുച്ചിനോമ്യദ്യ.

പ്രവൃത്തിതഃ പരാനന്ദകൃഷ്ണക്രീഡാനുവർണ്ണിതാ
തന്നിവൃത്ത്യാ പരാനന്ദപദാരോഹോനുവർണ്ണ്യതേ."

തന്റെ ശിഷ്യനായ പാലിയത്തച്ചന്റെ അപേക്ഷയനുസരിച്ചാണ് പ്രസ്തുതകൃതി രചിച്ചതെന്നു രണ്ടാമത്തെ ശ്ലോകത്തിൽ നിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ദശമസ്കന്ധത്തിൽ ആചാര്യൻ ശ്രീകൃഷ്ണഭഗവാന്റെ ലീലകൾ വർണ്ണിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ജനങ്ങളെ ആ ലീല ശ്രവിക്കുകയും സ്മരിക്കുകയും ചെയ്തു ഭക്ത്യുന്മുഖരാക്കുന്നതിനാണെന്നും തദനന്തരം ഏകാദശസ്കന്ധത്തിൽ അവർക്ക് ആത്മതത്ത്വോപദേശം ചെയ്യുന്നു എന്നും വ്യാഖ്യാതാവു വിശദീകരിക്കുന്നു. മൂസ്സതു ലക്ഷ്മീധരന്റെ അമൃതതരങ്ഗിണിയേയും രാഘവാനന്ദന്റെ കൃഷ്ണപദിയേയുമാണ് പ്രായേണ ഉപജീവിക്കുന്നതെങ്കിലും സ്വകപോലകല്പിതമായും അദ്ദേഹം പല രഹസ്യാർത്ഥങ്ങളും ഉൽഘാടനം ചെയ്യുന്നുണ്ട്. ഈ മൂന്നു വ്യാഖ്യാനങ്ങളും "തദർത്ഥങ്ങളെ സമ്യക്കായ് പ്രകാശനം ചെയ്യുന്നു" എന്നാണ് അദ്ദേഹം പറയുന്നത്. കൃഷ്ണശബ്ദത്തിനു സദാനന്ദാത്മകത്വവും മറ്റും വ്യാകരണരീത്യാ നിഷ്പാദിപ്പിക്കുന്നതു വിസ്മയകരമായിരിക്കുന്നു.

## ധാതുപാഠകാരിക

ഈ ഗ്രന്ഥത്തിന്റെ ഉപക്രമം താഴെക്കാണുന്ന വിധത്തിലാണ്.

"ശാന്തമപിയൽ സ്വകീയൈഃ കാന്തിഭരൈർദ്ധ്വാന്തമാന്തരംഹന്തി ഹന്ത!
മമ സിന്ദുരാസ്യം ഹന്തു മഹസ്തിമിരമന്തരായാഖ്യം
അകല്ക്കകാരുണ്യരസാവസേകാ-
ച്ചികിത്സകൗഘൈരചികിത്സ്യമാന്ധ്യം
ലോകസ്യ യാ സംശമയേദ് ഗിരാന്താ-
മേകാവലംബാം ജനനീമുപാസേ.

ധൂമക്രോഡപതിശ്ശംഭുഃ സോമഃ പുരുവനാധിപഃ
രാമശ്ചന്ദ്രനദീനാഥശ്ചാമോദം പ്രദിശന്തു മേ.

ഗുരുപാദാംബുജധ്യാനപരിശോധിതമാനസാഃ
പ്രക്രിയാപൂർവസർവസ്വധാതുഖണ്ഡപയോനിധേഃ,
സാരസർവസ്വമുദ്ധർത്തും സഹായാസ്സന്തു മേ ബുധാഃ."

പ്രക്രിയാസർവസ്വത്തിലെ ധാതുഖണ്ഡത്തിന്റെ സാരസർവസ്വമാണ് കാരിക. മൂസ്സതിന്റെ പ്രകൃഷ്ടമായ വൈയാകരണത്വത്തിനു പ്രസ്തുത ഗ്രന്ഥവും നിദർശനമായി നിലകൊള്ളുന്നു.

കുമാരസംഭവത്തിലെ "സപ്തർഷിഹസ്താപചിതാവശേഷാണി" എന്ന ശ്ലോകത്തിൽ ആദ്യത്തെ പദം കർമ്മധാരയസമാസമാണെന്നു മൂസ്സതും തൽപുരുഷസമാസമാണെന്നു കൊടുങ്ങല്ലൂരെ ഒരു തമ്പുരാനും വാദിക്കുകയും ഇരുകൂട്ടരും പന്തളം സുബ്രഹ്മണ്യശാസ്ത്രികളെ സന്ദേഹപരിഹാരത്തിനു ക്ഷണിക്കുകയും ചെയ്തു. മല്ലിനാഥന്റെ വ്യാഖ്യാനമനുസരിച്ചു ശാസ്ത്രികൾ പ്രകൃതത്തിൽ സമാസം തൽപുരുഷനാണെന്നു വിധിച്ചു. എന്നാൽ മൂസ്സതിന് അവലംബം അണ്ണാമലയുടെ വ്യാഖ്യാനമായിരുന്നു.

"അരുണാചലനാഥസാധുജുഷ്ടേ
കരുണാവാരിധിമദ്ഗുരൂപദിഷ്ടേ
സരസേ പഥി കർമ്മധാരയാഖ്യേ
പ്രതിപദ്യേത ഹി കാപഥം കഥം ജ്ഞഃ?"

എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം.

## കടത്തനാട്ടു ശങ്കരവർമ്മത്തമ്പുരാൻ — ചരിത്രം

കടത്തനാട്ടു ശങ്കരവർമ്മത്തമ്പുരാൻ 976-ആമാണ്ടിടയ്ക്കു ജനിച്ചു. പ്രസിദ്ധമായ പൊറളാതിരി രാജവംശാത്തിലെ ഒരങ്ഗമായിരുന്നു അദ്ദേഹം. 'ഒഞ്ചിയിൽ അപ്പത്തമ്പുരാൻ' എന്ന പേരിലാണ് വടക്കേ മലബാറിൽ ഇന്നും അദ്ദേഹം അധികമായി സ്മരിക്കപ്പെടുന്നത്. കടത്തനാട്ടു രാജാക്കന്മാരുടെ കുലദൈവതമായ ലോകനാർകാവിൽ ഭഗവതി(ലോകാംബ)യുടെ നിത്യോപാസകനും വിശിഷ്ടകവിയും സർവോപരി അനുഗൃഹീതനായ ഒരു ദൈവജ്ഞനുമായിരുന്നു അപ്പത്തമ്പുരാൻ. സ്വാതിതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്തു (1005-ആമാണ്ട്) തിരുവനന്തപുരത്തു വന്ന് അവിടത്തേയും അച്ഛൻ ചങ്ങനാശ്ശേരി രാജാ രവിവർമ്മകോയിത്തമ്പുരാന്റേയും കിളിമാനൂർ വിദ്വാൻ ചെറുണ്ണിക്കോയിത്തമ്പുരാന്റേയും ജാതകങ്ങൾ നിഷ്കൃഷ്ടമായി മരണദിനങ്ങൾകൂടി കാണിച്ച് എഴുതിക്കൊടുത്തു തൃക്കയ്യിൽനിന്നു 3636 പണം സമ്മാനം വാങ്ങി. താൻ 1014-ആമാണ്ടു മരിക്കുമെന്നുള്ള വസ്തുതയും അദ്ദേഹം തിരുമന

സ്സറിയിച്ചിരുന്നു. അതുപോലെതന്നെ ആ നിര്യാണം സംഭവിച്ചു എന്നറിഞ്ഞപ്പോൾ ഒന്നിലധികം കാരണങ്ങളാൽ അവിടുന്നു വിഷർണ്ണനായിത്തീർന്നു എന്നു പുരാവിത്തുകൾ പറയുന്നു.

## സദ്രത്നമാല

ശങ്കരവർമ്മത്തമ്പുരാന്റെ കൃതികളിൽ സദ്രത്നമാല എന്ന ഗണിതഗ്രന്ഥംമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ഗണിതവിഷയത്തിൽ കേരളീയർ പ്രമാണത്വേന അങ്ഗീകരിച്ചിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമാണതു്. ആറു പ്രകരണങ്ങൾ ആചാര്യൻ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സദ്രത്നമാലയുടെ പീഠികാരൂപത്തിൽ നിബന്ധിച്ചിട്ടുള്ള ശ്ലോകങ്ങളാണു് ചുവടേ ചേർക്കുന്നതു്.

“ശ്രീപാർവത്യാശ്ച ലോകാവനിധരമഹിതാ-
ഗാരസാന്നിധ്യവത്യാഃ
പാദാംഭോജം ഗുരൂണാമപി സതതമനു-
സ്മൃത്യ നത്വാരുണാദീൻ,
ജ്യോതിശ്ശാസ്ത്രാബ്ധികീർണ്ണാം വിശദഗണിതസാ-
രോക്തിസദ്രത്നമാലാം
സംക്ഷിപ്യൈനാം ലിഖാമഃ പിപഠിഷുജനസ-
ന്ധാരണസ്വല്പയത്നാം.

നിരുപാദികൃപാനിധീനുപാസേ
ക്ഷിതിപീയൂഷഭുജഷോ മഹാനുഭാവാൻ
യദനുഗ്രഹതോ വിധൂതദോഷഃ
പരിപൂർണ്ണാഖിലമങ്ഗലോ ഭവേയം.

ശ്രീപോർളാതിരിവംശമൗക്തികമണേഃ ശ്രീകേരളാലംകൃതേ-
രാര്യസ്യോദയവർമ്മണശ്ശുഭമതേഃ ശ്രീഭൈമിഭൂമീപതേഃ
ശ്രീമത്സോദരരാമവർമ്മയുവരാജാര്യാജ്ഞയാ തന്യതേ
തന്ത്രം ശങ്കരവർമ്മണേദമഖിലജ്യോതിർവിദാം പ്രീതയേ.

ക്വേദമതിനിഗൂഢാർത്ഥം ജ്യോതിശ്ശാശാസ്ത്രം? ക്വ ചാഹമലസമതി?ഃ
ശ്രീഗുരുചരണാംബുരുഹസ്മരണം കിം കിം ന സാധയതി?”

ഈ പദ്യങ്ങളിൽനിന്നു് അന്നത്തെ കടത്തനാട്ടുരാജാവു് ഉദയവർമ്മത്തമ്പുരാനും യുവരാജാവു രാമവർമ്മത്തമ്പുരാനുമായിരുന്നു എന്നും തന്റെ ജ്യേഷ്ഠനായ ആ രാമവർമ്മത്തമ്പുരാന്റെ ആജ്ഞ നിമിത്തമാണു് ശങ്കരവർമ്മത്തമ്പുരാൻ പ്രസ്തുത തന്ത്രം രചിച്ചതെന്നും സ്ഫുടീഭവിക്കുന്നു. ‘ഭൈമീ’ എന്നാൽ ഘടോൽകചൻ. കടത്തനാട്ടിനു സംസ്കൃതത്തിൽ ഘടോൽകചദേശം എന്നാണു് സംജ്ഞ.

ഗ്രന്ഥാവസാനത്തിൽ കലിസംഖ്യ കാണിക്കുന്ന ഒരു പദ്യം ഘടിപ്പിച്ചിട്ടുണ്ടു്.

“ലോകാദ്യാരാമവാസേ ത്രിദശമുനിസുസം-
ഘാതപദ്യോത്താമാഢ്യാ
ലോകാക്ഷിപ്രീതിദാ സ്വർണ്ണമയഗുണയുതാ
ത്വൽപദാലംകൃതേയം

ലോകൈസ്സദ്രത്നമാലാ ഘനസുപരിമളാ
ധാര്യതേ യൈസ്തു കണ്ഠേ
ലോകാംബാസിദ്ധസേവ്യേ കലയ സതതമേ-
തേഷു സന്മംഗളാനി."

ഈ പദ്യത്തിൽ "ലോകാംബാസിദ്ധസേവ്യേ" എന്ന കലിവാക്യം 999-ആമാണ്ടാണ് സദ്രത്നമായുടെ നിർമ്മിതി എന്നു സൂചിപ്പിക്കുന്നു. ഗ്രന്ഥകാരനു പാശ്ചാത്യസംപ്രദായത്തിലുള്ള ഗണിതവും അറിവുണ്ടായിരുന്നു എന്നു പ്രസ്തുതകൃതിയിൽനിന്ന് അഭിജ്ഞന്മാർ സയുക്തികമായി അനുമാനിക്കുന്നു.

## സദ്രത്നമാലയുടെ ഭാഷാവ്യാഖ്യാനം

ഈ ഗ്രന്ഥത്തിന് ഭാഷാവ്യാഖ്യാ ഏതോ ഒരു പണ്ഡിതൻ രചിച്ചിട്ടുണ്ട്. അതിന്റെ സ്വരൂപം അധോലിഖിതങ്ങളായ പംക്തികളിൽനിന്നു വെളിവാകുന്നതാണ്.

"അവിടെ നടേ ഗണിതപ്രത്യക്ഷം സംഖ്യാരൂപേണ ആകയാൽ അതിന്റെ സംജ്ഞകളെ പറയുന്നു – ഏകമിത്യാദി . . . പരാർദ്ധം. ഇങ്ങിനെ പതിനെട്ടു സ്ഥാനത്തിനും മേല്പെട്ടും സംഖ്യകൾക്ക് അവധി ഇല്ല. എങ്കിലും അവറ്റകൾക്കു വേറെ പേരിട്ടിട്ടില്ല. ഒന്നിന്റെ കിഴ്പെട്ടും ഒന്നിന്റെ ദശാംശം, ശതാംശം, സഹസ്രാംശം, കോട്യംശം, പരാർദ്ധാംശം ഇങ്ങിനെ ഊഹിച്ചുകൊള്ളുക."

## രണ്ടു മുക്തകങ്ങൾ

ശങ്കരവർമ്മത്തമ്പുരാൻ ലോകാംബയെപ്പറ്റി നിർമ്മിച്ചിട്ടുള്ള ഒരു ശ്ലോകം പ്രസിദ്ധമാണ്.

"വിശ്വാസസാക്ഷിണി! ശിവേ! പരിപാഹീ-
ത്യർത്ഥനാം മമ വൃഥാ യദി കുര്യാഃ
വിഷ്ഠിഗൃധ്രപുരതശ്ശവഭോക്തുഃ
ക്രോഷ്ടുരംബ! തവ നാസ്തി വിശേഷഃ."

മറ്റേത് ഒരു യമകാലംകൃതമായ ഭാഷോശ്ലോകമാണ്.

"ശിവ ശിവ ലിംഗം പോയീ
ക്ഷേത്രങ്ങളിലും, നുണാഞ്ച ലിംഗം പോയീ,
സതിമാരുമ്മാറായീ,
സാമിഷമന്നം ദ്വിജർക്കുമുമ്മാറായീ."

ഇതിൽ ടിപ്പുവിന്റെ കലാപകാലത്തിൽ മലബാറിലെ ഹിന്ദുക്കളുടെ ശോച്യാവസ്ഥയെ കവി വർണ്ണിക്കുന്നു.

## ശ്രീകൃഷ്ണചരിതം കാവ്യം

ചിറക്കൽത്താലൂക്കിൽ കരിവെള്ളൂർ കോട്ടൂർ നമ്പിയാരേയും അദ്ദേഹത്തിന്റെ കുചേലകഥ കൈകൊട്ടിക്കളിപ്പാട്ടിനേയും പറ്റി അടുത്ത അധ്യായത്തിൽ പ്രസ്താവിക്കും. ശ്രീകൃഷ്ണചരിതം എന്ന സംസ്കൃതകാവ്യത്തിന്റെ കർത്താവായ കോട്ടൂർ നമ്പീശൻ മറ്റൊരു ദേശക്കാരനാണ്. അദ്ദേഹത്തിന്റെ ഗൃഹം കൊയിലാണ്ടി തീവണ്ടി

സ്റ്റേഷനിൽനിന്ന് ഉദ്ദേശം എട്ടു നാഴിക കിഴക്കു മാറി സ്ഥിതിചെയ്യുന്നു. അവിടെ ത്തന്നെയാണ് വേട്ടയ്ക്കൊരുമകന്റെ നിത്യസാന്നിധ്യത്താൽ പ്രസിദ്ധമായ പാലി ശ്ശേരിക്കോട്ട. ഈ നമ്പീശൻ കവിവരേണ്യനായ കടത്തനാട്ടു വാസുനമ്പിയുടെ പൂർവികനാണ്. ചില ശ്ലോകങ്ങൾ പകർത്തുന്നു.

"ശ്രീമൽക്രോഷ്ട പുരാധീശം പ്രണിപത്യ രമാപതിം
ശ്രീകൃഷ്ണചരിതം വക്ഷ്യേ ശ്രീശുകേന പ്രകീർത്തിതം.

പുരാ വിദർഭവിഷയേ സർവസമ്പത്സമന്വിതഃ
ആസീൽ സർവഗുണോപേതോ ഭീഷ്മകോ നാമ ഭൂപതിഃ.

രുക്മിപ്രഭൃതയോ രാജ്ഞസ്തസ്യാസൻ പഞ്ച സൂനവഃ
രുക്മിണീതി സ്വസാ തേഷാം കന്യാ കാചന ചാഭവൽ.

കന്യകാജന്മതോ രാജാ ധന്യോഭൂന്മുദിതോ ഭൃശം
സർവേ ജനാഃ പ്രീതിമാപുസ്തയാ കോമളരൂപയാ."

ശ്രീകൃഷ്ണചരിതമെന്നാണ് പേരെങ്കിലും രുക്മിണി സ്വയംവരം കഥ മാത്രമേ അതിൽ പ്രതിപാദിക്കപ്പെട്ടുന്നുള്ളു. ശ്രീരാമോദന്തത്തെ അനുകരിച്ചാണ് പ്രസ്തുതകൃതി രചി ച്ചിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ.

## ദമയന്തീകല്യാണം നാടകം

ദമയന്തീകല്യാണം നാടകം ദ്രാവിഡദേശീയനായ രംഗനാഥൻ എന്നൊരു കവിയു ടെ വാങ്മയമാണ്. ഗ്രന്ഥത്തിന്റെ രചന ശുചീന്ദ്രത്തുവച്ചായിരുന്നു. "ജനസ്യ കര തലേപി സുകൃതം ദൃഷ്ടതഞ്ച ചിത്രഭാനുസാക്ഷിത്വാൽ തസ്യ ശുചീന്ദ്രാഖ്യസ്യ ശ്രീപ രമേശ്വരസ്യ ഭഗവതോ വസന്തോത്സവം വിലോകയിതുമധികോത്സുകത്വേന സമാ ഗതാനാം. . . " എന്നു പ്രസ്താവനയിൽ കാണുന്നു. കാലം കാർത്തികതിരുനാൾ മഹാരാജാവിന്റേതാണോ എന്നു നിശ്ചയമില്ല. സ്വദേശത്തെപ്പറ്റിയും തന്നെപ്പറ്റി യും അദ്ദേഹം ഇങ്ങനെ പറയുന്നു.

"മുനേരഗസ്ത്യസ്യ സമീപവാസാ-
ന്മുക്താപദോ യത്ര ജനാ വസന്തി;
മുഖ്യാ സരിദ് ഭാതി ച താമ്രവർണ്ണീ
മുക്താഫലം ഭൂഷണമേവ പൃഥ്വ്യാഃ.

യസ്മിൻ മഹീസുരവരാ മഹതാം മഹിമ്നാം
സീമാന ഏവ നിയമൈകപരാഃ പ്രഥന്തേ;
യേഷാം ത്രയീജപവിധൗ ഭഗവാന്മഹേന്ദ്രോ
ഹർഷേണ വർഷതി നിതാന്തമവഗ്രഹേ ച.
ശ്രീരംഗനാമാ കവിരത്നമത്ര
ഷട്കർമ്മചൂഡാഭരണം വിഭാതി
മഹീയസോ യസ്യ ഗിരാമഗമ്യം
മാഹാത്മ്യമത്യന്തപവിത്രചിത്രം.

വിദ്വജ്ജനാഭ്യർത്ഥനയൈവ ലക്ഷ്യം
സാധുത്വമേതസ്യ ഹി നാടകസ്യ
വൈകുണ്ഠകണ്ഠാസികയാനുമേയോ
ഗുണപ്രകർഷഃ ഖലു കൗസ്തുഭസ്യ.”

കവിത മനോഹരമാണ്. താഴെ ഉദ്ധരിക്കുന്ന നാന്ദീശ്ലോകങ്ങൾതന്നെ നോക്കുക.

“ശൃംഗാരാർദ്രതയാ ദ്രവീകൃതനവശ്രീഹീരചന്ദ്രോപലാ
ഭംഗ്യാ ഭക്തജനാവലീകുമുദിനീമോദം മുഹുസ്തന്വതീ
വൈമല്യപ്രസരപ്രസാദിതസമസ്താംഗാചകോരാംഗനാ
മംഗല്യം വിതനോതു വോ മുരരിപോർമ്മന്ദസ്മിതേന്ദുപ്രഭാ.

കല്യാ കല്യാണദാനേ ജഗതി ഖലു രമാ
യസ്യ കാന്താതികാന്താ
ലോകാലോകായ ഹേതു ബഹുലതരതമോ-
മോചനേ ലോചനേ ച
സാരം സാരംഗചഞ്ചദ്ദരമപി ദരഹാ-
സം ദധാനഃപ്രധാനം
ഭൂയോ ഭൂയോപി ഭദ്രം വിതരതു സ കൃപാ-
സദ്മാ വഃ പദ്മനാഭഃ”

രണ്ടാമത്തെ ശ്ലോകത്തിൽ കവി വന്ദിക്കുന്നതു തിരുവനന്തപുരത്തെ ശ്രീപത്മനാഭമൂർത്തിയെയാണ്.

# 40
# കിളിപ്പാട്ടുകളും ആട്ടക്കഥകളും

(ക്രി. പി. പതിനെട്ടാം ശതകം, ഉത്തരാർദ്ധം തുടർച്ച)

## കല്ലേക്കുളങ്ങര രാഘവപ്പിഷാരടി (൯൦൦-൯൭൦)

### ജീവചരിത്രം

പാലക്കാട്ടുതാലൂക്കിൽ അകത്തേത്തറ അംശത്തിൽ ഒലവക്കോട്ടു തീവണ്ടിസ്റ്റേഷനിൽനിന്ന് അര മൈൽ വടക്കുകിഴക്കായി കല്ലേക്കുളങ്ങര എന്ന പ്രസിദ്ധമായ ഒരു ഭഗവതീക്ഷേത്രവും അതിനു സ്വല്പം തെക്കു മാറി ഒരു ശിവക്ഷേത്രവുമുണ്ട്. കല്ലേക്കുളങ്ങര ഭഗവതിയെ ഏമൂർ (എരുമയൂർ) ഭഗവതി എന്നും പറയുന്നു. ശിവക്ഷേത്രത്തിന്റെ വടക്കേ നടയിൽ മതിലിനെ തൊട്ടുള്ളതാണ് രാഘവപ്പിഷാരടി ജനിച്ച പിഷാരം. അദ്ദേഹത്തിന്റെ ജീവിതകാലം ൯൦൦-ആമാണ്ടിനും ൯൭൦-ആമാണ്ടിനും ഇടയ്ക്കാണെന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. പിഷാരടിയെ സംസ്കൃതം അഭ്യസിപ്പിച്ചതു സേതുമാഹാത്മ്യത്തിൽ "കൃഷ്ണനാമഗ്രജന്റെ കാരുണ്യമുണ്ടാകണം" എന്നും, വേതാളചരിത്രത്തിൽ "വിഷ്ണുപാദാനുഷക്തൻ കൃഷ്ണനാം ഗുരുവിന്റെ ധൃഷ്ണുവാം കൃപയ്ക്കെന്നിൽത്തൃഷ്ണ ചെറ്റുണ്ടാകണം" എന്നും അദ്ദേഹം വന്ദിച്ചിട്ടുള്ള തന്റെ ജ്യേഷ്ഠൻ കൃഷ്ണപ്പിഷാരടി തന്നെയായിരിക്കണം. ആ ഭാഷയിൽ വ്യാകരണാന്തം പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചതിനു പുറമേ കവി ജ്യോതിഷത്തിലും നിപുണനായിത്തീർന്നു. തദനന്തരം ഒരു വിദ്യാലയം സ്വന്തമായി ഏർപ്പെടുത്തി അതിൽ ശിഷ്യന്മാരെ സംസ്കൃതം പഠിപ്പിച്ചു താമസിക്കുകനിമിത്തം അക്കാലത്ത് അദ്ദേഹം മണലൂരെഴുത്തച്ഛൻ എന്ന പേരിൽ അറിയപ്പെട്ടുവന്നു. പിഷാരടിയുടെ പ്രധാന ശിഷ്യൻ കടിയംകുളത്തു ശ്രൂപ്പമേനോനാണ്. മേനോൻ കാവേരീമാഹാത്മ്യത്തിൽ "ഗോവൃന്ദാരകന്മാരും രാഘവാചാര്യേന്ദ്രനും ഗോവിന്ദാചാര്യൻതാനും തുണപ്പാൻ വന്ദിക്കുന്നേൻ" എന്നും "ധീമന്മാനസഹംസമണലൂരാചാര്യേന്ദ്രശ്രീമൽപാരമ്പര്യക്ഷീരാബ്ധിശീകരഭൃതൻ" എന്നും തേനാരിമാഹാത്മ്യത്തിൽ "രാഘവനായ ഗുരുനാഥന്റെ കൃപാബലം ലാഘവമെന്നിയേ സംപൂർണ്ണമായുണ്ടാകണം" എന്നുമുള്ള പംക്തികളിൽ സ്മരിച്ചിട്ടുള്ള രാഘവനും മണലൂരാചാര്യനും അദ്ദേഹമാകുന്നു. പാരമ്പര്യശബ്ദത്തിനു ഗുരുശിഷ്യബന്ധമെന്ന് അർത്ഥം കല്പിച്ചാൽ മതി എന്നു തോന്നുന്നു. മണലൂരാണ് പിഷാരടിയുടെ മൂലകുടുംബം എന്നറിയാം. പിഷാരടിക്കുമുൻപ് ആ കുടുംബത്തിൽ പണ്ഡിതനായ മറ്റൊരു സംസ്കൃതാധ്യാപകൻ ജീവിച്ചിരുന്നു എന്നും

അദ്ദേഹത്തെയാണ് ശ്രുപ്പമേനോൻ പരാമർശിക്കുന്നതെന്നും വരാനും പാടില്ലായ്കയില്ല. എന്നാൽ അതിനു തെളിവൊന്നും കിട്ടീട്ടില്ല.

അതിൽപ്പിന്നീടു പിഷാരടി അന്നത്തെ പാലക്കാട്ടു രാജാവായ ഇട്ടിക്കോമ്പി അച്ചന്റെ സദസ്യനായിത്തീർന്നു. വേതാളചരിത്രവും പഞ്ചതന്ത്രവും ആ രാജാവിന്റെ നിയോഗമനുസരിച്ചാണ് അദ്ദേഹം നിർമ്മിച്ചത്.

"അതിപാമരനഹം മതിപോലിട്ടിക്കോമ്പി–
ക്ഷിതിപാജ്ഞയാ പുനരിതു ഭാഷയാക്കുവൻ:
തരണിനിയോഗത്താലരുണൻപോലും തമോ–
ഹരണം ചെയ്യുന്നീലേ കിരണമില്ലായ്കിലും?"

എന്ന് ആദ്യത്തെ ഗ്രന്ഥത്തിന്റെ ആരംഭത്തിലും

"ഹരിചരണസരസിജമധൂളിമധുവ്രതൻ
ഹാരിദ്രവർണ്ണപ്രഭഞ്ജനാങ്ഗപ്രഭൻ
വിമതവനദവദഹനബാഹുപ്രതാപവാൻ
വീര്യാഭിരാമനിട്ടിക്കോമ്പിമന്നവൻ
പലരുമറിവതിനു ശുഭകഥകളിതി ഭാഷയായ്–
പ്പാടീടുമാറാക്കുവാൻ നിയോഗിക്കയാൽ
മതിമഹിമ മയി ചെറുതുമില്ലെന്നിരിക്കിലും
മാനം നടിച്ചിവണ്ണം ചമച്ചീടിനേൻ"

എന്ന് അവസാനത്തിലും മാത്രമല്ല, ഓരോ കഥയുടേയും ഉപസംഹാരത്തിലും കവി തന്റെ പുരസ്കർത്താവിനെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

പഞ്ചതന്ത്രത്തിലും

"കൂടലർകാലനിട്ടിക്കോമ്പിമന്നവൻ
ഗൂഢമാം പഞ്ചതന്ത്രം ഭാഷയാക്കുവാൻ
മൂഢനാമെന്നോടു ശാസനം ചെയ്കയാൽ–
ത്തേടുന്നു ഞാനിതിന്നാഗ്രഹം മാനസേ"

എന്നൊരു പ്രസ്താവന കാണുന്നുണ്ട്.

പാലക്കാട്ടുദേശം ഹൈദർ 932-ആമാണ്ടിടയ്ക്കു കീഴടക്കിയപ്പോൾ അച്ചൻ അദ്ദേഹത്തിന്റെ സുഹൃത്തായിത്തീർന്നു. ആ ജേതാവിനു പാലക്കാട്ടുകോട്ടയ്ക്കു കല്ലിടുവാൻ മുഹൂർത്തം നിശ്ചയിച്ചതു പിഷാരടിയായിരുന്നു എന്നു പഴമക്കാർ പറയുന്നു. ഹൈദർ കാലാന്തരത്തിൽ അച്ചനെ ബന്ധനസ്ഥനാക്കി ശ്രീരങ്ഗപട്ടണത്തേക്കു കൊണ്ടുപോയപ്പോൾ ഇട്ടിപ്പങ്ങി അച്ചൻ വലിയ രാജാവായി. അദ്ദേഹം നമ്മുടെ കവിയെ പല പ്രകാരത്തിൽ ഉപദ്രവിക്കുകയും അനന്യശരണനായ അദ്ദേഹം തന്റെ മനോവേദന കുലദേവതയായ കല്ലേക്കുളങ്ങര ഭഗവതിയോടു തന്നെ നിവേദനം ചെയ്കയും ചെയ്തു. ആ അവസരത്തിൽ അദ്ദേഹം പാടിയ 'അറ'മാണ് "ധരാധരരാജകന്യേ" എന്ന് ആരംഭിക്കുന്ന ഗാനം,

"ധരാധരരാജകന്യേ! പാഹി മാം
കലിദോഷമോചനേ!
കൊടുമതേടിന പാപപടലം
പൊടിപെടുമാറരുളണം;

മമ കൂടലരും മുടിയണം; കാത്തിടേണം (ധരാധര)

മന്നവനെങ്കിലുമെന്നിൽപ്പകപ്പവൻ
പിന്നെയില്ലെന്നു വരേണം;
അതിനിന്നു നീ വരം തരേണം (ധരാധര)"

എന്നിങ്ങനെ പ്രസ്തുതഗാനം തുടർന്നുപോകുന്നു. ആ ഇട്ടിപ്പങ്ങി അച്ചൻ 967 കന്നിമാസത്തിൽ വെടിവെച്ച് ആത്മഹത്യചെയ്തു. അതു കഴിഞ്ഞു പിഷാരടി തൃപ്പൂണിത്തുറയ്ക്കു പോയി വീരകേരള വർമ്മത്തമ്പുരാനെ ആശ്രയിച്ചു കുറേക്കാലം താമസിച്ചു എന്നു ചിലർ പറയുന്നതിനു തെളിവൊന്നുമില്ല. കവി മരിച്ചതു സ്വദേശത്തുവച്ചുതന്നെയായിരുന്നിരിക്കണം. 990 വരെ അദ്ദേഹം ജീവിച്ചിരുന്നുവോ എന്നുള്ളതും സംശയാസ്പദമാണ്. വേതാള ചരിത്രത്തിന്റെ ഒരു പ്രതീകം 991 മിഥുനമാസത്തിൽ എഴുതിയതു കൊടുങ്ങല്ലൂരിനു സമീപമുള്ള ഒരു ഭവനത്തിൽ നിന്നു കിട്ടീട്ടുണ്ട്.

## കൃതികൾ

രാഘവപ്പിഷാരടിയുടെ കൃതികളായി (1) സേതുമാഹാത്മ്യം (2) വേതാളചരിത്രം (3) പഞ്ചതന്ത്രം ഈ മൂന്നു കിളിപ്പാട്ടുകളും രാവണോത്ഭവം ആട്ടക്കഥയുമേ നമുക്കു ലഭിച്ചിട്ടുള്ളൂ. നളചരിതം അഞ്ചു ദിവസത്തെ ആട്ടക്കഥയായി രചിച്ചിട്ടുള്ള ഒരു ഗ്രന്ഥം തൃപ്പൂണിത്തുറ ഈടുവെപ്പിലുണ്ട്. അതു പിഷാരടിയുടെ വാങ്മയമല്ലെന്നും പ്രത്യുത മധ്വമതാവലംബിയായ വീരകേരളവർമ്മത്തമ്പുരാൻ തന്നെയാണ് അതിന്റെ പ്രണേതാവെന്നും ഉറപ്പിച്ചുതന്നെ പറയാം. ആ നൃത്യപ്രബന്ധത്തിലെ ആദ്യത്തെ ശ്ലോകമാണ് അടിയിൽ ചേർക്കുന്നത്.

"ദേവാഭോ ഹയമേധമുഖ്യമുഖകൃച്ഛ്റീമധ്വശാസ്ത്രാശ്രിതോ
ദേവദ്രുസ്സജനാർത്ഥിനാം പുരഹരേന്ദ്രാനംഗദേവോപമഃ
ഓജഃപ്രാഭവരൂപരൂപസുഗുണേഷ്വാസീൽ സുനീതിസ്സുധീ–
ർഗ്ഗോവിന്ദാംഘ്രിരതസ്സദാ നിഷധഭൂപഞ്ചക്രവർത്തീ നളഃ"

നളമഹാരാജാവിനെ മധ്വശാസ്ത്രാശ്രിതനാണെന്നു വർണ്ണിക്കുന്നതു തമ്പുരാന്റെ കവനപരിപാടിക്കേ യോജിക്കുന്നുള്ളു. അവിടുത്തെ ആട്ടക്കഥകളുടെ കൂട്ടത്തിൽ ഞാൻ നളചരിതം ഉൽപ്പെടുത്തീട്ടുമുണ്ട്. അങ്ങനെ നോക്കുമ്പോൾ രാവണോത്ഭവം തൃപ്പൂണിത്തുറവെച്ചാണ് കവി നിർമ്മിച്ചതെന്നുള്ള ചിലരുടെ അഭ്യൂഹവും അനാസ്പദമാണെന്നു വന്നുകൂടുന്നു.

ചാണക്യസൂത്രം പിഷാരടിയുടെ കൃതിയാണെന്നു വാദിക്കുന്നതും യുക്തിസഹമല്ല. 921-ആമാണ്ടു പകർത്തിയെഴുതിയ ആ കിളിപ്പാട്ടിന്റെ ഒരു പ്രതീകം കണ്ടുകിട്ടീട്ടുണ്ടെന്ന് ഞാൻ ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

## സേതുമാഹാത്മ്യം കിളിപ്പാട്ട്

സേതുമാഹാത്മ്യവും വേതാളചരിത്രവും പിഷാരടിയുടെ രണ്ടു ബൃഹൽകാവ്യങ്ങളാണ്; സേതുമാഹാത്മ്യം (1) ചക്രകാണ്ഡം (2) വേതാളകാണ്ഡം (3) ശ്രീരാമാകാണ്ഡം (4) സാധ്യകാണ്ഡം (5) കല്യാണകാണ്ഡം (6) രാമനാഥകാണ്ഡം എന്നിങ്ങനെ ആറു കാണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കിളിയെക്കൊണ്ടല്ല തന്റെ ഒരു ഗാനകൃതിയിലും കഥ പറയിക്കുന്നത്. നൈമിശാരണ്യത്തിൽ ഒരു കാലത്തു ശൗനകപ്രഭൃതികളായ ഇരുപത്താറായിരം മഹർഷിമാർ തപസ്സുചെയ്തുകൊണ്ടിരുന്ന

അവസരത്തിൽ അവർക്കു മുഖ്യമായ കൈവല്യസാധനം എന്തെന്നുള്ളതിനെപ്പറ്റി സംശയമുണ്ടായി. അപ്പോൾ വ്യാസശിഷ്യനായ സൂതൻ അവിടെ യദൃച്ഛയാ ചെന്നുചേരുകയും അദ്ദേഹത്തോട്ട് അവർ തങ്ങളുടെ ആ സംശയത്തിനു പരിഹാരം നിർദ്ദേശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. സൂതൻ ഉടനെ "ഉണ്ടെടോ രാമേശ്വരമെന്നൊരു ദേവാലയം കണ്ടവർക്കെന്നല്ല കേട്ടവർക്കുമുണ്ടാം മോക്ഷം" എന്നു രാമേശ്വരത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കുവാൻ ആരംഭിക്കുന്നു. അവിടെയുള്ള നാല്പത്തിമൂന്നോളം തീർത്ഥങ്ങളേയും അവ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളേയും കവി സരസമായി പ്രതിപാദിക്കുന്നുണ്ട്. ഭാഷ പ്രായേണ സമാകർഷകമാണെങ്കിലും സംസ്കൃതജടിലമാണ്. കേക, കാകളി, കളകാഞ്ചി ഈ മൂന്നു വൃത്തങ്ങളിലാണ് ഈ കാവ്യവും വേതാളചരിത്രവും നിബന്ധിച്ചിരിക്കുന്നത്.

> "ശങ്കര ശിവ ശിവ! ശങ്കര ശിവ ശിവ!
> ശങ്കര ശിവ ശിവ! ശങ്കര ശിവ ശിവ!
> തിങ്കൾതൻകലയിനാലങ്കിതമൗലേ! മണി–
> ടങ്കശോഭിതപാണിപങ്കജ! മഹാദേവ!
> അങ്കിലോചന! മലമങ്കകൊങ്കയിലണി–
> കുങ്കമാങ്കിതതരപങ്കിലകളേബര!
> സങ്കടാപഹ! വിഭോ! നിൻകഴലിണ പര–
> മെൻകരളിങ്കൽ സദാകാലവും വസിക്കണം"

എന്നിങ്ങനെ ഗ്രന്ഥാരംഭത്തിലുള്ള ഈരടികൾ വായിക്കുമ്പോൾത്തന്നെ നാം കവിതയെ അഭിനന്ദിക്കുവാൻ സന്നദ്ധരാകുന്നു. ചില വരികൾ രാമനാഥകാണ്ഡത്തിൽ നിന്ന് ഉദ്ധരിക്കാം.

> "നമസ്തേ രാമായ സീതാഭിരാമായ തുഭ്യം
> നമസ്തേ ലോകരക്ഷാദീക്ഷിതാനുഭാവായ
> അഹല്യാമോക്ഷപ്രദപാദപാംസവേ നമോ
> മഹത്വാംബുധേ! നിശാചരസംഹർത്ത്രേ നമ:
> താടകാശരീരസമ്പാടനായ തേ നമോ
> ഹാടകാഞ്ചിതഭൂഷാധാരിണേ നമോ നമ:
> കൗശികാധ്വരപ്രത്യൂഹാപഹാരിണേ നമഃ
> കൗശികാരാതിപ്രാണഹാരിണേ നമഃ
> മാരീചസുബാഹുമുഖ്യാശരപ്രണാശിനേ
> ഘോരശാംഭവകോദണ്ഡച്ഛിദേ നമോ നമഃ
> സീതാവല്ലഭായ തേ ലോകഹേതവേ നമഃ
> പൂതചാരിത്രായ തേ സന്തതം നമോ നമഃ
> രേണുകാത്മജപ്രശാന്തിപ്രദായിനേ നമോ
> ബാണകോദണ്ഡാഞ്ചിതപാണയേ നമോ നമഃ"

## വേതാളചരിത്രം കിളിപ്പാട്ട്

പിഷാരടിയുടെ കൃതികളിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനത്തെ അലങ്കരിക്കുന്നതു വേതാളചരിത്രംതന്നെ. അതിനു വേതാളപഞ്ചവിംശതി കഥയെന്നും പേർ കാണുന്നു. സോമദേവന്റെ കഥാസരിത്സാഗരത്തിൽ ദ്വാദശവിഭാഗമായ ശശാങ്കവതീലംബകത്തിലും ക്ഷേമേന്ദ്രന്റെ ബൃഹൽകഥാമഞ്ജരിയിൽ നവമവിഭാഗമായ ശശാങ്കവ

തീലംബകത്തിലും അന്തർഭവിച്ചിരിക്കുന്ന വേതാള പഞ്ചവിംശതികഥതന്നെയാണ് വേതാളചരിത്രത്തിലെയും ഇതിവൃത്തം. പിഷാരടിയുടെ ഗാനം ക്ഷേമേന്ദ്രകൃതിയുടെ ഒരു സ്വതന്ത്രമായ വിവർത്തനമാണെന്നു പറയാം. കവി തന്റെ സകല മനോധർമ്മങ്ങളും ഈ കൃതിയിൽ സമർത്ഥമായി പ്രദർശിപ്പിച്ചിട്ടുണ്ട്. ശബ്ദവിഷയത്തിൽ ഗിരിജാകല്യാണകർത്താവിനേയും അർത്ഥവിഷയത്തിൽ കൃഷ്ണഗാഥാകാരനേയുമാണ് അദ്ദേഹം അനുകരിച്ചിരിക്കുന്നത്. ഭാഷയിലെ ഒന്നാംകിടയിലുള്ള ഒരു കിളിപ്പാട്ടായി വേതാളചരിത്രത്തെ പരിഗണിക്കേണ്ടതാണ്. ഉപക്രമത്തിലുള്ളതും താഴെക്കാണുന്നതുമായ ഈരടികൾ ഗിരിജാകല്യാണത്തിലെ ആ ഘട്ടത്തിലുള്ള ഈരടികളുമായി ഭാവുകന്മാർ തട്ടിച്ചുനോക്കുന്നതു രസകരമായിരിക്കും.

“ഗണനാതീതഗുണൻ ഗണനായകൻ മമ
ഭണനം ചെയ്‌വാനായിത്തുണചെയ്യേണം സദാ.
കനകനിറം പൂണ്ടോരനഘ മഹാലക്ഷ്മി
ഘനകാരുണ്യശീല വിനകൾ തീർത്തിടേണം.
കമലാസനമുഖകമലാലയേ! ദേവി!
വിമലതനോ! മമ ശമലം നീക്കീടേണം.
നന്ദനന്ദനനെയും വന്ദനം ചെയ്തീടുന്നേൻ;
മന്ദനാമെനിക്കിന്നാനന്ദത്തെ നല്കീടേണം.
ഇന്ദിരയ്ക്കനാരതം മന്ദിരഭൂതൻ ജഗൽ–
സുന്ദരൻ ജനാർദ്ദനൻ മന്ദരാചലധരൻ.”

പ്രതിഷ്ഠാനനഗരിയുടെ വർണ്ണനംകൊണ്ടാണ് കഥ ആരംഭിക്കുന്നത്. “പ്രതിഷ്ഠാനാഭിധാനോസ്തി ദേശേ ഗോദാവരീതടേ” എന്നു സോമദേവനും, “ശ്രീത്രിവിക്രമസേനോഭൂൽ പ്രതിഷ്ഠാന പുരേ നൃപഃ” എന്നു ക്ഷേമേന്ദ്രനും മിതഭാഷികളായി നിലകൊള്ളുമ്പോൾ, വാവദൂകനായ പിഷാരടി “ഭുവനാലങ്കാരമായവനീതലേ ലക്ഷ്മീഭവനം പ്രതിഷ്ഠാനനഗരം മനോഹരം” എന്നും മറ്റും അതിന്റെ മാഹാത്മ്യത്തെ മുപ്പത്തിമൂന്ന് ഈരടികളിൽ പ്രപഞ്ചനം ചെയ്യുന്നു. എന്നാൽ

“യദ്യശോദർപ്പണതലേ താരഹാരവിഭൂഷിതൈ:
ബിംബിതേവ വിഭാതി ദ്യൗരിന്ദുമാർത്താണ്ഡകുണ്ഡലാ”

എന്ന ക്ഷേമേന്ദ്രന്റെ പദ്യം പിഷാരടി

“യദ്യശോദർപ്പണത്തിൽ സദ്യശ്ശോഭിക്കും പുന–
രുദ്യത്താരങ്ങളാകും ഹൃദ്യഹാരങ്ങളോടും
ഇന്ദുമാർത്താണ്ഡന്മാരാം സുന്ദരകുണ്ഡലം പൂ–
ണ്ടിന്ദുകാന്തിയാൽ ദ്യോവും മന്ദഹാസിനീ തദാ”

എന്നു ഒരു കേവലവിവർത്തകന്റെ മട്ടിലും ഭാഷപ്പെടുത്തുന്നു. പ്രസ്തുത കൃതിയിൽനിന്ന് ഒരു ഭാഗം മാത്രം ഉദ്ധരിക്കാം.

“ധനവതിയൊടൊരു ദിവസമഴകൊടു രമിക്കുവാൻ
ധാത്രീസുരൻ ധനം വാങ്ങുകകാരണം
അവനിപനു ജനകനവനല്ലെന്നു നിർണ്ണയ–
മാത്മവാനല്ലോ ഭവാൻ വിചാരിക്കെടോ.
സുമവിശിഖസമനരിക സംപ്രാപ്തകാഞ്ചനൻ

സൂര്യപ്രഭനമവന്റെ പിതാവല്ല.
വിധിവിഹിതനൃപതികുലസംസ്കാരകർമ്മണാം
വിസ്മയം മൂലമായ് വന്നുകൂടീ ധനം.
നൃപതികരപരികലിതസംസ്കാരഭാഗിക്കു
നിർവ്വികല്പം ലഭിക്കായ്വരും രാജ്യവും.
പരമഗതി വരുവതിനു തനയജനിമൂലമായ്–
പ്പാരിച്ച വിത്തം കൊടുത്തങ്ങു തസ്കരൻ
അവനുടയ ജനനിയുടെ പരിണയനവും പുന–
രാചരിച്ചാനതുമൂലം പിതാവവൻ.
പിതുരുദയമകതളിരിലോർത്തു ചന്ദ്രപ്രഭൻ
പിണ്ഡമവന്നു നൽകേണമെന്നെൻ മതം." (പത്തൊൻപതാം കഥ)

## പഞ്ചതന്ത്രം

ഈ ഗ്രന്ഥം സമഗ്രമായി കണ്ടുകിട്ടീട്ടില്ല. ഇതിനെ ഇട്ടിക്കോമ്പിമന്നവന്റെ പഞ്ചതന്ത്രം എന്നു പറയുന്നതു് അബദ്ധമാണ്. ഇട്ടിക്കോമ്പിയച്ചന്റെ ആജ്ഞയനുസരിച്ചു പിഷാരടി രചിച്ചതാണെന്നു മുൻപു കാണിച്ചുകഴിഞ്ഞു. മംഗലാപുരത്തുനിന്നു ഡാക്ടർ ഗുണ്ഡർട്ടു പ്രസിദ്ധപ്പെടുത്തിയ പാഠമാലയിൽ ഇതിലെ ചില വരികൾ ഉദ്ധരിച്ചിട്ടുണ്ട്. ഭാഷ വളരെ ലളിതമാക്കുവാൻ പിഷാരടി ശ്രമിച്ചിട്ടുണ്ടെങ്കിലും കുഞ്ചൻനമ്പിയാരുടെ പഞ്ചതന്ത്രത്തിന്റെ നിലയിലെത്തുവാൻ അതിനു സാധിച്ചിട്ടില്ല. നമ്പിയാരുടെ കൃതി പിഷാരടി കണ്ടിട്ടില്ലെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ചില വരികൾ പകർത്തിക്കാണിക്കാം.

"ചത്ത ശരീരമെടുത്തെണ്ണയും തേച്ചു
നിത്യം കുളിപ്പിച്ചു ചന്ദനം തേപ്പതും
കാട്ടിൻനടുവിലിരുന്നു കരവതും
തട്ടിൻപുറത്തു കമലം നടുവതും
ദൃഷ്ടികൂടാതെ കണ്ണാടി നോക്കുന്നതും
പൊട്ടനോടേറ്റമടക്കം പറവതും
മൂഢനാം മന്നവൻതന്നെബ്ഭജിപ്പതും
ബാഢമാറും തുല്യമെന്നറിഞ്ഞീടണം."
"അടവി മഴകൊണ്ടു വെട്ടിയാലകച്ചീട്ടും
കഠിനവാചാ വെട്ടിമുറിച്ചാലകച്ചീടാ.
കാട്ടുതീ പിടിപെട്ടു ദഹിച്ചീടിലും വനം
വാട്ടമെന്നിയേ ചിരാൽ തളിർക്കുമസംശയം;
ദുഷ്ടവാക്കിനാൽ ദഗ്ദ്ധമായതു തളിർക്കയി–
ല്ലൊട്ടേറെക്കാലം കഴിഞ്ഞാലുമെന്നറിയേണം."

## രാവണോത്ഭവം ആട്ടക്കഥ

രാവണോത്ഭവം ആട്ടക്കഥ പിഷാരടിയുടെ കൃതിയാണെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ടതില്ല. ആ കഥ അഭിനയിക്കുന്നവർ

"കല്ലായക്കുളമധ്യവാസിനി! ശിവേ! വല്ലായ്മ ഞാൻ വല്ലതും
വല്ലാതേ ചില ചെയ്കിലാർദ്രകൃപയാലെല്ലാം പൊറുത്തെന്നെ നീ

എല്ലാ ലോകവുമല്ലൽതീർത്തു പരിപാലിക്കുന്ന നിൻ ചില്ലികൊ–
ണ്ടെല്ലാ നാളുമെനിക്കു നല്ലതു വരാൻ മെല്ലെന്നു നോക്കേണമേ”

എന്ന ശ്ലോകം ഒടുവിൽ ചൊല്ലാറുണ്ട്, അതു പിഷാരടിയുടെ ഒരു മുക്തകമാണ്. പ്രസ്തുത “വില്ലിന്നുല്ലാസമൊക്കെക്കളയുമൊരു ഭവച്ചില്ലി വല്ലീയുഗത്താൽ” എന്ന വന്ദനശ്ലോകം അദ്ദേഹത്തിന്റേതല്ല. അതു പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന പാലക്കാട്ടു വിദ്വാൻ കോമ്പിഅച്ചന്റേതാണ്.

രാവണോത്ഭവത്തിന് ഇന്നും കഥകളിക്കാരുടെ ഇടയിൽ പ്രശംസനീയമായ പ്രചാരം കാണ്മാനുണ്ട്. രാവണനെ കൗമാരാവസ്ഥയിൽ ‘കുട്ടിരാവണ’നായും വരലാഭം കഴിഞ്ഞു ‘വലിയ രാവണ’നായും രംഗപ്രവേശനം ചെയ്യിക്കുന്നതു പ്രേക്ഷകൻമാർക്കു കൗതുകം ജനിപ്പിക്കുന്നു. വിദ്യുജ്ജിഹ്വൻ ശൂർപ്പണഖയെ വിവാഹം ചെയ്യുന്നതാണല്ലോ കഥയിലെ ഒടുവിലത്തെ രംഗം. അതിൽ കവി ആ രാക്ഷസനെ “അദ്യാതി വീരന്മാർകളിലഗ്രഗണ്യൻ” എന്നും, “വീരരണിയുന്ന മൗലി” എന്നുമാണ് വർണ്ണിക്കുന്നതെങ്കിലും, അഭിനയിക്കുമ്പോൾ ആ പാത്രത്തെ ആദ്യന്തം ഒരു ഭീരുവും ബീഭത്സനും കോമാളിയുമാക്കിയാണ് സാധാരണമായി രംഗത്തിൽ പ്രവേശിപ്പിക്കാറുള്ളത്. ആ വ്യതിയാനത്തിനു കാരണമെന്തെന്നു മനസ്സിലാകുന്നില്ല. മറ്റു വിഷയങ്ങൾക്കെന്നപോലെ അതിനും ഒരൈതിഹ്യമുണ്ട്. പ്രസ്തുതകഥ ആദ്യമായി അഭിനയിച്ച അവസരത്തിൽ വിദ്യുജ്ജിഹ്വന്റെ വേഷം കെട്ടിയ നടൻ അണിയറയിലിരുന്ന് ഉറക്കംതൂങ്ങിപ്പോയി എന്നും മറ്റുള്ളവർ പെട്ടെന്ന് ഉണർത്തിയപ്പോൾ ഓർമ്മയില്ലാതെ മുഖം ഒരു ഭാഗത്തുനിന്നു മറ്റൊരു ഭാഗത്തേക്കു തുടച്ചുകളഞ്ഞ് അലങ്കോലത്തിലാണ് അരങ്ങത്തുചെന്നു കയറിയതെന്നും ആ സംഭവത്തെ അനുസ്മരിപ്പിക്കത്തക്കവിധത്തിൽ ഇന്നും ആ പാത്രത്തിന്റെ വേഷം അങ്ങനെ തന്നെ കെട്ടിവരുന്നു എന്നും ചിലർ പറയുന്നു. ഈ ഐതിഹ്യം അശേഷം വിശ്വസനീയമായി തോന്നുന്നില്ല. വിദ്യുജ്ജിഹ്വനെ അജ്ഞന്മാർ ആരെങ്കിലും പിൻകാലത്തു ‘വിഡ്ഢി’ജ്ജിഹ്വനാക്കിയിരിക്കാമെന്നേ സങ്കല്പിക്കേണ്ടതുള്ളൂ. ഏതായാലും പാമരജനങ്ങൾക്കു വിനോദിക്കുവാൻ ഇന്നത്തെ വിദ്യുജ്ജിഹ്വൻ ധാരാളം വകനൽകുന്നുണ്ട്.

കവിത മെച്ചമാണെന്നു പറവാനില്ല; പിഷാരടിയുടെ പാണ്ഡിത്യം അതിൽ ഒരിടത്തും നിഴലിച്ചിട്ടുമില്ല. എങ്കിലും “മമ തനയ മാ കുരുരോദം ബാല,” “ബാലികാജനമണിയുന്ന മഞ്ജുളമണി” എന്നിങ്ങനെയുള്ള ചില പദങ്ങൾക്കു ചമൽക്കാരമുണ്ടെന്നു സമ്മതിക്കാവുന്നതാണ്.

## മറ്റൊരു വേതാളചരിത്രം

റെഡ്ഡിയാർ അച്ചടിപ്പിച്ചിട്ടുള്ള മറ്റൊരു വേതാളചരിത്രം കിളിപ്പാട്ടു കാണ്മാനുണ്ട്. അതിനെപ്പറ്റിക്കൂടി ഒന്നുരണ്ടു വാക്കുകൾ ഇവിടെ പറഞ്ഞേക്കാം.

“ഇന്ദിരാരമണനുമിന്ദിരാദേവിതാനും
ചന്ദ്രനെദ്ധരിച്ചീടും ദേവനും ഗൗരിതാനും
വാണീശൻതാനും പിന്നെ വാണിയും വാല്മീകിയും
വീണയെദ്ധരിച്ചീടും മുനിപുംഗവൻതാനും
മറ്റുമീവണ്ണം ദിവ്യജനങ്ങളെല്ലാപേരും
മുറ്റുമങ്ങെന്നിൽ കൃപയരുളീടേണം നിത്യം”

എന്നിങ്ങനെയാണ് ആ കൃതി ആരംഭിക്കുന്നതു്. പ്രണേതാവാരെന്ന് അറിയുന്നില്ല. പതിനൊന്നാം ശതകത്തിലായിരിക്കണം അതിന്റെ പ്രാദുർഭാവം. കവിതയ്ക്കു ഗുണം വിരളമാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു ഭാഗം ഉദ്ധരിക്കാം.

"മിണ്ടാത്തതെന്തിവനെന്നുടെ താമസം–
കൊണ്ടസാരം ദ്വേഷ്യമുണ്ടെന്നുറച്ചവൾ
അന്ധകാരം നിറഞ്ഞുള്ളൊരു രാത്രിയി–
ലന്ധയായാലിംഗനം ചെയ്തു വിപ്രനെ.
'പോരും പരിഭവം; പോരും പരിഭവം;
വീര! തരിക തവാധരം സാദരം'
എന്നു പറഞ്ഞവൾ ചുംബനം നൽകിനാൾ;
തന്നുടെ മൂക്കവൻ പല്ലോടടുത്തിതു.
തൊട്ടനേരം വാ പിളർന്നു കടിച്ചിതു
പെട്ടെന്നു പ്രാണനും പോയിതു വിപ്രനും.
മൂക്കൊരു ഖണ്ഡം മുറിഞ്ഞവൻവായിലായ്;
മൈക്കണ്ണിയാളുമതീവ വിഷണ്ണയായ്.
ലജ്ജയും ഭീതിയും വേദനയും പൂണ്ടു
സജ്വരമാനസയായ്‌വന്നു മെല്ലവേ.
എന്തിതിനിപ്പോളുപായമെന്നോർത്തവൾ
കാന്തന്റെ ചാരത്തു ചെന്നുനിന്നീടിനാൾ.
പിന്നെയൊരു വഴി കാണായ്കയാലവ–
ളെന്നുടെ ഭർത്താവു നാസാപുടം മമ
കോപിച്ചു കാരണംകൂടാതെ ഖണ്ഡിച്ചു
പാപമേയെന്നു നിലവിളിച്ചീടിനാൾ."

## കുടിയംകുളത്തു ശുപ്പുമേനോൻ (935–1000)

### ചരിത്രം

കുടിയംകുളത്തു ശുപ്പു (സുബ്രഹ്മണ്യ) മേനോൻ പാലക്കാട്ടു താലൂക്കിൽ പൊല്പുള്ളി അംശത്തിൽ. കുടിയംകുളത്തു വീട്ടിൽ 935-ആമാണ്ടിടയ്ക്കു ജനിച്ചു. പൊല്പുള്ളി കൊച്ചി ചിറ്റൂർത്താലൂക്കിൽനിന്നു മൂന്നു മൈൽ വടക്കുപടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്നു. പിതാവു ചിറ്റൂർ ചമ്പത്തുവീട്ടിലെ ഒരു മന്നാടിയാരായിരുന്നു.

### ഗുരുക്കന്മാർ

ശുപ്പുമേനോൻ അക്കാലത്തെ പേരുകേട്ട ഒരു ഭാഷാകവിയും വേദാന്തിയും ജ്യോത്സ്യനുമായിരുന്നു. തന്റെ ഗുരുക്കന്മാരെപ്പറ്റി അദ്ദേഹം കാവേരിമാഹാത്മ്യം കിളിപ്പാട്ടിൽ

"ഗോവൃന്ദാരകന്മാരും രാഘവാചാര്യേന്ദ്രനും
ഗോവിന്ദാചാര്യൻതാനും തുണപ്പാൻ വന്ദിക്കുന്നേൻ."

എന്ന് ആരംഭത്തിലും,

"മുനിദേവാദിസേവ്യൻ കലിയാമിക്കാലത്തിൽ
ജനതാരക്ഷണത്തിന്നായ്ക്കൊണ്ടു കൃപയാലേ

ജനിതാദരം പെരുംകുറിശ്ശിതന്നിൽ വാഴും
വനിതാർദ്ധാംഗമീനാക്ഷീശ്വരപാദഭക്തൻ
ഹേമാംബുജന്മാലയാവാക്പ്രസാദാഢ്യായി ശ്രീ–
ഹേമാംബാപാദാംബുജാലംബലോലംബസ്വാന്തൻ
ധീമന്മാനസഹംസമണല്ലൂരാചാര്യേന്ദ്ര–
ശ്രീമൽപാരമ്പര്യക്ഷീരാബ്ധിശീകാരഭ്രതൻ
മനസാ വാചാ തന്വാ ഗുരുസേവയാ തീർണ്ണ–
ജനിസാഗരനായ സുബ്രഹ്മണ്യോ/ഹം മുദാ
ഘനസാരാർത്ഥയാമിക്കതയെസ്സാധുസംവി–
ദനസാരേണ ചൊന്നേനേവർക്കുമറിവാനായ്.
പേരായിരത്തിലേറ്റം പേരാളും തിരുനാമം
പേരായ ധീരോദാത്തൻ സർവദാ ജയിക്കേണം”

എന്ന് അവസാനത്തിലുള്ള പംക്തിയികളിൽ പ്രസ്താവിക്കുന്നു. താഴെക്കാണുന്ന ഈരടികൾ തേനാരിമാഹാത്മ്യം കിളിപ്പാട്ടിൽ കാണുന്നു.

“രാഘവനായ ഗുരുനാഥന്റെ കൃപാബലം
ലാഘവമെന്നിയേ സംപൂർണ്ണമായുണ്ടാകേണം.
ഗോവിന്ദാചാര്യപാദാംഭോരുഹരജസ്സക–
ളാവോളം മമ മനോമുകരേ വിളങ്ങേണം.
ചന്ദ്രശേഖരാചാര്യനന്യദേശികന്മാരും
സാന്ദ്രകാരുണ്യമെന്നിൽ പ്രീതിപൂണ്ടരുളേണം.
സമ്പദാലയഭ്രതൻ ശംഭുസേവകന്മാരിൽ
മുൻപനാമെൻപിതാവൻപോടനുഗ്രഹിയ്ക്കേണം.
കരുണാമൃതപൂർണ്ണവരുണാലയമായ
കരുണാകരാചാര്യചരണാംബുജം കൂപ്പി.
സൂര്യജ്ഞാനാന്ധകാരസൂര്യനായീടും ശ്രീമൽ–
സൂര്യനാരായണാചാര്യാന്തേവാസീന്ദ്രന്മാരിൽ
പേരായിരത്തിലേറ്റം പേരുയർന്നീടും ശ്രീമൽ–
പേരുവെന്നുലകിങ്കൽപ്പേരിയന്നരുളീടും
സച്ചിദാനന്ദാത്മകനദ്വയനനാമയൻ
നിശ്ചലൻ നിരാകുലനെന്നുടെ ഗുരുനാഥൻ
ശ്രീരാമാദികളായ മുഖ്യശിഷ്യന്മാരോടും
സൈ്വരമെന്നകക്കാമ്പിൽ വാണീടവേണം സദാ.”

ഇത്രയുംകൊണ്ടു കുപ്പമേനോനു (1) രാഘവൻ (2) ഗോവിന്ദൻ (3) ചന്ദ്രശേഖരൻ എന്നീ മൂന്നു ഗുരുക്കന്മാരുണ്ടായിരുന്നതായി വെളിപ്പെടുന്നു. രാഘവൻ കല്ലേക്കുളങ്ങര രാഘവപ്പിഷാരടി തന്നെ എന്നു മുൻപു നിർദ്ദേശിച്ചിട്ടുണ്ട്. മറ്റു രണ്ടു ഗുരുക്കന്മാരും ആരെന്നറിയുന്നില്ല. കരുണാകരാചാര്യൻ, സൂര്യനാരായണാചാര്യൻ ഇവർ തുഞ്ചത്തു ഗുരുപാദരുടെ ശിഷ്യന്മാരായിരുന്ന കരുണാകരനെഴുത്തച്ഛനും സൂര്യനാരായണനെഴുത്തച്ഛനുമാണെന്ന് ഊഹിക്കണം. ‘പേരു’ എന്നൊരു ഗുരുവിനെപ്പറ്റിയും കവി പ്രസ്താവിക്കുന്നുണ്ടല്ലോ. അദ്ദേഹം സൂര്യനാരായണന്റെ ശിഷ്യപരമ്പരയിൽപ്പെട്ട ഒരാളാണെന്നു സങ്കല്പിക്കുവാനേ നിർവാഹമുള്ളൂ; ‘പേരു’ പേരുവെഴുത്തച്ഛൻ എന്നൊരു ദിവ്യനാണെന്നും അദ്ദേഹം കുപ്പമേനോന്റെ അദ്വൈതവിദ്യാഗുരുവായി

രുന്നു എന്നും ചിലർ പറയുന്നു. പേരുവിനു 'രാമൻ' മുതലായി വേറേയും ചില ശിഷ്യന്മാർ ഉണ്ടായിരുന്നതായി കാണുന്നുണ്ടല്ലോ. "സമ്പദാലയഭൃതൻ" അതായതു ചമ്പത്തു തറവാട്ടിൽ ജനിച്ച തന്റെ പിതാവിനെയും ശ്രൂപ്പമേനോൻ സ്വഗുരുക്കന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തീട്ടുണ്ട്. പെരുംകുറിശ്ശി ശിവൻ കുടിയംകുളത്തുവീട്ടുകാരുടെ പരദേവതയാകുന്നു.

## ശ്രൂപ്പമേനോനും ധർമ്മരാജാവും

ടിപ്പുവിന്റെ ആക്രമണകാലത്തു ശ്രൂപ്പമേനോനും തിരുവനന്തപുരത്ത് അഭയാർത്ഥിയായി ചെന്നു കാർത്തികതിരുനാൾ മഹാരാജാവിനു ചില ശ്ലോകങ്ങൾ അടിയറവച്ചു. ജ്യോതിഷത്തിൽ അതിനുമുമ്പുതന്നെ പ്രസിദ്ധി നേടിക്കഴിഞ്ഞിരുന്ന അദ്ദേഹത്തെക്കൊണ്ടു മഹാരാജാവു തന്റെ ജാതകം ഗണിപ്പിക്കുകയും അതു സൂക്ഷ്മമായിക്കണ്ടതിനാൽ സന്തോഷിച്ച് അദ്ദേഹത്തിനു ശംഖുമുദ്രയുള്ള ഒരു വെള്ളിത്തടിയും മറ്റു ചില സമ്മാനങ്ങളും നല്കുകയും ചെയ്തു. ആ വെള്ളിത്തടി ഇന്നും മേനോന്റെ കുടുംബക്കാർ സൂക്ഷിക്കുന്നുണ്ടെന്നറിയുന്നു. 1000-ആമാണ്ടിടയ്ക്ക് അദ്ദേഹം പരഗതിയെ പ്രാപിച്ചതായി ഐതിഹ്യമുണ്ട്. ചിറ്റൂർ കുറ്റിക്കാട്ടു വലിയ എഴുത്തച്ഛൻ എന്നയാൾ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. എന്നും, ആ എഴുത്തച്ഛന്റെ ശിഷ്യനായിരുന്നു ചിറ്റൂർ കോതാത്ത് അപ്പമേനോൻ എന്നും പുരാവിത്തുകൾ പറയുന്നു.

### കൃതികൾ

ശ്രൂപ്പമേനോന്റെ പ്രധാനകൃതി (1) കാവേരീ മാഹാത്മ്യമാണ്. അതുകൂടാതെ (2) തേനാരിമാഹാത്മ്യമെന്നും (3) കേദാരമാഹാത്മ്യമെന്നും രണ്ടു കൃതികൾകൂടി അദ്ദേഹത്തിന്റേതാണെന്നറിയാം. (4) കൈവല്യനവനീതം കിളിപ്പാട്ടും അദ്ദേഹത്തിന്റെ വാങ്മയങ്ങളിൽ ഒന്നാണെന്നുള്ള ഐതിഹ്യം അവിശ്വാസ്യമല്ല. കൈവല്യനവനീതം തുഞ്ചത്തെഴുത്തച്ഛന്റെ കൃതിയല്ലെന്നു മുമ്പു സ്ഥാപിച്ചിട്ടുണ്ട്. തേനാരിമാഹാത്മ്യം ചമ്പത്തുവീട്ടുകാരുടേയും കേദാരമാഹാത്മ്യം സ്വമാതാവിന്റേയും നിർദേശമനുസരിച്ചു നിർമ്മിച്ചതാണ്.

### തേനാരിമാഹാത്മ്യം

ഹ്രസ്വമെങ്കിലും ഹൃദയംഗമമായ ഒരു കൃതിയാണ് തേനാരിമാഹാത്മ്യം. തേനാരി എന്നതു പൊൽപ്പുള്ളിയിൽനിന്നു രണ്ടു മൈൽ കിഴക്കുള്ള ഒരു ചെറിയ ദേശമാകുന്നു. അവിടെ മധ്യാരണ്യം എന്ന പേരിൽ ഒരു ശിവക്ഷേത്രവും ശരഗംഗ എന്ന നാമധേയത്തിൽ ഒരു തീർത്ഥവുമുണ്ട്; അവ രണ്ടും പ്രസിദ്ധങ്ങളാണ്. വേറെയും അവിടെ അനേകം ക്ഷേത്രതീർത്ഥങ്ങൾ കാണാം. അവയുടെയെല്ലാം ഉടമസ്ഥത എക്കണത്ത് എന്ന നായർതറവാട്ടിലേയ്ക്ക് അടങ്ങിയിരിക്കുന്നു. തേനാരിമാഹാത്മ്യം വേറെയും പല ക്ഷേത്ര മാഹാത്മ്യങ്ങളെപ്പോലെ, ബ്രഹ്മാണ്ഡപുരാണാന്തർഗ്ഗതമെന്നാണ് വെച്ചിട്ടുള്ളത്; അത്തരത്തിലുള്ള അനൃതോക്തിയിൽ പാപമുണ്ടെന്നു പൂർവ്വന്മാർ കരുതിയിരുന്നില്ല. "ബ്രഹ്മാണ്ഡപുരാണേ ധർമ്മസംഹിതായാം ഉമാമഹേശ്വരസംവാദേ കേരളഭൂഭാഗേ മധ്യാരണ്യക്ഷേത്രമഹിമാനുവർണ്ണനം" എന്നു ശ്രൂപ്പമേനോൻ അതിലെ ഇതിവൃത്തത്തെ വിശേഷിപ്പിക്കുകയും ആ മൂലഗ്രന്ഥത്തിലെ 67 മുതൽ 69 വരെയുള്ള മൂന്നധ്യായങ്ങളാണ് താൻ തർജ്ജമ ചെയ്യുന്നതെന്നു പറയുകയും ചെയ്യുന്നു.

ആദ്യത്തെ അധ്യായം കേകയിലും രണ്ടാമത്തേതു കാകളിയിലും മൂന്നാമത്തേതു കളകാഞ്ചിയിലുമാണ് വിവർത്തനം ചെയ്തിട്ടുള്ളത്. ചില ഈരടികൾ പകർത്തിക്കാണിക്കാം.

ചേദിരാജാവായ സുദർശനന്റെ ധർമ്മം:

ഉദകമൊരുപൊഴുതുമൊരുവർക്കു നല്കാതെ മ–
റ്റുള്ള ദാനങ്ങളെല്ലാം ചെയ്തു മന്നവൻ.
സലിലമിഹ സകലദിശി സുലഭമിതി ചിന്തിച്ചു
സജ്ജനാഗ്രേസരൻ നല്കാഞ്ഞു കേവലം.
കമലഭവതനയനഥ ശാകല്യമാമുനി
കാശ്യപീനാഥനോടന്നു ബോധിപ്പിച്ചു.

സലിലവിതരണമറിക സകലജനസമ്മതം
സന്താപനാശനം സദ്യസ്സുഖപ്രദം.
ജഗതി ജലമറികയി ചരാചരജാതിയാം
ജീവജന്തുക്കൾക്കു ജീവനം നിർണ്ണയം,
ഫലമതുലമതിനു സമമില്ല മറ്റൊന്നുമേ
പാനീയശാലകൾ തീർക്ക മാർഗ്ഗങ്ങളിൽ.
ഇതിപലവുമരുളി മുനിവരനുമെഴുന്നള്ളിനാ–
നേതുമേ ബോധിച്ചതില്ല നൃപേന്ദ്രനും.
കുഴികൾ കിണറുകൾ പുഴകുളംബുതടാകങ്ങൾ
കുല്യകളേരികളെന്നിവയെങ്ങുമേ
നിഖിലദിശി നിരവധി നിറഞ്ഞുനിന്നീടുന്ന
നീരാർക്കു കിട്ടാത്തതെന്നോർക്കകാരണം
നിജമനസി പലതരമുറപ്പിച്ചു മന്നവൻ
നിശ്ചയിച്ചീടിനാനിങ്ങനെ നിശ്ചലം.”

## കാവേരീമാഹാത്മ്യം

“പൃഥുലപ്രഭാവമാമാഗ്നേയ പുരാണത്തിൽ പ്രഥിതമായ തുലാകാവേരീമാഹാത്മ്യത്തിൽ” എന്നു ശ്രുപ്പമേനോൻ തന്റെ വിവർത്തനത്തിനു മൂലഭൂതമായ സംസ്കൃതകൃതിയേതെന്നു നിർദ്ദേശിക്കുന്നു. എന്നാൽ അതും വാസ്തവത്തിൽ ഒരു പുരാണത്തിലും ഉൾപ്പെട്ടതല്ല. ആകെ 30 അധ്യായങ്ങൾ അടങ്ങിയതാണ് പ്രസ്തുതഗ്രന്ഥം. പതിനഞ്ചാമധ്യായവും പതിനാറാമദ്ധ്യായത്തിൽ ഏതാനും ഭാഗവും അടങ്ങിയ 100 ൽ ചില്വാനം ശ്ലോകങ്ങൾ അദ്ദേഹത്തിന്റെ തർജ്ജമയിൽ കാണാത്തതിനാൽ പാലക്കാട്ടു സ്വരൂപത്തിലെ വിദ്വാൻ കോമ്പി അച്ചൻ ആ ഭാഗങ്ങൾ സ്വയം വിവർത്തനം ചെയ്ത് അതിൽ ഘടിപ്പിച്ചാണ് 1063-ൽ ആ കൃതി പ്രസിദ്ധീകരിച്ചത്. അദ്ദേഹത്തിന്റെ മനോഹരമായ കാവ്യരചനയ്ക്ക് ഉദാഹരണമായി ചില ഈരടികൾ പ്രദർശിപ്പിക്കാം.

കാലദൂതന്മാർ:

“വെട്ടെന്നും കെട്ടെന്നും മെയ്പൊട്ടിക്ക ഞെരിക്കെന്നും
പെട്ടെന്നു ഘുഷ്ടകഷ്ടോൽകൃഷ്ടനിഷ്ഠുരവാദം
മുൽഗരശൂലഗദാഖൾഗാദി ധരിച്ചതി–

മുഷ്കരന്മാരായുള്ളോരന്തകദൂതന്മാരും
ലോഹപാശങ്ങളാലേ ദേഹബന്ധനം ചെയ്തു
സാഹസാലിഴച്ചിഴച്ചാഹന്ത! തലകീഴായ്
അടിച്ചും മെയ്യെല്ലുകളൊടിച്ചും സാരമേയം
കടിച്ചും കല്ലുകൊണ്ടു പൊടിച്ചും ക്രകചത്താൽ
മുറിച്ചും വാളാൽ വെട്ടിത്തെറിച്ചും കനലിന്മേൽ
മറിച്ചും തിരിച്ചുമിട്ടെരിച്ചും പൊരിച്ചിട്ടും
കല്ലിലിട്ടിഴച്ചിട്ടും തല്ലിയും പഴിച്ചിട്ടും
മുള്ളിലും ചുട്ട മണലിങ്കലുമുഴച്ചിട്ടും
കരഞ്ഞും കണ്ണീർമഴ ചൊരിഞ്ഞും പൈദാഹത്താൽ–
പ്പൊരിഞ്ഞും മനതളിരെരിഞ്ഞും ശിവശിവ!
ഘോരമായീടും മഹാരൗരവമെന്നു പേരാം
നാരകേ കൊണ്ടുചെന്നു പാരാതെ തള്ളീടിനാർ."

### കേദാരമാഹാത്മ്യം

ഇതു കേദാരവ്രതത്തിന്റെ മാഹാത്മ്യത്തെ പ്രപഞ്ചനം ചെയ്യുന്ന ഒരു കൃതിയാണ്.

#### കഥ

ഒരവസരത്തിൽ കൈലാസത്തിൽവച്ചു പാർവ്വതീ പരമേശ്വരന്മാരുടെ പ്രീതിക്കായി നാരദാദിഗായകന്മാർ പാടുകയും ഉർവശി തുടങ്ങിയ അപ്സരസ്ത്രീകൾ ആടുകയും ചെയ്തു കൊണ്ടിരിക്കവേ പരമേശ്വരൻ രംഭയുടെ ആട്ടത്തിൽ വിശേഷിച്ചു കൌതുകം പ്രദർശിപ്പിക്കുന്നു. അപ്പോൾ ഭൃംഗിരിടി ആ നർത്തകികളുടെ സമീപത്തിൽ ചെന്നു വികടലാസ്യം തുടങ്ങുകയും പരമേശ്വരൻ ആ ഗണാധ്യക്ഷന്റെ നർത്തനത്തിൽ സന്തോഷിച്ച് അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ഉടൻ ഭൃംഗിരടി വീണ്ടും

"അംബികതന്നെയൊഴിഞ്ഞംബുജശരാരിയാ–
മമ്മഹേശനെ മന്ദം മന്ദമായ് വലംവെച്ചു
വണങ്ങി വണങ്ങിക്കൊണ്ടാടിയാടിനാനപ്പോ–
ളിണങ്ങും കളി കണ്ടു തെളിഞ്ഞാരെല്ലാവരും."

ആ സമയത്തിൽ "കുണുങ്ങി നാണംകൊണ്ടു വണങ്ങി മഹേശ്വരി ഞണുങ്ങി മൃത്യുഞ്ജയൻതന്നോട്" 'ഇവൻ എന്നെ ഒഴിച്ച് അങ്ങയെമാത്രം വലംവയ്ക്കാൻ കാരണമെന്ത്? 'എന്നു ചോദിച്ചതിനു ഭർത്താവു ശിവശക്ത്യാത്മകമായുള്ളതെല്ലാം മിഥ്യയാണെന്നറിയുന്ന ആത്മജ്ഞാനികൾ ശിവനെമാത്രമേ ഭജിക്കു എന്നും ശക്തിയെ ഉപാസിക്കുകയില്ലെന്നും ധരിപ്പിക്കുന്നു. അതു കേട്ടു പാർവ്വതി കുപിതയായി ഭൃംഗിരടിയുടെ ശരീരശക്തി മുഴുവൻ തന്നിലേയ്ക്ക് ആകർഷിക്കുവാൻ ശ്രമിച്ചു; എങ്കിലും ഭഗവൽപ്രസാദത്താൽ ആ ഗണാധിപനു തന്നിമിത്തം യാതൊരു ക്ഷതിയും സംഭവിച്ചില്ല. എന്നാൽ ഇനി ഭർത്തൃശരീരാർദ്ധം ലഭിച്ചേ അടങ്ങൂ എന്നു ദൃഢനിശ്ചയത്തോടുകൂടി പാർവ്വതി ഗൗതമമഹർഷിയുടെ ആശ്രമത്തിൽ ചെന്നുചേരുന്നു. അപ്പോൾ കാട്ടിലേയ്ക്കു പോയിരുന്ന മഹർഷി തിരിയെ വന്നപ്പോൾ കണ്ട ആശ്ചര്യത്തെ കവി ഇങ്ങനെ വർണ്ണിക്കുന്നു.

"കുഴിഞ്ഞ പുഴകളിലൊഴിഞ്ഞുതാഴും ജലം
ചുഴിഞ്ഞുപൊങ്ങി മിട്ടാൽ വഴിഞ്ഞു കാണായ്‌വന്നു.

കൊഴിഞ്ഞൊരിലകളും തഴഞ്ഞു പൂന്തേന്മഴ
പൊഴിഞ്ഞു ഫലിച്ചൊക്കെക്കുഴഞ്ഞു വൃക്ഷങ്ങളും,
കഴിഞ്ഞു വൈരം തമ്മിലഴിഞ്ഞ മനസ്സോടു–
മിഴഞ്ഞ ജന്തുക്കളും കുഴഞ്ഞു കളിക്കുന്നു.
പുലിയും ഗോവും പാമ്പുമെലിയും തരക്ഷവും
കലയും സിംഹമാനത്തലവന്മാരുമേവ."

ദേവിയുടെ ആഗ്രഹമറിഞ്ഞപ്പോൾ ഗൗതമൻ കേദാരവ്രതമനുഷ്ഠിക്കുവാൻ ഉപദേശിക്കുന്നു. അതിന്റെ ഫലമായി ശ്രീപരമേശ്വരൻ ദേവിയുടെ മുന്നിൽ പ്രത്യക്ഷീഭവിച്ച് ശരീരാർദ്ധം ദാനം ചെയ്യുകയും ചെയ്യുന്നു.

പിന്നീടു കവി പ്രസ്തുതവ്രതമനുഷ്ഠിച്ച് നന്ദികേശ്വരൻ "ഭവസദനദ്വാരാധിപത്യ" വും ദേവലൻ ബ്രഹ്മഹത്യാശാപ വിമോചനവും മറ്റും സമ്പാദിച്ച കഥകൾ പറഞ്ഞിട്ടുണ്ട്. നന്ദികേശ്വരനോട് ആ വ്രതനിയമങ്ങൾ യഥാവിധി ഗ്രഹിച്ച ചിത്രാംഗദൻ എന്ന ഗന്ധർവ്വശ്രേഷ്ഠൻ ഭരതഖണ്ഡത്തിൽ സഞ്ചരിച്ച് അതു വജ്രദന്തൻ എന്ന രാജാവിന് ഉപദേശിച്ചു എന്നും ആ രാജാവ് അതിന്റെ അനുഷ്ഠാനംകൊണ്ട് വജ്രപാണിക്കു സമപ്രാഭവനായിത്തീർന്നു എന്നും ഉപന്യസിക്കുന്നു. അദ്ദേഹത്തിന്റെ രാജ്യത്തിൽ പുണ്യവതി എന്നും ഭാഗ്യവതി എന്നും സഹോദരിമാരായ രണ്ടു വേശകന്യകമാർ ആ വ്രതാനുഷ്ഠാനം കൊണ്ടു രാജമഹിഷികളായി ഭവിക്കുന്നു. അവരിൽ ഭാഗ്യവതി ഐശ്വര്യമദം വർദ്ധിച്ചതുമൂലം ആ അനുഷ്ഠാനം മുടക്കുകയും അതിന്റെ ഫലമായി ഭർത്തൃപരിത്യാഗദുഃഖത്തിൽ അകപ്പെടുകയും ചെയ്യുന്നു. അപ്പോൾ ജ്യേഷ്ഠത്തിയായ പുണ്യവതി കാര്യം മനസ്സിലാക്കി അനുജത്തിയുടെ മകനെക്കൊണ്ട് ആ വ്രതം നോല്പിച്ചു ഭാഗ്യവതിയെ വീണ്ടും ഭാഗ്യവതിയാക്കുന്നു.

## കവിതാരീതി

താഴെ ഉദ്ധരിക്കുന്ന ഈരടികൾ ഗൗതമ മഹർഷി പാർവതീദേവിയെ കാണുന്ന ഘട്ടത്തിലുള്ളവയാണ്.

"ഇരുളും തമാലവും വിരളും പരിചു നീ–
ണ്ടരുളും നിറംപൂണ്ടു ചുരുളും കേശപാശം,
തരളാളികൾ മണ്ടിമുരളുംവണ്ണം ചെറു–
ത്തരുളുമളകങ്ങൾ കുരുളും സുഷമയും,
കുടിലം ചന്ദ്രഖണ്ഡമടലിലൊളിച്ചിടും
ചടുലഭംഗിതേടും നിടിലതിലകവും,
മല്ലികാഭല്ലവില്ലെത്തല്ലി വെല്ലുന്ന ചില്ലീ–
വല്ലികാമതല്ലികാകല്ലോലവിലാസവും,
ചരണസരോരുഹശരണാഗതജന–
ഭരണലോലായതകരുണാകടാക്ഷവും,
പത്മങ്ങളുടെ നവകർണ്ണികാകാന്തിക്കൊരു
സത്തമായ് വിളങ്ങീടും മഞ്ജുളനാസികയും,
മദനരസസാരസദനമായീടുന്ന
രദനച്ഛദങ്ങളിൻമൃദുലപ്രകാശവും. . .
ഉദരലഘിമയുമുദധിനിറംകോലും
മൃദുലരോമാളിയും മധുരം നാഭിദേശം
പൂഞ്ചേലമീതേ മണിലാഞ്ഛിതമായി മിന്നും

കാഞ്ചനവിരചിതകാഞ്ചിയും ജഘനവും,
തുടിയും ചെറുത്ത പൊൽക്കൊടിയുമടികുപ്പ–
മിടയും, കദളിയോടിടയും തുടകളും,
പിണങ്ങി മണിച്ചെപ്പു ഞണങ്ങി ലഘുതരം
വണങ്ങും മുഴങ്ങഴലിണങ്ങും കണങ്കാലും,
ശിഞ്ജാരഞ്ജിതമണിമഞ്ജീരമണിഞ്ഞതും
കഞ്ജമഞ്ജലിചെയ്യും മഞ്ജുളശ്രീപാദവും–
കേശാദിപാദമേവം കേശവവിരിഞ്ചനാ–
കേശാദിധ്യായമാനം ക്ലേശാദിവിനാശനം.”

നല്ല കിളിപ്പാട്ടുകളിൽ ഒന്നാണ് കേദാരമാഹാത്മ്യം എന്ന് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. കേകാവൃത്തംമാത്രമേ കവി പ്രയോഗിച്ചിട്ടുള്ളു.

## കൈവല്യനവനീതം

കൈവല്യനവനീതത്തിന്റെ മൂലം ഒരു തമിഴ്കൃതിയാണെന്നു മുൻപുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അതിൽ കവി തന്റെ ഗുരുനാഥന്മാരിൽ ആരെയും നാമനിർദ്ദേശം ചെയ്തു സ്മരിച്ചിട്ടില്ല.

“ശ്രീഗുരുപാദാംബുജം മനസ്സിൽസ്സദാകാലം
ശിരസ്സിലാദേശവും ധരിച്ചു വാഴും നമ്മെ
ഗുരുശ്രീകടാക്ഷമൊന്നുണ്മയാം ശ്രേയസ്സനു–
സരിക്കെന്നതേ വേണ്ടൂ; ഗുരവേ നമോ നമഃ”

എന്നേ ആ പ്രകൃതത്തിൽ പറയുന്നുള്ളൂ. നവനീതത്തിൽ പൂർവ്വതത്വബോധകമെന്നും സന്ദേഹനിവർത്തകമെന്നും രണ്ടു പടലങ്ങൾ ഉൾക്കൊള്ളുന്നു. അദ്വൈതവേദാന്തമാണ് പ്രതിപാദ്യം. മാതൃക കാണിക്കുവാൻ ചില ഈരടികൾ ചുവടേ ചേർക്കുന്നു.

“എന്തിനു വിചാരമെന്നാകിലോ സദൃഷ്ടാന്തം
ഹന്ത! ചൊല്ലുവൻ; വേഷം മാറിയ ജനങ്ങളെ
അന്തരാ അറികേണ്ടിൽഗ്ഗൂഢമാം സ്വഭാവത്തി–
ന്നാന്തരം ശീലം ചിഹ്നമാരാഞ്ഞങ്ങറിയാതെ
ഓടിയും കരണങ്ങൾ മറിഞ്ഞുമിടയിടെ–
ച്ചാടിയും മീൻതുള്ളിയുമുയർന്നു കമ്പത്തിന്മേൽ
പേടികൂടാതെയേറിച്ചാടിയും ചക്രംതിരി–
ഞ്ഞീടെഴും കർമ്മത്തിനാലവരെയറിയാമോ?
എന്നതുപോലെ വിചാരത്തിനാലൊന്നാലെന്നി–
യന്നദാനാദിജപം തപസ്സും യാഗാദിയും
ധന്യശാസ്ത്രാമ്നായപാഠാദികർമ്മങ്ങളൊന്നാൽ–
ത്തന്നെത്താനറികെന്നതെന്നുമേ വന്നുകൂടാ.”

## നെടുമ്പയിൽ കൊച്ചുകൃഷ്ണനാശാൻ (931–987)

### ജനനം

നെടുമ്പയിൽ കൊച്ചുകൃഷ്ണനാശാൻ 931-ആമാണ്ടു് അഷ്ടമിരോഹിണിനാളിൽ തിരുവല്ലാത്താലൂക്കിൽ അയിരൂർ പകുതിയിൽ ചെറുകാൽകരയിൽ കിഴക്കേ മംഗലശ്ശേരി വീട്ടിൽ ജനിച്ചു. ആ തറവാട്ടിനു് നെടുമ്പയിൽ എന്നും പേരുണ്ടു്. അദ്ദേഹത്തിന്റെ അച്ഛൻ പ്രസിദ്ധദൈവജ്ഞനായ മാവേലിക്കര ചെറിയനാട്ടു പുലിമുഖത്തു പോറ്റിയുടെ ശിഷ്യനും ഒരു നല്ല ജ്യോത്സ്യനുമായ ചെറുകോൽ ചെറുവേലിത്തുണ്ടിയിൽ രാമനാശാനായിരുന്നു. പുലിമുഖത്തു പോറ്റി മരിച്ചതും കൃഷ്ണനാശാൻ ജനിച്ചതും ഒരേ കൊല്ലത്തിലാണു്.

### വിദ്യാഭ്യാസം

ആശാന്റെ ആദ്യത്തെ ഗുരു പിതാവുതന്നെയായിരുന്നു. പിന്നീടു കോഴിക്കോട്ടു ശൂലപാണിവാരിയരോടും അദ്ദേഹം ജ്യോതിശ്ശാസ്ത്രം അഭ്യസിച്ചതായിക്കാണുന്നു. ആറന്മുളവിലാസം ഹംസപ്പാട്ടിൽ

“രാമനെന്നെല്ലാടവും വിശ്രുതനായിട്ടഭി–
രാമനാമാശാസിതാവെന്നുള്ള കീർത്തിയോടും
ഗുരുദൈവജ്ഞന്മാർക്കും ഗുരുഭൂതനാമെന്റെ
ഗുരുവാം പിതാവിന്റെ ചരണാംബുജം വന്ദേ.
ഗുരുവിൻഗുരു വ്യാഘ്രമുഖമന്ദിരവാസി
ഗുരുകാരുണ്യശാലിതന്നെയും വണങ്ങുന്നേൻ”

എന്നും ഭാഷാജാതകപദ്ധതിയുടെ ആരംഭത്തിൽ

“ഗുരൂണാം പാദപത്മങ്ങൾ നിരൂപിച്ചുള്ളിലാദരാൽ
ഭക്തികൈക്കൊണ്ടു ചൊല്ലീടുന്നുണ്ടു ജാതകപദ്ധതിം.
ഗണിച്ചായുഃ പ്രമാണത്തെ ഗ്രഹിപ്പാനല്പചേതസാം
ശിഷ്യാണാം മമ കൃഷ്ണസ്യ ഗുരോഃ പാദാംബുജം ബലം”

എന്നും, അവസാനത്തിൽ

“ശ്രീമൽഷഡങ്കുരേശസ്യ കൃഷ്ണസ്യാർജ്ജുനസാരഥേഃ
ഭക്തേന രാമശിഷ്യേണ കൃഷ്ണദാസേന ധീമതാ
ശൂലപാണേശ്ച ശിഷ്യസ്യ കുക്കുടക്രോഡവാസിനഃ
ഭാരത്യാതിപ്രസന്നേന ഭാഷാജാതകപദ്ധതിഃ
വിനിർമ്മിതാ മയാ സൈഷാ വിശേഷേണ വിരാജതാം
ഭൂഷാഭൂതാ സ്വശിഷ്യാണാം ശേഷാസനകൃപാബലാൽ”

എന്നുമുള്ള ഭാഗങ്ങളിൽ ആ ഗുരുക്കന്മാരെ സ്മരിച്ചിട്ടുണ്ടു്. ‘കൃഷ്ണദാസേന’ എന്ന പദം ‘മയാ’ എന്നതിന്റെ വിശേഷണമാണു്. അതു കൃഷ്ണനെന്ന മറ്റൊരു ഗുരുവിന്റെ പേരല്ല.

“ധന്വന്തരിം നമസ്കൃത്യ വിഘ്നേശം വാണിമാതരം
ശൂലപാണിഗുരും നത്വാ വക്ഷ്യേ മർമ്മാണി ഭാഷയായ്”

എന്ന മർമ്മചികിത്സയുടെ പ്രഥമപദ്യത്തിലും ശൂലപാണിവാരിയരെ സ്മരിച്ചിട്ടുണ്ടു്. അദ്ദേഹം ജ്യോതിഷത്തിലെന്നപോലെ വൈദ്യത്തിലും ആശാന്റെ ഗുരുനാഥനായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ ശിഷ്യനായിരുന്ന കോലത്തുനാട്ടു തൃപ്പാണിക്കരപ്പൊതുവാളെന്നും, പൊതുവാളിന്റെ ശിഷ്യനായിരുന്ന പുലിമുഖത്തു പോറ്റിയുടെ ഗുരുവായ നാവായിക്കുളത്ത് ആഴാതിയെന്നുംകൂടി അദ്ദേഹം ആറന്മുളവിലാസത്തിൽ രേഖപ്പെടുത്തിട്ടുള്ള വിവരം ഞാൻ മറ്റൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വടക്കൻഗണനസമ്പ്രദായത്തിലും പരിശീലിക്കുന്നതിനുവേണ്ടിയായിരിക്കണം ആശാൻ ശൂലപാണിവാരിയരുടെ ഛാത്രത്വം സ്വീകരിച്ചതു്.

## അനന്തരജീവിതം

ആശാൻ അനേകം സ്ഥലങ്ങളിൽ സഞ്ചരിച്ചു പല ജ്യോത്സ്യന്മാരിൽനിന്നു പല വിധത്തിലുള്ള അറിവുകൾ നേടി സ്വദേശത്തേക്കു പോന്നു് ആ ശാസ്ത്രത്തിൽ നിരന്തരമായി പ്രവർത്തിക്കുകയും അതു ശിഷ്യന്മാരെ അഭ്യസിപ്പിക്കുകയും ചെയ്തുകൊണ്ടും അടുത്തുള്ള ആറന്മുള ക്ഷേത്രത്തിലെ ശ്രീകൃഷ്ണനെ ഉപാസിച്ചുകൊണ്ടും ആയുശ്ശേഷം നയിച്ചു. അദ്ദേഹത്തിനു ജ്യോതിഷത്തിനുപുറമേ തച്ചുശാസ്ത്രത്തിലും അവഗാഹമുണ്ടായിരുന്നു. സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ കവനം ചെയ്യുവാൻ കഴിവുണ്ടായിരുന്നു എങ്കിലും സാഹിത്യമാർഗ്ഗത്തിൽ അധികം സഞ്ചരിച്ചില്ല. ഭക്തിസംവർദ്ധകങ്ങളായ അപൂർവ്വം ചില വാങ്മയങ്ങൾ രചിക്കുന്നതിനേ വാസനയും പാണ്ഡിത്യവും അദ്ദേഹം ഉപയോഗിച്ചുള്ളു. ബാല്യംമുതല്ക്കുതന്നെ ആശാൻ കാസരോഗത്തിനും ഉദരരോഗത്തിനും വിധേയനായിരുന്നു. ഉദരരോഗത്തിന്റെ പരിഹാരത്തിനു മൂക്കിന്റെ ഉള്ളിലുള്ള പാലം തുളച്ച് അതിൽ ഒരു ചെറിയ സ്വർണ്ണത്തുടൽ കോർത്തിട്ടിരുന്നു എന്നും വേദനയുണ്ടാകുമ്പോൾ തുടൽ പതുക്കെപ്പിടിച്ചൊന്നു വലിച്ച് അതു തൽക്കാലത്തേക്കു ശമിപ്പിച്ചിരുന്നു എന്നും പഴമക്കാർ പറയുന്നു.

ആറന്മുളത്തേവരെ ഭജിച്ചാണ് വായുമുട്ടൽ വാശിയാക്കിയതെന്ന് അദ്ദേഹം തന്നെ ആറന്മുള വിലാസത്തിൽ പാടീട്ടുണ്ട്.

“എന്നുടെ സ്വാമി ഷഡ്ധ്വംശാധിപൻ നാരായണ-
നെന്നുടെ രോഗം തീർത്തതെത്രയുമത്യാശ്ചര്യം
പണ്ടു ഞാൻ ചെയ്ത പാപംകൊണ്ടഹോ കാസശ്വാസം-
കൊണ്ടെനിക്കുണ്ടായയുള്ളോരിണ്ടലെന്തുരചെയ്‌വൂ!
ഊണുമില്ലഹോ! കഷ്ടമുറക്കമതുമില്ല;
കാണുന്ന ജനങ്ങളും കേണുപോമെന്നേയുള്ളു.
ചുമയ്ക്കുന്നേരം കണ്ടങ്ങിരിക്കുന്നവരെല്ലാം
ഗമിക്കും പ്രാണനെന്നുമുറയ്ക്കും മനതാരിൽ,
നമുക്കു സാധ്യമല്ലെന്നുറച്ചു വൈദ്യന്മാരും
തിരിക്കുമതു കണ്ടിട്ടിരിക്കും ഞാനുമപ്പോൾ.
കുടിക്കും വിദ്യാര്യാദികഷായമെന്നകിലു-
മെനിക്കു ദുഃഖമൊട്ടും സഹിച്ചുകൂടാതാനും.
ആർത്തിനാശനനായോരെന്നുടെ കൃഷ്ണസ്വാമി
കീർത്തിയേറീടും ഷഡ്ധ്വംശാലയേ വിളങ്ങുന്നോൻ
തന്നുടെ പാദാംഭോജം സ്മരിച്ചുകൊണ്ടു നിത്യ-
മെന്നുടെ ഗൃഹത്തിങ്കലങ്ങനെ വസിക്കുമ്പോൾ
രാത്രിയിൽ സ്വപ്നംകാണിച്ചന്തികേ വരേണമെ-
ന്നത്രയുമല്ല ഭജിക്കേണ്ടുന്ന പ്രകാരവും.

കോളംബം തൊള്ളായിരത്തെഴുപത്തയ്യാമാണ്ടിൽ
കോമളമായ മേടമാസമെട്ടാം തീയതി
ഭഗവാൻ സ്വപ്നംകാണിച്ചതിന്റെയാറാം ദിനം
ഭജനത്തിനു ഞാനും ഷഡ്ധ്വംശാലയം പുക്കേൻ;
മംഗലപ്പള്ളിൽ വടക്കേപ്പുരയതിൽപ്പാർത്തു;
മംഗലമുണ്ടായ് വന്നു; രോഗശാന്തിയും വന്നു."

975-ആമാണ്ടു മേടമാസം 8-നു ആണ് ആശാൻ ഭജനമാരംഭിച്ചതെന്ന് ഈ പംക്തികളിൽ നിന്നു കാണാവുന്നതാണല്ലോ. ഒരിക്കൽ ശില്പശാസ്ത്രജ്ഞനായ ഒരാശാരി 'മൂരിക്കാള' എന്നു മൂക്കിലെ തുടൽ കണ്ടു് അദ്ദേഹത്തെ പരിഹസിക്കുകയും, അപ്പോൾത്തന്നെ അസ്തപ്രജ്ഞനായി താഴെ വീഴുകയും, തദനന്തരം അദ്ദേഹത്തിന്റെ അന്തേവാസിയായി ആ ശാസ്ത്രത്തിൽ ഉപരിപഠനം ചെയ്യുകയും ചെയ്തുവത്രേ.

987-ആമാണ്ടു ചിങ്ങമാസത്തിൽ അഷ്ടമിരോഹിണി നാളിലായിരുന്നു ആശാന്റെ നിര്യാണം. ആ ദിവസം മുൻകൂട്ടി ഗണിച്ചു ക്ലപ്തപ്പെടുത്തി, അന്നു തന്റെ ശിഷ്യന്മാരെയെല്ലാം വരുത്തി അവരുടെ മധ്യത്തിലാണ് അദ്ദേഹം ദേഹവിയോഗം ചെയ്തതു്.

മരണഹേതുകമായ രോഗം അതിസാരമായിരുന്നു. ആശാൻ യാവജ്ജീവം ബ്രഹ്മചാരിയായിത്തന്നെ കാലയാപനം ചെയ്തു. തിരുവാറന്മുളയപ്പന്റെ ഒരു വിഗ്രഹം അദ്ദേഹം സ്വഗൃഹത്തിൽ വെച്ച് ആരാധിച്ചുവന്നിരുന്നു എന്നും അതു് ഇപ്പോൾ ചെറുകാലിനു കിഴക്കു മുണ്ടപ്പുഴ എന്ന സ്ഥലത്തു തുറവിക്കാട്ടില്ലത്തെ നമ്പ്യാതിരിമാർ വെച്ചു പൂജിക്കുന്നു എന്നും അറിയുന്നു.

## ശിഷ്യസമ്പത്തു്

ആശാനു ജ്യോതിശ്ശാസ്ത്രവിഷയത്തിൽ ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. ആ ശിഷ്യന്മാരിൽ പ്രാഥമ്യം ആറന്മുള മങ്ഗലപ്പള്ളി ഇല്ലത്തിലെ ദക്ഷിണാമൂർത്തി മൂത്തതിനാണ് നല്കേണ്ടതു്. ഓമല്ലൂർ കരുവിക്കോയിക്കൽ ഗോവിന്ദനാശാനും തൈത്തോട്ടത്തിൽ നാരായണനാശാനും പുളിവേലി ഗോവിന്ദപ്പണിക്കരും വൈക്കം നീലകണ്ഠനാശാരിയും മറ്റു നാലു പ്രധാനശിഷ്യന്മാരായിരുന്നു. ദക്ഷിണാമൂർത്തി മൂത്തതിന്റെ പ്രധാന ശിഷ്യനായിരുന്നു. മാന്നാറ്റു നാലേകാട്ടിൽ ബാലരാമൻ പിള്ള സംപ്രതിപ്പിള്ള. തൈത്തോട്ടത്തിൽ നാരയണനാശാന്റെ ശിഷ്യന്മാരിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തിന്റെ ഭാഗിനേയൻ കൊച്ചുശങ്കരനാശാനും പ്രസിദ്ധനായിരുന്നു. 1070-ആ മാണ്ടു് ഇടവം 14-ആം നു- ആറന്മുളക്ഷേത്രത്തിൽ സ്വർണ്ണധ്വജം പ്രതിഷ്ഠിച്ചപ്പോൾ കൊച്ചുശങ്കരനാശാൻ ഉണ്ടാക്കിച്ചൊല്ലിയതാണ്,

"മൂർത്ത്യാ സ്വസംകുചിതയാ കനകാദ്രിരുച്ചൈഃ
കാർത്തസ്വരധ്വജമിഷേണ വിഭോഃ പുരസ്താൽ
ഭക്ത്യാ ഷഡങ്കരപതേരവിശൽ ക്ഷണേ/സ്മിൻ
രുദ്ധാംബുദസ്സരനദീവിലസൽ പതാകഃ"

എന്ന ശ്ലോകം. അങ്ങനെ ആശാന്റെ ശിഷ്യപരമ്പര 11-ആം ശതകത്തിന്റെ അവസാനംവരെ ദൈവജ്ഞതയ്ക്കു കേൾവിപ്പെട്ടിരുന്നു.

## കൃതികൾ

നെടുമ്പിലാശാൻ ജ്യോതിഷത്തിൽ (1) ഭാഷാജാതകപദ്ധതി (2) ഭാഷാപഞ്ചബോധഗണിതം എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവകൂടാതെ ജ്യൗതി

ഷഗന്ധിയായ (3) കണക്കുശാസ്ത്രം എന്നൊരു കൃതിയും അദ്ദേഹത്തിന്റെ വകയായി കിട്ടീട്ടുണ്ട്. പദ്ധതിയിലെ

“ഗ്രന്ഥബാഹുല്യഭീത്യാ ഞാൻ പറഞ്ഞില്ലവയോർക്കണം;
അവയൊക്കെപ്പറഞ്ഞീടാം മേലിലെഗ്ഗോളയുക്തിയിൽ”

എന്ന ശ്ലോകം ഭാഷാഗോളയുക്തി എന്നൊരു ഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നതിനു പഴുതു നല്കുന്നു. അതു കണ്ടുകിട്ടീട്ടില്ല. അവയ്ക്കുപുറമേ (4) മർമ്മചികിത്സ (5) ആറന്മുളവിലാസം ഹംസപ്പാട്ട് (6) വിഷ്ണുകേശാദിപാദ – പാദാദികേശസ്തോത്രം (സംസ്കൃതം) എന്നീ വാങ്മയങ്ങളും ഷഡങ്കരനാഥകീർത്തനവും ചില ഒറ്റശ്ലോകങ്ങളുംകൂടി അദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി കാണുന്നു.

### ഭാഷാജാതകപദ്ധതി

ഗഹനമായ ശാസ്ത്രമാണ് പദ്ധതിയിലെ വിഷയമെങ്കിലും ആശാൻ നിവൃത്തിയുള്ള ഘട്ടങ്ങളിലെല്ലാം ശൈലി സരളമാക്കീട്ടുണ്ട്.

“ദേഹികൾക്കു ജനിക്കുമ്പോൾ ദേഹേ നൂറ്റൊന്നു മൃത്യവഃ
നില്ക്കുന്നവസരം നോക്കിദ്ദേഹനാശനഹേതവഃ.

അപമൃത്യുക്കളാം നൂറുമൊന്നല്ലോ കാലമൃത്യുവും
വിഷമങ്ങളറിഞ്ഞിട്ടു നടക്കാമെന്നിരിക്കിലോ

ആയവന്നപമൃത്യുക്കൾ നൂറിനേയും ജയിച്ചിടാം,
കാലമൃത്യു വരുന്നേരം തടുക്കാവല്ലൊരുത്തനും.

എന്നിട്ടെല്ലായ്പൊഴുംതന്നെ വിഷമങ്ങളറിഞ്ഞുടൻ
നടന്നീടുന്നവനെന്നുമപമൃത്യു വരാ ദൃഢം.”

ഇത്യാദി പംക്തികൾ നോക്കുക. പദ്ധതിയുടെ വൈശിഷ്ട്യം ആയുർദ്ദായഗണത്തിലാണ് പരിസ്ഫുരിക്കുന്നത്. എല്ലാ സമ്പ്രദായങ്ങളെയും വിവരിച്ച് ആശാൻ പരമതഖണ്ഡനപുരസ്സരം സ്വമതസ്ഥാപനം യുക്തിയുക്തമായി നിർവ്വഹിക്കുന്നു. പല ഗൂഢാശയങ്ങളും പ്രസ്തുത കൃതിയിൽ അദ്ദേഹം വെളിപ്പെടുത്തീട്ടുണ്ട്. അതുകൊണ്ടാണ് താഴെക്കാണുന്ന ഉപദേശം അദ്ദേഹം അനുവാചകർക്കു നല്കുന്നത്.

“ഗുരൂപദേശം ചൊല്ലുന്നു ശിഷ്യാണാമറിവാനഹം
സാരം പത്രത്തിലാക്കൊല്ലായെന്നു സജ്ജനസമ്മതം.

അസകൃദ്വാരമുപദേശിക്കിലും ഗ്രഹിയായ്കയാൽ
അല്പബുദ്ധികളാമന്തേവാസികൾക്കറിവാനിഹ

പത്രത്തിലാക്കുകെന്നല്ലോ വരു വാത്സല്യഹേതുനാ;
ആകയാൽ പുസ്തകമിദം ഗോപ്യമായിട്ടിരിക്കണം.

തങ്ങൾക്കുമിതുപോൽ സ്സിദ്ധമുണ്ടെന്നിരിക്കിലോ
കാണിക്കാമെന്നു സിദ്ധാന്തമനുഗൃഹ്ണന്തു ദേശികാഃ”

## പഞ്ചബോധഗണിതം ഭാഷ

പഞ്ചബോധം എന്ന ജ്യോതിഷഗ്രന്ഥത്തിന്റെ ഭാഷാനുവാദമാണിതു്. മൂലത്തിലെ എട്ടു ഖണ്ഡങ്ങളിൽ പ്രഥമഖണ്ഡം തർജ്ജമചെയ്തിട്ടില്ല. വാക്യം, ധ്രുവം, ഹാരകം, ഗ്രഹസ്ഫുടങ്ങൾ, കലിദിനാനയനം, വിഷുവദ്ധ്രുവം, വ്യതീപാതം എന്നീ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ടു്.

“ചന്ദ്രധ്രുളിയതിൽക്കൂട്ടു ഇഷ്ടകൊല്ലവയസ്സിനെ
ഗോത്രനായകനെക്കൊണ്ടു പെരുക്കീട്ടതിനെപ്പുനഃ
കലംകൊണ്ടു ഹരിക്കുമ്പോൾ വരും കലിദിനം തഥാ.
മാസവാക്യമതും കൂട്ടിച്ചെന്ന തീയതിയും തഥാ
കൂട്ടിയാഴ്ചയുമൊപ്പിച്ചു ഗണിപ്പൂ സൂര്യനാദിയെ.”

ഈ വരികൾ പ്രസ്തുത ഗ്രന്ഥത്തിലുള്ളതാണ്.

## കണക്കുശാസ്ത്രം

പണ്ടത്തെക്കാലത്തു ചില ജ്യോത്സ്യന്മാർ കുടിപ്പള്ളിക്കൂടത്തിലും മറ്റും പഠിക്കുന്ന ബാലന്മാർക്കുവേണ്ടി അക്കാലത്തെ രീതിയനുസരിച്ചു കണക്കുശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. അവയിൽ ഒന്നായി ആശാന്റെ കണക്കശാസ്ത്രത്തെയും പരിഗണിച്ചാൽ മതി.

സ്ഥാനപ്പെരുക്കശ്ലോകങ്ങൾ:

“മുൻപേകസ്ഥാനമായീടും ദശസ്ഥാനമതഃ പരം
മൂന്നാമതു ശതസ്ഥാനം നാലാമതു സഹസ്രമാം

അഞ്ചാമതയുതസ്ഥാനമാറാമത്തേതുലക്ഷവും
പ്രയുതസ്ഥാനമേഴാമതെട്ടാമത്തേതുകോടിയും

അർബുദം നവമസ്ഥാനം വൃന്ദം ദശമമായതു്
ഖർവമേകാദശം പ്രോക്തം വിഖർവം ദ്വാദശസ്ഥിതം

ത്രയോദശം മഹാപത്മം ശംഖം പിന്നെച്ചതുർദ്ദശം
പതിനഞ്ചാമതായീടും സ്ഥാനം ജലധിയായതു്

അന്ത്യം ഷോഡശമാകുന്നു മധ്യം സപ്തദശം മതം
അഷ്ടാദശം പരാർദ്ധം പിന്നറ്റമില്ലിതു ചൊല്ലുവാൻ.

പിന്നെബ്ഭാഷാവിശേഷങ്ങളുണ്ടു ചൊല്ലാമവറ്റെയും
കോടിക്കുകോടിശംഖാകും ശംഖിന്റേ കോടി പൃഷ്പവും

പൃഷ്പത്തിൻകോടി കല്പംപോൽ കല്പത്തിൻകോടി ലക്കമാം
ലക്കത്തിൻകോടി ദണ്ഡാകും ദണ്ഡിന്റേ കോടി ധൂളിയും

ധൂളിക്കുകോടി വെള്ളംപോൽ സ്ഥാനമൊൻപതുമേഴമേ
പിന്നെ മേല്പോട്ടു വന്നീടും മഹാകൊട്യാദിയിക്രമാൽ.”

## വിഷ്ണുകേശാദിപാദ—പാദാദികേശസ്തോത്രം

ഇതു തിരുവാറന്മുളയപ്പനെപ്പറ്റി ആശാൻ രചിച്ചിട്ടുള്ള ഒരു സംസ്കൃതസ്തോത്രമെന്നാണ് ഐതിഹ്യം. കവിത വിശിഷ്ടമാണ്. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

"സ്മര മാനസ! മൗകുന്ദം മകുടം മണിമണ്ഡിതം
കേശംശ്ച സകലാംഭോദനീലകുഞ്ചിതകോമളാൻ

കുലിശായുധവന്ദ്യാങ്ഘ്രേഃ കടിലാളകസഞ്ചയം
ലലാടം പങ്കജാക്ഷസ്യ പഞ്ചമീചന്ദ്രസന്നിഭം

കുസുമായുധകോദണ്ഡമണ്ഡലാഭേ ഭ്രുവൗ വിഭോഃ
നളിനാന്തർഗ്ഗനിഭേ നയനേ നരകദ്വിഷഃ

വീണാം വാദയമാനേ തു നാരദേऽപാംഗദായിനം
ആഹ്ലാദയന്തം പ്രഹ്ലാദം സ്മിതചന്ദ്രികയാ സ്വയാ.

നിശാന്തേ യഃ സമാസ്ഥായ സ്മരേദേവം ജനാർദ്ദനം
ഇഹാഭിലാഷിതാൻ പ്രാപ്യ സോऽന്തേ വ്രജതി മാധവം."

ഷഡങ്കുരനാഥകീർത്തനം:

"പങ്കജഭവനോതിന മറ മുഖപങ്കജമതിൽനിന്നു കവർന്നതി-
പങ്കമിയന്നൊരു സുരവൈരിയശങ്കം നടകൊണ്ടൊരുശേഷം
സങ്കടമതു പോക്കി വിശങ്കടമത്സ്യാകൃതിപൂണ്ട ഭവാൻ മേ
സങ്കടമുടനഖിലം കള ഷഡങ്കുരനാഥ! തൊഴുന്നേൻ."

## മർമ്മചികിത്സ

ശരീരത്തിലെ മർമ്മങ്ങളുടേയും അവയ്ക്കു ക്ഷതം തട്ടിയാൽ ചെയ്യേണ്ട ചികിത്സകളുടേയും വിവരണമാണ് പ്രസ്തുതഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. ഇതിലെ പദ്യങ്ങൾ ആദ്യന്തം അനുഷ്ടുബ്വൃത്തത്തിൽ നിബന്ധിച്ചിരിക്കുന്നു.

"ദേഹത്തിലുണ്ടു നൂറ്റേഴ മർമ്മങ്ങളവ ചൊല്ലുവൻ
കാൽമേലേകാദശം പിന്നെക്കൈകൾക്കും തൽപ്രകാരമാം
വയറേൽ മൂന്നു മാറത്തങ്ങൊൻപതും മുതുകത്തപി"

എന്നിങ്ങനെ മർമ്മചികിത്സ ആരംഭിക്കുന്നു. ഒടുവിൽ

"ഗുരുവിൻ ഗുരുകാരുണ്യാലേവം മർമ്മചികിത്സയെ
പരോപകാരർത്ഥമായിപ്പറഞ്ഞേനറിവുള്ളപോൽ.

ഇനിയും പല മർമ്മങ്ങളുണ്ടാകാമവയൊക്കെയും
അറിഞ്ഞതാരുലകിലെന്നറിയുന്നറിവുള്ളവർ"

എന്ന പദ്യങ്ങളോടുകൂടി അവസാനിക്കുകയും ചെയ്യുന്നു.

## ആറന്മുളവിലാസം

ഈ ഹംസപ്പാട്ട് ഏറ്റവും സ്വാരസ്യമുള്ള ഒരു കൃതിയാണ്. ആറന്മുളക്ഷേത്രത്തിലെ പല ഐതിഹ്യങ്ങളേയും, അവിടെ പത്താം ശതകത്തിൽ നടന്ന പല സംഭവവങ്ങളേയും ഇതിൽ രേഖപ്പെടുത്തീട്ടുണ്ട്. "ചന്ദ്രധീവർണ്ണസംഖ്യകൊല്ലത്തിൽ വഞ്ചീശ്വര ചന്ദ്രകല്പവന്നിദ്ദിക്കിലെന്നറിഞ്ഞാലും" എന്ന് 926-ആ മാണ്ട് ആറന്മുളയുൾപ്പെട്ട ദേശങ്ങൾ തിരുവിതാംകൂറിലേയ്ക്ക അടങ്ങിയതിനെപ്പറ്റി പ്രസ്താവിക്കുന്നു. 956 കുംഭം 29-ആംന ക്ഷേത്രത്തിൽ അഗ്നിബാധയുണ്ടായതും 959 മീനം 15-ആംന നവീകരണ പ്രതിഷ്ഠ കഴിഞ്ഞതായും രേഖപ്പെടുത്തുന്നു. 975 മേടം 8-ആംന – കവി തുടങ്ങിയ ഭജനം കുറേക്കാലത്തേയ്ക്ക നീണ്ടു നിന്നു. 978-ൽ തിരുവനന്തപുരത്തുകാരനായ മഹാദേവൻ എന്നൊരാൾകൂടി അവിടെ ഭജിച്ചുതുടങ്ങിയത്രേ. വടക്കു നിന്ന് ഏതോ ഒരു 'തുലുക്കൻപട' വന്നതായും തിരുവാറന്മുളയപ്പന്റെ കാരുണ്യംകൊണ്ട് അതു പരാജയപ്പെട്ടതായും പറയുന്നു.

"കടകേലിടക്കുഴീം കാഞ്ഞിരക്കുറ്റീമുള്ള
കാലത്തുമാറന്മുളബ്ഭഗവാനുള്ളപ്പോഴും
പടയ്ക്കു വരികയില്ലെന്നൊരു സത്യം ചെയ്തു
വടക്കു തന്റെ ദിക്കിൽത്തുലുക്കൻ പോയാനല്ലോ"

എന്നാണ് ആ സംഭവത്തെ കവി വർണ്ണിക്കുന്നത്. ഇവിടെ തുലുക്കൻ പട എന്നു പറഞ്ഞിട്ടുള്ളതു ചില മഹമ്മദീയരുടെ ഭണ്ഡാരമോഷണം മാത്രമാണ്. ആശാന്റെ പ്രകൃതിവർണ്ണനത്തിന് ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

പമ്പാനദി:

"ഉത്തുങ്ഗഭങ്ഗിയായ സലിലപ്രവാഹത്തോ
ടുത്തരഗോപുരത്തിൻ സോപാനങ്ങളിൽത്തട്ടി
ശാശ്വതമൊഴുകീടുന്നുച്ചൂറിതകീർത്തിയോടും
പശ്ചിമദിക്കിലുള്ളോർക്കാനന്ദം വരുത്തുവാൻ.

കല്പാന്തകാലത്തിങ്കൽ മേരുവിലിരിക്കുന്നോ-
രെപ്പേരും കണ്ടുകണ്ടു രസിക്കുന്നതുപോലെ
ഉത്തങ്ഗവെള്ളം പൊങ്ങിവരുന്ന കാലത്തിങ്ക-
ലുത്തരഗോപുരത്തിലിരുന്നു കണ്ടീടുന്നു.
വള്ളങ്ങൾ തമ്മിൽപ്പാടിക്കളിക്കുന്നതും കാണാം
വെള്ളത്തിൽച്ചാടി നീന്തിക്കളിക്കുന്നതും കാണാം.

വൃക്ഷങ്ങൾ മുങ്ങുന്നേരമതിന്മേലിരിക്കുന്നോ-
രൃക്ഷങ്ങളാദിയായ ജന്തുക്കളോരോവിധം
സന്തതം മുങ്ങിച്ചാടി ഭ്രമിച്ചു മുങ്ങാതുള്ള
വൃക്ഷങ്ങൾതോറും കേറീട്ടിരിക്കുന്നതും കാണാം
അക്ഷതങ്ങളായുള്ള ശാഖകളോടുംകൂടി
വൃക്ഷങ്ങൾ സമൂലമായൊഴുകുന്നതും കാണാം.
ഭഗവൽക്ഷേത്രാധീനപംക്തികൾ വസിക്കുന്ന
ഭവനം മുങ്ങുന്നേരം ശരണം മതിലകം.

ശരൽകാലത്തു വെള്ളമെത്രയും സ്വച്ഛം; നല്ല
ചരലും വെളുത്തോരോ കുന്നുപോലുയർന്നീടും.
മുത്തുകൾപോലെ നല്ല മണലും ക്വചിൽ ക്വചിൽ
മുത്തുകളുണ്ടാമുടൻ കാണുന്ന ജനങ്ങൾക്കും.

വാലുകകളിൽത്തുന്യകല്ല ചാടിയും വീണും
ബാലകന്മാരും മോദാൽക്കളിക്കും ദിനംതോറും.
കുളിയും കഴിഞ്ഞിട്ടു വീണരുണ്ടാലും ദേഹേ
ചെളിയും കിഞ്ചിൽപ്പിരണ്ടീടുവാനില്ലാല്ലോതാൻ
ഉള്ളത്തിൽ പ്രീതിയോടെ ബാലന്മാരായുള്ളവർ
വെള്ളത്തിൽച്ചാട്ടം, നീന്തും, നീർക്കുഴിയിട്ടും കേചിൽ.

കല്ലിട്ടാൻകുഴിയേതെന്നുള്ള സല്ലാപത്തോടും
കല്ലിട്ടു മുങ്ങിയെടുത്തുംകൊണ്ടുവരും കേചിൽ.
കരങ്ങൾ കെട്ടിക്കൊണ്ടു കവിണ്ണു നീന്തും ചിലർ
കരങ്ങൾ മാർവിൽവച്ചു മലർന്നുനീന്തും കേചിൽ.
നരബാലന്മാർക്കു കളിപ്പാനിതുപോലെ
നദികൾ കാണ്മാനില്ല; നക്രഭീതിയുമില്ല.”

ഈ വർണ്ണനം ആറന്മുളയാറ്റിൽ വേനല്ക്കാലത്തു കുളിച്ചു താമസിക്കുന്നവർക്ക് ഇന്നും അത്യന്തം അനുഭവവേദ്യമാണെന്നു പറയേണ്ടതില്ലല്ലോ.

## മച്ചാട്ടു നാരായണനിളയത് (940–1017)

### ജീവ ചരിത്രം

കൊച്ചിരാജ്യത്തു തലപ്പിള്ളിത്താലൂക്കിൽ വടക്കാഞ്ചേരി തീവണ്ടിസ്റ്റേഷനിൽനിന്നു മൂന്നു നാഴിക കിഴക്കായി മച്ചാട്ട് എന്നൊരു പ്രദേശമുണ്ട്. അവിടെ കുളപ്പുരമംങ്ഗലം എന്ന ശിവക്ഷേത്രത്തിന്റെ തൊട്ടു കിഴക്കായി ചാന്തമ്പിള്ളി എന്നൊരു ഇല്ലമുണ്ടായിരുന്നു. ആ ഇല്ലത്തിലാണ് നാരാണനിളയതു ജനിച്ചത്. പുരുഷപ്രാപ്തി വന്നതിനുശേഷം ചാന്തമ്പിള്ളിക്കു സ്വല്പം വടക്കു കരുമത്രയിൽ ഒരില്ലം അദ്ദേഹം പുത്തനായി പണികഴിപ്പിച്ചു താമസം അങ്ങോട്ടേയ്ക്കു മാറ്റി. ഇളയതു സുമാർ 80 വയസ്സോളം ജീവിച്ചിരുന്ന്, 1017-ആമാണ്ട് മീനമാസം രോഹിണിനക്ഷത്രത്തിൽ പരഗതിയെ പ്രാപിച്ചതായി വിശ്വസിക്കപ്പെടുന്നു. അദ്ദേഹം 940-ആമാണ്ടാണ് ജനിച്ചതെന്നു ചിലർ പറയുന്നു. അതു ശരിയാണെങ്കിൽ അദ്ദേഹം 20–ആമത്തെ വയസ്സിലോ അതിനുമുൻപുതന്നെയോ അദ്ദേഹത്തിന്റെ അത്യഭുതമായ ജ്യോതിശ്ശാത്രവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കണം.

### ജ്യൗതിഷികത്വം

പ്രശ്നമാർഗ്ഗകാരനായ ഇടയ്ക്കാടിന്റെ പ്രശിഷ്യനാണ് ഇളയതെന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ ഗുരുമുഖത്തിൽ നിന്നു ശാസ്ത്രം പഠിച്ചതിനുമേൽ അതു പ്രയോഗിക്കുന്നതിനുമുൻപു തന്റെ ആയുർദ്ദായംതന്നെ നിപുണമായി ഒന്നു പരീക്ഷിച്ചുനോക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു തൃപ്പൂണിത്തുറക്കോവിലകത്തേയ്ക്കു പോയി. അന്നു

ശക്തൻ തമ്പുരാൻ സിംഹാസനാരൂഢനായിക്കഴിഞ്ഞിരുന്നില്ലെങ്കിലും അദ്ദേഹം തന്നെയാണ് ഭരണസാരഥ്യം വഹിച്ചിരുന്നത്. അവിടെ ഈഴുവെപ്പിൽ കടന്ന് ഒരു സ്വർണ്ണക്കുടം മോഷ്ടിച്ചുകൊണ്ട് ഇളയതു വെളിയിലേയ്ക്കു പോരികയും കാവല്ക്കാർ തസ്കരനെ തിരുമുമ്പിൽ കൊണ്ടുചെല്ലുകയും ചെയ്തു. ശക്തൻ തമ്പുരാൻ മോഷ്ടാവിനെ വധശിക്ഷയ്ക്കു വിധിച്ചു. പക്ഷേ കൊലനിലത്തുവെച്ചു ചില നമ്പൂരിമാർ നമ്മുടെ ദൈവജ്ഞനെ ആ നിലയിൽ കാണുകയും അവർമുഖേന വിവരമറിഞ്ഞു തമ്പുരാൻ അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. ഇളയതിനോട്ട് തിരുമേനി ആ സാഹസത്തെപ്പറ്റി ചോദിച്ചതിൽ തനിക്കു ജാതകമനുസരിച്ചു ദീർഘായുര്യോഗമുള്ളതായിക്കണ്ടു എന്നും അതു ശരിയാണോ അതോ ശാസ്ത്രം പിഴയ്ക്കുമോ എന്നു തീർച്ചപ്പെടുത്തുന്നതിനുവേണ്ടി അങ്ങനെ ചെയ്തതാണെന്നും അദ്ദേഹം ഉത്തരം പറഞ്ഞുവത്രേ. ആ വിധത്തിലൊന്നും ആത്മഹത്യക്കൊരുമ്പെട്ടു നവഗ്രഹങ്ങളെ പരീക്ഷിക്കരുതെന്നു മാത്രം തമ്പുരാൻ ഉപദേശിച്ചയച്ചു. 964–ൽ ടിപ്പുസുൽത്താനോടുപോലും ഇളയതു സമ്മാനം വാങ്ങിച്ചതായി ഒരു ഐതിഹ്യമുണ്ട്. തൃശ്ശിവപേരൂർവെച്ച് ഒരിക്കൽ സുൽത്താൻ ഒരു തത്തയെ കളിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിന്റെ കാലിൽ കെട്ടിയിരുന്ന തങ്കച്ചങ്ങല അദ്ദേഹത്തിന്റെ ഇടത്തേക്കൈത്തണ്ടയിൽ ബന്ധിച്ചിരുന്നു. ഇളയത് ആ സമയത്താണ് അവിടെ ചെന്നു ചേർന്നത്. അദ്ദേഹത്തെ കണ്ട അവസരത്തിൽ സുൽത്താൻ ആ തത്ത എപ്പോൾ മരിക്കുമെന്നു ചോദിക്കുകയും കുറേക്കാലം കൂടി ജീവിച്ചിരിക്കാൻ അതിനു യോഗം കാണുന്നതായി അദ്ദേഹം മറുപടി പറയുകയും ചെയ്തു. ടിപ്പു ഉടൻ വാളെടുത്ത് ആ തത്തയെ വെട്ടാൻ ഉദ്യമിച്ചു എങ്കിലും വെട്ടു കൊണ്ടതു ചങ്ങലയിലായിരുന്നു. അതിന്റെ ഫലമായി ചങ്ങല മുറിയുകയും കിളി പറന്നുപോവുകയും ചെയ്തു. ടിപ്പുവും തിരുവിതാംകൂറുമായുള്ള യുദ്ധത്തിൽ ടിപ്പു ജയിക്കുകയില്ലെന്ന് ഇളയതു മുൻകൂട്ടി പ്രവചിച്ചപ്പോൾ അദ്ദേഹത്തെ തന്റെ പടയാളികളോടുകൂടി യുദ്ധാവസാനംവരെ താമസിക്കുവാൻ ആ ഉഗ്രശാസനൻ ആജ്ഞാപിച്ചു. ഒടുവിൽ ഇളയതിന്റെ പ്രശ്നം ഫലിച്ചതായി കണ്ട് അദ്ദേഹത്തിനു സമ്മാനമായി ഒരു പറ പണം അളന്നുകൊടുപ്പിക്കുകയും ചെയ്തു. പിന്നെയും ആഴ്വാഞ്ചേരി മനയ്ക്കൽ ഒരു സന്ദർഭത്തിൽ ഇളയതു ചെന്നപ്പോൾ അവിടെ തമ്പ്രാക്കൾ തന്റെ ക്ഷുരകനെ വരുത്തി ക്ഷൗരത്തിനു തയാറാവുകയായിരുന്നു. താൻ എപ്പോൾ ക്ഷൗരം ചെയ്യിക്കുമെന്ന് അദ്ദേഹം ചോദിച്ചതിന് അത് ഏഴെട്ടു മാസത്തേക്ക് ഉണ്ടാവില്ലെന്നായിരുന്നു ഇളയതിന്റെ മറുപടി. “അതാ ക്ഷുരകൻ എന്നെക്കാത്തുനില്ക്കയാണ്” എന്നു തമ്പ്രാക്കൾ വീണ്ടും പറഞ്ഞപ്പോൾ “അകായിലുള്ളവരോട് ഒന്നു ചോദിച്ചിട്ടായാൽ വേണ്ടില്ല” എന്ന് ഇളയത് ഉപദേശിച്ചു. ചെന്നു ചോദിച്ചപ്പോഴാണ് തന്റെ ധർമ്മപത്നിക്ക് ഋതുമതിയാകേണ്ട ദിവസം തെറ്റിയിരിക്കുന്നതായി അദ്ദേഹത്തിനു മനസ്സിലായത്. തമ്പ്രാക്കൾക്ക് ഒരു പുരുഷപ്രജ ജനിക്കുമെന്നും ആ സംഭവം ഇന്നപ്പോളായിരിക്കുമെന്നും മറ്റും കാണിച്ച് ഇളയത് ഒരു കുറിമാനവും എഴുതിക്കൊടുത്തു. ശക്തൻതമ്പുരാനെ ഇളയത് അദ്ദേഹത്തിന്റെ ദീർഘദർശനംകൊണ്ടു പല അവസരങ്ങളിലും വിസ്മയിപ്പിച്ചിട്ടുണ്ട്. “ശക്തൻതമ്പുരാനും ഏത്തവാഴപ്പഴവും” , “ശക്തൻതമ്പുരാനും സർപ്പകോപവും” മുതലായ ഐതിഹ്യങ്ങൾ പ്രകൃതത്തിൽ വിസ്തരിക്കുവാൻ സ്ഥലദൗർലഭ്യം അനുവദിക്കുന്നില്ല. കേരളത്തിലെ കേളികേട്ട ജ്യോത്സ്യന്മാരിൽ പ്രശ്നഭാഗത്തെസ്സംബന്ധിച്ചേടത്തോളം അദ്ദേഹത്തെക്കാൾ വിശ്രുതനായ ഒരു ശാസ്ത്രജ്ഞൻ ആ ശതവർഷത്തിൽ ജീവിച്ചിരുന്നിട്ടില്ലെന്നുതന്നെ പറയാം.

## കൃതികൾ

ഇളയതിന്റെ വാങ്മയങ്ങളെ (1) ജ്യോതിഷകൃതികൾ (2) സംസ്കൃതകൃതികൾ (3) ഭാഷാകൃതികൾ എന്നീ മൂന്നിനങ്ങളായി വിഭജിക്കാം.

ജ്യോതിഷകൃതികൾ: — (1) ജാതകദേശരത്നമെന്നും (2) മച്ചാട്ടു ഭാഷയെന്നും രണ്ടു ഗ്രന്ഥങ്ങൾമാത്രമേ ഈ വകുപ്പിൽ കിട്ടീട്ടുള്ളു. ജാതകാദേശരത്നം പുതുമന ച്ചോമാതിരിയുടെ ജാതകാദേശത്തെ അനുകരിക്കുന്നു. മച്ചാട്ടുഭാഷയ്ക്കു ജ്യോതിഷഭാഷാവലി എന്നും പേരുണ്ട്. ഇതിലെ ഉപക്രമത്തിലുള്ളതാണ്.

> “വിഹിതകുളപ്പുരമങ്ഗലവാസം വിധുശേഖരം നമസ്കൃത്യ
> ബാലന്മാർക്കു പഠിപ്പാൻ ജ്യോതിഭാഷാവലിം കരിഷ്യാമി.”

എന്ന ശ്ലോകം.

സംസ്കൃതകൃതികൾ: — (3) രാമായണം യമകകാവ്യം (4) ധാന്യമുഖാലയേശപഞ്ചാശിക എന്നിങ്ങനെ രണ്ടു സംസ്കൃതകൃതികൾ ഇളയതു രചിച്ചിട്ടുള്ളതായി അറിയാം. ‘ധാന്യമുഖാലയം’ എന്നാൽ ‘നെല്ലുവാ’ എന്നർത്ഥം. ഇളയതു നെല്ലുവായിലെ ധന്വന്തരമൂർത്തിയായ മഹാവിഷ്ണുവിന്റെ പരമാരാധകനായിരുന്നു. അദ്ദേഹത്തിന്റെ ഭാഷാഗാനങ്ങളിലെല്ലാം ആ ദേവന്റെ വന്ദനം പ്രായേണ കാണ്മാനുണ്ട്. രാമായണത്തിൽ അറുപത്തൊന്നും പഞ്ചാശയത്തിൽ അൻപത്തൊന്നും ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. ആദ്യത്തെ കൃതി അനുഷ്ടുപ്പിലും രണ്ടാമത്തേതു ശാർദ്ദൂലവിക്രീഡിതത്തിലുമാണ് നിർമ്മിച്ചിരിക്കുന്നത്. രാമായണം ഒരു യമകകാവ്യമാണ്. പഞ്ചാശിക അത്തരത്തിലുള്ളതല്ലെങ്കിലും അതിലും കവി യമകം ധാരാളമായി ഘടിപ്പിച്ചിട്ടുണ്ട്. യമകപ്രയോഗത്തിൽ ഇളയതിന് അസാമാന്യമായ പാടവമുണ്ടായിരുന്നു. ആ കൃതിയിൽ വിഷ്ണുവിന്റെ കേശാദിപാദവർണ്ണനമാണ് പ്രതിപാദ്യം. രണ്ടു കാവ്യങ്ങളിൽനിന്നും ചില ശ്ലോകങ്ങൾ ചുവടേ ചേർക്കാം.

> രാമായണം യമകകാവ്യം:
> “സച്ചിദാനന്ദരൂപോപി സ്വഭക്താനുഗ്രഹായ യഃ
> ധത്തേ സാവയവം ദേഹം വന്ദേഹം തം മഹേശ്വരം.
>
> ചിത്രം ശ്രീരാമചരിതം വക്ഷ്യേ സംക്ഷിപ്യ സാദരം
> സന്തു സന്തഃ പ്രസന്നാ മേ സന്നാമേയമനോമലാഃ.
> . . . . . . . . . . . . . . . . . .
> തതശ്ശൂർപ്പണഖാ പ്രാപ്താ രാമം കാമമയാചത
> സ സസർജ്ജ ച സോദര്യേ സോദര്യേതാം നിശാചരീം.
> . . . . . . . . . . . . . . . . . .
> ബധ്വാ സേതും ഗതാ ലങ്കാം കപയോ ഽദ്രിദ്രുമായുധാഃ
> ജഘ്നുസ്സമീകേ തരസാ തരസാശനസഞ്ചയാൻ.
> . . . . . . . . . . . . . . . . . .
> ദശാസ്യശക്തിമുക്താസും ലക്ഷ്മണം പവനാത്മജഃ
> ഔഷധാചലമാനീയ മാനീ യത്നാദജീവയൽ.”
>
> ധാന്യമുഖാലയേശപഞ്ചാശിക:
> “ദേഹം ദേവ! ദധാസി മാധവ! ചതുർദ്ദോഷം ത്രിദോഷാപഹം
> ഭക്തേ പഞ്ചജനേ തനോഷി പുരുഷാർത്ഥാനാം ചതുഷ്കം മുദാ

പഞ്ചത്വം നയസി ത്വമന്തരഗതം ചാരാതിഷ്ടകം നൃണാം
കർമ്മാനേകമഹോ! വിഭാതി ഭവതസ്തത്ത്വാം ഭജേ സന്തതം.

ഭക്തിസ്സജ്ജനസങ്ഗമാത്രസുലഭാ തത്വാർത്ഥബോധപ്രദാ
സർവേഷാം ഗുണവൃദ്ധികൃദ്വിജയതേ നൈവം വിഭക്തിഃ പ്രഭോ
ലഭ്യാ ശാസ്ത്രപരിശ്രമാദ്വിതനുതേ സാ ചാർത്ഥഭേദാൻ ബഹൂൻ
വൃദ്ധിം ചാപി ഗുണം ച കുത്രചിദതസ്ത്വദ്ഭക്തിമേവാദ്രിയേ,
. . . . . . . . . . . . . . . . . .
ചക്ഷുർദ്ദക്ഷിണമീശ വാമമഹിതേ ഭക്തേ ജനേ ദക്ഷിണം
വാമം തദ്വിതയം രിപൗ തദധികാരുണ്യം ച ഭാതി ദ്വയോഃ

സൗമ്യം വാമമിഹാപരം വഹതി മിത്രത്വം തഥാ ചോഭയം
സൗമ്യം സാധുജനസ്യ മിത്രമവതാച്ചിത്രം തദക്ഷിദ്വയം.
. . . . . . . . . . . . . . . . . .
ത്വന്മാഹാത്മ്യമജാനതാ യദിഹ തേ കേശാദിപാദാന്തിമാ-
ന്യങ്ഗാനീതി മയാ സ്തുതാനി തദിദം ഭൂയാദ്ദ് ഭവൽപ്രീതയേ
ഭക്ത്യാ യഃ പഠതി പ്രഭോ! പരമയേമാം സ്തോത്രപഞ്ചാശികാം
തസ്യാന്തഃ കരണാകരേ സുരുചിരം ത്വദ്രൂ പരത്നം ജയേൽ.”

ധന്വന്തര്യഷ്ടകം എന്നൊരു കൃതിയും അദേഹം നിർമ്മിച്ചിട്ടുണ്ടത്രേ.

## ഭാഷാഗാനങ്ങൾ – തിരുവാതിരക്കളി

ഇളയതിന്റെ ഭാഷാഗാനങ്ങളെല്ലാം സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ളതാണ്. കൈകൊട്ടിക്കളിപ്പാട്ടുകൾ എന്നും തിരുവാതിരപ്പാട്ടുകൾ എന്നും പറയുന്ന ഗാനങ്ങളെ ഭാഷാസാഹിത്യത്തിന്റെ ഒരു പ്രത്യേകവിഭാഗമായി പരിഗണിക്കേണ്ടതാകുന്നു. തിരുവാതിരക്കളി ‘ലാസ്യം’ എന്ന അഭിനയശാഖയിൽ ഉൾപ്പെടുന്നു. തീവ്രമായ തപോനിയമം അനുഷ്ഠിച്ചുകൊണ്ടിരുന്ന പാർവതീദേവിക്ക് ആ തപസ്സിന്റെ ഫലമായി ശ്രീപരമേശ്വരൻ പ്രത്യക്ഷീഭവിച്ചു തന്റെ പത്നിയാക്കിക്കൊള്ളാമെന്നു വരദാനം ചെയ്തതു ധനുമാസത്തിലെ തിരുവാതിരനാളിലാണ്. ആ ദിവസത്തെ അവിവാഹിതകളായ കന്യകമാർ ഭക്തിപൂർവ്വം ആഘോഷിക്കുന്നതിന്റെ ഒരു ചടങ്ങാണ് തിരുവാതിരക്കളി. ധനുമാസത്തിലെ തിരുവാതിരയ്ക്കു ഏഴു ദിവസത്തിനെങ്കിലും മുൻപ് അവർ പാർവ്വതീദേവിയെ പാട്ടുകൾ പാടി ആരാധിച്ചു നൃത്തം വെയ്ക്കുകയും തിരുവാതിരനാളിൽ നോൽമ്പു നോറ്റു രാത്രി മുഴുവൻ അത്തരത്തിലുള്ള ഉപാസനാപരിപാടി അനുഷ്ഠിക്കുകയും ചെയ്യുന്നു. നൃത്തരൂപമാണ് പ്രസ്തുതലാസ്യം. അതുകൊണ്ട് ആ അവസരത്തിൽ ഉപയോഗിക്കുന്ന പാട്ടുകളും താളപ്രധാനങ്ങളാണ്. തിരുവാതിരനാൾ അർദ്ധരാത്രിയോടുകൂടി കന്യകമാർ ശുഭ്രവസ്ത്രങ്ങൾ ധരിച്ചു പാതിരാപ്പൂചൂടി, ‘പുലവൃത്തം’ പാടിക്കളിക്കുകയും മറ്റും ചെയ്യുന്ന പതിവു പണ്ടത്തെക്കാലത്തു സർവസാധാരാണമായിരുന്നു. നവീനപരിഷ്കാരത്തിന്റെ കൂലങ്കഷമായ പ്രവാഹത്തിൽ ആ പതിവ് ഓണംകേറാമൂലകളിൽപ്പോലും നാമാവശേഷമായിട്ടുണ്ട്. ആ വ്രതത്തിന്റെ ഫലം അനുരൂപമായ ദാമ്പത്യമാണെന്ന് ഇന്ന് ആർ വിശ്വസിക്കും? പണ്ട് എത്ര കുലീനതയും കുബേരതയും തികഞ്ഞ കുടുംബങ്ങളിൽപ്പോലും അനുഷ്ഠിച്ചുവന്നിരുന്ന ആ ദൈവാരാധനാപദ്ധതിക്ക് ഇന്നു ചില

പൺപള്ളിക്കൂടങ്ങൾമാത്രം വല്ലപ്പോഴുമൊരിക്കൽ അഭയസ്ഥാനങ്ങളായെങ്കിലായി എന്നേ ഉള്ളൂ. ഇതു പുനരുജ്ജീവിപ്പിക്കേണ്ട ഒരു കേരളീയകലയാണെന്നും ഇതിന് ആത്മീയമായും മാനസികമായുമെന്നതുപോലെ ശാരീരികമായും പ്രയോജനമുണ്ടെന്നും ചിന്താശീലന്മാർക്കു നിരീക്ഷിക്കുവാൻ പ്രസാസമില്ല. വളരെക്കാലം മുമ്പുമുതല്ക്കുതന്നെ കൈകൊട്ടിക്കളിപ്പാട്ടുകൾ ഓരോരുത്തർ നിർമ്മിച്ചിരിക്കണമെങ്കിലും കുഞ്ചൻ നമ്പിയാരുടെ രുക്മിണീസ്വയംവരത്തിനുമുൻപുള്ള പാട്ടുകളൊന്നും കണ്ടുകിട്ടീട്ടില്ല. അവയെ മച്ചാട്ടിളയതിന്റെ ആ സാഹിത്യസരണിയിലുള്ള കൃതിരത്നങ്ങൾ അന്തർദ്ധാനം ചെയ്യിച്ചു എന്നു അനുമാനിക്കവുന്നതാണ്.

## ഇളയതിന്റെ കൃതികൾ

ശക്തൻതമ്പുരാന്റെ ദ്വിതീയപത്നിയായ കരിമ്പറ്റ ചിമ്മുക്കുട്ടി വലിയനേത്യാരമ്മ കൈകൊട്ടിക്കളിയിൽ അനന്യസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. ആ മഹിളാരത്നത്തിന്റെ ആവശ്യമനുസരിച്ചാണ് ഇളയതു ശാകുന്തളം നിർമ്മിച്ചത് എന്നു പുരാവിത്തുകൾ പറയുന്നു. മറ്റു ചില പാട്ടുകൾക്കും അവരുടെ പ്രേരണ കാരണമായിരുന്നിരിക്കാം. ചിമ്മുക്കുട്ടിയമ്മയെ തിരുമനസ്സു കൊണ്ടു പരിഗ്രഹിച്ചത് 975 -ലാണ്. അവിടുന്നു 981-ൽ തീപ്പെട്ടു. നേത്യാരമ്മ 1030-ആമാണ്ടുവരെ ജീവിച്ചിരുന്നു. ആയുരന്തംവരെ ആ മഹതി കൈകൊട്ടിക്കളിയുടെ പ്രചരണത്തിനായി പലപ്രകാരത്തിൽ പരിശ്രമിയ്ക്കുകയുണ്ടായിട്ടുണ്ട്.

അത്തരത്തിലുള്ള ഒട്ടുവളരെ പാട്ടുകൾ ഇളയതു നിർമ്മിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. (1) പാർവ്വതീസ്വയംവരം പന്ത്രണ്ടുവൃത്തം (വലുത്), (2) പാർവ്വതീസ്വയംവരം നാലുവൃത്തം (ചെറുത്), (3) അംബരീഷചരിതം അഥവാ ഏകാദശീമാഹാത്മ്യം പന്ത്രണ്ടുവൃത്തം, (4) ശാകുന്തളം എട്ടുവൃത്തം, (5) ഗജേന്ദ്രമോക്ഷം നാലുവൃത്തം, (6) ലക്ഷണാസ്വയംവരം എട്ടുവൃത്തം, (7) സീതാസ്വയംവരം നാലുവൃത്തം, (8) വൃകാസുരവധം രണ്ടു വൃത്തം, (9) കല്യാണസൗഗന്ധികം രണ്ടുവൃത്തം, (10) വസ്ത്രാപഹരണം രണ്ടുവൃത്തം, (11) അമൃതമഥനം എന്നീ കൈകൊട്ടിക്കളിപ്പാട്ടുകൾ അദ്ദേഹത്തിന്റേതാണെന്നു സങ്കല്പിയ്ക്കാം. ഇവ കൂടാതെ (1) വ്യാസോൽപത്തി കുറത്തിപ്പാട്ട് (2) പാത്രചരിതം കുറത്തിപ്പാട്ട് (3) കൃഷ്ണലീല പാന (4) വ്യാസോൽപത്തി പാന (5) സന്താനഗോപാലം പാന (6) നളചരിതം പാന (7) ഗണപതിസുബ്രഹ്മണ്യകലഹം പാട്ട് (8) നെല്ലുവായപ്പന്റെ കേശാദിപാദം പാട്ട് ഇവയും അദ്ദേഹത്തിന്റെ വാങ്മയങ്ങളാണെന്നു പറയുന്നു. ഇളയതിന്റെ ഭാഷാശൈലി അത്യന്തം സരളമധുരമാണ്. കുഞ്ചൻനമ്പിയാരുടെ രീതിയാണ് പദഘടനയിൽ അദ്ദേഹം നിരന്തരമായി അനുകരിച്ചിരിയ്ക്കുന്നത്; രചനാസൗഷ്ഠവം അത്രമാത്രം തികഞ്ഞ ഭാഷാകൃതികൾ അക്കാലത്തു വളരെ വളരെ വിരളങ്ങളായിരുന്നു. കൈകൊട്ടിക്കളിക്കു പാടുന്നതിനു് അതുപോലെ മനോഹരങ്ങളായ ഗാനങ്ങൾ ഭാഷയിൽ വേറെ അധികമില്ലെന്നും തീർത്തുപറയാവുന്നതാണ്. കേരളത്തിൽ പഴയ മട്ടിലുള്ള കുടിപ്പള്ളിക്കൂടങ്ങൾക്കു പ്രാധാന്യമുണ്ടായിരുന്ന കാലത്തു ശാകുന്തളം തുടങ്ങിയ ചില പാട്ടുകൾ പെൺകുട്ടികളെ ആശാന്മാർ നിഷ്കർഷിച്ചു പഠിപ്പിച്ചുവന്നിരുന്നു. ഇന്നും സ്ത്രീകൾക്ക് ഇളയതിന്റെ പാട്ടുകളിലുള്ള ആദരം സീമാതീതമാണ്. ഉപരി നിർദ്ദിഷ്ടങ്ങളായ കൃതികളെല്ലാം വായിയ്ക്കുവാൻ എനിയ്ക്കു സാധിച്ചിട്ടില്ല; മിക്കവാറും വായിച്ചിട്ടുണ്ട്. ഞാൻ വായിച്ചിട്ടുള്ളവയിൽ സർവ്വോൽകൃഷ്ടമായി എനിയ്ക്കു തോന്നീട്ടുള്ളതു ശാകുന്തളം തന്നെ. ശാകുന്തളത്തിലെ “ഓട്ടംമൃഗങ്ങളെ” “കല്യാണി കളവാണി” മുതലായ

ഭാഗങ്ങൾ സുപ്രസിദ്ധങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം:

ഓട്ടം മൃഗങ്ങളെത്തേടി നരപതി
കാടകംപുക്കൊരു നേരത്തിങ്കൽ
പേടിച്ചൊരു മൃഗം ചാടിക്കുതിച്ചോടി
കൂടെ നൃപതിയും കൂടി പിൻപേ.
മണ്ടുന്ന മാനിനെക്കണ്ടുകണ്ടന്തികേ
കുണ്ഠിത കൈവിട്ടടുത്തു മന്നൻ
തേരതിവേഗത്തിൽപ്പാരാതെയോടിച്ചു
ദൂരത്തൊരു ദിക്കിൽച്ചെന്നുചാടി.
സേനയും കൂടാതെ താനേ ഹിമവാന്റെ
സാനുപ്രദേശം പ്രവേശിച്ചപ്പോൾ
ദാഹം മുഴക്കയാൽത്തണ്ണീർ തിരഞ്ഞപ്പോൾ
മോഹനമാമ്മാറു മുന്നിൽക്കണ്ടു
കണ്വമുനിയുടെ പുണ്യാശ്രമസ്ഥലം
കണ്ണിന്നു കൗതുകമുണ്ടാം കണ്ടാൽ." (ശാകുന്തളം ദ്വിതീയവൃത്തം)
"കല്യാണി! കളവാണി! ചൊല്ലു നീയാരെന്നതും
കല്യേ! നീയാരുടയ പുത്രിയെന്നും.
നിന്നുലമെനിക്കുള്ളിൽ മന്മഥവിവശത
മേന്മേൽ വന്നുദിക്കുന്നു നിർമ്മലാംഗി!
കന്യകയതു കേട്ടു മന്ദമങ്ങുരചെയ്തു
കണ്വമാമുനിയുടെ സുതയല്ലോ ഞാൻ.
മന്നവ! ശകുന്തളയെന്നു പേരെനിക്കെടോ
എന്നിലാഗ്രഹം തവ നന്നല്ലേതും.
താപസതരുണിയെബ്ഭൂപനു കൈക്കൊള്ളാമോ?
പാപമുണ്ടതിനെന്നതറിയുന്നീലേ?" (ശാകുന്തളം ചതുർത്ഥവൃത്തം)
"അരികിൽ വരികാരോമൽപ്പൈങ്കിളി, നീ-
യരനിമിഷം കാലം കളഞ്ഞീടാതെ.
അരുമയൊടേ സീതാസ്വയംവരത്തെ-
യരുണമുഖി! ചൊല്ലെന്നു കേട്ടനേരം
അഖിലപതി നെൽവായിൽ മാധവനെ-
യകതളിരിലോർത്തു പറഞ്ഞാളല്ലോ.
അരികൾകലകാലൻ ദശരഥനാ-
മരചമണി വാണാനയോധ്യതന്നിൽ.
അവനു സുതനായിപ്പണ്ടംബുജാക്ഷ-
നവതരണം ചെയ്തിതു രാമനായി.
അവരജരും മൂവരുളവായ്‌വന്നു
അവരോടൊരുമിച്ചു വളരുംകാലം
അവിടെയൊരുനാൾവന്നു വിശ്വാമിത്ര-
നവനിപതിവീരനെക്കണ്ടു ചൊല്ലി." (സീതാസ്വയംവരം പ്രഥമവൃത്തം)

"കാലാരിസംഭവനായ മുനീന്ദ്രൻ

കാളിന്ദിയിൽച്ചെന്നിറങ്ങി പതുക്കെ
കാലു കഴുകിയും കണ്ണു തുടച്ചും
കാഷായവസ്ത്രം നനച്ചു പിഴിഞ്ഞും
കാറ്റുമൊട്ടേറ്റു കടവിലിരുന്നും
കാളമാം തോയത്തിൽ മുങ്ങിക്കിടന്നും
കാലം വളരെക്കഴിഞ്ഞൊരുശേഷം
കാണാഞ്ഞു ഭൂപനു ചിന്ത തുടങ്ങി." (അംബരീഷചരിതം ഷഷ്ഠവൃത്തം)

"തുമ്പിക്കരംകൊണ്ടു താമരയെല്ലാ-
മൻപോടറുത്തവനർച്ചനചെയ്തു
കമ്പം കളഞ്ഞു താൻ പണ്ടു ഭജിച്ച
തമ്പുരാൻതന്നെ സ്തുതിച്ചുതുടങ്ങി.
ഈരേഴു പാരിനും കാരണമായി
നേരേ വിളങ്ങുന്ന നിശ്ചലരൂപ,
പാരം പരവശനാകിയൊരെന്നെ-
പ്പാരാതേ വന്നു കരേറ്റുക വേഗം.
നിഷ്കള! നിർഗ്ഗുണ! നിർമ്മലമൂർത്തേ!
ദുഃഖവിനാശന! പാഹി കൃപാലോ!
നക്രം വലിച്ചെന്നെ നീരിലിദാനീം
മുക്കുന്നതിൻമുൻപു മുക്തി തരേണം
മൂർത്തിവിശേഷമൊഴിച്ചവനേവം
കീർത്തനം ചെയ്തതു കേട്ടൊരുനേരം
ഇസ്തുതി നമ്മെയല്ലെന്നു നിനച്ചു
മൃത്യുഞ്ജയാദികൾ വന്നതുമില്ല." (ഗജേന്ദ്രമോക്ഷം തൃതീയവൃത്തം)
"കരിമുകിൽവർണ്ണാ! നീ കരുതല്ലേ ചാപലം
കരുണാംബുധേ! കൃഷ്ണ! കൂറ തായോ!
അരയോളം നീരിൽനിന്നരയാലിലപോലെ-
യരവിന്ദനാഭ! നീ തുള്ളിക്കൊല്ലേ!
അരുമയോടന്നേരമരുൾചെയ്തു മാധവ-
നരുണാധരിമാരോടാത്തമോദം.
കരയറ്റ നീറ്റീന്നു കരയേറിവന്നിങ്ങു
കരമാശു നീട്ടുകിൽക്കൂറ നൽകാം.
തരുമൂലേ വാരാതേ തരുമിതു ഞാനെന്നു
തരുണിമാരെ! നിങ്ങൾ മോഹിക്കേണ്ട.
കരയേണ്ട രാധേ! നീ കരഭോരു! വന്നാലും
കരയുള്ളതല്ലയോ നിന്റെ വസ്ത്രം?
കളവാണി! കാലത്തെക്കളയാതേ വന്നാകിൽ
കളവല്ല നീളേ! നിൻ ചേല നൽകാം.
കമനീയരൂപിണീ! കമലാക്ഷി! നീന്തി നീ
കമനീ! വലയേണ്ട മിത്രവിന്ദേ!" (വസ്ത്രാപഹരണം)

"കർണ്ണാദികൾ ഞങ്ങൾ കണ്ടങ്ങിരിക്കവേ

പെണ്ണിനെ മോഷ്ടിച്ചു കൊണ്ടുപോവാൻ
ദണ്ഡമില്ലെന്നു നീയെണ്ണിയതത്ഭുതം
ദണ്ഡധരാലയം പൂവതിന്നോ?
കുണ്ഡിനത്തിങ്കേന്നു രുക്മിണിയെപ്പണ്ടു
കണ്ണൻ തവ താതൻ കൊണ്ടുപോന്നു;
അക്കണക്കേ നീയുമിക്കാര്യം ഭാവിച്ചാ-
ലിക്കരുവീരന്മാരോടു കൂടാ." (ലക്ഷണാസ്വയംവരം)

"കളമൊഴി! കേശവന്റെ കളികളെച്ചൊല്ലു ബാലേ!
കളികളിലണിമൗലേ! കളയൊല്ലേ വൃഥാ കാലം.
മധുരതരമമൃതമഥനമാം കഥ കേട്ടാൽ
മതിയാകുകയില്ലെന്നു കേട്ടിതു ചൊന്നാൾ ശാരികയും.
ഗണപതിഭഗവാനും ഗുണവതി ഭാരതിയും
തുണചെയ്തീടേണമെന്റെ ഗുരുഭൂതന്മാരും നിത്യം.
വിരവോടേ നെല്ലുവായിൽ മരുവീടും വാസുദേവൻ
പരിതാപമെല്ലാം തീർത്തു പരിചോടേ പാലിക്കേണം.
സുരനാരീജനം മുനിവരനാകും ദുർവാസാവി-
ന്നൊരു മാല നല്കിയതു പുരുഹൂതന്നായ്ക്കൊടുത്തു." (അമൃതമഥനം)

ഇളയതിന്റെ ഫലിതത്തിനു താഴെച്ചേർക്കുന്ന ഉദാഹരണം പരിപൂർണ്ണമായ സാക്ഷ്യം വഹിക്കുന്നു.

"ബാലൻ ഗണേശനും ബാഹുലേയൻതാനും
ലീലകളാടി വസിക്കുംകാലം
കുംഭിവദനൻ കരയുന്നതുകേട്ടു
ശംഭുപ്രണയിനിയായ ദേവി
എന്തു ഗണേശ! കരയുന്നു നീയെന്നു
ദന്തിമുഖനോടു ചോദിച്ചപ്പോൾ
സോദരനെന്റെ ചെവി പിടിച്ചാടുന്നു
വേദനയുണ്ടെനിക്കേറ്റമമ്മേ!
എന്നു ഗണപതി ചൊന്നതു കേട്ടപ്പോൾ
സ്കന്ദനോടാശു പറഞ്ഞു ദേവി.
കഷ്ടം കുമാര! നിൻചേഷ്ടിതമിങ്ങനെ
ജ്യേഷ്ഠനോടെന്തേ കലഹിക്കുന്നു?
മുന്നമെൻ നേത്രങ്ങളെണ്ണി വിനായക-
നെന്നതു മാതാവറിഞ്ഞീലല്ലീ?
താരകവൈരിതാനേവം പറഞ്ഞപ്പോൾ
ഗൗരി ഗണനാഥനോടു ചൊന്നാൾ.
ഉണ്ണി! നീയെന്തിന്നു കാർത്തികേയൻതന്റെ
കണ്ണുകളെണ്ണുവാൻ പോയി മുന്നം?
നന്നല്ല നിന്റെ തൊഴിലും ഗജാനന!
പിന്നെപ്പറഞ്ഞാൽ ഫലമുണ്ടാമോ?
കേൾക്കണമമ്മേ! മുഴക്കോലെടുത്തെന്റെ

മൂക്കളന്നു മുന്നം സുബ്രഹ്മണ്യൻ.
പുത്രന്മാർ ചൊന്നവാക്കിത്തരം കേട്ടപ്പോൾ
സത്വരം പുഞ്ചിരിപൂണ്ടു വേഗാൽ
നിങ്ങളിരുവരും തങ്ങളിലേറെപ്പി-
ണങ്ങരുതെന്നു പറഞ്ഞു ദേവി,
നന്ദനന്മാരെ മടിയിൽ വച്ചാദരാൽ
നന്നായ്പ്പുണർന്നു സുഖിച്ചിരുന്നു." (ഗണപതി സുബ്രഹ്മണ്യകലഹം)

## പാർവതീസ്വയംവരം കിളിപ്പാട്ട്

എഴുത്തച്ഛന്റെ ശിഷ്യന്മാരെപ്പറ്റി പ്രസ്താവിച്ച അവസരത്തിൽ പാർവതീസ്വയംവരം പത്താം ശതകത്തിലെ ഒരു കൃതിയാണെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. പാർവതീസ്വയംവരം പ്രസന്നസരസമായ ഒരു കിളിപ്പാട്ടാണ്. ഗുണപൗഷ്കല്യം കൊണ്ട് അതു പുറയന്നൂരിന്റെ ശുകഗാനങ്ങളെ ജയിക്കുന്നു. സർവോപരി കാളിദാസന്റെ കുമാരസംഭവത്തേയും അങ്ങിങ്ങ് ഉണ്ണായിയുടെ ഗിരിജാകല്യാണത്തേയും കവി ഉപജീവിക്കുന്നു.

## കർത്തൃത്വം

പാർവതീസ്വയംവരത്തിന്റെ കർത്താവു മച്ചാട്ടിളയതാണെന്നു കുന്നേഴത്തു പരമേശ്വരമേനോൻ കൊച്ചി ഭാഷാപരിഷ്കരണക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ താൻ പ്രസിദ്ധപ്പെടുത്തിയ ആ ഗ്രന്ഥത്തിന്റെ ഒരു പതിപ്പിൽ അനുമാനിക്കുന്നു. അതിനുള്ള ന്യായങ്ങൾക്കു ബലം പോരാതെയിരിക്കുന്നു. മച്ചാട്ടിന്റെ ഇഷ്ടദേവതകളാരെല്ലാമെന്ന് അദ്ദേഹം വ്യാസോൽപ്പത്തി പാരയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

"മങ്ങിടാതെ വിളങ്ങും കുളപ്പുര-
മങ്ഗലത്തിൽ നിറമങ്ഗലത്തിലും
ഭങ്ഗിയോടേ വസിക്കും മഹേശ്വരൻ
മങ്ഗലങ്ങൾ നമുക്കരുളേണമേ!
വാസുദേവപുരംതന്നിൽ മേവുന്ന
വാസുദേവൻ വസുധാ (രമാ) വരൻ,
വാസവിസഖിതൻ പദം സേവിപ്പാൻ
വാസന മമ സംഭവിക്കേണമേ."

ഈ മൂന്നു ക്ഷേത്രങ്ങളും തലപ്പിള്ളിത്താലൂക്കിൽപ്പെട്ടവയാണ്. ഈ ദേവന്മാർക്കു പുറമെ നെല്ലുവായിലെ ധന്വന്തരിമൂർത്തിയേയും അദ്ദേഹം ഭക്തിപുരസ്സരം സേവിച്ചിരുന്നു എന്നു പറഞ്ഞു കഴിഞ്ഞുവല്ലോ. ഇവരിൽ ആരെയും പാർവതീപരിണയത്തിൽ സ്മരിച്ചുകാണുന്നില്ല; പ്രത്യുത തൃശ്ശൂർ പാർവതീദേവിയേയും വടക്കുന്നാഥനേയും യഥാക്രമം മൂന്നും നാലും പാദങ്ങളിൽ

"ചൊല്ലേറും തൃശ്ശിവപേരൂരെഴും ശിവ-
വല്ലഭേ! നിൻപദം കൈതൊഴുന്നേൻ"
"പദകമലനതഭരണ! വൃഷഗിരിനിവാസ! മൽ-
പാപങ്ങളൊക്കെയും തീർത്തുകൊള്ളേണമേ"

എന്നീ വരികളിൽ യഥാക്രമം സ്മരിക്കുന്നുണ്ട്. പ്രഥമപാദത്തിൽ

"ആഭരണശ്രേഷ്ഠന്മാരും ദേശികവരന്മാരും
പാരാതെയനുഗ്രഹം നല്കേണമെനിയ്ക്കിപ്പോൾ"

എന്നു കവി പ്രാർത്ഥിക്കുന്നതിൽനിന്ന് അദ്ദേഹം ജന്മനാ ബ്രാഹ്മണനല്ലെന്നും കരുതാവുന്നതാണ്. "എന്നതിനായ്ക്കൊണ്ടു വന്നിതു ഞങ്ങളുമിന്നു" , "ദശയോഗമുണ്ടതു മുത്തമം" എന്ന ദ്വിതീയപാദത്തിലെ ഒരു സൂചനയെ മാത്രം ആധാരമാക്കി കവി ജ്യോതിശ്ശാസ്ത്രജ്ഞനായിരുന്നുവെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ട്. ആണെങ്കിൽത്തന്നെയും അതു് ഇളയതായിരിക്കണമെന്നില്ല. തൽക്കാലം ഗ്രന്ഥകാരന്റെ പേർ അറിവില്ലെന്നു വെയ്ക്കുകയാണ് നല്ലതെന്നുതോന്നുന്നു. കാലം പത്താം ശതകത്തിന്റെ പശ്ചാർദ്ധംതന്നെ.

## കവിതാരീതി

പാർവതീസ്വയംവരം കവി നാലു പാദങ്ങളായി നിബന്ധിച്ചിരിക്കുന്നു. ഒന്നും രണ്ടും പാദങ്ങൾ ദീർഘങ്ങളാണ്. ഒന്നാംപാദത്തിൽ കുമാരസംഭവം രണ്ടു മുതൽ നാലു വരെയുള്ള സർഗ്ഗങ്ങളിലെ കഥയും രണ്ടാം പാദത്തിൽ അഞ്ചു മുതൽ ഏഴുവരെയുള്ള സർഗ്ഗങ്ങളിലെ കഥയുമാണ് അടങ്ങിയിരിക്കുന്നതു്. മൂന്നാം പാദം ദേവസ്ത്രീകൾ പാടുന്ന ഗൗരീസ്വയംവരം പാട്ടാണ്. നാലാംപാദത്തിൽ പാർവ്വതീപരമേശ്വരന്മാരുടെ കൈലാസയാത്രയാണ് വിഷയം. സുബ്രഹ്മണ്യോല്പത്തിയും താരകാസുരവധവുംകൂടി അത്യന്തം സംക്ഷിപ്തമായി ഒടുവിൽ ഘടിപ്പിച്ചിട്ടുണ്ടു്. കേക, കാകളി, മഞ്ജരി, കളകാഞ്ചി ഇവയാണ് ഗ്രന്ഥകാരൻ പ്രയോഗിച്ചിട്ടുള്ള വൃത്തങ്ങൾ.

കവിതാരീതിയെന്തെന്നു മനസ്സിലാക്കുവാൻ ഒന്നു രണ്ടു ഭാഗങ്ങൾ ഉദ്ധരിയ്ക്കാം. കാമദേവൻ തന്നെ മേനികേറ്റുന്ന ദേവന്മാരോടു്:

"ഇത്തരമുള്ള ദേവവാക്യങ്ങൾ കേട്ടനേര-
മുത്തരം മദനനും ക്രുദ്ധനായുരചെയ്താൻ,
നന്നു നന്നിതു നിങ്ങൾ ചൊന്നതുമർത്ത്യരേ
മന്ദത നിങ്ങളോളമില്ലാർക്കുമറിഞ്ഞാലും.
പണ്ടു ഞാൻ ദക്ഷൻതന്റെ യാഗഭൂമിയിൽനിന്നു
കണ്ടിതു നിങ്ങളുടെ വീര്യവും ശൗര്യങ്ങളും.
. . . . . . . . . . . . . . . . . .
ദോഷങ്ങൾ മറ്റുള്ളവർക്കുണ്ടാക്കിച്ചമപ്പതു
ഭൂഷണമല്ലെന്നറിഞ്ഞീടുവിൻ ജളന്മാരേ!
ഏതാനുമനർത്ഥങ്ങളിന്നെനിയ്ക്കുണ്ടായ്‌വന്നാൽ
ചേതവും നിങ്ങൾക്കില്ല; കാര്യവും സാധിച്ചീടും.
പാന്ഥനെക്കൊണ്ടു മഹാസർപ്പത്തെപ്പിടിപ്പിച്ചാൽ
പാന്ഥനു വരും ദോഷം; തങ്ങൾക്കു സുഖമാകും.
എന്നതുപോലെ നിങ്ങളിന്നിതു നിനച്ചിതു
നന്നു നന്നെന്നേ പറഞ്ഞീടാവു നിരൂപിച്ചാൽ.
സ്വാർത്ഥതൽപരന്മാരാം നിങ്ങളുമെന്നെപ്പര-
മാസ്ഥയാ ചിന്തിച്ചപ്പോളൊക്കെയുമറിഞ്ഞേൻ ഞാൻ.
എങ്കിലും പരോപകാരാർത്ഥമായിതു ചെയ്‌വാൻ
ശങ്കയില്ലെനിയ്ക്കേതും; സങ്കടമതുമില്ല.
ജീവനെക്കൊതിച്ചു ഞാൻ നിങ്ങളെപ്പോലെതന്നെ
കേവലം ഷണ്ഡനായി വാഴുകില്ലറിഞ്ഞാലും.

ശങ്കരനേത്രാഗ്നിയിൽദ്ദേഹത്തെ നശിപ്പിപ്പാൻ
ശങ്കയില്ലെനിക്കേതും; കണ്ടുകൊള്ളുവിൻ നിങ്ങൾ.”

**ശ്രീപരമേശ്വരനും ഹിമവാനും:**

“സകലഗുണഗണനിലയ! ഗിരിവര! മഹാമതേ!
സന്തോഷമേറ്റവും വന്നു നമുക്കെടോ!
കനിവിനൊടു ഗമനമതിനനുമതി തരേണമേ
കാമിച്ചതെല്ലാം ഭവിയ്ക്കും ഭവാനെടോ!
ഹരനുടയ വചനമതിസരസമിതി കേൾക്കയാൽ
ഹർഷേണ വന്ദിച്ചു ചൊല്ലീ ഗിരീന്ദ്രനും.
കമലശരമഥന! ഹര! ജയ ജയ ജഗൽപതേ
കാരുണ്യമുണ്ടായ്‌വരേണമെന്നിൽ പ്രഭോ!
മമ സുതയിലതികരുണ തവ മനസി വേണമേ!
മറ്റൊരു കാമം നമുക്കില്ല ദൈവമേ!
തനയയുടെ വിരഹമതു മനസി സഹിയായ്കയാൽ
താപം വളരുന്നതെന്തു ചൊല്ലാവതും?
അതിനുമൊരു വഴി കിമപി കൃപയോടരുളീടണ-
മർത്ഥിച്ചതെല്ലാം കൊടുക്കുമല്ലോ ഭവാൻ.”

## എക്കണത്തു ശങ്കുണ്ണിക്കൈയ്യൾ (946-1016)

### ജീവചരിത്രം

കടിയങ്കുളത്തുശങ്കുമേനോന്റെ തേനാരിമാഹാത്മ്യത്തെപ്പറ്റിയുള്ള പ്രസ്താവനയിൽ പ്രാസംഗികമായി എക്കണത്തു തറവാട്ടിനെ സ്മരിച്ചിട്ടുണ്ട്. പാലക്കാട്ട് എലപ്പുള്ളി ദേശത്തുള്ള സുപ്രസിദ്ധമായ ഒരു നായർ പ്രഭുകുടുംബമാണ് എക്കണത്ത്. യക്കണത്ത് എന്നും പറയുന്നു. ആ കുടുംബത്തിൽ ശങ്കുണ്ണി എന്ന കവി 946-ആമാണ്ടു ജനിച്ചു. ഭാഷാകവനത്തിനു നല്ല വാസനയുണ്ടായിരുന്നു. അൻപതാമത്തെ വയസ്സിനുമേൽ രണ്ടുമൂന്നു കൊല്ലം കൊച്ചിശ്ശീമയിലോ മലബാറിലോ മൺറോ സായിപ്പിന്റെ കോടതിപ്പരിഷ്ക്കാരത്തിനുമേൽ മുൻസിപ്പപണി നോക്കുകയുണ്ടായിട്ടുണ്ട്. 1016-ൽ അദ്ദേഹം മരിച്ചു. ഈ കാലഗണന ശരിയാണോ എന്നു സംശയമുണ്ട്. എന്തെന്നാൽ 1010–1048 ഈ കൊല്ലങ്ങൾക്കിടയിൽ ജീവിച്ചിരുന്ന എഴുവത്തു നാണക്കുട്ടിമേനോൻ (മഹാഭാഗവതസാരസംക്ഷേപം കിളിപ്പാട്ടിന്റെ പ്രണേതാവ്) അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. തറവാട്ടുമൂപ്പനുമാത്രമേ വലിയ കൈയ്യൾ സ്ഥാനമുള്ളു. ശങ്കുണ്ണി വലിയ കൈയ്യളായതിനു മേലല്ല മരിച്ചതെന്നും ചിലർ പറയുന്നു.

### കൃതികൾ

ശങ്കുണ്ണിക്കൈയ്യൾ (1) സുന്ദരീസ്വയംവരം കിളിപ്പാട്ട് (2) ഗോഗ്രഹണം ഓട്ടൻതുള്ളൽ (3) ബാണയുദ്ധം കൈകൊട്ടിക്കളിപ്പാട്ട് (4) ശിവകർണ്ണാമൃതം (5) രാമകർണ്ണാമൃതം (6) ദാസീവൃത്തം എന്നീ കൃതികൾക്കുപുറമേ ഭക്തിസംവർദ്ധകങ്ങളായ അനേകം കീർത്തനങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതകളിലെല്ലാം വരുണനാൽ പ്രതിഷ്ഠിതനെന്നു സങ്കല്പിക്കപ്പെടുന്ന എലപ്പുള്ളി ശിവനെ വന്ദിച്ചു കാണാം. ലിംഗരൂപിയായ ആ ശിവൻ വരുണേശൻ എന്ന പേരിനാൽ സുവിദിതനും എക്കണത്തു

തറവാട്ടിലെ പരദേവതയുമാകുന്നു. കർണ്ണാമൃതങ്ങൾ രണ്ടും ശ്ലോകരൂപത്തിലാണ് നിബന്ധിച്ചിരിക്കുന്നത്.

### സുന്ദരീസ്വയംവരം കിളിപ്പാട്ട്:

“വെണ്മതിബിംബംപോലെ വെളുത്ത മേനിതന്നിൽ
വെണ്ണീറാമംഗരാഗമണിഞ്ഞ ശോഭയാലെ
കൗമുദി പരിചൊടു പരന്നുനിന്നീടുന്ന
കൈലാസശിലോച്ചയമെന്നതുപോലേ സദാ
മേവിനിന്നീടും വരുണേശനാമീശൻതന്റെ
ചേവടിത്താരിണ ഞാൻ കുമ്പിട്ടുകൂപ്പീടുന്നേൻ.”

### ഗോഗ്രഹണം തുള്ളൽ:

“ഗോഗ്രഹണം കഥ കേൾപ്പാനിപ്പോ-
ളാഗ്രഹമുണ്ടെന്നാലുരചെയ്യാം.
വാക്കിനു ഭംഗി കുറഞ്ഞീടുകിലും
കേൾക്ക കഥാരസമുണ്ടല്ലോ താൻ.”

### ബാണയുദ്ധം കൈകൊട്ടിക്കളിപ്പാട്ട്:

“അമ്പിളി ചൂടും നല്ല തമ്പുരാൻ വരുണേശൻ
തൻപദയുഗമകമതിൽ നിനച്ചു
ഏണീലോചനകൾക്കു താണുകളിപ്പതിന്നായ്
ബാണയുദ്ധമാം കഥ വദിച്ചീടുന്നേൻ.
പണ്ടു ബലിസുതനായുണ്ടായിതവനിയി-
ലണ്ടർകോനരികളിലൊരു ദരുജൻ;
ബാണനെന്നവനു പേർ; പാണികൾ നാലുണ്ടവ-
ന്നേണാങ്കചൂഡൻതന്റെ നടനംതന്നിൽ
മദ്ദളമടിക്കയാലെത്രയും പ്രസന്നനായ്
മൃത്യുഭഞ്ജനൻതാനുമരുളിച്ചെയ്തു.
ആയിരം കരം നിനക്കായിരിക്കട്ടെയെന്നു
തോയദഗളൻ വരം കൊടുത്തു പിന്നെ.”

### ശിവകർണ്ണാമൃതം

ഇതിൽ മുപ്പത്തിരണ്ടു പദ്യങ്ങളുണ്ട്. വരുണേശനാണ് വർണ്ണ്യവിഷയം. നാലു ശ്ലോകങ്ങൾ പ്രദർശിപ്പിക്കുന്നു.

“അർണ്ണോജമന്ദിരനുമോർക്കിലസാധ്യമല്ലോ
വർണ്ണിപ്പതിന്നു വരുണേശവിഭോ! പുരാരേ!
കർണ്ണാമൃതം തവ ചരിത്രമതിന്നു ഭാഷാ-
വർണ്ണേന ചൊല്‌വതു തവ പ്രിയമായ്‌വരേണം.

വിരോചനവിലോചനം വിനതപാപസമ്മോചനം
വിലേശയവിഭൂഷണം വിബുധവിദ്വിഷാം ദൂഷണം

സുരാലയശരാസനം സുകൃതിഭിഃ കൃതോപാസനം
ഭജാമി യമശാസനം മനസി ശക്വരേന്ദ്രാസനം.

നാരീജനത്തിലനുരാഗമകന്നകന്നു
നാനാസുഖേഷു ച വിരാഗത വന്നുവന്നു്
കാലാരിപാദകമലം ഹൃദി നിന്നുനിന്നു
കർമ്മങ്ങൾ ചെയ്കിലുമഹോ ബഹു നന്നുനന്നു്.

ഭിക്ഷാടനം തവ വിഭോ മമ സമ്പദേ സ്യാ-
ദുക്ഷാധിരോഹണവിധിശ്ശുഭവാഹനാപ്ത്യൈ
രക്ഷാനുലേപനമിഹാഖിലരോഗശാന്ത്യൈ
രക്ഷാകൃതേ പിതൃവനേ നടനം ത്വദീയം.”

## രാമകർണ്ണാമൃതം

“ദിക്കെട്ടും ഞെട്ടുമാറങ്ങതികഠിനമതാ-
യട്ടഹാസങ്ങൾ ചെയ്തി-
ട്ടൊട്ടേറെപ്പൃഷ്ഠി ചേരും വയറുമഥ കട-
ന്നങ്ങരക്കെട്ടിൽ വീണ്ട്
മൊട്ടിൽത്തട്ടിത്തിരക്കും മുലയിണ പരിചോ-
ടൊപ്പമായ് ചട്ടമിട്ട-
ക്കട്ടത്തീപോലെ ദൃഷ്ടിദ്വയമൊടവളൊരു-
മ്പെട്ടു ചാരത്തു വന്നാൾ.”

## ഒരു കുമ്മി

“നല്ല വരുണേശപാദയുഗം
നന്മവരുവാൻ നിനച്ചുകൊണ്ടു
ചൊല്ലിക്കൊണ്ടിന്നൊരു കുമ്മിപ്പാട്ടു
ചൊവ്വോടേ നിന്നാടിക്കുമ്മിയടി.
അജ്ഞാനമായതു മായയെന്നും
അധിഷ്ഠാനമായതു ബ്രഹ്മമെന്നും
കാണി വിനാഴികപോലും മറക്കാതെ
കല്യാണം ചേരുവാൻ കുമ്മിയടി.
തിങ്കൾക്കലയും തിരുനെറ്റിയും
തീക്കനൽ തൂകുന്ന ലോചനവും
പത്മജമിത്രസുധാംശുനേത്രങ്ങളും
പാരാതെ ചിന്തിച്ചു കുമ്മിയടി.
എള്ളിൻക്കുസുമത്തിനുള്ളിൽത്താപ-
മേകുന്ന നല്ല തിരുനാസിക
ഉള്ളത്തിലാക്കീട്ടുണർന്നു വഴിപോലെ-
യുള്ളമാം നർത്തകി! കുമ്മിയടി.”

ഇതു ഭക്തിമാർഗ്ഗം പാട്ടുകളുടെ കൂട്ടത്തിൽപ്പെടുന്നു. ഇവ കൂടാതെ സുഭാഷിതപ്പാട്ടുകൾ എന്ന പേരിലും ചില ഗാനങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

## പണ്ടാരത്തു നാരായണപിള്ള

### ചരിത്രം

പണ്ടാരത്തു നാരയണപിള്ളയെ പണ്ടാരത്താശാൻ എന്നുപറയുന്നു. അദ്ദേഹം ചിറയിൻകീഴ താലൂക്കിൽ മണനൂർപകുതിയിൽ പണ്ടാരത്തുവീട്ടിൽ 940-ആമാണ്ടു ചിങ്ങമാസം 19-ആംനു ജനിച്ചു. ആദ്യകാലത്ത് ഒരു പട്ടാളശിപായിയായിരുന്നു അദ്ദേഹം. 35-ആമത്തെ വയസ്സിൽ ചെമ്പകമംഗലത്തു സന്യാസി എന്ന ഒരു സിദ്ധന്റെ അന്തേവാസിയായിത്തീർന്നു. ബാല്യത്തിൽത്തന്നെ ജ്യോത്സ്യം, മന്ത്രവാദം, വൈദ്യം മുതലായ വിഷയങ്ങൾ മാതുലനായ അയ്യപ്പൻപിള്ളയാശാനിൽനിന്ന് അഭ്യസിച്ചിരുന്നു. സംസ്കൃതഭാഷയിൽ സാമാന്യമായ പാണ്ഡിത്യവും അദ്വൈതവേദാന്തത്തിൽ അമിതമായ ജ്ഞാനവും സമ്പാദിച്ചതു സന്യാസിയുമായുള്ള സമ്പർക്കത്തിനുമേലാണ്. പണ്ടാരത്താശാൻ (1) ഗുണദോഷവാക്യം (2) പ്രപഞ്ചസാരസംക്ഷേപം (3) വൈദ്യസംഗ്രഹം (4) ധാരകല്പം എന്നിങ്ങനെ നാലു കൃതികൾ രചിച്ചിട്ടുള്ളതായി അറിയുന്നു. അവയിൽ ഗുണദോഷവാക്യവും വൈദ്യസംഗ്രഹവും മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. അവ രണ്ടിലും പ്രസ്തുത സന്യാസിയെ അദ്ദേഹം വന്ദിച്ചിട്ടുണ്ട്.

ശ്രീഗുരും വാണീം ഗണപതിം വന്ദിച്ചു
ഷണ്മുഖപാദാരവിന്ദദ്വയത്തെയും
നിത്യം യമനിയമാസനാദ്യങ്ങളാ-
മഷ്ടാംഗയോഗമനുഷ്ഠിച്ചു സർവദാ
ചെമ്പകമംഗലത്താശ്രമേ വാഴുന്ന
ശ്രീഗുരുപാദം തൊഴുതടിയൻ മുദാ
സൽബ്രാഹ്മണരേയും ഭക്ത്യാ വഴങ്ങീട്ടു
ചൊല്ലാം ഗുണദോഷവാക്യങ്ങളിന്നു ഞാൻ." (ഗുണദോഷവാക്യം)

"ചെമ്പകമ്മംഗലത്തിങ്കൽപ്പർണ്ണശാലയിൽ നിത്യവും
മഹാമായയെ നന്നായിപ്പൂജിച്ചിട്ടതിഭക്തനായ്
കർമ്മപാശത്തെ ലംഘിച്ചു നിത്യമഷ്ടാംഗയോഗിയായ്
പരമധ്യാനവുംചെയ്തു ബ്രഹ്മാനന്ദേന വാണിടും
ശ്രീമൽഗുരുപാദാംഭോജം വന്ദിച്ചേനടിയൻ മുദാ." (വൈദ്യസംഗ്രഹം)

പണ്ടാരത്താശാൻ 68-ആമത്തെ വയസ്സിൽ 1007-ആമാണ്ടു തുലാമാസം 11-ആംനു ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തിനു കുമാരപിള്ളയെന്നും മാർത്താണ്ഡപിള്ളയെന്നും രണ്ടു് അനുജന്മാരുണ്ടായിരുന്നു എന്നും അവരും ലോകവ്യുൽപ്പത്തി ഉള്ളവരായിരുന്നു എന്നും കേട്ടിട്ടുണ്ട്.

### ഗുണദോഷവാക്യം

ഇതു സാമാന്യം പ്രചാരമുള്ള ഒരു ഭാഷാഗാനമാണ്. ശ്രീപരമേശ്വരൻ പാർവ്വതീദേവിയ്ക്കു നല്കിയ ഉപദേശമാണ് അതിന്റെ മൂലമെന്നു കവി പറയുന്നതു തന്റെ കാവ്യത്തിന്റെ പ്രശസ്തിയ്ക്കുവേണ്ടിമാത്രമാണ്. ബാലന്മാർക്കു വിശിഷ്ടമായ രീതിയിൽ

സന്മാർഗ്ഗോപദേശം ചെയ്യുന്ന എന്നുള്ളതാണ് ഗുണദോഷവാക്യത്തിന്റെ മെച്ചം. ഓരോ ഈരടിയും രാമനാമത്തോടുകൂടി അവസാനിയ്ക്കുന്നു.

> "മൽഗുരുകല്പനകൊണ്ടിതു ബാലന്മാർക്കായിട്ടു ചൊല്ലുന്നു രാമ!
> വേണ്ടും ഗുണദോഷമെല്ലാജ്ജനത്തിനും ചൊല്ലാനെളുതല്ല രാമ!
> ഞാനറിഞ്ഞുള്ളതു ശിഷ്യന്മാർക്കായിട്ടു ചൊല്ലുന്നെന്നേയുള്ളു രാമ!
> മൽഗുരുവിന്റെകൃപകൊണ്ടിതൊക്കെയും സത്യമായീടണം രാമ!"

എന്നിങ്ങനെയാണ് പ്രസ്തുതകൃതിയുടെ ആരംഭം. അനവധി വിഷയങ്ങൾ ആശാൻ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നരകവർണ്ണനവും മറ്റും നന്നായിരിയ്ക്കുന്നു. ഒടുവിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം.

> "കണ്ണു കാണാത്തവനെങ്ങനെ കണ്ണാടിനോക്കിയറിയുന്നു രാമ!
> ഉള്ളിലവിവേകം വന്നാൽ വിവേകവും കൂടെ വന്നീടേണം രാമ!
> അങ്ങനെയുള്ളവനുണ്ടൊരു കണ്ണെന്നു ചൊല്ലുന്നു സജ്ജനം രാമ!
> സജ്ജനസംസർഗ്ഗമെപ്പോഴുമുള്ളവനക്ഷികൾ രണ്ടുണ്ടു രാമ!
> ഇച്ചൊന്നതൊന്നുമില്ലാത്തവനന്ധനെന്നല്ലയോ ചൊല്ലുന്നു രാമ!
> കണ്ണുകാണാത്തവനെങ്ങനെ രത്നത്തിൻവിലയറിഞ്ഞീടുന്നു രാമ?
> ഷണ്ഡനായുള്ളവനെങ്ങനെ സ്ത്രീസുഖമുള്ളതറിയുന്നു രാമ?
> കന്യകാസ്ത്രീകൾക്കു പൂരുഷസംഗമസൗഖ്യമറിയാമോ രാമാ?
> വന്ധ്യയായുള്ളവളെങ്ങനെ സൂതകനോവറിഞ്ഞീടുന്നു രാമ?
> ഹംസം പറക്കുന്ന വേഗങ്ങളെങ്ങനെ കാകനറിയുന്നു രാമ?
> അശ്വത്തിനുള്ള വേഗത്തിൻവിശേഷം കഴുതയ്ക്കറിയാമോ രാമ?
> എത്രയും ദാരിദ്ര്യമുള്ളവനെങ്ങനെ സൗഖ്യമറിയുന്നു രാമ?
> സിംഹപരാക്രമമെങ്ങനെയെന്നതു ശ്വാവിനറിയാമോ രാമ?
> വേദാന്തവിജ്ഞാനി സൽഗുരുക്കന്മാരെ മൂഢനറിയുമോ രാമ?"

## വൈദ്യസംഗ്രഹം

വൈദ്യസംഗ്രഹവും വിശിഷ്ടമായ ഒരു ഗ്രന്ഥമാണ്. വൈദ്യന്മാരുടെ ഇടയിൽ അതിന് ഇന്നും വളരെ പ്രചാരമുണ്ട്. രോഗങ്ങൾക്കുള്ള ചികിത്സാക്രമങ്ങളെ മാത്രമല്ല, അവ ഉണ്ടാകുന്നതിനുള്ള പൂർവ്വജന്മകൃതങ്ങളായ പാപങ്ങളേയും അവയുടെ പ്രതിവിധികളേയുംകൂടി അതിൽ പ്രതിപാദിക്കുന്നുണ്ട്. ചില ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

> "തൊണ്ണൂറ്റാറാംഗുലം തന്റെ വിരല്ക്കുണ്ടു ശരീരവും
> അതിന്റെ മധ്യഭാഗത്തു മൂലാധാരമായതു്.
> മൂലാധാരത്തിങ്കൽനിന്നു സുഷുമ്നാനാഡി മേല്പടേ
> കപാലപത്മത്തോളം പോയ്ച്ചെന്നുമുട്ടിയിരുപ്പതു്.
> അതിന്റെയുള്ളിലാകുന്നു ഷഡാധാരങ്ങളൊക്കെയും
> മൂലാധാരം തുടങ്ങീട്ടു പന്ത്രണ്ടു നിലയുണ്ടെടോ.
> മൂലാധാരത്തിന്നു ചിറ്റുമെണ്മടങ്ങിട്ടു കുണ്ഡലി
> ചുറ്റിക്കെട്ടിക്കിടക്കുന്നു മോക്ഷദ്വാരാനുബന്ധിയായ്
> അഗ്നിപോലെ ജ്വലിച്ചിട്ടു നിന്നീടുന്നവിടെശ്ശിവൻ."

# കല്ലൂർ നമ്പൂരിപ്പാട്ട്

## കല്ലൂർമന

കേരളത്തിൽ മന്ത്രവാദം കുലവൃത്തിയായുള്ള ചില നമ്പൂരികുടുംബങ്ങളുണ്ടു്. ആ കുടുംബങ്ങളിലൊന്നാണ് കല്ലൂർമന. പ്രസ്തുത കുടുംബക്കാരെ ശ്രീപരശുരാമൻതന്നെ ആ വൃത്തിയിൽ ഏർപ്പെടുത്തി അവർക്കു ശുദ്ധമന്ത്രങ്ങൾ ഉപദേശിച്ചു തങ്ങളുടെ കുലവിദ്യയിൽ വിദഗ്ദ്ധന്മാരാക്കി എന്നു പഴമക്കാരായ ആസ്തികന്മാർ വിശ്വസിക്കുന്നു. ഏതായാലും പൂർവ്വകാലം മുതല്ക്കുതന്നെ അവർ ആ വിദ്യയിൽ അസാമാന്യമായ പ്രാഗല്ഭ്യം സമ്പാദിച്ചിരുന്നു എന്നും കേരളത്തെ “മോഹനസ്തംഭനാദീനാം വിദ്യാനാമങ്കുരസ്ഥലം” എന്നും മറ്റും വിദേശീയപണ്ഡിതന്മാർ ഭയഭക്തിപുരസ്സരം പ്രശംസിച്ചിട്ടുള്ളതു് അതിനെ ആധാരമാക്കിയാണെന്നുമുള്ളതിനു സന്ദേഹമില്ല. അങ്ങനെയുള്ള കുടുംബങ്ങളിൽ കല്ലൂർ, കാട്ടുമാടസ്സ്, ചേന്നാസ്സ് ഇവ മൂന്നും അഗ്രപൂജയെ അർഹിക്കുന്നു. കല്ലൂരിനു ചങ്ങണംകുന്നത്തു ഭഗവതിയും, കാട്ടുമാടസ്സിനു ചാത്തനും, ചേന്നാസ്സിനു വേട്ടയ്ക്കൊരുമകനുമാണ് ഉപസനാമൂർത്തികൾ. പട്ടാമ്പി റയിൽവേസ്റ്റേഷനിൽനിന്നു രണ്ടുനാഴിക കിഴക്കു വള്ളുവനാട്ടുതാലൂക്കിൽ ചങ്ങണംകുന്നു ദേശത്തിൽ അതേ പേരിലുള്ള ഭഗവതീക്ഷേത്രത്തിനു സമീപമായിരുന്നു കല്ലൂർ നമ്പൂരിപ്പാടന്മാരുടെ പുരാതനഗൃഹം. സാമൂതിരിമാരും കൊച്ചി മഹാരാജാക്കന്മാരും തമ്മിലുള്ള ശത്രുത വർദ്ധിച്ചപ്പോൾ കൊച്ചിയുടെ അധഃപതനത്തെ ലക്ഷ്യമാക്കി ദുർമന്ത്രവാദം ചെയ്യണമെന്ന് ഒരു സാമൂതിരി അന്നത്തെ കല്ലൂർ മനയ്ക്കലെ അച്ഛൻനമ്പൂരിപ്പാടിനോടു നിർബന്ധിച്ചു എന്നും അതിനു വഴിപ്പെടാതെ ആ മാന്ത്രികൻ കൊച്ചിരാജ്യത്തെ അഭയംപ്രാപിച്ചു എന്നും ഒരൈതിഹ്യം കേട്ടിട്ടുണ്ടു്. ആ അവസരത്തിൽ തൃപ്പൂണിത്തുറയ്ക്കു സമീപമുള്ള മണിയമ്പള്ളി ഭട്ടതിരിയുടെ ഇല്ലത്തിൽ സന്തതിവിച്ഛേദം വരികയും മഹാരാജാവു തന്റെ മാന്യാതിഥിയെ ആ ഇല്ലത്തേയ്ക്കു് അവകാശിയാക്കുകയും ചെയ്തു. ആ ഇല്ലത്തിലാണ് കവിയായ കല്ലൂർ നമ്പൂരിപ്പാടു ജനിച്ചു വളർന്നതു്. അങ്ങനെയിരിക്കെ തൃശ്ശൂരിനു സമീപം കാളിനാട്ടുമനയ്ക്കുള്ള അവകാശവും കൊച്ചി രാജകുടുംബത്തിലെ കൃപകൊണ്ടു് അദ്ദേഹത്തിന്റെ അനന്തരഗാമിയ്ക്കു കിട്ടി; തന്നിമിത്തം ആ നമ്പൂരിപ്പാട്ട് അവിണിശ്ശേരി അംശത്തിൽ താമസമുറപ്പിച്ചു. അതു് 1030-ആമാണ്ടായിരുന്നു. ഒല്ലൂർ റയിൽവേസ്റ്റേഷനിൽനിന്ന് അര മൈൽ ദൂരെയാണ് അവിടെ ആ കുടുംബക്കാർ ഇപ്പോൾ വസിക്കുന്ന ഗൃഹം.

## കവിയുടെ ചരിത്രം

1003-മാണ്ടു തീപ്പെട്ട വീരകേരളവർമ്മമഹാരാജാവിന്റെ സദസ്യനായിരുന്ന കല്ലൂർ നമ്പൂരിപ്പാടാണു കവി. നീലകണ്ഠൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. ഉദ്ദേശം 951-ആമാണ്ടുമുതൽ 1010-ആമാണ്ടുവരെ ജീവിച്ചിരുന്നതായി സങ്കല്പിക്കാം. 59-ആമത്തെ വയസ്സിൽ മരിച്ച ടിപ്പുവിനെ സന്ദർശിക്കുവാൻ ശക്തൻതമ്പുരാൻ ശ്രീരങ്ഗപട്ടണത്തേയ്ക്കു പോയപ്പോൾ, അമങ്ഗലപരിഹാരത്തിനു വേണ്ടി ഒരു കല്ലൂർ നമ്പൂരിപ്പാട്ട് അവിടത്തെ ഒരു തിലകം തൊടീച്ച് അയച്ചതായി പഴമക്കാർ പറയുന്നു. ആ സംഭവം നടന്നതു 963-ലായിരുന്നു. അതു കവിയുടെ പൂർവഗനായിരിക്കണം. നമ്പൂരിപ്പാടു സംസ്കൃതം ആദ്യം ദേശമംങ്ഗലത്തു് ഉഴുത്തിരവാരിയരോടും പിന്നീടു കുഞ്ഞിട്ടി രാഘവൻനമ്പിയാരോടും അഭ്യസിച്ചു. ആ വിവരങ്ങൾ ബാലിവിജയം ആട്ടക്കഥയിലെ

> “ശ്രീവാസുദേവപരമേശ്വരമാധവശ്രീ-

ഗോപാലഭട്ടഭവദാസയതീന്ദ്രമുഖ്യാഃ
ശ്രീരുദ്രരാഘവമുഖാശ്ച കൃപാർദ്രചിത്താ
നിത്യം ദിശന്തു ഗുരവോ മമ മങ്ഗലാനി”

എന്ന ശ്ലോകത്തിൽ അദ്ദേഹം വെളിപ്പെടുത്തീട്ടുണ്ട്. ശ്രീവാസുദേവൻ എന്ന് അദ്ദേഹം സ്മരിക്കുന്നതു കൂടല്ലൂർ വാസുദേവൻ നമ്പൂരിപ്പാടിനെപ്പറ്റിയായിരിക്കണം. പരമേശ്വരമാധവാദി ഗുരുക്കന്മാരെപ്പറ്റി യാതൊരറിവുമില്ല. തനിക്കു വീരകേരളവർമ്മ തമ്പുരാനുമായുണ്ടായിരുന്ന സന്തതസഹചാരിത്വം അദ്ദേഹം ബാലിവിജയത്തിലും മധുകൈടഭവിജയത്തിലും പ്രഖ്യാപനം ചെയ്യുന്നുണ്ട്. അദ്ദേഹം ആ മഹാരാജാവിനെ പ്രശംസിച്ചിട്ടുള്ള “യസ്യാന്തഃ സ്മരണം” എന്ന ബാലിവിജയത്തിലെ ശ്ലോകം മുൻപ് ഉദ്ധരിച്ചിട്ടുണ്ടല്ലോ. അതുകഴിഞ്ഞ്

“തദന്തികസ്ഥേന സദാത്ര കേനചിദ്
ദ്വിജന്മനാ കൗശികഗോത്രജന്മനാ
വിരച്യതേ രാവണബന്ധനാഭിധാ
കഥാ വിനോദായ തദീയസന്നിധൗ”

എന്ന ശ്ലോകം കാണുന്നു. ബാലിവിജയത്തിനു രാവണബന്ധനമെന്നാണ് പ്രണേതൃദത്തമായ സംജ്ഞ. മധുകൈടഭവിജയത്തിലും

“തദുപാന്തനിവാസിനാ സദാ
സുമഹാമാന്ത്രികഗോത്രജന്മനാ
മധുകൈടഭനിഗ്രഹാഭിധം
ക്രിയതേ ഗീതനിബന്ധനം മയാ”

എന്നൊരു ശ്ലോകം അദ്ദേഹം ഘടിപ്പിച്ചിരുന്നു. രണ്ടു കൃതികളിലും സദാ ശബ്ദത്തിന്റെ ആവർത്തനം അനുസന്ധേയമാണ്. കല്ലൂർ നമ്പൂരിപ്പാട്ടിലെ ധാരണാശക്തിയേയും മന്ത്രശാസ്ത്രപ്രവീണതയേയും പറ്റി പല ഐതിഹ്യങ്ങളുമുണ്ട്. അവയെ ഇവിടെ വിസ്തരിക്കുന്നില്ല. ഒരു കഥ മാത്രം പറയാം. ഒരിക്കൽ ചിങ്ങണംകുന്നില്ലത്ത് അദ്ദേഹത്തിന് അച്ഛന്റെ മാസമടിയന്തിരം ഒരു മഴക്കാലത്താണ് നിർവ്വഹിക്കേണ്ടിയിരുന്നത്. നെടുമ്പുരയിടുവാൻ കാര്യസ്ഥന്മാർ വട്ടംകൂട്ടിയപ്പോൾ നമ്പൂടിപ്പാടു വിരിപന്തൽ മതിയെന്നു തീർച്ചപ്പെടുത്തി ചമ്രവട്ടത്ത് അയ്യപ്പനു മഴപെയ്യിക്കാതിരിക്കുവാൻ ഒരു ഹർജ്ജി പദ്യരൂപത്തിൽ ഓലയിൽ കുറിച്ചു മടക്കിക്കെട്ടി ഭാരതപ്പുഴയിൽ ഒഴുക്കി എന്നും, കാരണമെന്തായാലും മഴയുടെ ശല്യമുണ്ടാകാതെ അടിയന്തിരം ഭങ്ഗിയായി കഴിഞ്ഞുകൂടിയെന്നും കേട്ടുകേൾവിയുണ്ട്. ആ ഹർജ്ജിയിലെ ചില ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നത്.

“കല്ലൂർവിപ്രനെഴുത്തു, പാർശ്വഗതരാം ഭൃതങ്ങൾ വായിച്ചുടൻ
ചൊല്ലേറുന്നൊരു ചമ്രവട്ടപതിയോടിപ്പോൾ ധരിപ്പിക്കുവാൻ:
വല്ലാതേ മഴപെയ്തിടുന്നതഖിലം മാറ്റിത്തരേണം ഭവാൻ;
വെല്ലംകൊണ്ടു ചതുശ്ശതത്തെ വിരവോടെന്നാൽക്കഴിപ്പിക്കുവൻ

അയ്യപ്പ! നിന്തിരുവടിക്കൊരു ചേർച്ച നേർന്നാൽ
പെയ്യിക്കയില്ല മഴയെന്നൊരു ലോകവാദം
പൊയ്യായി വന്നിടുകിലോ തവ കുറ്റകാരാ-
മിയ്യാളുകൾക്കു തല പൊക്കി നടന്നുകൂടാ.

തിയ്യാട്ടൊന്നു കഴിച്ചിടാ, മന്ദദിനം ചെയ്യാം നമസ്കാരവും,
നെയ്യാടാം, കനകാദികൊണ്ടു കൃതമാം മെയ്യാദിയും നല്കീടാം
വയ്യായെന്നൊരു ശാഠ്യമില്ല വഴിപാടയ്യായിരം നേർന്നുഞാ-
നയ്യാ! നിൻകൃപായലഹോ! മഴയിനിപ്പെയ്യാതെയാക്കീടണം.
കയ്യിൽപ്പണ്ടൊരു കുന്നെടുത്തു വരിഷം മാതാവുനിർത്തീലയൊ?
മെയ്യിൽപ്പാതിയുമക്കു നല്കിയ പിതാ ഗംഗാം ധരെച്ചീലയോ?
വയ്യിപ്പോൾ മഴ മാറ്റുവാൻ തനയനെന്നുള്ളോരുദുഷ്കീർത്തിയൊ-
ന്നയ്യപ്പാ മമ ചമ്രവട്ടമമരും നാഥാ! വരുത്തീടൊലാ.”

ഈ സംഭവത്തെപ്പറ്റി

“ധീരൻ കല്ലൂരു വിപ്രൻ നിജ ജനകമഹാ-
മാസസത്രം കഴിപ്പാ-
നാരംഭിച്ചു, തുടങ്ങീ മഴ, വിഷമമിതെ-
ന്നോർത്തുടൻ ഭക്തിശാലീ
ഓരോ പദ്യങ്ങൾ നിർമ്മിച്ചതു പുഴവഴിയെ-
ച്ചമ്രവട്ടത്തു വാഴു-
ന്നോരബ്ഭൃതേശനേകിപ്പെരിയ മഴയൊഴി-
ച്ചെന്നു ലോകപ്രസിദ്ധം”

എന്നൊരു ശ്ലോകവും കേട്ടിട്ടുണ്ട്.

“ഇരുപതു ദിവസത്തിന്നുതൊട്ടിന്നിമേലാ-
ലരുതു കരുണയാ തേ വർഷമെന്നുള്ള ശബ്ദം”

എന്ന കല്ലൂരിന്റെ പ്രാർത്ഥന തികച്ചും ഫലിക്കുകതന്നെ ചെയ്തുവത്രേ. തൃശ്ശിവപേരൂർ കിഴക്കേ അച്ചംകുളങ്ങര കുഞ്ചി എന്ന വാരസ്യാരായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. തദനുരോധേന അദ്ദേഹം ചിലപ്പോൾ തൃശ്ശൂരും താമസിച്ചിരുന്നു. ബാലിവിജയത്തിന്റെ ആരംഭത്തിൽ അദ്ദേഹം തൃപ്പുണിത്തുറ അപ്പനേയും, തൃശ്ശൂർ വടക്കുന്നാഥനേയും, ചങ്ങണംകുന്നിൽ ദുർഗ്ഗയേയും തിരുമാന്ധാംകുന്നിൽ ഭദ്രകാളിയേയും വന്ദിക്കുന്ന ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു. തിരുമാന്ധാംകുന്നിലെ ദേവിയും കല്ലൂർ നമ്പൂതിരിപ്പാടന്മാരുടെ പരദേവതയാകുന്നു.

“പൂർണ്ണാനന്ദമയം പുരാരിപുരുഹൂതാദ്യൈശ്ച സംപൂജിതം
പൂർണ്ണാനങ്കശശാങ്കബിംബധവളേ ഭോഗീന്ദ്രഭോഗേ സ്ഥിതം
പൂർണ്ണം സർവ്വഗുണൈരങ്ഗജനനീതുങ്ഗസ്തനാലിങ്ഗിതം
പൂർണ്ണാമ്നായപുരാധിവാസി കലയേ പുണ്യൈകദൃശ്യം മഹഃ.

മഹിതഗുണനദീശം മൗലിരാജൻകലേശം
രചിതരിപുവിനാശം രാജതാദ്രിപ്രകാശം
വൃഷഗിരിനിലയേശം വിഷ്ടപാനാമധീശം
നഗവരതനയേശം നൗമി നിത്യം മഹേശം.

ഖഡ്ഗേനാദ്രിഷു കൃത്തദൈത്യകുലദുവർഗ്ഗേ! സതാം സമ്മതേ!
മാർഗ്ഗേ സഞ്ചരതാം കരാർപ്പിതചതുർവർഗ്ഗേ! ജഗന്നായികേ!

സ്വർഗ്ഗേയാനുപമപ്രഭാവമഹിതേ! ഭർഗ്ഗേഡിതേ! മാമകം
ഹൃദ്ഗേഹം വിശ ചങ്ങണാദ്രിനിലയേ! ദുർഗ്ഗേ! വിധാതും ശുഭം.

മാതംഗോജ്ജ്വലകുണ്ഡലേ! മരകതശ്യാമേ! മഹേന്ദ്രാർച്ചിതേ!
മായേ! മാരിതദാരുകേ! മണിലസന്മഞ്ജീരശുംഭൽപദേ!
മാരാരാതിസുതേ! മഹാസിമധുപാത്രോദ്യൽകരാംഭോരുഹേ!
മാതർമ്മാമവ മാനനീയചരിതേ! മാന്ധാതൃശൈലാലയേ!”

## കൃതികൾ

കല്ലൂർ സംസ്കൃതകൃതിയൊന്നും രചിച്ചിട്ടില്ല. ഭാഷയിൽ (1) ബാലിവിജയം (2) മധുകൈടഭവധം (3) സ്വാഹാസുധാകരം (4) സുമുഖീസ്വയംവരം എന്നീ നാലാട്ടക്കഥകൾ രചിച്ചിട്ടുള്ളതായി ഭാഷാചരിത്രകാരൻ പറയുന്നുണ്ടെങ്കിലും അവയിൽ ആദ്യത്തെ രണ്ടു കൃതികൾ മാത്രമേ കിട്ടീട്ടുള്ളൂ. അവയ്ക്കുപുറമെ അജാമിളമോക്ഷം എന്നൊരു കൈകൊട്ടിക്കളിപ്പാട്ടും ഉണ്ടാക്കീട്ടുണ്ട്.

## ബാലിവിജയം ആട്ടക്കഥ

ഇന്നും പ്രചുരപ്രചാരമായ ഒരാട്ടക്കഥയാണ് ബാലിവിജയം. സാഹിത്യദൃഷ്ട്യാ പരിശോധിക്കുമ്പോൾ ആ കഥയ്ക്കു രണ്ടാംകിടയിൽ ഒരു സ്ഥാനമില്ലാതെ ഒന്നാം കിടയിൽ പ്രവേശത്തിന് അവകാശമില്ലെങ്കിലും രംഗപ്രയോഗത്തിനു സർവഥാ സമുചിതമായ ഒരു കൃതിയാണ് അതെന്നുള്ളതിനെപ്പറ്റി പക്ഷാന്തരമില്ല. അതിൽ രാവണൻ, ബാലി, നാരദൻ ഈ മൂന്നു പാത്രങ്ങളുടേയും വേഷങ്ങൾ കെട്ടുന്ന നടന്മാർക്ക് അവരുടെ സകലമനോധർമ്മങ്ങളും പ്രകടിപ്പിക്കുവാൻ ധാരാളം സൗകര്യമുണ്ട്. “ശ്രീനാരദഃ കപിവരായ നിവേദ്യ വൃത്തം” എന്ന ശ്ലോകം തുടങ്ങി “പംക്തികണ്ഠ! നിങ്ങൾ തമ്മിൽ വിചാരിച്ചാലെന്തുകൊണ്ടൊക്കുന്നു ധിക്കാരമല്ലയോ?” എന്ന വരികൾവരെയുള്ള ഭാഗം അഭിനയത്തിനു പ്രത്യേകം പറ്റിയതാണ്. കല്ലൂരിനെ ഒരു നാട്യകലാമർമ്മജ്ഞനും ഫലിതപ്രയോഗനിപുണനുമായി ബാലിവിജയം നമുക്കു കാണിച്ചുതരുന്നു. ശ്ലോകങ്ങളേക്കാൾ പദങ്ങൾക്കു സ്വാരസ്യം കൂടും.

“കുന്തളഭാരസുശോഭനേ! കുവലയചാരുവിലോചനേ?
കിം തവ ഹേതു വിളംബനേ? കൃശതനു വരിക വരാംഗനേ!
അന്തികമതിലിഹ രന്തുമഖിലജനശന്തമകൈരവബാന്ധവവദനേ.”
“ജയ ജയ രാവണ! ലങ്കാപതേ! ജയ ജയ നക്തഞ്ചരാധിപതേ!
ജയ ജയ കൈകസീനന്ദന സുന്ദര! ജയ ജയ പൗലസ്ത്യപുത്രവിഭോ!”

“പംക്തികണ്ഠ! രാക്ഷസേന്ദ്ര! പാകവൈരിതന്നെ-
ബ്ബന്ധിച്ച സമർത്ഥൻതന്റെ താതനോ നീ?
കൈലാസമെടുത്തു നിജപാണികളിൽപ്പല
ലീലാവിനോദങ്ങൾ ചെയ്ത വീരനോ നീ?

എന്തിനിഹ നമ്മുടയ ലാംഗുലത്തിൽ വന്നു?
ഹന്ത! പറഞ്ഞീടുക നീ കാര്യമെല്ലാം.
കഷ്ടമൊരു കപിയുടെ പൃഷ്ഠഭാഗംതന്നി-
ലിഷ്ടമുണ്ടോ വസിക്കുവാനെന്തിതേവം?”

ഇത്യാദി ഭാഗങ്ങൾ ചേതോഹരങ്ങൾ തന്നെ.

### അജാമിളമോക്ഷം

അജാമിളമോക്ഷം കൈകൊട്ടിക്കളിപ്പാട്ടു തൃപ്പൂണിത്തുറക്കോവിലകത്തെ തമ്പുരാട്ടിമാരുടെ ആവശ്യമനുസരിച്ചു കല്ലൂർ പത്തുവൃത്തത്തിൽ രചിച്ച ഒരു കൃതിയാണ്. അശ്വരടിതിരിപ്പാട്ടിലെ സുഭദ്രാഹരണം കൈകൊട്ടി കണ്ടിട്ടാണ് കല്ലൂർ പ്രസ്തുത ഗാനം നിർമ്മിച്ചതെന്നു സുഭദ്രാഹരണത്തിലെ ഒരു വൃത്തം ആരംഭിക്കുന്ന "ഭദ്രകളാമാളികളും" എന്ന വരി അജാമിളമോക്ഷത്തിലെ ഒരു വൃത്തത്തിനു മട്ടായി കൊടുത്തിട്ടുള്ളതിൽനിന്നു നിർണ്ണയിക്കാവുന്നതാണ്. ചില വരികൾ ഉദ്ധരിക്കാം.

> "കാമിനീമണിയാകുമവളുടയ-രൂപം
> കണ്ടാലതിമനോഹരമെന്നേ വേണ്ടൂ.
>
> കാർമേഘത്തോടിടയുന്ന ക്ലേശങ്ങളും-ഫാലേ
> കസ്തൂരീതിലകവും കുറുനിരയും
> കഞ്ജദളങ്ങളുടയ ഗർവമെല്ലാം-പോകും
> കണ്ണിനുടെ ഭംഗികളും ചൊല്ലാവല്ല."

ഈ കൃതി സുഭദ്രാഹരണത്തെക്കാൾ ഭേദമെന്നു പറയാമെന്നേയുള്ളൂ.

## മറ്റു ചില നൃത്യപ്രബന്ധകാരന്മാർ — പുതിയിക്കൽ തമ്പാൻ

ചേർത്തലത്താലൂക്കിൽ വയലാർപകുതിയിൽ പുതിയിക്കൽ എന്ന പേരിൽ തമ്പാക്കന്മാരുടെ ഒരു കുടുംബമുണ്ട്. പുതിയിക്കൽ എന്നതു 'പുതിയറയ്ക്കൽ' എന്ന ശബ്ദത്തിന്റെ സങ്കുചിതരൂപമാണ്. ആ കുടുംബത്തിലെ ഒരംഗമായിരുന്നു (1) കാർത്തവീര്യവിജയം (2) രാമാനുകരണം എന്നീ രണ്ടാട്ടക്കഥകളുടെ പ്രണേതാവായ പുതിയിക്കൽ തമ്പാൻ. അദ്ദേഹത്തിന്റെ പേരെന്തെന്ന് അറിയുന്നില്ല.

### ജീവിതചരിത്രം

തമ്പാന്റെ ജീവിതചരിത്രത്തെപ്പറ്റിയും പറയത്തക്ക അറിവൊന്നും ലഭിച്ചിട്ടില്ല. സംസ്കൃതത്തിൽ അദ്ദേഹം നിഷ്കൃഷ്ടമായി വ്യാകരണം അഭ്യസിച്ച ഒരു പണ്ഡിതനായിരുന്നു എന്നും അദ്ദേഹത്തിന് ആ വിഷയത്തിൽ ആചാര്യത്വം വഹിച്ചതു വിദൂഷിയായിരുന്ന സ്വമാതാവുതന്നെയായിരുന്നുവെന്നും കേട്ടിട്ടുണ്ട്. ആ ഗഹനമായ പാണ്ഡിത്യത്തിന്റെ പ്രതിഫലനം അദ്ദേഹത്തിന്റെ കഥകളിൽ അങ്ങിങ്ങു കാണ്മാനുണ്ട്. അക്കാലത്തെ പാഠകപ്രവക്താക്കളിൽ അദ്വിതീയനായിരുന്ന തമ്പാൻ അനായാസേന കാർത്തികതിരുനാൾ മഹാരാജാവിന്റെ സദസ്യനായിത്തീരുകയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിനും പൈങ്കുനിയുത്സവത്തിനും നിയമേന പാഠകം പറയുകയും ചെയ്തുവന്നു. തിരുവനന്തപുരത്തുവച്ച് അശ്വതിതിരുനാൾ കൊച്ചുതമ്പുരാന്റെ സൗഹാർദ്ദം സമ്പാദിക്കുന്നതിനും അദ്ദേഹത്തിനു സൗകര്യം ലഭിച്ചു. 942, 949, 960, 962 ഈ ആണ്ടുകളിൽ തമ്പാന്റെ പാഠകം മതിലകത്തു നടന്നതിനു രേഖയുണ്ട്. 960-ൽ പാഠകം പറയുന്ന പുതിയിക്കൽ തമ്പാനു കാർത്തിക തിരുനാൾ മഹാരാജാവു് ആഭരണം സമ്മാനിച്ചതിനും പ്രമാണം കാണുന്നു.

പുതിയിക്കൽ തമ്പാൻ ഒരു ശക്തിപൂജകനായിരുന്നുവത്രേ. ആറന്മുള രാഘവൻപിള്ളയാശാൻ എന്ന ഒരു പ്രസിദ്ധനായ ശാക്തേയൻ അക്കാലത്തു ജീവിച്ചിരുന്നു. അദ്ദേഹം കൂടെക്കൂടെ കാത്യായനീദേവിയെ ഉപാസിക്കുവാൻ ചേർത്തലയ്ക്കു പോകുകയും അവിടെവച്ചു തമ്പാൻ ശാക്തേയമതത്തിൽ അദ്ദേഹത്തിന്റെ ശിഷ്യത്വം അംഗീകരിക്കുകയും ചെയ്തു. രാമൻപിള്ളയാശാൻ ആധാരദീപിക എന്ന പേരിൽ യോഗശാസ്ത്രത്തെ അധികരിച്ച് ഒരു ചെറിയ ഭാഷാഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിലുള്ളതാണ് അടിയിൽക്കാണുന്ന ശ്ലോകം.

മൂലാദ്യാധാരമാദ്യം പരിചിൽ വകയറി-
ഞ്ഞങ്ങവസ്ഥാത്രയത്തെ-
പ്പാരാതേ കണ്ടു മിത്ഥ്യാ പരമിതി മനസാ
വിട്ടു പത്താമതാകും
തുര്യത്തിൽച്ചേർന്നു സത്തായ് വിലസിന പരമാ-
ത്മാവുതാനായിരുന്നാൾ
ചൊവ്വേ ചിത്തായ മൂലപ്രകൃതിയിലുറയാ;
ചേരുമാനന്ദസിന്ധൗ" .

രാമനാശാന്റെ കാലം മുതല്ക്കാണ് ചേർത്തല ക്ഷേത്രത്തിലെ ഉത്സവത്തിൽ ദിവസംതോറും വൈകുന്നേരം കുടി ആറാട്ടു നടത്തിത്തുടങ്ങിയതും, അത് ആ ക്ഷേത്രത്തിനടുത്തുള്ള പള്ളിക്കുളത്തിലാക്കിയതും എന്നു ചിലർ പറയുന്നതു പരമാർത്ഥമാണോ എന്നറിഞ്ഞുകൂട.

പുതിയിക്കൽ കുടുംബത്തിലെ ഒരു തമ്പാനു കലശലായ വയറ്റുവേദനയുടെ ഉപദ്രവമുണ്ടായിരുന്നു എന്നും ചേർത്തല തെക്കുമുറിയിൽ കേളൻകുളം എന്ന കുളത്തിൽനിന്ന് ഒരു വിഷ്ണു വിഗ്രഹം കണ്ടെടുത്ത് അതു കൊണ്ടുപോയി കേരളാതിച്ചപുരം എന്നൊരു ക്ഷേത്രം പണിയിച്ച് അവിടെ പ്രതിഷ്ഠാപനം ചെയ്തതിനുമേലാണ് ആ രോഗം ശമിച്ചത് എന്നും പുരാവിത്തുകൾ പറയുന്നു. അതു നമ്മുടെ സാഹിത്യകാരനായിരുന്നുവോ എന്നു നിശ്ചയമില്ല.

തമ്പാൻ 68 വയസ്സോളം ജീവിച്ചിരുന്നു എന്നും 68-ആമത്തെ വയസ്സിൽ അശ്വതി തിരുനാൾ ഇളയതമ്പുരാനെ സന്ദർശിച്ചു മടങ്ങി സ്വഗൃഹത്തിലേക്കു പോകുന്ന വഴിക്കു കൊല്ലത്തു വച്ചു പരഗതിയെ പ്രാപിച്ചു എന്നും അറിയുന്നു. കൂടെയുണ്ടായിരുന്ന ശിഷ്യൻ ആ ദുഃഖസംഭവം അന്നു 88 വയസ്സു കഴിഞ്ഞിരുന്ന തമ്പാന്റെ മാതാവിനെ അറിയിച്ചപ്പോൾ ആ മനസ്വിനി തന്റെ വയറ്റിൽനിന്നു ബഹിർഗമിച്ചിട്ടുള്ള അനവധി കൃമികളുടെ കൂട്ടത്തിൽ അതുമൊന്ന് എന്നേ താൻ കരുതീട്ടുള്ളു എന്നും ഐഹികങ്ങളായ സംഭവങ്ങൾക്കൊന്നും തന്റെ ഹൃദയത്തെ തരളീകരിക്കുവാൻ സാധിക്കുന്നതല്ലെന്നും പറഞ്ഞുകൊണ്ടു പതിവുപോലെ അന്നത്തെ ഏകാദശീവ്രതം അനുഷ്ഠിച്ചതായി പഴമക്കാർ പറയുന്നു. അശ്വതി തിരുനാൾ തമ്പുരാന്റെ നിര്യാണം ൯൬൯-ലായിരുന്നതിനാൽ അതിനു മുൻപായിരിക്കണം തമ്പാന്റെ മരണം. ആ വഴിക്കു നോക്കുമ്പോൾ തമ്പാന്റെ ജീവിതകാലം ൯൦൦-നും ൯൬8-നും ഇടയ്ക്കാണെന്ന് ഉദ്ദേശിക്കാം. ൯76-ൽ എഴുന്നള്ളത്തോടുകൂടിപ്പാർക്കുന്ന പുതിയിക്കൽ തമ്പാക്കന്മാർക്കു കൊട്ടാരത്തിൽ നിന്നു ആഭരണം കൊടുത്തതിനു തെളിവുണ്ട്; അവർ ആ കവിയുടെ അനന്തരഗാമികളായിരിക്കണമെന്നു തോന്നുന്നു.

## ആട്ടക്കഥകൾ

പുതിയിക്കൽ തമ്പാൻ രണ്ടാട്ടക്കഥകൾ ഉണ്ടാക്കീട്ടുണ്ടെന്നു മുമ്പു പറഞ്ഞുവല്ലോ. അവ രണ്ടിനും രണ്ടാംകിടയിൽ നില്ക്കാനുള്ള യോഗ്യതയുണ്ട്. കാർത്തവീര്യവിജയം ഇന്നും പ്രചാരലുപ്തമായിട്ടില്ല; പ്രത്യുത രാമാനുകരണം ആരുമാടിക്കണ്ടിട്ടുമില്ല. സാഹിത്യദൃഷ്ട്യാ പരിശോധിക്കുമ്പോൾ രണ്ടും സമാനങ്ങൾ തന്നെ. പക്ഷേ രാമാനുകരണത്തിലെ ഇതിവൃത്തത്തിനു കാർത്തവീര്യവിജയത്തിനുള്ള അഭിനയയോഗ്യതയില്ല. പൗരാണിക കഥകളായി കൃത്രിമകഥകൾ ഇടകലർത്തി ആഹാര്യഭംഗി വരുത്തുന്ന വിഷയത്തിൽ കവി പരാങ്മുഖനായിരുന്നു. സഭ്യത്വപരിധിയെ ഉല്ലംഘിക്കുന്ന ശൃംഗാരപദങ്ങൾ ധാരാളമായി കാണുന്നു എന്നുള്ളതാണ് രണ്ടു കൃതികൾക്കുമുള്ള പ്രകടമായ ദോഷം.

## കാർത്തവീര്യവിജയം

കാർത്തവീര്യവിജയം "സ്യാനന്ദൂരാലയേശ"നും "ഫണിപതിശയന" നുമായ ശ്രീ പത്മനാഭനേയും രാമാനുകരണം "ആജ്യസ്രവന്തീകൂലാലങ്കാരം" അതായതു നെയ്യാറ്റിൻകര ശ്രീകൃഷ്ണനേയും വന്ദിച്ചുകൊണ്ട് ആരംഭിക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവു നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം പണിയിച്ചതു് 932-മാണ്ടാണ്. തമ്പാന്റെ കാർത്തവീര്യ വിജയം അശ്വതി തിരുനാൾ തമ്പുരാന്റെ കാർത്തവീര്യവിജയം ചമ്പു കണ്ടതിനു മേൽ എഴുതിയതാണോ എന്നു സംശയിക്കാം. അഭിനയത്തിന് അത്യന്തം സമുചിതമെന്നു സർവ്വസമ്മതമായ "കമലദള" എന്ന പദം കാർത്തവീര്യവിജയത്തിലുള്ളതാണ്. ആ പദം കൊണ്ടു പ്രകൃതത്തിൽ രാവണൻ കലഹാന്തരിതയായ മണ്ഡോദരിയെ പ്രസാദിപ്പിക്കുന്നു; ആ പദത്തിലെ ഒരു ഭാഗമാണ് ചുവടേ ഉദ്ധരിക്കുന്നതു്.

"കമലദളലോചനേ! മമ ജീവനായികേ!
കിമപി നഹി കാരണം കലഹമതിനധുനാ.
കരഭോരു! നിന്നുടയ ചരണതളിരാണ ഞാൻ
കരളിലറിയുന്നതല്ലൊരു പിഴയൊരുന്നാൾ.
തരുണാംഗി! നീയൊഴിഞ്ഞൊരു തരുണിമാരിലും
പാരിതോഷമില്ല മമ പരിഭവമിതെന്തഹോ?"

വിന്ധ്യ പർവതത്തിന്റേയും നർമ്മദാ നദിയുടേയും വർണ്ണനം വിശിഷ്ടമായിട്ടുണ്ട്.

"ചഞ്ചലിമിഴി മമ ദയിതാകചസഞ്ചയമഴിയുന്നപോലെ
അഞ്ചിതനടനം ചെയ്യും കേകിപിഞ്ഛമിതല്ലോ പരന്നു"
എന്നതു പർവതത്തിന്റേയും
"നർമ്മോചിതമായിട്ടുന്ന നർമ്മദയാം നദിതന്റെ
നന്മ കണ്ടീടുവിൻ നിങ്ങൾ നിർമ്മലാംഗിമാരേ!
കൂലതരുശാഖതന്നിൽക്കേകിജാലമാടീടുന്നു;
കോകിലഗാനമിഹ കൂടി മേളിക്കുന്നു.
സാരസങ്ങൾതോറും ചെന്നു ചാരുതരപരിമള-
സാരം സ്വീകരിച്ചു മന്ദമാരുതൻ വരുന്നു.

എന്നതു നദിയുടേയും വർണ്ണനത്തിലെ ചില വരികളാകുന്നു. പാഠകകാരനായ കവിക്കു ഫലിതപ്രയോഗചാതുരി സ്വാധീനമായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. "ദാസിയാകുമുർവശിയിലാശ മമ ചേരുവതോ?" എന്നും മറ്റുമുള്ള

വരികളും, "സാധുതരം മനുജാധമചരിതം താപസകുലവരരേ!" "ചിത്രമിതു പാർത്താൽ" എന്നീ പദങ്ങളും വിദഗ്ദ്ധനായ ഒരു നടൻ ആടിയാൽ പ്രേക്ഷകന്മാർ അപഹൃത ചിത്തവൃത്തികളായിത്തീരാതെ ഗത്യന്തരമില്ല. ബാലിവിജയം എഴുതിയ കല്ലൂർ നമ്പൂരിപ്പാട്ട് ഈ ആട്ടക്കഥ വായിച്ചിരുന്നുവെന്നു തോന്നുന്നുണ്ട്. കാർത്തവീര്യ വിജയത്തിലെ ശ്ലോകങ്ങൾക്കു പദങ്ങളോളം സ്വാരസ്യമില്ലെന്നാണ് എന്റെ അനുഭവം.

### രാമാനുകരണം

കാർത്തവീര്യവിജയത്തിന്റെ കനിഷ്ഠസഹോദരത്വം വഹിക്കുന്ന ഈ ആട്ടക്കഥയെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. ഗരുഡൻ സത്യഭാമയോട് തന്റെ വമ്പു പറഞ്ഞുകേൾപ്പിക്കുന്ന പദത്തിൽപ്പെട്ടതാണ് അധോലിഖിതമായ ഭാഗം.

"സ്വർണ്ണസമാനനിറം കലരും മമ
പർണ്ണസമീരണവേഗം പാർത്താൽ
അർണ്ണവസലിലം കലുഷിതമായുട-
നണ്ഡകടാഹവുമിളകും നിയതം. (ദേവി)

ശിക്ഷിതമുരനാം കരുണാകരനുടെ
കുക്ഷിയിലഖിലചരാചരവാസം;
ദക്ഷതയോടു വഹിക്കുന്നവനെയു-
മക്ഷതബലനിധി പക്ഷിവരൻ ഞാൻ. (ദേവി)"

താഴെക്കാണുന്ന ശ്ലോകവും പ്രകൃതത്തിൽ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

"നാഥേ! വൈദേഹി! പാഥോരുഹദളനയനേ!
ഹന്ത ദൃഷ്ട്വാ ചിരം ത്വാം
ചേതോ ന പ്രീതിഭാരം വഹതി ച തദിദം
നാലമദ്യാപി സോഢും
ജഗ്രാഹ ത്വാം പ്രയാന്തീമനുഗതമപി മാം
വഞ്ചയിത്വാ യദുർവീ
സാ ചേന്ന ത്വൽസവിത്രീ മമ ഭുജവിധൃതാ
താദൃശീ കീദൃശീ സ്യാൽ?"

## മണ്ടവപ്പള്ളി ഇട്ടിരാരിച്ചമേനോൻ

### ജീവിതം

കാർത്തിക തിരുനാൾ മഹാരാജാവിന്റെ മറ്റൊരു സദസ്യനായിരുന്നു ഇട്ടിരാരിച്ചമേനോൻ. അദ്ദേഹത്തിന്റെ ജനനം അമ്പലപ്പുഴ കാവാലം പകുതിയിൽ ആക്കാക്കൊടുപ്പുന്ന മുറിയിൽ മണ്ടവപ്പള്ളി എന്ന വീട്ടിലായിരുന്നു. മൂലകുടുംബം തിരുവഞ്ചിക്കളത്തുനിന്ന് ഏതോ കാരണവശാൽ മേനോന്റെ കാലത്തേക്കു മുമ്പേതന്നെ കാവാലത്തേക്കു താമസം മാറ്റി. അമ്മാവന്റെ പേർ രാമൻ എന്നായിരുന്നതിനാൽ 'രാമൻ ഇട്ടിരാരിച്ചൻ' എന്ന പേരാണ് അദ്ദേഹത്തെസ്സംബന്ധിക്കുന്ന പഴയ പ്രമാണങ്ങളിൽ കാണുന്നത്. മേനോന്റെ ബാല്യത്തിൽ ആ കുടുംബം ഏറ്റവും ദരിദ്രമായി

രുന്നു. സ്വദേശത്തുതന്നെയാണ് അദ്ദേഹം സംസ്കൃതം അഭ്യസിച്ചതു്. അതിൽ ലോകവ്യുൽപത്തിക്കു മേലൊന്നും സമ്പാദിച്ചതായി കൃതികൾ സൂചിപ്പിക്കുന്നില്ല.

ജീവിതചരിത്രത്തെപ്പറ്റി അധികമൊന്നും അറിവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. കാലം ൯൨൦-നും ൯൮൦-നും ഇടയ്ക്കാണെന്നു പി. ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ളതു് ഏകദേശം ശരിയായിരിക്കാമെന്നു തോന്നുന്നു. ൯൪൦-ആണ്ടോടടുപ്പിച്ചു തിരുവനന്തപുരത്തു പോയി മഹാരാജാവിനെ കണ്ടു. "ദാരിദ്ര്യം ജനതാപകാരകമിദം കേനാപി ദഗ്ദ്ധം നഹി" എന്നവസാനിക്കുന്ന ഒരു സംസ്കൃതശ്ലോകം അടിയറവച്ചതിനു പുറമേ, സന്താനഗോപാലം, രുക്മാങ്ഗദചരിതം എന്നീ രണ്ടാട്ടക്കഥകൾ ഉണ്ടാക്കി സമർപ്പിക്കയും ചെയ്തു. കവിബന്ധുവായ മഹാരാജാവ് മേനോന്റെ സാഹിത്യ വാസന കണ്ടു സന്തോഷിച്ച് ഒരു വീരശൃംഖല സമ്മാനിക്കുകയും അറുപതു പറ നിലം കരമൊഴിവായി പതിച്ചു കൊടുക്കുകയും ചെയ്തു. മേനോന്റെ തറവാട്ട് അന്യം നിന്നു പോയി എന്നറിയുന്നു.

## കൃതികൾ

സന്താനഗോപാലവും രുക്മാങ്ഗദചരിതവും കൂടാതെ ബാണയുദ്ധം എന്നൊരാട്ടക്കഥകൂടി മേനോൻ നിർമ്മിച്ചിട്ടുള്ളതായി പി. ഗോവിന്ദപ്പിള്ള പ്രസ്താവിച്ചിട്ടുണ്ട്; ആ കഥ ഞാൻ കണ്ടിട്ടില്ല. സന്താനഗോപാലത്തിനു സാമാന്യം പ്രചാരമുണ്ട്. അതു് അശ്വതി തിരുനാൾ തമ്പുരാന്റെ സന്താനഗോപാലം വായിച്ചതിനുമേൽ എഴുതിയതാണെന്നു സങ്കല്പിക്കാം. "നാഹം ശൗരിർന്ന ഖലു മുസലീ" എന്ന ചമ്പു ശ്ലോകത്തിന്റെ പ്രതിധ്വനി "കൃഷ്ണനല്ലഹം ബലഭദ്രനല്ലറിക നീ" എന്ന വരിയിൽ കാണുന്നുണ്ട്. പക്ഷേ ആ സാജാത്യം ആകസ്മികമാണെന്നും വരാവുന്നതാണ്. രുക്മാംഗദ ചരിതം നടന്മാർ മറന്നതു പോലെ തോന്നുന്നു. പുതിയിക്കൽ തമ്പാന്റെ കഥകൾ എത്ര മാത്രം ഗ്രാമ്യശൃങ്ഗാരം കൊണ്ട് അശുദ്ധങ്ങളോ അത്രമാത്രം അതിന്റെ അഭാവം കൊണ്ടു പവിത്രങ്ങളാകുന്നു മേനോന്റെ കൃതികൾ. സന്താനഗോപാലത്തിൽ ശൃങ്ഗാരരസത്തിന്റെ സ്പർശമേയില്ല. രുക്മാങ്ഗദ ചരിതത്തിൽ ഗതാനുഗതികത്വത്തിനു വശംവദനായി രുക്മാങ്ഗദനേയും പത്നിയേയും രങ്ഗത്തിൽ പ്രവേശിപ്പിച്ച് അവരെക്കൊണ്ടു പേരിന് ഒരു ശൃങ്ഗാരപ്പദം അഭിനയിപ്പിക്കുന്നുണ്ടെങ്കിലും കവി ഉത്തരക്ഷണത്തിൽത്തന്നെ ആ സരണി സന്ത്യജിച്ച്

"പ്രാണനാഥ കാണുപവനം ഘ്രാണമോദകരമോഹനം;
കാണുന്നില്ല കുസുമങ്ങളൊന്നുമിതിൽ കാരണം കിമിഹ കോമളമൂർത്തേ!

എന്നു നായികയെക്കൊണ്ട് ഉച്ചരിപ്പിച്ചു പ്രകൃതമനുസരിക്കുന്നു. രണ്ടു കഥകളിലും പുരാണോപാഖ്യാനങ്ങളിൽനിന്നു വ്യത്യാസമൊന്നും വരുത്തീട്ടില്ല. മേനോനെ ഒരു തികഞ്ഞ വിഷ്ണുഭക്തനായാണ് നാം അദ്ദേഹത്തിന്റെ കൃതികളിൽ നിരീക്ഷിയ്ക്കുന്നതു്. രണ്ടു കഥകളിലും സംസ്കൃത ശ്ലോകങ്ങൾ വളരെ അപൂർവമായി മാത്രമേ ഘടിപ്പിച്ചിട്ടുള്ളു; അവയ്ക്കു ഗുണവും കുറയും. പദങ്ങളിൽ ചിലതു നന്നായിട്ടുണ്ട്. സന്താനഗോപാലത്തിലെ "വധിമതം നിരസിച്ചീടാമോ?" "ജീവിതനായക വന്ദേ!" "ഇരുളെല്ലാമകന്നു ദൂരേ" എന്നീ പദങ്ങൾ മനോജ്ഞങ്ങളാണെന്നു പോലും പറയാം. ലോകാലോകപർവതത്തിനപ്പുറമുള്ള അന്ധകാരം നശിപ്പിക്കുവാൻ സുദർശനം ആവിർഭവിച്ചു ശ്രീകൃഷ്ണനോടു നിവേദനം ചെയ്യുന്നതാണ് മൂന്നാമതായി ഞാൻ പരിഗണിച്ച പദം.

"ഇരുളെല്ലാമകന്നു ദൂരേ—ഈശ കംസാരേ!
എഴുന്നെള്ളാമിനി നേരേ.

തിരുവുള്ളപ്പെരുവെള്ളത്തിരതള്ളും വിരുതുള്ള
നരനുള്ളിലലമല്ലലെഴമല്ലിങ്ങിനിയില്ല.

ഫുല്ലസരസിജതുല്യമിഴിമുന തെല്ലലംകൃത കല്യമയി തവ
മല്ലരുചിഭരകല്യ! ജിതമല്ല! മഞ്ജുതരമല്ല!"

വൈകുണ്ഠവർണ്ണനവും ഒരുമാതിരി നന്നായിട്ടുണ്ട്.

## വടക്കൻ രുക്മാംഗദചരിതം

ഈ പേരിൽ ഒരാട്ടക്കഥ അൻപത്തിനാലു ദിവസത്തെ ആട്ടക്കഥയുടെ കൂട്ടത്തിൽ കാണുന്നു. കവി ആരെന്നോ അദ്ദേഹത്തിന്റെ കാലം ഏതെന്നോ അറിയുന്നില്ല. കവിതയ്ക്കു മേനോന്റെ രുക്മാങ്ഗദചരിതത്തെക്കാൾ ഗുണം കൂടുമെങ്കിലും അതിന്റെ ആവിർഭാവത്തിനു മേലാണ് പ്രസ്തുത കൃതിയുടെ രചനയെന്ന് അനുമാനിക്കാവുന്നതാണ്. തെക്കൻ കഥയിൽ മോഹിനിയുടെ വർണ്ണനം മേനോൻ ഒരു സാരി കൊണ്ടാണ് നിർവ്വഹിക്കുന്നത്. ആ ഘട്ടത്തിലെ

"പഞ്ചബാണനഞ്ചിടുന്ന പുഞ്ചിരിയും ചാരു-
ചഞ്ചലാപാങ്ഗവും കിളികിഞ്ചിതവും
നീണ്ടുരുണ്ടുചുരുണ്ടോരു കുന്തളവും കാമൻ
വീണ്ടുമാശ പൂണ്ടിടുന്ന കൊങ്കരണ്ടും
മിന്നൽപോലെ മിന്നിടുന്ന രൂപത്തേയും കണ്ടു
മന്നവനുമാശ പൂണ്ടു നിന്നു നേരേ"

എന്ന വരികൾ വടക്കൻ കഥയിൽ അതേ രൂപത്തിൽ പകർത്തിയിരിക്കുന്നു. തെക്കനിൽ ആ ഗാനം അപരിത്യാജ്യവും വടക്കനിൽ വ്യഥാസ്ഥൂലവുമാണെന്നു പ്രകൃതംകൊണ്ടു മനസ്സിലാക്കാവുന്നതാണ്. അതുപോലെ ബ്രഹ്മാവ് അന്തകനെ ആശ്വസിപ്പിക്കുന്ന "രവിതനയ മഹാത്മൻ മാ കൃഥാസ്ത്വം വിഷാദം" എന്ന ഇന്ദുളശ്ലോകം അതേ വൃത്തത്തിലും അതേ ആശയം ഉൾക്കൊള്ളിച്ചും "തപനതനയ ഖേദം മാകൃഥാ മാനസേ ത്വം" എന്ന ശ്ലോകത്തിൽ പരാവർത്തനം ചെയ്തുകാണുന്നു, സന്ധ്യാവലിയുടെ പുത്രലാഭം മുതല്ക്കുള്ള കഥ വർണ്ണിച്ചു, രുക്മാങ്ഗദന്റെ പുഷ്പോദ്യാനം സംരക്ഷിക്കുവാൻ വജ്രദംഷ്ട്രയെന്ന ഒരു രാക്ഷസിയേയും സൃഷ്ടിച്ചു കവി ഇതിവൃത്തം വിലക്ഷണമാക്കീട്ടുണ്ട്. "അത്ഭുതാങ്ഗിയാമവൾക്കു ഗർഭവും വിധിയായ്" എന്നും, "ജയ ജയ മാധവ കേശവ ശൗരേ" എന്നുമുള്ള പദങ്ങൾ നന്നായിട്ടുണ്ട്

## ബാലകവി രാമശാസ്ത്രികൾ

### ജീവിതം

ബാലകവി രാമശാസ്ത്രികൾ പത്താം ശതകം ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നു. സ്വദേശം പാലക്കാടാണ്; ഗ്രാമം ഏതെന്നറിയുന്നില്ല. 'ബാലകവി' എന്ന ബിരുദം സാമൂതിരിപ്പാട്ടു സമ്മാനിച്ചതാണെന്നും കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ താമസം അധികവും ആലപ്പുഴയായിരുന്നുവെന്നും അവിടെ കള്ളർകോട്ട് ഒരു ഭവനത്തിൽ അദ്ദേഹത്തിനു സംബന്ധമുണ്ടായിരുന്നു വെന്നും കേട്ടിട്ടുണ്ട്. 976-ൽ 'പാലക്കാട്ടുകവി രാമശാസ്ത്രിക്കു 'ആഭരണം' സമ്മാനിച്ചതിനു വലിയ കൊട്ടാരത്തിൽ രേഖകാണുന്നു.

## ബാണയുദ്ധം

കോട്ടയം, അശ്വതി തുടങ്ങിയ ഒന്നാം കിടയിലുള്ള നൃത്യസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ രാമ ശാസ്ത്രികൾക്കും ഒരു സ്ഥാനത്തിന്നവകാശമുണ്ട്. അത്രയ്ക്ക് ആപാദചൂഡം അമൃതമയമാണ് അദ്ദേഹത്തിന്റെ ബാണയുദ്ധം ആട്ടക്കഥ. ഇന്നും ആ കഥയ്ക്ക് കേരളമെങ്ങും പ്രശംസനീയമായ പ്രചാരമുണ്ട്. കവിയുടെ പ്രതിഭയും പാണ്ഡിത്യവും അതിൽ കൈകോർത്തു കളിയാടുന്നു. ശ്ലോകങ്ങളും പദങ്ങളും അഹമഹമികയാ സഹൃദയ ഹൃദയങ്ങളെ ആവർജ്ജനംചെയ്യുന്നു.

“ജ്യോതീംഷി പ്രതിബിംബിതാനി ശശഭൃൽകാന്തോപലപ്രാങ്കണേ
ചക്രുര്യത്ര തമസ്വിനീഷു മഹതീം പുഷ്പോപഹാരശ്രിയം”

എന്ന ശ്ലോകത്തിന് അശ്വതി തിരുനാളുടെ പൗണ്ഡ്രകവധത്തിലെ

“പുഷ്യൽസൗരഭപാരിജാതകുസുമദ്വാസ്തോരണസ്രഗ്വിണീം
ദ്യാമേവ പ്രതിബിംബിതാം ജലനിധൗയാമാശശങ്കേജനഃ”

എന്ന പ്രഥമ ശ്ലോകത്തിന്റെ സാജാത്യമുണ്ട്. “നല്ലൊരു മാധവകാലം”, “ചിത്രപടമിതു കാൺക”, “കാമോപമരൂപൻ” , “മുഗ്ദ്ധമൃഗലോചനേ” , “മാരസന്നിഭാകാര മാരകുമാര” ഇത്യാദി പദങ്ങളുടെ സ്വാരസ്യം അന്യാദൃശമാണ്. മാതൃക കാണിക്കാൻ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

“വികസ്വരപികസ്വരേ വികചമാലതീഭാസ്വരേ
മദാന്ധകുസുമന്ധയേ മധുദിനേ പ്രവൃദ്ധോദയേ
വിഹാരവിപിനാന്തരേ വകുളമഞ്ജരീദന്തുരേ
ജഗാദ രതിലാലസഃ പ്രണയിനീർമ്മുകന്ദോ മുദാ,”

“ധാവൽപാദാതപാദാഹതതുരഗഖുരോ-
ദ്ദാമകദ്ദാലജാല-
ക്ഷുർണ്ണക്ഷോണീവിനിര്യന്നിബിഡതരരജോ-
രാജിഘോരാന്ധകാരം
താവൽ സംപ്രേക്ഷ്യ കോലാഹലബധിരിതനി-
ശ്ശേഷലോകം ബലൗഘം
ശൈലാദിശ്ശൈലകൂടോപമവികടതനു-
സ്വാന്തരേവം വ്യചിന്തീൽ.”

പദങ്ങൾ — പത്നിമാർ ശ്രീകൃഷ്ണനോട്:
“നല്ലൊരു മാധവകാലം വന്നു മല്ലമഥന! മതിരുന്നു;
മല്ലികാകലികയിൽനിന്നു മധുകല്ലോലിനിയൊഴുകുന്നു;
കാണുക വിലസീടുന്നു പരമേണതിലകനുയർന്നു
സൂനായുധശരജാലങ്ങളുടെ ശാണോപലമതുപോലെ.

കുരവനിരകൾതോറും ചെന്നു കുസുമമണമിതാ കവർന്നു
പരിചൊടു പവനൻ വരുന്നു ഹൃദി സ്മരദഹനൻ വളരുന്നു.
തരിക തവാധരബിംബം കാന്ത! അരുതരുതതിനുവിളംബം
വിരചയ ദൃഢപരിരംഭം മമ കുരു സഫലം കുചകുംഭം.”

ചിത്രലേഖ ഉഷയോട്:
“ചിത്രപടമിതു ബാലേ കാൺക ചിത്രകവിലസിതസുഫാലേ
സുരപരിവൃഢരിഹ ചാരേ കാണ്ക സുരുചിരതരകചഭാരേ
സുമുഖി! ദനുജരിതാ സർവേ രൂപശമിതസുരയുവതിഗർവേ
സോമാന്വയഭൂപന്മാരിവർ കാമോപമരൂപന്മാർ
വാസുദേവനുമിതാ കാൺക ചാലേ ഭാസിതാപാംഗി സുശീലേ
സുദതി വിലസതി മുകുന്ദൻ കാൺക സൂദിതസുരരിപുവൃന്ദൻ
തൽസുതനിവനതിധന്യൻ കാൺക മത്സഖി! ജനബഹുമാന്യൻ
അവനുടെ സുതനനിരുദ്ധൻ കാൺക ഭുവനവിമോഹനമുഗ്ദ്ധൻ
മതിമുഖി! കരുതെന്നുമിന്നു മമ മതിമോഹനനിവനെന്നു
യോഗബലംകൊണ്ടവനെക്കൊണ്ടു വേഗമൊടുവരുവൻ ഭവനേ”

## പാലക്കാട്ട് അമൃതശാസ്ത്രികൾ

ലവണാസുരവധം എന്ന ആട്ടക്കഥയുടെ പ്രണേതാവായ അമൃതശാസ്ത്രികൾ പാലക്കാട്ടു കൊടുവായൂർ ഗ്രാമക്കാരനായ ഒരു കവിയാണ്. കാലം, പത്താം ശതകത്തിന്റെ ഒടുവിലോ പതിനൊന്നാം ശതകത്തിന്റെ ആദ്യത്തിലോ ആയിരുന്നു. അമൃതഘടേശ്വരൻ എന്നായിരുന്നു പിതൃദത്തമായ നാമധേയം. പാലക്കാട്ടു രാജാവിനെ ആശ്രയിച്ചു ജീവിച്ചിരുന്നതായി കേൾവിയുണ്ട്. ലവണാസുരവധം സാഹിത്യമെന്ന നിലയിൽ നിർഗ്ഗുണമാണെങ്കിലും അതിലെ ചില രംഗങ്ങൾ ഇന്നും ആടിവരുന്നുണ്ട്. അവയിൽ അതിപ്രധാനമായിട്ടുള്ളതു രജകനും രജകിയും തമ്മിലുള്ള സംഭാഷണമാണ്.

“ആരെടീ നീയെന്റെ മുൻപിൽ വന്നുനിന്നവൾ?
അതിഘോരാകാരജാരേ! ദൂരെപ്പോക നില്ലാതെ;
മാരശരപരിതാപം ചെറ്റുമില്ല മേ തവ
മാരകനായ് ഭവിച്ചീടും പാരാതെ പോക”

എന്നും മറ്റുമുള്ള രജകന്റെ വാക്യം ആടി ഫലിപ്പിക്കുവാൻ കൊള്ളാവുന്നതു തന്നെ. കഥയ്ക്കു ലവണാസുരവധം എന്നാണ് പേരെങ്കിലും, ഉത്തരരാമായണത്തിൽ അതിനപ്പുറമുള്ള കുശലവോപാഖ്യാനവും കൂടി കവി മാംസളതയ്ക്കുവേണ്ടി അതിൽ അന്തർഭവിപ്പിച്ചിട്ടുണ്ട്. സീതാപരിത്യാഗാനന്തരം ഗംഗാതടത്തിൽ വെച്ചു ലവണന്റെ വയസ്യനായ ഗഭീരാക്ഷൻ എന്നൊരു കാട്ടാളനെ പ്രവേശിപ്പിക്കുന്നത് അരങ്ങു കൊഴുപ്പിക്കുന്നതിനു വേണ്ടി മാത്രമാണെന്നു പറയേണ്ടതില്ലല്ലോ.

“വാരിജനിഭവദന! ബാല!
മാ കുരു ശോകം മമ സൂനോ!
അനുപമഗുണനാകും മനുകുലദീപൻ
കനിവൊടു ജനിച്ചിഹ വളരുന്നു നിങ്ങൾ”

എന്നീപ്പദങ്ങൾ കൊള്ളാം; എന്നാൽ അവിടെയും രാവണോത്ഭവത്തിന്റെ പ്രതിധ്വനി കേൾക്കാവുന്നതാണ്.

“ജനകൻ മേ താതനെന്നു ജനങ്ങളുരചെയ്യുന്നു
കനിവൊടെൻ പ്രാണനേയും ജനിപ്പിച്ച ജനകൻ നീ”

എന്നു സീതാദേവി ഹനൂമാനോടു പറയുന്ന വാക്യത്തിന് ആകർഷകതയുണ്ട്. പുറയന്നൂർ നമ്പൂരിപ്പാട്ടിലെ കുശലവോപാഖ്യാനത്തെയാണ് ശാസ്ത്രികൾ ഇതിവൃത്ത വിഷയത്തിൽ പ്രധാനമായി ഉപജീവിച്ചിരിക്കുന്നതു്.

## പൊല്പാക്കര നമ്പൂരിപ്പാട്ട്

വ്യോമാസുരവധം ആട്ടക്കഥയുടെ കർത്താവാണ് പൊല്പാക്കര നമ്പൂരിപ്പാട്. പേരെന്തെന്ന് അറിയുന്നില്ല. പൊല്പാക്കരമന സ്ഥിതിചെയ്യുന്നതു പൊന്നാനിക്കു സമീപമുള്ള ഇടപ്പാഴൂർ ദേശത്തിലാകുന്നു. അതു ശുകപുരം ഗ്രാമത്തിൽപ്പെട്ട ഒരു ആഢ്യകുടുംബമാണ്. നമ്പൂരിപ്പാട്ടു പത്താം ശതകത്തിന്റെ അവസാനത്തിലോ പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിലോ ജീവിച്ചിരുന്നിരിക്കണം. വ്യോമാസുരവധത്തെ സാഹിത്യകോടിയിൽ ഗണിക്കുന്നതു സാഹസമായിരിക്കും; അത്രമാത്രം പൊട്ടയാണ് അതിലെ ശ്ലോകങ്ങളും പദങ്ങളും. അപശബ്ദപ്രയോഗം ധാരാളമായുണ്ട്. അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകളുടെ കൂട്ടത്തിൽ ആ കഥയും പ്രസിദ്ധീകൃതമായിരുന്നില്ലെങ്കിൽ അതിനെ അനന്തരകാലങ്ങളിൽ ആരും തന്നെ സ്മരിക്കുമായിരുന്നില്ല.

## മന്ത്രേടത്ത് നമ്പൂരിപ്പാട്ട്

വടക്കൻ സുഭദ്രാഹരണം എന്നു പറയുന്ന ആട്ടക്കഥയുടെ കർത്താവു മന്ത്രേടത്തു നമ്പൂരിപ്പാടാണെന്നും ആ കഥ കാർത്തികതിരുനാൾ മഹാരാജാവിന്റെ തെക്കൻ സുഭദ്രാഹരണത്തിൽ നിന്നു ഭിന്നമാണെന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മന്ത്രേടത്തുമന സ്ഥിതിചെയ്യുന്നതു കിള്ളിക്കുറിശ്ശിമങ്ഗലത്താണ്. നമ്പൂരിപ്പാട്ടിലെ നാമധേയം അവിജ്ഞാതമായിരിക്കുന്നു. മഹാരാജാവിന്റെ കഥക്കു സാഹിത്യഭംഗി കൂടുമെങ്കിലും കഥകളിക്കാരുടെ ഇടയിൽ പ്രചാരം മന്ത്രേടത്തിന്റെ കൃതിക്കാണ്. വടക്കൻ സുഭദ്രാഹരണത്തിലെ ശ്ലോകങ്ങൾക്കു തീരെ ഗുണമില്ല; അവയിൽ പലതും ഭാഷാശ്ലോകങ്ങളുമാണ്. പദങ്ങളിൽ "പൂന്തേന്മൊഴി വരിക സന്താപിക്കൊല്ല", "കഞ്ജദളലോചനേ! മഞ്ജുതരഭാഷിണീ" ഇവ രണ്ടും സാമാന്യം നന്നായിട്ടുണ്ട്. "മാനിനിമാരടിക്കുപ്പം ഭാമിനിമാർ", "കേട്ടാലും വചനം സഖേ", "കുത്ര വദ കുത്ര വദ വൃത്രാരിപുത്രനാം" ഇങ്ങനെ വേറേയും ചില പദങ്ങളും, കാവ്യഗുണമില്ലാത്തവയെങ്കിലും, ആടിക്കാണ്മാൻ കൊള്ളാവുന്നവ തന്നെ. വേഷസമൃദ്ധിക്കു വേണ്ടി വിവിദനേയും ഘടോൽകചനേയും കവി രങ്ഗപ്രവേശം ചെയ്യിക്കുന്നു. അപൂർവ്വം ചില നമ്പൂരിഫലിതങ്ങളും അങ്ങിങ്ങു കാണാം.

> "നാരിമാർതന്നിലനുരാഗമുള്ളവർ വേഗേന സന്യസിപ്പിൻ ഉടനേ;
> വേളികഴിയുമതിന്റെ ഫലംകൊണ്ടു കാലം തുലോം പകർന്നതു കാൺക"

എന്നതു അവയിലൊന്നാണ്. "പൂന്തേന്മൊഴി വരിക" എന്ന പദത്തിൽ നിന്നു ചില വരികൾ മാത്രം ചുവടേ പകർത്തി മാതൃക പ്രദർശിപ്പിക്കാമെന്നുദ്ദേശിക്കുന്നു.

> "കുരിരുളിനോടിടയും ചാരുചികുരം മുദ്ദ
> വേർപെടുത്തമരസുമദാമമണിയേണം;
> ചിത്രതരമാകിയൊരു ചിത്രകം നിന്നുടെ
> പുത്രി! വിലസീടണം ബാലേന്ദുഫാലേ.
> ഭൂഷാവിശേഷമിഹ ദോഷലവഹീനം

ഭ്രൂഷയാമ്യദ്യ തവ വേഷമലസാക്ഷി."

## കുന്നത്തു സുബ്രഹ്മണ്യൻപോറ്റി

കുന്നത്തു സുബ്രഹ്മണ്യൻ പോറ്റിയുടെ മൂലകുടുംബം മലബാറിലാണ്. 950-ആണ്ടിടയ്ക്കു ജനിച്ച പോറ്റി ബാല്യത്തിൽത്തന്നെ ടിപ്പു സുൽത്താൻ മലബാർ ആക്രമിച്ച കാലഘട്ടത്തിൽ തിരുവിതാംകൂറിലേയ്ക്കു ഓടിപ്പോന്നു മാവേലിക്കര താലൂക്കിൽ ചെന്നിത്തല എന്ന സ്ഥലത്തു കുന്നം എന്ന ഭവനം പണിയിച്ച് അവിടെ താമസിച്ചു. രസവാദത്തിലും മൃദംഗ വാദനത്തിലും നാട്യപ്രയോഗത്തിലും വിദഗ്ദ്ധനായിരുന്നു. ഉദ്ദേശം 1020-ആണ്ടുവരെ ജീവിച്ചിരിക്കുകയും സ്വാതി തിരുനാൾ മഹാരാജാവിന്റെ തിരുവുള്ളത്തിനു പാത്രീഭവിക്കുകയും ചെയ്തു. കന്യാകുമാരിയിലെ ഭഗവതിയായിരുന്നു ഇഷ്ടദേവത. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരിൽ ഒരാളായ വിഷ്ണുപ്പോറ്റിയുടെ മകനാണ് പതിനൊന്നാം ശതകം ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ബോധചന്ദ്രപ്രകാശകാരനായ സുബ്രഹ്മണ്യൻ പോറ്റി.

## സുന്ദരീസ്വയംവരം ആട്ടക്കഥ

സുന്ദരീസ്വയംവരം ആട്ടക്കഥ അദ്ദേഹത്തിന്റെ കൃതിയാണ്. ശ്രീകൃഷ്ണനു സത്യഭാമയിൽ ജനിച്ച സുന്ദരി എന്ന കുമാരിയെ ബലരാമൻ ദുര്യോധനപുത്രനായ ലക്ഷണനെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നു തീർച്ചപ്പെടുത്തി അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുവെങ്കിലും ശ്രീകൃഷ്ണൻ ആ പാണിഗ്രഹണം സുഭദ്രാർജ്ജുനന്മാരുടെ പുത്രനായ അഭിമന്യുവിനെക്കൊണ്ടാണ് നടത്തിക്കുന്നത്. കോയിപ്പുറത്തു പണിക്കരുടെ സുന്ദരീസ്വയംവരം തുള്ളലിലെ പ്രതിപാദ്യവും ഈ കഥ തന്നെയാകുന്നു. അരങ്ങു കൊഴിപ്പിക്കുന്നതിനും വിവിധരസഭാവങ്ങൾ പ്രകടിപ്പിക്കുന്നതിനും വേണ്ട സാമഗ്രികൾ കഥയിൽത്തന്നെയുണ്ട്. ഘടോൽകചൻ, ഇരാവാൻ, ഘടോൽകചന്റെ ഭൃത്യനായ വജ്രദംഷ്ട്രൻ, ഹിഡിംബ എന്നീ പാത്രങ്ങളിൽ ഹിഡിംബയെ മാത്രമേ കവിക്കു കൂട്ടതലായി പ്രവേശിപ്പിയ്ക്കേണ്ടി വരുന്നുള്ളു. അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകളുടെ കൂട്ടത്തിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലെങ്കിലും സുന്ദരീസ്വയംവരം സാമാന്യം പ്രചാരമുള്ള ഒരു കഥകളിയാണ്. ആടാൻ കൊള്ളാവുന്ന ഒരു പ്രബന്ധമെന്നാണ് പൊതുവെ അതിനെപ്പറ്റിയുള്ള അഭിജ്ഞമതവും. കവിതയ്ക്കു വലിയ മെച്ചമുണ്ടെന്നു പറയാൻ തരമില്ല. "താവദുൽബണശരാസ ഗുണരാണദ്വിഗുണിത സിംഹനാദവിത്രസ്ത സമസ്തദിശാഹസ്തീന്ദ്ര മസ്തകകമ്പനാന്ദോളിത വിശ്വവിശ്വംഭരാഭാരപരി ഭ ഗ്ന നിശ്ശേഷശേഷ ഫണാമണ്ഡലേ" എന്നിങ്ങനെ തുടങ്ങുന്ന ചൂർണ്ണികയിൽ നിന്നു കവി അവ്യുൽപന്നനല്ലെന്നു സിദ്ധിക്കുന്നു; എങ്കിലും ആ പാണ്ഡിത്യമൊന്നും പ്രബന്ധത്തിൽ പ്രകടമായി സംക്രമിച്ചുകാണുന്നില്ല.

"നീരദാഭാഞ്ചിതചാരുമൂർത്തേ; സ്വാമിൻ!
നാരദസന്നുതഗൗരകീർത്തേ!
സാരസനേത്ര! — മനോഹര-
താരുണ്യഗാത്ര! — സുരനുത-
കാരുണ്യപാത്ര! ജനാർദ്ദന!
സൂരായുതഭൂരിപ്രഭ! ചാരുസ്മിത! വീരാഗമ-
സാര! ദനുജതമോംബുജാരേ! മേരു-
ധീര! ചരാചരേശ! മുരാരേ!"

എന്നതു ശ്രീകൃഷ്ണന്റെ പത്നിമാർ പാടിക്കളിക്കുന്ന കുമ്മിയിലെ ഒരു ചരണമാണ്.

## മറ്റു ചില ആട്ടക്കഥകൾ

വേറെയും അനേകം ആട്ടക്കഥകൾ കൊല്ലം പത്താം ശതകത്തിന്റെ ചതുർത്ഥ പാദത്തിൽ വിരചിതങ്ങളായിട്ടുണ്ട്. അവയ്ക്കൊന്നും അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകളുടെ പംക്തിയിൽ പ്രവേശനത്തിന് അവസരം ലഭിയ്ക്കാത്തതിനാൽ പ്രസിദ്ധിക്ക് ഇടവന്നിട്ടില്ല. ആ കൂട്ടത്തിൽ ഏതാനും ചില കഥകളെപ്പറ്റി മാത്രം ഇവിടെ ഒന്നുരണ്ടു വാക്കുകൾ പറയാം.

### ധ്രുവചരിതം

ഈ ആട്ടക്കഥ കാർത്തികതിരുനാൾ മഹാരാജാവിന്റെ ആശ്രിതനായ ഏതോ ഒരു കവി നിർമ്മിച്ചതാണെന്നു മാത്രം അറിയാം. അദ്ദേഹം തോടയത്തിൽ മൂകാംബികയെ വന്ദിക്കുന്ന അവസരത്തിൽ "ജയ രാമവർമ്മജയദാത്രി" എന്നും, "ബാലരാമവർമ്മ നൃപം പാലയാശു ലോകമായേ! ശൂലിനി" എന്നും പ്രാർത്ഥിക്കുന്നു. "ശ്രീരാമവർമ്മ നൃപതേസ്തു കൃപാതിരേകാൽ" എന്നു മറ്റൊരു ഘട്ടത്തിലും അതിൽ ഒരു പ്രസ്താവനയുണ്ട്. ശങ്കരൻ എന്നൊരു പണ്ഡിതന്റെ ശിഷ്യനും മൂകാംബികയുടെ ഭക്തനുമായിരുന്നു അദ്ദേഹം എന്നതിനു തെളിവു ഗ്രന്ഥത്തിൽത്തന്നെയുണ്ട്. സാമാന്യം നല്ല ഒരു കൃതിയാണ് ധ്രുവചരിതം. ഉത്താനപാദനെപ്പറ്റിയുള്ള താഴെക്കാണുന്ന ശ്ലോകം നോക്കുക.

> "ആസീദാസീനപാദോഽഖിലനൃപപടലീ-
> മൗലിഷൂത്താനപാദോ
> രാജേന്ദ്രോ രാജരാജസ്വവിപുലയശസാ
> രാജരാജാധികശ്രീഃ
> രുച്യാ രുച്യാ സുരുച്യാ സമമസുസമയാ
> നിത്യനീത്യാ സുനീത്യാ
> സോയം സ്വായംഭുവസ്യ പ്രതിനിധിരശിഷദ്
> ഭൂതധാത്രീമശേഷാം"

### പാരിജാതഹരണം

ഈ ആട്ടക്കഥയുടെ നിർമ്മാതാവിന്റെ നാമധേയവും അജ്ഞാതമായിരിക്കുന്നു. പറവൂർ തമ്പുരാന്റെ ആശ്രിതന്മാരിൽ ഒരാളായിരുന്നു അദ്ദേഹം എന്നറിയാം.

> "ഉമാപതേർഭൂമിപതേശ്ച നാം
> യോധാരയദ്ഭൂസുരവംശദീപഃ
> വന്ദേ സദാ സത്യ പദാരവിന്ദം
> സർവസ്യ കാമസ്യ ഫലപ്രദം തം"

എന്നൊരു വന്ദനശ്ലോകം പ്രസ്തുതകൃതിയിലുണ്ട്. ഉമാപതി ശങ്കരനും ഭൂമിപതി ശ്രീരാമനുമാണെന്ന് ഓർമ്മിക്കുമ്പോൾ ശങ്കരരാമൻ എന്നു മാറാപ്പേരുള്ള ഒരു ബ്രാഹ്മണശ്രേഷ്ഠനാണ് കവിയുടെ പുരസ്കർത്താവ് എന്നു മനസ്സിലാകുന്നു. ആ ബിരുദത്തിൽ പറവൂർ രാജാക്കന്മാരെ അവർ രാജ്യഭ്രഷ്ടരാകുന്നതു വരെ കവികൾ പുകഴ്ത്തിയിരുന്നു. "യോ ധാരയൽ" എന്ന വർണ്ണനം കൊണ്ടു കവി വിവക്ഷിക്കുന്നത്

ഒടുവിൽ ആ രാജ്യം പരിപാലിച്ചിരുന്ന രാജാവിനെയാണെന്നു ഞാൻ കരുതുന്നു. അതു ശരയാണെങ്കിൽ പാരിജാതഹരണത്തിന്റെ നിർമ്മിതി പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണെന്നു വന്നുകൂടുന്നു. മഹാവിഷ്ണു, ദക്ഷിണാമൂർത്തി, അംഗാരവനാലയയായ ദുർഗ്ഗ, വേട്ടക്കരുമൻ എന്നീ ദേവതകൾക്കു പുറമേ,

> "വ്യാസം കവിം ശക്രഗുരും ചസൂര്യ-
> മിന്ദ്രാദിദേവാനഖിലാൻ മുനീന്ദ്രാൻ
> വാല്മീകിമാര്യം ച മഹേശ്വരഞ്ച
> വന്ദേ സദാ സർവഫലാർത്ഥസിദ്ധ്യൈ"

എന്ന ശ്ലോകത്തിൽ വ്യാസവാല്മീകിമാർ, ഗുരുശുക്രന്മാർ, ആദിത്യൻ, ഇന്ദ്രാദിദേവന്മാർ, മഹേശ്വരൻ മുതലായവരേയും കവി വന്ദിച്ചു കാണുന്നു. നരകാസുരവധത്തിനു മേലുള്ള കഥയാണ് പാരിജാതഹരണത്തിൽ പ്രതിപാദിക്കുന്നത്.

> "ഭൗമം ഹത്വാ മഹാത്മാ തദനു മുസലിനാ
> ചോദ്ധവാദ്യൈരമാത്യൈ-
> സ്സാകം ഭൈഷ്മീസഹായസ്സകലരിപുജനാ-
> നാഞ്ച ദാവാനലോസൗ
> സത്രാ സത്രാജിദാഹ്വാധരനൃപസുതയാ
> ദ്വാരവത്യാം സ കൃഷ്ണോ
> രേമേ ലോകാഭിരാമോ നിജപദനമിതാ-
> നാം ച സർവാർത്ഥദായീ"

എന്നാണ് ആദ്യത്തെ ശ്ലോകം. കവിത വിശിഷ്ടമെന്നു പറയുവാനില്ല.

## വസുനൃപതിചരിതം

ഈ ആട്ടക്കഥയും ആരുണ്ടാക്കിയതാണെന്നറിവില്ല. ഗ്രന്ഥാവസാനത്തിൽ ചെങ്ങന്നൂർ പാർവതി ദേവിയേയും ശ്രീപരമേശ്വരനേയും വന്ദിച്ചിരിക്കുന്നതു കൊണ്ടു കവി അവിടുത്തുകാരനാണൊ എന്നു സംശയിക്കാം. ഒരിക്കൽ വിധൂമനെന്ന വസു ബ്രഹ്മലോകത്തിൽ പോയപ്പോൾ അവിടെ നർത്തനം ചെയ്തുകൊണ്ടിരുന്ന അലംബുസ എന്ന അപ്സരസ്ത്രീയെ കാമിക്കുകയും തന്നിമിത്തം ബ്രഹ്മാവിനാൽ ശപ്തനായി കൗശാംബിയിൽ ശതാനീകൻ എന്ന രാജാവിന്റെ പുത്രത്വം അങ്ഗീകരിച്ചു സഹസ്രാനീകൻ എന്ന രാജാവായി ജനിക്കുകയും ചെയ്യുന്നു. അലംബുസയും ശാപവിധേയയായി അയോധ്യാധിപതിയായ കൃതുവർമ്മാവിന്റെ പുത്രിയായ മൃഗാവതിയായി ജനിക്കുന്നു. സഹസ്രാനീകനെ യൗവനാരംഭത്തിൽ മാതലി പൂർവവൃത്താന്തം ഗ്രഹിപ്പിക്കുകയും അദ്ദേഹം പല പ്രതിബന്ധങ്ങൾ തരണം ചെയ്തു മൃഗാവതിയെ പാണിഗ്രഹണം ചെയ്യുകയും ചെയ്യുന്നു. ഇതാണ് പ്രസ്തുതപ്രബന്ധത്തിലെ ഇതിവൃത്തം. താഴെക്കാണുന്നത് അതിലെ ഒടുവിലത്തെ ശ്ലോകമാണ്.

> "ശക്ത്യാ തം സ നിഹത്യ രാക്ഷസവരം പ്രത്യാഗതസ്സ്വാം പുരീം
> ഭൃത്യാമാത്യസമസ്തസൈന്യസഹിതോ വീരാഗ്രഗണ്യോ ഭൃശം
> സത്യാസത്യവിവേകനിഘ്നഹൃദയോ ഗൗരീശഭക്തോത്തമോ
> നിത്യാനന്ദരസേന തത്ര നഗരേ രേമേ തയാ ഭാര്യയാ."

ഇതിലെ കവിതയ്ക്കും ഗുണം ചുരുങ്ങും.

## സോമവാരമാഹാത്മ്യം

ഈ ആട്ടക്കഥ ബാലരാമൻ എന്നൊരു കവിയുടെ കൃതിയാണ്.

> "നവ്യകാന്താരവാസിനി! ആമയവിനാശിനി!
> ഭൈരവി! ശർവാണി! വരവടധുനീ-
> ബാലരാമഹൃദയാംഭോജതരണി!"

എന്നു ഗ്രന്ഥാരംഭത്തിൽ കാണുന്ന സൂചനയിൽ നിന്നും മറ്റും അദ്ദേഹത്തിന്റെ ദേശം വരവടതടിനിയാണെന്നും ഇഷ്ടദേവത നവ്യകാന്താരത്തിലെ ദുർഗ്ഗയാണെന്നും അറിയാം. നവ്യകാന്താരം പുതുക്കാടാണോ എന്നു സംശയിക്കാം. കാലത്തെപ്പറ്റി ഒരു വിവരവുമില്ല.

## മറ്റൊരു ബാണയുദ്ധം

> "അംഭോജാസനശങ്കരാദിദിവിജൈസ്സംഭാവിതസ്സന്തതം
> സാനന്ദം സബലസ്സമൈർന്നിജസുതൈഃ പൗത്രൈസ്സ്വദാരൈരപി
> ജംഭദ്ധേപലനീലമേഘരുചിരശ്ശ്രീദേവകീനന്ദനഃ
> ശ്രീമത്യാം ചിരമാസ്ത വിശ്വവിഭവസ്സ ദ്വാരവത്യാം സുഖം"

എന്നാരംഭിക്കുന്ന ഈ ആട്ടക്കഥയ്ക്കു തീരെ പ്രചാരമില്ല. രാമശാസ്ത്രികളുടെ കൃതി കണ്ടു രചിച്ചതായിരിക്കാമെന്നു തോന്നുന്നു. കാലത്തേയോ കർത്തൃത്വത്തേയോ പറ്റി ഒരറിവും ലഭിക്കുന്നില്ല. എടവട്ടിക്കാട്ടിന്റെ ബാണയുദ്ധമല്ല ഇതെന്നു ഉറപ്പിച്ചു തന്നെ പറയാം. കവിത അത്രമേൽ നിർഗ്ഗുണമാണ്.

> "ശുണ്ഡാദണ്ഡേന കണ്ഡൂതിഷു രസികതരം
> ചണ്ഡികാനാഥവാഹം
> മന്ദംമന്ദം ക്രമാന്ദോളിതശിരസമമ-
> ന്ദായിതാനന്ദസാന്ദ്രം
> ഗണ്ഡേ ചണ്ഡാരിസന്ദണ്ഡനനിപുണകരേ-
> ണാമൃശന്തം ലസന്തം
> വന്ദേ വന്ദാരുവൃന്ദാരകജനവിനുതം
> വിഘ്നരാജം വിരാജം"

എന്ന ആദ്യത്തെ വന്ദനശ്ലോകത്തിനു വലിയ തരക്കേടില്ല.

## ഭസ്മയോഗിമാഹാത്മ്യം, പത്മാകരചരിതം

ഇവ രണ്ടും ഏറ്റുമാനൂർക്കാരനായ ഏതോ ഒരു കവിയുടെ കൃതികളാണ്.

> "ഭജാമഹേ ഭക്തപരായണം പരം
> ഭയാപഹം ഭൂരിമൃഗാലയേശ്വരം"

എന്നിങ്ങനെ ആരംഭിക്കുന്ന ഒരു ശ്ലോകം ഭസ്മയോഗി മാഹാത്മ്യത്തിലുണ്ട്. അതിനുപുറമേ

> "ഭക്തജനപ്രിയ! പരമകൃപാലോ!
> ഭർഗ്ഗ! സുധാകര ശേഖരമൗലേ!
> മുക്തിവിധായക! മുനിജനനായക!
> സക്തമൃഗാലയ! പാലയ ശംഭോ!"

എന്നൊരു കീർത്തനം രണ്ടു കഥകളുടേയും അവസാനത്തിൽ കാണുന്നു. ഭസ്മയോഗി മാഹാത്മ്യം ശങ്കരസംഹിതയിൽ അന്തർഭവിക്കുന്നു. പത്മാകരൻ എന്ന വൈശ്യരാജാവ് തപശ്ശക്തി കൊണ്ട് ഒരു മൃതനായ ബാലകനെ പുനർജ്ജീവിപ്പിക്കുന്നതാണ് പത്മാകരചരിതത്തിലെ ഇതിവൃത്തം.

ഇധിയും നിർജ്ജീവമായ മറ്റൊരു "നരകാസുരവധം", പാച്ചുമൂത്തതിന്റേതിൽ നിന്നു ഭിന്നമായ ഒരു "മുചുകുന്ദമോക്ഷം" എന്നിങ്ങനെ അനേകം ആട്ടക്കഥകളുണ്ട്. മുചുകുന്ദ മോക്ഷത്തിന്റെ കർത്താവു "ഭാവയേഹം ബിഭ്രമൂർദ്ധാഞ്ജലിസ്സാദരമപി ച ഗുരൂൻ പശ്ചിമാബ്ധീശമുഖ്യാൻ" എന്നു പറയുന്നതിൽ നിന്ന് അദ്ദേഹത്തിന്റെ പ്രധാനഗുരു ഒരു കൊടുങ്ങല്ലൂർത്തമ്പുരാനാണെന്നു സിദ്ധിക്കുന്നു.

## താരകാസുരവധം ആട്ടക്കഥ

ഈ ആട്ടക്കഥയുടെ കർത്താവു് ആരെന്നറിയുന്നില്ല, കവിത സാമാന്യം നന്നായിട്ടുണ്ട്.

ആരംഭത്തിൽ കാണുന്ന

"വിശ്വോദഗ്രപ്രതാപോദ്ഭടഭടപടലീ-
ദുർജ്ജയാൻ നിർജ്ജരാരീൻ
ഹത്വാ യശ്ചാരുവാപീതടകൃതവസതി-
സ്സേവ്യമാനസ്സരൗഘൈഃ
സാന്ദ്രാനന്ദസ്വരൂപോ നിരുപമമഹിമാ
മാനസേ മാമകീനേ
നിത്യം സംപൂർണ്ണമോദം വിഹരതു വിലസൽ-
കീർത്തയേ കാർത്തികേയഃ"

എന്ന ശ്ലോകത്തിൽ കവി കുളങ്ങര സുബ്രഹ്മണ്യനെ വന്ദിക്കുന്നു. താഴെ ഉദ്ധരിക്കുന്നതു് ഒടുവിലത്തെ ശ്ലോകമാണ്.

"ഇത്ഥം ബാഹാഭുജംഗാധിപകലിതമഹാ-
ശക്തിമന്ഥാചലേന്ദ്ര-
പ്രക്ഷുഭ്യത്തദ്വിപക്ഷാംബുധിമഥനഭവാം
വിശ്രുതാം വീരലക്ഷ്മീം
ലബ്ധ്വാഥോ ദേവസേനാം പുനരപി ലവലീം
ഭ്രതസംഘൈസ്സമേത-
സ്സുബ്രഹ്മണ്യഃ പുരീം താമഖിലസുഖവിധാ-
ബദ്ധധീരധ്യവാസ."

ഇടയ്ക്കു നിന്ന് ഒരു ശ്ലോകം കൂടി പ്രദർശിപ്പിക്കാം.

"നാരദോദിതസുധാരസം സരസമാപിബൻ സുരവരോപ്യസൗ
നീരജാസനമുഖാമരൗഘമുനിവീരവാരപരിവാരിതഃ
കാളകൂടഗരളാശനം ശമലമോചനം ജ്വലനലോചനം
കാലകാലമവലോകിതും രജതശൈലരാജമഗമത്തദാ."

അക്കാലത്തു് ആവിർഭവിച്ച മറ്റുള്ള നൃത്യപ്രബന്ധങ്ങളെപ്പറ്റി ഒന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല.

## അഴിക്കോട്ടു കമ്മാരൻനായർ

കമ്മാരൻ നായരെ ശ്രീകുമാരൻ എന്നും പറയുന്നു. അദ്ദേഹത്തിന്റെ ജന്മഭൂമി കോലത്തുനാട്ടു ചിറയ്ക്കൽ കോവിലകത്തു നിന്നു രണ്ടു നാഴിക പടിഞ്ഞാറു മാറിക്കിടക്കുന്ന അഴിക്കോട്ടു ദേശമാണ്. സ്വകൃതികളിൽ തന്നെപ്പറ്റി 'അംഘ്രിജന്മാവ്' എന്നും 'ചരണോത്ഭവൻ' എന്നുമുള്ള പദങ്ങൾ പ്രയോഗിച്ചിരിക്കുന്നതു കൊണ്ടു ജാതിയിൽ നായരാണെന്നു വെളിപ്പെടുന്നു. കവി തന്റെ ഗ്രാമദേവതയായ അക്കിളിയത്തമ്പലത്തിലെ ശിവനേയും അവിടെ നിന്ന് ഏഴു നാഴിക വടക്കുള്ള സുപ്രസിദ്ധമായ ചെറുകുന്നത്തു ക്ഷേത്രത്തിലെ അന്നപൂർണ്ണേശ്വരിയേയും ചെറുകുന്നിൽ നിന്ന് എട്ടുപത്തു നാഴിക വടക്കുള്ള കുഞ്ഞിമംഗലം ദേശത്തിലെ ഗ്രാമദേവതയായ ചാമുണ്ഡിയേയും സ്വർല്ലോകമാലിക എന്ന ഗ്രന്ഥത്തിൽ സ്മരിച്ചിട്ടുണ്ട്. കുഞ്ഞിമംഗലത്തു തറവാട്ടിലെ ഒരു ശാഖ അഴിക്കോട്ടു താമസിച്ചിരുന്നു; ആ ശാഖയിൽ കവി ജനിക്കുകയാൽ മൂലകുടുംബത്തിലെ ഇഷ്ടദേവതയെ വന്ദിച്ചതാണെന്ന് അഭിജ്ഞന്മാർ ഊഹിക്കുന്നു.

"പാരാതെന്നുടെ ശിശ്രുമംഗലമമർന്നീടും
വീരചാമുണ്ഡീശ്വരി സന്തതം പാലിക്കേണം.
കാട്ടുണ്ടെങ്കിലുമിതിൽപ്പാടവമുള്ള ജനം
കേട്ടു തീർക്കേണമതിന്നെപ്പോഴും വന്ദിക്കുന്നേൻ.
അക്കളിയേശൻതന്റെ ചൊല്ലൊങ്ങും കൃപയാലേ-
യിക്കഥ ലോകത്തിങ്കലെല്ലാർക്കും രസിക്കേണം.
കോലഭൂപാലകുലപാലനംചെയ്തു നിത്യം
ബാലശൈലത്തിൽ വാഴുമന്നപൂർണ്ണേശ്വരിയും
ചാലവേ തുണയ്ക്കേണമതിനായെല്ലായ്പോഴും
കാലിണക്കമലത്തെ മേന്മേലേ വണങ്ങുന്നേൻ."

എന്നീ ഈരടികൾ നോക്കുക.

## കാലവും കൃതികളും

കുമാരകവി കുചേലകഥയെന്നും സ്വർല്ലോകമാലികയെന്നും രണ്ടു കിളിപ്പാട്ടുകൾ രചിച്ചിട്ടുണ്ട്. ഇവ 998 കർക്കിടകം 22-നു "ശ്രീകുമാരശിഷ്യനായിരിപ്പോരു ഉതയനയോഗിഗുരുക്കൾ" പകർത്തിയെഴുതിയതായി രേഖ കാണുന്നു. രണ്ടു കൃതികളിലും കവി തന്റെ ഗുരുനാഥനായ പള്ളിയില്ലത്തു മാധവൻ നമ്പൂരിയെ സ്മരിച്ചിട്ടുണ്ട്. പള്ളിയില്ലം എന്ന ഗൃഹം അഴിക്കോട്ടു മേളോളം എന്ന സ്ഥലത്തുള്ളതാണ്. മാധവൻ നമ്പൂരി 1026-ൽ തീപ്പെട്ട ചിറയ്ക്കൽ രവിവർമ്മ കോലത്തിരിയുടേയും ഗുരുനാഥനായിരുന്നു. അദ്ദേഹത്തെ കവി താഴെക്കാണുന്ന വിധത്തിൽ വന്ദിക്കുന്നു.

"ബുദ്ധിമത്തുക്കളിൽവച്ചുത്തമൻ വിഹാരാഖ്യ-
പത്തനനിവാസിയാം മാധവാചാര്യൻതന്റെ
ചരണസരോരുഹമെപ്പോഴും വന്ദിച്ചീടും
ചരണോത്ഭവനാകും ശ്രീകുമാരാഖ്യൻതന്നാൽ" (കുചേലകഥ)

"ബ്രഹ്മജ്ഞരായുള്ളവരിൽവച്ചുത്തമൻ
ബ്രഹ്മകുലോത്ഭവൻ വേദശാസ്ത്രാത്മകൻ
നിർമ്മലശീലൻ വിഹാരാഖ്യമന്ദിരൻ

ധർമ്മപരായണൻ ശ്രീമാധവാഖ്യനാം
സൽഗുരുനാഥന്റെ പാദാംബുജദ്വയ-
മുൾക്കുരുന്നിങ്കൽവച്ചാസ്ഥയാ നിത്യവും
ശ്രീകുമാരാംഘ്രിയിൽ ഭക്തനായ് മേവുന്ന
ശ്രീകുമാരാഖ്യനാമംഘ്രിജന്മാവിനാൽ" (സ്വർല്ലോകമാലിക)

ഇതിൽനിന്നെല്ലാം കുമാരകവി പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നു എന്നു നിർണ്ണയിക്കുവാൻ കഴിയും.

കുചേലകഥ നാലു പാദങ്ങളിലും, സ്വർല്ലോകമാലിക നാലു മാലികകളിലുമായി ഗ്രഥിക്കപ്പെട്ടിരിക്കുന്നു. "ശാന്താത്മാവായീടുന്ന ധർമ്മനന്ദനനോടു ശന്തനുജാതൻ ചൊല്ലീടുന്നതു" കേട്ട് അതു കവിയോടു "ശാരികപ്പൈതൽ" നിവേദനം ചെയ്യുന്നതായി സ്വർല്ലോകമാലികയുടെ ആരംഭത്തിൽ പ്രസ്താവിച്ചു കാണുന്നു. യമപുരവർണ്ണനം, സുകൃതദുഷ്കൃതവർണ്ണനം, ചിത്രഗുപ്തവർണ്ണനം പുണ്യകർമ്മകഥനം എന്നിങ്ങനെയാണ് നാലു മാലികകൾക്കും യഥാക്രമം നല്കിയിരിക്കുന്ന സംജ്ഞകൾ. കവിത ഒരുവിധം കൊള്ളാം,

## കുചേലകഥ

"കചവിതതിവിലസിതസ്സപിഞ്ഛികാഭംഗിയും
കാർത്തസ്വരമയമാകും കിരീടവും
അളികുലവുമിരുൾനിരയുമിടയുമൊരു ശോഭ പൂ-
ണ്ടാലോലമായ കുറുനിരഭംഗിയും
ഫണിയുടയ തിഥിയിലെഴുമുഡുപതിയെ വെല്ലുന്ന
ഫാലദേശേ വിളങ്ങീടും തിലകവും
മലർവിശിഖധനുരധികരുചിനികരഡംഭിനെ
മാറ്റമാറ്റുള്ളൊരു ചില്ലീവിലാസവും. . .
നതവരദ! പരപുരുഷ! കലികലുഷനാശന!
നാരായണ! നമസ്തേ നമസ്തേ സദാ.
രുചിരുചിരമിദമധികനയനജനമോഹനം
രൂപം തവാനിശം ഭാതു മേ മാനസേ."

ഏറ്റവും വിസ്തരിച്ചാണ് കുചോലോപാഖ്യാനം ഈ കിളിപ്പാട്ടിൽ കവി പ്രതിപാദിച്ചിരിക്കുന്നത്.

## സ്വർല്ലോകമാലിക

ഇതു കുചേലകഥയോളം ദീർഘമല്ല.

"ദുഷ്കൃതങ്ങൾക്കുള്ളോരു കണക്കിൻവർഗ്ഗംപോലെ
സൽകരിച്ചീടും ദണ്ഡനാദികൾകൊണ്ടു നന്നായ്.
അത്യന്തം ഭയങ്കരന്മാരാകും യമരാജ-
പുത്രന്മാരുണ്ടങ്ങതിലസംഖ്യം വർത്തിക്കുന്നു.
ഇത്തരം വിളങ്ങുന്ന ധർമ്മരാജാവുതന്റെ
പത്തനംതന്നിൽ വടക്കുള്ള ഗോപുരത്തിങ്കൽ
വിഷ്ണുദൂതന്മാരല്ലോ വസിച്ചീടുന്നു നിത്യം,

ജിഷ്ണുമന്ദിരംപോലെ വിളങ്ങും നഗരത്തിൽ.
അഴകേറീടും കിഴക്കുള്ള ഗോപുരത്തിങ്കൽ-
പ്പിഴകൂടാതെ ശിവദൂതന്മാർ വസിക്കുന്നു.
ദക്ഷിണദിശി വിളങ്ങുന്ന ഗോപുരത്തിങ്കൽ-
ദ്ദക്ഷന്മാരാകും ബ്രഹ്മദൂതന്മാർ വസിക്കുന്നു.
വടിവേറീടും പടിഞ്ഞാറുഗോപുരംതന്നിൽ-
ക്കടുതായീടും യമദൂതന്മാർ വസിക്കുന്നു.
ഹരിശങ്കരബ്രഹ്മദൂതന്മാരൊരുമിച്ച
വിരവിൽ നടന്നീടും; തീണ്ടുമാറില്ലന്യോന്യം.
ഗോപുരവാതിൽ കടന്നന്തർഭാഗത്തു നോക്കി-
ലാകവേ വൈവസ്വതമാം പുരം കാണായ്‌വരും."

## കൃഷ്ണാർജ്ജുനസംവാദം

ഈ കിളിപ്പാട്ടു പത്താം ശതകത്തിൽ ആവിർഭവിച്ചതാണ്. കവിയുടെ പേർ അറിവില്ലെങ്കിലും ഗ്രന്ഥാരംഭത്തിൽ "അകതളിരിലഴകിനൊടു മേവുകസന്തതം തോലിയാധീശനാമീശനും" എന്നൊരു പ്രാർത്ഥന കാണുന്നതിൽനിന്ന് അദ്ദേഹം തിരുവല്ലാ തുകലശ്ശേരിക്കാരനാണെന്ന് ഊഹിക്കാം. "കർമ്മികളായ ഭൂദേവപ്രവരരും" തുണയ്ക്കണമെന്നുകൂടി പറയുന്നുണ്ട്. രണ്ടു ഖണ്ഡമായി വിഭജിക്കപ്പെട്ടിരിക്കുന്ന പ്രസ്തുതകൃതിയിൽ പ്രഥമഖണ്ഡം കളകാഞ്ചിയിലും ദ്വിതീയഖണ്ഡം കാകളിയിലുമാണ് രചിച്ചിട്ടുള്ളത്. കൃഷ്ണാർജ്ജുനവിജയം തുള്ളലിലെ ഇതിവൃത്തം പ്രസിദ്ധമാണല്ലോ. അതുതന്നെയാണ് ഈ ഗ്രന്ഥത്തിലേയും പ്രതിപാദ്യം. പ്രണേതാവിനു ഗണനീയമായ സംസ്കൃതപാണ്ഡിത്യം കാണുന്നില്ല. "സരഭസമൊടു" തുടങ്ങിയ അനേകം അപശബ്ദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും രചനയ്ക്കു നിഷ്കർഷയും പോരാതെയിരിക്കുന്നു. മാതൃക കാണിക്കുവാൻ ചില വരികൾ ഉദ്ധരിക്കാം.

"ജയ പരമപുരുഷ! ജയ സകലജഗദാനന്ദ!
ജങ്ഗമാജങ്ഗമരൂപ! ജഗൽപതേ!
ജനിമരണഭയഹരണനിപുണചരണാംബുജ!
ജന്തുക്കളുള്ളിൽ വാഴുന്ന ജീവാത്മക!
ജയ ഭുജഗശയന! ജയ പതഗപതിവാഹന!
ജാഹ്നവീകാന്തപ്രസേവ്യാംഘ്രയേ നമഃ.
സകലതനുഭവന! ജയ നിഗമമയസാധന!
സച്ചിദാനന്ദമൂർത്തേ! നാഥ ഗോപതേ!
നിരതിശയ! നിരുപമ! നിരഞ്ജന! നിരാധാര!
നിർഗ്ഗുണ! നിശ്ചല! നിർമ്മമ! നിർമ്മല!
വിധുകുലജ! മധുമഥന! നരകമുരമഥന! ജയ
വിശ്വൈകസാക്ഷിണേ വേദവേദാന്തഗ!
കമലഭവമുഖവിബുധനമിതചരണാംബുജ!
കാരുണ്യപൂർണ്ണാമൃതാബ്ധേ! നമോ നമഃ."

കവിത ആകപ്പാടെ തരക്കേടില്ലെന്നു പറയാമെന്നേയുള്ളു. ബ്രഹ്മാണ്ഡപുരാണാന്തർഗ്ഗതമാണ് ആ കഥയെന്നു കവി മാമൂലനുസരിച്ചു പറയുന്നതു് അപ്രമാണമാണ്.

## വൃഷപുരമാഹാത്മ്യം കിളിപ്പാട്ട്

ഈ കിളിപ്പാട്ടിൽ രണ്ടു ഖണ്ഡങ്ങൾ അടങ്ങിയിരിക്കുന്നു. പൂർവഖണ്ഡം കാകളിയിലും ഉത്തരഖണ്ഡം കളകാഞ്ചിയിലുമാണ് രചിച്ചിരിക്കുന്നത്. പത്താംശതകത്തിലെ ഒരു കൃതിയായി ഇതിനെ പരിഗണിക്കാമെന്നു തോന്നുന്നു; നിശ്ചയമില്ല. പ്രണേതാവ് ആരായാലും അദ്ദേഹം ഭാഷാകവികളിൽ അഗ്രേസരനാണെന്നു പറയേണ്ടിയിരിക്കുന്നു. കിളിയോട് "അഞ്ജലികൂപ്പി ദ്വിജന്മാരെയും തൊഴുതഞ്ജസാ മോദം ലഭിക്ക നീ ശാരികേ" എന്നുള്ള ഉപദേശം നോക്കിയാൽ അദ്ദേഹം ബ്രാഹ്മണനല്ലെന്നു സങ്കല്പിക്കാവുന്നതാണ്. വില്വാദ്രിയിൽ തന്റെ പൂർണ്ണസാന്നിദ്ധ്യമുണ്ടാകുമെന്നു പരശുരാമൻ ബ്രാഹ്മണരോടു പറയുന്നതു നോക്കിയാൽ "വില്വാദ്രിനാഥാ ശ്രീരാമചന്ദ്ര" എന്നു ശീലാവതിയിൽ പാടീട്ടുള്ള നമ്പിയാർതന്നെയോ എന്നും സംശയിക്കാം. പദഘടനാപാടവവും ഫലിതപ്രയോഗചാതുര്യവും പരിശോധിച്ചാൽ പ്രസ്തുതകൃതി അദ്ദേഹത്തിന്റേതാണെന്നേ തോന്നുകയുള്ളു.

ശ്രീപരശുരാമൻ ബ്രാഹ്മണർക്കുവേണ്ടി കേരളം സമുദ്രത്തിൽ നിന്ന് ഉദ്ധരിക്കുന്നതും അതിന്റെ മധ്യസ്ഥലമായ തൃശ്ശിവപേരൂരിൽ ശ്രീപരമേശ്വരനെ കുടിയിരുത്തുന്നതും കേരളൻ എന്ന രാജാവ് അവിടെ ക്ഷേത്രനിർമ്മാണം ചെയ്യുന്നതും മറ്റുമാണ് പ്രതിപാദ്യം. തെക്കൈലനാഥോദയം ഭാഷാചമ്പുവിലെ ഇതിവൃത്തവും ഇതുതന്നെയാണല്ലോ.

"വിശ്വത്തിലെങ്ങും വൃഷപുരിക്കൊത്തൊരു
വിശ്വേശ്വരാവാസമില്ലെന്നറിക നീ;
അങ്ങനെയുള്ളോരു പുണ്യസ്ഥലീമൂല-
മെങ്ങനെയുൽഭൂതമെന്നു കഥിക്ക നീ"

എന്നു കവി കിളിയോട് അപേക്ഷിക്കുകയും ആ അപേക്ഷയനുസരിച്ചു കിളി ഭരദ്വാജമഹർഷിയോടു സൂതൻ പറഞ്ഞുകേൾപ്പിച്ച തൃശ്ശിവപേരൂർ ക്ഷേത്രമാഹാത്മ്യം വർണ്ണിക്കുകയും ചെയ്യുന്നു. പരശുരാമൻ "മൂവേഴുവട്ടം മുടിക്ഷത്രിയന്മാരെ" വധിച്ചു സ്വായത്തമാക്കിയ ഭൂമി മുഴുവൻ കാശ്യപനു ദാനംചെയ്തു ഹിമവൽപർവതത്തിനു സമീപം തപസ്സുചെയ്യുമ്പോൾ

"ദാരിദ്ര്യമാകും സമുദ്രം കടക്കുവാ-
നാരുവാനുള്ളു നമുക്കൊരു നാവികൻ
മറ്റൊരുത്തന്റെ മഹീതലേ നമ്മളെ-
പെറ്റുവളർത്ത മാതാവേ നമോസ്തു തേ"

"കൊറ്റിന്നുമാത്രം ധനം കയ്യിലില്ലാഞ്ഞു
മുറ്റും മഹാദുഃഖമായ്‌വന്നു സാംപ്രതം.
രാജവംശം നശിപ്പിച്ചോരു ഭാർഗ്ഗവൻ
യാചകന്മാർക്കു ഭൂദാനം തുടങ്ങിപോൽ.
യാചനം ചെയ്യുന്നവർക്കു മുനിവരൻ
രോചനീയം ധനം നല്കുന്നുപോലവൻ.
ഉത്തമന്മാരോടു യാചനം ചെയ്യുന്ന
വസ്തു സിദ്ധിക്കായ്കിലിങ്ങില്ല ലാഘവം.
സജ്ജനത്തോടപേക്ഷിച്ചാലതുകൊണ്ടു
ലജ്ജയില്ലേതും നമുക്കെന്നു നിർണ്ണയം.

ദുർജ്ജനത്തോടപേക്ഷിച്ചു ലഭിച്ചാലു-
മിജ്ജനത്തിന്നു ലഘുത്വമുണ്ടായ്‌വരും.
'ദേഹി'യെന്നിങ്ങിനെ രണ്ടക്ഷരം മഹാ-
മോഹികൾക്കശ്രീനിമിത്തമെന്നാകിലും
ദേഹാർത്ഥമൊക്കവേ വേണ്ടിവന്നു നമു-
ക്കാഹാരമാത്രം ത്യജിക്കാവതല്ലഹോ"

എന്നും മറ്റുമുള്ള ചിന്തകളാൽ പ്രേരിതന്മാരായി ചില ബ്രാഹ്മണർ അദ്ദേഹത്തോടു തങ്ങൾക്കു താമസത്തിനു ഭൂമിവേണമെന്നു യാചിക്കുന്നു.

"ശ്രോത്രിയന്മാർ ഞങ്ങളാറു ശാസ്ത്രങ്ങളും
ശ്രൗതധമ്മർങ്ങളും നാലുവേദങ്ങളും
മന്ത്രവും തന്ത്രവും മന്ത്രവാദങ്ങളും
മന്ത്രദീക്ഷോപദേശപ്രകാരങ്ങളും
ഇത്യാദിസർവം പരിശ്രമിച്ചീടുന്ന
സത്യസന്ധന്മാർ പലരുണ്ടു ഞങ്ങളിൽ.
വൈദികന്മാരുണ്ടു വൈദ്യശാസ്ത്രജ്ഞരും
വേദിയന്മാരും പലരുണ്ടു ഭാർഗ്ഗവ!
ജ്യോതിഷക്കാരുണ്ടു ശില്പശാസ്ത്രങ്ങളിൽ-
ച്ചാതുര്യമേറും ജനങ്ങളുമുണ്ടെടോ.
നാടകം കാവ്യം പുരാണമിത്യാദിയിൽ-
പ്പാടവം പാർത്താൽ പലർക്കുമുണ്ടായ്‌വരും.
കേടകന്നീടുന്ന സംഗീതവിദ്യയിൽ-
ക്കേവലം ക്ലേശിച്ച വിപ്രരുമുണ്ടെടോ.
പാണിനിസൂത്രവും ജൈമിനിസൂത്രവും
വാണിദേവീകൃതവ്യാകരണങ്ങളും[1]
ചാന്ദ്രബാർഹസ്പത്യശാസ്ത്രഭേദങ്ങളും
സാന്ദ്രമാംവണ്ണം ഗ്രഹിച്ചവരുണ്ടിതിൽ"

എന്നിങ്ങനെയാണ് അവരുടെ നിവേദനത്തിന്റെ ഗതി. "പുൽ കുത്തുവാൻ മാത്രമെന്നാകിലുമിന്നെനിക്കുള്ള ഭൂഭാഗമെങ്ങുമില്ലാ ദൃഢം" എങ്കിലും "ഇല്ലമുണ്ടാക്കുവാനിച്ഛിച്ചവിപ്രരോടില്ലെന്നു ചൊല്ലുന്നതെത്രയും നിന്ദിതം" എന്നുള്ളതിനാൽ സമുദ്രത്തോടു കുറേ ഭൂമി വാങ്ങി അവർക്കു ദാനം ചെയ്യാമെന്നു മഹർഷി നിശ്ചയിക്കുന്നു. സമുദ്രത്തിന്റെ അവസ്ഥയെ അദ്ദേഹം വർണ്ണിക്കുന്നതു് ഇങ്ങനെയാണ്.

"വെള്ളം കുടിപ്പാനുമാകാ നിരൂപിക്കി-
ലുള്ളതുമില്ലാത്തതും സമം കേവലം.
വള്ളങ്ങളോടങ്ങൾ വഞ്ചിയും കപ്പലും
കള്ളപ്പടവുകൾ വർക്കാസ്സുതോണികൾ
ഇത്തരമോടിച്ചു വാണിഭം ചെയ്യുന്ന
ബൗദ്ധർക്കനുകൂലമയ്യോ! മഹാർണ്ണവം.

വരുണദേവൻ ഗോകർണ്ണത്തുവെച്ചു പ്രത്യക്ഷീഭവിച്ചപ്പോൾ,

[1] സാരസ്വതവ്യാകരണം.

“അപ്പതേ! നിന്നുടെ വിസ്മിതിയെന്തിന്നു
കല്പതേ കല്പാന്തകാലേ ഭവാനഹോ;
കാലാനലജ്വാലമാലാവലീഘോര-
കോലാഹലം വന്നടുക്കും ദശാന്തരേ,
ഭസ്മാവശേഷമാമെന്നു ബോധിക്കേണ-
മസ്മാകമാഗ്രഹം വ്യർത്ഥമാക്കീടൊലാ”

എന്നും മറ്റും മഹർഷി പറയുന്നു. പ്രഥമഖണ്ഡത്തിലെ കാവ്യ ശൈലി ഇതിൽനിന്നു് അനുവാചകന്മാർക്കു അവധാരണീയമാണല്ലോ. അതിനെക്കാൾ മനോഹരമാണു് ദ്വിതീയഖണ്ഡം. കേരളൻ തൃശ്ശിവപേരൂർ ക്ഷേത്രപ്രതിഷ്ഠയും നഗരസ്ഥാപനവും നിർവഹിച്ചതിനു ശേഷം അവിടത്തെ ലക്ഷ്മീവിലാസം കവി വർണ്ണിക്കുന്നതിൽനിന്നു് ഏതാനും വരികളാണു് താഴെച്ചേർക്കുന്നതു്.

“തരുണികളിലധികതരപരവശത പൂണ്ടുള്ള
താരുണ്യവാന്മാരനേകം വിധങ്ങളിൽ
കുസുമശരശരനികരകരുമന സഹിക്കാഞ്ഞു
കുണ്ഠിതം പൂണ്ടു നടക്കുന്നിതു ചിലർ.
കളമൊഴികളുടെ കപടകുടിലിതകടാക്ഷങ്ങൾ
കണ്ടുകണ്ടുങ്ങോട്ടുഴയ്ക്കുന്നിതു ചിലർ.
കലഹരസമകലുവതിനതിവിവശഭാവേന
കാഞ്ചനം വച്ചു വണങ്ങുന്നിതു ചിലർ.
രസികനഹമിതി കരുതി രജനികളിലൊക്കവേ
രാഗങ്ങൾ പാടി നടക്കുന്നിതു ചിലർ.
വരുമിവിടെ വിരവിനൊടു വരതരുണിമാരെന്നു
വാഞ്ഛിച്ചു ഗൂഢമായ് നില്ക്കുന്നിതു ചിലർ.
മതിമുഖികളുടെ വരവു വിരവൊടിഹ കാണ്മവാൻ
മാർഗ്ഗങ്ങളിൽച്ചെന്നു പാർക്കുന്നിതു ചിലർ.
പൃഥുലകുചതടമുടയ മടവർമണിമാരുടെ
പിന്നാലെക്കൂടിഗ്ഗമിക്കുന്നിതു ചിലർ.
കമനികളിലതികുതുകമതികളവരോടുടൻ
കർണ്ണാന്തികേ ചെന്നുരയ്ക്കുന്നിതു ചിലർ.
പരുഷതരമവരുടയ പരിഭവനിറം കണ്ടു
പാരം വിഷാദിച്ചു പോരുന്നിതു ചിലർ.
ഒളിമിഴിയിലൊരു തെളിവു വെളിവിലിഹകാൺകയാ
ലൊത്തവണ്ണം വരുമെന്നുറച്ചാർ ചിലർ.
വടിവിയലുമുട്ടപ്പുടകൾ നടനമപി കണ്ടുടൻ
വാലെടുപ്പാനായ് നടക്കുന്നിതു ചിലർ.”

ഇതു വിഷയികളുടെ വ്യാപാരമാണു്. ഇതിനു പുറമേ

“കവികളുടെ കവിതകളുമവികലമനോഹരം
കാവ്യനാട്യാദിപ്രബന്ധപ്രയോഗവും” ,
“ശതമഖനുമഥ ശശിയുമിവർ പലർ ചമച്ചൊരു
ശബ്ദശാസ്ത്രംകൊണ്ടനേകവാദങ്ങളും”

മറ്റും അവിടെ നടക്കുന്നു. അവസാനത്തിൽ കവി

“കലുഷഹരസുരതടിനിയുടെ തടനിവാസിയാം
കാശിഗിരീശനിത്തൈക്കൈലശങ്കരൻ
രഘുതിലകകരകമലപരികലിതമൂർത്തിയാം
രാമേശ്വരേശനിത്തൈക്കൈലശങ്കരൻ”

എന്നു തുടങ്ങി ഗോകർണ്ണേശൻ, ചിദംബരേശൻ, കാളഹസ്തീശൻ, “വിരവിലൊരു ധരണിസുരജഠരപരിപൂരകൻ വ്യാഘ്രാലയേശൻ” “ചിരരുചിരധനവിഭവമനവധി കൊടുക്കുന്ന ചെല്ലൂരുമേശൻ” “തിരുമനസി കനിവിനൊടു യമഭയമൊഴിക്കുന്ന തൃപ്പറങ്ങോടൻ” , “മഹിമയൊടു ജനജഠരരുജമപഹരിക്കുന്ന മർത്ത്യാങ്ഗരാജൻ” , “സ്ഥലമഹിമ പെരുകുമൊരു ശുചികരശുചീന്ദ്രഗസ്ഥാണുനാഥസ്വാമി” ഈ മൂർത്തികളെല്ലാം തൈക്കൈലശങ്കരൻ തന്നെയാണെന്നും

അവനിതലമതിലഖിലപരമശിവസാന്നിധ്യ-
മാകവേ തൃശ്ശിവപേരൂർമഹേശ്വരേ”

എന്നും സ്ഥാപിക്കുന്നു.

## ബൃഹസ്പതിവാക്യം കിളിപ്പാട്ട്

അഹല്യാസങ്ഗമം നിമിത്തം കുപിതനായ ഗൗതമ മഹർഷിയാൽ ശപിക്കപ്പെട്ട ദേവേന്ദ്രന്റെ ദയനീയമായ അവസ്ഥാന്തരം അപ്സര സ്ത്രീകളിൽനിന്നു ഗ്രഹിച്ച സുരഗുരുവായ ബൃഹസ്പതി അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നതാണ് വിഷയം. പത്താം ശതകത്തിൽ രചിച്ചതെന്നു കരുതാവുന്ന പ്രസ്തുത കൃതിയുടെ പ്രണേതൃത്വത്തെപ്പറ്റി യാതൊരറിവുമില്ല. ബൃഹസ്പതി അനവദ്യമായ സദാചാരപദ്ധതി ഇന്ദ്രനുപദേശിക്കുന്നു.

“എന്നതുകൊണ്ടുമിപ്പോളിക്രിയ വേണ്ടീലാഞ്ഞു;
എന്നുണ്ണീ! നിന്റെ ശീലമൊട്ടുമാകാതെയായീ.
അറിവില്ലാത്തപോലെ തുടങ്ങുന്നതു കഷ്ടം;
അറിവിന്നടുത്തതേ ഗ്രഹിക്കാവറിഞ്ഞാലും.
വൻമദാചാരത്തിന്നു വശമായിരിക്കല്ലേ;
മറിവേറീടും മങ്കമാരെ വിശ്വസിക്കല്ലേ.
അറിവോർ പറയുന്ന വചനം കടക്കല്ലേ;
അഭിമാനത്തെക്കളഞ്ഞർത്ഥത്തെ മോഹിക്കല്ലേ.
ചോറു തന്നവർകളെച്ചതിപ്പാൻ തുടങ്ങല്ലേ
ചോരന്മാരോടുകൂടിച്ചോരത ചെയ്തീടല്ലേ.
അധമന്മാരെസ്സേവിച്ചിടല്ലേയൊരിക്കലും;
അൻപിനാൽ വരാത്തതു വൻപിനാൽ വരുത്തല്ലേ.”

ഇങ്ങനെ ആ കൃതി പോകുന്നു. കവി പണ്ഡിതനല്ലെങ്കിലും പല തത്വങ്ങളും കണ്ടറിഞ്ഞിട്ടുള്ള ഒരു ലോകജ്ഞനാണ്. ചില നീതിവാക്യങ്ങൾ വിദുരോപദേശത്തിൽ നിന്നു പകർത്തീട്ടുമുണ്ട്.

“ഇത്തരം ബഹുവിധം ബൃഹസ്പതിവാക്യങ്ങൾ
വിസ്തരിച്ചുരചെയ്‌വാൻ കാലമേ പോരയല്ലോ”

എന്ന് അദ്ദേഹം ആ ഭാഗം അവസാനിപ്പിക്കുന്നു. ആചാര്യന്റെ ഉപദേശമനുസരിച്ച് അപ്സരസ്ത്രീകൾ ഗൗതമനെക്കണ്ടു ശാപമോക്ഷത്തിനുള്ള അനുഗ്രഹം വാങ്ങി തിരിയെ വരുന്നു. തദനന്തരം

"പുസ്തകം ദണ്ഡും തന്റെ ഛത്രവുമെടുത്തുടൻ
വേഗമങ്ങെഴുന്നള്ളിബ്ഭുവനം പുക്കു മുനി.
ഭാര്യമാരോടു ചേർന്നു വസിച്ചാൻ ശക്രൻതാനും"

എന്ന വരികളോടു കൂടി കവി സ്വകൃത്യത്തിൽനിന്നു വിരമിക്കുന്നു. കഥ ഈ ഘട്ടത്തിൽ അവസാനിക്കുന്നതു കൊണ്ട് ഈ കൃതിക്കു ദേവേന്ദ്രമോക്ഷം എന്നും ഒരു സംജ്ഞ ചില പ്രതീകങ്ങളിൽ കാണുന്നു.

## പ്രഹ്ലാദചരിതം കിളിപ്പാട്ട്

പ്രഹ്ലാദചരിതം കിളിപ്പാട്ടു വടക്കേ മലയാളത്തിലെ ഏതോ ഒരു കവി രചിച്ചതാണെന്ന് ഊഹിക്കാമെന്നല്ലാതെ അദ്ദേഹം ആരെന്നോ ഏതു കാലത്തു ജീവിച്ചിരുന്നുവെന്നോ നിർണ്ണയിക്കുന്നതിനു യാതൊരു മാർഗ്ഗവും കാണുന്നില്ല.

"മുക്കണ്ണിൽ മേവുന്ന തമ്പുരാനെന്നുടെ
മുക്കണ്ണരും തുണയ്ക്കെന്നുള്ളിലെപ്പൊഴും"

എന്ന ഈരടിയിൽനിന്ന് അദ്ദേഹം മുക്കണ്ണ് എന്ന ഒരു സ്ഥലവുമായി ബന്ധപ്പെട്ടിരുന്നു എന്നു സങ്കല്പിക്കാം. ആ മുക്കണ്ണ് ഏതാണെന്നും വിശദമാകുന്നില്ല.

പ്രഹ്ലാദോപാഖ്യാനം ആദ്യന്തം കാകളീ വൃത്തത്തിൽ നിർമ്മിതമായ ഈ കൃതിയിൽ വളരെ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു. കവിത സാമാന്യം കൊള്ളാം.

ഹിരണ്യകശിപു:

"ചെമ്പരുത്തിപ്പൂവുപോലെ ചുവന്നുള്ള
വമ്പിച്ച കണ്മിഴി കാൺകിൽ ഭയങ്കരം.
അമ്പിളിത്തെല്ലുപോലേ വളഞ്ഞുള്ളോരു
വമ്പിച്ച ദംഷ്ട്രകളുമതിഭീഷണം.
വൃത്തമൊത്തുള്ള കഴുത്തിൽ വിളങ്ങുന്നു
മുത്തുരത്നങ്ങളെക്കൊണ്ടുള്ള മാലകൾ.
ഉന്നതമാകിയ തോളിനു തുല്യമായ്-
ക്കുന്നുപോലും പുനരില്ലെന്നു നിർണ്ണയം."

## സഹദേവവാക്യം കിളിപ്പാട്ട്

ഇതു കലിയുഗത്തിൽ പൂർവാചാരങ്ങൾക്കു സംഭവിക്കാവുന്ന ഭേദങ്ങളെ ഉപാലംഭരൂപത്തിൽ വിവരിക്കുന്ന ഒരു ചെറിയ ഗാനമാകുന്നു.

"മുല്ലശരാരി മുനികുലസേവിതൻ
ചെല്ലൂരമർന്നൊരെൻ തമ്പുരാനെന്നുമേ
അല്ലൽ കളഞ്ഞു രക്ഷിക്കണം സന്തതം."

എന്നു കവി പെരുഞ്ചെല്ലൂർ ശിവനെ വന്ദിക്കുന്നു. പെരുഞ്ചെല്ലൂർക്കാരനായ ഒരു നമ്പൂരിയാണ് ഈ ഗാനത്തിന്റെ കർത്താവെന്ന് ഐതിഹ്യമുണ്ട്. "ആചാര്യനാഥനനന്തൻ" എന്ന് അനന്തസംജ്ഞനായ ഒരു ഗുരുവിനെ അദ്ദേഹം സ്മരിക്കുന്നു. "ജ്യോതിഷവിദ്യയുമില്ലാതെയായ്‌വരും" എന്നു ഭയപ്പെടുന്നതുകൊണ്ട് അദ്ദേഹത്തിനു ജ്യോതിശാസ്ത്രത്തോടു പഥ്യമായിരുന്നു എന്നൂഹിക്കാം. കാലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധം തന്നെയെന്നു തോന്നുന്നു. "സഹദേവബാലകൻ ചൊല്ലെഴും ധർമ്മസുതനോടു സാദരം" നിവേദനം ചെയ്യുന്നതാണ് കാവ്യത്തിലെ പ്രതിപാദ്യം.

"പൃഥ്വീപരിപാലനംചെയ്തു വാഴുവാൻ
ശക്തിയില്ലാതെയാം ഭൂപാലകന്മാർക്കും.
അർത്ഥാഭിലാഷയാ മത്തമതികളായ്
നിത്യം പ്രജകളോടർത്ഥം പറിക്കയും
ക്രുദ്ധത പാരം പ്രവർത്തിച്ചിരിക്കുമ്പോൾ
മർത്ത്യേന്ദ്രനാപത്തുമെത്തും ദിനംപ്രതി.
ഭക്തിയും വിശ്വാസവും വെടിഞ്ഞഞ്ജസാ
ശത്രുവായ് വന്നുകൂടും പ്രജാവൃന്ദവും.
കൊല്ലും ബലാലപരാധവുമെന്നിയേ
നല്ല പ്രജകളെയെല്ലാം നരപതി.
ഇല്ലാ പൊറുതിയെന്നാകയാലങ്ങവർ
വല്ലകണക്കിലും കൊല്ലും നൃപനെയും.
ചാരുത ചേരുന്ന വാണിഭങ്ങൾക്കുമ-
ങ്ങോരോരോതരം കപടം വരും ഭൂപതേ!
നാഴിയും കോലും തുലാപ്പടിക്കല്ലുക-
ളീഷലീഷൽച്ചെറുതാക്കും ദിനംപ്രതി.
കിഞ്ചന തഞ്ചുകയില്ല നേരാരിലും
വഞ്ചനമല്ലാതെയൊന്നുമുണ്ടായ് വരാ.
. . . . . . . . . . . . . . . . . .
മ്ലേച്ഛജനങ്ങൾ വർദ്ധിച്ചുവരുമിനി
നിർദ്ദയം കൊല്ലുമവർകൾ പശുക്കളെ.
ക്ഷേത്രം വിഹാരമാക്കീടുമോരോന്നവർ
കീർത്തി നടക്കുമവർക്കവനീതലേ.
വിക്രമമേറെയുണ്ടാകയാലങ്ങവ-
രൊക്കെയും ജാതിയൊന്നാകുവാനോർത്തിടും.
വേദശാസ്ത്രങ്ങൾ മറഞ്ഞുപോകുന്നേരം
ജാതിനീതിക്കുമിളപ്പം വരും നൃണാം.
ഭേദമില്ലാതെപോം വംശങ്ങളൊക്കെയും
ജ്യോതിഷവിദ്യയുമില്ലാതെയായ് വരും.
ഇങ്ങനെയുള്ള കലിയുഗേ ഭൂമിയി-
ലെങ്ങനെ സൗഖ്യേന വാഴുന്നു മന്നവ?
ഭൂലോകപാലകൻ ധർമ്മിഷ്ഠനെങ്കിലോ
നാലു യുഗത്തിലും നല്ലു കലിയുഗം."

## അവിരോധം കിളിപ്പാട്ട്

അവിരോധം സാമാന്യം നന്നായിട്ടുണ്ട്. ജ്ഞാനപീയൂഷമെന്നും ഇതിനു പേർ കാണുന്നു. ധർമ്മാർത്ഥകാമങ്ങളും കർമ്മമാർഗ്ഗവും ഭക്തിമാർഗ്ഗവും മോക്ഷസിദ്ധിക്കുള്ള ഉപായങ്ങളെന്നു തെളിയിക്കുവാനാണ് കവിയുടെ ശ്രമം.

“ദുർവാസനകളായുള്ള മേഘങ്ങളെ
ച്ഛിന്നാമാക്കും ചണ്ഡമാരുതനാമിതു്,
സൽബുദ്ധിചേരും വിവേകികൾമാനസ-
സത്മത്തിനർക്കനെന്നേ പറഞ്ഞീടാവൂ.
ഇങ്ങനെ ചൊന്നോരവിരോധമാകുമി-
ജ്ഞാനചൂഡാമണിയായോരിതു മുദാ,
കേൾക്കിലും ചൊല്ലിലുമുള്ളിൽ സ്മരിക്കിലു-
മാക്കമുള്ളോരു വിവേകമുണ്ടായ് വരും.
കാട്ടുമിതു മഹാസൽഗുരുനാഥനെ-
ക്കാട്ടും ഗുരുവും പരമസ്വരൂപത്തെ.”

## വൈശാഖമാഹാത്മ്യം കിളിപ്പാട്ട്

വൈശാഖമാഹാത്മ്യം കിളിപ്പാട്ടിന്റെ പ്രണേതാവു, രാമനാമധേയനായ ഒരു വൈഷ്ണവഗുരുവിന്റെ കഥാപ്രവചനത്തിൽ നിന്നാണ് ആ കഥ മനസ്സിലാക്കിയതു് എന്നു പറയുന്നു. അദ്ദേഹം ഗ്രന്ഥാവസാനത്തിൽ തന്നെപ്പറ്റി

“ഹരിനിലയമതിരഭസമണവതിനു സൽകഥ
ഹന്ത! ബിംബാലയേ ജാതനായീടിനേൻ.
ശ്രീരമണചരണയുഗമകമെ കുടിവെച്ചവൻ
ശ്രീരാമനാമാ കവീശ്വരൻ വൈഷ്ണവൻ
അമലമതികരുണയൊടു സതതമരുൾചെയ്തുചെ-
യ്താശു ബോധിപ്പിക്കകാരണമിക്കഥ
അറിവകമെ കുറയുമൊരു വിമലനരബാലർക്കി-
തമ്പോടറിവാൻ ചമച്ചിതു ഭാഷയായ്”

എന്നു പ്രസ്താവിച്ചിരിക്കുന്നു. തനിക്ക് ഒന്നിലധികം ഗുരുനാഥന്മാരുണ്ടായിരുന്നതായി ആരംഭത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

“സൂരിയാമാദിഗുരുഭൂതനാമെൻമാതുലൻ
കാരുണ്യമോടുമനുഗ്രഹിപ്പാൻ വന്ദിക്കുന്നേൻ.
ചൊല്ലെഴുള്ളും ബാലിപ്രതിഷ്ഠേശ്വരാലയേ മേവും
വിഖ്യാതൻ നാരായണനാമപണ്ഡിതശ്രേഷ്ഠൻ
മൽഗുരുവരൻപദം ദേവപാദപോപമ-
മുൾക്കരുന്നിങ്കൽ വിലസീടുവാൻ വന്ദിക്കുന്നേൻ.”

ആദ്യത്തെ ഗുരു അദ്ദേഹത്തിന്റെ അമ്മാവനായിരുന്നു; പിന്നീടാണ് നാരായണപണ്ഡിതന്റെ അന്തേവാസിയായതു്. ബ്രാഹ്മണരുടെ നേർക്കു കവിക്ക് അപാരമായ ഭക്തിയുണ്ടായിരുന്നു.

"സ്നേഹവർത്തികളേറ്റമുണ്ടായാലെത്രശോഭ
മോഹനദീപങ്ങൾക്കു വർദ്ധിക്കുമതുപോലെ
തപസ്സു ചെയ്കമൂലം താപസരാകുമിവർ
ശപിപ്പാനുണ്ടു ശക്തി വരവും കൊടുത്തീടും.
അത്ര മാഹാത്മ്യമുള്ള മേദിനീസുരവംശം
നിത്യവുമനുഗ്രഹിച്ചീടുവാൻ വന്ദിക്കുന്നേൻ.
അതിബാലകനുടെ വചനം കേട്ടാലുള്ളിൽ-
ക്കുതുകമുണ്ടായ്വരും ജനകാദികൾക്കെല്ലാം.
അതിമൂഢതനേടുമെന്മൊഴി കേട്ടാലേവം
മതിമാന്മാർക്കു കുതൂഹലമായ് വരേണമേ,
കർദ്ദമംതന്നിൽക്കിടന്നീടുള്ള രത്നാദികൾ
വിദ്രുതം ശുദ്ധീകരിച്ചെടുക്കുമതുപോലെ."

വൈശാഖമാഹാത്മ്യം മൂലം മുപ്പതു് അധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നു. സ്കാന്ദപുരാണാന്തർഗ്ഗതമാണ് ആ പ്രമേയം. പ്രസ്തുതകൃതി അതിന്റെ വിവർത്തനം തന്നെ. കവി കേകയും കാകളിയും കളകാഞ്ചിയും പ്രയോഗിച്ചിരിക്കുന്നു.

## ഗുരുദക്ഷിണപ്പാന

ഗുരുദക്ഷിണപ്പാന പത്താം ശതകത്തിലെ ഒരു കൃതിയാണ്. കവിയുടെ

"കല്പകാരണ്യവാസേ മഹാമായേ
സുപ്രസന്നേ മഹേശ്വരി നീയെന്റെ
ഉൾപ്പൂവിൽ വിളങ്ങേണം പിരിയാതെ-
യെപ്പോഴുമതിന്നായ് വണങ്ങീടുന്നേൻ"

എന്നുള്ള മങ്ഗളാചരണത്തിൽ നിന്നു കല്പകാരണ്യത്തിലെ ദേവിയുടെ ഭക്തനാണ് അദ്ദേഹം എന്നല്ലാതെ ഈ കാവ്യത്തിന്റെ പ്രണേതൃത്വത്തെപ്പറ്റി മറ്റൊരറിവും ലഭിക്കുന്നില്ല. കല്പകാരണ്യം ഏതെന്നും കണ്ടുപിടിക്കേണ്ടതായിരിക്കുന്നു. കഥ ഭഗവാൻ യമലോകത്തു പോയി സാന്ദീപനിക്കു ശംഖൻ (ശംഖചൂഡൻ) എന്ന അസുരൻ ജലത്തിനുള്ളിൽ വെച്ചു കൊന്ന പുത്രനെ കൊണ്ടുവന്നു ഗുരുദക്ഷിണാരൂപത്തിൽ ദാനം ചെയ്യുന്ന ഭാഗവതാന്തർഗ്ഗതമായ ഇതിവൃത്തം തന്നെയാണ്. ഗുരുദക്ഷിണപ്പാട്ടുകാരനെപ്പോലെ പാനക്കാരൻ മൂലകഥയിൽ വ്യത്യാസമൊന്നും വരുത്തീട്ടില്ല. നരക വർണ്ണനം സവിശേഷം മനോഹരമായിരിക്കുന്നു. ആ ഘട്ടത്തിൽനിന്നു ചില ഈരടികൾ താഴെ ചേർക്കാം.

"മുൾത്തടികൊണ്ടിടിക്കുന്നിതു ചിലർ;
കുത്തിക്കുത്തി വലിക്കുന്നിതു ചിലർ;
തുവ വച്ചങ്ങു തല്ലുന്നിതു ചിലർ;
ചൊവ്വല്ലെന്നു പറയുന്നിതു ചിലർ;
ആരു കയ്യിൽത്തറയ്ക്കുന്നിതു ചിലർ;
കൂരിരുട്ടിൽത്തറയ്ക്കുന്നിതു ചിലർ;
മണൽ കണ്ണിൽ നിറയ്ക്കുന്നിതു ചിലർ;
തുണി ചുറ്റിക്കൊളുത്തുന്നിതു ചിലർ;
കണ്ണിൽസ്സൂചി തറയ്ക്കുന്നിതു ചിലർ;

മണ്ണു വായിൽ നിറയ്ക്കുന്നിതു ചിലർ;
സർപ്പംകൊണ്ടു കടിപ്പിക്കുന്നു ചിലർ;
വീർപ്പടക്കിപ്പിടിക്കുന്നിതു ചിലർ;
മാറിലാണിയടിക്കുന്നിതു ചിലർ;
നൂറു കണ്ണിലെഴുതുന്നിതു ചിലർ;
ഉടൽ വെട്ടിപ്പിളർക്കുന്നിതു ചിലർ;
കൊടിൽ ചുട്ടു പിടിക്കുന്നിതു ചിലർ;
ശൂലത്തിന്മേൽത്തറയ്ക്കുന്നിതു ചിലർ;
കാലു വെട്ടിനുറുക്കുന്നിതു ചിലർ;
കെട്ടി മുള്ളിലിഴയ്ക്കുന്നിതു ചിലർ;
കെട്ടിത്തൂക്കിപ്പുകയ്ക്കുന്നിതു ചിലർ;
ഡുണ്ഡുഭം മെയ്യിൽച്ചാറ്റിക്കുന്നു ചിലർ;
കണ്ണു ചൂഴ്ന്നങ്ങെടുക്കുന്നിതു ചിലർ;
ചെമ്പിലിട്ടു വറുക്കുന്നിതു ചിലർ;
കമ്പുകൊണ്ടങ്ങിളക്കുന്നിതു ചിലർ;
ചോട്ടിൽത്തീയിട്ടെരിക്കുന്നിതു ചിലർ;
ചാട്ട കെട്ടി മറിക്കുന്നിതു ചിലർ;
ഈർച്ചവാളുകൊണ്ടീരുന്നിതു ചിലർ;
മൂർച്ച പോരാഞ്ഞു രാകുന്നിതു ചിലർ;
തീക്കിണറ്റിലിറക്കുന്നിതു ചിലർ;
ചക്കിലിട്ടു തിരിക്കുന്നിതു ചിലർ;
വലുതായുള്ള ദണ്ഡങ്ങളോരോന്നോ
പലതുണ്ടിനിച്ചെയ്യുന്നതും പിന്നെ.”

ഈ പാനയിൽ തരംഗിണീവൃത്തത്തിന്റെ ഘടന കാണുന്നില്ല.

## മുറജപപ്പാന

കൊല്ലം 979-ൽ തിരുവിതാംകൂർ ബാലരാമവർമ്മ മഹാരാജാവിന്റെ വാഴ്ചക്കാലത്തു വേലുത്തമ്പി ദളവയുടെ മേൽനോട്ടത്തിൽ നടന്ന മുറജപത്തെപ്പറ്റി അജ്ഞാതനാമാവായ ഒരു കവി രചിച്ചിട്ടുള്ളതാണ് മുറജപപ്പാന. “കോളംബം നവനൂറൊടെഴുപതിലൊൻപതു ചേർന്ന കാർത്തികതിങ്ങളി” ലാണ് പ്രസ്തുതമഹത്തിന്റെ ആരംഭം എന്നു കവി തന്നെ പറഞ്ഞിരിക്കുന്നു. സദ്യവർണ്ണനത്തിനു പാനവൃത്തം പറ്റിയതാണെന്നു അത്താഴപ്പാന തെളിയിച്ചിട്ടുള്ളതുകൊണ്ടു് ആ വൃത്തത്തിൽ അശനപ്രധാനമായ മുറജപം കവി വർണ്ണിക്കുവാൻ ഒരുമ്പെട്ടു എന്നൂദ്ദേശിക്കാം. മുറജപത്തെപ്പറ്റി ഇദംപ്രഥമമായി ആവിർഭവിച്ച കൃതി ഈ പാനയാണെന്നു തോന്നുന്നു. “പുഷ്ടിയേറുന്ന വെട്ടിക്കവലേശൻ” , “മണ്ണടിക്കാവിൽ വാഴും മഹേശ്വരി” , “മണികണ്ഠേശ്വരം (കൊട്ടാരക്കര) തന്നിൽ വാണിടും ഗണനാഥൻ” “തിരുവാരിയം കാവിൽ മരുവുന്ന ഹരിഹരതനയൻ” എന്നീ ദേവതകളെ കവി വന്ദിക്കുന്നുണ്ട്. കൊട്ടാരക്കര വെട്ടിക്കവലയിൽ ഒരു പോറ്റിയില്ലത്തേക്കാണ് ആരിയങ്കാവിലെ തന്ത്രം. അതുകൊണ്ടു് ആ കുടുംബത്തിലെ അംഗങ്ങളിൽ ആരെങ്കിലുമായിരിക്കാം പ്രസ്തുത കൃതിയുടെ പ്രണേതാവെന്നൂഹിക്കാം. ഒടുവിൽ

“വഞ്ചിഭൂപാലഭാഗ്യാംബുരാശിയി-

ലഞ്ചിതനായ മന്ത്രിപ്രവരനായ്
വെണ്മതിസമനായ ദളവായും
ധർമ്മരാജ്യത്തെപ്പാലിക്കയാൽ സദാ
അംബുജാക്ഷൻ പ്രസാദിച്ചനന്തരം
നന്മ മേന്മേൽ വളർത്തുന്നു നിത്യവും
ചാരുശീലൻ സുധാഗീരുകൊണ്ടുടൻ
പരിതോഷം വളർത്തി നരന്മാർക്കു
അമ്പിനോടു വസിക്ക ചിരകാലം
തമ്പി വേലായുധാഖ്യ! ഭവാൻ മുദാ."

എന്നു വേലുത്തമ്പിയേയും കവി പ്രശംസിച്ചിരിക്കുന്നു.

"കനകപ്രഭയ്ക്കാർത്തി വളർത്തുന്ന
പനസച്ചുള മർദ്ദനം ചെയ്തുടൻ
കനിവോടങ്ങു വച്ച പ്രഥമനും
ദിനംതോറും വിളമ്പുന്നനവധി.
തക്രംകൊണ്ടു കുറുക്കുപുളിശ്ശേരി
വക്രമെന്നിയേ കൊണ്ടുവിളമ്പുന്നു.
മോരു കാച്ചിക്കുറുക്കിയതിൽ നല്ല
ജീരകം പൊടിച്ചിട്ടു മനോഹരം
ആരണൻ കൊണ്ടുവന്നിഹ പന്തിയിൽ
പാരാതേ വിളമ്പീടുന്നു നിത്യവും."

എന്നിവ അത്താഴവർണ്ണനയിൽപ്പെടുന്ന ചില വരികളാണ്. കവിതയ്ക്കു പറയത്തക്ക പ്രൗഢിയൊന്നുമില്ലെങ്കിലും പ്രതിപാദ്യത്തെ കവി യഥാതഥരൂപത്തിൽ വർണ്ണിച്ചിരിക്കുന്നു എന്നൊരു മെച്ചമില്ലായ്കയില്ല.

## സുഭദ്രാഹരണം പാന

കുഞ്ചൻ നമ്പിയാരുടെ പാർവതീ സ്വയംവരത്തോടു കിടനില്ക്കുന്ന ഒരു ഉൽകൃഷ്ട കൃതിയാണ് സുഭദ്രാഹരണം പാന. പാർവ്വതീസ്വയംവരത്തെ കവി ഫലിത വിഷയത്തിലും മറ്റും ധാരാളമായി അനുകരിച്ചിട്ടുണ്ട് ആകെയുള്ള നാലു പാദങ്ങളിൽ ചതുർത്ഥപാദം തരങ്ഗിണീ വൃത്തത്തിൽ നിർമ്മിച്ചിരിക്കുന്നു. ഗ്രന്ഥാരംഭത്തിൽ കവി

ഭൂസുരോത്തമനെന്റെ ഗുരുനാഥൻ
ഭാസുരപ്രീതിഭാരം തരേണമേ"

എന്നു പ്രാർത്ഥിക്കുന്നു. നമ്പിയാരുടെ കൃതികളിലെന്ന പോലെ ഇതിലും നായന്മാരെ സൗകര്യമുള്ള സ്ഥലങ്ങളിലൊക്കെയും കവി പ്രവേശിപ്പിക്കുന്നുണ്ട്.

"നായന്മാരും വൃഷളീജനങ്ങളും
തായം നോക്കിപ്പുറപ്പെട്ടുകൂടിനാർ.
കുട്ടിയെക്കൂടെ കൊണ്ടുപുറപ്പെട്ടാൽ
ഇട്ടിപ്പെണ്ണേ! തരംകെട്ടു നാമെടോ.
ശീലയൊന്നും തരം പോരാഞ്ഞെന്നുടെ
നീലിയമ്മയ്ക്കു പോരാൻ മനസ്സില്ല.

രണ്ടര മുഴം വീതിയതുള്ളൊരു
മുണ്ടു കൊണ്ടുവരുന്നുണ്ടെന്നു ചൊല്ലി
പോയ നായരെക്കണ്ടീല ഞാനെടോ
ഞായറും നേരുമില്ലാത്ത കശ്മലൻ.
കാച്ചമുണ്ടും വെളുത്തേടത്തായെന്റെ
താച്ചൻനായരേ! താൻ ചെന്നു ചോദിക്കൂ"

എന്നും,

"ആരെടാ പുരം പുക്കു തരുണിയെ-
ച്ചോരണംചെയ്തുപോകുന്ന തസ്കര?
നായന്മാരേ! കൊട്ടുപ്പിൻ കൊട്ടുപ്പിനി-
പ്പോയ കള്ളന്റെ പള്ളയ്ക്കു വെട്ടുവിൻ.
കുന്തത്തിന്റെ ചരത്തിലിരുത്തിക്കൊ-
ണ്ടെന്തു വേണ്ടെന്നു ചെന്നങ്ങു ചോദിപ്പിൻ."

എന്നുമുള്ള വരികൾ നോക്കുക. ആദ്യത്തേതു രൈവതകത്തിലെ ഉത്സവവർണ്ണനവും രണ്ടാമത്തേതു ദ്വാരകയിലെ ഭടന്മാരോട് വിപൃഥുവിന്റെ ആജ്ഞയുമാണ്. അർജ്ജുനന്റെ അനുരാഗപാരവശ്യം പ്രപഞ്ചനംചെയ്യുന്ന ഘട്ടത്തിൽനിന്നു ചില വരികൾകൂടി പ്രദർശിപ്പിക്കാം.

"ഇന്ദ്രനന്ദനനദ്രിക്കിലൊക്കവേ
മന്ദമന്ദം നടന്നുതുടങ്ങിനാൻ.
ഉൽപലാക്ഷി പദം വയ്ക്കുകാരണാ-
ലപ്രദേശമവനെത്ര മോഹനം!
കേശപുഷ്പമുതിർന്നു കിടക്കുന്ന
ദേശം നോക്കി നമസ്കരിച്ചീടിനാൻ.
പാദപത്മം പതിഞ്ഞ പരാഗത്തെ-
സ്സാദരം ശിരസ്സിങ്കൽദ്ധരിക്കയും
സിന്ദൂരപ്പൊടി വീണ മണിസ്ഥലേ
സാന്ദ്രമോദം പ്രദക്ഷിണംവയ്ക്കയും
ഏണലോചന വാണൊരു ഭൂതലേ
വീണുരുണ്ടു പിരണ്ടു സുഖിക്കയും."

ഈ വർണ്ണനത്തിന്റെ മാധുര്യം അനുഭവവേദ്യമാണല്ലോ.

## നളചരിതം പാന

നളൻ സ്വയംവരത്തിനു പോകുന്നതു മുതൽ ദമയന്തിയെ പാണിഗ്രഹണം ചെയ്യുന്നതുവരെയുള്ള കഥയാണ് ഈ പാനയിൽ പ്രതിപാദിച്ചിരിക്കുന്നത്. പ്രസ്തുത കൃതിയും നന്നായിട്ടുണ്ട്. രണ്ടു പാദങ്ങളേയുള്ളു. അതിൽ രണ്ടാമത്തെ പാദം തരങ്ഗിണിയിൽ രചിച്ചിരിക്കുന്നു. ഇതു മച്ചാട്ടിളയതിന്റെ കൃതിയാണെന്നു തോന്നുന്നില്ല.

"എന്തു സംശയമെന്നെവരിച്ചീടും
പന്തൊക്കുംമുലയാളാം ദയമന്തി.
അംഗഭംഗി നിനച്ചാലെനിക്കത്രേ

സങ്ഗതിയെന്നൊരുത്തന്റെ കല്പിതം.
വീര്യംകൊണ്ടു നിരൂപിച്ചാലെന്നുടെ
ഭാര്യയായ്‌വരുമെന്നുണ്ടൊരു നൃപൻ,
കീർത്തിയുള്ളോരു നമ്മെ വരിക്കുവാൻ
പാർത്തിരിക്കുമിവളെന്നൊരു നൃപൻ.
തൊപ്പിമദ്ദളക്കാരരിലാഗ്രഹം
സ്വല്പമേറീടുമെന്നങ്ങൊരു നൃപൻ.
വീണക്കാരനെ കണ്ടാലടങ്ങുമോ
മാനിനീമണിയെന്നങ്ങൊരു നൃപൻ.
ജ്യോതിഷക്കാരന്മാരിൽ പ്രധാനി ഞാൻ
കാതരാക്ഷി വരിക്കുമെന്നന്യനും.
വിദ്യ പാർത്താലെനിക്കെന്നു നിശ്ചയം
സന്ത്യജിക്കുമോ നമ്മെ വിദർഭജ?
സങ്ഗീതാദിവിനോദം നിരൂപിച്ചാ-
ലങ്ഗനാമണി നമ്മെ വരിച്ചീടും.”

## ദൂതവാക്യം പാന

ഇതു മേല്പുത്തൂർ ഭട്ടതിരിയുടെ ദൂതവാക്യപ്രബന്ധത്തെ ഉപജീവിച്ചു രചിച്ചിട്ടുള്ള ഒരു പാനയാണ്. ശ്രീകൃഷ്ണൻ പാഞ്ചാലിയെ സമാശ്വസിപ്പിച്ചു ഹസ്തിനപുരത്തേക്കു പോകുന്ന ഭാഗം മുതല്ക്കുള്ള കഥ സംക്ഷേപിച്ചിട്ടുണ്ട്. ഗ്രന്ഥാരംഭത്തിൽ കവി

“ഗുരുനാഥനും വാണിയും നമ്മുടെ
ഗുരുമന്ദിരേ മേവുന്ന കൃഷ്ണനും
പുരുകാനനംതന്നിലമരുന്ന
പുരവൈരിയുമെൻഗണനാഥനും
ഗൗരവത്തോടേ ചേർപ്പിൽ വിളങ്ങുന്ന
ഗൗരീദേവിയും ദക്ഷിണാമൂർത്തിയും
ഭാരതംകൊണ്ടു പാനയായ്‌ച്ചൊല്ലുവാൻ
പാരമിന്നു തുണച്ചരുളേണമേ”

എന്നു പ്രാർത്ഥിച്ചുകാണുന്നതിൽനിന്ന് അദ്ദേഹം പെരുവനത്തിനടുത്തുള്ള ചേർപ്പിൽ താമസിച്ചിരുന്ന ശുകപുരഗ്രാമക്കാരനായ ഒരു നമ്പൂരിയാണെന്ന് ഊഹിക്കാം. താഴെക്കാണുന്ന വരികളിൽ നിന്നു രചനാരീതി മനസ്സിലാക്കാവുന്നതാണ്.

“ഘോഷയാത്രയിൽഗ്ഗന്ധർവരാജാവും
രോഷത്തോടേ ഭവാനെപ്പിടിച്ചങ്ങു
പേഷണം ചെയ്തു ബന്ധിച്ചുകൊണ്ടവർ
ഘോഷത്തോടെ പുറപ്പെട്ടനേരത്ത്
ഏഷണി പറഞ്ഞീടുന്ന കർണ്ണനും
തോഷമെന്നിയേ മണ്ടിത്തിരിച്ചപ്പോൾ
ഭീഷണനായ പാർത്ഥന്റെ വിക്രമം

ഭോഷനായ ഭവാനും മറന്നിതോ?”

## മൂകാമിമാഹാത്മ്യം കിളിപ്പാട്ട്

ഇതു് ആരുടെ കൃതിയെന്നറിയുന്നില്ല. പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലോ പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിലോ ഉത്ഭവിച്ച ഒരു കാവ്യമാണെന്നു തോന്നുന്നു. പ്രഥമപാദം മാത്രമേ കിട്ടീട്ടുള്ളു. മൂകാംബി ക്ഷേത്രമാഹാത്മ്യമാണെന്ന് കവി പറയുന്നു. ഒരിക്കൽ ശ്രീപരമേശ്വരൻ നാരദമഹർഷിക്കു പാർവതീ ദേവിയുടെ പൂജാകല്പം സരഹസ്യം ഉപദേശിക്കുകയും ആ ഉപദേശം മറ്റുള്ളവർക്കു കൊടുക്കരുതെന്നു പ്രത്യേകം ആജ്ഞാപിക്കുകയും ചെയ്തു. നാരദൻ ആ ആജ്ഞ വിസ്മരിച്ചു ദേവന്മാർക്ക് ആ മന്ത്രം ഉപദേശിക്കുകയും മധുപൻ എന്നൊരു ദേവൻ തദനുരോധേന പാർവതിയുടെ പരമ ഭക്തനായിത്തീരുകയും ചെയ്തു. ഭഗവാൻ തന്റെ സമീപത്തു ദേവിയുടെ സാന്നിധ്യം കുറഞ്ഞു കാണുകയും അതിന്റെ കാരണം ദിവ്യദൃഷ്ടി കൊണ്ടു നിരീക്ഷിക്കുകയും ചെയ്തു. അപ്പോൾ ദേവി മധുപനെ ഏതെങ്കിലും ഒരു മനുഷ്യൻ ശാസ്ത്രവാദത്തിൽ ജയിക്കുന്നതു വരെയും ആ ദേവന്റെ പൂജയിൽ സന്നിഹിതയായിരുന്നു കൊള്ളാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നതായി കണ്ടു. തന്നിമിത്തം ശ്രീപരമേശ്വരനു മനുഷ്യാവതാരം കൈക്കൊണ്ടു സ്വർഗ്ഗത്തിൽപോയി മധുപനെ ജയിക്കേണ്ട ആവശ്യം നേരിട്ടു.

“ഭൂലോകത്തിങ്കൽച്ചെന്നു ഞാൻതന്നെ മനുഷ്യനായ്-
ക്കാലം വൈകാതെ പിറന്നവനെജ്ജയിക്കേണം.
പരശുരാമക്ഷേത്രമാകിയ ഭൂമിതന്നിൽ
പെരികെ വൈകീടാതെ പിറക്കവേണമിപ്പോൾ”

എന്ന് അവിടുന്നു നിശ്ചയിച്ചു തന്നെ ഭജിച്ചു കൊണ്ടിരുന്ന ഒരു ബ്രാഹ്മണ വിധവയുടെ പുത്രനായി ജനിച്ചു എന്നാണ് കവി പറയുന്നതു്. ഇതു് അദ്വൈതമതദ്വേഷികളായ ചില വീരമാധ്വന്മാർ ശങ്കരഭഗവൽപാദരെപ്പറ്റി പിൻകാലത്തു കെട്ടിച്ചമച്ചിട്ടുള്ള ഒരു അസത്യകഥയാണെന്നു പറയേണ്ടതില്ലല്ലോ. ജാതനായ ശിശുവിന്റെ രൂപം കണ്ടപ്പോൾ ആ ദിവ്യമങ്ഗള വിഗ്രഹത്തിന്റെ അഭൗമമായ തേജസ്സിനാൽ ആകൃഷ്ടരായി അയൽവാസികൾ ജാതകർമ്മാദി സംസ്കാരങ്ങളിൽ പങ്കുകൊണ്ടു. ബാലൻ ക്രമേണ വളർന്നു സകലശാസ്ത്രപാരങ്ഗതനായി.

“അക്ഷരവിദ്യ വേണമെന്നു ചിന്തിച്ചു മാതാ
ശിക്ഷയിൽപ്പഠിപ്പിപ്പാനയച്ചു കുമാരനെ.
വേദവിദ്യയും വേദാങ്ഗാദിവിദ്യയും വേദാ-
ന്താദിവിദ്യയും പാഠമായിതു കുമാരനും.
ഇതിഹാസവും കാവ്യശാസ്ത്രാദി പുരാണങ്ങൾ
മതിയിലുറച്ചതിദിവ്യനായിതു ബാലൻ
നാനാവർണ്ണത്തിലുള്ള വിദ്യകൾ ബഹുവിധം.
താനേ സംഭവിച്ചിതു നാളുകൾ ചെല്ലുന്തോറും.
ഈരേഴു ലോകങ്ങളിലുള്ള വിദ്യകൾക്കെല്ലാം
സാരനായിരിപ്പോരു ഗുരുവായ്ച്ചമഞ്ഞിതു.
വിദ്യയാ വിദ്വാന്മാരെജ്ജയിപ്പാനായ്ക്കൊണ്ടുട-

നുദ്യോഗത്തോടു പുറപ്പെട്ടിതു ശങ്കരനും.
മലയാളത്തിലുള്ള വിദ്വാന്മാർ തനിക്കാരും
നിലയില്ലെന്നു കണ്ടിട്ടുടനേ പുറപ്പെട്ടു.
പരദേശവും നീളെ നടന്നു ജയിച്ചിതു;
പരമാനന്ദം ചിദംബരംതന്നിലും ചെന്നു
പരമേശ്വരൻതന്നെക്കണ്ടു വന്ദിച്ചുകൂപ്പി.
പരിചോടവിടുന്നു വിദ്വാന്മാർ പലർകൂടി
ശങ്കരാചാര്യനെന്നു നാമവും വിളിച്ചിതു."

എന്ന് ആ ഘട്ടം കവി വർണ്ണിക്കുന്നു. പിന്നീടു ശ്രീ പരശുരാമന്റെ സഹായത്തോടു കൂടി സ്വർഗ്ഗത്തിൽച്ചെന്നു വാദത്തിൽ മധുപനെ ജയിച്ചു തിരയെ ഭൂമിയിലേക്കു വന്നു. അപ്പോൾ ശിവന്റെ അരുളപ്പാടിനാൽ പാർവതീദേവി കൂടി അവരെ പിൻതുടരുകയും മൂകവനത്തിങ്കൽ ദേവി തന്നെ മൂകാസുരനെക്കൊന്ന് അവിടം തന്റെ വാസസ്ഥാനമാക്കുകയും ചെയ്തു.

"ശങ്കരാചാര്യൻ പിന്നെ രാമൻ പോയോരുശേഷം
പന്നഗവിഭൂഷണനുപദേശിച്ചപോലെ
നന്നായിപ്പിഴയാതെ തുടങ്ങീ ദേവീപൂജ
ഇന്നുമവ്വണ്ണംതന്നെ ചെയ്തുപോരുന്നുവല്ലോ"

എന്നു കവി പറയുന്നു.

"മൂകാമിതന്നിൽച്ചെന്നു ദേവിയെപ്പൂജിപ്പോർക്കു
നാകലോകാദികളിൽസ്സുഖമായ് വസിച്ചീടാം."

എന്നും മറ്റുമുള്ള ഫലശ്രുതിയോടുകൂടി പ്രഥമപാദം അവസാനിക്കുന്നു.

## പ്രബോധചന്ദ്രോദയം പാട്ട്

പ്രബോധചന്ദ്രോദയം നാലു വൃത്തമായി രചിച്ചിട്ടുള്ള ഒരു പാട്ടാണ്. പ്രഥമവൃത്തം മഞ്ജരിയിലും ദ്വിതീയവൃത്തം "ഗുണമേറും ഭർത്താവേ" എന്ന മട്ടിലും മൂന്നാമത്തെ വൃത്തം പാനമട്ടിലും നാലാമത്തേത് "ഓമനത്തിങ്കൾക്കിടാവോ" എന്ന പാട്ടും മറ്റും പോലെ താരാട്ടു മട്ടിലും രചിച്ചിരിക്കുന്നു മൂന്നും നാലും വൃത്തങ്ങൾ അത്യന്തം ഹ്രസ്വങ്ങളാണ്, കവിത മോശമെന്നുവേണം പറയുവാൻ.

"ശ്രീശുകപൈതലേ സൽഗുണവാരിധേ!
ശ്രീമൽപരമാർത്ഥബോധരൂപേ!
സ്വപ്രബോധാനന്ദപാനത്തെച്ചെയ്യും നീ
ഇപ്രബോധചന്ദ്രോദയമാകും
മാനസരാജൻ ചരിത്രങ്ങളൊക്കവേ
ആദരവോടു പറഞ്ഞിടേണം"

എന്നു കാവ്യം ആരംഭിക്കുന്നു. ചിദംബരേശ്വരനായ നടരാജൻ. മീനാക്ഷിദേവി, "കേരളനായികയായ്‌വിളങ്ങീടുള്ള രേണുകാദേവി" , പഴനിയിലെ ദണ്ഡായുധപാണി (സുബ്രഹ്മണ്യൻ) , മൂകാംബിദേവി, ശ്രീപത്മനാഭൻ, ശങ്കരാചാര്യർ, "സച്ചിദാനന്ദൻ സദാശിവേന്ദ്രബഹ്മം" , "ജ്ഞാനശിവാചാര്യൻ" , വേദാന്തദേശികൻ ഇവരെയും മറ്റും കവി വന്ദിക്കുന്നു. സദാശിവബ്രഹ്മേന്ദ്രസരസ്വതി ജീവിച്ചിരുന്നതു കൊല്ലം

പത്താം ശതകത്തിന്റെ പൂർവാർദ്ധത്തിലാകയാൽ പ്രസ്തുത കൃതിയുടെ ഉത്ഭവം ആ ശതകത്തിന്റെ ഉത്തരാർദ്ധത്തിനുമുൻപാകുവാൻ നിവൃത്തിയില്ല. പക്ഷേ, പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിലാണെന്നും വരാവുന്നതാണ്. കോട്ടയം കേരള വർമ്മത്തമ്പുരാന്റെ മോക്ഷദായകത്തിലെ ഇതിവൃത്തമാണ് കവി സംഗ്രഹിച്ചിരിക്കുന്നത്.

## കുരിയാറ്റപ്പാട്ട്—ഇതിവൃത്തം

പണ്ടൊരിക്കൽ രണ്ടു കുരിയാറ്റപ്പക്ഷികൾ "ചേവലും പിടയുമായ്" സമുദ്രതീരത്തു താമസിച്ചുവരവേ, പിടക്കുരി രണ്ടു മുട്ടയിടുകയും അലകേറി ആ മുട്ടകൾ വെള്ളത്തിൽ താണുപോകുകയും ചെയ്തു. ഉടൻ ആ പക്ഷികൾ വരുണന്റെ "മുറിപ്പൗരുഷം" ശമിപ്പിക്കുവാൻ തീർച്ചപ്പെടുത്തി അവയാൽ കഴിവുള്ളിടത്തോളം മണൽ ശരീരത്തിൽ പുരട്ടിക്കൊണ്ടു പലകുറി കുളിച്ചു കടൽ കരയാക്കുവാൻ തുടങ്ങി. ക്രമേണ മറ്റു കുരിയാറ്റകൾ മാത്രമല്ല,

> "ഊമന്മാർ കാകന്മാരും കാടകളുറവെള്ളൻ
> കേമന്മാരായ കുത്തിച്ചുടന്മാർ പരുന്തുകൾ"

തുടങ്ങി സകലപക്ഷികളും സമുദ്രത്തിൽ മണൽ വർഷിക്കുവാൻ ആരംഭിച്ചു. അതുകൊണ്ടെല്ലാം വരുണൻ കുലുങ്ങുമോ? ഇല്ലല്ലോ. അനന്തരം തന്റെ വാഹനമായ മയിൽമുഖേന ആ യുദ്ധവാർത്ത ധരിച്ചു സുബ്രഹ്മണ്യനും പിന്നാലെ പാർവതീസമേതനായ ശ്രീപരമേശ്വരനും വിഘ്നേശ്വരനും ഭൂതഗണങ്ങളും ആ സ്ഥലത്തെത്തി; ഹംസാരൂഢനായി ബ്രഹ്മാവും അവിടെ ചെന്നു ചേർന്നു. ഒടുവിൽ വന്നതു ഗരുഡവാഹനനായ ശ്രീനാരായണനായിരുന്നു. ഗരുഡൻ വരുണനുമായി ഒരു ഘോരസമരം തന്നെ നടത്തി. പർവതങ്ങൾ പലതും സമുദ്രത്തിൽ വീണു തുടങ്ങി. "ശങ്കയില്ലിതു കാലം ഊർന്നുപോമംഭോനിധി" എന്ന പതനത്തിൽ എത്തിയപ്പോൾ വരുണൻ ശ്രീനാരായണനെ അഭയം പ്രാപിക്കുകയും സാധുക്കളായ ആ രണ്ടു കുരിയാറ്റകൾക്കും അവയുടെ സന്താനങ്ങളെ തിരിയെ കൊടുക്കുകയും ചെയ്തു. "ഐകമത്യം മഹാബലം" എന്ന തത്വമാണ് ഈ ചെറിയ കിളിപ്പാട്ടു പഠിപ്പിക്കുന്നത്.

### കവിത

കവിതയ്ക്കു ദോഷമില്ല. ഗരുഡന്റെ വിക്രമം കവി വർണ്ണിക്കുന്ന ഭാഗം നോക്കുക.

> "പക്ഷങ്ങളെടുത്തുടനിളക്കും നേരത്തിങ്കൽ-
> ത്തൽക്ഷണം കുലുങ്ങിബ്ഭൂചക്രവും വിറയ്ക്കുന്നു.
> വളർന്ന മഹാമല കിളർന്ന വേരോടെയ-
> ങ്ങടർന്നു പറിഞ്ഞുടനുയർന്നു വായുമാർഗ്ഗേ
> തിരിഞ്ഞു തിരിഞ്ഞുടൻ പറന്നു സമുദ്രത്തിൽ
> മറിഞ്ഞു; ശൈലേന്ദ്രരാൽ നിറഞ്ഞു രത്നാകരം.
> വളർന്നു പൊടിധൂള, മമർന്നു ഭൂമണ്ഡലം
> കിളർന്നു മേൽഭാഗത്തോട്ടുരുമ്മീടുന്നനേരം
> കലങ്ങീടുന്നു സിന്ധു; കുഴങ്ങീടുന്നു ലോകം;
> നടുങ്ങീടുന്നു ജനം; മുടങ്ങി ലോകോത്സവം;
> മുഴങ്ങീ സാധുവാദം; പുഴങ്ങീ ലോകമെല്ലാം;
> കുഴങ്ങിജ്ജലധിയിലമർന്നു ജന്തുക്കളും."

## രാമേശ്വരയാത്ര ഓട്ടംതുള്ളൽ

ഇതിവൃത്തം: രാമേശ്വരയാത്ര ധർമ്മരാജാവു 959-ആണ്ടു നിർവഹിച്ച സേതുസ്നാനത്തെ വിവരിക്കുന്ന ഒരു ഓട്ടൻതുള്ളലാണ്. തിരുവിതാംകൂറിൽനിന്ന് ഇദംപ്രഥമമായി രാമേശ്വരത്തേക്ക് എഴുന്നള്ളിയ മഹാരാജാവ് 786 കന്നി 6-ആംനു മൂപ്പേറ്റ് 838 ചിങ്ങം 10-ആംനു തീപ്പെട്ട വീരരവിവർമ്മകുലശേഖരപ്പെരുമാളാകുന്നു. പിന്നീട്ട് അതിനുള്ള ഭാഗ്യം സിദ്ധിച്ചതു രാമവർമ്മമഹാരാജാവിനാണ്. തിരുമനസ്സിലെ മാതാവായ കാർത്തികതിരുനാൾ പാർവതീറാണി 957 ഇടവം 30-ആംനു നാടുനീങ്ങി. തത്സംബന്ധമായുള്ള തിരുമാസം 958 ഇടവം 23-ആംനു ആഘോഷിക്കപ്പെട്ടു. അതിന്റെ ഒരു അപരാങ്ഗമായിട്ടാണ് മഹാരാജാവു സേതവിൽ സ്നാനംചെയ്തതു്. 959 തുലാം 23-ആംനു യാത്രപുറപ്പെട്ടു. കൂടെ മഹാകവി അശ്വതിതിരുനാൾ കൊച്ചുതമ്പുരാനും ഉണ്ടായിരുന്നു. തുള്ളലിൽ കവി "മന്നവർകുലമണിയുടെ മരുമകനും, കന്ദർപ്പസമാനനും, വന്ദിപ്പോർക്കമരതരുവും, സർവവിദ്യാംബുധിയും, ഭുവനമനോഹരശീലനു" മാണെന്നു വർണ്ണിക്കുന്നു. തിരുവനന്തപുരം മുതൽ രാമേശ്വരം വരെയുള്ള എഴുന്നള്ളത്തും തിരിച്ചെഴുന്നള്ളത്തും സംബന്ധിച്ചുള്ള ആഡംബരപൂർവമായ സജ്ജീകരണങ്ങളും സമഗ്രമായി വിവരിച്ചു കാണുന്നു. ആർക്കാട്ടു നവാബായ മഹമ്മദാലിയുടേയും ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുടേയും സാഹായ്യത്തോടുകൂടിയാണ് മഹാരാജാവ് ആ യാത്ര നിർവ്വഹിച്ചതു്.

### കവി

രാമേശ്വരയാത്രയുടെ പ്രണേതാവ് ഏറ്റുമാനൂർക്കാരനും നയനവികലനും മഹാരാജാവിന്റെ ആശ്രിതനുമായ ഒരു മാരാരായിരുന്നു. പേരെന്തെന്ന് അറിയുന്നില്ല. "നല്ലോർമണിയായോരു കല്യനെൻ താതൻ ഗുരുവുല്ലാസമോടു മറ്റുള്ള ദേശികന്മാരും" അനുഗ്രഹിക്കണമെന്ന് അദ്ദേഹം കാവ്യാരംഭത്തിൽ പ്രാർത്ഥിക്കുന്നു. "തിരുവേറ്റുമാനൂരമരുപോറ്റിതൻപദതാരും മറ്റും ഞാൻ വന്ദിക്കുന്നേൻ" എന്ന വരികളിൽ ഇഷ്ടദേവതയേയും നമസ്കരിക്കുന്നു.

> "താമരനാഭൻതിരുവടിതന്നുടെ
> താമരമലരടി സതതം മാനസ-
> താരതിൽ നിധിയായ്ക്കരുതീടും ശ്രീ-
> രാമമഹാനൃപകുലശേഖരനിഹ
> ഭൂമിസുരർക്കമൃതായ് മരുവീടിന
> സാമദയാംബുധിയായമഹീപതി
> രാമേശ്വരമാകും പരരാജ്യത്തിനു
> രാജേശ്വരനെഴുനള്ളിന വാർത്തകൾ
> ശിഷ്ടന്മാർ ധരണീസുരർ ചൊല്ലി-
> ക്കേട്ടപ്രകാരം പറയുന്നു ഞാൻ"

എന്ന പീഠികയോടുകൂടി കഥ ആരംഭിക്കുന്നു. അദ്ദേഹം സ്മരിക്കുന്ന രാജസേവകന്മാരിൽ ഒരാൾ ദാമോദരൻനമ്പിയാരാണ്; അദ്ദേഹമായിരിക്കും അപ്പക്കഥയുടെ പ്രണേതാവ്.

## കവിതാരീതി

രാമേശ്വരയാത്ര വിഭക്ത്യുജ്ജ്വലമല്ലെങ്കിലും ഭക്തിസുരഭിലമായ ഒരു കൃതിയാണ്. അക്കാലത്തെ തിരുവിതാംകൂർചരിത്രത്തെപ്പറ്റി അമൂല്യങ്ങളായ പല അറിവുകളും നമുക്ക് അതിൽനിന്നു ലഭിക്കുന്നു. ചില ശീലുകൾ ഉദ്ധരിക്കാം.

## ഭടന്മാരുടെ വിനോദങ്ങൾ

എഴുന്നള്ളത്തോടുകൂടി പോയ തിരുവിതാംകൂർ ഭടന്മാരുടെ ചില വിനോദങ്ങളെപ്പറ്റി അറിവാൻ വായനക്കാർക്കു കൗതുകമുണ്ടായിരിക്കും.

“അപ്പോഴങ്ങു പടജ്ജനമെല്ലാം
ശില്പത്തോടു സുഖിച്ചിട്ടങ്ങവർ
തപ്പടി തമ്പേറടികൾ മുഴക്കി-
ക്കൊമ്പൊടു കാളംവിളിഘോഷത്തൊടു-
ടുക്കൊടു നന്തുണി ചന്തിരവളയ-
മിടയ്ക്കിടെ നല്ലൊരു വിരലേറുകളും
കൊട്ടിന വില്ലും പലതരമങ്ങനെ
വട്ടമതായ്ക്കുയ്യിലയൊടു താളം-
കൂട്ടിയടിച്ചു ചെറിച്ചവർ മേന്മേൽ
കൂട്ടംകൂടി മിടുക്കിനൊടങ്ങനെ
മുത്തമിഴിൽച്ചേർത്തഴകൊടു കെട്ടിയ
മുഗ്ദ്ധതരം രാമായണപാട്ടുകൾ
ഭാരതകഥയൊടു സങ്കീർത്തനവും
പാനകളും മാരൻപാട്ടുകളും
പറയൻകഥ ചീതങ്കനമോട്ടനും
പരിചൊടു ചില വഞ്ചിപ്പാട്ടുകളും
ഉലകുടെപെരുമാൾപാട്ടുകൾ മറ്റും
കുലശേഖരവരകീർത്തനപാട്ടും
മത്സരമോടവർ ചൊല്ലിപ്പാടീ-
ട്ടുത്സാഹത്തൊടു പിന്നെപ്പലപല
ഗാഥകൾ തായം ചതുരംഗാദികൾ
പകട പറഞ്ഞും പൊരുതു രസിച്ചും”

കവിക്കു കല്പനാശക്തിയും ഇല്ലെന്നു പറയുവാൻ പാടില്ല. അധോലിഖിതങ്ങളായ ശീലുകൾ പരിശോധിക്കുക.

“മുന്നം രഘുപതി ദശവദനാദിക-
ളുന്നതരാക്ഷസപാളിയെയെല്ലാം
ധന്യൻ തിരുവടി ശരനികരത്താൽ
വെന്നു മഹാലക്ഷ്മിയെയും മീണ്ടു
പൊങ്ങും ഹരിസൈന്യത്തൊടുകൂടി-
പ്പുഷ്പകമായ വിമാനേ കേറി.
അക്കാലത്താ ത്രിഭുവനദൈവമ-
യോധ്യയ്ക്കായെഴുനള്ളിയപോലെ,
തിരുവഞ്ചീശ്വരനിപ്പോളിങ്ങനെ

ദുരിതമതായൊരു രാക്ഷസപാളിയെ
ഉരുതരതീർത്ഥസ്നാനശരത്താൽ
വിരവൊടു സംഹാരത്തെ വരുത്തി
മുക്തിയതാകും ശ്രീമഹാലക്ഷ്മിയെ
മുഗ്ദ്ധതരത്തിൽ വരിച്ചുംകൊണ്ടു
നിർമ്മലകീർത്തിയതാം സൈന്യത്തൊടു
ധർമ്മമതായ വിമാനേ കേറി
ഇക്കാലത്തിന്നരകുലദൈവത-
മിതമൊടുതിരുവേണാട്ടുകരയ്ക്കായ്
. . . . . . . . . . . . . . . . . .
പെരിയൊരു ചതുരംഗപ്പടനടുവേ
പരിചൊടെഴുന്നള്ളത്തു തുടങ്ങി,"

ഈ വിഷയത്തെപ്പറ്റി നാഞ്ചനാട്ടുതമിഴിൽ സാമാന്യം വിസ്തൃതമായ ഒരു വില്ലടിച്ചാൻപാട്ടും കിട്ടീട്ടുണ്ട്.

## അപ്പക്കഥ

സ്രഗ്ദ്ധരാവൃത്തത്തിൽ ഇരുപത്തൊന്നു ശ്ലോകങ്ങളെക്കൊണ്ടു നിർമ്മിച്ചിട്ടുള്ള അപ്പക്കഥ എന്ന ചെറിയ മണിപ്രവാളകൃതിയുടെ പ്രണേതാവു് ഒരു ദാമോദരൻനമ്പിയാരാണെന്നതിന് അതിൽത്തന്നെ രേഖയുണ്ട്. അദ്ദേഹം കലക്കത്തു കുടുംബത്തിലെ ഒരങ്ഗമായിരിക്കാം. ധർമ്മരാജാവോടു കൂടി രാമേശ്വരത്തേക്കു പോയതു് അദ്ദേഹമായിരിക്കാൻ ഇടയുണ്ടെന്നും ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു.

## ഇതിവൃത്തം

പണ്ടു് ഒരു ബ്രാഹ്മണൻ തന്റെ പുത്രനോടുകൂടി ഒരു സ്ഥലത്തു താമസിക്കുമ്പോൾ അച്ഛൻ ശ്രാദ്ധമൂണു കഴിഞ്ഞു കൊണ്ടുവന്ന അപ്പം മകൻ മുറ്റത്തു നട്ടു. അടുത്ത ദിവസം അതു മുളച്ചില്ലെങ്കിൽ താൻ അച്ഛന്റെ "കൊങ്ങണം കത്തികൊണ്ടു് അതിനെ അറുത്തുകളയു" മെന്നു ഭയപ്പെടുത്തുകയാൽ അതു മുളയ്ക്കുകയും ക്രമേണ ഒരു വൃക്ഷമായി വളരുകയും ചെയ്തു. അതിൽ കായ്ക്കുന്ന അപ്പങ്ങൾ ഉണ്ണിയും തിന്നുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരു രാക്ഷസി ആ സ്ഥലത്തുചെന്നു് ഉണ്ണിയെ ഭക്ഷിക്കണമെന്നു കരുതി അയാളെ ചതിച്ചു തന്റെ ഗൃഹത്തിലേക്കു കൊണ്ടുപോകുകയും ഉണ്ണി ബുദ്ധിസാമർത്ഥ്യം കൊണ്ടു് അവിടെനിന്നു് രക്ഷപ്പെടുകയും ചെയ്തു. വീണ്ടും രാക്ഷസി അയാളെ പിടിച്ചുകൊണ്ടുപോയി. ആ അവസരത്തിൽ ഉണ്ണി അവളുടെ മകളായ കുട്ടിപ്പെണ്ണിനെക്കൊല്ലുകയും തള്ളയെ കിണറ്റിൽ ചാടിച്ചു് അതു കല്ലിട്ടടയ്ക്കുകയും ചെയ്തു. തിരിയെ അപ്പമരത്തിൽ കേറി അപ്പവും ഭക്ഷിച്ചു സുഖമായിരുന്നു. അതാണു് അപ്പക്കഥയിലെ പ്രതിപാദ്യം. ഇതു് "കേൾക്കിലും ചൊല്കിലും താൻ ക്ലേശം തീരും ജനാനാം നിശി പുനരുടനേ നിദ്രയും വന്നുചേരും" എന്നു കവി പറയുന്നു. ഈ കൃതിയിൽനിന്നു രണ്ടു ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു.

"ഒന്നും കേട്ടീലതിന്നുത്തരമധികരുഷാ
പാകശാലാമകംപു-
ക്കൊന്നും മിണ്ടാതെ മാറാപ്പവളുടനെയഴി-
ച്ചൊന്നു നന്നായ്ക്കുടഞ്ഞു;

അന്നേരം ചണ്ടിയത്രേ സലിലമൊടു പതി-
ക്കുന്നു; കിണ്ടം പിണഞ്ഞൂ
കള്ളൻ നമ്മെച്ചതിച്ചു; ശിവശിവയെളുത-
ല്ലിക്കുമാരൻ സമർത്ഥൻ.

ഇക്കള്ളൻ തന്റെ കണ്ണും നൊടിയിടയിലറു-
ത്താശു രക്തം കുടിക്കാ-
തിക്കാളിപ്പെണ്ണടങ്ങാ ദൃഢമിതിയലറി-
ക്കൊണ്ടു പല്ലും കടിച്ച്
രക്ഷോനാരീ വിരൂപാ ഖരഭഗിനി പുരാ
രാമനോടെന്നപോലെ
ശ്ശീഘ്രം ഗത്വാ കുമാരൻ മരുവിന തരുവിൻ-
കീഴിരുന്നാളിരന്നാൾ"

## വെടിക്കമ്പവിധി

വെടിക്കമ്പവിധി എന്ന ഗ്രന്ഥത്തിൽ മാതങ്ഗലീലാദിഗ്രന്ഥങ്ങളിലെന്നപോലെ "ശ്രീ മങ്ഗ്ലാസ്പദസദാശ്രയനീലകണ്ഠം" എന്ന വന്ദനശ്ലോകം കാണുന്നുണ്ട്; എങ്കിലും അതു തിരുമംഗലത്തു നീലകണ്ഠൻ മൂത്തതിന്റെ കൃതിയാണെന്ന് എനിക്കു ബോധ്യമാകുന്നില്ല. വെടിക്കമ്പവിധി എഴുതിയ പണ്ഡിതൻ അതു സ്വകൃതിയുടേയും വന്ദനശ്ലോകമാക്കി എന്നേ കരുതേണ്ടതുള്ളു. കവനശൈലികൾക്കു തമ്മിൽ അത്രവളരെ വ്യത്യാസം കാണുന്ന എന്നുള്ളതു് ആ ഊഹത്തിനുള്ള പല കാരണങ്ങളിൽ ഒന്നാണ്. പ്രസ്തുത ഗ്രന്ഥം ആമൂലാഗ്രം സംസ്കൃതവൃത്തങ്ങളിലുള്ള ശ്ലോകങ്ങളെക്കൊണ്ടു നിബന്ധിച്ചിരിക്കുന്നു.

"വെൺചാമരച്ചെറിയ പൂവിനു ഗന്ധകത്താ-
ലൊന്നേഴുകൊൾക ലവണം കരിയുപ്പിലർദ്ധം
നാലാം മണൽത്തരിയൊടൊക്കുമുരുക്കു ചൂർണ്ണം
ചേർപ്പൂ മുളംകുഴലിനുള്ളിൽ നിലാവുപോലെ.

കോഴിമുട്ടയിലെഴുന്ന പൂവിന-
ങ്ങുപ്പു പത്തു കരി മൂന്നുപോൽപ്പലം
മൂന്നു ഗന്ധകമുരുക്കുചൂർണ്ണവും
മൂന്നുകൊണ്ടതിലമർത്തു യോജയേൽ."

## വ്യവഹാരമാല പദ്യം

മഴമങ്ഗലത്തിന്റെ വ്യവഹാരമാലയെ അനുകരിച്ചു ഭാഷയിൽ കേരളത്തിലെ വസ്തുനുഭവക്രമത്തെപ്പറ്റിയും മറ്റും ആരോ രചിച്ചിട്ടുള്ള ഒരു കൃതിയാണിതു്. ഈ ഭാഷാവ്യവഹാരമാല മറ്റൊരാൾ തമിഴിലും തർജ്ജമചെയ്തിരിക്കുന്നു. തമിഴ്വ്യാഖ്യാനം 985-ൽ എഴുതിയതിനു രേഖയുണ്ട്. അതിനു മുമ്പായിരിക്കണമല്ലോ മൂലത്തിന്റെ ആവിർഭാവം. അതിലെ ഭാഷയ്ക്കു പത്താം ശതകത്തോളമേ പഴക്കം തോന്നുന്നുള്ളു. പല വൃത്തങ്ങളിൽ പദ്യങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും അനുഷ്ടുപ്പൊഴിയെ മറ്റു വൃത്ത

ങ്ങൾ കൊണ്ടു കൈകാര്യം ചെയ്യുവാൻ ഗ്രന്ഥകാരൻ അപ്രഗല്ഭനാണെന്നു വ്യക്തമാകുന്നു. ഗ്രന്ഥം ഇങ്ങിനെ ആരംഭിക്കുന്നു.

"ഗണനാഥനെ വന്ദിച്ചു വാണിമാതാവുതന്നെയും
വ്യവഹാരം സമുദ്ദിശ്യ ഭാഷാരൂപേണ കഥ്യതേ.

ഋണദാനം തുടങ്ങീട്ടു പതിനെട്ടുവിധം പുരാ
വ്യവഹാരപദം പ്രോക്തം നാരദാദിമുനീശ്വരൈഃ,

ധർമ്മാധർമ്മങ്ങളും കാലം ദേശവും ജാതികർമ്മവും
രാജബ്രാഹ്മണവാക്യത്താൽ ഗ്രഹിക്കേണം വിശേഷതഃ.
ബ്രാഹ്മണപ്രവരന്മാരാം സഭാസത്തിലൊരുത്തമൻ
വിവാദേന വിളിച്ചേവം ചോദിക്കേണം നൃപാജ്ഞയാ.

ചിന്തിച്ച കാര്യമെന്തെന്നുമെന്തുതൊട്ടു വിവാദവും
അന്തർഗ്ഗതങ്ങളെല്ലാമേ ഹന്ത! സത്യേന ചൊല്ലുവിൻ.

വൃത്താന്തമറിയിക്കുമ്പോൾ വാക്കിന്റെ സ്ഥിതിഭേദവം
സ്ഥിതിയും ഭാവവും തദ്വൽ ദൃഷ്ടിചേഷ്ടയുമോർക്കണം.

സത്യമായ വചസ്സെങ്കിൽ യുക്തിചേർന്നു യഥാക്രമം
മുഖപ്രസാദവും കാണാം പ്രകൃതിസ്ഥിതിയും തഥാ.

സത്യം കൈവിട്ട വാക്കെന്നു ചിത്തേ ബോധിച്ചുകൊള്ളുവാൻ
ശിരസ്സിൽച്ചൊറിയും പിന്നെ സ്വരത്തിൽഭേദമായ്വരും;

നിടിലത്തിൽ വിയർത്തീടും നെടുവീർപ്പുളവായ്വരും;
കായമാത്രം വിറച്ചീടും വായിൽ തീരു വറണ്ടുപോം;

സ്ഥിതിക്കിളക്കം മാറീടാ വാടീടും മുഖശോഭയും;
അധരത്തെബ്ഭുജിച്ചീടുമധോദൃഷ്ടികളായ്വരും;

ഇടനെഞ്ഞു വിറച്ചിട്ടങ്ങിടറീടുന്ന വാക്യവും;
സ്വല്പനേരം പറഞ്ഞിട്ടു നിർജ്ജനേ ചെന്നുനില്ക്കയും,

പൃച്ഛകന്മാർ വിളിക്കുമ്പോൾ ക്രുദ്ധഭാവം നടിക്കയും,
മധ്യേ മധ്യേ വരും പിന്നെസ്സത്വരം നീങ്ങിനില്ക്കയും,

ഇത്ഥം പ്രകൃതി കൈവിട്ടങ്ങപ്പോൾ വികൃതിയും തഥാ."

സംസ്കൃതത്തിലുള്ള വിവാദനിയമങ്ങൾ സംഗ്രഹിച്ചു ഭാഷയിൽ പ്രതിപാദിക്കുന്നതായി ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

"ഗീർവാണഭാഷയിൽശ്ശാസ്ത്രം സംഗ്രഹിച്ചു പറഞ്ഞവ

ചുരുക്കിബ്ഭാഷയാക്കീട്ടു ചൊല്ലുന്നേൻ ഭേദമില്ല കേൾ.

ശബ്ദാർത്ഥതത്വവിജ്ഞാനമില്ലാത്ത ജനമൊക്കവേ
ഭാഷയാമിതിനെത്തന്നെ വിശ്വസിച്ചു നടക്കണം."

മഴമങ്ഗലത്തിന്റെ വ്യവഹാരമാലയിൽ കേരളത്തിലെ വസ്ത്വനുഭവക്രമങ്ങളെ സ്പർശിച്ചിട്ടില്ല.

വ്യവഹാരമാല ഗദ്യത്തെപ്പറ്റി അടുത്ത അധ്യായത്തിൽ പ്രസ്താവിക്കും.

# 41

# പലവകപ്പാട്ടുകളും ഗദ്യകൃതികളും

(ക്രി. പി. പതിനെട്ടാം ശതകം, ഉത്തരാർദ്ധം തുടർച്ച)

## വാനോർനദീനിലയകീർത്തനം

ഹരിനാമകീർത്തനത്തിന്റെ രീതി പിടിച്ച പില്ക്കാലങ്ങളിൽ ചിലർ ചില പാട്ടുകൾ രചിച്ചിട്ടുണ്ട്. അവയിൽ രണ്ടു പാട്ടുകളെപ്പറ്റി മാത്രം ഇവിടെ പ്രസ്താവിക്കാം. ഒന്ന് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിയെപ്പറ്റിയുള്ള ഒരു സ്തോത്രമാണ്. ആകെ അൻപത്തി മൂന്നു ശീലുകളുണ്ട്. എല്ലാം "ജയ" എന്ന പദത്തിൽ അവസാനിക്കുന്നു. ചില ശീലുകൾ എടുത്തു കാണിക്കാം.

"ശ്രീവാസുദേവ യദുവംശാവതംസ സുര-
വിദ്വേഷിഗർവഹര നന്ദാത്മജാത ജയ;
ദേവേശ ശർവനത വാനോർനദീനിലയ
കല്യാണരംഗനട കാരുണ്യഗാത്ര ജയ.

വൻപേറുമിജ്ജനനദേഹാത്യയാംബുനിധി-
സന്താപവൻതിരകൾ വേർമായുമാറുലകിൽ
നിൻപാദപത്മയുഗമെപ്പോഴുമെൻമനസി
കാണായ്‌വരേണമരവിന്ദാക്ഷ കൃഷ്ണ ജയ.

വാർതേടുമിബ്ഭുവനമോർത്തോളമെത്രയുമ-
സാരം വിനശ്വരമനന്താതുലാർത്തികരം
ചേതോഹരം വിമലമൻപോടു മേനി തവ
കാണാകണം വരദ നിത്യം രമേശ ജയ.
. . . . . . . . . . . . . . . . . .
ഹേമപ്രസ്തനശിഖിപിഞ്ഛരങ്ങളും ശിരസി
ഫാലേ നിറം കലരുമക്കങ്കുമദ്യുതിയും
ആമോഹമൻപിനൊടു ലോകേഷു ചേർത്തകുനു-
ചില്ലീസുസൂചിതപരാനുഗ്രഹോദയവും

ആലോലശോണതരനേത്രദ്വയേ വിപുല-
കാരുണ്യവാരിധിമഹാവീചിമാലകളും
ആലാപഭംഗികളുമല്പസ്മിതം ഗളത-
ലാകല്പമംഗദഘടാകങ്കണാദികളും

ഓമൽക്കരാംഗുലികളും മോതിരങ്ങൾ മണി-
കാഞ്ചീകലാപമണിപൊന്നിൻചിലമ്പുകളും
സീമാവിഹീനപദതാർ മോതിരങ്ങൾ നഖ-
ജാലങ്ങളും വിതര കാണ്മാൻ ഹൃദേഡ്യ മമ."

ഈ കവിതയ്ക്കു വലിയ ഗുണമൊന്നുമില്ല. "ആപീനദീർഘഭുജ പത്മേ നിറന്ന" എന്ന വരിയിൽ 'നിറന്ന' എന്ന പദവും മറ്റും കാണുന്നതുകൊണ്ടു പത്താം ശതകത്തിനു പിന്നീടല്ല ഇതിന്റെ നിർമ്മിതി എന്ന് അനുമാനിക്കാം.

## ഗുരുനാമകീർത്തനം

അടുത്തതായി പറയാൻപോകുന്ന ഗുരുനാമകീർത്തനത്തിന്റെ സാരസ്യം ഇതിലും പതുങ്ങലിലാണ്. "മാതൃപിതൃവാരും" എന്നും മറ്റും അതിൽ തട്ടിമൂളിച്ചു കാണുന്നു. അതിന്റെ പ്രണേതാവ് ഒരു നമ്പൂരിയാണെന്ന് ഋഗ്യജുസ്സാമാദികളെപ്പറ്റിയുള്ള പ്രസ്താവനയിൽനിന്നു വെളിവാകുന്നു. ഹരിയെപ്പോലെതന്നെ ഗുരുവിനെ വന്ദിക്കുവാൻ കവി ആവശ്യപ്പെടുന്നു. 'ഹരിഃ' മുതൽ 'ക്ഷ' വരെയുള്ള അക്ഷരങ്ങളിൽ അനുക്രമമായി ശീലുകൾ ആരംഭിച്ചിട്ടുണ്ട്. ഓരോന്നും "ഗോവിന്ദ രാമ ജയ" എന്ന വസാനിക്കുന്നു. ഹരിനാമകീർത്തനം കണ്ടാണ് അദ്ദേഹം ഗുരുനാമകീർത്തനം രചിച്ചതെന്നുള്ളതിനു ഗ്രന്ഥത്തിൽത്തന്നെ തെളിവുണ്ട്.

"ണന്തം കലർന്ന ഹരിനാമത്തിനൊക്കുമിഹ
ചന്തം വളർന്ന ഗുരുനാമം ജപിക്കിലിഹ"

എന്നും

"ഹരിനാമകീർത്തനവും ഗുരുനാമകീർത്തനവു-
മൊരുപോലെ ഭക്തിപദമനിശം സ്തുതിപ്പവനു
കരുതുന്നതെന്തു ഫലമനുഭൂതദത്തമിഹ
കരുണാകരായ നമ ഗോവിന്ദ രാമ ജയ"

എന്നുമുള്ള ഭാഗങ്ങൾ നോക്കുക.

ചില പാട്ടുകൾ ചുവടേ പകർത്തുന്നു.

"ഹരിയെന്നൊരക്ഷരമതരികേ വിളിച്ചു ബത
പരിചോടു ശിക്ഷയിലിതരുളീടുമെൻഗുരുവെ
ഹരിയെന്നുറച്ചു പുനരനിശം നമിപ്പതിനു
കരളിങ്കലാക മമ ഗോവിന്ദ രാമ ജയ"

"ഈശൻ വെറുക്കിലതുമേലങ്ങൊഴിക്കുമിഹ
ക്ലേശാതെ ദേശികനതാചാരമിന്നു ഭുവി
നാശങ്ങളാശു ഗുരു കോപിക്കിൽ വന്നടിയു-

മീശൻ തടാ സപദി ഗോവിന്ദ രാമ ജയ”

അങ്കം പൊരുന്ന ജനവും കാലനും ഗുരുവ-
രൻകാരണം പരവശം തൽകൃതാന്തഭട-
സംഘങ്ങൾ ശങ്കരനൊടെന്തോന്നു ചെയ്‌വരവർ
ശങ്കിച്ചു വാങ്ങുമിഹ ഗോവിന്ദ രാമ ജയ” .

ഈ കീർത്തനവും പത്താം ശതകത്തിൽ ഉത്ഭവിച്ചതാണെന്നു തോന്നുന്നു.

## ദശമം സങ്കീർത്തനം (എട്ടുവൃത്തം)

പാണ്ഡവശങ്കരം മുതലായ ചില സങ്കീർത്തനങ്ങളെപ്പറ്റി 31-ആമധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാമായണം ഇരുപത്തിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം ഇവയുടെ സ്വരൂപവുംമറ്റും വായനക്കാർ ധരിച്ചുകഴിഞ്ഞു. ആ പ്രസ്ഥാനത്തിൽ രചിച്ചിട്ടുള്ള മറ്റൊരു സങ്കീർത്തനമാണ് ദശമം എട്ടുവൃത്തം. ഓരോ വൃത്തത്തിലും ധാരാളം പാട്ടുകളുണ്ട്. ദശമസ്കന്ധത്തിലെ ഇതിവൃത്തം മുഴുവൻ അജ്ഞാതനാമാവായ ഒരു കവി സംക്ഷേപിച്ചിരിക്കുന്നു. കാലമേതെന്നു നിർണ്ണയിക്കാൻ പ്രയാസമുണ്ട്. 10-ആംശതകമാണെന്നു ഊഹിക്കാം. രണ്ടു മൂന്നു ഭാഗങ്ങൾ പ്രദർശിപ്പിച്ചുകൊള്ളട്ടെ.

“അവനിയിൽ വസുദേവാത്മജനായ്‌വ-
ന്നവതാരംചെയ്തരുളിന ഭഗവാൻ
അവയവ ലീലകൾ തടവിയതെല്ലാ
മിത പുകഴുന്നേൻ നാരായണജയ.

അവനീമാതൊരു പശുവായംബുജ-
ഭവനെക്കണ്ടു കരഞ്ഞു പറഞ്ഞാൾ
അവശത തങ്കലിയന്നവയെല്ലാ-
മവനതവദനാ നാരായണജയ.” (പ്രഥമവൃത്തം)

“ജനകനും ഗോപജനങ്ങളും വന്ന-
ങ്ങണഞ്ഞുനിന്നവർ കരയുമ്പോൾ
പിണക്കം കാണായ്‌ മുകുന്ദനും കൃഷ്ണ-
ഫണധരൻതാനും ഹരി നമോ.
. . . . . . . . .
തലകളായിരം ചതഞ്ഞു കാളിയൻ
വളരെച്ചോരകാർന്നവശനായ്
തളർന്നുവീണപ്പോൾ സ്തുതിച്ചു പത്നികൾ
നളിനനാഭനെ ഹരി നമോ.” (തൃതീയവൃത്തം)

“പരൻപൂരുഷോക്തേന യോഗേനപാർത്ഥൻ
പരിത്യജ്യ ദേഹം വിശുദ്ധാന്തരാത്മാ
പരബ്രഹ്മരൂപസ്യ വിഷ്ണോസ്സ്വരൂപം
പരം പ്രാപ വേഗാന്മുകുന്ദാ! മുരാരേ!

സരോജാസനപ്രാർത്ഥനാം കേട്ടു സാക്ഷാൽ
പരൻ പൂരുഷൻ ഗോപികാപത്യഭാവാൽ
ധരാഭാരവും തീർത്തു പാലാഴിമധ്യേ
പുരം സംപ്രപേദേ മുകുന്ദാ! മുരാരേ!" (അഷ്ടമവൃത്തം)

## കോട്ടൂർ നമ്പിയാർ

ഉത്തരകേരളത്തിൽ ചിറയ്ക്കൽത്താലൂക്കിൽ കരിവള്ളൂർ ദേശത്തു കോട്ടൂർ എന്നൊരു ഭഗവതി ക്ഷേത്രമുണ്ട്. ചിറക്കൽ കോവിലകം വക കോട്ടൂർമഠത്തിനടുത്താണ് 'പള്ളിയറ' എന്നു പറയുന്ന ആ ക്ഷേത്രം. കരിവെള്ളൂർ ക്ഷേത്രത്തിലെ ശ്രീപരമേശ്വരന്റെ പത്നിയായ പാർവതീദേവിയെ അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്നാണ് സങ്കല്പം. അവിടെ കോട്ടൂർ നമ്പിയാർ എന്ന ഒരു വിശിഷ്ടകവി പത്താംശതകത്തിൽ ജീവിച്ചിരുന്നു. പേരെന്തെന്നറിവില്ല. അദ്ദേഹത്തിന്റെ കൃതികളിൽ ഒന്നാണ് സുപ്രസിദ്ധമായ കുചേലകഥ പത്തുവൃത്തം. ആ കൃതിയുടെ ഒരു പ്രതീകത്തിൽ" കോട്ടൂർ നമ്പിയാരുടെ പാട്ടു" എന്നും കോഷട്യപുരനിവാസിന്യൈ അംബികായൈ നമഃ" എന്നുമുള്ള കുറിപ്പുകൾ കാണ്മാനുണ്ട്. കൊല്ലം 622-ൽ ഉദയവർമ്മകോലത്തിരി ആ രാജ കുടുംബത്തിന്റെ കുലദേവതയായ കളരിവാതില്ക്കൽ ഭഗവതിയുടെ അടിയന്തരക്കാരിൽ ഒരു തെയ്യംപാടിക്കു കോട്ടൂരധികാരിയെന്ന സ്ഥാനം നല്കിയതായി കാണുന്നു. ആ കുടുംബത്തിൽ ജനിച്ച ഒരു കവിയാണ് കുചേലകഥയുടെ കർത്താവ്. അദ്ദേഹം കുചേലകഥ കൈകൊട്ടിക്കളിപ്പാട്ടിനു പുറമേ (1) സുഭദ്രാഹരണം കൈകൊട്ടിപ്പാട്ട് (2) നളചരിതം കോല്ക്കളിപ്പാട്ട് എന്നിങ്ങനെ രണ്ടു ഭാഷാഗാനങ്ങൾകൂടി നിർമ്മിച്ചിട്ടുള്ളതായി അറിയുന്നു.

### കുചേലകഥ

കുചേലകഥ സ്വല്പം സംസ്കൃതപ്രധാനമാണെങ്കിലും കൈകൊട്ടിക്കളിപ്പാട്ടുകളുടെ കൂട്ടത്തിൽ അതു് അഭ്യർഹിതമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു. ഒടുവിൽ താഴെക്കാണുന്ന ഫലശ്രുതിശ്ലോകം ഘടിപ്പിച്ചിട്ടുണ്ട്.

"ലീലാമാനുഷദേഹനായ കമലാഭർത്തുഃ കഥാസ്തവ്യഥാ
ബാലസ്ത്രീജനകേളയേ വിരചിതാ ഭാഷാമയീയം മയാ
പാലോല്പം മൊഴിമാരുമന്വദിനം പാടിക്കളിച്ചീടുകിൽ-
ത്താലോലിപ്പതിനാശു പുത്രരുളവാമർത്ഥാദിമങ്ഗല്യവും."

തൃതീയവൃത്തത്തിൽനിന്ന് ഒരു ഭാഗമുദ്ധരിച്ചു കവിതാരീതി കാണിക്കാം. ദ്വാരകാപുരിയുടെ വർണ്ണനമാണ് പ്രമേയം.

"പാലോല്പംമൊഴിമാരാമാലോലനയനമാർ
ചാലവേ പലർകൂടിയൊത്തു ചെമ്മേ
കുന്തളമഴിഞ്ഞുലഞ്ഞന്തരാന്തരാ സുമ-
സഞ്ചയമതിങ്കേന്നു ചിന്തിച്ചിന്തി,
സഞ്ചിതരസഭരചഞ്ചലതരനയ
നാഞ്ചലമങ്ങോടിങ്ങോടോടിയോടി,
നെഞ്ചകമലിയുന്ന കൊഞ്ചലോടിണങ്ങുമ-
പ്പുഞ്ചിരിപ്പൂമലർ തൂകിത്തൂകി,

കേടറ്റ മണിശോഭ കൂടിക്കലർന്ന തങ്ക-
ത്താടങ്കയുഗളങ്ങളാടിയാടി,
തിങ്കളോടനുദിനമങ്കം തുടരും മുഖ-
പങ്കജത്തിങ്കൽ വിയർപ്പേറിയേറി,
ലാളിത്യമാണ്ട ഗളനാളത്തിൽത്താലിമാല
മേളത്തിലിടയിടെ മിന്നിമിന്നി,
തങ്ങളിലിടതിങ്ങിബ്ഭംഗിയിലിളകുന്ന
തുംഗസ്തനങ്ങൾ കാന്തി പൊങ്ങിപ്പൊങ്ങി,
കിഞ്ചന ശിഥിലിതകാഞ്ചനകാഞ്ചീബദ്ധ-
പ്പൂഞ്ചോലയൊരു കയ്യാൽത്താങ്ങിത്താങ്ങി,
മഞ്ജുരണിതമണിമഞ്ജീരശോഭിപാദ-
കഞ്ജതലങ്ങളേറ്റം വാടിവാടി,
ചന്തത്തിലിത്ഥം നിന്നു പന്തുകളടിക്കയും
സന്തോഷവാരിധിയിൽ നീന്തുകയും
ഇങ്ങനെ പലവിധം മംഗലലീലകോലു-
മംഗനാജനങ്ങൾക്കു സംഖ്യയില്ല.”

ഇതിൽ സ്വഭാവോക്തിക്കൊപ്പംതന്നെ,

“പങ്കജകുമുദയോസ്സങ്കോചവികാസങ്ങ-
ളങ്കങ്ങളറിവതിനുണ്ടെങ്കിലും
കിന്തു സംപൂർണ്ണചന്ദ്രൻ സന്തതമുദിക്കയാ-
ലെന്തുപോൽത്തിഥിഭേദം കണ്ടറിവാൻ?”

“തന്നെയും മറന്നവൻ പിന്നെയങ്ങവിടുന്നു
മന്നിടത്തിങ്കൽച്ചാടി പേടിയാതെ
വത്സത്തെക്കണ്ടു ഏറ്റി വാത്സല്യംപൂണ്ട ഗോക്കൾ
തത്സമീപത്തിൽ വേഗാൽച്ചെല്ലുംപോലെ”

എന്നും മറ്റുമുള്ള ഈരടികളിൽ ഇതരാലങ്കാരങ്ങളും കവി മോഹനമായ രീതിയിൽ പ്രയോഗിച്ചിരിക്കുന്നു.

## നളചരിതം

ഈ കൃതിയിൽപ്പെട്ട

“കോലഭൂപൻതന്റെ കാലിണ വന്ദിച്ചു
കോല്ക്കളിപ്പാട്ടായ് കൃതിച്ച നളകഥ
കോലത്തുനാട്ടിന്റെ കേളി പരത്തണം
കോലരൂപംപൂണ്ട കോലവംശേശ്വരി”

എന്നീ വരികൾമാത്രമേ കണ്ടിട്ടുള്ളൂ. സുഭദ്രാഹരണം കിട്ടീട്ടില്ല.

## രുക്മിണീസ്വയംവരം പാട്ട് – ഇതിവൃത്തം

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ പ്രേയസിയായ ഒരു യുവതി ഒരവസരത്തിൽ ഒരു തത്തയേക്കണ്ട് ഇങ്ങനെ ചോദിക്കുന്നു.

"അത്യന്തകൗതുകംപൂണ്ടു പറന്നോരോ
ദിക്കുകൾ തോറും നടന്നു മന്ദം
വൃത്താന്തമൊക്കെയറിഞ്ഞു വഴിപോലെ
ചിത്താനുമോദം വരുന്ന തത്തേ!
തത്രം[1] നിനക്കില്ല പോവതിനെങ്കിലോ
തത്ര കുറഞ്ഞൊന്നു വാണിടേണം.
ശ്രീരാമവർമ്മകുലശേഖരേന്ദ്രനി-
ന്നീരേഴുലകിലും കീർത്തിയോടേ
വൃത്രാരിതന്നോടു തുല്യനായ് വാഴുമെൻ
ഭർത്താവിനെയുണ്ടോ കണ്ടു ചൊൽക.
കണ്ടാലറിഞ്ഞിടാമില്ലൊരു സന്ദേഹം
തണ്ടാർശരനിലും നല്ലോനല്ലോ.
ബാലപ്പനിമതിക്കാലസ്യം നല്കുന്ന
ഫാലപ്രദേശത്തിലുണ്ടോ കണ്ടു
മാലേയപങ്കംകൊണ്ടുള്ള തൊടുകുറി-
ത്തെല്ലിന്റെ ശോഭ വിളങ്ങുന്നതും?
പത്മനാഭൻതന്നെസ്സേവിച്ചു നിന്നാണെ
സത്മത്തിലാശു വരുന്നു നിന്റെ"

എന്നു വാശാനം ചെയ്തു തിരുവനന്തപുരത്തേയ്ക്കു പോയ ഭർത്താവിനെ തിരിയെ വന്നുകാണാത്തതുകൊണ്ടാണ് നായിക പരിഭ്രമിക്കുന്നത്. അതുകേട്ടു തത്ത ആ തിരുമേനിയെ സ്യാനന്തൂരം ക്ഷേത്രത്തിൽവച്ചു കണ്ടതായും, കൂടെ സഹോദരനും (രവിവർമ്മ ഇളയതമ്പുരാൻ) ഉണ്ടായിരുന്നതായും പറഞ്ഞുകേൾപ്പിക്കുന്നു. ആ ക്ഷേത്രത്തിലെ ശീവേലിയും "നാടകശാലയിൽ നാരിമാർ ചേർന്നിട്ടു മോടികൾ" കാട്ടുന്ന രീതിയും മറ്റും വർണ്ണിച്ചതിനു മേൽ "വഞ്ചിമഹീപതിതന്റെ ജനനി" യേയും അവിടെ കണ്ടതായി അറിയിക്കുന്നു. അവിടത്തെ ശ്രീകൃഷ്ണക്ഷേത്രത്തിൽ (ആമ്പാടിയിൽ) തത്ത ഒരു ബ്രാഹ്മണൻ" മല്ലാരിതാനൊരു കല്യാണംചെയ്തു" കഥ പ്രവചനം ചെയ്യുന്നതു കേട്ട് അതു നായികയോടു നിവേദനം ചെയ്യുന്നതായാണ് കവിയുടെ സങ്കല്പം. മഹാരാജാവിന്റെ മാതാവു പരഗതിയെ പ്രാപിച്ചതു 957-ലാകകൊണ്ടു 934- 957 ഈ വർഷങ്ങൾക്കിടയ്ക്കാണ് പ്രസ്തുതകൃതിയുടെ ഉത്ഭവം എന്നു തീർച്ചപ്പെടുത്താം. കവിതയ്ക്കു ഗുണം പോരാ.

## ചന്ദ്രസംഗമം പാട്ട്

ഈ പാട്ടും പത്താം ശതകത്തിലെ കൃതിയെന്നാണ് തോന്നുന്നത്. കവിയെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ.

"ബുദ്ധിമാന്മാരോടു വേണം — നല്ല വൃത്താന്തവും വിചാരിപ്പാൻ.
അല്ലായ്കിലോ കാര്യമെല്ലാ — മങ്ങു വല്ലാതെതന്നെ വരുമേ.
ആറു കർണ്ണങ്ങളിൽക്കേട്ട — മന്ത്രമാരുള്ളു രക്ഷിച്ചുകൊൾവാൻ?
കാമിനിമാരെക്കൊതിച്ചാൽ — പിന്നെക്കാമന്റെ കിങ്കരരാകും.
പ്രാണഭയവുമില്ലാതെ — യൊരു നാണവുമില്ലാതെയാകും.

[1] തത്രം ബദ്ധപ്പാട്.

ബന്ധുവെന്നുള്ളതുമില്ലാ – തെയാം കന്ദർപ്പബാണങ്ങളേറ്റാൽ.
യോഷമാക്കിങ്ങനെയുള്ള – ചിത്തേ ദോഷംവിചാരിക്കയില്ല.
പണ്ഡിതന്മാരായവർക്കും – പണ്ടേയുണ്ടോ വിചാരമുണ്ടാവൂ?
മോഹത്താൽ വല്ലതും ചെയ്താൽ – പിന്നെയാപത്തു വന്നുഭവിക്കും.”

## ഭൂതനാഥോത്ഭവം പാട്ട്

ഇതു മഞ്ജരീവൃത്തത്തിലും മറ്റുമായി “ശാരികപ്പൈതലി”നെക്കൊണ്ടു “മങ്കമാർക്കു വേണ്ടി” കവി പാടിക്കുന്ന ഒരു ചെറിയ പാട്ടാണ്. വിഷ്ണുമായയെന്നും ഈ പാട്ടിനു പേരുണ്ട്. “ഹരി മുന്നം നാരീ വേഷം പൂണ്ട വാർത്തയെല്ലാം” കിളി പറഞ്ഞുകേൾപ്പിക്കുന്നു. “ശൃംഗാരബാല” നായ ശാസ്താവു ജനിച്ചപ്പോൾ ഗംഗാദേവി സ്തന്യപാനം ചെയ്യിച്ചുവത്രേ.

“ചേതോഹരനായ പുത്രനുടേ ജാതകകർമ്മാദികൾ ചെയ്താരപ്പോൾ;
താതമാതാക്കൾ മുനികളും കൂടവേ ഭൂതനാഥനെന്നു പേരുമിട്ടു”
എന്ന് ഒടുവിൽ പറയുന്നു. ചില വരികൾ പകർത്തുന്നു.

“കാമിനിയോടു രമിച്ചു നന്നായ് കാമമാലൊടു കളഞ്ഞിടുവാൻ
സോമനെച്ചൂടുന്ന ദേവൻ തെരുന്നെനെക്കോമളയെച്ചെന്നടുക്കുന്നേരം
പോരാളിവീരനാമിക്ഷുവില്ലൻനാരിതന്നുള്ളിൽ മറഞ്ഞു മെല്ലെ.
നേരേയൊളിയമ്പു കോരിച്ചൊരിയുന്നു കാരണമുണ്ടതിനോർത്തുകണ്ടാൽ.”

കവിതയ്ക്കു വൈശിഷ്ട്യമൊന്നുമില്ല.

## ഭീമൻകഥ

സീതാദുഃഖംപോലെ അജ്ഞാതനാമാവായ ഏതോ ഒരു ഗ്രാമീണകവി നിർമ്മിച്ച ഒരു ചെറിയ പാട്ടാണ് ഭീമൻകഥ. ഹിഡിംബവധവും ബകവധവും ഈ പാട്ടിൽ അടങ്ങിയിട്ടുണ്ട്. അതിനു മുൻപു “ചാതൃപ്പുഴ” എന്നൊരു പുഴ അരക്കില്ലത്തിൽനിന്ന് ഓടിപ്പോയ കുന്തിക്കും മക്കൾക്കും കടക്കേണ്ടതുണ്ടായിരുന്നു. അതു കടത്തിവിടണമെന്നു കടത്തുകാരനോടു കുന്തി താണുകേണപേക്ഷിച്ചിട്ടും കൂലി തരാതെ തോണിയിൽ കേറ്റുകയില്ലെന്നു അയാൾ ശഠിച്ചു. കൂലിക്കു കാശില്ലെങ്കിൽ മക്കളിൽ ഒരാളെയെങ്കിലും തന്നേ കഴിയൂ എന്നു കടത്തുകാരൻ നിർബ്ബന്ധിച്ചപ്പോൾ താൻ അവനോടുകൂടി പൊയ്ക്കൊള്ളാമെന്ന് ഭീമൻ പറഞ്ഞു. മനസ്സില്ലാമനസ്സോടെ അമ്മ അതിന് അനുവാദം നൽകി. ആ ദുഷ്ടനെ ഭീമൻ ഒരു പാഠം പഠിപ്പിക്കുന്ന ഉപാഖ്യാനം കവിയുടെ സ്വന്തമാണ്. അതു സരസമായി പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. കടത്തുകാരൻ തന്റെ വീട്ടിൽ ഭീമനെ കൊണ്ടുചെന്നു ഭാര്യയെ ശുശ്രൂഷിക്കാൻ നിയോഗിച്ചു. അപ്പോൾ ഭീമൻ എന്തു ചെയ്തു എന്നു കവിയുടെ മുഖത്തുനിന്നുതന്നെ നമുക്കു കേൾക്കാം.

“നിത്യം കുളിപ്പതിനുള്ള – വെള്ളം കാച്ചേണമെന്നു പറഞ്ഞു.
ഊറ്റമായുള്ളോരു ചെമ്പു – ഭീമസേനന്റെ പറ്റിൽക്കൊടുത്തു.
ബാലകൻ ചെമ്പങ്ങെടുത്തു – മടപ്പള്ളിമഠമതിൽപ്പുക്കു.
ചെപ്പുക്കുടം രണ്ടെടുത്തു – വെള്ളം കോരിച്ചൊരിഞ്ഞു നിറച്ചു.
അഗ്നിയും കത്തിച്ചുനന്നായ് – വെള്ളം കാഞ്ഞുതിളച്ചുതുടങ്ങി.

'പോരിക വേഗം കുളിപ്പാൻ – വിനനാഴിക[2] തെറ്റരുതൊട്ടും.
പോരാൻ മടിയുണ്ടെന്നാകിൽ-പ്രാണനാഥേ! വിരവിലെടുപ്പൻ'
എന്നു പറഞ്ഞുടൻ ഭീമൻ – വേഗം കാൽകരം കൂട്ടിപ്പിടിച്ച്
മെല്ലെയവിടുന്നെടുത്തു – തിളവെള്ളത്തിലിട്ടു മറിച്ചു.
കാർകുന്തൽ ചുറ്റിപ്പിടിച്ചു – തിളവെള്ളത്തിലിട്ടൊന്നുലച്ചു.
അസ്ഥിയുമൊക്കെ മുറിഞ്ഞു അവൾ മൃത്യുവശഗതയായി.
ചത്തെന്നു കണ്ടോരുനേരം – ഭീമൻ മറ്റൊരു ചെമ്പങ്ങെടുത്തു
ചിത്രത്തിൽവച്ചങ്ങു മൂടി – യോടിച്ചെന്നു കടവിലന്നേരം."

തന്റെ ഭാര്യയ്ക്കു സൗഖ്യംതന്നെയോ എന്നു യജമാനൻ ചോദിച്ചതിന് "ഒരുനാളും ലയമില്ലവർക്ക്" എന്നു ഭീമൻ മറുപടി പറഞ്ഞപ്പോൾ അയാൾ സന്തോഷിച്ചു. തനിക്കുവേണ്ടി ഭീമൻ അന്ന് ഓടം കടത്തണമെന്ന് ആജ്ഞാപിച്ചു. പുഴയുടെ നടുവിൽ കൊണ്ടുചെന്ന് അതിലിരുന്ന കടത്തുകാരനോടുകൂടി ഓടം മുക്കി അയാളെ "കാൽകരം കൂട്ടിപ്പിടിച്ചു – ഭീമനക്കരയ്ക്കങ്ങോട്ടെറിഞ്ഞു" പോലും. ഈ പാട്ട് ഏതോ ഒരുതരം കളിക്കു പാടുന്നതിന് എഴുതീട്ടുള്ളതാണെന്ന് "ഇങ്ങനെ ചൊല്ലിക്കളിക്കു – ന്നോർക്കുമങ്ഗലം വർദ്ധിച്ചുകൂടും" എന്നഫലശ്രുതിയിൽ നിന്ന് അനുമാനിക്കാം.

## പുത്രകാമേഷ്ടിപ്പാട്ട്

അജ്ഞാതനാമാവായ കവി ഈ പാട്ട് ഒരേ വൃത്തത്തിൽ നിർമ്മിച്ചിരിക്കുന്നു. കൈകൊട്ടിക്കളിക്കുവേണ്ടിയാണോ എന്നു സംശയമുണ്ട്. കവിക്കു പാണ്ഡിത്യം പോരെങ്കിലും ജ്യോതിശ്ശാസ്ത്രത്തിൽ ജ്ഞാനമുണ്ടായിരുന്നു എന്നു കാണുന്നു.

"ഉറ്റവർ മറ്റുള്ള മങ്കമാരും ഗർഭമുണ്ടെന്നുമില്ലെന്നും തമ്മിൽ.
ഒട്ടു കറുത്തു മുലക്കണ്ണുകൾ ഗർഭമുണ്ടെന്നുള്ളതു നിർണ്ണയിക്കാം.
അന്നം വെടിയും; നടന്നുകൂടാ; കണ്ണിൽ മിഴികളിരട്ടിച്ചിട്ട്;
മന്ദതയേറും; കരം തളരും; എന്നതിലേതാനുമുണ്ടോ ചൊല്‌വിൻ?
മന്ദിരംതന്നിൽനിന്നന്തിനേരമെങ്ങുംപുറത്തേക്കിറങ്ങിടൊല്ലാ.
വല്ലോരും വല്ലതും ചോദിച്ചെന്നാലില്ലെന്നുമാത്രം പറഞ്ഞീടൊല്ലാ.
ദുഷ്ടരെന്നു നിങ്ങളാരെക്കൊണ്ടുമൊട്ടുമേചൊല്ലിച്ചു കൊള്ളരുത് . . .
പാരാതെ കൗസല്യപെറ്റു മുമ്പേ പാരം വിചിത്രമിതെന്തുചൊല്ലാം.
പക്കം നവമി പുണർതത്തിൻകാൽ കർക്കടകക്കൂറു മേടമാസം
കർക്കടം രാശി പിറന്നു ബാലനർക്കനും മേടത്തിലുച്ചമുണ്ട്;
അർക്കജൻതാനും തുലാത്തിലുണ്ട്; ഉച്ചനായ്ഭൂമിസുതനുമുണ്ട്.
ഉച്ചസ്ഥനായിട്ടു വ്യാഴമുണ്ട്; മകരത്തിൽക്കേസരിയാദിയായ
നല്ല യോഗങ്ങൾ പലതുമുണ്ട്; നാട്ടു പിഴകിപ്പുറത്തുപോയി-
ക്കാട്ടു പുക്കീടുവാനുണ്ടു യോഗം, ദൃഷ്ടിയിൽ ഭൂമിജൻ നില്ക്കകൊണ്ട്
ഉണ്ടാകും നാശങ്ങൾ പതിയാലേ."

[2] വിനനാഴിക എന്ന ശബ്ദം വിനാഴികയ്ക്കു പകരം പ്രാകൃതരീതിയിൽ പ്രയോഗിച്ചിരിക്കുന്നു.

## കുചേലമോക്ഷം പാട്ട്

ഇതു മഞ്ജരീവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു ഭാഷാഗാനമാണ്. പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലായിരിക്കണം ഈ കാവ്യത്തിന്റെ നിർമ്മിതികാലം. കവി ആരെന്നറിയുന്നില്ല. കവിത നന്നായിട്ടുണ്ട്.

"ദാരിദ്ര്യസങ്കടം തീരും വഴിപോലെ
നാരിമാരിക്കഥ പാടിക്കൊണ്ടാൽ
നാരായണൻതന്റെ കാരുണ്യമുണ്ടാകും
നാരിമാരെല്ലാം ഗ്രഹിച്ചിടേണം."

എന്ന് കവി ഒടുവിൽ ഉപദേശിക്കുന്നതിൽനിന്നു സ്ത്രീകൾക്കു പാടുന്നതിനായി എഴുതിയ ഒരു കൃതിയാണിതെന്നു തെളിയുന്നു. ആരംഭത്തിൽ

"തൃക്കൺമുനകൊണ്ടു തൃക്കൺപാർത്തിടേണം
തൃശ്ശിവപേരൂർ വടക്കുന്നാഥ!"

എന്നു കാണുന്ന വന്ദനത്തിൽനിന്നു കവി ആ ദേശക്കാരനാണെന്നും ഊഹിക്കാവുന്നതാണ്. ഈ പാട്ടിനു കേരളത്തിൽ പ്രചുരമായ പ്രചാരമുണ്ട്.

"അന്നന്നു കാണായ്കിലാസ്ഥ കുറഞ്ഞുപോം
മന്നവന്മാർക്കും തരുണിമാർക്കും"

എന്നും മറ്റുമുള്ള സുപ്രസിദ്ധങ്ങളായ വരികൾ ഇതിലുള്ളവയാണ്. കവി ശ്രീകൃഷ്ണചരിതം മണിപ്രവാളത്തെ ഉപജീവിച്ചിട്ടുണ്ട്. ഒരു ഭാഗം ഉദ്ധരിക്കാം.

"അയ്യോ ശുഭേ മമ ഭാര്യേ മനോഹരേ!
കാര്യമെന്നോടു പറഞ്ഞതെല്ലാം.
പാരിൽജ്ജനങ്ങൾക്കു ദാരിദ്ര്യമെന്നതു
പാരിച്ച സങ്കടമെങ്കിലും കേൾ.
അർത്ഥം മുഴുത്താലനർത്ഥങ്ങളുണ്ടാകും
വ്യർത്ഥം ധനമെന്നെനിക്കു പക്ഷം.
ദ്രവ്യത്തിലാഗ്രഹമാകാ നമുക്കെന്നു
ഭവ്യന്മാർ ചൊല്ലി ഗ്രഹിച്ചു പണ്ടേ.
പത്തു പണം കയ്യിലുള്ള പുരുഷനു
ശത്രുക്കളായ് പലരുണ്ടാമല്ലോ.
ഞാനെന്നഹംഭാവമുണ്ടാമതുനേരം
മാനം വളർന്നു ഞെളിഞ്ഞുകൂടും.
അന്നേരമാപത്തനേകം ജനിച്ചീട്ട-
മന്നേരം രാജാവും കോഴ വാങ്ങും
തക്കത്തിൽ വന്നിങ്ങു തസ്കരിച്ചീടുവാൻ
തസ്കരന്മാരും തുനിഞ്ഞുകൂടും.
കാണം മുതലാണ്മകൊണ്ടു പറയുമ്പോൾ
പ്രാണൻ നശിപ്പനെളുപ്പം ബാലേ!
ഇല്ലം നിറച്ചു തലയ്ക്കൽ വച്ചാൽ
അപ്പോഴൊരു കുറ്റമുണ്ടാക്കി മന്നവ-
നെപ്പേരും കുത്തിക്കവർന്നുകൊള്ളും.

കെട്ടിയടിച്ചുപിടിച്ചു പിഴിഞ്ഞീടും
പെട്ടെന്നു നമ്മുടെ നാട്ടുവാഴി
വേണ്ടാ ധനമെന്നെനിക്കിന്നു തോന്നുന്നു
വേണ്ടുംപ്രകാരമിരിക്കാം താനും.
രാഗാദിദോഷങ്ങൾ വേഗം വളർന്നീടും
രോഗാദിദോഷങ്ങളെന്നുവേണ്ടാ.
വൈരം മുഴുത്തീടും നേരും കുറഞ്ഞീടും
ചേരുന്ന കൃത്യങ്ങളസ്തമിക്കും.
ഇത്യാദിദോഷങ്ങളുണ്ടാം ധനികന്നു
സത്യം ദരിദ്രന്നു ദോഷമില്ല.”

## ലക്ഷ്മീപാർവതിസംവാദം പാട്ട്

“മാമലമങ്കയും പൂമാതും തങ്ങളിൽ പ്രേമമില്ലാത്തവരെന്നപോലെ” അന്യോന്യം വിഷ്ണുവിനും ശിവനുമുള്ള കുറ്റങ്ങളെ” ചൊല്ലി രസിച്ചോരു സല്ലാപലീലക” ളെപ്പറ്റി ഒരു പൈങ്കിളി മങ്കമാരോടു അവരുടെ അപേക്ഷയനുസരിച്ചു പറഞ്ഞുകേൾപ്പിക്കുന്നതാണ് ഈ ചെറിയ പാട്ടിലെ വിഷയം. കവിതയ്ക്കു പത്താം ശതകത്തിനുമേൽ പഴക്കമില്ല. ഒരിക്കൽ ശിവനും പാർവതിയും മറ്റു ദേവന്മാരുംകൂടി മഹാവിഷ്ണുവിനോടു ഭൂഭാരശമനത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ പാലാഴിയിൽചെന്നുചേർന്നു. അപ്പോൾ ലക്ഷ്മി പാർവതിയോട്ട് ഇങ്ങനെ നർമ്മസംഭാഷണം ആരംഭിച്ചു.

“ദക്ഷാരിതന്നുടെ ഭക്ഷണമിക്കാലം
ഭിക്ഷയിരന്നിട്ടോ ചൊൽക ബാലേ!”

അതിനു പാർവതി

“മുന്നം മഹാബലിതന്നുടെ യാഗത്തിൽ
ച്ചെന്നിരന്നുണ്ടതേയുണ്ടതുള്ളൂ.”

എന്നു മറുപടിപറഞ്ഞു. ആ ശൈലിയിൽ അവർ തമ്മിൽ വാഗ്വാദം ഇങ്ങനെ തുടർന്നു.

“ഉത്തമേ! നിന്നുടെ ഭർത്താവുതന്നുടെ
നൃത്തങ്ങൾ കാണ്മാൻ കഴിവരുമോ?’
‘വൃന്ദാവനംതന്നിൽച്ചെന്നു കൂത്താടുമ്പോ-
ളെന്നുമേ കാണാമേ സുന്ദരാങ്ഗി.’
‘തിണ്ണം തലമുടിക്കെണ്ണയില്ലാഞ്ഞിട്ടോ
വെണ്ണീറു തേയ്ക്കുന്നു നിൻകണവൻ?’
‘നീലപ്പുരികുഴൽ നീളം പോരാഞ്ഞിട്ടോ
പീലികൾ ചാർത്തുന്നു നിൻകണവൻ?’
. . . . . . . . . . . . . . .
‘പണ്ടെന്റെ കാന്തന്റെ സുന്ദരീവേഷത്തെ-
ക്കണ്ടു ഭ്രമിച്ചില്ലേ നിൻകണവൻ?’
‘എണ്ണുരണ്ടായിരം പെണ്ണുങ്ങൾതന്നുടെ
പിന്നാലേ പോയില്ലേ നിൻകണവൻ?’

‘ആനയെക്കൊന്നതു തോലുപൊളിപ്പാനോ
മാനിനി! നിന്നുടെ പ്രാണനാഥൻ?’
‘വൻപനായുള്ളോരു കുംഭിയെക്കൊന്നതു
കൊമ്പു പറിപ്പാനാണെന്നു കേട്ടു.’
‘ഉത്തമേ! നിന്നുടെ കുറ്റൻ മുതുകാള
ചത്തുപോയോ ഇപ്പോളുണ്ടോ ബാലേ?’
‘കാലികൾ മേയ്ക്കുന്നവനോടു ചോദിച്ചേ
ചൊല്ലാവൂ നിർണ്ണയം സുന്ദരാംഗി!’
‘പ്രാണനാഥന്നൊരു മാനുള്ളതെങ്ങു പോ–
യേണവിലോചനേ! ചത്തുപോയോ?’
‘ബാണവും വില്ലുമായ് മാനിന്റെ പിൻപേ പോയ്
മാനിങ്ങു പോരാഞ്ഞിട്ടെയ്തുകൊന്നു.’
‘ചേലയില്ലാഞ്ഞിട്ടോ ബാലേ! നിൻവല്ലഭൻ
തോലുമുടുത്തു നടന്നീടുന്നു?’
‘ചേലയില്ലെങ്കിലും പെണ്ണുങ്ങൾതന്നുടെ
ചേല കവർന്നതില്ലെൻകണവൻ.’
. . . . . . . . . . . . . . . . . .
‘കണ്ഠം കറുത്തതുകൊണ്ടു സുഭഗത-
യുണ്ടെന്നോ ഭാവം നിൻകാന്തന്നിപ്പോൾ?’
‘കണ്ഠം കറുത്തതുകൊണ്ടുള്ളതു മതി
കണ്ടാലുമൊക്കെക്കറുത്ത മേനി.”

ഒടുവിൽ

“ഭർത്താക്കന്മാരെക്കൊണ്ടീവണ്ണം നാം തമ്മിൽ
വിസ്തരിക്കുന്നതു കഷ്ടമോർത്താൽ.”

എന്നുപറഞ്ഞു രണ്ടു ഭഗവതിമാരും അടങ്ങിയതായി കവി ഉപന്യസിച്ചു തന്റെ പാട്ടു സമാപിപ്പിക്കുന്നു.

## ഭാമാകൃഷ്ണസംവാദം വാതിൽതുറപ്പാട്ട്

പണ്ടു കെട്ടുകല്യാണം ആഘോഷിക്കുന്ന അവസരങ്ങളിൽ വാതിൽ തുറപ്പാട്ടു പാടുക എന്നുള്ളതു് ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായിരുന്നു. ഭർത്താവു രാത്രിയിൽ നേരം താമസിച്ചു ഭാര്യയുടെ ഗൃഹത്തിൽ ചെല്ലുകയും ഭാര്യ ഭർത്താവിനു തന്റെ നേർക്കുള്ള പ്രണയത്തിൽ ശങ്കിച്ചു കലഹോത്സുകയായി ഭർത്താവിനോടു് ആ താമസത്തിന്റെ കാരണം ചോദിക്കുകയും ചെയ്യുന്നതാകുന്നു ഈ ഇനത്തിലുള്ള പാട്ടുകളിലെ വിഷയം. അനവധി പാട്ടുകൾ ഇത്തരത്തിലുണ്ടു്. പത്തുമുപ്പതു കൊല്ലം മുൻപുവരെ ചില ഇടത്തരക്കാരായ കവിതക്കാർ ഇവ നിർമ്മിച്ചിരുന്നു. ഇന്നു കെട്ടു കല്യാണവും പോയി; വാതിൽതുറപ്പാട്ടും പോയി. ഒരു പാട്ടിൽ നിന്നു മാത്രം ചില വരികൾ ഉദ്ധരിക്കാം.

“കാമിനിമാർകുലമൗലിമണേ സത്യ-
ഭാമേയുറങ്ങിടുന്നോ നാഥേ?
യാമിനി പാരം പകർന്നതു കണ്ടീലേ?

താമസമെന്തു ചൊല്ക.
കാമകലാവിധിഭേദങ്ങൾ ചെയ്വതി-
ന്നാമോദമോടു വന്നു.
സാമജഗാമിനി ഭാമിനി വാതിൽ തു-
റക്ക നീ വൈകിടാതെ.”

“കാമകോമളാകാര, കാന്ത, കമലനാഭ!
താമസിച്ചതിൻകാരണം
കാമപാലാനുജ, നീ നേരു പറഞ്ഞല്ലാതെ
വാതിൽ തുറക്കുന്നില്ല ഞാൻ.”
“ധൂർത്തരിൽമുൻപനാം ധാർത്തരാഷ്ട്രനോടു
പാർത്ഥാദികൾക്കായിട്ടു പാതി-
രാജ്യം പകുത്തുകൊടുപ്പാൻ പറഞ്ഞത്രേ
പാർത്തതറിഞ്ഞുകൊൾക.”
. . . . . . . . . . . . . . . . . . . . .
“പാർത്ഥാദികൾക്കു പാതിരാജ്യം പകുപ്പാനർദ്ധ-
രാത്രിയിൽ വേണമെന്നുണ്ടോ?
പാർത്ഥസാരഥേ പരമാർത്ഥം പറഞ്ഞല്ലാതെ
വാതിൽതുറക്കുന്നില്ല ഞാൻ.”

## അഞ്ചടികൾ

സന്മാർഗ്ഗപ്രതിപാദകങ്ങളായ ചില ചെറിയ പാട്ടുകൾക്ക് ‘അഞ്ചടികൾ’ എന്നു പേരുള്ളതായി ഡോക്ടർ ഗുണ്ഡർട്ട് അദ്ദേഹത്തിന്റെ നിഘണ്ടുവിൽ പ്രസ്താവിക്കുന്നു. ആ പേരിലുള്ള ഗാനങ്ങളുടെ ഉൽപത്തി മലബാറിലാണ്. അഞ്ചടി എന്ന ശബ്ദത്തിന്റെ ആഗമത്തെപ്പറ്റി നിഷ്കൃഷ്ടമായി ഒന്നും പറവാൻ തോന്നുന്നില്ല. തമിഴിൽ കുറൾ, ചിന്തു്, അളവു്, നെടിൽ, കുഴിനെടിൽ എന്നിങ്ങനെ അഞ്ചു മാതിരി അടികളുണ്ട്. ആ അടികളിൽ ഏതെങ്കിലും ഒന്നനുസരിച്ച പാട്ടെഴുതിയാൽ അതിന് അഞ്ചടി എന്നു പറഞ്ഞു വന്നു എന്നൂഹിക്കാം. “ചെല്ലൂരമന്നെഴും തമ്പുരാനേ” എന്നും “കാഞ്ഞിരക്കാട്ടമ്പും ശങ്കരരേ” എന്നുമുള്ള വരികൾ അഞ്ചടികളിൽ പെട്ടിട്ടുള്ളവയാണെന്നും, “ഇരതെണ്ടിത്തന്നെ പകലും കഴിഞ്ഞു” എന്ന വരി തിരൂർ അഞ്ചടിയിൽനിന്ന് എടുത്തതാണെന്നും പറഞ്ഞു ഗുണ്ഡർട്ട് അവ നിഘണ്ടുവിൽ ഉദ്ധരിക്കുന്നു. കണ്ണിപ്പറമ്പത്തു് അഞ്ചടി എന്ന പാട്ടിൽനിന്ന് ആ പണ്ഡിതൻ ഏതാനും വരികൾ അദ്ദേഹത്തിന്റെ പാഠമാലയിൽ എടുത്തു ചേർത്തിട്ടുണ്ട്. കണ്ണിപ്പറമ്പു കോഴിക്കോട്ടിന്നടുത്താണ്.

“പലരോടും നിനയാതെയൊരു കാര്യം തുടങ്ങൊല്ല,
പണം മോഹിച്ചോരുത്തനെച്ചതിച്ചീടൊല്ല.
അറിവുള്ള ജനങ്ങളോടെതിർപ്പാനും നിനയ്ക്കൊല്ല.
അരചനെക്കെടുത്തൊന്നും പറഞ്ഞീടൊല്ല.
ഗുരുനാഥനരുൾചെയ്താലെതിർവാക്കു പറകൊല്ല.
മരണമുണ്ടെനിക്കെന്നതൊരിക്കലും മറക്കൊല്ല.
ധനം കണ്ടാലഹംഭാവം നടിച്ചീടൊല്ല.

വ്യസനമെന്നതിനെ മറ്റൊരുത്തർക്കും വരുത്തൊല്ല.
ബഹുലീലാവചനത്തെപ്പറഞ്ഞീടൊല്ല.
അതിർനീക്കി വിളയിപ്പാനൊരുനാളും നിനയ്ക്കൊല്ല.
അഴകങ്ങെപ്പൊഴും മെയ്യിൽ ധരിച്ചീടൊല്ല,
ആരാന്റെ മുതല്ക്കാശ പെരുത്തീടൊല്ല.
ആദിത്യനുദിക്കുമ്പോളുറങ്ങീടൊല്ല.
ആനയെബ്ഭരിപ്പതൊരഴകെന്നു നിനയ്യൊല്ല.
ആചാരമൊരേടത്തും കുറച്ചീടൊല്ല.
മാന്യങ്ങൾ കുറഞ്ഞുള്ള ധനലാഭം കൊതിക്കൊല്ല.
മാതാവിൻമനംനോകപ്പറഞ്ഞീടൊല്ല."

ഇതിലെ ഈരടികളിൽ ആദ്യത്തെ വരിയിൽ ഇരുപത്താറും രണ്ടാമത്തെ വരിയിൽ ഇരുപത്തിരണ്ടും മാത്രകൾ വീതമാണ് കാണേണ്ടതെങ്കിലും ഉദ്ധരിച്ച ഭാഗത്തിൽ രണ്ടു വരികൾ അടുത്തടുത്ത് ഇരുപത്താറു മാത്രകളിലും, വേറെ രണ്ടു വരികൾ ഇരുപത്തിരണ്ടു മാത്രകളിലും ഘടിപ്പിച്ചിരിക്കുന്നതു ലേഖകപ്രമാദമോ കർത്തൃസ്വാതന്ത്ര്യമോ എന്നു പരിച്ഛേദിച്ചു പറവാൻ സാധിക്കുന്നതല്ല. ഈ അഞ്ചടിക്ക് പത്താം ശതകത്തോളമേ പഴക്കമുള്ളു.

വേറേയും ഒരഞ്ചടിയിൽനിന്നു ചില വരികൾ ഗുണ്ഡർട്ട് ആ പാഠമാലയിൽത്തന്നെ ഉദ്ധരിച്ചിരിക്കുന്നു.

ഊക്കരല്ലാത്തവർ തങ്ങളെയൊട്ടുമേ
മൂർഖത്വംകൊണ്ടു നശിപ്പിക്കൊല്ല.
യോഗ്യമല്ലാത്തതവർകൾ ചെയ്യുന്നതും
സൂക്ഷിച്ചടക്കേണം മാനുഷരേ!
ഏതുമറിയാതെ പാപികളോരോന്നേ
ചെയ്തീടും കർമ്മങ്ങളെന്നുവേണ്ടാ
ബോധവാന്മാരതു കണ്ടിട്ടടക്കായ്കിൽ-
പ്പാപമുണ്ടായ്വരും മാനുഷരേ!

കോഴിക്കോട്ടു കല്ലിങ്കൽ എന്ന തീയകുടുംബത്തിലെ കുഞ്ഞിക്കോരുമൂപ്പൻ എന്ന ഒരു കീർത്തിമാന്റെ അപദാനങ്ങളെ വാഴ്ത്തുന്ന ഒരഞ്ചടി 1079-ലെ ഭാഷാപോഷിണി മാസികയിൽ പ്രസിദ്ധീകരിച്ചു കണ്ടിട്ടുണ്ട്. തമിഴിലെ സുപ്രസിദ്ധമായ ആചിരിയവിരുത്തത്തിലാണ് ആ അഞ്ചടി രചിച്ചിരിക്കുന്നത്. പ്രസ്തുത വൃത്തം ഒരു കാലത്തു ഭാഷയിൽ പ്രചുരപ്രചാരമായിരുന്നു എന്നു വായനക്കാർ ധരിച്ചിട്ടുണ്ടല്ലോ. മൂപ്പന്റെ സമാധിസ്ഥലത്തെ വണ്ണാന്മാർ ആ പാട്ടു തോറ്റത്തിന്റെ രീതിയിൽ പാടിവന്നിരുന്നുവത്രേ.

"കറുത്തകണ്ഠന്റെ പൂർവനന്ദനൻ കരിമുണ്ഡൻതാൻ
വിരുദ്ധനായ് നിന്നീടാതെ വിഘ്നങ്ങൾ നീക്കീടേണം.
സരസ്വതി നാവിൽ വാഴ്വാൻ ഗുരുവരൻ തുണചെയ്യേണം
പരക്കെയുള്ളൊരു സൂരിമാർകളും തുണചെയ്യേണം.
ഉരത്തെഴും കുഞ്ഞിക്കോരുമൂപ്പനാം പുലിയേ വാഴ്ത്തു-
ന്നൊരുത്തനിന്നേഴപാദമായിട്ടു കണ്ടവണ്ണം
പൊരുത്തമേറീടുന്നോരു കല്ലിങ്കൽക്കുടികൊള്ളുന്ന
കരുത്തനാം കുഞ്ഞിക്കോരുപ്പുലി തുണചരുൾകയെന്നും."

പുലിയെന്നതു കവിയോ മറ്റാരെങ്കിലുമോ കുഞ്ഞിക്കോരു മൂപ്പന്റെ ശൗര്യത്തെ, ആസ്പദമാക്കി നല്കിട്ടുള്ള ബിരുദമായിരിക്കണം.

## ചില കൈകൊട്ടിക്കളിപ്പാട്ടുകൾ

കൊല്ലം പത്താംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഉണ്ടായിട്ടുള്ള കൈകൊട്ടിക്കളിപ്പാട്ടുകൾക്കു സംഖ്യയില്ല. മച്ചാട്ടിളയതും കോട്ടൂർ നമ്പിയാരും ആ രീതിയിൽ രചിച്ചിട്ടുള്ള പാട്ടുകളെപ്പറ്റി പ്രസ്താവിച്ചുകഴിഞ്ഞു. പറയത്തക്ക വ്യുൽപത്തി ദാർഢ്യമോ വാസനാസമ്പത്തോ ഇല്ലാത്തവർക്കും ലളിതമായ ഭാഷയിൽ എഴുതാവുന്ന ചെറിയ ചെറിയ ഗാനങ്ങളാണല്ലോ ഇവ; അതുകൊണ്ടു മറ്റു യാതൊരു കൃതിയും രചിക്കുവാൻ കഴിയാത്ത പലരും ഈ സുഗമമായ മാർഗ്ഗത്തിൽ സഞ്ചരിച്ചിട്ടുണ്ട്. പ്രണേതാക്കന്മാരുടെ സിദ്ധികളനുസരിച്ച് ഇവയിൽ ഉച്ചനീചത്വങ്ങൾ ഭാവുകന്മാർക്ക് കാണാവുന്നതാണ്. “കാലം പോരാ സകലം പറവാൻ.” എങ്കിലും അവയിൽ ചില കൈകൊട്ടിപ്പാട്ടുകളെക്കുറിച്ച് ഒന്നുരണ്ടു വാക്കുകൾ പറയാം.

## മാർക്കണ്ഡേയപുരാണം (നാലുവൃത്തം)

മാർക്കണ്ഡേയപുരാണം നാലുവൃത്തത്തെ കൈകൊട്ടിപ്പാട്ടെന്നോ പാന എന്നോ വ്യവഹരിക്കേണ്ടതെന്നു നിശ്ചയമില്ല. ഒന്നും മൂന്നും ഭാഗങ്ങൾ പാനമട്ടിലും രണ്ടും നാലും ഭാഗങ്ങൾ ഓട്ടൻതുള്ളൽ മട്ടിലും രചിച്ചിരിക്കുന്നു. കവിത നന്നായിട്ടുണ്ട്.

“അക്കാലത്തതിഘോരനാമന്തക-
നക്കൈ രണ്ടിലും ദണ്ഡും കയറുമായ്
ഉൾക്കോപത്തോടവിടെ വന്നെത്തിനാൻ
ധിക്കരിച്ചു മുനിസുതനെപ്പാര-
മർക്കനന്ദനനായ കൃതാന്തനു-
മുൽക്കമ്പം വരുമാറൊന്നു ചോദിച്ചു. . . . . .
ഈശൻതന്നെക്കൊണ്ടെന്നെ വിരോധിപ്പാ-
നാശയുള്ളിലുറച്ച നിന്റെ കണ്ഠം
പാശംകൊണ്ടു മുറുക്കിയിഴപ്പൻ ഞാൻ
ആശു കൊണ്ടുവാ ബന്ധുവിനെച്ചെന്ന്.
മണ്ണുകൊണ്ടു പിടിച്ച ശിവലിംഗം
തന്നിലർച്ചനചെയ്തിരിക്കുന്നേരം
വണ്ണംകോലും കൃതാന്തനെക്കണ്ടിട്ടു
കണ്ണുമന്ദിച്ചുപോയിതു ബാലന്.
അട്ടഹാസം പൊട്ടുപൊട്ടെക്കേൾക്കയാൽ
പൊട്ടി രണ്ടു ചെവിയും ക്ഷണംകൊണ്ട്
കഷ്ടവാക്കു പലതരം കേൾക്കയാൽ
തട്ടി പാരം ഭയം മുനിപുത്രന്. . . . . .
ഭക്തന്മാരുടെ സങ്കടം കേൾക്കുമ്പോൾ
ചിത്തേ പാരമെരിയുന്നു തമ്പുരാൻ.
ഭക്തനായ മൃകണ്ഡുസുതൻതന്റെ-
യത്തൽ പാർത്തെഴുന്നള്ളിനാൻ വേഗേന.
സാരനായ മുനിസുതൻ തന്നോടു

ദൂരത്തുന്നു വിളിച്ചരുളിച്ചെയ്തു.
ഘോരവേദന പോക്കുക ബാലക!
ചാരത്തുണ്ടു ഞാൻ ബന്ധുവായിട്ടെടോ.
ആരെയും പേടിവേണ്ടാ നിനക്കിന്നു
നേരേ പാലിപ്പാൻ ഞാനുണ്ട്, ഞാനുണ്ട്.
എന്നിവണ്ണമരുൾചെയ്തനേരത്തു
ചെന്നു കാലൻ പിടിപ്പാനടുത്തിതു്."

## വൈശാഖമാഹാത്മ്യം (പതിനൊന്നുവൃത്തം)

നൃഗമഹാരാജാവിന്റെ പുത്രനായ കീർത്തിമാൻ വൈശാഖവ്രതം അനുഷ്ഠിച്ചു എന്നും തന്നിമിത്തം കാലനെ ജയിച്ചു എന്നും മറ്റുമുള്ള പ്രസിദ്ധമായ പുരാണകഥയാണ് ഈ കൈകൊട്ടിപ്പാട്ടിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്.

"അമരപതിവന്ദിതനാകുമെന്റെ
പെരിയനദീവാസനാം ഭൂതനാഥൻ
ദുരിതമകറ്റീടുവാൻ പാദപത്മേ
പരിചിനൊടു ഞാനിതാ കൈതൊഴുന്നേൻ"

എന്ന വന്ദനത്തിൽനിന്നു കവിയുടെ ഇഷ്ടദേവത പേരിയാറ്റിന്റെ തീരത്തിൽ പ്രതിഷ്ഠിതനായ ശാസ്താവാണെന്നു തെളിയുന്നു. ആ ക്ഷേത്രം എവിടെയാണെന്ന് അറിവില്ല.

[കാക്കാത്തി (കുറത്തി)പ്പാട്ടു പോലെ]
"മാധവ ഗോവിന്ദ പാഹി വാസുദേവ ശൗരേ
ഭീതിനാശന മുകുന്ദ കൈവണങ്ങീടുന്നേൻ.
കാലനാകുമെന്നെപ്പരിപാലനം ചെയ്യേണം
നീലനേത്ര നീയൊഴിഞ്ഞൊരാശ്രയം മറ്റില്ല.
മർത്ത്യനായ കീർത്തിമാനോടേറ്റു ഞാനുമിപ്പോൾ
കീർത്തിഹീനനായിവന്നു കഷ്ടമെന്തു ചെയ്‌വൂ?
സൃഷ്ടിരക്ഷാസംഹാരത്തിന്നാദിമൂലമാകും
ഇഷ്ടനാം വിരാൾപുരുഷനല്ലയോ നീ നാഥാ?
കാലനറിയാതെ വന്നു ബാലമൂതിപോലും
കാലകാലനും നിനച്ചാലാവതല്ലെന്നായി.
നിൻതിരുവുള്ളത്തിലെന്തോന്നിപ്രകാരം തോന്നി-
ച്ചന്തമേറും ചക്രം ഭൂമിപാലനു കൊടുത്തു?"

## ദക്ഷയാഗം (പതിനെട്ടുവൃത്തം)

"സാരസലോചനമാരേ! വരിൻ പാരാതെ പോക നാം തോഴിമാരേ!
ആരാമസീമനി ചെന്നു നമുക്കോരാതെ പൂക്കളിറുത്തിടേണം.
എന്തിനുപൂക്കളിറുത്തിടുന്നു? ചെന്താമരാക്ഷി അണിഞ്ഞിടുവാൻ.
എന്തിനുനാമിന്നണിഞ്ഞിടുന്നു? ബന്ധുരരൂപിണി പോയിടുവാൻ.

എങ്ങു നാം പോകുന്നു തോഴിമാരോ? ചങ്ങാതി ദക്ഷന്റെ മന്ദിരത്തിൽ
അങ്ങു വിശേഷങ്ങളെന്തു തോഴി? മംഗലമായൊരു യാഗമുണ്ട്.
എന്നാൽ നമുക്കു ഗമിക്കവേണം കന്ദബാണാരിയാം ദേവൻതന്നെ
സുന്ദരിയാകും സതിയുമായി ഒന്നിച്ചു കണ്ടു രസിച്ചുപോരാം!
അന്തകവൈരി വരികയില്ല. എന്തുകൊണ്ടെന്നു പറക സഖി!
അന്ധനാം ദക്ഷൻ ക്ഷണിക്കായ്കയാൽ."

## പാർവ്വതീസ്വയംവരം (എട്ടുവൃത്തം)

രണ്ടും മൂന്നും അക്കങ്ങളായി ഉദ്ധരിച്ചിട്ടുള്ള പാട്ടുകൾക്കുള്ള ഗുണംപോലും ഈ കൃതിയ്ക്കില്ല.

"ഗീർവാണസുന്ദരിമാരും വിധിയോടെ പാർവതിയെ നീരാടിച്ചു
കാർകുന്തൽ ചീകിത്തിരുകിയതിൽ നല്ല പുതുമലർ പൂക്കളും ചാർത്തി
കസ്തൂരികൊണ്ടു തിലകം ധരിപ്പിച്ചിട്ടഞ്ജനം കണ്ണിലെഴുതി
ശോഭയേറീടുന്നോരാഭരണങ്ങളും ഭംഗിയോടേയണിയിച്ചു
മട്ടോലുംവാണിയെപ്പെട്ടെന്നു കോമളപ്പട്ടുഞൊറിഞ്ഞുടുപ്പിച്ചു.
അന്തണന്മാർക്കേറ്റം ദാനങ്ങളും ചെയ്തു സന്തോഷം പൂണ്ടചലേശൻ
വാരസ്ത്രീകളുടെ വായ്കുരവയോടും വാദ്യഘോഷത്തോടുംകൂടെ
അക്ഷതപാത്രം ധരിച്ചവരുമംബുജാക്ഷിയെയുമെതിരേറ്റു
മാധവനോടും വിരിഞ്ചനോടുംകൂടെ മാരാരിതാനെഴുന്നള്ളി
അംഗജവൈരിതാൻ ചെന്നങ്ങു നീരാടിബ്ഭംഗിയോടേ തുകിൽ ചാർത്തി
കാലാരിതൻ പാദക്ഷാളനവുംചെയ്തു ശൈലേശ്വരൻ മോദത്തോടേ
വേദിയിൽ വന്നിറങ്ങീടുന്നു; വേദിയിലാദിദേവനെഴുന്നള്ളി.
പാലാഴിമങ്കതാൻ ശൈലേന്ദ്രപുത്രിയെച്ചേല ഞെറിഞ്ഞുടുപ്പിച്ചു."

ഓരോ വൃത്തവും അവസാനിയ്ക്കുമ്പോൾ കവി "പൊന്മയമായൊരു ദേവിതൻ പാദങ്ങൾ ഭക്തിയോടെ കൈതൊഴുന്നേൻ" എന്നും മറ്റും ശ്രീപാർവതിയെ വന്ദിയ്ക്കുന്നുണ്ട്.

## സുബ്രഹ്മണ്യോൽപത്തി

കാമദഹനം, പാർവതീ സ്വയംവരം, സുബ്രഹ്മണ്യോൽപത്തി എന്നീ കഥകൾ ഈ കൈകൊട്ടിപ്പാട്ടിൽ അടങ്ങിയിരിയ്ക്കുന്നു. ആകെ പതിനൊന്നു വൃത്തങ്ങളുണ്ട്. "കവിത മുഴുവനില്ല" എന്നൊരു കുറിപ്പു ഗ്രന്ഥത്തിൽ കാണുന്നതുകൊണ്ട് ഉപരികഥകളിൽ ചിലതും കവി സ്പർശിച്ചിരിയ്ക്കണമെന്നു വിചാരിയ്ക്കാം.

"ചാരുതരേ ഹരിഗീതനികേതനേ
സാരത പൂണ്ടു മരുവും നാഥൻ
കാർത്തികേയൻ കരുണാനിധിയെന്നുടെ-
യാർത്തി കളഞ്ഞു പാലിച്ചിടേണം"

എന്നൊരു വന്ദനം പ്രഥമവൃത്തത്തിൽ കാണുന്നതിൽനിന്നു കവി അരിപ്പാട്ടുകാരനും പക്ഷെ അവിടുത്തെ വാരിയന്മാരിൽ ഒരാളുമാണെന്നു സങ്കല്പിക്കാം. കവിതയ്ക്കു ഗുണം പോരാ. ആവശ്യമില്ലാതെ പല സംസ്കൃത പദങ്ങളും പ്രയോഗിച്ചിരിയ്ക്കുന്നു;

"പ്രാലേയശൈലകുമാരി – തത്ര ബാലേന്ദുചൂഡനെക്കണ്ടു
ശ്രീമഹാദേവന്റെ വാചാ – ഗൗരിക്കാമയമെല്ലാമകന്നു.
ഇംഗിതവുമങ്ങറിഞ്ഞു – ജവാൽ മംഗലഗാത്രി പറഞ്ഞു.
ഇച്ഛാലാഭാർത്ഥമിദാനീ – മെല്ലാമച്ഛനെബ്ബോധിപ്പിയ്ക്കേണം.
എന്നതു കേട്ടു ഗിരീശ – നങ്ങുനിന്നു പിരിഞ്ഞു കഥഞ്ചിൽ.
സപ്തർഷിമാരെ സ്മരിച്ചു – ദേവനപ്പോൾ വരുത്തിയവരെ.
കല്യാണകാര്യം ഹിമാദ്രൗ – തദാ ചൊല്ലുവാൻ കല്പിച്ചയച്ചു" .

## കാളീചരിതം (എട്ടുവൃത്തം)

കാളീചരിതവും പത്താം ശതകത്തിൽ ആവിർഭവിച്ച ഒരു ഗാനമായിരിയ്ക്കാം. കവിയ്ക്കു പറയത്തക്ക വ്യുൽപത്തിയോ കവിതയ്ക്കു ഗണ്യമായ ആസ്വാദ്യതയോ ഇല്ല. ഭദ്രോൽപത്തിയും ദാരുകവധവുമാണ് പ്രതിപാദ്യം. അതു സാമാന്യം വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. "ആളീജനങ്ങൾക്കു പാടിക്കളിപ്പാനായ്ക്കാളീചരിതത്തെച്ചൊല്ലിടേണം." എന്നാണ് കവി തത്തയോട്ട് അപേക്ഷിയ്ക്കുന്നത്.

"ഘോരമായുള്ള തപം കണ്ടനേരത്തു
ലോകേശൻ തന്റെ മനം തെളിഞ്ഞു;
ലോകങ്ങളൊക്കെദ്ദഹിക്കുന്നതിൻമുൻപേ
കാലേ വരത്തെക്കൊടുപ്പതിന്നായ്
രൂക്ഷതയോടേ തപസ്സിനെച്ചെയ്യുന്ന
രാക്ഷസിമാരുടെ മുന്നിൽച്ചെന്ന്
വേണ്ടും വരത്തെത്തരുന്നുണ്ടു ഞാനിന്നു
വേണ്ടാ തപമെന്നരുളിച്ചെയ്തു.
അക്ഷണത്തിങ്കൽനിന്നക്ഷി തുറന്നവ-
രീക്ഷണം ചെയ്തൊരു നേരത്തിങ്കൽ
സാക്ഷാജ്ജഗന്നാഥനായ വിരിഞ്ചനെ
പ്രത്യക്ഷഭൂതനായ്ക്കണ്ടനേരം
മോദം കലർന്നവർ താണുതൊഴുതുകൊ-
ണ്ടേവമുണർത്തിച്ചു ഭക്തിയോടേ." .

## അജാമിളമോക്ഷം (നാലുവൃത്തം)

അജാമിളമോക്ഷം ഒരു നല്ല തിരുവാതിരപ്പാട്ടാണ്. നാലു വൃത്തങ്ങളേ അടങ്ങീട്ടുള്ളൂ.

"വാർദ്ധക്യവും വന്നകംപുക്കു വിപ്രന-
ങ്ങാസ്ഥ കുറഞ്ഞു സകലത്തിന്നും,
ദേഹം മെലിഞ്ഞു ജരാനരയും പൂണ്ടു
മോഹം വളർന്നു കുരയുമായി,
താനേയെഴുന്നേറ്റിരിപ്പാനരുതാഞ്ഞു
സ്നാനാശനങ്ങളുമില്ലാതായി,
നന്ദനന്മാരും കരഞ്ഞുതുടങ്ങിനാ-

രെന്നല്ല പതിയുമവ്വണമേ:
ശ്വാസത്തിനേറ്റം പകർച്ച തുടങ്ങീതു
നാസിക തപ്പിത്തുടങ്ങി വിപ്രൻ."

ഇതു ആസന്നമൃത്യുവായ അജാമിളന്റെ വർണ്ണനമാണ്. വിഷ്ണുദൂതന്മാർ നാരായണ മാഹാത്മ്യത്തെപ്പറ്റി യമനെ ഇങ്ങനെ ഉൽബോധിപ്പിക്കുന്നു.

"ഇമ്മഹീതലമൊക്കെദ്ദഹിപ്പതി-
ന്നെണ്മണിപ്രായം പോരയോ പാവകൻ?
ദണ്ഡപാണേ! ധരിയ്ക്ക നീയിന്നിയും
ദണ്ഡംപൂക്കു വലഞ്ഞുകിടക്കുന്ന
വ്യാധിതാനൊരു കുന്നിക്കുരുവോളം
പോരുമൌഷധം തിന്നാലകന്നുപോം.
എന്നതുപോലെ തൻതിരുനാമങ്ങൾ;
നിന്നോടേറെപ്പറയേണ്ടതില്ലല്ലോ."

## അമൃതമഥനം (പതിന്നാലുവൃത്തം)

ഇതു് ഇതേപേരിലുള്ള മച്ചാട്ടിളയതിന്റെ കൈകൊട്ടിക്കളിപ്പാട്ടിൽനിന്നു ഭിന്നമാകുന്നു. ഈ കൈകൊട്ടിക്കളിപ്പാട്ട് പത്താം ശതകം ഒടുവിൽ രചിക്കപ്പെട്ടതാണ്. "ഓടും മൃഗങ്ങളേ," "കല്യാണീ കളവാണീ" മുതലായ മട്ടുകൾ അനുകരിക്കണമെന്നു കവി നിർദ്ദേശിച്ചിട്ടുള്ളതിൽനിന്നു മച്ചാട്ടിളയതിന്റെ കാലത്തിനു പിന്നീടാണ് ഇതിന്റെ നിർമ്മിതി എന്നു വ്യക്തമാകുന്നു. കവി "ആരണവൃന്ദത്തെ" വന്ദിക്കുന്നുണ്ട്.

(ഓടും മൃഗങ്ങൾപോലെ)

"വാരിധികന്യകാവല്ലഭനും പിന്നെ
നാരിയുടെ വേഷം കൈവെടിഞ്ഞു്
പാരം തെളിഞ്ഞുള്ള ദേവകളും സുധാ-
പാരണചെയ്‌വാൻ തുടങ്ങുന്നേരം
സ്വർഭാനുവായുള്ള ദാനവവീരനും
നിർഭയം ദേവസഭാന്തരേ പോയ്
അത്ഭുതമായകൊണ്ടാരുമറിയാതെ
വിഭ്രമത്തോടമൃതാസ്വദിച്ചു.
തന്നുടെ കൺകൊണ്ടു കണ്ടതു പിന്നെയും
മന്നവന്മാർ ചെന്നു ചൊല്ലുമ്പോലെ
ചന്ദ്രദിവാകരന്മാരതു കണ്ടുടൻ
ചന്ദ്രാർക്കലോചനനോടു ചൊല്ലി.
ഇന്ദ്രാരികൈതവം കണ്ടു മുകുന്ദനും
സാന്ദ്രമോദത്തോടയച്ചു ചക്രം.
അർദ്ധഗളഗതമായോരമൃതത്താൽ
നിർദ്ധൂതജീവനായില്ലസുരൻ."

പതിന്നാലാംവൃത്തംകൊണ്ടു കഥയുടെ ഉത്തരഭാഗമായ വിഷ്ണുമായാവിഭ്രമം അവസാനിക്കുന്നതായി കാണുന്നില്ല,

"പന്തൊക്കും കൊങ്കകൾ തുള്ളുന്നേരം ചെന്താർശരൻ കൂടെത്തുള്ളിടുന്നു.
മഞ്ജരീപുഞ്ചിരി തൂകിക്കൊണ്ടു മഞ്ജുലതാനവസുന്ദരിമാർ
വണ്ടുകൾ നാദമാം പാട്ടുകളും കൊണ്ടാടിക്കൊണ്ടവർ പാടിക്കൊണ്ടു
മന്ദസമീരണൻ ചൊല്ലുകയാലേ വന്നവർ കൂടിക്കളിച്ചിടുന്നു."

എന്ന വരികളിൽ അവസാനിക്കുന്ന ഒരു മാതൃകയേ എനിക്കു കാണ്മാനിടവന്നിട്ടുള്ളൂ.

## അമൃതമഥനം (മറ്റൊന്ന്)

ഈ കൈകൊട്ടിപ്പാട്ടിലെ ആദ്യത്തെ പതിമ്മൂന്നുവൃത്തങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. രാഹുവാരെന്ന് ആദിത്യചന്ദ്രന്മാർ സ്ത്രീരൂപിണിയായി അമൃതം വിളമ്പുന്ന മഹാവിഷ്ണുവിനെ അറിയിക്കുന്നതുവരെയുള്ള ഇതിവൃത്താംശമാണ് ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്നത്.

"അന്നേരമൻപോടുകാണായി പാല്ക്കടൽ തന്നുള്ളിൽനിന്നുവേഗാൽമലർ-
മങ്കമഹാലക്ഷ്മി പങ്കജപ്പൂവതി-ലങ്കിതശോഭയോടേ.
രണ്ടു ഭാഗത്തും കരിവരരൻപോടു തുമ്പിക്കരങ്ങൾകൊണ്ടു-നല്ല
തങ്കക്കലശങ്ങൾകൊണ്ടഭിഷേകവും മങ്കയ്ക്കു ചെയ്തു മോദാൽ.
അഷ്ടമംഗല്യം കരാഗ്രേ ധരിച്ചുടൻ മട്ടോലുംവാണിമാരും-ഭയാൽ
പക്ഷീന്ദ്രവാഹനൻതന്റെ ഗളമതിൽ ലക്ഷ്മിയും മാലയിട്ടാൾ.
ശ്രീമഹാദേവനും ബ്രഹ്മനും ശക്രനും ശ്രീനാരദാദികളു-മപ്പോൾ
ശ്രീപതിതന്നെ വണങ്ങി സ്തുതിചെയ്തു ശ്രീപാദഭക്തിയോടേ."

## ലക്ഷ്മീസ്വയംവരം (മൂന്നുവൃത്തം)

ഇത് അമൃതമഥനത്തേയും ലക്ഷ്മീസ്വയംവരത്തേയുംപറ്റി സംക്ഷിപ്തമായി പ്രതിപാദിക്കുന്ന ഒരു കൈകൊട്ടിപ്പാട്ടാണ്. പത്താംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ആവിർഭവിച്ചിരിക്കാം.

"ലക്ഷ്മീഭഗവതിതാനും – തത്ര ലളിതവിലാസങ്ങളോടേ-
തൽക്ഷണം കാണുമാറായി – നല്ല കളമൊഴിമാരുമനേകം.
കല്പകമാലയുംകയ്യിൽ – മെല്ലെ കനിവോടെടുത്തുകൊണ്ടപ്പോൾ
വല്ലഭനായി വരിപ്പാ – നിന്നു വരഗുണമുള്ള പൂമാനെ
കണ്ടറിഞ്ഞീടുക ബാലേ – യെന്നു കനിവോടു തോഴിമാർ ചൊല്ലി.
അണ്ടർകുലത്തിന്നധീശ – നിവനരികേ മേവുന്നു മഹേന്ദ്രൻ.
ഇന്ദ്രനെച്ചെന്നുവരിച്ചീ – ടുക ഇവനതിസുന്ദരനല്ലോ.
അഗ്രേ മഹാബലി വീര – നിവനസുരകുലത്തിന്നധീശൻ.
വ്യഗ്രം വെടിഞ്ഞുവരിച്ചീ – ടുക വിരവൊടു പാലാഴിമാതേ.
നാലു മുഖമെഴും ബ്രഹ്മാ – വിവൻ നലമൊടു വാണരുളുന്നു.
കാലംകളയാതെ വേണ്ട – ന്നോരെക്കളമൊഴി! മാലയിട്ടാലും.
ചന്ദ്രക്കലാധരനീശൻ – നല്ല ചതുരൻ മനോജ്ഞശരീരൻ.
ഇന്നിവരിൽക്കൊതിയുണ്ടെ-ന്നാകിലൊരുവനെച്ചെന്നുവരിക്ക.
പന്നഗതല്പേ വസിക്കു – ന്നൊരു പരമപൂമാനിവനല്ലോ.
വാർമുകിൽവേണി! മനോജ്ഞേ! – ചെന്നു വരണംചെയ്തീടുകബാലേ.

ആയതു കേട്ടൊരു നേരം – ലക്ഷ്മിയനുരാഗകൗതുകത്തോടേ
പാണിയിൽ മാലയുമേന്തി! – ച്ചെന്നു പരമപുമാനുടെ മുമ്പിൽ
വിശ്വൈകനാഥന്റെ കണ്ഠം – തന്നിൽ വിരവൊടുമാലയുമിട്ടു.”

## രഘുസംഭവം (പന്ത്രണ്ടുവൃത്തം)

ഈ തിരുവാതിരപ്പാട്ടിന്റെ കർത്താവ് ആരെന്നറിയുന്നില്ല. ദാമോദരൻ എന്നൊരു ഗുരുവിനേയും, “ശ്രീരത്നമൂത്തിക” യിൽ അതായതു തൃക്കൽമണ്ണിൽ വസിക്കുന്ന മറ്റൊരു ഗുരുവിനേയും, പൂവരിണയിൽ ശിവനേയും അമ്പാറ ശാസ്താവിനേയും, വേങ്ങയല്ലിത്തിൽ ദേവിയേയും വന്ദിക്കുന്നു. ദിലീപന്റെ നന്ദിനീപരിചര്യയും, രഘുവിന്റെ ജനനവുമാണ് ഇതിവൃത്തം.

## അഹല്യാമോക്ഷം (ഏഴുവൃത്തം)

മനോഹരമായ ഒരു കൃതിയാണ് ഈ കൈകൊട്ടിപ്പാട്ട്. ചില ഭാഗങ്ങൾ സഭ്യതാസീമയെ ഉല്ലംഘിക്കുന്നു. ദേവേന്ദ്രൻ അഹല്യാസമാഗമം കഴിഞ്ഞു തിരിയെ സ്വർല്ലോകത്തേയ്ക്കു പോകുന്നതുവരെയുള്ള കഥമാത്രമേ ഇതിൽ പ്രതിപാദിച്ചിട്ടുള്ളൂ.

“മഞ്ജുളഭാഷിണിതന്നുടെ വാക്കുകളിങ്ങനെ കേട്ടനേരം – ഹൃദി
പൊങ്ങിന വേദനപൂണ്ടു മഹേന്ദ്രനും (മങ്ങി) മുഖാബ്ജമപ്പോൾ. . .
നന്മൊഴിമാർകുലമാലികേ ബാലികേയെന്മൊഴികേട്ടുകൊൾക – ഹൃദി
മന്മഥപീഡ സഹിയാഞ്ഞു നിന്നൊടു ചൊന്നൊരുകാര്യമിപ്പോൾ
സമ്മതമായിവരേണമതിന്നൊരു കല്മഷശങ്ക വേണ്ടാ – ഭുവി
കർമ്മഫലത്തിന്നധിപതി ഞാനെന്നു നന്മയിലോർത്തുകൊൾക. .
സന്ദേഹമൊട്ടും മനസ്സിലിനി വേണ്ട വന്നാലുമെന്നരികി – ലിഹ
മന്ദേഹനാക്കിയയക്കരുതെന്നെ നീ മഞ്ജുളഗാത്രി ബാലേ! . . .
കാലവിളംബമിനിയരുതൊട്ടുമേ കാലിണ കൈതൊഴുന്നേൻ – പരി-
പാലനംചെയ്യണമെന്നെ മടിയാതെ നീലസരോജനേത്രേ! . . .
എല്ലാജ്ജനങ്ങൾക്കും നല്ലതു നല്കുന്ന വില്ലാളിവീരൻഭവാ – നിന്നു
ചൊല്ലുന്ന വാക്കുകൾ കേൾക്കാത്തവർക്കുണ്ടോ നല്ലതു വന്നീടുന്നു?
എന്നതുകൊണ്ടിനി വൈകാതെ വാഞ്ഛിതം നന്നായിസ്സാധിച്ചാലുംനമു-
ക്കൊന്നിന്നുമില്ല വിരോധം ഭവാനായിത്തന്നു ഞാനെന്റെദേഹം.
എന്നു പറഞ്ഞുടൻ കൺമുനകൊണ്ടവൾ തന്നുടെ ചാരുമുഖം – പാരം
പിന്നെയും പിന്നെയും നോക്കിക്കടാക്ഷിച്ചു നിന്നോരുനേരത്തിങ്കൾ
ഉല്ലാസമോടങ്ങടുത്തു പുരന്ദരൻ നല്ലാരിൽമൗലിതന്റെ – കര-
പല്ലവം മെല്ലെപ്പിടിച്ചു തലോടിനാൻ തെല്ലും മടിച്ചിടാതെ.”

## ഖരവധം (പതിനൊന്നുവൃത്തം)

“എങ്കിലോ പണ്ടു രഘുപതി തന്നുടെ
തമ്പിയും സീതയും താനുമായി
പഞ്ചവടിയിലൊരാശ്രമം തീർത്തതി-
ലഞ്ചാതെ വാഴുന്ന കാലത്തിങ്കൽ
രൂക്ഷതയേറുന്ന രാക്ഷസനാരിയാം

ശൂർപ്പണഖയെന്നു പേരവൾക്കു്.
ഊക്കു സഹിയാഞ്ഞു പാഞ്ഞവൾ ദിക്കുക-
ളാക്രമം ചെയ്തു നടക്കും കാലം.
പഞ്ചവടിയിൽക്കടന്നു വിരവോടേ
സഞ്ചരിക്കേണമെന്നോർത്തൊരുനാൾ.”

എന്നിങ്ങനെ തുടരുന്ന ഈ കവിത മോശംതന്നെയെങ്കിലും ശൂർപ്പണഖയുടെ വിലാപം സാമാന്യം ഭംഗിയായി വർണ്ണിയ്ക്കപ്പെട്ടു കാണുന്നു.

“എട്ടുദിക്കൊക്കെയും പൊട്ടിയലറുമാറട്ടഹാസംതുടങ്ങി – ച്ചെന്നു
പെട്ടെന്നു ഭൂമിയിലൊക്കെ നടക്കുമ്പോൾ കെട്ടിപ്പിടഞ്ഞുവീണും
മുഷ്ടികൾകൊണ്ടു തൻമാറത്തിടിച്ചിട്ടുമൊട്ടൊട്ടു വീണുരുണ്ടുംപിന്നെ-
ദ്ദംഷ്ട്ര കടിച്ചിട്ടുമട്ടാത[3]മിട്ടിട്ടുമൊട്ടൊട്ടെഴുന്നേറ്റിട്ടും
ദൃഷ്ടികലങ്ങിതുറിച്ചുമിഴിച്ചിട്ടും പെട്ടെന്നു ബോധംകെട്ടുംമേലിൽ
ചോരയുണങ്ങിത്തടിച്ചോരു പൊറ്റങ്ങളോരോന്നുനുള്ളിത്തിന്നും”

## ധ്രുവചരിതം (എട്ടുവൃത്തം)

“കേരളഭൂമിയ്ക്കൊരാഭരണമായ
കേരളാദിത്യപുരാധിപനാം
നാളീകനാഭന്റെ കേളിവിശേഷങ്ങ-
ളാളിമാരേ നിങ്ങൾ കേട്ടുകൊൾവിൻ.”

എന്ന പീഠികയോടുകൂടി കവി തന്റെ ഗാനം ആരംഭിക്കുന്നു.

“എത്രയും സുഭഗൻ ഞാനെന്നുള്ള ഭാവം – കണ്ടാൽ
ചിത്രംചിത്രമെന്നല്ലാതെ ചൊല്ലിടാമോ!
തന്നെത്താനറിഞ്ഞിടാത്ത തമ്പംഗിമാ – രോടു-
മൊന്നിച്ചു വാഴുന്നതെങ്ങനെ വല്ലഭന്മാർ?
പിട്ടല്ലിതിൽക്കാളുമലംകരിച്ചു – കണ്ടാ-
ലൊട്ടകത്തിനൊട്ടു ഭംഗിയുണ്ടാമല്ലോ.
ശീലമേവമില്ലാ നാരിമാരിലാർക്കു – മൊരു
ബാലകനുള്ളതുമതുപോലെതന്നെ.”

## പൂതനാമോക്ഷം (എട്ടുവൃത്തം)

ഈ കൈകൊട്ടിപ്പാട്ടിൽ “ധരണീഭാരത്തെക്കൊണ്ടു സഹിയാഞ്ഞു ഭൂമിതാനും വിരിഞ്ചനും ശിവൻതാനും മുനിമാരും ദേവകളും” പാലാഴിയിൽച്ചെന്നു മഹാവിഷ്ണുവിനെക്കണ്ടു് ആവലാതി പറയുന്നതു മുതല്ക്കുള്ള ദശമസ്കന്ധകഥയാണു് പ്രതിപാദ്യം. കവിത തരക്കേടില്ല. “പൂർണ്ണത്രയീശ, പുരന്ദരപൂജിത, പൂർണ്ണചന്ദ്രാനന, പാലയമാം” എന്ന ഭാഗത്തിൽനിന്നു കവി തൃപ്പൂണിത്തുറയിലോ അതിനു സമീപത്തോ താമസിച്ചിരുന്ന ഒരാളാണെന്നു് അനുമാനിയ്ക്കാം.

[3] അട്ടാതം = അട്ടഹാസം.

“അമ്പാടിതന്നിലവരൻപോടേ വാഴുംകാലം
വൻപനാം കംസൻതന്റെ വചനത്താലേ
രൂക്ഷത പെരുത്തൊരു രാക്ഷസിയാം പൂതന
സാക്ഷാൽ ജഗന്നാഥനെ ഹനിപ്പാനായി
കോമളവേഷം പൂണ്ടു പോർമുലയുഗളത്തിൽ-
ക്കാളകൂടത്തെത്തേച്ചു കനിവിനോടേ[4]
ഓരോരോ ദിക്കിൽച്ചെന്നു ബാലരെക്കൊന്നുകൊന്നു
പാരാതേ നടക്കുന്ന കാലത്തിങ്കൽ
നന്ദഗോപന്റെ പുരം പുക്കവൾ യദൃച്ഛയാ
നന്ദകുമാരൻതന്റെയരുകിൽച്ചെന്നു.
ഗോപികമാരായുള്ള നാരിമാരെല്ലാവരും
ഗോപാലൻതന്നെക്കണ്ടു വസിക്കുംനേരം
ഇന്ദിരാദേവി തന്റെ കാന്തനെക്കാണ്മതിന്നായ്
വന്നിതോ എന്നു തോന്നും ജനങ്ങൾക്കെല്ലാം.
. . . . . . . . . . . . . . . . . .
കൊല്ലുവാൻ വന്നവൾക്കു കൈവല്യം നല്കീടുന്ന
കാർമുകിൽവർണ്ണനെ ഞാൻ കൈതൊഴുന്നേൻ.
പൂതനാശരീരത്തെഗ്ഗോപന്മാരൊക്കെക്കൂടി-
ക്ഖണ്ഡിച്ചു കൊണ്ടുപോയിദ്ദഹനം ചെയ്തു.
മല്ലാക്ഷിമാരേ നിങ്ങളുല്ലാസത്തോടെ നല്ല
മല്ലരികഥ പാടിക്കളിച്ചുകൊൾവിൻ.
മോഹങ്ങൾ സാധിപ്പാനും പാപങ്ങൾ നശിപ്പാനു-
മിത്ര നന്നായിട്ടൊരുകഥകളില്ല
ഇന്നിനി നേരം പോരാ സൽക്കഥയുരചെയ്‌വാൻ
നാളെ ഞാൻ വന്നീടുവൻ പൊളിയല്ലേതും.
ഇത്തരമുരചെയ്തു തത്തയും പോയശേഷം
മത്തകാശിനിമാരും സുഖിച്ചുവാണു.”

## കാളിയമർദ്ദനം (ഇരുപത്തിമൂന്നുവൃത്തം)

കാളിയമർദ്ദനം കൈകൊട്ടിപ്പാട്ടു സാമാന്യം നല്ല ഒരു കൃതിയാണ്. കവി ശ്രീകൃഷ്ണവിലാസത്തെ ഉപജീവിക്കുകയും കഥ വളരെ വിസ്തരിച്ചു പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. കൃഷ്ണവിലാസത്തെ അനുകരിച്ചു, കാളിന്ദീനദി ഒരു സുന്ദരിയുടെ രൂപത്തിൽ ഒരു ദിവസം രാത്രി ശ്രീകൃഷ്ണനോട്ട് ആവലാതി പറയുന്ന ഘട്ടവും മറ്റുമുണ്ട്.

“കണ്ണനുണ്ണി കുളി കഴിഞ്ഞണ്ണനോടുംകൂടി-
യുണ്ണുവാനായ്ച്ചെന്നനേരമമ്മതാനും വേഗം
അണ്ണനും തമ്പിക്കും രണ്ടു കിണ്ണമതിൽപ്പോലും
വെണ്ണനെയ്യുംക്കൂടെയിട്ടു കൊണ്ടുവന്നുനല്കി.
ഉണ്ണികൾക്കു രണ്ടുപേർക്കും രോഹിണിയന്നേരം

[4] കനിവ് = ഭംഗി.

കിണ്ണമതു രണ്ടിലവർക്കോദനങ്ങൾ നല്കി.
ഇഞ്ചിനാരങ്ങക്കറികൾ പഞ്ചസാര തേനും
ചഞ്ചലാക്ഷി രോഹിണിതാൻ പുഞ്ചിരിയോടേകി.
ഉണ്ണിരാമാ, കൃഷ്ണാ, നിങ്ങൾക്കെന്തുവേണംചൊൽവിൻ.
ഉണ്ണണമെന്നാകിൽപ്പഴംകൂടെ വേണമമ്മേ!
കണ്ണനേവം പറഞ്ഞപ്പോളമ്മതാനും വേഗ-
മെണ്ണമില്ലാതോളം പഴം കൊണ്ടുവന്നു നല്കി.
കണ്ണനും കദളിയുമക്കണ്ണനു വിളമ്പി,
പിന്നെയങ്ങുറതയിരുമന്നവും വിളമ്പി-
യൊന്നൊഴിയാതെയങ്ങവരൊക്കെയും ഭുജിച്ചു.
ഇന്നിനി മാതാവേ! ഞങ്ങൾക്കുണ്ണണമെന്നില്ല
നന്നു നിറഞ്ഞെന്നു പറഞ്ഞുണ്ണികളുമേറ്റം
അപ്പൊഴേ ചെന്നവരുടെ കൈ കഴുകിച്ചമ്മ.
കെല്പെഴുന്ന മണിമഞ്ചം കേറിയങ്ങുറങ്ങി.”

## ഗോപികാവസ്ത്രാപഹരണം (ഏകവൃത്തം)

ഇതു് ഒരു വൃത്തത്തിൽമാത്രം രചിച്ചിട്ടുള്ള ഒരു ചെറിയ കൈകൊട്ടിപ്പാട്ടാണ്.

“മാരബാണപീഡിതരാം ഗോപികമാർ പണ്ടു
മാരവൈരികാന്തയാകും ഗൗരിതന്റെ രൂപം
സൂരപുത്രീതീരേ നല്ല മണ്ണുകൊണ്ടുണ്ടാക്കി
ചാരുനേത്രൻ വാസുദേവൻ കാന്തനായ്വന്നീടാൻ
ഭൂരിഭക്തിയോടെല്ലാരും കിഞ്ചന ഭജിച്ചു.
നാരിമാരും ശൗരി ഹരനാരദാദിസേവ്യൻ
സാരസാക്ഷിമാരുടയ വാഞ്ഛിതം സാധിപ്പാൻ
കൈരവബാന്ധവകാന്തികാന്തമന്ദഹാസൻ
നീരജബാന്ധവസുതാരോധസി ഗമിച്ചു
നാരിമാനസമദനതാപകാരിതന്നെ.”

എന്നിങ്ങനെ ആ പാട്ടു പുരോഗമിക്കുന്നു.

## രാസക്രീഡ (ആറുവൃത്തം)

ഇതു സാമാന്യം നല്ല ഒരു കൈകൊട്ടിപ്പാട്ടാണ്. കവി “ശുകപുരി വാണരുളും ഭഗവാനെ” വന്ദിക്കുന്നുണ്ടു്.

വേണുഗാനം കേട്ടു ഗോപികമാരെപ്പോ-
ളാകുലമോടുടനെല്ലാപേരും
അത്താഴമുണ്മാനിരുന്നോരു നാരിമാ-
രത്തൽപ്പെട്ടോടീ ചിലരവിടെ.
ബാലകന്മാർക്കു മുലയും കൊടുത്തങ്ങു
താലോലം പാടിയുറക്കുന്നേരം
ഓടക്കുഴൽവിളി കേട്ടു തരുണിമാർ

ബോധം മറന്നു നടന്നാർ ചിലർ;
ഭർത്താവിനോടു കലഹവും ഭാവിച്ചു
മെത്തമേൽനിന്നങ്ങിറങ്ങി വേഗാൽ
മറ്റേ മുറിയിൽശ്ശയിക്കുന്നവളുടൻ
തെറ്റെന്നു പോയിതു മറ്റൊരുത്തി.
കാതൊന്നലങ്കരിച്ചാമോദാൽ മറ്റേതി
ലേതുമേ കൂടാതൊരു തരുണി;
ഒറ്റക്കണ്ണഞ്ജനം കൊണ്ടങ്ങെഴുതീട്ടു
മറ്റേതെഴുതാതെ മറ്റൊരുത്തി;
ഹാരാവലിയുമരയിലുടഞ്ഞാണു-
മോരാതെ മാർവിലലങ്കരിച്ചാൾ.
നൂപുരം കൈകളിലിട്ടു തരിവള
പാദേ ധരിപ്പാൻ തുടങ്ങുന്നേരം
ആണികൂടാതൊരു നൂപുരമെന്നിട്ടു
കോണിലെറിഞ്ഞു കുപിതയായി
അത്തൽ പൂണ്ടോടുമ്പോളുത്തരീയം വീണ-
തൊട്ടുമറിഞ്ഞില്ലൊരു തരുണി.
ഇങ്ങനെ ഗോപിമാരെല്ലാവരും കൂടി
നന്ദതനൂജന്റെ സന്നിധിയിൽ
ഒട്ടൊട്ടഴിഞ്ഞ തലയിലൊരു കയ്യും
മറ്റേതു നീവിയഴിഞ്ഞിടത്തും
മട്ടലർബാണന്റെയാജ്ഞകൊണ്ടെല്ലാരും
വട്ടത്തിൽനിന്നങ്ങുഴലുന്നേരം
പുഞ്ചിരിതൂകീട്ടു വഞ്ചനമാനുഷൻ
ചഞ്ചലാക്ഷിമാരോടേവം ചൊന്നാൻ.”

രാസക്രീഡാസംക്ഷേപം എന്നു നാലുവൃത്തത്തിൽ മറ്റൊരു തിരുവാതിരപ്പാട്ടും കാണ്മാനുണ്ട്. അതിലും “ശുകപുരേ വാണരുളും ഭഗവാനേ” സ്മരിച്ചിരിക്കുന്നു.

## ശംബരകഥ (ഏകവൃത്തം)

ഇതും ഒരു ചെറിയ കൃതിയാണ്. മുഴുവൻ കിട്ടീട്ടില്ല.

“ഗർഭം തികഞ്ഞാശു രുക്മിണീദേവിയു-
മർഭകൻതന്നെയും പെറ്റാളപ്പോൾ
ശമ്മരനെന്നൊരു ദാനവനന്നേരം
വന്നു പതുക്കവേ മായയാലേ
ചോരക്കിടാവിനെ വാരിപ്പിടിച്ചങ്ങു
വാരിധിതന്നിലെറിഞ്ഞു മൂഢൻ.
ആരുമറിഞ്ഞില്ല ബാലൻ പിറന്നതും
ചോരണംചെയ്തതുമെന്നേ വേണ്ടൂ.
വത്സൻ സമുദ്രത്തിൽചെന്നങ്ങു വീണപ്പോൾ
മത്സ്യം വിഴുങ്ങി നടന്നു വേഗാൽ.
മുക്കോർ വലവീശി നില്ക്കുന്നനേരത്തു

ചിക്കെന്നു മത്സ്യം വലയിൽപ്പുക്കു
മുക്കോരതുനേരം മത്സ്യത്തടിയനെ
തൃക്കാഴ്ചയായ് വെച്ചു ചമ്മരന്.
മത്സ്യത്തെ മെല്ലവേ കീറുന്നനേരത്തു
വത്സനെക്കണ്ടവൻ വിസ്മയിച്ചു.

തന്നോടു ശൃങ്ഗാരപ്രകടനം ചെയ്യുന്ന തന്റെ വളർത്തമ്മയായ മായാവതിയോടു പ്രദ്യുമ്നൻ

“ഇന്നു നിനക്കെന്തു സമ്മോഹനമായ
ദുർമ്മാർഗ്ഗമോരോന്നേ തോന്നീടുന്നു?
മറ്റുള്ള മാതാക്കൾ പെറ്റുള്ള മക്കളിൽ
മുറ്റമിഗ്ഗോഷ്ടികൾ കാട്ടുന്നുണ്ടോ?
വാരാങ്ഗനേ, നിന്റെ ചാരത്തിരിക്കാതെ
ദൂരത്തു പോകുന്നു ഞാനുമിപ്പോൾ”

എന്നു പറയുന്ന വാക്യംവരെ മാത്രമേ ഈ പാട്ടു കാണ്മാനുള്ളു.

## കുചേലവൃത്തം (എട്ടുവൃത്തം)

ഈ കൈകൊട്ടിപ്പാട്ട് സമഗ്രമായി കിട്ടീട്ടില്ല. “ഇങ്ങിനെ വന്നതിൻ കാരണമെല്ലാമെങ്ങിനെയെന്നതു ചൊല്ലുക കാന്തേ?” എന്നു കുചേലൻ ലക്ഷ്മീദേവിയെപ്പോലെ തന്റെ സമീപത്തു ചെന്നുചേർന്ന പത്നിയോടു പറയുന്ന ഭാഗംവരെയേ കണ്ടിട്ടുള്ളു. കവി ശ്രീകൃഷ്ണചരിതം മണിപ്രവാളം പന്ത്രണ്ടാം സർഗ്ഗത്തെ അനുകരിച്ചിരിക്കുന്നു.

“അയ്യോയെൻവല്ലഭനെന്നുടെ സങ്കടം
മെയ്യോടെ കേട്ടാലുമെൻകണവാ!
ഊണുകഴിയ്ക്കാതെയാറു ദിനമായി
പ്രാണൻ ഗമിപ്പാനടുത്തുവല്ലോ.
ബാലകന്മാരൊക്കെ ലീലകൾ കൈവിട്ടു
ചാലേ തളർന്നു കിടന്നിടുന്നു.
ഇല്ലങ്ങളിൽ ബ്ഭിക്ഷ തെണ്ടിനടന്നാലു-
മില്ലെന്നു ചൊല്ലും ജനങ്ങളേറും
വല്ലാതെന്നാകിലും ചെന്നാലൊരു പിടി
നെല്ലുമാത്രംപോലും കിട്ടാതായി.
വിറ്റു ഭുജിച്ചിടാമെന്നു നിരൂപിച്ചാൽ
ച്ചട്ടുകൾ താലികൾ പണ്ടേയില്ല.
മാനസംതന്നിൽസ്സുഖമില്ലൊരിക്കലും
ഞാനെന്തു ചെയ്യേണ്ടു ജീവനാഥ!
കണ്ണുമടച്ചു ജപിച്ചങ്ങിരുന്നാകി-
ലുണ്ണികളെങ്ങിനെയുണ്ണുന്നതും?
ശിഗ്രുവിൻപല്ലവം വച്ചുചമച്ചതു
ഭദ്രമായു് ഭക്ഷണം ചെയ്യുന്നതും
എത്രനാളിങ്ങനെ വേണമെന്നുള്ളതു
കൃത്യമതുണ്ടോ എൻ പൃഥ്വീദേവ?”

## സന്താനഗോപാലം (പതിമ്മൂന്നുവൃത്തം)

ഈ കൈകൊട്ടിപ്പാട്ടു സാമാന്യം നന്നായിട്ടുണ്ടു്. കവി പൂന്താനത്തെയാണു് ശരണീകരിച്ചിരിക്കുന്നതു്.

“എന്നരുളിച്ചെയ്തു കൃഷ്ണൻ പാർത്ഥനോടു-കൂടി
മന്ദേതരം സ്യന്ദനത്തിലേറിപ്പോയി.
വായുവേഗം ജയിച്ചോരു തേരുമപ്പോൾ-വേഗം
വായുമാർഗ്ഗേ പശ്ചിമാശ പറയുന്നേരം
സിന്ധുരാജന്മാരെയെല്ലാം ഹന്ത! കണ്ടു – കണ്ടു
ബന്ധുരാങ്ഗൻ കടന്നിതു ലോകാലോകം.
അർക്കചന്ദ്രന്മാരില്ലാത്ത ദിക്കിലായി – അപ്പോ-
ളൊക്കെയുമിരുട്ടായിട്ടു വന്നുകൂടി.
തേർക്കുതിരകൾക്കുമേറ്റമാകുലമായ് – (മന്ദം)
തെരുതെരെപ്പോകാതായ നേരം പാർത്ഥൻ
അന്ധകരമെന്തിതേവം വാസുദേവ! – നമ്മ-
ളേതു ദിക്കിലകപ്പെട്ടു ദേവദേവ?
ലോകനാഥനരുൾചെയ്തു നമ്മളിപ്പോൾ – (. . . )
ലോകാലോകം കടന്നൊരു ഭാഗത്തായി.
കൂരിരുളു കളഞ്ഞിടാം ഭീതി വേണ്ടാ-പാരം
സൂരനുദിച്ചതുപോലെ കണ്ടുകൊൾക.
തൃച്ചക്രത്തെ സ്മരിച്ചിതു വാസുദേവ – നപ്പോ-
ളുച്ചയ്ക്കലേ രവിപോലെ വന്നുദിച്ചു.
ചക്രശോഭ കണ്ടു പാർത്ഥൻ ഭീതി പൂണ്ടു – നിന്നു
ചക്രപാണിതന്നെ നോക്കിനില്ക്കുന്നേരം
ചന്ദ്രകോടിപ്രഭപോലെ ദൂരെയേറ്റം – പാരം
സാന്ദ്രമായ തേജസ്സങ്ങു കാണ്മാറായി.
സ്യന്ദനത്തിൽനിന്നിറങ്ങി കൃഷ്ണന്മാരു – മപ്പോൾ
നന്ദസൂനുവരുൾചെയ്തു പാർത്ഥനോടായ്.
വിശ്വസാക്ഷിയായ സത്യം താനിരിക്കു – ന്നൊരു
നിത്യമായ ലോകമിതു കണ്ടുകൊൾക”.

## ഭാമാസാന്ത്വനം (രണ്ടുവൃത്തം)

ശ്രീകൃഷ്ണനും രുക്മിണിയുംകൂടി ഒരു ദിവസം ചൂതു കളിച്ചുകൊണ്ടിരിക്കവേ നാരദമഹർഷി അവിടെച്ചെന്നു് ഒരു പാരിജാതപുഷ്പം ശ്രീകൃഷ്ണനു കാഴ്ചവെയ്ക്കുകയും ആ പൂവു ഭഗവാൻ തന്നെ രുക്മിണിയുടെ കേശപാശത്തിൽ ചൂടിക്കുകയും ചെയ്തു. ആ വാർത്ത തന്റെ ഒരു ദാസി മുഖാന്തിരം സത്യഭാമ അറിഞ്ഞു വ്യസനിക്കുകയും കോപിക്കുകയും ചെയ്തു. അപ്പോൾ ശ്രീകൃഷ്ണൻ ചെന്നു ഭാമയെ സമാധാനപ്പെടുത്തി. ഇതാണു് കഥ.

“ഇത്ഥമവൾ ചൊന്ന വാക്കുകൾ കേട്ടപ്പോൾ
ക്രുദ്ധിച്ചെഴുന്നേറ്റു സത്യഭാമ.
നിർണ്ണയമോ സഖി നീ ചൊന്ന വാക്കുകൾ?
നിർണ്ണയം; കണ്ടു ഞാൻ ധന്യശീലേ!
മല്ലാരിതാൻ തന്റെ വല്ലഭതന്നുടെ
നല്ല മുടിയിലണിഞ്ഞിതോ ചൊൽ?
തെല്ലുമെ സംശയമില്ല ഞാൻ ചൊന്നതു;
നല്ല വചനങ്ങൾ വിശ്വസിക്ക.
കേശവനീവണ്ണമെന്നതു കേട്ടപ്പോൾ
ക്ലേശവും രോഷവുമുത്ഭവിച്ചു
ഭൂഷണജാലങ്ങൾ പൊട്ടിച്ചെറിഞ്ഞിതു
രോഷാൽ ചുവന്നു നയനങ്ങളും.
നല്ലൊരു പീതദുകൂലം മുലക്കച്ച-
യെല്ലാം ത്യജിച്ചു പരവശയായ്
പല്ലും കടിച്ചങ്ങു നല്ലോരു മെയ്യ് വിറ-
ച്ചല്ലലും പൂണ്ടു നിലത്തു വീണു.
രോദനം ചെയ്കയും പെട്ടെന്നുരുൾകയും
വേദനയാമ്മാറു കണ്ടനേരം
പേടിപൂണ്ടോരോരോ ദാസീസമൂഹങ്ങ-
ളോടിത്തുടങ്ങിനാരങ്ങുമിങ്ങും.

## രാമാനുചരിതം

ഈ കൈകൊട്ടിപ്പാട്ടിലെ ആദ്യത്തെ എട്ടുവൃത്തങ്ങളേ കണ്ടിട്ടുള്ളൂ. “അതു കേട്ടൻ പൊടു ഗരുഡൻ താൻ ചെന്നു കുതുകമോടങ്ങു ചൊല്ലിനാൻ” എന്ന വരിയാണ് ഗ്രന്ഥത്തിന്റെ ഒടുവിൽ കാണുന്നത്.

“ആരു നീയെന്നുടെ നേരെ വന്നോരോരോ
പൗരുഷവാക്കുകൾ (ചൊല്ലി) പോരും
നിന്നെയും നിന്നുടെ നാഥനേയുമിന്നു
മാനസേ ഞാനുമറിയുന്നില്ല.
ലോകേശ്വരൻ കൃഷ്ണൻതന്നെയറിയാതെ
ലോകത്തിലാരുള്ളു നിന്നെപ്പോലെ?
മൂഢത്വം ചൊല്ലിയതാരുമേ കേൾക്കണ്ട;
രൂഢി ഞാനാരോടും ചൊല്ലുന്നില്ല.
പെണ്ണുങ്ങൾ തന്നുടെ കൂറകളും വാരി
വെണ്ണകൾ കട്ടുണ്ടു മേവിടുന്ന
കണ്ണൻനിയോഗത്താൽ വന്ന നിന്നെക്കണ്ടു
നാണം വളരുന്നു പാരമിപ്പോൾ.
പോരുന്നതില്ലഞാൻ വീര്യവാനെങ്കിലോ
പാരാതെ നീയെന്നെക്കൊണ്ടുപോക.
കൊണ്ടുപോവാനായ്ത്തുനിഞ്ഞോരു നേരത്തു

കൊണ്ടൊരു തല്ലിനാലല്ലൽ പൂണ്ടു
പാരം വിഷണ്ണനായ്ച്ചെന്നു മുകുന്ദന്റെ
ചാരത്തുനിന്നൊരു വാക്കുണ്ടായി" .

കവിതയ്ക്കു ഗുണമില്ല.

## തുളസീമാഹാത്മ്യം (ആറുവൃത്തം)

ഒരിക്കൽ സത്യഭാമയുടെ ഗൃഹത്തിൽ നാരദമഹർഷി ചെന്നു വീണ വായിക്കുവാൻ ശ്രീകൃഷ്ണനെ തന്നോടുകൂടി അയച്ചുതരണമെന്ന് അപേക്ഷിച്ചു. തനിക്കു ഭർത്താവിനെ പിരിഞ്ഞിരിക്കുവാൻ നിവൃത്തിയില്ലെന്നും ഭർത്താവിന്റെ ശരീരത്തോളം തൂങ്ങുന്ന സ്വർണ്ണം ദാനം ചെയ്യാമെന്നും ഭാമ പറഞ്ഞു. ശ്രീകൃഷ്ണനും നാരദനും അങ്ങിനെ ചെയ്യുവാൻ അനുവദിച്ചു. രുക്മിണീദേവിയൊഴികെയുള്ള ഭഗവാന്റെ പതിനാറായിരത്തേഴ പത്നിമാരും അവരുടെ സകല ഭൂഷണങ്ങളും ത്രാസിന്റെ ഒരു തട്ടിലിട്ടു മറ്റേത്തട്ടിൽ ഭഗവാനെ തൂക്കിനോക്കി. ഭഗവാന്റെ ദേഹം അധികം തൂങ്ങുന്നതായി കണ്ടു വ്യസനിച്ചു ഭാമയും മറ്റും രുക്മിണിയെ വിവരമറിയിച്ചു. രുക്മിണി ആ ആഭരണങ്ങളെല്ലാം നീക്കിയിട്ട് ഒരു തുളസീദളംമാത്രം അവയിരുന്ന തട്ടിൽ വയ്ക്കുകയും അപ്പോൾ ഭഗവാനും തുളസീദളവും ഒന്നുപോലെ തൂങ്ങുകയും ചെയ്തു. മഹർഷി തുളസീദളം സ്വീകരിച്ചു തൃപ്തനായി അവിടം വിട്ടുപോയി. ഈ കഥയാണ് പ്രസ്തുത കൃതിയിൽ പ്രതിപാദിച്ചിരിക്കുന്നത്.

"എന്നരുൾചെയ്തനേരം തുലാഭാര-
മന്നു കാർമുഖിൽവർണ്ണനുണ്ടായിപോൽ.
ഏഴുരണ്ടു ഭുവനംനിറഞ്ഞീടു-
മാഴിവർണ്ണനെത്തൂക്കുവാനാരുള്ളൂ?
ഊഴിതന്നിലഴകുള്ള ഭാമയും
പാഴിലെന്തു നിനച്ചു വൃഥാ ഫലം?
കൊണ്ടൽവർണ്ണനെത്തൂക്കിയ തട്ടത്തിൽ
കൊണ്ടു ഭാരമധികമധികമായ്.
കൊണ്ടൽവേണിമാരാഭരണങ്ങളെ-
ക്കൊണ്ടുവന്നുനിറച്ചിതു മറ്റേതിൽ.
കൊണ്ടൽവേണിമാർ കോപ്പുകളിട്ടിട്ടും
കൊണ്ടൽവർണ്ണനധികമായ്ത്തൂങ്ങുന്നു."

## രാജസൂയം (പത്തുവൃത്തം)

ഈ കൈകൊട്ടിപ്പാട്ടിനു കവിതാഗുണം പോരാ. ജരാസന്ധവധവും പാണ്ഡവദിഗ്വിജയവുംമറ്റും വർണ്ണിക്കുന്നുണ്ടെങ്കിലും കവി ശിശുപാലവധത്തെ സ്പർശിച്ചു കാണുന്നില്ല. പ്രാസദീക്ഷ പ്രായേണ ഇല്ലെന്നുതന്നെ പറയാം. "കിളിമക" ളെക്കൊണ്ടാകുന്നു കഥ പറയിക്കുന്നത്.

"ദ്വാരകാമന്ദിരത്തിൽ ഭാര്യമാരോടുംകൂടി
സ്വൈരമായ് വസിക്കുന്ന വാസുദേവൻ
താതനും ജനനികൾ ജ്യേഷ്ഠനും കാന്തമാരും
സേനയും സേനാപതിവീരന്മാരും

സേവകപ്രവരനാം സാത്യകിയോടുംകൂടി-
സ്സത്വരം പുറപ്പെട്ടാനംബുജാക്ഷൻ.
ഏറിയ ജനത്തോടുമേറിയ ഘോഷത്തോടു-
മച്യുതൻ തിരിച്ചിതു വ്യോമമാർഗ്ഗേ.
പാണ്ഡവഗൃഹമാകും ഖാണ്ഡവപ്രസ്ഥത്തിങ്കൽ-
പ്പാരാതെയെഴുന്നള്ളി ലോകനാഥൻ.
കൃഷ്ണൻതന്നരുളാലേ നിർമ്മലൻ ധർമ്മാത്മജൻ
യാഗവുമനുഷ്ഠിച്ചു ശാലപുക്ക."

## സുഭദ്രാഹരണം (പതിന്നാലുവൃത്തം)

ഇതു് ഇരയിമ്മൻ തമ്പിയുടെ "പാതിവ്രത്യമിയലും പാർവ്വതിദേവിതന്നെ" എന്നാരംഭിക്കുന്ന സുപ്രസിദ്ധമായ സുഭദ്രാഹരണം കൈകൊട്ടിപ്പാട്ടിൽനിന്നു ഭിന്നമാകുന്നു. കവിത അതുപോലെ രമണീയമല്ലെങ്കിലും ആകെക്കൂടി തരക്കേടില്ല. കവി മേല്പത്തൂർ ഭട്ടതിരിയുടെ സുഭദ്രാഹരണം പ്രബന്ധത്തെ ഉപജീവിച്ചിട്ടുണ്ടു്. സുഭദ്രയുടെ പാണിഗ്രഹണംവരെയുള്ള കഥയേ പ്രതിപാദ്യമായിക്കാണുന്നുള്ളു. തദനന്തരമുള്ള യുദ്ധവും മറ്റും വിട്ടിരിക്കുന്നു.

"അംഗനമാർമണിതന്റെ — ഗുണമിങ്ങനെ കേട്ടോരുനേരം
അംഗജസായകമേറ്റു — തന്റെയംഗം മറന്നവൻ നിന്നു.
കൃഷ്ണയിലുള്ളൊരു രാഗം — പോന്നു വൃഷ്ണിശസോദരിതന്നിൽ.
പാലോലും വാണിയെത്തന്നെ — മനതാരിലുറപ്പിച്ചു പാർത്ഥൻ
ഭദ്രയാകുന്ന സുഭദ്രാ — ലാഭമുദ്രയെത്തന്നെക്കരുതി.
യാചിക്കയെന്നതുചിത — മല്ല ശീതാംശുവംശജന്മാർക്കു്.
ചോദിക്കിലല്ലാതെ കിട്ടാ — യെന്നു ലോകപ്രസിദ്ധമുണ്ടല്ലോ.
രാക്ഷസോദ്വാഹമസാധ്യം — നൂനം സാക്ഷാൽ ജഗന്നാഥനോടേ.
മട്ടലർസായകമേറ്റു പാരം ചുട്ടെരിയുന്നന്തരംഗം.
വേദനപോവാനുപായം — ജഗന്നാഥനെസ്സേവിച്ചാലുണ്ടാം.
ഇങ്ങിനെ ചിന്തിച്ചുറച്ചു — ഭിക്ഷുവേഷം ധരിച്ചു വിജയൻ.
ഭദ്രയിലുള്ളൊരു രാഗ — മുള്ളിൽനിന്നു പുറപ്പെട്ടപോലെ
വസ്ത്രങ്ങൾ കാവിയിൽ മുക്കി — രക്തമാക്കിദ്ധരിച്ചു ശരീരേ.
മാരി ചൊരിയും നിശയിൽ — പാരമാകുലമാനസനായി
കോടയേറ്റങ്ങു വിജയൻ — വടകോടരം തന്നിലിരുന്നു;
കൈടഭനാശനചിന്ത — ചെയ്തു കൈവരുവാനഭിപ്രായം."

"മൈത്രേയമുഹൂർത്തത്തിങ്കൽ വൃത്രാരിസുതനെക്കൊണ്ടു
ചിത്രഭാനുദേവൻതന്നെസ്സാക്ഷിയായ്‌വച്ചു
അംഭോജസംഭവസുതൻജംഭാരിസഹജൻതന്റെ
സോദരിതൻ പാണിഗ്രഹമാചരിപ്പിച്ചു."

എന്ന വരികളോടുകൂടി ഈ കൈകൊട്ടിപ്പാട്ടു് അവസാനിയ്ക്കുന്നു.

## അക്ഷയപാത്രം (രണ്ടുവൃത്തം)

“തിരുമാനാംകുന്നിൽത്തിരുനീലകണ്ഠസുതേ തിരുവുള്ളമുണ്ടാകേണം രുചിരതനോ” എന്നിങ്ങനെ ഈ കൃതി ആരംഭിയ്ക്കുന്നു. തിരുമാനാംകുന്ന് എന്നതു് തിരുമാന്ധാംകുന്നുതന്നെ.

## കിരാതം (എട്ടുവൃത്തം)

ഇതു സാമാന്യം ദീർഘവും രചനാമധുരവുമായ ഒരു പാട്ടാണ്. പല സ്ഥലങ്ങളിലും ഈ കൃതിയ്ക്കു പ്രചാരമുള്ളതായറിവുണ്ട്. ശിവൻ പർവ്വതിയോടുകൂടി അർജ്ജുനന്റെ തപോവനത്തിലേയ്ക്കു പുറപ്പെടുന്ന ഭാഗമാണ് ചുവടെ വർണ്ണിച്ചിരിയ്ക്കുന്നതു്.

> “വേടനാരിയുടെ വേഷം കൂടവേ നീ ധരിയ്ക്കേണം
> കാട്ടുതന്നിൽക്കളിയാടി നടക്കാമെന്നാൽ.
> കുന്നു വെല്ലും മുലതന്നിൽക്കുന്നിമാലയണിഞ്ഞാലും
> കുന്നിൽമാതേ! നിനക്കേതും കുസലും വേണ്ടാ
> നീലവർണ്ണം കലരുന്ന ചേലകൊണ്ടങ്ങുടുത്താലും
> നീലിയെന്നുള്ള പേർ പണ്ടേ നിനക്കുണ്ടല്ലോ.
> കൊട്ടയും നല്ലൊരു കോലും കൊണ്ടു പിൻപേ നടന്നാലും
> വേട്ടയാടുന്നതു കണ്ടു വിനോദിച്ചാലും.
> ഇത്ഥമോരോന്നരുൾചെയ്തു മൃത്യുവൈരി വിരവോടേ
> മത്തനാകും കിരാതന്റെ ശരീരം പൂണ്ടു.
> താടിയും മോടിയും മീശക്കൊമ്പുമമ്പുമൊരു വില്ലും
> പേടിയാകും കിരാതന്റെ വിഗ്രഹം കണ്ടാൽ.
> നീലവസ്ത്രം കടീഭാഗേ, പീലിമാല മുടിഭാഗേ,
> നാലു ഭാഗേ നിറഞ്ഞുള്ള കിരാതന്മാരും
> ഗളത്തിൽച്ചങ്ങല കെട്ടിവെളുത്ത നായ്ക്കളുമായി-
> ക്കളിച്ചു പർവതേനിന്നങ്ങിറങ്ങി നാഥൻ”

## കല്യാണസൗഗന്ധികം (ഏകവൃത്തം)

കല്യാണസൗഗന്ധികം ഏകവൃത്തത്തിൽ വിരചിതമായിരിയ്ക്കുന്നു.

> “കല്യാണി വാവാ! കിളിമകളേ! കല്യാണസൗഗന്ധികത്തെച്ചൊല്ലാൻ.
> നല്ലൊരു സമ്പത്തു സംഭവിപ്പാനുള്ളോരു സാധനമല്ലോ ബാലേ!
> എങ്കിലോകേട്ടാലും മങ്കമാരേ! എങ്കൽനിന്നാശു കഥാമൃതത്തെ.”

## കീചകവധം (രണ്ടുവൃത്തം)

ഇതിലെ കവിതയ്ക്കു പറയത്തക്ക ഗുണവും ദോഷവുമില്ല. “വാണീവിനായക ദേശികന്മാർ വാണിടേണമെന്റെ മാനസത്തിൽ” എന്നു പ്രഥമവൃത്തം ആരംഭിയ്ക്കുന്നു. ദ്വിതീയവൃത്തം മഞ്ജരിയിലാണ് രചിച്ചിരിയ്ക്കുന്നതു്.

> “മാരുതനന്ദനനാരുമറിയാതെ
> വാരിജലോചനയോടുംകൂടെ
> നൃത്തഗൃഹത്തിങ്കൽച്ചെന്നിതു മുന്നമേ

ചിത്തേ നിറഞ്ഞോരു കോപത്തോടേ.
തത്ര ബൃഹന്നളതന്നുടെ മെത്തമേൽ
വൃത്രാരിജാഗ്രജൻതാൻ കിടന്നു.
കുഞ്ജരപോതത്തെച്ചാടിപ്പിടിപ്പാനായ്
കുഞ്ഞേ പതിക്കുന്ന സിംഹിപോലെ.
ഏണമിഴിയായ കൃഷ്ണയുമന്നേരം
പ്രാണനാഥന്റെ നിയോഗത്താലേ
കാണണം കള്ളനെക്കൊല്ലുന്നതെന്നോർത്തു
ളുണ്ടും മറഞ്ഞങ്ങരികിൽ നിന്നു. . . . . . . . .
ചെന്തീക്കനൽപോലെ കണ്ണും ചുവപ്പിച്ചു
കുന്തളം ചുറ്റിപ്പിടിച്ചാൻ പിന്നെ.
ഏറ്റം വലിച്ചപ്പോളെന്തിതെന്നോർത്തവൻ
ചെറ്റു വിവാദിച്ചാൻ മാനസത്തിൽ.
പല്ലവകോമളമല്ലയോ പാർക്കുമ്പോൾ
മല്ലാക്ഷിമാരുടെ ദേഹമയ്യോ?
കല്ലിനെക്കാളും കഠിനതരമിതു-
മെല്ലാം വിധിബലമെന്നു നൂനം.
കാമിനീകേശം തലോടുന്ന നേരത്തു
കാമാഗ്നി വർദ്ധിയ്ക്കുമത്രേ പാർത്താൽ.
ചാമെന്നു തോന്നുന്നു കേശം പിടിച്ചപ്പോൾ
രോമങ്ങൾ കൊള്ളുന്നു മുള്ളുപോലെ.
പൊയ്യ് പറഞ്ഞെന്നെച്ചതിച്ചാളിവളയ്യോ
മയ്യൽമിഴിയല്ലിതാരു പാർത്താൽ?"

## ശിവകഥ (നാലുവൃത്തം)

ഇതിലെ കഥ വിചിത്രമാണ്. ശിവക്ഷേത്രങ്ങളിൽ ശാന്തിക്കാരനായിരുന്ന ഒരു ബ്രഹ്മണൻ പല പുണ്യകർമ്മങ്ങളും ചെയ്തുവെങ്കിലും അതോടുകൂടി തന്റെ വൃത്തിയിൽ ആർജ്ജിച്ച പാപംനിമിത്തം അടുത്ത ജന്മത്തിൽ പകൽ മുഴുവൻ പല്ലിയായും രാത്രി മുഴുവൻ രാജാവായും ജീവിക്കേണ്ടിവന്നു.

"ശാന്തികൊണ്ടുണ്ടായ പാതകത്താൽ ജീവിച്ചിതുനൃപൻ ഗൗളിയായി;
രാത്രിയിലീശ്വരചിന്തകൊണ്ടു ധാത്രിയ്ക്കു നാഥനായ് രാത്രിതോറും.
അർക്കനുദിക്കുന്ന നേരത്തിങ്കലക്ഷിതിനാഥനും ഗൗളിയായി.
ചെന്നു ദിനേശൻ മറഞ്ഞാൽപ്പിന്നെ വന്നിടും രാജത്വമെന്നേ വേണ്ടു.
അത്ഭുതംതോന്നുമീ വാർത്തകേട്ടാൽ ചിൽപുമാൻതന്റെവിലാസമെല്ലാം."

എന്നു കവി ഈ ഘട്ടം വർണ്ണിക്കുന്നു. ഒരു രാത്രിയിൽ ആ രാജാവു് ഒരു സന്യാസിയെ കണ്ടുമുട്ടുകയും തനിക്കു കാശിക്കു പോയാൽ കൊള്ളാമെന്നുള്ള ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. സന്യാസി ആ ഭാരം കയ്യേറ്റു തന്റെ ഭസ്മപാത്രത്തിൽ ഉഷഃകാലത്തു പല്ലിയെ അടയ്ക്കുകയും സന്ധ്യയാകുമ്പോൾ രാജാവിനെ തുറന്നുവിടുകയും ചെയ്തുവന്നു. അങ്ങനെ നാലഞ്ചുമാസംകൊണ്ടു് അവർ കാശിയിലെത്തി.

"പുണ്യപ്രദോഷസമയത്തു മോദേന
പുണ്യവാൻ ചെന്നിതു ഗംഗാതടേ.
മന്ദമിറങ്ങിക്കുളിച്ചു വിശുദ്ധനായ്
നന്നായു് വിഭൂതി ധരിപ്പതിന്നായ്
ഭസ്മക്കുടുക്ക തുറന്നോരുനേരത്തു
വിസ്മയം ഗൗളി പുറത്തുചാടി.
ചെന്നു പിടിപ്പാനെടുത്തപ്പോൾപ്പല്ലിയു-
മൊന്നുകുതിച്ചു ജലത്തിൽച്ചാടി.
കൊത്തിബ്ഭുജിച്ചുപോൽ മത്സ്യമാദിയപ്പോൾ
മൃത്യുഞ്ജയൻതന്റെ വൈഭവത്താൽ.
അന്നേരമത്രനിന്നുണ്ടായ തേജസ്സു
ചാലേ ലയിച്ചിതു കാശിതന്നിൽ"

ഈ പാട്ടു വാസ്തവത്തിൽ യുവതികൾ കൈകൊട്ടിക്കളിക്ക് ഉപയോഗിച്ചിരുന്നിരിക്കുവാൻ ഇടയില്ല. ശിവക്ഷേത്രങ്ങളിൽ ശാന്തി കളിക്കുന്നതു് പാപമാണെന്നു കവി പ്രസ്തുതകഥമൂലം കാണിക്കുന്നു എന്നേ കരുതേണ്ടതുള്ളു.

## പൂച്ചചരിതം (മൂന്നുവൃത്തം)

തിരുവാതിരപ്പാട്ടുകൾ ധാരാളമായി ഉത്ഭവിക്കുകയും യുവതികൾ അവ പാടിക്കളിക്കുകയും ചെയ്തപ്പോൾ ഏതോ ഒരു സരസൻ അവരെ അവഹേളനം ചെയ്യുന്നതിനെന്നപോലെ ഈ ചെറിയ കൃതി രചിച്ചു. കോരിക്കുടിക്കുവാൻ പിലാവില കൊണ്ടുവരണമെന്നു ഈച്ച പൂച്ചയോടപേക്ഷിക്കുകയും അതിലേക്കായി പൂച്ച വെളിയിൽ പോവുകയും ചെയ്തു. ഈച്ച ഉടനെ ക്ഷുത്തു സഹിക്കവഹിയാതെ കഞ്ഞിപ്പാത്രത്തിൽ ചാടി കാലന്തുരിലേക്കു യാത്രയായി. പൂച്ച വന്നു നോക്കിയപ്പോൾ ഈച്ച പാത്രത്തിൽ ചത്തു കിടക്കുന്നതായി കാണുകയും കഞ്ഞി മുഴുവൻ കുടിക്കുകയും ചെയ്തു. ഇതാണ് കഥ. "ഒരു ചരിതം ചൊല്വാൻ തുടങ്ങുന്നു ഞാൻ തരുണിജനം പാടിക്കളിച്ചീടുവാൻ" എന്നു ആദ്യവും "അംഗനമാരിതു നല്ല ഭംഗിയോടെ ചൊല്ലീടേണം മംഗലം വരുവാനൊരു സംഗതിയായു് ഭവിച്ചീടും" എന്ന് ഒടുവിലും കവി പറയുന്നു.

"ഒരു ദിവസമീച്ചയിലഗ്രജനും
പെരിയ ബലമുള്ളൊരു പൂച്ചയുമായ്
വിരവിനൊടേ കഞ്ഞി ചമച്ചീടുവാൻ
കരളിലുറച്ചാശു ജലവും കോരി
അരിയുമെടുത്താശു കഴുകിവെച്ചു
ഉരുളിയതിൽ വെള്ളമടുപ്പത്താക്കി
വിറകുനിറച്ചഗ്നിയും കത്തിച്ചുട-
നരിയുമെടുത്തിട്ടു തിളച്ചശേഷം
കറികൾ ചമച്ചീടുവാൻ വേണ്ടുംവണ്ണം
മുതിര വറുത്താശു തിരഞ്ഞുവച്ചു.
ചെറിയൊരിടിച്ചക്കയരിഞ്ഞുചേർത്തു
ഇരുവരുമങ്ങാമോദത്തോടു ചൊന്നാർ."

## കോക്രിത്തത്തയുടെ കഥ

കോക്രിത്തത്തയുടെ കഥയും വായിക്കാൻ രസമുണ്ട്. കുറേ വരികളേ ഉള്ളൂ. പീഠിക കഴിഞ്ഞുള്ള ഭാഗം താഴെ പകർത്തുന്നു. അബദ്ധത്തിൽ തള്ളക്കിളി തന്റെ മകളെ കൊല്ലുന്നതാണ് വിഷയം.

"എങ്കിലോ പണ്ടൊരുനാൾ കോക്രിത്തത്തേടെ തള്ള
ഊക്കോടെ പറന്നൊരു ദിക്കിൽച്ചെന്ന്
നേരോടേ പതിനെട്ടു മണിയുള്ള പയർകൊത്തി
യാരുമേ കാണാതെതാൻ പറന്നുപോന്നു;
നല്ലൊരു പയർമണിയൊന്നവൾ തിന്നുനോക്കി
നല്ലതോയെന്നറിവാനന്നേരത്ത്!
തിന്നതു മറന്നുപോയ്പ്പയർമണിയെണ്ണന്നേര
മൊന്നു കുറവായ്ക്കണ്ടു ചിന്തിച്ചപ്പോൾ,
തിന്നതു മകളെന്നങ്ങോർത്തവൾ കോപത്തോടെ
യന്നേരം തൻമകളെശ്ശണ്ഠയിട്ടു.
മൂധേവി! മുടിവിത്തേ! മൂശിനിയത്തി! യേറെ
ബ്ബന്ധമെന്തിതു മുമ്പിൽത്തിന്നീടുവാൻ?
എന്നെല്ലാമുരചെയ്തു തൻമകൾതന്നെക്കൊന്നു;
അന്നേരം തിന്നതോർത്തു കരഞ്ഞാളല്ലോ.
ഒത്തിതു കോക്രിത്തത്തേ! കരുവെന്നങ്ങവളപ്പോ
ളാർത്തയായ്ക്കരയുമ്പോൾ കഥയും പോയി."

ഇത്രമാത്രമുള്ള വിവരണംകൊണ്ട് ഇത്തരത്തിലുള്ള കൃതികളുടെ ഗുണവും ദോഷവും അനുവാചകന്മാർക്ക് അറിയുവാൻ കഴിയുന്നതാണല്ലോ. സ്ത്രീകൾക്കുവേണ്ടി രചിച്ച ഗാനങ്ങളാകയാൽ അവയിൽ ഭാഷാലാളിത്യം പ്രായേണ കാണാവുന്നതാണ്. അപൂർവം ചില കൃതികൾക്കു മാത്രമേ കാവ്യത്വമുള്ളൂ.

## ജോസഫ്ഫെൻ (960-1010) — ചരിത്രം

ഹിന്ദുമതത്തിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ഒരു കവിയാണ് ചെറുശ്ശേരി ചാത്തുനായർ. അദ്ദേഹം 960-ആമാണ്ടിടയ്ക്കു വടക്കേ മലയാളത്തിൽ ജനിച്ചു. മലയാളവും കുറേ സംസ്കൃതവും ഗുരുമുഖേന അഭ്യസിക്കുകയും ഇംഗ്ലീഷ് സ്വപ്രയത്നം കൊണ്ടു വശമാക്കുകയും ചെയ്തതിനു മേൽ സ്വദേശം വിട്ടു തിരുവനന്തപുരത്തേക്കു പോന്ന് അവിടെ ഒരു ചെറിയ സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചു. കുറേക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കൃത്യനിഷ്ഠാദിഗുണങ്ങൾ കണ്ടു സന്തുഷ്ടരായ അധികാരികൾ അദ്ദേഹത്തെ കോട്ടയത്തു കാര്യക്കാരായി നിയമിച്ചു. അങ്ങനെ അവിടെ താമസിക്കുന്ന കാലത്തു ജോൺ ബെയിലി 1816 ലും ജോസഫ് ഫെൻ 1818 ലും ചർച്ചുമിഷൺസഭയിലെ പാതിരിമാരായി തിരുവിതാംകൂറിൽ വന്നുചേർന്നു. ബെയിലി പീലിപ്പോസിന്റെ വേദപുസ്തക തർജ്ജമ പരിഷ്ക്കരിക്കുന്നതിലും പഴയ നിയമംകൂടി ഭാഷാന്തരീകരിക്കുന്നതിലും വ്യാപൃതനായി. ആ പ്രയത്നത്തിൽ തന്നെ സഹായിക്കുന്നതിനു മറ്റു ചില ഹൈന്ദവപണ്ഡിതന്മാർക്കു പുറമേ ചാത്തുനായരോടും അപേക്ഷിച്ചു. ചാത്തുനായർക്കു ക്രിസ്തുമതത്തിന്റെനേർക്ക് അസാമാന്യമായ പ്രതിപത്തിയുണ്ടായിരുന്നെന്നുമാത്രമല്ല. അദ്ദേഹം ജോസഫ്ഫെന്നിനെ തന്റെ ഒരാചാര്യനെപ്പോലെ ആരാധിക്കുകയും ചെയ്തുവന്നു. തൽഫ

ലമായി കാര്യക്കാരുദ്യോഗം രാജിവെച്ച കോഴിക്കോട്ടു പോവുകയും അവിടെച്ചെന്നു ജ്ഞാനസ്നാനമേറ്റു തന്റെ ആചാര്യന്റെ പേർതന്നെ സ്വീകരിച്ച ജോസഫ് ഫെന്നാ യിത്തീരുകയും ചെയ്തു. ബ്രിട്ടീഷിന്ത്യയിൽ അദ്ദേഹം ഒരു മുൻസിഫായി ഉയർന്ന് 1010-ആമാണ്ടിടയ്ക്കു കൊച്ചിക്കോട്ടയിൽ ആ പണിയിൽ ഇരിക്കവേ മരിച്ചു.

## അജ്ഞാനകുഠാരം

അജ്ഞാനകുഠാരം എന്ന ഭാഷാഗാനം മാത്രമേ ജോസഫ് ഫെന്നിന്റെ കൃതിയാ യി കണ്ടിട്ടുള്ളു. ഒന്നിലധികം വൃത്തങ്ങൾ ഉപയോഗിച്ചു രചിച്ചിരിക്കുന്ന ആ ഗാനം സാമാന്യം ദീർഘമാകുന്നു. ഹിന്ദുമതത്തിലെ പല ആചാരങ്ങളേയും അനുഷ്ഠാനങ്ങ ളേയും കർക്കശമായ രീതിയിൽ വിമർശിക്കുക എന്നുള്ളതാണ് കവിയുടെ ഉദ്ദേശം. ബാലന്മാർക്കുപോലും തന്റെ കവിത സുഗ്രഹമാകണമെന്ന് അദ്ദേഹത്തിന്നാഗ്രഹ മുണ്ടായിരുന്നു.

“ബാലകർപോലും കേട്ടറിവതിനായ്
കാലവിളംബനമെന്നിയൊരല്പം-
പോലും കഠിനപദങ്ങൾ വരാതേ
ചേലൊടു വെള്ളയിലുരചെയ്യുന്നേൻ.”

എന്ന് അദ്ദേഹം പറയുന്നു. കവി ശ്രീകൃഷ്ണനെ അധിക്ഷേപിയ്ക്കുന്നതു താഴെക്കാണുന്ന വിധത്തിലും മറ്റുമാണ്.

“വൃഷ്ണികുലമതിൽ കൃഷ്ണൻ ജനിച്ചു;
തൃഷ്ണയോടെ മുലയുണ്ണുന്നനേരം
പൂതനയെന്നൊരു നരിയെക്കൊന്നു;
പാതകം കംസനാം മാതുലം കൊന്നു;
കട്ടുകവർന്നുണ്ടു പാൽവെണ്ണയെല്ലാം
കട്ടുതുങ്ങിനാനാടകൾ പിന്നെ.”

അയിത്തത്തെ അവഹേളനം ചെയ്യുന്ന ചില വരികൾ നോക്കുക.

“മൂശാരി വാർത്ത തിടമ്പമ്പലംതന്നിൽ
ഘോഷിച്ചുവെച്ചു പൂജിക്കുന്നതുനേരം
ദോഷമുണ്ടാം വിപ്രനെന്നിയേ തൊട്ടീടിൽ
ദോഷമില്ലായതുടഞ്ഞിതെന്നാകിലോ
മൂശാരിതൊട്ടു കുറകൾ തീർത്തീടുന്നു;
മൂശയ്ക്കകത്തിട്ടു വാർപ്പതവനല്ലോ.”

കെട്ടുകല്യാണത്തിന്റെ അർത്ഥശൂന്യതയെ ചുവടേ ചേർക്കുന്ന ഈരടികളിൽ ഉപാ ലംഭനം ചെയ്തിരിയ്ക്കുന്നു.

“പെണ്കെട്ടുകല്യാണമുണ്ടു കോലാഹലം;
പെണ്കൊടിമാർക്കുപകാരം വരുന്നീല.
താലി കെട്ടുന്നോരു കാന്തനഞ്ചാം ദിനം
കൂലി വാങ്ങിക്കൊണ്ടുപേക്ഷിച്ചുപോകുന്നു.”

നാസ്തികന്മാരായ ക്രിസ്ത്യാനികളെപ്പറ്റിയും അദ്ദേഹത്തിന് അവജ്ഞയുണ്ട്.

“ക്രിസ്ത്യാനിയെന്നുള്ള നാമധേയം പൂണ്ടു
ക്രിസ്തുവാരെന്നുമെന്തെന്നുമറിയാതെ
സത്യവേദത്തെയുമോതിപ്പഠിക്കാതെ
നിത്യജീവാപ്തിക്കു മാനസം ചെല്ലാതെ
ചിത്തത്തിനൊത്തവണ്ണം നടന്നങ്ങിനെ
സാത്താന്റെ ഭക്തരായാലനർത്ഥം ഫലം.”

അങ്ങിങ്ങു തത്വോപദേശവും ഇല്ലാതില്ല.

“മർത്ത്യനു ബുദ്ധിയെന്നുള്ളൊരു സാധനം
തത്വം ഗ്രഹിപ്പതിനല്ലയോ തന്നതും?
നേരേതു നേരുകേടേതെന്നു തേറുവാൻ
നേരേ വിചാരമെന്നുള്ളിലൊന്നില്ലയോ?
ചിത്തമേകാഗ്രമായ് നിന്നിതെന്നാകിലോ
സത്വരം ജ്ഞാനാഗ്നിതന്നിൽദ്ദുരിതങ്ങൾ
കത്തിയെരിഞ്ഞുപോം കൈത്തിരികൊണ്ടൊരു
പത്തനമെല്ലാം ദഹിക്കുന്നതുപോലെ.”

ഫെന്നിന്റെ കവിതയ്ക്കു ഒഴുക്കും ഫലിതവുമുണ്ട്. പത്താംശതകത്തിന്റെ അവസാനത്തോടുകൂടിയായിരിയ്ക്കണം പ്രസ്തുത കൃതിയുടെ നിർമ്മിതി.

## ചേകോട്ട് ആശാൻ: (948-1035)

പത്തനംതിട്ടത്താലൂക്കിൽ ഇലന്തൂർപകുതിയിൽ ചേകോട്ടുകുടുംബത്തിൽ ജനിച്ച ഒരു കവിയായിരുന്നു ചേകോട്ട് ആശാൻ. ആശാൻ എന്ന സ്ഥാനം പലരേയും സംസ്കൃതവും ജ്യോതിഷവും പഠിപ്പിച്ചതുകൊണ്ടു കിട്ടിയതാണ്. 948-ൽ ജനിച്ചു; 1035-ൽ മരിച്ചു. സ്വാതിതിരുനാൾ മഹാരാജാവു ചില സമ്മാനങ്ങൾ കൊടുത്തതായി അറിവുണ്ട്. ആശാൻ മുപ്പത്തിനാലുവൃത്തം എന്നു രാമായണം ഇരുപത്തിനാലുവൃത്തത്തെ അനുകരിച്ച് ഒരു കൃതിയും, ഇസ്രായേൽ ഉത്ഭവം അഥവാ യോസേപ്പ് ചരിതം എന്ന തുള്ളൽക്കഥയും രചിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ഉദ്ധരിയ്ക്കാം.

“വേദചരിതം സമുദിതം പറവതിന്നും
ആദിതിരുനായകവിലാസമറിവാനും
മോദമിയലുന്നൊരടിയന്റെ ഹൃദയത്തിൽ
ആദിവചൻ കരുണചെയ്ക ഗുരുനാഥാ.” (മുപ്പത്തിനാലുവൃത്തം)
“വെള്ളപ്പുഴകടേ തീരത്തുണ്ടെന്നവ-
നുള്ളിൽ പ്രസാദേന ചെന്നുനോക്കുംവിധൗ
തുള്ളിക്കളിക്കുന്ന മത്സ്യകൂർമ്മാദിക-
ളല്ലാതെ വെള്ളത്തിലാരെയും കണ്ടില്ല.
വള്ളിക്കുടിലുകൾതള്ളിനോക്കുമ്പൊഴ-
പ്പുള്ളിപ്പുലികൾ കരിമ്പുലിക്കൂട്ടങ്ങൾ
വള്ളിക്കെട്ടിൻമീതിലാടുന്ന മാൻകുട്ടി-
യല്ലാതെ മറ്റൊന്നുമായവൻ കണ്ടില്ല.
പുറ്റിന്നരികത്തടുത്തുനോക്കും വിധൗ
ഈറ്റുസർപ്പമതിൽക്കുട്ടികളോടുമായ്

ചുറ്റിക്കളിച്ചിട്ടു ചീറ്റുന്നതല്ലാതെ
മറ്റൊന്നിനെയുമവിടവൻ കണ്ടില്ല.” (യോസേപ്പുചരിതം)

## ചാക്കോമാപ്പിള

മലങ്കര ക്രിസ്ത്യാനികളുടെ ഇടയിൽ നല്ല പ്രചാരമുള്ള ചില ഗാനങ്ങളുടെ പ്രണേതാവാണ് ചാക്കോമാപ്പിള. ജനനമരണകാലങ്ങൾ അറിവില്ല. അദ്ദേഹത്തിന്റെ ജന്മഭൂമി കോതമംഗലമാണെന്ന് ഊഹിക്കപ്പെടുന്നു. (1) മാർ അല്ലേശുപാന (2) അല്ലേശുനാടകം (3) നിഷിദ്ധപർവ്വം എന്നീ മൂന്നു കൃതികളും ചാക്കോമാപ്പിള തന്നെയാണ് രചിച്ചതു്. അവ കൂടാതെ (4) മാർവർഗ്ഗീസ് പാന (5) ശൂശരാജാക്കളുടെ പാട്ട് (6) ചെറിയ തോബിയാസിന്റെ പാട്ട് എന്നീ കൃതികളും അദ്ദേഹത്തിന്റെ വാങ്മയങ്ങളാണെന്ന് അഭിജ്ഞന്മാർ സങ്കല്പിക്കുന്നു. എഴുത്തച്ഛനെ അനുകരിച്ചു കവിപ്രാവിനെക്കൊണ്ടും അരയന്നത്തെക്കൊണ്ടും മറ്റുമാണ് കഥ പറയിക്കുന്നതു്. മാർ അല്ലേശുപാനയിലെ നാലു പാദങ്ങളും നാലു ഭിന്നവൃത്തങ്ങളിൽ രചിച്ചിരിക്കുന്നു. അതിന്റെ പ്രാരംഭത്തിൽ വന്ദനവും മറ്റും ഘടിപ്പിച്ചിട്ടുണ്ടു്. രണ്ടുദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

“ധനപതിതന്നുടെ പുത്രൻതന്റെ
കല്യാണത്തെക്കണ്ടോണ്ടായോ?
ആനകൾ കുതിരകൾ പല്ലക്കുകളും
ചന്തം ചിന്തിന തണ്ടുകളെന്നിവ
പദവികളേറിന പൗരജനങ്ങൾ
മിത്രന്മാരും സഖികളുമായി
“പുരുഷശിഖാമണിയല്ലേശിനെയും
നളിനവിലോചന കന്യകയേയും
കേവലമങ്ങിത ചമയിക്കുന്നു,
അഞ്ചിതകാന്തികലർന്നെരിയുന്നൊരു
കഞ്ചുകമന്നിരുവർക്കുമണിഞ്ഞു.
ഭാസ്കരബിംബസമാഭരണങ്ങൾ
പരിചിനൊടങ്ങിരുവർക്കുമണിഞ്ഞു.”

“പച്ചമരതകം വച്ചുപതിച്ചുള്ള
മാലയും മാർവിലണിഞ്ഞുവരുന്നൊരു
മെച്ചമേറുമരയന്നമേ വന്നിരി
ഇച്ഛയായുള്ളതു ചൊൽ കഥാശേഷവും.
കൊച്ചുകിടാങ്ങൾ കൊഞ്ചച്ചു ചൊല്ലുന്ന വാ-
ക്കിച്ഛയേറുമറിവുള്ളവർ കേൾക്കുമ്പോൾ
എന്നപോലേ കരുതീടണമെന്നെയു-
മെന്നാൽപ്പറയാം കഥയിതിൻശേഷവും.”

## ചില ഗദ്യകൃതികൾ

## പൗലീനോസ് പാതിരി (923-981) –ജീവിതം

പൗലീനോസ് യൂറോപ്പിൽ ഓസ്ത്രിയരാജ്യത്തു പിനോനിയാ (Pinonia) എന്ന ഗ്രാമത്തിൽ 1748 ഏപ്രിൽ 23-ആനു (കൊ.വ. 923) ജനിച്ചു. ജോൺ ഫിലിപ്പ് വെസ്ഡിൻ (Wesdin) എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പേർ. കർമ്മലീത്താ (കർമ്മേലൈൻ) സഭയിലെ അംഗമായതിനു മേലാണ് പൗലീനോ ഡി സൻ ബർത്തോലോമിയോ (Paulino De San Bartolomeo) എന്ന നാമധേയം സ്വീകരിച്ചതു്. ആ പേർ ചുരുക്കി പൗലീനോസ് എന്നും പൗലി (Pauli; Paoli) എന്നും അദ്ദേഹത്തെ പറയാറുണ്ടു്. പൗലീനോസ് പ്രാഗിലേയും (Prague) റോമ്മയിലേയും വിശ്വവിദ്യാലയങ്ങളിൽ പഠിച്ചു. 1777-ൽ വരാപ്പുഴെ വന്ന് അവിടത്തെ കർമ്മലീത്താപ്പള്ളിയിൽ താമസം ആരംഭിച്ചു.

(1) ലെത്തീൻ, (2) ഇത്താലിയൻ, (3) ജർമ്മൻ, (4) ഫ്രഞ്ച്, (5) ഇംഗ്ലീഷ്, (6) സുറിയാനി, (7) സംസ്കൃതം, (8) മലയാളം, (9) തമിഴ് എന്നീ ഭാഷകളിലും വിശേഷിച്ചു ഹിന്ദുമതഗ്രന്ഥങ്ങളിലും പ്രശംസനീയമായ പാണ്ഡിത്യം സമ്പാദിച്ച അദ്ദേഹം പതിമ്മൂന്നു കൊല്ലം വരാപ്പുഴയിൽ കഴിച്ചു കൂട്ടി.

1758–ൽ സിംഹാസനാരൂഢനായ തിരുവിതാംകൂർ രാമവർമ്മ മഹാരാജാവിനു വൈദുഷ്യനിധിയായ അദ്ദേഹത്തിന്റെ പേരിൽ അസാധാരണമായ കാരുണ്യമുണ്ടായിരുന്നു. 1774–ൽ അന്നു മാർപ്പാപ്പയായിരുന്ന ക്ലെമന്റ് പതിന്നാലാമൻ ക്രിസ്ത്യാനികളുടെ നേർക്ക് ആ മഹാരാജാവിനുണ്ടായിരുന്ന വാത്സല്യത്തിനു കൃതജ്ഞത പ്രദർശിപ്പിച്ചുകൊണ്ടു് അയച്ച സന്ദേശം 1780–ൽ പൗലീനോസാണ് പത്മനാഭപുരത്തുകൊണ്ടു ചെന്നു സമർപ്പിച്ചതു്. 962-ൽ നമ്മുടെ പാതിരിക്ക് ഒരു വീരശൃംഖല മഹാരാജാവു സമ്മാനിച്ചു. ഇംഗ്ലീഷുഭാഷയിലെ ശബ്ദവിഭാഗങ്ങൾ അദ്ദേഹത്തിൽനിന്നു ഗ്രഹിച്ചപ്പോൾ അദ്ദേഹത്തെ തന്റെ ഒരു ഗുരുവായിപ്പോലും അംഗീകരിച്ചു. മഹാരാജാവിന്റെ ആജ്ഞയനുസരിച്ചു പാതിരി ഒരു മലയാളം – ഇംഗ്ലീഷ് – പോർത്തുഗീസ് നിഘണ്ടു നിർമ്മിക്കുകയുണ്ടായി. കേരളത്തേയും പ്രത്യേകിച്ചു തിരുവിതാംകൂറിനേയും പരാമർശിക്കുന്ന പല കാര്യങ്ങൾ അദ്ദേഹം ഇൻഡ്യാ യാത്ര (A Voyage to the East Indies) എന്നും പൗരസ്ത്യരായ ഇൻഡ്യയിലെ ക്രിസ്ത്യാനികൾ (India Orientalis Christiana) എന്നുമുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തീട്ടുണ്ടു്. അവയിൽ ആദ്യത്തെ ഗ്രന്ഥം ഇംഗ്ലീഷിൽ വിവർത്തനംചെയ്തിട്ടുള്ളതും സുപ്രസിദ്ധവുമാണ്. അതിൽ മലയാളഭാഷാസാഹിത്യത്തെപ്പറ്റി ഒരു രസകരമായ അധ്യായമുണ്ടു്. ആ അധ്യായത്തിൽ അധ്യാത്മരാമായണം കിളിപ്പാട്ട്, രാമായണം ഇരുപത്തിനാലുവൃത്തം, ശിവപുരാണം കിളിപ്പാട്ട് എന്നീ കൃതികളിൽനിന്ന് ഓരോ ഭാഗം ഉദ്ധരിച്ചു ചേർത്തിരിക്കുന്നു.

1789-ൽ പാതിരി തിരിയെ യൂറോപ്പിലേയ്ക്കു മടങ്ങി. റോമ്മയിൽ വിദേശമിഷ്യനറിമാരുടെ മതപരിശീലനത്തിനുള്ള കലാലയത്തിൽ പൗരസ്ത്യഭാഷകളുടെ പ്രൊഫസർ എന്ന സ്ഥാനത്തിൽ ആരൂഢനായി. ആ കലാലയത്തിന്റെ കാര്യദർശിയായും അദ്ദേഹത്തെത്തന്നെ അധികാരികൾ നിയമിച്ചു. റോമ്മയിലെ "വോൾസിയൻ അക്കാഡമി" എന്ന പണ്ഡിതപരിഷത്തിലെ ഫെല്ലോസ്ഥാനവും പാരീസ്സിലേയും നേപ്പിൾസിലേയും 'അക്കാഡമി ഓഫ് സയൻസ്' എന്ന വിദ്വൽ സമിതിയിലെ മെമ്പർസ്ഥാനവും അവയ്ക്കെല്ലാം മകുടം ചാർത്തുമാറു മാർപ്പാപ്പയിൽനിന്നു വികാരി അപ്പോസ്തോലിക് എന്ന ബഹുമതിയും അദ്ദേഹത്തിനു സിദ്ധിച്ചു. പൗലീനോസ് 1806-ആമാണ്ടു ഫിബ്രവരി 7-ആംനു- (കൊ.വ. 981) പരഗതിയെ പ്രാപിച്ചു.

## പാശ്ചാത്യഭാഷാകൃതികൾ

സതതോത്ഥായായിരുന്ന ഈ പാതിരിക്കു പല ഭാഷകളിലും അവയിലെ സാഹിത്യങ്ങളിലുമുണ്ടായിരുന്ന അന്യാദൃശമായ പാണ്ഡിത്യം ആരെയും വിസ്മയിപ്പിച്ചിരുന്നു. കേരളത്തിൽ വന്നിട്ടുള്ള പാശ്ചാത്യന്മാരായ മിഷ്യനറിമാരിൽ അദ്ദേഹത്തെക്കാൾ വൈദുഷ്യം സമ്പാദിച്ചവർ ആരുംതന്നെയുണ്ടായിട്ടില്ലെന്നു ധൈര്യമായി പറയാം. അദ്ദേഹം ആകെ ഇരുപത്തിനാലു കൃതികൾ രചിച്ചിട്ടുള്ളതായി പറയുന്നു. അവയിൽ പതിനൊന്നു ഗ്രന്ഥങ്ങൾ റോമ്മയിൽ അച്ചടിപ്പിച്ചു. ആ ഗ്രന്ഥങ്ങളുടെ പേരുകൾ താഴെച്ചേർക്കുന്നു. പ്രായേണ ലത്തീൻഭാഷയിലാണ് പൗലീനോസ് തന്റെ കൃതികൾ നിർമ്മിച്ചിട്ടുള്ളതെങ്കിലും അവയിൽ സന്ദർഭവശാൽ പല മലയാളവാക്കുകളും ഇടകലർത്തീട്ടുണ്ട്. മലയാളം ചതുരവടിവിലാണ് ആ വാക്കുകളുടെ അച്ചടി.

(1) അമരകോശം (1798) (2) സിദ്ധരൂപം (1790) (3) ബ്രാഹ്മണമതവിവരണം (Systema Brahmanicum – 1791) (ഇതിൽ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ഒരു പടം ചേർത്തിട്ടുണ്ട്) (4) പ്രോപ്പഗാന്ത എന്ന വേദപ്രചാരണാലയത്തിലെ ഭാരതീയ ഹസ്തലിഖിതഗ്രന്ഥങ്ങളുടെ വിവരണം (A Treatise on the Indian MSS to the Library of the congregation de Propaganda fide – 1792) (5) കർദ്ദിനാൾ ബോർജ്ജിയയുടെ മ്യൂസിയത്തിലുള്ള മലയാളം, ഹിന്ദുസ്ഥാനി മുതലായ ഭാഷകളിലെ ഹസ്തലിഖിതഗ്രന്ഥങ്ങളുടെ വിവരണം (A Treatise on the MSS in the Penang, Siamaese, Malayalam and Hindustani Languages – 1793) (6) പൗരസ്ത്യരായ ഇൻഡ്യൻക്രിസ്ത്യാനികൾ (India Orientalis Christiana – 1794) (7) പ്രാചീനഭാരതം (A Treatise on Ancient India – 1795) (8) ഇൻഡ്യായാത്ര (A voyage to the East Indies – 1796) (9) അർണ്ണോസ് പാതിരിയുടെ വകയായുള്ള ഹസ്തലിഖിതഗ്രന്ഥങ്ങളുടെ വിവരണം (De Codicibus Indicio Manuscript R. P. Jonnis Hanxlden – 1799) (10) പേർഷ്യൻ, സംസ്കൃതം, ജർമ്മൻ ഈ ഭാഷകൾക്കുള്ള പഴക്കവും പരസ്പരബന്ധവും (A Treatise on the Antiquity and Affinity of Persian, Sanskrit and Geramn Languages – 1799) (11) മലയാളത്തിലെ പഴഞ്ചൊല്ലുകൾ (Adagia Malabarica – 1790) ഇവയാണ് അച്ചടിച്ച പുസ്തകങ്ങൾ. ഇവ കൂടാതെ (12) Viaggio Alle India Orientali—1796 (13) Monumenti Indici del nunsio namano—1799 (14) De Latin Sermonis (15) Bibliotheca Indica (16) Opus Moraleet Manuscripta (17) Commentarium Super quinque Praccipua attributa Dei Contra Politheismum ഇങ്ങനെ വേറെയും അനേകം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ വകയായി ഉണ്ടെന്ന് അഭിജ്ഞന്മാർ പറയുന്നു. ആധുനികരീതിയിലുള്ള ഭാഷാശാസ്ത്രപഠനരീതിയുടെ ഉപജ്ഞാതാക്കന്മാരിൽ പ്രഥമഗണനീയനായി പൗലീനോസിനെ പരിഗണിക്കേണ്ടതാണ്.

## മലയാളകൃതികൾ

ഭാഷയിൽ പാതിരി (1) ത്രേസിയാചരിതം (2) ദേവഷഡ്ഗുണം എന്നീ രണ്ടു പദ്യകൃതികളും (3) ക്രുദാശപ്പുസ്തകം (4) എട്ടുദിവസത്തെ ധ്യാനം (5) ദിവ്യജ്ഞാനലബ്ധിക്കുള്ള സരണി എന്നീ ഗദ്യകൃതികളും (6) മലയാളവ്യാകരണം (7) അക്ഷരമാലാവിസ്താരം എന്നീ വ്യാകരണഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതായി പറയുന്നു. ഇവയിൽ ഒടുവിലത്തെ രണ്ടു ഗ്രന്ഥങ്ങളും കണ്ടുകിട്ടിയിട്ടില്ല. ഗദ്യഗ്രന്ഥങ്ങൾ സംസ്കൃതപ്രധാനങ്ങളാക

യാൽ ആരും ഉപയോഗിയ്ക്കാറുമില്ല. ദേവഷഡ്ഗുണം ദൈവത്തിന്റെ ആറു ഗുണങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു ഗാനമാണ്. ത്രേസിയാചരിതം അതിനെക്കാൾ ഒന്നുകൂടി നന്നായിട്ടുണ്ട്. അതിൽനിന്നു ചില വരികൾ ചുവടേ ചേർക്കുന്നു.

"അഖിലശാസ്ത്രചിത്രം പരമജ്ഞാനമിത്രം
മഖണ്ഡഗുണമാത്രം കരുണാപൂർണ്ണപാത്രം
സർവകാരണം നിത്യം സർവവ്യാപകം ഭവ്യം
സർവേശമധോമുഖം സാദരം നമാമ്യഹം.
ത്രേസിയാ മമ മാതാപുണ്യചരിത്രം ചിത്രം
വക്ത്രം മേ ജ്ഞാനം ദേഹി സകലജ്ഞാനമിത്ര!"

ഈ വരികൾ കൃതിയുടെ ആരംഭത്തിലുള്ളതാകുന്നു. അവസാനത്തിലെ ചില ഈരടികൾകൂടി പകർത്താം.

"വിപ്രാദിനീചരോളം സമസ്ത കേരളന്മാർ
വിവിധഭാഗത്തിങ്കൽചെയ്യുന്ന ദിനംതോറും.
എത്രയും ശുഭേ ബാലേ കരുണാകരീ കന്യേ
ത്രേസിയേ പങ്കം നീക്കിഗ്ഗുണം നല്കുക നാഥേ!
വേദാർത്ഥവിനാശനം വരുത്തും രിപുക്കളെ
വേദഗുരുനിതംബേയമർത്തിക്കൊള്ളേണമേ.
സാധുത്വം ദാനശീലം സുജ്ഞാനം ദൈവഭീതി
ചാരുസ്വഭാവം മോക്ഷേ സുഖിച്ചീടുവാൻ യത്നം."

## പഴഞ്ചൊല്ലുകൾ

മലയാളത്തിലെ പഴഞ്ചൊല്ലുകളെപ്പറ്റി ഒരു ഗ്രന്ഥം പാതിരി രചിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചുവല്ലോ. അതിൽ നൂറ്റിൽപ്പരം പഴഞ്ചൊല്ലുകൾ ലത്തീൻപ്പരിഭാഷയോടുകൂടി സമാഹരിച്ചുചേർത്തിട്ടുണ്ട്. "പഴഞ്ചൊല്ലിൽ പൊളിയുണ്ടെങ്കിൽ പാലും കൈയ്ക്കും" എന്ന് ആദ്യമായി പറയുന്നു. അതിലെ പദ്യമായ ഒരു ഭാഗംകൂടി ഉദ്ധരിക്കാം.

"മക്കളില്ലാഞ്ഞാൽ മനവുമതിരുളേ
മക്കളുമിരുളേ പൊരുളില്ലാഞ്ഞാൽ
വിദ്യയില്ലാഞ്ഞാൽ മനവുമതിരുളേ
വിദ്യയുമിരുളേ പൊരുളില്ലാഞ്ഞാൽ
നാരിയില്ലാഞ്ഞാൽ വീടുമതിരുളേ
നാരിയുമിരുളേ വാ കടുതായാൽ."

"ഉമാ കാത്യായനീ ഗൗരീ കാളീ ഹൈമവതീശ്വരീ. . . . . . . . . ചണ്ഡികാംബികാ" എന്ന അമരസിംഹവചനം ബ്രാഹ്മണമതവിവരണത്തിൽ ചേർത്തിട്ടുണ്ട്. ചന്ദ്രോദയം സ്നാനപർവം മുതലായി ചില ഭാഷാഗ്രന്ഥങ്ങളിൽനിന്ന് അദ്ദേഹം ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ട്.

"ചെമ്പകപ്പൂഞ്ചോല തന്നിലങ്ങു
ചെമ്മേ സുഖിച്ചു തൻകാന്തനോടും

ഒന്നിച്ചുതന്നെ മരുവിടുന്നാൾ
സുന്ദരി പൈങ്കിളിപ്പെണ്കിടാവേ”

എന്നീ വരികൾ സ്ഥാനപർവത്തിലുള്ളതാണത്രേ. ഈ ഗ്രന്ഥങ്ങൾ ഇക്കാലത്ത് അലഭ്യങ്ങളായിരിക്കുന്നു.

ആകെക്കൂടി നോക്കുമ്പോൾ ഭാഷയുടെ പരമോപകർത്താക്കളിൽ ഒരാളായി പൗലീനോസ് പാതിരി പരിലസിക്കുന്നു. നൂറ്റൻപതു കൊല്ലങ്ങൾക്കുമുമ്പ് മലയാളം എന്നൊരു ഭാഷയും അതിനു മനോജ്ഞമായ ഒരു സാഹിത്യവുമുണ്ടെന്നു യൂറോപ്യന്മാരെ മനസ്സിലാക്കിച്ചത് അദ്ദേഹമാണല്ലോ.

## കരിയാട്ടി യൗസേപ്പ മെത്രാൻ (917-962) – ചരിത്രം

ആലങ്ങാട്ടുപകുതിയിൽ ആലങ്ങാട്ടു അങ്ങാടിയിൽ കരിയാട്ടിവീട്ടിൽ പൈലി, മറിയം എന്നീ ദമ്പതിമാരുടെ ദ്വിതീയസന്താനമായി 1742 മെയ് 5 – ആംനു – ജനിച്ച ഒരു പുരുഷകേസരിയാണ് യൗസേപ്പ്. ബാല്യത്തിൽത്തന്നെ ആലങ്ങാട്ടു സെമ്മിനാരിയിൽ സുറിയാനി, ലത്തീൻ, പോർത്തുഗീസ് തുടങ്ങിയ ഭാഷകൾ അഭ്യസിച്ചു. തദനന്തരം ഉപരിവിദ്യാഭ്യാസത്തിന്നായി 1755-ൽ റോമ്മയിലേക്കു പോയി. അവിടെ പതിനൊന്നു വർഷകാലത്തോളം പഠിച്ചു പല ശാസ്ത്രങ്ങളിൽ അഗാധമായ വിജ്ഞാനം സമ്പാദിച്ച് 1766 ഏപ്രിൽ 2-ആംനു- പ്രോപ്പഗന്താ സർവകലാശാലയിൽനിന്നു ഡി.ഡി. എന്ന ഉൽകൃഷ്ടബിരുദം നേടി സ്വദേശത്തേക്കു തിരിയെപ്പോരികയും ആലങ്ങാട്ടു സെമ്മിനാരിയിലെ പ്രധാനാധ്യാപകനായി നിയമിക്കപ്പെടുകയുംചെയ്തു. മലങ്കരനസ്രാണിസഭയിൽ പലകാരണങ്ങളെക്കൊണ്ടും വേർതിരിഞ്ഞുപോയ പഴയ കൂറ്റുകാരേയും (Catholic Syrians) പുത്തൻകൂറ്റുകാരേയും (Jacobite Syrians) തമ്മിൽ യോജിപ്പിക്കുന്നതിനുവേണ്ടി ജീവിതാർപ്പണം ചെയ്യുവാൻ ആ പണ്ഡിതവര്യൻ നിശ്ചയിച്ചു. സഭയിലുള്ള അന്തച്ഛിദ്രത്തിനു മാർപ്പാപ്പമുഖാന്തരവും പോർത്തുഗൽ രാജാവുമുഖാന്തരവും ശമനം വരുത്തിക്കാണവാനുള്ള അത്യാശയാൽ 1777-ആമാണ്ട് ഒടുവിൽ വീണ്ടും റോമ്മയിലേക്കു പുറപ്പെടുകയും 1778 ഒക്ടോബർ 14-ആംനു – മദിരാശിയിൽനിന്നു കപ്പൽകയറി 1780 ജനുവരി 3-ആംനു- റോമ്മയിൽ എത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ സഭാപ്രവർത്തനങ്ങളെപ്പറ്റി ഇവിടെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യമില്ല. ലിസ്ബണിൽവെച്ച് 1782 ജൂലായ് 16-ആംനു- അദ്ദേഹം കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. 1786-മേയ് 1-ആംനു- ഗോവയിൽ തിരിച്ചെത്തി. അവിടെവെച്ച് ആ കൊല്ലം സെപ്റ്റംബർ 8-ആംനു- (കൊ.വ. 962) 45-ആമത്തെ വയസ്സിൽ യശശ്ശരീരനായി. അദ്ദേഹത്തിനു (1) മലയാളം (2) തമിഴ് (3) കർണ്ണാടകം (4) സംസ്കൃതം (5) സുറിയാനി (6) ലത്തീൻ (7) പോർത്തുഗീസ് (8) ഇത്താലിയൻ (9) ഫ്രഞ്ച് എന്നീ ഭാഷകൾ സ്വാധീനമായിരുന്നുവെന്നും മലയാളത്തിനുപുറമേ സുറിയാനിയിലും ലത്തീനിലും പോർത്തുഗീസിലും ഉണ്ടായിരുന്ന പാണ്ഡിത്യപ്രകർഷം അദ്ദേഹം രചിച്ചിട്ടുള്ള ചില പ്രബന്ധങ്ങളിൽ നിന്നു അനുമാനിക്കത്തക്കതാണെന്നും അറിവുള്ളവർ പറയുന്നു.

## വേദതർക്കം

കരിയാട്ടി മെത്രാൻ മലയാളത്തിൽ വേദ തർക്കം എന്ന പേരിൽ ഒരു ഗദ്യഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അതിലെ വിഷയം കൃസ്തീയസഭയിൽ പല അധികാരികൾ ഒരു

കാലത്തും ഉണ്ടായിട്ടില്ലെന്നും ഏകാധികാരി പത്രോസും പത്രോസിന്റെ അനുഗാമിയായ മാർപ്പാപ്പയും മാത്രമാണെന്നുമാകുന്നു. ആ ഗ്രന്ഥം അദ്ദേഹം 1768-ൽ ആലങ്ങാട്ടുവച്ചെഴുതി. അതിൽനിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

"ആദിതൊട്ടു മിശിഹാ വരുവോളം പല തലവന്മാരായിവാണു എങ്കിലും ഒരു കാലത്തിൽ ഒരു കൂട്ടത്തിനു രണ്ടു തലവന്മാര് ഒരുനാളും വാണിട്ടില്ലെന്നു വിശ്വാസമായിട്ട് എഴുത്തു പെട്ടിരിക്കുന്നു. ഓരോരോ കാലങ്ങളിൽ ഓരോരോ തലവന്മാരത്രേ ആകുന്നു. ഇതെന്തേ? ഒരു നാട്ടിനു രണ്ടു രാജാവായാൽ തമ്മിൽ പിണങ്ങി രാജിതം ക്ഷയിച്ചുപോകും. എന്നപോലെ ഒരു വീടിനു രണ്ടശ്ചന്മാരായാൽ തങ്ങളിൽ പിണങ്ങി വീടു ക്ഷയിച്ചുപോകും. അതുകൊണ്ട് ഒരു നാട്ടിനു രണ്ടു രാജാവും ഒരു വീട്ടിനു രണ്ടശ്ചനും ഒരു ശരീരത്തിനും രണ്ടു തലയും ന്യായമാകുന്നില്ല; എന്നപോലെ സകലമാനുഷരേയും രക്ഷിപ്പാനായിട്ടു സകലനാഥൻ മാനുഷനായി പിറന്നാലേ തന്റെ മാർഗ്ഗന്യായം താൻതന്നെ പഠിപ്പിച്ചു സർവ്വനേർവ്വഴി സമ്മതിച്ചു കൂടിയ സർവ്വവിശ്വാസക്കാരാകുന്ന നസ്രാണികളുടെ സഭക്കൂട്ടമാകുന്ന ശുദ്ധമാന കാതോലിക്കാപള്ളിയുടെ മുമ്പിലത്തേത്തലവനും ഇടയനും വികാരിയും അടിസ്ഥാനവും മിശിഹാതമ്പുരാൻതന്നെയായിരുന്നു."

## പാറേമ്മാക്കിൽ തോമ്മാക്കത്തനാർ (912-974) ചരിത്രം

മീനച്ചൽത്താലൂക്കിൽ രാമപുരം പകുതിയിൽ കടനാട്ടുകരയിൽ പാറേമ്മാക്കിൽവീട്ടിൽ 1736 കന്നി 10-ആനു (കൊ.വ. 912) കുരുവിള, അന്ന ഈ ദമ്പതിമാരുടെ നാലാമത്തെ സന്താനമായി ജനിച്ച മറ്റൊരു കൈരളീസേവകനാണ് തോമ്മാ. മീനച്ചൽ ശങ്കരൻകർത്താവിനോടു മൂന്നുവർഷം സംസ്കൃതവും കാനാട്ട് അയ്യകത്താനാരോടും വീണ്ടും മൂന്നുവർഷം സുറിയാനിയും അഭ്യസിച്ചു. പിന്നീടു യഥാവിധി ആലങ്ങാട്ടു സിമ്മനാരിയിൽ ലത്തീനും പോർത്തുഗീസും പഠിച്ചു. 1761-ൽ കത്തനാരായും 1768-ൽ കടനാട്ടു പള്ളിയിലെ വികാരിയായും പണി നോക്കി. അക്കാലത്താണ് കരിയാട്ടി യൗസേപ്പുമല്പാൻ റോമ്മയിൽനിന്നു സ്വദേശത്തെത്തിയത്. 1778 മുതൽ 1786 വരെ അവർ ഒരുമിച്ചു വിദേശപര്യടനം നടത്തി. യൗസേപ്പുമെത്രാൻ മരിക്കുന്നതിനു മുൻപുതന്നെ നമ്മുടെ കത്തനാരെ കൊടുങ്ങല്ലൂർ രൂപതയുടെ ഗവർണ്ണരാക്കി. അന്ന് ആ രൂപതയുടെ വിസ്തീർണ്ണത തിരുവനന്തപുരംമുതൽ കണ്ണൂർവരെ വ്യാപിച്ചിരുന്നു. ഗവർണ്ണർ അങ്കമാലിയിൽ താമസിച്ചു ഭരണം നടത്തിവരവേ ടിപ്പുസുൽത്താന്റെ ആക്രമണംനിമിത്തം 1790-ൽ അവിടെന്നിന്നു തലസ്ഥാനം വടയാറ്റുപള്ളിയിലേക്കു മാറ്റി. 1798-ൽ വാതരോഗം ആരംഭിക്കുകയാൽ സ്വദേശമായ രാമപുരത്തേക്കുതന്നെ പോരികയും അവിടെവച്ച് 1799 മാർച്ച് 20 – ആംനു – (കൊ.വ. 974) പരഗതിയെ പ്രാപിക്കുകയും ചെയ്തു.

## വർത്തമാനപ്പുസ്തകം

തോമ്മാക്കത്തനാർ (1) വർത്തമാനപ്പുസ്തകം (2) ക്രിസ്താനുകരണം എന്നിങ്ങനെ രണ്ടു ഗദ്യഗ്രന്ഥങ്ങൾ ഭാഷയിൽ രചിച്ചിട്ടുണ്ട്. വർത്തമാനപ്പുസ്തകത്തിനു റോമ്മായാത്രയെന്നും പേർ പറയുന്നു. ഇതിൽ രണ്ടു ഭാഗങ്ങൾ അടങ്ങീട്ടുണ്ട്. ഒന്നാംഭാഗം 1780 കന്നി 1-ആംനു-യാണ് കുറ തീർത്തത് എന്നു ഗ്രന്ഥകാരൻ അതിലെഴുതിച്ചേർത്തിട്ടുള്ള മുഖവുരയിൽനിന്നു ഗ്രഹിക്കാവുന്നതാണ്. "1773-ആംകാലം മാർഫ്ലൊരെൻസിയോസ് അരയപ്പൊല്ലീസ് എന്ന മെത്രാൻ മരിച്ചപ്പോൾ മലങ്കര ഇടവക

യിലുണ്ടായിരുന്ന കാര്യം തൊട്ടു നമ്മുടെ വിശേഷം തുടങ്ങുകയും ചെയ്യുന്നു" എന്ന് അദ്ദേഹം ആ മുഖവുരയിൽ വിഷയസൂചന നൽകിട്ടുണ്ട്. 1785 വരെയുള്ള ചരിത്രം മാത്രമല്ല 1786-ൽ മെത്രാനും ഗ്രന്ഥകാരനും ഗോവയിൽ എത്തുന്നതുവരെയുള്ള ചരിത്രവുംകൂടി അതിൽ ഉൾക്കൊള്ളിച്ചുകാണുന്നു. അതിൽപ്പിന്നീടുള്ള വൃത്താന്തങ്ങളാണ് രണ്ടാം ഭാഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. രണ്ടാംഭാഗം 1100-മാണ്ടു പോലും കണ്ടിട്ടുള്ളവരുണ്ട്; ഇപ്പോൾ എവിടെയാണെന്നു നിശ്ചയമില്ലാതെയിരിക്കുന്നു. ഒന്നാംഭാഗത്തിൽ എഴുപത്തിനാലദ്ധ്യായങ്ങളേ കണ്ടുകിട്ടീട്ടുള്ളു. ഇടയ്ക്കു ചില പൊടിവുകളുള്ളതുകൊണ്ട് എൺപതു അധ്യായങ്ങളോളം കണ്ടേക്കാമെന്നു ചിലർ ഊഹിക്കുന്നു. അധ്യായത്തിനുപകരം 'പദം' എന്ന സംജ്ഞയാണ് ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

## വർത്തമാനപ്പുസ്തകത്തിന്റെ സ്വരൂപം

തോമ്മാക്കത്തനാരുടെ പ്രസ്തുത കൃതി ഏതു നിലയ്ക്കു നോക്കിയാലും കൈരളിയ്ക്കു ഒരു കനകാഭരണമെന്നുതന്നെ പറയേണ്ടതാണ്. ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം, ത്യാജ്യഗ്രാഹ്യവിവേചനാസാമർത്ഥ്യം, വിവരണവൈദഗ്ധ്യം മുതലായ സിദ്ധികൾക്കു എവിടെയും ഉദാഹരണങ്ങൾ കാണാം. സംസ്കൃതപ്രധാനമായ ഒരു ശൈലിയല്ല അദ്ദേഹത്തിന്നുള്ളത്; പ്രത്യുത അന്നത്തെ സർക്കാരെഴുത്തുകുത്തുകളിലും മറ്റും പ്രചുരപ്രചാരമായിരുന്ന ഒരുതരം ഭാഷാരീതിയാണ്. യാത്രാവിവരണത്തിന് ഏറ്റവും യോജിച്ച ഒരു രീതിതന്നെയാണ് അത് എന്നുള്ളതിന് സംശയമില്ല. ക്രിസ്ത്യാനികളുടെ ആവശ്യത്തെ പ്രായേണ മുൻനിറുത്തി രചിച്ചിട്ടുള്ള ഒരു ഗ്രന്ഥത്തിൽ അവരുടെയിടയിൽ മാത്രം നടപ്പുള്ള വാക്കുകൾ അങ്ങിങ്ങു കാണാമെങ്കിലും അവയ്ക്കും സന്നിവേശവിശേഷംകൊണ്ട് ഒരുവക സൗഭാഗ്യമാണ് ലഭിച്ചിരിക്കുന്നത്. ആകെക്കൂടി ഭാഷയിലെ ആകർഷകമായ ഒരു ഗദ്യഗ്രന്ഥം എന്നതിനുപുറമെ, അക്കാലത്തെ ദേശചരിത്രം, സമുദായചരിത്രം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പറ്റി അന്യത്ര അസുലഭമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരം എന്ന നിലയിലും വർത്തമാനപ്പുസ്തകം നമ്മുടെ സമഗ്രമായ ശ്ലാഘയെ അർഹിക്കുന്നു. ഒന്നുരണ്ടു ഭാഗങ്ങൾ ഉദ്ധരിച്ച് എന്റെ ആശയം വിശദീകരിക്കാം.

## വേണാട്ടിലെ വലിയ കപ്പിത്താൻ

"തൃപ്പാപ്പൂസ്വരൂപമെന്ന മഹാരാജാവു് ഉടേതമ്പുരാൻ തനിക്ക് അനുവദിച്ച മുഷ്കരത്വത്താലയും വലിമയാലയും മലങ്കര ഒക്കെയും പിടിച്ചതിന്റെ ശേഷം തന്റെ മുഷ്കരത്വത്തിൽ കീൾ ആക്കുന്ന നാടുകളിൽ തന്റെ പടപ്പുരുഷാരമൊക്കെയ്ക്കും ആകമാനമായ വലിയ യജമാനനും ഭരിക്കുന്നവനുമായി എവ്വുസ്താക്കിയോ ബെനദിക്കോസ്സലണവേ എന്ന പേരുകേട്ട ഒരു പ്രാൻസുകാരൻ ആയിരുന്നു. എന്നാൽ ഈ പ്രാൻസുകാരൻ പടത്തായം നല്ലവണ്ണം അറിഞ്ഞിരുന്നു. പടയ്ക്കു വളരെ പരിജ്ഞാനം ഉണ്ടായിരിക്കുകയും ചെയ്കുതുകൊണ്ടു രാജവിന്റെ പടപ്പുരുഷാരത്തെ നല്ലക്രമത്തുംവഴി ഭരിച്ചു മറ്റു മലങ്കരെയുള്ള രാജാക്കളിൽ പലരുടേയും നാടു പിടിച്ചടക്കി രാജാവിന്റെ നാടു വളർമ്മിച്ചതിനെ[5]ക്കൊണ്ടു തന്റെ പ്രയത്നവും വിശ്വാസവും രാജാവു കണ്ടു സമ്മതിച്ചു തന്റെ നാടൊക്കെയും മേലും മുഷ്കരത്വവും യജമാനസ്ഥാനവും തന്റെ രാജിത[6]ത്വത്തിന്റെ നാമത്തിൽ വേണാട്ടുകപ്പിത്താനെന്നുള്ള പേരും തനി

[5] വളർമ്മിക്കുക – വളർത്തുക

[6] രാജിതം – രാജ്യം

ക്ക കൊടുത്തതുമല്ലാതെ തനിക്കും തന്നോടുകൂടെ രാജാവിനും ചിററാഴ്മ[7] ചെയ്യുന്ന ഏറോപ്പാക്കാററു ചിലർക്കും ഇരിപ്പടമായിട്ടു തന്റെ രാജിതത്തിന്റെ തെക്കെ അററുതികളിലുള്ള ഉദയഗിരി എന്ന കോട്ട ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു.”

## കത്തനാരുടെ ദേശാഭിമാനം

“ജാതിമഹത്വം എന്നൊരു വസ്തു എത്ര വലിയ കാര്യമാകുന്നു എന്ന് ഈ ഉണ്ടായതു വിചാരിച്ചാൽ അറികയുമാം. അതെന്തെന്നാൽ ഞങ്ങൾ പലർ ഉണ്ടാകകൊണ്ടും ശേഷം പാതിരിമാര് ആ ദിക്കുകളിൽ നടപ്പാൻ മര്യാദയാകുന്ന സന്നാഹം ഒന്നു കൂടാതെയും പാവപ്പെട്ട ജനങ്ങളെപ്പോലെ ചെന്നിട്ടും അവിടെയുള്ള പാതിരി ബഹുമാനിക്കാഞ്ഞതിന്മേൽ ആ ഇടത്തിലുള്ള വിശ്വാസക്കാർക്കു പാരം സങ്കടം തോന്നുകയും ചെയ്തു.

ഇതു എന്തുകൊണ്ട്? പക്ഷേ മുൻപിൽ ഞങ്ങളുമായിട്ട് അവർക്കുള്ള കണ്ടറിവുകൊണ്ടോ ഞങ്ങൾ ഏതാനും മനഗുണം അവർക്കു ചെയ്തതുകൊണ്ടോ? ആയതു ഒന്നുകൊണ്ടുമല്ല. പിന്നെയോ നാമെല്ലാവരും ഒരു ജാതി അതായത് ഇന്ദിയാകാററ് ആകകൊണ്ടു വർഗ്ഗത്തിന്നടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതിനെക്കൊണ്ടത്രേ.”

“തമ്പുരാനെയുള്ള പേടികൂടാതെ ചുക്കാനില്ലാത്ത കപ്പൽ തനിക്കുള്ള വഴിയറിയാതെ കാററുതന്ന പുറത്തേക്കു പോകുമാറാകുന്നതുപോലെ”, “ആടുമാടുകൾ തങ്ങളുടെ നല്ല മേച്ചിൽസ്ഥലമാകുന്ന പട്ടാങ്ങയെ ഉപേക്ഷിച്ച് ഇടത്തൂടാകുന്ന കാട്ടുമലയിൽ പിണങ്ങിപ്പോയി വ്യാഘ്രത്തിന് ഇരയാകാതെയിരിപ്പാൻ”, “അർദ്ധരാത്രിയിൽ ഒരു കള്ളനെക്കൊണ്ടുപോകുമ്പോലെ ശോഭകേടോടെ”, “കാലം കൈക്കീഴമരാത്തവണ്ണം ചെന്നു കലാശമായിരിക്കുന്ന” എന്നിങ്ങനെയുള്ള ശക്തിമത്തുകളായ വാക്യങ്ങൾ പ്രസ്തുത ഗ്രന്ഥത്തിൽ ധാരാളമുണ്ട്. ദിഷ്ടതി (ഭയം) വേസ്ത (വ്യവസ്ഥ) ഏറക്കുറയെ, മനസ്സല്ലാമനസോടെ, മുന്നൽ നന്ദി മുതലായ പദങ്ങളുടെ നിഷ്പത്തി ശബ്ദാഗമജ്ഞന്മാരുടെ നിഷ്കൃഷ്ടമായ ചിന്തനത്തെ അർഹിക്കുന്നു.

## ക്രിസ്താനുകരണം

തോമസ് അക്കെമ്പീസ് (Thomas Akempis) എന്ന പണ്ഡിതൻ ലത്തീൻ ഭാഷയിൽ രചിച്ചിട്ടുള്ള (Imitation of christ) എന്ന സുപ്രസിദ്ധമായ ഗ്രന്ഥത്തിന്റെ ഭാഷാനുവാദമാണ് ഇത്. ഒന്നുരണ്ടു വാക്യങ്ങൾ ചുവടേ ചേർക്കുന്നു. “ധനശാസ്ത്രങ്ങൾ പഠിച്ചാലും ഗ്രഹിച്ചാലും ഒരു ഫലവുമുണ്ടോ? പട്ടാങ്ങയ്ക്കു ഒരു വസ്തുവുമറിയാതെ അന്നന്നു ദണ്ഡിച്ചുകഴിയുന്ന ഒരു മൂഢൻ നല്ലൂ, തന്നിടം സൂക്ഷിക്കാതെ കണ്ട് ആദിത്യന്റെ ഓട്ടം സൂക്ഷിച്ചു ഗ്രഹശാസ്ത്രം പഠിച്ചിരിക്കുന്ന ഒരു ഫീലസുഫ്യക്കാരനെക്കാൾ എന്നു ബോധിച്ചിരിക്കട്ടെ.”

കത്തനാർ ക്രിസ്തുമതസംബന്ധമായി വേറെയും ചില ഗദ്യപ്രബന്ധങ്ങൾ എഴുതീട്ടുണ്ടെൻറിയുന്നു.

## മററു ചില യൂറോപ്യൻ പാതിരിമാർ

[7] ചിററാഴ്മ – സേവനം

## സ്റ്റീഫൻ പാതിരി

ഇത്താലിയക്കാരനായ സ്റ്റീഫൻ 1700-നും 1769-നും ഇടക്കു ജീവിച്ചിരുന്നു. ഇന്ത്യയിൽ വന്നതിനുമേൽ ഹിന്ദുസ്ഥാനി, തെലുങ്ക, മലയാളം എന്നീ ഭാഷകളിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മലയാളത്തിൽ അദ്ദേഹം നിർമ്മിച്ചതു് ഒരു നിഘണ്ടുവായിരുന്നു.

## ക്ലെമന്റ് പാതിരി

ക്ലെമന്റ് പിയാനിയസ് (Clement Peanius) എന്നാണ് പീഡ്മൊണ്ടുകാരനായ പ്രസ്തുത വൈദികന്റെ പൂർണ്ണമായ നാമധേയം. 1714-ൽ അദ്ദേഹം ജനിച്ചു. സ്റ്റീഫനെപ്പോലെ വരാപ്പുഴയിൽ ഉദ്യോഗമായി താമസിച്ച അദ്ദേഹവും മലയാളത്തിൽ ഒരു നിഘണ്ടു നിർമ്മിച്ചു. അതിനുപുറമെ മലയാളം, സംസ്കൃതം എന്നീ ഭാഷകളിലെ അക്ഷരമാലയെപ്പറ്റി ലത്തീനിൽ ഒരു പുസ്തകവും രചിച്ചിട്ടുണ്ട്. എന്നാൽ പാതിരിയുടെ സർവപ്രധാനമായ കൃതി സംക്ഷേപവേദാർത്ഥമാണ്. അതിനു ലത്തീൻഭാഷയിൽ Compendiosa Legis Explicatio Omnidus Christianis Scitu Neccessaria എന്നൊരു ദീർഘമായ നാമധേയം നല്കിയിരിക്കുന്നു. അതിലെ ആദ്യത്തെ വാക്കു് രൂപാന്തരപ്പെടുത്തി പ്രസ്തുതപുസ്തകത്തിനു 'കുമ്പേന്തി' എന്നും പേർ പ്രചരിക്കുന്നുണ്ട്. ഈ പുസ്തകങ്ങളെല്ലാം പാതിരി റോമ്മയിൽ സർവമുദ്രാലയത്തിൽ (Polyglot Press) മലയാളമച്ചുകൾ ഉണ്ടാക്കി അവിടെ 1772 (കൊ.വ. 947□) -ൽ അച്ചടിപ്പിച്ചു. ക്ലെമന്റും രാമവർമ്മമഹാരാജാവിന്റെ സുഹൃത്തുക്കളിൽ ഒരാളായിരുന്നു. ആ പാതിരി 1782 നവംബർ 9-ആംനു- (958) വരാപ്പുഴ വെച്ചു മരിച്ചു. മലയാളലിപിയിൽ ആദ്യമായി അച്ചടിച്ച പുസ്തകം സംക്ഷേപവേദാർത്ഥമാണ്. 270-ൽച്ചില്വാനം പുറങ്ങളുള്ള ആ പുസ്തകം ചോദ്യോത്തര (ഗുരുശിഷ്യസംവാദ) രൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. അതു് അനേകം പാഠങ്ങളായും കാണ്ഡങ്ങളായും വിഭജിച്ചുകാണുന്നു. ഒടുവിൽ "തമ്പുരാനടുത്ത ഗുണങ്ങളുടെ പ്രകാരങ്ങ" ളും, "രായിലയും സന്ധിക്കും വ്യാപരിക്കേണ്ടും നിഷ്ട (പ്രാർത്ഥന) പ്രകാരങ്ങ" ളും അടങ്ങീട്ടുണ്ട്. ചതുരവടിവിൽ ഭങ്ഗിയായി റോമ്മയിൽ അച്ചടിച്ചുള്ള ആ പുസ്തകത്തിന്റെ പ്രതികൾ ഇപ്പോൾ വളരെ അപൂർവ്വമായേ കണ്ടുകിട്ടുന്നുള്ളു. ഈ ലിപികളുടെ മാതൃക കണ്ടാണ് ബെയിലിസായിപ്പ് പിന്നെയും അരശതാബ്ദത്തോളം കാലം കഴിഞ്ഞു കോട്ടയം സി.എം.എസ്. മുദ്രാലയത്തിലേക്കു് അച്ചുകൾ വാർത്തുണ്ടാക്കിയതു്. ബെയിലിയുടെ മേൽനോട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയ പുതിയ നിയമത്തിലെ ഭാഷയെ അപേക്ഷിച്ചു സംക്ഷേപവേദാർത്ഥത്തിലെ ഭാഷയെ നന്നായിട്ടുണ്ട്. അക്കാലത്തു സർക്കാരെഴുത്തുകൾപോലും നാടോടിഭാഷയിലായിരുന്നു എന്ന് ഓർമ്മിക്കുമ്പോൾ സംക്ഷേപവേദാർത്ഥത്തിലെ ഭാഷാരീതി ശ്ലാഘാവഹമാണെന്നു പറയേണ്ടതുണ്ട്. ഒരു ഭാഗം പകർത്തുന്നു.

"ഗുരു: — കർത്താവിനെ കുരിശിന്മേൽ തറച്ചുകൊൾവാൻ കല്പിച്ചതാരു്?

ശിഷ്യൻ: — യൂദരാജ്യത്തിലെ അധികാരം ആയ പന്തിയോസപീലാത്തോസെന്ന ഒരു ദേഹം മിശിഹാകർത്താവിന്ന ഒരു കുറ്റമില്ലെന്നു ബോധിച്ചറിഞ്ഞുവെങ്കിലും തന്നെ പിടിച്ച കുരിശിന്മേൽ തുക്കിക്കൊള്ളുണമെന്ന വിധി കല്പിക്കുകയും ചെയ്തു.

ഗുരു: — യൂദന്മാരുടെ കൈയിൽനിന്നും പീലാത്തോസിന്റെ വശത്തിൽനിന്നും തന്നെ രക്ഷിപ്പാൻ ഈശോമിശിഹാക്കു നിർവാഹമില്ലാഞ്ഞതോ?

ശിഷ്യൻ: — തന്നെ രക്ഷിപ്പാൻവശമുണ്ടായിരുന്നുവെങ്കിലും നമ്മുടെ രക്ഷയെ പ്രതി താൻ പാട്ടുപ്പട്ടു മരിയ്ക്കണമെന്ന അനാതി ആയ തന്റെ ബാവാടെ തിരുമനസ്സാകുന്നു യെന്നറിഞ്ഞിട്ടു താൻ മനസ്സാല താൻതന്നെ വഴങ്ങി പാടുപ്പെട്ടു മരിച്ചു; എന്നത്ത ന്നെയല്ല, പിന്നെയോ എഴുന്നേറ്റു തന്റെ ശത്രുക്കൾക്ക എതൃത്ത തന്നെ പിടിപ്പാനും കെട്ടുവാനും വന്നവർക്ക നല്ല മനസ്സാലെ അനുവാദം കൊടുക്കുകയും ചെയ്തു."

## ഫാറോസ് പാതിരി

അദ്ദേഹം അമ്പഴക്കാട്ടു സന്യാസിമന്ദിരത്തിലെ റെക്ടറായിരുന്നു. ടിപ്പുസുൽത്താന്റെ ആക്രമണകാലത്തു അവിടംവിട്ടു ചാക്യാത്തുപള്ളിയിലേയ്ക്കു താമസം മാറ്റി. അദ്ദേഹവും ഒരു ചെറിയ മലയാളവ്യാകരണവും നിഘണ്ടുവും നിർമ്മിച്ചിട്ടുണ്ട്. 1715 – 1789 ഈ വർഷങ്ങൾക്കിടയിലായിരുന്നു ഫാറോസിന്റെ ജീവിതകാലം.

## ബീഷൊപ്പ് ഇൽദഫൊൻസ്

അദ്ദേഹം (1) ഹിന്ദുവേദാചാരങ്ങൾ, (2) മലയാളം – ലത്തീൻ – പോർത്തുഗീസ് നിഘണ്ടു എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. രണ്ടാമത്തേതു് അപൂർണ്ണമാണ്.

## ബീഷൊപ്പ് പിമന്റൽ

അദ്ദേഹമാണ് അർണ്ണോസു പാതിരിയുടെ നിഘണ്ടു പൂർണ്ണമാക്കിയതു്.

ഇങ്ങനെ പല യൂറോപ്യൻവൈദികന്മാർ ഭാഷയിൽ നിഘണ്ടുക്കൾ നിർമ്മിച്ചു. ഇവയെ മൊത്തത്തിൽ വരാപ്പുഴനിഘണ്ഡുക്കൾ എന്നു പറയുന്നു. ഇവയിൽ ചിലതെല്ലാം ഡോക്ടർ ഗുണ്ഡർട്ടിന്റെ മഹനീയമായ നിഘണ്ഡുനിർമ്മിതിയ്ക്കു അത്യന്തം പ്രയോജകീഭവിച്ചിട്ടുണ്ട്. ഈ വിദേശീയന്മാർ മലയാള ഭാഷയ്ക്കു് അകാരാദികളും വ്യാകരണങ്ങളും ഇതരഗ്രന്ഥങ്ങളും സമ്മാനിയ്ക്കുന്നതിനു എത്രമാത്രം ക്ലേശങ്ങൾ സഹിച്ചിരിയ്ക്കുന്നു എന്നതു് ഏറെക്കുറെ ഊഹ്യമാണല്ലോ. ഇവർ കൈരളിയ്ക്കു എന്നും പ്രാതഃസ്മരണീയരായ മഹാപുരുഷന്മാർതന്നെ. ഭാരതീയഭാഷകളിൽ മലയാളം തമിഴ് ഇവയെപ്പറ്റി യൂറോപ്യന്മാർക്കു പല ഇതര ഭാഷകളേക്കാൾ മുമ്പുതന്നെ അറിവാൻ ഇട വന്നതു് ഇവരുടെ നിസ്തന്ദ്രമായ പരിശ്രമത്തിന്റെ ഫലമാകുന്നു.

## റോബർട്ട് ഡ്രുമ്മൺഡ്

റോബർട്ട് ഡ്രുമ്മൺഡ് (Robert Drummond) എന്ന ഒരു ഇംഗ്ലീഷ്കാരൻ മലയാളഭാഷയുടെ വ്യാകരണം എന്നൊരു കൃതി രചിച്ചു 974-ൽ അതു ബോംബെയിലെ കുറിയർ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു. അതാണ് ഒരു ഇംഗ്ലീഷ്കാരൻ മലയാളഭാഷയെപ്പറ്റി ഇദംപ്രഥമമായി പ്രസിദ്ധീകരിച്ച ഗ്രന്ഥം. അന്ന് ഇംഗ്ലീഷ് ഈസ്ററിൻഡ്യാക്കമ്പനിക്കു കേരളത്തിലുണ്ടായിരുന്ന പ്രദേശങ്ങളെല്ലാം ബോംബെ പ്രസിഡൻസിയിൽ ഉൾപ്പെട്ടിരുന്നു. കമ്പനിയിലെ ജോലിക്കാരായ പാശ്ചാത്യരുടെ ആവശ്യത്തെ പുരസ്കരിച്ചാണ് ഡ്രുമ്മൺഡ് പ്രസ്തുത പുസ്തകം നിർമ്മിച്ചതു്. അതിലെ ഭാഷ ഇംഗ്ലീഷാണെങ്കിലും ഉദാഹരണങ്ങൾ മലയാളത്തിലുള്ള കൃതികളിൽനിന്നുതന്നെ ഉദ്ധരിച്ചു ചേർത്തിരിയ്ക്കുന്നു. അവ പ്രായേണ ക്ലമന്റിന്റെ സംക്ഷേപവേദാർത്ഥത്തിലുള്ള വാക്യങ്ങളാണ്. മറ്റു വരാപ്പുഴപ്പാതിരിമാരുടെ വ്യാകരണം തുടങ്ങിയ ഭാഷാശാസ്ത്രസംബന്ധികളായ ഗ്രന്ഥങ്ങളോടും അദ്ദേഹത്തിനു കടപ്പാടുണ്ടായിരുന്നു.

## പടപ്പുസ്തകം

“നേരെമ്പോക്കായിട്ടു പടവിദ്യയഭ്യസിപ്പാനൊള്ള പൊസ്തകം” എന്നാണ് ഈ പുസ്തകത്തിന്റെ പൂർണ്ണമായ നാമധേയം. പാശ്ചാത്യരീതിയിലുള്ള യുദ്ധസമ്പ്രദായം മനസ്സിലാക്കിയ ഏതോ ഒരു ഭടനാണ് ഇതു് എഴുതീട്ടുള്ളതു്. കൃസ്ത്യാനിയായിരിക്കുമെന്ന് എനിക്കു തോന്നുന്നു. പലവിധത്തിലുള്ള പടങ്ങളും അവിടവിടെ സന്ദർഭോചിതമായി ചേർത്തിട്ടുണ്ടു്. ദീർഘമായ ആ ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

“പടനടത്തിപ്പാൻ അഭ്യസിക്കേണ്ടുന്ന വിദ്യകൾ ഇപ്പൊസ്തകം നാലുവീതമായി തിരിച്ചെഴുതുകകൊണ്ടു വായിക്കുന്നവർക്കു് ഏറെ പ്രിയവും ഉപകാരങ്ങളും ഒണ്ടാം. ശ്രേഷ്ഠതയുള്ള ഒരു പൈതലാൽ പടയാളികൾക്കു വേണ്ടുന്ന വിദ്യകൾ ചിക്ഷയായി അഭ്യസിച്ചു രാജാവിനും രാജ്യത്തിനും ഉപകാരമുള്ളവനായി വരണമെന്നു മനസ്സിൽ വെയ്ക്കുകൊണ്ടു് അവന്റെ കാരണവരുടെ അനുവാദത്തോടെ ഗുണദോഷങ്ങൾ പറഞ്ഞു് അവനെ സൂക്ഷിച്ചു കൂട്ടിക്കൊണ്ടുപോവാൻ ഒരു വിചാരിപ്പുകാരുടെ കൂട്ടത്തിൽ ഒരു കോട്ടയും ഒരു പാളയവും ഒരു കോട്ടപിടിപ്പാൻ ഉണ്ടായിരിക്കുന്ന പാളയത്തിന്റെ പ്രകാരവും കോട്ട അമർത്തുവാൻ ചെയ്യുവരുന്ന വേലകളും അതിന്റെ കണക്കുകളും കാണ്മാനായി പുറപ്പെടുന്നു.

പടയാളികൾ അറിഞ്ഞേ മതിയാവുയെന്നുള്ള പലകൂട്ടം കാര്യങ്ങളും സംസാരത്തുംവഴി ഇപ്പൊസ്തകത്തിലെഴുതീട്ടുണ്ടു്.

വിദ്യകൾ അറിയണമെന്നു മനുഷ്യർക്കു് ഒക്കെയും പിറവിയിലെ ഒരു ആശയുണ്ടു്. എന്നതുകൊണ്ടു ബഹുമാനവും കീർത്തിയും ഉണ്ടാകണമെന്ന് ആഗ്രഹമൊള്ള പുരുഷന്മാർ അവരുടെ തൊഴിൽ നടത്തിപ്പാൻ കൂടിയേ മതിയാവു എന്നുള്ള വിദ്യകൾ ഒക്കെയും അഭ്യസിപ്പാൻ ഉദ്യോഗത്തോടെ ക്ലേശിക്കണം. പ്രത്യേകം പടയാളികൾക്കു പടനടത്തിപ്പാൻ വേണ്ടുന്ന വിദ്യകൾ അഭ്യസിപ്പാൻ ഏറിയൊരുദ്യോഗം വേണം. അവരുടെ വിദ്യ അഭ്യാസങ്ങടെ കരയേറ്റത്തിനു തക്കവണ്ണം രാജ്യവും രാജാംഗവും വർദ്ധിയ്ക്കുകയും ചെയ്യുന്നു; അല്ലെങ്കിൽ കുറഞ്ഞുപോകുന്നു.

പടയാളികളെ അഭ്യസിപ്പിപ്പാൻ ഒള്ള കളരികളും മറ്റു പല വിദ്യകൾ അഭ്യസിപ്പിപ്പാൻ ഒണ്ടാകുന്ന കളരികളും ഈ രണ്ടു വക കളരികൊണ്ടു് ഒരുപോലെ രാജാവിനു ഉപകാരങ്ങൾ ഒണ്ടാം. എന്നാൽ പടസംബന്ധിച്ചുള്ള വിദ്യ അഭ്യസിപ്പാൻ കല്പിച്ചൊണ്ടാക്കിയ കളരികൾ പ്രത്യേകം രക്ഷിച്ചു നടത്തിപ്പാൻ സംഗതിയൊണ്ടു്. ഇക്കളരികൾ ഹേതുവായിട്ടു രാജ്യത്തിന്റെ സൗഖ്യവും വർദ്ധനയും ഒണ്ടാകുന്നു. ഇക്കളരികൾ ചേർന്ന് അഭ്യസിപ്പാൻ എല്ലാ പടയാളികൾക്കും സമയം ഒണ്ടാകയില്ലല്ലോ. എന്നാൽ മനുഷ്യരെക്കെടുക്കുന്ന മടി കളഞ്ഞു കളരികളിൽച്ചെന്നു അഭ്യസിപ്പാൻ സമയം ഇല്ലാത്ത പടയാളികൾ അവരുടെ ഭവനങ്ങളിൽവച്ചു് ഇപ്പൊസ്തകങ്ങൾ വായിച്ചാൽ പടയ്ക്കു വേണ്ടുന്ന വിദ്യ പഠിയ്ക്കുകയും ആം. ഇതും വണ്ണം ക്ലേശിച്ചു് വായിച്ചു് എഴുതി തന്റെ ഗൃഹത്തിനു പുറത്തു് എറങ്ങാതെ മതിയാകത്തക്ക പടവയ്മ്പന്മാരായി പോയതു പലതു് ഒണ്ടായിട്ടൊണ്ടു്.”

## കായംകുളത്തു പിലിപ്പോസ് റമ്പാൻ

ലോർഡ് വെല്ലസ്ലി ഇൻഡ്യയിൽ ഗവർണ്ണർ ജനറലായിരുന്ന കാലത്തു് 981-ൽ (1806) ഡോക്ടർ ക്ലോഡിയസ് ബുക്കാനൻ എന്ന പാതിരിയെ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും തൽക്കാലാവസ്ഥയും ഗ്രഹിക്കുന്നതിനായി നിയോഗിക്കുകയും അദ്ദേഹം തിരുവിതാംകൂറിലും കൊച്ചിയിലും സുദീർഘമായ ഒരു പര്യടനം നടത്തി വേണ്ട വിവരങ്ങൾ സംഗ്രഹിച്ചു ക്രിസ്തീയഗവേഷണം (Christian

Researches) എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിന് ഒരു ഭാഷാനുവാദം ഇല്ലാത്തതു സുറിയാനികളുടെയും മറ്റു ക്രിസ്ത്യാനികളുടെയും ഉൽകർഷത്തിന് ഒരു മുഖ്യമായ പ്രതിബന്ധമാണെന്ന് അദ്ദേഹത്തിനു ബോധ്യമായി. അന്നു തിരുവിതാംകൂറിലും കൊച്ചിയിലും (1800-1810) റസിഡണ്ടായിരുന്ന ജനറൽകോളിൻ മക്കാളെ അദ്ദേഹത്തിന്റെ സ്നേഹിതനായിരുന്നു. റസിഡണ്ടിന്റെ ഒത്താശയോടുകൂടി പുതിയ നിയമം മലയാളത്തിൽ തർജ്ജമ ചെയ്യുവാൻ അദ്ദേഹം വേണ്ട ഏർപ്പാടുചെയ്തു. ആ ജോലി കയ്യേറ്റതു കായംകുളത്തു പിലിപ്പോസ് മല്പാനായിരുന്നു. പിന്നീടാണ് അദ്ദേഹം റമ്പാനായത്. 1811-ൽ ആ പുസ്തകം ഡോക്ടർ ബുക്കാനൻതന്നെ ബോംബെയിലെ കൂറിയർപ്രസ്സിൽ നിന്ന് അച്ചടിപ്പിച്ച് അതിന്റെ ഏതാനും പ്രതികൾ അന്നു റസിഡണ്ടായിരുന്ന ജോൺ മൺറോയ്ക്ക് അയച്ചുകൊടുത്തു. പ്രസ്തുതഗ്രന്ഥത്തിന്റെ വിവർത്തനം സുറിയാനി ഭാഷയിൽ നിന്നാണ്. അതിനു ഭാഷാശുദ്ധി പോരായ്കയാൽ പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിൽ റെവറണ്ട് ജോൺ ബെയിലി അതു പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചു. ആ പരിഷ്കാരത്തെപ്പറ്റി അന്യത്ര പ്രസ്താവിക്കും. നാലു സുവിശേഷങ്ങളും അടങ്ങീട്ടുള്ളതാണ് റമ്പാന്റെ തർജ്ജമ. ഒന്നു രണ്ടു വാക്യങ്ങൾ ഉദ്ധരിക്കാം.

## ലൂക്കോസ് പന്ത്രണ്ടാമധ്യായം

"13 എന്നാൽ ആ കൂട്ടത്തിൽനിന്ന് ഒരുത്തൻ തന്നോടവൻ ഉണർത്തിച്ചു. മല്പാനേ അനന്തരസുഖം എന്റെകൂടെ പവുപ്പാൻ എന്റെ കൂടപ്രപ്പിനോട നീ അരുളിച്ചെയ്കാ. 14 എന്നാൽ യീശോതമ്പുരാൻ അവനോടു താൻ അരുളിച്ചെയ്തു. പുരുഷാ, ഞായകാരനും പവുക്കുന്നവനും ആയി നിങ്ങളുടെമേൽ എന്നെക്കല്പിച്ചത ആരാകുന്നു" .

പരസഹായംകൂടാതെ ആ വിവർത്തനം, അതിന് ആധുനികദൃഷ്ട്യാ എന്തെല്ലാം വൈകല്യങ്ങളുണ്ടെങ്കിലും, നിർവഹിച്ച റമ്പാന്റെ സദുദ്യമം ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ ജീവിതചരിത്രത്തെപ്പറ്റി യാതൊന്നും അറിയുന്നില്ല. മണങ്ങനഴിയത്ത് എന്ന കുടുംബത്തിലെ ഒരങ്ഗമായിരുന്നു എന്നു മാത്രം വെളിപ്പെടുന്നു.

## വ്യവഹാരമാല ഗദ്യം

ഈ ഗ്രന്ഥം മഴമങ്ഗലത്തിന്റെ വ്യവഹാരമാലയുടെ ഭാഷാനുവാദമാകുന്നു. "മന്വമുഖ്യസരിൽസമുദ്ഭവൈഃ" എന്ന പ്രഥമശ്ലോകത്തിന്റെ തർജ്ജമ താഴെച്ചേർക്കുന്നു.

"ഈ ഗ്രന്ഥത്തിനു പ്രസിദ്ധി വരുത്തുവാനായിട്ടു ഗ്രന്ഥത്തിന്റെ പേരും പ്രകാരവുംവച്ചു പ്രതിജ്ഞചെയ്യുന്നു. വ്യവഹാരമാല എന്നു ഗ്രന്ഥത്തിനു പേരു്. ഈ മാലയുണ്ടാക്കിയതു് എന്തുകൊണ്ട് എന്നാൽ മനു യാജ്ഞവല്ക്യൻ മുതലായ ഋഷീശ്വരന്മാരാകുന്ന തടാകങ്ങളിൽനിന്നും ഉൽഭൂതങ്ങളായും സ്വർഗ്ഗാദിപുണ്യലോകപ്രാപ്തിയാകുന്ന ഫലത്തോടുകൂടിയവയായും ഇരിക്കുന്ന, മന്വാദി ഋഷീശ്വരന്മാരുടെ വചനങ്ങളാകുന്ന കുസുമങ്ങളെക്കൊണ്ട് ആകുന്നു. ഈ മാല രാജാവിനു യോഗ്യമായിട്ടുള്ളതു്."

മറ്റൊരു ശ്ലോകത്തിന്റെ വിവർത്തനംകൂടി കാണിക്കാം.

മൂലം: "അജാതേഷ്വേവ സസ്യേഷു കുര്യാദാവരൻ മഹൽ.;
ദുഃഖേന ഹി നിവാര്യന്തേ ലബ്ധസ്വാദുരസാ മൃഗാഃ."

ഭാഷ: "മേലെഴുതിയ നിലങ്ങളിൽ പൈരുകൾ കുരുക്കുന്നതിനു മുൻപിൽത്തന്നെ നിലങ്ങളിൽ പശുക്കൾ ചാടി അഴിക്കാതെ വേലി കെട്ടിക്കൊള്ളണം. വിതകൾ കുരുത്തു മൃഗങ്ങൾ വന്നു ഭക്ഷിച്ചു രസമറിഞ്ഞുപോയാൽ പിന്നെത്തതിൽ മൃഗ

ങ്ങളെ ഓടിപ്പാൻ എത്രയും പ്രയത്നം വേണ്ടിവരുന്നതാകക്കൊണ്ടു മുമ്പിൽത്തന്നെ വേലി കെട്ടിക്കൊള്ളണം."

ഗ്രന്ഥകാരനെപ്പറ്റിയുള്ള ഗവേഷണത്തിൽ, ഒരു പ്രതീകത്തിൽ താഴെക്കാണുന്ന പങ്ക്തികൾ ഉപയോഗപ്പെടുന്നു.

"മന്വാദിഋഷീശ്വരന്മാരാൽ സംവാദത്തോടുകൂടി നിർമ്മിതമായ പുസ്തകമിദമൃഷികല്പിതം ഗ്രന്ഥം. ഈ എഴുതിയിരിക്കുന്ന ഋഷികൾ എല്ലാവരുംകൂടിയിരുന്നു കല്പിച്ചുണ്ടാക്കിയ ശ്ലോകങ്ങൾ അർത്ഥം കഠിനമാകക്കൊണ്ട് 84-ആമാണ്ട് ഒരു ശാസ്ത്രി പട്ടരുടെ പക്കൽ പുസ്തകം കൊടുത്തു ഭാഷയായിട്ട് അർത്ഥമെഴുതിച്ചു തിരുവനന്തപുരത്തുവച്ചു ശാസ്ത്രികളെ ബഹുമാനിച്ചു വളരെ സമ്മാനവും കൊടുത്ത് അവിടെത്തന്നെ പാർപ്പിക്കയും ചെയ്തു." ഈ 84-ആമാണ്ട് 884-ആമാണ്ടല്ല, 984-ആമാണ്ടാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. 989-ആമാണ്ടു വ്യവഹാരമാല ഒന്നുകൂടി വിസ്തരിച്ചു തർജ്ജമചെയ്‌വാൻ പന്തളം സുബ്രഹ്മണ്യശാസ്ത്രികളെയും ചോളദേശം അനന്തരാമശാസ്ത്രികളെയും റാണി ഗൌരി ലക്ഷ്മീബായി നിയമിച്ചതായി പഴയ റിക്കാർഡുകളിൽ കാണുന്നുണ്ടെങ്കിലും റാണിയും സുബ്രഹ്മണ്യശാസ്ത്രികളും 990-ൽ പരഗതിയെ പ്രാപിക്കയാൽ അത്തരത്തിൽ ഒരു പുതിയ ഗദ്യഗ്രന്ഥം ഭാഷയിൽ ആവിർഭവിച്ചിട്ടില്ല.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA